
ശ്രീ. കളത്തിൽ വേലായുധൻ നായർ: ചാർജ് അല്പം കൂട്ടിയിട്ടുള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടു്.

ശ്രീ. എം. എം. അബ്ദുൾഖാദർ: ആ പരാതികളിന്മേൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആവശ്യമായ നടപടി എടുത്തിട്ടുണ്ടു്.

ശ്രീ. ജെ. രാഘവൻപിള്ള: എന്തുനടപടിയാണു് എടുത്തിട്ടുള്ളതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആവശ്യമായ നടപടികൾ, അതായതു് പ്രോസിക്യൂഷൻ മുതലായവ എടുത്തിട്ടുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: ഈ നടപടികൾ എടുത്തിട്ടുള്ളതു് ബസ്സ് ഉടമസ്ഥന്മാരുടെ പേരിലാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പ്രൈവററ ബസ്സിനേക്കാൾ ട്രാൻസ്പോർട്ടുബസ്സിൽ കൂടുതൽ ആളുകളെ കയററാൻ നിയമം അനുവദിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോഴത്തെനിയമം അനുസരിച്ചു് ട്രാൻസ്പോർട്ടുബസ്സിൽ കൂടുതൽ ആളുകളെ കയററാൻ അനുവദിക്കുന്നുണ്ടു്. എന്നാൽ പ്രൈവററ ബസ്സുകളിൽ ഓവർലോഡുകയററാൻ പാടില്ലെന്നും നിർബ്ബന്ധിച്ചിട്ടുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങനെ നിയന്ത്രിച്ചിരിക്കേ ഇപ്പോഴും പ്രൈവററുബസ്സുകളിൽ ധാരാളം ഓവർലോഡു് കയററുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയുണ്ടെങ്കിൽതന്നെ അതു തെററായ ഒരു നടപടിയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഓവർലോഡിംഗ് ചെക്കു് ചെയ്യുന്നതിനുവേണ്ടി ഇൻസ്പെക്ടറന്മാരെ കൂടുതൽ നിയമിക്കുന്നകാര്യം ഗവമ്മെൻറു് ആലോചിച്ചുവരുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആവശ്യമാണെങ്കിൽ അതിനെപ്പററി ആലോചിക്കാം.

ശ്രീ. ഏ. താണുപിള്ള: പ്രൈവററുബസ്സുകൾക്കും ട്രാൻസ്പോർട്ടുബസ്സുകൾക്കും ഉള്ള സീററിംഗ് കപ്പാസിററി എങ്ങനെയാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ട്രാൻസ്പോർട്ടുബസ്സിൽ ഉള്ള സീററുകളുടെ ൧ ൦ ശതമാനംകൂടി സ്റ്റാൻറിംഗ്കപ്പാസിററിയായിട്ടു് അനുവദിച്ചിട്ടുണ്ടു്. എന്നാൽ പ്രൈവററുബസ്സിൽ ഈ വ്യവസ്ഥയില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ട്രാൻസ്പോർട്ടുബസ്സിൽ ഫാങ്ങിംഗ് കപ്പാസിററികൂടി ഇല്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: യുദ്ധകാലത്തു് ഉണ്ടായിരുന്നു. ഇപ്പോൾ ഇല്ല.

## പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർ.

*൪. (൩) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തു് ആകെ എത്ര പ്രൈവററ പ്രൈമറി അദ്ധ്യാപകന്മാരുണ്ടു്?

(ബി) ഗവമ്മെൻറ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്കു് കൊടുക്കുന്നതിനോടൊപ്പം ഇവക്കും ക്ഷാമബത്ത കൊടുക്കുവാൻ എന്തുസംഖ്യ വരുന്നതാണു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) സംസ്ഥാനത്തു് ആകെ ൧൦൧൭൭ പ്രൈവററ പ്രൈമറി അദ്ധ്യാപകന്മാരുണ്ടു്.

(ബി) ഇവക്കു് ൨൯൭൯൪൦൦ രൂപാ ക്ഷാമബത്ത വകയിൽ ചിലവാകുന്നു.

ശ്രീ. ജോസഫ് വാഴപ്പിള്ളി: കൊച്ചിയിൽ തിരുവിതാംകൂറിൽ കൊടുത്തുവരുന്നതിനേക്കാൾ കൂടുതൽ ക്ഷാമബത്ത കൊടുത്തുകൊണ്ടിരുന്നുവെന്നുള്ള വിവരം അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിയാം.

ശ്രീ. ജോസഫ് വാഴപ്പിള്ളി: അങ്ങനെയാണെങ്കിൽ തിരുവിതാംകൂറിൽ ക്ഷാമബത്ത കുറച്ചതു എന്തുകൊണ്ടാണു്?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾതന്നെ വിദ്യാഭ്യാസവകുപ്പിലേക്കു വേണ്ടിമാത്രം ൩൩൧ ലക്ഷം രൂപാ ചിലവാക്കുന്നുണ്ടു്. ഇതിനുംപുറമെ

ഇനിയും കൂടുതൽ ചെലവാക്കണമെന്നുണ്ടെങ്കിൽ അതേപ്പറ്റി പര്യാലോചിക്കാതെ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: അദ്ധ്യാപകന്മാർക്ക് ഒരുവിധമെങ്കിലും സുഖമായി ജീവിതം നയിക്കുന്നതിനു വേണ്ടത്തക്ക ഒരു ക്ഷാമബത്ത കൊടുക്കണമെന്നു പറയുന്നതു് ന്യായമല്ലേ ?

ശ്രീ. എ. ജെ. ജാൺ: ന്യായമല്ലെന്നു് പറയുന്നില്ല. പക്ഷെ അതിനെപ്പറ്റി ഇപ്പോൾ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ജെ. തോമസ്: ചില പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകന്മാർ പഠനസമയത്തു് തല കറങ്ങി തറയിൽ വീഴുന്നതായി കേട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: കൊച്ചിയിലേയും തിരുവിതാംകൂറിലേയും പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം, ക്ഷാമബത്ത മുതലായവ ഏകീകരിക്കുന്ന കാര്യത്തിൽ ഗവമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി ഗവമെന്റ് ആലോചിച്ചു വരുന്നു.

ശ്രീ. രാജഗോപാലൻ നായർ: ക്ഷാമബത്ത വർദ്ധിപ്പിക്കുന്നതോടൊപ്പം ശമ്പളവും വർദ്ധിപ്പിക്കുന്ന കാര്യവും ആലോചിക്കുവാൻ ദയവുണ്ടാകുമല്ലോ?

ശ്രീ. എ. ജെ. ജോൺ: അതു ഞാൻ മുമ്പു പറഞ്ഞുകഴിഞ്ഞു. സർവ്വീസുസംയോജനംതന്നെ പൂർത്തിയായിട്ടില്ല. പൂർത്തിയാകുമ്പോൾ അവയെപ്പറ്റി പര്യാലോചിക്കുന്നതാണ്

ശ്രീ. പി. ചാക്കോ: അദ്ധ്യാപകരുടെ കാര്യത്തിൽ മാത്രമേ സർവ്വീസു സംയോജനം പൂർത്തിയാകാതെയുള്ളോ ?

(ഉത്തരം ഇല്ല)

റോഡ് മെയിൻറനൻസ് തുക

* ൭. (൧). ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) സ്റ്റേറ്റ്ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽനിന്നു് റോഡ് മെയിൻറനൻസിനെന്ന ഇനത്തിൽ പ്രതിവർഷം എത്രലക്ഷം രൂപ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലേക്കു് നീക്കിവെയ്ക്കുന്നുണ്ടു്?

(ബി) ഏതെങ്കിലും പ്രൈവററ ബസ്സുടമകളിൽനിന്നും ഈ ഇനത്തിൽ ഏതെങ്കിലും തുക വസൂലാക്കുന്നുണ്ടോ?

മരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ൧൰൭ ൦-൭ ൧-ൽ ൧ ൦ ലക്ഷം രൂപാ.

(ബി) ഇല്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: പ്രൈവററ് ബസ്സുടമകളിൽനിന്നു് ഈ ഇനത്തിലേക്കു് തുക ഈടാക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രൈവററ ബസ്സുടമകളുടെ കയ്യിൽനിന്നു ഈ ഇനത്തിൽ ഒരു സംഖ്യ ഈടാക്കണമെന്നുള്ള

ആലോചന മുമ്പിലത്തെ ഗവൺമെൻറിന് ഉണ്ടായിരുന്നു. പിന്നീട് അതു വേണ്ടെന്നുവച്ചു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽനിന്ന് റോഡ്മെയിൻറനൻസ് എന്ന ഇനത്തിൽ പ്രതിവർഷം വലിയൊരു സംഖ്യ നീക്കിവയ്ക്കുന്നതു് അവിടത്തെ തൊഴിലാളികളുടെ ബോണസ് കുറയ്ക്കുവാൻ വേണ്ടിയാണെന്ന പരാതി ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഉദ്ദേശം ഗവൺമെൻറിനുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ഒരു ഉദ്ദേശം ഗവൺമെൻറിനില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: പ്രൈവററ്ബസ്സിൽനിന്ന് ഈടാക്കുന്ന ഏതെങ്കിലും തരത്തിലുള്ള നികുതി സ്റ്റേററ്ട്രാൻസ്പോർട്ട് ബസ്സിൽനിന്ന് ഈടാക്കാതിരിക്കുന്നുണ്ട് എന്നു ഗവൺമെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നോട്ടീസ്സുവേണം.

ശ്രീ. രാജഗോപാലൻ നായർ: ഇന്ന് ബസ്സ് ഓടുന്ന പല റോഡുകളുടേയും സ്ഥിതി വളരെ ശോച്യാവസ്ഥയിലാണെന്ന് ഗവൺമെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. രാജഗോപാലൻ നായർ: അതിനു ഗവൺമെൻറ് എന്തു ചെയ്യുന്നു?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് നന്നാക്കാൻ നോക്കുന്നുണ്ട്.

## ട്രാൻസ്പോർട്ട് തൊഴിലാളികളുടെ കേസ്

* ൩. (൨) ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) കഴിഞ്ഞ വർഷം കോട്ടയം ഡിസ്ട്രിക്ടിലെ ആറു ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പേരിലെടുത്തിട്ടുള്ള രാഷ്ട്രീയ കേസുകളിൽ പ്രസ്തുത തൊഴിലാളികളെ ശിക്ഷിക്കയുണ്ടായോ;

(ബി) ഇതുവരെ കേസ് തീരുമാനിക്കപ്പെട്ടിട്ടില്ലെങ്കിൽ, അവരെ സർവീസിൽ പ്രവേശിപ്പിക്കാതെയിരിക്കാൻ വ്യക്തമായ വല്ല കാരണവുമുണ്ടോ; ഉണ്ടെങ്കിൽ അതെന്തെന്നു വിശദമാക്കുമോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ശിക്ഷിച്ചിട്ടില്ല. കേസ് വിചാരണയിൽ ഇരിക്കുകയാണ്.

(ബി) ഉണ്ട്. പ്രസ്തുത തൊഴിലാളികൾ പബ്ലിക്ക്സേഫ്ടി മെഷേഴ്സ് ആക്ട് ൨൪ (൧), ൩൧ (൧) (എ) ഈ വകുപ്പുകൾ അനുസരിച്ചുള്ള കുററങ്ങൾക്ക് അറസ്ററ ചെയ്യപ്പെട്ടിട്ടുള്ളവരും കോട്ടയം ഡിവിഷൻ ൧-ാം ക്ലാസ് മജിസ്ട്രേട്ടു കോടതിയിലെ ൧൯൫൧-ലെ സി. സി. ൩൯൦-ാം നമ്പർ കേസിലെ പ്രതികളും ആണ്. ക്രിമിനൽ കേസുകൾക്കും മററും അറസ്ററ ചെയ്യപ്പെടുന്ന ഗവൺമെൻറ ജീവനക്കാരെ അവരുടെ പേരിലുള്ള കേസുകൾ കോടതിയിൽനിന്നും തീർച്ച ചെയ്യുന്നതുവരെ സസ്പെൻഷനിൽ നിറുത്തുക എന്നുള്ളതു് സർവീസ് റഗുലേഷൻ അനുസരിച്ചുള്ള സാധാരണ നയമാണ്.

**Mr. Speaker :** Order, order. I am sorry I have to disallow all supplementary questions on that question, because it is a matter which is *sub judice.* We will go on to the next question.

ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ

* ൧. (ൻ) ശ്രീ. പി. സദാശിവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പമ്പാവാലിയിലെ ലിഫ്റ്റ ഇറിഗേഷൻ പമ്പുകൾ ൧൯൫൦-ലും, ൧൯൫൧-ലും പ്രവർത്തനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ എന്നുവരെയാണ്;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം അവിടെ സ്ഥിരമാക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(സി) ജലസേചനം നടക്കുന്ന ഭൂമികളിൽനിന്നും എന്തെങ്കിലും കരം ഈടാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഒരു ലിഫ്റ്റ്പമ്പിന്റെ പ്രവർത്തനത്തിനും സൂക്ഷിപ്പിനുമായി എത്ര ചുമതലക്കാരെ ശമ്പളംകൊടുത്തു ഏർപ്പെടുത്തിയിട്ടുണ്ട്; അവർ ആരെല്ലാം; അവക്കു എത്രകാലം ജോലി നൽകിവരുന്നുണ്ട്;

(ഇ) പമ്പുകളുടെ സൂക്ഷിപ്പിന് പമ്പുസെററിൽ പ്രത്യേകം പുരകൾ നിർമ്മിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സൂക്ഷിപ്പിനുള്ള ഏർപ്പാടുകൾ എന്താണ്?

ധനകാര്യവും, സിവിൽ സപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:) (എ) ഉണ്ട്. ൧൯൪൯—൧൯൫൦-ൽ, ൧൯൪൯ നവമ്പർ ൨൪-ാംനു മുതൽ ൧൯൫൦ മേയ് ൧൪-ാംനു വരെ.

൧൯൫൦—൧൯൫൧-ൽ ൧൯൫൦ ഡിസമ്പർ ൨൪-ാം മുതൽ ൧൯൫൧ മേയ് ൨൧-ാംനു വരെ.

(ബി) അതു് ഇനിയും തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

(സി) ഉണ്ട്. ഏക്കറിന് ൨൫ രൂപാപ്രകാരം.

(ഡി) ഓരോ പമ്പു സെററിനും ൨ സ്കില്‍ഡ് ജോലിക്കാരെ ദിവസശമ്പളത്തിനു തവണപ്രകാരമുള്ള ജോലിക്കു ഏർപ്പെടുത്തീട്ടുണ്ട്. അവരുടെ സേവനം കാലവർഷാരംഭം മുതലുള്ള ആറുമാസത്തേക്കു് ആവശ്യമുണ്ട്.

(ഇ) പമ്പുകളുടെ സൂക്ഷിപ്പിനുവേണ്ടി അവയുടെ മുകളിൽ താല്ക്കാലിക ഷെഡ്ഡ് നിർമ്മിച്ചിട്ടുണ്ട്.

ശ്രീ. സി. ജി. സദാശിവൻ: ഈ താല്ക്കാലിക ഷെഡ്ഡിലാണോ പമ്പുകൾ സൂക്ഷിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രവർത്തനകാലങ്ങളിൽ അവിടെയാണ് സൂക്ഷിക്കുന്നതു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഏക്കറിന് ൨൫ രൂപാ കരം ചുമത്തുന്നതിൽ ഒരുപ്പൂവ് ഇരുപ്പൂവാക്കുമ്പോൾ അതു വ്യത്യാസപ്പെടുത്താറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഏക്കറിന് ൨൫ രൂപാ കരം ചുമത്തീട്ടുള്ള വിവരം കൃഷിക്കാരെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയിച്ചിട്ടുണ്ട്.

ശ്രീ. എം. എം. അബ്ദുൾഖാദർ: പ്രൈവററായിട്ടു പമ്പ് ഓപ്പറേററർമാർ കൃഷിക്കാരിൽ നിന്നും കൂടുതൽ സംഖ്യ വസൂലാക്കുന്നുണ്ടെന്നു ഗവമ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. എം. എം. അബ്ദുൾഖാദർ: അതിനെപ്പററി ഗവമ്മെൻറ വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ഗവമ്മെൻറ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

**RATION**

*8 (10) **Shri R. Gangadharan:** Will the hon. Minister for Food be pleased to state.—

(a) what is the amount of rice in the present issue of ration;

(b) what is the minimum rice necessary for an ordinary healthy adult;

(c) is there any prospect of increasing the rice contents of ration in the near future to the minimum standard necessary;

(d) has the G. M. F. campaign helped the raising of the rice contents in the ration; and

(e) if so to what extent?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):**

(a) Five ounces per adult per diem.

(b) The minimum quantity of rice necessary for an ordinary healthy adult is stated to be 15 ounces when rice alone is given and 10 ounces when rice with other cereals to compensate is supplied. That is the opinion of experts.

(c) No. It is proposed to enhance the rice content of the ration from 5 ounces to 6 ounces per adult per day from April 1952.

(d) & (e) The Grow More Food Campaign has not yet begun to yield any appreciable results in the matter of procurement enabling the raising of the rice content in the ration. But it does not follow that it has not resulted in any good to the people.

ശ്രീ. ആർ. ഗംഗാധരൻ: ഈ ൫ ഔൺസ് റേഷൻ എത്ര കാലമായിട്ടു കൊടുത്തുവരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറച്ചുകാലമായിട്ടു ൫ ഔൺസ് അരിമാത്രമാണ് റേഷൻ കൊടുത്തുവരുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: കാൺഗ്രസ്സ് മിനിസ്റ്ററി വന്നതിനുശേഷം എത്രതവണ റേഷൻ കുറച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടെ കാൺഗ്രസ്സ് മിനിസ്റ്ററി മാത്രമെ ഇതേവരെ ഉണ്ടായിട്ടുള്ളു. ആ മിനിസ്റ്ററിക്കു റേഷൻ കൂടുതലും കുറവും കൊടുക്കേണ്ടിവന്നിട്ടുണ്ടു്.

ശ്രീ. രാജഗോപാലൻ നായർ: ഇവിടത്തെ പ്രൊക്യൂർമെൻറ് നയപ്രകാരം ഗവമ്മെൻറ കരിഞ്ചന്തയ്ക്കു കൂട്ടുനില്ക്കുന്നുണ്ടെന്നുള്ള വസ്തുത ഗവമ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവമ്മെൻറ കരിഞ്ചന്തക്കു് കൂട്ടുനില്ക്കുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ൧൦ ഔൺസ് അരി ഉപയോഗിക്കേണ്ട മനുഷ്യൻ ൫ ഔൺസ് ഉപയോഗിച്ചാൽ എത്രകാലം ജീവിച്ചിരിക്കുമെന്ന് ഗവൺമെൻറിനു് പറയാമോ?

**Mr. Speaker**: That question need not be answered.

ശ്രീ. ആർ. ഗംഗാധരൻ: ബഹുമാനപ്പെട്ട മന്ത്രി എത്ര ഔൺസ് അരി ഉപയോഗിക്കുന്നുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ അതിൻെറ കണക്ക് നോക്കിയിട്ടില്ല.

ശ്രീ. ആർ. സുഗതൻ: തിരുവിതാംകൂർ വിഭാഗത്തുനിന്ന് എടുക്കുന്ന നെല്ല് കൊച്ചി വിഭാഗത്തുനിന്ന് എടുക്കുന്നതിനേക്കാൾ കൂടുതലാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതലാണ്. പക്ഷെ രാജ്യത്തിൻെറ വിസ്താരം വച്ചുനോക്കുമ്പോൾ കുറവാണ്.

ശ്രീ. ആർ. സുഗതൻ: ഭക്ഷ്യോല്പാദന പദ്ധതികളുടെ പ്രവൎത്തനംമൂലം ഇവിടെ മുമ്പിലത്തേക്കാൾ ഭക്ഷ്യസാധനങ്ങൾ വൎദ്ധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഭക്ഷ്യോല്പാദനപദ്ധതികളുടെ പ്രവൎത്തനംമൂലം കൂടുതൽ നെല്ല് കിട്ടുന്നുണ്ട്. അതുകൊണ്ട് രാജ്യത്തു ഭക്ഷണസാധനങ്ങളുടെ തുക വൎദ്ധിച്ചിട്ടുണ്ട്; പക്ഷെ, പ്രൊക്യുർമെൻറിൽ അതു് റിഫ്ളക്റ്റ്ചെയ്യുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇവിടത്തെ നെല്ലെടുപ്പ് അവസാനിപ്പിക്കുവാൻ പോകുന്നു എന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ലെടുപ്പ് നിറുത്തുവാൻ പോകുന്നില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: റേഷനിലുള്ള ചില മോശമായ സാധനങ്ങൾ ജനങ്ങളെക്കൊണ്ട് നിർബന്ധമായി വാങ്ങിപ്പിക്കുന്നുണ്ടെന്നു ഗവൺമെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അരിക്കുപുറമെ റേഷനിൽ ഗോതമ്പുകൂടി ചേർക്കുന്നതു നന്നായിരിക്കുമെന്നു കണ്ടതുകൊണ്ട് കുറെ ഗോതമ്പുകൂടി വാങ്ങിക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഗോതമ്പ് നിറുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ജോസഫ് വാഴപ്പിള്ളി: റേഷൻ ഷാപ്പിൽനിന്നു കൊടുക്കുന്ന അരി മോശമായതാണെന്നു ഗവൺമെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മോശമാണെന്നറിയാം.

ശ്രീ. എ. താണുപിള്ള: ൧൦ ഔൺസ് റേഷൻ കൊടുക്കുവാൻ എന്നേക്ക് ആകുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനാണ് ഗവൺമെൻറിൻെറ ശ്രമം. അതു് എന്നേക്കു പൂൎത്തിയാകുമെന്നറിഞ്ഞുകൂടാ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ൧൯൫൦–൫൧-ൽ എന്തു തുക ഭക്ഷ്യോല്പാദനത്തിനുവേണ്ടി ചിലവുചെയ്തു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസു വേണം.

## MINIMUM WAGES COMMITTEE

*9. [11] **Shri R. Gangadharan:** Will the hon. Minister for Industries be pleased to state.—

(*a*) what was the criterion adopted in the selection of members to the Minimum Wages Committee for coir;

(*b*) what is the total number of members in the same and how many represent Workers' Unions;

(*c*) has the Chirayinkil Taluk Coir Workers' Union been given representation on the Committee; and

(*d*) if not, why?

*Minister for Finance and Civil Supplies*

**(Shri Panampilli Govinda Menon):**

(*a*) Equal representation to employers and employses with not more than one-third independent members.

(*b*) 12. One represents Workers' Union and 4 others represent labourers.

(*c*) No.

(*d*) All Unions have not been given representation.

ശ്രീ. ആർ. ഗംഗാധരൻ: മിനിമം വേജസ് കമ്മിററി എന്നാണു രൂപീകരിച്ചതു് എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററിയുള്ള നോട്ടിഫിക്കേഷൻ ൧൯൫൧ നവംബർ ൧൫-ാംനു ഇഷ്യൂ (issue) ചെയ്തതായിട്ടാണു കാണുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: മിനിമം വേജസ് കമ്മിററി എന്നെങ്കിലും കൂടിയതായിട്ടു ഗവമെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുമൂന്നുദിവസം മുമ്പു് ആ കമ്മിററിയുടെ ചെയർമാൻ എന്നെ സന്ദർശിച്ച അവസരത്തിൽ രണ്ടുമൂന്നു തവണ കൂടീട്ടുണ്ടെന്നു പറയുകയുണ്ടായി.

ശ്രീ. ആർ. ഗംഗാധരൻ: ഇത്ര താമസിച്ചു കൂടുവാൻ കാരണമെന്താണു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: താമസിച്ചു കൂടി എന്നു ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: കമ്മിററിക്കു ആവശ്യമായ സ്റ്റാഫ് കൊടുക്കാതിരുന്നതുകൊണ്ടാണു് അവരുടെ പ്രവർത്തനത്തിനു കാലതാമസം നേരിട്ടതെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കമ്മിററി ആവശ്യപ്പെട്ട സ്റ്റാഫ് കൊടുത്തിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: പ്ലാൻേറഷ്സ് മിനിമം വേജസ് കമ്മിററിയുടെ റിപ്പോർട്ടു് കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കിട്ടിയിട്ടുണ്ടു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: എതെങ്കിലും തൊഴിലാളിക്കു് അതനുസരിച്ചു് മിനിമം വേജസ് നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയർ വർക്കേഴ്സിൻെറ കാര്യമാണു് ഇവിടെ പറഞ്ഞതു്.

<u>ശ്രീ. ആർ. ഗംഗാധരൻ:</u> മിനിമം വേജസ് കമ്മിററിയുണ്ടാക്കിയതു് ഒന്നര കൊല്ലത്തിനു മുമ്പാണെന്നു് ഗവമ്മെൻറിനറിയാമോ?

**Shri Panampilli Govinda Menon:** "In exercise of the powers conferred by clause so and so of the Minimum Wages Act." എന്നു പറഞ്ഞു് ൧൯൪൧ നവമ്പർ ൧൪-ാംനു ആണു് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതു്. അപ്പോൾ ഒന്നരകൊല്ലം കഴിഞ്ഞിട്ടുണ്ടെന്നു പറയുവാൻ യാതൊരു കാരണവുമില്ല.

<u>ശ്രീ. ആർ സുഗതൻ:</u> കയർ വ്യവസായത്തകർച്ചമൂലം ആ തൊഴിലാളികളിൽ ൭൪ ശതമാനവും ഇപ്പോൾ ബുദ്ധിമുട്ടിലും പട്ടിണിയിലുമാണെന്നു് ഗവമ്മെൻറിനറിയാമോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> എത്ര ശതമാനമാണെന്നു അറിയുകയില്ല. കുറച്ചുപേക്കു് ക്ലേശമുണ്ടു്.

<u>ശ്രീ. ടി. കെ. ദിവാകരൻ:</u> ഈ നോട്ടിഫിക്കേഷനു മുമ്പായി മി. സി. കേശവൻ പ്രസിഡണ്ടായി ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടായിരുന്നുവോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> നോട്ടീസു വേണം.

## AUKULAM KAYAL

***10. [12] Shri Kunjan Nadar:** Will the hon. Minister for Land Revenue be pleased to state .—

(*a*) when was Aukulam Kayal auctioned; to whom, at what rates and to what period;

(*b*) is the auction still in force;

(*c*) if not, when and how it terminated;

(*d*) who are the present cultivators;

(*e*) what is the expense incurred by the Government each year since the auction;

(*f*) the amount of paddy procured by Government each year; and

(*g*) whether any Agricultural Co-operative Society is registered for Kayal cultivation; if so, its number, name and date of registration?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):**

(*a*) The Aukulam lake was leased out in auction in 1123 to 22 persons for a period of three years as mentioned in the list. The list is placed on the table of the House.

(*b*) The auction is not in force now.

(*c*) The lease terminated in 1125 on the expiry of the period of the lease.

(*d*) The present cultivator is the Trivandrum Agricultural Joint Farming Co-operative Society Ltd. No. 3104.

| | | |
|---|---|---|
| (*e*) 1123 M.E. | .. | Rs. 33,788— 7—3. |
| 1124 „ | .. | Rs. 8,231— 5—7. |
| 1125 „ | .. | Rs. 6,955— 8—1. |
| 1126 „ | .. | Rs. 6,451— 7—8. |
| 1127 „ | .. | Rs. 1,677—12—0. |

(*f*) In 1949 .. 700 paras of paddy.
In 1950 there was no cultivation.
In 1951 there was no purchase.

(*g*) The cultivation is carried on by the Co-operative Society mentioned already. The Society was registered on 13th November 1950 with the object of joint farming.

ശ്രീ. കുഞ്ഞൻ നാടാർ: ഈ സൊസൈററി രജിസ്റ്റർചെയ്യുതിനുശേഷമാണൊ ഇതു് കൊടുത്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

ശ്രീ. വി. ശ്രീധരൻ: ഈ സ്ഥലം ഈ സൊസൈററിക്കു കൊടുത്തതിനെപ്പററി കൃഷിക്കാരുടെ വല്ല പരാതിയും ഗവൺമെൻറിനു് കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൻെറ അടുത്തുള്ള ചില കൃഷിക്കാക്കു് പരാതിയുള്ളതായി കേട്ടിട്ടുണ്ടു്.

ശ്രീ. വി. ശ്രീധരൻ: ഒട്ടാകെ ഇതു് എത്ര ഏക്കർ സ്ഥലമാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൨൦൭ ഏക്കർ.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: തിരുവനന്തപുരത്തു് ജയഭാരതം എന്നകമ്പനിക്കു് വല്ല സ്ഥലവും കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ്സു് വേണം.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഗവൺമെൻറിലേയ്ക്കു കൊടുക്കേണ്ടനെല്ലു് ജയഭാരതം കമ്പനി കൊടുത്തില്ലാ എന്ന പരാതിയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

ശ്രീ. കുഞ്ഞൻ നാടാർ: അത്തു സ്വാധീനമുള്ള ചില വ്യക്തികൾക്കാണു് കൊടുത്തിട്ടുള്ളതെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരുടെ സ്വാധീനത്തെപ്പററിയൊന്നും അറിഞ്ഞുകൂടാ.

**Shri P. S. Nataraja Pillai:** May I know why no purchase was made in 1951?

**Shri Panampilli Govinda Menon:** I will enquire.

**Shri P. S. Nataraja Pillai:** Was it because there was no cultivation?

**Shri Panampilli Govinda Menon:** I will enquire into the matter.

**Shri P. S. Nataraja Pillai:** Was there cultivation in 1951?

**Shri Panampilli Govinda Menon:** That is what I said, I will enquire into the matter.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഈ സ്ഥലം കൊടുത്തിട്ടുള്ളവരുടെപേരു പറയാമൊ?

**Shri Panampilli Govinda Menon:** Yes, these are the names:

1. N. K. Krishna Pillai
2. Lukose.
3. N. S. Naganatha Pillai
4. Narayanan Vasudevan
5. Kesava Pillai Krishna Pillai
6. Kanakku Tampi Thanuvan Janardanan
7. T. P. Rama Marar
8. G. Subramonia Pillai
9. Thoppil G. Subramonia Pillai
10. Raman Viswambharan Pillai
11. Maitheen Pillai Mohammed Haneefa
12. Narayanan Sreedharan
13. K. G. Warrier
14. K. P. Narayana Panicker
15. N. K. Neelakantan Nayar
16. A. Kochappi
17. Mallan Padmanabhan
18. Palpan Narayanan
19. Narayanan Sreedharan
20. Raman Viswambharan Pillai
21. Kanakku Chempakaraman Sreedharan Tampi
22. P. Krishna Pillai

**Shri A. Thanu Pillai:** Are they members of the Co-operative Society?

**Shri Panampilli Govinda Menon:** These are the names of the persons to whom land was leased out previously. Now it has been given to the Society.

**Shri P. S. Nataraja Pillai:** After having spent such large amounts have the Government enquired what amount of paddy is being produced from year to year, apart from the question of procurement?

**Shri Panampilli Govinda Menon:** I will look into the matter and on a later occasion I would be able to give more information on this matter.

### VELLAYANI KAYAL

***11.** [13] **Shri Kunjan Nadar:** Will the hon. Minister for Land Revenue be pleased to state.—

(*a*) whether the Government received any complaint regarding the irregularities committed in the lease of lands in Vellayani kayal; and

(*b*) if so, do the Government intend to cancel the present lease and allot the land to the landless agriculturists of the locality?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):**

(*a*) Yes. There have been complaints about certain alleged irregularities.

(*b*) No.

ശ്രീ. കുഞ്ഞൻ നാടാർ: എന്തു് അടിസ്ഥാനത്തിലാണു് ഈ കായലിലെ സ്ഥലം ലീസിനു് കൊടുത്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഭക്ഷ്യോല്പാദനപദ്ധതിയുടെ റൂൾസ് അനുസരിച്ചാണു് ഇതു കൊടുത്തിട്ടുള്ളതു്.

**Shri P. S. Nataraja Pillai:** May I know what kind of irregularities they were?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ്സു് വേണം.

**Shri P. S. Nataraja Pillai:** Was any funds advanced to this lessee from the Grow More Food fund?

**Shri Panampilli Govinda Menon:** No funds were advanced.

**Shri P. S. Nataraja Pillai:** Was any loan advanced?

**Shri Panampilli Govinda Menon:** Not that I know of.

**Shri P. Ponnappa Nadar:** Was there a complaint that the loan taken was not applied for the improvement of the land?

**Shri Panampilli Govinda Menon:** Is the hon. Member referring to the Vellayani business?

**Shri P. Ponnappa Nadar:** Yes.

**Shri Panampilli Govinda Menon:** I am informed that there have been no such complaints.

ശ്രീ. ആർ. കേശവൻ നായർ: ഈ വെള്ളായണി കായൽഭൂമി പതിച്ചുകൊടുത്ത ഉദ്യോഗസ്ഥന്മാരുടെ ബന്ധുക്കൾക്കു് ധാരാളം ഭൂമി പതിച്ചുകൊടുത്തിട്ടുള്ളതായി അറിയാമോ?

**Shri Panampilli Govinda Menon:** There has been a complaint to that effect and the matter is being enquired into.

**Shri K. K. Chellappan Pillai:** How many acres of this were leased out?

**Shri Panampilli Govinda Menon:** Below two hundred acres.

## VILATHARA LIFT IRRIGATION SCHEME

*12. [14] **Shri Kunjan Nadar:** Will the hon. Minister for Public Works be pleased to state.—

(*a*) whether sanction has been given for Vilathara Lift Irrigation Scheme (Vilavancode);

(*b*) if so when;

(*c*) is work started; and

(*d*) if not why?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** Sanction has been given for the Vilathara Lift Irrigation Scheme in the Vilavancode taluk. This was done on the 29th March 1951. The work has not yet been started. The reason is that on detailed investigation it has been found that the amount sanctioned in accordance with the preliminary report is insufficient for the work. A revised estimate is engaging the attention of the Government.

**Shri P. Ponnappa Nadar:** Is it not due to the discrimination shown by Government?

**Shri Panampilli Govinda Menon:** No, Sir. It has been found during the enquiry that there have been constructional difficulties which were not anticipated previously. Therefore, the head of the Engineering department reported that a revised estimate was necessary and the estimate has been submitted to Government and it is being looked into.

**Shri A. Chidambaranatha Nadar:** How long will it take to start this work?

**Shri Panampilli Govinda Menon:** I have already said that the matter is being looked into.

**Shri P. Ramaswami Pillai:** Do the Govenrnment expect to finish this work during the course of this year?

**Shri Panampilli Govinda Menon:** The matter has to be looked into and it is being looked into.

<u>ശ്രീ. കുഞ്ഞൻനാടാർ:</u> ഇപ്പോഴത്തെ എസ്റ്റിമേറ്റിൽ കൂടുതൽ വരുമോ?

**Shri Panampilli Govinda Menon:** The original estimate was for Rs. 2 lakhs. Subsequently the Chief Engineer reported that the channel has to be taken along undulating grounds involving deep cuttings of about 100 to 110 ft. In the light of these factors a fresh estimate has been sent up by the Chief Engineer.

**Shri P. Ponnappa Nadar:** Will the hon. Minister visit the site and make the necessary arrangements.

**Shri Panampilli Govinda Menon:** Certainly, I will visit the site if the hon. Member wants me to.

<u>ശ്രീ. ആർ. കേശവപിള്ള:</u> എത്ര ഏക്കർ സ്ഥലം ഇതുകൊണ്ടു ഉപയോഗപ്രദമായി തീരും?

**Shri Panampilli Govinda Menon:** 1040 acres.

**Shri P. Ramaswami Pillai:** May I know when this estimate was prepared?

**Shri Panampilli Govinda Menon:** The estimate was prepared towards the end of 1951.

## INDUSTRIAL LOAN

*13. [17] **Shri Joseph Vazhapilly:** Will the hon. Minister for Industries be pleased to state.—

(*a*) whether this Government had applied for an industrial loan to the Government of India in 1950 or 1951;

(*b*) whether the Government of India had sanctioned any amount under this loan:

(*c*) whether this Government have received any amount as per this loan?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** (*a*) No.

(*b*) and (*c*) Does not arise.

## തടവുകാരുടെ നിരാഹാരസത്യാഗ്രഹം

*൧൪. (൧൮) ശ്രീ. പി. ഭാസ്കരൻനായർ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ജയിൽ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ൧൯൫൧ ജൂലായ് മാസം അവസാനവാരം മുതൽ തിരുവനന്തപുരം സെൻട്രൽ ജയിലിലെ ക്ലോസ് പ്രിസൺവാർഡിൽ നിരാഹാരസത്യാഗ്രഹം നടത്തിയ ഏതാനും ജീവപര്യന്തം തടവുകാരെ "ഒററമുറിയിൽ വയ്ക്കൽ" എന്നു പറയപ്പെടുന്നതും സദാസമയവും ചാക്കപ്പൂച്ചെയ്യപ്പെടുന്നതുമായ ജയിൽശിക്ഷയ്ക്കു വിധേയരാക്കിയിട്ടുള്ളതു് ശരിയാണോ;

(ബി) ആണെങ്കിൽ എത്ര തടവുകാരെ അങ്ങനെ ശിക്ഷിച്ചു;

(സി) എത്രനാളത്തേയ്ക്കാണ് അവരെ ശിക്ഷിച്ചതു്;

(ഡി) ഇപ്പോഴും പ്രസ്തുതശിക്ഷ അനുഭവിക്കുന്നവരുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ;

(ഇ) ആ തടവുകാരെ മുറപ്രകാരം ജയിൽകോടതിയിൽ ഹാജരാക്കി കേസ് വിസ്തരിച്ചു ശിക്ഷിക്കയാണോ ചെയ്തതു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്:)

(എ) ശരിയാണ്. ശിക്ഷിച്ചിട്ടുണ്ട്.

(ബി) ൬൨ പേർ.

(സി) ഒരു കൊല്ലം.

(ഡി) ഉണ്ട്. ൯ പേർ.

(ഇ) ഇല്ല.

ശ്രീ. പരീത് റാവുത്തർ: സത്യഗ്രഹം നടത്തിയതിനാണോ അവരെ ശിക്ഷിച്ചതു്?

ശ്രീ. ടി. എം. വറുഗീസ്: അതു അറിഞ്ഞുകൂടാ.

ശ്രീ. പരീത് രാവുത്തർ: ഈ ൬൨ പേരിൽ സ്ത്രീകളും ഉണ്ടായിരുന്നോ എന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്സ്: അറിഞ്ഞുകൂടാ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഏതു കേസിൽ പ്രതികളായിരുന്നു ഇവർ എന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്സ്: ആ വിവരം ചോദ്യത്തിന്റെ പരിധിയിൽ പെടാത്തതുകൊണ്ട് അതേപ്പററി അന്വേഷിച്ചില്ല. അറിഞ്ഞുകൂടാ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വയലാർ പുന്നപ്ര കേസിൽ പ്രതികളായിരുന്നു എന്നു് അറിയാമോ?

**Mr. Speaker:** That is not seeking information but supplying information. So that question need not be answered.

ശ്രീ. എൻ. രാജഗോപാലൻ നായർ: നിയമപ്രകാരം ജയിൽ കോടതിയിൽ വിസ്തരിക്കാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: വിസ്താരം നടത്തുന്നതിനു അങ്ങനെ ഒരു കോടതിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: എത്രകാലം ഇങ്ങനെ വിസ്തരിക്കാതെ വച്ചുകൊണ്ടിരിക്കാം?

ശ്രീ. ടി. എം. വറഗീസ്: ജയിൽ സൂപ്രണ്ടിന്റെ യുക്തമനുസരിച്ചാണു് അങ്ങനെ ചെയ്യാറുള്ളതു്. ഇത്രകാലംവരെ എന്നു് നിർബ്ബന്ധമില്ല.

ശ്രീ. ആർ. സുഗതൻ: ഈ തടവുകാർക്കു് മഞ്ഞപ്പിത്തവും വാതവും പിടിപെട്ടിരിക്കുകയാണെന്നു് അറിയാമോ?

ശ്രീ. ടി. എം. വറഗീസ്: അറിഞ്ഞുകൂടാ. മാത്രമല്ല ഏതു തടവുകാരെ സംബന്ധിച്ചാണു് ഇതു ചോദിക്കുന്നതെന്നും മനസ്സിലാകുന്നില്ല.

ശ്രീ. ആർ. സുഗതൻ: ഈ ഒററ മുറിയിൽ താമസിപ്പിച്ചിരിക്കുന്ന തടവുകാർക്കു്.

ശ്രീ. ടി. എം. വറഗീസ്: ഈ ഒമ്പതു തടവുകാരെ സംബന്ധിച്ചാണെങ്കിൽ അങ്ങനെയുള്ളതായി അറിവില്ല. അന്വേഷണത്തിൽനിന്നും അറിയുന്നതു് ഇവരെ ഒററമുറിയിലല്ലാ ഒരു പ്രത്യേക വാർഡിലാണു് താമസിപ്പിച്ചിരിക്കുന്നതു് എന്നാണു്. രാത്രിയിൽ മാത്രമേ അവരെ ലാക്കോപ്പിൽ പാർപ്പിക്കുന്നുള്ളൂ.

ശ്രീ. ആർ. സുഗതൻ: എന്നുമുതല്ക്കാണു് ഇവരെ വാർഡുകളിൽ പാർപ്പിച്ചുതുടങ്ങിയതു്?

ശ്രീ. ടി. എം. വറഗീസ്: അതു് പല അവസരങ്ങളിലായിട്ടാണു്. മുമ്പു് ചെയ്തിരുന്നതുപോലെയുള്ള കുററങ്ങൾ ആവർത്തിക്കാതിരിക്കുമെന്നു്. ഇൻസ്പെക്ടർ ജനറലിനും ജയിൽ സൂപ്രണ്ടിനും ബോദ്ധ്യം വന്നാൽ അവരെ വാർഡുകളിൽ താമസിപ്പിക്കാവുന്നതാണു്.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: രാത്രിയിൽ അവരെ ലാക്കോപ്പുകളിലാക്കുന്നുണ്ടോ?

ശ്രീ. ടി. എം. വറഗീസ്: ഉണ്ടു്.

ശ്രീ. ആർ. സുഗതൻ: തടവുകാരോടുള്ള ക്രൂരമായ പെരുമാററംകൊണ്ടു് തടവുകാരുടെ സ്വഭാവവും കൂടുതൽ ക്രൂരമാകാനല്ലേ വഴിയുള്ളതു്?

ശ്രീ. ടി. എം. വറഗീസ്: ബഹു. മെമ്പർ ഉന്നയിക്കുന്ന പൊതുതത്വത്തെ പററി എന്റെ അഭിപ്രായം വിദഗ്ദ്ധാഭിപ്രായമല്ലാത്തതുകൊണ്ടു് സംഗതമല്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: ചിലരാഷ്ട്രീയകക്ഷികളോടു് പ്രത്യേകരീതിയിൽ പെരുമാറുന്നതായിട്ടറിയാമോ?

ശ്രീ. ടി. എം. വറഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. അച്ചുതമേനോൻ: എന്തിനാണു് ഈ സത്യാഗ്രഹികളെ തടവുകാരാക്കിയതെന്നു് അറിയാമോ?

ശ്രീ. ടി. എം. വറുഗീസ്: അവർ ആവശ്യപ്പെട്ട അനർഹമായ പല ആനുകൂല്യങ്ങളും അനുവദിക്കാത്തപക്ഷം ജോലിക്ക് പോകുകയില്ലെന്നും മററും അവർ ശഠിക്കയും ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ട് അവരുടെ പ്രവർത്തനം ഉപദ്രവകരമായിത്തീർന്നേക്കുമെന്നു ഇൻസ്പെക്ടർ ജനറലിന് ബോദ്ധ്യം വന്നതുകൊണ്ട്.

ശ്രീ. അച്യുതമേനോൻ: സത്യാഗ്രഹികൾ ആവശ്യപ്പെട്ട ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ?

ശ്രീ. ടി. എം. വറുഗീസ്. അത് ഈ ചോദ്യത്തിൽനിന്നും ഉദിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ: ജയിലിൽ നാലേകാൽ മണിവരെ മാത്രമേ തടവുകാരെക്കൊണ്ട് ജോലി ചെയ്യിക്കുവാൻ പാടുള്ളുയെന്ന് നിയമം ഇരിക്കെ, അഞ്ചേകാൽ മണിവരെ അവരെക്കൊണ്ട് ജോലി ചെയ്യിക്കുന്നുയെന്നറിയാമോ?

ശ്രീ. ടി. എം. വറുഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. സി. കെ. വിശ്വനാഥൻ. സായിപ്പന്മാർ എഴുതി ഉണ്ടാക്കിയ ഈ നിയമം ഒന്നു മാററാമോ?

**Mr. Speaker:** I disallow the question.

## RESERVED FORESTS

***15.** [19] **Shri J. T. Moraes:** Will the hon. Minister for Forests be pleased to state.—

(*a*) what is the area of reserved forests taken up for coupe operations during the years 1949, 1950 and 1951;

(*b*) what is the area of reserved forests replanted during the same years;

(*c*) what is the proportion the area taken up for coupe operations bears to the total area of the reserved forests of the State during the above years of 1949-51?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): വളരെ അധികം സ്ഥിതിവിവരക്കണക്കുകൾ ആവശ്യമുള്ള ഒന്നാണ് ഈ ചോദ്യം. വിവരങ്ങൾ ശേഖരിച്ച് മറുപടി പറയുന്നതിന് കുറച്ചു സമയം വേണ്ടിയിരിക്കുന്നു.

ശ്രീ. ജെ. ടി. മൊറായിസ്: ഇതു് പ്രപ്പോർഷൻ വച്ചാണോ എടുക്കുന്നതു്?

ശ്രീ. വി. മാധവൻ: വിവരങ്ങൾ കിട്ടിയിട്ടില്ല. അതുകൊണ്ട് അതു ശേഖരിച്ച് ഈ സെഷനിൽതന്നെ മറുപടിപറയാം.

## SUSPENSION OF GOVERNMENT SERVANTS

***16.** [20] **Shri K. V. Krishnankutti Warrier**. Will the hon. Minister for Law and Order be pleased to state:—

(*a*) have the Government completed the enquiry in the cases of Messrs. C. C. Kunjan, Sub Magistrate, Irinjalakuda and three others suspended from Government service for alleged communist activities in July 1950, and

(*b*) if so, what are the steps taken by the Government for the reinstatement or otherwise of these persons?

*Minister for Home Affairs* **(Shri T. M. Varghese)**

(*a*) Yes.

(*b*) One of them Sri. C. C. Kunjan was re-instated in service. Three others, viz., Kora, Aiyappan and Nilakantan were removed from service.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഈ നാലുപേരെയും ഒരേ കേസിനാണോ സസ്പെൻഡു ചെയ്തതു്?

ശ്രീ. ടി. എം. വർഗീസ്: അതു് അറിയുവാൻ നിവൃത്തിയില്ല. വിധ്വംസകപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതുകൊണ്ടാണു് സസ്പെൻറു് ചെയ്തതു്. ഒരാൾ ഒരു മജിസ്ട്രേട്ടാണു്. മറെറാരാൾ ആമീൻ ആണു്. വേറൊരാൾ വർക്കു് സൂപ്രണ്ടാണു്. അവർ വിധ്വംസകപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു എന്നു് കണ്ടതുകൊണ്ടു് സസ്പെൻഡു ചെയ്തു. മൂന്നു പേരുടെ പേരിൽ കേസെടുക്കുകയും അവരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടു്. മി. കുഞ്ഞന്റെ പേരിലുള്ള ആരോപണം തെളിയാത്തതുകൊണ്ടു് അദ്ദേഹത്തെ തിരിയെ സർവ്വീസിൽ പ്രവേശിപ്പിച്ചു.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: വിധ്വംസകപ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?

ശ്രീ. ടി. എം. വർഗീസ്: അതിന്റെ പൂർണ്ണവിവരങ്ങൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: നാലുപേരുടെ പേരിലും അന്വേഷണം നടത്തിയതു് കോടതികളിലാണോ?

ശ്രീ. ടി. എം. വർഗീസ്: അതേ. മി. കുഞ്ഞന്റെ പേരിലുള്ള കേസിനെപ്പററി അന്വേഷിച്ചതിൽ അദ്ദേഹം കുററക്കാരനല്ലെന്നു കണ്ടു. അതുകൊണ്ടു് തിരിയെ ജോലിയിൽ പ്രവേശിപ്പിച്ചു.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: അദ്ദേഹം മജിസ്ട്രേട്ടായതുകൊണ്ടാണോ അദ്ദേഹത്തിന്റെ അന്വേഷണം നേരത്തെ പൂർത്തിയാക്കിയതു്?

ശ്രീ. ടി. എം. വർഗീസ്: അങ്ങനെയുള്ള പരിഗണനകളൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പേരിൽ അനുഭാവം പ്രദർശിപ്പിച്ചുവെന്നാണോ അവരുടെ പേരിലുണ്ടായിരുന്ന ആരോപണം?

ശ്രീ. ടി. എം. വർഗീസ്: വിധ്വംസകപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നുവെന്നാണു് ആരോപണം.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പേരിൽ അനുഭാവം പ്രകടിപ്പിച്ചുവെന്നാണു് ആരോപണം; കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പേരിലുള്ള നിരോധനം ഇപ്പോൾ നീക്കിയിരിക്കുന്ന സ്ഥിതിക്കു് അവരെ മോചിപ്പിക്കാമോ?

ശ്രീ. ടി. എം. വർഗീസ്: അങ്ങനെ ബോദ്ധ്യപ്പെട്ടാൽ അതിനെപ്പററി ആലോചിക്കാം.

ശ്രീ. കെ. ജെ. തോമസ്: സ്റ്റേററ കോൺഗ്രസിന്റെ പ്രവർത്തനകാലത്തു് ഉണ്ടായിരുന്ന വിധ്വംസകപ്രവർത്തനം പോലെയായിരുന്നോ ഇതും?

ശ്രീ. ടി. എം. വർഗീസ്: അതു അറിഞ്ഞുകൂടാ.

**Shri P. S. Nataraja Pillai :** May I know whether the Cochin Government Servants' Association has the right of participating in politics ?

**Shri T. M. Varghese :** That question does not arise from the present question. ഏതായാലും അന്വേഷണം നടത്തി ഉത്തരം പറയാം.

ഹരിജൻ വിദ്യാർത്ഥികൾക്കുള്ള സൗജന്യങ്ങൾ

*൧൯. (൨൨) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട അവശസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

സംസ്ഥാനത്തിൽ അപ്പർസെക്കണ്ടറി, ലോവർ സെക്കണ്ടറി പ്രൈമറി എന്നീ ക്ലാസുകളിൽ പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് ഗവമ്മെൻറ് സൗജന്യങ്ങൾ വിതരണം ചെയ്യുന്നതിനു ഓരോതരം ക്ലാസുകളിലേക്കും വ്യത്യസ്ഥമായ ഏർപ്പാടുണ്ടോ? ഉണ്ടെങ്കിൽ എന്തു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): ഉണ്ടു്. എല്ലാ ക്ലാസുകളിലും പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് റ്റ്യൂഷൻ ഫീസും, പരീക്ഷാഫീസും കൊടുക്കാതെ പഠിക്കുന്നതിനു ഗവമ്മെൻറ് അനുവദിച്ചിട്ടുണ്ടു്. കൂടാതെ പുസ്തകങ്ങളും വസ്ത്രങ്ങളും വാങ്ങുന്നതിനായി ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് ൪൦ രൂപാവീതവും, മിഡിൽസ്കൂൾ ക്ലാസുകളിൽ പഠിക്കുന്നവർക്ക് ൨൫ രൂപാവീതവും നൽകുന്നുണ്ടു്. തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന ഹരിജൻ കുട്ടികൾക്ക് പാഠ്യപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ടു്. കൊച്ചി വിഭാഗത്തിൽപ്പെട്ട പ്രൈമറിസ്കൂളുകളിൽ പഠിക്കുന്ന ഹരിജൻകുട്ടികൾക്ക് താഴെ പറയുന്ന നിരക്കനുസരിച്ചുള്ള ഗ്രാൻറ് നൽകുന്നുണ്ടു്.

| ക്ലാസ് | ഗ്രാൻറ്<br>രു. ണ. പൈ. |
|---|---|
| I & II | 2—8—0 |
| III | 3—8—0 |
| IV, V | 4—8—0 |

ശ്രീ. സി. സി. അയ്യപ്പൻ: പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് എപ്പോഴാണു് നൽകുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: സ്കൂൾ തുറന്നതിനു ശേഷം.

ശ്രീ. സി. സി. അയ്യപ്പൻ: ഇതുവരെ ഈയാണ്ടിൽ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിഞ്ഞുകൂടാ.

ശ്രീ. സി. സി. അയ്യപ്പൻ: കുംഭംവരെ സ്റ്റൈപ്പൻറ് കിട്ടാറില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിഞ്ഞുകൂടാ.

**12 Noon.**

## Written Answers

സെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ ശമ്പളം

*൨൦. (൨൩) ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹു. വിദ്യാഭ്യാസമന്ത്രി ദയവായി ഉത്തരം പറയുമോ.—

പ്രൈവററ് സെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ ശമ്പളവും അലവൻസും മററവകാശങ്ങളും ഗവമെൻറ സ്കൂൾ അദ്ധ്യാപകരുടേതിനു തുല്യമാക്കേണ്ടതാണെന്നു ഗവമെൻറിനു ബോദ്ധ്യം ആയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): ഇല്ല.

## അദ്ധ്യാപകരുടെ പ്രോവിഡൻറഫണ്ട്

*൯൯. (൧൬) ശ്രീ. ടി. എ. മജീദ്: താഴെപറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമൊ.—

പുതിയ പ്രൈവററ് സെക്കൻഡറിസ്കൂൾ പദ്ധതിസ്വീകരിച്ച സ്കൂളുകളിലെ അദ്ധ്യാപകർ പ്രോവിഡൻറ് ഫണ്ടിൽ ചേരുവാൻ അപേക്ഷകൾ അയച്ചിട്ട അധികകാലമായിട്ടും ഇതെവരെ അവർക്കു പ്രസ്തുത ആനുകൂല്യം ഗവമെൻറിൽ നിന്നും അനുവദിച്ചിട്ടില്ലെന്നുള്ളതു വാസ്തവമാണൊ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

അല്ല. പദ്ധതിപ്രകാരം സെക്കൻഡറിസ്കൂൾ അദ്ധ്യാപകർക്കു (പ്രൈവററ്) പ്രോവിഡൻറഫണ്ട് നിർബ്ബന്ധിതമാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിവരുന്നു. പ്രോവിഡൻറഫണ്ടിനെ സംബന്ധിച്ചുള്ള റൂളുകൾ പൂർത്തി ആയിട്ടില്ല. ഉടനെതന്നെ പൂർത്തിയാക്കുന്നതാണ്.

## പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ

*൧൦. (൧൯) ശ്രീ. ടി. എ. മജീദ്: താഴെകാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ വിഭാഗത്തിലേയും കൊച്ചി വിഭാഗത്തിലേയും ഗവമെൻറ പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ, അലവൻസ്, എന്നിവ എന്താണ്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

| | തിരുവിതാംകൂർ വിഭാഗം | കൊച്ചി വിഭാഗം |
|---|---|---|
| അദ്ധ്യാപകന്മാർ | ക. ൧൫ | ക. ൩൦–൧–൪൦–൧–൫൦ |
| തയ്യൽ മിസ്ട്രസ്സ് | ടി | ടി |
| ഭാഗവതർ | ടി | ടി |
| അറബി അദ്ധ്യാപകന്മാർ | ടി | ടി |
| ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് | ടി + ൫ ക. അലവൻസ് | ടി + ൩ ക. അലവൻസ് |

ഇതിനുപുറമെ എല്ലാവർക്കും നിലവിലിരിക്കുന്ന റൂൾ അനുസരിച്ചു ക്ഷാമബത്താക്കൂടി കൊടുക്കുന്നുണ്ട്. ഇപ്പോൾ ൧൫ രൂപായിൽ കൂടുതൽ ശമ്പളമില്ലാത്തവർക്ക് ൧൧ രൂപായും, ൧൬ രൂപാമുതൽ ൪൫ രൂപാവരെ ശമ്പളമുള്ളവർക്ക് ൧൯ രൂപായും, ൪൬ രൂപായ്ക്കുമേൽ ശമ്പളമുള്ളവർക്ക് ൩൩ രൂപായും ആണ് ക്ഷാമബത്താകൊടുത്തുവരുന്നതു്.

## വോട്ടേഴ്സ് ലിസ്റ്റ്

*൨൧. (ന. ൪) ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എലക്ഷൻ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇക്കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിനു തയ്യാറാക്കിയ വോട്ടേഴ്സ് ലിസ്റ്റിൽ പ്രായപൂർത്തിയായ അനേകായിരംപേരുടെ പേരുകൾ ചേർക്കാൻ വിട്ടുപോയിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അങ്ങിനെയുള്ളവരുടെ പേരുകൾ അടുത്തു നടക്കുവാൻ പോകുന്ന മുൻസിപ്പൽ പഞ്ചായത്തു തെരഞ്ഞെടുപ്പുകൾക്ക് മുൻപ് ലിസ്റ്റിൽ ചേർക്കുവാൻ എന്തു നടപടി കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നു?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) വോട്ടേഴ്സ് ലിസ്റ്റ് ആണ്ടുതോറും പുതുക്കുന്നതിന് വ്യവസ്ഥയുണ്ട്. അങ്ങിനെയുള്ള പുതുക്കലിൽ അവകാശമുള്ളവരുടെ പേരുകൾ കൂട്ടിച്ചേർക്കാവുന്നതാണ്.

## ഫിഷറീസ് റഗുലേഷൻ

*൨൨. (ന. ൫) ശ്രീ. സി. കെ. വിശ്വനാഥൻ: താഴെപറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

൧൦൯൭-ലെ ൧൧-ാം നമ്പർ ഫിഷറീസ് റഗുലേഷൻ മത്സ്യത്തൊഴിലാളികൾക്കു പൊതുവേ ദോഷകരമാണെന്നും ആയതു പ്രായോഗിക പരിജ്ഞാനമുള്ള മത്സ്യത്തൊഴിലാളി പ്രതിനിധികൾ ഉൾക്കൊള്ളുന്ന കമ്മററിയുടെ നിർദ്ദേശമനുസരിച്ച് ഭേദഗതി ചെയ്യുകിട്ടേണ്ടതാണെന്നും കാണിച്ചു എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രകാലമായി; എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യവും, സിവിൾസപ്ലൈസും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പ്രസ്തുതസംഗതിയെ സംബന്ധിച്ച് അഖിലതിരുവിതാംകൂർ വാലസമുദായസേവാസമിതിയുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ൧൯൫൦ മാണ്ടത്തിലാണ് ഈ നിവേദനം ലഭിച്ചത്. അതിനുശേഷം ഈ രാജ്യത്ത് പഴയ ഫിഷറീസ് ആക്ടിന്റെ സ്ഥാനത്ത് ഒരു പുതിയ ആക്ട് രൂപീകരിക്കപ്പെട്ടു. ഈ ആക്ട് നിയമസഭ പാസാക്കുന്നതിനുമുൻപ് അതിന്റെ ഓരോ സെക്ഷനും മത്സ്യവ്യവസായികളുടെ പ്രതിനിധികളായ നിയമസഭാസാമാജികന്മാരടങ്ങിയ ഒരു സിലക്ടുകമ്മററി പരിശോധിച്ചിട്ടുള്ളതാണ്. മത്സ്യവ്യവസായത്തിന്റെ താൽപര്യങ്ങളെ ശരിയായി പരിഗണിച്ചുകൊണ്ടുതന്നെയാണ് പുതിയ ആക്ട് ഉണ്ടാക്കിയിട്ടുള്ളത്.

## മദ്യനിരോധനം

*൨൩. (ന. ൬) ശ്രീ. ഒ. സി. നൈനാൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ഇപ്പോഴത്തെ രീതിയിൽ പോയാൽ എത്രകൊല്ലംകൊണ്ടു് പ്രൊഹിബിഷൻ ഈ രാജ്യത്തു് നടപ്പാക്കണമെന്നാണു് ഗവമ്മെൻറു് ഉദ്ദേശിക്കുന്നതു്;

(ബി) ഏതാനും താലൂക്കിൽ പ്രൊഹിബിഷൻ നടപ്പിലാക്കുന്നതുകൊണ്ടു് ഗവമ്മെൻറിനു് എക്സൈസു് ഇനത്തിൽ വരുമാനവും, മദ്യവില്പനയും മററു താലൂക്കുകളിൽ കൂടുന്നതായി ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഇന്നകാലാവധിക്കുള്ളിൽ എന്നു തീച്ചുപറയുവാൻ നിവൃത്തിയില്ല.

(ബി) ഉണ്ടു്.

### NIGHT-SOIL DEPOTS

*24. [47] **Shri M. M. Abdul Kadar**: Will the hon. Minister for Public Health be pleased to state.—

(*a*) whether the Government proposes to shift the night-soil depots of Chunangamveli (Alwaye) and Kaloor (Ernakulam); and

(*b*) has the Government received protests from the people of the locality?

*Minister for Medicine and Public Health* **(Shri V. Madhavan):**

(*a*) Yes.

(*b*) Yes.

### STATE CARS FOR ELECTION PURPOSES

*25. [68] **Shri N. Raghava Kurup:** Will the hon. Minister for General Administration be pleased to state whether any of the Ministers of the Travancore-Cochin State used State cars for the election purposes of their party during the last general elections; and, if so, the extent of such use and the loss sustained by the State on account of the same?

*Chief Minister* **(Shri. A. J. John):** No.

### ഫാക്ടറി ഇൻസ്പെക്ഷൻ സ്റ്റാഫു്

*൨൬. (൯൬) ശ്രീ. ടി.കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഫാക്ടറികൾ രജിസ്റ്റർ ചെയ്യുന്നതിലേക്കു് ഫീസുവകയിൽ ൧൯൫൧-ൽ എത്ര രൂപാ ലഭിച്ചിട്ടുണ്ടു്;

(ബി) ൧൯൫൧-ൽ ഫാക്ടറിഇൻസ്പെക്ഷൻ സ്റ്റാഫിനുവേണ്ടി ഗവമ്മെണ്ടിനു എത്ര രൂപാ ചിലവായി;

(സി) സംസ്ഥാനത്തെ ഫാക്ടറി ഇൻസ്പെക്ഷൻസ്റ്റാഫിനെ വർദ്ധിപ്പിക്കുന്നകാര്യം ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) കശുവണ്ടി വ്യവസായശാലകൾക്കു മാത്രമായി ഒരു ഫാക്ടറി ഇൻസ്പെക്ടറെ നിയമിക്കേണ്ടതിൻെറ ആവശ്യകത ഗവമ്മെണ്ടിനു ബോദ്ധ്യമായിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൨,൫൪,൭൫ രൂപാ ൮ അണ ൫ പൈ.

(ബി) ൩൭,൩൯ രൂപാ ൧൨ അണ ൭൭ പൈ. (൭൯൬-൫൭ വർഷത്തേക്ക്)

(സി) ഉണ്ട്.

(ഡി) ഇല്ല.

### SUPPLY OF ELECTRIC POWER

*27. [73] **Shri K. Madhavan Unnithan**: Will the hon. Minister for Food and Agriculture be pleased to state.—

(*a*) whether Government have received memorials for the supply of electric power for pumping out water from the Puncha lands in West Kallada;

(*b*) if so, what action has been taken?

*Minister for Finance and Civil Supplies* (**Shri Panampilli Govinda Menon**): (*a*) Yes.

(*b*) The work has already been taken up.

## UNSTARRED QUESTIONS

### EXTENSION OF ELECTRICITY

1. [3] **Shri Kunjan Nadar**: Will the hon. Minister for Electricity be pleased to state.—

(*a*) whether the Government received any representation for the extension of electricity to Poovar, Thirupuram and Nalukettu (Neyyattinkara Taluk);

(*b*) if so, what steps have been taken thereon?

*Answer*

(*a*) Yes.

(*b*) Government have decided that the work need not be taken up now as it is not sufficiently remunerative.

### RETAIL FOOD GRAIN SHOPS

2. [4] **Shri J. T. Moraes**: Will the hon. Minister for Food be pleased to state.—

(*a*) whether a license for conducting a retail food grains shop has been granted this year to an applicant at Punnavoor in Maranalloor Pakuthi, Neyyattinkara Taluk;

(*b*) whether there was any other applicant for such a license in the same place;

(*c*) whether there was any prior application of other applicants rejected and if so for what reason?

*Answer*

(*a*) Yes.

(*b*) Yes. There were four other applicants for such a license in the same place.

(*c*) No.

### കോളനൈസേഷൻ പദ്ധതി

൩. (൭൭) ശ്രീ. കെ. ജെ. തോമസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ഗവർമ്മെണ്ടിന് ഒരു കോളനൈസേഷൻ പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയനുസരിച്ച് വല്ല ഭൂമിയും ആർക്കെങ്കിലും വിട്ടുകൊടുത്തിട്ടുണ്ടോ;

(സി) ഏതെല്ലാം സംഘടനകൾക്ക് എത്ര ഏക്കർവീതം വിട്ടുകൊടുത്തു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) മുൻ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

**REGISTRY OF FOREST LAND**

4. [20]* **Shri K. P. Nilakanta Pillai:** Will the hon. Minister for Forests be pleased to state whether any area out of reserved forests has been registered in the name of private persons during the years 1949, 1950 and 1951; and if so who are the persons concerned and what is the extent of area registered to each?

*Answer*

No.

**PROHIBITION**

5. [21] **Shri Varunny Pulikkal:** Will the hon. Minister for Prohibition be pleased to state.—

(*a*) what is the annual expenditure in Travancore-Cochin State on enforcement of Prohibition; and

(*b*) what was the income from auction sale of liquor shops during the year preceding the first enforcement of prohibition in each of the Taluks in which prohibition has been enforced?

*Answer*

(*a*) Rs. 2,00,500.

(*b*) A statement showing the information is given in the Appendix at page 77.

മദ്യനിരോധനംമൂലം തൊഴിലില്ലാത്തവർ

൬. (൨൨) ശ്രീ. ശ്രീവല്ലഭ മേനോൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മദ്യനിരോധനവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

മദ്യനിരോധനംമൂലം എത്രപേക്ക് തൊഴിലില്ലാതായിതീർന്നിട്ടുണ്ട്?

ഉത്തരം

സംഖ്യ ക്ലിപ്തമായി പറയുവാൻ ഇപ്പോൾ നിവൃത്തിയില്ല. എന്നാൽ മദ്യനിരോധനം നിമിത്തം തൊഴിലില്ലാതായിത്തീർന്നവർക്കു തൊഴിൽ

* This question was given notice of by the hon. Member before he was elected to the office of Speaker.

കൊടുക്കുന്നതിലേക്ക് ഗവമ്മെണ്ടിൽനിന്നും ഏർപ്പെടുത്തിയ നടപടികളുടെ ഫലമായി വളരെപ്പേർ തൊഴിൽശൂന്യരായി ശേഷിക്കുവാൻ ഇടയില്ലാ.

## കയർ മിനിമം വേജസ് കമ്മററിയുടെ റിപ്പോർട്ട്

൭. (൨൮) ശ്രീ. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

കയർ മിനിമംവേജസ്സ് കമ്മററിയുടെ റിപ്പോർട്ടു തയ്യാറാക്കിയിട്ടു എന്തുചെയ്തു;

അതിനു എന്തു തുക ചിലവായി?

### ഉത്തരം

റിപ്പോർട്ടു തയ്യാറായിട്ടില്ല.

ഒരു തുകയും ചിലവായിട്ടില്ല.

## കള്ളുഷാപ്പു ലേലം

൮. (൨൯) ശ്രീ. ശ്രീവല്ലഭമേനോൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട എക്സൈസ്‌വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കള്ളുലേലംവകയിൽ അടുത്ത വർഷത്തേക്കു ലഭിക്കുന്ന തുക എത്ര;

(ബി) കഴിഞ്ഞ കൊല്ലത്തിൽനിന്ന് എത്ര കൂടുതൽ?

### ഉത്തരം

(എ) ഒരുകോടി എഴുപത്തിനാലുലക്ഷത്തി മുപ്പത്തയ്യായിരത്തി എഴുന്നൂറു രൂപാ.

(ബി) അൻപതുലക്ഷത്തി നാല്പത്തോരായിരത്തി അഞ്ഞൂററി അറുപത്തഞ്ചുരൂപാ.

## ബീഡി, പുകയില, ഡ്യൂട്ടി

൯. (൩൦) ശ്രീ. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ്‌വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ബീടി, തീൻപുകയില ഡ്യൂട്ടി ഇനത്തിൽ കഴിഞ്ഞ വർഷം എന്തു വരവുണ്ടായിരുന്നു;

(ബി) ലൈസൻസുഫീസ് ഇനത്തിൽ എന്തുവരവുണ്ടായിരുന്നു?

### ഉത്തരം

(എ) യാതൊരു വരവും ഉണ്ടായിരുന്നില്ല.

(ബി) പത്തുലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി അറുപത്തിരണ്ടു രൂപാ.

## കൃഷിക്കത്യാവശ്യമായ അണ

൧൦. (൩൧) ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

The next adjournment motion is from Shri R. Kesava Pillai. He has not appended the statement as required by the rules. So that motion is not in order. Hence it is disallowed.

### PANEL OF CHAIRMEN

മി. സ്പീക്കർ: ലജിസ്ലേററീവ് അസംബ്ളി റൂൾ ഏഴാംവകുപ്പനുസരിച്ച് ഈ സെഷനിലേക്ക ശ്രീമാന്മാരായ പി. എസ്. നടരാജപിള്ളയേയും, എൻ. പി. വർഗീസിനേയും പാനൽ ഓഫ് ചെയർമാന്മാരായി നിയമിച്ചിരിക്കുന്നു.

### PAPERS LAID ON THE TABLE

*Minister for Finance and Civil Supplies* **(Shri. Panampilli Govinda Menon):** I lay on the table of the House the following Ordinances under Article 213 (2) read with Article 238 of the Constitution of India:

(1) The Travancore Cochin Public Safety Measures (Amendment) Ordinance 1951, VI of 1951, promulgated on the 24th October 1951.

(2) The Trivandrum City Municipal (Amendment) Ordinance 1951, VII of 1951, promulgated on the 10th December 1951.

(3) The Travancore Nurses, Midwives and Dhais (Amendment) Ordinance 1952, I of 1952, promulgated on the 3rd March 1952.

(4) The Holdings (Stay of Execution Proceedings) (Amendment) Ordinance 1952, II of 1952, promulgated on the 18th March 1952.

## LEGISLATIVE BUSINESS

### THE HOLDINGS (STAY OF EXECUTION PROCEEDINGS) ACT (AMENDMENT) BILL

*Chief Minister* **(Shri. A. J. John):** I beg to introduce the Holdings (Stay of Execution Proceedings) Act (Amendment) Bill.

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):**

I second it.

ശ്രീ. ഏ. ജെ. ജോൺ: ൧൯൫൦ മാർച്ച് ൨൫-ാംനു മുതലാണ് ഹോൾഡിംഗ്സ് സ്റ്റേ ഓഫ് എക്സിക്യൂഷൻ ആക്ട് നടപ്പിൽ വന്നിട്ടുള്ളത്. ആ ആക്ടിലെ നാലാംവകുപ്പിൽ അതു് ഒരു കൊല്ലത്തേക്ക മാത്രം ഊർജ്ജിതത്തിലിരിക്കുന്നതാണെന്ന പറഞ്ഞിട്ടുണ്ടായിരുന്നു. അതനുസരിച്ച് ൧൯൫൧ മാർച്ച് ൨൫-ാംനു കാലാവധി അവസാനിക്കമായിരുന്നു. ഒരു അമൻഡ്മെൻറ് ആക്ട്കൊണ്ടു് കാലാവധി ഒരു കൊല്ലം ദീർഘിപ്പിച്ചു. അതനുസരിച്ച് ഇന്നേദിവസം ആക്ടിൻെറ കാലാവധി അവസാനിക്കുന്നതാണ്. ആക്ട് ഒരു കൊല്ലത്തേക്കകൂടി നീട്ടണമെന്നുള്ളതാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിൻെറ ഉദ്ദേശം. ഈ ബിൽ ആദ്യമായി അവതരിപ്പിച്ച കാലത്തുതന്നെ ഗവമ്മെൻറു നയം ക്ലിപ്തമായി പ്രഖ്യാപിക്കുന്നതുവരെ ഈ ബിൽ ഊർജ്ജിതത്തിലിരിക്കുന്നതാണെന്ന പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഗവമ്മെണ്ടു് നയം എന്താണെന്ന് ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. അതിനാൽ ഒരു കൊല്ലംകൂടി ബില്ലിൻെറ കാലാവധി നീട്ടേണ്ടിയിരിക്കുന്നു. അതായതു് രണ്ടു കൊല്ലം എന്ന കിടക്കുന്നിടത്തു് മൂന്നു് എന്നു് ആക്കണമെന്നാണ് ഈ ബില്ലുകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇന്നുതന്നെ ഈ ബിൽ പാസ്സാവുമോ എന്നു് സംശയമുണ്ടായിരുന്നതുകൊണ്ടു് രാജപ്രമുഖൻ തിരുമനസ്സിൽനിന്നു് ഒരു ഓർഡിനൻസ്.

നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ ബിൽ പാസ്സാകുന്നതോടുകൂടി ആ ഓർഡിനൻസ് അസാധുവാകുന്നതാണ്.

**Mr. Speaker:** The Bill stands introduced.

### THE TRAVANCORE NURSES, MIDWIVES AND DHAIS ACT (AMENDMENT) BILL

*Minister for Medicine and Public Health* **(Shri V. Madhavan):** I beg to introduce the Travancore Nurses, Midwives and Dhais Act (Amendment) Bill.

*Minister for Works and Transport* **(Shri Kalathil Velayudhan Nair):** I second it.

ശ്രീ. വി. മാധവൻ: ഈ ബില്ലിൻെറ വ്യവസ്ഥകളനുസരിച്ച് ഒരു കൗൺസിൽ പ്രവർത്തനത്തിലിരിക്കുന്നുണ്ട്. ആ കൗൺസിലിൻെറ കാലാവധി ആദ്യത്തെ മീററിംഗു കൂടിയതു മുതൽ ൩ വർഷത്തേയ്ക്കാണ് വച്ചിട്ടുള്ളത്. അതായത് ൲൱൨൰൧ മാർച്ചുമുതൽ ൲൱൩൰ മാർച്ച് ൩൧-ാം൹ വരെയാണ് അതിന് ഉണ്ടായിരുന്ന കാലാവധി. ഇത് തിരുവിതാംകൂറിൽ മാത്രം ഉണ്ടായിരുന്ന ഒരു ആക്ടാണ്. കൊച്ചികൂടി ബാധകമാകത്തക്കവണ്ണം ഒരു നിയമം ഉണ്ടാക്കണമെന്നു വിചാരിച്ചിരുന്നു. എന്നാൽ അതിനുള്ള സന്ദർഭം വേണ്ടവിധത്തിൽ ഉണ്ടായില്ല. തിരുവിതാംകൂർ ഭാഗത്തെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൻെറ പ്രാബല്യം മാർച്ച് ൩൧-ാം൹ക്കു ശേഷവും ഉണ്ടായിരിക്കാൻ തക്കവണ്ണം രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് ഒരു ഓർഡിനൻസ് പ്രഖ്യാപിച്ചിട്ടുണ്ട്. ആ ഓർഡിനൻസ് അനുസരിച്ച് വേണ്ട ജോഗതി ബില്ലിൽ വരുത്തേണ്ടിയിരിക്കുന്നതിനാലാണ് ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്.

**Mr. Speaker:** The Bill stands introduced.

### THE TRAVANCORE-COCHIN PUBLIC SAFETY MEASURES ACT (AMENDMENT) BILL

*Minister for Home Affairs* **(Shri T. M. Varghese):** I beg to introduce the Travancore-Cochin Public Safety Measures Act (Amendment) Bill.

**Shri N. Raghava Kurup:** The amendment Bill that has been introduced seeks to amend Section 23 of the Public Safety Measures Act. Section 23—

**Mr. Speaker:** What is sought to be done is just to get the Bill introduced in this House. The Member will have sufficient opportunity to discuss the provisions of the Bill later.

**Shri N. Raghava Kurup:** Point of order. The amendment seeks to amend a Section which is not in existence. Can a non-existent bill be amended? Section 23 of the Act has been declared to be non-existent by so many High Courts of the country.

**Mr. Speaker:** Now permission has been given to introduce this Bill. Let us not go beyond that. I call upon the Minister to introduce the Bill.

**Shri T. M. Varghese:** I beg to introduce the Travancore-Cochin Public Safety Measures Act (Amendment) Bill.

*Chief Mininster* **(Shri A. J. John):** I second it.

**Mr. Speaker:** The Bill stands introduced.

### THE TRIVANDRUM CITY MUNICIPAL ACT (AMENDMENT) BILL

*Minister for Medicine and Public Health* **(Shri V. Madhavan):** I second it.

**Mr. Speaker:** The Bill stands introduced.

## DEMANDS FOR SUPPLEMENTARY GRANTS

**Mr. Speaker:** Now, we will proceed to the financial business. There are, on the whole, seven items of supplementary demands, and the hon. Members might have seen from the agenda placed before them that at 4-30 p. m. the budget for the new financial year will be introduced. Therefore, I suggest that discussions on these supplementary grants may be closed by that time. If discussion is not closed, by that time, I shall put all the outstanding supplementary demands to the vote of the House at 4-30 p. m.

### Demand IV — Stamps

**Shri Panampilli Govinda Menon:** Sir, under "9. Stamps" I move for a supplementary grant of Rs. 96,000.

ഇതു് സപ്ലിമെൻററി ഗ്രാൻറായിട്ടു കൊണ്ടുവരേണ്ടിവന്നതു് ഒരു സാങ്കേതിക കാരണത്താൽ മാത്രമാണു്. ജൂഡീഷ്യൽ സ്റ്റാമ്പുപേപ്പറുകളും നോൺ ജൂഡീഷ്യൽ സ്റ്റാമ്പുപേപ്പറുകളും വില്ക്കുന്ന വില്പനക്കാൎക്കു് ഒരു കമ്മീഷൻ അനുവദിച്ചിട്ടുണ്ടു്. വിററുകിട്ടുന്ന പണം ബഡ്ജററിൽ വരവിനമായിട്ടും വില്ക്കുന്നവൎക്കു കൊടുക്കേണ്ട പണം ചെലവിനമായിട്ടുമാണു് ബഡ്ജററിൽ ചേൎത്തിട്ടുള്ളതു്. ബഡ്ജററു് അവതരിപ്പിച്ചു പാസ്സാക്കിയപ്പോൾ ഉദ്ദേശിച്ചിരുന്നതിൽ കൂടുതൽ വരവു് സ്റ്റാമ്പുവില്പന കൊണ്ടുണ്ടായിട്ടുണ്ടു്. കഴിഞ്ഞ ബഡ്ജററിൽ ഉദ്ദേശിച്ചിട്ടുള്ളതിനേക്കാൾ വളരെ കൂടുതൽ വരവു ലഭിച്ചു. അതനുസരിച്ചു് കമ്മീഷൻ ഇനത്തിലും കൂടുതൽ ചെലവു് ഉണ്ടായിട്ടുണ്ടു്. അതു കൊടുക്കണമെന്നുണ്ടെങ്കിൽ ഈ സഭയുടെ ഗ്രാൻറു കിട്ടാതെ നിവൃത്തിയില്ല. അതുകൊണ്ടു കാഴ്ചയിൽ ഇതു കൂടുതൽ ചെലവിനുള്ള ഒരപേക്ഷയായി തോന്നാമെങ്കിലും വാസ്തവത്തിൽ കൂടുതൽ വരവുണ്ടായിട്ടുള്ളതുകൊണ്ടു് ചെലവാക്കേണ്ടിവരുന്ന ഒരു തുകയാണെന്നു ബഹുമാനപ്പെട്ട അംഗങ്ങൾക്കു് കാണാവുന്നതാണു്. അതിലേക്കു് ൯൬,൦൦൦ രൂപാ അനുവദിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ആർ. കേശവപിള്ള: ഈ തുക കഴിഞ്ഞ ആണ്ടത്തെക്കാൾ കൂടുതൽ ആണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. ആർ. കേശവപിള്ള. ബഡ്ജററു തയ്യാറാക്കിയ സമയത്തു് കൂടുതൽ തുക കൊള്ളിക്കാഞ്ഞതു എന്തുകൊണ്ടാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിഞ്ഞ ആണ്ടത്തെ ബഡ്ജററു തയ്യാറാക്കിയപ്പോൾ ഈ ഇനത്തിൽ എസ്റ്റിമേററു ചെയ്ത തുക അതിനു മുമ്പുള്ള ആണ്ടത്തെ എസ്റ്റിമേററനുസരിച്ചാണു്. എന്നാൽ കഴിഞ്ഞയാണ്ടിൽ കൂടുതൽ സ്റ്റാമ്പുപേപ്പറുകൾ ചെലവായി. അതനുസരിച്ചു കൂടുതൽ കമ്മീഷൻ കൊടുക്കേണ്ടതായി വന്നു.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: കമ്മീഷൻചെലവു ഇത്രയും കൂടുതൽ വരുമ്പോൾ മൊത്തത്തിൽ സ്റ്റാമ്പുവില്പനയിൽ എത്ര വരവു കൂടുതൽ ഉണ്ടാകുമെന്നു പറയാൻ കഴിയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു, ബഹു. അംഗങ്ങൾക്കു നൽകിയിട്ടുള്ള നോട്ടിൽനിന്നുതന്നെ കാണാം. ആ ഭാഗം ഞാൻ വായിക്കാം.

[Shri Panampilli Govinda Menon]

"Due to the abnormal increase in the demand for stamps and stamp papers during the year the discount payable to vendors has also increased and expenditure under the head has gone up beyond expectation. On the basis of the actual expenditure of Rs. 1,02,069 up to November 1951, and the anticipated expenditure of Rs. 1,53,000 under "9. Stamps A. Non-Judicial charges for the sale of stamps (Discount)" an additional amount of Rs. 93,000 is required under this head. So also on the basis of the actual expenditure of Rs. 31,920 incurred up to November 1951 and the anticipated expenditure of Rs. 48,000 under "9. Stamps B. Judicial charges for the sale of stamps (Discount)" an additional amount of Rs. 3,000 is required under this head. Savings are not available in the budget under "9. Stamps" for providing the excess required by diversion. Thus in all, an additional grant of Rs. 96,000 is required under "9. Stamps". The expenditure is being incurred in excess of the budget allotment as payment of discount is an inevitable payment."

ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നതു് വരവു എത്രകണ്ടുണ്ടായിട്ടുണ്ടെന്നാണ്. ഇന്നു വൈകുന്നേരം നാലുമണിക്ക് എന്റെ ബഡ്ജററു പ്രസംഗത്തോടുകൂടി ഫിനാൻസ്സെക്രട്ടറിയുടെ വക ഒരു മെമ്മൊറാണ്ടം കൂടി ബഹു. അംഗങ്ങൾക്കു വിതരണം ചെയ്യുന്നതാണ്. അതിൽനിന്നു റിവൈസ്ഡ് എസ്റ്റിമേററനുസരിച്ച് എത്ര വരവുണ്ടായിട്ടുണ്ടെന്നു കാണാൻ സാധിക്കും.

ശ്രീ. ഒ. സി. നൈനാൻ: നോൺ ജൂഡീഷ്യൽ സ്റ്റാമ്പുകൾ വില്പന നടത്തുന്ന വെണ്ടർമാർ അവരെ ഏല്പിച്ചിരിക്കുന്ന മുദ്രപ്പത്രങ്ങൾ വേണ്ട സമയത്തും ആവശ്യമുള്ളിടത്തോളവും വില്ക്കുന്നില്ലെന്നു് പരാതിയുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ സ്റ്റാമ്പുവില്പന നടത്തുന്നില്ലെങ്കിൽ അതു നാട്ടുകാർക്ക് കഴപ്പമുണ്ടെന്നുള്ളതു മാത്രമല്ല, ഗവമ്മെണ്ടിന്റെ റവന്യൂ കുറയുന്നതിനുള്ള ഒരു കാര്യം കൂടിയാണ്. അതുകൊണ്ടു ആ പരാതിയെപ്പററി നിശ്ചയമായും ഗൗനിക്കുന്നതാണ്.

ശ്രീ. അച്യുതമേനോൻ; എന്തു കാരണംകൊണ്ടാണു കഴിഞ്ഞകൊല്ലം സ്റ്റാമ്പിനു കൂടുതൽ ചെലവു വന്നതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാരണം എന്താണെന്നു അറിഞ്ഞില്ല. ഒരുപക്ഷെ, വസ്തുക്കൾക്കു വിലക്കൂടുതൽ ഉണ്ടായിട്ടുള്ളതുകൊണ്ടു് കൂടുതൽ ക്രയവിക്രയങ്ങൾ നടന്നിരിക്കും.

ശ്രീ. കുഞ്ഞിത്തൊമ്മൻ: മുപ്പത്തിയഞ്ചുരൂപാ വിലയുള്ളതും അതിൽ കുറവുള്ളതുമായ മുദ്രപ്പത്രങ്ങൾ മാത്രമെ വിൽക്കുവാൻ വേണ്ടർമാരെ ഏല്പിക്കുന്നുള്ളു. ബാക്കിയുള്ള മുദ്രപ്പത്രങ്ങൾ ട്രഷറികളിൽനിന്നും വാങ്ങിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ടാളുകൾക്കു് പല ഉപദ്രവങ്ങളും ഉണ്ടാകുന്നുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു വളരെ കാലമായി നടന്നുപോരുന്ന ഒരേർപ്പാടാണ്. മുപ്പത്തിയഞ്ചുരൂപയിൽ കൂടുതൽ വിലയുള്ള മുദ്രപ്പത്രങ്ങൾ സർവ്വസാധാരണയായി ഉപയോഗപ്പെടുന്നതല്ല. പെട്ടെന്നു വാങ്ങിക്കേണ്ട ആവശ്യവും വരുന്നതല്ല. കൂടുതൽ വിലയുള്ള മുദ്രപ്പത്രങ്ങൾ ആവശ്യംവരുന്നതു് വക്കീലന്മാരും അതുപോലെയുള്ള ആളുകളുമായി ആലോചിച്ചും മററുമായിരിക്കും. അപ്പോൾ അതതാ

സ്റ്റാമ്പുപേപ്പറുകൾ ട്രഷറിയിൽനിന്നും വാങ്ങണമെങ്കിൽതന്നെ അതിൽ ആക്ഷേപം വരാൻ ഇടയില്ല.

ശ്രീ. രാമകൃഷ്ണൻ: അതേ അവസരത്തിൽ കൊച്ചിയിൽ കൂടുതൽ വിലയുള്ള സ്റ്റാമ്പുപേപ്പറുകൾ വില്ക്കുവാൻ വെണ്ടർമാരെ അനുവദിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിൽ അമ്പതു രൂപയും അതിനുമേലും വിലവരുന്ന മുദ്രപ്പത്രങ്ങളാണു ട്രഷറിയിൽനിന്നും വാങ്ങുന്നതു്. ഇതിലും പ്രധാനപ്പെട്ട പല കാര്യങ്ങളിലും സംയോജനം നടത്തിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ടു ഇക്കാര്യത്തിലും ശ്രദ്ധിച്ചിട്ടില്ലെന്നേയുള്ളു.

ശ്രീ. കുഞ്ഞൻനാടാർ: രജിസ്ട്രേഷൻ ഫീസ് ഇപ്പോൾ കൂട്ടിയിട്ടുണ്ടല്ലോ. അതനുസരിച്ചു സ്റ്റാമ്പുപേപ്പറുകൾ വില്ക്കുന്നതിൽനിന്നും ലഭിക്കുന്ന വരവും കൂടേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഒരു കാരണമായിരിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സ്റ്റാമ്പുപേപ്പർ വില്പന നടത്തിയ വകയിൽ എത്ര രൂപാ കൂടുതൽ ലഭിച്ചുവെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞു. ഇന്നു ബഹുമാനപ്പെട്ട മെമ്പറന്മാർക്കു തരുന്ന മെമ്മോറാണ്ടത്തിൽനിന്നു അതു മനസ്സിലാക്കുവാൻ കഴിയും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ തുക കൊടുത്തുകഴിഞ്ഞതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നടപടി അനുസരിച്ചു കൊടുത്തുകൊണ്ടിരിക്കുന്നു.

The question that a supplementary sum not exceeding Rs. 96,000 be granted under "IV. 9. Stamps A-Non- judicial Charges for the sale of stamps (Discount), 9. Stamps B- Judicial Charges for the sale of Stamps (Discount)", was put and carried.

The grant was made.

*Chief Minister* **(Shri A. J. John):** Sir, I do not move the supplementary demand—"25. General Administration A—President Heads of States Cabinet and Ministers (c) Government Hospitality Organization Contingencies—other contingencies".

## Demand XI-25. General Administration (c) Elections

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** Sir, under "25. General Administration (c) Elections (a) Other Election charges—Lump sum provision for election to Union Parliament", I move for a supplementary grant of Rs. 7,25,000.

ഈ സപ്ലിമെൻററി ഗ്രാൻറു വേണ്ടിവന്നതു താഴെ പറയുന്ന പരിതഃസ്ഥിതികളിലാണു്. നമ്മുടെ പൊതുതെരഞ്ഞെടുപ്പു നടത്തിയതു ൧൯൫൧ ഡിസംബർമാസത്തിലും; ൧൯൫൨ ജാനുവരിമാസത്തിലും ആണെന്നറിയാമല്ലോ. ആ പൊതുതെരഞ്ഞെടുപ്പു് ഈ വർഷത്തിലുണ്ടാകുമെന്നുള്ള പ്രതീക്ഷയനുസരിച്ചു കഴിഞ്ഞവർഷത്തിൽ, ൧൯൫൧ മാർച്ചുമാസത്തിൽ, ബഡ്ജററുകൊണ്ടുവന്ന അവസരത്തിൽ ഇലക്ഷൻചെലവിനുവേണ്ടി കുറെ സംഖ്യ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു. ആ സംഖ്യ കണക്കാക്കിയതു അതിനുമുമ്പു തിരുവിതാംകൂറിലും കൊച്ചിയിലും തെരഞ്ഞെടുപ്പു

[Shri Panampilli Govinda Menon]

നടത്തിയ ചെലവുകളുടെ മാനദണ്ഡംവച്ചുകൊണ്ടാണ്. എന്നാൽ ഡിസംബർമാസത്തിൽ തെരഞ്ഞെടുപ്പുനടത്തിയ സമയം വന്നപ്പോഴേക്കും ഇൻഡ്യയിലെ ഇലക്ഷൻകമ്മീഷണറുടെ നിർദ്ദേശമനുസരിച്ചു പല വ്യത്യസ്ത പരിപാടികളോടുകൂടിയാണ് ഇലക്ഷൻ നടത്തേണ്ടിവന്നതു്.

**Shri E. P. Varghese:** Sir, on a point of information. Are we not taking up item No. 2 in the list of demands?

**Mr. Speaker:** The hon. Chief Minister has said that he is not moving that demand to-day.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഇലക്ഷൻ കമ്മീഷണറുടെ നിർദ്ദേശമനുസരിച്ചു ബഡ്ജററ തയാറാക്കിയപ്പോൾ ഉദ്ദേശിച്ചതിൽനിന്നും വളരെക്കൂടുതൽ ചെലവുചെയ്യേണ്ടതായിവന്നു. ഉദാഹരണമായി ഉരുക്കുകൊണ്ടുള്ള ബാലററുപെട്ടികൾ വേണ്ടിവരുമെന്നു ബഡ്ജററ തയാറാക്കിയ സന്ദർഭത്തിൽ ഉദ്ദേശിച്ചിരുന്നില്ല. അതുപോലെ മററു പല കൂടുതൽ ചെലവുകളും ഉണ്ടായിട്ടുണ്ടു്. അവയെല്ലാം ബഡ്ജററ മെമ്മോറാണ്ടത്തിൽ വിശദമായി കാണിച്ചിട്ടുണ്ടു്. ഇലക്ഷൻ ചെലവു നടത്തേണ്ടതു വളരെ ആവശ്യമായിരുന്നതുകൊണ്ടു് ഈ ചെലവു ചെയ്തിട്ടുള്ളതുമാണ്. അതിനാൽ ഈ സംഖ്യ അനുവദിച്ചുതരുവാൻ സഭയോടു അപേക്ഷിക്കുന്നു.

ശ്രീ. ആർ. കേശവപിള്ള: മുൻപുള്ള മാതിരി മരംകൊണ്ടുള്ള പെട്ടികൾക്കുപകരം ഇത്തവണ ഉരുക്കുപെട്ടികൾ വേണമെന്നു തീരുമാനിക്കുവാനുള്ള കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉദ്ദേശം ൭൫ ലക്ഷം വോട്ടർമാർ പങ്കുകൊള്ളുവാനുദ്ദേശിക്കുന്ന ഈ തെരഞ്ഞെടുപ്പിൽ അനവധി പെട്ടികൾ ആവശ്യമുണ്ടെന്നുമാത്രമല്ല, അവ വളരെദൂരം കൊണ്ടുപോകേണ്ടതായും വരും. ഇലക്ഷൻകാലത്തു് എന്തെല്ലാം വഴക്കുകളാണുണ്ടാകുന്നതെന്നുള്ളതു അറിയാൻ നിവൃത്തിയില്ല. അതുകൊണ്ടു തീ കത്തിച്ചാൽ കത്താത്തതും, വെള്ളം തട്ടിയാൽ കേടുവരാത്തതുമായ ഉരുക്കുപെട്ടികൾതന്നെ വേണമെന്നു ഇലക്ഷൻ വളരെ ഭംഗിയായി നടത്തണമെന്നാഗ്രഹിക്കുന്ന ഇൻഡ്യയിലെ ഇലക്ഷൻ കമ്മീഷണർ തീരുമാനിച്ചു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പാർലിമെൻറിലേക്കുനടന്ന തെരഞ്ഞെടുപ്പിന്റെ ചെലവു സ്റ്റേററിൽനിന്നാണോ വഹിച്ചിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു പാർലമെൻറിലേക്കും സ്റ്റേററിലേക്കുമുള്ള തെരഞ്ഞെടുപ്പു ഒന്നിച്ചു നടത്തണം. തെരഞ്ഞെടുപ്പു ചെലവിന്റെ പകുതി ചെലവു ഇൻഡ്യാ ഗവൺമെൻറ് ഈ ഗവൺമെൻറിനു തരും. ആദ്യം എല്ലാം ചെലവും സ്റ്റേററുതന്നെ വഹിക്കണം.

**Shri P. S. Nataraja Pillai:** May I know the original amount in the budget under this item?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഈ മെമ്മോറാണ്ടത്തിൽ തന്നെ പറഞ്ഞിട്ടുണ്ടു്. ഒറിജിനൽ ഗ്രാൻറ് ൫,൭൩,൯൦൦ രൂപയാണ്.

**Shri P. S. Nataraja Pillai:** Was it not a lump sum provision of Rs. 8 lakhs in the budget?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ലല്ലൊ.

**Shri P. S. Nataraja Pillai:** Was it not stated in the budget that 50 per cent of the amount would be recovered from the Central Government ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ശരിയാണു്. ഇപ്പോഴും അതുതന്നെയാണു് പറയുന്നതു്. ആകെവരുന്ന ചെലവു ഇൻഡ്യാ ഗവമെന്റു ആഡിററു ചെയ്തതിനുശേഷം, അതിന്റെ പകുതി നമുക്കു തരും. എന്നാൽ ആദ്യമെ സ്റ്റേററു ഗവമെന്റുതന്നെ ചെലവു ചെയ്യണം. അതിനു നിയമസഭയുടെ വോട്ടുവേണം. ഇൻഡ്യാഗവമെന്റിൽനിന്നും പകുതി പണം കിട്ടുമ്പോൾ അതു് റവന്യു ഇനത്തിൽ വരവായി ബഡ്ജററിൽ ചേർക്കും.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ മൂന്നുലക്ഷത്തി തൊണ്ണൂറായിരം രൂപാ മിസിലേനിയസ് എക്സ്പെൻറിച്ചർ എന്നുള്ളതു് എന്താണെന്നു വ്യക്തമാക്കിയാൽ കൊള്ളാം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു പോലീസുകാരുടെ ബാററാ, പിന്നെ അവരുടെ ട്രാൻസ്പോർട്ടിനുള്ള ചെലവുകൾ, ഡെയിലി അലവൻസ് മുതലായവക്കുവേണ്ടിയുള്ളതാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതു പോലീസുകാർക്കുള്ള പ്രത്യേകം അലോട്ടുമെൻറിൽ പെടുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ഇനത്തിൽ പോലീസുകാരുടെ ടി. എ., ഡി. എ. മുതലായവമാത്രമാണു് പെടുന്നതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ മിസിലേനിയസ് എക്സ്പെൻറിച്ചർ എന്ന ഇനത്തിൽ പോലീസുകാരുടെ ചെലവുകൾ മാത്രമാണോ അതോ സൂപ്പീരിയർ ആഫീസേഴ്സിന്റെ ചെലവുകളും ഉൾപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഉൾപ്പെടും.

ശ്രീ. കെ. സി. നൈനാൻ: ഈ ട്രാവലിംഗ് അലവൻസ് മുതലായ ഇനങ്ങളിൽ ഇത്രയധികം തുക ചെലവാകാൻ പ്രത്യേക കാരണങ്ങൾ വല്ലതും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കഴിഞ്ഞ എലക്ഷൻ പുതിയ ഭരണഘടന ഉണ്ടായതിനുശേഷമുള്ള ആദ്യത്തെ എലക്ഷനാകയാൽ അതു എത്രയും മാതൃകാപരമായും ആദർശപരമായും കാര്യക്ഷമമായും നടത്തണമെന്നുള്ള വിചാരത്താൽ മോക്ക എലക്ഷൻസു നടത്തുകയും കൂടാതെ ഉദ്യോഗസ്ഥന്മാർ പോളിംഗ് ഉദ്യോഗസ്ഥന്മാർക്കും മററും വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനു ക്ലാസുകൾ നടത്തുകയും മററും ചെയ്യേണ്ടിവന്നു. അതിലേയ്ക്കു കൂടുതലായി ചെലവുകൾ ഉണ്ടായിട്ടുണ്ടു്.

**Shri P. Ramaswami Pillai:** May I know what is the actual expenditure under allowances referred to here?

**Shri Panampilli Govinda Menon:** It is only a detail.

**Shri M. William:** May I know whether separate accounts are kept for each item of expenditure?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എങ്ങിനെയാണു് സ്പെൻറു് ചെയ്തിരിക്കുന്നതെന്നു പോലീസ് ഡിപ്പാർട്ടുമെൻറിലെ ബഡ്ജററിൽനിന്നും കാണാവുന്നതാണു്.

ശ്രീ. രാജഗോപാലൻ നായർ. ബഹുമാനപ്പെട്ട മന്ത്രിമാരുടെ എലക്ഷൻ സംബന്ധിച്ചുള്ള ചെലവുകൾ കൂടി ഇതിൽവരുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. രാജഗോപാലൻ നായർ: ഈ എലക്ഷൻ ജോലിക്ക പോയിട്ടുള്ള എൻ. ജി. ഒ. മാരുടേയും അലവൻസുകൾകൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. രാജഗോപാലൻ നായർ: അത് ഇതുവരേയും അനേകംപേർക്ക കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാവർക്കും ഇതിനകം കിട്ടിയിട്ടില്ലായിരിക്കാം. വല്ല കാരണങ്ങളാലും അവർക്ക കിട്ടിയിട്ടില്ല എന്നറിയിക്കുകയാണെങ്കിൽ അതിനുള്ള വഴികൾ ചെയ്തുകൊടുക്കാം.

ശ്രീ. രാജഗോപാലൻ നായർ: പോലീസ് ഡിപ്പാർട്ടുമെൻറിൽ തന്നെ ഇതുവരെ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ. അതിലേയ്ക്കുള്ള തുക അലോട്ട ചെയ്തുകൊടുത്തിട്ടുണ്ട്.

ശ്രീ. വറുഗീസ്: എലക്ഷൻ ആവശ്യത്തിലേയ്ക്കു സ്റ്റേററുകാർ ഉപയോഗിച്ചതിനുള്ള ചെലവ് ഏതിനത്തിലാണ് ഉൾപ്പെടുത്തീട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ചോദിച്ചതു വളരെ സന്തോഷമാണ്. ഗവമ്മെൻറിന്റെ ചെലവുകൾ ഏതു വിധത്തിലാണ് ചെയ്യുന്നതെന്നു അറിയണമെന്നുള്ള സാധാരണ വിചാരത്തോടുകൂടി അങ്ങിനെ ചോദ്യം ചോദിക്കുകയാണെന്നു ഞാൻ വിചാരിക്കുന്നു. സാധാരണയായി മന്ത്രിമാർ സ്റ്റേററുകാർ ഉപയോഗിക്കുന്നതിലേയ്ക്കു ൧൭൫ ഉറുപ്പാ പെട്രോളിനും മററ ചെലവുകൾക്കുമായി അനുവദിച്ചിട്ടുണ്ട്. വേറെ അലവൻസുകളോ മറെറാന്നുമൊ കൊടുക്കുന്നില്ല.

ശ്രീ. വറുഗീസ്: എലക്ഷൻ സംബന്ധിച്ച് സ്റ്റേററുകാർ ഉപയോഗിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ; അങ്ങിനെ ഉപയോഗിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. എം. എം. അബ്ദുൾഖാദർ: ആലുവായിൽ തെരഞ്ഞെടുപ്പു സംബന്ധിച്ച് സ്റ്റേററുകാർ ഉപയോഗിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: എലക്ഷൻ പ്രചരണത്തിനായി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രസിഡൻറ് ഈ സംസ്ഥാനത്തു സഞ്ചാരം നടത്തിയതിനുള്ള ചെലവ് ഇതിൽ ഉൾപ്പെടുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീർച്ചയായും ഇല്ല.

**Shri A. Samraj:** Will the Minister kindly explain this point for the information of the members?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വക ചെലവുകൾ ഒക്കെ ചെക്കുകളും ആഡിററിംഗ് എല്ലാം കഴിഞ്ഞാണു ചെലവു ചെയ്യുന്നതു്. ചെലവു ചെയ്യുന്ന ആൾ പണം കാണുന്ന പതിവുമില്ല. ഡിപ്പാർട്ടുമെൻറലായും ചെക്കുകളും ആഡിററിംഗ് എല്ലാം നടത്തുന്നുണ്ട്. ഇങ്ങിനെ ചോദിച്ചതിൽ ഞാൻ ആക്ഷേപമുള്ളതായിട്ടല്ലാ പറഞ്ഞതു്. ഇതിനുത്തരവാദിത്വമുള്ള ഓഫീസറന്മാർക്ക് അലോട്ടുമെൻറായി കൊടുക്കുകയാണ്.

ശ്രീ. എ. താണുപിള്ള: ഈയാണ്ടത്തെ ബഡ്ജററിൽഉള്ള എൻട്രീസും ഇപ്പോൾ ചോദിക്കുന്ന തുകയും തമ്മിൽ എങ്ങിനെ യോജിക്കും എന്നുള്ളതു് അറിയുന്നതിനാണു്—

ശ്രീ. എൻ. രാഘവക്കുറുപ്പു്: സർ, ഒരു പായിന്റു് ആഫ് ആർഡർ ബാക്കിയുള്ള ആളുകൾക്കുകൂടി കേൾക്കത്തക്കവിധത്തിൽ സംസാരിക്കുന്നതിനു ഏർപ്പാടു ചെയ്താൽ കൊള്ളാം.

**Mr. Speaker**: I would request the hon. Members to speak as loud as possible.

**Shri Panampilli Govinda Menon**: May I tell the arrangement which the Government has in view in respect of this matter. As soon as the Ministry was formed Government wanted to provide loud speaker arrangement to every hon. Member of the House. The Chief Engineer was called in the hall and was asked whether he could make that arrangement before the 24th March according to the revised date of meeting. He regretted his inability to make this arrangement now. But before the next Session commences he has agreed to fit up that kind of arrangement. In these circumstances it is the request of Government that hon. Members of this House would tolerate accoustic difficulty till this session runs out.

ശ്രീ. എം. എം. അബ്ദുൾഖാദർ: നാല്പത്തിനാലു് അംഗങ്ങൾ ഉള്ള കോൺഗ്രസ്സു് കക്ഷിക്കു് ആദ്യത്തെ മൂന്നു സീററു കൊടുത്തിട്ടുണ്ടു്. എന്നാൽ പതിനൊന്നംഗങ്ങൾ ഉള്ള ഇൻഡിപ്പെൻഡന്റു് പാർട്ടിക്കു് ഒരൊററ സീററുപോലും മുൻപിൽ കൊടുത്തിട്ടില്ല എന്നുള്ള അനൗചിത്യത്തെ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

**Mr. Speaker**: At present seating arrangements are made according to the accommodative condition of the House and it is not finally settled by me. However, it will be my endeavour to see whether any better arrangement could not be made.

ശ്രീ. എ. താണുപിള്ള: ഇക്കൊല്ലത്തെ ബഡ്ജററു് ൪ വ്യ-ാം വശത്തു് ഇങ്ങിനെയാണു പറഞ്ഞിരിക്കുന്നതു്. ആകെ കൂടി ഒൻപതുലക്ഷത്തി പതിമൂവ്വായിരത്തിതൊള്ളായിരം രൂപയാണു പ്രൊവിഷനുള്ളതു്. അതിൽ നാലു ലക്ഷം ഇൻഡ്യാ ഗവൺമെൻറിൽനിന്നും തരുമെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ അതിനുമുകളിൽ വേറൊരിനമായി ചേർത്തിരിക്കുന്നതു് ഒരു എട്ടുലക്ഷത്തോളം രൂപയാണു്. അപ്പോൾ നമുക്കിതുവരെ ഒൻപതുലക്ഷത്തി പതിമൂവ്വായിരത്തി തൊള്ളായിരത്തോളം രൂപാ മാത്രമെ ചെലവായിട്ടുള്ളോ, അതോ പതിമൂന്നുലക്ഷം ചെലവായിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ബഡ്ജററു് പ്രിപ്പയർചെയ്ത അവസരത്തിൽ എലക്ഷന്റെ കാര്യങ്ങൾ എല്ലാംതന്നെ വ്യക്തമായി തീരുമാനിച്ചിരുന്നില്ല. അതായതു് ഇൻഡ്യാ ഗവൺമെൻറിൽനിന്നും യൂണിയൻ പാർലിമെൻറിലേയ്ക്കുള്ള തെരഞ്ഞെടുപ്പു നടത്തുന്നതിനുള്ള ചെലവുകൾ മാത്രമേ വഹിക്കുകയുള്ളോ എന്നും സ്റ്റേററു് അസംബ്ലിക്കുള്ള തെരഞ്ഞെടുപ്പുകൾ അതാതു ഗവൺമെൻറുകൾതന്നെ വഹിക്കണമോ എന്നും തീരുമാനിച്ചിരുന്നില്ല. എന്നാൽ പിന്നീടു് ഒരു എലക്ഷൻ പ്രോസസ്സുകൊണ്ടു് അസംബ്ലിയിലേയ്ക്കും പാർലമെൻറിലേയ്ക്കും ഉള്ള തെരഞ്ഞെടുപ്പു് നടത്തണമെന്നും അതിലേയ്ക്കു് ആകെയുള്ള ചെലവിൽ പകുതി തരു

[Shri Panampilli Govinda Menon]

മെന്നും വിചാരിച്ചു. അതനുസരിച്ച് അന്ന് നാലുലക്ഷമാണ കിട്ടുമെന്ന ആൻറിസിപ്പേററു ചെയ്തു്.

ശ്രീ. എ. താണുപിള്ള: യൂണിയൻ പാർലമെൻറിൽനിന്നും എലക്ഷൻ ചെലവിലേയ്ക്കു് നാലു ലക്ഷം രൂപാ തരാം എന്നു പറഞ്ഞ അവസരത്തിൽ ഈ എലക്ഷൻ പ്രാസസ്സ് എന്താണെന്നു തീരുമാനിച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്നു മുഴുവൻ തീരുമാനിച്ചു കഴിഞ്ഞിട്ടില്ല. പിന്നീട് യൂണിയൻ പാർലിമെൻറിലേയ്ക്കുള്ള എലക്ഷൻ ചെലവും സ്റ്റേററു അസംബ്ലിക്കുള്ള എലക്ഷൻ ചെലവും കൂട്ടാകെ ഒന്നിച്ചു് കണക്കാക്കി റെപ്രസെൻേറഷൻ ആഫ് പീപ്പിൾസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഒന്നായി ഒരേ അവസരത്തിൽ നടത്തി അതിലേയ്ക്കു നേരിടുന്ന ചെലവിൻെറ പകുതി തരാമെന്നു തീരുമാനിക്കുകയും ചെയ്തു.

ശ്രീ. എ. താണുപിള്ള: അപ്പോൾ യൂണിയനിൽനിന്നും എട്ടുലക്ഷത്തി പതിമൂവ്വായിരം രൂപാ മാത്രമേ കിട്ടുകയുള്ളോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ എത്ര കിട്ടുമെന്നു ശരിയായി അറിഞ്ഞുകൂടാ.

ശ്രീ. എ. താണുപിള്ള: നമുക്കിപ്പോൾ എത്ര രൂപാ കിട്ടുമെന്നു പറയാൻ സാധിക്കുകയില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആകെയുള്ള ചെലവിൽ പകുതി കിട്ടും.

ശ്രീ. എ. താണുപിള്ള: ഈ തുക ആരാണ അനുവദിക്കുന്നതു്? കേന്ദ്ര എലക്ഷൻ ആഫീസറാണോ അതോ ഈ ഗവമ്മെൻറാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഈ ഗവമ്മെൻറിൻെറ റസ്പോൺസിബിലിററിയാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: വളരെ മാതൃകാപരമായി എലക്ഷൻ നടത്തിയതിലേയ്ക്കായിട്ടാണ് ഈ ഏഴുലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപാ ചെലവാക്കിയതെന്നുപറഞ്ഞു. എന്നാൽ എലക്ഷൻ വളരെ അനീതിപരമായിട്ടാണ നടന്നതെന്നും വളരെ അധികം ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും ഗവണ്മെൻറിനറിയാമോ? അങ്ങിനെയുണ്ടായിട്ടുണ്ടെന്നു ബോധ്യപ്പെടുന്നപക്ഷം അതു പരിഹരിക്കാൻ തയാറാവുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വലിയ ക്രമക്കേടുകൾ ഒന്നും നടന്നിട്ടുള്ളതായി ഗവമ്മെൻറിനറിവില്ല. അങ്ങിനെ ക്രമക്കേടുകൾ ഉണ്ടായി എന്നു ബോദ്ധ്യമാകുന്ന പക്ഷം അതു പരിഹരിക്കുന്നതുമാണ്. എലക്ഷൻ ഒരു നൂറു ശതമാനവും മാതൃകാപരമായിട്ടാണ നടന്നതെന്നതിനർത്ഥമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇതു സംബന്ധിച്ച് കുറെ സംഖ്യ സപ്ലിമെൻററി ഗ്രാൻറായി അനുവദിച്ചതെന്നാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പറയാം. അതു കഴിഞ്ഞ സെഷനിലാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അതു് ഏതു മാസത്തിലാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെന്റിനു ഈ ഇനത്തിൽ പ്രതീക്ഷയിൽ കൂടുതലായി വരുമാനമുണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉദ്ദേശം അൻപതിനായിരം രൂപാ കിട്ടീട്ടുണ്ടു്. കെട്ടിവെച്ച സംഖ്യ പോയതുകൊണ്ടു് കുറച്ചു സംഖ്യ വരുമാനമുണ്ടായിട്ടുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: സെൻട്രൽ ഗവമെന്റിൽനിന്നും കിട്ടാവുന്ന സംഖ്യ എന്നു കിട്ടും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഇതിന്റെ ആഡിററു കഴിഞ്ഞു കിട്ടുന്നതാണു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: എലക്ഷൻ കഴിഞ്ഞതിനു ശേഷം ഈ പെട്ടികൾ കൊണ്ടെന്തുപയോഗമാണു്.?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് അടുത്താവശ്യം വരും.

The question that a supplementary sum not exceeding Rs. 7,25,000 be granted under "XI 25. General Administration (c) Elections (a) Other Election Charges—Lump sum provision for election to Union Parliament", was put and carried.

The grant was made.

## Demand XIV—Jails and Convict Settlements

*Minister for Home Affairs* **(Shri T. M. Varghese):** Sir, under Demand XIV—28. Jails and Convict Settlements—I move for a Supplementary Grant of Rs. 50,000.

ഒരു സാങ്കേതിക തടസ്സംകൊണ്ടുമാത്രമാണു് ഈ സപ്ലിമെന്ററി ഗ്രാന്റ ഇവിടെ അവതരിപ്പിക്കാൻ ഇടവന്നിട്ടുള്ളതു്. ഡെററു് ഹെഡിൽ കൊള്ളിച്ചിരിക്കുന്ന ഈ തുക, അതായതു്, ഡെഡ്ഹെഡിൽ കൊള്ളിച്ചിരിക്കുന്ന വരവുചെലവുകളിൽ വരവു് എത്രതന്നെയായിരുന്നാലും ചെലവിനെ സംബന്ധിച്ചിടത്തോളംഉള്ള തുക ഈ സഭ മുമ്പാകെ അവതരിപ്പിച്ചു് പാസാക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ൫൦,൦൦൦ രൂപയുടെ ഈ സപ്ലിമെന്ററി ഗ്രാന്റ് പാസാക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ ഇനത്തിലുള്ള വരവു്, ചെലവിനെക്കാൾ കൂടുതലൊ, കുറവൊ എന്നുള്ളതു് എങ്ങിനെ മനസിലാക്കാൻ സാധിക്കും?

ശ്രീ. ടി. എം. വർഗീസ്: ചെലവിനെപ്പററിയുള്ള തുകയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. വരവു് എത്രതന്നെയായിരുന്നാലും അവ സഭയുടെ മുമ്പാകെ കൊണ്ടുവരേണ്ട ആവശ്യമില്ല. എന്നാൽ ഇവയുടെ വരവുചെലവുകളെപ്പററി ബഡ്ജററിൽ വിശദീകരിച്ചിട്ടുണ്ടു്. ബഡ്ജററു നോക്കുന്നപക്ഷം മനസിലാക്കാൻ സാധിക്കുന്നതാണു്.

ശ്രീ. ആർ. കേശവപിള്ള: ഈ 'ജയിൽസ്' എന്നു പറഞ്ഞിരിക്കുന്നതു് എവിടെയെല്ലാമുള്ള ജയിലുകളെപ്പററിയാണു്.

ശ്രീ. ടി. എം. വർഗീസ്: തിരുവനന്തപുരത്തും വിയ്യൂരുമുള്ള സെൻട്രൽ ജയിലുകൾ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഉത്തരംപറയേണ്ടതു് ചോദ്യകർത്താവിന്റെ മുഖത്തു നോക്കിയല്ലേ?

ശ്രീ. ടി. എം. വർഗീസ്: അങ്ങിനെ ചെയ്യുന്നതിൽ വിരോധമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ, ചോദ്യത്തിനുത്തരം സ്പീക്കർ പറയുന്നതിനുപകരം ബഹു. മന്ത്രി പറയുന്നതു് അനുവദിക്കത്തക്കതാണോ?

**Mr. Speaker:** The hon. Minister found out the error and he just rectified it, that is all.

**Shri M. M. Abdul Khadir:** This supplementary grant is necessitated because of the Government policy of building jails and convict settlements which are unnecessary.

ശ്രീ. ടി. എം. വർഗീസ്: ന്യായരഹിതമായ ചെലവാണിതെന്നു് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

**Mr. Speaker:** It is only an adjustment in the accounts according to the suggestions of the Accountant General. Do the hon. Members want to discuss it further ?

*The question that a supplementary sum not exceeding Rs. 50,000 be granted under "XIV 28. Jails and Convict Settlements", was put and carried.*

The grant was made.

## Demand XXV—XXXII Industries and Supplies

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** Sir, under Demand XXV—"XXXII Industries and Supplies, (*a*) Industries—S. K. V. A. Pharmacy—Working Expenses"—I move for a Supplementary Grant of Rs. 1,88,200.

ഇതു് ബഡ്ജററു അക്കൗണ്ടിംഗിൽ വരുത്തിയ ഒരു വ്യത്യാസംമൂലം ഉണ്ടായിട്ടുള്ള ഒന്നാണു്. ഈ തുക ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശം തൃശ്ശൂരിൽ എസ്. കെ. വി. എ. എന്ന പേരിൽ ഒരു ആയുർവ്വേദ മരുന്നു വില്പനസ്ഥാപനം ഉണ്ടു്. അതിന്റെ ചിലവിനങ്ങൾക്കായി കൊടുക്കുന്ന തുക മുഴുവനും Debt Head-ൽനിന്നും അഡ്വാൻസ് ചെയ്തുവരികയാണു്. എന്നാൽ ഈ അയിററം മുഴുവനും Debt Head-ൽ നിന്നും റവന്യൂ ഹെഡ്ഡിലേക്കു് മാററിയിരിക്കുകയാണു്. അങ്ങനെ മാററിയില്ലെങ്കിൽതന്നെയും ചിലവിനെ സംബന്ധിച്ചിടത്തോളം ഉള്ള തുകകൾ ഈ സഭയിൽ കൊണ്ടുവന്നു പാസാക്കാതെ തരമില്ല. അതുകൊണ്ടാണു് ഈ ഗ്രാൻറു ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. പാസാക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. ഒ. സി. നൈനാൻ: ഈ ഫാർമസിയുടെ നടത്തിപ്പിലേക്കുള്ള ചെലവും അവയുടെ ആദായവും മററും കാണിച്ചിരിക്കുന്നതു് ബഡ്ജററിലാണോ അതോ വേറെ വല്ലതിലുമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് Debt Head ബഡ്ജററിൽ ഉണ്ടു്. അവയുടെ വരവിനെ പററിയുള്ള വിവരങ്ങൾ ഇവിടെ കൊണ്ടുവരിക സാധാരണമല്ല. എന്നാൽ ചെലവിലേക്കുവേണ്ടിയുള്ള തുക അസംബ്ളിയിൽ കൊണ്ടുവരണം.

ശ്രീ. സി. ജി. സദാശിവൻ: ഈ ആയുർവ്വേദ ഫാർമസിയുടെ പ്രവർത്തനംകൊണ്ടു് ഗവർമ്മെൻറിലേക്കു് വല്ല ലാഭവും കിട്ടുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: എസ്. കെ. വി. എ. ഫാർമസിയുടെ ഔഷധങ്ങളെപ്പററി പൊതുജനങ്ങളിൽനിന്നും വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കിട്ടിയിട്ടുണ്ടെന്നു തോന്നുന്നില്ല. മാത്രമല്ല; ഗവമ്മെൻറിനു ഇതുവരെ കിട്ടിയിട്ടുള്ള അറിവുവെച്ചു നോക്കുകയാണെങ്കിൽ രോഗികളുടെയും വൈദ്യന്മാരുടെയും ഇടയിൽ ഈ ഫാർമസിയിലെ ഔഷധങ്ങളെപ്പററി ഒരു മതിപ്പാണുള്ളതു്.

ശ്രീ. എ. താണുപിള്ള: ഒരാണ്ടിൽ ഏകദേശം എത്ര രൂപാവിലക്കുള്ള മരുന്നുകൾ അവിടെനിന്നും വില്ക്കുന്നുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ട് എത്ര വർഷമായെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏകദേശം പത്തു പന്ത്രണ്ടു വർഷമായി.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ആയുർവ്വേദ ഡിപ്പാർട്ടുമെൻറിൽനിന്നും ൧൧൨൭-൨൮-ലേക്ക് എത്ര രൂപാ ആദായം കിട്ടിയിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയുർവ്വേദ ഡിപ്പാർട്ടുമെൻറിൽനിന്നും ൧൧൨൭-൨൮-ൽ ൧,൧൦,൦൦൦ രൂപാ വരവിനത്തിൽ ബഡ്ജററിന്റെ പതിനാലാമത്തെ പേജിൽ കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ബഹു. മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന തുക Debt Head-ൽനിന്നും റവന്യൂ ഹെഡിലേക്ക് മാററാൻ ഉണ്ടായ കാരണമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മരുന്നു ഉണ്ടാക്കി വില്ക്കുന്ന ഒരു സ്ഥാപനത്തിലെ വരവുചെലവുകൾ Debt Head-ൽ കൊള്ളിക്കുന്നതു ശരിയല്ലെന്നുള്ള ഒരു ഫിനാൻഷ്യൽ അഡ്വൈസറുടെ ഉപദേശപ്രകാരമാണ് വേറൊരു ഹെഡിലേക്ക് മാററിയിട്ടുള്ളതു്.

**Shri R. Ponnappa Nadar:** Have the Government any share in the profits from this Pharmacy?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ഫാർമസി മുഴുവനും ഗവമ്മെൻറിന്റെ അധീനതയിലാണു്.

*The question that a supplementary sum not exceeding Rs. 1,88,200 be granted under "XXV—XXXII. Industries and Supplies, (a) Industries—S. K. V. A. Pharmacy—Working Expenses", was put and carried.*

The grant was made.

**Demand XXIX—54. Territorial and Political Pensions**

*Chief Minister* **(Shri A. J. John):** Sir, I move for a Supplementary Grant of Rs. 26,250 under Demand XXIX—54. A. Territorial and Political Pensions—(a) Territorial and Political Pensions—(1) Allowances to members of the families of ex-Rulers.

ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന തുക ക്രാങ്കനൂർ പാലസി ലെ അംഗങ്ങൾക്കു കൊടുക്കാനുള്ളതാണ്. ആണ്ടുതോറും ൩൦,൦൦൦ രൂപയാണ് കൊടുത്തുവന്നിരുന്നതു്. ഇങ്ങനെ കൊടുക്കണമെന്ന് തീരുമാ നിച്ചതു് ൧൧൧൧-ൽ ആയിരുന്നു. എന്നാൽ ഓരോ പത്തുകൊല്ലവും കഴി യുമ്പോൾ പുനഃപരിശോധന ചെയ്യണമെന്നു അന്നുതന്നെ വ്യവസ്ഥയുണ്ടാ യിരുന്നു. അതനുസരിച്ച് ൧൧൨൧-ൽ പുനഃപരിശോധന ചെയ്യേണ്ടതാ യിരുന്നു. അങ്ങിനെ ചെയ്യാഞ്ഞതുകൊണ്ടു് പാലസിലെ ചീഫ് ഈ ഗവ ണ്മെൻറിലും ഇൻഡ്യാ ഗവണ്മെൻറിലേക്കും നിവേദനം സമർപ്പിക്കയും അ തനുസരിച്ച് മുൻപു കൊടുത്തുകൊണ്ടിരുന്ന തുകയ്ക്കുപുറമെ ൧൦,൦൦൦ രൂപകൂടി കൂട്ടികൊടുക്കണമെന്നും ഈ ഗവണ്മെൻറ് നിശ്ചയിച്ചു. അങ്ങി നെ ഒരു നിശ്ചയം പാസാക്കിയതു് ൧൧൩൧-ൽ ആയിരുന്നു. അതുകൊ ണ്ടു് ഈ ധനാഭ്യർത്ഥന പാസാക്കണമെന്നപേക്ഷിക്കുന്നു.

*The Assembly adjourned for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.*

**2 p. m.]**

**Mr. Speaker:** Order, order. We are at item No. 6 in the list of Supplementary Demands.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഞാൻ ഈ തുക അനുവദിക്കുന്നതി നെ എതിർക്കുകയാണ്. നമ്മുടെ രാജ്യം അതിപ്രധാനമായ പല കാരണങ്ങ ളാലും സാമ്പത്തികമായി വളരെ ക്ലേശിക്കുന്ന ഈ അവസരത്തിൽ പഴയ രാജവാഴ്ചയുടെ അവശിഷ്ടങ്ങളെ ഇനിയുംവച്ചു പുലർത്തുന്നതിനുവേണ്ടി ഈ മാതിരി നടപടികൾ തുടരുന്നതു് അനുവദിക്കത്തക്കതല്ല. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെയധികം സാധാരണക്കാർ വിഷമിക്കുന്ന ഈ അവസരത്തിൽ ഭവനനിർമ്മാണ കാര്യത്തിലും അവരുടെ മററു ക്ഷേമകാര്യ ങ്ങളിലും എല്ലാംതന്നെ ഗവണ്മെൻറിനു് പ്രവൃത്തിക്കുന്നതിനു് ആവശ്യമുള്ള പണമില്ലാ പണമില്ലാ എന്നു പറഞ്ഞുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഈമാതിരി കോവിലകങ്ങളിലുള്ള ആളുകളെ വച്ചു പുലർത്തുന്നതിനുള്ള തുകകൾ ഇനിയും തുടർന്നുകൊണ്ടുപോകുന്നതു് ഒട്ടും ന്യായീകരിക്കാവുന്ന തല്ലാ. ഇങ്ങിനെയാണെങ്കിൽ ഇനി പത്തുകൊല്ലം കഴിയുന്ന അവസര ത്തിൽ ഈ തുക ഇനിയും വർദ്ധിപ്പിച്ചുകൊണ്ടുപോകേണ്ടതായിട്ടാണ് ഇരിക്കുന്നതു്.

**Shri A. J. John:** May I correct the hon. Member, Sir?

ഇനി ഇതു് കൂട്ടുകയില്ല. കാലക്രമത്തിൽ ഓരോ മെമ്പറന്മാർ മരി ക്കുന്നതോടുകൂടി അതിൽ കുറവു വരികയും ചെയ്യും. ൧—൧—൧൧൩൦-നു ശേഷം ജനിക്കുന്ന കുടുംബാംഗങ്ങൾക്കു് ഈ തുക കൊടുക്കേണ്ടതില്ലാ എന്നു തീർച്ചചെയ്തിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : എതായാലും വെറുതെ ഇരിക്കുന്ന ആളു കൾക്കു് ഈ സ്റ്റേററിൻെറ പൊതുഖജനാവിൽനിന്നു് പണം കൊടുക്കുന്ന സമ്പ്രദായം, ഈ രാജ്യത്തെ സാധാരണക്കാർ നികുതിഭാരംകൊണ്ടു് വിഷ മിച്ചിരിക്കുന്ന ഈ അവസരത്തിൽ, ഇനിയും തുടർന്നുകൊണ്ടുപോകാൻ പാ ടില്ല. ഈ തുക ഈ സഭയുടെ അനുവാദംകൂടാതെ ചെലവാക്കിയിട്ടുള്ള തും ആണ്. ഇതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കു് ഈ തുക അനുവ ദിച്ചിരിക്കുന്നതുമൂലം യാതൊരു പ്രയത്നവും ചെയ്യാതെ ജീവിക്കുന്നതിനുള്ള വാസനയാണ് ഉണ്ടാക്കുന്നതു്. അതുകൊണ്ടു് ഈ തുക അനുവദിക്കുന്ന തിനെ ഞാൻ എതിർക്കുന്നു.

ശ്രീ. സി. സി. അയ്യപ്പൻ: ഈ പാലസിൽ ൧൭൦ അംഗങ്ങൾ ഉള്ളതിൽ ആർക്കെങ്കിലും വല്ല ഉദ്യോഗവും ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനെക്കുറിച്ച് ഒരറിവും ഇല്ല. സ്റ്റേറ്റ്മെൻറിൽ പറഞ്ഞിരിക്കുന്നത് അവർക്ക് യാതൊരു സ്വത്തും ഇല്ലെന്നാണ്. രണ്ടു ശാഖകളാണ് ആ കുടുംബത്തിൽ ഉള്ളത്. ഈ രണ്ടു ശാഖകളിലുംകൂടിയുള്ള ൧൭൯ അംഗങ്ങൾക്ക് അവരുടെ ഒരു കൊല്ലത്തേക്കുള്ള ചെലവിനാണ് അറുപതിനായിരം ഉറപ്പിക്ക വേണമെന്നു പറഞ്ഞിരിക്കുന്നത്.

ശ്രീ. ഇ. കൃഷ്ണൻനായർ: അവർക്ക് വേറെവല്ല സ്വത്തുക്കളും ഉണ്ടോ എന്നു ഗവമ്മെൻറ അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അവർക്ക് യാതൊരു സ്വത്തുക്കളും ഇല്ല എന്നാണ് അറിവ്. അവരുടെ രാജ്യം കൊച്ചിരാജ്യത്തോടു ചേർത്തുകൊണ്ടു പ്രതിവർഷം അൻപതിനായിരം രൂപാ അവർക്ക് കൊടുത്തുകൊണ്ടിരുന്നു. ൫൦,൦൦൦ രൂപാ എന്നു ക്ലിപ്തപ്പെടുത്തിയതു് ൧൧൧൧-ൽ ആയിരുന്നു. അതിൽപിന്നെ ൧൧൨൧-ൽ അതു് പുനഃപരിശോധന ചെയ്യേണ്ടതായിരുന്നു. അന്നു അതു് ചെയ്തില്ല. ൧൧൨൨., ൨൩, ൨൪ ഈ കൊല്ലങ്ങളിൽ അവർ ആവശ്യപ്പെട്ട തുക കൂടി കൊടുത്തുകൊണ്ടിരുന്നു. അതു വച്ചുനോക്കുമ്പോൾ അറുപത്തെണ്ണായിരം രൂപാ ആകപ്പാടെ അവർക്ക് കൊടുക്കേണ്ടിവരും. ഈ എല്ലാ കാര്യങ്ങളുംകൂടി ആലോചിച്ചതിനുശേഷമാണ് അൻപതിനായിരം രൂപായിൽനിന്ന് അറുപതിനായിരം രൂപാ ആക്കിയിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള: ഈ തീരുമാനം ഈ ഗവമ്മെൻറിൻേറതോ, ഇൻഡ്യാഗവമ്മെൻറിൻെറതോ?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാഗവമ്മെൻറിൻെറ ആലോചനയോടുകൂടി ഈ ഗവമ്മെൻറ തീരുമാനിച്ചതാണ്.

ശ്രീ. എ. താണുപിള്ള: ൧൧൧൧-ൽ ആണോ കൊടുങ്ങല്ലൂർ താലൂക്ക് കൊച്ചിയോടു് ചേർത്തതു്?

ശ്രീ. എ. ജെ. ജോൺ: ൧൦൭൦-ൽ ആണ് ആ താലൂക്ക് കൊച്ചിയോടു് ചേർത്തതു്.

ശ്രീ. ഒ. സി. മെനെനാൻ: കവനൻറിൽ ഈ തുക ഇങ്ങനെ കൂട്ടി കൊടുക്കണമെന്നു് വ്യവസ്ഥയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിൽ വ്യവസ്ഥയുണ്ടോ എന്നു് ഇപ്പോൾ ഓർമ്മയിൽ പെടുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: സാധനങ്ങളുടെ വിലവർദ്ധനവു അനുസരിച്ചു് തിരുവിതാംകൂറിലുള്ള ഏതെങ്കിലും രാജകുടുംബാംഗങ്ങൾക്ക് പെൻഷൻതുക കൂട്ടികൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കൊടുത്തിട്ടുണ്ടു്.

ശ്രീ. അച്യുതമേനോൻ: തിരുവിതാംകൂർ കൊച്ചിയിൽ ആകെ എത്ര രാജകുടുംബാംഗങ്ങൾക്ക് ഇങ്ങനെ തുക കൂട്ടികൊടുത്തിട്ടുണ്ടു്?

ശ്രീ. എ. ജെ. ജോൺ: അതിൻെറ ലിസ്റ്റ് എൻെറ കൈവശമില്ല. പൊളിററിക്കൽ പെൻഷനായി ൧൯,൩൦,൬൦൦ രൂപാ കൊടുക്കുന്നുണ്ടു്.

ശ്രീ. എം. എം. അബ്ദൽഖാദർ: മററു വല്ല രാജകുടുംബാംഗങ്ങളുടേയും പെൻഷൻതുക വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ചില രാജവംശങ്ങളുടെ പെൻഷൻതുക വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഈ തുക കൊടുക്കുന്നത് ഈ ഗവമ്മെൻറിൽനിന്നോ ഇൻഡ്യാഗവമ്മെൻറിൽനിന്നോ?

ശ്രീ. എ. ജെ. ജോൺ: ഈ ഗവമ്മെൻറാണ് കൊടുക്കുന്നത്.

ശ്രീ. എ. താണുപിള്ള: ഈ തുക കൊടുക്കേണ്ട ആവശ്യം ഇപ്പോൾ എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുങ്ങല്ലൂർ കോവിലകത്തെ കൊച്ചിൻ സ്റ്റേററ മാനുവലിൽ ക്രാങ്കനൂർ പ്രിൻസിപ്പാലിററി എന്നാണ് വിവരിച്ചുവരുന്നത്. ൧൧൨൪-ൽ തിരുവിതാംകൂർ-കൊച്ചി സംയോജനം ഉണ്ടാകുന്നതുവരെ കൊച്ചിയുടെ ബഡ്ജററ രണ്ടു ബഡ്ജററായിട്ടാണ് അവതരിപ്പിക്കുക പതിവ്. ഒന്ന് കൊച്ചിയുടെ ജനറൽ ബഡ്ജററ്. മറെറാന്ന് കൊടുങ്ങല്ലൂർ താലൂക്കിന്റെ ബഡ്ജററ്.

ശ്രീ. എ. താണുപിള്ള: അത് ഏതു കാലം മുതൽ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അനാദികാലം മുതൽ നടന്നുവരുന്ന പതിവാണത്. അതിന്റെ പിന്നിലുള്ള തത്വം ഇതാണ്. അതായത്, കൊടുങ്ങല്ലൂർ ചീഫ് രാജാധികാരമുള്ള ഒരാളായിരുന്നു. പലവിധത്തിലുള്ള dispute കൾക്കു ശേഷം കൊടുങ്ങല്ലൂർ കൊച്ചിയോട് കൂട്ടിച്ചേർത്തു. അതിനുശേഷം കൊടുങ്ങല്ലൂരിന്റെ ബഡ്ജററ് പ്രത്യേകം ഉണ്ടാക്കി. അതിന് കൊടുങ്ങല്ലൂർ ചീഫിന്റെ ഒപ്പും വേണമെന്നുണ്ട്. കൊടുങ്ങല്ലൂർ ചീഫിന്റെ അനുമതിയും ഒപ്പും വാങ്ങിയതിനു ശേഷമേ അതു നിയമസഭയിൽ അവതരിപ്പിക്കുകയുള്ളു. കൊടുങ്ങല്ലൂർ കൊച്ചിയോട് മെർജ്ജ് ചെയ്തതിനുശേഷം കൊടുങ്ങല്ലൂർ കോവിലകത്തെ ചിലവ് കൊച്ചി കോവിലകത്തെപ്പോലെ ചെയ്യുകയാണ്. അൻപതിനായിരം രൂപായാണ് അവരുടെ ചെലവിലേയ്ക്ക് കൊള്ളിച്ചിരുന്നത്. ഈ അൻപതിനായിരം രൂപാ കൊടുത്തുംപോന്നു. പിന്നീട് കൊടുങ്ങല്ലൂർ പാലസിലുള്ള അംഗങ്ങളുടെ ഒരു നിവേദനം ഗവമ്മെൻറിനു ലഭിക്കുകയുണ്ടായി. അതായത് അൻപതിനായിരം രൂപാ മാത്രമല്ല അവക്ക് കൊടുക്കാറുള്ളതെന്നും പി. ഡബ്ളിയു. ഡി യിൽനിന്നും മററു പല ഡിപ്പാർട്ടുമെൻറുകളിൽനിന്നും ആ പാലസിലേയ്ക്ക് പല ചിലവുകളും ചെയ്യാറുണ്ടായിരുന്നെന്നും ഈ തുകയിൽ അതൊന്നും ചേർത്തിട്ടില്ലാ എന്നും പറഞ്ഞ് ഒരു നിവേദനം കിട്ടുകയുണ്ടായി. അതിന്റെ ഫലമായിട്ടാണ് ഈ തുക വർദ്ധിപ്പിച്ചത്. ബഹു. മെംബർ ശ്രീ. എ. താണുപിള്ള ഇതിന്റെ സ്ഥിതി എന്താണെന്നു ചോദിച്ചതുകൊണ്ട് സഭയുടെ അറിവിനായി ഞാൻ പറഞ്ഞു എന്നേയുള്ളു. ഇത് കൊടുക്കാവുന്നതാണോ അല്ലയോ എന്നുള്ളതിനെപ്പററി രണ്ടഭിപ്രായം ഉണ്ടാവാം.

ശ്രീ. ഒ. സി. നൈനാൻ: കൊടുങ്ങല്ലൂർ പാലസിന്റെ അനുമതിയോടുകൂടി ബഡ്ജററ് രൂപീകരിച്ചിരുന്നത് എന്നുവരെയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൧൨൪-വരെ.

ശ്രീ. എം. എം. അബ്ദുൽകാദർ: മററു പല രാജകുടുംബങ്ങളുടേയും പെൻഷൻ വർദ്ധിപ്പിച്ചു എന്നു പറഞ്ഞു. ഈ വർദ്ധനവു് അതിന്റെ തോതിൽതന്നെയാണോ എന്നു് അറിഞ്ഞാൽ കൊള്ളാം?

**Shri A. Thanu Pillai:** Sir, I also oppose this Supplementary Demand. Sufficient grounds, at any rate have not been made out by the Treasury Benches as to why there should be this enhancement. Some fiftythousand rupees used to be paid annually and I think that has been provided in the Budget for the current year. We are not at present concerned with that question. However whether such pensions have to be continued or stopped are all matters that need not engage our attention at present. As for this enhancement, I do not think there are statisfactory reasons. That is why I wanted to know whether it was a claim that the Kodungallur family could legally put forward against the Government. It does not appear to be so. If it is a claim legally enforceable, it is a matter for consideration by the court or probably it can become a matter for adequate enquiry into the legal aspcet. Anyway nothing like that has taken place. This is merely a claim on the ground that the allowance is not sufficient. I do not think, Sir, that in these days such claims can be entertained. I do not want to go into the larger issues involved. I may only say that there is no justification for the enhancement and it does not stand on strong grounds. The question how far people who have been in enjoyment of pensions of this kind can hope toget them for all time is dependent on present day conditions and the necessities of the situation and various other circumstances. It is unwise particularly in these days when large landed interests are being sought to be deprived of their source of income without actual work. In these days claims for such enhancement certainly cannot be entertained. I do not therefore think there are sufficient grounds to support this dema nd.

ശ്രീ. ആർ. സുഗതൻ: സർ, സാധാരണക്കാർ സാമ്പത്തികമായി വളരെ വിഷമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കൊടുങ്ങല്ലൂർ പാലസിൽ വെറുതെ ഇരിക്കുന്ന ആളുകൾക്കു് കൊടുക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ സംഖ്യ അനുവദിക്കുവാൻ പാടില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: അവർ എന്തെങ്കിലും ആദായകരമായ ജോലിയിൽ പ്രവേശിക്കുന്നുണ്ടോ എന്നു് ബഹു. ഗവമ്മെൻറിൽ നിന്നു് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ഫാമിലിയിൽ ഒന്നു രണ്ടു പേർ ഉദ്യോഗസ്ഥന്മാരായുണ്ടു്.

ശ്രീ. പി. ഭാസ്കരൻ നായർ: ഞാൻ ചോദിച്ചതു് അവർ എന്തെങ്കിലും ജോലിയിൽ പ്രവേശിക്കുന്നുണ്ടോ എന്നുള്ളതിനെപ്പററി ഗവമ്മെൻറ അന്വേഷണം നടത്തിയിട്ടുണ്ടോ എന്നാണു്?

**Mr. Speaker:** Hon. Members can understand that when an hon. Minister is on his legs addressing the House, any number of questions can be put to him and he is bound to answer. When anybody is not in possession of the House, I do not know who is to answer. When he is not in possession of the House, it is not proper to expect him to answer.

**Shri R. Ponnappa Nadar:** Sir, I rise to oppose this claim. Shri Pattom Thanu Pillai stated that this is not legally acceptable and that it is being arbitrarily increased. There is no foundation whatsoever for such enhancement. The Covenant of integration does not say that we should increase the grant that has been made to the Cranganur family and as such

it is not possible to enforce legally the claim. I may say that there is now a legal objection, because there is no provision for increasing the amount that has already been settled. So, I oppose this grant on that ground.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: സർ, ഈ കൊടുക്കുന്ന സംഖ്യ ആ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഒപ്പം അവകാശമുള്ളതാണോ? അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിക്കോ, കുടുംബത്തിലെ കാരണവർക്കോ ഉള്ളതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എങ്ങനെയാണ് അവർ ഫണ്ട് വീതിച്ചെടുക്കുന്നതെന്ന് അറിഞ്ഞുകൂടാ.

ശ്രീ. കെ വി. കൃഷ്ണൻകുട്ടി വാര്യർ: ആ കുടുംബത്തിലെ അംഗങ്ങളിൽ ആർക്കെങ്കിലും രാഷ്ട്രീയമായ കാരണങ്ങളാൽ ഈ അലവൻസ് നിഷേധിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: ബഹു. മന്ത്രി ഒരു സപ്ലിമെന്ററി ഗ്രാന്റ് അവതരിപ്പിച്ച് പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഈ സംഗതിയെപ്പറ്റി കൂടുതൽ എന്തെങ്കിലും അറിയുവാനുണ്ടെങ്കിൽ ചോദ്യം ചോദിക്കാം. ആ ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ ബഹു. മന്ത്രി കടമപ്പെട്ട ആളാണ്. എന്നാൽ പ്രസംഗം കഴിഞ്ഞ് മന്ത്രി ഇരുന്നതിനുശേഷം സഭയുടെ നാനാഭാഗങ്ങളിൽനിന്നും ചോദ്യങ്ങൾ ചോദിച്ചാൽ സഭാനടപടി അനുസരിച്ച് മിനിസ്റ്റർക്ക് ഉത്തരം പറയുവാൻ കടപ്പാടില്ല. സ്പീക്കർക്ക് അതിന് ഉത്തരം പറയുവാൻ മിനിസ്റ്ററെ നിർബന്ധിക്കുവാനും തരമില്ല. ഇപ്പോൾ ചോദിച്ച ചോദ്യങ്ങൾ ഞാൻ അനുവദിക്കുകയും മിനിസ്റ്റർക്ക് ഇഷ്ടമുണ്ടെങ്കിൽ മറുപടി പറയാവുന്നതുമാണ്.

ശ്രീ. എ. ജെ. ജോൺ: ഗവൺമെന്റിൽനിന്ന് കൊടുക്കുന്ന തുക ആ കുടുംബത്തിലുള്ള എല്ലാ അംഗങ്ങളുംകൂടി ഭാഗിച്ച് എടുക്കുന്നതാണ്. അതിന് അവരുടെ ഒരു കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഇതേവരെ കിട്ടിയിട്ടില്ല. ഇപ്പോൾ ഈ തുക പാലസ് ഫണ്ടിലേയ്ക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ആ ഫാമിലിയിൽ രണ്ട് ശാഖകൾ ഉണ്ട്. ആ രണ്ട് ശാഖകളിലുമുള്ള ഓരോ അംഗത്തിനും എന്തു വീതം കൊടുക്കണം എന്നു നിർണ്ണയിക്കേണ്ടതു് ആ കമ്മിറ്റിയാണ്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ആ കമ്മിറ്റിയുടെ റിപ്പോർട്ട് എന്നു കിട്ടും?

ശ്രീ. എ. ജെ. ജോൺ: ആ റിപ്പോർട്ട് ഉടനെതന്നെ വരുന്നതാണ്.

ശ്രീ. അച്ചുതമേനോൻ: രാഷ്ട്രീയമായ കാരണങ്ങളാൽ ഈ കുടുംബത്തിൽപെട്ട ചില അംഗങ്ങൾക്ക് ഈ അലവൻസ് നിഷേധിച്ചിട്ടുണ്ടെന്ന് ഗവൺമെന്റിന് അറിയാമോ? (ഉത്തരം ഇല്ല)

**Shri M. M. Abdul Khadir:** Sir, according to the hon. Chief Minister, this rise was due even in 1121. The very fact that this rise was not allowed and yet the persons who are alleged to be entitled did not seek to enforce it in a court of law points to the fact that this is not an enforeceable claim. There is also the further fact that there is an oncoming economic depression when the prices are going down speedily. To increase this grant double-fold at such a time would be against public interests. As such we oppose this Demand.

ശ്രീ. രാജഗോപാലൻ നായർ: യാതൊരു പ്രത്യേക ഉപയോഗവും നമ്മുടെ ഗവൺമെന്റിനു ഇല്ലാത്ത ഒരു വ്യക്തിക്കോ ഒരു

സമൂഹത്തിനോ ഇങ്ങനെ ഒരു തുക കൊടുക്കുന്നതുതന്നെ തെററാണ്. മാത്രമല്ല അതു് വീണ്ടും വർദ്ധിപ്പിക്കുക എന്നു വന്നാൽ, അതായതു് അങ്ങനെയുള്ള ഒരു സപ്ലിമെൻററി ഗ്രാൻറ വന്നാൽ അതിനെ തീർച്ചയായും എതിർക്കേണ്ടതാണ്. അവരവർക്ക് ജീവിക്കാൻ ആവശ്യമുള്ള ജോലി ചെയ്യുവാൻ സാദ്ധ്യമല്ലാത്ത, അതെല്ലെങ്കിൽ യാതൊരുവിധത്തിലുള്ള ജോലിയും ചെയ്യുവാൻ ശ്രമിക്കാത്ത ആളുകൾക്ക് ഇങ്ങനെയൊരു ഗ്രാൻറ് കൊടുക്കുന്നതുതന്നെ തെററാണ്. അങ്ങനെയിരിക്കെ അതു് കൂട്ടിക്കൊടുക്കുകയെന്നുള്ളതു് തീർച്ചയായും എതിർക്കപ്പെടേണ്ട ഒന്നാണ്. അതിനാൽ ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ: ഞാൻ ഡിമാൻറിനെ അനുകൂലിക്കുന്നു. അവരിൽനിന്നും വസ്തുക്കളെല്ലാം ഗവമെൻറിലേക്ക് എടുത്തിട്ട് അവർക്കു ചിലവിനു കൊടുക്കുകയില്ല എന്നു പറയുന്നതു ശരിയല്ല. അതുകൊണ്ട് ഞാൻ ഡിമാൻറിനെ അനുകൂലിക്കുന്നു.

**Mr. Speaker**: Again I want to inform the hon. Members that when the hon. Minister is not in possession of the House, if every member puts a question and insists on answers, there will be no end to the discussion. Therefore, questions should be put at the proper time. Then the hon. Ministers will be bound to answer.

ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ: ഈ അഭ്യർത്ഥനയെ എതിർക്കേണ്ടിവന്നതിൽ എനിക്ക് നിർവ്യാജമായ സന്തോഷമുണ്ട്. ഇപ്പോൾ ഇത്തരത്തിലുള്ള ഒരു അഭ്യർത്ഥനതന്നെ വരാൻ പാടില്ലാത്തതാണ്. ഇങ്ങനെയുള്ള അലവൻസ് നൽകുക എന്നതു് പരിഷ്കാരത്തിൻെറ ലക്ഷണമോ സഹിഷ്ണതയുടെ പരിധിയിയിൽ ഉൾപ്പെടുന്നതോ അല്ല. മാത്രമല്ല, അലസജീവിതത്തിനു് അലവൻസു നൽകുന്ന ഈത്തരത്തിലുള്ള അലവൻസ്, സാധനങ്ങൾക്ക് വില കുറഞ്ഞുകുറഞ്ഞുവരുന്ന ഈ സന്ദർഭത്തിൽ വർദ്ധിപ്പിക്കുക എന്നതു് യുക്തിക്കും ജനങ്ങളുടെ മൗലികാവകാശങ്ങൾക്കും ഗവമെൻറിൻെറ പാളിസിക്കും കടകവിരുദ്ധമാണെന്നുള്ളതിൽ സംശയമില്ല. ഇതു് അവതരിപ്പിച്ചിരിക്കുന്ന മന്ത്രിക്ക് കാലഗണനാപ്രമാദം പററിയിരിക്കുന്നു. അതിനാൽ യാതൊരു കാരണവശാലും ഇതു് അനുവദിക്കുവാൻ പാടില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ ഡിമാൻറ് കൊണ്ടുവന്നതു് യാതൊരുവിധത്തിലും നീതികരിക്കാവുന്ന ഒന്നല്ല. ഈ സന്ദർഭത്തിൽ ഇങ്ങനെയൊരു ധനാഭ്യർത്ഥന കൊണ്ടുവന്നതു് തള്ളിക്കളയേണ്ടതാണ്. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

**Shri A. J. John:** The legal aspect may be presented by the Advocate General.

**Mr. Speaker** : Yes, I think the House will like to know if he has any- thing to contribute to elucidate the legal aspect of the question under discussion.

*Advocat-General* **(Shri. N. Subrahmanya Aiyar)** : Sir, so far as the legal position of the Cranganur Chief and the sustainability of the periodical claim are concerned, I have—

ശ്രീ. ആർ. സുഗതൻ: സർ, മലയാളത്തിൽ പറഞ്ഞാൽ എല്ലാവർക്കും മനസ്സിലാകുമെന്നുള്ളതുകൊണ്ട് മലയാളത്തിൽ സംസാരിച്ചാൽകൊള്ളാം.

അഡ്വക്കേററ് ജനറൽ: മലയാളത്തിൽ സംസാരിക്കാം. പക്ഷെ എനിക്ക് നല്ല മലയാളത്തിൽ പറയുവാൻ അറിഞ്ഞുകൂടാ. എൻെറ അബദ്ധമലയാളംകൊണ്ട് തൃപ്തിപ്പെടാമെങ്കിൽ മലയാളത്തിൽ സംസാരിക്കാം.

**Shri A. Chidambaranatha Nadar:** Why not in Tamil? Let me ask the Advocate-General. Sir, you are well conversant with Tamil. Why not proceed in that language?

**Mr. Speaker:** It is not possible for a Member to address the House in so many languages at the same time. He started in English and on the request of one hon. Member changed to Malayalam. Now, he is requested to address the House in Tamil. Obviously, he cannot comply with all the requisitions. I therefore hope that the Advocate-General will now proceed in Malalayam.

<u>അഡ്വക്കേറ്റ് ജനറല്‍:</u> കൊടുങ്ങല്ലൂര്‍ കുടുംബാംഗങ്ങള്‍ക്ക് ബാധകമാകത്തക്ക ചില രാഷ്ട്രീയാവകാശങ്ങള്‍ ഉണ്ടെന്നുള്ള ഒരു അടിസ്ഥാനത്തിലാണ് ആ കുടുംബാംഗങ്ങള്‍ക്ക് ഏതാനും തുക കുറേക്കാലമായി നല്‍കിവന്നിട്ടുള്ളതെന്നാണ് നിയമവശമായി ഞാന്‍ മനസ്സിലാക്കിയിട്ടുള്ളത്. വളരെക്കാലത്തിനു മുമ്പ് കൊടുങ്ങല്ലൂര്‍ രാജ്യം സ്വതന്ത്രമായ ഒരു രാജ്യമായിരുന്നു. കോഴിക്കോട്ട സാമൂതിരിപ്പാടും കൊച്ചി മഹാരാജാവും കൊടുങ്ങല്ലൂര്‍ മഹാരാജാവിന്റെ സഹായസഹകരണങ്ങള്‍ അഭ്യര്‍ത്ഥിച്ചുകൊണ്ട് ഒരു യുദ്ധത്തിനുപോലും തയാറായിട്ടുണ്ടെന്നാണ് ചരിത്രംകൊണ്ടു കാണുന്നത്. അങ്ങിനെയിരിക്കെ ഏതാനും ചില താലൂക്കുകളിലുള്ള വരുമാനങ്ങള്‍ മുഴുവനും അതായത് എക്സൈസ് മുതലായ പല വരുമാനങ്ങള്‍ കൂടാതെ കരം മുതലായവ പിരിച്ചെടുക്കുന്നതിനുള്ള അവകാശങ്ങളും ഒരു കാലത്ത് കൊടുങ്ങല്ലൂര്‍ രാജാക്കന്മാര്‍ക്കുണ്ടായിരുന്നു. കൊച്ചി രാജാക്കന്മാര്‍ പ്രബലന്മാരായതോടുകൂടി കൊടുങ്ങല്ലൂര്‍ രാജാക്കന്മാര്‍ അവരുമായി ഒരു സന്ധിയിലേര്‍പ്പെട്ടു. ൧൧൦൦-ലോ ൧൧൦൧-ലോ കൊടുങ്ങല്ലൂരിനെ പ്രത്യേകം സംബന്ധിക്കുന്ന ഒരു നിയമം കൊച്ചി നിയമസഭയില്‍ പാസാക്കുകയുണ്ടായി. അതിന്റെ ഫലമായി ബഹുമാനപ്പെട്ട പനമ്പിള്ളി ഗോവിന്ദമേനോന്‍ അവര്‍കള്‍ ഈ സഭമുമ്പാകെ പറഞ്ഞതുപോലെ കൊച്ചി ബഡ്ജറ്റെന്നും കൊടുങ്ങല്ലൂര്‍ ബഡ്ജറ്റെന്നും രണ്ടു ബഡ്ജറ്റുകള്‍ പാസാക്കുന്ന ഒരു ഏര്‍പ്പാടുണ്ടായിരുന്നു. കൊടുങ്ങല്ലൂര്‍ രാജകുടുംബത്തിന്റെ സ്വത്തുക്കളെന്നു വിചാരിക്കപ്പെടുന്ന സ്വത്തുക്കള്‍ കൊച്ചിയോടുകൂടി ചേര്‍ത്തതിനാല്‍ അതിന് ഒരു പ്രതിഫലമെന്നുള്ള നിലയില്‍ ആണ്ടോടാണ്ട് ഇത്ര സംഖ്യ അവരുടെ ചിലവിലേക്ക് കൊടുക്കണമെന്നുള്ള ഒരു ഏര്‍പ്പാട നടപ്പില്‍വന്നു. ൧൧൧൧-ലെ ആക്ടില്‍ പത്തുകൊല്ലം കഴിയുമ്പോള്‍ ഈ സ്വത്തുക്കളുടെ വരുമാനം എത്രയുണ്ടെന്നു നിര്‍ണ്ണയപ്പെടുത്തി അക്കാലത്തുള്ള വിലയുടേയും മററും തോതിനെ അടിസ്ഥാനപ്പെടുത്തി പുനഃപരിശോധനചെയ്യുന്നതാണെന്ന് ഒരു വ്യവസ്ഥകൂടി ഉള്‍പ്പെടുത്തിയിരുന്നു. ഇതിനെ അടിസ്ഥാനമാക്കി ൧൧൨൧-ാമാണ്ടു മുതല്‍ അവര്‍ പല നിവേദനങ്ങളും നടത്തുകയുണ്ടായി. വസ്തുക്കളില്‍നിന്ന് ഇപ്പോള്‍ കൂടുതല്‍ ആദായം കിട്ടുന്നുണ്ടെന്നും കുടുംബത്തില്‍ ഏകദേശം ൧൨൫ അംഗങ്ങളുണ്ടെന്നുംമററും കാണിച്ച് പല നിവേദനങ്ങളും അവര്‍ നടത്തി. അതിന്റെ ഫലമായി ഇക്കാര്യം പുനഃപരിശോധനചെയ്യണമെന്ന് അക്കാലത്തു നിലവിലിരുന്ന കോണ്‍ഗ്രസ്സ് ഗവമ്മെന്റും ഇന്‍ഡ്യാഗവമ്മെന്റുംകൂടി തീരുമാനിച്ചുകൂട്ടത്തില്‍ ഇവര്‍ക്ക് ഇതിന് അവകാശമുണ്ടോ എന്ന നിയമപ്രശ്നം ഉന്നയിക്കുകയുണ്ടായി. അങ്ങനെ പരിശോധിക്കേണ്ടിവന്നതില്‍ ഒരു എളിയഭാഗം ഞാനും വഹിച്ചിരുന്നു എന്നുള്ള വിവരം ഈ സഭയെ അറിയിക്കുവാന്‍ ഞാന്‍ ആഗ്രഹിക്കുന്നു. ഇതു കേവലം ഒരു അനുസ്സിനുവേണ്ടിയോ ധര്‍മ്മമാണെന്നനിലയിലോ ഒരു സംഭാവനയായിട്ടു

കൊടുക്കുന്ന തുകയായി കരുതാൻ പാടില്ലെന്നാണു ഞാൻ നിയമവശത്തുകൂടി മനസ്സിലാക്കുന്നതു്. പഴയ റിക്കാർഡുകൾകൊണ്ടു മനസ്സിലാകുന്നതു് ഇതു് ഒരു പൊളിറ്റിക്കൽ പെൻഷൻ ആണെന്നാണു്. അതായതു് രാഷ്ട്രീയമായിട്ടുള്ള സേവനങ്ങൾക്കു് ഒരു സന്ധിയുടെ അടിസ്ഥാനത്തിൽ കൊടുക്കുന്ന ഒരു സംഭാവനയാണു്. അതുകൊണ്ടു് രണ്ടു കക്ഷികൾ തമ്മിലുണ്ടായിട്ടുള്ള ഒരു സന്ധിയെ ഒരു കക്ഷി മാത്രമായി ഭേദപ്പെടുത്തുന്നതു് അത്ര ആശാസ്യമായിരിക്കയില്ല എന്നു് ഒരു എളിയ അഭിപ്രായം എനിക്കുണ്ടു്. അതിന്റെ മററുവശങ്ങളെപ്പററിയോ കാര്യങ്ങളെപ്പററിയോ എനിക്കു പറയാൻ അർഹതയില്ല. അവരുടെ വസ്തുക്കളിൽനിന്നും കിട്ടുന്ന ആദായത്തിന്റെ ഒരു വീതം ഇപ്പോഴത്തെ തോതുവെച്ചു കണക്കാക്കിയാൽ അൽപം കൂടുതൽ വരുമെന്നുള്ളതുകൊണ്ടു് അതവർക്കു കൊടുക്കാമെന്നു ഗവമ്മെന്റു തീരുമാനിച്ചിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. അതു ശരിയാണെന്നോ തെററാണെന്നോ പ്രതിപാദിക്കുന്നതു് എന്റെ കൃത്യമല്ല. അതിനു ഞാൻ തുനിയുന്നുമില്ല. നിയമവശം നോക്കിയാൽ പത്തു കൊല്ലം കഴിഞ്ഞാൽ വ്യവസ്ഥ പുനഃപരിശോധന ചെയ്യണമെന്ന ഒരു വ്യവസ്ഥ കൂടി ചേർത്തു് ഉണ്ടാക്കിയിട്ടുള്ള ഒരു തീരുമാനത്തെ ഭേദപ്പെടുത്തുന്നതിനു് രണ്ടു കക്ഷിയുടേയും സമ്മതം വേണമെന്നുള്ളതു ഒരു സാമാന്യന്യായംമാത്രമാണെന്നാണു് എന്റെ എളിയ അഭിപ്രായം. ഇതു സംബന്ധിച്ചു് ഇത്രമാത്രമേ എനിക്കു ബോധിപ്പിക്കാനുള്ളു. ഇതിലേക്കു സഭ അനുവദിച്ചതിൽ ഞാൻ കൃതാർത്ഥനാണു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: 1121-ல், சாமான்களின் விலைகள் கூடியிருப்பதால் Cranganore Royal Family கூடுதல் தொகை வேண்டுமென்று கேட்டு ஒரு நிவேதனம் கொடுத்ததின்மேல், கூடுதல் தொகை கொடுக்கவேண்டுமென்று நீங்கள் அபிப்பிராயப்பட்டீர்கள். ஆனால் இப்பொழுது சாமான்களின் விலைகள் குறைந்துகொண்டிருப்பதால், ஒரு நிவேதனமும் இல்லாமலேயே, சர்க்கார் அந்த தொகையைக் குறைக்கலாமே. உங்கள் அபிப்பிராயம் என்ன?

ஸ்ரீ. என். சுப்பிரமண்ய அய்யர்: விலைவாசிகள் கூடுவதும், குறையாமலிருப்பதும் பற்றி, தன சாஸ்திரம் படித்த பண்டிதர்களுக்குப்போலும் தெரியாமலிருப்பதால், இதற்கு நான் ஒரு பதில் சொல்வது சரியல்ல என்று எனக்குத் தோன்றுகிறது.

ശ്രീ. എ. താണുപിള്ള: കൊടുങ്ങല്ലൂർ കുടുംബത്തിലെ സ്വത്തുക്കൾ കൊച്ചിൻസ്റ്റേററ് എടുത്തതുകൊണ്ടാണോ അതല്ല, രാജാവായിരുന്നുവെന്നുള്ള നിലയെ പരിഗണിച്ചാണോ ഈ തുക കൊടുക്കുന്നതു്?

അഡ്വക്കേററ് ജനറൽ: രണ്ടു തരത്തിലും കൂടിയാണു കൊടുക്കുന്നതു്. റിക്കാർഡുകളിൽനിന്നും അങ്ങനെയാണു കാണുന്നതു്. യാതൊരുവിധമായ വരുമാനങ്ങളും കൊടുങ്ങല്ലൂർ സ്ഥാനത്തിനു പിരിച്ചെടുക്കാൻ അവകാശമില്ല. എല്ലാംതന്നെ തിരുവിതാംകൂർ—കൊച്ചി ഗവമ്മെന്റിൽ ഇപ്പോൾ ലയിച്ചിട്ടുണ്ടു്.

ശ്രീ. ആർ. കേശവപിള്ള: ചുരുക്കത്തിൽ കൂടുതൽ തുക കൊടുക്കണമെന്നാണോ പറയുന്നതു്?

അഡ്വക്കേററ് ജനറൽ: കൊടുക്കണമെന്നോ കൊടുക്കേണ്ടെന്നോ തീരുമാനിക്കേണ്ടതു് ബഹുമാനപ്പെട്ട മെമ്പറന്മാരാണു്. സാമാന്യമായ ന്യായംമാത്രം ഞാൻ പറഞ്ഞു. പൊതുജനപ്രതിനിധികളായ ഈ സഭയിലെ അംഗങ്ങളാണു് എന്തെങ്കിലും നിശ്ചയം എടുക്കേണ്ടതു്.

ശ്രീ. ആർ. കേശവൻ നായർ: നാം അതു കൊടുക്കേണ്ടെന്നു തീരുമാനിക്കുന്നപക്ഷം അവർക്കു നിയമപ്രകാരം നമ്മിൽനിന്നും ഈടാക്കുവാൻ അവകാശമുണ്ടോ?

അഡ്വക്കേററ് ജനറൽ: പൊളിററിക്കൽ പെൻഷനാണു്. സിവിൽ കോടതിയിൽ വ്യവഹാരം കൊടുക്കാൻ നിയമപരമായി തടസ്സമുണ്ടു്. നിവേദനങ്ങൾകൊണ്ടു പരിഹരിക്കാം. വ്യവഹാരം കൊടുക്കാമെന്നാണെങ്കിൽ അവർക്കു് പറയാനുള്ള ഒരു കേസ് ഉണ്ടെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. ഒ. സി. നൈനാൻ: ക്രാംഗനൂർ രാജാവിന്റെ ഭരണാവകാശത്തെ പിടിച്ചെടുക്കുകയാണൊ അനക്സ് ചെയ്യുകയാണൊ ചെയ്തതു്?

അഡ്വക്കേററ് ജനറൽ: അനക്സ് ചെയ്തു എന്നു പറഞ്ഞാലും കീഴടക്കി എന്നാണു വരിക. അങ്ങനെ വരുമ്പോൾ ആ രാജ്യത്തിനു മുമ്പുണ്ടായിരുന്ന അവകാശങ്ങളെല്ലാം നശിച്ചുപോകും. ആക്രമിച്ചു് എടുത്തതായി എനിക്കു തോന്നുന്നില്ല. ഒരു സന്ധിയുടെ ഫലമായി എഗ്രിമെന്റ് അനുസരിച്ചു എടുത്തു എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: പിടിച്ചെടുത്തശേഷവും ഒരു എഗ്രിമെന്റ് ആകാമല്ലൊ? അങ്ങനെയാണൊ?

അഡ്വക്കേററ് ജനറൽ: അങ്ങനെ കാണുന്നില്ല.

ശ്രീ. ഇ. പി. വർഗ്ഗീസ്: എഗ്രിമെന്റ് ഉണ്ടോ?

അഡ്വക്കേററ് ജനറൽ: ഉണ്ടു്.

ശ്രീ. രാജഗോപാലൻ നായർ: ഈ തുക ഒരു സംഭാവനയായിട്ടു കണക്കാക്കരുതെന്നും ന്യായമായിട്ടുള്ളതാണെന്നും പറയുകയുണ്ടായി. ഒരു സന്ധിയുടെ പരിഗണന ഇതിനു് നൽകണമെന്നും പറഞ്ഞു. എന്നാൽ എന്താണു് രാഷ്ട്രീയസേവനം അവർ നടത്തിയതു് എന്നു പറയാമോ?

അഡ്വക്കേററ് ജനറൽ: രാഷ്ട്രീയസേവനം എന്നു ഞാൻ പറഞ്ഞില്ല. അങ്ങനെ പറയാൻ ഞാൻ ഉദ്ദേശിച്ചുമില്ല. ഒരാളുടെ കൈവശമുള്ള സ്വത്തുക്കളോ മററവകാശങ്ങളോ ഗവൺമെന്റ് ഏറെറടുക്കണമെന്നുണ്ടെങ്കിൽ അതിനു് ശരിയായ പ്രതിഫലം കൊടുക്കണമെന്നു ഭരണഘടനയുടെ ൩൧-ാം വകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു് വല്ല അവകാശങ്ങളും അവർക്കുള്ളതായി തെളിഞ്ഞാൽ അവർക്കു് അതു് അവകാശപ്പെടാവുന്നതാണു്. ആ കണക്കുവെച്ചു് അവർക്കു് ഉണ്ടായിരുന്ന അവകാശങ്ങളെ ഇപ്പോഴത്തെ തോതനുസരിച്ചു കണക്കാക്കി ഒരു ന്യായമായിട്ടുള്ള പ്രതിഫലം അതിനു് കൊടുക്കണമെന്നുമാത്രമേയുള്ളു.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: അവർക്കു് കൊടുങ്ങല്ലൂർ താലൂക്കിൽ വേറെ വല്ല അവകാശങ്ങളുമുണ്ടോ?

അഡ്വക്കേററ് ജനറൽ: വേറെ അവകാശങ്ങളൊന്നുമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: നിയമപ്രകാരം അവകാശമുള്ള ഒരു കേസാണെങ്കിൽ ഭാവിയിൽ ഉണ്ടാകുന്ന കുട്ടികൾക്കു കൊടുക്കേണ്ടെന്നു തീരുമാനിക്കാൻ വല്ല കാരണവുമുണ്ടോ?

അഡ്വക്കേററ് ജനറൽ: സ്വത്തുക്കൾ കൈവശപ്പെടുത്തുമ്പോൾ പ്രതിഫലം കൊടുക്കണമെന്നുള്ള വ്യവസ്ഥ ഇൻഡ്യൻ ഭരണഘടനയിൽ

ഉണ്ടു്. അതു് ഏതുരൂപത്തിലാണു് വേണ്ടതെന്നുള്ളതു പാർലിമെൻറിനും നിയമസഭയ്ക്കും നിശ്ചയിക്കാം.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: കൊച്ചി രാജകുടുംബത്തിലേയ്ക്കു കൊടുക്കുന്ന സംഖ്യക്കും കൊടുങ്ങല്ലൂരേക്കു കൊടുക്കുന്ന സംഖ്യക്കും വല്ല സാമ്യവുമുണ്ടോ?

അഡ്വക്കേററു ജനറൽ: കൊച്ചി തിരുവിതാംകൂർ രാജകുടുംബങ്ങൾക്കു് കവനൻറു് അനുസരിച്ചു് ഇത്രഇത്ര തുക കൊടുക്കാമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. കൊടുങ്ങല്ലൂരിനെ സംബന്ധിച്ചിടത്തോളം കവനൻറു് ഒന്നുമില്ല. മുമ്പുണ്ടായിരുന്ന കൊച്ചിരാജ്യം അനുവർത്തിച്ചുവന്ന ചില കടമകളും വ്യവസ്ഥകളും സംയോജനത്തിനുശേഷമുള്ള തിരു: കൊച്ചി സ്വീകരിക്കേണ്ടതും ആദരിക്കേണ്ടതുമുണ്ടു്. പ്രത്യേകം ഒരു രാജ്യമായി ഗണിച്ചാൽ മാത്രമെ തിരുവിതാംകൂറും കൊച്ചിയും രാജകുടുംബങ്ങൾക്കു കിട്ടുന്നതുപോലെ ഒരു തുക കൊടുങ്ങല്ലൂരിനും കിട്ടുകയുള്ളു. അതിനാൽ ഇതു തമ്മിൽ ഒരു സാമ്യവുമില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: തിരുവിതാംകൂർ കൊച്ചി മഹാരാജാക്കന്മാർക്കു് ലക്ഷക്കണക്കിനു് രൂപാ കൊടുക്കുമ്പോൾ ഈ അറുപതിനായിരം രൂപാ ഒരു വലിയ തുകയാണോ?

അഡ്വക്കേററു ജനറൽ: അതേപ്പററി എനിക്കറിയാൻ കഴിവില്ലാത്തതുകൊണ്ടു് പറയാൻ നിവൃത്തിയില്ല.

ശ്രീ. ഒ. സി. നൈനാൻ: ഇപ്പോൾ പതിനായിരം രൂപാകൂടി അനുവദിച്ചുകൊടുക്കണമെന്നു പറഞ്ഞു. ഇനിയും ഇങ്ങനെ കൂടുതലായി കൊടുക്കുന്നതിനാവശ്യപ്പെടുമോ? അങ്ങിനെ കൂട്ടിക്കൊടുക്കാതിരിക്കുന്നതിനു് സ്ഥിരമായി വല്ല വ്യവസ്ഥയും ചെയ്യാമോ?

അഡ്വക്കേററു ജനറൽ: അതു് എങ്ങിനെ വേണമെന്നുള്ളതു് ബഹു. മന്ത്രിമാർക്കുമാത്രമെ തീരുമാനിക്കാൻ സാധിക്കുകയുള്ളു.

**Shri E. Gopalakrishna Menon:** I move for a closure.

**Mr. Speaker:** The discussion may be closed. Has the hon. Chief Minister anything to say?

ശ്രീ. എ. ജെ. ജോൺ: അവരുടെ നിവേദനത്തിൽ പ്രത്യേകം പറഞ്ഞിരിക്കുന്നതു് കൊടുങ്ങല്ലൂർവക സ്ഥാനവസ്തുക്കളും എല്ലാം തങ്ങൾക്കു വിട്ടുകൊടുക്കണമെന്നും ആ കുടുംബങ്ങൾക്കു രണ്ടു കെട്ടിടം പണിയിക്കുന്നതിലേയ്ക്കു് രണ്ടു ലക്ഷം രൂപാ കൊടുക്കണമെന്നും അതു കൂടാതെ അവർക്കു് അവരുടെ അവകാശങ്ങൾ മുഴുവനും ഒന്നാകെ വരുന്നതായ ഒരു പന്ത്രണ്ടു ലക്ഷം രൂപാ കൊടുക്കണമെന്നും ആ കുടുംബത്തിൽനിന്നും ഒരു നിവേദനമുണ്ടായിരുന്നു. അതേപ്പററി ഗവമ്മെൻറു് വളരെ ഗാഢമായി ആലോചിച്ചതിനുശേഷമാണു് പതിനായിരം രൂപാകൂട്ടി കൊടുക്കണമെന്നു തീരുമാനിച്ചതു്. ഈ തുകകൂടി കൊടുക്കുമ്പോഴും ചെറിയ തുകകൾ മാത്രമാണു് അവർക്കു് ലഭിക്കുന്നതു്. അതായതു് ആറു രൂപാ, പന്ത്രണ്ടുരൂപാ, ഇരുപതു രൂപാ, ഇരുപത്തിമൂന്നു രൂപാ, ഇരുപത്തിയാറു രൂപാ, തമ്പുരാക്കന്മാരിൽ ചിലർക്കു് മുപ്പത്തിമൂന്നു രൂപാ, മുപ്പത്തിയഞ്ചു രൂപാ, മുപ്പത്തിയെട്ടു രൂപാ മാത്രവുമായിരിക്കും. അങ്ങിനെ വയ്ക്കുകയാണെങ്കിൽതന്നെ അറുപത്തിഅയ്യായിരത്തി എണ്ണൂററി ഇരുപത്തിയൊന്നു രൂപയാണു് വരുന്നതു്. ൧൧൨൨, ൨൩, ൨൪ ഈ കൊല്ലങ്ങളിൽ കൊടുത്തതായ തുകകൾ വച്ചുനോക്കുമ്പോൾ ഏകദേശം എഴുപത്തിയെണ്ണായിരം രൂപയോളം

വരും. ഈവക എല്ലാ സംഗതികളെപ്പറ്റിയും നല്ലവണ്ണം ആലോചിച്ചിതിന്റശേഷമാണ് അറുപതിനായിരം രൂപാ കൊടുക്കാമെന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതു്.

ഇതു് ഇനിയും കൂട്ടാൻ സാധിക്കുമോ എന്നതിനെപ്പറ്റിയും വളരെ ക്ലിപ്തമായി തീർച്ച ചെയ്തിട്ടുണ്ടു്. [illegible] ജനുവരിക്കു ശേഷം ജനിക്കുന്നതായ കുട്ടികൾക്കു അതിൽ യാതൊരവകാശവും ഉണ്ടായിരിക്കുന്നതല്ല എന്നും വ്യവസ്ഥയുണ്ടു്. മാത്രമല്ല, ഇപ്പോൾ ആ കുടുംബത്തിലുള്ള ഏതെങ്കിലും അംഗങ്ങൾ മരിക്കുകയാണെങ്കിൽ ആ മരിച്ച ആളിനു് കൊടുത്തുകൊണ്ടിരിക്കുന്ന സംഖ്യ കുറയ്ക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കെ ഈ തുക ഒരിക്കലും കൂട്ടുന്നതിനു് മാർഗ്ഗം ഇല്ലാ. കുറഞ്ഞുകുറഞ്ഞു വരുന്നതിനാണ് മാർഗ്ഗമുള്ളതു്.

**Shri Rajagopalan Nair:** The hon. Minister will stand. I have to ask a question. *(Laughter.)*

**Mr. Speaker:** You may put the question.

**ശ്രീ. രാജഗോപാലൻ നായർ:** അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു ആവശ്യപ്പെടുമ്പോൾ പണമില്ല എന്നു പറഞ്ഞ ഗവണ്മെന്റ് രാജാക്കന്മാർക്കു് പെൻഷൻ മുതലായ സംഖ്യകൾ കൂട്ടുന്നതിനു ആവശ്യപ്പെടുന്നതു ശരിയാണോ?

**Mr. Speaker:** From the discussion that took place here, I am sorry to say there is not much relevancy in that question. So the question is disallowed. Now, the discussion is closed. Therefore, I put the grant to the vote of the House.

I think the motion is carried.

**Shri T. V. Thomas:** I demand a poll.

A poll was taken when the House divided as follows.—

*Ayes—49*

1. Shri Athichan
2. ,, Alexander Parambitharayil
3. ,, Ayyappan Pazhayarthundy
4. ,, K. Bhanu
5. ,, A, C. Chacko
6. ,, P. Chacko
7. ,, G. Chandrasekhara Pillai
8. ,, K. M. Chandy
9. ,, Cheriyan J. Kappan
10. ,, M. V. Cheriyan
11. ,, Ambat Eachara Menon
12. ,, Ganapathy
13. ,, K. M. George
14. ,, Panampilli Govinda Menon
15. ,, A. L. Jacob
16. ,, James Tharayil
17. ,, A. J. John
18. ,, Joseph Vazhappilly
19. ,, K. Karunakaran
20. ,, C. Kesavan
21. ,, Nedumangad R. Kesavan Nayar
22. ,, R. Kesava Pillai
23. ,, T. T. Kesavan Sastri
24. ,, K. M. Korah
25. Shri K. Kochukuttan
26. ,, K. P. Krishna Menon
27. ,, V.R. Krishnan Ezhuthassan
28. ,, Kunjan Nadar
29. ,, V. Madhavan
30. ,, K. Madhavan Unnithan
31. ,, M. C. Mathew
32. ,, J. T. Moraes
33. ,, O. C. Ninan
34. ,, Pareethu Ravowther
35. ,, L. M. Pylee
36. ,, P. Sadasivan Pillai
37. Dr. M. Sivaraman Nayar
38. Shri K. J. Thomas
39. Dr. P. T. Thomas
40. Shri M. P. Varughese
41. ,, E. P. Varghese
42. ,, N. P. Varghese
43. ,, T. M. Varghese
44. ,, V. V. Varkey
45. ,, Varunny Pulikkal
46. ,, Vasudevan Pillai
47. ,, Kalathil Velayudhan Nayar
48. ,, K. I. Velayudhan
49. Shri Anthonie Andrew Daniel Luiz.

*Noes—51*

1. Shri M. M. Abdul Khader
2. " A. Achyutan
3. " Achyuta Menon
4. " Avira Tharakan
5. " C. C. Ayyappan
6. " Balakrishna Menon
7. " P. Bhaskaran Nayar
8. " A. K. Chelliah
9. " A. Chidambaranatha Nadar
10. " S. G. Deviappan Kangany
11. " T. K. Divakaran
12. " R. Gangadharan
13. " E. Gopalakrishna Menon
14. " P. Govinda Pillai
15. " M. N. Govindan Nayar
16. Shrimathi K. R. Gouri
17. Shri Kambisseri Karunakaran
18. " Kochukunju
19. " E. Krishnan Nayar
20. " Krishnan
21. " K. V. Krishnankutty Warriar
22. " Kumara Pillai
23. " C. K. Kumara Panicker
24. " K. Kuttappan
25. " T. A. Majeed
26. Shri Mathai
27. " Chengarappally P. Narayanan Potti
28. " P. S. Nataraja Pillai
29. " Nilakantaru Pandarathil
30. " N. A. Noor Mohammed
31. " R. Ponnappa Nadar
32. " Prabhakaran Koonath
33. " N. Raghava Kurup
34. " Rajagopalan Nayar
35. " Ramakrishnan
36. " P. Ramaswami Pillai
37. " T. S. Ramaswami
38. " Ravindran
39. " Sadasivan
40. " Sadanandan
41. " C. Sankar
42. Dr. N. S. Pillai
43. Shri Sattanatha Karayalar
44. " Alexander Manuel Simon
45. " V. Sridharan
46. " Sreevallabha Menon
47. " R. Sugathan
48. " A. Thanu Pillai
49. " T. V. Thomas
50. " C. K. Viswanathan
51. " William

*Neutral—1*

Shri. Kunjithommen.

The question that a supplementary sum not exceeding Rs. 26,250 be granted under XXIX "54 A, Territorial and Political Pensions—(*a*) Territorial and Political Pensions—(1) Allowances to members of the families of ex-Rulers" was put and lost.

(There was applause from the gallery).

**Mr. Speaker :** Such demonstrations are not allowed, please.

### Demand XXIX—Superannuation Allowance

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon) :** I move that a supplementary sum of Rs. 3,92,100 be granted under "XXIX—55. Superannuation Allowances and Pensions—(*a*) Superannuation and retired allowances—Voted".

ഈ ഗ്രാൻറും പെൻഷൻ സംബന്ധിച്ചുള്ളതാണ്. പക്ഷെ പൊളിററിക്കൽ പെൻഷൻ അല്ല. സക്കാർ ഉദ്യോഗസ്ഥന്മാക്ക് പെൻഷൻ കൊടുക്കുന്നതിന കഴിഞ്ഞ ബഡ്ജററിൽ വക കൊള്ളിച്ചതിൽനിന്ന് കൂടുതലായി ഈ സംഖ്യ കൊടുക്കേണ്ടതായി വന്നിട്ടുണ്ട്. അതിന് ഇത്രവലിയ സംഖ്യ കൂടുതലായി കൊടുക്കേണ്ടിവന്നതെങ്ങിനെയാണെന്ന ഒരു ചോദ്യമുണ്ടാകാം. കഴിഞ്ഞ ബഡ്ജററ് പാസ്സാക്കിയതിനശേഷം പെൻഷൻ അനുവദിച്ചിട്ടുള്ള വളരെപേർക്ക പെൻഷൻ കൊടുക്കണമെന്നുള്ള ഗവണ്മെൻറിൻെറ നയമനുസരിച്ച് ഗ്രാൻറ് ചെയ്തിട്ടുണ്ട്. അങ്ങിനെ കൊടുക്കുന്നതിലേയ്ക്കു ഈ സംഖ്യ അനുവദിക്കേണ്ടതാണ്. അതുകൊണ്ട് ഈ സംഖ്യ അനുവദിച്ചുതരണമെന്ന ഞാനപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴും സക്കാർ നാണയമായിട്ടാണോ പെൻഷൻ കൊടുത്തുവരുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർക്കാർ നാണയത്തിലല്ല.

ശ്രീ. ടി. കെ. ദിവാകരൻ: പെൻഷൻകാർക്കു പെൻഷൻ അനുവദിച്ചിട്ടും ഇതേവരെ കിട്ടാതിരിക്കുന്നതായി പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പെൻഷൻ കിട്ടേണ്ട കാര്യത്തിൽ നേരിടുന്ന താമസത്തെപ്പററി പരാതിയുണ്ടായിട്ടുണ്ടു്. ഗവമെന്റു് വളരെ വേഗത്തിൽ പെൻഷൻ ഗ്രാന്റു ചെയ്തിട്ടുമുണ്ടു്. ചില കാര്യങ്ങളിൽ സ്വല്പം താമസം നേരിട്ടിട്ടുമുണ്ടു്.

ശ്രീ. എ. താണുപിള്ള: ഇപ്പോൾ കൊടുക്കുന്ന പെൻഷൻ ഇൻഡ്യൻ രൂപയായി കൊടുക്കുകയാണോ, മുൻപു കൊടുത്തിരുന്നതു കണക്കാക്കി ഇൻഡ്യൻരൂപയായി കൊടുക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇൻഡ്യൻ രൂപയായി കമ്മ്യൂട്ടുചെയ്തു കൊടുക്കുകയാണു്.

ശ്രീ. എ. താണുപിള്ള: അതായതു് പെൻഷൻ കൂട്ടീട്ടില്ല എന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

**Shri. M. M. Abdul Khader :** The hon. Minister has been good enough to state that the grant of pensions has been expedited by Government. But instances have been brought to my notice by very low-paid Government employees who have been retired, that their pensions have never been paid to them. For instance, an Anchalman who has got some Rs. 6 or Rs. 8 as pension, who has been retired three or four years back, has not yet got his pension. In spite of very many representations made even to the Ministers, no grant of pension has been ordered in this case. So, the hon. Minister may be kind enough to look into such irregularities and remedy these great hardships.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ വളരെ ശീഘ്രമായി നടത്തണമെന്നു തീരുമാനം ചെയ്തിട്ടുണ്ടു്. ഇനിയും കുറച്ചുകൂടി മുന്നോട്ടു പോകാനുണ്ടെന്നു ഗവമെന്റു് വിചാരിക്കുന്നു. എന്നാൽ ബഹു. മെമ്പർ പറഞ്ഞതു മറെറാരു കാര്യത്തെ സംബന്ധിച്ചാണെങ്കിൽ അതു മറെറാരു ഗവമെന്റു് ചെയ്യേണ്ടതാണു്. അഞ്ചൽ–പോസ്റ്റൽ സംയോജനത്തിനുശേഷം അഞ്ചൽ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരുടെ ശമ്പളം അവരുടെ പെൻഷൻ സംയോജനത്തിനു ശേഷവും അതിനുമുമ്പുള്ളതും ഇൻഡ്യാഗവമെന്റിൽനിന്നും കൊടുക്കാനാണു വ്യവസ്ഥ. ബഹു. മെമ്പർ പറഞ്ഞതു് ഒരു അഞ്ചൽ ഉദ്യോഗസ്ഥന്റെ കാര്യമാണു്. ഈ കാര്യത്തിൽ പെൻഷൻ കൊടുക്കേണ്ടതു് ഈ ഗവമെന്റല്ല എന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങളും അറിയേണ്ടതാണു്. അതുകൊണ്ടു് ഈ ഗവമെന്റിനു ഒരു ഉത്തരവാദിത്വവും ഇല്ലെന്നു പറയുന്നില്ല. ബഹുമാനപ്പെട്ട മെമ്പറന്മാർ ചൂണ്ടിക്കാണിച്ച കാര്യങ്ങൾക്കുവേണ്ടി ഈ ഗവമെന്റു കഴിവുള്ളതെല്ലാം ചെയ്യാമെന്നും അറിയിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: പെൻഷൻകാരുടെ അലവൻസ് വർദ്ധിപ്പിക്കണമെന്നു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കിട്ടിട്ടുണ്ടു്.

**3 p.m.**

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അഞ്ചൽഡിപ്പാർട്ടുമെൻറ മുതലായ ഡിപ്പാർട്ടുമെൻറുകളിലെ പെൻഷൻകാർ പലരും പെൻഷൻ കിട്ടാതെ വലയുന്നുണ്ട്. ആഹാരം കഴിക്കുന്നതിനുപോലും നിവൃത്തിയില്ലാതെ അവർ വിഷമിക്കുന്നു. എൽ. പി. സി. യിൽ യാതൊരു ലയബിലിററിയും ഇല്ലെന്ന് എഴുതിയിരുന്നിട്ടും പെൻഷൻപററിയതിനുശേഷം, വീണ്ടും ലയബിലിററിയുണ്ടോ എന്ന് ചോദിച്ചുവരുന്ന ഒരുനയം ഇവിടെയുണ്ട്. ആഫീസിലെ മേലുദ്യോഗസ്ഥന്മാർ കൃത്യസമയത്ത് ആവശ്യമുള്ള നടപടികളെടുക്കുവാൻ ധൈര്യമില്ലാത്തതുകൊണ്ട് പെൻഷൻ അനുവദിക്കുന്ന പേപ്പറുകൾ കുറെക്കാലം മേശയ്ക്കകത്തുതന്നെ വയ്ക്കുകയും അങ്ങനെ രണ്ടോ മൂന്നോ കൊല്ലം കഴിഞ്ഞതിനുശേഷംമാത്രം പെൻഷൻകിട്ടാൻ ഇടവരികയുംചെയ്യുന്നു. ഈ കാലതാമസം ഒരിക്കലും വന്നുകൂടാ. അതിന് വേണ്ട നടപടികൾ എടുക്കുവാൻ ഗവമ്മെൻറ ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പെൻഷൻ കൊടുക്കുന്നതിന് കുറെകാലതാമസം വരുമെന്നു ബഹു. മെമ്പർ പറഞ്ഞതു് ഏറക്കുറെ ശരിയാണ്. ഈ കാലതാമസം ഞാൻ ഫിനാൻസുമന്ത്രിയായ കാലംമുതൽക്കുണ്ടായതല്ല. ഇതിനുമുൻപ് ഇരുന്ന ഫിനാൻസുമന്ത്രിമാരുടെ കാലത്തും ചില കാലതാമസങ്ങൾ വന്നിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്നതിന് പല തടസ്സങ്ങളുമുണ്ട്. പല പ്രധാന പോയിൻറുകളും നോക്കേണ്ടതായുണ്ട്. അതിൽ പ്രധാനമായുള്ളതു് നോൺലയബലിററി സർട്ടിഫിക്കററാണ്. ജോലി നോക്കിയ ഡിപ്പാർട്ടുമെൻറിൻെറ ഹെഡ്ഡോ, അല്ലെങ്കിൽ ആ ആഫീസിലെ ഹെഡ്ഡോ അങ്ങനെ ഒരു സർട്ടിഫിക്കററ കൊടുക്കേണ്ടതുണ്ട്. അതിനെ കാലതാമസം ഉണ്ടാകുന്നു. അതു തെററാണെന്നും അതുകൊണ്ടു ചില കീഴ്ജീവനക്കാർക്ക് വളരെ കഷ്ടപ്പാടുണ്ടാകുന്നുണ്ടെന്നും എത്രയുംവേഗത്തിൽ അതു പരിഹരിക്കേണ്ടതാണെന്നും ഈ സഭയിലെ ബഹു. മെമ്പറന്മാർ വിചാരിക്കുന്നത്ര തീവ്രതയോടുകൂടിത്തന്നെ ഞാനും വിചാരിക്കുന്നു. അതു പരിഹരിക്കുവാൻ കഴിവുള്ള സകല പരിശ്രമങ്ങളും ചെയ്യുന്നതാണ്.

ശ്രീ. രവീന്ദ്രൻ: പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ എല്ലാ പ്രമാണങ്ങളും ഹാജരാക്കിയതിനുശേഷം പെൻഷൻ അനുവദിക്കുന്നതിന് എന്തു താമസംവരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: താമസം നേരിടുന്നതിനു ഏററവും പ്രധാനമായ കാരണം നാൺലയബിലിററി സർട്ടിഫിക്കററ കിട്ടുവാനുള്ള താമസമാണ്. അതു കിട്ടാതെ സാങ്ഷൻ കൊടുക്കുവാൻ നിവൃത്തിയില്ല. ഓഡിററർ ജനറലിൻെറ ഡിപ്പാർട്ടുമെൻറും അതു സമ്മതിച്ചുതരികയില്ല. ഒരു ഹെഡ്മാസ്റ്റർ പെൻഷൻപററി പിരിയുമ്പോൾ അവിടുത്തെ ലൈബ്രറിയിൽ നാലു പുസ്തകങ്ങൾ കാണുകയില്ല. അതുസംബന്ധിച്ചുള്ള നടപടികളെല്ലാം എടുത്തുകഴിഞ്ഞതിനുശേഷംമാത്രമെ പെൻഷൻ അനുവദിക്കുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ: സർവ്വീസിൽനിന്നും, കുററം മൂലമൊ, അല്ലെങ്കിൽ മററു നടപടി പിശകുകൾകൊണ്ടോ ഡിസ്മിസുചെയ്യുകയൊ, ഡിസ്ചാർജ്ജ ചെയ്യുകയൊ ചെയ്യുന്നതുനിമിത്തം പെൻഷൻ കൂടുതൽ കൊടുക്കേണ്ടതായി വരുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള കേസുകളിൽ പെൻഷൻ കൂടുതൽ കൊടുക്കേണ്ടിവന്നിട്ടുണ്ടെങ്കിൽതന്നെ ശമ്പളത്തിൽ കുറവു വന്നിട്ടുമുണ്ട്.

*The question that a supplementary sum not exceeding Rs. 3,92,100 be granted under "XXIX— 55. Superannuation allowances and pensions, (a) Superannuation and retired allowances—voted", 55. Superannuation allowances and pensions (b) Compassionate allowances, was put and carried.*

The grant was made.

**Mr. Speaker:** The next item in the agenda is presentation of the Budget at 4-30 p.m. The House will now rise and meet again at 4- 30 p.m.

*The House adjourned at 3-6 p.m. and reassembled at 4-30 p.m.*

## PRESENTATION OF THE BUDGET FOR 1952—53

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** Sir, It is my privilege, and I deem it a very great honour, to present the budget to the hon. Members of the House, who have been elected for the first time under the New Constitution. Election on the basis of Adult Franchise was not new to Travancore-Cochin, but in India as a whole it was a new experiment. I am sure the House will agree with me in recording our appreciation of the machinery and the arrangements that were made for the conduct of General Elections in a peaceful and effective manner. I take this opportunity to welcome the hon. Members of the Opposition Parties and especially the several new faces that I see before me. Whatever may be the differences in our outlook or in the policies that have been chalked out by the various parties in this House, I believe that there is only one aim for all of us, *viz.*, to work for the welfare of this land of ours and for the well-being and prosperity of the people whom we represent. I therefore, before proceeding further, pray for the hearty co-operation of all the hon. Members. Our task will be very much lightened, our ability to fulfil our duties greatly enhanced, if co-operation is given to us from all sections of the House. Co-operation includes constructive criticism. I am confident that my prayer will not be in vain.

The Constitution requires that the annual financial statement embodying the estimates of Revenue and Expenditure of the Government should be laid before the Legislature. The assent of the Legislature for estimates relating to expenditure not charged on the Consolidated Fund has to be taken and the grants so made should further be authorised by an Appropriation Act. This Government assumed office only on the 12th of this month and has had hardly any time to make a detailed review of the finances of the State or to chalk out a detailed programme of expenditure for the ensuing year. I therefore, propose to conduct a more exhaustive review of the programme of expenditure embodied in the Budget now placed before you, to make changes if found necessary and to present the Budget again to this House on a later occasion when the hon. Members will have an opportunity for detailed discussions on each item of expenditure before final sanction for the Budget is accorded. In the meantime, to enable the day-to-day administration to be carried on, I am taking advantage of the provisions of Art. 206 of the Constitution and proposing to request the House to make a grant in advance to meet the ordinary and normal demands for expenditure by the various departments, for the first four months of the financial year 1952-53,

The hon. Members have been provided with the budget documents for the year which however contain the estimated figures of revenue and expenditure for the entire year 1952-53. They have also been supplied with the Schedule of Vote on Account along with the budget documents.

The Budget estimates now presented to the House are based on the existing level of taxation. The expenditure estimate is based on the policies and programme that were being followed hitherto and provision for new items has been included only to the extent required for meeting inevitable commitments or for extension of schemes already in operation where such extensions are a logical necessity. Since I propose to ask the House only for an advance grant, based on the Vote on Account Schedule, this House will have a further opportunity to consider even these items of expenditure when the full budget is presented for being voted upon in a later Session.

There is however one aspect which I would like to point out at this stage, *i.e.*, regarding the amounts included under the Vote on Account under certain Heads where the amount asked for is more than the proportionate grant for four months of the year. In such cases the expenditure is not spread out evenly throughout the year. To give just one instance, under '22—Interest on Debt and other Obligations', the Interest Receipts from Government Commercial Concerns are shown as Minus expenditure in the Detailed Budget, whereas the Vote on Account provides for Rs. 8 lakhs expenditure for the first four months. This is because the payment of interest during the first four months has to be made on the appropriate dates whereas the adjustment of receipts as Minus expenditure will be effected only during the last month of the year.

I shall now briefly refer to the actuals for the year 1950-51 and the Budget and the Revised Estimates for 1951-1952, before I proceed with the Budget Estimates for 1952-53.

## Actuals of 1950-51

The year 1950-51 opened with a Cash Balace of Rs. 300·19 lakhs and closed with an increased Cash Balance of Rs. 513·73 lakhs. Compared to our budget anticipations, the realisation of revenue was very satisfactory.

On the expenditure side, even though on several heads, high levels of expenditure were recorded, under certain items, the entire expenditure programme anticipated could not be achieved. The revenues of the year amounted to Rs. 1,399 lakhs which included the receipts from the Government of India towards the Revenue gap and subsidies for Grow More Food, etc. The expenditure on Revenue Account recorded a figure of Rs. 1,274 lakhs only, resulting in a Revenue Surplus of Rs. 125 lakhs.

On the Capital side, the programe of construction of the Hydro-Electric Projects and Irrigation Schemes progressed satisfactorily and recorded an expenditure amounting to Rs. 275 lakhs. Our Revenue surpluses of current and previous years have been utilised to finance most of the Capital Schemes, while the Peechi and Chalakudi Schemes were financed out of the Rs. Two Crores loan sanctioned by the Government of India.

## Revised Estimate

The revised estimate for the year 1951-52 anticipates a revenue of Rs. 1705 lakhs against Rs. 1,487 lakhs budgeted for and an expenditure on revenue account of Rs. 1,555 lakhs against an estimate of Rs. 1,491 lakhs,

The deficit of Rs. 4·1 lakhs as per the Budget is thus expected to turn out into a surplus of about Rs. 150 lakhs.

This large variation requires some explanation. Under Receipts, there is a variation to the extent of Rs. 218 lakhs. This is made up of Rs. 127 lakhs on account of our share of revenue on Match Excise duties, Cochin Harbour receipts and Railway receipts for the years 1948-49 and 1949-50 received from the Government of India only during the current year and for which no credit was taken in the Budget Estimates originally. Further, pending finalisation of the question of the amount of grant towards the Revenue gap, brought about by the loss of federal revenues, the Government of India made an *ad hoc* payment of Rs. 280 lakhs for the financial year 1950-51. The final figure has now been fixed at Rs. 305·33 lakhs. This difference as well as the *ad hoc* payment on account of income-tax for 1949-50, together amounting to Rs. 55 lakhs was also realised during the current year. The other main increases are under Motor Vehicles Acts, Rs. 18·75 lakhs and other Taxes and Duties Rs. 17·20 lakhs. Thus it may be seen that leaving the aforesaid arrear receipts the variation under revenue is only of the order of Rs. 36 lakhs.

The revised estimates of expenditure on revenue account stand at Rs. 1,555 lakhs against Rs. 1,491 lakhs budgeted for, recording an increase of about Rs. 64 lakhs. This is mainly due to the fact that against Rs. 125 lakhs orignally provided for Food Subsidy, the revised estimate takes a provision of Rs. 200 lakhs, an increase of Rs. 75 lakhs. There is also an increase of about Rs. 4 lakhs under Superannuation Allowances. These increases are offset by several small decreases in other items resulting in a net increase of Rs. 64 lakhs.

On the Capital side the revised estimate stands at Rs. 500 lakhs as compared with Rs. 664 lakhs provided in the budget. The main savings expected under Capital heads are Rs. 22 lakhs under 68 Irrigation, about Rs. 107 lakhs under Capital Outlay on Industrial Development Schemes, and about Rs. 17 lakhs under Capital Outlay on Electrical Schemes. Under Irrigation and Electricity, the savings are due to the delay in works on account of non-receipt of machinery, tools and plant, etc. Under Capital Outlay on Industrial Development Schemes, an amount of Rs. 513 lakhs was originally provided to enable adjustments of Investments under Shares in Industrial Concerns by transfer from Debt Heads to Service Head. But, however, the investments in respect of Government sponsored companies within the State alone have been adjusted so far. In the meantime, the balance will continue to stand booked under "Debt Heads" as hitherto.

For a more detailed account of the variations in Receipts and Expenditure in the budget estimate and the revised estimate for 1951—52, the attention of the hon. Members is invited to the Finance Secretary's Budget Memorandum already distributed to them.

## Budget for 1952—53

*Revenue*. The Revenue receipts, as already stated at the outset, are estimated at the existing level of taxation and based on the actuals for the last ten months and fixed at Rs. 1,630 lakhs which is the highest revenue receipt anticipated for the State so far. This estimate is based on the high level of prices prevailing at the time of framing the budget. However, as a result of the sudden fall in prices and the slump that is now setting in, it is likely that the anticipations under some of the principal heads of revenue

like Excise duties, Forest, Sales Tax, Stamps, etc., may be affected. Based on the actuals for the current year, the anticipations are, however, conservative.

*Expenditure.* The total expenditure on Revenue Account is estimated at Rs. 1,626 lakhs and is based on the revised estimate for the current year, hon. Members will find that ample provision has been made in the budget for Nation building activities such as Education, Medical, Public Health. Village Uplift, Advancement of Backward Communities, Veterinary, Agriculture, Industries, Irrigation and G. M. F. and Development Schemes, consistent with the resources of the State. It has been the policy of this Government to expend unstintingly on such items of expenditure and the achievements in this regard in the past three years are not inconsiderable as may be seen from the statement of expenditure under these heads for the last four years which is appended to the Budget Memorandum.

I may, however, make special mention in this connection about one or two major items of expenditure like Education and Food Subsidy. The Education Budget for the ensuing year makes provision for an expenditure of Rs. 320 lakhs under revenue head and Rs. 42·5 lakhs debitable to Postwar Reconstruction Fund, aggregating to a total sum of Rs. 362·5 lakhs which is roughly 25 % of the total revenues of the State. The reforms under Education initiated during the last two years have almost set at rest one of the major agitations that have been going on in the State for long. The Government have under examination the question of unifying and improving the salary scales of the poorly paid teachers.

*Food Subsidy.* The main problem facing the administration of the State is the scarcity of food and our dependence on foreign imports. The Government of India have given us a subsidy of Rs. 225 lakhs during the current year and an additional ex-gratia payment of Rs. 63·5 lakhs. They have since announced their intention to abolish food subsidy to the various States. I must take this opportunity however to thank the hon. Minister for Food, Government of India, for his special consideration in making an exception to this State as seen from his statement to the Press that a special grant will be given to this Government to enable them to distribute food grains to the consumers at a reasonable price. It is hoped that final orders of the Government of India fixing the special grant will be received at no distant date. Based on the revised estimate, we have provided for food subsidy to the extent of Rs. 200 lakhs in the next year's budget, and in consultation with the Government of India every effort will be made by this Government to see that this provision is not exceeded, as otherwise many of the programmes of Nation building activities will have to be curtailed or abandoned.

*Capital.* The capital section of the budget estimates paovides for an expenditure of Rs. 504 lakhs. This is mostly for items included under the Five Year Plan. Of course, there are certain other items outside the Five Year Plan which are of an inescapable nature and are only continuation of existing programmes of work either already commenced or where sufficient progress has been attained. The Planning Commission, in their draft plan, have included schemes to the extent of Rs. 26 crores under the five year plan, relating to this State, and according to the plan, a total amount of Rs. 1·9

crores may have to be found from the resources of this State, leaving an amount of Rs. 7 crores ear-marked as 'Central Assistance'.

The above recommendations are now under the consideration of the Government of India and the final shape of things, specifying the quantum and nature of assistance from the Centre is expected to emerge soon after the Central budget is finalised. But in as much as the expenditure for the several schemes approved by the Planning Commission have already been incurred during 1951—52 and most of the schemes are expected to make further progress next year, an amount of Rs. 125 lakhs has been taken credit for in the 'Debt Heads budget' under 'Miscellaneous Receipts' for financing these schemes, pending finalisation of the quantum and nature of Central Assistance towards Development schemes under the Five Year Plan. Though several schemes under the Five-Year Plan have started from the year 1951—52 this Government have not yet received any substantial assistance during the current year. This Government therefore propose to approach the Central Government to finalise their assistance scheme without further delay, to enable us to go forward with these schemes with some definite idea of the nature and extent of assistance from the Centre. Based on the Rs. 7 crores recommendation made by the Planning Commission as Central Assistance to this State, our share of assistance for the year 1952—53 alone will work up to Rs. 140 lakhs.

ശ്രീ. കൊച്ചുകുഞ്ഞു്: പോയിന്റ് ഓഫ് ഓർഡർ. ഉറങ്ങാൻ അനുവാദമുണ്ടോ?

**Mr. Speaker:** I do not find anybody sleeping.

**Shri Panampilli Govinda Menon:** A short review of the financial progress made by this State during the last four years will, I hope, be of interest to the hon. Members of this House. When the Congress Ministry assumed office during 1948, the financial position of the State was far from satisfactory. With the heavy food deficits, the position deteriorated further and on 1st July 1949 the date of Travancore-Cochin Integration, the financial position was grave. The Government had a very heavy overdraft accommodation from their bankers to the extent of Rs. 541 lakhs, in addition to arrears of payment due to the Government of India, towards food grains purchased, to the extent of Rs. 315 lakhs and a special loan of Rs. 39 lakhs on the whole a debt of Rs. 895 lakhs. The Government have been able to clear off the entire debt during the course of the last three years without stinting in any way on expenditure for the nation building activities during those years. This House, I am sure, will join with me in recording their appreciation of the services rendered by the previous Chief Ministers and Finance Ministers, and especially of Shri A. J. John, our Chief Minister, who was in charge of the finance portfolio for a considerably long period, for achieving this result. The present satisfactory cash position of the Government is indicated in the financial statement now presented before you.

*Debt Position.*—On federal financial integration, the public debts of the State incurred for purposes of a federal character have been taken over by the Government of India with the federal assets. The following table shows how

the debts have been shared by this Government and the Union Government under the Financial Integration arrangements and what our debt position is.

(In lakhs of rupees)

| *Public Debt* | *Total* | *State's share* | *Govt. of India's share* |
|---|---|---|---|
| **Travancore** | | | |
| 5% Debenture Loan 1091 | 0·21 | 0·21 | .. |
| 3% Loan, 1952—54 | 300·00 | 260·00 | 40·00 |
| 3½% Loan 1956 | 50·00 | 44·00 | 6·00 |
| **Cochin** | | | |
| 5% Loan 1943—53 | 0·20 | 0·20 | .. |
| 3% Loan 1955—58 | 100·00 | 88·00 | 12·00 |
| 3½% Loan 1956—61 | 30·00 | 26·00 | 4·00 |
| **Railway Loans** | | | |
| Travancore | 144·40 | .. | 144·40 |
| Cochin 3% Loan 1953—55 | 70·00 | .. | 70·00 |
| **Debts (Due to the Govt. of India)** | | | |
| Peechi and Peringalkuthu Loan | 200·00 | 200·00 | .. |
| Grow-more-food Loan | 10·00 | 10·00 | .. |
| Housing Loan | 10·00 | 10·00 | .. |
| Harbour Loan (Cochin) | 20·00 | 20·00 | .. |
| Total Rs. | 934·81 | 658·41 | 276·40 |

For a State with a revenue of the order of Rs. 16 crores the above debts should be considered insignificant, especially when our liquid assets alone amount to nearly Rs. 23 crores as follows:—

| | *As on 31-3-1951 Rs. (in lakhs)* |
|---|---|
| Cash and bullion | 516·34 |
| Bank deposits | 103·50 |
| Shares and Investments | 1387·91 |
| Loans and Advances | 308·97 |
| Miscellaneous | 7·37 |
| Total Rs. | 2,324·09 |

This is without taking any account of our investments in fixed revenue earning assets like the Hydro-Electric, Transport and Irrigation Schemes and other commercial undertakings.

*Ways and Means.* The account for the year ending 31st March 1951 closed with a cash balance of Rs. 513·73 lakhs. The transactions of the Government during the current year under Revenue, Debt and Capital account together are expected to result in a net withdrawal to the extent of Rs. 209·44 lakhs. Thus the current year is expected to close with a cash balance of Rs. 304·29 lakhs. According to the budget estimates now presented to this House, our receipts under Revenue, Debt and other

transactions are likely to be sufficient to meet our ordinary demands and capital expenditure including debt transactions, leaving a balance of Rs. 147·22 lakhs.

Before concluding, I would like to make mention about the Finance Commission apppointed by the Government of India, under the Chairmanship of Sri. K. C. Neogy. This Government have presented a memorandum to the Commission detailing our recommendation for the allocation of the Income-tax revenue between the Centre and Part 'B' States and also indicating our special demands for grants and subsidies based on the contributions made by this State to the Central Exchequer in the form of export duty on pepper, cardamom, cashewnuts, coir products, etc., which are our monopoly goods and the large percentage of dollar and sterling earned by this State towards the central pool. In this memorandum we have also urged our special claims for central assistance due to our heavy food deficits. This Government propose to put forward further representations to the Finance Commission when they visit this State and it is hopped that we shall be able to make out a strong and convincing case for a just and equitable allocation of divisible income and for special assistance. The contribution from the Government of India towards our revenue gap will terminate after a few years and thereafter we get in its place our share of divisible Central Revenues. The principles under which these Revenues should be allocated to the various States will be laid down by the Finance Commission. We therefore have to attach the greatest importance to this question.

I have almost finished. I have attempted to give the House as faithful and accurate a picture of the finances of the State as briefly as I can, and in doing so I have tried to emphasize only the most important and salient features of the financial position. I hope to give a more detailed account when the Budget as a whole will be presented in a latter Session for the vote of the House. Elsewhere in the Budget Memorandum will be found a statement of the assets and liabilities of the State, which gives a fuller picture of the financial position of the State and exhibits how carefully the Government have been husbanding its resources, and how thoughtful it has been of the future for meeting unexpected situations and difficulties. Our satisfactory position in regard to debt is an eloquent tribute to our credit worthiness. On the whole the State has been holding fast to well recognised wholesome principles of public finance in spite of the fact that they had to face very difficult situations. This State has long outlived the stage of isolation and is taking its rightful place as an integral part of the Republic of India. With this background and past achievements, there is no height to which the State of Travancore-Cochin cannot aspire, given the goodwill and hearty co-operation of all sections of this House and the people of the State. JAI HIND.

*The House adjourned at 5-2 p.m. to meet again at 11 a.m. on W dnesday, the 26th March 1952.*

V. KRISHNAMOORTHI,

*Secretary to the Legislative Assembly*

## APPENDIX

*(Please see answer to question No. 5)*

**Income from auction sale of liquor shops during the year preceding the first enforcement of Prohibition in each of the Taluks in which Prohibition had been enforced**

| Taluk | Toddy | Arrack | Foreign liquor | Opium | Ganja |
|---|---|---|---|---|---|
| 1. Chittoor Taluk (1122) | 1,46,600 | 42,000 | 2,010 | 6,740 | 29,120 |
| 2. Thovala (1123) | 81,735 | 82,975 | .. | 10,185 | 10,550 |
| 3. Agastheeswaram (1123) | 3,29,065 | 2,61,000 | 59,250 | 24,320 | 18,550 |
| 4. Kalkulam (1123) | 3,36,200 | 3,33,400 | 5,500 | 19,000 | 19,245 |
| 5. Vilavancode (1123) | 3,01,500 | 47,760 | .. | 8,800 | 9,350 |
| 6. Neyyattinkara (1123) | 1,71,100 | 4,84,925 | .. | 6,765 | 25,260 |
| 7. Shencotta (1123) | 64,420 | 1,10,755 | .. | 2,600 | 21,400 |
| 8. Trivandrum (1124) | 3,21,230 | 5,59,500 | 79,250 } 38,200 } | 10,610 | 26,600 |
| 9. Nedumangad (1124) | 99,765 | 2,07,900 | .. | 2,105 | 30,405 |
| 10. Chirayinkil (1124) | 1,04,117 | 1,34,388 | 7,900 | 2,215 | 15,750 |
| 11. Thalappilly (1124) | 3,89,950 | 1,34,200 | 1,750 | 27,400 | 41,050 |
| 12. Pathanapuram (1125) | 1,01,440 | 73,180 | 7,050 | 4,050 | 20,735 |
| 13. Cranganore (1125) | 35,500 | 24,000 | .. | 9,000 | 3,400 |
| Total | 24,82,622 | 24,85,983 | 2,00,910 | 1,33,790 | 2,71,415 |
| **Grand total** | **55,74,720** | | | | |

# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

**FIRST SESSION—1952**

**Wednesday,** *the 26th March, 1952*

| VOL. V] | OFFICIAL REPORT | [No. 3 |
|---|---|---|

The Assembly met again in the Legislative Chamber, Trivandrum, at Eleven of the Clock on Wednesday, the 26th March 1952, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

*(The number within brackets indicates the number within the list of admitted questions for the day).*

### Oral Answers

#### രാഷ്ട്രീയപ്രവൎത്തനങ്ങൾ

*൨൮. (൧) ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) എയിഡഡ്സ്കൂൾ അദ്ധ്യാപകന്മാരെ രാഷ്ട്രീയപ്രവൎത്തനങ്ങളിൽ പങ്കെടുക്കുന്നതിൽനിന്നു ഗവൺമെണ്ട് വിലക്കിയിട്ടുണ്ടോ;

(ബി) കമ്മ്യൂണിസ്റ്റ് പ്രവൎത്തനങ്ങളിൽ പങ്കെടുത്തു എന്ന കാരണം പറഞ്ഞ് ഏതെങ്കിലും എയിഡഡ്സ്കൂൾ അദ്ധ്യാപകനേയോ അദ്ധ്യാപികയേയൊ സൎവ്വീസിൽനിന്നു പിരിച്ചുവിടുകയുണ്ടായിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): (എ) ഗവൺമെണ്ട് അങ്ങനെ വിലക്കിയിട്ടില്ല.

(ബി) ഉണ്ട്. വിധ്വംസകപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടിരുന്നതുകൊണ്ട്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഏതു സ്കൂളുകളിൽനിന്നാണ് പിരിച്ചു വിട്ടിട്ടുള്ളതു്?

ശ്രീ. ഏ. ജെ. ജോൺ: കോട്ടംപാക്കൽ, എഴുപുന്ന, ഓച്ചൻതുരുത്ത്, ഇരഞ്ഞിക്കോട്ട്, ഏ. വി. എം. മുഹമ്മദ്, എൽത്തുരുത്ത്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഈ എൽത്തുരുത്ത് സ്കൂളിൽനിന്നും പിരിച്ചുവിടപ്പെട്ട അദ്ധ്യാപകനെ സംബന്ധിച്ച് ഡിപ്പാൎട്ടുമെൻറലായി അന്വേഷണം നടത്തിയതിൽ അയാൾ കുററക്കാരനല്ലെന്നു കണ്ട് അയാളെ റീഇൻസ്റ്റേററ് ചെയ്യുവാൻ ഡയറക്ടർ ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജോൺ: അങ്ങനെ പുറപ്പെടുവിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇങ്ങനെയുള്ള കുററങ്ങൾക്ക് കോടതി മുഖാന്തിരം വിധി സമ്പാദിക്കേണ്ടതല്ലേ?

ശ്രീ. എ. ജെ. ജോൺ: അതിൻെറ ആവശ്യം ഇല്ല. എഡ്യൂക്കേഷൻ കോഡിൽതന്നെ അതിനുള്ള വ്യവസ്ഥയുണ്ട്. അതനുസരിച്ചാണ് ശിക്ഷിച്ചിട്ടുള്ളത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ സ്കൂളിൽനിന്നും എത്ര പേരെയാണ് ഇങ്ങനെ ശിക്ഷിച്ചിട്ടുള്ളത്?

ശ്രീ. എ. ജെ. ജോൺ: രണ്ടുപേർ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇവരെ കോടതിയിൽ വിസ്തരിക്കേണ്ട ആവശ്യമില്ലേ?

ശ്രീ. എ. ജെ. ജോൺ: ഇല്ല. ഡിപ്പാർട്ടുമെൻറലായി വിസ്തരിച്ചാൽ മതി.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അങ്ങനെ എൽത്തുരുത്ത് സ്കൂളിൽനിന്നും പിരിച്ചുവിടപ്പെട്ട രണ്ടു അദ്ധ്യാപകന്മാരുടെ സ്ഥാനത്ത് അവിടത്തെ മാനേജർ അദ്ദേഹത്തിൻെറ മകനേയും അനന്തിരവനേയും നിയമിച്ചതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിവില്ല.

ശ്രീ. പി. ഗോവിന്ദപിള്ള: രാമസ്വാമിഅയ്യരുടെ കാലത്തെപ്പോലെ ഭരണകക്ഷിക്ക് ഇഷ്ടംപോലെ ആരെയെങ്കിലും ഉപദ്രവിക്കാമോ?

**Mr. Speaker:** That question is disallowed.

ശ്രീ. അവിരാതരകൻ: കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മേലുള്ള നിരോധനം നീക്കിയിരിക്കുന്ന സമിതിക്ക് ഈ ആളുകളെ തിരിയെ സർവ്വീസിലേക്കെടുക്കാമോ?

ശ്രീ. എ. ജെ. ജോൺ: വിധ്വംസക പ്രവർത്തനങ്ങളിൽനിന്നും ഒഴിഞ്ഞുമാറി എന്നു ഗവർമ്മെണ്ടിനു ബോദ്ധ്യം വന്നാൽ ഇതേപ്പററി ആലോചിക്കാവുന്നതാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: അദ്ധ്യാപകന്മാർക്ക് കോൺഗ്രസ്സ് പ്രവർത്തനങ്ങളിൽ പങ്കെടുക്കാമോ?

ശ്രീ. എ. ജെ. ജോൺ: അതു് ആലോചിച്ചു് പറയേണ്ടതാണ്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: വിധ്വംസക പ്രവർത്തനങ്ങളെന്നാൽ എന്താണ്?

ശ്രീ. എ. ജെ. ജോൺ: ഗവർമ്മെണ്ടിനെ തകിടം മറിക്കുവാനുള്ള പ്രവർത്തനങ്ങൾ.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: എന്നു പറഞ്ഞാൽ എന്താണ്?

ശ്രീ. എ. ജെ. ജോൺ: ഇതിൽ കൂടുതൽ വ്യാഖ്യാനം സാദ്ധ്യമല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ചോദ്യം ചോദിച്ചിരിക്കുന്നതു് കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളിൽ പങ്കെടുത്തതുനിമിത്തം എത്രപേരെ പിരിച്ചുവിട്ടു എന്നാണ്. ഉത്തരം പറഞ്ഞതനുസരിച്ചു് ഇതും വിധ്വംസകപ്രവർത്തനങ്ങളിൽ ഒന്നാണോ?

ശ്രീ. എ. ജെ. ജോൺ: അതേ.

ശ്രീ. അച്ചുതമേനോൻ: കമ്മ്യൂണിസ്റ്റ് പ്രവർത്തനം വിധ്വംസക പ്രവർത്തനമാണോ?

ശ്രീ. എ. ജെ. ജോൺ: വിധ്വംസക പ്രവർത്തനത്തിൽ കമ്മ്യൂണിസ്റ്റുകാർ ഏർപ്പെട്ടിരിക്കുന്നിടത്തോളംകാലം അവരെ സഹായിക്കുന്നതും വിധ്വംസക പ്രവർത്തനമായിട്ടുവരും.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: കോൺഗ്രസ്സിനു വോട്ടുപിടിച്ചതു് വിധ്വംസക പ്രവർത്തനമാണോ?

ശ്രീ. എ. ജെ. ജോൺ: അതു് നിയമം നോക്കി പറയേണ്ട ഒന്നാണു്.

ശ്രീ. ടി. കെ. ദിവാകരൻ; കോൺഗ്രസിനു എതിരായി ഒരു എക്സ് മന്ത്രി പ്രവർത്തിച്ചതു് വിധ്വംസകമാണോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ ഒരു എക്സ് മന്ത്രി പ്രവർത്തിച്ചതായിട്ടു് അറിവില്ല.

ശ്രീ. കെ. കരുണാകരൻ: ഏതുവിധ പ്രവർത്തനങ്ങളെല്ലാമാണു് വിധ്വംസക പ്രവർത്തനങ്ങളായി കണക്കാക്കുന്നതു്?

**Mr. Speaker:** Order, order. I may call the attention of the hon. Members to the way in which supplementary questions are put. The Members may well realise how yesterday even though there were more than hundred questions, only twenty-three were answered. As hon. Members are aware, the purpose of supplementary questions is to elucidate matters arising from the answer given to the original question. Vague questions put and vague answers given are not going to help matters and serve the purpose for which they are put. Members will, therefore, realise the relevancy of supplementary questions so that they may reach more questions today.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ൨൮-൧൧-൫൦-ലെ ഗവൺമെണ്ട് ഓർഡർ പ്രകാരം ഇവരെ തിരിയെ സർവ്വീസിൽ എടുക്കണമെന്നു് ഉണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജോൺ: ആ ഗവൺമെണ്ട് ആർഡർ ഇപ്പോൾ എന്റെ കൈവശമില്ല.

## ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ്

*൨൯. (൨) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:—

(എ) തിരു-കൊച്ചി സംസ്ഥാനത്തു് ൧൯൫൧-൧൯൫൨ വിദ്യാഭ്യാസവർഷത്തിൽ ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് നടത്തുന്ന എത്ര അദ്ധ്യാപകവിദ്യാർത്ഥികളുണ്ടു്;

(ബി) ഗവൺമെൻറ് സർവ്വീസിൽ ജോലിചെയ്തിരുന്ന എത്ര പേരെ ട്രെയിനിംഗ് കഴിക്കുവാൻ തിരഞ്ഞെടുത്തിട്ടുണ്ടു്;

(സി) അവരിൽ എത്ര പേർ തിരുവിതാംകൂർ വിഭാഗത്തിൽ ട്രെയിനിംഗ് കഴിക്കുന്നു; എത്ര പേർ കൊച്ചിവിഭാഗത്തിൽ ട്രെയിനിംഗ് കഴിക്കുന്നു;

(ഡി) കൊച്ചി വിഭാഗത്തിൽ സ്റ്റൈപ്പൻറായി നൽകുന്നതെത്ര സംഖ്യയാണ്; തിരുവിതാംകൂർ വിഭാഗത്തിൽ എത്ര സംഖ്യയാണ് നൽകുന്നതു്;

(ഈ) ബി. ടി. കോഴ്സ് കഴിക്കുന്നവർക്കു മുഴുവൻ ശമ്പളവും അലവൻസും സ്റ്റൈപ്പൻറായി നൽകുന്നുണ്ടോ;

(എഫ്) പ്രാഥമികാദ്ധ്യാപകന്മാർക്കു മുഴുവൻ ശമ്പളവും അലവൻസും സ്റ്റൈപ്പൻറായി നൽകാത്തതു് എന്തുകൊണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൩൭൩൦.

(ബി) ൪൪൯.

(സി) തിരുവിതാംകൂർ വിഭാഗം ൨൪൭; കൊച്ചി വിഭാഗം ൧൯൭.

(ഡി) കൊച്ചി വിഭാഗത്തിലെ സർക്കാർസ്കൂളുകളിൽ നിന്നും, പ്രൈവറ്റ് സ്കൂളുകളിൽനിന്നും സെക്കണ്ടറി ട്രെയിനിംഗിനു പോകുന്ന അദ്ധ്യാപകവിദ്യാർത്ഥികൾക്കു് അവർ ട്രെയിനിംഗിനു പോകുന്ന സമയത്തു് വാങ്ങിച്ചിരുന്ന ശമ്പളത്തിൻെറ പകുതി (൨൦) രൂപയിൽ കുറയാതെയാണു് സ്റ്റൈപ്പൻറായി കൊടുക്കുന്നതു്. ഈ സ്റ്റൈപ്പൻറിനു പുറമെ സാധാരണ - നിരക്കിലുള്ള ക്ഷാമബത്തയും കൊടുക്കുന്നുണ്ടു്. എന്നാൽ ൧൧൧൭-ൽ സ്കൂൾ തുറന്നതിനുശേഷം നിയമിതരായിട്ടുള്ള പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും ൪൭-നുശേഷം സർക്കാർസർവ്വീസിൽ പ്രവേശിച്ച സർക്കാർസ്കൂൾ അദ്ധ്യാപകന്മാർക്കും സ്റ്റൈപ്പൻറും ക്ഷാമബത്തയും കൊടുക്കുന്നില്ല.

തിരുവിതാംകൂർ വിഭാഗത്തിലെ സർക്കാർ സ്കൂളുകളിൽനിന്നും ട്രെയിനിങ്ങിനു പോകുന്ന അദ്ധ്യാപകവിദ്യാർത്ഥികൾക്കു് ൨൦ രൂപാവീതം സ്റ്റൈപ്പൻറായി കൊടുക്കുന്നുണ്ടു്. പ്രൈവറ്റ് സ്കൂളുകളിലെ മാനേജർ ഓരോ അദ്ധ്യാപകവിദ്യാർത്ഥികൾക്കും വേണ്ടി ൧൦ രൂപയിൽ കവിയാത്തതായ സ്റ്റൈപ്പൻറ് കൊടുത്തുവരുന്നുണ്ടു്.

സ്പെഷ്യലിസ്റ്റുകൾക്കു രണ്ടു വിഭാഗത്തിലുള്ളവർക്കും ഒരേ രീതിയിലാണു് സ്റ്റൈപ്പൻറ് കൊടുക്കുന്നതു്. സർക്കാർ സ്കൂളുകളിൽനിന്നു പോകുന്നവർക്കു അവർ ട്രെയിനിംഗിനു പോകുന്ന സമയത്തു് വാങ്ങിയിരുന്ന ശമ്പളമാണു് സ്റ്റൈപ്പൻറായി കൊടുക്കുന്നതു്. ഇതു ൪൦ രൂപയിൽ കൂടുവാൻ പാടില്ല. അവർ ട്രെയിനിംഗിനു പോകുന്നതിനു തൊട്ടു മുമ്പു വാങ്ങിയിരുന്ന ക്ഷാമബത്തയും അവർക്കു കൊടുക്കുന്നുണ്ടു്. എന്നാൽ പ്രൈവറ്റ്സ്കൂളുകളിലെ സെക്കണ്ടറി വിഭാഗത്തിൽനിന്നും ട്രെയിനിംഗിനു പോകുന്ന ഭാഷാദ്ധ്യാപകന്മാർക്കു് സ്റ്റൈപ്പൻറിനു പുറമെ ക്ഷാമബത്തയുടെ പകുതിഭാഗം മാത്രമേ ഗവൺമെൻറിൽനിന്നു കൊടുക്കുന്നുള്ളു.

ചേർപ്പിലെ ബേസിക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷനിൽ ട്രെയിനിംഗിനു പോയിരിക്കുന്നവർക്കു അവരുടെ സിലക്ഷനു മുൻപു വാങ്ങിയിരുന്ന ശമ്പളം സ്റ്റൈപ്പൻറായി കൊടുത്തുവരുന്നു.

(ഈ) ഉണ്ടു്.

(എഫ്) ഈ കാര്യം ഗവൺമെൻറ് ആലോചിക്കുന്നതാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തിരുവിതാംകൂറിലെ അദ്ധ്യാപകവിദ്യാർത്ഥികളുടെ സ്റ്റൈപ്പൻറ് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെ

ൻറിൻെറ പരിഗണനയിൽ ഇരിക്കുന്നുവെന്ന് പറയുകയുണ്ടായിട്ടുണ്ട്. അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി നടത്തിയോ?

ശ്രീ. എ. ജെ. ജോൺ: ഗവമ്മെൻറ് ഈ വക സംഗതികളിൽ നടപടി എടുത്തുവരുന്നുണ്ട്.

ஸ்ரீ. ஸி. சங்கர் : கவர்மெண்ட் சர்வீஸில் Training school-ல் உள்ள உபாத்தியாயர்களில் தமிழர்கள் எத்தனை? மலையாளிகள் எத்தனை?

ശ്രീ. എ. ജെ. ജോൺ: അതിൻെറ കണക്കുകൾ എൻെറ കയ്യിലില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സ്റ്റൈപ്പൻറ് കൊടുക്കാതിരുന്നതിനെപ്പററി പരാതി വല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കിട്ടിയിട്ടുള്ളതായി തോന്നുന്നില്ല.

ശ്രീ. പി. ഭാസ്കരൻനായർ: ബേസിക്ക് ട്രെയിനിംഗ് നടത്താൻ ഉള്ള കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ: ആ സ്കീം നടപ്പിൽ വരുത്തണമെന്നുള്ളതുകൊണ്ടാണ്.

## സ്റ്റേററ് ട്രാൻസ്പോർട്ടുതൊഴിലാളികൾ

*൩൦ (൩) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ:—

(എ) സ്റ്റേററ് ട്രാൻസ്പോർട്ട് വർക്ക്ഷാപ്പുകളിൽ ഫാക്ടറി ആക്ട് ബാധകമാണോ;

(ബി) ആണെങ്കിൽ, അതനുസരിച്ചുള്ള പല അവകാശങ്ങളും ഇന്ന് അവിടങ്ങളിലെ തൊഴിലാളികൾക്ക് നിഷേധിക്കപ്പെട്ടിരിക്കയാണെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) തങ്ങളുടെ സേവനവേളയിൽ അപകടം സംഭവിക്കുന്ന സ്റ്റേററ് ട്രാൻസ്പോർട്ടുപോർട്ടർമാർക്ക് കോമ്പൻസേഷൻ ആക്ടിൻെറ വെളിച്ചത്തിൽ നഷ്ടപരിഹാരം നൽകാനുള്ള ബാദ്ധ്യത ആർക്കാണ്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി

(ശ്രീ. കളത്തിൽ വേലായുധൻനായർ):

(എ) അതേ.

(ബി) ഇല്ല.

(സി) പോർട്ടർമാർ വർക്ക്മെൻസ് കോമ്പൻസേഷൻ അനുസരിച്ച് അതിൽ ഉൾപ്പെടുന്നില്ല. അതിനാൽ അതനുസരിച്ച് ഗവമ്മെൻറ് കോമ്പൻസേഷൻ കൊടുക്കാൻ ബാദ്ധ്യതപ്പെട്ടവരല്ല.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഡെയിലിവേജസ്കാർക്ക് ൧൦ ദിവസത്തെ ക്യാഷ്വൽലീവ്, പ്രൊട്ടക്ഷൻ ഡ്രസ് ഇവ അനുവദിച്ചിട്ടില്ലെന്ന് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അറിഞ്ഞുകൂടാ.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: മൂന്നു മാസം ജോലിചെയ്താൽ അവർക്ക് സ്ഥിരസേവനക്കാരെപ്പോലെ ഈമാതിരി അവകാശങ്ങൾ കൊടുക്കേണ്ടതാണെന്ന് നിയമമില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെയുള്ളതായി അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ൬൦-ൽ കൂടുതൽ ആളുകൾ ജോലി ചെയ്യുകയാണെങ്കിൽ അതു് ഫാക്ടറിനിയമത്തിൽ ഉൾപ്പെടുന്നതാണെന്നു് നിയമമില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇതു് ഫാക്ടറിനിയമത്തിൽ പെടുത്തിവരുന്നതേയുള്ളു.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഈ പോർട്ടേഴ്സിനു് സമയാസമയങ്ങളിൽ ശമ്പളം കൊടുക്കാറില്ലെന്നു് ഗവണ്മെന്റിനു അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അറിഞ്ഞുകൂടാ.

*ஸ்ரீ. ஸி. சங்கர்: நாகர்கோவில் ஒர்க் ஷாப்பில் வேலை செய்யக்கூடிய தொழிலாளர்களுக்கு லஞ்ச் டயத்தில் ரெஸ்ட் எடுப்பதற்கும், சாப்பிடப்போவதற்கும் போன்ற மற்று காரியங்களுக்கு வேண்டிய வசதிகள் செய்யப்படவில்லை என்பது மந்திரி அவர்களுக்குத் தெரியுமா ?*

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ ചോദ്യം ഇതിൽനിന്നും ഉദിക്കുന്നില്ല.

ശ്രീ. നീലകണ്ഠരു പണ്ടാരത്തിൽ: ൬൦ മാസങ്ങളിൽ കൂടുതൽ ആയി ജോലിചെയ്തിട്ടുള്ള തൊഴിലാളികളെ കാരണംകൂടാതെ പിരിച്ചുവിടാറുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അറിയാൻ പാടില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ട്രാൻസ്പോർട്ടു് വർക്ക്ഷാപ്പിൽ ഇങ്ങനെയുള്ള ജോലിക്കാർ എത്രപേരുണ്ടെന്നു് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ടറി യൂണിയൻ ആക്ടനുസരിച്ചു് ഇതു് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇതുവരെ രജിസ്റ്റർചെയ്യാതിരിക്കുന്നതിനു കാരണമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: നടപടി ഇതുവരെ പൂർത്തിയാകാത്തതെന്തുകൊണ്ടാണു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെപ്പറ്റി ലേബർ കമ്മീഷണർ മുതലായവരുമായി ആലോചിച്ചു വേണ്ടതു ചെയ്തുകൊണ്ടിരുന്നു. പത്മാലോചന പൂർത്തിയായി. ഉടൻതന്നെ രജിസ്റ്റർ ചെയ്യുന്നതാണു്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഗവണ്മെന്റു് വ്യവസായസ്ഥാപനങ്ങളെല്ലാം രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ടറി ആക്ട്പ്രകാരം ഇതുവരെ രജിസ്റ്റർചെയ്യാതിരുന്നതിനു ട്രാൻസ്പോർട്ടുഡയറക്ടരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിന്റെ ആവശ്യം ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇതുവരെ രജിസ്റ്റർചെയ്യാതിരുന്നതു നിയമവിരുദ്ധമല്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: നിയമവിരുദ്ധമല്ല; പക്ഷേ തെററായിരുന്നേക്കാം.

ஸ்ரீ. ஸி. சங்கர்: Factory Act பிரகாரம், ரெஸ்ட் எடுப்பதற்கும் சாப்பிடுவதற்கும் வேண்டி தொழிலாளர்களுக்கு வேண்டிய வசதிகள் செய்துகொடுக்கவேண்டாமா?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനു് വകുപ്പുണ്ടോ എന്നു നോക്കട്ടെ. ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഇതുമാതിരി നിയമപ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പഠിക്കുന്നതിനു മുമ്പ് പഠിച്ച അഡ്വക്കേററ് ജനറൽ സഭയിൽ ഉള്ളപ്പോൾ അദ്ദേഹത്തെക്കൊണ്ടു് പറയിപ്പിക്കുന്നതു് നന്നായിരിക്കുകയില്ലേ?

**Mr. Speaker:** That is exactly the suggestion that I made before the House yesterday. If the questions are such that the Members in charge deem it necessary to 'claim notice', it is for the hon. Members not to put such questions. That is to say, Members may remember that they put questions which naturally arise from the main questions or answer given and are, therefore, necessary supplementaries to them.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ററി ആക്ട് അനുസരിച്ചു് ഒരു വർക്ക്ഷാപ്പ് രജിസ്റ്റർ ചെയ്യാതിരുന്നതുകൊണ്ടു് തൊഴിലാളികൾക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനു് ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും യാതൊരവകാശങ്ങളും നഷ്ടപ്പെട്ടിട്ടില്ല. ഫാക്ററി ആക്ട് അനുസരിച്ചുള്ള എല്ലാ അവകാശങ്ങൾക്കും പുറമെ ടി. എസ്സ്. ആർ. അനുസരിച്ചുള്ള അവകാശങ്ങളും അവർക്കു് ലഭിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇവിടെ അറിവില്ലെന്നു സമ്മതിച്ച ചില കാര്യങ്ങളും അറിവില്ലാത്ത മററു കാര്യങ്ങളും അറിയുന്നതിനു് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിവില്ലാത്ത പല കാര്യങ്ങളും അറിയുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

## HOUSING SCHEME

***31.** [4] **Shri R. Gangadharan:** Will the Minister for Housing be pleased to state:

(*a*) how many houses have been constructed in accordance with the Housing Scheme of the Government;

(*b*) what is the criterion adopted in the selection of localities for the construction of those Houses;

(*c*) what are the names of those localities ; and

(*d*) whether the Government propose to constitute a Housing Committee to manage the working of the Housing Scheme ?

*Minister for Local Self-Government* **(Shri K. Kochukuttan):**

(*a*) 266 houses

(*b*) Availability of Government poromboke land or other suitable lands, competent Co-operative Society or other agencies who are prepared to take up the responsibility of working the scheme and demand from the local people are some of the considerations adopted in the selection of localities ;

(*c*) The localities where the construction of houses is completed are:

1. Cape Comorin
2. Theroor
3. Enayam
4. Vizhinjam
5. Trivandrum (Thamalam)
6. Quilon
7. Punalur
8. Kumarakam
9. Alleppey
10. Thevara
11. Irinjalakuda
12. Alwaye
13. Edavilangu

(*d*) No.

ശ്രീ. ആർ. ഗംഗാധരൻ: ഈ സംസ്ഥാനത്തുള്ള വീടില്ലാത്തവരുടെ ഒരു കണക്ക് ഗവമ്മെൻറ് എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവമ്മെൻറ് കണക്കെടുത്തുവരികയാണ്. തീർന്നിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: പണികഴിപ്പിച്ചിട്ടുള്ള വീടുകൾ നശിച്ചുപോയിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ അറിവില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ പദ്ധതിയനുസരിച്ചു ഉണ്ടാക്കുന്ന കെട്ടിടങ്ങൾക്ക് വാടക വസൂലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ കെ. കൊച്ചുകുട്ടൻ: അതിനു നോട്ടീസുവേണം.

ஸ்ரீ. ஸி. சங்கர்: இது வரை எத்தனை வீடுகள் கட்டிக் கொடுக்கப்பட்டுள்ளன ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എത്ര വീടുകൾ കൊടുത്തിട്ടുണ്ടെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇടവിളങ്ങിലുള്ള വീടുകൾക്ക് മാസം ൧൨ രൂപാ വാടക നിശ്ചയിക്കാൻ പോകുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ അറിയാൻ പാടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: കശുവണ്ടി തൊഴിലാളികൾക്ക് പ്രത്യേകം വീടുകൾ ഉണ്ടാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവക്കായി പ്രത്യേകം ഉണ്ടാക്കിയിട്ടില്ല. ഇൻഡസ്ട്രിയൽ ലേബറേഴ്സിൻെറ കൂട്ടത്തിൽ കശുവണ്ടിതൊഴിലാളികളും ഉൾപ്പെടും.

**Shri M. M. Abdul Khader:** Will the hon'. Speaker be kind enough to turn to this direction also?

**Mr. Speaker:** Certainly.

ശ്രീ. ടി. എസ്. രാമസ്വാമി പിള്ള: തേരൂർ എത്ര വീട് ഉണ്ടാക്കിയിട്ടുണ്ടെന്നും ആർക്കെല്ലാമാണ് കൊടുത്തിട്ടുള്ളതെന്നും പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൨൦ വീടുകൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ആർക്കെല്ലാമാണ് കൊടുത്തിട്ടുള്ളതെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. എസ്. രാമസ്വാമി പിള്ള: അലോട്ട് ചെയ്തുകഴിഞ്ഞോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കഴിഞ്ഞു.

ശ്രീ. ടി. എസ്. രാമസ്വാമി പിള്ള: ൨൦ വീടുകളിൽ ആഗ്രികൾച്ചറൽ ലേബറേഴ്സ് ആരുമില്ലെന്നും ഒരു കോൺഗ്രസ് സെക്രട്ടറിയും അദ്ദേഹത്തിന്റെ ആളുകളുമാണ് അവിടെയുള്ളതെന്നും അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ വീട് ആർക്ക് ആവശ്യമുണ്ടോ അവർക്കാണ് കൊടുത്തിട്ടുള്ളത്.

ശ്രീ. ടി. എസ്. രാമസ്വാമി പിള്ള: വീട് കൊടുത്തിട്ടുള്ളവരിൽ ആരും ആഗ്രികൾച്ചറൽ ലേബറേഴ്സ് അല്ലെന്ന് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവമ്മെൻറിന് അറിവില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിൽ വടക്കൻ താലൂക്കുകളെക്കൂടി ഗവമ്മെൻറ് ദയവായി ഓർക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വടക്കൻതാലൂക്കുകളേയും ഈ സ്കീമിൽ പെടുത്തിയിട്ടുണ്ട്.

ശ്രീ. കുഞ്ഞിത്തൊമ്മൻ: കുന്നത്തുനാട് താലൂക്കിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉൾപ്പെടുത്തിയിട്ടില്ല. അവിടെയും വീടുകൾ ആവശ്യമുണ്ടെങ്കിൽ ഉൾപ്പെടുത്താം.

ശ്രീ. എം. എം. അബ്ദുൾഖാദർ: വീടുകൾ ആർക്കെല്ലാമാണ് കൊടുത്തിട്ടുള്ളതെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. അബ്ദുൾഖാദർ: വീട് കൊടുക്കാനുള്ള പരിഗണനകൾ എന്താണെന്ന് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: മുൻപു വായിച്ച ലിസ്റ്റ് അനുസരിച്ച് ആർക്കെല്ലാം ആവശ്യമുണ്ടോ അവർക്കെല്ലാം വീട് ഉണ്ടാക്കിക്കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. അയ്യപ്പൻ പഴയാർത്തുണ്ടി: ഹരിജനങ്ങൾ അല്ലാത്തവർക്കും വീട് കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കൊടുക്കുന്നുണ്ട്.

### RESIDENTIAL QUARTERS TO THE COASTAL PEOPLE

*32. [5] **Shri Kunjan Nadar:** Will the Minister for Land Revenue be pleased to state:

(*a*) whether the Government received any representation for the acquisition of land for residential quarters to the coastal people of Paruthiyoor and Kollamcode (Kulathoor pakuthy, Neyyattinkara);

(*b*) if so, what steps are taken?

*Minister for Local Self-Government* **(Shri K. Kochukuttan):**

(*a*) Yes;

(*b*) The matter is engaging the attention of Government.

ശ്രീ. കുഞ്ഞൻനാടാർ: അപേക്ഷ കിട്ടിയിട്ട് എത്ര കൊല്ലമായി യെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൧൨–൧൧–൧൧൨൬-ൽ ആണ് അപേക്ഷ കിട്ടിയതായി അറിയുന്നതു്.

ശ്രീ. കുഞ്ഞൻ നാടാർ: അനേകം കുടുംബക്കാർ വീടില്ലാത്തവരായുണ്ടെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതുകൊണ്ടാണ് ഗവമ്മെൻറ് അന്വേഷണം നടത്തിവരുന്നതു്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: സ്ഥലമെടുക്കുമ്പോൾ കുടികിടപ്പുകാർ പല സ്ഥലങ്ങളിൽനിന്നും ഇറങ്ങേണ്ടതായി വരുമെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ധാരാളം സ്ഥലമുള്ള ആളുകളിൽനിന്നു സ്ഥലമെടുക്കുമ്പോൾ അങ്ങനെ ഒരു ബുദ്ധിമുട്ടുവരുന്നതല്ല. കുടികിടപ്പുകാരെ ബുദ്ധിമുട്ടിക്കാതെതന്നെ സ്ഥലമെടുക്കും.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: കൃഷ്ണപുരത്തു ധാരാളം ആളുകൾ ഇങ്ങനെ കഷ്ടപ്പെടുന്നുണ്ടു്. അതുസംബന്ധിച്ചു നിവേദനങ്ങൾ നടത്തിയിട്ടും ഫലമൊന്നുമുണ്ടാകാതെ അവർ റോഡിൽതന്നെയാണ് കിടക്കുന്നതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതെല്ലാം ശ്രദ്ധിക്കാം. ഇറങ്ങിപ്പോയ ആളുകൾക്കും ഈ സ്കീമിന്റെ ഗുണം കിട്ടും.

## STATE TRANSPORT BUSES

**33.** [6] **Shri Kunjan Nadar:** Will the Minister for State Transport be pleased to state:—

(*a*) the number of State Transport buses plying in the routes south of Trivandrum and the number in other routes in the State of Travancore-Cochin; and

(*b*) the net income derived from the routes south of Trivandrum and that derived from the other routes in the years 1949, 1950 and 1951 respectively?

*Minister for Works and Transport* **(Shri Kalathil Velayudhan Nair):**

(*a*) 60 and 181 respectively;

(*b*) Route-war net income account is not available as the accounts are maintained for the whole department.

ശ്രീ. കുഞ്ഞൻനാടാർ: മററു റോഡുകളിൽ ഓടി നാശമായ ബസ്സുകളാണ് കിഴക്കൻ റോഡുകളിൽ ഓടുന്നതെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അറിയാൻ പാടില്ല.

ശ്രീ. കുഞ്ഞൻനാടാർ: തെക്കൻ റോഡുകളിൽ ഓടുന്ന ബസ്സുകൾ പൊതുവേ മൂട്ടയുടേയും മററും ശല്യംകൊണ്ടു് യാത്രക്കാർക്കു് വളരെ അസൗകര്യമുണ്ടാക്കുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: അടുത്തകാലത്തു ബഹുമാനപ്പെട്ട മന്ത്രിമാർ ആരെങ്കിലും ട്രാൻസ്പോർട്ട് വണ്ടിയിൽ യാത്ര ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബഹുമാനപ്പെട്ട മെമ്പറേക്കാൾ എത്രയോ കൂടുതൽ യാത്ര ചെയ്തിട്ടുണ്ടു്.

ശ്രീ. ആർ. സുഗതൻ: ബഹുമാനപ്പെട്ട മന്ത്രിമാർ അങ്ങനെ യാത്ര ചെയ്യുമ്പോൾ റോഡിൽക്കൂടി ഓടിപ്പോകുന്ന വണ്ടി ചിലസ്ഥലത്തു ചെല്ലുമ്പോൾ ചാടാറുള്ളതായി അറിഞ്ഞിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞിട്ടുണ്ടു്.

ശ്രീ. ആർ. സുഗതൻ: അതിനു കാരണമെന്താണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: റോഡിൽ ചിലടത്തു് കുഴികളുള്ളതാണു് അതിനു് ഒരു കാരണം. അതു പരിഹരിക്കാൻ ശ്രമിക്കയാണു്.

*ஸ்ரீ. ஸி. சங்கர்: தென் திருவிதாங்கூரில் 60 பஸ்கள் ஓடுவதாக மந்திரி அவர்கள் கூறினீர்கள். ஆனால் டிரான்ஸ்போர்ட் டயரக்டர் 30 பஸ்கள் தான் ஓடுகிறது என்று கூறுவது மந்திரி அவர்களுக்குத் தெரியுமா?*

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൬൦ ബസ്സാണു് തെക്കൻ തിരുവിതാംകൂറിൽ ഓടുന്നതെന്നു ട്രാൻസ്പോർട്ട് ഡയറക്ടർ പറഞ്ഞിരിക്കാനിടയില്ല. ൩൦ ബസ്സാണു് ഓടുന്നതു്.

ശ്രീ. എം. എം. അബ്ദുൽഖാദർ: ട്രാൻസ്പോർട്ടു് വണ്ടികൾ ഓടാത്ത സ്ഥലങ്ങളിൽ പ്രൈവററു കമ്പനിക്കാർക്കു് ബസ്സു് ഓടിക്കുന്നതിനുള്ള മോണോപ്പളി കൊടുത്തുവരുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അറിവില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: പുനലൂരേക്കുള്ള വണ്ടി കൊട്ടാരക്കര എത്തുമ്പോൾ പുനലൂരാണെന്നുള്ള പരിഗണനയിൽ മടങ്ങിപ്പോരുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതുവരെ അറിവില്ല. ഇനി ശ്രദ്ധിക്കാം.

### SAHITYA VISARAD AND TAMIL VIDWAN EXAMINATIONS

**34.** [7] **Shri Kunjan Nadar:** Will the Minister for Education be pleased to state.—

(*a*) whether Sahitya Visarad and Tamil Vidwan Examinations are equivalent and recognised as such;

(*b*) whether Sahitya Visarad passed candidates are allowed to appear for B. A. degree examination privately; and

(*c*) is the same privilege given to Tamil Vidwans: if not, why that privilege is not given?

*Chief Minister* **(Shri A. J. John):**

(*a*) Yes, Sahityavisarad Title in Malayalam and Vidwan Title in Tamil are treated on a par for purposes of appointment as teachers in the respective languages and for admission to higher studies.

(*b*) Bona fide teachers who are Sahityavisarad Title holders are allowed to appear for the B. A. degree examination of the University of Travancore privately.

(c) This has not been given so far. But necessary steps have already been taken in the matter by the University.

ശ്രീ. കുഞ്ഞൻ നാടാർ: തമിഴ് വിദ്വാൻ പരീക്ഷയുള്ളവരെ ബി. എ. ക്ക് എഴുതാൻ അനുവദിക്കാതിരിക്കാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. ഏ. ജെ. ജോൺ: ഗവമ്മെണ്ടല്ല അതാലോചിക്കേണ്ടതു്; യൂണിവേഴ്സിറ്റിയാണു്.

**Shri A. Chidambaranatha Nadar:** Is it not the duty of the Government to look into such matters?

ശ്രീ. ഏ. ജെ. ജോൺ: അതു് യൂണിവേഴ്സിറ്റിയോടു് ആലോചിക്കേണ്ട സംഗതിയാണു്. ഗവമ്മെണ്ടിനു അതിൽ പ്രവേശിച്ചു് ഒരു ഡയറക്ഷൻ കൊടുക്കാൻ നിവൃത്തിയില്ല.

**Shri A. Chidambaranatha Nadar:** The hon. Minister says that the Malayalam Vidwan title holders are allowed to sit for the B. A. degree Examination while the Tamil Vidwan title holders are not allowed. Is it not high time on the part of Government to look into such disparities?

**Shri A. J. John:** That is why I said that the University is looking into that matter.

## PRICE OF COCOANUTS

35. [8] **Shri R. Gangadharan:** Will the Minister for Industries be pleased to state.—

(a) is it a fact that there is a considerable fall in the price of cocoanuts;

(b) what are the reasons for the same; and

(c) do the Government intend to take necessary steps in this connection?

*Minister for Finance & Civil Supplies* **(Shri Panampilli Govinda Menon):** (a) It is a fact that there is a considerable fall in the price of cocoanuts in recent days.

(b) The main reasons are the following:—

(i) There is a general slump in the price of commodities;

(ii) The Government of India have reduced the import duty of cocoanut oil and copra;

(iii) A Trade Agreement has been signed between India and Ceylon by which India is free to get her requirements estimated at 50,000 tons in terms of cocoanut oil from Ceylon.

(c) This is a matter in which the State Government on occount of its limited powers which are enumerated can do very little. This is a matter for the Central Government to decide and accordingly this Government has taken up the matter with the Central Government and correspondence is going on.

ശ്രീ. ആർ. ഗംഗാധരൻ: തേങ്ങയുടെ വില കുറഞ്ഞതുകൊണ്ടു് സംസ്ഥാനത്തുള്ള ധനസ്ഥിതിയ്ക്കു് കുറവു വന്നിട്ടുണ്ടെന്നു ഗവമ്മെണ്ടിനു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ പറയാതെതന്നെ അതു് അറിയാമെന്നുള്ളതാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇൻഡ്യാഗവമെണ്ട് ഈ കരാറിൽ ഏർപ്പെടുന്നതിനുമുമ്പായി ഈ ഗവമെണ്ടുമായി വല്ല ആലോചനയും നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഉത്തര ഇൻഡ്യയിലുള്ള ഏതാനും സോപ്പു നിർമ്മാണ വ്യവസായികളെ സഹായിക്കുന്നതിനാണ് ഇൻഡ്യാഗവമെണ്ട് ഈ ഡ്യൂട്ടി കുറവുചെയ്തിട്ടുള്ളതെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്ക് ഒഫീഷ്യലായി അറിഞ്ഞുകൂടാ. ഇൻഡ്യയിലെ വ്യവസായത്തിന് ആവശ്യമായ എണ്ണ ഇല്ലാത്തതുകൊണ്ടാണ് അങ്ങനെ ചെയ്തതെന്നു ഞാൻ ധരിച്ചിട്ടുണ്ട്.

ശ്രീ. അവിരാതരകൻ: നാളികേരം കൂടുതൽ ഇറക്കുമതി ചെയ്യുന്നതു് ലിവർ ബ്രദേഴ്സിനു വേണ്ടിയാണെന്നുള്ള വിവരം ഗവമെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിവില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇതു സംബന്ധിച്ചു വല്ല നടപടികളും ഈ ഗവമെണ്ട് എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ഈ ഗവമെണ്ട് ഇൻഡ്യാഗവമെണ്ടുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇതുവരെയായി വല്ല തീരുമാനവും ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതേ വരെ തീരുമാനമൊന്നുമുണ്ടായിട്ടില്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഇങ്ങിനെ ഈ വില ഇടിവ് നാട്ടിലെ സാമ്പത്തികസ്ഥിതിക്ക് നല്ലതാണെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒരഭിപ്രായം ഗവമെണ്ടിനു ലേശവും ഇല്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: അപ്പോൾ ഗവമെണ്ട് ഇതേ സംബന്ധിച്ച് ഇൻഡ്യാഗവമെണ്ടിൽ പോയി നിവേദനം നടത്തി തീരുമാനം ഉണ്ടാക്കേണ്ടതല്ലായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടെ പോയി നിവേദനം നടത്തിയില്ല. പക്ഷെ നിവേദനം നടത്തിയിട്ടുണ്ട്.

ശ്രീ. അവിരാതരകൻ : സാട്ടാ കച്ചവടം ഇല്ലാതാക്കിയാൽ ഈ വിലയിടിവ് ഉണ്ടാകാതിരിക്കയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതേപ്പററി ഈ അവസരത്തിൽ അഭിപ്രായം പറയാൻ ഒരുങ്ങുന്നില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഈ വിലയിടിവിന് ഒരു പരിഹാരം ഉണ്ടാക്കുന്നതിനായി വല്ല നടപടികളോ, നിർദ്ദേശങ്ങളോ ഇൻഡ്യാഗവമെണ്ടിൽ സമപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യാഗവമ്മെണ്ടിൽ നിവേദനം നടത്തിയിട്ടുണ്ട്. തീരുമാനമൊന്നുമായിട്ടില്ല എന്നല്ലാതെ അതിനിപ്പോൾ മറുപടി പറയാൻ ഞാൻ ഒരുങ്ങുന്നില്ല.

ശ്രീ. ടി. എ. മജീദ്: ഈയിടെ ബാംഗ്ളൂർ വച്ച് നടന്ന യോഗത്തിൽ വല്ല തീരുമാനങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുകൂടാതെ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മജീദ്: ബാംഗ്ളൂർ വച്ച് നടന്ന യോഗത്തിൽ നാളികേരത്തിന്റെ വിലയിടിവിനെപ്പററി ഭിന്നാഭിപ്രായമാണ് ഉന്നയിച്ചതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. അവിരാതരകൻ: ഇതേസംബന്ധിച്ച് കോക്കനട്ട് കമ്മിററിയുടെ അഭിപ്രായം വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലഭിച്ചിട്ടില്ല.

**Shri K. Balakrishna Menon:** May I know whether this Government will examine the voluntary price?

**Shri Panampilli Govinda Menon:** That is a matter of opinion which I don't want to divulge now.

**Shri K. Balakrishna Menon:** What exactly is the attitude of this Government, I want to know.

**Shri Panampilli Govinda Menon:** That is again divulging information.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ വിലയിടിവ് നിമിത്തം കൂടുതൽ വിഷമതകൾ അനുഭവിക്കുന്നത് ഏതു സ്റ്റേറാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാളികേരോല്പന്നങ്ങളുടെ വിലയിടിവുനിമിത്തം കൂടുതലായി അഫക്ട് ചെയ്തിട്ടുള്ളത് ഈ രാജ്യത്തെയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങിനെ ഈ രാജ്യത്തെ കൂടുതൽ അഫക്ട് ചെയ്യുന്ന ഒരു കാര്യത്തെ സംബന്ധിച്ച് ഇൻഡ്യാഗവമ്മെന്റുമായി ആലോചിച്ച് അതിലേയ്ക്കു വല്ല നടപടികളും നിവേദനങ്ങളും നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേയ്ക്കു ഈ ഗവമ്മെന്റു പ്രധാനമായി ചെയ്തിട്ടുള്ളതിൽ ഒന്ന് നിവേദനം നടത്തി എന്നുള്ളതാണ്. ഇതിനു തീരുമാനം ഉണ്ടാക്കേണ്ടതും ഇൻഡ്യാഗവമ്മെന്റാണ്. നമുക്ക് ഈവക കാര്യങ്ങളിൽ ലിമിറെറഡ് പവേഴ്സ് ആണുള്ളത്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അതിനു അവർ പരിഹാരമുണ്ടാക്കിയില്ലെങ്കിൽ വല്ല പ്രതിഷേധ നടപടികളും എടുക്കാമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രതിഷേധിക്കാം എന്നല്ലാതെ അവരുടെ പേരിൽ നടപടികൾ എടുക്കാൻ ഈ ഗവമ്മെന്റിനു നിവൃത്തിയില്ല.

ശ്രീ. ടി. വി. തോമസ്സ്: നമുക്ക് ലിമിറ്റെഡ് പൗവ്വേഴ്സേ ഉള്ളു എന്നു പറഞ്ഞു, അപ്പോൾ ഇതിനു ഒരു തീരുമാനമുണ്ടാക്കാൻ അവർ കാലതാമസമുണ്ടാക്കിയാൽ അതു നമ്മുടെ സ്റ്റേറ്റിന്റെ സാമ്പത്തികസ്ഥിതിയെ ബാധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഇൻഫ്ളേഷൻ ഡിഫ്ളേഷൻ മുതലായവ തടയുന്നതിനു ഇൻഡ്യാ ഗവമ്മെൻറിന്റെ അധികാരത്തോടുകൂടിയല്ലാതെ ഈ ഗവമ്മെൻറിനൊന്നും ചെയ്യാൻ കഴികയില്ല.

ശ്രീ. ടി. വി. തോമസ്സ്: തൻമൂലം ഈ സ്റ്റേറ്റിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമായിപ്പോകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണ് ഞാൻ പറഞ്ഞതു്, ഈ ഇംപോർട്ട് ഡ്യൂട്ടി കുറയ്ക്കുക മുതലായ കാര്യങ്ങൾ എല്ലാം ചെയ്യുന്നതു് സ്റ്റേറ്റ് ഗവമ്മെൻറുകൾക്ക് സാധിക്കാവുന്നതല്ല, അതെല്ലാം ഇൻഡ്യാഗവമ്മെൻറിനെ സാധിക്കുകയുള്ളു എന്നു്.

## വക്കം ഇൻസ്പെക്ടരുടെ പേരിൽ പരാതി

*൩൯. (൭൦) ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു് വക്കം പോലീസ് ഇൻസ്പെക്ടർ നെടുങ്ങണ്ടക്കാരൻ ബാലൻ എന്ന ആളിനെ ഐക്യമുന്നണി പ്രവർത്തകനല്ലേ എന്നു ചോദിച്ചുകൊണ്ടു് വക്കം ലാക്കപ്പിൽവെച്ചു മർദ്ദിച്ചതിനെക്കുറിച്ചു് ഗവമ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടി നടത്തി;

(സി) വക്കം ഇൻസ്പെക്ടരുടെ പേരിൽ ഇതിനുമുമ്പ് എത്ര പരാതികൾ കിട്ടിയിട്ടുണ്ടു്;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിട്ടുണ്ടു്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വറുഗീസ്): ഈ ചോദ്യത്തിനു പൂർണ്ണമായ ഉത്തരം പറയുന്നതിനാവശ്യമായ വിവരങ്ങളെല്ലാം ലഭിച്ചിട്ടില്ല. വിവരങ്ങൾ ലഭിക്കുന്നപക്ഷം ഈ സെഷനിൽതന്നെ സഭയുടെ അനുവാദത്തോടുകൂടി മറുപടി പറയുകയോ മേശപ്പുറത്തു വയ്ക്കുകയൊ ചെയ്യാവുന്നതാണ്. ഇപ്പോൾ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഒരു പോയിൻറ് ആഫ് ആർഡർ. റൂൾ അനുസരിച്ചു് ആവശ്യമായ നോട്ടീസ് കൊടുത്താൽ ചോദ്യങ്ങൾക്ക് ഈ അസ്സംബ്ളിയിൽ സമയത്തിനുത്തരം പറയണമെന്നു പറയുന്നതിനു് സ്പീക്കർക്ക് അധികാരമുണ്ടോ?

**Mr. Speaker:** The matter is this. Members can send questions for answer on a particular date. Hundreds of questions may be received for that day and departmental communications have to be carried on for getting necessary information. And so, the needed answer might not have reached the hon. Minister in charge of the question in time. That is possible.

ശ്രീ. എൻ. രാജഗോപാലൻ നായർ: പല ഡിപ്പാർട്ടുമെൻറുകളിൽനിന്നും കൃത്യമായി മറുപടികൾ ലഭിച്ചുകൊണ്ടിരിക്കേ പോലീസ് ഡിപ്പാർട്ടുമെൻറിൽനിന്നുമാത്രം അതും ചില പ്രത്യേക ഉദ്യോഗസ്ഥന്മാരെ സംബ

ന്ധിച്ചുള്ള ചോദ്യങ്ങൾക്കുമാത്രം മറുപടി ലഭിക്കുന്നതിനു് കാലതാമസം വരുന്നതെന്തുകൊണ്ടാണെന്നു പറയാമോ?

**Mr. Speaker:** That is an insinuation. I do not propose to allow that.

**Shri M. M. Abdul Khader:** On a point of information. Does not the hon. Speaker think that this is a very convenient method of evading inconvenient questions?

**Mr. Speaker:** That is what is permitted under the Rules and Standing Orders. (*Laughter.*)

## കുടികേറിപ്പാർപ്പു സൌകര്യങ്ങൾ

*൱൭. (൧൧) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം ഉത്തരം പറയുമോ.—

(എ) ഈ സംസ്ഥാനത്തുള്ള ജനങ്ങൾ വെളിയിൽ പോയി കുടികേറി പാർക്കുന്നതിനു് അനുകൂലമായ പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നതിനായി ഈ ഗവമ്മെൻറ കേന്ദ്രഗവമ്മെൻറിൻെറ പക്കൽ നിവേദനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനങ്ങളുടെ സ്വഭാവമെന്താണു്;

(സി) അതിനെ സംബന്ധിച്ചു് കേന്ദ്രഗവമ്മെൻറിൽനിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉവ്വു്.

(ബി) നോത്തു ബോർണേ്യാവിലേക്കു് പതിനായിരം കുടുംബങ്ങൾ കുടിയേറിപ്പാർക്കുന്നതിലേയ്ക്കു ആവശ്യമുണ്ടെന്നുള്ള വാത്തയെ അടിസ്ഥാനപ്പെടുത്തി ഈ ഗവമ്മെൻറ് ഇൻഡ്യാഗവമ്മെൻറുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണു്. അതിൻെറ പൂർണ്ണവിവരങ്ങൾ അറിയിക്കണമെന്നു് എഴുതി അയച്ചിരുന്നു.

(സി) ഉണ്ടു്. അതനുസരിച്ചു് മലയായിലെ ഇൻഡ്യൻ പ്രതിനിധി മുഖാന്തിരം അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണു്. വിവരങ്ങൾ ലഭിച്ചാലുടനെ അതു പരസ്യംചെയ്യുന്നതാണു്. ആ വിവരം ഉടനെ ഈ ഗവമ്മെൻറിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ടു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഇതേസംബന്ധിച്ചു് വല്ല നിവേദനങ്ങളും ഗവമ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കിട്ടീട്ടില്ല.

## ഭക്ഷ്യോല്പാദനത്തിനു സഹായധനം

*൱൮. (൧൨) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൬-ലും, ൧൧൨൭-ലും കേന്ദ്രഗവമ്മെൻറിൽനിന്നും ഭക്ഷ്യോല്പാദനത്തിനായി കടമായോ, സഹായധനമായോ എന്തെങ്കിലും സംഖ്യകൾ അനുവദിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ഏതു കൊല്ലത്തിലാണു്;

(സി) എതിനത്തിലാണു് അനുവദിച്ചിട്ടുണ്ടായിരുന്നതു്;

(ഡി) ഈ സംഖ്യകൾ മുഴവനും വാങ്ങി അതാതുകൊല്ലത്തിൽ ചിലവാക്കിയിട്ടുണ്ടോ;

(ഇ) ഈ സംഖ്യകളിൽ ഏതെങ്കിലും തുക ലാപ്സായിപ്പോയി ട്ടുണ്ടോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ): (എ) ൧൲൪൦-ലും ൧൲൫൧-ലും കേന്ദ്രഗവമെന്റിൽനിന്നും ഭക്ഷ്യോൽപാദനത്തിനായി കടമായും സഹായധനമായും സംഖ്യകൾ കിട്ടുകയുണ്ടായിട്ടുണ്ട്.

(ബി) ൧൲൪൲–൧൲൫൦-ലേയ്ക്കും
൧൲൫൦–൫൧-ലേയ്ക്കും
൧൲൫൧–൫൨-ലേയ്ക്കും ആണ്.

(സി) സഹായധനമായും കടമായും കിട്ടിയിട്ടുണ്ട്.

| | |
|---|---|
| ൧൲൪൲–൧൲൫൦-ൽ സഹായധനമായി | ൪൧,൬൨,൩൲൨ രൂ. |
| ആ കൊല്ലത്തിൽ കടമായി | ൧൦,൦൦,൦൦൦ രൂ. |
| ൧൲൫൦–൫൧-ൽ സഹായധനമായി | ൪൩,൩൩,൬൨൩ രൂ. |
| കടമായി | ൧൩,൨൫,൦൦൦ രൂ. |
| ൧൲൫൧–൫൨-ൽ സഹായധനമായി | ൧൨,൮൲,൦൦൦ രൂ. |
| കടമായി | ൧൨,൫൦,൦൦൦ രൂ. |

(ഡി) ഈ സംഖ്യകൾ മുഴവൻ അതാതുകൊല്ലത്തിൽ ചെലവാക്കീട്ടില്ല. ചെലവുകൾ താഴെ പറയുന്ന രീതിയിലാണ്.

൧൲൪൲–൧൲൫൦ൽ ക. ൨൨,൧൬,൮൮൫—൧൧—൨.
൧൲൫൦–൧൲൫൧ൽ ക. ൨൪,൫൩,൪൲൧—൧൧—൧൦.
൧൲൫൧–൧൲൫൨ൽ ക. ൧൩,൨൦,൦൦൦.

(ഇ) ഈ സംഖ്യകളിൽ ഒന്നും ലാപ്സായിപ്പോയിട്ടില്ല. ഓരോ കൊല്ലത്തിലും ബാക്കി വരുന്ന തുക അതിനടുത്ത കൊല്ലത്തിൽ ചെലവഴിക്കുന്നതാണ്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഈ സംഖ്യകൾ അതതു കൊല്ലത്തിൽ ചെലവാകാത്തതു ആക്ടം ആവശ്യമില്ലാത്തതുകൊണ്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ സ്കീം വരുന്ന അവസരങ്ങളിൽ അതു ഗവമെന്റ് പരിശോധിക്കണം. കൂടാതെ പബ്ലിക്ക് ഫണ്ട്സ് ചെലവാക്കേണ്ടിയിരിക്കുന്നതുകൊണ്ടു അതിനു എസ്റ്റിമേറ്റുകൾ തയാറാക്കണം. ഇങ്ങിനെയുള്ള കാര്യങ്ങൾക്കായി കുറെ കാലതാമസം നേരിടും. അതുകൊണ്ടു അതാതു ആണ്ടിൽ തുകകൾ മുഴവൻ ചെലവാക്കാൻ സാധിക്കുന്നില്ല.

ശ്രീ. ആർ. കേശവപിള്ള: ഈ സഹായധനം മൊത്തത്തിൽ എത്ര? കടമായി ലഭിച്ച തുക മൊത്തത്തിലെത്ര?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ; തൽക്കാലം ഞാൻ അതു കൂടി പറയാം. മൊത്തത്തിൽ പറയുകയാണെങ്കിൽ . . .

ശ്രീ. എ. താണുപിള്ള: ഒരു പായിന്റ് ഓഫ് ആർഡർ. ഇങ്ങനെ ഒരു കണക്കുകൂട്ടി സഭയുടെ സമയം ചെലവഴിക്കുന്നതു ശരിയാണോ?

**Shri Panampilli Govinda Menon:** I am not particular.

*ஸ்ரீ. ஸி. சங்கர்; இந்த துகைத்யிலிருந்து தென் திருவிதாங்கூர் தாலூகாக்களுக்கு ஏதாவது பணம் செலவாக்கப்பட்டிருக்கிறதா? எந்தெந்த தாலூகாக்களில் எவ்வளவு எவ்வளவு பணம் செலவுசெய்யப்பட்டிருக்கிறது என்று சொல்ல முடியுமா?*

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചെലവാക്കീട്ടുണ്ട്. അതെത്രയാണെന്നു പറയണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പ്രത്യേകമായി ചോദ്യം ചോദിച്ചാൽ കൊള്ളാം.

ശ്രീ. അച്യുതമേനോൻ: മുൻ ആണ്ടിൽ ചെലവാകാത്ത തുകകൾ രണ്ടാമത്തെ കൊല്ലത്തിലും മൂന്നാമത്തെ കൊല്ലത്തിലും ചെലവാക്കിയെന്നാണോ പറയുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. എ. താണുപിള്ള: ഈ സഹായധനംപോലും അതാതു ആണ്ടിൽ ചെലവാക്കാതെയിരിക്കുന്നതെന്തുകൊണ്ടാണ്? ൧൧൨൬—൨൭-ൽ ൪൭ ലക്ഷം രൂപാ സഹായധനവും പത്തുലക്ഷം കടമായും ൧൧൨൭-ൽ ൧൫ ലക്ഷവും വാങ്ങിച്ചു എന്നു പറയുന്നു. ആ കടത്തിനു പലിശയുണ്ടോ, എന്നു തിരിയെ കൊടുക്കണം എന്നൊന്നും അറിവില്ല. ആ വിവരങ്ങൾ അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യാ ഗവമെന്റിൽനിന്നും ഷോർട്ട്ടേം പദ്ധതികൾക്കായും ലോംഗ്ടേം പദ്ധതികൾക്കായും സഹായധനം ലഭിക്കുന്നുണ്ട്. അതിൽ ലാംഗ്ടേം പദ്ധതികൾക്കുള്ള തുക കടമായി കാണിച്ചിട്ടുള്ളതും ഹ്രസ്വകാലപദ്ധതികൾക്കുള്ള തുക സഹായധനത്തിൽ ഉൾപ്പെടുത്തിയുമാണ് കാണിച്ചിരിക്കുന്നതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കൃഷിക്കാർക്കു സഹായധനമായി കടം കൊടുക്കാൻ വല്ല വ്യവസ്ഥയും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൃഷിക്കാർക്കു ഭക്ഷ്യവർദ്ധന പദ്ധതിസംബന്ധിച്ച പ്രവർത്തനങ്ങൾക്കായി കടം കൊടുക്കാൻ ഏർപ്പാടുണ്ട്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: സഹായധനം അതതുകൊല്ലത്തിൽ ചെലവാക്കി കൂടുതൽ ആവശ്യമാണെന്നു ബോദ്ധ്യപ്പെടുത്തിയാൽ കേന്ദ്രത്തിൽനിന്നും കൂടുതലായി ലഭിക്കയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തെ ഗവമെന്റു ശ്രദ്ധിക്കുന്നതാണ്.

## തടവുകാരുടെ ദിവസപ്പടി

*൩൯ (൧൪) ശ്രീ. പി. ഭാസ്കരൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ജയിൽവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ഈ സംസ്ഥാനത്തുള്ള ലോക്കപ്പുകളിലും സബ്ജയിലുകളിലും ഒരേനിരക്കിലുള്ള ദിവസപ്പടിയാണോ തടവുകാർക്കു നൽകിവരുന്നതു്;

(ബി) ഒന്നിൽക്കൂടുതൽ നിരക്കിലാണു് ദിവസപ്പടി നിശ്ചയിക്കപ്പെട്ടിരിക്കുന്നതെങ്കിൽ അവ എവിടെയെല്ലാം ഏതേതു തോതിലാണ് നൽകപ്പെടുന്നതു്;

(സി) ഈ സ്ഥിതിക്കു് പരിഹാരം വരുത്താൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. ടി. എം. വർഗീസ്): (എ) അല്ല.

(ബി) തിരുവിതാംകൂറിൽ ഒരാൾക്ക് ഒരു ദിവസം ഒരു രൂപ നാലണ വീതം. കൊച്ചിയിൽ ഈ നിരക്കല്ല. അവിടത്തെ ജയിലുകളിലുള്ള നിരക്ക വിവരങ്ങൾ താഴെ പറയുന്നപ്രകാരമാണ്.

| | |
|---|---|
| മട്ടാഞ്ചേരി സബ്ജയിൽ | ൩ അണ. |
| എറണാകുളം | ൨ ണ. |
| ഇരിഞ്ഞാലക്കുട | ൭ ണ. |
| കൊടുങ്ങല്ലൂർ | ൬ ണ. |
| ട്രിച്ചൂർ | ൩ ണ. ൬ സ. |
| ചിറ്റൂർ | ൩ ണ. |

(സി) ഈ നിരക്കുകൾക്ക് ഐകരൂപ്യം വരുത്തുന്നതിന സത്വര നടപടികൾ ഗവമ്മെൻറ് സ്വീകരിച്ചിട്ടുണ്ട്. കഴിയുന്നതും വേഗത്തിൽ അതിൽ ഐകരൂപ്യം വരുത്തുന്നതിന വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. പി. ഭാസ്കരൻ നായർ: ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകകൾ തന്നെ തടവുകാക്ക ശരിക്കു കിട്ടുന്നില്ല എന്നറിയാമോ? പോലീസുകാർ തന്നെ ഇതിന്റെ കൺട്രാക്റ്റ് എടുത്തു നടത്തുന്നതു മൂലമാണ് ചില സ്ഥലങ്ങളിൽ ഇപ്രകാരം ശരിക്കു കൊടുക്കാതിരിക്കുന്നതെന്നറിയാമോ?

ശ്രീ. ടി. എം. വർഗീസ്: അറിവില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: കോട്ടയത്തു അപ്രകാരം നടത്തുന്നതുകൊണ്ട് തടവുകാക്ക ശരിയായി ആഹാരം കിട്ടുന്നില്ല എന്നു പരാതി ഉണ്ടായതായും അതിനുശേഷം അവർ നിരാഹാരം തുടങ്ങിയതായും അറിയാമോ?

ശ്രീ. ടി. എം. വർഗീസ്: ഇതു് നിരക്കിനെപ്പററിയുള്ള ചോദ്യമാണ്. അതുകൊണ്ട് ആ വിവരം അന്വേഷിച്ചില്ല. ആവശ്യമാണെങ്കിൽ അതേപ്പററി അന്വേഷിച്ചു സഭയെ അറിയിക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ നിരക്ക് ഐകരൂപ്യപ്പെടുത്തുന്നതിന് ഇത്രയും കാലതാമസം വന്നതെന്തുകൊണ്ടാണ്?

ശ്രീ. ടി. എം. വർഗീസ്: അതിനു പല കാരണങ്ങളുമുണ്ട്. എററവും വേഗത്തിൽ ഐകരൂപ്യപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. അമ്പാട്ടു ഈച്ചരമേനോൻ: ഓരോ സബ്ജയിലിലും കിടക്കുന്ന തടവുകാക്ക് ദിവസപ്പടി കൊടുക്കുന്നതിനെപ്പററിയുള്ള റേറ്റ നിശ്ചയിക്കുന്നതു് ഗവമ്മെൻറല്ലേ?

ശ്രീ. ടി. എം. വർഗീസ്: ഗവമ്മെൻറിന്റെ വരുതിയ്ക്കുൾപ്പെട്ട രൂളുകളനുസരിച്ചാണ് നിശ്ചയിക്കുന്നതു്.

ശ്രീ. അമ്പാട്ടു ഈച്ചരമേനോൻ: ചിറ്റൂർ സബ്ജയിലിൽ കിടക്കുന്ന തടവുകാക്കു കൊടുക്കുന്ന ദിവസപ്പടി അവക്കു മതിയാകുന്നില്ലെന്നു പോലീസുകാരോടു പറഞ്ഞപ്പോൾ അധികാരികൾ ഇത്രയും സംഖ്യമാത്രമേ അനുവദിച്ചിട്ടുള്ളു എന്നു അവർ പറയുകയുണ്ടായി.

ശ്രീ. ടി. എം. വർഗീസ്: അതു ശരിയായിരിക്കാം. അധികാരികൾ അനുവദിച്ചിരിക്കുന്ന തുകയിൽ കൂടുതൽ പോലീസുകാക്കു കൊടുക്കുവാൻ അധികാരമില്ല.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ: ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അവരുടെ ആഹാരത്തിനു തീരെ മതിയാകുന്നില്ലെന്നു ഗവമ്മെൻറിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ തുക ആഹാരത്തിനു മതിയാകാതെ വരുന്നുവെന്നും, അതുകൊണ്ടു നിരക്കു കൂട്ടേണ്ടതാണെന്നുമുള്ള വസ്തുത ഗവമ്മെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടില്ല. വന്നാൽ അതേപ്പററി ആലോചിക്കാം.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഇരിങ്ങാലക്കുട സബ്ജയിലിൽ ഒരാളിനു പ്രതിദിനം എത്രണയാണ് ദിവസപ്പടിയെന്നു കാണുന്നു. ഈ തുകകൊണ്ടു ഒരാൾ എത്രകാലം ജീവിക്കുമെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതാണ് നിരക്ക്. അതുകൊണ്ടു ജീവിക്കുന്നുമുണ്ട്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ശരിക്കുള്ള ആഹാരം കഴിക്കാത്തതുനിമിത്തം ഇരിങ്ങാലക്കുട സബ്ജയിലിൽ കിടന്നു ആരെങ്കിലും മരിച്ചതായി ഗവമ്മെൻറിനു അറിവുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ മരിച്ചതായി അറിവില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ബഹു. മന്ത്രി ഈ ലാക്കപ്പുകൾ നേരിട്ടു കണ്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ചില ലാക്കപ്പുകൾ ഞാൻ നേരിട്ടുകണ്ടിട്ടുണ്ട്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: ഇരിങ്ങാലക്കുട ലാക്കപ്പു കണ്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇല്ല. എല്ലാ ലാക്കപ്പുകളും സന്ദർശിക്കുന്ന സന്ദർഭത്തിൽ ഇരിങ്ങാലക്കുട ലാക്കപ്പും സന്ദർശിക്കുന്നതാണ്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: തത്സമയം അവിടെയുള്ള തടവുകാക്ക് ബഹുമാനപ്പെട്ട മന്ത്രിയെ കാണുന്നതിനുള്ള സൗകര്യം കൊടുക്കുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു മന്ത്രി അവിടെ ചെന്നതിനുശേഷം നടക്കേണ്ട കാര്യമാണ്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: റിമാൻറനുവദിക്കുന്നതുവരെ കസ്റ്റടിയിലിരിക്കുന്ന തടവുകാക്ക് യാതൊരാഹാരവും കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ: ആഹാരം കൊടുക്കുന്നതിനു നിയുക്തരായിട്ടുള്ള കൺട്രാക്ടർമാർ പലപ്പോഴും ആഹാരം കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ അറിവില്ല.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: ക്രമാതീതമായ വിലക്കയററം ഉണ്ടായിട്ടും, പ്രതിദിനം ആറണയും എട്ടണയും നിരക്കുവച്ചിരിക്കുന്നതു ഏററവും പൈശാചികമാണെന്നു ഗവമ്മെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഗവമ്മെൻറിൻെറ ഒരു നടപടിയും പൈശാചികമാണെന്നു വിചാരിക്കുന്നില്ല.

## DISPENSARY AT PUNNAVOOR

*40. [15] **Shri J. T. Moraes:** Will the Minister for Medicine be pleased to state whether any representation has been received from the inhabitants of Punnavoor and neighbouring places in Maranalloor Pakuthi, Neyyattinkara taluk to open a dispensary at Punnavoor; if so what action has been taken on that representation?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ): അങ്ങനെ ഒരു നിവേദനം ഗവമ്മെൻറിനു് ലഭിച്ചിട്ടുണ്ടു്. അന്വേഷണത്തിൽ അവിടെ ഒരു ഡിസ്പെൻസറിയുടെ ആവശ്യമില്ലെന്നാണു് ഗവമ്മെൻറ് വിചാരിക്കുന്നതു്.

ശ്രീ. ജെ. ടി. മൊറൈസ്: അന്വേഷിക്കാൻ പോയതു് ആരാണു്?

ശ്രീ. വി. മാധവൻ: സർജൻ ജനറലിന്റെ റിപ്പോർട്ടിൽ അങ്ങനെയാണു് കാണുന്നതു്.

ശ്രീ. ജെ. ടി. മൊറൈസ്: സർജൻ ജനറൽതന്നെ സ്ഥലത്തുപോയി അന്വേഷിച്ചതായി അറിയാമോ?

ശ്രീ. വി. മാധവൻ: അദ്ദേഹം സ്ഥലത്തുപോയി അന്വേഷിച്ചോ, വേറെ ആളയച്ചു അന്വേഷിപ്പിച്ചോ എന്നറിവില്ല.

ശ്രീ. ജെ. ടി. മൊറൈസ്: അദ്ദേഹം സ്ഥലത്തുപോയി അന്വേഷിച്ചിട്ടില്ലെങ്കിൽ, അദ്ദേഹംതന്നെ ഒരന്വേഷണം നടത്തുവാൻ പറയുമോ?

ശ്രീ. വി. മാധവൻ: പറയുന്നതിനു് വിരോധമില്ല, പക്ഷെ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതു സംബന്ധിച്ചു് ഒരു പൊതുനയം ഗവമ്മെൻറിനുണ്ടു്. ഏതെങ്കിലും ഒരു ഡിസ്പെൻസറി സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തുനിന്നു് അഞ്ചുമൈൽ ദൂരത്തിനകത്തു് മറ്റൊരു ഡിസ്പെൻസറി സ്ഥാപിക്കുക എന്നുള്ളതു് ഗവമ്മെൻറിന്റെ സാധാരണ നയമല്ല. അഥവാ, ഡിസ്പെൻസറി വേണമെന്നു ആവശ്യപ്പെടുന്ന സ്ഥലത്തിനു് ചുറ്റും ഇരുപതിനായിരത്തിൽ കുറയാതെ ജനസംഖ്യ ഉണ്ടെന്നു ഗവമ്മെൻറിനു് ബോദ്ധ്യപ്പെട്ടാൽ അവിടെ ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകൊടുക്കുന്ന കാര്യത്തെപ്പറ്റി ഗവമ്മെൻറ് ആലോചിക്കുന്നതുമാണു്. ഇതാണു് ഗവമ്മെൻറിന്റെ നയം. കാട്ടാക്കടയിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ചിട്ടുണ്ടു്. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലം, അതിനു് അഞ്ചുമൈലിനകത്താണു്.

ശ്രീ. കുഞ്ഞൻ നാടാർ: ഇരുപതിനായിരം ജനസംഖ്യയുള്ള സ്ഥലത്തു് ഡിസ്പെൻസറി സ്ഥാപിച്ചുകൊടുക്കുകയെന്നുള്ളതാണു് ഗവമ്മെൻറ് നയമെങ്കിൽ, നാല്പതിനായിരം ജനസംഖ്യയുള്ള സ്ഥലത്തുപോലും ഡിസ്പെൻസറി സ്ഥാപിച്ചുകൊടുക്കാത്തതിന്റെ കാരണം എന്താണെന്നു പറയുമോ?

ശ്രീ. വി. മാധവൻ: ബഹുമാനപ്പെട്ട മെമ്പർ ഏതു് സ്ഥലത്തെ ഉദ്ദേശിച്ചാണു് പറയുന്നതെന്നു മനസ്സിലാകുന്നില്ല. ഗവമ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ അതേപ്പറ്റി ആലോചിക്കുന്നതാണു്.

ശ്രീ. ജെ. ടി. മൊറൈസ്: കാട്ടാക്കട ഡിസ്പെൻസറിയിൽനിന്നു്, അഞ്ചുമൈലിൽ കൂടുതൽ ദൂരമുണ്ടെന്നു കണ്ടാൽ ഡിസ്പെൻസറി അനുവദിച്ചുതരുമോ?

ശ്രീ. വി. മാധവൻ. കൂടുതൽ ദൂരമുണ്ടെന്നു കാണുന്നപക്ഷം അതേപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. ഇ. കൃഷ്ണൻനായർ: കൊട്ടാരക്കര അഞ്ചൽ എന്ന സ്ഥലത്തു ഇതുവരെ ഒരു ഡിസ്പെൻസറി സ്ഥാപിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. വി. മാധവൻ: അതിനെപ്പറ്റി ഒരു നിവേദനം കിട്ടിയാൽ ശ്രദ്ധിക്കുന്നതായിരിക്കും.

ശ്രീ. എം. എം. അബ്ദുൽഖാദർ: പല സ്ഥലങ്ങളിലും ഡിസ്പെൻസറികൾ സ്ഥാപിക്കണമെന്നു നിവേദനങ്ങൾ അയച്ചിട്ടും യാതൊരു ഫലവുമുണ്ടായിട്ടില്ലെന്നുള്ള വസ്തുത ഗവമെന്റിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഗവമെന്റ് ഒരു പ്രത്യേകനയം എടുത്തിട്ടുണ്ട്. എവിടെ ഡിസ്പെൻസറി സ്ഥാപിക്കണമൊ, ആ സ്ഥലത്തുള്ളവർ അതിലേക്കു ആവശ്യമുള്ള സ്ഥലവും കെട്ടിടവും ഉണ്ടാക്കി ഗവമെന്റിനെ ഏല്പിക്കേണ്ടതാണ്. അങ്ങനെ ചെയ്യാതെ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലെല്ലാം ഡിസ്പെൻസറികൾ സ്ഥാപിച്ചുകൊടുക്കുക എന്നു വന്നാൽ അതിനുതന്നെ അനാവധി പണം ഗവമെന്റിന് ചെലവുവരും.

ശ്രീ. കുഞ്ഞൻ നാടാർ: അപ്രകാരം സ്ഥലവും കെട്ടിടവും ഉണ്ടാക്കികൊടുക്കുവാൻ കെല്പില്ലാത്ത സാധുക്കളാണ് ഒരു സ്ഥലത്തു താമസിക്കുന്നതെങ്കിൽ അവർക്ക് ഒരു ഡിസ്പെൻസറി വേണ്ടെന്നാണോ ഗവമെന്റ് വിചാരിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: അതു് ഒരു ഹൈപോതെററിക്കൽ കേസ്സാണ്.

## പെരിങ്ങൽകുത്തു പദ്ധതി

* ൪൧. (൧൩) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിററി വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പെരിങ്ങൽകുത്തു ഹൈഡ്രോ ഇലക്ട്രിക് പദ്ധതി ഇപ്പോൾ എതുവരെ പുരോഗമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി എന്നു പൂർത്തിയാക്കുവാനാണ് ഗവമെന്റ് ഉദ്ദേശിക്കുന്നതു്?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ:) (എ) അണക്കെട്ടിന്റെ പണി മുക്കാൽ ഭാഗവും തീർത്തിട്ടുണ്ട്. ടണൽ ഡ്രൈവിംഗ് മുഴുവനും പൂർത്തിയായി. ലൈനിംഗ് ജോലിയും തീരാറായി. ജോലി പകുതിയിലധികം പുരോഗമിച്ചിട്ടുണ്ട്. പൗവർ ഹൗസ് കെട്ടിടത്തിന്റെ ജോലിക്ക് ടെൻറർവിളിച്ചിട്ടുണ്ട്. യന്ത്രങ്ങൾ നിർമ്മിച്ചതിനുശേഷം ൧൯൫൩-ലും ൧൯൫൪-ലുമായി ഇറക്കുമതി ചെയ്യുന്നതാണ്. റോഡുകളും സ്റ്റാഫിന് താമസിക്കാനുള്ള കെട്ടിടങ്ങളും പൂർത്തിയായിട്ടുണ്ട്.

(ബി) ൧൯൫൪-ൽ.

## ഹരിജൻ വിദ്യാർത്ഥികൾ

*൪൨. (൭൧) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അവശസമുദായോദ്ധാരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

നിയമം, മെഡിക്കൽ, എഞ്ചിനീയറിങ്ങ് എന്നിവയിൽ ഉന്നത വിദ്യാഭ്യാസത്തിനായി കഴിഞ്ഞകൊല്ലം എത്ര ഹരിജൻ വിദ്യാർത്ഥികളെ എടുത്തിട്ടുണ്ട്?

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): നിയമം, എൻജിനീയറിംഗ്, മെഡിക്കൽ എന്നിവയിൽ ഉന്നത വിദ്യാഭ്യാസത്തിനായി കഴിഞ്ഞകൊല്ലം എടുത്തിട്ടുള്ള ഹരിജന വിദ്യാർത്ഥികളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| നിയമം | ൧ |
| എൻജിനീയറിംഗ് | ൯ |
| മെഡിക്കൽ | ൭ |

ശ്രീ. സി. സി. അയ്യപ്പൻ: കൊച്ചിയിൽനിന്നും ഗവമെൻറ് ആരെയെങ്കിലും മെഡിക്കൽ പരീക്ഷയ്ക്കു് എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ വിദ്യാഭ്യാസവർഷത്തിൽ കൊച്ചിയിൽനിന്നും ആരേയും എടുത്തിട്ടില്ല. കാരണം, ശരിയായ അപേക്ഷകർ ഇല്ലെന്നുള്ളതാണ്. ഇതിനുമുൻപു് എടുത്തിട്ടുണ്ട്. കൽക്കട്ടാ മെഡിക്കൽ കോളേജിലേക്ക് കൊച്ചിയിൽനിന്നും ഒരാളെ അയച്ചിട്ടുണ്ട്. തിരുവിതാംകൂർ ഭാഗത്തുനിന്നും രണ്ടുപേരെ പുറത്തേക്ക് അയച്ചിട്ടുണ്ട്. ഒരാൾ മദിരാശി കോളേജിലും മറ്റൊരാൾ ആസാം കോളേജിലും പഠിച്ചുവരുന്നു.

ശ്രീ. സി. സി. അയ്യപ്പൻ: ശരിയായി സ്റ്റൈപ്പൻറ് കിട്ടാത്തതുകൊണ്ട് അയച്ച വിദ്യാർത്ഥികൾതന്നെ മടങ്ങിപ്പോന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അയച്ചവരിൽ ആരും മടങ്ങിപോന്നതായി അറിവില്ല.

ശ്രീ. ആർ. കേശവപിള്ള: ഇവരെ എടുക്കുന്നതിന് വച്ചിട്ടുള്ള മാനദണ്ഡം എന്താണ്:

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രധാനമായി അവർക്ക് ലഭിച്ചിട്ടുള്ള മാർക്കുകളാണ്.

ശ്രീ. സി. സി. അയ്യപ്പൻ: ശുപാർശ്കൂടി മാനദണ്ഡമായി സ്വീകരിച്ചിട്ടുണ്ടോ?

മിസ്റ്റർ സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

*ஸ்ரீ. ஸி. சங்கர்: இந்த ரிஜன ஹவித்தியார்த்திகளில் தமிழர்கள் யாராவது உண்டா?*

ശ്രീ. കെ. കൊച്ചുകുട്ടൻ: തമിഴരിൽനിന്നും എൻജിനീയറിംഗ് കോളേജിലേക്ക് ഒരാളെ അയച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നുമുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ: ശരിയായ അപേക്ഷകരുണ്ടായാൽ അവരെയെല്ലാം എടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എല്ലാവരേയും എടുക്കുവാൻനിവൃത്തിയില്ല. ഗവമെണ്ടിന്റെ സാമ്പത്തികമായ കഴിവുകൂടി പരിഗണിക്കുന്നതാണ്.

## ഹരിജൻ കോളനികൾ

*൪൩. (൧൮) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട അവശസമുദായോദ്ധാരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തിൽ എത്ര ഹരിജൻ കോളനികൾ ഉണ്ടു്;

(ബി) അവയിൽ എത്ര എണ്ണത്തിൽ കൊല്ലത്തിൽ ൩൬൫ ദിവസവും കുടിക്കുവാനുള്ള വെള്ളം ഉണ്ടാകും;

(സി) എല്ലാ കോളനികളിലും നടക്കുവാനുള്ള വഴിയുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ൧൫൮.

(ബി) എല്ലാ കോളനികളിലും ൩൬൫ ദിവസവും കുടിക്കുവാനുള്ള വെള്ളമുണ്ടാകും.

(സി) എല്ലാ കോളനികളിലുംനടക്കുവാനുള്ള വഴിയുണ്ടു്.

ശ്രീ. സി. സി. അയ്യപ്പൻ: ൩൬൫ ദിവസവും വെള്ളം കുടിക്കുവാൻ കിട്ടുമെന്നു പറഞ്ഞതു ശരിയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ശരിയാണു്. വെള്ളമില്ലാതെ ആരും ജീവിക്കുകയില്ല. പക്ഷെ, കൊടും വെയിലുണ്ടാകുമ്പോൾ ചില കോളനികളിൽ വെള്ളംകിട്ടുന്നകാര്യത്തിൽ പ്രയാസം നേരിട്ടേക്കാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ വസ്തുത ഗവമ്മെൻറിൻെറ ശ്രദ്ധയിൽപെടുത്തിയാൽ വേണ്ട നടപടികൾ നടത്തുന്നതാണു്.

ശ്രീ. സി. സി. അയ്യപ്പൻ: വെള്ളമില്ലെന്നുകാണിച്ചു എവിടെനിന്നെങ്കിലും നിവേദനങ്ങൾ ഗവമ്മെൻറിനു് എപ്പോഴെങ്കിലും ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്. അവയ്ക്കു വേണ്ട നടപടികൾ നടത്തിയിട്ടുമുണ്ടു്.

ശ്രീ. അച്ചുതമേനോൻ: ബഹുമാനപ്പെട്ട മന്ത്രി ഈ കോളനികൾ എല്ലാം സന്ദർശിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില കോളനികൾ സന്ദർശിച്ചിട്ടുണ്ടു്.

ശ്രീ. അച്ചുതമേനോൻ: അപ്പോൾ അവിടെ വെള്ളം ഇല്ലെന്നുള്ള കാര്യം കണ്ടുബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില കോളനികളിൽ വെള്ളം കിട്ടാൻ പ്രയാസമുള്ളതായി കണ്ടിട്ടുണ്ടു്.

ശ്രീ. ആർ. കേശവപിള്ള: കൊട്ടാരക്കരതാലൂക്കിൽ എത്ര കോളനികൾ ഉണ്ടു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. സി. ആദിച്ചൻ: ബഹുമാനപ്പെട്ട മന്ത്രി സന്ദർശിച്ച കോളനികളിലെല്ലാം നടക്കാൻ വഴിയുള്ളതായി കണ്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടു്.

ശ്രീ. പി സി. ആദിച്ചൻ: നടക്കാൻ വഴിയില്ലാത്ത കാളനികൾ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയാൽ വഴിയുണ്ടാക്കി കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: തീർച്ചയായും എടുക്കുന്നതാണ്.

## കുടിയിറക്ക്

*൪൪. (൧൩) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവമെൻറു പുറംപോക്കുകളിൽ താമസിക്കുന്ന അധഃകൃതരിൽ ആരെയെങ്കിലും ഇക്കൊല്ലം കുടിയിറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേരുണ്ട്;

(സി) അവരുടെ ദുരിതനിവാരണത്തിനു വല്ലതും ഗവമെൻറു ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഈ ചോദ്യത്തിന് ഉത്തരം പറയുവാൻ ആവശ്യമായ വിവരങ്ങൾ കിട്ടിയിട്ടില്ല.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: ഗവമെൻറു പുറംപോക്കുകളിൽ താമസിക്കുന്ന അധഃകൃതരെ ഒഴിപ്പിക്കുകയില്ലാ എന്നുള്ളതല്ലേ ഗവമെൻറു നയം?

ശ്രീ എ. ജെ. ജോൺ: അങ്ങനെ ഖണ്ഡിതമായ ഒരു നയമില്ല. ചിലപ്പോൾ ചില സ്ഥലങ്ങളിൽനിന്നും ഒഴിപ്പിക്കേണ്ടതായും വരും.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അധഃകൃതർ എന്ന വാക്കു ഉപയോഗിച്ചുകൂടാ എന്നു ഗവമെൻറു വല്ലകാലത്തും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടായിരിക്കണം. പക്ഷെ ചോദ്യത്തിൽ അധഃകൃതർ എന്ന വാക്കാണുപയോഗിച്ചിരിക്കുന്നതു്. ചോദ്യം ചോദിച്ചിരിക്കുന്നതു ശ്രീ. സി. സി. അയ്യപ്പനാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: റോഡിനടുത്തുള്ള പുറംപോക്കുകളിൽ താമസിക്കുന്നവരെ കുടിയിറക്കിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയുള്ളവരെ കുടിയിറക്കാതെ നിവൃത്തിയില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: വൈക്കംതാലൂക്കിൽ, ആരെയെങ്കിലും കുടിയിറക്കിയിട്ടുള്ളതായി ഗവമെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുടിയിറക്കിയിട്ടുണ്ടായിരിക്കാം.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: തരിശുഭൂമികളിൽ താമസിക്കുന്ന അധഃകൃതരെയൊ മററുള്ളവരെയൊ കുടിയിറക്കുകയില്ല എന്നനയമല്ലേ ഗവമെൻറു സ്വീകരിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജോൺ: ആക്ഷേപമില്ലാത്ത സ്ഥലങ്ങളാണെങ്കിൽ അധഃകൃതരുടെ കാര്യത്തെപ്പററി പ്രത്യേകം പരിഗണിക്കാം. എന്നാൽ മററുള്ളവരുടെകാര്യം പരിഗണനാർഹമല്ല.

## Written Answers

### വിമുക്തഭട സഹകരണസംഘങ്ങൾ

*൪൭. (൨൭) ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വിമുക്തഭടസഹകരണസംഘങ്ങൾ തിരു-കൊച്ചിയിൽ എത്രയെണ്ണം പ്രവർത്തനം നടത്തുന്നുണ്ട്;

(ബി) എത്ര സംഘങ്ങൾക്ക് കടവായ്പ കൊടുത്തിട്ടുണ്ട്;

(സി) എത്ര സംഘങ്ങൾ ആ തുക തിരിച്ചടച്ചിട്ടുണ്ട്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൪൩ എണ്ണം.

(ബി) ൨൭ സംഘങ്ങൾക്ക് കടവായ്പ കൊടുത്തിട്ടുണ്ട്.

(സി) ഒരു സംഘം ഒഴികെ മററ് സംഘങ്ങൾ ഒന്നുംതന്നെ വായ്പകൾ കരാറനുസരിച്ച് തിരിച്ചടച്ചിട്ടില്ല.

### പോലീസ് കയ്യേററം

*൪൩. (൨൨) ശ്രീ. എൻ. രാജഗോപാലൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട അഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുനലൂരെ റിപ്പബ്ലിക്ക് ദിനാഘോഷങ്ങളിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ അനാശാസ്യമായി ഇടപെട്ടെന്നു പരാതി കിട്ടിയിട്ടുണ്ടോ;

(ബി) അതിനെപ്പററി എന്തുനടപടി നടത്തി?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഉണ്ട്.

(ബി) അന്വേഷണത്തിൽ ഇരിക്കയാണ്.

### സറണ്ടർ സ്കൂളുകളും ഗവമെൻറപ്രൈമറി സ്കൂളുകളും

*൪൯. (൨൩) ശ്രീ. ടി. എ. മജീദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സറണ്ടർ സ്കൂളുകളേയും ഗവമെൻറ പ്രൈമറി സ്കൂളുകളേയും വ്യത്യസ്തനിലയിലാണോ ഡിപ്പാർട്ടുമെൻറ വീക്ഷിക്കുന്നത്;

(ബി) ഗവമെൻറ സ്കൂളുകളിലേയ്ക്ക് നൽകുന്നതുപോലെ സറണ്ടർ സ്കൂളുകളിലേയ്ക്ക് പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവ നൽകുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അല്ല.

(ബി) ഉണ്ട്.

## കല്ലുപ്പാറ പകുതിയിലെ സെററില്‍മെന്‍റ്

*൪൮. (൩൫) ശ്രീ. ഒ. സി. നൈനാന്‍ : താഴെ പറയുന്ന ചോദ്യങ്ങള്‍ക്ക് ബഹുമാനപ്പെട്ട റവന്യുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കല്ലുപ്പാറ പകുതിയിലെ സെററില്‍മെന്‍റ് പൂര്‍ത്തിയായിട്ട് എത്ര വര്‍ഷമായി ;

(ബി) ആ പകുതിക്ക് സെററില്‍മെന്‍റ് രജിസ്റ്റര്‍ അച്ചടിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കില്‍ എന്തുകൊണ്ട് അച്ചടിച്ചിട്ടില്ല ;

(ഡി) അച്ചടിക്കാത്തതിനെപ്പററി പരാതി എന്തെങ്കിലും ഗവണ്മെന്‍റിനു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോണ്‍) :

(എ) നാല്‍പതു വര്‍ഷം.

(ബി) ഇല്ല.

(സി) ൧൯൦൯ സെപ്റ്റംബര്‍ ൪-ാംനു- ൧ ൧൩൯൫-ാം നമ്പര്‍ ഗവണ്മെന്‍റ് ആര്‍ഡറിലെ തീര്‍ച്ചയനുസരിച്ച് ഇടപ്പള്ളി സ്വരൂപം വകയായുള്ള വസ്തുക്കളുടെ സെററില്‍മെന്‍റ് രജിസ്റ്ററുകള്‍ ഇടപ്പള്ളി കാര്യക്കാര്‍ തന്നെ വേണ്ട വ്യവസ്ഥചെയ്തു അച്ചടിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

(ഡി) ഇല്ല.

## പഞ്ചായത്തു തെരഞ്ഞെടുപ്പ്

*൪൯. (൩൪) ശ്രീ. കുഞ്ഞിത്തൊമ്മന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) പഞ്ചായത്തു തെരഞ്ഞെടുപ്പ് ഉടനെ നടത്തുന്നതാണെന്ന് പലപ്രാവശ്യവും ഗവണ്മെന്‍റ് പ്രഖ്യാപിച്ചിട്ടും ഇതുവരെ നടക്കാതെ ഇരിക്കുന്നതു് എന്തുകൊണ്ട്;

(ബി) അതു് എന്നേക്ക് നടക്കുവാനിടയുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടന്‍) :

(എ) തെരഞ്ഞെടുപ്പിനുള്ള പ്രാരംഭജോലികള്‍ പൂര്‍ത്തിയാകാത്തതുകൊണ്ട്.

(ബി) ൧൯൬൨ സെപ്റ്റംബര്‍-ഒക്ടോബറില്‍ നടക്കുവാന്‍ ഇടയുണ്ട്.

## DIPLOMA AND DEGREE HOLDERS

***50.** [37] **Shri M. M. Abdul Khader:** Will the Minister for Public Works be pleased to state.—

(*a*) the ratio of promotion of diploma Overseers as Supervisors to that of direct recruitment of degree holders to the same post in the Electrical Department and the similar ratio in the P. W. Department.

(*b*) what is the reason for differentiation, if any, between the two departments in this regard ;

(c) has the Government received representation from diploma Overseers for the alteration of the ratio ;

(*d*) what action does the Government propose to take ; and

(*e*) is the Government aware of the existing practice in Madras State ?

*Minister for Works & Transport* **(Shri Kalathil Velayudhan Nair):**

(*a*) The graduate-non-graduate (diploma and certificate) proportion for the filling up of vacancies of Supervisors in the Electricity Department is 3:1 where non-graduates, include diploma holders and certificate holders. The corresponding ratio in the P. W. Department is 5:3:2 among graduates diploma holders and certificate holders.

(*b*) The nature of the work in the Electricity Department demands greater technical knowledge and experience from its officers and to maintain efficiency a larger proportion of graduates in Electrical Engineering is recruited as II grade Supervisors.

(*c*) Yes.

(*d*) The matter is under the consideration of Government.

(*e*) No.

## LIFT IRRIGATION

***51.** [38] **Shri M. M. Abdul Khader :** Will the Minister for Irrigation be pleased to state.—

(*a*) the extent of the lands irrigated by lift irrigation in the Kunnathunad Taluk with reference to each pakuthy ;

(*b*) will the Government soon put into operation the Mudikal Lift Irrigation project ?

*Minister for Finance & Civil Supplies* **(Shri Panampilli Govinda Menon) :**

(*a*)

| | *Pakuthy* | | *Extent in acres* |
|---|---|---|---|
| 1. | Kothakulangara | .. | 465 |
| 2. | Manickamangalam | .. | 220 |
| 3. | Cheranelloor | .. | 200 |
| 4. | Perumbavoor | .. | 350 |
| 5. | Vazhakkulam | .. | 220 |
| | Total | .. | 1,455 |

(*b*) This will be considered.

## FREEDOM OF MOVEMENT AND SPEECH

***52.** [39] **Shri M. M. Abdul Khader :** Will the Minister for Law and Order be pleased to state the reason why the Government imposed restrictions on the freedom of movement and speech of non-Congress visitors to the State like Shri A. K. Gopalan, Dr. Kitchelew and Shri K. A. Abbas ?

*Minister for Home Affairs* **(Shri T. M. Varghese) :**

The Government did not impose restrictions ; but they were imposed by the District Magistrates concerned. The reasons for imposing the restrictions have been stated in the notifications issued by the District Magistrates in each case.

## അഡ്ജൂഡിക്കേഷൻ

*൫൩. (൪൦) ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു-കൊച്ചിയിൽ ൧൯൫൦, ൧൯൫൧, ൧൯൫൨-ൽ അഡ്ജൂഡിക്കേഷന് വെച്ചിട്ടുള്ള തൊഴിൽ തർക്കങ്ങൾ എത്ര ;

(ബി) അവയിൽ തീരുമാനമുണ്ടാകാതെ ശേഷിക്കുന്നവ എത്ര?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൫൦, ൧൯൫൧, ൧൯൫൨ എന്നീ കൊല്ലങ്ങളിൽ യഥാക്രമം ൩൦, ൪൭, ൪ തൊഴിൽ തർക്കങ്ങൾ അഡ്ജുഡിക്കേഷന് വച്ചിട്ടുണ്ട്.

(ബി) ആകെയുള്ള ൭൨ കേസുകളിൽ ൩൭ കേസുകൾക്ക് തീരുമാനമുണ്ടാകാതെ ശേഷിക്കുന്നു.

## പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ

*൫൪. (൪൩) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രാദേശിക സമിതി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തിരു-കൊച്ചി സംസ്ഥാനത്തെ വില്ലേജ് പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പുകൾ എന്നു നടത്തുവാനാണു തീരുമാനിച്ചിരിക്കുന്നത്?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

൧൯൫൨ സെപ്റ്റംബർ-ഒക്ടോബറിൽ നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്.

## OODUKUR SETTLEMENT

*55. [46] **Shri M. William:** Will the Minister for Revenue be pleased to state.—

(*a*) whether Oodukur Settlement establishment has completed the work;

(*b*) If not how many years more it will take?

*Chief Minister* **(Shri A. J. John):**

(*a*) No.

(*b*) It is expected that the work in the Taluks of Kalkulam, Vilavancode and Neyyattinkara can be completed by the close of the financial year 1954-55.

## മിനിമം വേജസ് കമ്മിററി

*൫൬. (൪൭) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു-കൊച്ചി സംസ്ഥാനത്ത് മിനിമം വേജസ് കമ്മിററി എന്നൊരു കമ്മിററി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) എന്താണ് പ്രസ്തുത കമ്മിററിയുടെ ചുമതലകൾ;

(സി) പ്രസ്തുത കമ്മിററി എന്തെങ്കിലും റിപ്പോർട്ട് ഇതിനിടെ ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിനിമം വേജസ് ആക്ട് സെക്ഷൻ ൫—൧(a) അനുസരിച്ച് പ്രസ്തുത ആക്ടിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂന്നുതരം

തൊഴിലുകൾക്ക് കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനായി ഓരോ കമ്മിററി പ്രവർത്തിക്കുന്നുണ്ട്.

൧. കയർ തൊഴിലാളികൾ.

൨. മുനിസിപ്പൽ തൊഴിലാളികൾ.

൩. തോട്ടം തൊഴിലാളികൾ.

(ബി) കുറഞ്ഞ കൂലി എന്തായിരിക്കണമെന്നുള്ളതിനെക്കുറിച്ച് അന്വേഷിച്ചു ഗവൺമെൻറിനെ ഉപദേശിക്കുക.

(സി) തോട്ടം തൊഴിലാളികളുടെ കൂലിയെ സംബന്ധിച്ചുള്ള റിപ്പോർട്ട് ഗവർമെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

## VILLAGE PANCHAYATS

*57. [52] **Shri P. Ramaswami Pillai:** Will the Minister for Village Panchayats be pleased to state.—

(*a*) whether there is any reason for not constituting village panchayats in Devicolam taluk;

(*b*) is there any taluk in the whole of Travancore-Cochin State where no village panchayat has been constituted?

*Minister for Local Self-Government* **(Shri K. Kochukuttan):**

(*a*) Yes. Certain complaints have been received regarding the constitution of panchayats in the Devicolam taluk, and till these complaints are enquired into the constitution of panchayats in the taluk cannot be finalised.

(*b*) No.

## നെല്ലെടുപ്പും, ഭക്ഷ്യവിതരണവും

*൫൮. (൫൩) ശ്രീ. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) തിരുവിതാംകൂർ വിഭാഗത്തിലും, കൊച്ചി വിഭാഗത്തിലും ഒരേ നെല്ലെടുപ്പുപദ്ധതിയാണോ നിലവിൽ ഇരിക്കുന്നതു്;

(ബി) ഭക്ഷ്യവിതരണം സംബന്ധിച്ചും ഒരേ പദ്ധതിയാണോ നിലവിൽ ഇരിക്കുന്നതു്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി) അതെ.

## പിന്നോക്ക വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻറ്

*൫൯. (൫൪) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പട്ടികജാതിയിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻറായി പ്രതിമാസം കുട്ടി ഒന്നിന് എത്ര രൂപാവീതം കൊടുക്കുന്നുണ്ട്;

(ബി) പട്ടികജാതിയിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ആർക്കെങ്കിലും സ്റ്റൈപ്പൻറ് നൽകാതിരിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ട്?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ).

(എ) ഈ സംസ്ഥാനത്തിലുള്ള കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കനുസരിച്ചുള്ള സ്റ്റൈപ്പൻറു നൽകുന്നുണ്ട്.

| കോഴ്സ് | പ്രതിമാസനിരക്ക് |
| --- | --- |
| ആർട്ട്സ്, സയൻസ്, എൻജിനിയറിംഗ്, ലാ, ആയുർവ്വേദം എന്നിവയിൽ അദ്ധ്യയനത്തിന് | കോളേജുകളിൽനിന്ന് ൫ മൈലിനുള്ളിലുള്ള സ്ഥലങ്ങളിൽനിന്നു വരുന്നവക്ക് ൪൫ രൂപയും ൫ മൈലിൽ കൂടുതൽ അകലെനിന്നു വരുന്നവക്ക് ൫൦ രൂപയും. |

ഈ സംസ്ഥാനത്തിന് പുറത്തു രണ്ടു പട്ടികജാതി വിദ്യാർത്ഥികൾ വൈദ്യം പഠിച്ചുവരുന്നു. ഒരാൾ കൽക്കട്ടയിലും മറേറയാൾ ആസ്സാമിലുമാണ്. അവക്ക് യഥാക്രമം ൧൦൦-ം ൬൫-ം രൂപ പ്രതിമാസം സ്റ്റൈപ്പൻറായി നൽകുന്നുണ്ട്.

(ബി) & (സി) കോളേജ് അധികൃതർ അറിയിച്ചിട്ടുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും സ്റ്റൈപ്പൻറ് നൽകിയിട്ടുണ്ട്.

## പ്രൈവററ് ഹോസ്റ്റലുകൾ

*൩൦. (൩൯) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പട്ടികജാതിയിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് താമസിച്ചുപഠിക്കത്തക്കവണ്ണം തിരു-കൊച്ചിയിൽ പ്രൈവററ് ഹോസ്റ്റലുകൾ ആരെങ്കിലും നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെ മാനേജ്മെൻറിൽ;

(സി) എവിടെയെല്ലാം;

(ഡി) അതിൽ ഏതെങ്കിലും സ്ഥാപനത്തിന് ഗവർമ്മെൻറ് ഗ്രാൻറ് നൽകുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ), (ബി) & (സി) ഹിന്ദുയൂണിയൻ ഹോസ്റ്റൽ എന്ന പേരിൽ ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രിയുടെ മാനേജ്മെൻറിൽ തിരുവനന്തപുരത്തും, ശ്രീകൃഷ്ണാഹരിജൻ ഹോസ്റ്റൽ എന്ന പേരിൽ വക്കീൽ ശ്രീ. വി. എൻ. രാമകൃഷ്ണൻ നായരുടെ മാനേജ്മെൻറിൽ എററുമാനൂരും രണ്ടു പ്രൈവററ് ഹോസ്റ്റലുകൾ നടത്തുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) പട്ടികജാതി വിദ്യാർത്ഥികൾക്കു മാത്രമായി ഹോസ്റ്റലുകൾ നടത്തേണ്ടതില്ലെന്നും മററു വിദ്യാർത്ഥികൾകൂടി താമസിക്കുന്ന പൊതു ഹോസ്റ്റലുകളിൽ അവർ താമസിച്ചു പഠിക്കുന്നതാണ് കൂടുതൽ ആശാസ്യമെന്നും ഗവർമ്മെൻറ് കരുതുന്നു.

## കോളനൈസേഷൻ പദ്ധതി

*൩൧. (൭൦) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻറ് റവന്യൂ വകുപ്പു മന്ത്രി ദയവായി മറുപടി പറയുമോ.—

(എ) തിരു-കൊച്ചിയിൽ കോളനൈസേഷൻ പദ്ധതിയനുസരിച്ച് ഭൂമി പതിച്ചുകൊടുക്കുവാൻ എവിടെയെല്ലാമാണ് സ്ഥലം നീക്കിവച്ചിട്ടുള്ളത്;

(ബി) ഓരോ സ്ഥലത്തും എത്ര ഏക്കർ വീതം നീക്കിവച്ചിട്ടുണ്ട്;

(സി) ആകെ എത്ര അപേക്ഷകൾ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്; അതിൽ പട്ടിക ജാതിക്കാരുടെ അപേക്ഷ എത്രയുണ്ട്;

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഭക്ഷ്യോൽപാദന പദ്ധതിയനുസരിച്ച് തിരു-കൊച്ചി സംസ്ഥാനത്ത് വിവിധഭാഗങ്ങളിലായി പാട്ടം കൊടുത്തിട്ടുള്ള മുപ്പതിനായിരത്തിൽപരം ഏക്കർ ഭൂമി കോളനൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ പ്രസ്തുത ഭൂമി മുഴുവൻ ഇപ്പോഴത്തെ പാട്ടക്കാരിൽനിന്നും വിട്ടൊഴിപ്പിച്ചെടുക്കുവാൻ കാലതാമസമുണ്ടാകുമെന്നുള്ളതിനാൽ ഉടനടി നെയ്യാറ്റിൻകര താലൂക്കിൽ പുതുവെട്ടുമുറി റിസർവും, ചിറയിൻകീഴ് താലൂക്കിൽ ആഴൂർ റിസർവും, വാഴാനിക്ക് സമീപം കാക്കനിക്കാട് റിസർവിൽനിന്നും കുറെ ഭാഗവും, കുന്നത്തുനാട് താലൂക്കിൽ വെങ്ങോല പകുതിയിലെ ഏതാനും ഭൂമിയും കോളനൈസേഷൻ പദ്ധതിക്കായി വിട്ടുകൊടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

(ബി) പുതുവെട്ടുമുറി റിസർവിൽനിന്നും ഇരുന്നൂറ്റിയൻപതു ഏക്കറും ആഴൂർ റിസർവിൽനിന്നും ൪൫൦ ഏക്കറും, കാക്കനിക്കാട് ഇരുന്നൂറ് ഏക്കറും, വെങ്ങോല പകുതിയിലെ ൮൬൨ ഏക്കറുമാണു, ഉടനടി കോളനൈസേഷൻ പദ്ധതി നടപ്പിലാക്കുവാൻ നീക്കിവെച്ചിട്ടുള്ളത്.

(സി) ആകെ ൪൦,൦൦൦-ൽ പരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളിൽ ജാതി തിരിച്ചറിയുവാനുള്ള വിവരങ്ങൾ ഇല്ലാത്തതിനാൽ പട്ടിക ജാതിക്കാരുടെ അപേക്ഷകളുടെ എണ്ണം പറയുവാൻ നിവൃത്തിയില്ല.

## അടിസ്ഥാന ഭൂനികുതി

*൩൨. (൭൨) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. റവന്യൂ വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) അടിസ്ഥാന ഭൂനികുതി (Basic Land Tax) കൊച്ചി വിഭാഗത്തിൽ നടപ്പിലാക്കാമെന്ന് ഗവൺമെൻറ് ഉറപ്പു കൊടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്ന്;

(സി) ഇതിനുള്ള നിയമം പാസാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ന്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അടിസ്ഥാന ഭൂനികുതി കൊച്ചി വിഭാഗത്ത് നടപ്പിലാക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്.

(ബി) ൧൯൫൧-൫൨-ലെ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ൧൨-൩-൫൧-ൽ ധനകാര്യമന്ത്രി ചെയ്ത ബഡ്ജററ പ്രസംഗത്തിലാണ് അങ്ങനെ പ്രഖ്യാപിച്ചത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## ബോണസ് സബ്സിഡി

*൩൬. (൬൧) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ഭക്ഷ്യമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ൧൯൫൦-ലോ, ൧൯൫൧-ലോ ബോണസ്, സബ് സിഡി ഇനങ്ങളിൽ ഗവമ്മെൻറ് വാങ്ങിയിട്ടുള്ള നെല്ലിൻെറ തോതനുസരിച്ച് ഏതെങ്കിലും കൃഷിക്കാർക്ക് എന്തെങ്കിലും സംഖ്യ കൊടുക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു കാലത്ത്;

(സി) ബോണസ് ഇനത്തിൽ എന്തുവീതം കൊടുത്തു;

(ഡി) സബ്സിഡി ഇനത്തിൽ എന്തു വീതം കൊടുത്തു?

(ഇ) ഇപ്പോൾ ഇങ്ങനെ വല്ല സംഖ്യയും കൊടുക്കുന്നുണ്ടോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൫൦-ലും ൧൯൫൧-ലും കൊച്ചി വിഭാഗത്ത് ജന്മിയോടു വാങ്ങിച്ചിട്ടുള്ള നെല്ലിന് പറ ഒന്നുക്ക് ൨. അണ വീതം ജന്മിക്കു കൊടുക്കേണ്ട വിലയിൽ നിന്നും വസൂലാക്കി യഥാത്ഥ കർഷകന ബോണസായി കൊടുത്തിട്ടുണ്ട്. ൧൯൫൧-ൽ സംസ്ഥാനത്തെ എല്ലാ യഥാത്ഥ കർഷകരിൽനിന്നും ൨൪-൧൦-൫൧ വരെ വാങ്ങിച്ച നെല്ലിന് പറക്ക് ൪ണ. വീതം വച്ചും സബ്സിഡി കൊടുക്കുവാനും അനുവദിച്ചിട്ടുണ്ട്.

(ബി) എ-യ്ക്കുള്ള ഉത്തരം നോക്കുക.

(സി) ഒരു പറ നെല്ലിന് ൨. അണവീതം

(ഡി) ഒരു പറ നെല്ലിന് ൪. അണ വീതം.

(ഇ) കൊച്ചി വിഭാഗത്ത് ഇപ്പോഴും എ. യിൽ വിവരിക്കുന്ന പ്രകാരം യഥാത്ഥ കർഷകന ബോണസു കൊടുക്കുന്നുണ്ട്.

## ഭവനരഹിതർ

*൩൪. (൬൩) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട ഭവനനിമ്മാണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

തിരു-കൊച്ചി സംസ്ഥാനത്ത് താമസിക്കുവാൻ സ്വന്തമായി വീടില്ലാത്തവരുടെ സംഖ്യ എത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): ൪൩, ൦൯൫ കുടുംബങ്ങൾ.

### TRICHUR SCHOOL INSPECTOR'S OFFICE

*65. [78] **Shri K. P. Nilakanta Pillai:**† Will the Minister for Education be pleased to state whether it is a fact that the Minister has ordered the surrender of a Government building with premises in which a school Inspector's Office was being held at Trichur for the use of a Convent near the school, and if so under what circumstances it was so ordered and what are the conditions of surrender if any?

*Chief Minister* **(Shri A. J. John):**

Government have sanctioned the lease of land covered by Sy. No. 479/1 of the Trichur Village, for a period of 25 years (leaving a strip of 50 links bordering the tank) to the St. Mary's College, Trichur, at a suitable rent. The office of the Division Inspector of Schools is situated in this plot.

### DISTRICT HOSPITAL, CHIRAYINKIL

*66. [79] **Shri K. P. Nilakanta Pillai:** Will the Minister for Medicine be pleased to state with reference to the working of the District Hospital, Chirayinkil, the following:—

(*a*) the number of inpatients and outpatients treated in the hospital during 1950 and 1951;

(*b*) how many men, women and children were treated as inpatients during 1950, 1951;

(c) what is the extent of accommodation in the hospital and the area of the premises;

(*d*) whether the hospital is very near the Railway station touching the public road from Chirayinkil to Attingal;

(*e*) whether the hospital or premises has a compound wall; if not how long is it without a compound wall; and

(*f*) whether the question of extending both the accommodation and the premises of the hospital has been under the consideration of Government and if so how long and what decision has been taken?

*Minister for Medicine and Public Health* **(Shri V. Madhavan):**

(*a*)

| | | | |
|---|---|---|---|
| In-patients treated | in | 1950 | 1,186 |
| Out-patients | ,, | ,, | 29,722 |
| In-patients | ,, | 1951 | 1,651 |
| Out-patients | ,, | ,, | 43,951 |

(*b*)

| | *1950* | *1951* |
|---|---|---|
| Men | 358 | 541 |
| Women | 580 | 734 |
| Children | 248 | 376 |

(c) 1. Main building to accommodate 20 patients (10 males and 10 females).

2. A new ward with 4 rooms to accommodate 8 patients.
3. Septic ward to accommodate 10 patients (5 males and 5 females)
4. Contageous disease ward to accommodate 2 patients.
5. Kitchen side-room to accommodate one patient.

Area of the premises—2 acres and 20 cents.

(*d*) Yes.

†Questions Nos. 65, 66 and 67 are included in the Proceedings as they were given notice of by the hon. Shri K. P. Nilakanta Pillai before he was elected to the office of Speaker.

(*e*) No. It is about 2 years since the mud wall fell down.

(*f*) This question has been under consideration for some time. The necessary amount for building the compound wall has been included in the budget for 1952-53.

TOWN PLANNING SCHEME

*67. [80] **Shri K. P. Nilakanta Pillai:** Will the Minister for General Administration be pleased to state:—

(*a*) whether there was an approved town planning scheme for the Corporation of Trivandrum and if so whether it is in force now; and

(*b*) whether the scheme will be placed on the table?

*Chief Minister* **(Shri A. J. John):**

(*a*) No.

(*b*) Does not arise.

HANDLOOM INDUSTRY

*68. [82] **Shri R. Gangadharan:** Will the Minister for Industries be pleased to state:—

(*a*) is this Government represented in the All India Handloom Committee;

(*b*) has the attention of that Committee been drawn to the sad fate of the handloom industry;

(*c*) has the Committee recommended any relief;

(*d*) what is the extent of help if any given by the Government of India for improving the lot of handloom industry in this State?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** (*a*) Yes.

(*b*) Yes.

(*c*) Yes.

(*d*) The Government of India have allotted to this State a lump sum grant of Rs. 19,500 for the development of handloom industry.

VERNACULAR SCHOOL AT PERUMKULAM

*69. [87] **Shri Nedumangad R. Kesavan Nair:** Will the Minister for Education be pleased to state whether any representation has been made for completing the construction of the Government Vernacular School at Perumkulam?

*Chief Minister* **(Shri A. J. John):** Yes, for the Government Middle School at Perumkulam.

PERUNCHANI PROJECT

*70. (92) **Shri P. Ramaswami Pillai:** Will the Minister for Public Works and Communications be pleased to state:—

(*a*) how far the work in Perunchani Project has progressed so far;

(*b*) when the Government expect to complete the work; and

(*c*) the reasons for the delay in completing the work?

*Minister for Works and Transport* **(Shri Kalathil Velayudhan Nair):**

(*a*) The Project work is making steady progress. More than 75 per cent of rubble masonry in the construction of the dam has been completed. The spilway portion of the dam is practically complete. The erection of

shutters and sluice gates got down from Germany remains to be done for which a special Erector is expected from Germany shortly.

(*b*) By the end of December, 1952.

(*c*) Due to late arrival of spare parts for the outlet and draw off arrangements from Germany.

### PRIMARY EDUCATION

***71.** (97) **Shri R. Kesava Pillai:** Will the Minister for Education be pleased to state:—

Whether the Government have given up the scheme of extension of compulsory Primary Education in the State, and if so why?

*Chief Minister* **(Shri A. J. John):**

No.

### പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻസ്

*൭൨. (൯൮) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

ഒരു പ്രധാന മുനിസിപ്പൽ നഗരമായ എറണാകുളത്ത് വഴിയാത്രക്കാർക്കും മററും സൗകര്യപ്രദമായ പബ്ലിക്ക് കംഫർട്ട് സ്റ്റേഷനുകൾ ഇല്ലെന്നുള്ള വിവരം ഗവമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

ഇല്ല. വടക്കും തെക്കും ബസ്സ്സ്റ്റാൻറുകളിലും ഫെറിജട്ടികളെത്തും പബ്ലിക്ക് കംഫർട്ട് സ്റ്റേഷനുകൾ ഉണ്ട്.

### ഇക്കൊല്ലത്തെ യൂണിവേഴ്സിററി പരീക്ഷ

*൭൩. (൯൯) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി പറയുമോ:—

(എ) ഈക്കൊല്ലത്തെ യൂണിവേഴ്സിററി എക്സാമിനേഷൻ എല്ലാക്കൊല്ലവും പതിവുള്ളതിലും കാലേക്കൂട്ടി നടത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് വിദ്യാർത്ഥികളുടേയോ കോളേജ് സ്റ്റാഫിന്റെയോ എന്തെങ്കിലും നിവേദനം ഗവമെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി കൈക്കൊള്ളുമെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ബി.എ., ബി.എസ്സ്സി. പരീക്ഷകൾ പതിവിൽനിന്നും നേരത്തെ നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഗവമെൻറിനു ലഭിച്ചിട്ടില്ല. കോളേജു വിദ്യാർത്ഥികളുടെ നിവേദനങ്ങൾ യൂണിവേഴ്സിററിക്ക് ലഭിച്ചിട്ടുണ്ട്.

(സി) ഈ സംഗതി യൂണിവേഴ്സിററിയുടെ പരിധിയിൽ പെട്ടതായതു കൊണ്ടു ഗവമെൻറ് ഇടപെടാറില്ല.

## കുടിയിറക്ക്

*൭൪. (൧൦൦) ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ മന്ത്രി സദയം മറുപടി പറയുമോ.—

(എ) കുടികിടപ്പുകാരനെ കുടിയിറക്കാനാലോചിക്കുന്ന വസ്തു ഉടമസ്ഥനെ കോടതിവിധി കൂടാതെ പോലീസ് ഉദ്യോഗസ്ഥന്മാർ സഹായിച്ചുകൊള്ളണമെന്നു നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പത്തനാപുരം താലൂക്കിൽ പുന്നല എന്ന സ്ഥലത്ത്, സ്ഥലം സർക്കിൾ ഇൻസ്പെക്ടർ വസ്തു ഉടമസ്ഥന്റെ സിൽബന്ധികളെ താമസക്കാരന്റെ പുരപൊളിക്കാൻ സഹായിച്ചതായി ഗവമ്മെന്റിന് അറിവ് കിട്ടിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഇല്ല.

## ട്രഷറി ആഫീസറന്മാരുടെ തിരഞ്ഞെടുപ്പ്

*൭൫. (൧൦൨) ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈയിടെ ഡിവിഷനൽ ട്രഷറി ആഫീസറന്മാരെ തിരഞ്ഞെടുത്തത് എന്തു മാനദണ്ഡം വെച്ചുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ബി) കൂടുതൽ യോഗ്യതയും ശമ്പളവും ഉള്ളവർ അപേക്ഷകരായിരുന്നിട്ടും അവരെ അവഗണിച്ചുകൊണ്ട് കുറഞ്ഞ ശമ്പളക്കാരെ ഡിവിഷനൽ ട്രഷറി ആഫീസർമാരായി തിരഞ്ഞെടുത്തിട്ടുണ്ടോ;

(സി) അങ്ങിനെ ഉണ്ടെങ്കിൽ അതിനുണ്ടായ പ്രേരണ എന്താണെന്ന് പറയാമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) റവന്യൂ ബോർഡിലെ റവന്യൂ മെമ്പർ, ഫൈനാൻസ് സെക്രട്ടറി ഇവരുടെ സഹായത്തോടുകൂടി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയ അഭിമുഖസന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ആണ്.

(ബി) ഗവമ്മെന്റു ജീവനത്തിലിരിക്കുകയും കുറഞ്ഞത് ൧൫൦ രൂപായെങ്കിലും ശമ്പളം മേടിക്കുകയും ചെയ്യുന്നവർക്കെല്ലാം ഈ ജോലിക്ക് അപേക്ഷിക്കുവാൻ അവകാശമുണ്ടായിരുന്നു. അങ്ങിനെ അപേക്ഷിച്ചവരിൽ നിന്നും അഭിമുഖസന്ദർശനത്തിൽ ഏററവും നിയമനാർഹർ എന്നു തെളിഞ്ഞവരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) എ. ബി. ഉത്തരങ്ങൾ കൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

## RECRUITMENT OF TEACHERS

*76. [105 **Shri. Chengarappally P. Narayanan Potti:** Will the Minister for Education be pleased to state.—

(*a*) was there a system of recruitment of teachers when Dr. T. K. Koshy was the Director of Public Instruction, on a fixed salary of Rs. 50 per month;

(*b*) if the answer to the above is in the affirmative, how many teachers were recruited on that basis;

(c) are those teachers recruited on a fixed salary of Rs. 50 a month absorbed in the scale of Rs. 50—100;

(d) if not, what is the reason for the above ?

*Chief Minister* **(Shri A. J. John):**

(a) Yes.

(b) 275.

(c)&(d) They are being absorbed in Rs. 50—100 grade as and when vacancies arise according to seniority.

പരാതികൾ

*൭൭. (൧൦൭) ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട അഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

ആലുവാ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിനെപ്പറ്റി പരാതികൾ വല്ലതും കിട്ടിയിട്ടുണ്ടോ?

അഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

ഉണ്ട്.

## FIRST CLASS MAGISTRATE

***78.** [109] **Shri. M. M. Abdul Khader:** Will the Minister for Civil and Criminal Justice be pleased to state.—

(a) whether the Government received petitions and complaints from the public and from the Advocates alleging corruption, favouritism and bribery against the First Class Magistrate, Alwaye;

(b) whether the Government investigated the truth of these allegations and if so by whom;

(c) what is the report on these allegations made by the investigating officer; and

(d) how long has this Magistrate been at Alwaye ?

*Minister for Home Affairs* **(Shri T. M. Varghese):**

(a) Government received two petitions, one under name Sankaran Veloo (which on investigation was found to be pseudonymous) and the other from certain Advocates and Vakils at Alwaye containing vague allegations.

(b) Yes. The investigation was made by the District Magistrate, Trichur, and the Inspector-General of Police.

(c) The allegations were reported to be baseless.

(d) From 14th March 1949.

## Unstarred Questions

### SUPPLY OF DRINKING WATER

**11.** [1] **Shri Kunjan Nadar:** Will the Minister for Land Revenue be pleased to state.—

(a) whether the Government got any representation for the supply of drinking water to the coastal people of Kollencode and Paruthiyur (Kulathur Pakuthy, Neyyattinkara);

(b) if so, what steps are taken ?

*Answer*

(*a*) Yes. A petition has been received for sinking a well.

(*b*) Steps are in progress to get the necessary land surrendered by the party. The work will be taken up when the land is got surrendered.

**PAY OF TEACHERS**

12. [2] **Shri Kunjan Nadar:** Will the Minister for Education be pleased to state.—

(*a*) the minimum pay of drill and drawing masters and sewing mistresses in the middle school section;

(*b*) the starting pay of the teachers in the primary section;

(*c*) if there is difference in the above is there any special reason for the same?

*Answer*

(*a*) Travancore Area—Drill Master Rs. 20. Drawing Master Rs. 20-25. Sewing Mistress Rs. 20-25 (for direct appointment); but a pay of Rs. 25 is given to those teachers promoted from primary schools.

Cochin Area.—Physical Training Instructor, Drawing Master and Needle Work Mistress: Rs. 30—3—60 each.

(*b*) Rs. 25 basic pay in Travancore area. Rs. 30 in the scale of Rs. 30—1—40—2—50 in Cochin area.

(*c*) There is difference, but that is due to the fact that these rates were sanctioned by the erstwhile Governments of Travancore and Cochin before the integration.

**PAY OF TEACHERS**

13. [3] **Shri Kunjan Nadar:** Will the Minister for Education be pleased to state.—

(*a*) when were Vernacular schools raised to Middle Schools;

(*b*) whether the pay of the teachers in such schools was enhanced along with the reform;

(*c*) whether there are different grades of middle schools in the State; if so how many grades?

*Answer*

(*a*) It is presumed that the question relates to the conversion of the Malayalam/Tamil/Sanskrit Middle Schools into New Type Middle Schools in the erstwhile Travancore State. This conversion was given effect to from 1947-48 when the Preparatory class was abolished and Form I was opened against class VI. This reform worked successively till all the classes of the Malayalam, etc. Middle Schools were replaced by classes of the New Type Middle School.

(*b*) No; but 150 posts on Rs. 30 were temporarily sanctioned and teachers with S.S.L.C., T.T.C. qualifications were posted for the teaching of English.

(*c*) No.

**TEXT BOOK COMMITTEE**

14. [8] **Dr. N. Sankara Pillai:** Will the Minister for Education be pleased to state.—

whether there are experienced departmental and private school teachers in the Text Book Committee?

*Answer*

Yes.

## നെല്ലെടുപ്പു പദ്ധതി

൧൫. (൯) ശ്രീ. സി. ജി. സദാശിവൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) നെല്ലെടുപ്പു പദ്ധതിയനുസരിച്ച് ഈ സംസ്ഥാനത്ത് ൧൯൫൧-ൽ കൃഷിക്കാരിൽനിന്നും എടുത്തിട്ടുള്ള നെല്ല് എത്ര പറ;

(ബി) ഇതിൽ ഓരോ താലൂക്കിൽനിന്നും എടുത്തിട്ടുള്ളത് എത്ര പറ വീതം?

### ഉത്തരം

(എ) ൧,൨൩,൩൯,൧൮൩ പറ.

(ബി) ലിസ്റ്റ് താഴെ കൊടുത്തിട്ടുണ്ട്.

### ൧൯൫൧-ൽ ഓരോ താലൂക്കിൽനിന്നും എടുത്തിട്ടുള്ള നെല്ലിന്റെ കണക്ക്

| | താലൂക്ക് | അളവ് (പറ) |
|---|---|---|
| ൧. | തോവാള | ൭,൮൧,൩൦൬ |
| ൨. | അഗസ്തീശ്വരം | ൯,൧൮,൯൭൮ |
| ൩. | കൽക്കുളം | ൪,൯൦,൩൫൫ |
| ൪. | വിളവംകോട് | ൪൦,൦൩൧ |
| ൫. | നെയ്യാറ്റിൻകര | ൪൯,൨൧൦ |
| ൬. | തിരുവനന്തപുരം | ൨൮,൫൬൮ |
| ൭. | നെടുമങ്ങാട് | ൭൭,൯൬൪ |
| ൮. | ചിറയിൻകീഴ് | ൬൨,൨൨൦ |
| ൯. | കൊല്ലം | ൪൦,൬൫൮ |
| ൧൦. | കൊട്ടാരക്കര | ൯൩,൮൯൮ |
| ൧൧. | പത്തനാപുരം | ൯൩,൧൬൨ |
| ൧൨. | ചെങ്കോട്ട | ൪,൧൭,൦൪൭ |
| ൧൩. | കുന്നത്തൂർ | ൫൧,൬൪൪ |
| ൧൪. | കരുനാഗപ്പള്ളി | ൫൦,൧൪൫ |
| ൧൫. | കാർത്തികപ്പള്ളി | ൨,൨൨,൬൦൮ |
| ൧൬. | മാവേലിക്കര | ൧,൦൦,൪൯൬ |
| ൧൭. | തിരുവല്ലാ | ൧,൫൩,൯൯൯ |
| ൧൮. | പത്തനംതിട്ട | ൧,൦൯,൩൦൪ |
| ൧൯. | അമ്പലപ്പുഴ | ൭,൭൭,൫൧൧ |
| ൨൦. | ചേർത്തല | ൯൮,൬൮൧ |
| ൨൧. | ചങ്ങനാശേരി | ൩,൮൪,൪൧൪ |
| ൨൨. | കോട്ടയം | ൫,൮൬,൩൯൦ |
| ൨൩. | വൈക്കം | ൧,൭൭,൧൯൦ |
| ൨൪. | മീനച്ചിൽ | ൩൭,൯൫൬ |
| ൨൫. | മൂവാറ്റുപുഴ | ൨,൬൧,൬൦൩ |
| ൨൬. | തൊടുപുഴ | ൧,൦൧,൭൦൪ |
| ൨൭. | കുന്നത്തുനാട് | ൩,൫൮,൬൯൦ |
| ൨൮. | പറവൂർ | ൨,൫൬,൦൩൬ |
| ൨൯. | ദേവികുളം | ൮൭,൪൨൦ |

| | താലൂക്ക് | അളവ് (പറ) |
|---|---|---|
| ൩൦. | പീരുമേട് | ൧,൧൯,൫൨൭ |
| ൩൧. | കൊച്ചികണയന്നൂർ | ൨,൨൩,൬൮൮ |
| ൩൨. | മുകുന്ദപുരം | ൫,൮൫,൮൨൦ |
| ൩൩. | കൊടുങ്ങല്ലൂർ | ൧൧,൮൭൪ |
| ൩൪. | തൃശ്ശൂർ | ൮,൪൬,൮൩൫ |
| ൩൫. | തലപ്പിള്ളി | ൧൯,൭൪,൬൬൩ |
| ൩൬. | ചിറ്റൂർ | ൧൬,൬൪,൮൭൭ |
| | ആകെ | ൧,൨൩,൩൮,൧൯൩ |

ആശുപത്രിയുടെ ആവശ്യകത

൧൬. (൧൪) ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തൃശ്ശിവപേരൂർ താലൂക്ക് മുകുന്ദപുരം താലൂക്ക് കൊടകര വില്ലേജ് മുതലായ ദേശക്കാർക്ക് ഒരു ആശുപത്രിയുടെ ആവശ്യകത ഉണ്ടെന്നുള്ള വസ്തുത ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉത്തരം

ഉണ്ട്. കൊടകരയിൽ ഒരു ഡിസ്പെൻസറി തുടങ്ങേണ്ട കാര്യം ഗവമ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു. ആശുപത്രിക്ക് ആവശ്യമുള്ള കെട്ടിടവും സ്ഥലവും സജ്ജീകരണങ്ങളും സ്ഥലത്തെ ജനങ്ങൾ വില കൂടാതെ ഗവമ്മെൻറിനു വിട്ടുതരുന്നതായാൽ ഡിസ്പെൻസറി തുടങ്ങുന്നതായിരിക്കും. തൃശ്ശിവപേരൂർ മുകുന്ദപുരം എന്നീ താലൂക്കുകളിൽ ഡിസ്പെൻസറികളുണ്ട്.

**ROAD**

17. [15] **Shri Nedumangad R. Kesavan Nair:** Will the Minister for Public Works be pleased to state.—

(*a*) whether any representation has been made regarding the construction of a road from Mylam to Kadampanad in the Nedumangad Taluk; and

(*b*) if so, the possible time within which the same could be constructed?

*Answer*

(*a*) No.

(*b*) Does not arise.

**BRIDGE**

18. [16] **Shri Nedumangad R. Kesavan Nair:** Will the hon. Minister for P.W.D. be pleased to state.—

(*a*) whether any representation for constructing a bridge at Thottumukku in the Aryanad Pakuthy has been made; and

(*b*) if so, the possible time within which the same could be constructed?

*Answer*

(*a*) No.

(*b*) Does not arise.

### ട്രഷറി ആഫീസർമാരുടെ തിരഞ്ഞെടുപ്പ്

എൻ. (൭൧) ശ്രീ. റ്റി എ. മജീദ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

ഈയിടെ നടന്ന ഡിവിഷനൽ ട്രഷറി ആഫീസർമാരുടെ തിരഞ്ഞെടുപ്പിനു അപേക്ഷകരായിരുന്നവരുടെ യോഗ്യതയും സ്ഥിരമായ ശമ്പളസ്കെയിലും എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

യോഗ്യതകളും സ്ഥിരമായ ശമ്പളസ്കെയിലും പട്ടികയിലുള്ള സ്റ്റേറ്റുമെൻറിൽ ചേർത്തിട്ടുണ്ട്.*

## Procedure regarding Votes on Account

**Mr. Speaker:** Order, order. According to the programme already circulated, Friday the 28th March is allotted for general discussion of the Budget, and the motion for Votes on Account is to come before the House on Saturday, the 29th. As hon. Members are aware, the procedure for Voting on Account is designed to give the Members a longer time for a detailed discussion on the budget by putting off such discussion to convenient dates after the 31st of March. The principle is that the House ought to grant sufficient funds in advance to Government to enable it to carry on till the Demands are scrutinised in detail and voted upon. Since a full discussion on the various Demands could be had in the House in due course, I trust that the grant of the supply for the interim period on the motion for Votes on Account will be treated as a formal affair.

12 Noon

The following procedure will therefore be adopted for the disposal of the motion regarding Votes on Account on the 29th March:

The hon. Minister for Finance will move the motion in respect of the total sum required. I understand that copies of this motion have already been distributed to the hon. Members. After this motion is moved, any Member may move an amendment for the reduction of the whole grant or for the reduction or omission of the items whereof the grant is composed. A Member who wishes to move such an amendment should give notice of it to the Secretary before 12 noon on Friday, the 28th March. The hon. Minister for Finance will have a right of reply towards the close of the debate, to the amendments moved to the motion. At 5 o'clock all the amendments and then the motion for Votes on Account will be submitted to the vote of the House.

## Adjournment Motion regarding Unemployment among Coir Workers

**Mr. Speaker:** I have received notice of a motion for the adjournment of the House from the hon. Member Shri Gangadharan. The motion is this: "To discuss about the ways and means of removing the unemployment of the coir workers arising out of the present slump in the Coir Industry."

Firstly under the provisions, it is not a specific matter. Secondly, during the discussion on the Rajpramukh's speech, the Members will get ample opportunities to discuss that labour problem, and, thirdly, when we go on with the

*Please see Appendix, p. 167.

discussion about the Voting on Accounts, another opportunity also will be available to the Members. On these grounds, the motion is out of order and it is ruled out.

## The Travancore-Cochin Appropriation (No. 1) Bill, 1952

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** Sir, I introduce the Travancore-Cochin Appropriation (No. 1) Bill, 1952.

*Chief Minister* **(Shri A. J. John):** I second it.

**Mr. Speaker:** The Bill stands introduced.

**Shri Panampilli Govinda Menon:** Sir, I pray that the Bill may be taken into consideration at once.

**Shri A. J. John:** I second it.

*The question that the Bill be taken into consideration was put and carried.*

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, തിരുവിതാംകൂർ-കൊച്ചി അപ്രോപ്രിയേഷൻ ബില്ലിന്റെ പ്രതികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് കിട്ടിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോഴത്തെ കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു സാങ്കേതികമായ ഒരു ആവശ്യം നിർവ്വഹിക്കുന്നതിനു വേണ്ടിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കോൺസ്റ്റിറ്റ്യൂഷൻ ൨൦൪-ാമത്തെ വകുപ്പനുസരിച്ചു നിയമസഭ പാസാക്കുന്ന തുകകൾ അപ്രോപ്രിയേഷൻ ആക്ട് അനുസരിച്ചുവേണം സാധൂകരിക്കാൻ. എന്നാൽ മുൻകാലങ്ങളിൽ ഈ സഭയ്ക്കുതന്നെ അപ്രോപ്രിയേഷൻ ബില്ലിന്റെ ആവശ്യകതയില്ലാതെ പാസാക്കാമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ ഗ്രാന്റു പാസാക്കിയശേഷം ഒരു ബിൽമൂലം നിയമസാധുത്വം കൊടുക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇന്നലെ ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ഗ്രാന്റുകൾക്കും അപ്രോപ്രിയേഷൻ ബില്ലുമൂലം നിയമസാധുത്വം കൊടുത്തെങ്കിലേ ബിൽ എഴുതി പണം വാങ്ങാൻ സാധിക്കുകയുള്ളു. നിയമസഭയുടെ ഭൂരിപക്ഷത്തോടുകൂടി തുകകൾ പാസായില്ലെങ്കിൽ ആ തുക ഷെഡ്യൂളിൽനിന്നും മാററി കളയുകയാണ് പതിവ്. ഇന്നലെ ബഹുമാനപ്പെട്ട ചീഫ്മന്ത്രി അവതരിപ്പിച്ച ഒരു സപ്ലിമെന്ററി ഗ്രാന്റിന് ഭൂരിപക്ഷം കിട്ടാത്തതുമൂലം അത് ഷെഡ്യൂളിൽനിന്നും എടുത്തു കളഞ്ഞിരിക്കുകയാണ്. ഇപ്രകാരം അവതരിപ്പിക്കപ്പെടുന്ന സപ്ലിമെന്ററി ഗ്രാന്റുകളെല്ലാം സഭയുടെ ഭൂരിപക്ഷത്തോടെ പാസാകുമെങ്കിൽ ആ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും കിട്ടുന്നതിന് ആവശ്യമായ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ബിൽ പാസാക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. എ. താണുപിള്ള: ബജറ്റിൽ ൩൩-ാം പേജിൽ കൊള്ളിച്ചിരിക്കുന്ന ഇന്ററസ്റ്റ് ചാർജ്ജ് ഏതു ഇനത്തിൽ പെട്ടവയാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത് Capital outlay—Electrical Charges-ലെ interest ആണ്.

*The question that Clauses 2 and 3 stand part of the Bill was put and carried.*

*The clauses were added to the Bill.*

*The question that the Schedule stand part of the Bill was put and carried.*

*The Schedule was added to the Bill.*

*The question that Clause 1 and the Title and Preamble stand part of the Bill was put and carried.*

*Clause 1 and the Title and Preamble were added to the Bill.*

**Shri Panampilli Govinda Menon:** Sir, I move that the Bill may be finally passed.

**Shri A. J. John:** I second it.

*The question that the Travancore-Cochin Appropriation (No. 1) Bill, 1952, be passed was put and carried.*

*The Travancore-Cochin Appropriation (No. 1) Bill, 1952, was passed.*

## Motion on Address by H. H. the Rajpramukh

**Mr. Speaker:** After ascertaining the sense of the hon. Members I propose to fix a time-limit to the speeches of the Members during the discussion on the Rajpramukh's Address. I propose to give 15 Minutes to the mover of the motion and also to the seconder of the motion. Both together may take 30 minutes and the hon. Minister who makes a reply at the end of the debate will also be given 30 minutes. Then there remains only 150 minutes available to the House. If some time-limit is not fixed, it will not be possible for many Members to take part in the debate. Therefore, I suggest that a time-limit of 7 minutes be fixed regarding the amendments. Those who want to move the amendments, may be given a time-limit of 7 minutes. Is it acceptable to the House?

**Shri M. M. Abdul Khader:** May I know the time limit for such of the Members who want to speak?

**Mr. Speaker:** All the Members who want to take part in the discussion may take 7 minutes each. Then it is agreed. The mover as well as the seconder will take together 30 minutes. The Minister who replies will be allowed 30 minutes and every hon. Member who has tabled amendments, when it is moved, may take 7 minutes and all other Members who take part in the discussion also may take 7 minutes.

And, secondly, another matter of procedure also may be placed before the House for the acceptance of the hon. Members. The original motion of the address may be moved and it may also be seconded. Then all the amendments may be moved one by one in the order in the list so that the motion as well as the amendments may be before the House, and the hon. Members may take that opportunity to discuss the original motion as well as the amendments together. That will facilitate matters. That course seems to be acceptable to me and I hope it will be agreeable to the hon. Members also.

**Shri P. Sadasivan Pillai:** Sir, I move that an Address in the following form be presented to His Highness the Rajpramukh expressing the thanks of the Assembly for the speech delivered by him:

"May it please Your Highness,

We, the Members of the Legislative Assembly beg leave to thank Your Highness for the Address delivered to this Assembly."

ഇതാണു് ഈ സഭയിൽ അവതരിപ്പിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്ന പ്രമേയം. വളരെ ചാരിതാർത്ഥ്യത്തോടുകൂടിയാണു് ഇപ്രകാരം ഒരു പ്രമേയം ഞാൻ ഈ സഭ മുമ്പാകെ അവതരിപ്പിക്കുന്നതു്. രാജപ്രമുഖൻ ഈ സഭയിൽ ഹാജരായി ഈ സഭയെ അഭിസംബോധനം ചെയ്തു സംസാരിച്ചപ്പോൾ ഇവിടെ നടക്കുകയുണ്ടായ ഒരു സംഭവത്തെ വിസ്മരിച്ചുകൊണ്ടോ അവഗണിച്ചുകൊണ്ടോ അല്ലാ ഞാൻ ഇപ്രകാരം പറയുന്നതു്. അതിന്റെ

ഔചിത്യബോധത്തെപ്പററി ഒരു വിധി കല്പിക്കുന്നതിനുള്ള ഭാരം ഈ രാജ്യത്തെ പ്രബുദ്ധമായ ജനസഞ്ചയത്തിനു ഞാൻ വിട്ടുകൊടുക്കുകയാണ്. എങ്കിലും ഇൻഡ്യയിൽ ആദ്യം കരുപ്പിടിപ്പിച്ചിട്ടുള്ള ഒരു ഭരണഘടനയോടു വിശ്വാസപ്രതിജ്ഞ പ്രഖ്യാപിച്ചതിന്റെ ശ്വാസം അടങ്ങുന്നതിനു മുമ്പു തന്നെ ഈ സംസ്ഥാനത്തിന്റെ വ്യവസ്ഥാപിത ഭരണാധികാരി ഈ സഭയെ അഭിസംബോധനംചെയ്തു സംസാരിക്കുവാൻ ഇവിടെ ഹാജരായപ്പോൾ ആ കർമ്മത്തിൽ പങ്കെടുക്കാതെ നമ്മുടെ ചില സഹപ്രവർത്തകന്മാർ പോയതിനെപ്പററി ഖേദിക്കാതെ തരമില്ല. സർ, ഇൻഡ്യയിൽ ഇന്നു രൂപീകരിച്ചിട്ടുള്ള ഭരണഘടനപ്രകാരം ആദ്യമായി നടന്നിട്ടുള്ള തെരഞ്ഞെടുപ്പിൻപ്രകാരം രൂപീകരിച്ചിട്ടുള്ള നിയമസഭയുടെ ആദ്യ സമ്മേളനമാണ് ഇതു്. ഇതു ചരിത്രപരമായി വളരെ പ്രാധാന്യമേറിയിരിക്കുന്ന ഒരു സമ്മേളനമാണ്. ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഈ സമ്മേളനത്തിൽ രാജപ്രമുഖൻചെയ്ത പ്രസംഗം ചരിത്രപ്രാധാന്യമർഹിക്കുന്ന ഒന്നുതന്നെയാണ് എന്നു് പറയുന്നതിനു് ഞാൻ മടിക്കുന്നില്ല. ഇന്നു ചില പ്രത്യേക സാഹചര്യങ്ങളിലാണ് ഇവിടെ ഒരു ഗവമ്മെൻറു് രൂപമെടുത്തിട്ടുള്ളതു്. ഈ ഗവമ്മെൻറിനെ നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ബാദ്ധ്യസ്ഥമായിട്ടുള്ള പാർട്ടി ഈ രാജ്യത്തു് ഒരു ക്ഷേമതല്പരരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനു് ബദ്ധകങ്കണരായിട്ടുള്ളവരാണ്. അപ്രകാരം ഒരു ക്ഷേമതല്പരരാഷ്ട്രം ഈ രാജ്യത്തു് കെട്ടിപ്പടുക്കുന്നതിനു് ആവശ്യമായുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിച്ചുകൊണ്ടുള്ള ഒരു പ്രസംഗമാണ് രാജപ്രമുഖൻ ഇവിടെ നിർവ്വഹിക്കുകയുണ്ടായിട്ടുള്ളതു്. ഈ അസംബ്ളി ഇപ്പോൾ കൂടിയിട്ടുള്ളതു് ഈ സംസ്ഥാനത്തു് ഇന്നു് ആവിർഭവിച്ചിട്ടുള്ള പ്രത്യേക സാഹചര്യത്തിൽ ഒരു വോട്ടു ഓൺ അക്കൗണ്ട്സ് പാസ്സാക്കി ഗവമ്മെൻറിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടു പോകുന്നതിനാണെങ്കിലും അടുത്ത സംവത്സരത്തിൽ ഇവിടത്തെ ഗവമ്മെൻറു് പ്രയോഗത്തിൽ ആക്കുവാൻ പോകുന്ന പരിപാടികളുടേയും പദ്ധതികളുടേയും ഒരു സ്ഥൂലരൂപം ആവിഷ്കരിച്ചുകൊണ്ടുള്ള ഒരു പ്രസംഗമാണ് രാജപ്രമുഖൻ ഇവിടെ നിർവ്വഹിക്കുകയുണ്ടായതു്. സാധാരണയായി രാജപ്രമുഖന്റെ പ്രസംഗത്തിൻ ഉൾക്കൊള്ളിക്കുന്നതു് ഇവിടത്തെ ഗവമ്മെൻറു് അടുത്തകൊല്ലത്തിൽ നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികളുടെ ഒരു സാമാന്യരൂപമാണ്. ഈ പ്രസംഗത്തെ നാം സശ്രദ്ധം അപഗ്രഥനം ചെയ്തു നോക്കുകയാണെങ്കിൽ ഇവിടത്തെ ഗവമ്മെൻറു് അടുത്തകൊല്ലം നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ എന്താണെന്നു് നമുക്കു് മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ഇന്നു നമ്മുടെ മുമ്പാകെ നടന്നിട്ടുള്ള രാജപ്രമുഖന്റെ പ്രസംഗം നാം വിശകലനംചെയ്തു നോക്കുന്നപക്ഷം നമുക്കു ചാരിതാർത്ഥ്യത്തിനും സമാധാനത്തിനും ധാരാളം വകതരുന്നുണ്ടു്. ഈ സംസ്ഥാനത്തു് ജനകീയ ഗവമ്മെൻറു് ആവിർഭവിച്ചതിനുശേഷം ഇവിടത്തെ ജനകീയ ഗവമ്മെൻറിനെ എന്നെന്നും അമ്പരപ്പിച്ചുകൊണ്ടിരുന്ന ഒരു വമ്പിച്ച പ്രശ്നം ഇവിടത്തെ ഭക്ഷ്യപ്രശ്നമാണ്. ഈ ഭക്ഷ്യപ്രശ്നത്തെ അഭിമുഖീകരിക്കുന്നതിനു് ഈ രാജ്യത്തു് രൂപീകൃതമായിട്ടുള്ള ജനകീയ ഗവമ്മെൻറുകൾ മുഴുവൻതന്നെ സ്ഥിരോത്സാഹത്തോടുകൂടി പരിശ്രമിച്ചിട്ടുണ്ടെങ്കിലും അതിനു പരിപൂർണ്ണ വിജയം പ്രാപിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു് ഒരുപക്ഷേ പരമാർത്ഥമായിരിക്കാം. എങ്കിലും ഭാവനാത്മകമായ ഒരു മനോഭാവ

[Shri. P. Sadhasivan Pillai]

ത്തോടുകൂടി ഈ രാജ്യത്തു വസിക്കുന്ന ബഹുലക്ഷം ജനങ്ങൾക്കും ഭക്ഷ്യപദാർത്ഥങ്ങൾ ന്യായമായ രീതിയിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഇവിടത്തെ ജനകീയഗവൺമെൻറ് ബോധപൂർവ്വം മുന്നോട്ടു വന്നിട്ടുണ്ടെന്ന് നമുക്ക് വിസ്മരിക്കുവാൻ നിവൃത്തിയില്ലതന്നെ. ഈ സംസ്ഥാനത്ത് വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ജനപെരുപ്പം നമ്മെ അമ്പരപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഇവിടത്തെ ഭക്ഷ്യപ്രശ്നത്തിന് ശരിയായ ഒരു പരിഹാരം തേടേണ്ടതു് അത്യാവശ്യമാണെന്ന് മനസ്സിലാക്കി ഭക്ഷ്യോല്പാദനത്തിന് വേണ്ടി ശാസ്ത്രീയമായ അടിസ്ഥാനത്തിൽ പദ്ധതികൾപ്രകാരം ഗവൺമെൻറ പല കാര്യങ്ങളും പ്രവർത്തിക്കുന്നതിന് ഭാവിച്ചിട്ടുണ്ടെന്ന് രാജപ്രമുഖൻെറ പ്രസംഗത്തിൽ വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. ഒരു രാജ്യത്തെ ഭക്ഷ്യപ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിന് മുദ്രാവാക്യങ്ങൾ വിളിച്ചു പറഞ്ഞതുകൊണ്ടോ വിപ്ലവാത്മകമായ പ്രസംഗങ്ങൾ പ്രസംഗവേദികളിൽനിന്നു നടത്തുന്നതുകൊണ്ടോ സാദ്ധ്യമാകയില്ലെന്നു നമുക്കറിയാം. ആ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തേണ്ടതു് ഇപ്രകാരം സമാധാനപരമായിട്ടുള്ള സംരംഭങ്ങൾ ഒരു സംവിധാനപദ്ധതിയുടെ അടിസ്ഥാനത്തിൽ വരുത്തുന്നതുകൊണ്ടു മാത്രമേ സാദ്ധ്യമാകുയുള്ളു എന്നു ബുദ്ധിയുള്ള ആക്കും അറിയുവാൻ കഴിയുന്നതാണ്. അപ്രകാരം ഒരു സംവിധാനപദ്ധതിയുടെ അടിസ്ഥാനത്തിൽ, ഒരു പ്ലാനിംഗിൻെറ അടിസ്ഥാനത്തിൽ, ഇവിടത്തെ ഗവൺമെൻറ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ വിജയത്തിൽനിന്നു വിജയത്തിലേക്ക് പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നു രാജപ്രമുഖൻ നമ്മെ അറിയിച്ചു. കൂടാതെ, ഭക്ഷ്യസംവർദ്ധകയത്നങ്ങൾ കൊണ്ടു് മാത്രം ഈ രാജ്യത്തെ ഭക്ഷ്യപ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തുവാൻ സാദ്ധ്യമല്ലാതിരിക്കുന്നതുകൊണ്ടു്, ഈ രാജ്യം മിക്കവാറും ൩൦ ശതമാനത്തിൽ കൂടുതൽ ഭക്ഷ്യവിഷയത്തിൽ ഒരു കമ്മി പ്രദേശമായതുകൊണ്ടു്, ഇൻഡ്യാ ഗവൺമെൻറിൻെറ സഹായം ആ വിഷയത്തിൽ കൂടുതൽ സമ്പാദിക്കുന്നതിന് ഇവിടത്തെ ഗവൺമെൻറ് വേണ്ടതു ചെയ്യുന്നതാണെന്നും രാജപ്രമുഖൻ നമ്മെ അറിയിക്കുകയുണ്ടായിട്ടുണ്ടു്. വിദേശ വിപണികളിൽ ധാരാളം ധനം സമ്പാദിക്കുന്നതിന് ആവശ്യമായിട്ടുള്ള പല വിഭവസമ്പത്തും പ്രദാനംചെയ്യുന്ന ഈ രാജ്യത്തിനു സെൻട്രൽ ഗവൺമെൻറിൽനിന്നു ന്യായമായ സഹായം കിട്ടുന്നതിന് അവകാശമുണ്ടെന്നുള്ളതു് ആക്കും നിഷേധിക്കുവാൻ കഴിയുന്നതല്ല. ആ അവകാശബോധത്തോടുകൂടി ഈ ഗവൺമെൻറ് വേണ്ടതു് പ്രവർത്തിക്കുന്നതാണെന്നു രാജപ്രമുഖൻ ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതു് നമുക്ക് ആശ്വാസപ്രദമാണു്. ഇപ്രകാരം ഭക്ഷ്യസംവർദ്ധകങ്ങളായ പ്രശ്നങ്ങളെപ്പററി ഈ രാജ്യത്തു നടപ്പിൽവരുത്തുവാൻ ഈ ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ ഒരു സാമാന്യരൂപം നമ്മുടെ മുമ്പാകെ അവതരിപ്പിക്കുകയുണ്ടായിട്ടുണ്ടു്. ഇവിടെയുള്ള തൊഴിലാളി വിഭാഗത്തിന് ന്യായവും നിയമാനുസൃതവുമായുള്ള ആശ്വാസം നൽകുന്നതിനും അവരുടെ ജീവിതത്തോതു് ക്രമാനുഗതം അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടു് വരുന്നതിനും ആവശ്യമായുള്ള, ഒരു ശരിയായ അധിഷ്ഠാനത്തിലുള്ള, പദ്ധതി ഇവിടത്തെ ഗവൺമെൻറ് സ്വീകരിക്കുന്നതിന് തയാറായിട്ടുണ്ടെന്ന് രാജപ്രമുഖൻ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. കൂടാതെ ഇന്നു് നാട്ടിൽ

നടമാടിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്കു് ഒരു പരിഹാരം കണ്ടെത്തുന്നതിനുള്ള പദ്ധതികളും ഇവിടത്തെ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു രാജപ്രമുഖൻ നമ്മെ അറിയിച്ചിട്ടുണ്ടു്. ഇന്നു ഈ രാജ്യത്തു അധിവസിക്കുന്ന ഓരോ പൌരനേയും അമ്പരപ്പിക്കുന്ന ഏററവും വലിയ പ്രശ്നം ഇന്നു തീരപ്രദേശത്തുണ്ടായിട്ടുള്ള തൊഴിലില്ലായ്മയാണു്. കയർ വ്യവസായത്തിലുണ്ടായിട്ടുള്ള മാന്ദ്യംകൊണ്ടു് പല ആളുകൾക്കും തൊഴിലില്ലാതായി തീർന്നിട്ടുണ്ടെന്നും ആ തൊഴിലില്ലായ്മയ്ക്കു ന്യായമായ പരിഹാരം കണ്ടുപിടിക്കേണ്ടതു് ഏററവും ആവശ്യമാണെന്നും ഉള്ള വസ്തുത ഗവൺമെൻറിന് മററാരേയുംകാൾ കൂടുതൽ ബോദ്ധ്യമായിട്ടുണ്ടെന്നു് രാജപ്രമുഖൻെറ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. ഇപ്രകാരം സാമാന്യമായി നാം നോക്കുകയാണെങ്കിൽ രാജ്യത്തു് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ പ്രയാസങ്ങളേയും ക്ലേശങ്ങളേയും ലഘൂകരിക്കുന്നതിനു് ആവേശത്തോടുകൂടിയിരിക്കുന്ന ഒരു ഗവൺമെൻറാണു് ഇന്നു് ഈ രാജ്യം ഭരിക്കുന്നതെന്നു് നമുക്കു് മനസ്സിലാക്കുവാൻ കഴിയുന്നതാണു്. അങ്ങിനെയുള്ള ഒരു ഗവൺമെൻറിനോടു് നിങ്ങൾ സഹകരിക്കുവാൻ തയാറാണോ എന്നുള്ളതാണു് എനിക്കു് ചോദിക്കുവാനുള്ളതു്. ഈ ഗവൺമെൻറിനു ആവശ്യമായ സഹകരണം നിങ്ങൾ നൽകുവാൻ തയാറുണ്ടെങ്കിൽ നമുക്കു് ഈ രാജ്യത്തോടുള്ള കൂറു പ്രകടിപ്പിക്കുവാൻ കഴിയുന്നതാണു്. സർ, ഈ പ്രമേയം ഈ സഭ ഐകകണ്ഠ്യേന പാസാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഞാൻ ഈ പ്രമേയത്തെ ഹൃദയപൂർവ്വം പിൻതാങ്ങുന്നു. രാജപ്രമുഖൻ തിരുമേനിയുടെ സാന്നിദ്ധ്യത്തെ അനുസ്മരിപ്പിച്ചും, തിരുമനസ്സിലെ നേർക്കു കൃതജ്ഞത രേഖപ്പെടുത്തിയും മി. സദാശിവൻപിള്ള പ്രസംഗിച്ചു. തിരുമേനി സദസ്സിൽ സദയം സാന്നിദ്ധ്യം ചെയ്യുമ്പോൾ ചില അംശങ്ങൾ ഒരു വാക്കൌട്ടു നടത്തിയതിനെക്കുറിച്ചും പരാമർശിക്കുകയുണ്ടായല്ലോ. സന്ദർഭത്തിൻേറയും സംഭവത്തിൻേറയും പ്രത്യേകതയെക്കുറിച്ചു ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. സ്വാതന്ത്ര്യത്തിൻെറ മൻഘലം നൽകുന്ന, തികഞ്ഞ മാററത്തെപ്പററി, ഒന്നോർക്കാത്തവരാരുമുണ്ടായിരിക്കാമെന്നു തോന്നുന്നില്ല. വിഖ്യാതമായ ഈ സ്വാതന്ത്ര്യസിദ്ധാന്തത്തിൻെറ അകവും പുറവും വേണ്ടവിധം ഗ്രഹിച്ചിട്ടാണോ, പരിചിന്തനം ചെയ്തിട്ടാണോ ജനങ്ങൾ ജനകീയാദർശത്തിൻേറയും, ഭരണത്തിൻേറയും നേരെ കയർക്കുന്നതെന്നും വഴി പിശകി അതികർക്കശമായി പതറുന്നതെന്നും നിസ്സംശയം തോന്നിപ്പോകുന്നു. രാജായത്തഗവൺമെൻറിൻേറയും ജനായത്തഗവൺമെൻറിൻേറയും നയതന്ത്രബഹിർമുഖങ്ങളിൽ എനിക്കുണ്ടായിട്ടുള്ള പരിചയം മുൻനിറുത്തി ഞാൻ പറയുന്നതു ജനങ്ങളുടേയും ഗവൺമെൻറിൻേറയും അകൽച്ച എങ്ങിനെയുള്ളതായാലും വിപത്തുകൾ വരുത്തിവെയ്ക്കാൻ പര്യാപ്തമാകുമെന്നാണു്. രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗം ഗവൺമെൻറിൻെറ ഭാവിനയപരിപാടിയുടെ സാരാംശം മാത്രമായിരുന്നു. ഈ സഭയ്ക്കു് പ്രസ്തുത പ്രസംഗവുമായുള്ള വിവേചനാവകാശം സുവിദിതവുമാണല്ലോ. ഇന്നു് എവിടെ നോക്കിയാലും പരക്കെ കാണുന്നതു ബഹുജനങ്ങളുടെ ഓരോരോ ആവശ്യങ്ങളും, അവശതാപ്രകടനവിപ്രകടനങ്ങളുമാണല്ലോ. സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ചാൽ ഇതൊരു സാർവ്വത്രികവിഗതിയായിട്ടുതന്നെ കാണാവുന്നതാണു്. പരിഹാരം ആവശ്യമാണു്. അതിനു പോംവഴികൾ കാണേണ്ടതുമാണു്. സ്വാതന്ത്ര്യം നൽകിയ മഹാർഘഫലങ്ങളിൽ

[Shri. T. T. Kesavan Sastri]

ഞാൻ പ്രാധാന്യം കാണുന്നതു് ഡെമോക്രസിയിലാണു്. സർ, ഡെമോക്രസിയുടെ പൂർണ്ണതയും അനുഭവസരണിയിലുള്ള വിശകലനവൈവിധ്യവും ഇന്നെങ്ങിനെയിരിക്കുന്നു? ചിന്തിച്ചുകൊണ്ടുതന്നെയാണു് ഞാൻ ഒരിക്കൽ ഡെമോക്രസിയെപ്പററി ചോദിച്ചതു്.. എങ്ങനെ ഇതിനൊരു മറുപടി ലഭിക്കുമെന്നു് ഞാൻ പിന്നീടും വിചാരിച്ചുവെന്നുള്ളതു് സത്യമാണു്. നമ്മെ നേരിട്ടിരിക്കുന്നതും ഇന്നും നേരിട്ടുകൊണ്ടിരിയ്ക്കുന്നതുമായ അനവധിയനവധി വസ്തുതകളെപ്പററി വിചാരിക്കാൻ പ്രയാസമുണ്ടായിരിക്കയില്ല. ഇന്നും ഡെമോക്രസി ഒരു നാമമാത്രസ്വപ്നമായി കരുതുന്നതിൽ തെററു വരാവുന്നതാണെന്നോ?

രാജപ്രമുഖൻ തിരുമേനി ഉന്നതാശയനായ ഭരണാധികാരിയല്ലേ? അവിടത്തെ നിസ്തുലഭരണകാലത്തെ പരിശോധിച്ചാൽ കാണാം, ഡെമോക്രസിയിൽ തിരുമേനി കൈക്കൊണ്ടിട്ടുള്ള കാര്യങ്ങൾ. മനുഷ്യനെ തുല്യമനുഷ്യനായി കരുതാൻ സാധിക്കാതിരുന്ന സംഭവഗതികൾ ആരാണു മറന്നിട്ടുള്ളതെന്നു ഞാൻ ചോദിക്കുന്നു. ജനകീയകാലത്തും ദുഷിച്ച ആചാരപരിപാടികളിൽ ഉറച്ചുനിൽക്കുന്നവർ രാജപ്രമുഖൻ തിരുമനസ്സിലെ സമഭാവനയും രാജ്യക്ഷേമകാംക്ഷയും എങ്ങനെ കാണുന്നുവെന്നുള്ളതാണു് ആശ്ചര്യകരമായി എനിക്കു തോന്നുന്നതു്. സ്വാതന്ത്ര്യസമ്പാദകനായ മഹാത്മജി, ധിഷണാശാലിയായ പണ്ഡിററു ജവഹർലാൽ നെഹ്റു, പരിണതപ്രജ്ഞനായിരുന്ന വല്ലഭായി പട്ടേൽ, മുതലായ ഭാരതീയപുരുഷപുംഗവന്മാരും, പരദേശീയരും അകമഴിഞ്ഞഭിനന്ദിച്ച ക്ഷേത്രപ്രവേശനാദി മഹാസംഭവസംരംഭപ്രയോക്താവല്ലെ ശ്രീ ചിത്തിരതിരുനാൾ രാജപ്രമുഖൻ തിരുമേനിയെന്നു അറിയാത്തവരാരാണു്? തിരുമേനി ജനകീയാദർശം കൈക്കൊണ്ടു രാജാധികാരം പ്രജകളിൽ നൽകി സത്കർമ്മം രാജ്യനന്മകളിൽ സംബന്ധിച്ചുപോരികയല്ലേ എന്നു തിരുവിതാംകൂർ–കൊച്ചി ജനസഞ്ചയം ഉറച്ചു ധരിക്കേണ്ടതാണെന്നാണു് ഞാൻ പറയുന്നതു്. തിരുമേനിയുടെ അനുകരണീയങ്ങളായ മാതൃകകൾ ജനകീയ സത്യത്തിൻെറ നാമത്തിൽ ജനങ്ങൾ ഉണർന്നുപ്രവർത്തിക്കേണ്ടതാണു്. അങ്ങനെ രാജ്യത്തെ സ്നേഹിച്ചും, ഭിന്നതകൾ അവസാനിപ്പിച്ചും പുരോഗമനവാദികളായി തിരുവിതാംകൂർ–കൊച്ചി ജനത പ്രബുദ്ധമാകണം. അങ്ങനെയായാൽ അമേരിക്കൻജനത ലോകമാതൃക നൽകി വിജയിക്കുന്നപ്രകാരം നമുക്കും നന്നാകുവാൻ സാധിക്കുന്നതായിരിക്കും. ജനങ്ങളുടെ പഠിപ്പിനും പാകതയ്ക്കും വേണ്ടതെല്ലാം ചെയ്യാൻ ഗവമെൻറും ഉണരുകതന്നെ വേണം. സർ, ഞാൻ സദാശിവൻപിള്ള അവർകളുടെ പ്രമേയത്തെ പിൻതാങ്ങുകയും സഭയുടെ സഹകരണം സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീ. ആർ. ഗംഗാധരൻ: ഞാൻ ഈ പ്രമേയത്തിനു് താഴെ കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"But regret that the Government have failed to take necessary measures for the improvement of the Coir Yarn Iudustry which is a source of livelihood of more than eight lakhs of people in this State driving them to utter misery and starvation."

രാജപ്രമുഖൻെറ പ്രസംഗം ഈ മന്ത്രിസഭയുടെ വരുന്ന കൊല്ലത്തെ ഒരു നയപ്രഖ്യാപനമാണെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. കയററു

വ്യവസായം ഗുരുതരമായ ഒരു പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിക്കുകയാണെന്നും, തൻമൂലം ഉളവായിട്ടുള്ള തൊഴിലില്ലായ്മയെ മന്ത്രിമാർ ഉൽക്കണ്ഠയോടെ വീക്ഷിക്കുകയാണെന്നും രാജപ്രമുഖന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഈ തൊഴിലില്ലായ്മക്കും പട്ടിണിക്കും പരിഹാരമായി ഈ മന്ത്രിസഭ ഇതിനകം എന്തുചെയ്തു എന്നാണ് ഞാൻ ചോദിയ്ക്കുന്നതു്. ഒന്നുംതന്നെ ചെയ്തിട്ടില്ല. എട്ടുലക്ഷത്തോളം വരുന്ന തൊഴിലാളികൾ ഇന്നു പട്ടിണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വെറുതെ മുതലക്കണ്ണുനീർ പൊഴിച്ചതുകൊണ്ട് പ്രശ്നത്തിന് പരിഹാരം ഉണ്ടാകാൻ പോകുന്നില്ല. കോൺഗ്രസ്സിന്റെ പഴയ ഭരണരീതിതന്നെ മേലും തുടരാൻപോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. കയർ തൊഴിലാളി സംഘടനകൾതന്നെ പലപ്പോഴും കയർവ്യവസായത്തിന്റെ അഭിവൃദ്ധിമാർഗ്ഗങ്ങൾക്കായുള്ള പദ്ധതികൾ കൈക്കൊള്ളണമെന്ന് ഗവമ്മെന്റിനോട് നിവേദനം നടത്തീട്ടുണ്ട്. പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. പ്രക്ഷോഭണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ ഗവമ്മെൻറു് ഇതൊന്നും ഇതുവരെ ശ്രദ്ധിച്ചിട്ടില്ല.

കയറുവ്യവസായം ഈ സംസ്ഥാനത്തിലെ ഏററവും വലിയ കുടിൽ വ്യവസായമാണ്. ഏകദേശം എട്ടുലക്ഷത്തോളം ജനങ്ങൾ ഈ വ്യവസായം കൊണ്ട് ഉപജീവനം നടത്തിവരുന്നു. പത്തുകോടിയോളം രൂപാ കയർ ഉല്പന്നങ്ങളുടെ വില്പന ഇനത്തിൽ ആണ്ടൊന്നുക്ക് ഈ സംസ്ഥാനത്തിന് വരുമാനം ഉണ്ടാകുന്നുണ്ട്. ഇത്രത്തോളം പ്രാധാന്യമേറിയ ഈ വ്യവസായം ഇന്ന് അധഃപതിച്ച് തൊഴിലാളിയും മുതലാളിയും പട്ടിണിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഈ വ്യവസായത്തിന്റെ അധഃപതനത്തിന് ചില പ്രത്യേകകാരണങ്ങളുണ്ട്. ആലപ്പുഴയിലും എറണാകുളത്തും കയർ വില്പനക്കു കൊണ്ടുചെല്ലുന്ന മുതലാളിമാർക്ക് അവിടത്തെ ഗുദാമുടമസ്ഥന്മാർ ഓരോ തുക അഡ്വാൻസ് കൊടുക്കുന്നു. ഇങ്ങിനെ അഡ്വാൻസ് കിട്ടുന്നില്ലെങ്കിൽ മുതലാളിമാർക്ക് കയർ തുടന്ന് പിരിപ്പിക്കാൻ സാധിക്കുന്നതല്ല. മിക്കപേരും അധികം മുതൽ മുടക്കുള്ളവരല്ല. അഡ്വാൻസ് കഴിച്ചുള്ള തുകയും അവക്കു താമസം കൂടാതെ കിട്ടേണ്ടതായിട്ടാണിരിക്കുന്നതു്. അവിടത്തെ വൻകിട മുതലാളിമാർ ഈ പരിതസ്ഥിതികളെ അങ്ങേഅററം ചൂഷണംചെയ്തുവരുന്നു. കയറിന്റെ വില നിശ്ചയിക്കുന്നതു് അവരായി തീന്നിരിക്കുന്നു. ഏതുവിലയ്ക്കും കയർ വില്പന നടത്താൻ നമ്മുടെ ചെറിയ കയറു മുതലാളിമാർ നിർബ്ബന്ധിതരാണ്. തൻമൂലം കയറിന്റെ വില ഇടിഞ്ഞുവരികയാണ് ചെയ്യുന്നതു്. ഈ നില മാറുകതന്നെ വേണം. കയറിന്റെ വില നിശ്ചയിക്കുന്നതു നാംതന്നെയായിരിക്കണം. ഒരേ കേന്ദ്രത്തിൽക്കൂടിയുള്ള വില്പന മുഖേന മാത്രമെ ഇക്കാര്യം സാധിക്കുകയുള്ളു. അതിന് ഗവമ്മെൻറ് മുന്നോട്ടു വരേണ്ടിയിരിക്കുന്നു. ഗവമ്മെൻറിന്റെ മേൽനോട്ടത്തിൽ കയറെല്ലാം സംഭരിക്കപ്പെടണം. അഡ്വാൻസ് കൊടുക്കാൻ പണം ഇല്ലെങ്കിൽ, ഈ കയർ ബാങ്കുകളിൽ ലോൺവെച്ചാൽ അഡ്വാൻസ് പ്രശ്നം പരിഹരിക്കപ്പെടാം. കയറിന്റെ വില ഗവമ്മെൻറ് ക്ലിപ്തപ്പെടുത്തണം. ആ വിലക്കു തന്നെ കയർ ചെലവാകുകയും ചെയ്യും. ഇങ്ങനെ ആയാൽ കയർ പിരിക്കുന്നവനും, പിരിപ്പിക്കുന്നവനും രക്ഷ ഉണ്ടാകുകയും കയർ വ്യവസായം അഭിവൃദ്ധിപ്പെടുകയും ചെയ്യും.

[Shri R. Gangadharan]

കുറച്ചുമുമ്പ് കയർ വ്യവസായത്തിന്റെ അഭിവൃദ്ധിമാർഗ്ഗങ്ങളെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ ഗവമ്മെൻറിൽനിന്നും ഒരു കമ്മററിയെ നിയമിച്ചിരുന്നു. ഈ കമ്മററിയുടെ ആഭിമുഖ്യത്തിൽ വ്യവസായത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ കമ്മിററിയുടെ പ്രവർത്തനം പൂർത്തിയാകുന്നതിനുമുമ്പ് കമ്മിററിയെ പിരിച്ചുവിടുകയാണുണ്ടായത്. കമ്മിററി റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല. ഒരു വമ്പിച്ച തുക ഇതിനുവേണ്ടി ചെലവാക്കുകയും ചെയ്തു. മുൻമന്ത്രി ശ്രീ. എൻ. കുഞ്ഞുരാമന്റെകാലത്തു വ്യവസായത്തിന്റെ അഭിവൃദ്ധിക്കായി ചില കയർസഹകരണസംഘങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സംഘങ്ങളുടെ നിബന്ധനകൾ വ്യവസായത്തിന്റെ അഭിവൃദ്ധിക്കു ഒരിക്കലും സഹായകരമല്ല. എല്ലാ മുതലാളിമാരും സംഘങ്ങളിൽ ചേരണമെന്നുള്ള നിർബന്ധമൊ, ചേരാനുള്ള പ്രേരണയൊ കാണുന്നില്ല. അങ്ങിനെ ഉണ്ടായിരുന്നാൽ തന്നെ കയർസംഭരണത്തിനുള്ള മൂലധനം സംഘങ്ങൾക്കു ഇല്ലാത്തിടത്തോളംകാലം സംഘങ്ങൾ നിഷ്പ്രയോജനങ്ങളാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കയർസഹകരണസംഘങ്ങൾ തുടരേണ്ടാ എന്നാണൊ മെമ്പരുടെ അഭിപ്രായം?

ശ്രീ. ആർ. ഗംഗാധരൻ: കയർസഹകരണസംഘങ്ങൾ ഇപ്പോഴത്തെ നിബന്ധനകൾ അനുസരിച്ചു തുടരുന്നതുകൊണ്ട് പ്രയോജനമില്ലെന്നാണ് എന്റെ അഭിപ്രായം.

അടുത്തതായി ശ്രീ. എൻ. കുഞ്ഞുരാമൻ ഏർപ്പെടുത്തിയ മിനിമം വേജസ് കമ്മിററിയെക്കുറിച്ചു രണ്ടുവാക്കു പറയാനുണ്ട്. ഏകദേശം രണ്ടു വർഷങ്ങൾക്കു മുമ്പ് ശ്രീ. സി. കേശവൻ പ്രസിഡൻറായി ഒരു മിനിമം വേജസ് കമ്മററി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഈ കമ്മററി റിപ്പോർട്ട് സമർപ്പിക്കുകയൊ, ഒരിക്കൽപ്പോലും കൂടുകയൊ ചെയ്തിട്ടില്ല. അതിപ്പോൾ പുനസംഘടിപ്പിക്കപ്പെട്ടതായി കാണുന്നു. കമ്മററി ക്ലിപ്തപ്പെടുത്തുന്ന കൂലി തൊഴിലാളിക്കു ജീവിക്കുവാൻ പര്യാപ്തമായ ഒന്നായിരിക്കണമല്ലൊ. അതു രണ്ടോ രണ്ടരയോ രൂപാ ആയിരിക്കാവുന്നതാണ്. വ്യവസായത്തിന്റെ ഇന്നത്തെ നിലപാടു നോക്കുകയാണെങ്കിൽ ഇങ്ങിനെയുള്ള ഒരു കൂലിക്രമം ഒരിക്കലും നടപ്പിൽ വരുത്താൻ സാധിക്കുന്നതല്ല. അതിനാൽ മിനിമം വേജസ് കമ്മററിയുടെ പ്രവർത്തനങ്ങളോടുകൂടിത്തന്നെ വ്യവസായാഭിവൃദ്ധിക്കുവേണ്ടിയുള്ള പദ്ധതികളും പുരോഗമിക്കേണ്ടതാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കയററു വ്യവസായത്തെ സംബന്ധിച്ചിടത്തോളം മിനിമം വേജസ് ഏർപ്പെടുത്തേണ്ടെന്നാണോ മെമ്പർ പറയുന്നതു്?

ശ്രീ. ആർ. ഗംഗാധരൻ: മിനിമം വേജസ് ഏർപ്പെടുത്തേണ്ടതു് അത്യാവശ്യംതന്നെ. എന്നാൽ മിനിമം വേജസ് കമ്മററിയുടെ പ്രവർത്തനരീതി നോക്കിയാൽ അതൊരു അടവായിട്ടു മാത്രമേ കരുതപ്പെടുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൂലിക്രമം ക്ലിപ്തപ്പെടുത്തിയാൽ കയർ വ്യവസായത്തിനു് ദോഷമായിവരുമെന്നു് മെമ്പർ പറഞ്ഞല്ലൊ.

ശ്രീ. ആർ. ഗംഗാധരൻ: എന്നു് എനിക്കു അഭിപ്രായമില്ല. കമ്മററിയുടെ പ്രവർത്തനത്തോടൊപ്പംതന്നെ വ്യവസായാഭിവൃദ്ധിക്കുള്ള പദ്ധ

തികളും നടപ്പിൽ വരാത്തിടത്തോളം കാലം മിനിമംവേജസ് ക്ലിപ്തപ്പെടുത്തുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ലെന്നാണ് എന്റെ അഭിപ്രായം.

കയറുവ്യവസായത്തിന്റെ അഭിവൃദ്ധിക്കായി പത്തുലക്ഷം രൂപാ ഗവണ്മെന്റിൽനിന്നും അനുവദിച്ചിരുന്നു. ഈ തുകയിൽനിന്ന് കയർസഹകരണസംഘം സിക്രട്ടറിമാരുടെ ശമ്പളം കൊടുത്തിട്ടുള്ളതല്ലാതെ ഒരു കാശുപോലും വ്യവസായാഭിവൃദ്ധിക്കായി ചെലവാക്കീട്ടില്ല. അൻപതുലക്ഷം രൂപാ ഇൻഡ്യാഗവണ്മെന്റിൽനിന്നും കയർവ്യവസായാഭിവൃദ്ധിക്കായി അനുവദിച്ചിരുന്നു. കുറേക്കഴിഞ്ഞപ്പോൾ അതു് ഇരുപത്തിഅഞ്ചുലക്ഷം രൂപയായിക്കുറച്ചു. ഈ തുക തന്നെ ഇൻഡ്യാഗവണ്മെന്റിൽനിന്നും, വാങ്ങാനുള്ള യാതൊരു നടപടികളും ഗവണ്മെന്റ് ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇങ്ങിനെ നോക്കിയാൽ ഈ ഗവണ്മെന്റ് കയറുവ്യവസായത്തിന്റെ അഭിവൃദ്ധിക്കായി യാതൊന്നുംതന്നെ ചെയ്തിട്ടില്ലെന്ന് കാണാവുന്നതാണ്.

**Mr. Speaker:** The Member is exceeding his time. He may conclude his speech.

ശ്രീ. ആർ. ഗംഗാധരൻ: കോക്കനട്ട് ബോർഡ്, റ്റീ ബോർഡ്, എന്നിങ്ങനെയുള്ള ബോർഡുകളെപ്പോലെ ഒരു കയർബോർഡ് ഉണ്ടാക്കിയാൽ മാത്രമെ വ്യവസായം അഭിവൃദ്ധിപ്പെടുകയുള്ളുവെന്നാണ് എന്റെ അഭിപ്രായം. എന്റെ ഭേദഗതിയെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും അനുകൂലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**Mr. Speaker:** In regard to amendment No. 2 by Shri T. S. Ramaswami Pillai which seeks to express no confidence in the Council of Ministers, I have to state as follows:—

The scope of the discussion on the Rajpramukh's address has engaged the attention of many legislatures in India and the question has been exhaustively considered and rulings have been given both in the Central Legislature and in some Legislatures of 'A' and 'B' States. I was also looking into the Parliamentary Practice of the British Parliament bearing on this subject and I do not find any motion attempted to discredit the Ministers, by taking advantage of the opportunity for discussion of the King's speech. The scope of discussion on a motion of this kind is meant only to review the Government's policy in relation to the contents of the King's speech and secondly to point out omissions in regard to important matters of policy. Therefore the scope of a discussion on Rajpramukh's address is confined to these two aspects. In rule 30 provision is given for moving a no-confidence motion. It runs thus;

(1) 'A motion expressing want of confidence in the Council of Ministers may be made subject to the following restrictions, namely',

(*a*) leave to make the motion must be asked for after questions and before the list of business for the day is entered upon;

(*b*) the Member asking for leave must leave with the Secretary a written notice of the motion which he proposes to move three days before the date on which he intends to move it.

(2) If the Speaker is of opinion that the motion is in order, he shall read the motion to the Assembly and shall request those Members who are in favour of leave being granted to rise in their places, and if not less than 40 Members rise accordingly, the Speaker shall intimate that leave is granted'.. ............and so on.

[Mr. Speaker]

Therefore, the procedure for moving a no-confidence motion is laid down in this rule. Now, the hon. Member Shri Ramaswami Pillai is attempting to move a no-confidence motion on the Ministry and he is making use of this opportunity for that. That is, what he cannot do directly he is attempting to achieve indirectly. Therefore according to the Rules and Standing Orders, I rule Mr. Ramaswami Pillai's amendment out of order.

ശ്രീ. ടി. വി. തോമസ്സ്: ഈ ഭേദഗതി റൂൾ ഔട്ട് ചെയ്യുമെന്നു പ്രതീക്ഷിച്ചിരുന്നില്ല. ശ്രീ. കുട്ടപ്പന്റെ ഭേദഗതി ഉച്ചക്കുശേഷം അവതരിപ്പിക്കാനേ ഒക്കുകയുള്ളൂ. ലഞ്ച് കഴിഞ്ഞ് എടുത്താൽ ശ്രീ. കുട്ടപ്പന് സഭയിൽ വരാൻ കഴിയും. അതുകൊണ്ടു ആ ഭേദഗതി ഉച്ചക്കു ശേഷം അവതിരിപ്പിക്കുന്നതിന് അനുവദിക്കണം.

**Mr. Speaker:** I do not find that suggestion to be acceptable. The contents of that amendment is contained in some other amendment which will be moved in this House and so hon. Shri Kuttappan may not be prejudiced at all on that account.

**Shri. P. S. Nataraja Pillai:** Has there not been any motion in the House of Commons as amendment expressing that the Ministry has forfeited the confidence of the House? I specifically remember one—unfortunately I am not in possession of it at present —an amendment moved by Mr. Attlee.

**Mr. Speaker:** I do not think that hon. Members are entitled to put questions on the rulings made by the Speaker. A ruling is a ruling and stands as a ruling.

The next amendment is from Shri C. Sankar. I am sorry I have to rule that amendment also out of order because it involves territorial readjustments which this House is not competent to do. In Art. 3 of the Constitution provision is laid down for the formation of new States and alteration of areas, boundaries, etc. It runs thus:—

"Parliament may by law—

(*a*) form a new State by separation of territory from any State or by uniting two or more States or parts of States or by uniting any territory to a part of any State;

(*b*) increase the area of any State;

(*c*) diminish the area of any State;

(*d*) alter the boundaries of any State;

(*c*) alter the name of any State;" and so on.

This is the procedure laid down in the Constitution if a new State is to be created. In the discussion on the Rajpramukh's address we are expected to discuss only the administrative policy which he had already referred to or which he had omitted to refer. Both are quite relevant. This amendment relates not to any administrative policy but to some other aspect which could not be usefully discussed in this House. Therefore I rule that amendment out of order.

*The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.*

**Shri P. S. Nataraja Pillai:** Sir, on the ruling given by the Speaker

2 P. M. in the morning, about the budget that has to be presented, I would like to have some clarification. "Any Member may move an amendment for

the reduction of the whole grant or for the reduction or omission of the items whereof the grant is composed." Sir, the schedule here says: "IX" as the number of an item. I take, it is a grant. Under that head, you find, "Voted by the Assembly—Rs.7·30 lakhs.".So,I will be in order,I hope,if I move for the reduction of some lump sum out of that amount. Suppose, I move for the reduction of the provision for, say, "President, Heads of States, Ministers and Headquarters Staff" a lump sum of Rs. 1,72,000 shown against Ministers under head IX, will I be in order, or, have I to move a token motion on it? I would like to have it clarified.

**Mr. Speaker:** There is no scope for any token motion under the Vote on Account. Every motion will be considered as an amendment to the motion by the Minister for Finance. Of course, some sort of discretion must be exercised by the Members. Even if a reduction of an amount under a particular item by, say, Rs. 100, is moved, of course, for the purpose of discussion, I can allow that motion, but it is not a token motion but only an amendment.

**Shri P. S. Nataraja Pillai:** My difficulty, Sir, is this. In a token motion, I can discuss the policy underlying that. If it is not a token motion, and if I move a lump amount for reduction, then to carry the verdict of the House I must show the necessity or otherwise of it. Therefore, suppose I want to discuss the policy on the formation of the Cabinet, as the ruling now stands, I am not entitled to move a token motion. Then the only method I can have is to move for the omission of Rs. 1,72,000 shown as remuneration for the Ministers. Should I do it, or can I have a token motion?

**Mr. Speaker:** The only distinction is that it shall not be taken as a token motion, but as an amendment. But under that motion, the details of the day-to-day administration should not be attempted to be discussed but some major policy involved in that sub-head could be discussed. That is the scope of discussion on this motion.

**Shri E. Gopalakrishna Menon:** Sir, I move the following amendment to the motion before the House:

"Add at the end, the words:

"but regret that the agrarian policy of the Government does not give any relief to the peasantry in the State."

സർ, ഈ നാട്ടിനെ ഇന്നഭിമുഖീകരിക്കുന്ന ഗൗരവതരമായ പ്രശ്നങ്ങളിൽവച്ചു ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണ് കാർഷികപ്രശ്നം എന്ന കാര്യം ആരും നിഷേധിക്കുകയില്ല. ഈ രാജ്യത്തെ ജനസംഖ്യയിൽ എൺപതു ശതമാനത്തോളം വരുന്ന ഒരു ജനവിഭാഗത്തോടു നീതി ചെയ്യുക എന്ന നിലയ്ക്കുമാത്രമല്ല ഞാൻ ഈ സംഗതി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നതു്. ഈ രാജ്യത്തെ വ്യാവസായികാഭിവൃദ്ധിക്കും, ഈ രാജ്യത്തിലെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കുന്നതിനും ഈ നാട്ടിലെ ഒരു തീരാശാപമെന്ന നിലയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭക്ഷണക്ഷാമം പരിഹരിക്കുന്നതിനുമെല്ലാം കാർഷികപ്രശ്നത്തിനു അടിസ്ഥാനപരമായ ഒരു പോംവഴി ഉണ്ടാക്കിയേ മതിയാകൂ. ഇന്നത്തെ കുഴപ്പങ്ങൾക്കെല്ലാം ഒരു പ്രധാനകാരണമായി എനിക്കു പറയാനുള്ളതു് ഇവിടത്തെ ജന്മി നാടുവാഴിത്തസമ്പ്രദായം നിലവിലിരിക്കുന്നുവെന്നതാണ്. അതവസാനിപ്പിച്ചല്ലാതെ, കൃഷിഭൂമി അദ്ധ്വാനിക്കുന്നവനു കൊടുത്തല്ലാതെ ഇന്നത്തെ നിലയ്ക്കു മാററവും ജനങ്ങൾക്കു ആശ്വാസവും ഉണ്ടാകയില്ലെന്നു വിശ്വസിക്കുന്നവരാണ് ഞങ്ങൾ.

[Shri E. Gopalakrishna Menon]

കോൺഗ്രസ്സ് ഭരണഭാരമേററിട്ട് നാലരക്കൊല്ലം കഴിഞ്ഞിട്ടും ഈ കാര്യത്തിൽ എന്തെങ്കിലും കാര്യമായ നടപടികൾ എടുക്കാൻ അവക്കു കഴിഞ്ഞിട്ടില്ല എന്നു പരക്കെ അറിവുള്ള സംഗതിയാണ്. ഇന്നു കർഷകരെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നത്തിനു എന്തെങ്കിലും ചില്ലറ പരിഹാരം ഉണ്ടാക്കുന്നതിനും കർഷകക്കു എന്തെങ്കിലും താൽക്കാലിക രക്ഷനൽകുന്നതിനുപോലും ഒരു നടപടി സ്വീകരിക്കുവാൻ ഈ സക്കാരിനെക്കൊണ്ടു് ഇന്നേവരെ കഴിഞ്ഞിട്ടില്ല. അക്രമപ്പാട്ടംകൊണ്ടും കുടി ഒഴിപ്പിക്കൽകൊണ്ടും താങ്ങാനാവാത്ത കടഭാരംകൊണ്ടും സാധാരണ ജനങ്ങൾ ഞെങ്ങി ഞെരുങ്ങി കഴിയുകയാണ് എന്നുള്ളതു് ആക്കും അറിയാവുന്നതാണ്. മുമ്പിലത്തെ കൊച്ചിഗവമ്മെൻറ് അവിടത്തെ കാഷികവിഭാഗത്തെ സംബന്ധിച്ചിടത്തോളം അവക്കു ആശ്വാസം നൽകുന്നതിനായി അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടി ശ്രീ. കെ. ജി. ശിവസ്വാമി അയ്യരുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിററിയുണ്ടാക്കി. ആ കമ്മിററിക്കു സമപ്പിക്കുന്നതിനു കൊച്ചിയിലെ കർഷകസഭയുടെ പേരിൽ ഞങ്ങൾ തെളിവു ശേഖരിച്ചിരുന്ന അവസരത്തിൽ ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞതു് അവിടത്തെ കർഷകരിൽ ഭൂരിഭാഗവും വിളവിൻെറ ൬൦ ശതമാനവും ജന്മിമാക്കു പാട്ടം കൊടുക്കേണ്ടവരാണെന്നാണ്. തിരുവിതാംകൂറിൽ തന്നെ പല ഭാഗങ്ങളിലും പ്രത്യേകിച്ചു തെക്കൻ തിരുവിതാംകൂറിൽ മണിയംകരം മുതലായ ഇനങ്ങളിൽ വിളവിൻെറ മുക്കാൽ ഭാഗവും ജന്മിമാക്കു് കൊടുക്കാൻ കർഷകർ നിർബന്ധിതരായിത്തീന്നിരിക്കുകയാണ്. ഇതിൻെറ എല്ലാം ഫലമായി കർഷകനു നല്ല നിലയിൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല; തന്മൂലം നമ്മുടെ നാട്ടിൽ കൃഷി അധഃപതിച്ചുകൊണ്ടിരിക്കുന്നു; അതു ഈ രാജ്യത്തെ സാമ്പത്തിക ജീവിതത്തെതന്നെ സാരമായി ബാധിക്കുകയും ചെയ്യുന്നു.

ഇവിടെ കൃഷിക്കാക്കു ആശ്വാസം നൽകുന്നു എന്ന പേരിൽ ചില നിയമങ്ങൾ എല്ലാം ഉണ്ടു്. അതായതു് കൊച്ചിയിലെ വെറുമ്പാട്ട കുടിയാൻ നിയമം, വസ്തു ഒഴിപ്പിക്കൽ തടയുന്നതിനുള്ള നിയമം ഇങ്ങനെ ചില നിയമങ്ങൾ നിലവിലുണ്ടു്. പക്ഷെ ഈ ആക്ടിൻേറയും നിയമങ്ങളുടേയും പ്രവത്തനത്തിൽ നാട്ടിലെ ബഹുഭൂരിപക്ഷം കർഷകക്കും യാതൊരു രക്ഷയുമില്ല. കണ്ടമാനമുള്ള വസ്തു ഒഴിപ്പിക്കൽ കുടിയിറക്കുകൾ മുതലായവ ഇന്നും നടക്കുന്നു. കൊച്ചിയിലാണെങ്കിൽ പാട്ടബാക്കിയുടെ പേരിൽ കണ്ടമാനം ഭൂമിയൊഴിപ്പിക്കൽ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ കൊച്ചിയിൽ വെറുമ്പാട്ട ബാക്കിയുടെ പേരിൽ വസ്തു ഒഴിപ്പിക്കാൻ പാടില്ലാ, എന്നു്?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കോടതിയിൽ പണം കെട്ടിവച്ചാൽ ഒഴിപ്പിക്കാൻ പാടില്ല എന്നാണ് വ്യവസ്ഥ എന്നു തോന്നുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പർ ആക്ഷേപിക്കുന്ന കോൺഗ്രസ്സ് ഗവമ്മെൻറിൻെറ കാലത്തു് ആ വ്യവസ്ഥ മാററി.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതു എന്തുതന്നെയായാലും ഇന്നും കണ്ടമാനം കൃഷി ഒഴിപ്പിക്കലും കുടി ഇറക്കലും നടക്കുന്നുണ്ടു്; എന്റെ നിയോജകമണ്ഡലമായ കൊടുങ്ങല്ലൂരിൽ അടുത്ത ഏതാനും ദിവസങ്ങൾക്കുമുമ്പു് അവിടത്തെ പ്രബലനായ ഒരു ജന്മി ഒരു കുടിയാനെ ഒഴിപ്പിക്കുകയുണ്ടായി. ആ ഭൂമി ആ കുടിയാൻ വളരെ കാലമായി പാട്ടത്തിനു ഏററുനടത്തിവരുന്നതാണു്. അവിടത്തെ പോലീസുദ്യോഗസ്ഥന്മാർ ഈ കാര്യത്തിൽ ജന്മിയുടെ ഭാഗത്തു ചേർന്നിരിക്കുകയാണു്. ഇതേ തരത്തിലുള്ള ഒഴിപ്പിക്കലുകൾ പുനലൂരും മററു പല ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്നതായി ഞങ്ങൾക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഇന്നു ഈ നിയമങ്ങൾ നിലവിലുണ്ടെങ്കിലും തിരു-കൊച്ചിയിൽ ഇതുകൊണ്ടു് ജന്മിമാർക്കല്ലാതെ കൃഷിക്കാർക്കു് യാതൊരു ഗുണവും സിദ്ധിക്കുന്നില്ല. ജന്മിമാർക്കു് ഈ നിയമങ്ങളിൽനിന്നും ഒഴിയുന്നതിനു ധാരാളം സൌകര്യം ലഭിക്കുന്നുണ്ടു്. ഈ നിയമം വച്ചുകൊണ്ടുതന്നെ മറെറന്തെങ്കിലും കാരണങ്ങൾ പറഞ്ഞു സാധുജനങ്ങളുടെ കുടുംബത്തെ ഇറക്കിവിടുന്നു. ഇന്നു് ഇങ്ങിനെയുള്ള പരാതികൾ ധാരാളമായി കിട്ടിക്കൊണ്ടിരിക്കുകയാണു്. ഈ രാജ്യത്തിലെ ഭൂരിപക്ഷം കർഷകർക്കും യഥാർത്ഥത്തിൽ രക്ഷ നൽകുന്ന യാതൊരു വ്യവസ്ഥയും ഇന്നു നിലവിലില്ല എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇങ്ങിനെ രാജ്യത്തിന്റെ നാനാഭാഗത്തും സാർവ്വത്രികമായി അനീതി നടന്നുകൊണ്ടിരിക്കുന്നതിനാൽ കൃഷിക്കാർക്കു കൃഷിചെയ്യാൻ ഭൂമി സ്ഥിരമായി കിട്ടുന്നില്ല എന്നുള്ള കാര്യം പരക്കെ അറിയാവുന്നതാണു്. ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള കാർഷികത്തൊഴിലാളികൾക്കു ഒരു പുരകെട്ടി താമസിക്കുന്നതിനാവശ്യമായ രണ്ടു സെൻറു സ്ഥലംപോലും ഇന്നു അവർക്കു കിട്ടുന്നില്ല. ഇത്രയെല്ലാം സാധുക്കൾക്കുവേണ്ടി കണ്ണീർ പൊഴിക്കുന്ന കോൺഗ്രസ്സുകാർ ഭരിക്കുന്ന ഈ രാമരാജ്യത്തിൽ ഒരു പുര വച്ചുകെട്ടാൻ രണ്ടുസെൻറു സ്ഥലംപോലും ഭൂരിപക്ഷത്തിനും കിട്ടുന്നില്ലെന്നുള്ളതു് എത്രയും ലജ്ജാവഹമാണു്? എന്തെങ്കിലും ഒരു പുരയിടമുള്ളവർക്കുതന്നെ യാതൊരു രക്ഷയുമില്ല. കുടിയിറക്കു സംബന്ധിച്ചു് ഇന്നത്തെ പത്രത്തിൽതന്നെ ഒരു പ്രസ്താവന കാണുകയുണ്ടായി. കോവാളം എന്നു പറയുന്ന സ്ഥലത്തു അടുത്ത ദിവസം ഒരു ജന്മി ഒരു സാധു കുടുംബത്തെ കുടി ഒഴിപ്പിച്ചതിനെപ്പററിയാണാപ്രസ്താവന. ആ കുടുംബം ഇന്നും പെരുവഴിയിൽതന്നെ കിടക്കുകയാണു്. ഈ സ്റ്റേററിലെ ഒരു മന്ത്രിയായിരുന്ന ശ്രീ. കുഞ്ഞുരാമൻ ആണു് ഈ പ്രസ്താവന ഇറക്കിട്ടുള്ളതു്. ഈ തരം സംഭവങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു. ഈവക കാര്യങ്ങൾ ഇന്നു പൌരസഞ്ചയത്തിന്റെ ഇടയിൽ ഒരു ചോദ്യചിഹ്നമായി നില്ക്കുകയാണു്. അങ്ങിനെ കർഷകരുടേയും മററു അദ്ധ്വാനിക്കുന്നവരുടേയും മൌലിക പ്രശ്നങ്ങൾക്കു എന്തെങ്കിലും പരിഹാരം ഉണ്ടാക്കുന്നതിനു ഈ കോൺഗ്രസ് ഗവമ്മെൻറ് ഒരു ചെറുവിരൽപോലും അനക്കിയിട്ടില്ലാ എന്നതാണു് വാസ്തവം. രാജപ്രമുഖന്റെ പ്രസംഗത്തിൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണെന്നു പ്രസ്താവിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ഇത്തരം പ്രസ്താവനകളും നയപ്രഖ്യാപനങ്ങളും ഇതിനുമുമ്പും നടന്നിട്ടുള്ളതാണെന്നും ഇന്നേവരെ യാതൊരു കാര്യവും നടപടിയിൽ വന്നിട്ടില്ലെന്നുള്ളതും നമ്മുടെ ഒക്കെ അനുഭവമാണു്. ഇവിടെ കർഷകരുടെ കാര്യങ്ങളെപ്പററി അന്വേഷിക്കാൻ പല കമ്മിററികളും നിയമിക്കുകയുണ്ടായിട്ടുണ്ടു്: ആ

[Shri E. Gopalakrishna Menon]

കമ്മിററികൾ പല റിപ്പോർട്ടുകളും സമർപ്പിക്കയുമുണ്ടായിട്ടുണ്ട്. അങ്ങിനെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ എല്ലാം സെക്രട്ടേറിയററിന്റെ മേശകളിൽ വച്ചു പൂട്ടുകയും ചെയ്തിട്ടുണ്ട്. പിന്നേയും ഈവക കാര്യങ്ങളെക്കുറിച്ച് ആലോചിക്കാനും കർഷകർക്ക് ആശ്വാസം നൽകുന്ന നടപടികൾ സ്വീകരിക്കാനും തങ്ങൾ തയ്യാറാണെന്നു ഈ മന്ത്രിമാർ പറയുമ്പോൾ അതു ആരാണ് വിശ്വസിക്കുക, എങ്ങിനെയാണ് വിശ്വസിക്കുക? ഈ ഗവമ്മെന്റ് ജന്മികളേയും നാടുവാഴികളേയും സഹായിക്കുന്നതിനു മാത്രമായിട്ടാണ് ശ്രദ്ധിച്ചിട്ടുള്ളതെന്നു ഇതുവരെയുള്ള പ്രവർത്തനങ്ങൾകൊണ്ട് തെളിയിച്ചിരിക്കുന്നു. അതുകൊണ്ട് ഈ ഗവമ്മെന്റിന്റെ ഈ നയത്തെ എതിർക്കുന്നതിനുവേണ്ടി ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ആർ. കേശവപിള്ള: ഈ ആണ്ടത്തെ ആറാമത്തു പ്രൊക്ലമേഷനായ ഹോൾഡിംഗ് സ്റ്റേ ആഫ് എക്സിക്യൂഷൻ ആക്ട് ഈ കുടിയൊഴിപ്പിക്കൽ തടയുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതല്ലേ?

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: അതിന്റെ പേരു എങ്ങിനെയിരുന്നാലും ജന്മികളുടെ രക്ഷയ്ക്കുവേണ്ടി സ്വീകരിക്കേണ്ട വ്യവസ്ഥകളാണ് അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്.

ശ്രീ. ആർ. കേശവപിള്ള: പിന്നെ ഏതുതരത്തിലുള്ള നിയമങ്ങൾ ഉണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: എല്ലാംവിധ ഭൂമിയൊഴിപ്പിക്കലും കുടിയിറക്കലും നിരോധിക്കുന്ന നിയമമാണ് ഇന്നാവശ്യമായിരിക്കുന്നതു്.

ശ്രീ. കെ. എം. കോര: എത്രയായിരം ഏക്കർ സ്ഥലം ഇതുവരെ കർഷകർക്കായി പതിച്ചുകൊടുത്തിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: സാധാരണ കർഷകർക്കായി സ്ഥലം പതിച്ചുകൊടുത്തിട്ടില്ലെന്നാണെന്റെ അറിവ്.

ശ്രീ. കെ. എം. കോര: അതു സംബന്ധിച്ചില്ലെങ്കിലും അറിയാമോ? കർഷകർക്കായി കുത്തകപ്പാട്ടവ്യവസ്ഥയിലും മററുമായി എത്രായിരം ഏക്കർസ്ഥലം കൊടുത്തിട്ടുണ്ടെന്നുള്ള സംഗതി അറിയാമോ?

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: വലിയ ജന്മിമാക്കും കാർഷിക മുതലാളികൾക്കും അവരുടെ സ്വാധീനശക്തികൊണ്ട് കൃഷിക്കായി കുറെ സ്ഥലം ലഭിച്ചിട്ടുണ്ടെന്നറിയാം.

ശ്രീ. അവിരാതരകൻ: കോൺഗ്രസ്സുകാരല്ലാത്തവർക്കായി വല്ല സ്ഥലവും പതിച്ചുകൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: കോൺഗ്രസ്സുകാർ അല്ലാത്തവർക്ക് പതിച്ചുകൊടുത്തിട്ടുള്ളതായി അറിയാൻ പാടില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: സാർ, താഴെ പറയുന്ന ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നു.

Add at the end the words:—

"but regret that no mention is made about schemes to ameliorate the grievances of Government employees."

ഈ ഗവൺമെൻറ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏതു പരിപാടികളും യഥാർത്ഥത്തിൽ വിജയിക്കണമെന്നുണ്ടെങ്കിൽ, കാര്യക്ഷമമായി നടത്തണമെന്നുണ്ടെങ്കിൽ അതിനു സർക്കാർ ജീവനക്കാരുടെ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ആവശ്യമാണെന്നുള്ള സംഗതി ഈ ഹൗസിലെ എല്ലാ അംഗങ്ങളും വിശ്വസിക്കുന്നുണ്ടെന്നു എനിക്കു തോന്നുന്നു. എന്നാൽ ഈ നാട്ടിലെ സർക്കാർ ജീവനക്കാരുടെ സ്ഥിതി ഏററവും ശോചനീയമായ ഒന്നാണ്. അവരുടെ ശമ്പളനിരക്ക് അവരുടെ ജോലിക്കനുയോജ്യമായ വിധത്തിലുള്ളതല്ല. മാത്രമല്ല ലോകത്തിലെ മറെറതൊരു സ്ഥലത്തേയും ശമ്പളനിരക്കിനേക്കാൾ കുറവായ ഒരു ശമ്പളനിരക്കാണ് ഇവിടത്തെ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളനിരക്ക്. ഇന്ന് ഒരുരൂപാ ശമ്പളവും ഒരു രൂപാ അലവൻസും എന്നുള്ള രീതിയിൽ സർക്കാർ ജീവനക്കാർ ൮ മണിക്കൂറും അതിൽ കൂടുതലും ജോലി ചെയ്തുവരുന്നു. ഇന്നു എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഉള്ള കീഴുദ്യോഗസ്ഥന്മാരുടെ കാര്യമാണ് വളരെ കഷ്ടമായിട്ടുള്ളതു്, എന്നുള്ള കാര്യവും ഏററവും പരമാർത്ഥമാണ്. അവരാണ് ഇന്നു കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്നതു്. ഇതു് ഒട്ടും അഭിമാനകരമല്ലാത്ത ഒരു സംഗതിയാണ്. ഉദാഹരണമായി ഈ ക്ഷേത്രങ്ങളിലെ കീഴ്ജീവനക്കാരായ കഴകക്കാർ എന്നു പറയുന്ന ജോലിക്കാരുടെ ശമ്പളം എത്ര തുച്ഛമാണ്. എന്നാൽ അവരുടെ ജോലി അതിനനുസരിച്ചുള്ളതല്ല എന്നുള്ളതും ഒരു വാസ്തവമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ക്ഷേത്രങ്ങളിലെ കഴകക്കാർക്ക് സർക്കാരിൽനിന്നും ശമ്പളം കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതുവരെ ക്ഷേത്രങ്ങളിലെ കഴകക്കാർ സർക്കാർ ഉദ്യോഗസ്ഥന്മാരാണെന്നാണോ ധരിച്ചിരുന്നതു്?

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, ഇങ്ങനെ ചോദ്യങ്ങൾ ചോദിച്ച് എനിക്കനുവദിച്ചിട്ടുള്ള സമയം ചെലവഴിക്കേണ്ടിവരുന്നതുകൊണ്ടു കൂടുതൽ സമയം അനുവദിച്ചുതരണം. എല്ലാ ചോദ്യങ്ങൾക്കും മറുപടി പറയാം.

**Mr. Speaker:** If any hon. Member is not prepared to answer questions during his speech, he need not yield but may proceed with his speech. (*Laughter.*)

ശ്രീ. എൻ. രാജഗോപാലൻനായർ: ഇന്ന് ഈ സ്റ്റേററിൽ രണ്ടുതരം ശമ്പളനിരക്കുകൾ നിലവിലുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്. എന്നാൽ ചില പ്രത്യേകതരത്തിലുള്ള ഉദ്യോഗസ്ഥന്മാർക്ക് അതായതു പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് പ്രമോഷൻ ലഭിക്കുന്ന അവസരത്തിൽ അവർക്ക് പ്രമോഷൻ ലഭിക്കുന്നതിനുമുമ്പ് കിട്ടിയിരുന്നതിൽ മൂന്നു രൂപാ കുറച്ചേ പ്രമോഷൻ ലഭിക്കുമ്പോൾ ലഭിക്കുന്നുള്ളൂ എന്നുള്ള സംഗതി ഒരു പരമാർത്ഥമാണ്. ഈ സർക്കാർ ജീവനക്കാരുടെ ശമ്പളം കേന്ദ്രഗവൺമെൻറിലെ ജീവനക്കാരുടെ ശമ്പളനിരക്കിനോടു തുല്യമാക്കാൻ ഉടനടി വേണ്ട നടപടികൾ നടത്തേണ്ടതാണ് എന്നുള്ള സംഗതി ഈ സന്ദർഭത്തിൽ ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

ഇനി പി. ഡബ്ളിയു. ഡി., എലക്ട്രിസിററി മുതലായ ഡിപ്പാർട്ടുമെൻറുകളിൽ വർക്കു എസ്റ്റാബ്ളിഷ്മെൻറുകാർ എന്നു വിളിക്കുന്ന ഒരു

[Shri N. Rajagopalan Nair]

തരം ജീവനക്കാർ ഉണ്ട്. ഈ ഡിപ്പാർട്ടുമെൻറിൻെറ ആരംഭകാലംമുതല്ക്കുതന്നെ അവർ പണിയെടുക്കുന്നവരാണ്. ഈ ഡിപ്പാർട്ടുമെൻറ് ആരംഭിച്ച കാലംമുതൽ ഇന്നുവരെ അവരുടെ ജോലി തുടരുന്നു എന്നതുതന്നെ അവരുടെ ജോലിസ്ഥിരത വ്യക്തമാക്കുന്ന ഒന്നാണ്. അവരെ ഇന്നുവരെ കൺഫേം ചെയ്തിട്ടില്ല. മററു സർക്കാർ ജീവനക്കാർക്കുള്ളതുപോലെ കാഷ്വൽ ലീവ് അവർക്ക് ലഭിക്കുന്നുണ്ട്. അതൊഴിച്ചാൽ അവർക്കു മററുള്ളവരെപ്പോലെ സിക്കലീവോ, ഫർലോ ലീവോ, പെൻഷനോ ഒന്നുംതന്നെ ഇല്ല. ഈ സർക്കാർജീവനക്കാരുടെ ഏററവും ശോചനീയമായനില ഈ സഭയിലെ എല്ലാ അംഗങ്ങളും ഗവമ്മെൻറും വളരെ കാര്യമായി ആലോചിക്കേണ്ട ഒരു കാര്യമാണ്. അവർക്ക് നിശ്ചിതമായ ഒരു ശമ്പളനിരക്കില്ല. അതും മേലുദ്യോഗസ്ഥന്മാരുടെ ഇഷ്ടാനിഷ്ടം അനുസരിച്ചാണ്. അവരുടെ ഈ അവശതകൾ പരിഹരിച്ചുകൊടുക്കേണ്ടതാണ്. അവർക്ക് ന്യായമായ ശമ്പളവും മററു അവകാശങ്ങളും ലഭിക്കുന്നതിനു നാം ഗൗനിക്കേണ്ടതാണ്.

ഇതു കൂടാതെ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കണ്ടിജൻസി ജീവനക്കാർ എന്നൊരു കൂട്ടരുണ്ട്. അവർക്ക് ജോലിയിൽനിന്നും വിട്ടുപോകുന്ന അവസരത്തിൽ വല്ല ഗ്രാററിവിററിയോ മറെറാന്നുമോ ലഭിക്കുന്നില്ല. അവർ മേലുദ്യോഗസ്ഥന്മാരുടെ പ്രീതിക്കു പാത്രമായില്ലെങ്കിൽ ജോലി തുടരുന്നതിനുതന്നെ സാദ്ധ്യമല്ല. അവരുടെ കാര്യത്തെപ്പററിയും എല്ലാ അംഗങ്ങളും കഴിവുള്ള സഹായങ്ങൾ ചെയ്യേണ്ടതാണ്.

ഈ അടുത്ത കാലത്ത് ചില സ്ഥലങ്ങളിൽ അതായതു് വളരെ അധികം ഉദ്യോഗസ്ഥന്മാർ താമസിക്കുന്ന ആലുവായിൽ ഹൗസ്റെൻറ് അലവൻസ് ഗവമ്മെൻറിൽനിന്നും പിൻവലിച്ചിരിക്കുകയാണ്. അതിനു പകരം മൂന്നുരൂപാ ഡീയർനസ് അലവൻസിൽ വർദ്ധിപ്പിച്ചിരിക്കുകയാണ്. അവരുടെ ശമ്പളത്തുകയുടെ ൧൦ ശതമാനം വരുന്ന ഹൗസ്റെൻറലവൻസും അവിടത്തെ പ്രത്യേക പരിതഃസ്ഥിതിയെ പരിഗണിച്ചു നല്കിയിരുന്ന കോമ്പൻസേററി അലവൻസും ഈ മൂന്നുരൂപ കൊടുത്തിട്ട് നിർത്തിയിരിക്കയാണ്. മാത്രമല്ല, ഈ മൂന്നുരൂപ അവർക്ക് കൂട്ടികൊടുത്തിട്ട് അതിലേറെ സംഖ്യ അവരിൽനിന്നും തിരിച്ചെടുക്കാനുള്ള ഒരു പദ്ധതിയാണിതു്.

ഇതുപോലെതന്നെയാണ് ഇവിടെ ഈ സർക്കാർ ജീവനക്കാരുടെ ശിക്ഷകളെ സംബന്ധിച്ചിടത്തോളമുള്ള വ്യവസ്ഥയും. ഇവിടെ ഏതെങ്കിലും കുററങ്ങൾക്ക് ഡിസ്മിസൽ അല്ലെങ്കിൽ ഡിസ്ചാർജ്ജ് എന്നീ രണ്ടു ശിക്ഷകൾ ഒഴിച്ചുള്ള മററു ശിക്ഷകൾ എല്ലാം സാധാരണമായി ഗവണ്മെൻറിൽനിന്നും ഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്യുന്നതാണ്. ഡിസ്മിസൽ, ഡിസ്ചാർജ്ജ് എന്നീ ശിക്ഷകൾക്ക് പബ്ളിക് സർവ്വീസ് കമ്മീഷൻ ഒരു റിപ്പോർട്ട് അയയ്ക്കണം എന്നൊരു വ്യവസ്ഥയുണ്ട്. പക്ഷെ ഇവിടെ പാവപ്പെട്ട എൻ. ജി. ഒ. മാരെ ശിക്ഷിക്കാൻ റിപ്പോർട്ടയക്കേണ്ടുന്ന പബ്ളിക്ക്സർവ്വീസ് കമ്മീഷനുതന്നെ രൂപകൾ ഉണ്ടായിട്ടില്ലെന്നും ഉള്ള സംഗതി നാം ഓർക്കേണ്ട ഒരു കാര്യമാണ്. ഇവിടെ സർക്കാർ ജീവനക്കാർക്ക് യാതൊരു സ്വാതന്ത്ര്യവുമില്ല. ഈ നാട്ടിലെ സർക്കാർ ജീവനക്കാർക്ക് ഇൻഡ്യൻ ഭരണഘടനയിൽ പറയുന്ന പൗരാവകാശംപോലും അനു

പടിച്ചിട്ടില്ലാത്ത മാതിരിയാണ് ഈ ഗവണ്മെൻറ് പായപ്പെട്ട എൻ. ജി. ഒ. മാരുടെ കോൻഡക്ട് റൂൾസും സർവീസ് റെഗുലേഷനും എല്ലാം നിർമ്മിച്ചിട്ടുള്ളത്. ഇവിടെ അവധികൂടി ലഭിക്കുന്നതിനു വളരെ വിഷമതകൾ സഹിച്ചേ സാധിക്കുകയുള്ളു. സുഖക്കേടുനിമിത്തം ജോലിക്കു ഹാജരാകാൻ നിവൃത്തിയില്ലെന്നു മെഡിക്കൽ സർട്ടിഫിക്കററു ഹാജരാക്കിയാൽപോലും അവധി അനുവദിക്കാറില്ല. ഉദാഹരണമായി ഈയിടെ തിരുവനന്തപുരത്തുതന്നെ നടന്നതായ ഒരു സംഗതി എടുത്തുകാണിക്കാം. ഇവിടെ വാതരോഗം ബാധിച്ചു ഒരാൾ അവധിക്കുവേണ്ടി അപേക്ഷ രജിസ്റ്റർചെയ്ത് അയച്ചു. എന്നാൽ അതിനു മറുപടിയായി അയാൾ ഉടൻതന്നെ ജോലിയിൽ പ്രവേശിക്കണമെന്നാണറിയിച്ചതു്. ഹാജരാകാൻ കഴിയാഞ്ഞതിന് ഇന്നും അയാൾ ജോലിയില്ലാതെ കഴിയുകയാണ്. ഇതു് തിരുവനന്തപുരം ജി. പി. തഹസിൽദാരുടെ ആഫീസിൽ നടന്നിട്ടുള്ള ഒരു സംഗതിയാണ്.

൧൯൪൯ ജൂലൈ ഒന്നാംതീയതി തിരുവിതാംകൂർ–കൊച്ചി സംയോജനം നടന്നു. എന്നാൽ ഇതുവരെ സർവീസ്സംയോജനം നടന്നിട്ടില്ല എന്നുള്ളതു് വളരെ ഗൗരവമേറിയ ഒരു സംഗതിയാണ്. അന്ന് ഇൻഡ്യാഗവണ്മെൻറ് ഉദ്യോഗസ്ഥനായ മി. ബുച്ച് ചെയർമാനായി ഇന്നത്തെ ഒരു മന്ത്രികൂടി ഉൾപ്പെട്ട ഒരു കമ്മിററി ഉണ്ടാക്കി സംയോജനം നടത്തി. എന്നാൽ സർവീസുസംയോജനം ഇതുവരെയും നടന്നിട്ടില്ല. ആ കമ്മിററിയിലെ ഒരു ജൻറിൽമാൻസ് എഗ്രിമെൻറിനു വിപരീതമായിട്ടു തിരുവിതാംകൂർ വിഭാഗത്തിലേയും കൊച്ചി വിഭാഗത്തിലേയും ഉയന്ന ഉദ്യോഗങ്ങൾ പലതും സ്ഥിരപ്പെടുത്തിയതായി വളരെ ഏറെ പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ സർവീസുസംയോജനം അത്ര എളുപ്പത്തിൽ സാദ്ധ്യമല്ല എന്നുള്ള ഒരു പരാജയമനോഭാവമാണ് ഇന്നു ഗവണ്മെൻറിൽ കാണുന്നതു്. ഈ നാട്ടിലെ എൻ. ജി. ഒ. സംഘടന ഇതുസംബന്ധിച്ചു വളരെ സിമ്പിളായ ഒരു സ്കീം ഗവണ്മെൻറിൻെറ മുമ്പിൽ വച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ഇങ്ങനെ സർവീസുസംയോജനം നടപ്പിൽ വരുത്താത്തതു കൊച്ചി വിഭാഗത്തിലുള്ള സക്കാർ ജീവനക്കാരേയും തിരുവിതാംകൂർ വിഭാഗത്തിലുള്ള എൻ. ജി. ഒ. മാരേയും തമ്മിലടിപ്പിച്ചു ഗവണ്മെൻറിൻെറ ചില കാര്യങ്ങൾ നേടുന്നതിനുള്ള ഒരു പദ്ധതിയായി ഗവണ്മെൻറ് കരുതുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

൧൯൫൦-ാം ഏപ്രിൽ ൧-ാം-മുതൽ ഇവിടെ ഒരു ഫെഡറൽഫിനാൻഷ്യൽ ഇൻറിഗ്രേഷൻ നടപ്പിൽവന്നതുകൊണ്ട് ഒരു മൂവായിരം ആളുകളെ പ്രവത്തനത്തിനായി മറെറാരുഗവണ്മെൻറുമായി സംയോജനംനടത്തിയിട്ടുണ്ട്. വളരെഏറെകാലം ഈ ഗവണ്മെൻറിനെ സേവിച്ചിരുന്ന ആളുകൾ ഇന്നു കേന്ദ്രസക്കാരിനെ സേവിച്ചുവരികയാണ്. അവരുടേയും അവകാശം സംരക്ഷിക്കേണ്ടതു് നമ്മുടെ ചുമതലയാണ്. ഈ ഭരണഘടന ൨൯൩ (ബി) സെക്ഷൻ അനുസരിച്ചു അവരുടെ പഴയ സർവീസിനെ പരിഗണിച്ചുകൊള്ളുവാനുള്ള ചുമതല കേന്ദ്രത്തിനാണ് എന്നു വിസ്മരിക്കുന്നില്ല. എന്നാൽ ഇന്ന് ഇൻകംടാക്സ്, റേഡിയോ, ടെലഫോൺ മുതലായ ഡിപ്പാർട്ടുമെൻറുകൾ അതിൻെറ റിസോഴ്സസ്സോടുകൂടിത്തന്നെ കേന്ദ്രത്തിൻെറ കീഴിലേക്കു പോയിരിക്കുന്നതുകൊണ്ടും കേന്ദ്രത്തിനു യാതൊരുവിധമായ നഷ്ടമില്ലാത്തതുകൊണ്ടും ഈ ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ അവകാ

[Shri N. Rajagopalan Nair]

ങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതലയും അവർക്കാണ്. അതുകൊണ്ടു് നമ്മിൽനിന്നും അതു പൂർണ്ണമായി വിട്ടുമാറുന്നു എന്നർത്ഥമില്ല. ഇത്രയും കാര്യങ്ങൾ വിശദമാക്കിക്കൊണ്ടു് ഞാൻ ഈ സഭയുടെ മുമ്പിൽ എന്റെ അമെൻറുമെൻറ് മൂവു ചെയ്യുകയാണ്. എല്ലാ അംഗങ്ങളും കക്ഷിഭേദംകൂടാതെ സർക്കാർ ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്നകാര്യത്തിൽ സഹകരിക്കുമെന്നുള്ള വിശ്വാസത്തോടും എന്റെ ഭേദഗതി ഐകകണ്ഠ്യേന പാസ്സാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ ഇതു് അവതരിപ്പിക്കുന്നു.

ശ്രീ. ആർ. സുഗതൻ: പ്രമേയത്തിന്റെ അവസാനത്തിൽ താഴെ ചേർക്കുന്ന ഭാഗങ്ങൾകൂടി ചേർക്കുക.

“നാട്ടിൽ സാർവ്വത്രികമായി പടർന്നുപിടിച്ചിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് കാര്യമായ യാതൊരു നടപടിയും ഗവമ്മെൻറു എടുത്തുകാണാത്തതിൽ ഖേദിക്കുന്നു.”

ബഹുമാനപ്പെട്ട അദ്ധ്യക്ഷരെ, സഭാംഗങ്ങളെ, തിരുവിതാംകൂർ-കൊച്ചിയിൽ അടിയന്തിരമായി നേരിട്ടിരിക്കുന്ന എത്രയും ഗൗരവമുള്ളതായ ഒരു പ്രശ്നത്തെപ്പററിയാണ് ഞാനീ സഭയുടെ മുമ്പാകെ സംസാരിക്കുന്നതു്. ഈ നാട്ടിൽ, കയറും അതിൽനിന്നും ഉണ്ടാക്കുന്ന കയററുപായ്, തടുക്ക എന്നിവ നിർമ്മിക്കുന്ന കയർ വ്യവസായ തൊഴിലാളികൾ ഏതാണ്ടു ആറുമാസക്കാലമായി തൊഴിലില്ലായ്മയിലാണ്. ഈ കഴിഞ്ഞ രണ്ടുമാസക്കാലമായിട്ടു പരിപൂർണ്ണമായ തൊഴിലില്ലായ്മയിലും തൽഫലമായി കൊടുംപട്ടിണിയിലുമാണെന്നുള്ള പരമാർത്ഥം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ അധികവും വടക്കൻ പറവൂർ, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, ചിറയിൻകീഴ് മുതലായ താലൂക്കുകളിൽ അധിവസിക്കുന്നവരാണ്. ഇതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഉദ്ദേശം ഏഴു ലക്ഷത്തോളവും അവരുടെ സംരക്ഷണത്തിൽ കഴിഞ്ഞുകൂടുന്ന പതിനൊന്നു ലക്ഷം കുടുംബാംഗങ്ങളും ഇന്നു പരിപൂർണ്ണമായി പട്ടിണിയിലാണു കഴിഞ്ഞുകൂടുന്നതെന്നുള്ള വിവരം ഈ സഭയെ ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ആലപ്പുഴ കയർ ഫാക്ടറികളിൽ പണിചെയ്തിരുന്നതു ഇരുപത്തിമൂവായിരത്തോളം തൊഴിലാളികളായിരുന്നു. അതിൽ ഈ വ്യവസായത്തിൽ തൊഴിലില്ലായ്മ വന്നപ്പോൾ ഏഴായിരമായി. ഇന്നു ആലപ്പുഴ പട്ടണത്തിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതു കഷ്ടിച്ചു നാലായിരം മാത്രമാണ്. അതുപോലെതന്നെ ചേർത്തലയിൽ കയർ വ്യവസായശാലയിൽ പതിനേഴായിരം പേരാണു ജോലിചെയ്തിരുന്നതു്. അതു ഇന്നു മൂവായിരമായി കുറഞ്ഞു. അവർക്കു ഇന്നു കിട്ടുന്ന വേലക്കൂലി ശരാശരി പ്രതിദിവസം രണ്ടണ ആറു പൈസ മാത്രമാണ്. ഇതുമൂലം ആലപ്പുഴ, അമ്പലപ്പുഴ, ചേർത്തല മുതലായ സ്ഥലങ്ങളിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവരും അവരുടെ കുടുംബാംഗങ്ങളും നീറുന്ന പട്ടിണിയിലാണു കഴിഞ്ഞുകൂടുന്നതു്. അവരുടെ കുട്ടികളെല്ലാം പട്ടിണികൊണ്ടു എഴുന്നേൽക്കാൻ ശക്തിയില്ലാതെ ആയിരിക്കുന്നു. തൊഴിലാളികളുടെ വീടുകൾ മേയാതെ കിടക്കുന്നു, കുളങ്ങൾ കുഴിക്കുന്നില്ല. തൊഴിലാളികളുടെ കണ്ണീർ തുടയ്ക്കാൻ തയാറുണ്ടെന്നു ഇവിടെ ചിലർ പറഞ്ഞുകേട്ടു. നിങ്ങൾ ഇന്നു അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിൽ ചെന്നാൽ തൊഴിലാളികളുടെ കണ്ണീർ

തുടയ്ക്കാൻ കിട്ടുകയില്ല. കരഞ്ഞാൽ കണ്ണീർപോലും വരാത്തനിലയിൽ അവർ പട്ടിണികൊണ്ടു വരണ്ടുകഴിഞ്ഞിരിക്കുന്നു. ഇത്ര ഖേദകരമായ ഒരു വസ്തുതയാണു ഞാൻ ഈ സഭയുടെ മുമ്പിൽ വയ്ക്കുന്നതു്. ഈ നിലയിൽ ഒരു മാസംകൂടി തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ കയർ വ്യവസായതൊഴിലാളികൾ പട്ടിണിമരണത്തിനു വിധേയരാകുമെന്നു തീർച്ചയാണു്. സാമ്രാജ്യദാസനായിരുന്ന സർ സി. പി. രാമസ്വാമി അയ്യരുടെ മെഷീൻതോക്കിനു മുൻപിൽ വിരിമാറു കാണിച്ചുകൊണ്ടു ഇന്നത്തെ കോൺഗ്രസ്സിനെ അധികാരത്തിൽ കയററിവിട്ട സമരധീരന്മാരായ വയലാർ–പുന്നപ്ര തൊഴിലാളികളുടെ അനന്തരസന്തതികളാണു് ഇന്നു പട്ടിണിയുടെ വായിലേക്കു് എറിയപ്പെട്ടിരിക്കുന്നതു് എന്ന സംഗതി ചിന്താർഹമാകുന്നു. അനേകലക്ഷം ജനങ്ങളെ പട്ടിണിക്കിട്ടു കൊന്നിട്ടു നിങ്ങൾക്കു ഇവിടെ ഭരിക്കാൻ കഴികയില്ലെന്നു ഞാൻ പറയുന്നു. പടന്നുയരുന്ന പട്ടിണിത്തീയിൽ ഈ ഭരണകൂടംതന്നെ നീറി നിലംപതിക്കുമെന്നു തീർച്ചയാണു്. ഇന്നു ഭരണം നടത്തുന്ന കക്ഷികൾ അന്നു അധികാരത്തിലിരുന്നവരെ അകററണമെന്നു വീറോടെ പറഞ്ഞു. ഇന്നവർ അധികാരത്തിൽ വന്നിട്ടു നാട്ടുകാർക്കു കണ്ണീരും കഷ്ടതയുംതന്നെ. ജനകീയമെന്നു പറയുന്ന ഗവമ്മെൻറിൽനിന്നു നാട്ടുകാർ ഇതല്ല പ്രതീക്ഷിച്ചതു്.

അതുപോലെതന്നെയാണു് കന്നിട്ട ഓയിൽമിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കാര്യവും. അന്നു മൂവ്വായിരമായിരുന്ന തൊഴിലാളികളുടെ എണ്ണം ഇന്നു ആയിരത്തി അഞ്ഞൂറോളമായി കുറഞ്ഞു. ഇവരുടെ തൊഴിലില്ലായ്മയും പ്രധാനകാര്യമായി പരിഗണിക്കേണ്ടതാണു്.

അതുപോലെതന്നെ ഒരു പ്രധാന കുടിൽവ്യവസായമായ കൈത്തറിനെയ്ത്തു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും ഇന്നു പട്ടിണിയിലാണു്. നൂൽ കിട്ടാതെ ഇന്നു ൭൫ ശതമാനത്തിലധികം തൊഴിലാളികൾ ക്ലേശിക്കുന്നു. മിൽത്തുണികളോടു മാർക്കററിൽ മത്സരിക്കാൻ കഴിയാത്തതുകൊണ്ടു തുണി മാർക്കററിൽ കൊണ്ടുപോയാൽ വില കുറവായിട്ടാണു് കിട്ടുന്നതു്. ഇന്നു ആവശ്യത്തിനു നൂൽ കിട്ടുന്നില്ലെന്നുള്ളതു അടിയന്തിരപ്രാധാന്യമുള്ളതായ ഒരു സംഗതിയാണു്. ഇങ്ങനെ അനേകം തൊഴിലാളികൾ കടവും പട്ടിണിയുമായി കഴിയുന്നു. അതുകൊണ്ടു എനിക്കു എന്റെ സ്നേഹിതന്മാരോടും ഗവമ്മെൻറിനോടും ചോദിക്കുവാനുള്ളതു ഇനിയും ഇങ്ങനെ നിങ്ങൾക്കു ഇതെല്ലാം കണ്ടില്ലെന്നുവച്ചു് അധികാരത്തിൽ ഇരിക്കുവാൻ സാധിക്കുമോ എന്നാണു്.

ഞങ്ങൾക്കു ആഹാരം വേണം, വസ്ത്രംവേണം, തൊഴിൽ വേണം, കേറിക്കിടക്കുന്നതിനു സ്ഥലം വേണം. ഈ നാട്ടിൽ സ്വാതന്ത്ര്യമായി ജീവിക്കുവാനുള്ള അവകാശം ഞങ്ങൾക്കും ഉണ്ടു്. പണിയെടുക്കാൻ കഴിയുന്നവനു്, അദ്ധ്വാനിക്കാൻ ശേഷിയുള്ളവനു് അതിനുള്ള സാഹചര്യം കിട്ടുന്നില്ലായെങ്കിൽ ഞങ്ങൾ ചോദിക്കുന്നു എങ്ങനെ ജീവിക്കണമെന്നു്? ഇന്നു കയർ തൊഴിലാളിവർഗ്ഗത്തിലേയും തൊണ്ടുതൊഴിലാളിവർഗ്ഗത്തിലേയും കുടുംബാംഗങ്ങൾ ജയിലിൽ ആണു്. അവരുടെ പേരിലുള്ള കേസുകൾ ഗവമ്മെൻറു പിൻവലിക്കുന്നില്ല. പാമ്പു കടിച്ചവന്റെ തലയിൽ ഇടിത്തീ വീണപോലെയുള്ള ഒരു നിലയാണു് ഇന്നുള്ളതു്. മാത്രമല്ല അമ്പലപ്പുഴ ചേർത്തല തുടങ്ങിയ സ്ഥലങ്ങളിലെ ഈ തരം വ്യവസായങ്ങളിൽ ഏർപ്പെ

[Shri R. Sugathan]

ട്ടിരിക്കുന്ന നാടൻ വ്യവസായികൾ എല്ലാംതന്നെ വളരെ പരുങ്ങലിലാണ്. വ്യവസായം നടക്കുന്നില്ല, നടത്തിക്കൊണ്ടിരുന്ന വ്യവസായത്തിന് ശരിയായ മാർക്കറ്റ് കിട്ടുന്നില്ല. തന്നിമിത്തം തൊഴിലാളികൾ പട്ടിണിയുടേയും കഷ്ടപ്പാടിന്റേയും ഇടയിൽകിടന്നു മരിക്കുകയാണെന്നു തന്നെ പറയാം. ഈ രാജ്യത്തിലെ പൊതുജനങ്ങൾ, ഈ തൊഴിലാളികളെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി, അവരെ ഉയർത്തുവാൻവേണ്ടി മുമ്പോട്ടു വരേണ്ടതാണ്. കയർ വ്യവസായത്തിന്റെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി നാമെല്ലാവരും ഒത്തൊരുമിച്ചു ശ്രമിക്കേണ്ടതാണെന്നുള്ളതു് ഞാനിവിടെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. മുഖ്യമായി ചെയ്യേണ്ടതു ഒരുകാര്യമാണ്. എല്ലാ വിദേശരാജ്യങ്ങളിലും നമ്മുടെ കയർവ്യവസായം പ്രചരിപ്പിച്ചു സ്വാതന്ത്ര്യമായി അവിടങ്ങളിൽ വ്യവസായം നടത്താനുള്ള അവകാശം നമുക്കു കിട്ടേണ്ടതാണെന്നു കേന്ദ്രഗവൺമെന്റിനോടു ശക്തിയായ ഭാഷയിൽ ആവശ്യപ്പെടേണ്ടതാണ്. രണ്ടാമതായി, ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു ധനസഹായവും മറ്റും ചെയ്തു വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. മൂന്നാമതായി, കയറിന്റെ കയറ്റുമതി നിശ്ചിതതോതിൽ നിയന്ത്രിക്കണം. ഒരു ക്ലിപ്തമായ ശതമാനം മാത്രമേ ഇറക്കുമതിയിൽ അനുവദിച്ചുകൊടുക്കാവൂ. എനിക്കു അധികം സമയമില്ല. ഞാൻ അവതരിപ്പിച്ചിരിക്കുന്നതു് ഒരടിയന്തിരപ്രമേയമാണ്. ഈ അടിയന്തിരപ്രമേയത്തിന്റെ പേരിൽ ചിരിക്കാനും കളിക്കാനും ഉള്ള സമയമല്ല ഇതു്. മറ്റനവധി കാര്യങ്ങൾ ഈ പ്രമേയത്തെപ്പറ്റി എനിക്കു പറയാനുണ്ടെങ്കിലും സമയം അനുവദിക്കാത്തതുനിമിത്തം മറ്റൊരു സമയത്തേക്കു മാറ്റാമെന്നുദ്ദേശിക്കുന്നു. ഈ അടിയന്തിരപ്രമേയംകൊണ്ടു ഞാനുദ്ദേശിക്കുന്നതു കയർതൊഴിലാളികളുടെ മാത്രമല്ല, തൊണ്ടുതൊഴിലാളികൾ, നെയ്ത്തുതൊഴിലാളികൾ ഇവക്കുംപുറമെ മറ്റെല്ലാ വിധത്തിലുമുള്ള തൊഴിലാളികളുടേയും ജീവിതത്തോതുയർത്താനും തൊഴിലില്ലായ്മ പരിഹരിക്കാനും കാംക്ഷിക്കുന്ന അല്ലെങ്കിൽ ഉൾക്കൊള്ളുന്ന ഒരു അടിയന്തിരപ്രമേയമാണ് ഇതെന്നുംകൂടി ഈ സഭയെ അനുസ്മരിപ്പിച്ചുകൊണ്ടു ഈ ഭേദഗതി പാസാക്കണമെന്നപേക്ഷിക്കുന്നു.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി ഞാൻ സമർപ്പിക്കുന്നു:

(എ) കയർ വ്യവസായത്തിനു വിദേശങ്ങളിൽ ഒരു ട്രയിഡ് കമ്മീഷനെ നിയമിക്കണം.

(ബി) ആഫ്രിക്ക, അർജൻറീനിയ, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ സ്വതന്ത്രകച്ചവടം അനുവദിക്കണം.

(സി) കയർ വ്യവസായികൾക്കു വ്യാവസായികലോൺ അനുവദിക്കണം.

(ഡി) കയറിന്റേയും തൊണ്ടിന്റേയും വില ആനുപാതികമായി നിയന്ത്രിക്കണം.

(ഇ) കയർ വ്യവസായ തകർച്ചമൂലം തൊഴിലില്ലാതായവർക്കുവേണ്ടി റിലീഫ് വേലകൾ സംഘടിപ്പിക്കണം.

(എഫ്) ചേർത്തല–ആലപ്പുഴ തോടുവെട്ടുപണി തുടങ്ങണം.

(൭) അരൂർ–ഇടക്കൊച്ചി പാലംപണി തുടങ്ങണം.

(൮) എറണാകുളം–കൊല്ലം റെയിൽവേ തീരദേശത്തുകൂടി നീട്ടുവാൻ ഉള്ള പണി ആരംഭിക്കണം.

(൯) കയർസാധനങ്ങൾക്കു ഇൻഡ്യയിൽതന്നെ മാർക്കററുകൾ കണ്ടുപിടിക്കണം.

(൧൦) ലോഹമണൽ, ഉപ്പു് മുതലായവ കയററിക്കൊണ്ടുപോകാൻ കയർ ചാക്കുകൾ നിർമ്മിക്കണം.

(൧൧) തീരെ പട്ടിണിയിലാണ്ടുപോയ കയർതൊഴിലാളി കുടുംബാംഗങ്ങൾക്കു സൗജന്യറേഷൻ കൊടുക്കാൻ ഗവമ്മെൻറു തയാറാകണം.

(൧൨) വിദേശമൂലധനത്തിൻെറ പിടിയിൽനിന്നു ഈ വ്യവസായത്തെ മോചിപ്പിക്കാൻ കേന്ദ്രവുമായി വേണ്ടതെല്ലാം ചെയ്യണം.

(൧൩) വ്യവസായ ഉടമകൾ തമ്മിലുള്ള മാർക്കററു മത്സരത്തെ തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം.

(൧൪) എല്ലാ പരിരക്ഷണനടപടികളും തൊഴിലില്ലായ്മ പരിഹരിക്കാൻ അടിയന്തിരമായി സ്വീകരിക്കണം.

<u>ശ്രീ. എം. എൻ. ഗോവിന്ദൻനായർ:</u> എൻെറ ഭേദഗതി ഇവിടെ വായിക്കാം.

Add at the end, the words :—

"but this House regrets that this Government due to their subservience to Feudal-Imperialist interests have betrayed the freedom of the people of the State and allowed this State to be reduced to the status of a 'B' State which is a challenge to the high political consciousness, cultural and educational developments, and above all to the democratic traditions of the great and valiant people of this State. Also regrets that in spite of the country-wide protests raised by the people at the rumoured appointment of a Counsellor to this State by the State Department which is a negation of the fundamentals of a democratic Government, this Government have been following a policy of studied silence on the matter."

സർ, ഇന്നു് ഈ രാജ്യത്തുള്ള മിക്ക ആളുകളെയും വളരെയധികം അലട്ടികൊണ്ടിരിക്കുന്ന ഒരു പ്രശ്നത്തെപ്പററിയുള്ള ഒരു ഭേദഗതിയാണു് ഞാനിവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഈ രാജ്യത്തിനു് ഉതകുന്ന വിധത്തിലുള്ള ഒരു ഭരണഘടന നിർമ്മിക്കുന്നതിനുവേണ്ടിയായിരുന്നു കഴിഞ്ഞകാലത്തു നടന്ന തെരഞ്ഞെടുപ്പുകൊണ്ടും അസംബ്ളികൊണ്ടും ഉദ്ദേശിക്കപ്പെട്ടിരുന്നതു്. ഭരണപരമായ കാര്യങ്ങളിൽകൂടി നിയമസഭ കൈകാര്യം ചെയ്യണമെന്നുള്ളതായിരുന്നു രാജപ്രമുഖൻെറയും അഭിലാഷം. അങ്ങനെ രാജ്യനന്മക്കു ഉതകുന്ന ഒരു ഭരണഘടനകൂടി നിർമ്മിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ അടങ്ങിയ അസംബ്ളിയിൽ ആ കാര്യത്തെപ്പററി ഒന്നും ചെയ്യില്ലായെന്നു മാത്രമല്ല ഈ രാജ്യത്തെ ഒരു 'ബി' സ്റ്റേററായി അധഃപതിപ്പിക്കുകയും ആണു് ചെയ്തതു്. ഈ അധഃപതനത്തോടുകൂടി പലവിധത്തിലുള്ള കുഴപ്പങ്ങളാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഉദാഹരണമായി പറയുകയാണെങ്കിൽ രാജ്യത്തിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥനെ അതായതു് ചീഫു് സെക്രട്ടറിയെ കേന്ദ്രഗവമ്മെൻറിൽനിന്നും നേരിട്ടാണു് നിയമിക്കുന്നതു്. ഇനിയും ഈ രാജ്യം ഒരു 'ബി' സ്റ്റേററു് ആയിരിക്കുന്നിടത്തോളംകാലം വലിയ ഉദ്യോഗങ്ങളിൽ പലതും കേന്ദ്രഗവമ്മെൻറുതന്നെ നിയമിക്കുന്നതായിരിക്കും. ഈ അധഃപതനം രാജ്യത്തെ

[Shri M. N. Govindan Nair]

സംബന്ധിച്ചിടത്തോളം ഉണ്ടാക്കിവച്ചതു് നാട്ടുകാരല്ല, ൧൯൪൭ മുതൽ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിലും ഉണ്ടായിക്കൊണ്ടിരുന്ന ജനകീയപ്രക്ഷോഭണത്തിനു മുന്നിൽ നിൽക്കാൻ നിവർത്തിയില്ലാതെ നാടുവാഴികൾ കുഴങ്ങുകയായിരുന്നു. നാടുവാഴികളുടെ രക്ഷക്കുവേണ്ടി ഒരു പദ്ധതി ഇർവിൻപ്രഭുവിന്റെ കാലത്തുതന്നെ രൂപീകരിച്ചിട്ടുണ്ടായിരുന്നു. പ്രക്ഷോഭണം നാട്ടുരാജ്യങ്ങളിൽ പുരോഗമിച്ചുവന്നപ്പോൾ ഈ പ്രശ്നം പാർലിമെന്റിൽ ഉന്നയിക്കപ്പെട്ടു. എന്നാൽ അതിന്റെ ഫലമായി നമ്മുടെ രാജ്യത്തെ 'ബി' സ്റ്റേറ്റായി തരം താഴ്ത്തുകയും പ്രസിഡണ്ടിനു് രാജ്യത്തെ സംബന്ധിച്ചിടത്തോളം ആഭ്യന്തരമായ ഭരണകാര്യങ്ങളിൽ കൈകടത്താനുള്ള അവകാശം സിദ്ധിക്കുകയും ചെയ്തു. നമ്മുടെ രാജ്യം കേന്ദ്രഗവമെന്റിനു് കുറേശ്ശയായി വഴങ്ങിക്കൊടുത്തുവരുന്നു. ഇപ്പോൾ ഇവിടെ പുതിയ ഒരു കൗൺസലറെക്കൂടി ഇൻഡ്യാഗവമെന്റ നിയമിച്ചിരിക്കുന്നു. ഈ നിയമനത്തിൽ രാജ്യവാസികൾ ആകമാനം പ്രതിഷേധം രേഖപ്പെടുത്തേണ്ടതാണു്. ഈ രാജ്യത്തെ ഒരു ബി. സ്റ്റേറ്റാക്കുന്നതിൽ പ്രധാന പങ്കു് വഹിച്ചതു് ഇവിടത്തെ രാജപ്രമുഖനാണു്. ആ കാരണത്താൽ ആണ്ടിൽ ൧൮ ലക്ഷം രൂപ പൊതുഖജനാവിൽനിന്നും രാജപ്രമുഖനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും കൊടുക്കുന്നതിനു് ഇൻഡ്യാഗവമെന്റു് അനുവദിക്കുകയും ചെയ്തു. മാത്രമല്ല ൩൭൧-ാം വകുപ്പനുസരിച്ചു് ൧൦ കൊല്ലത്തേക്കു് ഈ രാജ്യത്തിനെ സംബന്ധിച്ചിടത്തോളമുള്ള ആഭ്യന്തരകാര്യങ്ങളിൽ പ്രസിഡണ്ടിനു് ഇടപെടാനുള്ള അവകാശവുമുണ്ടു്. ഈ രീതിയിലുള്ള ഒരു ഭരണപരിഷ്കാരം നടപ്പിലാക്കുന്നതിനുവേണ്ടിയല്ലാ കഴിഞ്ഞതെരഞ്ഞെടുപ്പു നടത്തിയിട്ടുള്ളതു്. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഒത്തൊരുമിച്ചു് പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരു അധഃപതനം ഉണ്ടാകയില്ലെന്നുമാത്രമല്ലാ പല നന്മയും രാജ്യത്തിനുവേണ്ടി ചെയ്യാനും കഴിയുമായിരുന്നു. കേന്ദ്രഗവർമ്മെന്റും ഈ രാജ്യവും തമ്മിൽ ഉണ്ടായിട്ടുള്ള ഒരു സംയോജനം അല്ലെങ്കിൽ വ്യവസ്ഥയനുസരിച്ചു്, സാമ്പത്തികമായി രാജ്യത്തിനു് ബലഹീനതയാണുണ്ടായിട്ടുള്ളതു്. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇൻകംടാക്സ്, കസ്റ്റംസ് മുതലായവ ഒട്ടും അപ്രധാനമല്ലാത്ത വരവിനങ്ങളാണു്. ഇവ രണ്ടും ഇൻഡ്യാഗവർമ്മെന്റു് കയ്യേറ്റം ചെയ്തതോടുകൂടി രാജ്യത്തിന്റെ സാമ്പത്തികഭദ്രതക്കു് സാരമായ ഇടിവു തട്ടിയിരിക്കയാണു്.

ശ്രീ. ആർ. കേശവപിള്ള: എല്ലാം ബി സ്റ്റേറ്റുകളിലേയും ഇൻകംടാക്സ്, കസ്റ്റംസ്, മുതലായവ ഇൻഡ്യാഗവർമ്മെന്റാണു് എടുക്കുന്നതെന്നറിയാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അറിയാം. എങ്കിലും സാമ്പത്തികമായി നോക്കുന്നപക്ഷം ആ രാജ്യങ്ങളേക്കാൾ കൂടുതൽ ബലഹീനതയാണു് ഈ രാജ്യത്തിനു് സംഭവിച്ചിരിക്കുന്നതെന്നു കാണുവാൻ കഴിയും. നമ്മുടെ സംസ്ഥാനം നിലനിൽക്കുന്നതു് മിക്കവാറും ഈ രണ്ടു ഇനങ്ങളിലുംനിന്നുള്ള വരവുകൊണ്ടാണു്. ഈ രണ്ടിനങ്ങളിലുമുള്ള ആദായങ്ങളേയും അവർ എടുത്തുകൊണ്ടു് സബ്സിഡിയായി ഒരു ചെറിയ തുകമാത്രം തരുന്നു. എന്നാൽ മൈസൂരിലാകട്ടെ, ൩൭൧-ാം വകുപ്പു അവിടെ പ്രയോഗിക്കാൻ തുടങ്ങിയപ്പോൾ അസംബ്ളി മെമ്പറന്മാരും പൊതുജനങ്ങളുംകൂടി

പ്രക്ഷോഭണം ഉണ്ടാക്കാൻ തുടങ്ങി. അതിന്റെ ഫലമായി മൈസൂരിനെ ആ വകുപ്പിൽനിന്നും ഒഴിച്ചുവിട്ടു.

ശ്രീ. ആർ. കേശവപിള്ള : തിരുവിതാംകൂർ–കൊച്ചിയെ ൩൭൧-ാം വകുപ്പിൽനിന്നും ഒഴിവാക്കാൻ പോകുന്നുവെന്ന് പത്രങ്ങളിലും മററും പ്രസ്താവനയുണ്ടായിരുന്നത് മെമ്പറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : പത്രങ്ങളിൽ പല പ്രസ്താവനകളും കാണും. അവയെയൊക്കെ വിശ്വസിക്കാൻ ഞാൻ തയാറില്ല. ഈ രാജ്യത്തെ ൩൭൧-ാം വകുപ്പിൽനിന്നും ഒഴിച്ചുവിടാത്തതുകൊണ്ട് കേന്ദ്രത്തിൽനിന്നും ഒരു കൗൺസലറെ മന്ത്രിമാരുടെ തലക്കുമുകളിൽ നിയമിക്കാൻ ഇടയായി. ഇനിമേൽ ഭരണം നടത്തുന്നത് കൗൺസലർ മുഖേനയായിരിക്കും. മാത്രമല്ല, മന്ത്രിമാർക്കും കൗൺസലർക്കും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ കേന്ദ്രഗവർമ്മെൻറുതന്നെ രാജ്യത്തെ ഭരണം നേരിട്ടു നടത്തുന്നതും ആയിരിക്കും. ഈ രീതിയിൽ സംസ്ഥാനത്തെ അധഃപതിപ്പിക്കുന്ന ഒരു വ്യവസ്ഥിതിയിലാണ് എത്തിച്ചേർന്നിരിക്കുന്നത്. ആയതിനാൽ എന്റെ ഭേദഗതി ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നും ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരും ഭേദഗതിയോട് അനുകൂലിക്കണമെന്നും ഞാനപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഈ സഭയുടെ ആലോചനയിൽ ഇരിക്കുന്ന പ്രമേയത്തിനു ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

"Add at the end of the words 'to this Assembly' the following: 'but regret that no mention is made about the revealing crisis caused by a general fall in the prices of our exports, namely coir goods, cocoanut oil, pepper and other hill produce, affecting our trade, with its impact on industrial peace in the State bringing unemployment and lowering the wages of workers'."

സർ, ഈ സഭയുടെ മുമ്പാകെ ചർച്ചയ്ക്കു വച്ചിരിക്കുന്ന രാജപ്രമുഖന്റെ പ്രസംഗത്തിൽ ഈ രാജ്യത്തെ ഇന്നത്തെ പല പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കും യാതൊരു പരിഹാരമാർഗ്ഗവും നിർദ്ദേശിക്കുന്നില്ലെന്നു മാത്രമല്ല ഒരു ഭരണാധിപനു ഉണ്ടായിരിക്കേണ്ട രാഷ്ട്രീയ തന്ത്രജ്ഞതയോ ഒരു ഭരണാധിപൻ എന്ന നിലയിൽ ഈ രാജ്യത്തെ അടിയന്തിര പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ട ഒരു നിർദ്ദേശമോ അതിൽ അടങ്ങിയിട്ടില്ല. അദ്ദേഹം ഈ രാജ്യത്തെ ഏററവും പ്രധാനപ്പെട്ട ആഹാരപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഈ നാട്ടിലെ ജനങ്ങൾക്ക് അടിയന്തിരാശ്വാസം നൽകത്തക്കവണ്ണം യാതൊരു പരിഹാരനിർദ്ദേശവും നൽകിയിട്ടില്ല. ഭക്ഷ്യപ്രശ്നത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ദീർഘമായി പറഞ്ഞിട്ടുണ്ടെങ്കിലും ഈ രാജ്യത്തെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനു കേന്ദ്രത്തിന്റെ ആദരവും ചില പദ്ധതികളുടെ പൂർത്തീകരണവുമാണ് അദ്ദേഹം നിർദ്ദേശിച്ചത്. ഈ രാജ്യത്തെ ഭക്ഷ്യപ്രശ്നം പരിഹരിക്കണമെങ്കിൽ തീർച്ചയായും ഇന്നത്തെ ഭൂവുടമയിൽ മൌലികമായ മാററം വരുത്താതെ സാദ്ധ്യമല്ല. എന്നാൽ ലാൻറ് പോളിസി കമ്മിററിയുടെ റിപ്പോർട്ടിന്റെ പേരിൽ ഈ രാജ്യത്തെ ഭൂനയത്തെ സംബന്ധിച്ചിടത്തോളം യാതൊരു വ്യക്തമായ തീരുമാനവും എടുക്കാതെ ഈ കോൺഗ്രസ്സ് ഗവമെൻറ് കഴിഞ്ഞ നാലുകൊല്ലമായി അധികാരത്തിൽ ഇരിക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനങ്ങളെ അഭിമുഖീക

[Shri T. K. Divakaran]

രിച്ചു അവസരത്തിൽതന്നെ ഇവിടത്തെ ഭൂനയത്തിൽ മൌലികമായ മാററം വരുത്തുന്നതാണെന്നു് പ്രകടനപത്രിക മൂലം ജനങ്ങളോടു് ഇവിടത്തെ കോൺഗ്രസ് പറഞ്ഞിട്ടുണ്ടു്. എന്നാൽ കാൎയ്യമായ യാതൊരു പരിപാടിയും അതിനെസംബന്ധിച്ചു് രാജപ്രമുഖന്റെ പ്രസംഗത്തിൽ വ്യക്തമാക്കുകയുണ്ടായിട്ടില്ല. മറെറാന്നു പറയുവാനുള്ളതു് ഈ രാജ്യത്തെ ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതിയെപ്പററിയാണു്. ഈ പദ്ധതിയെപ്പററിയുള്ള ശബ്ദം വളരെ അധികം കേൾക്കുന്നുണ്ടു്. പക്ഷെ അനുഭവത്തിൽ ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന വിദ്യുച്ഛക്തിതന്നെ നിഷേധിച്ചുകൊണ്ടിരിക്കുന്ന ചുററുപാടുകളിലാണു് നാം എത്തിച്ചേൎന്നിരിക്കുന്നതു്.

മറെറാന്നു പറയുവാനുള്ളതു് ഈ രാജ്യത്തെ വ്യാവസായിക പുരോഗതിയെപ്പററിയാണു്. അതിനെപ്പററി രാജപ്രമുഖന്റെ പ്രസംഗത്തിൽ പരാമൎശിക്കുന്നുണ്ടു്. ഇന്നു ഏറക്കുറെ എല്ലാ രാഷ്ട്രങ്ങളും അംഗീകരിച്ചിട്ടുള്ള നയം രാജ്യത്തെ ഏതാനും കുറെ ആളുകളുടെ കൈയ്യിൽ ഉല്പാദന സംപ്രദായം ഇരിക്കുന്നിടത്തോളം കാലം ജനങ്ങളുടെ പരമമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിനു സാദ്ധ്യമാകയില്ല എന്നുള്ളതാണു്. അതിനാൽ ഇന്നു എല്ലാ പരിഷ്കൃത ഗവൺമെണ്ടുകളും വ്യാവസായിക രംഗത്തു ദേശീകരണം വരുത്തിക്കൊണ്ടിരിക്കുകയാണു്. എന്നാൽ രാജപ്രമുഖന്റെ പ്രസംഗത്തിൽ വ്യാവസായിക രംഗത്തേക്കു സ്വകാൎയ്യ മൂലധനത്തെ ക്ഷണിക്കുകയും സ്വകാൎയ്യ മൂലധന ഉടമകളുടെ വിഷമങ്ങളെപ്പററി പ്രസ്താവിക്കുകയും അവൎക്കുവേണ്ടി സംസാരിക്കുകയുമാണു് ചെയ്തിരിക്കുന്നതു്. സ്വകാൎയ്യമൂലധന ഉടമകൾ ജനങ്ങളുടെ ആവശ്യത്തിനു വേണ്ടിയായിരിക്കയില്ല ഉല്പാദനം നടത്തുന്നതെന്നും അവരുടെ ഉദ്ദേശം ലാഭത്തിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നും ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണു് വ്യാവസായിക ദേശീകരണം ഇന്നു എല്ലാ പരിഷ്കൃത ഗവൺമെണ്ടുകളും നടപ്പിൽവരുത്തുന്നതു്. എന്നാൽ സ്വകാൎയ്യഉടമകളെ പ്രോത്സാഹിപ്പിച്ചു് വ്യാവസായികരംഗത്തേയ്ക്കു ക്ഷണിക്കുന്ന ഒരു നയമാണു് രാജപ്രമുഖന്റെ പ്രസംഗത്തിൽ കാണുന്നതു്. അടുത്തതായി അദ്ദേഹം പറഞ്ഞിട്ടുള്ളതു് ഈ രാജ്യത്തെ കുടിൽ വ്യവസായത്തെപ്പററിയാണു്. കയറിനെസംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞുകഴിഞ്ഞു. അതോടൊപ്പംതന്നെ തിരുവിതാംകൂർ–കൊച്ചിയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അൎഹിക്കുന്നതു് കൈത്തറി നെയ്ത്തു വ്യവസായമാണു്. ഈ രാജ്യത്തെ അനേകായിരം ജനങ്ങളെ ബാധിക്കുന്ന കൈത്തറി നെയ്ത്തു വ്യവസായത്തെപ്പററി, പട്ടിണിയിലും തൊഴിലില്ലായ്മയിലും കിടന്നു നരകിക്കുന്ന കൈത്തറി നെയ്ത്തു വ്യവസായ തൊഴിലാളികളെപ്പററി, യാതൊരു അക്ഷരവും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കാണുന്നില്ല.

അടുത്തതായി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ തൊഴിലാളി നയത്തെപ്പററിയാണു് പ്രസ്താവിക്കുന്നതു്. ഈ നാട്ടിലെ തൊഴിലാളി സംഘടനകളാലും ഈ നാട്ടിലെ കോൺഗ്രസിന്റേതായ ഐ. എൻ. ടി. യു. സി. യാലും വെറുക്കപ്പെട്ടിരിക്കുന്ന ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വഴി ഈ രാജ്യത്തെ തൊഴിലാളികളുടെ കാൎയ്യം പരിരക്ഷിക്കുവാൻ കഴിയുമെന്നാണു് അദ്ദേഹം പറയുന്നതു്. ഇവിടത്തെ തൊഴിലാളികളുടെ

വെറുപ്പിന്നു കാരണമായിത്തീർന്നിട്ടുള്ള ഇൻഡസ്ട്രിയൽ ട്രൈബ്യൂണലാണ് തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി രാജപ്രമുഖൻ കണ്ടുപിടിച്ചിട്ടുള്ളതു്.

ഈ രാജ്യത്തെ അനേകായിരം തൊഴിലാളികളുടെ കാര്യങ്ങളിൽ ഇടപെടേണ്ട ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെണ്ട് ഒരു മേജർ ഡിപ്പാർട്ടുമെണ്ടായി പരിഗണിച്ചിട്ടില്ല. എന്നുതന്നെയല്ല രാജ്യത്തെ അനേകായിരം തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നിയമിക്കപ്പെട്ടിരിക്കുന്ന ആ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരെ ഇന്നും ടെമ്പററിയായിട്ടാണ് നിലനിറുത്തിപ്പോരുന്നതു്. ഉദ്യോഗസ്ഥവൃന്ദത്തിന്റെ അസംതൃപ്തി ഇവിടെ രൂപംപ്രാപിച്ചുകൊണ്ടിരിക്കുന്നു. അങ്ങിനെ വ്യക്തമായ ഒരു തൊഴിലാളി നയം രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇല്ല. ഇന്ന് തൊഴിൽ രംഗത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിലാളി മുതലാളി തർക്കത്തിൽ പോലീസു ഇടപെടുന്നതിനെപ്പററി യാതൊന്നും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇല്ല.

മറെറാന്നുള്ളതു് ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം സർവ്വീസ് സംയോജനം വളരെ പ്രാധാന്യം അർഹിക്കുന്നഒന്നാണ്. ഈ രാജ്യത്തെ ഉദ്യോഗസ്ഥവൃന്ദത്തിൽ അസംതൃപ്തി പടർന്നുപിടിച്ചിട്ടുള്ള ഒരു പ്രശ്നത്തെ സംബന്ധിടത്തോളം അർത്ഥഗർഭമായ മൌനമാണ് രാജപ്രമുഖന്റെ പ്രസംഗത്തിൽ കാണുന്നതു്.

മറെറാരുകാര്യം കൌൺസെലർ നിയമനമാണ്. ഈ കൌൺസെലർ നിയമനം പത്രവാർത്തകൾക്കു അപ്പുറം നാട്ടുരാജ്യ വകുപ്പു മന്ത്രിയുടെ പ്രസ്താവനവഴി ഈ രാജ്യത്തെ ബഹുജനങ്ങളുടെ ദൃഷ്ടിയിൽപെട്ടിട്ടുണ്ട്. എല്ലാ പാർട്ട് 'ബി' സ്റ്റേററിലേക്കും കൌൺസെലർമാരെ നിയമിക്കുമെന്നു പ്രസ്താവനയുണ്ടായിട്ടുമുണ്ട്. അതിനെസംബന്ധിച്ച് ഇവിടത്തെ മന്ത്രിസഭ എന്തൊക്കെയോ നിവേദനങ്ങൾ ഇൻഡ്യാഗവമെണ്ടിന്റെ അടുത്തു സമർപ്പിക്കുവാൻ പോകുന്നു എന്നു് പത്രങ്ങളിൽ കാണുന്നുണ്ട്. മുൻ മന്ത്രിമാർ അതിനെസംബന്ധിച്ച് പ്രതിഷേധ യോഗങ്ങൾ കൂട്ടുന്നുണ്ട്. അങ്ങിനെ വളരെ പ്രാധാന്യമർഹിക്കുന്ന ആ കാര്യത്തെപ്പററിയും ഒന്നും അദ്ദേഹം പറഞ്ഞിട്ടില്ല. അതിനേക്കാൾ ഉപരിയായി മറെറാരു കാര്യമുള്ളതു് അദ്ദേഹത്തിന്റെ ഭരണപരമായ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനു വിവിധ കക്ഷികളുള്ള ഈ നിയമസഭയുടെ സൌമനസ്യവും സഹകരണവും ലഭിക്കുന്നതിനുള്ള രാഷ്ട്രീയ തന്ത്രജ്ഞതപോലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കാണുന്നില്ല എന്നുള്ളതാണ്. ഈ അടിസ്ഥാനത്തിൽ എന്റെ ഈ ഭേദഗതിയെ എല്ലാവരും സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

**Mr. Speaker**: Amendment No. 10 by Shri Chidambaranatha Nadar is ruled out of order on the same ground as Amendment No. 2 was ruled out.

**3 p.m.**

**ശ്രീ. ടി. വി. തോമസ്സ്**: സർ, ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഭേദഗതി പ്രമേയം ഇതാണ്:

Add at the end, the following:

"but regret that the Government, due to their subservience to the feudal landlord interest, have totally neglected the urgent question of land reforms,

[Shri T. V. Thomas]

that their food policy has resulted in widespread scarcity and high price for food stuff of the people, that they have failed to protect the Trade Union rights and to improve the living standards of the working classes who are facing mass unemployment, that they have taken no steps to raise the status and to advance the interests of this State, that they have neglected the interests of their own civil servants and that they have grossly mismanaged the affairs of the State."

ഈ ഭേദഗതി പ്രമേയത്തിൽ പരാമർശിച്ചിരിക്കുന്ന പല പ്രശ്നങ്ങളെപ്പററിയും ഇവിടെ മററു സാമാജികന്മാർ പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ടു്. അതെല്ലാം ആവർത്തിക്കുന്നതിനും അങ്ങിനെ ഈ സഭയുടെ സമയം നഷ്ടപ്പെടുത്തുന്നതിനും ഞാൻ തയാറില്ല. ഒന്നു രണ്ടു കാര്യങ്ങൾ ചുരുക്കമായി പ്രസ്താവിക്കുവാനേ ഞാൻ ആഗ്രഹിക്കുന്നുള്ളു. രാജപ്രമുഖന്റെ പ്രസംഗത്തെ സംബന്ധിച്ചുള്ള ഒരു പ്രമേയത്തെപ്പററി സംസാരിക്കുമ്പോൾ രാജപ്രമുഖൻ ഇവിടെ സന്നിഹിതനായിരുന്ന അവസരത്തിൽ ഞങ്ങൾ സ്വീകരിച്ച നടപടിക്കു ഒരു വിശദീകരണം തരേണ്ട ചുമതല എനിക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. കൂടാതെ ശ്രീ. സദാശിവൻ പിള്ള അദ്ദേഹത്തിന്റെ പ്രമേയം വിശദീകരിച്ച അവസരത്തിൽ ഞങ്ങളുടെ നടപടിയുടെ ഔചിത്യബോധത്തെപ്പററി ചോദ്യം ചെയ്തിട്ടും ഉണ്ടു്. രാജപ്രമുഖന്റെ പ്രസംഗവേളയിൽ ഞങ്ങൾ സ്വീകരിച്ച നടപടി എന്താണെന്നു മനസ്സിലാക്കുവാൻ അദ്ദേഹത്തിനു സാദ്ധ്യമല്ല. നാടുവാഴിത്ത സമ്പ്രദായത്തേയും സ്വേച്ഛാധിപത്യ സമ്പ്രദായത്തേയും അവസാനിപ്പിക്കാൻ ചെയ്ത സമരത്തെ ഒററിക്കൊടുത്ത കോൺഗ്രസ് സംഘടനയിൽപെട്ട ശ്രീ. സദാശിവൻപിള്ളയ്ക്കു നാടുവാഴിത്തത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും ചിഹ്നമായ രാജപ്രമുഖന്റെ പ്രവേശനത്തിൽ പ്രതിഷേധം രേഖപ്പെടുത്തുമ്പോൾ അതു് അദ്ദേഹത്തിനു മനസ്സിലാക്കുവാൻ സാധിക്കയില്ലെന്നു എനിക്കറിയാം. അതുപോലെതന്നെ ഞങ്ങൾ മുദ്രാവാക്യങ്ങൾ മുഴക്കുന്നവരാണെന്നു അദ്ദേഹം പറഞ്ഞു. മുദ്രാവാക്യങ്ങളുടെ അടിസ്ഥാനത്തിൽ സമരം ചെയ്തു അധികാരത്തിൽ കയറി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു പാർട്ടിക്കു്, മുദ്രാവാക്യങ്ങളെല്ലാം വിഴുങ്ങി പള്ള വീർപ്പിച്ചുകൊണ്ടിരിക്കുന്നവർക്കു്, തീർച്ചയായും മുദ്രാവാക്യം മുഴക്കുന്നതു കേൾക്കുന്നതു് അരോചകമാകാതിരിക്കുകയില്ല.

ശ്രീ. കേശവൻശാസ്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ കുററി അടിച്ചു നിറുത്തുമ്പോൾ വട്ടം കറങ്ങുന്ന പശു ആ കുററി ഊരിയാലും കുറെനേരം വട്ടം കറങ്ങും എന്ന കാര്യമാണു് എനിക്കു ഓർമ്മവന്നതു് (ചിരി). സാധാരണക്കാരായ മനുഷ്യർക്കു സ്വാതന്ത്ര്യം കിട്ടിയാലും സ്വാതന്ത്ര്യം കിട്ടിഎന്നു മനസ്സിലാക്കുവാൻ കുറെ സമയം വേണ്ടിവരും. ഇത്രമാത്രമാണു് എനിക്കു അതിനെപ്പററി പറയുവാനുള്ളതു്.

ഇവിടത്തെ ഗവൺമെണ്ടു സ്വീകരിച്ചിരിക്കുന്ന നടപടികളെപ്പററി ചിലതു പ്രത്യേകം പറയേണ്ടതുണ്ടു്. ഈ രാജ്യത്തെ ഏററവും പ്രധാന പ്രശ്നം ഭക്ഷ്യപ്രശ്നവും തൊഴിൽ പ്രശ്നവുമാണു്. ഭക്ഷ്യപ്രശ്നത്തിനു പരിഹാരമുണ്ടാകണമെങ്കിൽ സമൂലമായ ഒരു കാർഷിക പരിഷ്കാരം നടപ്പിൽ വരുത്താതെ നിവൃത്തിയില്ല. അങ്ങിനെ സമൂലമായ ഒരു കാർഷിക പരിഷ്കാരത്തിനു ട്രഷറി ബഞ്ചിലിരിക്കുന്ന മന്ത്രിമാരും അവരുടെ

സംഘടനയും തയാറില്ലെന്നുള്ളതു് വളരെ വ്യക്തമാണു്. അതിനു അവർ തയാറാകുമെന്നു വിശ്വസിക്കുവാനും ഞങ്ങൾ തയാറില്ല. അതുപോലെതന്നെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കണമെങ്കിൽ വ്യാവസായിക പുരോഗതി നാട്ടിൽ ഉണ്ടാകണം. അതിനും അടിസ്ഥാനമായി നിൽക്കുന്നതു് കാർഷികപരിഷ്കാരമാണു്.

രാജപ്രമുഖന്റെ പ്രസംഗത്തിൽ പിന്നെ പറഞ്ഞിട്ടുള്ളതു് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റിനെപ്പറ്റിയാണു്. തൊഴിലാളികളുടെ സഹകരണത്തിനു എന്തു് ആഹ്വാനമാണു് രാജപ്രമുഖൻ വച്ചിരിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. നിർബ്ബന്ധിത അഡ്ജൂഡിക്കേഷൻ തൊഴിലാളി വർഗ്ഗത്തിന്റെ തലയിൽ കെട്ടിവച്ചിരിക്കുന്നിടത്തോളം കാലം അവരുടെ സഹകരണം പ്രതീക്ഷിക്കേണ്ട എന്നു വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആലപ്പുഴയിലൊ മറെറാ ഉള്ള ഒരു ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽനിന്നു അവിടെയുള്ള തൊഴിലാളികൾക്കു എത്ര നല്ല ഒരു തീരുമാനം ലഭിച്ചാൽതന്നെയും പണമുള്ള മുതലാളി ബോംബെയിലൊ ഡൽഹിയിലൊ പോയി അപ്പീൽ കൊടുത്താൽ പണമില്ലാത്ത തൊഴിലാളി വിഷമിക്കുകയല്ലാതെ നിവൃത്തിയില്ല. ഈ പരിതഃസ്ഥിതിയിലും തൊഴിലാളി സഹകരണം പ്രതീക്ഷിക്കുന്നവർ മൂഢസ്വർഗത്തിലാണെന്നേ വിശ്വസിക്കുവാൻ നിവൃത്തിയുള്ളു. ഇവിടത്തെ തൊഴിലില്ലായ്മ-പ്രശ്നം വളരെ പരിതാപകരമായ ഒരു സംഗതിയാണു്. ഒരടിസ്ഥാനവുമില്ലാതെ തൊഴിലാളികളെ ജോലിയിൽനിന്നു പിരിച്ചുവിടുകയാണു ചെയ്യുന്നതു്. ഒന്നും രണ്ടും പേരെയല്ല നേരെമറിച്ചു് നൂറും നൂററിഅമ്പതുംപേരെയാണു് പിരിച്ചുവിടുന്നതു്. വസ്തു ഒഴിപ്പിക്കൽ ഒരു നിയമംകൊണ്ടു തടയാൻസാധിച്ച ഒരു മന്ത്രിസഭക്കു് തൊഴിലാളികളെ കൂട്ടത്തോടു പിരിച്ചുവിടുന്നതിനെ തടയാൻ എന്തുകൊണ്ടു് ഒരു നിയമം ഉണ്ടാക്കാൻ പാടില്ല എന്നു ഞാൻ ചോദിക്കുന്നു. തൊഴിലാളികളെ കോൺഗ്രസ്കാരാക്കാൻ ഒരു ശ്രമം നടക്കുന്നതായി കേട്ടു. അങ്ങനെ തൊഴിലാളി താൽപ്പര്യത്തിനായി നിലകൊള്ളുന്ന മന്ത്രിമാർ എന്തുകൊണ്ടു് ഈ തൊഴിലാളികളെ പിരിച്ചുവിടുന്നതിനെ എതിർത്തു് ഒരു നിയമം കൊണ്ടുവരുന്നില്ല.

ശ്രീ. ജെ. ടി. മൊറൈയിസ്: വ്യവസായം നഷ്ടത്തിലാണെങ്കിൽ തൊഴിലാളികളെ പിരിച്ചുവിടണ്ടേ?.

ശ്രീ. ടി. വി. തോമസ്: ഈ ചോദ്യം സാധാരണ മുതലാളികൾ എന്നോടു ചോദിക്കാറുണ്ടു്. വളരെക്കാലപ്പഴക്കം വന്ന ഒരു ചോദ്യമാണിതു്. അതിനു് ചരിത്രംതന്നെ മറുപടി പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണു്. അങ്ങനെ തൊഴിലാളിവർഗ്ഗത്തിന്റെ പരിപൂർണ്ണ സഹകരണമില്ലാതെ നാട്ടിൽ പുരോഗതി സാദ്ധ്യമല്ല. ഈ കാര്യങ്ങളെല്ലാം ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു് കോൺഗ്രസ് മുമ്പോട്ടുപോയി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നു ഞങ്ങൾക്കു വിശ്വാസമില്ല. ഈ ഗവമ്മെന്റിനോടു് സഹകരിക്കണമെന്നു ശ്രീ. സദാശിവൻപിള്ള പറയുകയുണ്ടായി. ഇവിടെ നടന്ന പ്രസംഗങ്ങളിൽ ഈ ഗവമ്മെന്റിനെക്കുറിച്ചു് ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ പരമാർത്ഥമാണെങ്കിൽ യാതൊരു സുബോധമുള്ള ആളും ഈ ഗവമ്മെന്റിനോടു് സഹകരിക്കുമെന്നു എനിക്കു് വിശ്വാസമില്ല. നാട്ടുകാരുടെ ശത്രു എന്നു വിധിവാങ്ങിച്ചിരിക്കുന്ന ഈ കോൺഗ്രസ് ഗവമ്മെന്റിനോടു സഹകരിച്ചാൽ നാട്ടുകാരെ ഒററിക്കൊടുത്തു എന്നുള്ള അപ

[Shri. T. V. Thomas]

ഭാഗ്യംവന്നുചേരും. അധികാര ഖഡ്ഗം കൈവശം വച്ചുകൊണ്ടു നടത്തിയ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടിക്കു് ൪൪ സീററാണു കിട്ടിയതു്. അത്രയും സീററുകൾതന്നെയും എതിർപക്ഷപാർട്ടികൾ ഭിന്നിച്ചുനിന്നു തിരഞ്ഞെടുപ്പിൽ മത്സരിച്ചതുകൊണ്ടാണു് കിട്ടിയതു്. അങ്ങനെ ജനശത്രു എന്നു വിധി എഴുതിക്കഴിഞ്ഞിരിക്കുന്ന പാർട്ടിയുമായി ഞങ്ങളുടെ പാർട്ടി സഹകരിക്കാൻ പോകുന്നില്ലെന്നു പറഞ്ഞുകൊള്ളുന്നു. എന്റെ ഭേദഗതിപ്രമേയം സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു. എല്ലാവരും അതിനെ അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

**Shri A. Thanu Pillai:** Sir, a notice was given to an amendment from my party. It was amendment No. 2 in the list of amendments. That happened to be ruled out of order by you. I am not going to discuss that ruling. Of course, I had an idea of speaking on that motion if that had been admitted. Still, I propose to say a few words in connection with the Address particularly in reference to the amendment—probably the most comprehensive amendment moved here, by Mr. T. V. Thomas. He refers in his amendment to many matters of importance and he ends that motion with the words "The Government have grossly mismanaged the affairs of the State." We all know that the present Ministry came into power only a few days ago and evidently the mismanagement that Mr. Thomas refers to covers a much longer period. Evidently, he has not in mind the Congress Ministries that have been functioning for some years. I am not sure how far a condemnation of the present Ministry can be based upon what happened during the previous Ministries even though those Ministries were also Congress Ministries. Though strictly, the blame that ought to go to previous Ministries should not go to the present Ministry, one cannot divest himself of a feeling, a practical, justifiable feeling, that the present Ministry is the inheritor of the previous Congress Ministries. The party is there and it happens that as a result of the activities of previous Congress Ministries, the present Ministry that is in power is one that always feels the precariousness of its existence.

Sir, in a democratic State like ours, a Ministry should have the support of the country. We know that the present Ministry has not got that support. It has not got the support of the people as we understand it. And I think when they came into power by virtue of their number as an independent party, and not by securing an actual majority in the House, normally they ought to have started the business by asking the vote of confidence of this House at least. The country has proclaimed that they have no confidence in them. Still, normally, as the largest Party, even before they came into power, they ought to have asked for the confidence of the House. My Party wanted to give them an opportunity, and in fairness, if this House does not give them or does not promise to give them support, they ought to resign. They were not prepared to come forward and ask for a vote of confidence. We wanted to give them an opportunity. But for some reason or other you have ruled out of order that motion. In a democratic country, it is only the support of the people that could give them the right to govern and when you find that that support is lacking the natural course is to go back to the country and ask them 'What shall be done'? You must ask the country and the voters that question and ask for their mandate. That is the only reasonable and democratic course that is open to us. Now, Sir, that is not being done.

The Congress has been asked by the Rajpramukh to form a Government with a minority and the Congress Party would not adopt the right course of action I have suggested. Anyhow, I hope that this matter will be taken up by this House.

So far as the Party in power is concerned, it is evident that they have forfeited the confidence of the people and that is because of the way in which they have been administering the State. They have not been able to do anything satisfactory to solve the problems that face the country today. That fact has been placed before the House under its various aspects by previous speakers. Now, I wish to refer to one or two matters of particular importance. This amendment says that they have taken no steps to raise the status and advance the interests of the State. That, Sir, is a matter of grave importance. Evidently, Mr. Thomas refers to the treatment accorded to this State and this Government by the Central Government and also to the rumoured appointment of an adviser or counsellor, whatever they call him. We all know that we are only a class 'B' State and that it is a matter provided in the Constitution. If we want to remove that mark of inferiority and raise ourselves to the status of class 'A' state, if we want—while continuing as a class 'B' State—to free ourselves from the irksome control placed by the Central Government, which control they had not placed over class 'A' states, naturally, we should move for the amendment of the Constitution. That is one thing for which the Congress Ministries are responsible. That is to say, they have been functioning in such a way, the Congress party and the Congress Government have been functioning in such a way, that the Government of India is today in a position to say that they do not see their way to free the state of Travancore-Cochin from the irksome restrictions imposed by Article 371 of the Constitution.

Whatever reasons the Congress Ministers here may now attempt to say, I maintain that it is the Congress ministries that functioned here that have been responsible for the continuance of the stranglehold on our State by the Central Government. Sir, as a citizen of Travancore-Cochin I feel it a matter of extreme shame and disgrace that we are treated in this manner by the Central Government. When this matter was discussed in the Constituent Assembly, Sir, I was a member. I categorically raised the issue. Then Sardar Patel answered that most of the Part 'B' States are backward and for a time there should be Central control in respect of those States. At the same time he definitely stated that States like Travancore-Cochin and Mysore stand on a different footing. He made the Constituent Assembly understand that this hold will be relaxed and he told us that there is a proviso in Article 371 which enables the President to take these States out of the operation of Article 371. Sir, Mysore has been taken out of that. Why Travancore-Cochin is still subject to the operation of that Article, I ask ? He clearly said 'advanced States like Travancore-Cochin and Mysore'. How has this term 'advanced State' left us? Of course, the Congress Ministry must alone answer. I do not think that the Government of India has any mischievous intention. They naturally feel, Sir, that Travancore-Cochin is not fit to be left alone. Our Ministers have made them feel that and the result is that they send their own Chief Secretary; they insist on the Finance Secretary being approved by them, the Inspector-General of Police being approved by them. They are now sending an Adviser or Counsellor. What are his functions and what are the Ministers to do when that functionary is here ? Is it not a mere dictatorial position than the old British Resident ? It is a shame. I really feel wounded

[Shri A. Thanu Pillai]

and any self-respecting Travancore-Cochin citizen should feel insulted. I can understand if the Rajpramukh says that we cannot carry on the administration and he takes up the administration himself in which case my dignity would not be wounded. Suppose there is no majority party. The Government cannot be carried on according to the provisions of the Constitution. And then the Rajpramukh may say 'I take over the administration for a time'. I can understand his taking over the administration as it was done in the Punjab. But when a popular ministry is functioning what is the place of an Adviser or Counsellor, I ask. That question has not been satisfactorily answered. They say he would be here and one of the Ministers is reported to have said in a Press interview that he would only be something like a reporter to the Government of India as to what is taking place here, something like a liaison officer. What is the place for such an officer ? I understand even though it is a matter that takes place within the legislature, that one of their senior officers, it appears the Secretary to the States Ministry, is here watching what is happening in this State of Travancore-Cochin. Sir, can anything be more disgraceful ? We fought for freedom, we fought for responsible Governmet and we have achieved it. Somebody comes, some civilian officer, a permanent officer of the Government of India is sent here to watch our doings here. Are not the Ministers of this Congress Party ashamed of their very existence ? And I warn the Government of India that if they send Advisers and Counsellors here, Travancoreans and Cochinites will surely raise their hands and protest against that *(Hear, hear.)*. If anybody in Trivandrum is here to report to the Government of India on the desirability or undesirability, on the acceptability or unacceptability of an appointment of that kind let the report go forthwith to Delhi, to the States Ministry, to the Prime Minister and to the President of India that no citizen will take this coolly. There will be an uprising in the State to get rid of that mark of disgrace and shame *(Hear, hear.)*. We know how to manage our affairs. We may administer well or ill. The people have the right to administer well or ill in a democratic set up. It is our look-out. Democracy implies many things. The Legislature and the people have a right to administer themselves well or ill. It is for the people of Travancore-Cochin to take the consequences of what they do. It is not for outsiders to sit over us, dictate to us to watch our doings and correct us and be our patrons and protectors. That is a shame that we will not subject ourselves to. It may be that we are divided into different parties. I have my own quarrels with the Congress; I have my own differences with the Communists. But in this I am at one with every one who resists this appointment and this move on the part of the Central Government. I know something of the Central Government as well. If the Government here is blundering, the Central Government is also blundering; and what is the right of one blunderer to correct another blunderer? *(Laughter)*. For example, what is the position in regard to food in this State ? Are we not blundering in the food policy ? Is it a Government able to run the affairs of the State properly that tells us: "You starve on a ration of 5 ounces a day while the U. P. and the Madhya Pradesh man will get swollen with 30 ounces a day. You starve on five ounces a day and the other man will flourish on 30 ounces a day". It is this able Central Government that tells us that you cannot administer yourselves ! I ask, why in the matter of food policy they are not adopting a uniform policy. It is a matter of grave concern that when a man in Travancore-Cochin is given only five ounces, a man in U. P. should get a far enhanced rate. Why should the Travancore-Cochin people be differentiated

from the people in U. P. or C. P. or in any other part of India ? Why should we suffer more, continuously for years ? After all, it is the Central Government that functions here and makes us starve. We cannot sell our own things; we cannot import our own rice. We are placed in a position in which we have no international standing or position. The result is that we are put to starvation. If they had at least given us 12 ounces of rice a day and then told us, "look here we will manage your affairs" at least our stomach should have been full. Did not the Government of India make that mistake ? I warn them.

Sir, I am afraid I have exceeded my time.

I generally agree with what is contained in this motion and in the other motions. Of course, as regards the ruling I can only make a humble request that you may consider that ruling if you so like. More than this, I do not want to take up the time of the House.

ஸ்ரீ. என். எ. நூர்முகம்மது: ஸர், திருவிதாங்கூர் தமிழ்நாடு காங்கிரஸ் கக்ஷியிலிருந்து ஒரு அங்கத்தினரால் கொண்டுவரப்பட்டத் திருத்தப் பிரேரணையை தலைவர் அவர்கள் தள்ளிவிட்டார்கள். இங்கே அவதரிக்கப்பட்டத் திருத்தப் பிரமேயங்களில் ஸ்ரீ. எம். என். கோவிந்தநாயர் அவர்களின் திருத்தப் பிரேரணையில் திருவிதாங்கூர்–கொச்சி ராஜ்யத்தில் நியமிக்கப்போவதாகவுள்ள ஆலோசகரின் நியமனத்தை கண்டித்து கூறியிருக்கிறார்கள். ஸ்ரீமான் கோவிந்தநாயர் அவர்களும் இப்பேர்ப்பட்ட ஒரு ஆலோசகரின் அவசியமில்லையென்று அழுத்தம் திருத்தமாகக்கூறினார்கள். அதைத்தொடர்ந்து ஸ்ரீ. பட்டம் தாணுபிள்ளை அவர்களும் இப்படி ஒரு ஆலோசகரை இங்கு நியமிப்பது என்றும் விஷயத்தில் ஒவ்வொரு திருவிதாங்கூர் வாசியும் தலைகுனிய வேண்டிய விஷயமென்றும் கூறினார். நானும் அதையே திரும்பச் சொல்ல ஆவசியமில்லை. ஸர், திருவிதாங்கூர்–கொச்சி ராஜ்யம் எல்லாத் துறைகளிலும் முன்னணியிலிருக்கிறது. கல்வித்துறையிலானாலும்சரி, அரசியலிலானாலும்சரி, எந்தத் துறையிலும் நம் நாட்டு மக்கள் முன்னணியிலிருக்கிறார்கள். நமது நாடும் உன்னத நிலைமையிலிருக்கிறது. அப்படியிருக்கக் கூடிய இந்த ராஜ்யத்திற்கு ஒரு ஆலோசகர் வேண்டியதில்லை.

ஏதோ 108 பேர் அங்கத்தினர்களாயிருக்கிற இந்த சபையில் காங்கிரஸில் 44 அங்கத்தினர்கள் தான் இருக்கிறார்கள் என்ற காரணத்தினால் தான் மேலிடத்திலுள்ளவர்கள் (டில்லியிலுள்ளவர்கள்) என்ன சொன்னாலும் சரி, அதை இவர்கள் ஒத்துக்கொண்டிருக்கிறார்கள்—அதாவது ஒரு ஆலோசகர் நியமனத்திற்கு ஒத்துக்கொண்டிருக்கிறார்கள். இதை ஒரு நல்ல காரியம் என்று சொல்லமுடியாது. ஸ்ரீ. பட்டம் தாணுபிள்ளை சொன்னதுபோல் செக்ஷன் 371–லிருந்து இந்நாட்டை விடுதலைசெய்யவேண்டும். இதைப்பற்றி சர்தார் படேல் அவர்களிடம் கேட்டபோது, அதற்கு அவர் இந்த 'செக்ஷன் 371–ல் திருவிதாங்கூர்–கொச்சியை சேர்த்திருந்தாலும், இந்த செக்ஷனில் உட்படாத நாடு போல் பாவிப்போம். இதெல்லாம் இன்னும் ஒரு பத்து வருடத்திற்குத்தான்' என்றார். ஆனால் இந்தசெக்ஷனிலிருந்து விதிவிலக்கு அளிக்க நமது மந்திரிகளும் கவர்மென்டும் ஆவன செய்வார்

[Shri N. A. Noor Mohammed]

கள் என்று தோன்றவில்லை. இன்று நமக்கு ஒரு கவுன்சிலர், பின்பு ஒரு அட்மினிஸ்ட்ரேட்டர் (Administrator) இன்னும் என்னென்ன வரப்போகிறதோ நமக்குத் தெரியவில்லை. எதானாலும் இந்த கவுன்சிலர் நியமனத்தை உடனடியாக நிறுத்தவேண்டுமென்று கேட்டுக்கொண்டு எனது சிற்றுரையை முடித்துக்கொள்கிறேன்.

**Shri M. M. Abdul Khader:** The problem of food production is one of the important problems in this country. But unfortunately, I should say so, the Rajpramukh has not in his speech mentioned any concrete steps to redress the hardships of the agricultural classes of this country whereby food production in this State could be increased. Of course I can see that an amendment to the Constitution would be necessary if we have to solve the food problem in this country by the abolition of landlordism and by the redistribution of land to the tiller. But there are certain things which within the frame-work of this Constitution we can do, such as drastic rent reduction, permanancy of tenure, wiping off of rural indebtedness, settlement of the landless on തരിശ് and പുറമ്പോക്ക് lands. These are not proposed to be done. These things show that this Government at present constituted is one that is to guide, that is to be the guardian of the vested interests of the landlords in this State and with such a Government we shall not have any truck. Some Members of the Congress Party have been very proudly proffering the so-called Holdings (Stay of Execution Proceedings) Act but this I may say for the information of the Members of this House who may not be lawyers, is very easily circumvented by the landlords. The landlords have merely to allege an offence of cutting away a bamboo from a cluster round the hedge, and that would be a reason, enough to order delivery. When this Bill is going to be soon amended, I would at least ask this Government to consider this suggestion, namely, to give the tenant a right to deposit the arrears of pattom granted to him from 1951 at any time before delivery, so that he may have protection from eviction against such frivolous things as waste, etc., until a consolidated and exhaustive land legislation is brought forward.

In the Rajpramukh's address, I do not find a mention about putting down black-marketing that is hiding in this country. Of course there is mention about effective procurement. But we know from our experience that procurement in this State under the Congress Government means merely fleecing the small landholder, and allowing the big landholders to continue to loot the people in the black-market. I have got concrete instances before me of naked loot of the people being carried on by some of the ration licensees under this regime. In Kanayannur taluk, four of the ration licensees have been charging from the people ever since the origin of this rationing system, quarter anna per unit in excess of the authorized rates.

ശ്രീ. അയ്യപ്പൻ പഴയാർത്തുണ്ടി : കണയന്നൂർ താലൂക്കിൽ അങ്ങിനെ ഉള്ളതായി അറിവില്ല.

**Shri M. M. Abdul Khader:** In Nemom and other areas bordering on Kanayannur Taluk which are under the constituency of Mr. Jacob and the hon. Mr. Velayudhan, this thing has been continuing for about six years in the face of this paraphernalia of officials, the G. P. Tahsildar, the field officer, the revenue supervisor and so forth. And after the elections, we have taken

up the matter and have sent mass petitions including one to the Civil Supplies Commissioner and to the Food Minister. Then, some of the officers, field officers I should say, more precisely, came under the cover of investigation and enquiry, but really to hush up these matters. It required the presence and the persuasion of not less than a thousand people of the locality to make this officer to record the statement. The Minister may take it from me when I say this, with all the responsibility as a Member of this House, that one of these small ration-licensees has been telling me personally that he has actually charged for two weeks quarter of an anna per unit in excess of the authorized rate. He said he would be prepared to refund it. He has told the same to Mr. M. P. Menon, Secretary of the Kerala Socialist Party. If, even for one day, the people could be looted per unit—

**Shri V. R. Krishnan Ezhuthassan:** He would not be allowed to refund it.

**Shri M. M. Abdul Khader:** That is not the method of dealing with him under a people's Government. These people should have found themselves, as Pandit Nehru stated, hung under a really people's Government.

Now, these people who have been admitting before me and Mr. M. P. Menon about this loot of the people which they have been carrying on, according to them for two weeks but according to me for well over six years, these people are still holding the licence and continue to be the licensees under the rationing system (Bell).

Mr. Thanu Pillai has made mention very impassionately that this Government is not a representative Government; that it represents only a minority of the people; that because of the policy of this Government, the hegemony of the Centre will be imposed on this State with a Counsellor's regime-an Adviser would be appointed for this State. I appeal to Mr. Thanu Pillai that he can dislodge this unpopular Ministry if he wants to accept the verdict of the people—

**Shri V. R. Krishnan Ezhuthassan:** Does he represent the majority?

**Shri M. M. Abdul Khader:** But the people have very clearly reduced the Congress to a position of minority, and simply because of the division in the opposition ranks, simply because Mr. Pattom Thanu Pillai cannot see eye to eye, cannot shed the blind prejudice against the Communists, this Government is here in power. I request Mr. Thanu Pillai to dislodge such an unpopular Ministry, because it is in his power today to do so and to form a truly people's coalition Cabinet in this State (Bell).

**ശ്രീ. ടി. എ. മജീദ്:** സർ, പ്രധാനമായും മി. രാജഗോപാലൻ നായരുടെ ഭേദഗതിയെ അനുകൂലിക്കുവാൻ വേണ്ടിയാണ് ഞാൻ ഇവിടെ നിൽക്കുന്നതു്. എൻ. ജി. ഒ. മാരുടെ പലവിധമായ അവശതകളെപ്പററിയും, ഇന്നത്തെ മന്ത്രിസഭ അതിനെപ്പററി ഗൗനിക്കാതിരിക്കുന്നതിനെപ്പററിയും, എൻ. ജി. ഒ. മാർക്കു മേലധികാരികളിൽനിന്നു നേരിടേണ്ടിവരുന്ന വിഷമതകളെപ്പററിയും അദ്ദേഹം പല കാര്യങ്ങളും പറഞ്ഞു. ഇന്നു് എൻ. ജി. ഒ. മാർ മാത്രമല്ല, ഹൈക്കോടതി ജഡ്ജിമാർപോലും ഇന്നത്തെ മന്ത്രിസഭയുടെ കീഴിൽ പല ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ടെന്നുള്ളതു് ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിവുള്ളതാണ്. ഇതിനുമുമ്പുള്ള മന്ത്രിസഭകൾ ചെയ്തിട്ടുള്ള പല അന്യായങ്ങളും ഇന്നും പരിഹരിക്കാതെ കിടക്കുന്നുണ്ടു്. ശ്രീ. ടി. കെ. നാരായണപിള്ളയുടെ

[Shri. T. A. Majeed]

മന്ത്രിസഭയുണ്ടായിരുന്ന കാലത്തു്, അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്തു് ഹൈക്കോടതിയിലുണ്ടായിരുന്ന ഒരു ജഡ്ജിയെ അവധി ചോദിച്ചുവന്ന കാരണത്താൽ പെൻഷന പ്രാരംഭമായി അവധിയെടുത്തു കൊള്ളുവാനാജ്ഞാപിക്കുകയും അവധിയെ തുടന്നു് അദ്ദേഹത്തെ വെളിയിലാക്കുകയും ചെയ്തതു് ഇവിടെയുള്ള എല്ലാവക്കും അറിവുള്ളതാണു്. ഒരു ഹൈക്കോടതി ജഡ്ജി അവധിക്കപേക്ഷിച്ചപ്പോൾ, പെൻഷന പ്രാരംഭമായി നിർബന്ധിത അവധി അനുവദിച്ചിരിക്കുന്നു എന്നാണു് ഗവമെൻറാജ്ഞാപിച്ചതു്. അതിനു മറുപടിയായി അവധി തനിക്കാവശ്യമില്ലെന്നു ആ ജഡ്ജി പറഞ്ഞപ്പോൾ പെൻഷന പ്രാരംഭമായി അവധിയെടുത്തുകൊള്ളണമെന്നായിരുന്നു മറുപടി. ഡാക്കർ പറഞ്ഞു രോഗി മരിച്ചെന്നു്, രോഗി പറഞ്ഞു ഞാൻ മരിച്ചിട്ടില്ലെന്നു്. ഇങ്ങനെയാണു് കാര്യങ്ങളുടെ പോക്കു്. അദ്ദേഹത്തിനു് അവധി അനുവദിക്കുകയും, അതിനുപകരമായി മുഖ്യമന്ത്രിയായിരുന്ന ശ്രീ. ടി. കെ. നാരായണപിള്ള അദ്ദേഹത്തിൻെറ സ്യാലനായ ശ്രീ. കെ. ഏ. ഗംഗാധരമേനവനെ ഹൈക്കോടതിയിൽ ഒരു ജഡ്ജിയായി നിയമിക്കുകയുമാണുണ്ടായതു്. സർ, ഇരുപത്തഞ്ചുവർഷത്തിൽ കൂടുതൽ സർവ്വീസും, ൧,൨൦൦-ം അതിലധികവും രൂപാ ശമ്പളവുമുള്ള ഹൈക്കോടതി ജഡ്ജിമാക്കു് ഇവിടെ രക്ഷയില്ലെന്നു വന്നാൽ പിന്നെ ഇവിടത്തെ പാവപ്പെട്ട എൻ. ജി. ഒ. മാരുടെ കാര്യം എങ്ങനെയാണെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ശ്രീ. ടി. കെ. നാരായണപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്തു മാത്രമല്ല, ശ്രീ. സി. കേശവൻ മുഖ്യമന്ത്രിയായിരുന്ന കാലത്തും ഈ മാതിരി കാര്യങ്ങൾ ചെയ്തിട്ടുള്ളതായി അറിയാം. അദ്ദേഹത്തിൻെറ കാലത്തും അനീതിപരമായ നിയമനങ്ങളും പ്രമോഷനുകളും സംബന്ധിച്ച കേന്ദ്രഗവമെൻറിൽനിന്നു ഇടപെട്ടിട്ടുള്ളതായും, അങ്ങനെയുള്ള നിയമനങ്ങൾ നടപ്പിലാക്കാൻ നിവൃത്തിയില്ലാതെ വന്നിട്ടുള്ളതായും ഞങ്ങൾക്കറിയാം. ഈ മന്ത്രിമാരുടെ ഇത്തരം നടപടികളിൽ ഇവിടത്തെ പബ്ളിക്കു് സർവ്വീസു കമ്മീഷനും മൌനമവലംബിക്കുകയാണെന്നു ഞങ്ങൾക്കു തോന്നുന്നു. ഇവിടത്തെ പബ്ളിക്കു സർവ്വീസു കമ്മീഷൻ.—

**Mr. Speaker:** May I remined the Member that he has been making certain observations about Ex-Minister, Mr. T. K. Narayana Pillai? That gentleman is not in this House and he is not in a position to defend himself. Therefore, I may ask the Member to abstain from making any reference to Ministers or Ex-Ministers who are not here to defend themselves against the allegations made by the Member.

ശ്രീ. ടി. എ. മജീദ്: ഈ മാതിരി കാര്യങ്ങൾക്കു് ഒരു പരിഹാരമുണ്ടാക്കുന്നതിലേക്കാണു് ഞങ്ങൾ ഈ പ്രശ്നം ഇന്നു് ഈ മന്ത്രിസഭയുടെ മുമ്പിലും ഈ സഭയുടെ മുമ്പിലും വച്ചിട്ടുള്ളതു്. മുമ്പിലത്തെ മന്ത്രിസഭ ചെയ്തിട്ടുള്ള അനീതികൾ പരിഹരിക്കുവാനുള്ള ഈ അവസരം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുമെന്നുള്ള ബലമായ പ്രതീക്ഷയിലാണു് ഞാൻ ഈ പ്രശ്നം ഈ മന്ത്രിസഭയുടെ മുമ്പിൽ വയ്ക്കുന്നതു്.

സർ, ഈയിടെ ഏതാനും പോലീസു് ഇൻസ്പെക്ടർമാരുടെ തെരഞ്ഞെടുപ്പിനെപ്പററി ഞാൻ ഒരു പരസ്യം കണ്ടു. നല്ല ചോരത്തിളപ്പുള്ളതും, ഇരുപത്തഞ്ചുവയസ്സിനു താഴെയുമുള്ള ൧൯൨ പേരെ ഇൻറർവ്യൂനടത്തിയെന്നു പറയുന്നുണ്ടു്.

**Mr. Speaker**: Order, order. May I remind the Member again that he has not exactly grasped the scope of the discussion on the Rajpramukh's Address? The Member would be in order to make any reference to policies referred to by His Highness the Rajpramukh in his address. But other matters are to be discussed when we consider the budget or the Vote on Accounts which may be taken the day after tomorrow. I have to direct that the Member may kindly think over the question and see that it would be better to discuss major policies as referred to by the Rajpramukh in his address and leave other matters of detail to be discussed at the time of the general discussion of the budget or Voting on Accounts.

ശ്രീ. ടി. എ. മജീദ്: ഇനിയും പല അഴിമതികളും നടന്നുകൊണ്ടിരിക്കുന്നതിനെപ്പററി പറയാനുണ്ടെങ്കിലും, ഈയവസരം അതിനുവേണ്ടി ഉപയോഗിക്കുന്നില്ല.

സർ, ഇവിടെ ഒരു അഡ്മിനിസ്ട്രേററർ വരാൻ പോകുന്നു എന്നു പറയുന്നുണ്ട്. അതിൻെറ പ്രാരംഭമായി ഇവിടെ ഒരു നിരീക്ഷകൻ വന്നിട്ടുണ്ടെന്നു പറഞ്ഞു. ഇങ്ങനെ നിരീക്ഷകന്മാരും മററും വന്ന് ഇവിടുത്തെ കാര്യങ്ങളെപ്പററി അന്വേഷിക്കുവാനും ഈ സഭാ നടപടികൾ വീക്ഷിക്കുവാനും ഇടയാക്കിയ സാഹചര്യങ്ങൾ ഇവിടുത്തെ കോൺഗ്രസ്സുകാരും കോൺഗ്രസ്സ് മന്ത്രിസഭയുമാണ് സൃഷ്ടിച്ചതെന്നുള്ള വസ്തുത ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും വളരെ മുന്നിട്ടുനില്ക്കുന്ന ഈ സ്റ്റേററിനെ, ഒരു ബി. സ്റ്റേററിൽനിന്നും, ഒരു സി. സ്റ്റേററായി അധഃപതിപ്പിക്കുവാനാണ് അവർ ശ്രമിക്കുന്നതെന്നു അവരുടെ പ്രവർത്തനങ്ങൾ തെളിയിക്കുന്നു. അതിനൊരു ദൃഷ്ടാന്തമാണിത്. വടക്കെ ഇൻഡ്യയിലെ ആളുകൾക്കു ഇവിടത്തെ ജനങ്ങളുടെ പ്രാപ്തിയേയൊ വിദ്യാഭ്യാസത്തെയൊ സംബന്ധിച്ച് ഒന്നും അറിയാൻ കഴിഞ്ഞില്ലെന്നു വരാം. വിദ്യാഭ്യാസമില്ലാത്ത നാട്ടിലെ ആളുകളുടെ ഇടയിൽനിന്നും വരുന്ന ആളുകൾക്ക് ഇവിടുത്തെ കാര്യങ്ങൾ എങ്ങനെ അറിയാൻ കഴിയും? വിദ്യാഭ്യാസത്തിലും ഭരണപരമായ കഴിവിലും മുന്നിട്ടുനിൽക്കുന്ന ഇവിടത്തെ ആളുകളുടെ മേൽ, ശ്രീ. പട്ടം താണുപിള്ള അവർകൾ പറഞ്ഞതുപോലെ ഒരു അഡ്മിനിസ്ട്രേറററെയോ കൗൺസലറെയോ കെട്ടിവയ്ക്കുന്നതു ഒട്ടും അഭിമാനകരമല്ല. ഈ നിയമനത്തിനെതിരായി എന്തെല്ലാം ആക്ഷേപങ്ങളാണ് രണ്ടുമൂന്നാളുകളായി ഈ നാട്ടിലുണ്ടായിരിക്കുന്നതെന്നുള്ള സംഗതി ഈ സഭയിലെ അംഗങ്ങൾക്കെല്ലാവർക്കും അറിയാമെന്നു ഞാൻ വിചാരിക്കുന്നു. ഇനിയെങ്കിലും ഈ അഡ്മിനിസ്ട്രേററർ ഭരണം വരാതിരിക്കാൻ നാം ശ്രമിക്കേണ്ടതാണ്. ഈ മന്ത്രിസഭ ഇന്നത്തെ നിലയിൽ പോകുകയാണെങ്കിൽ ഈവക കാര്യങ്ങൾക്കു ഒരു പരിഹാരവും ഉണ്ടാകാൻ വഴി കാണുന്നില്ല. ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ സഭയിൽ നടന്ന വാദപ്രതിവാദങ്ങൾ ഞാൻ ശ്രദ്ധാപൂർവ്വം കേൾക്കുകയുണ്ടായി. എന്നിട്ടും ഈ ഭേദഗതികളെ എനിക്കു എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. ഇന്നത്തെ വാദപ്രതിവാദത്തിൽ ഞങ്ങൾക്കു പല പ്രതീക്ഷകളും ഉണ്ടായിരുന്നു. ഈ ഗവൺമെൻറിനു ഭാവിയിൽ പ്രവർത്തിക്കാനുള്ള നിർമ്മാണപരമായ പല നിർദ്ദേശങ്ങളും പ്രതിപക്ഷകക്ഷികളിൽ നിന്നുണ്ടാകുമെന്നാണ് ഞങ്ങൾ

[Shri K. Karunakaran]

പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ ചെയ്യാത്ത കാര്യങ്ങളെമാത്രം ഉയർത്തിപ്പിടിച്ചുകൊണ്ടു് സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുക എന്ന എതിർപക്ഷകക്ഷികളുടെ സാമാന്യമായ നയം ഇവിടേയും തുടരുകയാണു് ചെയ്തതു്. എതിർപക്ഷകക്ഷിയിൽ ഒരു വിഭാഗം ശ്രീ. ടി. വി. തോമസ്സിന്റെ നേതൃത്വത്തിൽ നടത്തിയ വാക്കൗട്ടിനെപ്പററി ശ്രീ. സദാശിവൻപിള്ള പരാമർശിക്കുകയുണ്ടായി. ആ വാക്കൗട്ടിന്റെ പ്രാധാന്യം ഞങ്ങൾക്കു മനസ്സിലാകുന്നില്ലെന്നാണു് അതിനു മറുപടിയായി ശ്രീ. ടി. വി. തോമസ്സ് പ്രസ്താവിച്ചതു്. ശ്രീ. സദാശിവൻപിള്ള ഒരു ശുദ്ധഗതിക്കാരനാണു്. അതുകൊണ്ടു അദ്ദേഹത്തിനു അതു മനസ്സിലാകുകയില്ല. എന്നാൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ചരിത്രം അറിയാവുന്ന ആളുകൾക്കു് ആ വാക്കൗട്ടിന്റെ അർത്ഥം നല്ലപോലെ മനസ്സിലാകും. ഇന്നലെ ചെയ്തതു് തെററാണെന്നു ഇന്നും ഇന്നു ചെയ്തതു് തെററാണെന്നു നാളെയും അങ്ങനെ തെററുകളുടെ ആവർത്തനങ്ങൾ നടത്തുക എന്നുള്ള പാരമ്പര്യംമാത്രം സിദ്ധിച്ചിട്ടുള്ള ഒരു പാർട്ടി ഇങ്ങനെ ഒരു വാക്കൗട്ടു നടത്തിയതിൽ അത്ഭുതത്തിനു വകയില്ല. കോൺഗ്രസ്സുപാർട്ടിയെപററി അദ്ദേഹം പ്രതിവാദിച്ചു, നാടുവാഴിത്വത്തേയും ജന്മിത്വത്തെയും പിൻതാങ്ങുന്ന ഒരു മുരടിച്ച കക്ഷിയെന്നു്. നാടുവാഴിത്വത്തെയും ജന്മിത്വത്തെയും കോൺഗ്രസ് എതിർത്തിട്ടുണ്ടെന്നു കോൺഗ്രസ്സിന്റെ ചരിത്രം നിശ്ചയമുള്ള, ഈ നാടിന്റെ ചരിത്രം അറിയാവുന്ന എല്ലാവർക്കും അറിയാം. എന്നാൽ ബഹുമാനപ്പെട്ട ശ്രീ. ടി. വി. തോമസ് പ്രതിനിധീകരിക്കുന്ന പാർട്ടി മുതലാളിത്വത്തെയും ജന്മിത്വത്തെയും താലോലിച്ചുപോന്നിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ താങ്ങിക്കൊണ്ടിരുന്നു എന്നുള്ള വസ്തുത ആ പാർട്ടിയുടെ ചരിത്രം അറിയാവുന്നവർക്കു അറിയാം. അതുകൊണ്ടു് അതിനെപ്പററി ഞാൻ കൂടുതൽ വിസ്തരിക്കുന്നില്ല.

ഇനി ഞാൻ മററു കാര്യത്തിലേക്കു് പ്രവേശിക്കട്ടെ. ഭൂനയത്തെ കുറിച്ചു് ശക്തിയായി വിമർശനങ്ങൾ ഇവിടെ നടത്തുകയുണ്ടായി. ഇതിനെ സംബന്ധിച്ചു് ഗവമ്മെൻറു ഒന്നും ചെയ്തിട്ടില്ലായെന്നു പറയുന്നതു് മുഴുവൻ ശരിയല്ല. വേണ്ടിടത്തോളം ചെയ്തിട്ടില്ലായെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഒരു കാര്യം വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുന്നു. കാൺഗ്രസ് ഈ രാജ്യത്തു് ജന്മിത്വം അവസാനിപ്പിക്കുവാനുള്ള നടപടികൾ കാലതാമസമെന്യേ നടത്തുകതന്നെ ചെയ്യുമെന്നു രാജപ്രമുഖന്റെ പ്രസംഗം വായിച്ചിട്ടും പഠിച്ചിട്ടും ഉള്ള ആളുകൾക്കു് നിശ്ചയമായും ബോദ്ധ്യപ്പെടുന്നതാണു്.

ശ്രീ. എൻ. രാജഗോപാലൻനായർ : ജന്മിത്വംഅവസാനിപ്പിക്കാൻ വേണ്ടിയാണൊ കൊടുങ്ങല്ലൂർ രാജാക്കന്മാർക്കു് കൂടുതൽ പെൻഷൻ കൊടുക്കുവാനുള്ള പണത്തിനുവേണ്ടി ആവശ്യപ്പെട്ടതു്.

ശ്രീ. കെ. കരുണാകരൻ : ജന്മിമാരുടെ കൂട്ടംപിടിച്ചു് വിശാലജനാധിപത്യമുന്നണി എന്നുംപറഞ്ഞു അധികാരം കിട്ടുമെങ്കിൽ ഏതു വേഷവും കെട്ടുവാൻ തയാറുള്ള ഒരു കക്ഷിയിൽനിന്നു വരുന്ന ഇത്തരം ചോദ്യങ്ങൾക്കു് മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

എങ്കിലും ജന്മിത്വത്തെ പുറമെ അവഹേളിക്കുകയും അതേ അവസരത്തിൽ അവരുമായി ഏതെങ്കിലും വിധത്തിൽ അധികാരത്തിൽ പററിക്കൂടു

വാൻവേണ്ടി പലവിധത്തിലുള്ള ഒത്തുതീർപ്പുകളും സന്ധിസംഭാഷണങ്ങളും നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന നയജ്ഞതയുടെ മുമ്പിൽ തലകുനിക്കാതെ നിവൃത്തിയില്ല.

ഭക്ഷണകാര്യത്തെക്കുറിച്ചും ഇവിടെ പ്രതിപാദിക്കുകയുണ്ടായി. ഭക്ഷണക്ഷാമം ഇവിടത്തെമാത്രം പ്രശ്നമല്ല. അഖിലലോക പ്രശ്നമായ ഒന്നാണതു്. യാതൊരു കാര്യത്തിലും വടക്കോട്ടു നോക്കരുതെന്നും യാതൊരു കാര്യത്തിലും കേന്ദ്രഗവമ്മെൻറിനെ ആശ്രയിക്കരുതെന്നും പറയുന്ന അതേ ആളുകൾതന്നെയാണു് കേന്ദ്രത്തിൽനിന്നും അരിതരാത്തതിൽ ആക്ഷേപം പുറപ്പെടുവിച്ചിരിക്കുന്നതു്. ഇവർതന്നെ മററു സന്ദർഭങ്ങളിൽ ഇൻഡ്യയുടെ അതിർത്തിക്കപ്പുറത്തുള്ള വിദേശങ്ങളിലേക്കു ഉററുനോക്കിക്കൊണ്ടിരിക്കുന്നതും അവിടത്തെ അധിപന്മാരുടെ വിഗ്രഹാരാധനപോലും നടത്തുവാൻ തയാറാകുന്നതും കാണുമ്പോൾ ഇവരുടെ പ്രസംഗത്തിലുള്ള ആത്മാർത്ഥതയെപ്പററി സംശയിക്കുന്നതിൽ എന്തു തെററാണുള്ളതു്? ഈയവസരത്തിൽ ഇവിടത്തെ നെല്ലെടുപ്പു ഒന്നുകൂടി ഊർജ്ജിതപ്പെടുത്തണമെന്നും പത്തായങ്ങൾ വല്ലതും തുറക്കുവാനുണ്ടെങ്കിൽ ദാക്ഷിണ്യമെന്യെ ഉടനെ തുറക്കണമെന്നും അതിനു കാലതാമസം വരുത്തരുതെന്നും ഞാൻ ഗവമ്മെൻറിനോടു അഭ്യർത്ഥിക്കുന്നു. ഗവമ്മെൻറു അതിൽ അമാന്തിക്കുകയില്ലെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

തൊഴിലാളികളുടെ കാര്യവും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. താരതമ്യേന തൊഴിലാളികളുടെ കാര്യങ്ങൾ തൃപ്തികരമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നില്ലെന്നു സമ്മതിക്കാമെങ്കിലും അവരെ സ്പർശിക്കുന്നതും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതുമായ പല കാര്യങ്ങളും ഈ ഗവമ്മെൻറു നടപ്പിലാക്കിയിട്ടുണ്ടു്. ജന്മിത്വംപോലെ നിർമ്മൂലനം ചെയ്യപ്പെടേണ്ട ഒരു കൂട്ടരാണു ഇൻഡ്യയിലെ തോട്ടംതൊഴിലാളികളെ സംബന്ധിച്ചിടത്തോളം കങ്കാണികൾ. അങ്ങനെയുള്ള കങ്കാണി സമ്പ്രദായം അവസാനിപ്പിക്കുവാൻ ഗവമ്മെൻറു സത്വരനടപടികൾ കൈക്കൊണ്ടിട്ടുള്ളതായി കാണുന്നതിൽ സന്തോഷിക്കുന്നു. അതുപോലെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള പ്രാരംഭനടപടികളും എടുത്തുകഴിഞ്ഞു. ഫെയർ വേജസ്സ് ഏർപ്പെടുത്തുന്നതിനുള്ള സത്വരനടപടികൾ ഉടൻ ആരംഭിക്കണമെന്നു ഗവമ്മെൻറിനോടു അഭ്യർത്ഥിക്കുന്നു. അഡ്ജ്യൂഡിക്കേഷനെപ്പററി ബഹുമാനപ്പെട്ട ചില മെമ്പർമാർ പറഞ്ഞതു ഏതാണ്ടു ശരിയാണു്. ഈ കാലതാമസത്തിനുള്ള പ്രധാന കാരണം, അതിന്റെ നടപടികളുടെ പിശകും നിയമത്തിലുള്ള ന്യൂനതയും താമസവും മാത്രമാണു്. ഒരു പിൻതിരിപ്പൻ നയമാണു അഡ്ജ്യൂഡിക്കേററർമാർ കാണിച്ചുവരാറുള്ളതു്. തൊഴിലാളികളുടെ കാര്യങ്ങൾ അറിയാവുന്ന ആളുകളെ ചേർത്തു ഇതിലേക്കു ട്രിബ്യൂണൽ ഏർപ്പെടുത്തിയാൽ ദൂഷ്യങ്ങൾ കുറെയൊക്കെ നീക്കം ചെയ്യാൻ കഴിയും. കോടതികളുടെ പരിധിയിൽനിന്നും ട്രിബ്യൂണലുകളെ ഒഴിവാക്കുകയും വേണം. ട്രിബ്യൂണലുകൾക്കുപകരം ആർബിട്രേഷൻ ഏർപ്പെടുത്തുന്നതു കുറെക്കൂടി നന്നായിരിക്കുമെന്നാണു എന്റെ അഭിപ്രായം. തൊഴിലില്ലായ്മനിമിത്തം ഇപ്പോൾ അനവധി തൊഴിലാളികളെ പിരിച്ചുവിടുന്നുണ്ടു്. അതു തടയേണ്ടതു വളരെ അത്യാവശ്യമാണു്. വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവക്കു നഷ്ടം വന്നാൽ വ്യവസായം എങ്ങിനെ മുൻപോട്ടുപോകും, അതുകൊണ്ടു നഷ്ടംവരാതെ സൂക്ഷിക്കേണ്ടതില്ലേ എ

[Shri K. Karunakaran]

ന്നു ചോദിച്ചേക്കാം. നഷ്ടം നഷ്ടം എന്നു പറയുന്നതു മുതലാളിമാർ തരുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കരുതെന്നേയുള്ളു. ഒരു വ്യവസായം നഷ്ടപ്പെടുന്നുവോ ഇല്ലയോ എന്നു ശരിയായി മനസ്സിലാക്കുവാൻ ഒരു സ്ഥിരം ബോർഡുതന്നെ ഉണ്ടായിരിക്കുന്നതുകൊള്ളാം. ടാററാ കമ്പനി പയനീർ തുടങ്ങി ചില കമ്പനികൾ തൊഴിലാളികളെ പിരിച്ചുവിടുകയുണ്ടായി. ഇന്നത്തെ തൊഴിൽമന്ത്രി ഈ പിരിച്ചുവിടൽ നയത്തോടു ഒരിക്കലും അനുകൂലിക്കുന്ന ആളല്ലെന്നു എനിക്കു നിശ്ചയമുണ്ടു്. അതുകൊണ്ടു് അങ്ങനെ എവിടെയെങ്കിലും തൊഴിലാളികളെ പിരിച്ചുവിട്ടാൽ അതിനെ തടയുവാൻവേണ്ടി ഉടനടി സ്റ്റേ ഓർഡർ കൊടുക്കുവാൻ ഗവൺമെൻറിനു അധികാരം നൽകുന്ന ഒരു നിയമം ഉടനെ ഉണ്ടാക്കേണ്ടതാണു്. ഞാൻ മുൻപു പറഞ്ഞതുപോലെ ഒരു ബോർഡു രൂപീകരിച്ചു വേണ്ട അന്വേഷണം നടത്തി, തൊഴിലാളികളുടെ അവകാശത്തെയും താൽപ്പര്യത്തെയും സംരക്ഷിക്കണമെന്നു ഗവൺമെൻറിനോടു അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. കെ. വിശ്വനാഥൻ: ജന്മിമാരുടെ നേതാവാണു രാജപ്രമുഖൻ എന്നു ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

ശ്രീ. കെ. കരുണാകരൻ: രാജപ്രമുഖനുമായും കൂട്ടുകൂടിയിട്ടെങ്കിലും അധികാരത്തിൽ പററിക്കൂടാൻ ശ്രമിക്കുന്നവരോടു മറുപടി പറയണമെന്നു വിചാരിക്കുന്നില്ല.

ബഹുമാനപ്പെട്ട ഒരു മെംബർ ഐ. എൻ. ടി. യു. സി. ഒരു കോൺഗ്രസ്സ് സംഘടനയാണെന്നു പറയുകയുണ്ടായി. തൊഴിലാളികളുടെ താല്പര്യങ്ങളെമാത്രം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെമാത്രം വകയായ ഒരു സംഘടനയാണു ഐ. എൻ. ടി. യു. സി. എന്നും ആ സംഘടനയ്ക്കു കോൺഗ്രസ്സുമായി യാതൊരു ബന്ധവുമില്ലെന്നും ഈ അവസരത്തിൽ ഞാൻ ആ ബഹുമാന്യ സ്നേഹിതനെ അറിയിച്ചുകൊള്ളുന്നു.

**Shri Krishnan:** Sir, on a point of order.

(Several hon. Members rose to speak)

**Mr. Speaker:** There are only 9 minutes to 4 o'clock. At 4-30 p.m. this discussion must automatically close. If there comes a division, I have to look to the conduct of that also. I have promised half an hour for the hon. Minister to reply. Under these circumstances, the Minister will now reply to the debate.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, നമ്മുടെ പുതിയ കാൺസ്റ്റിററ്യൂഷൻ അനുസരിച്ചു് നടന്ന തെരഞ്ഞെടുപ്പിനുശേഷം, ആദ്യമായി ഈ രാജ്യത്തെ പ്രതിനിധികൾ സമ്മേളിച്ചു നടത്തുന്ന ഈ യോഗത്തിൽ ആദ്യമായി നടന്ന വാദപ്രതിവാദത്തെ ഞാൻ വളരെ ആദരവോടുകൂടി ശ്രദ്ധിക്കുകയുണ്ടായി. ഈ വാദപ്രതിവാദത്തിൽ പങ്കെടുത്ത പതിനാലു ബഹുമാനപ്പെട്ട മെംബർമാരും പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ഗവൺമെൻറു വളരെ ശ്രദ്ധയോടുകൂടി കേൾക്കുകയുണ്ടായി. അവയിലടങ്ങിയിട്ടുള്ള നിർമ്മാണാത്മകമായ എല്ലാ അഭിപ്രായങ്ങളും ഗവൺമെൻറു അതിൻെറ ഭാവിപ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതാണു്.

ഞാൻ ഇത്രയും ഇവിടെ പറയുവാനുള്ള കാരണം, ഈ മാർച്ചുമാസം ൧൨-ാംനു-യാണു് ഈ മന്ത്രിസഭ സത്യപ്രതിജ്ഞചെയ്തു അധികാരത്തിൽ

പ്രവേശിച്ചതെന്നും, അതിനുശേഷം മാർച്ച് ൨൪-ാംനു നടക്കുന്ന സമ്മേളനത്തിൽ കാൺസ്റ്റിറ്റ്യൂഷൻ നിർബ്ബന്ധിക്കുന്നതനുസരിച്ചു രാജപ്രമുഖൻ ചെയ്തിരിക്കുന്ന പ്രസംഗത്തെ ആസ്പദമാക്കി നടത്തുന്ന പ്രസംഗത്തെസംബന്ധിച്ചുള്ള വാദപ്രതിവാദമാണ് ഇവിടെ ഉണ്ടായിട്ടുള്ളതെന്നും ബഹുമാനപ്പെട്ട സഭയെ അനുസ്മരിപ്പിക്കുന്നതിനുവേണ്ടിയാണ്. കാൺസ്റ്റിറ്റ്യൂഷനിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾപ്രകാരം ഈ സമ്മേളനം വിളിച്ചുകൂട്ടിയതിന്റെ കാര്യങ്ങൾ എന്താണെന്നു പറയേണ്ട ചുമതലമാത്രമെ അദ്ദേഹത്തിനുള്ളു എന്നു കാണുവാൻകഴിയും. എന്നുതന്നെയുമല്ല, ബഹുമാനപ്പെട്ട മെംബർ ശ്രീ. പട്ടം താണുപിള്ള പറഞ്ഞതുപോലെ, സാങ്കേതികമായി പറയുകയാണെങ്കിൽ, വരുന്ന ഏതാനും കാലത്തേക്ക് ഈ ഗവമ്മെന്റിനു ചെയ്യാനുള്ള കാര്യങ്ങളെപ്പററിയല്ലാതെ മററുള്ള കാര്യങ്ങളെപ്പററി പറയുന്നതിന് ഇപ്പോൾ ഇവിടെ പ്രസക്തിയില്ല. ഈ വിമർശനവേളയിൽ വളരെ ചെറിയ കാര്യങ്ങളെപ്പററിയും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അവ അപ്രധാനങ്ങളാണെന്നു ഞാൻ പറയുന്നില്ല. ഉദാഹരണമായി ബഹുമാനപ്പെട്ട ആലുവാ മെംബർ ശ്രീ. അബ്ദുൽഖാദർ റേഷൻ കച്ചവടക്കാരുടെ അനീതികളെപ്പററി പറയുകയുണ്ടായി. അവ പ്രാധാന്യമേറിയ കാര്യങ്ങൾതന്നെയാണ്. ഗവമ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തേണ്ട കാര്യങ്ങളുമാണ്. ഗവമ്മെന്റുശ്രദ്ധയിൽ പെടുത്തിയാൽ തീർച്ചയായും കർശനമായ നടപടികൾ എടുക്കുകയുംചെയ്യും. പക്ഷെ ഈ സഭയുടെ ഗൗരവമായ ഈ സന്ദർഭത്തെ ഇപ്പോൾ അതിനുവേണ്ടി അദ്ദേഹം ചെലവഴിക്കേണ്ടിയിരുന്നില്ലെന്നു അദ്ദേഹത്തോടു അശേഷം അനാദരവു പ്രകടിപ്പിക്കാതെ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

രാജപ്രമുഖൻ ചെയ്ത പ്രസംഗത്തിൽ ചിലകാര്യങ്ങൾമാത്രമെ പ്രധാനമായി സ്പർശിച്ചിട്ടുള്ളു. ആവകകാര്യങ്ങളുടെ വിശദാംശങ്ങൾ ഇങ്ങനെയുള്ള പ്രസംഗങ്ങളിൽ ചേർക്കുക പതിവില്ല. ഗവമ്മെന്റിനു ഈയവസരത്തിൽ വന്നിട്ടുള്ള ബുദ്ധിമുട്ടുകളെപ്പററി ആലോചിക്കുക. ഗവമ്മെന്റു വരുന്ന ഒരു കൊല്ലക്കാലത്തേക്ക് അതിന്റെ നയം പ്രഖ്യാപനം ചെയ്യുന്നതു പ്രധാനമായി രാജപ്രമുഖന്റെ പ്രസംഗത്തിൽകൂടിയും ബഡ്ജററിൽകൂടിയുമാണ്. ബഡ്ജററു അവതരിപ്പിക്കുമ്പോൾ ബഡ്ജററിന്റെ ഉള്ളിലുള്ള നിരവധി അക്കങ്ങളുടേയും കണക്കുകളുടേയും പിന്നിൽ ഗവമ്മെന്റിന്റെ ഒരു നയം സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ നമുക്കു കാണുവാൻ സാധിക്കും. എന്നാൽ അങ്ങിനെയുള്ള ഒരു ബഡ്ജററു ഇപ്പോൾ അവതരിപ്പിക്കുവാൻ ഗവമ്മെന്റിനു സാധിച്ചിട്ടില്ല. ഇന്നലെ ഞാൻ ചെയ്ത ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിരുന്നതുപോലെ കഴിഞ്ഞ ഒരു വർഷക്കാലത്തെ വരവിന്റെയും ചെലവിന്റെയും തോതനുസരിച്ചു വരുന്ന നാലുമാസക്കാലത്തെ വരവുചെലവുകളുടെ കണക്കുകൂട്ടൽ മാത്രമെ നടത്തിയിട്ടുള്ളു. അതനുസരിച്ചു തയാറാക്കിയ ബഡ്ജററാണു ഇപ്പോൾ സഭാമുമ്പാകെ ഹാജരാക്കിയിരിക്കുന്നതു്. അതുകൊണ്ടു വരുന്ന ഒരു കൊല്ലക്കാലത്തേയ്ക്കു് എന്താണു ചെയ്യുവാൻ പോകുന്നതെന്നു ഈ സഭയെ അറിയിക്കുവാൻ ഗവമ്മെന്റിനു സാധിച്ചിട്ടില്ല. അതു ബഡ്ജററു മുഴുവനായി അവതരിപ്പിക്കുന്ന അവസരത്തിൽ ചെയ്യുവാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

രാജപ്രമുഖന്റെ പ്രസംഗത്തിൽ സൂചനയായി ചിലകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പലകാര്യങ്ങളും പറഞ്ഞിട്ടില്ലെന്നുള്ളതു സ്പഷ്ടമല്ലേ? ഈ

[Shri Panampilli Govinda Menon]

ഗവമ്മെന്റിന്റെ പ്രവർത്തനത്തിലിരിക്കുന്ന അനേകം ഡിപ്പാർട്ടുമെന്റുകളിലുമുണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾസംബന്ധിച്ചുള്ള വിവരങ്ങൾ ആ ഡിപ്പാർട്ടുമെന്റുകളിൽക്കൂടിയെല്ലാം അറിഞ്ഞും, ആ ഡിപ്പാർട്ടുമെന്റുകളിൽക്കൂടിത്തന്നെ വേണ്ട നടപടികൾ നടത്തിയും കാര്യക്ഷമമായി ഭരണം നിർവ്വഹിക്കേണ്ട കടമ ഏതു ഗവമ്മെന്റിനായാലും ഉണ്ടെന്നിരിക്കെ, അവയെ എല്ലാംപററിയുള്ള പരാമർശനം പത്തോ ഇരുപതോ മിനിട്ടുകൊണ്ടു് ചെയ്തുതീർക്കുന്ന ഒരു പ്രസംഗത്തിൽ നടത്തുക സാദ്ധ്യമല്ല. കേവലം സൂചനകൾമാത്രമെ അങ്ങനെയുള്ള ഒരു പ്രസംഗത്തിൽ നൽകുവാൻ സാദ്ധ്യമാവൂ.

ഇവിടെയുണ്ടായ വാദപ്രതിവാദങ്ങളെപ്പററിത്തന്നെ ആലോചിക്കുക, ഞാൻ അവയ്ക്കെല്ലാം വളരെ പ്രാധാന്യം കല്പിക്കുന്നുണ്ടു്. ശ്രീമാന്മാരായ ഗംഗാധരൻ, ആർ. സുഗതൻ, ടി. വി. തോമസ്സ് ഇവരെല്ലാം കയർവ്യവസായത്തിന്റെ അധഃപതനത്തെപ്പററി പറയുകയുണ്ടായി.

**4 p. m.**

ഈ വ്യവസായത്തിനു അധഃപതനം വന്നിട്ടുണ്ടെങ്കിലും അവയെ പരിഹരിക്കുന്നതിനു വേണ്ടി ഗവമ്മെന്റു ചില നടപടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും പ്രസ്താവിച്ചിട്ടുണ്ടു്. അങ്ങനെയിരിക്കെ ബഹു. മെമ്പർ ഗംഗാധരൻ പറയുകയുണ്ടായി കയർ വ്യവസായത്തിന്റെ ഈ അധഃപതനം കണ്ടുകൊണ്ടു ഗവമ്മെന്റു മുതലക്കണ്ണീർ വീഴ്ത്തുകയാണു് ചെയ്യുന്നതെന്നു്. വളരെ കുത്തുമുത്തുള്ള ഇത്തരം കല്ലേറു തുടങ്ങുന്നതു കഷ്ടമാണു്. രാജപ്രമുഖന്റെ പ്രസംഗത്തിൽ ഞങ്ങൾ കണ്ണീർ പൊഴിച്ചിട്ടുണ്ടെങ്കിൽ അതു മുതലക്കണ്ണീരല്ലെന്നും നേരെമറിച്ചു ചുമതലക്കണ്ണീരാണെന്നും ഞാനദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു. ഈ അധഃപതനത്തിനു ഒരുപോംവഴി കണ്ടുപിടിക്കുവാൻ പൊതുജനങ്ങൾക്കും പൊതുജനപ്രതിനിധികൾക്കും സാധിക്കത്തക്ക ഒരു കാര്യമാണു്. അതു പോലെതന്നെ ചകിരിയുടെയും മടലിന്റെയും വിലകുറവുനിമിത്തം വളരെ കഷ്ടനഷ്ടങ്ങൾ സംഭവിച്ചിരിക്കുന്നുവെന്നും യാതൊരുപരിഹാരവും നേടീട്ടില്ലെന്നും മററും പരാതിപ്പെട്ടു. ഈ വകക്കെല്ലാം ഒരു കമ്മററിയെ വെച്ചിട്ടുണ്ടു്. ആ കമ്മററി അന്വേഷണം നടത്തി അപ്പോഴപ്പോൾ ഗവമ്മെന്റിനെ അറിയിക്കുന്നുമുണ്ടു്. തൊണ്ടിന്റെയും, മടലിന്റെയും, ചകിരിയുടെയും മററും വില കൂടുമ്പോൾ വില കൂടിയെന്ന കുററവും വിലകുറയുമ്പോൾ കുറഞ്ഞുപോയിയെന്ന കുററവും ആരോപിക്കുന്നതു് നാട്ടിൽ സാധാരണമാണു്. അങ്ങിനെ മാറിയും മറിഞ്ഞും കൊണ്ടിരിക്കുന്ന ഒരു സാമ്പത്തിക പ്രശ്നമാണു് ഇതു്. ഇതിനു ഗവമ്മെന്റിനെയോ മുൻമന്ത്രിയായിരുന്ന കുഞ്ഞൂരാമനെയോ കുററം പറയേണ്ട കാര്യമില്ല. പത്തുപന്ത്രണ്ടു ദിവസം മാത്രം പ്രായമുള്ള ഒരു ശിശുഗവമ്മെന്റിന്റെ പേരിൽ ഈ വിധത്തിലുള്ള കുററാരോപണം വഷിക്കുന്നതു് കുറെ അനൌചിത്യമല്ലേ എന്നു കൂടി തോന്നിപ്പോകുന്നു. നമ്മുടെ നാട്ടിൽ ലക്ഷക്കണക്കിനുള്ള തൊഴിലാളികൾക്കു് സുഖമായും സൗകര്യമായും തൊഴിൽ ഉണ്ടാക്കിക്കൊടുക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ അതു് ഗവമ്മെന്റു ഒഴിക്കുന്ന മുതലക്കണ്ണീരാണെന്നു പറയുന്നപക്ഷം എനിക്കുപറയുവാനുള്ളതു് ജനസ്നേഹവും രാജ്യസ്നേഹവും മററും ആർക്കും കുത്തകയല്ലെന്നാണു്.

ശ്രീ. ആർ. ഗംഗാധരൻ. ഈ കാര്യത്തെപ്പററി ഒരുപരാതിയും ആയി ബഹു. മന്ത്രിയെ ഞാൻ സമീപിച്ചതായി ഓർക്കുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ല. പൊതുജനങ്ങൾ ഞങ്ങൾക്കും നിങ്ങൾക്കും തുല്യരാണ്. ഞങ്ങൾ ആരെപ്പററിപറഞ്ഞാലും അതു മുതലക്കണ്ണീരാണെന്നും നിങ്ങൾ പറയുകയാണെങ്കിൽ യഥാർത്ഥകണ്ണീരാണെന്നും സമ്മതിക്കാൻ ഞാൻ തയാറില്ല. അതുപോലെതന്നെ എൻെറ മാന്യസ്നേഹിതൻ മി. ഗോപാലകൃഷ്ണമേനോൻ Agrarian Reforms-നെ പററി പറഞ്ഞു. ഈ കാര്യം അദ്ദേഹം ശരിയായ വിധത്തിൽ പഠിച്ചിട്ടുണ്ടോയെന്നുതന്നെ എനിക്കു സംശയമാണ്. ൧൧൨൨-ലോ മറേറാ കൊച്ചിയിലെ വെറുംപാട്ടകുടിയാൻ നിയമത്തെപ്പററി പഠിച്ചുവെച്ചതുകൊണ്ടാണ് ഇവിടെ പ്രയോഗിച്ചിട്ടുള്ളതു്. അതിൽപിന്നീടു ഈ നിയമത്തിൽ വന്നിട്ടുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണെന്നു അദ്ദേഹം അറിഞ്ഞിട്ടില്ലായിരിക്കാം. ഒരു അഭിഭാഷകനും കൂടിയായ ഞാൻ പറയുന്നു ഒരു വെറുംപാട്ടകുടിയാനെ ഒഴിപ്പിക്കാൻ അത്ര എളുപ്പമല്ലെന്നു്. ഏതോ ഒരു താലൂക്കിൽ ഒരു പാട്ടകുടിയാനെ ഒഴിപ്പിച്ച കാരണം വെച്ചുകൊണ്ടാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞിട്ടുള്ളതു്. ഒരു കുടിയാനെ ഒരു ജന്മിക്കു അത്ര എളുപ്പത്തിനു ഒഴിപ്പിക്കാൻ സാധിക്കുകയില്ലായെന്നുള്ളതിനു ഞാൻ ഉറപ്പുതരാം. എന്നാൽ മുഷ്ക്കന്മാർ, ചട്ടമ്പിമാർ തുടങ്ങിയവർ ചിലപ്പോൾ പാവപ്പെട്ട കുടിയാനെ തല്ലിഓടിച്ചു് വസ്തു കൈവശപ്പെടുത്തിയെന്നുവരാം. ചിലപ്പോൾ അവർ കൊള്ളചെയ്യുന്നില്ലേ? കവച്ച നടത്തുന്നില്ലേ? കൊലപാതകം ചെയ്യുന്നില്ലേ? അതിനൊക്കെ ഗവൺമെൻറു കൂട്ടുനില്ക്കുന്നു എന്നു പറയുകയാണെങ്കിൽ എന്തു മറുപടിയാണു പറയുവാനുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: കൊലപാതകം നടത്തിയാൽ ഗവൺമെൻറു കേസെടുക്കുകയും കുടിയിറക്കിയാൽ ഗവൺമെൻറു കണ്ണടക്കുകയും അല്ലേ ചെയ്യുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നമ്മുടെ പീനൽ കോഡു നിയമത്തിൽ പോലീസുകാർക്ക് നേരിട്ടു എടുക്കാവുന്ന കേസുകളും അല്ലാത്ത കേസുകളും ഉണ്ടു്. കുടിയിറക്കപ്രശ്നം കോഗ്നിസബിൾ അല്ല.

ശ്രീ. പി. രാമസ്വാമിപിള്ള: ട്രസ്പാസ് കോഗ്നിസബിൾ അല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയിരിക്കാം. എന്തായാലും നിയമത്തിനെപററിയുള്ള ഒരുവാദപ്രതിവാദത്തിനു ഇപ്പോൾ ഞാൻ തുനിയുന്നില്ല. കുടിയിറക്കിനെ സംബന്ധിച്ചിടത്തോളം പോലീസുകാർ കുററം ചെയ്തിട്ടുണ്ടെങ്കിൽ പറഞ്ഞാൽ അതു മനസ്സിലാക്കാൻ സാധിക്കും. ഏതോ ഒരു താലൂക്കിൽ ഒരു കുടിയാനെ കൈയേററം ചെയ്തിട്ടുണ്ടെങ്കിൽ അതിൽ പലകാരണങ്ങളും കണ്ടേക്കും. ആ കാര്യം വെച്ചു കൊണ്ടു് പൊതുവെ പോലീസിനെപററിയും അവരുടെ പ്രവൃത്തികളെപററിയും കുററം പറയുന്നതു് ശരിയല്ല. അതു കൊണ്ടു്, നിങ്ങൾ രാഷ്ട്രീയമായി അല്പംകൂടി കാരുണ്യം കാണിക്കണം. ഞങ്ങൾക്കു് ധാരാളം കുററങ്ങൾ ഉണ്ടു്. അനവധി കാര്യങ്ങൾ ചെയ്തുതീർക്കാനുള്ളതിൽ പലതും ബാക്കി കിടക്കുന്നു. സാമൂഹ്യമായും സാമ്പത്തികമായും ഉണ്ടായിരിക്കുന്ന അധഃ

[Shri Panampilli Govinda Menon]

പതനത്തിൽ—ഒരു സ്ക്വയർ മൈലിന് ആയിരം ആളുകൾ തിങ്ങിപ്പാർക്കുന്ന നമ്മുടെ സംസ്ഥാനത്ത് നൂററാണ്ടുകളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന അനവധി കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഇന്നും തീർന്നിട്ടില്ല. അങ്ങനെയിരിക്കെ ഏതുതരത്തിലുള്ളവരായാലും അവർ ഭരണം ഏറെറടുത്താൽ കുഴങ്ങാതെ തരമില്ല. കുററം ചെയ്തിട്ടുണ്ടെങ്കിൽ സമ്മതിക്കാൻ ഞങ്ങൾ തയാറാണ്. ചെയ്യാത്തകുററങ്ങൾ പറയാതിരിക്കാൻ നിങ്ങൾ പഠിക്കുന്നതു നന്നായിരിക്കും. നാട്ടിന്റെ നന്മക്കായിട്ടു ചെയ്യുകാര്യങ്ങൾക്കു ഒരു നന്ദിപോലും പറയാതെ വെറും കുററങ്ങളെയും തെററുകളെയും മാത്രം പെറുക്കിപ്പിടിച്ചു കാണിക്കുന്നത് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ബഹു. കൊടുങ്ങല്ലൂർ മെമ്പർ ഞാനിത്രയും പറഞ്ഞതിൽ കോപിക്കരുതെന്നപേക്ഷിക്കുന്നു. മറെറാരു പരാതി ഇവിടെ ഉന്നയിച്ചതു ബഹു. മെമ്പർ രാജഗോപാലൻ നായരാണ്. അദ്ദേഹം പറയുന്നു കീഴ്ജീവനക്കാർക്ക് ജീവിക്കുന്നതിനുള്ള ശമ്പളം കൊടുക്കുന്നതിൽ ഗവൺമെൻറ് വളരെ അനാസ്ഥപ്രകടിപ്പിക്കുന്നുവെന്ന്. ൧൧൨൬ ജൂലായ് മുതൽ ൧൦ രൂപാ ശമ്പളക്കാരായ ശിപായിമാർക്ക് ൨൦ രൂപാ ശമ്പളവും ൨൦ രൂപാ അലവൻസുമായി കൊടുത്തുവരുന്നു. അതുപോലെതന്നെ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ൨൫ രൂപയിൽനിന്നും ൨൯ രൂപയായി ഉയർത്തി. സെക്കൻററിസ്കൂൾ അദ്ധ്യാപകന്മാർക്കും ഇതേതോതിൽതന്നെ ശമ്പളം വർദ്ധിപ്പിച്ചു. പോലീസിലും കീഴ്ജീവനക്കാർക്ക് ശമ്പളം കൂട്ടികൊടുക്കുകയുണ്ടായി. ഈ കാര്യങ്ങൾ അദ്ദേഹം വിസ്മരിച്ചതു് വളരെ പരിതാപകരമാണ്. മറെറാരു പരാതി, സർവ്വീസുസംയോജനം ഇതുവരെ നടത്തിയില്ലാഎന്നാണ്. വാസ്തവത്തിൽ അതൊരു തെററാണ്. ഒരു കുററമാണ്. താമസംവിനാ സംയോജനം നടത്തുമെന്നുമാത്രം എനിക്കതിനു മറുപടി പറയാം. സംസ്ഥാനത്തുള്ള എൻ. ജി. ഒ. മാർക്ക് ഗവൺമെൻറിന്റെ ശക്തിക്കൊത്തവണ്ണം ശമ്പളം കൊടുക്കുന്നുണ്ട്. എൻ. ജി. ഒ. മാരുടെ കാര്യം ഗവൺമെൻറിന്റെ കാര്യമാണ്. നിങ്ങൾക്കാണ് എൻ. ജി. ഒ. മാരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധയുള്ളതെന്നു പറഞ്ഞാൽ അതു് രാഷ്ട്രീയമായ കാര്യങ്ങൾക്കുവേണ്ടി പറയുന്നു എന്നല്ലാതെ വലിയ അർത്ഥമില്ല. എന്റെ മാന്യസ്നേഹിതൻ ഭരണിക്കാവു മെമ്പർ ഇവിടെ ചിലകാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രധാന പരാതി ഈ രാജ്യത്തിനെ 'ബി' സ്റ്റേററാക്കി അധ:പതിപ്പിച്ചുവെന്നാണ്. അദ്ദേഹത്തിന്റെ ഈ പരാതികേട്ടപ്പോൾ എനിക്ക് അല്പം വിസ്മയമുണ്ടായി. മാത്രമല്ല, മറെറാരു കാര്യംകൂടി എന്റെ സ്മരണയിൽ എത്തിച്ചേർന്നു. അതായതു് എന്റെ കുടുംബത്തിലെ ഒരു ചെറിയകുട്ടിയെ സ്കൂളിൽ ചേർക്കുന്നതിനായിട്ട് കൊണ്ടുപോവുകയും അവിടെചെന്ന് ഫോർത്തുഫാറം ബി ഡിവിഷനിൽ ചേർക്കുകയും ചെയ്തു. എ ഡിവിഷനിൽ സ്ഥലം ഇല്ലാത്തതുകൊണ്ടാണ് ബി ഡിവിഷനിൽ ചേർത്തതു്. ഏതായാലും വൈകുന്നേരം കുട്ടി വീട്ടിൽവന്നപ്പോൾ ഞാൻ അയാളോടു ചോദിച്ചു ഫോർത്തുഫാറം ഏതു ഡിവിഷനിൽ ചേർത്തുവെന്ന്. ബി ഡിവിഷനിൽ ചേർത്തുവെന്ന് അയാൾ ഉത്തരം പറഞ്ഞു. എ ഡിവിഷനേക്കാൾ മോശപ്പെട്ട ബി ഡിവിഷനിൽ ചേർത്തതു് നീ മോശക്കാരനായതുകൊണ്ടാണെന്ന് ഞാൻ പറഞ്ഞപ്പോൾ യഥാർത്ഥമാണെന്നു ധരിച്ചു ആ ശിശു അമ്പരന്നുപോയി. വാസ്തവത്തിൽ എ ക്കും ബി ക്കും തമ്മിൽ വ്യത്യാസമി

ല്ലെന്നുള്ള സംഗതി ആ ബാലൻ ധരിക്കാത്തതിൽ കുററപ്പെടുത്താനില്ല എന്നാൽ എന്റെ ബഹു. സ്നേഹിതൻ ഭരണിക്കാവുമെമ്പർ അതുപോലെയുള്ള ഒരു ശിശുവാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ബഹുമാനപ്പെട്ട ഭരണിക്കാവു മെമ്പർ ചില കാര്യങ്ങൾ പറഞ്ഞു. ഈ രാജ്യം സ്വതന്ത്രരാജ്യമായിരുന്നപ്പോൾ ഇൻകംടാക്സ് റവന്യൂവും മററെല്ലാ റവന്യൂകളും ഇവിടെതന്നെ ചിലവാക്കിയിരുന്നു എന്നും, തിരുവിതാംകൂറിനു ഒരു ഭരണഘടന ഉണ്ടാക്കാൻവേണ്ടി മാത്രമായിരുന്നു ഇവിടെ ഒരു തിരഞ്ഞെടുപ്പു നടന്നതെന്നും പറഞ്ഞു. ഈ വാദങ്ങളൊക്കെ കൂട്ടിച്ചേർത്തു നോക്കിയാൽ സർ സി. പി. യുടെ സ്വതന്ത്ര തിരുവിതാംകൂർ വാദത്തിനു ഒരു മൂടുപടം കൊടുത്ത ഒരു വാദമാണ് അതെന്നു കാണാൻ പ്രയാസമില്ല. നമ്മുടെ രാജ്യം ഇൻഡ്യയുടെ ഒരു ഭാഗമായിത്തീരണമെന്നായിരുന്നു നാമെല്ലാം ആഗ്രഹിച്ചുകൊണ്ടിരുന്നതു്. ഇവിടെ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ എല്ലാവരുംകൂടി ൧൯൪൮ ഒക്ടോബറിൽ ഇവിടെ സമ്മേളിച്ചു് ഒരു പ്രമേയം പാസാക്കുകയുണ്ടായി. തിരുവിതാംകൂറിനു പ്രത്യേകം ഒരു ഭരണഘടന ഉണ്ടാക്കുന്നതു് ഈ നാട്ടിലെ ജനങ്ങളുടെ ചിരകാലമായ അഭിലാഷങ്ങൾക്കു വിരുദ്ധമാകയാൽ ഇൻഡ്യൻ ഭരണഘടനതന്നെ ഈ നാട്ടിന്റെ ഭരണഘടനയായി അംഗീകരിക്കണമെന്നായിരുന്നു ആ പ്രമേയം. ആ പ്രമേയം പാസാക്കി. ഇൻഡ്യൻ ഭരണഘടനയിൽ ബ്രിട്ടീഷു ഭരണകാലത്തു പ്രോവിൻസായിരുന്ന രാജ്യങ്ങൾക്കു പാർട്ട് എ സ്റ്റേററ് എന്നും നാട്ടുരാജാക്കന്മാർ തങ്ങൾക്കുണ്ടായിരുന്ന അധികാരങ്ങൾ വിട്ടുകൊടുത്ത രാജ്യങ്ങൾക്കു പാർട്ട് ബി സ്റ്റേററ് എന്നും നിർവചനം കൊടുത്തു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ആയുഷ്ക്കാല രാജപ്രമുഖന്മാർ പാർട്ട് എ സ്റ്റേററിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയുഷ്ക്കാല രാജപ്രമുഖന്മാർ ബി സ്റ്റേററിലേയുള്ളു. പക്ഷെ ആയുഷ്ക്കാല രാജപ്രമുഖന്മാരെപ്പററി ഞങ്ങൾക്കു യാതൊരു ഭയവുമില്ല. രാജ്യത്തിലെ അധികാരം ഞങ്ങൾക്കും അവർക്കും ഒരുപോലെയാണ്. ഒരു രാഷ്ട്രീയ ചർച്ചയിൽ പറയത്തക്ക ഒരുകാര്യവും ഇതിലില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സാമ്പത്തികമായി നോക്കുകയാണെങ്കിൽ വലിയൊരു തുക രാജപ്രമുഖന് കൊടുക്കുന്നുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പാർട്ട് എ സ്റ്റേററിൽ ഒരു ഗവർണ്ണർക്കു ചിലവാകുന്ന സംഖ്യയും ഈ ഗവൺമെന്റ രാജപ്രമുഖന് കൊടുക്കുന്ന സംഖ്യയും തമ്മിൽ തുല്യപ്പെടുത്തുന്നപക്ഷം രാജപ്രമുഖന് കൊടുക്കുന്ന സംഖ്യ കുറവാണെന്നുകാണാം.

ഇൻഡ്യൻ ഭരണഘടനനയിലെ ൩൭൧-ാം വകുപ്പിനെപ്പററി ൧൯൪൮ ഒക്ടോബർ ആദ്യവാരത്തിൽ കൂടിയ സമ്മേളനത്തിൽ കോൺഗ്രസ്സ് പാർട്ടിയിൽനിന്നു് ശ്രീ. കെ. രാമകൃഷ്ണപിള്ള ഒരു പ്രമേയം അവതരിപ്പിച്ചു. ഈ ൩൭൧-ാം വകുപ്പു ഡ്രാഫ്ററ കോൺസ്റ്റിറ്റ്യൂഷനിൽ ൩൦൬ ബി വകുപ്പായിരുന്നു. ആ വകുപ്പു തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിന് ബാധകമാക്കരുതു് എന്നായിരുന്നു ആ പ്രമേയം. ആ പ്രമേയം ഇവിടെ പാസ്സാക്കി. അങ്ങിനെ ഒരു പ്രമേയം ഇവിടെ പാസ്സാക്കിയിട്ടുള്ളതു് ഒരുപക്ഷെ ഈ സഭയിലെ അധികം ആളുകളും അറി

[Shri Panampilli Govinda Menon]

ഞ്ഞതിരിക്കയില്ല. ബഹു. മെമ്പർ ശ്രീ. താണുപിള്ള ആ പ്രമേയത്തെ അനുകൂലിച്ചിട്ടുണ്ട്. പിന്നീട് ഇവിടത്തെ കോൺഗ്രസ്സ് പ്രതിനിധികൾ സ്റ്റേററ മിനിസ്ട്രിയിലും ഇൻഡ്യാഗവൺമെൻറിൻെറ അടുത്തും ഈ കാര്യത്തെപ്പററി നിവേദനം നടത്തിയിട്ടുണ്ട്. കോൺസാംബ്ലിയിൽ ഭരണഘടനവാദപ്രതിവാദത്തിനുവന്ന അവസരത്തിൽ ബഹു. ശ്രീ. താണുപിള്ള അതിനെ എതിർത്തു. അതുപോലെതന്നെ ഇവിടെ നിന്നുപോയിരുന്ന മെമ്പറന്മാർ ഈ വകുപ്പു തിരു-കൊച്ചിക്ക് ബാധകമാക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ പാസ്സാക്കിയ പ്രമേയത്തിലെ ഉള്ളടക്കം ഇൻഡ്യാഗവൺമെൻറിനെ ധരിപ്പിക്കുവാൻവേണ്ടി മന്ത്രിസഭയുടെ പ്രതിനിധികൾ ഇൻഡ്യാഗവൺമെൻറിൻെറ അടുത്തുപോയി നിവേദനം ചെയ്തിട്ടുണ്ട്. ആ പ്രതിനിധികൾ ഇൻഡ്യാഗവൺമെൻറിൻെറ അടുത്ത് പറഞ്ഞതിൻെറ ഫലമായിട്ടുമാണ് സർദാർ പട്ടേൽ കോൺസാംബ്ലിയിൽ ഒരു പ്രഖ്യാപനം നൽകിയത്. സർ, അങ്ങയുടെ അനുവാദത്തോടുകൂടി ആ ഭാഗം ഇവിടെ വായിക്കാം.

"As the House is aware, the States, as we inherited them, were in varying stages of development. In most cases the advance had to be made from the starting point of pure autocracy. Having regard to the magnitude of the task, which confronted the Governments of the Unions in the transitional period, and to the fact that neither the Services inherited by them nor the political organisations, as they existed there, were in a position to assume, unaided, full responsibilities of the administration, we made a provision in some of the Covenants that till the new Constitution came into cperation in these Unions, the Rajpramukh and the Council of Ministers shall, in the exercise of their functions, be under the general control of the Government of India and comply with the instructions issued by the Government from time to time. The stress of the transitional phase is likely to continue for some years. We are ourselves most anxious that the people of these States should shoulder their full responsibilities; however, we cannot ignore the fact that while the administrative organisation and political institutions are to be found in most of the States in a relatively less developed state, the problems relating to the integration of the States and the change-over from an autocratic to a democratic order are such as to test the mettle of long established administrations and experienced leaders of people. We have therefore found it necessary that in the interest of the growth of democratic institutions in these States, no less than the requirements of administrative efficiency, the Government of India should exercise general supervision over the Governments of the States till such time as it may be necessary.

It is natural that a provision of this nature which treats States in Part B differently from Part A States should cause some misgivings. I wish to assure the Hon'ble Members representing these States, and through them the people of these States, that the provision involves no censure of any Government. It merely provides for contingencies which, in view of the present conditions, are more likely to arise in Part B States than in the States of other categories. We do not wish to interfere with the day-to-day administration of any of the States. We are ourselves most anxious that the people of the States should

learn by experience. This article is essentially in the nature of a safety valve to obviate recourse to drastic remedies such as the provision of the breakdown of the constitutional machinery. It is quite obvious that in this matter the States, *e.g.*, Mysore and Travancore-Cochin, where democratic institutions have been functioning for a long time and where Governments responsible to Legislatures are in office, have to be treated differently from the States not conforming to these standards."

ഈ വിധത്തിൽ മററു സ്റ്റേററുകളിൽനിന്നും വ്യത്യസ്ഥമായൊരു നില നമ്മുടെ സ്റ്റേററിന് കിട്ടുന്നതിനു പരിശ്രമിച്ച കോൺഗ്രസ്സിനേയും കോൺഗ്രസ്സ് ഗവൺമെൻറിനേയും ആക്ഷേപിക്കുന്നതിന് ഈ അവസരം ഉപയോഗിച്ചതിൽ എനിക്ക് വളരെ ഖേദമുണ്ട്. എന്നുതന്നെയല്ല, ഈ വകുപ്പു ഭരണഘടനയിൽ ചേർത്തു് ഇവിടത്തെ കോൺഗ്രസ്സ് ഗവൺമെൻറ് പല അക്രമങ്ങളും ചെയ്യുന്നുകൊണ്ടാണെന്ന് ശ്രീ. താണുപിള്ള പറഞ്ഞതിനേക്കാൾ ശരിയായിട്ടുള്ളതു് കോൺഗ്രസ്സിനെ എതിർക്കുന്ന ആളുകളുടെ കുഴപ്പം കൊണ്ടാണ് എന്ന് വിചാരിക്കുന്നതായിരിക്കും. ഈ രാജ്യത്തിൻെറ അഭിമാനത്തിനു ന്യൂനത തട്ടുന്ന യാതൊന്നും കോൺഗ്രസ്സ് ചെയ്തിട്ടില്ല. പത്തുപന്ത്രണ്ടു ദിവസങ്ങൾക്കു മുമ്പ് ഒരു ഭൂരിപക്ഷകക്ഷി അല്ലാതിരിക്കുന്ന കോൺഗ്രസ്സ് ഭരണഭാരം ഏറെറടുത്തതു് ഇവിടെ ഒരു ഭരണക്കുഴപ്പം ഉണ്ടാകാതിരിക്കുവാൻ വേണ്ടിയാണ്. നിയമസഭയിൽ ഭൂരിപക്ഷമില്ലാത്ത ഒരു കക്ഷിക്ക് ഭരിക്കാൻ സാദ്ധ്യമല്ലെന്ന് എല്ലാവർക്കും അറിയാം. ഭൂരിപക്ഷമില്ലാത്ത കക്ഷി പല ദിക്കുകളിലും ഭരണം ഏറെറടുത്തിട്ടുണ്ട്. ബ്രിട്ടീഷ് ട്രഡീഷൻ അനുസരിച്ചു ഭരണം നടത്തുന്ന ദിക്കുകളിൽ ഇങ്ങനെ പലപ്പോഴും ഉണ്ടായിട്ടുണ്ട്. പത്തുപന്ത്രണ്ടു ദിവസങ്ങൾക്കുമുമ്പ് ഞങ്ങൾ അധികാരം ഏറെറടുത്തതു് ഈ രാജ്യത്തിൻെറ അഭിമാനം നിലനിർത്തുവാൻ വേണ്ടിയാണ്. ഉദ്യോഗത്തിൽ ഇരിക്കുവാൻ വേണ്ടിയല്ല. അഭിമാനത്തോടുകൂടിയല്ലാതെ ഒരു ദിവസത്തിൽ കൂടുതൽ ഉദ്യോഗത്തിൽ തൂങ്ങിപ്പിടിച്ചിരിക്കുവാനും ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. അധികാരത്തിൽ ഇരിക്കുന്ന കക്ഷിയെ എതിർക്കുവാൻ ആർക്കും സാധിക്കും. പക്ഷെ രാജ്യത്തിൻെറ അഭിമാനം നിലനിറുത്തുവാനും കോൺസ്റ്റിററ്യൂഷനൽ മിഷനറിയുടെ രക്ഷയ്ക്കുവേണ്ടിയും ആണ് ഞങ്ങൾ അധികാരം ഏറെറടുത്തതു്. അതിനു നിങ്ങളുടെ സപ്പോർട്ട് ഞാൻ ആവശ്യപ്പെടുന്നു. ഞാൻ ഈ ഭേദഗതികളെയെല്ലാം എതിർക്കുന്നു.

*Amendment No. 1 moved by Shri R. Gangadharan was, by leave, withdrawn*

*Amendment No. 5 moved by Shri E. Gopalakrishna Menon was, by leave, withdrawn*

*Amendment No. 6 moved by Shri Rajagopalan Nair was, by leave, withdrawn*

*Amendment No. 7, moved by Shri R. Sugathan was, by leave, withdrawn*

*Amendment No. 8, moved by Shri M. N. Govindan Nair was, by leave, withdrawn*

*Amendment No. 9, moved by Shri T. K. Divakaran was, by leave. withdrawn*

*Amendment No. 11, moved by Shri T. V. Thomas was put and lost.*

**Shri T. V. Thomas:** Sir, I demand a poll.

A poll was taken when the House divided as follows:—

**AYES—51**

1. Shri M. M. Abdul Khadar.
2. Shri A. Achuthan.
3. Shri Achutha Menon.
4. Shri Avira Tharakan.
5. Shri C. C. Ayyappan.
6. Shri Balakrishna Menon.
7. Shri P. Bhaskaran Nair.
8. Shri A. K. Chelliah.
9. Shri A. Chidambaranatha Nadar.
10. Shri S. G. Deviappan Kangany.
11. Shri T. K. Divakaran.
12. Shri R. Gangadharan.
13. Shri E. Gopalakrishna Menon.
14. Shri P. Govinda Pillai.
15. Shri M. N. Govindan Nair.
16. Shrimati K. R. Gouri.
17. Shri Kambisseri Karunakaran.
18. Shri Kochukunju.
19. Shri E. Krishnan Nair.
20. Shri Krishnan.
21. Shri K. V. Krishnankutty Warrier.
22. Shri Kumara Pillai.
23. Shri C. K. Kumara Panicker.
24. Shri K. Kuttappan.
25. Shri T. A. Majeed.
26. Shri Chengarappally P. Narayanan Potti.
27. Shri P. S. Nataraja Pillai.
28. Shri Nilakantaru Pandarathil.
29. Shri N. A. Noor Mohammed.
30. Shri R. Ponnappa Nadar.
31. Shri Prabhakaran Koonath.
32. Shri N. Raghava Kurup.
33. Shri Rajagopalan Nair.
34. Shri Ramakrishnan.
35. Shri P. Ramaswami Pillai.
36. Shri T. S. Ramaswami Pillai.
37. Shri Ravindran.
38. Shri Sadasivan.
39. Shri Sadanandan.
40. Shri A. Samraj.
41. Shri C. Sankar.
42. Dr. N. Sankara Pillai.
43. Shri Chattanatha Karayalar.
44. Shri Alexander Manuel Simon.
45. Shri V. Sridharan.
46. Shri Sreevallabha Menon.
47. Shri R. Sugathan.
48. Shri A. Thanu Pillai.

49. Shri T. V. Thomas.
50. Shri C. K. Viswanathan.
51. Shri M. William.

**NOES—53**

1. Shri P. C. Athichan.
2. Shri Alexander Parambitharayil.
3. Shri Ayyappan Pazhayarthundy.
4. Shri K. Bhanu.
5. Shri A. C. Chacko.
6. Shri P. Chacko.
7. Shri G. Chandrasekhara Pillai.
8. Shri K. M. Chandy.
9. Shri K. K. Chellappan Pillai.
10. Shri Cheriyan J. Kappan.
11. Shri M. V. Cheriyan.
12. Shri Ambat Eachara Menon.
13. Shri Ganapathy.
14. Shri K. M. George.
15. Shri Panampilli Govinda Menon.
16. Shri A. L. Jacob.
17. Shri James Tharayil.
18. Shri A. J. John.
19. Shri Joseph Vazhappilly.
20. Shri K. Karunakaran.
21. Shri C. Kesavan.
22. Shri Nedumangad R. Kesavan Nair.
23. Shri R. Kesava Pillai.
24. Shri T. T. Kesavan Sastri.
25. Shri K. M. Korah.
26. Shri K. Kochukuttan.
27. Shri K. P. Krishna Menon.
28. Shri V. R. Krishnan Ezhuthassan.
29. Shri Kunjan Nadar.
30. Shri Kunjithommen.
31. Shri V. Madhavan.
32. Shri K. Madhavan Unnithan.
33. Shri Mathai.
34. Shri M. C. Mathew.
35. Shri J. T. Moraes.
36. Shri O. C. Ninan.
37. Shri Pareethu Rowther.
38. Shri L. M. Pylee.
39. Shri P. K. Ramchandra Das.
40. Shri P. Sadasivan Pillai.
41. Dr. M. Sivaraman Nair.
42. Shri K. J. Thomas.
43. Dr. P. T. Thomas.
44. Shri Varghis.
45. Shri E. P. Varghis.
46. Shri N. P. Varghese.
47. Shri T. M. Varghese.

48. Shri V. V. Varkey.
49. Shri Varunny Pulikkal.
50. Shri Vasudevan Pillai.
51. Shri Kalathil Velayudhan Nair.
52. Shri K. I. Velayudhan.
53. Shri Anthonie Andrew Daniel Luiz.

NEUTRALS—Nil.

The original motion was then adopted.

### Election of Deputy Speaker

<u>മിസ്റ്റർ സ്പീക്കർ:</u> ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിനു മൂന്നുപേരുടെ നാമനിർദ്ദേശങ്ങൾ കിട്ടിയിട്ടുണ്ട്. അവ മൂന്നും പരിശോധിച്ചതിൽ സാധുവാണെന്നു കണ്ടിരിക്കുന്നു. നാമനിർദ്ദേശം ചെയ്യപ്പെട്ട മൂന്നുപേരുടേയും പേരുകൾ വായിയ്ക്കാം.

൧. ശ്രീ. കുഞ്ഞൻനാടാർ
൨. ശ്രീ. കെ. പി. കൃഷ്ണമേനോൻ
൩. ശ്രീ. പി. രാമസ്വാമിപ്പിള്ള

ശ്രീ കുഞ്ഞൻ നാടാരെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ ടി. എസ്സ്. രാമസ്വാമിപ്പിള്ളയും സെക്കൻഡ് ചെയ്തിട്ടുള്ളതു് ശ്രീ. ചട്ടനാഥക്കരയാളരും, ശ്രീ കെ. പി. കൃഷ്ണമേനോനെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ കെ. ജെ. തോമസും സെക്കൻഡ് ചെയ്തിട്ടുള്ളതു് ശ്രീ. എൻ. പി. വർഗ്ഗീസും, ശ്രീ. പി. രാമസ്വാമിപ്പിള്ളയെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ. എ. ചിദംബരനാഥനാടാരും സെക്കൻഡു് ചെയ്തിട്ടുള്ളതു് ശ്രീ. എം. വില്യമും ആണു്. ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉള്ളതുകൊണ്ടു് അതിലേക്കുള്ള വോട്ടെടുപ്പു് ഇപ്പോൾ നടക്കുന്നതാണു്. അക്ഷരമാല ക്രമമനുസരിച്ചു് ആദ്യമായി ശ്രീ കുഞ്ഞൻനാടാരുടേയും രണ്ടാമതായി ശ്രീ. കെ. പി. കൃഷ്ണമേനവന്റേയും മൂന്നാമതായി ശ്രീ. പി രാമസ്വാമിപ്പിള്ളയുടേയും പേരുകൾ ബാലട്ടുപേപ്പറിൽ അച്ചടിച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട മെമ്പർമാർ ആർക്കുവേണ്ടി വോട്ടുചെയ്യുന്നുവൊ ആ സ്ഥാനാർത്ഥിയുടെ പേരിനെതിരെ ഒരു ഗുണനചിഹ്നം രേഖപ്പെടുത്തേണ്ടതാണു്. ഇപ്പോൾ സെക്രട്ടറി ബഹുമാനപ്പെട്ട അംഗങ്ങളുടെ പേരുകൾ വിളിക്കുന്നതാണു്.

*(Balloting for the election then proceeded.)*

<u>മിസ്റ്റർ സ്പീക്കർ:</u> ഇപ്പോൾ നടന്ന വോട്ടെടുപ്പിൽ ശ്രീ. കുഞ്ഞൻനാടാർക്കു ൨൯-ം, ശ്രീ. കൃഷ്ണമേനോനു് ൩൦-ം, ശ്രീ. രാമസ്വാമിപ്പിള്ളക്കു ൪൬-ം വോട്ടുകൾ വീതം ലഭിച്ചിരിക്കുന്നതിനാൽ, ശ്രീ. കുഞ്ഞൻനാടാർ തള്ളപ്പെട്ടുപോയിരിക്കുകയും ബാക്കിയുള്ള രണ്ടു സ്ഥാനാർത്ഥികൾക്കു വേണ്ടി ഇനിയും ബാലററിംഗ് നടക്കുന്നതുമാണു്.

*(Balloting for the election again took place.)*

**Mr. Speaker:** The result of the election is this:— Shri Krishna Menon has got 54 Votes and Shri T. S. Ramaswami Pillai 51 Votes. Shri K. P. Krishna Menon is elected as Deputy Speaker. The House will now adjourn and meet the day after tomorrow.

*The Assembly adjourned at 6-12 p. m. to meet again at 11 a. m. on Friday the 28th March 1952.*

V. KRISHNAMOORTHI,
*Secretary, Legislative Assembly*

APPENDIX

**List of applicants interviewed in connection with the selection for training as Treasury Officers on Rs. 225—275**

| Serial No. | Name | Qualifications | Permanent post and pay |
|---|---|---|---|
| 1 | R. Bhaskara Pillai, Manager, Office of the Chief Engineer, (Electrical) Trivandrum | 1. B. A.<br>2. Travancore Revenue Accounts Tests<br>3. Public Work Department Divisional Test. | Revenue Accountant<br>Rs. 100<br>80—100 |
| 2 | N. Ramalingom Ayyar, Superintendent, State Insurance Department, Trivandrum | 1. Intermediate<br>2, Diploma in Accountancy<br>3. Shorthand—(Higher)<br>4. Theory and Practice of Commerce and Precis writing. Examination of the Accountant-General's Office | Superintendent<br>Rs. 185<br>175—225 |
| 3 | A. Abdur Rehmankunju, Superintendent, State Insurance Department, Trivandrum | 1. M. A. (Com.) II Class<br>2. Training in Statistics<br>3. Departmental Examination of the Account-General's Office | Superintendent<br>Rs. 175<br>175—225 |
| 4 | P. Parameswaran Nayar, Superintendent, State Insurance Department, Trivandrum | 1. B. A. (Hons.) II Class<br>2. Auditing, Book-keeping, Banking, Co-operation. M.G.T.E.<br>3. Fellowship Examination of the Chartered Insurance Institute—London | Superintendent<br>Rs. 185<br>175—225 |
| 5 | K. C. Ramakrishna Pillai, Superintendent, Government Secretariat, Trivandrum | 1. B. A.<br>2. Account Test<br>3. Indian Army Officer's Training | Clerk Rs. 100 |

**List of applicants interviewed—(*cont*.)**

| Serial No. | Name | Qualifications | Permanent post and pay |
|---|---|---|---|
| 6 | N. Ramakrishna Ayyar, Inspector of Municipal Accounts, Local Fund Audit, Trivandrum | 1. B. A.<br>2. B. L.<br>3. Account Test<br>4. Revenue Test | Auditor Rs. 115<br>100—125 |
| 7 | K. Kochukunju, Inspector of Municipal Accounts, Local Fund Audit, Trivandrum | 1. B. A. II Class<br>2. Departmental Test of the Accountant-General's Office | Inspector of Municipal Accounts Rs. 155<br>125—175 |
| 8 | K. Maria Antony, Co-operative Inspector, Suchindram | 1. Graduation | I Grade Co-operative Inspector Rs. 150<br>100—150 |
| 9 | V. Sebagnanam, Teacher, G. H. School, Erniel | 1. B. A. II Class<br>2. L. T. | III Grade Teacher Rs. 155<br>125—175 |
| 10 | L. Omanakunjamma, Tahsildar, Nagercoil | 1. B. A. II Class<br>2. B. L. I Class<br>3. Bar Council Test<br>4. Revenue Test<br>5. Account Test<br>6. Higher Survey Test | Clerk Rs. 100<br>80—100 |

**List of applicants interviewed—(*cont.*)**

| Serial No. | Name | Qualifications | Permanent post and pay |
|---|---|---|---|
| 11 | C. Krishna Warrier, Private Secretary to the Minister for P. W., Trivandrum | 1. B. A. (Hons.)<br>2. B. L.<br>3. Account Test<br>4. Excise Test, B. C. and D. | Clerk on Rs. 75<br>45—75 |
| 12 | C. M. Jacob, Assistant to the Commissioner of Civil Supplies, Trivandrum. | 1. B. A.<br>2. B. L.<br>3. Account Test<br>4. Registration Test | Sub-Registrar II Grade Rs. 125<br>80—125 |
| 13 | K. Karunakaran, City Rationing Officer, Trivandrum | 1. B. A.<br>2. Departmental Test of the Accountant-General's Office | Auditor on Rs. 100<br>80—100<br>Accountant-General's Office |
| 14 | C. K. Rama Ayyar, Election Officer, Chief Electoral Office, Trivandrum | 1. B. A.<br>2. Revenue Test I Class<br>3. Account Test<br>4. Registration Test<br>5. Judicial Test<br>6. Survey Test<br>7. Survey Training | Assistant Election Officer on Rs. 100<br>80—120 |
| 15 | N. Gopalakrishnan Nayar, Secretary, Board of Statistics, Trivandrum | 1. M. Sc.<br>2. B. Sc. I Class I rank for Mathematics and Malayalam and II class for English<br>3. Recipient of scholarships and College Gold Medal | Technical Assistant, Bureau of Statistics Rs. 100<br>80—100 |

**List of applicants interviewed—(*cont.*)**

| Serial No. | Name | Qualifications | Permanent post and pay |
|---|---|---|---|
| 16 | N. Ramakrishna Pillai, Financial Assistant, Palace Guard's Head Quarter's Office, Trivandrum | 1. B. A. II class<br>2. Account Test<br>3. T/W. L. C. C.<br>4. Specially trained for 6 months in Audit and Accounts at Government cost at Bangalore, Belgaum, Poona, Delhi | Superintendent, Military Accountant, Trivandrum Rs. 205<br>175—225 |
| 7 | I. Narayana Pillai, Special Inspector of Co-operative Societies, Department for A. B. C., Trivandrum | 1. B. A.<br>2. Apprenticed in the Madras Co-operative Bank<br>3. Passed the Higher Examination in Banking, Commerce and Finance, Commercial Law Company Law and Winding up<br>4. Commercial Education Diploma<br>5. A. E. I. I. B.<br>6. Account Test<br>7. Certified Auditor | Special Inspector of Co-operative Societies Rs. 150<br>100—150 |
| 18 | T. Maria Susai, Superintendent, Finance Secretariat, Trivandrum | 1. B. A. (Hons.) Mathematics II class<br>2. B. L.<br>3. Lower Departmental test of the Accountant-General's Office | Clerk, Finance Secretariat, Rs. 95<br>80—100 |
| 19 | K. A. Sreedhara Menon, Superintendent, Finance Secretariat, Trivandrum | 1. M. A. II class<br>2. Account Test<br>3. Revenue Test I class<br>4. Huzur Office Manual Test I Class | Clerk, Finance Department Rs. 135<br>125—150 |

**List of applicants interviewed—(*cont.*)**

| Serial No. | Name | Qualifications | Permanent post and pay |
|---|---|---|---|
| 20 | P. K. Syed Mohamed, Superintendent, Finance Secretariat, Trivandrum | 1. B. A.<br>2. Huzur Office Manual Test I Class<br>3. Account Test<br>4. Revenue Test | Clerk Rs. 155<br>125—150 |
| 21 | V. Subramonia Menon, Tahsildar, Trichur | 1. M. A.(Hons.)<br>2. Revenue Test<br>3. Account Test I Class<br>4. Forest Test I Class<br>5. P. W. Test I Class<br>6. Tramway Test | Head Clerk, District Collector's Office Rs. 135—<br>125—150 |
| 22 | T. K. Variath, II Grade Teacher, High School, Perumbavoor | 1. B. A.(Math.) I Class<br>2. L. T. I Class I rank | III Grade Teacher Rs. 100<br>50—100 |
| 23 | K. K. Thomas, G. P. Tahsildar, Thodupuzha | 1. B. A.<br>2. Revenue Test<br>3. Higher Survey Test<br>4. Account Test | Head Clerk Rs. 100<br>80—100 |
| 24 | M. Bhaskara Menon, G. P. Tahsildar, N. Parur | 1. B. A. (I Class)<br>2. Account Test<br>3. Revenue Test<br>4. Forest Test I Class<br>5. P. Works<br>6. Excise Test I Class<br>7. Regn. Test | Probationary Assistant Income tax Inspector on Rs. 100—150 |

**List of applicants interviewed**—(*cont.*)

| Serial No. | Name | Qualifications | Permanent post and pay |
|---|---|---|---|
| 25 | P. Kandunny Menon, G. P. Tahsildar, Devicolam | 1. B. A.<br>2. Huzur Office Manual Test I Class<br>3. Civil Account Test<br>4. Account Test<br>5. Police Test | Clerk on Rs. 96<br>80—125 |
| 26 | S. L. Timothy, G. P. Tahsildar, Peermade | 1. B. A. I Class<br>2. Lower Departmental Test of the Accountant-General's Office | Clerk S. P. C. on Rs. 115<br>80—120 |
| 27 | Rama Varma Tampuran, Deputy Supervising Officer of Account, Office of the Deputy Commissioner of Civil Supplies, Ernakulam | 1. B. Com.<br>2. Experience of 4 years, as Auditor, Varma & Varma Registered Acctts. | Nil |
| 28 | T. P. Joseph, G. P. Tahsildar, Meenachil | 1. B. A.<br>2. Account Test | Clerk Rs. 120<br>100—125 |
| 29 | M. R. Ramachandran, G. P. Tahsildar, Karunagappally | 1. B. Sc.<br>2. Regn. Test | Sub Registrar Rs. 140<br>100—150 |
| 30 | M. K. Parameswaran Pillai, Inspector, Co-operative Societies, Karthigappally | M. A. II Class<br>B. L. II Class | Co-operative Inspector Rs. 150<br>100—150 |
| 31 | V. Vadivelmurugan Pillai, Inspector, Co-operative Societies, Changanacherry | B. A.<br>Studied up to B. L. | do. |

## List of applicants interviewed—(*cont.*)

| Serial No. | Name | Qualifications | Permanent post and pay |
|---|---|---|---|
| 32 | T. V. John, Inspector, Co-operative Societies, Kuthiathode | 1. B. A. | Co-operative Inspector Rs. 150 100—150 |
| 33 | A. Harihara Iyer, Dvl. Acctt. Dams Division, Madupatti | 1. B. A.<br>2. Account Test<br>3. P. W. D. Dvl. Test<br>4. Dvl. Acctt. Test | Clerk Rs. 100 80—100 |
| 34 | N. Ganapathy Ayyar, Sub Registrar, Thodupuzha | 1. B. A.<br>2. Regn. Test Higher | Sub Registrar Rs. 150 100—150 |
| 35 | K. Sankara Warrier, Labour Officer, Trichur | 1. B. A.<br>2. Civil Accounts Tests<br>3. Account Test<br>4. Education Test<br>5. Co-operation Test<br>6. Revenue Test<br>7. Anchal Rules | Manager, Office of the Labour Commissioner Rs. 145 125—150 |
| 36 | K. Madhavan Nayar, The Botanist, Adoor | 1. B. A.<br>2. M. Sc. (Benares)<br>3. M. S. (Cornell) | |
| 37 | N. P. Subramonia Ayyar, Municipal Commissioner, Shencottah | 1. B. A.<br>2. B. L. | |

# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

## FIRST SESSION—1952

**Friday,** *the 28th March 1952*

**Vol. V]** **OFFICIAL REPORT** **[No. 4**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock, on Friday, the 28th March 1952, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

ശ്രീ. ഒ. സി. നൈനാൻ: സർ, ചോദ്യോത്തരങ്ങൾക്ക് അനുവദിച്ചിട്ടുള്ള സമയംകൊണ്ട് കൂടുതൽ ചോദ്യങ്ങൾ ചോദിക്കാവുന്ന ഒരു ക്രമീകരണം ഉണ്ടാക്കിയാൽ കൊള്ളാമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

**Mr. Speaker:** On two prior occasions I brought to the notice of the hon. Members that they were taking too much time for supplementary questions. I may also add that no supplementary question arises from other extraneous sources than that arises from the answers given by the hon. Minister in charge. I hope hon. Members will bear this fact in mind while asking supplementaries.

ശ്രീ. രാജഗോപാലൻ നായർ: ഇവിടെ ഉത്തരം പറയാത്ത ചോദ്യങ്ങളുടെ ഉത്തരം മേശപ്പുറത്ത് വച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. അങ്ങനെ വച്ചിട്ടുള്ളതായി കാണുന്നില്ല.

**Mr. Speaker:** Only answers that are made available can be placed on the table. Some questions are not answered. When answers are not ready the Ministers will say so and for such questions answers will not be found on the table. Answers that are received are placed on the table.

ശ്രീ. അച്യുതമേനോൻ: തയ്യാറായിട്ടുള്ള ഉത്തരങ്ങൾ എല്ലാമെമ്പറന്മാർക്കും അച്ചടിച്ചു കൊടുക്കുന്നതിൽ എന്താണു വിരോധം?

**Mr. Speaker:** That is an old practice. This is the practice followed throughout India and in the Central Legislature.

ശ്രീ. അച്യുതമേനോൻ: കൊച്ചി അസംബ്ലിയിൽ അങ്ങനെ കൊടുത്തിട്ടുള്ളതായി അറിയാമോ?

**Mr. Speaker:** It is not practicable.

ശ്രീ. അച്യുതമേനോൻ: അതു കൂടുതൽ സൌകര്യപ്രദമായിരിക്കും.

## Oral Answers

(The number within brackets indicates the number in the list of admitted questions for the day.)

### നെല്ലെടുപ്പു്

* ൧൯. (൧) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ൧൯൫൧–൧൯൫൨-ൽ ഗവൺമെൻറിലേക്ക നെല്ലെടുപ്പു പദ്ധതി അനുസരിച്ചു എത്രനെല്ലു് സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ടു്;

(ബി) ഇതിൽ എത്ര തിരുവിതാംകൂർ വിഭാഗത്തിൽപെട്ട സ്ഥലങ്ങളിൽനിന്നു്; എത്ര കൊച്ചിവിഭാഗത്തിൽനിന്നു്;

(സി) തിരുവിതാംകൂർ വിഭാഗത്തിലും കൊച്ചി വിഭാഗത്തിലും വ്യത്യസ്ഥ പദ്ധതി അനുസരിച്ചാണോ നെല്ലെടുപ്പു നടത്തി വരുന്നതു്?

ധനകാര്യവും, ഭക്ഷ്യവും വകുപ്പും മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൫൧-ൽ ഫുഡ് ഡിപ്പാർട്ടുമെൻറിൽനിന്നും സംഭരിച്ചതു്, ൧,൨൩,൩൯,൧൭൩ പറ നെല്ലു്.

൧൯൫൨-ൽ മാർച്ച്മാസം ൧൫-ാനു വരെ അപ്രകാരം സംഭരിച്ച നെല്ലു് ൪൫,൭൫,൩൫൨ പറ.

(ബി) ൧൯൫൧-ൽ തിരുവിതാംകൂർ വിഭാഗത്തിൽനിന്നും സംഭരിച്ച നെല്ലു് ൧൦,൨൧,൦൧൫ പറ.

൧൯൫൧-ൽ കൊച്ചി വിഭാഗത്തുനിന്നും സംഭരിച്ച നെല്ലു് ൫൩,൧൭,൧൬൭ പറ.

൧൯൫൨-ൽ മാർച്ച് ൧൫-ാം നു-വരെ തിരുവിതാംകൂർ വിഭാഗത്തു നിന്നും സംഭരിച്ച നെല്ലു് ൨൧,൭൨,൪൭൧ പറ.

൧൯൫൨-ൽ മാർച്ച് ൧൫-ാം നു- വരെ കൊച്ചി വിഭാഗത്തുനിന്നും സംഭരിച്ച നെല്ലു് ൨൪,൦൨,൭൧൧ പറ.

(സി) അല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ലവി സമ്പ്രദായമനുസരിച്ചാണോ ഈ നെല്ലെടുപ്പു നടത്തുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. അച്യുതമേനോൻ : ഈ ലവി സമ്പ്രദായം നടപ്പാക്കുന്നതിനു മുമ്പു് എടുത്ത നെല്ലിൻെറ കണക്കും അതിനുശേഷമെടുത്ത നെല്ലിൻെറ കണക്കും വേർതിരിച്ചു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ജെ. തോമസ് : കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നു് എത്ര പറ നെല്ലു് എടുത്തിട്ടുണ്ടെന്നു പറയാമോ ?

**Mr. Speaker:** We are wandering away from the point. The answer that is given for the main question refers only to a particular period.

ശ്രീ. കെ. ജെ. തോമസ്: നിലം പാട്ടത്തിനു് എടുത്തു കൃഷി ചെയ്യുന്ന കൃഷിക്കാരിൽനിന്നു നെല്ലെടുക്കുന്നതിനു വ്യവസ്ഥയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ഡാ. എൻ. ശങ്കര പിള്ള: നെല്ലു് എടുക്കാൻപോകുമ്പോൾ വഴക്കുണ്ടാകുന്ന പതിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയമം അനുസരിച്ചാണു നെല്ലെടുക്കുന്നതു്. നമ്മുടെ നാട്ടിലെ ജനങ്ങൾ നിയമം അനുസരിക്കാൻ ശ്രദ്ധിക്കാറുണ്ടു്.

ശ്രീ. കൊച്ചുകുഞ്ഞു്: ൧൯൫൭-ൽ തിരുവിതാംകൂറിൽ ൭൧ ലക്ഷം പറ നെല്ലെടുത്തപ്പോൾ കൊച്ചിയിൽ ൭൪ ലക്ഷം പറ നെല്ലെടുത്തു എന്നു കാണുകയുണ്ടായി. ഇതിനുള്ളകാരണം തിരുവിതാംകൂറിൽ കൊച്ചിയേക്കാൾ നിലങ്ങൾ കുറവായതുകൊണ്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൭ മാർച്ച് ൧൫-ാംനു-വരെയുള്ള കണക്കാണു ഞാൻ പറഞ്ഞതു്. തിരുവിതാംകൂർ വിഭാഗത്തു് വിളവുകൾ ഈ തീയതിക്കുശേഷമാണു് പാകമാകുന്നതെന്നാണു ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. കെ. കുട്ടപ്പൻ: നെല്ലെടുപ്പു പദ്ധതിയിൽ നിന്നു് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആരേയും ഒഴിവാക്കിയിട്ടില്ല. എന്നാൽ ഗവമ്മെൻറു റൂൾ അനുസരിച്ചു് ആവശ്യമുള്ള നെല്ലു് ഇല്ലാത്ത ആളുകളെ ഒഴിവാക്കിയിട്ടുണ്ടു്.

ശ്രീ. കെ. കുട്ടപ്പൻ: വളരെയധികം നിലങ്ങളുള്ള അസംബ്ലി മെമ്പറന്മാരെ നെല്ലു് എടുക്കുന്നതിൽ നിന്നു് ഒഴിവാക്കിയിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: തിരുവിതാംകൂർ വിഭാഗത്തിലേയും കൊച്ചിവിഭാഗത്തിലേയും കൃഷി ഭൂമികളുടെ വിസ്തീർണ്ണം താരതമ്യപ്പെടുത്തി നോക്കുമ്പോൾ കൊച്ചിയിലുള്ള തോതനുസരിച്ചു് തിരുവിതാംകൂറിൽ നെല്ലെടുത്തിട്ടില്ലെന്നു കണക്കാക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് കണക്കു കൂട്ടിയല്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കൃഷ്ണൻ നായർ: ഇപ്പോഴത്തെ നെല്ലെടുപ്പു പദ്ധതി പല കൃഷിക്കാരേയും കരിഞ്ചന്തക്കു പ്രേരിപ്പിക്കുന്ന ഒരു പദ്ധതിയാണെന്നു ഗവമ്മെൻറിനു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവമ്മെൻറിനു് അങ്ങനെ തോന്നുന്നില്ല.

ശ്രീ. രാജഗോപാലൻ നായർ: ഇന്നത്തെ നെല്ലെടുപ്പു പദ്ധതി കൃഷിക്കാരുടെ എല്ലെടുപ്പു പദ്ധതിയായിട്ടാണു നടക്കുന്നതെന്നു് അറിയാമോ?

**Mr. Speaker:** The question is disallowed.

ശ്രീ. ഒ. സി. നൈനാൻ: ഇപ്പോൾ എടുക്കുന്ന നെല്ലുകൊണ്ടു് ഒരു യൂണിററുപോലും റേഷൻ കൂട്ടാൻ സാദ്ധ്യമല്ലെന്നിരിക്കെ ഈ നെല്ലെടുപ്പു നിറുത്തി നെല്ല് ഇവിടെതന്നെ കൈമാററം ചെയ്യുന്നതിൽ വിരോധമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നയം സംബന്ധിച്ച ഒരു പ്രശ്നമാണു്. അതിനു് ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. കുഞ്ഞിത്തൊമ്മൻ: നെല്ല് എടുപ്പിൽ കൃഷിക്കാരുടെയിടയിൽ ഉണ്ടായിട്ടുള്ള അതൃപ്തി പരിഹരിക്കുന്നതിനു് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ല് ഇന്നു് ആവശ്യത്തിൽ കുറവുള്ള ഒരു വിഭവമാണു്. അതു് എടുക്കുന്നതുകൊണ്ടു് കൃഷിക്കാർക്കു് സങ്കടമുണ്ടു്. ശരിയായി കൈകാര്യം ചെയ്യാൻ സാധിക്കാത്തതിലും അവർക്കു സങ്കടമുണ്ടു്. എന്നാൽ രാജ്യത്തെ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി അങ്ങനെ ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നിരിക്കുകയാണു്.

ശ്രീ ആർ. കേശവപിള്ള: നെല്ലുതരാത്തവരുടെ പേരിൽ വല്ല നടപടികളും നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൧൨൪ ലാണു് നെല്ലെടുപ്പു തുടങ്ങിയതെന്നാണു് എൻെറ ഓർമ്മ. അതിനുശേഷം എത്രയോ അവസരങ്ങളിൽ നടപടികൾ നടത്തിയിട്ടുണ്ടു്.

**Shri M. M. Abdul Khader:** Is the Minister aware that the yield determined by the statistical department is very much higher than that furnished by the Tahsildars and as such will the Hon'ble Minister be pleased to see that paddy is procured according to the statistics furnished by the statistical department?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ചോദ്യത്തിൻെറ പുറകിലുള്ള അസംപ്ഷൻ സ്വീകരിക്കാൻ ഇപ്പോൾ നിവൃത്തിയില്ല. പരിശോധിച്ചല്ലാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഗവൺമെൻറ് സംഭരിക്കുന്ന നെല്ലിൽ വലിയ ഒരു ഭാഗം പതിരാണെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെല്ലിൽ പതിരുണ്ടാകാറുണ്ടു്. അതുകൂടാതെ തരണമെന്നാണു റൂൾ. ചിലപ്പോൾ പതിരുകണ്ടേക്കാം.

ശ്രീ കുഞ്ഞൻ നാടാർ: പതിരു ചേർത്തു് നെല്ലെടുക്കുന്ന പ്രവൃത്തിക്കാരന്മാർ ആരാണെന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പതിരു് നെല്ലിൽ ചേർക്കുകയല്ല ചെയ്യുന്നതു്. ചിലപ്പോൾ കുറച്ചു പതിരും നെല്ലിൽ ഉണ്ടാകും.

## സോവിയററ് ഫിലിം ഡെലിഗേഷൻ

*൪൦. (൧) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) സോവിയററു ഫിലിം ഡെലിഗേഷൻ തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ച അവസരത്തിൽ അവരെ സന്ദർശിക്കാൻ ഇവിടത്തെ

സോവിയററ സുഹൃത്തുക്കളെ അനുവദിക്കയുണ്ടായില്ലെന്ന് പരാതി കിട്ടിയിട്ടുണ്ടോ ;

(ബി) ഈ പരാതി ശരിയാണെങ്കിൽ ഇങ്ങനെ അനുവദിക്കാതിരിക്കാൻ കാരണമെന്താണെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇവിടെയുള്ള സോവിയററ സുഹൃത്തുക്കൾ ആരെല്ലാമാണെന്ന് അറിഞ്ഞുകൂടാത്തതിനാൽ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പാർലമെൻറ് അംഗമായ ശ്രീ. വി. പി. നായർ ഡെലിഗേഷനെ കാണാൻ അനുവാദം നിഷേധിച്ചതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഡെലിഗേഷൻ പോയതിനുശേഷമാണ് അദ്ദേഹത്തിൻെറ അപേക്ഷ കിട്ടിയതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കോട്ടയത്തു പലക്കും ഡെലിഗേഷനെ കാണാൻ അനുവാദം നിഷേധിച്ചതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അവർ സോവിയററ സുഹൃത്തുക്കളാണോ എന്നു് അറിഞ്ഞുകൂടാ.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സോവിയററ സുഹൃത്തുക്കൾ ആരെല്ലാമാണെന്ന് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാൻ പാടില്ല.

ശ്രീ. ഒ. സി. നൈനാൻ: സോവിയററ സുഹൃത്തുക്കൾ സോവിയററ ചാരന്മാരാണെന്ന് അറിവു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ അറിവു കിട്ടിയിട്ടില്ല.

ശ്രീ. കെ. മാധവനുണ്ണിത്താൻ: ആരെയെങ്കിലും കാണണമെന്ന് ഡെലിഗേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ആവശ്യപ്പെട്ടിട്ടുള്ളതായി അറിവില്ല.

ശ്രീ. അച്ചുതമേനോൻ: ഡെലിഗേഷൻ ചെന്ന സ്ഥലത്തു ചെന്നു് ആവശ്യപ്പെട്ടിട്ടും സന്ദർശനത്തിനു് അനുവദിച്ചിട്ടില്ലെന്നുള്ള വിവരം ഗവമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പാർലമെൻറ് മെമ്പർ ശ്രീ. വി. പി. നായർ ഒരു അപേക്ഷ അയച്ചിട്ടുള്ളതായി അറിയാം. അതു് സോവിയററ ഡെലിഗേഷൻ സ്ഥലം വിട്ടതിനുശേഷമാണ് കിട്ടിയതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: സോവിയററ സുഹൃത്തുക്കൾ മാത്രമേ അവരെ സന്ദർശിക്കാവൂ എന്നു് ഗവർമ്മെൻറ് നിശ്ചയിച്ചതിൻെറ അർത്ഥമെന്താണ്.

ശ്രീ. എ. ജെ. ജോൺ: ഗവമ്മെൻറ് അങ്ങനെയൊന്നും നിശ്ചയിച്ചില്ല. ചോദ്യത്തിനുള്ള ഉത്തരം പറഞ്ഞു എന്നു മാത്രമേയുള്ളൂ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ആരൊക്കെയാണു് സോവിയററ സുഹൃത്തുക്കളെന്നും അല്ലാത്തവരെന്നും അറിയുന്നതിനു് വല്ല ഉരകല്ലുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു് ചോദ്യകർത്താവിനോടുതന്നെ ചോദിക്കേണ്ടിയിരിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ചോദ്യത്തിൽനിന്നും സന്ദർശനം അനുവദിക്കാത്തതു് സോവിയററ ഡെലിഗേഷനാണോ ഗവമെൻറാണോ എന്നു് വ്യക്തമാകുന്നില്ല.

ശ്രീ. എ. ജെ. ജോൺ: അതു വളരെ വ്യക്തമല്ലെങ്കിലും ഗവമെൻറ് അനുവദിച്ചില്ലെന്നാണു് അദ്ദേഹം ഉന്നയിച്ചിരിക്കുന്നതു്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ രാജ്യത്തു വല്ല സോവിയററ പ്രവർത്തനവും നടക്കുന്നുണ്ടോ എന്നു ഗവമെൻറിനു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറെയെല്ലാം നടക്കുന്നുണ്ടെന്നാണു് ഗവർമെൻറിന്റെ അറിവു്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: റഷ്യയിലെ സോവിയററ പ്രവർത്തനവും ഇവിടത്തെ സോവിയററ പ്രവർത്തനവുമായി ബന്ധപ്പെടുത്താൻ വല്ല പ്രവർത്തനവും നടക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: സൂക്ഷ്മമായി അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇവിടെ സോവിയററ പ്രവർത്തനം നടക്കുന്നുണ്ടെന്നു പറഞ്ഞതു് എന്താണെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: സൂക്ഷ്മമായി അറിവില്ല.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സോവിയററ ഡെലിഗേഷൻ ഇവിടം സന്ദർശിച്ചതു് അവരുടെ സുഹൃത്തുക്കളുമായി ബന്ധം പുലർത്താനാണെന്നു് ഗവമെൻറിനു് സംശയം തോന്നിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സോവിയററ ഡെലിഗേഷൻ ഇവിടെ പണം വിതരണം ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഗവമെൻറിനു് അറിവില്ല.

ശ്രീ. അവിരാതരകൻ: സോവിയററ ഡെലിഗേഷനെ മിനിസ്റ്റർ സന്ദർശിച്ചിട്ടുള്ളതു് വല്ല തകിടം മറിക്കലിനും വേണ്ടിയാണോ?

ശ്രീ. എ. ജെ. ജോൺ: ഞാൻ സന്ദർശിച്ചിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഇവിടെ വരുന്ന അതിഥികളെ കാണാനുള്ള പരിധി നിർണ്ണയിക്കുന്നതു് ആരാണു്?

ശ്രീ. എ. ജെ. ജോൺ: എതെങ്കിലും അതിഥികൾ വരുകയാണെങ്കിൽ അവരെ കാണുന്നതിനു ഗവമെൻറാണു് പ്രോഗ്രാം തയാറാക്കുന്നതു്. അവരെ കാണുന്നതിനു വല്ലവരും ആവശ്യപ്പെടുന്ന പക്ഷം അതിലേയ്ക്കു അനുസരിച്ചുള്ള പ്രോഗ്രാം തയാറാക്കും. അതിൽ പിന്നീടും ആവശ്യമെന്നു കണ്ടാൽ അതിനുവേണ്ടിയും പ്രോഗ്രാം തയാറാക്കുന്നതാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: സോവിയററ് ഡെലിഗേഷൻ കാണണമെന്നാവശ്യപ്പെട്ട ആളുകളെ കാണാൻ ഗവമെൻറ് അനുവദിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതേപ്പററി അന്വേഷിച്ചു പറയാം.

## കൊച്ചി ക്രിമിനൽ നിയമഭേദഗതി

*൮൧. (൩) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) കൊച്ചി ക്രിമിനൽ നിയമഭേദഗതിനിയമം നിലനില്ക്കുന്നതല്ലെന്നു (ultra vires) തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതിയിൽ നിന്നു ജോർജ്ജ് ചടയംമുറിയുടെ റിറ്റ് പെററീഷനിന്മേൽ വിധിയുണ്ടായിട്ടുള്ളതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ക്രിമിനൽ ഭേദഗതി നിയമമനുസരിച്ചു് ചാർജ്ജ് ചെയ്തിട്ടുള്ള കേസുകൾ ഇപ്പോഴും തുടർന്നു നടത്തുന്നതു് എന്തു അടിസ്ഥാനത്തിലാണെന്നു വ്യക്തമാക്കുമോ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വറുഗീസ്): (എ) ഉണ്ടു്.

(ബി) ഈ സംഗതിയെ സംബന്ധിച്ചു് സുപ്രീം കോടതിയിൽ കൊടുത്തിരിക്കുന്ന അപ്പീലിൻെറ തീരുമാനത്തിനുശേഷം അതേപ്പററി ആലോചിച്ചു വേണ്ട നടപടികൾ നടത്തുന്നതായിരിക്കും.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ. അവരുടെ കേസ്സിൽ കോടതിയുടെ വിധി പ്രതീക്ഷിച്ചുകൊണ്ടു് ഗവൺമെൻറ് വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: എടുത്തിട്ടില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: മദ്രാസിൽ ഒരു വി. ജി. റാവുവിൻെറ കേസ്സ് ഗവൺമെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: പത്രറിപ്പോർട്ടുകളിൽ നിന്നറിയാം.

## VILLAGE UNION ELECTION

***82.** [4] **Shri R. Gangadharan:** Will the Minister for Panchayats be pleased to state.—

(*a*) how many years have elapsed since the last Village Union election;

(*b*) what is the delay in conducting a new election; and

(*c*) whether the Government propose to conduct the same in the immediate future?

*Minister for Local Self Government* **(Shri K. Kochukuttan):** (*a*) Two years.

(*b*) All the Village Unions have been reconstituted as Panchayats under the new Act from 15th August 1951 and elections have to be conducted according to the provisions of the new Act. Division of Panchayats into wards is in progress and the preparation of the voters' list will be taken up as soon as the division of Panchayats into wards is over.

(*c*) In September or October 1952.

ശ്രീ. ആർ. ഗംഗാധരൻ: എത്ര തവണ പഞ്ചായത്തു എലക്‌ഷൻെറ കാലാവധി നീട്ടിവച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ. ഒന്നിലധികം തവണ നീട്ടിവച്ചിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: ജനറൽ എലക്‌ഷൻ നടന്നതോടുകൂടി തന്നെ പഞ്ചായത്തിലക്‌ഷനും നടത്താതിരുന്നതെന്തുകൊണ്ടാണെന്നു പറ-

യാമോ? അങ്ങിനെ നടത്താതിരിക്കാൻ പ്രത്യേക കാരണം വല്ലതും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വോട്ടേഴ്സ് ലിസ്റ്റ് പൂർത്തിയാകാതിരുന്നതുകൊണ്ടും വാർഡ് വിഭജനം നടക്കാത്തതുകൊണ്ടും അന്നു നടത്താൻ സൗകര്യപ്പെട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: വോട്ടേഴ്സ് ലിസ്റ്റ് തയാറാക്കുക എന്നു പറഞ്ഞാൽ പ്രായപൂർത്തിയായ ആളുകളുടെ ലിസ്റ്റ് തയാറാക്കുകയെന്നുള്ളതല്ലേ അർത്ഥമാക്കേണ്ടതു്? മററുവല്ല തടസ്സങ്ങളും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേ; ഇല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ വോട്ടേഴ്സ് ലിസ്റ്റിൽ പേരില്ലാത്തവരുടെ പേരുകൾ ചേർക്കാൻ ദയവുണ്ടാകുമോ?

**Mr. Speaker**: That is how we are going astray. This question relates to Village Union elections. I am pointing out an instance where we are going astray from the main point.

ശ്രീ. ആർ. ഗംഗാധരൻ: ഇലക്ഷൻ നടത്തിയാൽ കോൺഗ്രസ്സിനു പരാജയം സിദ്ധിക്കുമെന്നു വിചാരിച്ചല്ലേ പഞ്ചായത്തു ഇലക്ഷൻ ഇങ്ങിനെ നീട്ടിക്കൊണ്ടുപോകുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരിക്കലുമല്ല.

ശ്രീ. രാജഗോപാലൻ നായർ: ഈ പഞ്ചായത്തു തെരഞ്ഞെടുപ്പും പൊതുതെരഞ്ഞെടുപ്പിന്റെ സമ്പ്രദായമനുസരിച്ചാണോ നടത്തുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങിനെതന്നെയായിരിക്കും നടത്തുന്നതു്.

**LAND**

***83.** [6] **Shri R. Gangadharan:** Will the Minister for Land Revenue be pleased to state.—

(*a*) what is the total number of persons in this State who own no bit of land; and

(*b*) have the Government any scheme to provide them with land so that they may be able to build houses for them?

*Minister for Local Self Government* **(Shri K. Kochukuttan):** (*a*) 46,095 families.

(*b*) Yes.

ശ്രീ. ആർ. ഗംഗാധരൻ: ഈ സ്കീമുകൾ എന്തെല്ലാമാണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഹൗസിംഗ് സ്കീം, സെററിൽമെൻറ് സ്കീം, കോളനൈസേഷൻ സ്കീം, ഇങ്ങനെ മൂന്നു സ്കീമുകളാണു് വീടില്ലാത്തവർക്കു് വീടുണ്ടാക്കുന്നതിലേക്കു ഗവമെൻറിന്റെ മുമ്പിലുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ സ്കീമുകൾ എല്ലാം എത്രകൊല്ലം കൊണ്ടു് പൂർത്തിയാകും?

ശ്രീ. കെ. കൊച്ചുകുട്ടൻ: എത്രകൊല്ലം കൊണ്ടു് പൂർത്തിയാകുമെന്നു് ഇപ്പോൾ ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല. കഴിയുന്നതും വേഗം പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണു്.

ശ്രീ. ആർ. ഗംഗാധരൻ: ഇങ്ങിനെ വീടില്ലാത്തവരെ ഗവൺമെന്റ് ഭൂമികളിൽനിന്നും ഇറക്കിവിടുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഒബ്ജക്ഷണബിളായി പെരുമാറുന്നവരല്ലെങ്കിൽ അവരെ ഇറക്കിവിട്ടിട്ടില്ല.

ശ്രീ. കെ. ജെ. തോമസ്സ്: ലാൻഡ്‌ലെസ് അസോസിയേഷൻ എന്ന പേരിൽ ഏതെങ്കിലും സംഘടനകൾക്ക ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനു നോട്ടീസു വേണം.

**Mr. Speaker:** The question is in regard to the construction of houses. The member is putting a question in regard to the assignment of lands.

*ஸ்ரீ. ஏ. ஸாம்ராஜ்: தோவாளை அகஸ்தீஸ்வரம் தாலூகாவில் ஷெடியூல் வகுப்பில் உட்பட்டவர்களுக்கு வீடு கட்ட போன்விலே கொடுத்து பூமிகள் எடுத்தும் இன்னும் ஏன் வீடு கட்ட சர்க்கார் அனுவாதம் கொடுக்கவில்லை.*

ശ്രീ. കെ. കൊച്ചുകുട്ടൻ. ഒന്നു രണ്ടു സ്ഥലത്ത് അതു സംബന്ധിച്ച് ഗവൺമെന്റ് സ്റ്റേ ഓർഡർ കൊടുത്തിട്ടുണ്ട്. അതു സംബന്ധിച്ചു തീരുമാനം വരുന്നതുവരെ ഗവൺമെന്റിനു ഒന്നും ചെയ്യാൻ നിവൃത്തിയില്ല.

*ஸ்ரீ. ஏ. ஸாம்ராஜ்: ஷெடியூல் வகுப்பில் வீடில்லாதவர்களுக்கு வீடுகட்டிக் கொடுக்க அனுவாதம் கொடுக்கப்படாத காரணம், கிருஸ்தவர்கள், ஹிந்துக்கள் என்ற மதபேத காரணத்தினலா?*

ശ്രീ. കെ. കൊച്ചുകുട്ടൻ. അങ്ങിനെ യാതൊന്നുമില്ല.

**Shri M. William:** How much land will be given to each member?

ശ്രീ. കെ. കൊച്ചുകുട്ടൻ: സെറ്റിൽമെന്റ് സ്കീം അനുസരിച്ച് അഞ്ചു മുതൽ പത്തു സെന്റ് സ്ഥലംവരെ കൊടുക്കും. കോളനൈസേഷൻ സ്കീം അനുസരിച്ച് അഞ്ചു മുതൽ പത്തുവരെ ഏക്കർ സ്ഥലമാണ് കൊടുക്കുന്നതു്. ഹൗസിംഗ് സ്കീം അനുസരിച്ച് പുറംപോക്കു സ്ഥലങ്ങളിൽനിന്നും വലിയ ധനാഢ്യന്മാർ ദാനമായി തരുന്ന സ്ഥലങ്ങളിൽനിന്നും വിഭജിച്ചു അതിനും പുറമെ അക്വിസിഷൻ ചെയ്തും വീട് വെക്കാൻ ആവശ്യമായ സ്ഥലം കൊടുക്കും.

ഡാക്ടർ എൻ. ശങ്കരപിള്ള: അപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം സ്ഥലം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എല്ലാവർക്കും കൊടുത്തിട്ടില്ല.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: ചേർത്തല താലൂക്കിലും ഈ സ്കീം നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഗവൺമെന്റ് വനങ്ങളിൽ താമസക്കാരായവരെ ഈ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ. അവരേയും ഇതിൽനിന്നും ഒഴിവാക്കണമെന്നു കരുതിട്ടില്ല.

**Shri. A. A. D. Luiz:** Are the Government aware that lands are not given to people of the Anglo-Indian community?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരുടെ കാര്യവും ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവർക്ക് കുന്നത്തുനാട് താലൂക്കിൽ വെങ്ങോല എന്നിടത്ത് സ്ഥലം കൊടുക്കുന്നതിനു ആലോചിച്ചുവരുന്നുണ്ട്.

ശ്രീ. കെ. ജെ. തോമസ്: ഇനിയും വീടുവയ്ക്കാൻ സ്ഥലമില്ലാത്ത അനവധി കുടുംബങ്ങളും ഉണ്ട് എന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവൺമെൻറിനു അറിവില്ല.

## DISTILLERY AT NAGERCOIL

*84. [7] **Shri Kunjan Nadar:** Will the Minfster for Industries be pleased to state.—

(*a*) whether the Distillery at Nagercoil has been removed from there;

(*b*) if so to which place and why;

(*c*) whether palmyra jaggery is one of the chief raw materials necessary for distillery purposes; and

(*d*) if so, is it produced at its present locality?

*Minister for Finance & Civil Supplies* (**Shri Panampilli Govinda Menon**): (*a*) & (*b*) The Distillery at Nagercoil has been shifted to Pamba because the raw material for the production of spirit, *viz.* molasees is available there as a bye-product from the sugar industry there. The distillery is working there more efficiently and economically than at Nagercoil.

(*c*) Palmyra jaggery can be used as raw material for spirit. But it is very expensive for this purpose. The modern distillery uses only molasses for the production of spirit,

(*d*) This question does not arise in view to the answer to (*c*).

ശ്രീ. കുഞ്ഞൻ നാടാർ: നാഗർകോവിൽ തക്കല എന്ന സ്ഥലത്ത് ഒരു ഡിസ്റ്റിലറിയുള്ളതായി ഗവൺമെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവുണ്ട്.

ശ്രീ. കുഞ്ഞൻ നാടാർ: ഗവൺമെൻറ് വിചാരിച്ചിരുന്നെങ്കിൽ അവിടെനിന്നും ഡിസ്റ്റിലറി മാററുമായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഗവൺമെൻറിന്റെ കാര്യമല്ല. ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസാണ് ആ ഡിസ്റ്റിലറി നടത്തിക്കൊണ്ടിരുന്നത്. അവർ അതു് പമ്പയുടെ തീരത്ത് സ്ഥാപിക്കുകയാണ് സൌകര്യമെന്നു പറഞ്ഞു. അവിടെ ശർക്കര ധാരാളമായി ലഭിക്കുമെന്നും അവർ പറഞ്ഞു.

ശ്രീ. ഒ. സി. നൈനാൻ: പമ്പയുടെ തീരത്ത് സ്ഥാപിച്ചിരിക്കുന്നതു് ഷുഗേഴ്സ് ആൻറ് കെമിക്കൽസിന്റെ വകയാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. ടി. എസ്സ്. രാമസ്വാമിപിള്ള: തക്കലയുള്ള ഷുഗർ ഫാക്ടറിയും മണവാളക്കുറിച്ചിയിലുള്ള ഫാക്ടറിയും അടച്ചിരുന്നതാണോ ഈ ഗവൺമെൻറിന്റെ ഇൻഡസ്ട്രിയലൈസേഷൻ പാളിസിയുടെ ഉദാഹരണം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടച്ചുപൂട്ടിയിട്ടിരിക്കുന്നതു് ഇൻഡസ്ട്രിയലൈസേഷൻ പോളിസിയല്ല. എന്നാൽ അതിനും ശ്രമം വേണം.

ஸ்ரீ. ஸி. சங்கர்: அநேக வருஷமாக நாகர்கோவில் டிஸ்டிலரியில் பக்கம் தாமதித்து வருகிற இருபத்திஒன்று குடும்பங்களை பாரி கம்பேனி வெளியில் இறக்கினது கவர்மென்றுக்குத் தெரியுமா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കതറിവില്ല.

ശ്രീ. കൃഷ്ണൻ നായർ: ഈ ഡിസ്റ്റിലറി അടച്ചിരിക്കുന്നതുകൊണ്ടു് കരുപ്പട്ടിയുടെ വില കുറഞ്ഞുപോകാൻ ഇടയാക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഒരഭിപ്രായമാണു്. അതിലൊന്നും വളരെ വൈവിധ്യമില്ല.

**Shri T. S. Ramaswami Pillai.** May I kuow whether the Government is aware of the fact that so many of the employees of the distillery at Nagercoil are going to be transferred or evicted from their old lands?

**Shri Panampilli Govinda Menon.** I want notice.

ശ്രീ. എം. എം. അബ്ദുൾഖാദർ: ഇങ്ങിനെ ഡിസ്റ്റിലറി നടത്താൻ അനുവാദം നൽകുന്നതു് ഗവർമ്മെന്റിന്റെ പ്രോഹിബിഷൻ നയത്തിനു വിരുദ്ധമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഈ സ്റ്റേറ്റിന്റെ എല്ലാ ഭാഗത്തും വിജയിച്ചെങ്കിലല്ലാതെ ഗവർമ്മെന്റിന്റെ പോളസിക്കു വിരുദ്ധമാകയില്ല.

## ശുദ്ധജലം കിട്ടാത്ത സ്ഥലങ്ങൾ

*൮൪. എ. (൮) ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ശുദ്ധജലം കിട്ടാത്ത സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കുന്നതിനു് ഗവർമ്മെന്റിനു ഒരു പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എത്ര സ്ഥലങ്ങളിലെല്ലാം പ്രയോഗിച്ചിട്ടുണ്ടു്;

(സി) എത്ര രൂപാ ചെലവായി;

(ഡി) എവിടെയെല്ലാം ഫലിച്ചിട്ടുണ്ടു്;

(ഇ) ശുദ്ധജലം കിട്ടുന്നതിനുള്ള പദ്ധതികൾ തുടരുന്നതിനു് ഗവർമ്മെന്റു് ആലോചിക്കുന്നുണ്ടോ;

(എഫ്) കായിക്കര, അഞ്ചുതെങ്ങു്, പുളുന്തുരുത്തി, പെരുമാതുറ എന്നീ സ്ഥലങ്ങളിൽ ശുദ്ധജലം ലഭിക്കുന്നില്ലെന്നുള്ള വസ്തുത ശരിയാണോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) ഉണ്ടു്.

(ബി) ആലുംകടവു്, കായിക്കര, മഹാദേവികാട്ടു് ഈ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിച്ചിട്ടുണ്ടു്. മഹാദേവികാട്ടു് പൂർത്തിയായി വരുന്നതേയുള്ളു.

(സി) മേല്പറഞ്ഞ മൂന്നു കുഴൽ കിണറുകൾക്കു മൊത്തം ൧൭,൦൨൧ രൂപാ ചെലവായിട്ടുണ്ടു്,

(ഡി) കായിക്കര, ആലുംകടവു് ഈ സ്ഥലങ്ങളിൽ വിജയപ്രദമായിട്ടുണ്ടു്. മഹാദേവികാട്ട പണി തീരുന്നതേയുള്ളൂ.

(ഇ) ഉണ്ടു്.

(എഫ്) ശരിയാണ്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഈ പദ്ധതി തുടരണമെന്നു ഗവർമെൻറ് പറയുന്നു. പക്ഷെ എല്ലാ സ്ഥലത്തും അതു വിജയപ്രദമാകുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വിജയപ്രദമാകുമെന്നാണു് ഗവമെണ്ടിന്റെ പ്രതീക്ഷ.

ശ്രീ. ആർ. ഗംഗാധരൻ: കായിക്കര, അഞ്ചുതെങ്ങ് മുതലായ സ്ഥലങ്ങളിൽ ശുദ്ധജലം കിട്ടുന്നില്ലെന്നുള്ളതറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. ആർ. ഗംഗാധരൻ: അതിലേയ്ക്കു് വല്ല നടപടികളും ഗവമെൻറ് നടത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഗവമെൻറ് ഓരോ സ്ഥലമായി നോക്കി ശുദ്ധജലം കിട്ടുന്നതിനുവേണ്ടി ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. ഗംഗാധരൻ: കായിക്കര പ്രദേശത്തു കുഴൽ കിണർ കുഴിപ്പിച്ചു് ശുദ്ധജലം ജനങ്ങൾ ഉപയോഗിക്കുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. ആർ. ഗംഗാധരൻ: അതിന്റെ ഫലമെന്താണെന്നു് പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അന്വേഷിച്ചു പറയാം.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഈ ബഡ്ജററിൽ കുഴൽ കിണറുകൾ കുഴിപ്പിക്കാൻ ഒരു രൂപാപോലും കൊള്ളിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് അടുത്ത ബഡ്ജററ് വരുമ്പോഴേയ്ക്കും ചേർത്തുകൊള്ളാം

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: കുഴൽ കിണറുകൾ നേരത്തെ സ്ഥാപിച്ച സ്ഥലങ്ങളിലുള്ള ആളുകൾക്ക പ്രമേഹരോഗം പിടിപെട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അറിവില്ല.

ശ്രീ. ഇ. പി. വറുഗീസ്: ചില കുഴൽക്കിണറുകളിൽനിന്നു ശുദ്ധജലം കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേപ്പററി അന്വേഷിക്കാം.

ശ്രീ. കെ. കുട്ടപ്പൻ: കുഴൽക്കിണറുകൾവഴി കിട്ടുന്ന വെള്ളം ടാങ്കുകൾ കെട്ടി സൂക്ഷിക്കുവാൻ ഗവമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ആർ. സുഗതൻ: മൺട്രോതുരുത്തിൽ ശുദ്ധജലം ലഭിക്കുന്നില്ലെന്നു പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ:— അങ്ങനെ പരാതിയുള്ളതായി കാണുന്നില്ല. പരാതിയുണ്ടെങ്കിൽ അതേപ്പററി അന്വേഷിക്കാം

ശ്രീ. ടി. എസ്സ്. രാമസ്വാമി പിള്ള: കന്യാകുമാരിയിൽ ശുദ്ധജലം കിട്ടുന്നില്ലെന്നു പരാതി ഉണ്ടായിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയൊരു പരാതി വന്നിട്ടുണ്ട്.

## സംസ്ഥാനത്തെ ടി. ബി.-കൾ

*വൃ൭ (ൻ) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സംസ്ഥാനാതിഥി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) സംസ്ഥാനത്തെ ടി. ബി. കളിൽനിന്നും ൧൯൫൦-ൽ ആകെ എന്തു വരുമാനം ഉണ്ടായിരുന്നു;

(ബി) ഇവയുടെ നടത്തിപ്പിനു ഗവമ്മെൻറിനു എന്തു ചെലവു വന്നിട്ടുണ്ട്;

(സി) ഇപ്പോൾ ഈ ടി. ബി. കളിൽനിന്നും ആകെ ഗവമ്മെൻറിനു എന്തു വരവ് ആണ്ടിനാൽ ലഭിക്കുന്നതാണ്;

(ഡി) ഇപ്പോൾ ഇവയുടെ നടത്തിപ്പിനു ഗവമ്മെൻറിനു വല്ല ചെലവുമുണ്ടോ?

പൊതുമരാമത്തുമന്ത്രി (ശ്രീ കളത്തിൽ വേലായുധൻ നായർ):

(എ) സംസ്ഥാനത്തെ ടി. ബി. കളിൽനിന്നും ൧൯൫൦-൫൧-ലെ ആകെ വരുമാനം ൨൩,൧൯൧ രൂപയാണ്.

(ബി) ൧൯൫൦-൫൧-ലെ ചെലവ് ൫൬,൪൭൨ രൂപയാണ്.

(സി) എറണാകുളം ഡിവിഷനൊഴികെ മററുള്ള ടി. ബി. കളിൽനിന്നും ൧൯൫൧-൫൨-ൽ ഗവമ്മെൻറിനു ലഭിച്ചിട്ടുള്ള ഉദ്ദേശവരവ് ൧൭, ൭൨൫ രൂപയാണ്.

(ഡി) ട്രാവലിംഗ് ബ്യൂറോയെ ഏല്പിച്ചിട്ടുള്ളതൊഴികെയുള്ള ടി. ബി. കളെ സംബന്ധിച്ചിടത്തോളം കെട്ടിടസംരക്ഷണം ജോലിക്കാരുടെ ചെലവു എന്നിവയ്ക്കുവേണ്ടി ഗവമ്മെൻറ ചെലവുചെയ്യുന്നുണ്ട്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ട്രാവലിംഗ് ബ്യൂറോ നടത്തുന്ന ടി. ബി. കളിൽ താമസിക്കുന്നവരിൽനിന്നും ഏതെങ്കിലും പരാതി ഗവമ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഈ ടി. ബി. കൾ ട്രാവലിംഗ് ബ്യൂറോയ്ക്കു വിട്ടുകൊടുത്തതുകൊണ്ട് ഗവമ്മെൻറിനു എന്തെങ്കിലും ലാഭം ലഭിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ലാഭമുള്ളതുകൊണ്ടു വിട്ടുകൊടുത്തു എന്നാണു റിക്കാർഡുകൊണ്ടു കാണുന്നതു്.

ശ്രീ. എം. എം. അബ്ദുൽഖാദർ: യഥാർത്ഥത്തിൽ ലാഭം ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: യഥാർത്ഥത്തിൽ ലാഭം ഉണ്ടോ ഇല്ലയോ എന്നു ഒരു വർഷത്തെ കണക്കു കൂട്ടിനോക്കിയതിനുശേഷമെ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. ഇ. സി. നൈനാൻ: ഈ ടി. ബി. കളിൽ താമസിക്കുന്നവക്ക് ആവശ്യംപോലെ മദ്യം കൊടുക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: തിരുവനന്തപുരത്തെ കാര്യമാണ ചോദിക്കുന്നതെങ്കിൽ, മസ്കാട്ട്ഹോട്ടലിൽ പെർമിററുള്ളവക്ക മദ്യം കൊടുക്കുന്നതിന വ്യവസ്ഥയുണ്ട്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ആലുവായിലെ ഫസ്ററക്ലാസ്സ ടി. ബി. ട്രാവലിംഗ് ബ്യൂറോയ്ക്കു വിട്ടുകൊടുക്കുന്നതിന തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആലുവായിൽ ആററിനടുത്തുള്ള ടി. ബി. വിട്ടുകൊടുക്കുന്നതിന ആലോചിച്ചുവരുന്നു.

**Shri P. S. Nataraja Pillai:** Sir, may I know whether a general permission has been granted to these agents to sell liquor in all the institutions run by them?

**Shri Kalathil Velayudhan Nayar:** What I understand is they are given permission to sell liquor to those who hold a license to drink.

**Shri P. S. Nataraja Pillai:** Is it a rule then that foreign travellers who possess a passport are entitled to get drinks from these agents?

**Shri Kalathil Velayudhan Nayar:** My information is such persons are not entitled to get liquor if they do not hold any license.

**Shri P. S. Nataraja Pillai:** Is it necessary then that the tourist agents should have the right of vending liquor in all the institutions run by them?

**Shri Kalathil Velayudhan Nayar:** It appears that a right has been given to the agents to sell liquor to the licensees. Now I cannot say whether that is the policy of Government.

**Shri P. S. Nataraja Pillai:** Is it not a fact that the rest houses maintained by Government have become practically useless for people who do not drink?

**Shri Kalathil Velayudhan Nayar:** I am sorry I cannot subscribe to that point of view.

**Shri P. S. Nataraja Pillai:** Is it not a fact that it has become impossible for those who cannot drink to live in such hotels?

**Shri Kalathil Velayudhan Nayar:** Government are not aware of that.

**Shri P. S. Nataraja Pillai:** Then may I know whether the hon. Minister has known of the incident that occurred at the Cape Hotel recently?

**Shri Kalathil Velayudhan Nayar:** I am not aware of the incident referred to by the hon. Member Mr. Nataraja Pillai.

ശ്രീ. ആർ. കേശവപിള്ള: ടി. ബി. യിൽ താമസിക്കാത്തവരാരാണെങ്കിലും ലൈസൻസു ലഭിച്ചിട്ടുണ്ടെങ്കിൽ അവക്ക് കുടിക്കരുതേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുടിക്കാം.

ശ്രീ. എം. എം. അബ്ദുൽഖാദർ: ട്രാവലിംഗ് ബ്യൂറോയുടെ ഡയറക്ടർമാരിൽ ചിലർ മുൻമന്ത്രിമാരായിരുന്നുവെന്നും, അതുകൊണ്ടാണ ടി ബി. കഠം അവക്ക വിട്ടുകൊടുക്കാനിടയായതെന്നും അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതൊരഭിപ്രായമാണ്.

ശ്രീ. ടി. എ. മജീദ്: ഇവിടെ മദ്യവില്പന അനുവദിച്ചിട്ടുള്ളതു ഡോളർ നേടാനാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അല്ല, കുടിക്കാനാണ്.

ശ്രീ. ടി. എ. മജീദ്: ഇവിടെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞ മറുപടിയിൽ, ഇവിടെ മദ്യവില്പന നടത്തുന്നതു ഡാളർ നേടാൻ വേണ്ടിയാണെന്നു പറയുകയുണ്ടായി. അതു ശരിയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എനിക്കു അതേപ്പററി നിശ്ചയമില്ല.

ശ്രീ. ആർ. കേശവപിള്ള: ചിലക്ക് ആരോഗ്യസംരക്ഷണത്തിനു വേണ്ടി മദ്യം കുടിക്കുവാനുള്ള ലൈസൻസു കൊടുത്തിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനുവേണ്ടിയാണു ലൈസൻസു സാധാരണയായി കൊടുക്കുന്നതു്.

ശ്രീ. കുഞ്ഞൻ നാടാർ: കേപ്ഹോട്ടലിൽ ലൈസൻസു കൊടുത്തിട്ടുള്ള ആളുകറം അതു അസാന്മാർഗ്ഗികമായ കാര്യങ്ങറംക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതായി ഗവമെൻറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അറിവില്ല.

ശ്രീ. ടി. എസ്. രാമസ്വാമിപിള്ള: ട്രാവലിംഗ് ബ്യൂറോയിലുള്ള ജോലിക്കാരുടെ നില വളരെ മോശമാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല.

## എഡ്സബ്ബ്സിഡി

* ൨൩. (൧൦) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

എഡ്സബ്ബ്സിഡി ഇനത്തിൽ കേന്ദ്രഗവമെൻറ ൧൯൫൧ ജനുവരി ൧-ാം തീയതിമുതൽ ൧൯൫൧ ഡിസംബർ ൩൧-ാം തീയതിവരെ എന്തുസംഖ്യ ഈ സംസ്ഥാനത്തേക്കു നൽകിയിട്ടുണ്ട്?

ധനകാര്യവും ഭക്ഷ്യവുംവകുപ്പും മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): എഡ് സബ്സിഡിയിനത്തിൽ ൧൯൫൧ ജനുവരി ൧-ാംനുമുതൽ ൧൯൫൧ ഡിസംബർ വരെ ൧൦൫.൫ ലക്ഷം രൂപാ തന്നിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഈ ഗവമെൻറും കേന്ദ്രഗവമെൻറും തമ്മിലുണ്ടായിട്ടുള്ള വ്യവസ്ഥയനുസരിച്ച് ഇപ്പറഞ്ഞതുക മുഴുവൻ സംഖ്യയും ആകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൧-ാമാണ്ടത്തേക്ക് ഒന്നരകോടി രൂപാ സബ്സിഡിയിനത്തിൽ തരാമെന്നാണ് ഇൻഡ്യാ ഗവമെൻറ തീരുമാനിച്ചിരുന്നതു്. എന്നാൽ ഗവമെൻറ നടത്തിയ നിവേദനത്തിൻെറ ഫലമായിട്ടു ആ തുക കുറെക്കൂടി വർദ്ധിപ്പിച്ചു.

ശ്രീ. ഒ. സി. നൈനാൻ: കേന്ദ്രഗവമെൻറ ചെയ്തിട്ടുള്ള വ്യവസ്ഥയനുസരിച്ചു മുഴുവൻതുകയും തന്നിട്ടുണ്ടോ എന്നാണു ഞാൻ ചോദിച്ചതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇക്കൊല്ലത്തേക്കു തരാൻ വ്യവസ്ഥയുള്ളതു ഒന്നരക്കോടി രൂപയാണ്. ഇപ്പോറം അതിലും കൂടുതൽ തുക തന്നുകഴിഞ്ഞു.

ശ്രീ. ഒ. സി. നൈനാൻ: കൂടുതൽ കൃപാ തരാമെന്നുകൂടി വ്യവസ്ഥയുണ്ടായിരുന്നില്ലേ? *

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്റെ ഓർമ്മയിൽനിന്നു പറയുകയാണു്; പ്രാവിൻസുകളിൽ ഒരുകാലത്തു് ഫുഡ് deficitന്റെ എഴുപത്തഞ്ചു ശതമാനം സബ്സിഡി കൊടുത്തിരുന്നു. അക്കാലത്തു നാട്ടുരാജ്യങ്ങളിൽ ഒന്നുംതന്നെ കൊടുത്തിരുന്നില്ല. പിന്നീടു നാട്ടുരാജ്യങ്ങളിലെ ഡഫിസിററിന്റെ അൻപതുശതമാനം സബ്സിഡി കൊടുത്തു. അങ്ങനെ അൻപതു ശതമാനം സബ്സിഡി കൊടുത്തിരുന്ന സന്ദർഭത്തിൽ, ആ അവസരത്തിൽ പ്രാവിൻസുകളിൽ കൊടുത്തപോലെ സ്റ്റേറ്റുകൾക്കും സബ്സിഡി കൊടുക്കും എന്ന ഒരു ധാരണ ഉണ്ടായിരുന്നു. അതനുസരിച്ചാണു ഇപ്പോൾ കൂടുതൽതുക ഇൻഡ്യാഗവമ്മെന്റു തരുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: ഇതുസംബന്ധിച്ചു ഇൻഡ്യാഗവമ്മെന്റും ഈ ഗവമ്മെന്റുംതമ്മിൽ ഒരു എഗ്രിമെന്റുണ്ടായിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരുന്നു.

ശ്രീ. ഒ. സി. നൈനാൻ: അതിന്റെ ഒരു കോപ്പി സഭമുമ്പാകെ വയ്ക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനു മുൻപൊരു സന്ദർഭത്തിൽ ഈ സഭയുടെ മേശപ്പുറത്തു അതു വച്ചിരുന്നതാണു്. ഇപ്പോൾ ആ രേഖ ലൈബ്രറിയിൽ പോയാൽ കാണാവുന്നതാണു്.

## പാക്കു്

*വ ൧. (൧൧) ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

എറണാകുളത്തെ ഷൺമുഖം റോഡ് നിർമ്മിച്ച കാലത്തു പൊതുജനങ്ങളിൽ നിന്നുണ്ടായ നിവേദനത്തെ തുടന്നു്, പട്ടണത്തിന്റെ വടക്കുഭാഗത്തുള്ളവക്കുവേണ്ടി കായലോരത്തു് ഒരു പാക്കു് നിർമ്മിക്കാമെന്നു് അന്നത്തെ ഗവമ്മെന്റു ഉറപ്പു നൽകിയിരുന്നവസ്തുത ഗവമ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): ഇല്ല.

ശ്രീ. ഏ. എൽ. ജേക്കബ്ബ്: ഹൈക്കോടതിയുടെ തെക്കുവശത്തു കെട്ടിടങ്ങൾ പണിയിക്കുന്നതു ഗവമ്മെന്റു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ സ്ഥലത്തു് ഒരു ടെംപററി ഷെഡ്ഡുണ്ടായിരുന്നു. അടുത്തകാലത്തു അതു കത്തിപ്പോയി. ഉറപ്പുള്ള ബേസ്മെന്റായിരുന്നതുകൊണ്ടു് അവിടെ ഇപ്പോൾ കെട്ടിടങ്ങൾ കെട്ടിവരികയാണു്. പോലീസുകാരുടെ താമസസൗകര്യത്തിനുവേണ്ടിയാണു കെട്ടുന്നതു്.

ശ്രീ. ഏ. എൽ. ജേക്കബ്ബ്: കെട്ടിടംപണി നിറുത്തിവയ്ക്കണമെന്നു കാണിച്ചു് എറണാകുളത്തെ പൊതുജനങ്ങളിൽനിന്നും ഗവമ്മെന്റിനു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ. ഉണ്ടു്.

ശ്രീ. ഏ. എൽ. ജേക്കബ്ബ്: അതിന്മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കെട്ടിടംപണി ഏതാണ്ട പകുതിയോളം ആയതുകൊണ്ട തൽക്കാലം മറെറാരു നടപടി എടുക്കണമെന്നു ഗവമെൻറ കരുതുന്നില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: അവിടെ രണ്ടുസ്ഥലത്തായി രണ്ട കെട്ടിടങ്ങളല്ലേ ഉണ്ടായിരുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതെ.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഒന്നു പാക്കായി ഉപയോഗിച്ചിരുന്നതും, മററതു കത്തീഡ്രലായതുമല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എന്നു തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഷണ്മുഖംറോഡു നിമ്മിച്ചതു എന്നാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു മറെറാരുചോദ്യമായി ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ റോഡിനു ഷണ്മുഖംറോഡു എന്നപേരുണ്ടാകാൻ കാരണമെന്താണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു ശ്രീ. ഷണ്മുഖംചെട്ടിയുടെ കാലത്തു ഉണ്ടാക്കിയതുകൊണ്ടായിരിക്കാം.

കയർ ഉല്പന്നങ്ങൾക്കുള്ള നികുതി

*പ്ര. (൧൩) ശ്രീ. അവിരാത്തരകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വില്പന നികുതി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കയർ ഉല്പന്നങ്ങൾക്ക് എത്ര പോയിൻറുകളിൽ ഗവമെൻറ് വില്പന നികുതി ഈടാക്കുന്നുണ്ട്;

(ബി) കയറിൻെറ വില്പനനികുതി സംബന്ധിച്ചു എന്തെങ്കിലും പരാതി ഗവമെൻറിനു ലഭിച്ചിട്ടുണ്ടോ?

ധനകായ്യവും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) കയർ, കയററപായ്, തടുക്ക് മുതലായ കയർ ഉല്പന്നങ്ങൾക്കു ഒരു പോയിൻറിൽ മാത്രമേ വില്പനനികുതി ഈടാക്കുന്നുള്ളൂ.

(ബി) ഉണ്ട്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: സാധാരണയായി ചില്ലറ വില്പന നടത്തുന്നവക്ക്—

**Mr. Speaker**: I have been bringing to the notice of the hon. Members that when a question is answered by the Minister, the hon. Member who put the original question is entitled to ask supplementary question and he has a preferential right to do so.

ശ്രീ. അവിരാത്തരകൻ: വില്പന നികുതിയെ സംബന്ധിച്ചു ആലപ്പുഴ ചേംബർ ഓഫ് കാമേഴ്സിൽനിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിവേദനം കിട്ടിയിട്ടുണ്ടു്, ആരുടെ പക്കൽനിന്നാണെന്നു ഇപ്പോഠം ഓർമ്മയില്ല.

ശ്രീ. അവിരാതരകൻ: ആ നിവേദനത്തെ സംബന്ധിച്ചു ഗവമ്മെൻറ് എന്തെങ്കിലും നടപടികഠം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ആലോചിച്ചുവരികയാണു്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: വെള്ളിക്കോലിൽ കയർ എടുത്തു വില്പനനടത്തുന്നവരുടെ പക്കൽനിന്നും, വില്പനനികുതി ഈടാക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. അനുവൽ ഔട്ട് ടേൺ കൂടിയാൽ മാത്രമേ വില്പനനികുതി ഈടാക്കുകയുള്ളു.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഒരു പോയിൻറിൽ മാത്രമെ വില്പനനികുതി ഈടാക്കുന്നുള്ളു എന്നു ബഹു. മന്ത്രി പറയുകയുണ്ടായി. എന്നാൽ കരുനാഗപ്പള്ളി താലൂക്കിൽ വെള്ളിക്കോൽ വ്യാപാരികളിൽനിന്നും വില്പന നികുതി ഈടാക്കിയിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരാണ്ടിൽ പതിനായിരം രൂപയിൽ കൂടുതൽ ടേൺ ഓവറുള്ള വ്യാപാരികളിൽനിന്നും വില്പന നികുതി ഈടാക്കാം. ഈ വെള്ളിക്കോൽ വ്യാപാരികഠക്കു അത്രയും ടേൺ ഓവർ ഉണ്ടെങ്കിൽ അവരിൽനിന്നും വില്പനനികുതി ഈടാക്കുന്നതു നിയമവിരുദ്ധമല്ല.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: വില്പന നികുതി ഈടാക്കുന്നതിനെ സംബന്ധിച്ചു കേന്ദ്രഗവമ്മെൻറിൽനിന്നും വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

### കോഴഞ്ചേരി—മണ്ണാക്കുളഞ്ഞി റോഡ്

*വ ൻ. (൧ ൮) ശ്രീ. പരീതു റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങഠക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കോഴഞ്ചേരി-മണ്ണാക്കുളഞ്ഞി റോഡു് ഗവമ്മെൻറ ഏറെറടുത്തിട്ടു് എത്ര വർഷങ്ങളായി;

(ബി) പ്രസ്തുത റോഡിൻെറ സ്ഥിതി ശോച്യാവസ്ഥയിലാണെന്നുള്ളതു് ശരിയാണോ;

(സി) തൽപരിഹാരാർത്ഥം വല്ല നടപടിയും ഗവമ്മെൻറ് കൈക്കൊണ്ടിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) കോഴഞ്ചേരി-മണ്ണാക്കുളഞ്ഞിറോഡു് ഗവമ്മെൻറ് ഏറെറടുത്തിട്ടു ഇപ്പോഠം ൧൮ വർഷകാലമായി.

(ബി) ഈ റോഡിൻെറ കുറച്ചുഭാഗം ശോച്യാവസ്ഥയിലാണു് കിടക്കുന്നതു്.

(സി) നടപടിയെടുത്തിട്ടുണ്ടു്.

ശ്രീ. പരീതു റാവുത്തർ: ശോച്യാവസ്ഥയിൽ കിടക്കുന്ന ഭാഗങ്ങഠം ടൻതന്നെ നന്നാക്കുന്ന കാര്യത്തിൽ ഗവമ്മെൻറിൻെറ ശ്രദ്ധപതിയുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശ്രദ്ധിക്കാം.

ശ്രീ. വാസുദേവൻപിള്ള: ആ റോഡിൽ ഒരു പാലം പണി നടത്തു വാൻ വല്ല ആലോചനയുമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

## ഉല്പന്നങ്ങളുടെ വിലയിടിവ്

*൯ ൦. (൧൩) ശ്രീ. ഒ. സി. മൈനാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കയററുമതി ഇറക്കുമതി വകുപ്പു മന്ത്രി മയവായി മറുപടി പറയുമോ.—

(എ) ഈ രാജ്യത്ത് നാളികേരം, കൊപ്ര, ഇവയുടെ വില വളരെ കുറഞ്ഞിട്ടുണ്ട് എന്ന വിവരം ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടി ട്ടുണ്ടോ;

(ബി) അതിനുള്ള കാരണം എന്താണെന്നു ഗവമ്മെൻറ് അന്വേ ഷിച്ചിട്ടുണ്ടോ;

(സി) അതിൻെറ പരിഹാരാത്ഥം ഗവമ്മെൻറിൽനിന്ന് എന്തെ ങ്കിലും നടപടി നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ത്;

(ഇ) അതിൻെറ ഫലമെന്തായി?

ധനകായ്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) നാളികേരത്തിൻെറയും, കൊപ്രായുടേയും വില ഇപ്പോൾ കുറെ കുറഞ്ഞിട്ടുണ്ടെന്നുള്ള വിവരം ഗവമ്മെൻറിൻെറ ദൃ ഷ്ടിയിൽ പെട്ടിട്ടുണ്ട്.

(ബി) അതിനുള്ള കാരണവും അന്വേഷിച്ചിട്ടുണ്ട്.

(സി) പരിഹാരാത്ഥം ഗവമ്മെൻറിൽനിന്നും നടപടി നടത്തി യിട്ടുണ്ട്.

(ഡി) കൊപ്രയുടേയും വെളിച്ചെണ്ണയുടേയും ഇറക്കുമതി ചുങ്കം കുറച്ചുതരണമെന്നുള്ള ഒരു നിവേദനം സമപ്പിച്ചിട്ടുണ്ട്.

(ഇ) എന്നാൽ മറുപടി ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. ഒ. സി. മൈനാൻ: കപ്പയുടെ ഇറക്കുമതിയെ സംബന്ധി ടത്തോളം വല്ല വ്യവസ്ഥയും, അല്ലെങ്കിൽ നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ?

**Mr. Speaker**: The question refers to the fall in price of cocoanut and copra, not tapioca.

ശ്രീ. കെ. ജെ. തോമസ്: ഈ രാജ്യത്തെ ഇടത്തരക്കാരുടെ ഒരു പ്ര ധാന ആദായമാഗ്ഗം നാളികേരകൃഷിയും അവയുടെ ഉല്പന്നങ്ങളും ആണെ ന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ആദായകരമായ ഒരു കൃഷിയാണ്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: നാളികേരത്തിൻെറ മാക്കററ റേററ കൂടക്കൂടെ വ്യത്യാസപ്പെടുന്നു. അങ്ങനെയുണ്ടാകാതിരിക്കാൻ വല്ല നിശ്ചയവും ഗവമ്മെൻറിനുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാളികേരത്തിനു ഒരു സ്ഥിരമായ റേററ് ഇതുവരെ നിശ്ചയിച്ചിട്ടില്ല.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: നാളികേരത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന വിലയിടിവിനെപററി കേന്ദ്രഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യത്തെപററി അറിയിക്കാനുള്ളതു് എന്തെല്ലാമാണോ അവയൊക്കെ അറിയിച്ചിട്ടുണ്ടു്.

## വില്ലേജു കോർട്ടു്

*൯൭. (൭൩) ശ്രീ. ഒ. സി. നൈനാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട നിയമവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) ട്രാവൻകൂർ-കൊച്ചിൻ സ്റ്റേററിൽ എത്ര വില്ലേജുകോർട്ടു് ഉണ്ടു്;

(ബി) അവയ്ക്കു എല്ലാംകൂടി ൧൯൫൧-ൽ എന്തു ചിലവു വന്നിട്ടുണ്ടു്;

(സി) വില്ലേജുകോർട്ടിൽ ഒരു സിവിൽകേസിൻെറ ശരാശരി കാലതാമസം എത്രനാൾ;

(ഡി) മുൻസിഫ്കോർട്ടിൽ അപ്രകാരമുള്ള Small cause case ൻെറ കാലതാമസം എത്രനാൾ;

(ഈ) ജഡ്ജിമാക്കു് പ്രതിഫലം വച്ചതിനുശേഷവും അതിനുമുമ്പും ശരാശരി ഹാജർ എങ്ങനെയാണെന്നു പറയുമോ;

(എഫ്) ഈ കോടതികളിലെ ജഡ്ജിമാരുടെ നിയമന കാര്യത്തിൽ എന്തെങ്കിലും യോഗ്യത ഗവമ്മെൻറ പരിഗണിക്കുന്നുണ്ടോ;

(ജി) പട്ടണങ്ങളിൽ ഈ കോടതികളുടെ ആവശ്യം ഉണ്ടെന്നു ഗവമ്മെൻറ് വിചാരിക്കുന്നുവോ;

(എച്ചു്) ചേർത്തല, ചെങ്കോട്ട മുതലായ സ്ഥലങ്ങളിലെ വില്ലേജുകോർട്ടുകൾ നിർത്തിയതിനുള്ള കാരണം എന്താണു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): (എ) തിരുവിതാംകൂർ വിഭാഗത്തിൽ ൧൯ വില്ലേജു പഞ്ചായത്തുകളും കൊച്ചിയിൽ ൪൭ വില്ലേജുകോടതികളും ഉണ്ടു്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വില്ലേജുപഞ്ചായത്തുകൾക്കു് ൧൯൫൦—൫൧-ൽ ഒരു സിവിൽകേസിൻെറ ശരാശരി കാലതാമസം നാലുമാസം ൨൭ ദിവസമാണു്.

(ഡി) മുൻസിഫ് കോടതിയിൽ ൧൯൫൧-ൽ സ്മാൾ കാസിനു് ശരാശരി കാലതാമസം മൂന്നുമാസം പതിനാറു ദിവസമാണു്.

(ഈ) ജഡ്ജിമാക്കു പ്രതിഫലം വച്ചതിനുശേഷവും ഹാജരിൻെറ ശതമാനം മുമ്പുണ്ടായിരുന്നതിൽനിന്നും കൂടുതലാണു്.

(എഫ്) പഞ്ചായത്തുകോടതികളിലെ ജഡ്ജിമാരുടെ നിയമനകാര്യത്തെ സംബന്ധിച്ചിടത്തോളവും പ്രത്യേക പരീക്ഷായോഗ്യതകളൊന്നും വച്ചിട്ടില്ല.

(ജി) ഉണ്ടു്.

(എച്ചു്) ചെങ്കോട്ട, ചേർത്തല, ഹരിപ്പാട്ടു് ഇവിടങ്ങളിൽ ഉണ്ടായിരുന്ന വില്ലേജു പഞ്ചായത്തുകോടതികളിൽ കേസുകൾ കുറവായതുകൊണ്ടു് വ്യയന്യൂനീകരണാർത്ഥം ആ കോടതികൾ നിറുത്തലാക്കി. കൊച്ചിയിലും

ണെങ്കിൽ ജഡ്ജിമാരെ സംബന്ധിച്ചിടത്തോളമുള്ള നിയമപ്രകാരം അയോഗ്യത ഇല്ലാത്തവരായിരിക്കണമെന്ന് മാത്രമേ റൂൾസ് അനുസരിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളു.

ശ്രീ. ഒ. സി. നൈനാൻ: ജഡ്ജിമാർക്ക് പ്രതിഫലം വച്ചതിനുശേഷം അവരുടെ ഹാജരിന്റെ ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നുപറഞ്ഞു. അത് എത്രയാണെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഗണ്യമായ തരത്തിൽ വർദ്ധിച്ചിട്ടുണ്ട്.

കടലാക്രമണം

*നം. (൯൧) ശ്രീ. അവിരാത്തരകൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:—

ചെല്ലാനം പള്ളിത്തോട് മുതലായ തീരപ്രദേശങ്ങളിലെ കടലാക്രമണങ്ങളെ തടയുന്നതിന് എന്തെങ്കിലും നടപടി ഗവൺമെൻറിൽനിന്നും സ്വീകരിച്ചിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി: (ശ്രീ. കളത്തിൽ വേലായുധൻ നായർ): ഉണ്ട്.

പഴയ ഗ്രോയിൻസുകൾ റിപ്പയർചെയ്തും പുതിയവ കെട്ടിയും കടലാക്രമണം തടയുന്നതിന് ശ്രമിക്കുന്നുണ്ട്.

ശ്രീ. അവിരാത്തരകൻ: കടലാക്രമണം മൂലം ഞാറയ്ക്കൽ എന്ന സ്ഥലത്ത് കരെ അധികം മണ്ണ് അടിഞ്ഞുകയറി ഒരു പുതിയ സ്ഥലം ഉണ്ടാക്കിയിരിക്കുന്നുവെന്നുള്ള വസ്തുത അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എനിക്ക് അറിഞ്ഞുകൂടാ.

നെല്ലെടുപ്പും വിതരണവും

*നം. (൯൨) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) ഓരോ പകുതികളിൽനിന്നും എടുക്കുന്ന നെല്ല് അതാതു പകുതികളിൽതന്നെ റേഷൻവിതരണത്തിന് വിനിയോഗിക്കാതെ അന്യതാലൂക്കുകളിലേക്കു അയച്ചു ശേഷം ആ പകുതിയിലെ ആവശ്യത്തിന് മററു ദൂരസ്ഥലങ്ങളിൽനിന്നും നെല്ലു കൊടുത്തുവരുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അങ്ങിനെ ചെയ്യുന്നതുകൊണ്ടു അതിന്റെ ട്രാൻസ്പോർട്ട് ചിലവിനായി ഒരു ഭീമമായ തുക വരുന്നുണ്ടെന്നും ആയതു അവസാനം പാവപ്പെട്ടവനാണ് സഹിക്കേണ്ടിവരുന്നതെന്നും ഉള്ള വിവരം ശരിയാണോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) (എ) ഇല്ല. ഓരോ താലൂക്കുകളിൽനിന്നും എടുക്കുന്ന നെല്ല് ആ താലൂക്കിൽതന്നെ വിതരണം ചെയ്യുകയാണ് സാധാരണ പതിവ്. എന്നാൽ ആവശ്യത്തിലധികം വരുന്നുവെങ്കിൽ മാത്രമേ മററു താലൂക്കിലേക്ക് കൊണ്ടുപോകുകയുള്ളു.

(ബി) എ യുടെ ഉത്തരം മൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

ஸ்ரீ. ஏ. சிதம்பரநாத் நாடார்: தோவாளை அகஸ்தீஸ்வரம் தாலுகாக்களுக்கு வெளியிலிருந்து நெல்லோ அரிசியோ வினியோகம் செய்ததுண்டா

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മെമ്പർ പറയുന്നതു് ഏതു കാലത്തു നടന്ന കാര്യമാണെന്നു പറയാമോ :

ஸ்ரீ. ஏ. சிதம்பரநாத நாடார்: கழிந்த காலங்களில்

ശ്രീ: പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിഞ്ഞ അഞ്ചെട്ടു കൊല്ലങ്ങളെ സ്പർശിക്കുന്ന ഒരു വിഷയത്തെപ്പറ്റി മറുപടി പറയുക പെട്ടെന്നു സാദ്ധ്യമല്ല.

## പോലീസ് സെൻസർഷിപ്പ്

*൯൪. (൧൩) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പോലീസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തു അഭിനയിക്കണമെങ്കിൽ നാടകങ്ങളും അത്തരം കലാസൃഷ്ടികളും പോലീസിന്റെ സെൻസർഷിപ്പിനു മേൽ മാത്രമേ ആകൂ എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു ചുമതലയുള്ള ഉദ്യോഗസ്ഥനു കലാപരമായ വല്ല പ്രത്യേക യോഗ്യതകളും ഉണ്ടായിരിക്കണമെന്നു നിഷ്കർഷിക്കാറുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വറുഗീസ്): (എ) ഇല്ല. എന്നാൽ സംസ്ഥാനത്തിലെ തിരുവിതാംകൂർ വിഭാഗത്തിൽ നാടകം മുതലായ കലാസൃഷ്ടികൾ അഭിനയിക്കണമെന്നുണ്ടെങ്കിൽ അതാതു ഡിസ്ട്രിക്ടിലെ മജിസ്ട്രേട്ടന്മാർ അവയെ പരിശോധിച്ചു് അനുമതി കൊടുക്കണമെന്നു് വ്യവസ്ഥയുണ്ടു്.

(ബി) അതിനു വേണ്ടി ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു ഉണ്ടായിരിക്കേണ്ട യോഗ്യതയിൽ കൂടുതലായി പ്രത്യേകയോഗ്യതയൊന്നും നിശ്ചയിച്ചിട്ടില്ല.

ശ്രീ: വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: സംസ്ഥാനത്തു് ഈ അടുത്ത കാലത്തു് അഭിനയിക്കുന്ന നാടകങ്ങളിൽ അധികവും കലാപരമായിട്ടുള്ളതല്ലെന്നുള്ള വസ്തുത ഗവമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വറുഗീസ് : അതേപ്പറ്റി സൂക്ഷ്മമായി പരിശോധിക്കാറില്ല. സാധാരണയായി ഈ കാര്യങ്ങളിൽ ആവശ്യമുള്ള വിവരങ്ങൾ ഗ്രഹിച്ചു് അനുമതി കൊടുക്കുന്ന പതിവാണുള്ളതു്. അതിൽ കൂടുതലൊന്നും ചെയ്യാറില്ല, ആവശ്യമുണ്ടെന്നു തോന്നുന്നുമില്ല.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: ഈവക നാടകങ്ങളിൽ പലതും കൊള്ള, കൊല ഇവയ്ക്കു വേണ്ടി പ്രോത്സാഹനം നല്കുന്നവയാണെന്നറിയാമോ?

ശ്രീ. ടി. എം. വറുഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. കെ. മാധവൻ ഉണ്ണിത്താൻ: ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് ഈ നാടകങ്ങൾ അയച്ചുകൊടുക്കുന്നതു് കലാപരമായ അഭിപ്രായം അറിയാൻ വേണ്ടിമാത്രമാണോ?

ശ്രീ. ടി. എം. വറുഗീസ്: കലാപരമായ അഭിപ്രായം അറിയുന്നതിനും അതിനുശേഷം അനുമതി നൽകുന്നതിനും.

ശ്രീ. രവീന്ദ്രൻ: ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് അനുവാദം നൽകുന്നതും പരിശോധിക്കുന്നതും ഡി. എസ്സ്. പി. മുഖേന അല്ലയോ?

ശ്രീ. ടി. എം. വറുഗീസ്: അതുസംബന്ധമായി അന്വേഷണവും പരിശോധനയും നടത്തുന്നതിനുള്ള അധികാരവും ചുമതലയും ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനാണ്.

സോവിയററ്ഫിലിം ഡെലിഗേഷൻ

*൯൭. (൨൦) ശ്രീ. കെ കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുഭരണ വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

സോവിയററ്ഫിലിം ഡെലിഗേഷൻ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു വന്നുചേർന്നതെന്നാണ്; അവർക്ക് ഇവിടെ വന്നതിനുശേഷമുള്ള സർക്കാർ സഹായസഹകരണങ്ങൾ എന്തെല്ലാമായിരുന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): സോവിയററ് ഫിലിം ഡെലിഗേഷൻ തിരുവനന്തപുരത്ത് വന്നതു ൧൯൫൨ ഫെബ്രുവരി ൩-ാം-യാണ്. വന്ന ഉടൻതന്നെ അവരെ സംസ്ഥാന അതിഥികളായി സ്വീകരിച്ചു.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: അവരെ സംബന്ധിച്ചു വല്ല ഇരുമ്പുമറയും ഉണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ചൈനയിൽനിന്നും തിരുവിതാംകൂർ-കൊച്ചിയിൽ വന്നിട്ടുള്ള ആളുകൾ

*൯൮. (൨൧) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുഭരണവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

ചൈനയിൽനിന്നും ആരെങ്കിലും തിരുവിതാംകൂർ-കൊച്ചിയിൽ ൧൯൫൨-ൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും, അവരുടെ യാത്രോദ്ദേശം എന്തായിരുന്നെന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ചൈനീസ് കൾച്ചറൽ മിഷൻ വന്നിട്ടുണ്ടായിരുന്നു. ഈ സ്റ്റേററ് സന്ദർശിക്കുന്നതിനാണ് അവർ വന്നിരുന്നതു്.

ശ്രീ. കെ. കുട്ടപ്പൻ: എന്തു ഉദ്ദേശത്തോടുകൂടിയാണ് അവർ വന്നതെന്നു ഗവമ്മെൻറ് ആരായുകയുണ്ടായോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടായി. ചുററിസഞ്ചരിച്ചു കാണാൻ മാത്രമാണ് അവർ വന്നിട്ടുള്ളതു്.

ഫുഡ്പ്രൊഡക്ഷൻ കമ്മിററി

*൯൧. (൨൨) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

൧൯൫൧—൫൨ വർഷത്തിൽ കൊല്ലം ഡിസ്ട്രിക്ടിലെ ഫുഡ് പ്രൊഡക്ഷൻ കമ്മിററി എത്ര പ്രാവശ്യം കൂടിയെന്നും, അവ ഏതെല്ലാം തീയതികളിലാണെന്നും, കമ്മിററിയുടെ തീരുമാനങ്ങൾ എന്തെല്ലാം ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്നും പറയുമോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പ്രസ്തുത വർഷത്തിൽ കമ്മിററി ഒരു പ്രാവശ്യം കൂട്ടുകയുണ്ടായി. അതു് ൧൯൫൧ മേയ്മാസം ൩൦-ാം തീയതിയായിരുന്നു. ആ കമ്മിററിയുടെ തീരുമാനമനുസരിച്ചു രണ്ടു ജലസേചന പദ്ധതികളുടെ ജോലി പൂർത്തിയാക്കുകയും മണിമലനദിയിൽ ഇറിഗേഷൻ ആവശ്യത്തിലേക്ക് രണ്ടു പമ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കമ്മിററി ശുപാർശ ചെയ്തിട്ടുള്ള മററ ജോലികൾ ഫുഡ്പ്രൊഡക്ഷൻ ബോർഡിന്റേയും പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിന്റേയും പരിഗണനയിലിരിക്കുകയാണ്.

ശുദ്ധജലക്ഷാമം.

*൯൨. (൨൩) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കരുനാഗപ്പള്ളി താലൂക്കിന്റെ കടൽത്തീരപ്രദേശങ്ങളിലെ ജനങ്ങൾ ശുദ്ധജലം ലഭിക്കാതെ ദുരിതം അനുഭവിച്ചുവരുന്നതായി ഗവമ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തു പരിഹാരമാണ് ഗവമ്മെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നതു്;

(സി) ശാസ്താംകോട്ട ശുദ്ധജലതടാകത്തിൽനിന്നു കുഴലുകൾവഴി വെള്ളം കടലോരപ്രദേശത്തു എത്തിച്ചുകൊടുക്കുവാനുള്ള വല്ല പദ്ധതിയും ഗവമ്മെന്റിന്റെ ആസൂത്രണത്തിൽ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി
(ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.

(ബി) അഴീക്കൽ, പൊന്മന, പാണ്ടിത്തുരുത്തി എന്നീ പ്രദേശങ്ങളിൽ ഓരോ കുഴൽ കിണറുകൾ കുഴിക്കുവാൻ ഗവമ്മെന്റ് തീരുമാനിച്ചിട്ടുണ്ടു്.

(സി) ഇല്ല.

## Written answers

നെല്ലെടുപ്പു പദ്ധതി

*൯൯. (൨൫) ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇവിടത്തെ നെല്ലെടുപ്പ് പദ്ധതി ഉപേക്ഷിക്കാൻ കേന്ദ്രഗവൺമെൻറിൻെറ അനുവാദം ലഭിക്കുന്നതിനുവേണ്ടി ഗവൺമെൻറ് ശ്രമിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ ഫലം എന്തായി?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## ചെങ്കൊടി മാററിയതിന്മേൽ പരാതി

*൧൦൦. (൨൬) ശ്രീ. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഭ്യന്തരകാര്യ മന്ത്രി സദയം മറുപടി പറയുമോ:—

(എ) ഇക്കഴിഞ്ഞ ഫെബ്രുവരി ൭-ാനു കാഞ്ഞിരപ്പിള്ളി (കൊച്ചി) കോവിലകത്തിനു മുൻവശം ശ്രീ. സി. അച്ചുതമേനോനെ സ്വീകരിക്കാൻവേണ്ടി പൊതുയോഗം കൂടാൻ ഉദ്ദേശിച്ചുകൊണ്ട് റോഡരികിലുള്ള ഒരു വൃക്ഷത്തിന്മേൽ നാട്ടിയിരുന്ന ചെങ്കൊടി ഡിവിഷൻ ഇൻസ്പെക്ടർ മി. കുററാലിംഗംപിള്ള എടുത്തു മാററുകയുണ്ടായോ;

(ബി) മാററിയെങ്കിൽ എന്തധികാരത്തിന്മേൽ, അഥവാ എന്തു ന്യായത്തിന്മേൽ ആണ് അദ്ദേഹം ഇപ്രകാരം ചെയ്തത്;

(സി) ഇതിനെസംബന്ധിച്ച് ശ്രീ. അച്ചുതമേനോനിൽ നിന്നും എന്തെങ്കിലും നിവേദനം ഐ. ജി. ക്കു ലഭിക്കുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

(ഇ) നടപടി നടത്തിയിട്ടില്ലെങ്കിൽ എന്തുകൊണ്ട്?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്):

(എ) വൃക്ഷത്തിന്മേൽ തൂക്കിയിട്ടിരുന്ന ഒരു ചുമപ്പു നിറത്തിലുള്ള തുണി സ്ക്കിം ഇൻസ്പെക്ടർ മാററുകയുണ്ടായി.

(ബി) വഴിയിൽ ഒരു അപായചിഹ്നമായി കണക്കാക്കപ്പെടാവുന്ന ടി ചുമപ്പുതുണി ഗതാഗതത്തിനു ഒരു തടസ്ഥമായേക്കാവുന്നതുകൊണ്ട്.

(സി) ഉണ്ടായി.

(ഡി) വേണ്ട അന്വേഷണം നടത്തി.

(ഇ) ഉദിക്കുന്നില്ല.

## PRINCIPAL OF THE MEDICAL COLLEGE

***101.** [27] **Shri J. T. Morais:** Will the Minister for Medicine be pleased to state.—

whether Government have invited applications from qualified candidates for the post of the Principal of the Medical College?

*Minirter for Medicine* **(Shri V. Madhavan):** No.

### നഗരസഭാതെരഞ്ഞെടുപ്പ്

*൧൦൨. (൧൩) ശ്രീ. എം. ഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പ്മന്ത്രി സദയം മറുപടി പറയുമോ:—

(എ) പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ (വില്ലേജ്യൂണിയൻ) അടുത്ത തിരഞ്ഞെടുപ്പ് എപ്പോൾ നടത്തും;

(ബി) അതിനുള്ള ഇലക്ടറൽ റോൾസ് തയ്യാറായിട്ടുണ്ടോ; നിയോജകമണ്ഡല വിഭജനം നടന്നിട്ടുണ്ടോ;

(സി) തെരഞ്ഞെടുപ്പ് പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽതന്നെ നടത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൧൯൫൨ സെപ്റ്റംബർ—ഒക്ടോബറിൽ നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്.

(ബി) ജോലി നടന്നുകൊണ്ടിരിക്കുകയാണ്.

(സി) നടത്തും.

### PROSECUTION OF THE PROPRIETOR, PIONRER WORKS .

***103.** [17] **Shri T. S. Ramaswami Pillai:** Will the Minister for Labour be pleased to state.—

(*a*) whether prosecution against the Proprietor of the Pioneer Works Ltd., Nagercoil, was launched under Section 33 of the Industrial Disputes Act; and

(*b*) whether the Government have taken any steps for the speedy disposal of the case ?

*Minister for Finance & Civil Supplies* **(Shri Panampilli Govinda Menon):** (*a*) Sanction has been accorded for the prosecution of the employer Shri S. Kumaraswami, Managing Director of the Pioneer Works Ltd., Nagercoil, under Section 31 of the Industrial Disputes Act 1947. A case is now pending before the First Class Magistrate's Court, Kottar.

(*b*) It will not be proper for Government to interfere in the disposal of a case pending before a Court of Justice.

### കൊല്ലം—എറണാകുളം റയിൽവേ

*൧൦൪. (൩൦) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. വകുപ്പ്മന്ത്രി ദയവായി ഉത്തരം പറയുമോ:—

കൊല്ലം—എറണാകുളം റെയിൽവെ പണി ത്വരിതപ്പെടുത്തുവാൻ ഗവൺമെണ്ട് എന്തെല്ലാം ചെയ്തിട്ടുണ്ട്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി:
(ശ്രീ. കളത്തിൽ വേലായുധൻ നായർ)

കൊല്ലം എറണാകുളം റെയിൽവെ സംബന്ധിച്ച് ഈ ഗവൺമെൻറിൽനിന്നും നടത്തിയ നിവേദനങ്ങളുടെ ഫലമായി കേന്ദ്രഗവൺമെൻറിൽനിന്നും ഒരു സർവ്വേ നടത്തി റിപ്പോർട്ടും എസ്റ്റിമേറ്റും തയാറാക്കിച്ചിട്ടുണ്ട്. ജോലി അടുത്ത വർഷത്തിൽ ആരംഭിക്കണമെന്ന് ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

### എൻ. ജി. ഒ. മാരുടെ മെമ്മോറാണ്ടം

*൧൦൫. (൬൧) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) എൻ. ജി. ഓസിന്റെ അവശതാപരിഹരണാൎത്ഥം അവർ ഗവമ്മെന്റിലേക്ക മെമ്മോറാണ്ടം സമൎപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ).

(എ) എൻ. ജി. ഓസിന്റെ വിവിധ സംഘടനകളിൽനിന്നും അവരുടെ അവശതാപരിഹരണാൎത്ഥം പല നിവേദനങ്ങളും കിട്ടിയിട്ടുണ്ട്.

(ബി) ഏതു സംഘടനയിൽനിന്നെന്നോ, ഏതു അവശതാപരിഹരണാൎത്ഥം സമൎപ്പിച്ചിട്ടുള്ള നിവേദനമാണെന്നോ സൂക്ഷ്മമായി അറിയാതെ ഇതിനു ഉത്തരം നല്കുവാൻ സാദ്ധ്യമല്ല.

### THROWN-OUT TEACHERS

*106. [65] **Shri Krishnan Nayar:** Will the Minister for Education be pleased to state.—

(*a*) whether the Government have received any representation from 'thrown-out' teachers now in service;

(*b*) if so, what action they have taken in the matter?

*Chief Minister* **(Shri A. J. John):**

(*a*) Government have received several representations from teachers who were thrown-out and who were subsequently absorbed in service.

(*b*) Appropriate action has been taken in each case.

### SALARY OF TEACHERS

*107. [67] **Shri Krishnan Nayar:** Will the Minister for Education be pleased to state whether it is a fact that teachers in departmental primary and middle schools in the Travancore area now receive a salary much lower than what the teachers in respective schools in Cochin area receive?

*Chief Minister* **(Shri A J. John):** Yes.

### പ്ലാനിംഗ് കമ്മീഷൻ

*൧൦൮. (൭൧) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) അമേരിക്കയുടെ സഹായത്തോടുകൂടി ഇൻഡ്യയിലെ പ്ലാനിംഗ് കമ്മീഷൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പ്രവൎത്തനം തിരു-കൊച്ചിക്കും ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു എന്തു വ്യവസ്ഥകളിന്മേലാണെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) വ്യവസ്ഥകളെപ്പറ്റിയുള്ള തീരുമാനം കഴിഞ്ഞിട്ടില്ല.

## ഗവമ്മെൻറിലേക്ക് അയക്കുന്ന അപേക്ഷകൾ

*൧൦൯. (൧൮) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവമ്മെൻറ് ആഫീസുകളിലേക്ക് പൊതുജനങ്ങളയക്കുന്ന അപേക്ഷകൾ, ഹർജികൾ, മുതലായ എഴുത്തുകുത്തുകൾക്ക് മറുപടികൾ അയക്കുന്നതിന് വളരെ താമസം നേരിടുന്നുണ്ടെന്ന് ഗവമ്മെൻറിന് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു് നീക്കംചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ. ബി. സി.) ഗവമ്മെൻറ് ആഫീസുകളിൽ കിട്ടുന്ന ഹർജികൾ, അപേക്ഷകൾ മുതലായവക്ക് എല്ലായ്പ്പോഴും പെട്ടെന്ന് മറുപടി കൊടുപ്പാൻ സാധിച്ചുവെന്ന് വരികയില്ല. പക്ഷെ ഹർജികളും മററും കിട്ടിയതായും, അന്വേഷണങ്ങൾ നടത്തുന്നതായുമുള്ള വിവരത്തിന് ഉടൻതന്നെ മറുപടി കൊടുക്കാറുണ്ട്. കൂടുതൽ അന്വേഷണങ്ങൾ ആവശ്യമായിവരുന്ന അവസരങ്ങളിൽ മറുപടിക്ക് കുറച്ചൊക്കെതാമസം അനിവാര്യമാണ്. കാരണമൊന്നുംകൂടാതെ യാതൊരു കടലാസും താമസിപ്പിക്കരുതെന്നും മററും കാണിച്ച് ഗവമ്മെൻറിൽനിന്നും വകുപ്പദ്ധ്യക്ഷന്മാക്ക് കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഏതെങ്കിലും കടലാസ് തക്കതായ കാരണം കൂടാതെയോ, മനഃപൂർവ്വമായോ താമസിപ്പിക്കുന്നതായി ഗവമ്മെൻറ ശ്രദ്ധയിൽ പെടുത്തിയാൽ തക്കതായ നടപടി എടുക്കുന്നതാണ്.

## തോടിൻെറ പണി

*൧൧൦. (൧൯) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

(എ) ചാലക്കുടി നദീജലപദ്ധതിയിലെ വലത്തുഭാഗത്തെ മെയിൻ തോടിൻെറ പണി എത്രകണ്ടായി;

(ബി) ഇതിൻെറ രണ്ടാംഘട്ടത്തിൻെറ സർവ്വേ നടന്നിട്ടുണ്ടോ;

(സി) ഒന്നാംഘട്ടത്തിൻെറ സർവ്വേ കഴിഞ്ഞിട്ട് എത്രകാലമായി;

(ഡി) ഈ തോടിൻെറ പണിയിൽ ഈയ്യിടെയായി വളരെ താമസം നേരിട്ടിരിക്കുന്നതു് ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽവേലായുധൻ നായർ):

(എ) മിക്കവാറും പൂർത്തിയായി. ചില സ്ഥലങ്ങളിൽ തരിക്കല്ല് എന്നൊരുതരം കടുത്തപാറകൾകൂടി മാററേണ്ടതുണ്ട്. ഈ ജോലിയും ആരംഭിച്ചുകഴിഞ്ഞു.

(ബി) ഇല്ല.

(സി) ഇടത്തുഭാഗത്തെ മെയിൻതോടൊഴികെ മററു വിഭാഗങ്ങളുടെ പ്രാരംഭസർവ്വേ കഴിഞ്ഞിട്ട് ഒൻപതു കൊല്ലങ്ങളോളമായി. ഇടത്തേക്കര

തോട് നിർമ്മാണം സംബന്ധിച്ച പരിശോധനകൾ ആരംഭിച്ചതു് തിരുവിതാംകൂർ-കൊച്ചിരാജ്യങ്ങളുടെ സംയോജനത്തിനുശേഷമാണ്. എല്ലാവിഭാഗങ്ങളുടേയും വിശദമായ സർവ്വേ കഴിഞ്ഞിട്ടില്ല. വിശദമായ സർവ്വേ നടത്തി ജോലികൾ ഒന്നൊന്നായി എടുത്തു വരികയാണ്.

(ഡി) ഇല്ല.

## വെയിററിംഗ് ഷെഡ്ഡുകൾ

*൧൧൧. (൧) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തും ഗതാഗതവുംവകുപ്പു് മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തെ സിററി ബസ്സ്സ്റ്റാൻഡുകളിൽ എത്ര വെയിററിംഗ് ഷെഡ്ഡുകൾ പണിയുന്നതിനു് ഇതുവരെയായി കോൺട്രാക്ട് കൊടുത്തിട്ടുണ്ട്? അവയിൽ എത്ര എണ്ണത്തിൻെറ പണി പൂർത്തിയായികഴിഞ്ഞിട്ടുണ്ട്; ഒരു ഷെഡ്ഡിൻെറ പണിക്കുള്ള ശരാശരി ചിലവെന്തു്;

(ബി) ഇവ കോൺക്രീററിൽ നിർമ്മിക്കുന്നതിൽ വല്ല പ്രത്യേക പ്രയോജനവും പ്രതീക്ഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(സി) പകൽ സമയത്തു വെയിൽ നിമിത്തവും വർഷകാലത്തു് മഴവെള്ളം അടിച്ചു് കയറുന്നതുമൂലവും ഇരിക്കാൻ ബഞ്ചോ, മററു ഉപകരണങ്ങളോ ഇല്ലാത്തതുമൂലവും, ഈ ഷെഡ്ഡുകൾ യാത്രക്കാക്കു് പ്രയോജനകരമല്ലെന്നുള്ള പരാതികൾ ഗവമ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ ഷെഡ്ഡുകൾ പണിയുന്നതിനുള്ള കോൺട്രാക്ട് ആക്കാണ് കൊടുത്തിരിക്കുന്നതു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി
(ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഇരുപതു് (൨൦) വെയിററിംഗ് ഷെഡ്ഡുകൾ പണിയുന്നതിനു് കാൺട്രാക്ട് കൊടുത്തിട്ടുണ്ട്. നാലെണ്ണത്തിൻെറ പണി പൂർത്തിയായി. ഒന്നിൻെറ ശരാശരി ചിലവു് നാനൂറു രൂപായാണ്.

(ബി) ഉണ്ടു്. കോൺക്രീററു് ഷെൽട്ടറുകൾക്കു് സാധാരണയുണ്ടായിരിക്കാവുന്ന ഗുണങ്ങൾ ഇതിനും ഉണ്ട്.

(സി) ഇല്ല.

(ഡി) കാൺട്രാക്ട് കൊടുത്തിരിക്കുന്നതു് ഒരു ശ്രീ. രാമചന്ദ്രമേനോനാണ്.

## നെല്ലെടുപ്പു പദ്ധതി

*൧൧൨. (൧൬) ശ്രീ. പി. സദാശിവൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചി ഗവമ്മെൻറിൻെറ നെല്ലെടുപ്പു പദ്ധതിയിൽ എന്തെങ്കിലും മാററം വരുത്തുവാൻ ആലോചനയുണ്ടോ;

(ബി) മാററംവരുത്തണമെന്നു് കേന്ദ്രഗവമ്മെൻറിൻെറ എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(സി) ഇപ്പോഴത്തെ പദ്ധതിമൂലം ൧൧൩ ൧-ൽ ആകെ എത്ര നെല്ലു് സംഭരിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്തിനു വെളിയിൽനിന്നും ൧൯൫൧-ൽ എത്ര ടൺ അരി ഇറക്കുമതി ചെയ്തിട്ടുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ൧,൨൩,൩൩൯, ൧൮൩ പറ നെല്ല്. (൬൩,൬൩൯ ടൺ അരി).

(ഡി) ൨,൭൦,൫൨൮ ടൺ.

## FIRE IN THE M. V. BUS AT THEMPAMUTTAM

***113.** [84] **Shri Kunjan Nadar:** Will the Minister for State Transport be pleased to state.—

(*a*) whether tha Government have made any public enquiry about the causes of the fire in the M. V. Bus at Thempamuttam on 17th February 1952, if not do the Government intend to make a public enquiry; and

(*b*) the number of persons dead and wounded due to the fire?

*Minister for Public Works and Transport* **(Shri. Kalathil Velayudhan Nayar):**

(*a*) No. Government do not find it necessary to make any public enquiry in the matter as a detailed Police enquiry about the incident was already made.

(*b*) 15 persons died and 7 were wounded.

## OVERLOADING IN BUSES

***114.** [85] **Shri Kunjan Nadar:** Will the Minister for State Transport be pleased to state whether the Government intend to stop overloading in State Transport and private buses?

*Minister for Public Works and Transport* **(Shri Kalathil Velayudhan Nayar):** Yes. As a first step in this direction Government have issued orders restricting overload in both the State Transport and private buses.

## DELIMITATION OF WARDS IN PANCHAYATS

***115.** [87] **Shri P. Ramaswami Pillai:** Will the Minister for Panchayats be pleased to state.—

(*a*) whether the delimitation of wards in the various Panchayats has been completed;

(*b*) if not, when does the Government hope to complete the same;

(*c*) when does the Government propose conducting the Panchayat elections;

(*d*) whether any attempt is made so far for the preparation of voters list in the Panchayats?

*Minister for Local Self Government* **(Shri K. Kochukuttan):**

(*a*) No.

(*b*) It is hoped that the division of wards of the Panchayats can be completed by the end of May 1952.

(*c*) In September-October 1952.

(*d*) Preparation of voters list will be taken up on completing ward division.

## VILLAGE PANCHAYATS

*116. [88] **Shri P. Ramaswami Pillai:** Will the Minister for Village Panchayats be pleased to state.—

(a) whether there is any reason for not constituting Panchayats in Pakuthies of Konthanalloor, Thiruvithamcode and Thuckalai;

(b) whether there is any representation from the public of those Pakuthies for the establishment of Panchayats for those Pakuthies;

(c) whether there is any other Pakuthy in the four southern Taluks of the State where there is neither Panchayat nor Municipality?

*Minister for Local Self Government* **(Shri K. Kochukuttan):**

(a) Yes.

(b) Yes.

(c) Only a portion of the Kalkulam Pakuthy is not included.

## TEXT BOOKS

*117. (90) **Shri P. Ramaswami Pillai**: Will the Minister for Education be pleased to state:

(a) whether the Government propose selecting new text books for use in schools for the year 1952 to 1953;

(b) if the answer is in the affirmative; whether any attempt has been so far taken by the Government for the selection of text books; and

(c) whether there is any separate committee for the selection of Tamil books for schools?

*Chief Minister* **(Shri A. J. John):**

(a) Yes.

(b) Yes.

(c) Yes.

## ഹരിജൻ വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻറ്

*൧൧൮. (൧൦൩) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട അവശസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തിൽ കോളേജുകളിൽ പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്കു പ്രതിമാസം എത്ര രൂപയാണു് തമസസൌകര്യം, ഭക്ഷണം മുതലായവകൾക്കു് സ്റ്റൈപ്പൻറു് കൊടുക്കുന്നതു്;

(ബി) എറണാകുളം കോളേജിലെ ഹരിജൻ വിദ്യാർത്ഥികൾ ഹോസ്റ്റലിനു് എടുത്ത കെട്ടിടം ആരുടെ അധികാരത്തിൻ കീഴിലാണു്; ആരാണു് വാടക കൊടുക്കുന്നതു്?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കോളേജുകളിൽനിന്നു ൫ മൈലിനുള്ളിൽനിന്നും വരുന്ന ഹരിജൻ വിദ്യാർത്ഥികൾക്കു് പ്രതിമാസം ൪൫ രൂപയും, ൫ മൈലിനു പുറമെനിന്നും വരുന്നവർക്കു ൫൦ രൂപയും സ്റ്റൈപ്പൻറു് നൽകുന്നുണ്ടു്.

(ബി) എറണാകുളത്തു് ഹരിജൻ ഹോസ്റ്റൽ നടത്തിക്കൊണ്ടിരുന്ന കെട്ടിടം ശ്രീ. കെ. വി. കുമാരനു് ഒരു പ്രൈവററു് ഹരിജൻ ഹോസ്റ്റൽ നടത്തുന്നതിനു കൊടുത്തിരിക്കുന്നു. ഈ കെട്ടിടത്തിനു വാടക കൊടുക്കുന്നതു് ശ്രീ. കുമാരനാണു്.

## എലക്ട്രിസിറ്റി വിതരണം

*൧൧൯. (൧൦൪) ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വക്കലയിൽ എലക്ട്രിസിറ്റി വിതരണത്തിനായി തൂണുകൾ ഇട്ടു തുടങ്ങിയിട്ടു എത്ര കാലമായി;

(ബി) അവിടെ എലക്ട്രിസിറ്റി എന്നു മുതൽ വിതരണം ചെയ്തു തുടങ്ങാൻ കഴിയുമെന്നു പറയാമോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ൧൯൫൧ സെപ്റ്റംബർ ൨൨-ാംനു തുടങ്ങി.

(ബി) റയിൽപാതയ്ക്കു മുകളിൽക്കൂടി ഇലക്ട്രിക് കമ്പി കൊണ്ടുപോകുന്നതിനുള്ള അനുമതി റയിൽവെ അധികാരികളിൽനിന്നും യഥാകാലം ലഭിക്കുകയാണെങ്കിൽ ൧൯൫൨ മേയ്മാസംമുതൽ വിതരണം ചെയ്തു തുടങ്ങാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

## എലക്ട്രിസിറ്റി വിതരണം

*൧൨൦. (൧൦൫) ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇടവാ പകുതിയിൽ ഇലക്ട്രിസിറ്റി ഏർപ്പെടുത്തണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഇടവാ വില്ലേജ് യൂണിയനിൽനിന്നും പൊതുജനങ്ങളിൽനിന്നും അപേക്ഷകൾ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) എലക്ട്രിസിറ്റി ഏർപ്പെടുത്തിയാൽ ജലസേചന സൌകര്യമുണ്ടാക്കി ഇപ്പോൾ മഴയെമാത്രം ആശ്രയമാക്കി കൃഷിചെയ്തുവരുന്ന രണ്ടായിരത്തിൽപരം പറ നിലം ഇരുപ്പൂകൃഷിചെയ്യാൻ കഴിയുമെന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

## മുനിസിപ്പാലിറ്റികളിലെ ശമ്പളപരിഷ്കാരം

*൧൨൧. (൧൦൬) ശ്രീ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ഗവൺമെൻറിൽനിന്നും നടപ്പിൽവരുത്തുന്ന ശമ്പളപരിഷ്കാരം മുനിസിപ്പാലിറ്റികളിലെ ജീവനക്കാർക്ക് അനുവദിക്കാതിരിക്കാൻ കാരണമെന്താണ്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

ഗവൺമെൻറ് സർവ്വീസും മുനിസിപ്പൽ സർവ്വീസും വ്യത്യസ്തമായതുകൊണ്ടാണ്, ഗവൺമെൻറിൽ നടപ്പിൽ വരുത്തിയിരിക്കുന്ന ശമ്പളപരിഷ്കാരം മുനിസിപ്പൽ ജീവനക്കാർക്കും അനുവദിക്കാൻ നിവൃത്തിയില്ലാതെ വന്നത്. മുനിസിപ്പൽ ജീവനക്കാരുടെ ശമ്പളപരിഷ്കാരം ഗവൺമെൻറിൻെറ പര്യാലോചനയിൽ ഇരിക്കയാണ്.

## സർവ്വീസ് സംയോജനം

*൧൨൨. (൧൦൭) ശ്രീ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചി സർവ്വീസ് സംയോജനം പൂർത്തിയാകാത്തതുകൊണ്ട് എൻ. ജി. ഒ. മാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) അതു പെട്ടെന്നു പൂർത്തിയാക്കാനായി ഗവൺമെൻറ് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) എൻ. ജി. ഒ. മാരിൽ ചില വിഭാഗക്കാൎക്ക്, സർവ്വീസ് സംയോജനം നീണ്ടുപോകുന്നതുകൊണ്ട് കാര്യമായ ദോഷം സംഭവിക്കുന്നുണ്ടെന്നു കാണിച്ചുകൊണ്ട്, ചില എൻ. ജി. ഒ. സംഘടനകളിൽനിന്നു പ്രമേയങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) ഗവൺമെൻറ വേണ്ട നടപടികൾ എടുത്തുവരുന്നു.

## മലബാർമെയിൽ ലേഖനം

*൧൨൩. (൧൦൮) ശ്രീ. എ. എൽ. ജേക്കബ്: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ൧൯൫൮ മാർച്ച് ൩-ാംനു-യിലെ മലബാർമെയിലിൽ "ഇതെന്തു നീതി" ഒരു അദ്ധ്യാപകൻെറ ദയനീയമായ മുറവിളി എന്ന തലക്കെട്ടിൽ ചേൎത്തിരിക്കുന്ന ലേഖനം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) അതിൽ പറയുന്നതുപോലെ തൃശൂർ സ്കൂളിലെ ഒരു അദ്ധ്യാപകന് പതിന്നാലര മാസങ്ങളായി ശമ്പളം കിട്ടുന്നില്ല എന്നുള്ള പരാതി ശരിയാണോ; ശരിയാണെങ്കിൽ ആ അദ്ധ്യാപകന് ശമ്പളം കിട്ടാതിരിക്കുന്നതിനുള്ള ഉത്തരവാദി ആരാണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) തൃശൂർ മിഡിൽ സ്കൂളിലെ ഒരു അദ്ധ്യാപകന് ശമ്പളം കൊടുക്കേണ്ട വിഷയം ഗവൺമെൻറിൻെറ അറിവിൽ പെട്ടിട്ടുണ്ട്. എന്നാൽ ആ അദ്ധ്യാപകൻ ആ സ്കൂളിലേക്ക് അനുവദിച്ചിട്ടുള്ള അദ്ധ്യാപകന്മാൎക്കു പുറമെ അധികമായി നിയമിക്കപ്പെട്ട (Extra hand) ആളാണ്. അത്തരം അദ്ധ്യാപകന്മാൎക്ക് ഗവൺമെൻറ് സഹായധനം കൊടുക്കുന്നതല്ലെന്നു മാനേജരന്മാരെ അറിയിച്ചിട്ടുണ്ട്. ഏതായാലും പുതിയ പദ്ധതി അനുസരിച്ച് ഇത്തരം അദ്ധ്യാപകന്മാരെ തുടരാൻ അനുവദിക്കുന്നതിൻെറ ആവശ്യകതയെപ്പററി ഗവൺമെൻറ് ആലോചിക്കുകയാണ്. അദ്ധ്യാപകന് ശമ്പളം കൊടുക്കുന്ന വിഷയത്തിൽ ഇപ്പോൾ ഗവൺമെൻറിന് ഉത്തരവാദിത്വം ഇല്ല.

## പെരുമ്പള്ളത്തു് ഒരു ഡിസ്പെൻസറി

* ൧൨൪. (൧൧൧) ശ്രീ. അവിരാതരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പെരുമ്പള്ളത്തു് ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു്;

(സി) ഇല്ലെങ്കിൽ അതിനു കാരണം എന്തു്?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ടു്.

(ബി) പെരുമ്പള്ളത്തു് ഒരു ബൈ-വീക്കിലി ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടു്. ഡിസ്പെൻസറിക്കുവേണ്ട കെട്ടിടവും ഉപകരണങ്ങളും ജനങ്ങൾ ഗവമെന്റിലേക്കു കൊടുത്താൽ ഉടനെതന്നെ പ്രസ്തുത സ്ഥാപനം പ്രവത്തനം തുടങ്ങുന്നതാണു്.

(സി) ഉദിക്കുന്നില്ല.

## ഗ്രാമപ്പഞ്ചായത്തുകൾ

* ൧൨൫. (൧൧൪) ശ്രീ. പരീതുറാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പഞ്ചായത്തു് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) തിരു-കൊച്ചിയിൽ ആകെ എത്ര ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ടു്;

(ബി) അവയുടെ വാർഡു് വിഭജനം പൂത്തിയായോ;

(സി) പുതിയ തെരഞ്ഞെടുപ്പു് എന്നു് നടക്കും;

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൫൪൨.

(ബി) ഇല്ല.

(സി) ൧൯൫൨-സെപ്റ്റംബർ-ഒക്ടോബറിൽ നടത്താം എന്നാണു് ഉദ്ദേശിക്കുന്നതു്.

## വില്ലേജുറോഡു് ഡെവലപ്പു്മെൻറു്

* ൧൨൬. (൧൧൫) ശ്രീ. പരീതു റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വില്ലേജു്റോഡു് ഡെവലപ്പു്മെൻറു് പദ്ധതിൽ പത്തനംതിട്ട താലൂക്കിൽനിന്നും എത്രറോഡുകൾ കൊള്ളിച്ചിട്ടുണ്ടു്;

(ബി) അവ ഏതെല്ലാം;

(സി) ഇനി പഞ്ചവത്സരപദ്ധതിയിലും ദശവത്സരപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ളതു് ഏതെല്ലാം?

(ഡി) റോഡുകളെ പഞ്ചവത്സരപദ്ധതിയിലും ദശവത്സരപദ്ധതിയിലും തരം തിരിച്ചതു് എന്തടിസ്ഥാനത്തിലാണു്;

(ഈ) മേൽവിവരിച്ച പ്രകാരമുള്ള തരം തിരിക്കലിനു ചുമതലപ്പെട്ടിരുന്ന ഉദ്യോഗസ്ഥൻ ആരെന്നും പൊതുജനങ്ങളോടോ താലൂക്ക് വർക്കിങ്ങ് കമ്മററിയോടോ, അഥവാ സ്ഥലത്തുചെന്നു അന്വേഷണം നടത്തിയിട്ടോ ആണോ തരം തിരിച്ചിട്ടുള്ളതു്?

മരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) പത്തനംതിട്ട താലൂക്കിൽനിന്നും ഒന്നാമത്തെ പഞ്ചവത്സര പദ്ധതിയിൽ ൯ റോഡുകളും രണ്ടാമത്തേതിൽ ൨൦ റോഡുകളും കൊള്ളിച്ചിട്ടുണ്ടു്.

(ബി) †സ്റ്റേറമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(സി) ഗ്രാമീണറോഡു് വികസന പദ്ധതിയെ വിവരിച്ചു് ഗവമെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തകം നോക്കുക. അതിൻെറ ആമുഖത്തിൽ പ്രത്യേകിച്ചും ൭ മുതൽ ൧൧ വരെ പേജുകളിലും തരം തിരിക്കലിനു സ്വീകരിച്ചിട്ടുള്ള തത്വങ്ങളെ പ്രതിപാദിച്ചിട്ടുണ്ടു്.

(ഡി) വില്ലേജുറോഡു് സ്പെഷ്യൽ ആഫീസർ വേണ്ട അന്വേഷണം നടത്തിയാണു് അദ്ദേഹത്തിൻെറ ജോലി നിർവ്വഹിച്ചിട്ടുള്ളതു്.

## ആലുവാ പാലം

* ൧൨൯. (൧൨൦) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) പെരിയാററിൽ ആലുവാപ്പുഴയിൽ ഒരു പാലം പണിയുന്ന സംഗതിയെപ്പററി ബഹുമാനപ്പെട്ട ഗവമെൻറ് ആലോചിക്കുന്നുണ്ടോ;

(ബ) ഉണ്ടെങ്കിൽ അതിനു് എന്തു നടപടി നടത്തി;

മരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഉണ്ടു്.

(ബി) Investigation works നടന്നുവരുന്നുണ്ടു്.

## ചെത്തുതൊഴിലാളികൾ

* ൧൨൭. (൧൨൧) ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

കള്ളു വ്യവസായത്തിലെ ചെത്തുതൊഴിലാളികളുടെ അവശതകൾ പരിഹരിക്കുവാനുള്ള പരിപാടികൾ വല്ലതും ഗവമെൻറിൽനിന്നും സ്വീകരിച്ചിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ലേബർ ഡിപ്പാർട്ടുമെൻറിൻെറ ഒരുക്ക നടപടികൾമൂലം ചെത്തുതൊഴിലാളികളും കൺട്രാക്ടർമാരും ചില ഒത്തുതീർപ്പു വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ടു്. Workmen's Compensation Act ൻെറ പരിധിയിൽ ചെത്തുതൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുമുണ്ടു്.

---

†Please see Appendix p. 247.

### N.G.Os.

***129.** [132] **Shri K. P. Krishna Menon:** Will the Chief Minister be pleased to state.—

(*a*) whether any memorial has been received regarding restoration of house rent and compensatory allowances to the N.G.Os. at Alwaye.

(*b*) why it was stopped;

(*c*) whether it has been restored;

(*d*) if the answer to item (c) above is in the negative, the reasons for not restoring the same?

*Chief Minister* **(Shri A. J. John):**

(*a*) Yes.

(*b*) It was stopped as part of the general scheme of unification of allowances by which the Dearness allowance rates were enhanced.

(*c*) No.

(*d*) As the abolition was ordered taking into consideration all the aspects of the question and as no fresh circumstances have arisen for reconsidering the orders of abolition already issued.

### DEATHS IN POLICE LOCKUPS

***130.** [133] **Shri M. M. Abdul Khader:** Will the Hon'ble Minister for Law and Order be pleased to state.—

(*a*) the number of deaths inside Alwaye police lockup in 1950 and 1951;

(*b*) the number of deaths of communist under-trials in this lockup in 1950 and 1951.

(*c*) the number of persons reported missing under suspicious circumstances within the territorial jurisdiction of Alwaye and Edappally Police Stations; and

(*d*) the result of investigations in each case and the number of cases registered in this connection for culpable homicide?

*Minister for Home Affairs* **(Shri T. M. Varghese):**

(*a*) Nil.

(*b*) Nil.

(*c*) One case of missing of a person was reported in the Edappally Station.

(*d*) No case was reported and registered either as culpable homicide or otherwise.

### ALWAYE PALACE

***131.** [134] **Shri M. M. Abdul Khader:** Will the Minister for General Administration be pleased to state:—

(*a*) the aggregate house rent paid in 1951 for housing Government offices and godowns at Alwaye; and

(*b*) is it a fact that the Alwaye Palace is lying vacant and that it is spacious enough to accommodate all the offices at present housed in rented buildings?

*Chief Minister* **(Shri A. J. John):**

(*a*) It is regretted that it is not possible, within the limited time available, to collect the required infprmation.

(*b*) The Alwaye Palace is not intended for accommodating Government offices.

<u>പിന്നോക്കസമുദായ എൻക്വയറി കമ്മിററിയുടെ റിപ്പോർട്ട്</u>

* ൧൩൨. (൧൩൭) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അവശസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:—

(എ) ശ്രീ. ഇ. ഭാസ്കരൻ കൺവീനറായിരുന്ന പിന്നോക്കസമുദായ എൻക്വയറി കമ്മററി എന്തു റിപ്പോർട്ട് സമർപ്പിച്ചു;

(ബി) റിപ്പോർട്ടിലെ താല്പര്യമനുസരിച്ച് സക്കാർ പ്രവത്തിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൧൯൫൧ ഏപ്രിൽ ൧൦-ാംതീ.

(ബി) പ്രസ്തുത റിപ്പോർട്ട് ഗവമ്മെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുകയാണ്.

## Unstarred Questions

<u>ചേലക്കര പഞ്ചായത്തുവക വണ്ടി</u>

൨൦. (൨) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) ചേലക്കര പഞ്ചായത്തിൽ പെട്ട സ്ഥലങ്ങൾ വൃത്തിയാക്കുന്നതിന് ഉപയോഗിച്ചിരുന്നവണ്ടി കേടുവന്നതിനാൽ പുതിയവണ്ടി അനുവദിക്കുന്നതിന് വല്ല അപേക്ഷയും പഞ്ചായത്തു പ്രസിഡണ്ടിന്റെ പക്കൽനിന്നു കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്ന്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ൧൯൫൧ ജനവരി.

<u>യാചക ദുരിതനിവാരണം</u>

൨൧. (൪) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട യാചക ദുരിതനിവാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

യാചക ദുരിതനിവാരണത്തിന് വല്ല പദ്ധതിയും ഗവമ്മെൻറിനുണ്ടോ?

<u>ഉത്തരം</u>

യാചക ദുരിതനിവാരണം സംബന്ധിച്ച് ഇപ്പോൾ തിരുവിതാംകൂർ വിഭാഗത്തിൽ, Travancore Prevention of Begging Act XIII of ൧൧൨൦-ാം, കൊച്ചിൻ വിഭാഗത്തിൽ Cochin Vagrancy Act XXI of ൧൧൨൦-ാം നടപ്പിൽ ഇരിക്കുന്നു. തിരുവിതാംകൂറിലുള്ള നിയമം, തിരുവനന്തപുരം സിററിക്കകത്തും, ആലപ്പുഴ, നാഗർകോവിൽ, കോട്ടയം മുതലായ മുൻസിപ്പൽ അതിർത്തികളിലും നടപ്പിൽ ഇരിക്കുന്നു. കൊച്ചിയിലുള്ള നിയമം, എറണാകുളം, മട്ടാഞ്ചേരി, തൃശ്ശിവപേരൂർ എന്നീ മുൻസിപ്പൽ

അതിർത്തിക്കകത്തു ഉൗജ്ജിതത്തിലും ഇരിക്കുന്നു. ഈ സ്ഥലങ്ങളിൽ ഓരോ Beggar Relief Centre (ദുരിതനിവാരണ കേന്ദ്രങ്ങൾ) പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറ് അധീനത്തിൽ നടത്തിവരുന്നു. കൂടാതെ നാഗർകോവിൽ, ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ഓരോ അനാഥമന്ദിരം അതാതു് മുൻസിപ്പാലിററിയുടെ കീഴിൽ ഉണ്ടു്. തിരുവനന്തപുരത്തു ശ്രീ ചിത്തിരാഹോം എന്ന നാമത്തിൽ ഒരു അനാഥമന്ദിരം ഉണ്ടു്. ഇതിനു സക്കാരിൽനിന്നും പ്രതിവഷം ൩൨, ൦ ൦ ൦ രൂപാ ഗ്രാൻറ് കൊടുത്തു വരുന്നു പ്രൈവററ് അനാഥ മന്ദിരങ്ങൾക്കും സക്കാരിൽനിന്നും ഗ്രാൻറ കൊടുത്തുവരുന്നു. മേൽപറഞ്ഞതു കൂടാതെ തിരുവിതാംകൂർ–കൊച്ചിക്കു ഒരു പൊതുനിയമം ഉണ്ടാക്കാൻ വേണ്ട നടപടികൾ നടത്തിവരുന്നുണ്ടു്. ആ നിയമം നടപ്പിൽവന്നശേഷം യാചക ദുരിതനിവാരണം സംബന്ധിച്ചു് ഒരു പൊതുവായ പദ്ധതി ഉണ്ടാക്കാൻ ഗവമ്മെൻറ് വേണ്ട നടപടി നടത്തുന്നതാണു്.

## TEXT BOOK OFFICER

**22.** [5] **Dr. N. Sankara Pillai** : Will the Minister for Education be pleased to state.—

(*a*) whether Government have received complaints about the present text book officer;

(*h*) if so what is the nature of the complaints about him;

(*c*) what action has been taken so far on the complaints?

*Answer.*

Government have not received complaints about the Officer.

## PRIMARY SCHOOLS

***23.** [6] **Dr. N. Sankara Pillai** : Will the Minister for Education be pleased to state.—

(*a*) whether they have received any complaints about the scarcity of teachers in departmental primary schools;

(*b*) what steps have been taken to remedy them;

*Answer.*

(*a*) Yes.

(*b*) The required number of teachers have since been posted to the schools.

## DUMPING GROUND

**24.** ]7] **Shri Achutha Menon** : Will the Minister for Public Health be pleased to state.—

(*a*) whether repeated representations from the local people have been received for the removal of the Laloor dumping ground from its present site ;

(*b*) whether Government have promised to do the same several times ;

(*c*) if so, what steps if any have the Government taken to implement the promise ; and

(*d*) if no steps have been taken, why ?

*Answer*

(*a*) No.

(*b*). (*c*) & (*d*) These questions do not arise.

### TEACHERS

25. [13] **Shri Krishnan Nair:** Will the Minister for Education be pleased to state.—

(*a*) the number of thrownout teachers now in service in the departmental primary schools in the Travancore area;

(*b*) the age fixed for their retirement from service; and

(*c*) the age of retirement in the case of surrender school teachers?

*Answer*

(*a*) 1043.

(*b*) 55.

(*c*) 55; but such of those as are not eligible for any pension whatsoever at the time of retirement on superannuation are re-entertained and allowed to continue in service till their 60th year of age.

### TEXT BOOK COMMITTEE

26. [14] **Shri Krishnan Nair:** Will the Minister for Education be pleased to state.—

(*a*) whether the Government have included representatives of teachers in the Text Book Committee now functioning;

(*b*) if not the reasons for not including them?

*Answer*

(*a*) Yes.

(*b*) Does not arise.

### Adjournment Motion re. Relieving of Teachers

**Mr. Speaker:** Order. Order. The time for questions is over.

**12 Noon]** I have received certain adjournment motions. One is from hon. Shri. Krishnan. This is with reference to some teachers, who have been relieved of their duties. Has the Minister in charge anything to say regarding facts?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ൪൯ അദ്ധ്യാപകന്മാരെ പിരിച്ചുവിടുന്നതിന് അടുത്തദിവസംതന്നെ ഗവൺമെന്റ ആർഡർ അയച്ചിട്ടുണ്ട്. അതു് ഇക്കൊല്ലത്തെ ഒരു പുതിയ നടപടി അല്ല. അവരെ താല്ക്കാല ഒഴിവുകളിൽ നിയമിച്ചിട്ടുള്ളതാണ്. ട്രെയിനിംഗിന് പോയിട്ടുള്ള അദ്ധ്യാപകന്മാരുടെ ഒഴിവിലും അവധി എടുത്തിട്ടുള്ള അദ്ധ്യാപകന്മാരുടെ ഒഴിവിലും ആണ് അവരെ നിയമിച്ചിട്ടുള്ളതു്. അവർ മടങ്ങിവരുമ്പോൾ അവരുടെ സ്ഥാനങ്ങളിൽ നിയമിച്ചവരെ പിരിച്ചയക്കുക സാധാരണ പതിവാണ്. എന്നാൽ കഴിഞ്ഞ ഒന്നുരണ്ടു കൊല്ലങ്ങളിൽ അങ്ങനെ ചെയ്തിട്ടില്ല. അന്ന് അദ്ധ്യാപകന്മാരുടെ സംഖ്യ കുറവായിരുന്നു. ഇപ്പോൾ ധാരാളം അദ്ധ്യാപകന്മാരെ കിട്ടിയിട്ടുള്ളതുകൊണ്ട് അവരെ പിരിച്ചയക്കേണ്ടതു് അത്യാവശ്യമായിരിക്കുകയാണ്. എന്നാൽ അവരെ റിസർവ് അദ്ധ്യാപകന്മാരായി വയ്ക്കുവാൻ വിദ്യാഭ്യാസഡയറക്ടർ ശുപാർശചെയ്തതുകൊണ്ട് അവരെ റിസർവിൽ വയ്ക്കുവാൻ ഗവൺമെന്റ തീർച്ചയാക്കിയിട്ടുണ്ട്. അതുകൊണ്ട് കഷ്ടപ്പമുണ്ടാകുവാൻ വഴിയില്ല.

**Mr. Speaker:** As the facts mentioned in the motion are incorrect and as the explanation given is satisfactory, I do not find my way to allow this adjournment motion. Therefore, it is ruled out.

**Shri Achutha Menon:** Sir, on a point of order. I have given notice of an adjournment motion. May I know what happened to that?

**Mr. Speaker:** I have received three other motions also. Those motions are not admissible *prima facie*. There is no necessity for the Speaker to mention that fact in the House. Now we will proceed to the General Discussion of the Budget.

## General Discussion of the Budget

**Shri E. P. Varghese:** May I know, Sir, the time allotted for this discussion?

**Mr. Speaker:** Today, the House will rise for lunch at 12-30 and reassemble at 2-30. So we may barely have 150 minutes for the general discussion. Therefore, it would be better if a member takes not more than 15 minutes although even that may not enable many of the members to take part in the discussion, It is only a temporary budget limited for a period of four months. Tomorrow also the budget debate takes place and that will enable more hon. Members to take part in the discussion. I hope that the House will agree to this proposal.

**Shri O. C. Ninan:** Sir, many members desire to speak on the budget. I suggest the time allotted to each member may be reduced a little more.

**Mr. Speaker:** I have no objection. But, I should like to know the sense of the House.

**Shri P. S. Nataraja Pillai:** On that point I would like to have clarification from the Chair. Yesterday you ruled, Sir, that no token motion shall lie on the present demand. We can only move for a total reduction of the items on the demand paper now. That means that policy cannot be adequately discussed, for the motion is for a total omission for the working of the whole department. Therefore, I would like to have a ruling, Sir, that if we want to advocate a particular policy, under which item we should do it, and also to consider whether it will not be better and more conducive to an effective discussion if we adopt the policy that was adopted in the Central Legislature in 1950 of having a general discussion for two days and putting each item to vote. And, if the House wants, it can take the demands item by item and it can be put to the vote item by item. Therefore, I would suggest for the consideration of the House whether it will not be better to have two days set apart for the general discussion as was done in 1950 in the Central Legislature and then vote on the items at a particular time, or whether we should go by the other process of giving notice of the motion.

**Shri Panampilly Govinda Menon:** May I just draw the attention of the Chair to the provisions of Rule 52 of the Legislative Assembly Rules which refers to this question? This rule shows that on this question there can only be one vote before the House, i. e., the motion made by the Government. This motion has to be put to the vote of the House. The Rule is that "a motion for vote on account shall be dealt with in the same way as if it were a demand for grant." So, there will be a general discussion and there will be one vote. That appears to be the intention of the Rule, and the Chair has been pleased to state this clearly in the statement on the procedure to be adopted on the motion for vote on account.

**Mr. Speaker:** On going through this question, I find that the Central Legislature has adopted one method and the State Legislature of Madras a

different method. But anyhow, as suggested by the Minister in charge of Finance, I find that there is only one demand that will be put to the vote of the House. Therefore, at the end of the discussion, the Chair will put the whole demand to the vote of the House.

**Shri P. S. Nataraja Pillai:** Yesterday, it was stated here, Sir, that members can move for a reduction. Suppose I move for a reduction on item No. 1, then, should it not be put to vote? Sir, I am of the view that each item will have to be put to vote.

**Mr. Speaker:** There may arise more doubts regarding this vote on account. So, I should like to give a general idea about the way we are expected to proceed. Vote on account, the hon'ble Members must understand, is intended to make provision in advance for the expenditure required by Government for a portion of the coming year pending the vote of the legislature on the complete budget in due course. This is intended to avoid the detailed budget being passed in a hurry. The present demand is for the advance grant of four months' expenditure required for the coming year. The schedule appended to the motion shows the figures. Those figures also show the net estimate of expenditure for the coming year and the amount to be voted for a period of four months of the year. According to parliamentary practice, a vote-on-account-motion states the total sum required and the various amounts needed for each department which compose that sum as stated in the schedule. Upon that, the chair puts the whole grant for the decision of the House. Amendments can be moved for the reduction or omission of the items of which the grant is composed. Now, I think that is a general understanding about the way we are to proceed with reference to the vote on account during the general discussion when the members move amendments.

**Shri R. Kesava Pillai:** Sir, as per the rules we are entitled to vote for a reduction of the whole grant.

**Shri Panampilly Govinda Menon:** May I point out, Sir, that according to the statement that has been made, a member is entitled not to move a cut but to move an amendment and that amendment may be in respect of the total figure for which the motion is made or for a particular portion which goes to compose the total figure. So, the motion is an amendment and not a reduction of this item or that. And, the operation of the amendment is neither on the total figure nor on a particular grant.

**Shri P. S. Nataraja Pillai:** As a matter of fact, we have not worded it as an amendment to the motion.

**Mr. Speaker:** Necessary papers have been circulated to the members showing that these motions were accepted as amendments. I ruled the other day that token motions are not possible to be moved but those motions will be considered as amendments. If amendments are carried, the whole motion is adopted subject to those amendments.

**Shri Ravindran:** Is it not necessory that a demand under which an item is brought, is presented by the Minister concerned?

**Mr. Speaker:** That is not necessary. The procedure that I suggested is the one that is followed in the Central Legislature. But Madras followed the procedure suggested by the hon'ble Member. I do not say that it is wrong. In my opinion it is better to discuss the whole demand whatever be the nature of the amendments the hon'ble Members may move.

**Shri E. P. Varghese:** I wish to make a few observations.

**Mr. Speaker:** Order, Order. I will now call upon the Deputy Speaker to speak.

ശ്രീ. കെ. പി. കൃഷ്ണമേനോൻ (Deputy Speaker): സർ, ൧൬ ദിവസംമുമ്പ് ചാർജ്ജ് എടുത്തിട്ടുള്ള മന്ത്രിസഭയ്ക്കു ഇത്രയും വേഗത്തിൽ ഒരു ബഡ്ജററ ഹാജരാക്കുവാൻ സാധിച്ചിട്ടുള്ളതിൽ മന്ത്രിസഭയേയും പ്രത്യേകിച്ച് ധനകാര്യമന്ത്രിയേയും ഞാൻ അനുമോദിക്കുന്നു. ഇന്ന് നമ്മുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് നാലുമാസത്തേയ്ക്കു മാത്രമുള്ളതാണെന്നും പുതിയ മന്ത്രിസഭയുടെ നയങ്ങൾ ഇതിൽനിന്ന് വ്യത്യസ്തപ്പെടുന്നതാണെന്നും ഞാൻ മനസ്സിലാക്കുന്നു. ഈ മാതിരിയുള്ള ഒരു ബഡ്ജററ് ഒരു മാസംകഴിഞ്ഞു ഈ നിയമസഭ മുമ്പാകെ അംഗീകാരത്തിന് കൊണ്ടുവരുമ്പോൾ മന്ത്രിസഭ ഓർമ്മിക്കേണ്ട ചില ചില്ലറ കാര്യങ്ങളെ ഓർമ്മിപ്പിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യത്ത് ഇന്ന് ഏററവും വിഷമമേറിയ ഒരു പ്രശ്നമാണ് ഭക്ഷ്യപ്രശ്നം. അതിലേക്ക് ഈ ഗവമ്മെൻറ ധാരാളം രൂപാ ചിലവുചെയ്യുന്നുണ്ടെങ്കിലും അത് ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തേയും, വിശേഷ്യാ പറവൂർ താലൂക്കിനേയും സംബന്ധിച്ചിടത്തോളവും വളരെ അസ്ഥാനത്താണെന്ന് പറയാതെ നിവൃത്തിയില്ല. ഈ താലൂക്കിൽ ആവണംകോട് സ്കീം എന്നു ഒരു സ്കീം വളരെ പണം ചെലവാക്കി നടത്തുന്നുണ്ട്. പരമാർത്ഥം പറയുകയാണെങ്കിൽ അതു പണം ദുർവ്വിനിയോഗം ചെയ്യുകയാണ് ചെയ്യുന്നത്. ഇത്രപണം ചിലവാക്കി നടത്തുന്ന ഈ സ്കീംകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരുതുള്ളി വെള്ളംപോലും ഇതിൽനിന്നും കിട്ടുന്നില്ല. ഇതെല്ലാം മന്ത്രിമാരുടെ പ്രത്യേക ശ്രദ്ധയിൽ പതിയത്തക്കവണ്ണം അവർ ഈ സ്ഥലം സന്ദർശിച്ച് ഇനിയെങ്കിലും ഇതിനെ ഒരു പ്രയോജകരൂപത്തിൽ എത്തിച്ചേർക്കേണ്ടതാണ്.

നമ്മുടെ ബഡ്ജററിൽ എന്തെങ്കിലും ചെലവ്, അതായത് കാര്യമായ ചെലവ് കുറയ്ക്കണമെങ്കിൽ രാമസ്വാമിഅയ്യരുടെ കാലത്ത് ഇവിടെ ഉണ്ടായിരുന്നതുപോലെ ഉള്ള Red tapism നിറുത്താതെ തരമില്ല. അതു നിറുത്തുന്നതിന് മന്ത്രിമാർ യാതൊരു നടപടിയും നടത്തിയിട്ടില്ല. ഇനിയെങ്കിലും ഇതിനു ആവശ്യമായ നടപടിയെടുക്കുകയും അത്യാവശ്യമായ സ്റ്റാഫിനെക്കൊണ്ട് ഭരണം നടത്തിക്കുകയും ചെയ്യുന്നതു് നന്നായിരിക്കുമെന്നു് എനിക്കു് അഭിപ്രായമുണ്ട്. ഇവിടെ ഒന്നുരണ്ടു ഉദാഹരണങ്ങൾ എങ്കിലും പറയാതിരുന്നാൽ അതു് ഉചിതമല്ല. ഒരു മെമ്പർ ഇവിടെ എത്ര ഡിസ്ട്രിക്ട് കളക്ടറന്മാർ ഉണ്ടെന്നു് ചോദിക്കുകയുണ്ടായി. ഇത്തരം ചോദ്യങ്ങൾപോലും തഹസീൽദാരന്മാർക്കും പിന്നെ പാർവ്വത്യകാരന്മാർക്കും അയക്കുന്ന ഒരു പതിവുണ്ട്. ഇതു് നിറുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതുപോലെതന്നെ ഒരു ഡിസ്പെൻസറി കെട്ടിടം ആ ആവശ്യത്തിനു് ഉപയോഗിക്കാവുന്നതാണോ എന്നു ചോദിച്ചാൽ അതു് ചീഫ് എൻജനീയർ മുതൽ സെക്ഷൻ ആഫീസർവരെ, ചിലപ്പോൾ മേസ്ത്രിവരെ പോകുകയും അവിടെനിന്നും ഉള്ള റിപ്പോർട്ട് തിരിയെ ചീഫ് എൻജിനീയരുടെ അടുക്കൽവന്നു് പിന്നീട് അതു് സർജൻ ജനറലിനു് പോയി തീരുമാനിക്കുകയുമാണ് പതിവു്. ഈ കാലതാമസവും അനാവശ്യമായ എഴുത്തുകുത്തുകളും തുടരേണ്ട യാതൊരു കാര്യവുമില്ല. ഇനി വേറൊരു കാര്യംകൂടി പറയുവാനുണ്ട്. ഇവിടെ അലങ്കാരത്തിനായി ഒരു ഡിപ്പാർട്ടുമെൻറുണ്ട്. അതു് ഇവിടത്തെ ഡിപ്പാർട്ടുമെൻറുകളുടെ പട്ടികയിൽനിന്നും നീക്കം

ചെയ്യണം. ഞാൻ ഉദ്ദേശിക്കുന്നതു് സഹകരണഡിപ്പാർട്ടുമെന്റാണു്. ഈ മാതിരി ഒരു ഡിപ്പാർട്ടുമെന്റ് ഇവിടെ ആവശ്യമില്ലെന്നാണു് എന്റെ വ്യക്തമായ അഭിപ്രായം. സഹകരണസംഘങ്ങൾ പരിശോധിക്കുന്നതിനു് ആവശ്യമായ സൂപ്പർവൈസിംഗ് യൂണിയനുകളും അവയെ നിയന്ത്രിക്കുന്നതിനു ഒരു സഹകരണ ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ടു്. ഇവയെല്ലാം അനൗദ്യോഗസ്ഥ സ്ഥാപനങ്ങളാണു്. ഇവയ്ക്കെല്ലാം ന്യായമായ ഗ്രാന്റ് കൊടുക്കുന്നപക്ഷം ഇപ്രകാരമുള്ള ഒരു ഡിപ്പാർട്ടുമെന്റ് നമ്മുടെ പട്ടികയിൽനിന്നും നീക്കംചെയ്യാൻ സാധിക്കുന്നതും അങ്ങനെ നാലുലക്ഷം രൂപ നമുക്കു് ലാഭിക്കുന്നതുമാണു്. ഉടനടി ഇതു് നിറുത്തുവാൻ നിർവ്വാഹമില്ലാത്തപക്ഷം സർക്കിൾ ഇൻസ്പെക്ടർമാരുടെ പരിധി വർദ്ധിപ്പിക്കുകയും ഒരു ചുരുങ്ങിയ കാലഘട്ടംകൊണ്ടു് ഈ ഡിപ്പാർട്ടുമെന്റു നിറുത്തുവാൻ തക്ക നടപടി എടുക്കേണ്ടതുമാണു്. പിന്നീടു് ബഡ്ജറ്റിലുള്ള ഒരു സംഗതി ചിട്ടി ആഡിറ്റർമാർ ആണു്. ആവശ്യമുള്ള ആഡിറ്റർമാർ ഇവിടെ ഉള്ളതുകൊണ്ടു് അതായതു് സർട്ടിഫൈഡ് ആഡിറ്റർമാർ ഇവിടെ ഉള്ളതുകൊണ്ടു് അവരെക്കൊണ്ടു് ഈ ചിട്ടി കണക്കുകൾ ആഡിറ്റു ചെയ്യിക്കുകയും അങ്ങനെ ചിട്ടി ആഡിറ്റർമാരെ കുറയ്ക്കുകയും ചെയ്യാവുന്നതാണു്. വേറൊന്നു്, സാമ്പത്തിക പരിതഃസ്ഥിതിയെ അടിസ്ഥാനപ്പെടുത്തി ഇന്നു് സബ്‌രജിസ്ട്രാർ കച്ചേരികളിൽ ജോലിക്കു് വളരെ കുറവുണ്ടു് എന്നാണു്. അതിനാൽ സബ്‌രജിസ്ട്രാർ കച്ചേരികളുടെ എണ്ണം കുറയ്ക്കുകയും തൻമൂലം ഈ കച്ചേരികളിൽ കൂടുതലായി വച്ചിട്ടുള്ള സ്റ്റാഫിനെ കുറയ്ക്കുകയും ചെയ്യാവുന്നതാണു്. ഈ മാതിരി പല കാര്യങ്ങളിലും ഇന്നത്തെ മന്ത്രിസഭയുടെ സത്വരശ്രദ്ധ പതിയുകയും സാധാരണ ജനങ്ങളുടെ പ്രതീക്ഷയ്ക്കു തക്കവണ്ണം വേണ്ട കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്തുകൊണ്ടു് ഒരു മാസത്തിനകം തന്നെ സാമാന്യജനങ്ങളുടെ ആവശ്യങ്ങൾക്കു് അനുരൂപമായ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുകയും ചെയ്യുവാൻ മന്ത്രിമാർ ശ്രദ്ധിക്കുകയും ചെയ്യുമെന്നു് വിശ്വസിക്കുകയും അതോടുകൂടി ഇത്തരമുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിൽ ധനകാര്യമന്ത്രിയെ അനുമോദിക്കുകയും ചെയ്തുകൊണ്ടു് Vote on Account എല്ലാവരും യോജിച്ചു് പാസാക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

**Shri E. P. Varghese :** Sir, I would like to make a few general observations on the Budget that has been presented to us. With the full confidence that we will get an ample opportunity to disccuss the full Budget, Sir, I wish to make only a few observations on the general policy of the Government. It has been said that good government is no substitute for self-government and so we have the right to govern well or govern ill. But I cannot subscribe fully to that Gladstonian dictum. I think the time has come when we have to take notice of the changed circumtances and say that we have a duty to govern well and that we have no right to govern ill. If we cannot govern well, it is our duty to quit and allow somebody else to govern well. I am sure that we should try to govern well. The only thing is that those responsible for the Government should be earnest. In the Congress Party that has been in power during the last four years there seems to be a bankruptcy of statesmanship. Even now it is so. I find many mistakes even in the initial stages. It has been said that they should have asked for a vote of confidence. I say that they thought that they would have the confidence of the House on the promise of some party or

[Shri. E. P. Varghese]

other. But I find that they had been deserted by those parties. We want to see that good Government is carried on here. We want to put the party in power in straight jackets. We will not allow the Government to carry on as they like, as they have been doing in the past. We will be watching the Government's various activities very vigilantly and we hope that the party in power will take note of all this and try its best to govern well. We have been sent here as responsible legislators to help the party in power to carry on the Government well and we must put our heads together and find ways and means to keep the administration strong and steady. Ordinarily, under the circumstances, you should have tried to form a coalition Ministry to keep the Government stable. But some how or other, the party in power thought otherwise and I do not know whether this party has judged correctly and acted correctly in taking up the administration with such an unstable majority. It is not known, without a majority of the House, how long you will govern. Eve n if you govern, it is doubtful whether you will be able to govern well. Sir, I find that the various departments of the government have become very loose. I have seen the administration in the past, during the days of the Dewanship, and so I can very well compare the administration of the Congress Party with that in the past. And I muat say that the Government have become very loose. There is no discipline in many departments and particularly in the schools. It is because the Government is not strong. If the Government with a majority as in the last Legislature could not do it, I wonder how it is going to be possible now. So, it is time that the party in power found ways and means of forming a stable Government. It is now easy for one or two of us to throw out this Government, But it will not be an achievement. The achivement lies in finding ways and means to establish a strong and stable Government. One or two members of this House can send this Govern ment out of office. But that is not an achievement, and I do not gloat over it. We have not been sent here to dissolve the Legislature and return to the country every alternate month. But that is not to be taken for an assuarance that we will keep this Government in office whatever they do. If they govern for the good of the people we will keep them; if they go on indulging in corruption or nepotism, as in the past we will not tolerate they must see that they have not an itchypalm.

Sir, on a casual reading of the Finance Minister's speech, I find that it has nothing new. It is an ordinary replica of the old budge.t. In spite of the huge expenditure on education, nearly one-fourth of the State's revenue, the teachers in the primary schools are discontented. They say they have to go on for ten to twelve years on what is called the basic pay with no increment. In the Rajpramukh's speech, enunciating the policy of the Government, I do not find any promise of any new step to ensure the security of services of the staff in the factories. They are turned out at any time without considering the fact that they have put in long years of service or not, We have a law in this couutry to prevent the eviction of tenants. There is a fear to send away labourers in factores, but there seems to be no fear in the employers' mind to send away their staff any time. Sir, some provision ought to be made to make their position secure. We must remember that the people will not take all these things lying down. They may seek relief from else where from Stalin or Russia as same of our friends have doue. So, if we in this country do not want a dictatorship of the proletariat, our friends in power, the party in power, must see that they do not follow their old ways, but most mend their ways and take a new step and lead the country to prosperity.

Sir, we have heard a lot of charges ahout the Congress Ministry. It is all about the past Ministry. As it is the same party that was ruling then it will not be out of place to warn the present Government that if they do not ment their ways,, they would be thrown out. If they follow the old policy their strength will be further reduced. The country has not given them the necessary strength as a party to govern. But many of the old members have been returned. I am glad about it. But they will take the lesson from the last election, and mend their ways, or will be forced to end them.

**Mr. Speaker:** The House will now adjourn and meet again at 2-30 P. M.

*The House rose for lunch at 12-30 p.m. and re-assembled at 2-30 p.m. with Mr. Speaker in the Chair.*

**Shri. E. P. Varghese:** Communalism has been the bane of this country and it has stood in the way of many a good administration. I thought that with the coming of the Congress party into power, this bane of communalism would be at an end. But I find, Sir, that it is still alive and kicking. And to my great disappointment, I have to say that it is showing its ugly hoofs even in the party in power. I have had occasion to protest against such communal rivalry in the part. It has been the habit or custom of certain sections to snatch all places of power and position by whatever means possible. But I thought I would have had no occasion to see it again and repeat my protest.

**Mr. Speaker:** Order, order. For the information of hon. Members, I would like to bring to the notice of the House the fact that it is not according to parliamentary practice to cross the floor of the House between the Speaker and the Member who is addressing the House.

**Shri. E. P. Varghese:** I do not want to dwell on that subject any more, but I hope the party in power will see that this country is not again thrust into the communal rivalries which have been the bane of this country for so long, and against which, I for my part, have loudly protested. I hope will not be forced to take up such a position hereafter.

It is not for me to congratulate the hon. Finance Minister now. I would rather watch and see, I would wait for the whole budget for reviewing the financial policy of this Ministry. But I would expect this ministry will do something in the way of reform of land policy. So far as a reform in land policy is concerned, it is very badly needed. Unless this Government is going to make a very forward and progressive policy with regard to land, I think it will not be justified in being here. We know that there is a cry for land, and there is not enough land in this country to distribute for all, still it should be our endeavour to give some land to the tillers—some land of which they shall be absolute owners. That means they must be made absolute owners of the land which they cultivate. Sir, I would once more appeal to this house to help the party in power to carry on the administration. As I said, it is no achievement to send the party out of power but it will be an achievement for all parties if we can carry on the administration not in any way, as I said, but as well as we can. If we say that we are helpless in forming a good Government and go back to the country, I think the country will not congratulate us. You must find out means to carry on the administration well, even with the present composition of the House. I do not think it will be very difficult. I for my part would prefer the Congress party, not as it is at present composed in this House, but as a party to an administrator

[Shri. E. P. Varghese]

and I would prefer an administrator to a communist regime. I have finished. I hope the House will see its way to fully realize its responsibility and act accordingly. I for my part am fully conscious of my responsibilities. I have no quarrel with any one. I have come here to co-operate for the good of the country, not as of old but as a free legislator.

ശ്രീ. ടി. വി. തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെ അനുമോദിക്കാനോ പിൻതാങ്ങുവാനോ നിവൃത്തിയില്ലാതെവന്നതിൽ ഞാൻ ഖേദിക്കുന്നു. അതുമാത്രമല്ല ഈ ബഡ്ജററ് ഈ സഭയിൽ അവതരിപ്പിച്ചതുതന്നെ അവമാനകരമാണെന്നു ഞാൻ വിശ്വസിക്കുന്നു. പ്രായപൂർത്തിവോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പിനുശേഷം ആദ്യമായി സമ്മേളിക്കുന്ന ഈ നിയമസഭയിൽ ഞങ്ങൾ വളരെയെല്ലാം പ്രതീക്ഷിച്ചു. സ്റേററ് കോൺഗ്രസ് പാർട്ടിയുടെ പുരോഗമന സ്വഭാവംകൊണ്ടോ നേതൃത്വത്തിന് സന്മനസ്സ് ഉണ്ടാകുമെന്നു പ്രതീക്ഷിച്ചോ അല്ല, നേരെമറിച്ച് ബുദ്ധിശൂന്യമായ ഒരു നില പണ്ഡിതനും ബുദ്ധിമാനുമായ ധനകാര്യമന്ത്രി സ്വീകരിക്കുകയില്ലെന്നു വിചാരിച്ചതായിരുന്നു ഞങ്ങളുടെ പ്രതീക്ഷയുടെ അടിസ്ഥാനം. ന്യൂനപക്ഷമായ കോൺഗ്രസ്പാർട്ടി അധികാരത്തിൽ പിടിച്ചുനിൽക്കുന്നതിനുവേണ്ടിയും പൊതുജനങ്ങളെ കബളിപ്പിക്കുന്നതിനുവേണ്ടിയും തന്ത്രപരമായ ഒരു നില സ്വീകരിക്കുമെന്നു ഞാൻ വിശ്വസിച്ചു. എന്നാൽ ബഡ്ജററിൽ പൂർണ്ണമായ ഒരു ശൂന്യതയാണ് കാണുന്നതു്. വെറുതേ എന്തെങ്കിലും പറയുകയല്ലെന്നും ചുമതലയോടുകൂടിതന്നെയാണ് പറയുന്നതെന്നും ആദ്യമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മനസ്സിൽ തോന്നിയ യഥാർത്ഥ അഭിപ്രായം നാട്ടിൻെറ നന്മക്കുവേണ്ടി തുറന്നു പറയുകയാണ് ചെയ്യുന്നതു്. അതുമാത്രമാണ് ഞങ്ങളുടെ ഉദ്ദേശമെന്നും വ്യക്തമാക്കിക്കൊള്ളുന്നു. ഇങ്ങനെ ഒരു ബഡ്ജററ് ഈ അവസരത്തിൽ അവതരിപ്പിക്കുന്നതിന് അവരെ പ്രേരിപ്പിച്ച കാര്യം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. രാജപ്രമുഖൻെറ പ്രസംഗത്തിന് എതിരായി വന്ന ഭേദഗതികൾക്ക് മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, രാജപ്രമുഖൻെറ പ്രസംഗത്തിൽ വെറും സൂചനമാത്രമേ കാണുകയുള്ളുവെന്ന്. ബഡ്ജററ് അവതരിപ്പിക്കുമ്പോൾ എന്തെങ്കിലും സൂചനയുടെ പരിധിവിട്ട വ്യക്തമായ ചില പരിപാടികളും പോളിസി സ്റേററുമെൻറുകളും കാണുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചു. ഇപ്പോൾ പറയുന്നതു് ഈ ഗവമെൻറിന് ൯൦ ദിവസത്തെ പ്രായംമാത്രമേ ആയുള്ളുവെന്നും അതുകൊണ്ടു് ഒന്നും ആസൂത്രണം ചെയ്യാൻ സാധ്യമായില്ലെന്നുമാണ്. എനിക്കു ചോദിക്കുവാനുള്ളതു് ഈ മന്ത്രിസഭ കഴിഞ്ഞ നാലുവർഷക്കാലമായി ഭരണം നടത്തിയ പാർട്ടിയുടെ മന്ത്രിസഭയല്ലേ എന്നാണ്. ഇവക്ക് ൯൦ ദിവസത്തെപ്രായം മാത്രമേയുള്ളു എന്നു പറയുന്നതിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഇവർ തെരഞ്ഞെടുപ്പിൽ പൊതുജനങ്ങളെ നേരിട്ട സന്ദർഭത്തിൽ ഒരു മാനിഫെസ്റ്റോവെച്ചിരുന്നു. അതിൻെറ അടിസ്ഥാനത്തിലെങ്കിലും ഒരു ബഡ്ജററ് അവതരിപ്പിക്കാൻകഴിയുകയില്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്. എന്തെല്ലാം നിർബ്ബന്ധിതസാഹചര്യങ്ങളുണ്ടെങ്കിലും പുരോഗമന പന്ഥാവിൽക്കൂടി ഒരടിപോലും മുമ്പോട്ടു പോകാൻ സാധ്യമല്ലാത്ത ചട്ടക്കൂട്ടിൽ

ഇന്നധികാരത്തിലിരിക്കുന്ന പാർട്ടി പെട്ടിരിക്കുന്നു എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഇന്നു നാട്ടിനെ നേരിടുന്ന ചൂടുപിടിച്ച പ്രശ്നങ്ങൾക്കു മറുപടി കാണാൻ യാതൊരു ശ്രമവും ചെയ്യുന്നതായി ഈ ബഡ്ജററിൽനിന്നും കാണാൻ കഴിയുന്നില്ല. ഇങ്ങനെ പറയുമ്പോൾ ഒരുപക്ഷെ ധനകാര്യമന്ത്രി പറയുമായിരിക്കും ഞങ്ങൾ രാഷ്ട്രീയ ശിശുക്കളാണെന്നു്. അദ്ദേഹം അങ്ങനെ പറിഞ്ഞിട്ടുമുണ്ടു്. അദ്ദേഹത്തോടു് പറയാനുള്ളതു് വളന്നു മുരടിച്ചു് വളർച്ച മുട്ടിയ നിലയേക്കാൾ വളരാൻ കഴിവുള്ള ശിശുവായിക്കഴിയാനാണു് ഞങ്ങൾ ആഗ്രഹിക്കുന്നതെന്നാണു്. വളരാൻ നിവൃത്തിയില്ലാത്തവണ്ണം വളന്നു മുരടിച്ചു നിൽക്കുന്ന അവരെക്കാൾ അഭിമാനകരമായ ഒരു നിലയാണു് ഞങ്ങളുടേതെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, ഇതു് ഒരു ബഡ്ജററാണോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. ഒരു ബഡ്ജററ രൂപീകരിക്കുമ്പോൾ നാട്ടിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുവേണ്ടി എന്തെങ്കിലും വ്യക്തമായ ഒരു പോളിസി അതിലടങ്ങിയിരിക്കും. ആ നിലയിൽ നോക്കിയാൽ ഇതു് ഒരു ബഡ്ജററ് എന്ന പേരുപോലും അർഹിക്കുന്നില്ലെന്നാണു് എനിക്കു പറയാനുള്ളതു്. ഈ ബഡ്ജററ് വായിച്ചപ്പോൾ ഒരു റസീവർ ഭരണത്തിന്റെ പ്രതീതിയാണു് തോന്നുന്നതു്. ഏതെങ്കിലും കുടുംബത്തിൽ അംഗങ്ങൾ തമ്മിൽ സ്വത്തുസംബന്ധിച്ചു് തർക്കമുണ്ടാകുമ്പോൾ കോടതിയിൽനിന്നും ഒരു റസീവരെ വയ്ക്കും. ആ റസീവർ വന്നു ആ കുടുംബത്തിന്റെ ആസ്തികളും ബാദ്ധ്യതകളുമെല്ലാം കാണിച്ചു് ഒരു സ്റ്റേററമെൻറ തയാറാക്കും. അങ്ങനെയുള്ള ഒരു സ്റ്റേററമെൻറായിട്ടാണു് ഞങ്ങൾക്കു് ഇതു തോന്നുന്നതു്. ഈ ബഡ്ജററ് ഒരു കമ്മിബഡ്ജററാണെന്നോ മിച്ചബഡ്ജററാണെന്നോ തീരുമാനിക്കാൻ കഴിയാതെയാണിരിക്കുന്നതു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി നിലവിലുള്ള വ്യവസ്ഥകളനുസരിച്ചാണു് ബഡ്ജററ തയാറാക്കിയിട്ടുള്ളതെന്നു്. അടുത്ത വാചകത്തിൽ പറയുന്നു വിലയിടിവു് സംഭവിച്ചിട്ടുണ്ടെന്നു്. ആ നിലയിൽ എന്തുവരുമെന്നു് അറിയാൻ പാടില്ല. അദ്ദേഹത്തിന്റെ പ്രതീക്ഷകൾ മുഴുവൻ തകരാൻ പോവുകയാണെന്നു വ്യക്തമായി മുന്നറിവു കൊടുക്കാൻ ഞങ്ങൾക്കു സാധിക്കും. അങ്ങനെ വമ്പിച്ച വിലയിടിവിന്റെയും സാമ്പത്തികത്തകർച്ചയുടേയും അടിസ്ഥാനത്തിൽ ഒരു ബഡ്ജററ രൂപീകരിച്ചു് നാലുലക്ഷം രൂപാ മിച്ചമുണ്ടെന്നു പറഞ്ഞാൽ അതു് ഒരു മിച്ച ബഡ്ജററാണെന്നു വിശ്വസിക്കാൻ നിവൃത്തിയില്ല. തീർച്ചയായും അതു് ഒരു കമ്മിബഡ്ജററായിരിക്കും. കമ്മി ബഡ്ജററാണെന്നു് അദ്ദേഹം സമ്മതിക്കുന്നുമില്ല. ഏതായാലും മിച്ചബഡ്ജററാണോ കമ്മിബഡ്ജററാണോ എന്നു തീരുമാനിക്കാൻ നിവ്വാഹമില്ലാതെയാണിരിക്കുന്നതു്. കമ്മിയാണെങ്കിലും മിച്ചമാണെങ്കിലും ഇതൊരു ബഡ്ജററല്ല എന്നു ഞാൻ ഉറപ്പിച്ചുപറയുന്നു. ഞാൻ നേരത്തെ വ്യക്തമാക്കിയപോലെ ഇന്നു നാട്ടിനേയും നാട്ടുകാരേയും നേരിട്ടുകൊണ്ടിരിക്കുന്ന ചുടുപിടിച്ച പ്രശ്നങ്ങൾക്കു് പരിഹാരം കാണുന്നതിന്നു് വ്യക്തമായ യാതൊരു പോളിസിയും ഇതിൽ കൊള്ളിച്ചിട്ടില്ലെന്നു ആവത്തിച്ചാവത്തിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നാട്ടു് വമ്പിച്ച ഒരു സാമ്പത്തികക്കുഴപ്പത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കയാണു്. പൊതുജനങ്ങളെ അലട്ടുന്ന പ്രശ്നങ്ങളെന്താണു്. അവരുടെ സാമ്പത്തിക ഭദ്രത മുഴുവൻ തകന്നുകൊണ്ടിരിക്കയാണു്. സാമ്പത്തിക ഭദ്രതയുടെ

[Shri. T.V.Thomas]

പിന്നാലെ സാംസ്കാരികമായ തകർച്ചപോലും ഉണ്ടാകും. അങ്ങനെ നാട്ടുകാർ മുഴുവൻ സാംസ്കാരികമായിപ്പോലും അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. പൗരുഷമുള്ള തിരുവിതാംകൂർകാരും ആത്മാഭിമാനമുള്ള കൊച്ചിക്കാരും സർ. സി. പി.യുടെ ഭരണം ഇവരുടെ ഭരണത്തെക്കാൾ നല്ലതാണെന്നു പറയുന്നു. ഒരു കിരാതഭരണത്തെ എതിർത്തുതോല്പിച്ച ജനങ്ങൾ ഇപ്പോൾ പറഞ്ഞുതുടങ്ങിയിരിക്കുകയാണ് സർ. സി. പി. രാമസ്വാമി അയ്യർ ഇവരെക്കാൾ നല്ല ഒരു ഭരണാധികാരിയാണെന്ന്. പൗരുഷവും അഭിമാനവും പോലും വിററുതിന്നാൻ ജനങ്ങൾ തയാറായിരിക്കുന്നു. കോൺഗ്രസ് പാർട്ടി നാട്ടിനോടുചെയ്ത ഏററവും വലിയ അപരാധം ഇതാണ്. പൊതുജനങ്ങൾ നിരാശയുടെ നെല്ലിപ്പലക കണ്ടിരിക്കുകയാണ്. ഇനി ഈ അവസ്ഥ വച്ചുപുലർത്തുന്നതു് ആർക്കും നല്ലതല്ലെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടത്തെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ എന്താണു ചെയ്യേണ്ടതെന്നു മനസ്സിലാക്കണം. ജനങ്ങളുടെ ജീവിതനിലവാരം വളരെ അധഃപതിപ്പിച്ചിരിക്കുകയാണ്. ആ ജീവിതനിലവാരം അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ എന്താണു ചെയ്യേണ്ടതെന്ന് ആലോചിച്ചുനോക്കണം. സമൂലമായ കാർഷികപരിവർത്തനവും വ്യവസായീകരണവും വരുത്തി രണ്ടുംകൂടി യോജിപ്പിച്ചുകൊണ്ടുപോകാൻ തയാറായില്ലെങ്കിൽ നാട്ടിനേയും നാട്ടുകാരേയും രക്ഷിക്കാൻ സാദ്ധ്യമാകുന്നതല്ല. അതിന് ചുമതലക്കണ്ണുനീർ വീഴ്ത്തിയാൽ മാത്രംപോരാ. ഇനി ആ നിലയിൽ നാട്ടുകാരെ വഞ്ചിക്കാൻ സാദ്ധ്യമല്ല. ഒരു കാർഷിക പരിഷ്കരണം നടപ്പിലാക്കാൻ ഈ ഗവമ്മെന്റ് തയാറാണോ? ഒരു വ്യാവസായീകരണം ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഈ ഗവമ്മെന്റ് തയാറുണ്ടോ? വ്യവസായീകരണത്തെപ്പററി പറയുമ്പോൾ ഈ ഗവമ്മെന്റിന്റെ തൊഴിലാളിനയമാണ് എനിക്കു ഓർമ്മവരുന്നതു്. തൊഴിലാളികളെ കോൺഗ്രസുകാരാക്കാൻ ഇവർ ശ്രമിക്കുന്നുണ്ടു്. തൊഴിലാളികളെ നാട്ടുകാരാക്കാനും ദേശാഭിമാനികളാക്കാനും ഇവർ ശ്രമിക്കുമോ എന്നാണ് ഞാൻ ചോദിക്കുന്നതു്. പുരോഗമനപരമായ ഒരു തൊഴിലാളിനയമില്ലെങ്കിൽ അവരിൽ നിന്നും യാതൊരു സേവനവും നാട്ടിനുവേണ്ടി പ്രതീക്ഷിക്കേണ്ടതില്ല. എന്താണിവരുടെ തൊഴിലാളിനയം?

തൊഴിലാളികളുടെ നില ഏതു തരത്തിലിരിക്കുന്നു എന്നു ഞാൻ കഴിഞ്ഞ അവസരത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇപ്പോൾ അവരുടെ മേൽ നിർബന്ധിത അഡ്ജൂഡിക്കേഷൻ മുതലായ നിയമങ്ങൾ ഉണ്ടാക്കിവെച്ചു് തൊഴിലാളി സംഘടനകൾ വെറും വൈ. എം. സി. എ., വൈ. ഡബ്ലിയു. സി. എ. മുതലായ സംഘടനകൾപോലെയാക്കിയിരിക്കുകയാണ്. ഇതെല്ലാം ഇന്നത്തെ തൊഴിലാളിലോകത്തിന്റെ രക്ഷയ്ക്കു് ഒട്ടും പററിയതല്ല എന്നു എല്ലാവരും മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. ഇന്നും ലേബർ ഡിപ്പാർട്ടുമെന്റ് ഒരു മേജർ ഡിപ്പാർട്ടുമെന്റായിട്ടില്ല. ഏററവും പ്രധാനമായ ഈ ഡിപ്പാർട്ടുമെന്റിനെ ബഡ്ജററിൽ ചേർത്തിരിക്കുന്നതു് ഗെയിംസ് അതായതു് മൃഗവിനോദവകുപ്പിനോടുകൂടിയാണ്. ഇതാണ് ഇന്നത്തെ ഗവമ്മെന്റ് തൊഴിലാളികളോടു കാണിച്ചുവരുന്ന നയം. അതിന്റെ ഒരു സൂചന മാത്രമാണ് ഞാൻ പറഞ്ഞതു്. എനിക്കു പറയാനുള്ളതു് തൊഴിലാളികൾക്കു പുരോഗമനമുണ്ടായെങ്കിലല്ലാതെ വ്യാവസായീകരണം അഭിവൃദ്ധിപ്പെടാൻ സാദ്ധ്യമല്ലെന്നാണ്. വ്യവ

സായീകരണത്തിനുതന്നെ സമൂലപരമായ ഒരു കാർഷികപരിവർത്തനം നടപ്പിലാക്കണം. ഈ രണ്ടു കാര്യങ്ങളും നടപ്പിൽ വരാതെയും വരുത്താതേയും ഉള്ള യാതൊരു ബഡ്ജററും ബഡ്ജററായി അംഗീകരിക്കുവാൻ പുരോഗമനസ്വഭാവമുള്ള പാർട്ടികളും വ്യക്തികളും തയാറാവുകയില്ല എന്നു വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നേഷൻ ബിൽഡിംഗ് പദ്ധതികൾക്കായി—അതിന്റെ പ്രവർത്തനത്തിനു വേണ്ടി—പണം ധാരാളമായി ചേർത്തിട്ടുണ്ടു് എന്നു പറയുകയുണ്ടായി. ഇതു കേട്ടു വളരെ ആശയോടുകൂടി ഞാൻ ആ അപ്പൻഡിക്സ് വായിച്ചുനോക്കി. അപ്പോൾ അതിൽ കണ്ട സംഗതികൾ ഞാൻ സഭയുടെ മുമ്പിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യമായിത്തന്നെ ഇറിഗേഷൻ സ്കീംസിനെപ്പററിയാണു്. ഇതിലേയ്ക്കു കഴിഞ്ഞ വർഷത്തിൽ കൊള്ളിച്ചിരുന്നതിൽ കുറവായിട്ടാണു് സംഖ്യ ഇക്കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു്. കഴിഞ്ഞ വർഷത്തേക്കാൾ ൩൭ ലക്ഷം രൂപാ ഈ ആണ്ടിൽ കറവുവരുത്തിയിട്ടുണ്ടു്. അതുപോലെതന്നെ മെഡിക്കൽ, ആയുർവ്വേദം എന്നീ ഡിപ്പാർട്ടുമെൻറുകളിലേയ്ക്കു് ൨൨. ലക്ഷം രൂപാ കുറവായിട്ടാണു് ഈയാണ്ടിൽ കൊള്ളിച്ചിരിക്കുന്നതു്. എന്താണു് ഇതിന്റെയെല്ലാം അർത്ഥം? ഇന്നു് ഈ സ്റ്റേററിലുള്ള എല്ലാ അംഗങ്ങൾക്കും ആശുപത്രിയിൽ കഞ്ഞിപോലും കിട്ടാതെയിരിക്കുന്ന സ്ഥിതിക്കു് മെഡിക്കൽ വകുപ്പിൽ ഇത്രയും രൂപാ കുറച്ചാലുള്ള സ്ഥിതി എന്തായിരിക്കും? മുമ്പു് ആശുപത്രിയിൽ പോയാൽ ഏതു രോഗത്തിനും വെളിയിൽ അയോഡിൻ പുരട്ടി വിടുന്ന ഒരു പതിവു കേട്ടിട്ടുണ്ടു്. ഇക്കണക്കിനു ആശുപത്രികളിൽ അയോഡിൻ പോലും ലഭിക്കുകയില്ല. ഇപ്പോൾതന്നെ അയോഡിൻപോലും ഇല്ലാതിരിക്കുകയാണു്. ഈ സാഹചര്യങ്ങളിലാണു് മെഡിക്കൽ വകുപ്പിലേക്കു്........

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> ഈ വ്യത്യാസം, കഴിഞ്ഞ ബഡ്ജററിൽ കാണിച്ചിരുന്ന തുക, ഈ ആണ്ടത്തെ ബഡ്ജററിൽ മെഡിക്കൽ കോളേജ് കെട്ടിടത്തിന്റെ ചെലവിലേയ്ക്കു കൂടിയുണ്ടായിരുന്നതു്, ക്ലാസിഫിക്കേഷൻ അനുസരിച്ചു് പബ്ളിക്ക് വർക്സിലേയ്ക്കു് മാററിയതുകൊണ്ടു്, വന്നിട്ടുള്ളതാണു്. ൨൨ ലക്ഷം രൂപാ അവിടെ കൊള്ളിച്ചിരിക്കുകയാണു്.

<u>ശ്രീ. ടി വി. തോമസ്:</u> ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ വിശദീകരണത്തിൽനിന്നു അയോഡിൻ എങ്കിലും നമുക്കു കിട്ടുമെന്നു പ്രതീക്ഷിക്കാം. എതായാലും ഞാൻ ആ വിഷയത്തിലേക്കു് കടക്കുന്നില്ല. അതുപോലെതന്നെ റൂറൽ ഡെവലെപ്പുമെൻറുവകുപ്പിലേയ്ക്കും കഴിഞ്ഞ വർഷത്തേക്കാൾ ൧൮ ലക്ഷത്തോളം രൂപാ കുറവായിട്ടാണു്, ഈ കൊല്ലം തുക കൊള്ളിച്ചിരിക്കുന്നതു്.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> പുതിയ പഞ്ചായത്തു ആക്ടിന്റെ വിശദാംശം അനുസരിച്ചു് പഞ്ചായത്തിലേയ്ക്കുള്ള ചെലവു് സെൻട്രൽ റവന്യൂവിൽനിന്നല്ല കൊടുക്കുന്നതു്. അതാണു് ഈ കുറവു കാണുന്നതു്.

ശ്രീ. ടി. വി. തോമസ്സ്: അതുപോലെതന്നെ ഇന്ന് ഏററവും പ്രാധാന്യമർഹിക്കുന്ന ഭക്ഷ്യപ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതിലേയ്ക്കു കാർഷികവികസനപദ്ധതികൾക്കായി ഈ വർഷത്തിൽ കൊടുത്തിരിക്കുന്ന തുക കഴിഞ്ഞപ്രാവശ്യത്തേക്കാൾ എഴുലക്ഷം രൂപാ കുറവായിട്ടാണ്. ഇതിനും എന്തെങ്കിലും വിശദീകരണം ഉണ്ടോ എന്നറിയാൻ എനിക്കു കൗതുകം ഉണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല, ഇല്ല.

ശ്രീ. ടി. വി. തോമസ്സ്: അതുപോലെതന്നെ അഡ്വാൻസ്മെൻറ് ഓഫ് ബാക്ക് വേർഡ് കമ്മ്യൂണിററീസ്, വെററർനറി ഇവയ്ക്കും വളരെ കുറവായിട്ടാണ് തുകകൾ ചേർത്തിരിക്കുന്നത്. ഇങ്ങനെ ഈ അപ്പെൻറിക്സ് പരിശോധിച്ചതിൽ, ഓരോ വകുപ്പിനും കഴിഞ്ഞ വർഷം ഉണ്ടായിരുന്നതിനേക്കാൾ വളരെ കുറവായിട്ടാണു തുക കൊള്ളിച്ചിരിക്കുന്നത് എന്നു കാണാൻ കഴിയുന്നതാണ്.

അതുപോലെതന്നെ ഇന്നു വർദ്ധിച്ചുവരുന്ന കടഭാരം, വിലയിടിവ് ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഈ ബഡ്ജററിൽ യാതൊന്നും കാണുന്നില്ല. അതുപോലെതന്നെ നികുതിയെപ്പററിയും സമൂലപരമായ ഒരു പരിവർത്തനം വരുത്തേണ്ടതാണ്. നികുതി ഈടാക്കേണ്ടത് ആരിൽനിന്നാണ് എന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം നല്ലപോലെ പുനരാലോചിക്കേണ്ടതാണ്.

സർ, അതുപോലെതന്നെയാണ് ഈ സെയിൽസ് ടാക്സ് പിരിച്ചുവരുന്നതും. ഇതൊരു നാണംകെട്ട ഏർപ്പാടാണെന്നു എല്ലാവരും സമ്മതിച്ചിരിക്കുകയാണ്. അതും ഒരു പോയിൻറു മാത്രമല്ല. അതുപോലെതന്നെ സർക്കാർജീവനക്കാരുടെ കാര്യവും അദ്ധ്യാപകന്മാരുടെ കാര്യവും. അദ്ധ്യാപകന്മാരുടെ കാര്യത്തെപ്പററി എന്തോ ചില വിട്ടുവീഴ്ചകൾ ചെയ്യാൻ തയാറാണെന്നു പറയുന്നതുകേട്ടു. അതിലേയ്ക്കായി എതാനും തുക ഈ ബഡ്ജററിൽ ചേർത്തിട്ടുംഉണ്ട്. ഏതായാലും ഇന്ന് അതൊരു കഴിഞ്ഞ പ്രശ്നമായിത്തീർന്നിരിക്കുകയാണ്. അടുത്ത കാലത്ത് അതു തീർന്നുകാണുവാൻ സാദ്ധ്യവുമല്ല. ഇന്നത്തെ രീതിയിൽ തിരുവിതാംകൂറിലുള്ള അദ്ധ്യാപകന്മാർ കൊച്ചിയിൽ പോയി ജോലി നോക്കിയാലും കൊച്ചിയിലുള്ളവർ ഇവിടെ വന്നു ജോലി നോക്കിയാലും അവർ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളത്തിൽ കുറവു വരുന്നുണ്ട്. ഇങ്ങനെയുള്ള അസമത്വങ്ങളാണ് ഇന്നു നിലവിലിരിക്കുന്നത്. ഈ അസമത്വം വച്ചുപുലർത്തുന്നതുമൂലം സർവ്വീസിൽ സംതൃപ്തിയുണ്ടാകുന്നതല്ല. ഇങ്ങനെയുള്ള അസമത്വങ്ങൾ നിലവിലിരിക്കുന്നതുകൊണ്ട് എല്ലാ വകുപ്പുകളിലും ഇന്നു അസംതൃപ്തിയാണുള്ളത്. ഇതിനെല്ലാം ഒരു പരിഹാരം കാണുന്നതിനു വിപ്ലവപരമായ ഒരു പോളിസി അംഗീകരിക്കണമെന്നാണെനിക്കു പറയാനുള്ളത്. ഇതിനു കോൺഗ്രസ് പാർട്ടി തയാറാകയില്ല. തയ്യാറാകുമായിരുന്നെങ്കിൽ ഈ മാതിരി ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിക്കുമായിരുന്നില്ല.

കഴിഞ്ഞപ്രാവശ്യം ഇവിടെ അധികാരത്തിലിരുന്ന ഒരു മന്ത്രിയോടു ഞാൻ സംസാരിച്ചപ്പോൾ അദ്ദേഹം പറയുകയായിരുന്നു, "ഐക്യമുന്നണി" ഒരു നല്ലബോംബാണെന്നും ഞങ്ങൾക്കെതിരായി അതിനെക്കാൾ ഒരു നല്ല ബോംബ് അദ്ദേഹം തയാറാക്കിക്കൊണ്ടിരിക്കുകയാണെന്നും, അതാ

യതു് ഒരു കാർഷികപദ്ധതി അദ്ദേഹം നടപ്പിലാക്കാൻ പോകുന്നു എന്നും താൻ അതിനൊരു ഡ്രാഫ്ററ് തയാറാക്കി അയച്ചിട്ടുണ്ടെന്നും പറഞ്ഞു. ഇതു ചില പത്രങ്ങളിലും നിങ്ങൾ കണ്ടിരിക്കാം. എന്നാൽ ഇന്നു അതെല്ലാം എവിടെപ്പോയെന്നറിഞ്ഞില്ല. ഇപ്പോൾ ഞാൻ സൂചിപ്പിച്ച മന്ത്രി തന്നെയാണു് ഇന്നധികാരത്തിലിരിക്കുന്നതു്. ഇങ്ങനെ ഒരു കാർഷികപദ്ധതിയുണ്ടാകുമെന്നു എനിക്കു പ്രതീക്ഷയില്ല. അതുകൊണ്ടു് ബഡ്ജററിനെ അനുകൂലിക്കുവാൻ സാദ്ധ്യമല്ല. ഈ ബഡ്ജററിനെ അങ്ങേയററം എതിർക്കുവാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണു്. ഈ ബഡ്ജററ് യാതൊരു പരിഗണനയും കൂടാതെ തള്ളിക്കളയണമെന്നാണു് സഭയോട അഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ എതിർക്കുവാനാണു് ഞാൻ ഇവിടെ നിൽക്കുന്നതു്. വളരെ കുറച്ചു ദിവസം മാത്രംകൊണ്ടു തയാറാക്കിയ ഒരു ബഡ്ജററാണിതെന്നു ധനകാര്യമന്ത്രി പറയുന്നു. എങ്കിലും കഴിഞ്ഞ നാലുകൊല്ലത്തിലധികം കാലത്തെ തയാറെടുപ്പിനുശേഷം തയാറാക്കിയിട്ടുള്ള ഒരു ബഡ്ജററിന്റെ രൂപം ഇതിൽ പ്രതിഫലിച്ചിട്ടുണ്ടെന്നുള്ളതു് ഈ സഭയിലുള്ള എല്ലാവക്കും അറിയാവുന്ന ഒരു കാര്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനു മുമ്പിരുന്ന മന്ത്രിസഭയും അതിനു മുമ്പു ഇരുന്നവരും തയാറാക്കിയിട്ടുള്ളപോലെതന്നെയാണു് ഈ മന്ത്രിസഭയും ഈ ബഡ്ജററ് തയാറാക്കിയതെന്നും ഇതിനകത്തു ആളുകളെ കബളിപ്പിക്കുവാനും വ്യാമോഹിപ്പിക്കുവാനും ഉള്ള കണക്കുകളുടെ ഒരു സമാഹാരമാണു് ഇന്നു നമ്മുടെ മുമ്പേ വച്ചിട്ടുള്ളതെന്നു ഒററനോട്ടത്തിൽ അറിയാൻ സാധിക്കുന്നതാണു്. ഇതൊരു മിച്ച ബഡ്ജററാണെന്നു പറയുന്നുവെങ്കിലും അങ്ങനെയാകാൻ വഴിയില്ല. എന്നാൽ അപ്രകാരമുള്ള ഒരു മിച്ച ബഡ്ജററാണെന്നു തെളിയിക്കുവാൻ ബഹു. ധനകാര്യമന്ത്രി ഇവിടെ ചെയ്ത പ്രസംഗത്തിൽ വളരെ ശ്രമം നടത്തിയിട്ടുണ്ടു്. കഴിഞ്ഞകൊല്ലത്തെ ബഡ്ജററ് ഒരു കമ്മി ബഡ്ജററായിരുന്നു. കഴിഞ്ഞകൊല്ലത്തിൽ ഒരു മിച്ച ബഡ്ജററാക്കുവാൻ ഉണ്ടായ പരിതസ്ഥിതി എന്തെല്ലാമായിരുന്നു എന്നു് ഈ ബഡ്ജററ പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. അതായതു്, രണ്ടുകൊല്ലത്തെ മാച്ചസിന്റെ തീരുവ, കൊച്ചി തുറമുഖത്തെ വരവു് റെയിൽവേ എന്നുള്ള വരവിനങ്ങളായിരുന്നു. ഇങ്ങനെ രണ്ടു കൊല്ലത്തെ വരവിനങ്ങൾ വിനിയോഗിച്ചു കഴിഞ്ഞ കൊല്ലത്തിൽ ഒരു മിച്ച ബഡ്ജററാക്കിത്തീർത്തു. എന്നാൽ ഇന്നത്തെ സാഹചര്യങ്ങളനുസരിച്ചു് വരുന്ന കൊല്ലത്തേയ്ക്കു് പ്രതീക്ഷാനിർഭരമായ കണക്കുകൂട്ടലുകൾ കൊണ്ടു് ഇങ്ങനെയൊരു ബഡ്ജററ് അവതരിപ്പിച്ചിരിക്കുകയാണു് എന്നാണു നാം ഓക്കേണ്ടതു്.

ഇന്നു നമ്മുടെ നാട്ടിൽ നമുക്കുള്ള നാളികേരത്തിനും നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്കും വിപണികളില്ലാതെ വില വളരെ കുറഞ്ഞുവരുന്നു. തന്മൂലം സാധാരണ ജനങ്ങളുടെ ശക്തി അതായതു് കൃഷിക്കാരുടേയും തൊഴിലാളികളുടേയും ശക്തി വളരെ നശിച്ചിരിക്കുന്നു. ഇങ്ങനെയിരിക്കെ ഈ മാതിരി ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിച്ചതിൽ വളരെ അത്ഭുതപ്പെടുന്നു. ഇതിനകത്തു യാതൊരു പുതിയ നികുതികളും ചേർത്തിട്ടില്ല എന്നും വളരെ പുരോഗമനപരമായ കാര്യങ്ങൾ ആസൂത്രണം

[Shri Chengarappilli P. Narayanan Potti]

ചെയ്തിട്ടുണ്ടെന്നും പറയുകയുണ്ടായി. ഇവിടെ ഇപ്പോൾ നിലവിലുള്ള നികുതിയിൽ ഒരു പൈപോലും കൊടുക്കാൻ നിവൃത്തിയില്ലാതെ സാധാരണ ജനങ്ങൾ കഷ്ടപ്പെടുമ്പോൾ ഇന്നു പുതിയതായി യാതൊരു നികുതിയും കൂട്ടീട്ടില്ല എന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. ഇന്നു സാധാരണ ജനങ്ങൾക്കു യാതൊരു രക്ഷയും ഉണ്ടാകുന്നതിനു സഹായമായ ഒരു ബഡ്ജററല്ല ഇതെന്ന് ആർക്കും മനസ്സിലാക്കാൻ സാധിക്കും. ഇന്നത്തെ സാമൂഹ്യസാമ്പത്തികനിലയ്ക്കു തന്നെ ഒരു സമൂല പരിവർത്തനം ആവശ്യമാണ്. ഈ സംഗതി ഇതിനകംതന്നെ വ്യക്തമാക്കി കാണിച്ചുകൊടുത്തിട്ടുണ്ട്. എന്നിട്ടും യാതൊരു സംഗതിയും അതിലേയ്ക്കു സഹായകമായി ഇവിടെ ചെയ്തിട്ടില്ല. അങ്ങനെ ചെയ്യുന്നതിനുള്ള യാതൊരു മനസ്ഥിതിയും ഈ ബഡ്ജററ തയാറാക്കിയ കക്ഷിക്കില്ലായെന്നുള്ളതു് ഞാൻ ശരിക്കിവിടെ ഉറപ്പിച്ചു പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ ബഡ്ജററ് ഒന്നുകൂടി സൂക്ഷിച്ചാൽ അതിൽ ഇവിടത്തെ സാധാരണക്കാരനു വേണ്ടി യാതൊരു രക്ഷയും ചെയ്തിട്ടില്ലയെന്നും ഇവിടത്തെ മുതലാളിമാക്കും യാതൊരു രക്ഷയും ചെയ്തിട്ടില്ലെന്നും തെളിയുന്നതാണ്. ഞാൻ മുതലാളിമാരെ അനുകൂലിച്ചു പറയുന്നതല്ല. മുതലാളിമാക്കും ഈ ബഡ്ജററിൽ യാതൊരാനുകൂല്യവും ചെയ്തിട്ടില്ല എന്നുള്ളതു് വളരെ വ്യക്തമായി മനസ്സിലാകുന്ന ഒരു സംഗതിയാണ്. കഴിഞ്ഞകൊല്ലം വ്യവസായീകരണത്തിനായി ഒരു നല്ല തുക നീക്കിവച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിൽ ഒരു നല്ല ഭാഗം ഗവമ്മെൻറ് സ്പോൺസേർഡ് ഇൻഡസ്ട്രീസിനായി മാത്രം കൊടുക്കുകയുണ്ടായി. മററുള്ള ഇൻഡസ്ട്രീസിനു കൊടുത്തിട്ടുള്ളതായി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായില്ല. ഞാൻ മുതലാളിമാർക്കുവേണ്ടി സംസാരിക്കുകയല്ല. ഏതു തരത്തിലുള്ള ആൾക്കായിരുന്നാലും യാതൊരു പ്രയോജനവുമില്ലാത്ത ഒരു ബഡ്ജററാണിതു്. ഇന്ന് അങ്ങിനെയുള്ള സാമ്പത്തിക ഘടനയാണു നിലവിലിരിക്കുന്നതു്. അതിനൊരു സമൂലപരിവർത്തനമാവശ്യമാണ്.

ഇന്നാണെങ്കിൽ അധികാരത്തിലിരിക്കുന്നവർ പറയുന്നു, ഞങ്ങൾ അതു ചെയ്യുന്നു, ഇതു ചെയ്യുന്നു, ഭാവിയിൽ നന്നായിരിക്കും എന്നെല്ലാം. ഞങ്ങൾക്കു പന്ത്രണ്ടു ദിവസം മാത്രമേ ആയുസ്സുള്ളു എന്നും എന്തു വേണമെങ്കിലും സാധിച്ചുതരാം എന്നും ഇങ്ങനെ വരാഭയാ ഹസ്തങ്ങൾകൊണ്ടു മാലാഖമാരായി നിന്നുകൊണ്ടു പറഞ്ഞിട്ടുള്ള കള്ളക്കണക്കുകൾ കേട്ടപ്പോൾ. . . .

**Mr. Speaker:** 'കള്ളക്കണക്ക്' is unparliamentary. Please withdraw that word.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അതിനു പകരം എന്തെങ്കിലും വേറെ വാക്കു ചേർത്തുകൊള്ളട്ടെ. എനിക്കു പറയാനുള്ള ആശയത്തിനു വാക്കു കിട്ടാത്തതിനാലാണ്, ഞാനാവാക്കു ഉപയോഗിച്ചതു്. എനിക്കു നിയമസഭാ നടപടികളിൽ പരിചയക്കുറവാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മനസ്സിലാകാത്ത കണക്കുകൾ എന്നു തിരുത്തി പറയാം.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി: ഇങ്ങനെ മനസ്സിലാകാത്ത കണക്കുകൾ എല്ലാം ചേർത്തു ഉണ്ടാക്കിയിരിക്കുന്ന ഈ ബഡ്ജററ് നമുക്കു അപമാനകരമാണെന്നു പറഞ്ഞുകൊള്ളട്ടെ.

എനിക്ക് അടുത്തതായി പറയാനുള്ളത് ഇവിടത്തെ ലാൻറ് പോളിസിയെപ്പററിയാണ്. ഇവിടത്തെ ലാൻറ് പോളിസിയെപ്പററി ഇവിടെ ഭരിക്കുന്നവരുടെ കക്ഷിയിൽപ്പെട്ടവരുടെ പ്രസംഗങ്ങളും അവരുടെ ചുമതലകളെ സംബന്ധിച്ചും പ്രസംഗങ്ങൾ നടക്കുകയുണ്ടായി. ചുമതലക്കണ്ണുനീർ പൊഴിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും ഇവിടെ നടക്കുകയുണ്ടായി.

ഞങ്ങൾക്ക് കണ്ണുനീർപൊഴിക്കുന്ന ഭരണാധികാരികളെ ആവശ്യമില്ല. അനാവശ്യമായി ഭരണകൃത്യങ്ങൾ നടത്തി കുറെ ക
[3. P. M.] ഴിഞ്ഞു അതിൽപശ്ചാത്തപിക്കുന്ന ഭരണാധികാരികളെയും ആവശ്യമില്ല. കണ്ണുനീർപൊഴിക്കുക എന്നുള്ളതു സാധാരണ മൂഢന്മാർ ചെയ്യുന്ന കൃത്യമാണ്. അല്ലാതെ അതു ഭരണാധികാരികൾക്കു ചേർന്നതല്ല. കിട്ടിയ സന്ദർഭം വേണ്ടപോലെ വിനിയോഗിച്ച് രാജ്യത്തേയും ജനങ്ങളേയും വേണ്ടപോലെ മനസ്സിലാക്കി അവരവരുടെ ആവശ്യങ്ങളെയും താല്പര്യങ്ങളെയും കഴിയുന്നത്ര ഭംഗിയായി എത്രയും വേഗത്തിൽ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ പ്രാഗത്ഭ്യമുള്ള ഭരണാധികാരികളെയാണു ഇന്നു രാജ്യത്തിനാവശ്യമായിരിക്കുന്നത്. ഇവിടത്തെ ഭരണാധികാരികളെക്കൊണ്ടു ഈ രാജ്യത്തിനാവശ്യമുള്ള അരി കൊടുക്കുവാൻ സാധിച്ചില്ലെങ്കിൽ അതു പോകട്ടെ ഇവിടത്തെ ഉത്തമപൗരന്മാരെ പോലീസ് സ്റ്റേഷനുകളിലും ലാക്കപ്പുകളിലുമിട്ട് തല്ലിക്കൊല്ലുന്നുവെങ്കിൽ അതിലും ഞാൻ പരാതി പറയുന്നില്ല. പക്ഷെ, ഇവിടത്തെ ജനങ്ങളുടെ ആത്മാഭിമാനത്തെ ക്ഷതപ്പെടുത്തുകയും മററുള്ളവരുടെ മുൻപിൽ അവക്ക് തലകുനിക്കേണ്ടിവരികയും ചെയ്യുന്ന ഒരു പരിതസ്ഥിതിയാണു ഇപ്പോൾ ഇവിടെയുണ്ടായിരിക്കുന്നത്. സർ, ൧൯൪൭-ൽ സർദാർ വല്ലഭായി പട്ടേലിനെക്കൊണ്ടു തിരുവിതാംകൂർ കൊച്ചി രാജ്യവും, മൈസൂർ രാജ്യവും നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽ നിൽക്കുന്നുവെന്ന് പറയിപ്പിച്ചുവെങ്കിൽ, ൩൭൧-ാംവകുപ്പ് ഈ രണ്ടു രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഒഴിവാക്കപ്പെടാവുന്നതാണെന്നു സർദാറിനെക്കൊണ്ടു പറയിപ്പിക്കത്തക്കവണ്ണമുള്ള മഹത്തായ പാരമ്പര്യം നാം പ്രകടിപ്പിച്ചുവെങ്കിൽ ഇന്നത്തെ അവസ്ഥ ഇവിടത്തെ ജനങ്ങളുടെ ആത്മാഭിമാനത്തെ എത്രമാത്രം ബാധിക്കുന്ന ഒന്നാണെന്നു ആലോചിക്കുമ്പോൾ ഇന്നത്തെ ഭരണാധികാരികളെപ്പററി എന്തു മനോഭാവമാണു ഈ രാജ്യത്തെ ഒരു പൗരനുണ്ടാകേണ്ടതെന്നു ഞാൻ ചോദിക്കുന്നു. സർദാർ പട്ടേലിനെക്കൊണ്ടു അങ്ങനെ പറയിപ്പിക്കത്തക്ക ഒരു പാരമ്പര്യം ൧൯൪൭-ൽ നമുക്കുണ്ടായിരുന്നുവെങ്കിൽ, ൧൯൫൨-ൽ അതില്ലാതാക്കത്തക്കവിധത്തിലുള്ള ഒരു പാരമ്പര്യം നമുക്കുണ്ടാക്കിത്തന്നതു ആരാണ്? കഴിഞ്ഞ പാർലിമെൻറിൽ ശ്രീ. ഗോപാലസ്വാമി അയ്യങ്കാർ പ്രസ്താവിക്കുകയുണ്ടായി, തിരുവിതാംകൂർ-കൊച്ചിയിലെ ഭരണത്തിന് ഒരു അഡൈ്വസറെയൊ, അല്ലെങ്കിൽ കൗൺസലറെയൊ, അല്ലെങ്കിൽ അതുപോലെയുള്ള ഒരു ഉദ്യോഗസ്ഥനെയൊ അയച്ചുകൊടുക്കേണ്ടതുണ്ടെന്ന്. അദ്ദേഹം ഇവിടത്തെ കോൺഗ്രസ് ഭരണത്തെക്കുറിച്ചോ, അല്ലെങ്കിൽ കോൺഗ്രസ് ഭരണാധികാരികളെക്കുറിച്ചോ ഒരുപക്ഷെ, വേണ്ടവണ്ണം ധരിച്ചുകൊണ്ടായിരിക്കാം അപ്രകാരം പ്രസ്താവിച്ചതെങ്കിലും ഇവിടത്തെ ജനങ്ങൾക്കു അതൊരിക്കലും അഭിമാനകരമായിരിക്കുന്നില്ല. ഇവിടത്തെ ഭരണാധികാരികളെക്കുറിച്ചാണ് അദ്ദേഹം ഇതു പറഞ്ഞിരുന്നതെങ്കിൽ ഞങ്ങൾക്ക് അതിൽ ആക്ഷേപമില്ലായിരുന്നു. പക്ഷെ അദ്ദേഹം തിരുവി

[Shri Chengarappilli P. Narayanan Potti]

താംകൂർ-കൊച്ചിയിലെ ജനങ്ങളെപ്പററിയാണു പാർലിമെൻറിൽ പ്രസ്താവിച്ചതു്. അങ്ങനെ പ്രസ്താവിക്കുവാനിടയാക്കിയ പരിതഃസ്ഥിതി നാലു കൊല്ലക്കാലത്തെ ഇവിടത്തെ കോൺഗ്രസ്സു ഭരണംകൊണ്ടു വരുത്തിവച്ചതും ഇവിടത്തെ ജനതയുടെ അഭിമാനത്തെ ഈ നിലയിൽ ഒററികൊടുത്തതും ഒരിക്കലും ഇവിടത്തെ ജനങ്ങൾ സഹിക്കുകയില്ലെന്നു ഈയവസരത്തിൽ ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

സർ, ഇത്രയേറെ ധൂർത്തടിച്ചും രാജ്യദ്രോഹകരമായ നിലയിലും ഇതുവരെ ഭരിച്ചുകൊണ്ടുപോന്ന ഭരണാധികാരികൾതന്നെ ഇന്നു് പാർട്ട് എ. സ്റ്റേററും ബി. സ്റ്റേററും തമ്മിൽ ഫോർത്തു ഫോറം എ. യും. ബി. യും പോലെയുള്ള വ്യത്യാസമേയുള്ളു എന്നു പറയുന്നതു വകവച്ചുകൊടുക്കുവാൻ ഐക്യമുന്നണിക്കാർ തയ്യാറില്ല. ൧൯൪൯-നുശേഷം, മൂന്നു കൊല്ലത്തിനിടയ്ക്കു നമ്മുടെ ഭരണപാരമ്പര്യത്തിനു് സാരമായ ആഘാതം ഏററുവെങ്കിൽ അതിനു ഉത്തരവാദികൾ ഇവിടത്തെ കോൺഗ്രസ്സ് ഭരണാധികാരികളല്ലാതെ മററാരുമല്ല. ഒരിക്കലും ഇവിടത്തെ ജനങ്ങളല്ല. ൧൯൪൯-ലെ മഹത്തായ പാരമ്പര്യവും സൽപേരും സംരക്ഷിക്കുവാൻ ഭരണപാടവവും ചുണയുമുള്ള ആളുകൾ ഈ രാജ്യത്തു വേറെയുണ്ടു്. ഇങ്ങനെയുള്ള ഒരു ദുർഘടസന്ധിയിലേക്കു് നമ്മുടെ രാജ്യത്തെ വലിച്ചിഴയ്ക്കുകയും നമ്മുടെ സാമ്പത്തിക ഘടനയെയും സാമൂഹ്യക്ഷേമത്തെയും കുരുതി കൊടുക്കത്തക്ക പരിതഃസ്ഥിതികൾ സൃഷ്ടിക്കുകയും ചെയ്യുന്നതിനു പര്യാപ്തമായ ഇങ്ങനെയുള്ള കണക്കു കൂട്ടലുകളെ യാതൊരുവിധത്തിലും ഈ സഭ അംഗീകരിക്കരുതെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

**Shri N. A. Noor Muhammad :** Sir, the Hon. Finance Minister has presented a surplus Budget. The Deputy Speaker while addressing the House this morning has congragulated the Finance Minister for having presented a surplus Budget. Sir, according to the hon. Finance Minister, the estimated income for 1952—53 would be about 16·3 crores and the expenditure 16·26 crores and the actual surplus would be about 4 lakhs. It will be my endeavour to show the Budget that has been presented to us is not a surplus one in the true sense but a deficit one. Knowing as we do the financial and economic conditions of Travancore-Cochin, we are rather surprised to find how it has been possible for the Minister of Finance to show a surplus while the prevailing conditions would warrant only a deficit Budget.

Sir, economic blizzard has already set in the country. There is a sudden fall in prices of commodities and a slump in the market. Of course, we are just experiencing the beginnings of the economic blizzard. As days roll on it may grow in its dimensions and in its devastating effects. The hon. Finance Minister himself recognises that as a result of the sudden fall in prices and the slump that is now setting in, it is likely that the anticipations under some of the principal heads of revenue like excise duties, forest, sales tax, stamps, etc. may be affected. He has also stated that the estimates for the coming year are moderate and conservative.

But on a careful scrutiny we can see that the Budget is not a surplus one but really a deficit one. We could find that his estimates are not only not conservative but grossly exaggerated. For instance, under the head 'stamps' Judicial department, one could notice the revised estimate for 1951—52 being put at Rs. 55 lakhs but budget estimate for 1952—53 being shown

as 57 lakhs, thus showing an income of Rs. 2 lakhs more. While actually the income might register a fall due to blizzard, the hon. Finance Minister has boosted up the figures so as to present a surplus Budget. Coming to sales tax, while the revised estimate for 1951—52 shows only an income of Rs. 2,20,14,000 the budget estimate is put at Rs. 2,39,95,0C0. Thus the income under that head is expected to yield Rs. 19,81,000 more. However, the Finance Minister admits that there is slump in the market and naturally the income will decrease.

I would like to bring to the notice of the House that there is a peculiar factor to be reckoned with so far as the item of sales tax is concerned. Our sales tax authorities in the State have been imposing taxes on imports and exports and the very imposition was called in question as militating against the provisions of Section 268 of the Indian Constitution. In Bombay Co. Ltd. & others v State, as reported in 1952 KLT page 59, a Full Bench of our High Court have held that such levy of sales tax was illegal. The matter is pending before the Supreme Court. As things stand, it is likely that the Supreme Court would uphold the verdict of our High Court. In that case, the State would have to refund sums to the tune of 1·25 crores. Even taking that we have a ready surplus Budget, if we are to give the refund of Rs. 1·25 crores, what will be the state of our finances. How will this Government meet that 1·25 crores?

**Shri Panampilli Govinda Menon:** May I tell the hon. Member that even if the Full Bench decision now pending in the Supreme Court goes against the State, his anticipation of refund arrived at is not correct?

**Shri N. A. Noor Mohammad:** According to very reliable information my figures have been arrived at. It may not be correct.

**Shri Panampilli Govinda Menon:** There is information with Government on this matter. However the figure stated by the hon. Member is not at all correct.

**Shri N. A. Noor Muhammad:** What I am at is, if that comes to pass, our finances would be greatly affected.

If, in the coming year, we are not levying sales tax on the imports and exports our revenues under the head would be far below expectations.

I must also point out the ingenious method adopted by the hon. Finance Minister to boost up the revenues. In the year 1950—51, from the amount allotted under Public Works, a sum of about Rs. 50 lakhs was saved and added on to the Budget of 1951—52. This year also a saving of Rs. 22 lakhs under 68 Irrigation and about 17 lakhs under Capital Outlay on electrical schemes is also effected. In all about 37 lakhs are saved and carried on to the present year. Even in this policy I am sorry to submit that there is discrimination shown towards South Travancore. The policy of the Congress Government seems to be to provide huge sums for nation-building activities to get the applause or approbation of the public; and wisely effect huge savings so as to balance the Budget. If we had actually spent the 37 lakhs last year itself, how would it be possible for the hon. Finance Minister to balance this year's Budget, Therefore even though the Budget is a balanced one and a surplus is shown, it is due to a trick committed on the public.

We should further note that the whole edifice of our financial structure is based on the uncertain and indefinite help that we anticipate from the

[Shri N. A. Noor Muhammed]

Central Government. The hon. Finance Minister is himself not sure as to how much amount we would receive and when. He has budgetted for 200 crores which may or may not materialise. According to the hon. Finance Minister, the Government propose to approach the Central Government to finalise their assistance without further delay. But our Budget is shown as a surplus one. The hon. Finance Minister was endeavouring to give us a glimpse of a fine super structure; rather imaginary, which is built on unstable foundations. It is therefore apparent that the foundations of our economic prosperity is just a mirage.

While this is the state of affairs of our financial resources, there are grandiose schemes for the material benefit of the country as envisaged in the five year plan. The five year plan may cost about 26 crores out of which we would have to find 19 crores. Placed as we are, to find 19 crores is not an easy joke. So it seems that the schemes would all remain in paper only. There may be reason on the part of the Government to mention them year in and year out. Perhaps they think that with that hope they would be in a position to delude the public to the belief that Government are really engaged, in nation-building activities.

Another point I would urge is that Government should try to effect as much economy as possible in its general administration. We are spending about 40 per cent of our income on establishment charges. On more than one occasion assurances have been given that effective retrenchment would be made. But we see no indication of that either in the Budget or in the hon. Finance Minister's speech.

It is also a fact that under the guise of the Grow More Food campaign huge amounts are being spent every year; and it is admitted by all that the results have not been commensurate with the expenditure. This year also big amounts have been allotted and our anxiety is that this year too the same results should not be repeated.

In the last year's Budget a sum of about Rs. 25,000 was allotted to prepare a scheme for the development of cottage industries. The Committee took nearly a year and one month to submit a preliminary report. I am not quite sure whether they have still submitted the final report. Perhaps in the detailed Budget we may have to make provision for that committee. But what amount of waste is entailed in such expenditure. Only a preliminary report has been submitted so far at that huge cost. Government should think twice before they think of indulging in such luxury of planning and preparation.

I must say a word about the execution of public works in South Travancore. The Government are adopting a step-motherly attitude to the South. Provision was made in the Budget to complete the Thickenamcode canal, but the work was not completed. Assurances were given on the floor of the House that the Perunchani dam would be completed by the end of 1951. Now we are in 1952 March. There is no sign that it would be finished in the near future. We understand that the Vizhathara lift irrigation scheme is still under the unending consideration of Government. Drinking water schemes to Cape and other places still remain outside the realm of achievement. The people of the South resent the attitude adopted by Government in regard to these matters.

Taking an over-all picture, the surplus seems to be illusory. On the one hand the Travancore-Cochin Government is in great financial straits.

But for the magic wand wielded by the deft Finance Minister in manipulating figures the financial structure of the Travancore-Cochin State would stand exposed revealing its ricketty foundations behind the facade of cooked-up economic prosperity. It is high time we seriously set thinking whether it is worth while to have all the paraphernalia of a separate State while the economic resources and financial structure do not warrant the same. Or whether it is worthwhile to cease to be an independent unit but join some other bigger unit so that we may set our house in order.

ശ്രീ. കൃഷ്ണൻ നായർ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ സ്വാഗതം ചെയ്യാൻ ഞാൻ തയാറില്ല. കഴിഞ്ഞ ദിവസം എന്റെ ഒരു മാന്യസ്നേഹിതൻ രാജപ്രമുഖന്റെ അഡ്രസ്സിൽ വരുത്തേണ്ടതായ ഒരു ഭേദഗതി അവതരിപ്പിച്ചതിനു മറുപടിയായി മന്ത്രി പറഞ്ഞതു്, ഞങ്ങൾ മുതലക്കണ്ണീരല്ല, ചുമതലക്കണ്ണീരാണു് പൊഴിക്കുന്നതു് എന്നാണു്. മാത്രമല്ല, അദ്ദേഹം മറെറാരു കാര്യംകൂടി പറഞ്ഞു. അതായതു് പത്തുപന്ത്രണ്ടുദിവസം പ്രായമുള്ള ഒരു ശിശുഗവമ്മെൻറിനോടു് ഈവിധത്തിൽ സ്ഥാനത്തും അസ്ഥാനത്തും സഭാംഗങ്ങൾ വിമർശിക്കുന്നതും കഷ്ടമാണെന്നു്. അദ്ദേഹം ഒരു ഭിഭാഷകനാണു്, വാചാലനാണു്, പ്രശസ്തഭാഷയിൽ സംസാരിക്കാനുള്ള ശേഷിയും തന്റേടവും അദ്ദേഹത്തിനുണ്ടു് എന്നു് എനിക്കറിയാം. എന്നാൽ കോൺഗ്രസ്സ് ഭരണം സംസ്ഥാനത്തു തുടങ്ങിയിട്ടു് നാലര വർഷമായി എന്നുള്ള സംഗതി അദ്ദേഹം വിസ്മരിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു. അന്നുള്ള മന്ത്രിമാരിൽ മിക്കവരും ഇന്നും മന്ത്രിമാരായിത്തന്നെ തുടരുകയും ചെയ്യുന്നു. നാലരക്കൊല്ലം അവർ ഭരിച്ചിട്ടും നാട്ടിലുള്ള ജനങ്ങളുടെ നിലവിളി കേൾക്കുന്നതിനുള്ള ഹൃദയം കോൺഗ്രസ്സിനു് അല്ലെങ്കിൽ കോൺഗ്രസ്സ് ഗവമ്മെൻറിനു് ഇല്ലെന്നുള്ളതു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. തൊഴിലില്ലാതെ എങ്ങോട്ടാണു് പോകേണ്ടതെന്നു അറിയാൻപാടില്ലാതെ അവശതയിൽപ്പെട്ടു കുഴങ്ങുന്ന ലക്ഷോപലക്ഷം സാധുക്കൾക്കു വേണ്ടി ഇവർ എന്തു നന്മയാണു് ചെയ്തതെന്നു് ഞാൻ ചോദിയ്ക്കട്ടെ. യാതൊന്നും ചെയ്തിട്ടില്ല. ആ കാര്യത്തെപ്പററി ചിന്തിക്കാൻ പോലും സമയമെടുക്കാതെ മററു ഏതോ ലോകത്തു് വിഹരിക്കുന്നതു പോലെയായിരുന്നു ഇവരുടെ നില. മാത്രമല്ല, ഏതാനും വ്യക്തികളെ മാത്രം പ്രീണിപ്പിക്കുന്നതിനുവേണ്ടിയാണു് ഇവർ ഭരിച്ചതും. യഥാർത്ഥത്തിൽ സംസ്ഥാനത്തുള്ള ഭൂരിപക്ഷം ജനതയുടെ പ്രാതിനിധ്യമില്ലാത്ത ഈ കോൺഗ്രസ്സ് പാർട്ടി എങ്ങനെ ഭരണഭാരം കയ്യേററുവെന്നും ഇത്തരത്തിലുള്ള ഒരു ബഡ്ജററു് രൂപീകരിക്കാനുള്ള ധൈര്യവും തന്റേടവും എങ്ങനെയുണ്ടായി എന്നും ഞാൻ അത്ഭുതപ്പെടുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിൽ ഗ്രാമീണജനങ്ങൾക്കു് ആശ്വാസപ്രദമായ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നു് നോക്കേണ്ടതാണു്. വിദ്യാഭ്യാസം, കൃഷി, വൈദ്യസഹായം, ഗതാഗതം എന്നിവക്കു് ആശാസ്യമായ യാതൊരു വ്യവസ്ഥയും ചെയ്തുകാണുന്നില്ല. ഗ്രാമപ്രദേശങ്ങളിൽ സഞ്ചാരസൌകര്യത്തിനുള്ള റോഡോ, കുട്ടികൾക്കു സൌകര്യമായി വിദ്യാഭ്യാസം നൽകുന്നതിനുള്ള പള്ളിക്കൂടങ്ങളോ, വൈദ്യസഹായത്തിനുള്ള സ്ഥാപനങ്ങളോ ഒന്നുംതന്നെയില്ല. തിരുവനന്തപുരത്തും അതിനടുത്ത പ്രദേശത്തും മാത്രം സഞ്ചരിച്ചു പഴക്കമുള്ള ബഹുമാനപ്പെട്ട മന്ത്രിമാർ ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുന്നതു് എങ്ങനെയാണു്? റോഡു് നന്നാക്കുന്നതിനുവേ

[Shri Krishnan Nair]

ണ്ടിയോ കുളം കുഴിക്കുന്നതിനുവേണ്ടിയൊ, വഴിക്കിണറുകൾ വെട്ടുന്നതിനുവേണ്ടിയൊ, പൊതുജനങ്ങളിൽനിന്നും നിവേദനങ്ങൾ സമർപ്പിക്കപ്പെട്ടാൽ അവയെ പരിഗണിക്കുന്നതിനുള്ള യാതൊരു സന്മനസ്സും ഇല്ലാതെ കണ്ണടച്ചുകളയുകയാണ് ചെയ്യുന്നതു്. എന്റെ നിയോജകമണ്ഡലമായ കൊട്ടാരക്കരത്താലൂക്കിൽ കുറെ അധികം ഗ്രാമീണറോഡുകൾ ഇന്നും അററകുററപ്പെട്ടുകിടക്കുകയാണ്. പൊതുജനങ്ങളുടെ സഹായസഹകരണങ്ങളോടുകൂടി വേറെ ചില റോഡുകളും അവിടങ്ങളിൽ വെട്ടിയിട്ടുണ്ടു്. ഈവക റോഡുകൾ ഒന്നുംതന്നെ അററകുററം തീർത്തുതരുന്നില്ല. കൊട്ടാരക്കര–ശാസ്താംകോട്ട റോഡിൽ കുന്നത്തൂർ ആററുകടവിൽ ഗതാഗതസൌകര്യത്തിനുവേണ്ടി ഒരു പാലം നിർമ്മിക്കേണ്ടതാണെന്നു കാണിച്ചു ഗവമ്മെൻറിനെ പല പ്രാവശ്യവും നിവേദനങ്ങളുമായി സമീപിച്ചിട്ടുണ്ടു്. യാതൊരു ഫലവും ഉണ്ടായിട്ടില്ല. ഇങ്ങനെ നോക്കിയാൽ പൊതുജനനന്മക്കുവേണ്ടി കഴിവുള്ളതെല്ലാം ചെയ്യാനുള്ള സൌകര്യമുണ്ടായിരുന്നിട്ടും കോൺഗ്രസ്സ് ഗവമ്മെൻറ് മൌനം ദീക്ഷിക്കുകയാണ് ചെയ്തിട്ടുള്ളതു്. ലിഫ്ററ് ഇറിഗേഷൻ മുഖാന്തിരം കൃഷിചെയ്യാൻ സാധിക്കുന്ന അനവധി ഏക്കർ സ്ഥലം വെള്ളമില്ലാതെ വെറുതെ കിടക്കുന്നു. ഉള്ള നിലങ്ങളിൽ തന്നെ ആവശ്യമുള്ള വളം വിതരണം ചെയ്യാത്തതുകൊണ്ടു വിളവു വളരെ കുറവായിട്ടാണ് കിട്ടിക്കൊണ്ടിരിക്കുന്നതു്. കർഷകക്ക് ഗവമ്മെൻറിൽനിന്നും ആശ്വാസപ്രദമായ പദ്ധതികൾ ഒന്നുംതന്നെയില്ലെന്നു പറയാം.

നാട്ടിന്റെ നട്ടെല്ലാണ് വിദ്യാഭ്യാസം. അതിനെപ്പററി പറയുകയാണെങ്കിൽ പ്രൈവററ് പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാക്ക് ൨൭ രൂപയും ഗവമ്മെണ്ടു സ്കൂൾ അദ്ധ്യാപകന്മാക്ക് ൪൭ രൂപയുമാണ് ശമ്പളം കൊടുക്കുന്നതു്. ഒരേതരത്തിൽ ജോലി നിർവ്വഹിക്കുന്ന ഇവക്കു ശമ്പളം കൊടുക്കുന്നതു് രണ്ടുതരത്തിലാണ്. സകല സാമാനങ്ങൾക്കും അമിതവില കൊടുക്കേണ്ടിവന്നിരിക്കുന്ന ഈയവസരത്തിൽ ഒരു മനുഷ്യനു സാമാന്യമായ തോതിലെങ്കിലും ജീവിക്കണമെങ്കിൽ ഒരുദിവസത്തേക്കു രണ്ടോ രണ്ടരയോ രൂപയില്ലാതെ സാദ്ധ്യമല്ല. അങ്ങനെയാണെങ്കിൽ പ്രൈവററ് സ്കൂളിലെ ൨൭ രൂപാ ശമ്പളം വാങ്ങിക്കുന്ന അദ്ധ്യാപകനും കുടുംബവും എങ്ങിനെ ജീവിക്കണമെന്നാണ് ഗവമ്മെൻറ് വിചാരിക്കുന്നതു്. നമ്മുടെ കുട്ടികളെയെല്ലാം ഭാവിപൌരന്മാരാക്കാൻ അത്യദ്ധ്വാനം ചെയ്യുന്ന ഇക്കൂട്ടരുടെ ശമ്പളം ഇത്ര നിസ്സാരമാക്കിയിരിക്കുന്നതു് വളരെ കഷ്ടമാണ്. മാത്രമല്ല, ഈ നയം തുടന്നാൽ ഈ അദ്ധ്യാപകന്മാരുടെ ഭാവിതന്നെ എന്തായിരിക്കും? അതുകൊണ്ടു് സോഷ്യലിസ്റ്റ് പാർട്ടി പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നതുപോലെ ഒരു അദ്ധ്യാപകനു ൧൦൦ രൂപാ ശമ്പളം കൊടുക്കണം. അതില്ലെങ്കിൽ ഒരു കാരണവശാലും ൭൫ രൂപയിൽ കുറയാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. തുച്ഛമായ ശമ്പളം വാങ്ങുന്ന ഈ അദ്ധ്യാപകന്മാക്ക് മറെറാരു വൈഷമ്യം കൂടി തരണം ചെയ്യേണ്ടതായിട്ടുണ്ടു്. അതായതു് അവരുടെ കൂടക്കൂടെയുള്ള സ്ഥലം മാററം. ഒരു അദ്ധ്യാപകനെ നിവൃത്തിയുള്ളിടത്തോളം അയാളുടെ നാട്ടിൽതന്നെ ഉദ്യോഗത്തിൽ ഇരുത്തേണ്ടതാണ്. കൂടക്കൂടെ ഈവിധത്തിലുള്ള സ്ഥലംമാററംകൊണ്ടു് സാമ്പത്തികമായ വലിയ വൈഷമ്യങ്ങൾ അയാൾ അനുഭവിക്കേണ്ടിവരുന്നു. ശ്രീമാൻ എൽ. എം. പൈലി മന്ത്രിയായിരുന്ന അവസരത്തിൽ പ്രസ്താവിച്ചിട്ടുള്ള ഒരു കാര്യമാണ്, ഹൈസ്കൂളിലെ അദ്ധ്യാ

പകന്മാരെപ്പോലെ താഴ്ന്ന സ്കൂളുകളിലെ ഗ്രാഡ്വേററ് അദ്ധ്യാപകന്മാരുടെ ശമ്പളത്തോളം ഉയർത്താമെന്ന്. എന്നാൽ ഈവക കാര്യങ്ങളെപററി പിന്നീട് യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. അതിപ്രധാനമായ വിദ്യാഭ്യാസകാര്യത്തിൽ ഈവിധം അലസത പ്രകടിപ്പിക്കുന്നതു് അക്ഷന്തവ്യമാണ്. മറെറാരു കാര്യം, കാളേജു തുടങ്ങിയ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പരീക്ഷാപദ്ധതിയെ സംബന്ധിച്ചുള്ളതാണ്. ഈ പദ്ധതിയെസംബന്ധിച്ച് മിക്ക കോളേജുകളിലുമുള്ള വിദ്യാർത്ഥികൾ സ്ട്രൈക്ക് ആരംഭിച്ചിട്ടുണ്ട്. കോളേജു അധികൃതരൊ വിദ്യാഭ്യാസവകുപ്പിൻെറ മേലദ്ധ്യക്ഷനൊ ഇതിൻെറ കാരണമെന്താണെന്നു സൂക്ഷ്മമായി മനസ്സിലാക്കിയിട്ടില്ല. വാസ്തവത്തിൽ അതിൻെറ കാരണം ഇന്നത്തെ വിദ്യാഭ്യാസത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന കുഴപ്പങ്ങളാണ്. ഇന്നത്തെ വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ ഭാവിജീവിതത്തിന്നു ഉതകുന്നതല്ലെന്നു അവർ മനസ്സിലാക്കി. അതിൻെറ ഫലമായിട്ടാണ് ഇവർ പ്രതിഷേധം പുറപ്പെടുവിക്കുന്നതു്. അതുകൊണ്ടു് വിദ്യാഭ്യാസരീതിതന്നെ ഒന്നു മാറേറണ്ടതാണ്. ജീവിതാവശ്യത്തിനു ഉതകുന്ന വിദ്യാഭ്യാസമാണ് നമുക്കു ആവശ്യം. അതായതു് സാങ്കേതികവിദ്യാഭ്യാസം. അതു് എത്രത്തോളം ശരിയാണെന്നു കാണുന്നതിലേക്കു്, സാങ്കേതികപരമായ ഇൻജനീയറിംഗ്, മെഡിക്കൽ മുതലായ വിദ്യാഭ്യാസസ്ഥാപനങ്ങളിലുള്ള വിദ്യാർത്ഥികൾ ഇവരെപ്പോലെ സ്ട്രൈക്കിനു് ഒരുങ്ങുന്നില്ല. അതുകൊണ്ടു് ഒരു സമൂലപരിവർത്തനം നമുക്കു വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അംഗീകരിക്കേണ്ടതുണ്ടു്. നാം ഒരു വമ്പിച്ച തുകയാണ് ആണ്ടുതോറും കേന്ദ്രഗവൺമെൻറിനു കൊടുത്തുകൊണ്ടിരിക്കുന്നതു്. ഇൻഡ്യയിലുള്ള ഇതരരാജ്യങ്ങളെ അപേക്ഷിച്ചു വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നിൽക്കുന്ന ഈ രാജ്യത്തു് വിദ്യാഭ്യാസപരമായും, ആരോഗ്യപരമായും, കാർഷികപരമായും പല പല സ്ഥാപനങ്ങൾ ഉണ്ടാക്കേണ്ട ആവശ്യം ഉണ്ടെന്നു കാണിച്ചു് കേന്ദ്രഗവൺമെൻറിൽ ശക്തിയായി നിവേദനം നടത്തണം. ശക്തിയായ ഭാഷയിൽ കേന്ദ്രഗവൺമെൻറിനോടു ആവശ്യപ്പെടണം. നാം അതിനുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കണം. ആ കാര്യത്തിൽ ഗവൺമെൻറ് എന്നോ, പൊതുജനങ്ങൾ എന്നോ ഉള്ള ഭേദം വേണ്ടാ. അങ്ങനെ നാം അങ്ങോട്ടു കൊടുക്കുന്ന വമ്പിച്ച ഒരു തുകയുടെ സിംഹഭാഗം ഇങ്ങോട്ടു വാങ്ങണം. അശേഷവും അലസത വിചാരിക്കുവാൻ പാടില്ല.

**Shri Panampilli Govinda Menon:** May I point out, Sir, that a good portion, almost cent per cent of the Central Revenues taken from Travancore-Cochin is being given back. It is not a case of nothing being returned. We are getting back that amount. That is covered by what is known as Federal Financial Integration.

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, എ പോയിൻറ് ഓഫ് ആർഡർ. മലയാളം അറിയാവുന്ന എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും മലയാളത്തിൽ തന്നെ സംസാരിക്കണം എന്നു് നിബന്ധന ചെയ്യുവാൻ ദയവുണ്ടാകുമോ?

**Mr. Speaker:** Hon. Members have complete freedom to speak in any one of the languages, viz., English, Malayalam or Tamil.

**Shri Krishnan Nayar:** On page 25 of the Detailed Budget Estimates of Revenue, certain items of Revenue are given. What is the explanation for those items?

**Mr. Speaker:** May I remind the hon. Member that his time is up and so he may conclude his speech.

**Shri Krishnan Nayar:** The time was mostly taken up for answering interruptions.

**Mr. Speaker:** The hon. Member himself is responsible for that. (*Laughter.*)

ശ്രീ. കൃഷ്ണൻ നായർ: ഇങ്ങനെ പല ഇനങ്ങളിലും നമുക്കു വരുമാനം ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. നമുക്കു വരുമാനം ഉണ്ടാകുന്നതിനുവേണ്ടിയാണു് സെൻട്രൽ ഗവമ്മെൻറിനു് കൊടുക്കുന്ന തുക തിരിയെ കിട്ടണമെന്നു പറയുന്നതു്. പിന്നെ ഇവിടെയുള്ള വലിയ വലിയ വ്യവസായികളും മുതലാളികളും ജന്മികളും വെറുതെ പൂഴ്ത്തിവെച്ചിരിക്കുന്ന തുക എടുക്കുന്നതായാൽ ഇവിടെയുള്ള ജനങ്ങൾക്കു് അഭിവൃദ്ധികരമായിട്ടുള്ള, ക്ഷേമകരമായിട്ടുള്ള സ്കീമുകൾക്കുവേണ്ടി ചിലവാക്കുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് സെൻട്രൽ ഗവമ്മെൻറിലേക്കു കൊടുക്കുന്ന തുകയും വലിയ വലിയ വ്യവസായപ്രമുഖന്മാരും ജന്മികളും പൂഴ്ത്തിവെച്ചിരിക്കുന്ന തുകയും എടുത്തു് ജനങ്ങളുടെ അഭിവൃദ്ധിക്കു വേണ്ടതായ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനു് ഗവമ്മെൻറു തയാറാകണം എന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

**Shri M. M. Abdul Khader:** Sir, the Finance Minister has presented his budget to the House. But if he wishes to take any credit for the spirit and contents of the budget, we, on this side, are unable to agree with him.

According to the statement of the Finance Minister the total revenue estimate is Rs. 1,630 lakhs. Assuming that the population of this State is nearly one crore and assuming that each family consists of five members, this House would see that for every family the monetary burden of taxation is as high as Rs. 82½ per annum. Now, assuming that there is one bread-winner in one family, it would appear that the per capita monetary burden of taxation is Rs. 82½ per annum. Now, Sir, in a State where the people are dying of famine and starvation this proportion of taxation is certainly most atrociously high. While this monetary burden is itself so inordinate, the real burden of taxation on the common man is excessively high. Direct taxes such as income-tax are admitted even by the apologists of capitalism to be the best form of taxation. But here, in thi estimate, income-tax, the incidence of which is determined by the capacity to pay and accords with the maxim of equal sacrifice bears only a very insignificant proportion. The income-tax as has been estimated forms only 4·5 per cent of the total revenue. This will go to show that this privileged minority is yet untapped to the extent they should be, while the burden of indirect taxes such as Excise and Sales-tax and others fall upon the common man. The burden of these indirect taxes has increased many fold during these years. The increase of salaries and wages has not kept pace with this rise in prices. This factor, coupled with the still higher prices of essential commodities in this country makes the real burden of the people much more than the monetary burden of Rs. 82½ per cent. The hon. Leader of the Opposition has been good enough to place before the House how the nation-building departments have suffered at the hands of the Finance Minister. He has given his explanation in respect of certain items. But I find that while rural development suffers by eight lakhs and agriculture by 7 lakhs, Police gets a rise of Rs. 13 lakhs. This, we are afraid, gives us a pointer to

the state of things to come, that this Government is out not to solve the people's problems but, with the help of the Police, to crush the peoples' struggle for bread and employment as they hitherto have been doing. This, Sir, will not be brooked.

About nepotism and corruption on the part of the Government I have to make a few observations. Even in appointments there are very many instances of nepotism and favouritism. The hon. Minister might say that I would be wasting my time in mentioning such things here. But, Sir, I would be failing in my duty if I do not bring before the House certain instances of nepotism and favouritism in the appointment in the services. Right now I want to refer only to the very recent appointment of a Receiver in the Parur District Court. I can say with the best authority, because I am an advocate of that court. Though the High Court by majority recommended one P. Thomas for the appointment, a Nayar gentleman, by name Padmanabha Pillai was appointed whom the minority recommended. Mr. Thomas was told by the Minister himself that the majority recommendation would be accepted. But it was ordered otherwise. And, in this connection, I may tell this House that this present incumbent is none other than a close relative or brother-in-law, of one of the leading lights of the Party in power. I ask, can any of the Ministers or any member on the Government benches dare contradict this statement of mine.

**Shri Panampilli Govinda Menon :** I contradict, Sir.

**Shri M. M. Abdul Khader :** He is the brother-in-law of Mr. Kainikara Padmanabha Pillai.

**Shri R. Kesava Pillai :** He is not a brother-in-law of Shri Kainikara Padmanabha Pillai.

**Shri K. P. Krishna Menon :** He is not.

**Mr. Speaker :** There are assertions and counter-assertions but the hon. Member can proceed with his speech.

**Shri M. M. Abdul Khader :** Sir, I want to mention one more point before I am done. That is with respect of the improvement of the hospital at Alwaye and the medical aid rendered there. Medical aid is not based on the number of patients treated but on a crude categorisation into District hospitals and dispensaries. In this particular hospital Government have curtailed even the staff. Medical supplies are decreased year after year. Accommodation is hopeless. A private firm has offered to put up a building and erect an X-Ray plant, but the Government did not see their way to agree to this. This has been delayed due to the callous neglect of this Government. This Government have not been able during these two years to prepare even a plan for a building, and, as a result this dire need of the people has not been satisfied. Owing to these remissnesses and lapses on the part of the Government, I find that this budget is thoroughly unpopular and as such I oppose it.

<u>ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ:</u> ഉള്ളതുപോലെ ഓണം എന്ന പഴമൊഴിയുടെ മുമ്പിൽ തിരുവിതാംകൂർ-കൊച്ചിയിലെ വരവു മുൻനിർത്തി എല്ലാവകുപ്പിലേയും എല്ലാജനങ്ങളേയും സ്പർശിച്ച് യഥോചിതം പണം നീക്കിവെച്ച് ഒരു മിച്ചബഡ്ജററ് ഈ സഭയുടെ മുമ്പാകെ ഹാജരാക്കിയതിന് ധനകാര്യമന്ത്രിയെ അഭിനന്ദിക്കയല്ലാതെ കുററം പറയുന്നതു് സാഹസമാണ്. ധനകാര്യമന്ത്രിയുടെ വിശദീകരണത്തിന് അദ്ദേഹത്തെ

[Shri Ambat Eacham Monon]

പ്രത്യേകം അഭിനന്ദിക്കുന്നു. എന്നാൽ ബഡ്ജററ് നിർമ്മിച്ചതുകൊണ്ടു് അദ്ദേഹത്തിന്റെ ബുദ്ധിശക്തി കാണിച്ചു എന്നല്ലാതെ മന്ത്രിമാരുടെ രാജ്യഭരണനിപുണത ഓരോ ഇനത്തിനും നീക്കിവെച്ചിട്ടുള്ള സംഖ്യകൾ വേണ്ടതു പോലെ വേണ്ടകാലത്തു് ഉപയോഗിച്ചു് ഉദ്ദേശഫലത്തെ ഉണ്ടാക്കുന്നതിലാണു് ഇരിക്കുന്നതു്. ഭരണം ഇതിലധികം ദുഷിക്കുവാൻ പാടില്ലെന്നാണു് നാട്ടുകാരുടെ അഭിപ്രായം. കൈക്കൂലിയും കരിഞ്ചന്തയും നടമാടുന്നു എന്നു് എവിടെയും എപ്പോഴും കേൾക്കുന്നുണ്ടു്. ഒന്നു രണ്ടു് ഡിപ്പാർട്ടുമെന്റു എടുത്തുനോക്കുക.

ഹൈക്കോടതി ഈയിടെ ഡിസ്ട്രിക്ടു് ജഡ്ജിമാരെ നിയമിച്ചതിൽ വലിയ കുംഭകോണം ഉണ്ടായിട്ടുണ്ടെന്നു് രാജ്യത്തു് പരക്കെ പറയുന്നുണ്ടു്. ചീഫ് സിക്രട്ടറി, സെക്രട്ടറിയേററു് നന്നാക്കാൻ കഴിയുന്നതും ശ്രമിച്ചിട്ടു് ഫലിക്കാതെ ഇതിനുമുമ്പു് ഉദ്യോഗം വിട്ടുപോകാൻ ശ്രമിച്ചിട്ടുണ്ടു്. അദ്ദേഹം ഇപ്പോൾ പോയി. പോകുമ്പോൾ തന്റെ ഉദ്യമം ഫലിച്ചില്ലെന്നുള്ള മൌഢ്യത്തോടുകൂടിയാണു് പോയിരിക്കുന്നതു്. സെക്രട്ടറിയേററിൽ ഒരു കടലാസ് പോയാൽ ചുരുങ്ങിയതു് മൂന്നുമാസത്തിനുള്ളിൽ ഒരു മറുപടി കിട്ടുക സാദ്ധ്യമല്ല. ചിലപ്പോൾ കടലാസുതന്നെ അവിടെ കണ്ടില്ലെന്നുവരും. പിന്നീടു് അതിന്റെ പകർപ്പു് അയക്കേണ്ടതായി വന്നിട്ടുണ്ടു്. അതിലെ സിൽബന്ധികൾ വളരെക്കാലമായി അലഞ്ഞുതിരിഞ്ഞു് നടന്നു നേരാംവണ്ണം ജോലി എടുക്കാതെ വന്നിട്ടുള്ളതിന്റെ ഫലമാണു് ഇതു്.

സാധാരണ ജനങ്ങളുടെ കയ്യിൽനിന്നു് പിഴിഞ്ഞെടുത്തിട്ടുള്ള മുതലു കൊണ്ടാണു് ഈ ഒരു വലിയ പട്ടാളത്തെ പുലർത്തുന്നതു് എന്നു് ആലോചിക്കുമ്പോൾ ജോലി എടുക്കാത്തവരുടെ നേരെ കർശന നടപടികൾ എടുക്കാത്തതു് സിക്രട്ടറിമാരുടെ അനാസ്ഥയാണെന്ന പറയുന്നതിൽ പരിഭവിക്കേണ്ടതില്ല. എന്നാൽ ചക്രംകൊണ്ടു ചെന്നാൽ കാര്യങ്ങൾ എളുപ്പത്തിൽ സാധിച്ചുവരാമെന്നാണു് മിക്കവരുടെയും അഭിപ്രായം.

ഇപ്പോൾ നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന വലിയ പ്രശ്നം ഭക്ഷണപ്രശ്നമാണു്. അതിന്റെ നിവൃത്തിക്കുവേണ്ടതു് ഉല്പാദനമാണു് ഞാൻ ഉദാഹരണമായി എടുക്കുന്നതു് കൊച്ചിയുടെ നെല്ലറയാണെന്നു് അപരനാമത്തോടെ അറിയുന്ന ചിററൂർ താലൂക്കാണു്. കാർഷികോല്പാദനത്തിനുവേണ്ടതു് വെള്ളമാണു്. വെള്ളാഴ്മ എന്നാണല്ലോ പറയുന്നതു്. ആ വെള്ളം ശേഖരിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതു് ഗവമ്മെൻറാണു്. ഒന്നോ രണ്ടോ ലക്ഷം രൂപ ചിലവഴിച്ചു് അവിടം ഉണക്കില്ലാത്തതാക്കിതീർത്തു് ആ നെല്ലറ നെല്ലുകൊണ്ടു് കവിഞ്ഞൊഴുകുന്നതാക്കി തീർക്കുവാൻ ഗവമ്മെൻറിനു സന്മനസ്സുണ്ടായിട്ടില്ല. ഇതുസംബന്ധമായി നാലുകൊല്ലം മുൻപു കൊച്ചി ഗവമ്മെൻറു കുന്നംപടാരിയിൽ ഒരു ഏരി കോരുവാൻ ശ്രമിച്ചപ്പോൾ അവിടെ ഏരി വെട്ടിയാൽ മഴവെള്ളം കൊണ്ടതു നിറയില്ല; അവിടെ വെട്ടുന്നതു് അനാവശ്യമാണെന്നു് ഗവമ്മെൻറിനേയും ചീഫ് ഇഞ്ചിനീയരേയും അറിയിച്ചപ്പോൾ ചീഫ് ഇഞ്ചിനീയർമുഖാന്തിരം ഗവമ്മെൻറിന്റെ മറുപടി അവർ താഴത്തെ അണക്കെട്ടിൽനിന്നു മൂന്നു കൊല്ലം വെള്ളം പമ്പുചെയ്തു നിറക്കുമെന്നും അതിനുള്ളിൽ മൂലത്തറ അണക്കെട്ടിലെ വടക്കെ കയ്യ് തുറന്ന പുഴവെള്ളംകൊ

ണ്ടുവന്നു നിറക്കണമെന്നും ആയിരുന്നു. വടക്കെ കയ്യ് തുറക്കേണ്ട കാര്യം വളരെക്കാലമായി ആലോചനയിലിരിക്കുന്നതാണ്. കുറെ തോട് വെട്ടിയിട്ടും ഉണ്ട്. അതിന്റെ ശേഷം ഇന്ന് നാളെ എന്ന് പറയുന്നതല്ലാതെ യാതൊരു പ്രവൃത്തിയും ചെയ്തുകാണുന്നില്ല. ചെറുകൊച്ചി തന്നെ ആയിരുന്നുവെങ്കിൽ ഇതിനുമുമ്പേ വല്ലതും ആകുമായിരുന്നു. ഇങ്ങനെ പലേ കാര്യങ്ങളിലും ഈ സംയോജനത്തിനുശേഷം കാര്യനിർവ്വഹണത്തിനു പല അമാന്തങ്ങളും ഉണ്ടായിട്ടുണ്ട്. കൃഷിയെസംബന്ധിച്ചിടത്തോളം ഇങ്ങനെ വരുന്നതു ഡിപ്പാർട്ടുമെന്റ മേലദ്ധ്യക്ഷന്മാരും സെക്രട്ടറിമാർക്കും മന്ത്രിമാർക്കും കൃഷിനടത്തിപ്പിനെപ്പററി പരിജ്ഞാനം ഇല്ലാത്തതുകൊണ്ടാണ്. അതിനുവേണ്ടി അവർ ഫുഡ്കമ്മിററി, ഫുഡ്പ്രൊഡക്ഷൻ കമ്മിററി, ഫുഡ് വർക്ക്സ് കമ്മിററി, ഫുഡ്ഡിസ്ട്രിക്ട് കമ്മിററി എന്നീ കമ്മിററികൾ നിശ്ചയിച്ചിട്ടുണ്ട്. അതിൽ കൃഷിക്കാർ മെമ്പർമാരും ഉണ്ട്. ഈ കമ്മിററികൾ എല്ലാം മുൻപറഞ്ഞ ഏരിയുടെ കാര്യത്തിൽ അതു ഉടനെ അടിയന്തിരമായി വേണ്ടതാണെന്നും നീട്ടിവെക്കേണ്ടതല്ലെന്നും പ്രമേയങ്ങൾ പാസാക്കി അയച്ചിട്ടുണ്ട്. അവ എവിടെയാണെന്ന് ആർക്കും അറിവില്ല. ആ ജോലി ഒട്ടും ചെയ്തിട്ടും ഇല്ല. ഇക്കൊല്ലം മൂന്നു മാസംമുമ്പ് മഴ പിന്നോക്കമായപ്പോൾ ആ ഏരിയിൽ വെള്ളം ഉടനെ നിറയ്ക്കേണ്ടതിലേക്ക് ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ മുൻനിർത്തി പി. ഡബ്ളിയൂ. ഡി. മന്ത്രിക്ക് ഒരു അറിവ് അസിസ്റ്റന്റ ഇഞ്ചിനിയർ വഴിക്ക്, എക്സിക്യൂട്ടിവ് ഇഞ്ചിനിയർ വഴിക്ക്, സൂപ്രണ്ടിംഗ് ഇഞ്ചിനിയർ വഴിക്ക്, ചീഫ് ഇഞ്ചനിയർ വഴിക്ക് കാലതാമസം വരാതിരിപ്പാൻവേണ്ടി കൊടുത്തിട്ടുണ്ടായിരുന്നു. അതിനു രണ്ടുമാസം കഴിഞ്ഞിട്ട് എത്തു ഭൂമിനനക്കുവാനാണ് ഏരി നിറക്കേണമെന്ന് പറഞ്ഞോ, ആ ഭൂമിയിലെ വിളപോലും എടുത്തതിന്റെ ശേഷം ഈയ്യിടെ സൂപ്രണ്ടിംഗ് ഇഞ്ചിനീയർ ആഫീസിൽനിന്ന് എഴുത്തു കിട്ടി. ചീഫ് ഇഞ്ചിനീയർക്ക് അയച്ചിട്ടുണ്ടെന്ന് അറിവുതന്നിട്ടുണ്ട്. മന്ത്രിക്കൊട്ടു കിട്ടിയിട്ടുമില്ല. ഗവമ്മെന്റിന്റെ ഭക്ഷ്യോൽപ്പാദനത്തിന്റെ ഒരു മാതൃകയാണ് ഇതു്. പോരാത്ത ഭക്ഷണസാധനം സെൻട്രൽ ഗവമ്മെന്റിൽനിന്നു കിട്ടേണ്ടതാണ്. അതു കഴിയുന്നതും അധികം കിട്ടേണ്ടതിനുവേണ്ടി ഡൽഹിക്ക് പറക്കുന്നതിനു ഒട്ടും മടിക്കാറുമില്ല. അവിടെ ധനകാര്യമന്ത്രിയേയും മററും കണ്ട് സങ്കടങ്ങളെല്ലാം പറഞ്ഞ് അവരുടെ കയ്യിൽനിന്നും ഗുണമായ ചില മറുപടികളും വാങ്ങിവരാറുണ്ട്. എന്നാൽ വടക്കേ ഇൻഡ്യയിൽ പലേടങ്ങളിലും നെല്ലരി ആവശ്യമില്ലാത്തവരുടെ തലയിൽ നെല്ലരി വെച്ചുകെട്ടുന്നുണ്ടെന്ന് പത്രങ്ങളിൽ കണ്ടിട്ടുള്ളതു് അവരെ അലട്ടിയിട്ടില്ല. ഭക്ഷ്യമന്ത്രിയോട് ആ നെല്ലരി ഞങ്ങൾക്ക് തരേണമെന്നും തന്നിട്ടുള്ള ഗോതമ്പ് പകരം എടുക്കുന്നതിനു വിരോധമില്ലെന്നും പറഞ്ഞ് സമ്മതിപ്പിക്കുവാൻ ഒരുങ്ങിയിട്ടില്ല. അവർക്കതിനു വിരോധമുണ്ടാകുവാൻ തരമില്ല. നമ്മൾക്കാണെങ്കിൽ കൊണ്ടുവരാനും കൊണ്ടുപോകുവാനും ചിലവ് അധികമാകുമായിരിക്കാം. കോടാനുകോടിരൂപ ഈ ഇനത്തിൽ നാം വലിച്ചെറിയുമ്പോൾ ഇതു് ഒരു വലിയ നഷ്ടമായി വിചാരിക്കേണ്ടതല്ല. അങ്ങിനെ ചിലവു ചെയ്തു നമ്മുടെ സാധുക്കൾക്ക് അര ഔൺസോ, ഒരു ഔൺസോ അരി കൂട്ടിക്കൊടുത്തിരുന്നെങ്കിൽ കോൺഗ്രസ് ഭരണത്തിൽ സാധുക്കളുടെ ഇടയിൽ ഇത്ര അസുഖം ഉണ്ടാകയില്ലായിരുന്നു. തിരഞ്ഞെടുപ്പിന്റെ ഫലവും മറിച്ചാകുമായിരുന്നു.

[Shri Ambat Eachara Menon]

മെഡിക്കൽ വകുപ്പിന്റെ ഭരണവും ഇതുപോലെതന്നെ തിരെ തൃപ്തികരമല്ല. ഈയ്യിടെ ഞാൻ വരുമ്പോൾ ഒരു ക്യൂ നില്ക്കുന്നതു കണ്ടു. അവിടെ ഇറങ്ങി അന്വേഷിച്ചപ്പോൾ ഒരു ആസ്പത്രി ആണെന്നും മരുന്നു വാങ്ങുവാൻ നില്ക്കയാണെന്നും മനസ്സിലായി. മണി ഏകദേശം പതിനൊന്നായിരിക്കുന്നു. ഈ പൊരിഞ്ഞവെയിലത്തു് മരുന്നു വാങ്ങാൻ വന്ന ആളുകളെ നിർത്തി പിറ്റേ ദിവസത്തേക്കു് മരുന്നു വാങ്ങാൻ അധികം ആളുകളെ ഉണ്ടാക്കുവാൻ പ്രവൃത്തിക്കുന്നതാണോ എന്നു തോന്നും; കാരണം ഡാക്ടർ താമസിച്ചു വന്നുവെന്നാണു് പറഞ്ഞതു്. ഇതുപോലെതന്നെ പഴഞ്ഞിയിൽ ചെന്നപ്പോൾ ആസ്പത്രി പൂട്ടികണ്ടു. എന്താണെന്നു അന്വേഷിച്ചതിൽ അതു ഒരു എയിഡഡ് ഡിസ്പൻസറി ആയിരുന്നുവെന്നും അതിലേക്കു് ആണ്ടുതോറും ആയിരം രൂപയ്ക്കു് മരുന്നുകൊടുക്കുകയാണു് പതിവെന്നും കഴിഞ്ഞാണ്ടു് എണ്ണൂററി ചില്വാനം രൂപയ്ക്കു് കൊടുത്തിട്ടുള്ളവെന്നും ഈ ആണ്ടിൽ ഇതുവരെ യാതൊന്നും കൊടുത്തിട്ടില്ലെന്നും, എന്നാൽ ഡാക്ടർക്കു് ശരിയായ ശമ്പളം കൊടുത്തിരുന്നുവെന്നുമാണു് അറിഞ്ഞതു്. ഇതുപോലെ കർമ്മവിലോപനം മററു വല്ലതും ഉണ്ടോ? കേൾപ്പോരും കേൾവിയും ഇല്ലാത്ത ഗവമ്മെൻറു് എന്നു പറഞ്ഞാൽ, അതു ഇതാണു്. മററു സകല ഡിപ്പാർട്ടുമെൻറിലും ഇതു പോലെ പലതും പറയുവാനുണ്ടു്. ഇങ്ങിനെയാണു് കോൺഗ്രസ് അധഃപതിച്ചിരിക്കുന്നതു്. അതിനാൽ ഗവമ്മെൻറു് നല്ലവണ്ണം ഉണന്നു് കാര്യങ്ങളെല്ലാം വേണ്ടതുപോലെ നടത്തിയിട്ടില്ലെങ്കിൽ എന്താണു് വരുവാൻ പോകുന്നതു എന്നു കണ്ടുതന്നെ അറിയണം. കൊച്ചിയിൽ നിന്നു് വന്നവർ മുതലക്കണ്ണീർ അല്ല ഒഴുക്കുന്നതു് സങ്കടക്കണ്ണീരാണു് ഒഴുക്കുന്നതു്. അവിടെ എത്ര ഭംഗിയായി കാര്യങ്ങൾ നടത്തിയിരുന്നു! ഇവിടെ ഇതെല്ലാം അനുഭവിക്കേണ്ടിവരുന്നു. ഹതവിധി.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സർ, ഈ ബഡ്ജററിന്റെ പേരിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അനുമോദിക്കുവാനോ അഭിനന്ദിക്കുവാനോ അല്ല ഞാൻ ഇപ്പോൾ എഴുന്നേററു നില്ക്കുന്നതു്. ഈ ബഡ്ജററു് ഗവമ്മെൻറിന്റെ അടുത്ത ആണ്ടിലെ ആയവ്യയപരിപാടികളുടെ അവസാനരൂപമല്ലെന്നു് വ്യക്തമാക്കികഴിഞ്ഞിട്ടുണ്ടു്. ശരിയായ ഒരു ബഡ്ജററു് രൂപവൽകരിച്ചു് ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുമ്പോൾ അതിൽ മൗലികമായ പല മാററങ്ങളും വരുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു.

കഴിഞ്ഞകൊല്ലത്തെ ബഡ്ജററിന്റെ റിവൈസ്ഡ് എസ്റ്റിമേററു് പരിശോധിക്കുമ്പോൾ അതിൽ ആക്ഷേപിക്കുവാനുള്ള പലതും എനിക്കു കാണുവാൻ സാധിക്കുന്നുണ്ടു്. രാഷ്ട്രനിർമ്മാണപരിപാടികളിൽ ശ്രദ്ധിക്കേണ്ട ഈ അവസരത്തിൽ അതിനുവേണ്ടി കൊള്ളിച്ചിരിക്കുന്ന തുകകൾ പലതും—ധാരാളമായി നീക്കിവെച്ചിരിക്കുന്ന തുകകൾ മാത്രമല്ല, ആവശ്യത്തിനു കഷ്ടിച്ചുമാത്രം കണക്കാക്കി വച്ചിരിക്കുന്ന തുകകൾ പോലും—മുഴുവനും ചെലവാക്കിയിട്ടില്ലെന്നു് കാണുന്നതു് യാഥാർത്ഥത്തിൽ ഭരണകൂടത്തിന്റെ വൈദഗ്ദ്ധ്യത്തെയല്ലാ പ്രദർശിപ്പിക്കുന്നതു്. കൃഷിവകുപ്പിനും ഗ്രാമോദ്ധാരണവകുപ്പിനും മററുമായി വകകൊള്ളിച്ചിരുന്ന ചെറിയ തുകകൾപോലും മുഴുവനും ചെലവാക്കുവാൻ ഗവമ്മെൻറിനു

സാധിച്ചിട്ടില്ലെന്നാണ് കാണുന്നത്. അതുപോലെ ക്യാപ്പിററൽ എക്സ്പെൻഡിച്ചർ ഭാഗത്ത്, വലിയ ജലസേചന പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിരുന്ന തുകയിൽ ൨൨ ലക്ഷത്തിലധികം രൂപ ചെലവാക്കാതെയുണ്ട്. ഈ രാജ്യത്തെ, ഇന്ന് നേരിടുന്ന ഏററവും വലിയ പ്രശ്നം ഭക്ഷ്യപ്രശ്നമാണെന്ന് എല്ലാവരും മുക്തകണ്ഠം സമ്മതിക്കുമല്ലോ. ഇങ്ങനെയുള്ള ഈ പ്രശ്നത്തിനു പരിഹാരം കാണുവാൻ ഉള്ള ചില വൻകിട പദ്ധതികൾ ആവിഷ്കരിച്ച് അതിലേക്കുവേണ്ടി വലിയ തുകകൾ നീക്കിവച്ച് ഗവൺമെൻറ് ജനങ്ങളിൽ വളരെ അധികം പ്രതീക്ഷകളും ആശ്വാസങ്ങളും ഉണ്ടാക്കിയെന്നു നിസ്സംശയം പറയാം. എന്നാൽ ആ പദ്ധതികൾ ശീഘ്രമായി പുരോഗമിപ്പിക്കുവാനുള്ള നടപടികൾ എടുത്തുകാണുന്നില്ലാ എന്നുള്ളത് പരിതാപകരമാണ്. എൻെറ നേരിട്ടുള്ള അറിവിൽ എനിക്കു പറയുവാൻ കഴിയും, വാഴാനിപദ്ധതിയും പീച്ചിപദ്ധതിയും ചാലക്കുടി പദ്ധതിയും വേണ്ടത്രപുരോഗമിക്കുന്നില്ലെന്ന്. ഇതിൽ ആരെയാണ് കുററം പറയേണ്ടതെന്ന് എനിക്ക് നിശ്ചയമായി പറയുവാൻ സാദ്ധ്യമല്ല. ഗവൺമെൻറിൻെറ കാര്യനിർവ്വഹണം കാര്യക്ഷമമായിരുന്നുവെങ്കിൽ നിശ്ചയമായിട്ടും ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുക മുഴുവനും ചെലവാക്കിയിട്ട് കൂടുതൽ തുകയ്ക്കുവേണ്ടി സപ്ലിമെൻററി ഗ്രാൻറ് ചോദിക്കുമായിരുന്നു.

രാഷ്ട്രനിർമ്മാണപരമായ ആവശ്യങ്ങൾക്കുവേണ്ടി നീക്കിവെച്ച തുകകൾ പലതും, മുഴുവൻ ചെലവാക്കാതെ ലാപ്സ് ചെയ്യിച്ച്, പ്രധാനമല്ലാത്ത പല ഇനങ്ങൾക്കുവേണ്ടിയും സപ്ലിമെൻററി ഗ്രാൻറ് ചോദിക്കുന്നതിനാണ് മന്ത്രിമാർ ശ്രമിച്ചുകാണുന്നത്. കൃഷിവകുപ്പിനുവേണ്ടി നീക്കിവെച്ച തുകയിൽ വലിയൊരു ഭാഗം ചെലവാക്കാൻ സാധിക്കാത്തതും, മുനിസിപ്പാലിററികൾക്കും പഞ്ചായത്തുകൾക്കും കമ്പോസ്ററവളം പ്രചരണം ചെയ്യുവാനും മററുമായി നീക്കിവെച്ചിട്ടുള്ള തുക മുഴുവനും ചെലവാക്കാത്തതും ശരിയല്ലെന്നാണ് എനിക്കു തോന്നുന്നത്. ഇതിനേക്കാൾ അപമാനകരമായി ഗവൺമെൻറിൻെറ എക്സിക്യൂട്ടീവിനു എന്താണ് ചെയ്യുവാനുള്ളത്.

കൃഷിവർദ്ധിപ്പിക്കുകയെന്നത് വലിയപദ്ധതികൾ കൊണ്ടുമാത്രം സാധ്യമല്ല.

**4 p. m.]**

ഈ നാട്ടിൽ വൻകിട കൃഷിവികസന പദ്ധതികൾകൊണ്ടും ജലസേചന പദ്ധതികൾകൊണ്ടും ഒന്നേമുക്കാൽ ലക്ഷത്തോളമേക്കർ മാത്രമാണ് കൂടുതൽ കൃഷിക്കുപയുക്തമാകാൻ പോകുന്നത്. നേരേമറിച്ചു ഈ രാജ്യത്ത് നെൽകൃഷിതന്നെ ഏഴലക്ഷത്തിൽപ്പരമേക്കർവരുന്ന സ്ഥലത്തുണ്ട്. ആ പ്രദേശങ്ങളിൽ ഇന്നു വേണ്ടത്ര വെള്ളമില്ലാതേയും വേണ്ടത്ര വളമില്ലാതേയും നല്ല വിത്തു വിതരണം ചെയ്യാൻ സാധിക്കാതേയും ശരിയായ കൃഷിസമ്പ്രദായങ്ങൾ നടപ്പാക്കാൻ സാധിക്കാതേയും ഉല്പാദനത്തിൻെറ കഴിവിൻെറ ഒരു ചെറിയ ഭാഗം മാത്രമാണ് ഇന്നു ജനങ്ങളുടെ ഊണത്തിനുവേണ്ടി ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ ഉല്പാദനം ഒരുനൂറോ ഇരുനൂറോ ശതമാനമല്ല അതിലുമധികം വർദ്ധിപ്പിക്കാൻ ശരിയായ കൃഷിപരിഷ്ക്കരണപദ്ധതികൾകൊണ്ടു സാദ്ധ്യമാണെന്നു തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ആ മാർഗ്ഗത്തിൽക്കൂടി വിപ്ലവപരമായ ഒരു പരിവർത്തനം വരുത്താൻ ഇന്നത്തെ ബഡ്ജററിൽ യാതൊരു പരിശ്രമവും കാണുന്നില്ലെന്നു

[Shri V. R. Krishnan Ezhuthassan]

പറയാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ഈ അടുത്ത അവസരത്തിൽ ഗവൺമെൻറിൻെറ നയപരിപാടികൾക്കെല്ലാം യുക്തമായ രൂപം നൽകി, ബഡ്ജററിൽ വേണ്ടത്ര മാററങ്ങൾ വരുത്തി ഈ സഭയുടെ ആലോചനക്ക കൊണ്ടുവരുമ്പോൾ, നിശ്ചയമായും ഈ രാജ്യത്തെ കാർഷികമായ പരിഷ്കരണത്തിന് വഴി തെളിഞ്ഞുകാണുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ഇവിടെ ശരിയായ ഒരു ഭൂനയം നടപ്പാക്കാനുള്ള കാലം വൈകിയിരിക്കുകയാണ്. എൻെറ വലതുപക്ഷത്തിരിക്കുന്ന ഇടതുപക്ഷ മുന്നണിക്കാർ ഭൂപരിഷ്കാരത്തെക്കുറിച്ചു പറയുന്നുണ്ട്. ജന്മിമുതലാളി വ്യവസ്ഥകൾ പോകണമെന്നും അവർ പറയുന്നുണ്ട്. എൻെറ ആവശ്യം ഭൂനിയമവ്യവസ്ഥ പരിഷ്കരിക്കുകമാത്രമല്ല. ജന്മിത്വംതന്നെ അവസാനിപ്പിക്കണമെന്നുള്ളതാണ് എൻെറ അഭിപ്രായം. കോൺഗ്രസ്സ അതിനുവേണ്ടിയാണ് നിലകൊള്ളുന്നതെന്നു ഞാൻ അവകാശപ്പെടുന്നു. ഇടതുപക്ഷ ഐക്യമുന്നണിക്കാർ ഭൂപരിഷ്കരണത്തെക്കുറിച്ചു പറയുമെങ്കിലും അതു് അവരുടെ ശരിയായ ലക്ഷ്യം മറച്ചുവെക്കാനുള്ള ഒരു തന്ത്രമാണെന്നാണ് ഞാൻ കരുതുന്നതു്. ഒരിഞ്ചു ഭൂമിപോലും കൃഷിക്കാരനു് കൊടുക്കാത്ത ആളുകൾ കൃഷിക്കാരനു് കൃഷിഭൂമി എന്ന മുദ്രാവാക്യം മുഴക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ആത്മാർത്ഥതയുണ്ടെങ്കിൽ അവർ അതല്ല പറയുക. അവരുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുകയല്ല. അവരുടെ തന്ത്രം ഇപ്പോൾ അതായിരിക്കും. അവരുടെ ആദർശരാജ്യത്തു് നൂറു ശതമാനത്തിലധികം ഭൂമിയും സ്റേററ് പിടിച്ചടക്കിയിരിക്കുകയാണ്. ഇവിടേയും നൂറു ശതമാനം ഭൂമിയും സ്റേററിൻെറ അധീനതയിൽ ആക്കണമെന്നും ഭൂമിയിൽ വേല ചെയ്യുന്നവരെല്ലാം തൊഴിലാളികളാകണമെന്നുമാണ് അവർ ആഗ്രഹിക്കുന്നതു്. അങ്ങനെ ഒരു ഭൂവ്യവസ്ഥ ഞാൻ ആഗ്രഹിക്കുന്നില്ല. ഓരോ ഇഞ്ചു ഭൂമിയും സ്റേററിനു വിധേയമാകണമെന്നു ഞാൻ സമ്മതിക്കുന്നു. നമ്മുടെ ഇന്നത്തെ വ്യവസ്ഥയനുസരിച്ചു്, നാം ആഗ്രഹിക്കുന്ന വ്യവസ്ഥയനുസരിച്ചു്, ജനാധിപത്യമുറയനുസരിച്ചു, ഈ രാജ്യത്തുള്ള ഭൂമിയെല്ലാം കൈകാര്യം ചെയ്യാനുള്ള അവകാശം അതിൽ വേല ചെയ്തും വേലയെടുപ്പിച്ചും അതിൻെറ ഗുണദോഷം നോക്കി രാജ്യനന്മക്കുവേണ്ടി മണ്ണിൽനിന്നു വിഭവങ്ങൾ ഉണ്ടാക്കുന്നവരുടെ കയ്യിൽ ആകണമെന്നാണ് എനിക്കുള്ള അഭിപ്രായം. അതാണ് ഇന്നത്തെ ഭരണക്കൂടത്തെ നിയന്ത്രിക്കുന്ന കോൺഗ്രസ്സ കക്ഷിയുടേയും അഭിപ്രായം. അങ്ങനെ സമൂലമായ ഒരു ഭൂപരിഷ്കരണം ഒരു പക്ഷെ ഇന്നത്തെ പരിതസ്ഥിതിയിൽ ഒരൊററക്കാലുവെയ്പുകൊണ്ടു് പരിപൂർണ്ണമായി നടന്നില്ലെന്നുവരികിൽ അതിൽ ഞാൻ ഖേദിക്കുകയില്ല. അതിനുള്ള ശരിയായ നയപരിപാടികൾ കൈക്കൊള്ളാതിരിക്കാൻ നിർവ്വാഹമില്ല. അതിനു താമസിയാതെ ഈ ഗവൺമെൻറ് തയ്യാറാകുമെന്നു നിശ്ചയമാണ്. യാതൊരു പ്രതിഫലവും കൊടുക്കാതെ ഇന്നു ഭൂമി കൈവശത്തിലിരിക്കുന്ന ജന്മിമാരിൽ നിന്നോ വൻകിട കൃഷി ഉടമസ്ഥന്മാരിൽ നിന്നോ എടുക്കാമെന്നുള്ള ഇൻഡ്യൻ സോഷ്യലിസ്ററ പാർട്ടിയുടെ വാദവും കോൺഗ്രസ്സ സ്വീകരിച്ചു നടപ്പാക്കി എന്നുവരികയില്ല. അങ്ങനെ പല സംഗതികൾകൊണ്ടും ഈ സഭയിലെ ചില വിഭാഗക്കാർക്ക് കോൺഗ്രസ്സ കൊണ്ടുവരാൻപോകുന്ന ഭൂപരിഷ്കരണത്തെ എതിർക്കാനുള്ള വഴിയുണ്ടാകുമെങ്കിലും, നാട്ടിലെ സാമാന്യജനങ്ങളുടെ നന്മയേയും കാർഷികോല്പാദനത്തിൻെറ അഭിവൃദ്ധിയേയും ലാക്കാക്കി നടപ്പിലാക്കാൻ കഴിയുന്ന ഒരു

പദ്ധതി ആയിരിക്കും അതു്. ആ ഭൂപരിഷ്കരണ വ്യവസ്ഥ താമസിയാതെ ഇവിടെ ആവിഷ്കരിക്കുമെന്നു ഞാൻ ആശിക്കുന്നു. ആ നിലയിലാണു് യഥാർത്ഥത്തിൽ ഞാൻ ഇന്നു് കാൺഗ്രസ്സ് പാർട്ടിയിൽനിന്നു അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ അനുകൂലിക്കുന്നതു്. ഈ വ്യവസ്ഥ കുറേ മുമ്പുതന്നെ വരുത്താവുന്നതായിരുന്നുവെന്നു എനിക്കും അഭിപ്രായമുണ്ടു്. എനിക്കും ഇക്കാര്യത്തിൽ വളരെ ക്ഷമകേടുണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇനിയും കാലവിളംബം വരാതിരിക്കത്തക്കവിധത്തിൽ അതു നടക്കട്ടെ എന്നു മാത്രമാണു് എനിക്കു ആശിക്കുവാനുള്ളതു്.

ഈ ഗവൺമെൻറിൻെറ മുന്നോടികളായിരുന്ന കാൺഗ്രസ്സ് ഗവൺമെൻറുകളുടെ ചെയ്തികളെ ഇവിടെ പലരും പ്രതിപാദിച്ചു്. അതിൽ ആദ്യത്തെ മന്ത്രിസഭയുടെ നേതാവായിരുന്ന ഇന്നത്തെ സഖാവു പട്ടം താണുപിള്ളയെപ്പോലെയുള്ളവർ തങ്ങളുടെ പഴയ പാരമ്പര്യമെല്ലാം വച്ചുകൊണ്ടു വിമർശിക്കുകയുണ്ടായി. ആ പാരമ്പര്യങ്ങളിൽനിന്നു കാൺഗ്രസ്സ് മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണു്. ഇന്നു് കാൺഗ്രസ്സ് ഗവൺമെൻറു ഒരു പഞ്ചവത്സരപദ്ധതിയും ഗ്രാമോദ്ധാരണപദ്ധതിയുമെല്ലാം ആവിഷ്കരിച്ചു് അതു് നടപ്പാക്കാമെന്നു പ്രതീക്ഷിക്കുന്ന ഒരവസ്ഥയിലാണു് നില്ക്കുന്നതു്.

ഈ ബഡ്ജററിൽ കാണാത്ത ചില സംഗതികളെക്കുറിച്ചുകൂടി എനിക്കു് ഒന്നുരണ്ടു വാക്കു പറയാനാഗ്രഹമുണ്ടു്. തിരു-കൊച്ചി, ഐക്യകാര്യത്തിൽ ഒരു കമ്മിരാജ്യമായി കുറേക്കാലത്തേക്കുകൂടി വർത്തിക്കുമെന്നു് ഇവിടെ ഉള്ളവർക്കെല്ലാം അറിയാം. പക്ഷെ വളരെ ദീർഘമല്ലാത്ത ഒരു ഭാവിയിൽ ഈ രാജ്യത്തെ ജനങ്ങൾക്കു് ആവശ്യമായ വിഭവങ്ങൾ മുഴുവൻ ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള പരിപാടികൾ ഇപ്പോൾതന്നെ നാം ആവിഷ്കരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഉത്തരപ്രദേശത്തു് 'ഇററാവ', എന്ന സ്ഥലത്തു് ഗവൺമെൻറു് ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഗ്രാമക്ഷേമപദ്ധതികളുടെ മാതൃകയിൽ ഇന്നു് ഇൻഡ്യയിൽ ഒട്ടാകെ, അമേരിക്കൻ സഹായത്തോടുകൂടിയും, ഫോർഡു് ഫൗണ്ടേഷൻെറ സഹായത്തോടുകൂടിയും, ചില കേന്ദ്രങ്ങൾ പ്രവർത്തിക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും ഈ രാജ്യത്തും രണ്ടുമൂന്നു കേന്ദ്രങ്ങൾ ഉണ്ടാകുമെന്നുമാണു് ഞാൻ അറിയുന്നതു്. അങ്ങനെയുള്ള കേന്ദ്രങ്ങൾ ഈ രാജ്യത്തിൻെറ ചില ഭാഗങ്ങളിൽ മാത്രം പ്രവർത്തിച്ചതുകൊണ്ടു് നമുക്കു് തൃപ്തിപ്പെടേണ്ട കാര്യമില്ല. ഭാരതപ്പുഴ മുതൽ കന്യാകുമാരിവരെയുള്ള ഗ്രാമപ്രദേശങ്ങളിൽ യു. പി. മാതൃകയനുസരിച്ചു കൃഷിക്കാരേയും കൈത്തൊഴിലാളികളേയും ഒരു നവോത്ഥാനത്തിലേക്കു നയിക്കാനുള്ള പരിപാടി ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണു്. ഈ നാട്ടിലെ കൃഷിഭൂമിക്കുവേണ്ട വളം വിതരണം ചെയ്യാനും നല്ല വിത്തു കൊടുക്കാനും കൃഷി സമ്പ്രദായം പരിഷ്കരിക്കാനും ഇവിടെ സുലഭമായിട്ടുള്ള ജലമാർഗങ്ങളെല്ലാം കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി രൂപാന്തരപ്പെടുത്തിയോ മററോ ഉപയോഗിക്കാനും സാധിച്ചുകഴിഞ്ഞാൽ നമുക്കു ഈ ഭക്ഷണകാര്യത്തെച്ചൊല്ലി കേഴേണ്ട അവസരം ഉണ്ടാകുകയില്ല. ഈ പരിപാടികൾ നടപ്പാക്കുന്നതിനു് കൂടുതൽ നികുതി ഭാരം ജനങ്ങളുടെ മേൽ ചുമത്തേണ്ടിവന്നുവെന്നുവരാം. നികുതിയെക്കുറിച്ചു് ഇവിടെ പലരും പറയുകയുണ്ടായി. ഐക്യമുന്നണി നേതാവും ഇവിടെ വില്പനനികുതി ഒരു പൈശാചിക നികുതിയാണെന്നു പറഞ്ഞു്. ഇന്നു് ലോകത്തിലെ ഒരേഒരു സോഷ്യലിസ്റ്റ് രാജ്യമാണെന്നു് പറയുന്ന റഷ്യയിൽ

[Shri V R Rrishnan Ezhuthassan]

വസ്ത്രത്തിനു ൩൨ ശതമാനം വില്പന നികുതിയും, ഭക്ഷണത്തിനു ൨൦൦ ശതമാനം വില്പന നികുതിയും സിൽക്കിനു ൫൦ ശതമാനം വില്പന നികുതിയും ഉണ്ടെന്നു് എനിക്കു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. രാജഗോപാലൻ നായർ: മെമ്പർ സോവിയറ്റ് ഡെലിഗേഷനെ കണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: അവരിൽ നിന്നാണു് കാര്യങ്ങൾ മനസ്സിലാക്കുന്നതെങ്കിൽ നമുക്കു ശരിയായ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുകയില്ല.

സാർ ചക്രവർത്തിയുടെ കാലത്തുണ്ടായിരുന്ന റിയൽവേജസിന്റെ ൩൮ ശതമാനം മാത്രമേ ൧൯൩൮-ൽ റഷ്യയിൽ ഉണ്ടായിരുന്നുള്ളു എന്നും മനസ്സിലാകുന്നുണ്ടു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മെമ്പർ—

**Mr. Speaker :** The member is not yielding and therefore no question can be put.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: റഷ്യയിൽ പന്ത്രണ്ടര കോടി ആളുകൾ ലേബർ ക്യാമ്പുകളിൽ അല്ലെങ്കിൽ ജയിലുകളിൽ ആണു് ഇന്നു വസിക്കുന്നതെന്നും അറിയുന്നു. അവിടെ ആരും സ്ട്രൈക്ക് ചെയ്യുന്നില്ല. സ്ട്രൈക്ക ചെയ്യാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണു് സ്ട്രൈക്ക് ചെയ്യാതിരിക്കുന്നതു്. എല്ലാവർക്കും അവിടെ വേലയുണ്ടെന്നു പറയുന്നതും വെറുതെയാണു്. അങ്ങനത്തെ ഒരു രീതിയിലല്ല നമുക്കു മുമ്പോട്ടു പോകേണ്ടതു്. അങ്ങനെ അല്ലാതെതന്നെ വിപ്ളവാത്മകമായ ഒരു പരിവർത്തനം രാജ്യത്തു് ഉണ്ടാക്കാൻ സാധിക്കുമെന്നാണു് എന്റെ വിശ്വാസം. അതിനുള്ള പരിപാടി കോൺഗ്രസിനുണ്ടു്. ആ പരിപാടി അടുത്ത ബഡ്ജറ്റിൽ കാണുമെന്നു ഞാൻ കരുതുന്നു. അതാണു് യഥാർത്ഥ ബഡ്ജറ്റ്. ഇന്നു കാണുന്നതല്ല നമ്മുടെ ബഡ്ജറ്റ്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

**Shri A. A. D. Luiz :** Sir, I shall express my detailed comment on the Budget before the House on a later occasion. However, I am very glad to hear from a Member of the opposition party that this Budget contains nothing interesting and lucrative for the rich. My duty today is to convey to His Highness the Rajpramukh and to His Highness' Government the gratitude of the Anglo-Indian and domiciled European community for the protection and representation we have been enjoying at the hands of the Government. I was also directed to convey that this community gives a positive assurance of continued loyalty to His Highness' Government and to His Highness the Rajpramukh.

We, in India, are today fighting our ancient legacy of ignorance and poverty.

This community of mine is much interested in taking part in this battle. But to take part in this battle we need the assistance of the Government; assistance to run educational institutions, to run industrial institutions and to organize co-operative institutions, for the betterment of this community.

At the moment the community is running ten institutions, imparting knowledge to over 2,300 little children in various parts of the State. These institutions are functioning without any particular reservation. All creeds, castes and communities are receiving education and benefit from these institutions. Well, these institutions are controlled by an honorary organisation called the Anglo-Indian Central Board of Education. It is true that these institutions are receiving Government assistance, but there are one or two schools that are not receiving any assistance and it has become a hard task to maintain them with voluntary public subscriptions.

Then, again, there is another difficulty that confronts the Anglo-Indians who are interested in going in for higher education. The colleges today are insisting on first class passes and so on. Our community is not highly talented. First class passes never run their way, and as such they have considerable difficulty in obtaining admissions in colleges. I would request the Government to reserve at least one seat in these colleges for this community that is struggling to go ahead. These reservations should specially be made in the Law and Medical colleges.

Then again, I wish to bring to the notice of the hon. Members of this House that in past years, and perhaps in the future as well, students are being sent overseas for various technical training schemes. I regret to remark that such facilities have not been granted to a single Anglo-Indian. I hope that, sooner or later, this dire need will be attended to. It is the cultural status of the minorities that concludes the cultural degree of India as a whole.

Another assistance that the Government should give to this commuuity is for their co-operative and industrial development. I hope Government will appreciate the fact that this minority community has got special privileges only for the coming ten years. During these ten years, it is the duty of the Government to put this minority community on their own legs. They are making various attempts at co-operative concerns, industrial schools, etc., but nothing can progress unless the Government takes a particular interest.

At this stage, I must tell you of a big grievance that this community has got. Sir, the House knows that very beautiful promises were made by the Government of India and the State Governments. A large number of Anglo-Indians, some of them even sacrificing their good and attractive jobs in civilian life, joined the army, the navy and the air force. After the war they were suddenly demobilised. What do they have, when they were demobbed? They are jobless. They are begging. They are in utter proverty. Something must be done for them. You will be surprised when I say that about 80 per cent. of the men who are capable of bearing arms, went to the battle-front; they sacrificed their lives in the deserts of Africa, in the forests of Arakkan, to keep war and bloodshed away from the mainland of India. These services must be appreciated, and Government should do something for them. I understand that large sums of money were allotted to various States to form co-operative institutions, collective farming, industrial organisations, to keep these servicemen free from poverty and distress. I am not saying that these funds are being misused, but I have every right to request the Government to do something in this regard. If my information is correct, there is about half a crore of rupees available with various organisations. Please, let the Anglo-Indian and the Domiciled Europeans who did some service for India have at least a paltry part of this amount for their industrial and social development.

[Shri A. A. D. Luiz]

The House will agree with me when I say that a large part of the natural and human resources of this country stands unexplored. This work of exploration or, better, the economic transformation, cannot be speeded up with unnatural methods. But of course we can speed up the willingness of the hearts of men and cure them of their natural impatience. I shall avail myself of another occasion to express my opinion about the budget, Sir.

ശ്രീ. അച്ചുതമേനോൻ: ബഹു. ധനകാര്യമന്ത്രിയുടെ ഈ ബഡ്ജററ് പ്രസംഗത്തിൽ പുരോഗമനപരമായും സാമൂഹ്യവീക്ഷണത്തോടുകൂടിയും എത്രത്തോളം സംഗതികൾ ഉൾക്കൊണ്ടിട്ടുണ്ടെന്നു ഞാൻ സൂക്ഷ്മമായി പരിശോധിക്കുകയുണ്ടായി. എന്നാൽ നിർഭാഗ്യവശാൽ അപ്രകാരമുള്ള ഒരു വീക്ഷണം ഒരു സ്വപ്നമായിട്ടുള്ള ഒന്നാണ് എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഈ ബഡ്ജററ് പ്രസംഗം ചെയ്ത അവസരത്തിലും രാജപ്രമുഖന്റെ പ്രസംഗം സംബന്ധിച്ചു ഞങ്ങൾക്ക് മറുപടി പറഞ്ഞ അവസരത്തിലും അദ്ദേഹം പ്രതിപക്ഷകക്ഷിയോട് സഹകരണത്തിനും വിനാശകരമായ പ്രവൃത്തനങ്ങൾ വിട്ട് സൃഷ്ടിപരമായ പ്രവൃത്തനങ്ങൾക്കും വേണ്ടി അപേക്ഷിക്കുകയുണ്ടായി. ഈ ഭാഗത്തുള്ള ഐക്യമുന്നണിയിലെ മെമ്പറന്മാർക്കുവേണ്ടി എനിക്കദ്ദേഹത്തോടൊരു സംഗതി പറയാനുണ്ട്. തീർച്ചയായും ഈ രാജ്യത്തിന്റെ ക്ഷേമത്തിനുതകുന്ന സംഗതികളിൽ സഹകരണത്തിന് യാതൊരു കുറവും ഉണ്ടാകുന്നതല്ല എന്നു വളരെ വ്യക്തമായി അദ്ദേഹത്തിനുറപ്പിക്കാൻ സാധിക്കുന്നതാണ്. ഈ രാജ്യത്തിന്റെ പുരോഗമനത്തിന് ആവശ്യമായിട്ടുള്ള കാര്യങ്ങളിൽ ഞങ്ങൾ ഒരു കാലത്തും പിന്നോക്കം നില്ക്കുകയില്ല എന്നെനിക്കു പറയാൻ സാധിക്കും. എന്നാൽ ഒരു ചോദ്യം ചോദിക്കുവാനുണ്ട്. ആ ചോദ്യം ഇതാണ്. എന്തിനുവേണ്ടിയുള്ള സഹകരണം? ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറയുകയുണ്ടായി, ഈ വോട്ട് ആൺ അക്കൗണ്ട് തല്ക്കാലം ഭരണം നടത്തിക്കൊണ്ടുപോകുന്നതിനുള്ളതാണെന്നു്. ഈ കഴിഞ്ഞ പന്ത്രണ്ടാം തീയതി മാത്രമേ തങ്ങൾ ഭരണത്തിൽ വന്നിട്ടുള്ളു എന്നും സുചിന്തിതമായി സാമ്പത്തികമോ സാമൂഹ്യമോ ആയ കാര്യങ്ങളെ സംബന്ധിച്ചു പരിഗണിക്കാൻ സാധിച്ചില്ല എന്നും പക്ഷെ ഇവിടെ മററാളുകളുടെ പ്രസ്താവനകളിൽ പറഞ്ഞപോലെ ഈ കോൺഗ്രസ് ഗവൺമെൻറ് ഒരു പുതിയ ഗവൺമെൻറല്ല എന്നും ഇതുവരെ ഇക്കഴിഞ്ഞ ൪ കൊല്ലം ഈ രാജ്യത്തിന്റെ ഭാഗധേയങ്ങളെ കൈകാര്യം ചെയ്ത ഒരു ഗവൺമെൻറാണിതെന്നും മനസ്സിലാക്കണം. ഈ ഗവൺമെൻറ് ഇപ്പോൾ അധികാരത്തിൽ വന്നതാണെന്നു വിശ്വസിക്കാനും നിവൃത്തില്ല. എന്നുമാത്രമല്ല, ഈ കഴിഞ്ഞ കൊല്ലങ്ങളിലെ നയവും പരിപാടികളും തന്നെയാണിനിയും കോൺഗ്രസ് ഗവൺമെൻറ് തുടരാൻപോകുന്നതെന്നും ഈ ബഡ്ജററിൽനിന്നും ഞങ്ങൾക്ക് കാണാൻ സാധിക്കുന്നു. സർ, തീർച്ചയായും അഭിമാനമുള്ള ആർക്കും ഈ ഗവൺമെൻറിനോട് സഹകരിക്കാൻ നിവൃത്തില്ല. ഈ ഗവൺമെൻറിന്റെ നയപരിപാടികളോട് സഹകരിക്കാൻ ഒരു കാലത്തും നിവൃത്തിയില്ലെന്നു വ്യക്തമാക്കാതിരിക്കുവാൻ സാധിക്കുന്നതല്ല. കാരണം, എനിക്കതേപ്പററി പറയുന്നതിനായി പലതും ഉണ്ടെങ്കിലും ഒന്നു രണ്ടു പോയിൻറുകളെപ്പററിമാത്രം ഞാൻ കുറച്ചു പറയണമെന്നു വിചാരിക്കുന്നു.

ഇന്നത്തെ ഏററവും പ്രധാനപ്പെട്ട ജീവൽപ്രശ്നമായ ഭക്ഷ്യപ്രശ്നത്തെ സംബന്ധിച്ചു കോൺഗ്രസ്സിന്റെ ബഡ്ജററ് പ്രസംഗത്തിലും രാജപ്രമുഖന്റെ പ്രസംഗത്തിനു് മറുപടി പറഞ്ഞ അവസരത്തിലും ബഹു. ധനകാര്യമന്ത്രി അവതരിപ്പിച്ച നയപരിപാടികൾ എന്തെല്ലാമാണു്? ആ പരിപാടികളോടു് ഞങ്ങൾക്കു് യോജിക്കുവാൻ നിവൃത്തിയുണ്ടോ? ഒരിക്കലും നിവൃത്തിയില്ല. ഇന്നെനിക്കു ഉറപ്പിച്ചു പറയാനുള്ളതു് ഈ രാജ്യത്തെ ഏററവും പ്രധാന പ്രശ്നമായ ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനു് കൃഷിക്കാൎക്കു് ഭൂമിയുണ്ടാക്കാതെ നിവൃത്തിയില്ല. മറെറതൊരു രാജ്യത്തിന്റെ ചരിത്രം പരിശോധിച്ചുനോക്കിയാലും നമുക്കതറിയാം. ഈ ഇൻഡ്യാരാജ്യം ഒരു കൊളോണിയൽ രാജ്യമായിട്ടാണു് നിലനിൽക്കുന്നതെന്നു്. ഈ രാജ്യത്തെ സാമ്പത്തികക്രമം തന്നെ ഒന്നു മാറേണ്ടിയിരിക്കുന്നു. ഇന്നു നാട്ടുകാരുടെ സാമ്പത്തികഘടനയ്ക്കു തന്നെ ഒരു സമൂല പരിവൎത്തനം ആവശ്യമാണു്. ഇന്നതു തകൎന്നുകൊണ്ടിരിക്കുകയാണു്. ഈ രാജ്യത്തു കൃഷിഭൂമിക്കു യഥാൎത്ഥ കൃഷിക്കാരനവകാശമില്ലാതെയാണിരിക്കുന്നതു്. യഥാൎത്ഥ കൎഷകനു്, അതായതു്, അദ്ധ്വാനിക്കുന്നവനു് ഇന്നു ഭൂമി കിട്ടുന്നില്ല. അവർ അദ്ധ്വാനിച്ചുണ്ടാക്കുന്നതിനെ ജന്മിമാർ അല്ലെങ്കിൽ ഗവൺമെന്റു് തട്ടിപ്പറിച്ചെടുക്കുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് കൃഷി ചെയ്യുവാൻ ഉത്സാഹമില്ലാതെയായിതീരുകയും തന്മൂലം രാജ്യത്തു് ഏററവും പ്രാധാന്യം വഹിക്കുന്നതായ ഭക്ഷ്യപ്രശ്നത്തിനൊരു പരിഹാരമുണ്ടാകാനും പോകുന്നില്ല എന്നുള്ളതു വളരെ വ്യക്തമായിട്ടു മനസ്സിലാക്കാൻ സാധിക്കുന്നതാണു്.

സർ, കോൺഗ്രസ് ഇതിനെ സംബന്ധിച്ചു് പുരോഗമനപരമായ പല പദ്ധതികളും ചെയ്തിട്ടുണ്ടെന്നു ഇവിടെ ചില പ്രാസംഗികന്മാർ പ്രസംഗിച്ചുകേട്ടു. ഈ കഴിഞ്ഞ നാലുകൊല്ലമായി ഇൻഡ്യ ഒട്ടാകെയുള്ള കോൺഗ്രസ് ഗവൺമെന്റിന്റെ പരിപാടികളെക്കുറിച്ചു എനിക്കു രണ്ടു വാക്കുപറയാനുണ്ടു്. വാസ്തവത്തിൽ കൃഷിക്കാൎക്കുവേണ്ടി കോൺഗ്രസ് ഗവൺമെന്റു് എന്തു ചെയ്തു? അവർ കൃഷിക്കാൎക്കുവേണ്ടി പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ടു് എന്നു പറയുന്നതിൽ വല്ല അടിസ്ഥാനവും ഉണ്ടോ? തീൎച്ചയായും ഇല്ല. ഈ കോൺഗ്രസ് ഗവൺമെന്റു് നടപ്പിലിരിക്കുന്ന, മദ്രാസു്, യു. പി. എന്നല്ല, മററു സംസ്ഥാനങ്ങളിലും ഗവൺമെന്റു് ജന്മിമാരെ അല്ലെങ്കിൽ സെമിന്ദാരന്മാരെ സഹായിക്കുന്നതിനായി ജന്മി സമ്പ്രദായം അല്ലെങ്കിൽ സെമിന്ദാരി സമ്പ്രദായം നിൎത്തലാക്കുന്നതിനുള്ള നിയമങ്ങൾ ചില സ്റ്റേററുകളിൽ അവതരിപ്പിച്ചു എന്നു നാം പത്രത്തിലും മററും വായിച്ചിട്ടുണ്ടു്. അതിനു സെമിന്ദാരി സമ്പ്രദായമനുസരിച്ചു് അവരിൽനിന്നും എടുക്കുന്ന ഭൂമിക്കു ആകെ കൊടുക്കേണ്ട തുക എന്താണു്? അനൎഹമായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന സെമിന്ദാരന്മാൎക്കു് അവരിൽനിന്നും എടുക്കുന്ന ഭൂമിക്കു പ്രതിഫലം കൊടുക്കണമെന്നാണു് പറയുന്നതു്. അതു് ഗവൺമെന്റിൽനിന്നും കൊടുക്കണമെന്നും പറയുന്നു.

ഈ പദ്ധതി വാസ്തവത്തിൽ കൃഷിക്കാരെ സഹായിക്കുന്ന ഒരു പദ്ധതിയാണോ? ഈ രാജ്യത്തെ ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയുടെ ചങ്ങലകളെ പൊട്ടിച്ചെറിയുവാൻ പൎയ്യാപ്തമായ ഒരു പദ്ധതിയാണോ അതു്? ഒരിക്കലുമല്ല. ഇതിനു് ഗവൺമെന്റു് പ്രതിഫലം കൊടുക്കുന്നുണ്ടു്.

[Shri C. Achutha Menon]

മദ്രാസിൽ ഇരുപത്തുകോടിയോളം രൂപാ പ്രതിഫലം കൊടുക്കേണ്ടതുണ്ടു്, യു. പി. യിലാണോ, ബിഹാറിലാണോ എന്നു നിശ്ചയമില്ല, ഇരുന്നൂറു കോടി രൂപയോളം കൊടുക്കേണ്ടതായി വരും. ഗവമ്മെൻറുകൾ ഈ തുക എവിടെനിന്നു കൊടുക്കുന്നു എന്നാണു് ഞാൻ ചോദിക്കുന്നതു്? തീർച്ചയായും ഇവിടത്തെ കോൺഗ്രസുകാർ ഈ പണം കൊടുക്കാൻപോകുന്നില്ല. ഇവിടത്തെ കൃഷിക്കാരുടേയും ഇവിടത്തെ തൊഴിലാളികളുടേയും മുതുകത്തായിരിക്കും ഇതിന്റെ മുക്കാൽഭാരവും ചെന്നുവീഴുന്നതു്. നികുതിഭാരംകൊണ്ടു് ഇവിടത്തെ സാമാന്യജനങ്ങളെ വീർപ്പുമുട്ടിക്കാതെ ഈ വൻപിച്ച തുകകൾ കൊടുത്തുതീർക്കുവാൻ സാദ്ധ്യമല്ല. ഇന്നു പാട്ടമായിട്ടോ മിച്ചവാരമായിട്ടോ കുടിയാനവന്മാർ കൊടുത്തുതീർക്കുന്ന തുകകൾ പിരിച്ചെടുത്തു മറെറാരുവേഷത്തിൽ അതായതു്, ഭീമമായ നികുതിയായി പിരിച്ചെടുത്തു ഈ തുക കൊടുത്തുതീർക്കുമെന്നുള്ളതിനു് സംശയമില്ല. ഇതു് ഒരിക്കലും ഇവിടത്തെ സാധുക്കളായ കർഷകർക്കും കുടിയാനവന്മാർക്കും ആശ്വാസമരുളുന്ന ഒരു പദ്ധതിയല്ല.

**Mr. Speaker:** The House will now adjourn and meet again tomorrow at 11 a. m.

*The House rose at 4-30 p. m. to meet again at 11 a. m. on Saturday the 29th March 1952.*

V. KRISHNAMOORTHI

*Secretary to the Legislative Assembly*

# APPENDIX

[ Please see answer to Question No. *126 (115) ]

**Roads selected for the first five year plan**
**Pathanamthitta Taluk**

1. Pathanamthitta Kadambanitta road
2. Road from Kozhencherry bridge to Kudumthamoozhikadavu
3. Pathanamthitta Ayroor road 2nd section
4. Kumbazha Konni road via Vettoor
5. Road from Vettoor to Chengara
6. Road from Malayalapuzha temple to Kumbazha estate
7. Uzhavanpara Vadaserikara road
8. Vadaserikara Perinad road
9. Vadaserikara Mundakanmoozhi road I Section

**Roads selected for the second five year plan**
**Pathanamthitta Taluk**

1. Chethemkara Thennikadavu road up to Athikayam
2. Anchukuzhi Mukkathukadavu road
3. Road from Vakayar to Vallikode
4. Mahanimala Vettipuram road via Thanniamala
5. Road from Vattakadavu to Aikuzha school
6. Road from Adiani to Neerannakala junction
7. Kadambinitta Mylapra road
8. Kadambinitta Pothemon road
9. Thengincherry Uthimood road
10. Road from Kozhencherry bridge to Kozhencherry camp shed
11. Thrikamala road
12. Thondada road
13. Road from Chettakal to Valiachembanmudy
14. Road from Pannikunnu to Poovanmalai Bridge
15. Valiakavu Mannamaruthi road
16. Aranmula Sabarimala road
17. Nellikala Naranganam road
18. Adupara Kavadi road
19. Mannarthara road
20. Kumbalam Poika Uthimood road.

---

# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

**FIRST SESSION—1952**

**Saturday,** *the 29th March 1952*

**Vol. V]** **OFFICIAL REPORT** **[No. 5**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Saturday, the 29th March 1952, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

## ORAL ANSWERS

### കൌൺസിലർ നിയമനം

*൧൩൩. (൧) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) തിരുവിതാംകൂർ-കൊച്ചിയിലേക്ക് കേന്ദ്രഗവമെന്റ് ഒരു കൌൺസിലറെ നിയമിക്കാൻ തീരുമാനിച്ചത് ഈ ഗവമെന്റിനോട് ആലോചിച്ചിട്ടാണോ;

(ബി) ഈ കൌൺസിലർക്കുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കൌൺസിലർനിയമനത്തെ സംബന്ധിച്ച് ഈ നാട്ടുകാരുടെ മനോഭാവമെന്താണെന്ന് ഈ ഗവമെന്റ് കേന്ദ്രഗവമെന്റിനെ അറിയിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി ശ്രീ. എ. ജെ. ജോൺ:

(എ) തിരുവിതാംകൂർ – കൊച്ചിയിലേക്ക് കേന്ദ്രഗവമെന്റ് ഒരു കൌൺസിലറെ നിയമിക്കാൻ തീരുമാനിച്ചതായി ഈ ഗവമെന്റിനു അറിവൊന്നുമില്ല.

(ബി, സി) എ യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തിരുവിതാംകൂർ-കൊച്ചിയിലേക്ക് ഒരു കൌൺസിലറെ നിയമിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതായി കേന്ദ്രപാർലമെന്റിൽ സ്റ്റേറ്റുമിനിസ്റ്റർ പ്രസ്താവിച്ചവിവരം ഗവമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ പത്രത്തിൽ കണ്ടിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതിനെസംബന്ധിച്ച് ഈ ഗവൺമെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? ഈ ഗവൺമെൻറിൻെറ അഭിപ്രായം എന്തെങ്കിലും കേന്ദ്രഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പത്രത്തിൽ കണ്ട ഒരു പ്രസ്താവനയെ അടിസ്ഥാനമാക്കി സാധാരണയായി ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറുമായി എഴുത്തുകുത്തുകൾ നടത്താറില്ല. ഔദ്യോഗികമായി ലഭിക്കുന്ന എഴുത്തുകുത്തുകളെ സംബന്ധിച്ചുമാത്രമെ ഈ ഗവൺമെൻറ് ഗൗനിക്കാറുള്ളു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഒരു മി. ഗോഖലയെ ഇവിടെ കൌൺസിലറായി നിയമിക്കാൻപോകുന്നു എന്ന വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: പത്രത്തിൽ അങ്ങനെ കണ്ടിട്ടുണ്ട്.

ശ്രീ. വാറണ്ണി പുളിക്കൽ: പത്രത്തിൽ കണ്ട പ്രസ്താവനയിൽ ഗവൺമെൻറ് പ്രതിഷേധം രേഖപ്പെടുത്തുമോ?

ശ്രീ. എ. ജെ. ജോൺ: ഔദ്യോഗികമായ അറിവ് ലഭിക്കുമ്പോൾ മാത്രമേ ഗവൺമെൻറ് ഏതെങ്കിലും അഭിപ്രായം പുറപ്പെടുവിക്കേണ്ടതായിട്ടുള്ളു. ഈ നിയമനത്തെ സംബന്ധിച്ച് ഈ ഗവൺമെൻറിൻെറ നയം എന്താണെന്നു രണ്ടുമൂന്നു ദിവസത്തിനുമുമ്പു ധനകാര്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: നിയമനം നടന്നതിനുശേഷം ഗവൺമെൻറ് അഭിപ്രായം പുറപ്പെടുവിക്കുന്നതിനേക്കാൾ ഭേദം, നിയമനത്തിനു മുമ്പ് അഭിപ്രായം പുറപ്പെടുവിക്കുന്നതല്ലേ നല്ലതു്?

ശ്രീ. എ. ജെ. ജോൺ: എന്തെങ്കിലും ഒന്നു നടന്നതിനുശേഷമാണു അതേപ്പറ്റി അഭിപ്രായം പുറപ്പെടുവിക്കേണ്ടതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ കാര്യത്തിൽ മുൻകൂട്ടി പ്രതിഷേധം രേഖപ്പെടുത്തുവാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. എ. ജെ. ജോൺ: അതു അനവസരത്തിൽ ചെയ്യുന്ന ഒരു കാര്യമായിരിക്കും.

ശ്രീ. ടി. എ. മജീദ്: ഈ രാജ്യത്തു ഒരു കൌൺസിലറെ നിയമിക്കുന്നതിൽ ഇവിടത്തെ യാതൊരു പാർട്ടിയും അനുകൂലിക്കുന്നില്ലെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ അറിഞ്ഞിട്ടില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: കൌൺസിലറെ നിയമിക്കുന്നതിൽ ഗവൺമെൻറഭിപ്രായമെന്താണ്?

ശ്രീ. എ. ജെ. ജോൺ: ഗവൺമെൻറിൻെറ അഭിപ്രായമെന്താണെന്നുള്ളതു രണ്ടുമൂന്നു ദിവസത്തിനുമുമ്പു ധനകാര്യമന്ത്രി ഇവിടെ ചെയ്ത പ്രസ്താവനയിൽനിന്ന് ഈ സഭയ്ക്കു ഗ്രഹിക്കാൻ കഴിയും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ശ്രീ. ഗോപാലസ്വാമിഅയ്യങ്കാർ ചെയ്ത പ്രസ്താവനയിൽ പറയുന്ന കൌൺസിലക്ക് എന്തൊക്കെ അധികാരമുണ്ടായിരിക്കുമെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

## തടിവെട്ടിമാററുന്നതിനുള്ള കൺട്രാക്ട്

*൧൩൮. (൨) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫോറസ്റ്റ്‌വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) റിസർവ്വ്‌വനങ്ങളിൽനിന്നും തടി വെട്ടിമാററുന്നതിനുള്ള കൺട്രാക്ട് വനംവകുപ്പുമന്ത്രി ശ്രീ. പൈലി ഒരു നൈനാനെ ഏല്പിച്ചുകൊണ്ട് കല്പന പുറപ്പെടുവിച്ചതു സംബന്ധിച്ച് ആക്ഷേപമുണ്ടായിട്ടുള്ളതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) റിസർവ്വ്‌വനങ്ങളിൽനിന്നും തടി മുറിച്ചുമാററുന്നതിനു് നൈനാൻ എന്നയാളിൻെറ പേരിൽ യാതൊരു കാൺട്രാക്ടും അനുവദിക്കുകയുണ്ടായിട്ടില്ല.

(ബി) ശ്രീ. ഏ. പി. നൈനാൻെറ വക എൻഡർസ്സി എസ്റ്റേററിൽ നില്ക്കുന്നതും സർക്കാരിലേക്കു അവകാശപ്പെട്ടിട്ടുള്ളതുമായ വൃക്ഷങ്ങളെ മി. നൈനാൻതന്നെ വില്ക്കുന്നതിനു ഉത്തരവു പുറപ്പെടുവിച്ചിരുന്നു. അതിനെസംബന്ധിച്ചു പരാതിയുണ്ടായി. അതുകൊണ്ടു അക്കാര്യം പുനരാലോചന ചെയ്യേണ്ടതാണെന്നു ഗവൺമെൻറു തീരുമാനിച്ചിരിക്കയാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ആ ഉത്തരവുമൂലം ഗവൺമെൻറിനു നഷ്ടം വരുമെന്നു കണ്ടിട്ടാണോ അതു പുനരാലോചനയ്ക്കു വച്ചിരിക്കുന്നതു്?

ശ്രീ. വി. മാധവൻ: നഷ്ടമാണെന്നാണു പരാതി. അതുകൊണ്ടു അതു ആലോചിച്ചു തീരുമാനിക്കുന്നതിനുവേണ്ടി വച്ചിരിക്കുകയാണ്.

ശ്രീ. പരീതുറാവുത്തർ: നൈനാൻെറ സ്വന്തസ്ഥലത്തുനിന്നല്ലേ തടി വെട്ടിമാററുവാൻ ആവശ്യപ്പെട്ടിരുന്നതു്?

ശ്രീ. വി. മാധവൻ: അതെ.

ശ്രീ. ഏ. താണുപിള്ള: ഇങ്ങനെ ഉത്തരവു കൊടുത്തതു തുക നിശ്ചയിച്ചു വില്പന നടത്താനാണോ, അതോ മി. നൈനാൻ തന്നെ ഇഷ്ടമുള്ള തുകയ്ക്കു വില്പന നടത്താനാണോ?

ശ്രീ. വി. മാധവൻ: ഇന്ന തുകയ്ക്കു വൃക്ഷങ്ങൾ വില്ക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ആ തുക വളരെ കുറവാണെന്നു എസ്റ്റേററുടമസ്ഥൻ മി. നൈനാനും പരാതിപ്പെടുകയുണ്ടായി. അതുകൊണ്ട് രണ്ടാമതും ഒരു തീരുമാനമെടുത്തു. ആ തീരുമാനത്തിന്മേലാണ് ആക്ഷേപം വന്നതു്. അതുകൊണ്ട് അതു പുനരാലോചനയ്ക്കു് വച്ചിരിക്കയാണ്.

ശ്രീ. ഏ. താണുപിള്ള: എന്താണ് പരാതി? വസ്തു ഉടമസ്ഥൻ മി. നൈനാനു ഈ വ്യവസ്ഥ ദോഷമാണെന്നോ, അതോ ഗവൺമെൻറ് മി. നൈനാനു് അനുകൂലം ചെയ്തിരിക്കുകയാണെന്നോ?

ശ്രീ. വി. മാധവൻ: രണ്ടും ഉണ്ടായിട്ടുണ്ട്. ആദ്യത്തെ തീരുമാനത്തിന്മേൽ നൈനാൻ, വിൽക്കുന്നതിനായി ഗവൺമെൻറ് നിശ്ചയിച്ച വില കുറവാണെന്നു് അദ്ദേഹം ഒരു അപേക്ഷമൂലം ആക്ഷേപം

ബോധിപ്പിച്ചു. അതനുസരിച്ചു് രണ്ടാമതൊരു തീരുമാനം ചെയ്തു. ആ തീരുമാനം ശരിയല്ല, അതു ഗവർമ്മെൻറിനു് നഷ്ടമാണെന്നു മററുള്ളവർ പരാതിപ്പെട്ടു. അതുകൊണ്ടു് തൽക്കാലം അതാലോചിച്ചു തീർച്ചപ്പെടുത്തേണ്ടതാണെന്നു് ഗവർമ്മെൻറ നിശ്ചയിച്ചിരിക്കുകയാണു്.

ശ്രീ. എ. താണുപിള്ള: എത്ര രൂപയ്ക്കാണു് ഈ തടികൾ വില്ക്കുവാൻ ആദ്യം ഉത്തരവുകൾ പുറപ്പെടുവിച്ചതു്? എത്ര രൂപ കിട്ടുമെന്നാണു് പരാതിക്കാരുടെ ആക്ഷേപം?

ശ്രീ. വി. മാധവൻ: അതു് നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. അച്ചുതമേനോൻ: സാധാരണ ചെയ്യാറുള്ളതുപോലെ പരസ്യംചെയ്തു ഈ ലേലത്തിൽ വില്ക്കുന്നതിൽ എന്താണു് വിരോധം?

ശ്രീ. വി. മാധവൻ: അതും ആലോചിക്കുന്നതാണു്.

ശ്രീ. എം. എം. അബ്ദുൾ ഖാദർ: പ്രൈവററ ഉടമസ്ഥന്മാരെ തടിവെട്ടി വില്ക്കുവാൻ അനുവദിക്കുന്നതു് ഒരു പൊതുനയമായി ഗവർമ്മെൻറ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെ സ്വീകരിച്ചിട്ടില്ല. സാധാരണ പ്രൈവററുടമസ്ഥന്മാരുടെ സ്ഥലത്തുള്ള തടികൾ അവർതന്നെ ഗവർമ്മെൻറമായി നെഗോഷ്യേററുചെയ്തു വാങ്ങുന്ന ഒരു പതിവാണുള്ളതു്.

ഡാക്ടർ എൻ. എസ്സ്. പിള്ള: ചീഫ് കൺസർവേററരുടെ ശുപാർശയനുസരിച്ചാണോ ഈ കാൺട്രാക്ട് കൊടുത്തതു്?

ശ്രീ. വി. മാധവൻ: അന്വേഷിച്ചു പറയാനേ ഒക്കുകയുള്ളു.

ഡാക്ടർ എൻ. എസ്സ്. പിള്ള: ചീഫ് കൺസർവേററർ മി. നൈനാനു് കാൺട്രാക്ട് കൊടുക്കരുതെന്നു് വല്ല നിർദ്ദേശവും അയച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെ ചെയ്തതായി അറിവില്ല.

ശ്രീ. ആർ. കേശവപിള്ള: ഇതു ചില തൽപരകക്ഷികളുടെ പരാതിയാണോ എന്നു ഗവർമ്മെൻറ അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ആ പരാതിയുടെ സ്വഭാവത്തെപ്പററിയും ആലോചിച്ചു തീരുമാനിക്കേണ്ടതാണു്.

ശ്രീ. പരീതു റാവുത്തർ: പ്രസ്തുത സ്ഥലത്തുള്ള തടിവെട്ടി മി. നൈനാൻെറ സ്വന്ത ആവശ്യത്തിനുപയോഗിക്കുവാൻ അനുവദിച്ചുകൊണ്ടു് ഗവർമ്മെൻറു് എഗ്രിമെൻറു് ചെയ്തിട്ടില്ലേ?

ശ്രീ. വി. മാധവൻ: അതും അന്വേഷിച്ചു പറയാനേ ഒക്കുകയുള്ളു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ നൈനാനു് മന്ത്രിമാരുമായിട്ടു് വല്ല ബന്ധവുമുണ്ടോ?

മിസ്റ്റർ സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

## ഗവർമ്മെൻറ പുറമ്പോക്കുകളിലെ കുടികിടപ്പുകാർ

* ഫന ൫. (ന) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഗവർമ്മെൻറുവക പുറമ്പോക്കുകളിലും റിസർവ്വ് ഫോറസ്റ്റിലും എത്ര വീട്ടുകാർ കുടിയേറി പാർക്കുന്നുണ്ടു്; അവരെ ഒഴിപ്പിക്കുമ്പോൾ അവരുടെ

കുടികിടപ്പിനു് എന്തെങ്കിലും സൗകര്യം ഗവർമ്മെന്റ് ചെയ്തുകൊടുക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഗവമ്മെൻറുവക പുറംപോക്കുകളിലും റിസർവ്വ് ഫോറസ്റ്റിലും കുടിയേറി പാർക്കുന്നവരുടെ എണ്ണം ൧൩,൨൩൪. നിയമാനുസൃതം അനുവദനീയമല്ലാത്ത കേസുകളിൽമാത്രമെ താമസക്കാരെ ഒഴിപ്പിക്കുക പതിവുള്ളു. ഗവമ്മെൻറുസ്ഥലങ്ങളിൽ അനധികൃതമായി താമസിക്കുന്നവരെ ഒഴിപ്പിക്കുമ്പോൾ അവർക്കു് താമസിക്കുന്നതിലേക്കു് സ്ഥലം കൊടുക്കുക എന്നുള്ളതു അത്ര എളുപ്പമുള്ള സംഗതിയല്ല. എന്നാൽ സ്ഥലമില്ലാത്തയാളുകൾക്കു് താമസത്തിനു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിലേക്കു് ഗവമ്മെൻറു ഇപ്പോൾ ഒരു കാളനൈസേഷൻ സ്കീം നടപ്പിലാക്കിയിട്ടുണ്ടു്.

ശ്രീ. സി. സി. അയ്യപ്പൻ: ഈ കാളനൈസേഷൻ സ്കീംകൊണ്ടു് സ്ഥലമില്ലാത്ത എല്ലാ ആളുകൾക്കും സ്ഥലംകൊടുക്കുവാൻ സാധിക്കുമോ?

ശ്രീ. എ. ജെ. ജോൺ: പ്രധാനമായി അതു കൊടുക്കാനുള്ള സ്ഥലത്തേയും താമസിക്കുവാനുള്ള ആളുകളുടെ സംഖ്യയേയും ആശ്രയിച്ചിരിക്കുന്നതാണു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: കാളനൈസേഷൻസ്കീം നടപ്പിൽ വരുന്നതുവരെ ഇപ്പോൾ താമസിക്കുന്നവരെ അതാതു സ്ഥലത്തു താമസിപ്പിക്കുവാൻ അനുവദിക്കുമോ?

ശ്രീ. എ. ജെ. ജോൺ: ചില കേസുകളിൽ ഒക്കുകയില്ലെന്നുവരും. റോഡുസൈഡിൽ താമസിക്കുന്നവരേയും മററും ഒഴിപ്പിക്കേണ്ടതായി വരും.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ ൧൩,൨൩൪ പേരിൽ ആരെയെങ്കിലും ഇതിനിടയ്ക്കു് ഇറക്കിവിട്ടതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതു അന്വേഷിച്ചാലേ അറിയാൻ ഒക്കുകയുള്ളു.

ശ്രീ. ആർ. കേശവപിള്ള: കുടിപാർപ്പിനു് വേറെ സ്ഥലം ഇല്ലാത്തവരെയെങ്കിലും ഒഴിപ്പിക്കാതിരിക്കരുതോ?

ശ്രീ. എ. ജെ. ജോൺ; ആക്ഷേപമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരെ ഒഴിപ്പിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. പി. ചാക്കോ; കാളനൈസേഷൻസ്കീം ആരംഭിച്ചിട്ടു് എത്ര നാളായി?

ശ്രീ. എ. ജെ. ജോൺ: ൧൯൫൧ ഫെബ്രുവരി ൧൯-ാംനു ആരംഭിച്ചു.

ശ്രീ. പി. ചാക്കോ: ഇതിനകം എത്ര സ്ഥലം കാളനൈസേഷനായിട്ടു് ഗവമ്മെൻറു ഉപയോഗിച്ചു?

ശ്രീ. എ. ജെ. ജോൺ: റിസർവ്വ് ഫോറസ്റ്റിൽനിന്നും ൩൦,൪൧൮ ഏക്കർ സ്ഥലം ഇതിലേക്കു് എടുത്തിട്ടുണ്ടു്. കൂടാതെ പുറംപോക്കിൽനിന്നും മുന്നൂറു ഏക്കർ സ്ഥലവും എടുത്തിട്ടുണ്ടു്.

ശ്രീ. ഏ. താണുപിള്ള: ഏതാനും കാലങ്ങൾക്കുമുമ്പ് കുടിപാർപ്പിന് സ്വന്തം സ്ഥലമില്ലാത്ത ആളുകളുടെ ഒരു ലിസ്റ്റ് ഗവമ്മെന്റ് തയ്യാറാക്കുന്നുണ്ടായിരുന്നല്ലോ. ആ ലിസ്റ്റ് പൂർത്തിയായിട്ടുണ്ടോ? എത്ര കുടുംബക്കാർ സ്ഥലമില്ലാത്തവരായിട്ടുണ്ട്?

ശ്രീ. ഏ. ജെ. ജോൺ: ആ ലിസ്റ്റ് വച്ചുകൊണ്ടാണ് പതിനാറായിരത്തിൽപരം പേർ എന്നു പറഞ്ഞിട്ടുള്ളതെന്നാണ് എന്റെ ഓർമ്മ. ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല.

## മരച്ചീനിക്കൃഷി

*൧൩൬. (൪) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവമ്മെന്റിൽനിന്നും മരച്ചീനിക്കൃഷിയെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുന്നതിന് ഒരു കമ്മിററിയെ നിയമിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ കമ്മിററി ഗവമ്മെന്റിലേക്ക് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) മരച്ചീനിക്കൃഷിയെ ഇന്നഭിമുഖീകരിച്ചിരിക്കുന്ന വമ്പിച്ച തകർച്ചയെ നേരിടുന്നതിന് ഗവമ്മെന്റ് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി
ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഗവമ്മെന്റിൽനിന്നും മരച്ചീനിക്കൃഷിയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട്ചെയ്യുന്നതിന് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്.

(ബി) ആ കമ്മിററി ഗവമ്മെന്റിലേക്ക് ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിനുശേഷം ഇന്നലെയോ മിനിഞ്ഞാന്നോ മറെറാരു ഇടക്കാല റിപ്പോർട്ടും വന്നിട്ടുണ്ട്.

(സി) മരച്ചീനിക്കൃഷിക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനാണ് ഗവമ്മെന്റിൽനിന്നും, വേണ്ട അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിററിയെ നിയമിച്ചത്. ഈ കമ്മിററിയുടെ റിപ്പോർട്ടുകൾ രണ്ടും ഗവമ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. കമ്മിററികളുടെ ശുപാർശകളെ ഗവമ്മെന്റ് പരിശോധിച്ചു വേണ്ട തീരുമാനം ഉടനെ ചെയ്യുന്നതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: നമുക്കു ഇവിടെ എത്രത്തോളം മരച്ചീനി ഉൽപാദിപ്പിക്കുന്നുണ്ടെന്നുള്ളതിന് ഗവമ്മെന്റിനു കണക്കുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ വിവരവും കമ്മിററിക്കാർ ശേഖരിച്ചിരിക്കും.

**Shri Chidambaranatha Nadar:** May I know the purpose of submitting two interim reports?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടാമത്തെ ഇന്ററിം റിപ്പോർട്ടിൽ പറയുന്നത് ആദ്യത്തെ റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം സ്ഥിതിഗതികൾക്കു വളരെ വ്യത്യാസം വന്നിട്ടുണ്ടെന്നും അതുകൊണ്ട്

അന്നത്തെ സ്റ്റുപാശ്കളിൽ ചിലതു അല്പം ഭേദപ്പെട്ടതാണെന്നുണ്ടെന്നാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇവിടത്തെ ഭക്ഷണാവശ്യങ്ങൾക്കു് എത്രത്തോളം മരച്ചീനി വേണ്ടിവരുമെന്നു ഗവമ്മെണ്ടു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും റിപ്പോർട്ടിൽ ഉണ്ടായിരിക്കണം. റിപ്പോർട്ടിന്റെ ഉള്ളടക്കത്തെപ്പററിയുള്ള വിശദ വിവരങ്ങൾ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈ. കൃഷ്ണൻ നായർ: ഈ കമ്മിററി എതെല്ലാം പ്രദേശങ്ങളിൽ സഞ്ചരിച്ചിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സംസ്ഥാനത്തിന്റെ നാനാഭാഗത്തും സഞ്ചരിച്ചിട്ടുണ്ടു്.

ശ്രീ. ഈ. കൃഷ്ണൻ നായർ: മരച്ചീനി ധാരാളമായുണ്ടാകുന്ന കൊട്ടാരക്കര, കുന്നത്തൂർ എന്നീ താലൂക്കുകളിൽ എതെല്ലാം ഭാഗങ്ങൾ സന്ദർശിച്ചിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസു വേണം.

ശ്രീ. ഒ. സി. നൈനാൻ: മരച്ചീനി കമ്മിററിക്കാരുടെ റിപ്പോർട്ടിനെസംബന്ധിച്ചു പെട്ടെന്നു എന്തെങ്കിലും തീരുമാനം ഉണ്ടാകാത്തപക്ഷം അടുത്തകൊല്ലത്തെ കൃഷി സമീപിച്ചിരിക്കുന്നതുകൊണ്ടു കൃഷി നടത്താതെ കൃഷിക്കുതന്നെ നാശമുണ്ടാകുമെന്നു ഗവമ്മെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ വസ്തുതയും ഗവമ്മെണ്ടിന്റെ അറിവിൽപെട്ടിട്ടുണ്ടു്. അതുകൊണ്ടു് ആ റിപ്പോർട്ടിനെപ്പററി ഗവമ്മെണ്ടു താമസിയാതെതന്നെ തീരുമാനം ചെയ്യുന്നതാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: മരച്ചീനിയിൽനിന്നും അരിയുണ്ടാക്കാനുള്ള ഒരു പദ്ധതി ഗവമ്മെണ്ടിനുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയൊരു പദ്ധതി ഇപ്പോൾ ഗവമ്മെണ്ടിനില്ല. പക്ഷെ മരച്ചീനിയിൽനിന്നും അരിയുണ്ടാക്കാമെന്നുബാംഗ്ളൂരിലെ ഫുഡ് റിസച്ച് ഇൻസ്റ്റിററ്യൂട്ടുകാർ അഭിപ്രായപ്പെടുകയും അതുസംബന്ധിച്ചു പരീക്ഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. ജെ. ററി. മൊറൈസ്: റേഷൻ പതിനാറൗൺസു ഇല്ലാത്ത കാലത്തോളം മരച്ചീനി ഇവിടെനിന്നും കയററുമതിചെയ്യുന്നതു ശരിയല്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അക്കാര്യത്തെപ്പററിയും ഗവമ്മെണ്ടു പരിഗണിക്കുന്നതാണു്.

ശ്രീ. അവിരാതരകൻ: മരച്ചീനി കയററുമതി ചെയ്തില്ലെങ്കിൽ മരച്ചീനികൃഷി നഷ്ടപ്പെടുമെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ അഭിപ്രായവും ഉണ്ടു്.

ശ്രീ. പരീതു റാവുത്തർ: മരച്ചീനിക്കൃഷിക്കാർക്കു ഗവമ്മെണ്ടു എന്തെങ്കിലും സഹായം ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെല്ലാം റിപ്പോർട്ടിനെ ആശ്രയിച്ചിരിക്കുന്ന കാര്യങ്ങളാണു്. അതുകൊണ്ടു അതിനെപ്പററി ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ചാക്കോ: മരച്ചീനി ഗവേഷണത്തെ സംബന്ധിച്ച റിപ്പോർട്ടിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു റിപ്പോർട്ട് നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: മരച്ചീനിക്കൃഷിക്കാരുടെ ഗുണത്തെപ്പററി പരിഗണിക്കുന്നതോടൊപ്പം ഈ രാജ്യത്തെ ഭക്ഷണാവശ്യത്തെക്കൂടി പരിഗണിച്ചുകൊണ്ടായിരിക്കുമല്ലൊ ഗവമ്മെണ്ട് എന്തെങ്കിലും തീരുമാനം ചെയ്യുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുതന്നെയാണു ഗവമ്മെണ്ടിൻെറ ഉദ്ദേശം. എന്നുമാത്രമല്ല, അക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അഭിപ്രായംകൂടി അറിഞ്ഞുചെയ്യണമെന്നും ഗവമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടു്.

## വിഷവൈദ്യശാലകൾ

*൧൩൭. (൫) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:—

(എ) കൊച്ചിൻ വിഭാഗത്തിൽ ഏതെല്ലാം താലൂക്കുകളിൽ എത്ര വിഷവൈദ്യശാലകൾവീതം ഉണ്ടു്;

(ബി) ൧൯൫൦—൫൧-ൽ ഓരോ വിഷവൈദ്യശാലകളിലും എത്ര വീതം രോഗികളെ ചികിത്സിച്ചിട്ടുണ്ടു്; എത്രപേരെവീതം കിടത്തി ചികിത്സിച്ചിട്ടുണ്ടു്;

(സി) ഓരോ താലൂക്കിലുംഉള്ള വിഷവൈദ്യശാലകൾക്കു് കൊല്ലത്തിൽ എത്ര രൂപയ്ക്കു വീതമുള്ള മരുന്നു കൊടുക്കുന്നുണ്ടു്;

(ഡി) ആയുർവ്വേദ വൈദ്യശാലകൾക്കുള്ളതുപോലെ വിഷവൈദ്യശാലകൾക്കു് പ്രത്യേകം കെട്ടിടങ്ങൾ ഉണ്ടോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) (൧) കൊച്ചിക്കണയന്നൂർ താലൂക്കിൽ മരട് വിഷവൈദ്യശാല. (൨) മുകുന്ദപുരം താലൂക്കിൽ ഇരിഞ്ഞാലക്കുട വിഷവൈദ്യശാല. (൩) തൃശ്ശിവപേരൂർ താലൂക്കിൽ പാണഞ്ചേരി, അന്തിക്കാട്, ഒല്ലൂർ വിഷവൈദ്യശാലകൾ. (൪) ചിററൂർ താലൂക്കിൽ അയിലൂർ വിഷവൈദ്യശാല. (൫) തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി വിഷവൈദ്യശാല. ഇതിനുപുറമെ തൃശ്ശിവപേരൂർ ആർ. വി. സി. എ. ആശുപത്രിയോടും തൃപ്പൂണിത്തുറ ആയുർവ്വേദ ആശുപത്രിയോടും അനുബന്ധിച്ച് ഓരോ വിഷവൈദ്യസ്ഥാപനങ്ങൾകൂടി നടത്തിവരുന്നു.

(ബി) ൧൯൫൦—൫൧-ൽ ഓരോ വൈദ്യശാലകളിലും കിടത്തി ചികിത്സിച്ചിട്ടുള്ള രോഗികളുടെ എണ്ണവും വൈദ്യശാലകളും താഴെ കുറിക്കുന്നു:—

| | | | |
|---|---|---|---|
| ൧. | പാണഞ്ചേരി | ൫൩൬ | രോഗികൾ |
| ൨. | അന്തിക്കാട് | ൩൭൦ | ,, |
| ൩. | ഒല്ലൂർ | ൯൮൭ | ,, |
| ൪. | വടക്കാഞ്ചേരി | ൨,൨൮൫ | ,, |
| ൫. | അയിലൂർ | ൧,൧൯൨ | ,, |

൬. ഇരിഞ്ഞാലക്കുട ൨,൪൨൯ രോഗികൾ
൭. മരട് ൧൯൩ ,,
൮. ആർ. വി. സി. എ.
വിഷവൈദ്യസ്ഥാപനം ൧,൧൩൧ ,,
൯. ആർ. വി. സി. എ.
വിഷവൈദ്യസ്ഥാപനം തൃപ്പൂണിത്തുറ ൫൭൭ ,,

മേൽപ്പറഞ്ഞിരിക്കുന്ന വിഷവൈദ്യസ്ഥാപനങ്ങളിൽ ആരെയും കിടത്തി ചികിത്സിക്കാറില്ല.

(സി) താലൂക്കുവിഷവൈദ്യശാലകൾക്കു കൊല്ലത്തിൽ ൧൦൦ രൂപക്കുള്ള മരുന്നുകൾ കൊടുക്കാറുണ്ട്. എന്നാൽ കൂടുതൽ മരുന്നുകൾ വേണമെന്ന് ആവശ്യപ്പെടുന്നവക്ക് ആവശ്യത്തെ അനുസരിച്ച് കൂടുതൽ അനുവദിക്കുകയും ചെയ്യും.

(ഡി) ഇല്ല. താലൂക്കു വിഷവൈദ്യന്മാരുടെ താമസസ്ഥലത്തു തന്നെ വൈദ്യശാലകൾ നടത്തിവരുന്നു.

ശ്രീ. കെ. മാധവനുണ്ണിത്താൻ: ഈ വൈദ്യശാലകളിൽ പേപ്പട്ടി വിഷത്തിനു ചികിത്സിക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. എ. താണുപിള്ള: ൧൯൫൦—൫൧-ൽ വളരെ അധികം ആളുകളെ ചികിത്സിച്ചിട്ടുണ്ടെന്നു കണക്കുകൊണ്ടുകാണുന്നു. അവയിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്നു വല്ല കണക്കും ഉണ്ടോ?

ശ്രീ. വി. മാധവൻ: അതിനു നോട്ടീസുവേണം.

ശ്രീ. എം. വില്യം: ഇവയ്ക്കെല്ലാം ഗ്രാൻറുകൾ അനുവദിച്ചുകൊടുത്തിട്ടില്ലേ?

ശ്രീ. വി. മാധവൻ: ഉണ്ട്.

ശ്രീ. ആർ. കേശവപിള്ള: കൊട്ടാരക്കര താലൂക്കിൽ ഒരു വിഷവൈദ്യശാല സ്ഥാപിച്ചുതരുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ശ്രീ. വി. മാധവൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. സി. സി. അയ്യപ്പൻ: വിഷവൈദ്യശാലകളിൽ രോഗികളെ കിടത്തി ചികിത്സിക്കാത്തതു സ്ഥലസൗകര്യമില്ലാത്തതുകൊണ്ടാണെന്നറിയാമോ?

ശ്രീ. വി. മാധവൻ: അതും ഒരു കാരണമാണ്.

ശ്രീ. സി. സി. അയ്യപ്പൻ: അങ്ങനെയാണെങ്കിൽ രോഗികളെ കിടത്തി ചികിത്സിക്കാൻതക്കവണ്ണം സ്ഥലസൗകര്യം ഉണ്ടാക്കികൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. വി. മാധവൻ: അതു ആലോചിച്ചുപറയാനെ തരമുള്ളു.

ശ്രീ. ഒ. സി. നൈനാൻ: വിഷവൈദ്യന്മാർ പ്രതിഫലം വാങ്ങുന്നതായിട്ട് ഗവമ്മെണ്ടിനു അറിയാമോ?

ശ്രീ. വി. മാധവൻ: വിഷവൈദ്യന്മാർ പ്രതിഫലം വാങ്ങുന്നില്ലായെന്നാണ് എൻെറ അറിവ്.

ശ്രീ. കൊച്ചുകുഞ്ഞ്: കൊട്ടാരക്കര താലൂക്കിൽ ഒരു വിഷവൈദ്യശാല സ്ഥാപിച്ചുതരണമെന്ന് പലതവണയും ഗവമ്മെണ്ടിനോടു അപേക്ഷിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. വി. മാധവൻ: ആ കാര്യം എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

കയർ കയററമതി

* ൫൩൬. (൬൯) ശ്രീ. പി. വി. അവിരാത്തരകൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വില്പനനികുതിവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

കയർ കയററമതിക്കാരെ വില്പനനികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നതുമൂലം, അന്യായമായി വില്പനനികുതി ഈടാക്കുന്നതു് ഗവമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഗവമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: കാൺസ്റ്റിട്യൂഷൻ ആക്ട് അനുസരിച്ചു കയററമതിചെയ്യുന്ന കയററല്ലന്നങ്ങൾക്ക് സിങ്കിൾപായിൻറിൽ മാത്രമെ വില്പനനികുതി ഈടാക്കാവു എന്നു വ്യവസ്ഥയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സംഗതി, ആക്ടിൽ ൨൮൬-ാംമത്തെ ആർട്ടിക്കിളാണ്. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം വിപുലമായ വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുകയാണ്.

എഫ്. എ. സി. ററി. വളം

* ൫൩൭. (൧) ശ്രീ. കെ. ജെ. തോമസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനിയിൽ നിർമ്മിക്കപ്പെടുന്ന വളം പൊടിമണൽ കലർത്തിയാണ് വില്പനക്ക് അയക്കപ്പെട്ടിരുന്നതെന്ന വസ്തുത ഗവമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഗവമെൻറിൽനിന്നും എന്തു നടപടി എടുത്തു?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഫർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനിനിർമ്മിക്കപ്പെടുന്ന വളത്തിൽ പൊടിമണൽ കലർത്തി വിൽക്കുന്നതായിട്ട് ഗവമെൻറിനു അറിവില്ല.

(ബി) എ-യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ജെ. തോമസ്: ഈ കമ്പനി നിർമ്മിക്കുന്ന വളത്തിൽ പൊടിമണൽ ചേർക്കുന്നില്ലായെന്നു പറഞ്ഞു. എന്നാൽ മററുവല്ല കലപ്പും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

**Shri C. Sankar**: What are the reasons for terminating the system of distributing manure through Co-operative Societies and entrusting the same to private agencies?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളത്തിനെ സംബന്ധിച്ചിടത്തോളവും കോവാപ്പറേററീവു സൊസൈററികൾ മുഖാന്തിരം ഉള്ള വില്പന നിറുത്തിയിട്ടില്ലാ.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: സൊസൈററിയിൽനിന്നും കിട്ടുന്ന പിണ്ണാക്കിൽ മററുവളത്തിന്റെ അംശങ്ങൾ കലന്നിട്ടുള്ളതുകൊണ്ടു് അവ കന്നുകാലികൾക്കു കൊടുക്കത്തക്കതല്ലെന്നു് ഗവമ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിതരണംചെയ്യുന്ന പിണ്ണാക്കിൽ മററുവളങ്ങളുടെ അവശിഷ്ടം കലർന്നിരിക്കുമെന്നു് എനിക്കു് തോന്നുന്നില്ല.

**Shri C. Sankar:** Are the Government aware that there is blackmarketing in the sale of manure?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മെമ്പർ പറയുന്നതുപോലെയുള്ള ഒരു ആക്ഷേപം ഉണ്ടായിട്ടുള്ളതായി എനിക്കറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഫർട്ടിലൈസേഴ്സ് കമ്പനിയുടെ വളങ്ങൾ എല്ലാംതന്നെ സ്വകാര്യ ഏജൻസിയല്ലാതെ കോവാപ്പറേറീവ് സൊസൈററി മുഖേന വില്പനനടത്താൻ സാധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. സി. കെ. വിശ്വനാഥൻ: കോവാപ്പറേറീവ് സൊസൈററിയല്ലാതെ പ്രൈവററ ഏജൻസിക്കു വിതരണം ചെയ്യാനുള്ള അനുവാദം കൊടുക്കുന്നതിൽ വല്ല തടസ്സവുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു മെമ്പർ പറയുന്നു, മുഴുവനും സൊസൈററിക്കു കൊടുക്കണമെന്നു്, മറെറാരു മെമ്പർ പറയുന്നു, മുഴുവനും വിതരണംചെയ്യാൻ പ്രൈവററ ഏജൻസിക്കു കൊടുക്കണമെന്നു്. ഏതായാലും, ഈ കാര്യം ആലോചിച്ചുപറയാം.

## വെസ്റ്റ്കോസ്റ്റ് ഫിഷറീസ്

*൨൪൦. (വ്വ) ശ്രീ. കെ. ജെ. തോമസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വെസ്ററകോസ്ററ ഫിഷറീസ് നഷ്ടത്തിൽ നടത്തിവരുന്ന ഒരു കമ്പനി ആണോ;

(ബി) അതിപ്പോൾ ഗവമ്മെൻറിൽനിന്നും ഏറെറടുത്തു നടത്തുകയാണോ;

(സി) ആണെങ്കിൽ ആ കമ്പനി ഗവമ്മെൻറിൽനിന്നും ഏറെറടുത്തു നടത്താൻ കാരണമെന്തു്;

(ഡി) പ്രസ്തുത കമ്പനി ഗവമ്മെൻറിൽനിന്നും ഏറെറടുത്തപ്പോൾ അതിന്റെ അസ്സററ്സ്സ് എത്രമാത്രമുണ്ടെന്നു് ശരിയായ ഒരന്വേഷണം നടത്തിയിരുന്നോ?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പ് മന്ത്രി

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) വെസ്ററ കോസ്ററ ഫിഷറീസ് നഷ്ടത്തിലാണു് നടത്തിവരുന്നതു്.

(ബി) ഇപ്പോൾ അതു് ഗവമ്മെൻറിൽനിന്നും ഏറെറടുത്തു നടത്തുകയാണു്.

(സി) ഗവൺമെൻറ ഈ കമ്പനിക്കുവേണ്ടി ഒരു വലിയതുക മുടക്കിയിട്ടുള്ളതുകൊണ്ടും കമ്പനിയുടെ മാനേജുമെൻറ് കമ്പനി ഗവൺമെൻറിനു വിട്ടുതരാൻ സമ്മതമുള്ളതുകൊണ്ടും ഗവൺമെൻറ ഏറെറടുത്തു.

(ഡി) അന്വേഷണം നടത്തിയിരുന്നു.

ശ്രീ. എം. വില്യം: ഡീപ്സീ ഫിഷിംഗ് ഇപ്പോഴും നടത്തുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. കെ. ജെ. തോമസ്: ഗവൺമെൻറ് ഈ കമ്പനി ഏറെറടുത്തതു എന്നാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൧ ഒക്ടോബർ ൧൮-ാംനു-യാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ: West Coast fisheries കമ്പനി നഷ്ടത്തിൽ പ്രവർത്തനം നടത്തുന്നതുകൊണ്ട് ഗവൺമെൻറ ഏറെറടുത്തു. എന്നാൽ ഇതുപോലെ ഗവൺമെൻറിൽനിന്നും വലിയ തുകകൾ മുടക്കിയിട്ടുള്ളതും നഷ്ടത്തിൽ പ്രവർത്തനം നടത്തുന്നതുമായ കമ്പനികൾ എല്ലാം ഗവൺമെൻറ ഏറെറടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ ഒ. സി. നൈനാൻ: ഈ കമ്പനി ഏറെറടുത്തപ്പോൾ വല്ല നഷ്ടവും സംഭവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രയാണെന്നു പറയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏകദേശം ഒന്നു രണ്ടുലക്ഷം രൂപയുടെ നഷ്ടമുണ്ട്.

ശ്രീ. കെ. ജെ. തോമസ്: ഈ നഷ്ടത്തിനു ആരാണ് ഉത്തരവാദി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവയെപ്പററിയുള്ള വിവരങ്ങൾ മുഴുവൻ ശേഖരിക്കാതെ ഉത്തരം പറയാൻ സാധിക്കുകയില്ല.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: എത്ര രൂപയാണ് കമ്പനിക്കുവേണ്ടി ഗവൺമെൻറിൽനിന്നും മുടക്കിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അഞ്ചുലക്ഷം രൂപയാണ്.

**Shri C. Sankar:** Who are the members of the Board of Directors ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുവേണം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ആ കമ്പനിയുടെ ഇപ്പോഴത്തെ മാനേജുമെൻറമുഴുവനും ഗവൺമെൻറിനുതന്നെയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. ടി. കെ. ദിവാകരൻ: ഗവൺമെൻറ ആരെയാണ് ഇപ്പോൾ ഈ കമ്പനിയുടെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ഒരു മി. മാധവൻ നായരെ ഏല്പിച്ചിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: അദ്ദേഹത്തിനു ഈ കമ്പനിയുടെ പ്രവർത്തനത്തെപററി വല്ല പരിജ്ഞാനവും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരിജ്ഞാനം ഉള്ള ആളു തന്നെ.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഗവൺമെന്റ ഏറ്റെടുത്തിരിക്കുന്ന ഈ കമ്പനി ലാഭകരമായിട്ട് പ്രവർത്തനം നടത്താൻ സാധിക്കുമെന്നു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. പ്രവർത്തനം നടത്തുമ്പോൾ ലാഭമുണ്ടാകുമെന്നാണ് പ്രതീക്ഷ.

## COTTAGE INDUSTRIES COMMITTEE

*141. [9] **Dr. N. Sankara Pillai:** Will the Minister for Industries be pleased to state:

(*a*) the amount spent so far on the Cottage Industries Committee and what exactly is the amount spent for the Chairman of the Committee every month; and

(*b*) what practical work have the Committee turned out till now?

*Minister for Finance and Civil Supplie:-* **(Shri Panampilli Govinda Menon):**

(*a*) An amount of Rs. 25,160—2—0 has been spent for the working of the Cottage Industries Committee. Out of this an amount of Rrs. 8,082-14-0 was spent for the Chairman during the period of about 15 months of its working which includes T. A; D. A. and everything.

(*b*) They conducted a survey of the cottage industries of the State and submitted a report to Government.

**Shri Krishnan Nair:** Who is the Chairman of the Committee? Has he done any practical work?

**Shri Panampilli Govinda Menon:** The Cottage Industries Committee was instituted not for executing any work but for investigating and giving us a report.

ശ്രീ. എം. വില്യം: ഇത്തവണത്തെ ബഡ്ജറ്റിൽ കൂടുതൽ കോട്ടേജ് ഇൻഡസ്ട്രികൾ വേണമെന്നുള്ളതിലേക്ക് അധികൃതർ നിർദ്ദേശങ്ങൾ തന്നിട്ടുണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: കൈത്തറി വ്യവസായത്തെ സംബന്ധിച്ച് പ്രായോഗികമായ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിനുണ്ടോ?

**Mr. Speaker:** You go into the contents of the report. How is it possible in so short a time to give an answer to your question?

**Shri Panampilli Govinda Menon:** In view of the importance of the matter, may I submit, Sir, that on the request of the Board which was constituted on the recommendation of the Committee, provision is being made in the budget for the following items:

1. Handloom development schemes.
2. Palm Gur development schemes.
3. Bamboo-Plywood Factory.
4. Experimental and Demonstration Centres.
5. Museums and Emporiums for Cottage Industries.

and a lump sum provision for future schemes has also been provided.

**Shri C. Sankar:** May I know the name of the Chairman of the Committee?

**Shri Panampilli Govinda Menon:** The Chairman of the Committee is Dr. P. J. Thomas.

ഹോൾഡിംഗ്സ് സ്റ്റേ ആഫ് എക്സിക്യൂഷൻ ആക്ട്

*൧൪൨. (൧൦) ശ്രീ. സി. ജി. സദാശിവൻ: താഴെകാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-ലെ ൨൭-ാം ആക്ടായ ഹോൾഡിംഗ്സ് ആക്ടിൽ (ഹോൾഡിംഗ്സ് സ്റ്റേ ആഫ് എക്സിക്യൂഷൻ പ്രൊസീഡിംഗ്സ് ആക്ട്) ചില ഭേദഗതികൾ വരുത്തുവാൻ ഗവമ്മെൻറിൽനിന്നും ഹോൾഡിംഗ്സ് (സ്റ്റേ ആഫ് എക്സിക്യൂഷൻ പ്രൊസീഡിംഗ്സ്) സെക്കൻറ് അമെൻറ്മെൻറ് ബിൽ ൧൯൫൧ ആഗസ്റ്റ് ൨൭-ാംതിയതി അസാധാരണ ഗസററിൽ (ഗസററ് എക്സ്ട്രാ ഓർഡിനറി) പ്രസിദ്ധം ചെയ്തിരുന്നില്ലേ;

(ബി) ആ ബിൽ നിയമമാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ആ ബില്ലുകൊണ്ടുദ്ദേശിച്ച പ്രയോജനം മററു വല്ല വിധത്തിലും നിർവഹിക്കപ്പെട്ടോ?

ധനകാര്യവും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉവ്വ്.

(ബി) ആ ബില്ല് പ്രസിദ്ധംചെയ്തതിനുശേഷം ബില്ലിനെ അനുകൂലിച്ചും പ്രതികൂലിച്ചും പല നിവേദനങ്ങളും ഗവമ്മെൻറിനു ലഭിച്ചതിനാൽ ആ ബില്ലിനെപ്പററി ഗവമ്മെൻറിനു പുനഃപരിശോധന ചെയ്യണമെന്നു തോന്നിയതിനാൽ അതു നിയമസഭയിൽ അവതരിപ്പിച്ചില്ല.

(സി) ഇല്ല.

ശ്രീ. സി. ജി. സദാശിവൻ: ആ ബില്ലിൻെറ പ്രസിദ്ധീകരണത്തിനുശേഷം പാട്ടസ്വഭാവമുള്ള പല വസ്തുക്കളും ഒഴിപ്പിച്ചിട്ടുള്ളതായി ഗവമ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വെറുംപാട്ടകുടിയാൻ നിയമമനുസരിച്ച് പാട്ടസ്വഭാവമുള്ള വസ്തുക്കൾ ഒഴിപ്പിക്കുവാൻ പാടില്ലെന്നാണ് വ്യവസ്ഥ.

ശ്രീ. സി. ജി. സദാശിവൻ: ആ ബില്ലിലെ വകുപ്പുകൾ കുടിയാന്മാക്ക് ദോഷകരമായിരിക്കുന്നു എന്ന് കുടിയാൻസംഘത്തിൽനിന്നും വല്ല നിവേദനവും ഗവമ്മെൻറിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ജന്മിയുടെ പുരയുള്ള വളപ്പിൽനിന്ന് കുടിയാനെ ഒഴിപ്പിക്കാമെന്ന് ഒരു വിധി ഹൈക്കോടതിയിൽനിന്നു ഉണ്ടായിട്ടുള്ളതു് ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവമ്മെൻറ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഹൈക്കോടതിയിൽനിന്നുണ്ടായ വിധിക്കുശേഷം കൊച്ചിയിൽ കുടിയാന്മാരെ ഒഴിപ്പിച്ചുവരുന്നുണ്ടെന്ന് ഗവമ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ശ്രീ. സി. ജി. സദാശിവൻ: ഈ ബില്ലിൻെറ പ്രസിദ്ധീകരണത്തിനുശേഷം പാട്ടസ്വഭാവമുള്ള വസ്തുക്കൾ ഒഴിപ്പിച്ചിട്ടുണ്ടെന്ന് ഗവമ്മെൻറി

ന്‍ ബോദ്ധ്യപ്പെട്ടാല്‍ ആ വസ്തുക്കള്‍ പാട്ടക്കാര്‍ക്കുതന്നെ തിരിച്ചുകൊടുക്കത്തക്ക ഒരു നിയമമുണ്ടാക്കുവാന്‍ ഗവണ്മെന്‍റിനു ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്‍: അതു് സങ്കല്പാത്മകമായ ഒരു ചോദ്യമാണു്. അതിനെപ്പറ്റി ഇപ്പോള്‍ ഒന്നും പറയുവാന്‍ സാദ്ധ്യമല്ല.

## തടി ഡിപ്പോ

* ൧൪൩. (൧൧) ശ്രീ. രാജഗോപാലന്‍നായര്‍: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

പുനലൂര്‍ ടൗണിന്‍റെ മദ്ധ്യത്തു സ്ഥിതിചെയ്യുന്ന ടിംബര്‍ ഡിപ്പോ മാററിസ്ഥാപിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവന്‍): ഇപ്പോള്‍ പുനലൂരുള്ള തടി ഡിപ്പോ മാററി സ്ഥാപിക്കുന്ന കാര്യം ഗവണ്മെന്‍റിന്‍റെ ആലോചനയില്‍ ഇരിക്കുകയാണു്; തീരുമാനമായിട്ടില്ല.

ശ്രീ. രാജഗോപാലന്‍ നായര്‍: അതു് അവിടെനിന്നു് കഴിയുന്ന വേഗം മാററി സ്ഥാപിക്കുമോ?

ശ്രീ. വി. മാധവന്‍: ആലോചിക്കാം.

ശ്രീ. രാജഗോപാലന്‍നായര്‍: ഇപ്പോഴും അവിടെത്തന്നെയാണോ തടികള്‍ കൊണ്ടുവന്നിടുന്നതു്?

ശ്രീ. വി. മാധവന്‍: അവിടെതന്നെയായിരിക്കാം.

## പ്രൈമറി, മിഡില്‍, ഹൈസ്കൂളുകള്‍.

* ൧൪൪. (൧൨) ശ്രീ. കെ. പി. പ്രഭാകരന്‍: താഴെ പറയുന്ന ചോദ്യങ്ങള്‍ക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ൧൯൫൧–൫൨-ല്‍ പുതുതായി അനുവദിച്ച പ്രൈമറി, മിഡില്‍, ഹൈസ്കൂളുകള്‍ തിരുവിതാംകൂര്‍ വിഭാഗത്തെത്ര; കൊച്ചി വിഭാഗത്തു് എത്ര;

(ബി) കഴിഞ്ഞ സെന്‍സസ്സു് റിപ്പോര്‍ട്ടനുസരിച്ചു് ഓരോ വിഭാഗത്തെയും അക്ഷരജ്ഞാനത്തിന്‍റെ ശതമാനമെത്ര?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോണ്‍):

(എ) ൧൯൫൧–൫൨-ല്‍ അനുവദിച്ച സ്കൂളുകള്‍:— തിരുവിതാംകൂര്‍ വിഭാഗത്തു് പ്രൈമറിസ്കൂള്‍—൮൦. കൊച്ചിവിഭാഗത്തു് പ്രൈമറിസ്കൂള്‍— ൨൩.

മിഡില്‍ സ്കൂള്‍ തിരുവിതാംകൂര്‍ വിഭാഗത്തു് ൫൨. കൊച്ചിവിഭാഗത്തു് ൭.

ഹൈസ്കൂള്‍—തിരുവിതാംകൂര്‍ വിഭാഗത്തു് ൨൯. കൊച്ചി വിഭാഗത്തു് ൨.

(ബി) അക്ഷരജ്ഞാനത്തിന്‍റെ ശതമാനം ൧൯൫൧-ലെ സെന്‍സസ്സ് അനുസരിച്ച തിരുവിതാംകൂര്‍ വിഭാഗത്തു് ൫൪·൯൦, കൊച്ചി വിഭാഗത്തു് ൫൦·൪

ശ്രീ. കെ. പി. പ്രഭാകരൻ: പുതുതായി സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ എന്തെല്ലാമാണ് ഗവമ്മെൻറ് ആലോചിക്കുന്നത്?

ശ്രീ. എ. ജെ. ജോൺ: സ്കൂളുകൾ ആ സ്ഥലത്ത് ആവശ്യമുണ്ടോ എന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് തീരുമാനിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. എം. എം. അബ്ദുൽഖാദർ: പല പ്രൈമറി സ്കൂളുകളിലേക്കും ബിൽഡിംഗ് ഗ്രാൻറ് കൊടുത്തിരുന്നതു് വീഴ്ചവരുത്തിട്ടുണ്ടെന്ന് ഗവമ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിവില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ആലുവായിലെ ഒരു മിഡിൽ സ്കൂൾ ഹൈസ്കൂൾ ആക്കണമെന്നു വല്ല അപേക്ഷയും ഗവമ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ. ആ ചോദ്യത്തിനു ഇപ്പോൾ ഉത്തരം പറയുവാൻ സാധ്യമല്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: വീഴ്ചവരുത്തിയിട്ടുള്ള ബിൽഡിംഗ് ഗ്രാൻറ കഴിയുന്നവേഗത്തിൽ കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: അനുവദിച്ചിട്ടുള്ള തുകയാണെങ്കിൽ വേഗം കൊടുക്കാൻ നോക്കാം.

ശ്രീ. കെ. മാധവനുണ്ണിത്താൻ: തിരുവിതാംകൂർ വിഭാഗത്തും കൊച്ചി വിഭാഗത്തും ആകെയുള്ള ഹൈസ്കൂളുകൾ എത്രയാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: അതിൻെറ വിവരം ഇപ്പോൾ എൻെറ കൈവശം ഇല്ല.

ശ്രീ. എ. താണുപിള്ള: പുതുതായി അനുവദിച്ച സ്കൂളുകളിൽ ഓരോ വിഭാഗത്തിലും ഡിപ്പാർട്ടുമെൻറൽ സ്കൂളുകൾ എത്ര; പ്രൈവററ സ്കൂളുകൾ എത്ര; എന്നുള്ള വിവരം പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: അതിൻെറ വിവരവും ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. രാജഗോപാലൻ നായർ: പ്രൈവററ സ്കൂളുകൾ പബ്ലിക്ക് സ്കൂളുകളായി മാററിയപ്പോൾ അവിടെ ജോലിയിലിരുന്ന അദ്ധ്യാപകന്മാക്ക് എല്ലാവക്കും അവിടെതന്നെ ജോലി കൊടുത്തിട്ടുണ്ടോ?

**Mr. Speaker:** Order. Order. The main question is with reference to the number of schools sanctioned in this State and the percentage of literacy. We are wandering away from the question. Next question, please.

## ഡിനോമിനേഷൻ സ്കൂളുകൾ

*൧൪൫. (൧൩) ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ൧൯൫൧–൫൨-ൻെറ ആരംഭത്തിൽ തിരുവിതാംകൂർ-കൊച്ചിയിൽ നിലവിലിരുന്ന ഡിനോമിനേഷൻ സ്കൂളുകൾ എത്ര; അവയിൽ ആകെ ഉണ്ടായിരുന്ന വിദ്യാർത്ഥികൾ എത്ര;

(ബി) അവയിൽ എത്രയെണ്ണം പബ്ലിക്കസ്കൂളുകളായി മാററപ്പെട്ടു;

(സി) ഡിനോമിനേഷൻ സ്കൂളുകൾ പബ്ളിക്ക്സ്കൂളുകളായി മാററിയതുകൊണ്ട് ഗവമ്മെൻറിന്നു കൂടുതൽ ചെലവുവരുമോ;

(ഡി) വരുമെങ്കിൽ ടിയിനത്തിൽ ഒരു കൊല്ലം എന്തു ചെലവുവരുമെന്നു പറയാമോ?

<u>മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ)</u>:

(എ) ഡിനോമിനേഷൻ സ്കൂളുകൾ ൧൭൩. അവയിൽ ആകെയുണ്ടായിരുന്ന വിദ്യാർത്ഥികൾ ൯൩,൪൧൯.

(ബി) ൧൭൩.

(സി) ൧൧൨൧-നുശേഷം ആരംഭിച്ചു നടത്തിവന്ന ഡിനോമിനേഷൻ സ്കൂളുകൾക്ക് ഗവമ്മെൻറിൽനിന്നു ഗ്രാൻറു കൊടുത്തുവന്നിരുന്നില്ല. ഈ സ്കൂളുകൾ ഈ വർഷാരംഭംമുതൽ സാധാരണ സ്കൂളുകളായി മാററപ്പെട്ടതുകൊണ്ട് അവയ്ക്കു ഗ്രാൻറു കൊടുത്തുവരുന്നു.

(ഡി) ഈ ഇനത്തിൽ ൩൧,൪൦൦ രൂപാ ചിലവുവരും.

<u>ശ്രീ. കെ. പി. പ്രഭാകരൻ</u>: ഈ ഡിനോമിനേഷൻ സ്കൂളുകൾ പബ്ളിക്ക് സ്കൂളുകളായി മാററിയതുകൊണ്ട് വല്ല അദ്ധ്യാപകന്മാർക്കും ജോലിയില്ലാതെയായിട്ടുണ്ടോ?

<u>ശ്രീ. എ. ജെ. ജോൺ</u>: അതുമൂലം ജോലിയില്ലാതായിട്ടുള്ള അദ്ധ്യാപകന്മാരെ കഴിയുന്നവേഗത്തിൽ നിയമിച്ചുവരികയാണ്.

<u>മിഡിൽസ്കൂൾ അദ്ധ്യാപകരുടെ ശമ്പളം</u>

* ൧൪൫. (൧൪) <u>ശ്രീ. ടി. കെ. ദിവാകരൻ</u>: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ.—

തിരുവിതാംകൂർ വിഭാഗത്തിലെയും, കൊച്ചി വിഭാഗത്തിലെയും ഗവമ്മെൻറു മിഡിൽസ്കൂൾ അദ്ധ്യാപകരുടെ ശമ്പളവും അലവൻസും എത്ര രൂപാവീതമാണ്?

<u>മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ)</u>: തിരുവിതാംകൂർ വിഭാഗത്തിൽ മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ൨൨-൨൭ രൂപാ, ൩൦ രൂപാ, ൪൦-൫൦ രൂപ. കൊച്ചി വിഭാഗത്തിൽ ൨൦-൬൫ രൂപ. ക്ഷാമബത്ത രണ്ടു സ്ഥലങ്ങളിലും ഒരുപോലെയാണ് കൊടുക്കുന്നതു്.

<u>ശ്രീ. ടി. കെ. ദിവാകരൻ</u>: ഈ രണ്ടു വിഭാഗത്തിലുമുള്ള അദ്ധ്യാപകന്മാരുടെ ശമ്പളത്തിലുള്ള വ്യത്യാസം പരിഹരിക്കുന്ന കാര്യത്തിൽ ഗവമ്മെൻറു ശ്രദ്ധിക്കുമോ?

<u>ശ്രീ. എ. ജെ. ജോൺ</u>: ഗവമ്മെൻറു ശ്രദ്ധിക്കുന്നുണ്ട്.

<u>ശ്രീ. ടി. കെ. ദിവാകരൻ</u>: ഗ്രാൻറ് ഇൻ എയിഡ് മിഡിൽസ്കൂൾ അദ്ധ്യാപകന്മാരിൽ കൊച്ചിയിലെ അദ്ധ്യാപകന്മാർക്ക് തിരുവിതാംകൂറിലെ അദ്ധ്യാപകന്മാരേക്കാൾ കൂടുതൽ ശമ്പളമുള്ളതായി ഗവമ്മെൻറിന്നു അറിയാമൊ?

<u>ശ്രീ. എ. ജെ. ജോൺ</u>: അറിയാം.

<u>ശ്രീ. ടി. കെ. ദിവാകരൻ</u>: പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാരേക്കാൾ കുറവാണ് മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം എന്നു ഗവമ്മെൻറിന്നു അറിയാമൊ?

ശ്രീ. എ. ജെ. ജോൺ: അതിനെ സംബന്ധിച്ചുള്ള ആർഡർ ഇന്നു പാസ്സാക്കിയിട്ടുണ്ടു്.

ശ്രീ. എം. ഗോപാലൻനായർ: തിരുവിതാംകൂറിലേയും കൊച്ചിയിലേയും എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനു ഈ കൊല്ലത്തെ ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ബഡ്ജററിൽ തുക ചേർത്തിട്ടുണ്ടു്. അതു ഈ സഭ അനുവദിക്കുന്നതുപോലെയിരിക്കും.

ശ്രീ. ജോസഫ് വാഴപ്പിള്ളി: കൊച്ചിൻ വിഭാഗത്തിലെ മിഡിൽ സ്കൂൾ അദ്ധ്യാപകന്മാർക്ക് ൩൦-൭ ഉറുപ്പിക ശമ്പളമുണ്ടായിരുന്നു എന്നു അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയാണു് ഇവിടെ പറഞ്ഞതു്.

ശ്രീ. ടി. കെ. ദിവാകരൻ: മിഡിൽസ്കൂളുകളിലെ ഡ്രിൽ മാസ്റ്റർ, ഭാഗവതർ മുതലായ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവമെൻറ ശ്രദ്ധിക്കുമൊ?

ശ്രീ. എ. ജെ. ജോൺ: എല്ലാം ശ്രമിക്കാം എന്നു പറയുകയല്ലാതെ അതിനു് ക്ലിപ്തമായ ഒരു മറുപടി പറയുവാൻ നിവൃത്തിയില്ല.

## ജീവിതച്ചെലവു പട്ടിക

*൫൮൭. (൧ ഒ) ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) 'കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ്' പ്രസിദ്ധീകരിക്കാത്തതുമൂലം ഓരോ വ്യവസായ കേന്ദ്രത്തിലേയും തൊഴിലാളികളുടെ ഡിയർനസ് അലവൻസ് നിശ്ചയിക്കുന്നതിൽ വിഷമതകളുണ്ടെന്നു് തിരുവിതാംകൂർ-കൊച്ചിയിലെ വിവിധ വ്യവസായ കോടതികളുടെ അഭിപ്രായം ഗവമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവമെൻറ് എന്തു നടപടി നടത്തി?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി.
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് ഇല്ലാത്തതുകൊണ്ടു് വ്യവസായ തൊഴിലാളികളുടെ ഡിയർനസ് അലവൻസ് നിശ്ചയിക്കുന്നതിൽ വിഷമതകൾ ഉണ്ടെന്നകാര്യം ഗവമെൻറിനു് ബോദ്ധ്യം വന്നിട്ടുണ്ടു്.

(ബി) ഇക്കാര്യത്തിൽ ഗവമെൻറ ഉടനെ നടപടി എടുക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: ഇക്കാര്യത്തിൽ എന്തു നടപടി നടത്തിയിട്ടുണ്ടു് എന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് കൊച്ചിൻ ഏരിയായിൽ എടുക്കുന്നുണ്ടു്. തിരുവിതാംകൂർ ഏരിയായിൽ എടുക്കുവാൻ വേണ്ട നടപടി എടുക്കാം.

ശ്രീ. കെ. കരുണാകരൻ: കൊച്ചിൻ ഏരിയായിൽ പതിവായി പ്രസിദ്ധപ്പെടുത്താറുള്ള കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് ഇത്തവണ പ്രസിദ്ധപ്പെടുത്തിട്ടില്ലെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നോക്കാം.

**Shri P. S. Nataraja Pillai:** Is there any agency to collect economic statistics in the State?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൃശ്ശൂർ സിസ്റ്റ്രിക്റ്റ് കലക്ടർ ഓഫീസിൽ ഇതിന്നു് പ്രത്യേകം ഒരു ഓഫീസറെ വച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇതിലേയ്ക്കു് പ്രത്യേക പരിശീലനമുള്ള സ്റ്റാറ്റിസ്റ്റിക്സ് ഉദ്യോഗസ്ഥന്മാർ ഈ ഗവണ്മെന്റിന്റെകീഴിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നോക്കാതെ പറയുവാൻ നിവൃത്തിയില്ല.

**ELECTRIC INSTALLATION IN GOVERNMENT BUILDINGS AT ADUR**

***148.** [16] **Shri K. Madhavan Unnithan:** Will the Minister for Electricity be pleased to state why the Government buildings at Adur are not yet provided with electric installations though electric current is already available?

*Minister for Works and Transport* **(Shri Kalathil Velayudhan Nayar):**

Due to non-availability of funds till now.

**തെരഞ്ഞെടുക്കപ്പെട്ടവർ**

*൧൪൯. (൧൭) ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ-കൊച്ചിയിൽ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജയിലിലും ഒളിവിലുമായി കഴിഞ്ഞിരുന്നവരിൽ ആരെങ്കിലും നിയമസഭയിലേക്കു് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ? അവരുടെ പേരുകളും അവരുടെ രാഷ്ട്രീയപാർട്ടികളും ഏതെല്ലാം?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്:) ഉണ്ടു്. ശ്രീ. സി. അച്യുതമേനോൻ, കമ്മ്യൂണിസ്റ്റുപാർട്ടി.

ശ്രീ. സി. ജി. സദാശിവൻ: തെരഞ്ഞെടുക്കപ്പെട്ട രണ്ടുപേർ ഇപ്പോഴും ജയിലിലാണെന്നു് ഗവണ്മെന്റിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ജയിലിൽ ഉണ്ടായിരിക്കണം.

ശ്രീ. സി. ജി. സദാശിവൻ: അവരെ ഇനിയും മോചിപ്പിക്കാതെ ഇരിക്കുന്നതു് അവരെ തെരഞ്ഞെടുത്ത ജനങ്ങളുടെ നേരെയുള്ള ഒരു അവഹേളനമാണെന്നു് ഗവണ്മെന്റിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഗവണ്മെന്റിനു് അങ്ങിനെ ബോദ്ധ്യമില്ല.

ശ്രീ. വാറുണ്ണി പുളിയ്ക്കൽ: എന്തു കേസിനാണു് അവരെ ശിക്ഷിച്ചിട്ടുള്ളതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: ക്രിമിനൽ കുറ്റത്തിനു് ശിക്ഷിച്ചിട്ടുള്ളതായിരിക്കണം.

ശ്രീ. ജോസഫ് വാഴപ്പിള്ളി: അവർ ജയിലിൽ ഇരിക്കുമ്പോൾ തന്നെയല്ലേ ജനങ്ങൾ അവരെ ഈ സഭയിലെ മെമ്പറന്മാരായി തെരഞ്ഞെടുത്തത്?

ശ്രീ. ടി. എം. വർഗ്ഗീസ്: അതെ.

ശ്രീ. ജോസഫ് വാഴപ്പിള്ളി: അവർ ശിക്ഷകഴിഞ്ഞ് പുറത്തുവരും എന്ന വിശ്വാസത്തിലാണോ അവരെ ജനങ്ങൾ തെരഞ്ഞെടുത്തത്?

ശ്രീ. ടി. എം. വർഗ്ഗീസ്: കാലാവധി തീരുമ്പോൾ അവർ പുറത്തു വരുമെന്നുള്ള ബോദ്ധ്യത്തിലായിരിക്കണം.

ശ്രീ. ടി. കെ. ദിവാകരൻ: സീതാറാം മിൽ കരിഞ്ചന്ത കേസിൽ ശിക്ഷിച്ചിട്ടുള്ള ഒരാളെ ശിക്ഷയുടെ കാലാവധി കഴിയുന്നതിനുമുമ്പ് വിട്ടയച്ചിട്ടുള്ളതായി ഗവർമ്മെണ്ടിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: നോക്കാതെ പറയുവാൻ നിവൃത്തിയില്ല.

**MONIAM TAX**

***150.** [18] **Shri T. S. Ramaswami Pillai:** Will the Minister for Land Revenue be pleased to state.—

(*a*) whether the Government are aware of the great hardships, thousands of peasants are put to, due to the *moniam* tax;

(*b*) whether the Government have taken any steps to abolish the *moniam* tax; and

(*c*) if so, what and, if not, why not?

*Chief Minister* **(Shri A. J. John):**

(*a*) Government have received certain representations in the matter.

(*b*) No.

(*c*) The question will be decided after decision has been taken on the report of the Land Policy Committee.

**AGRICULTURAL INCOME TAX**

***151.** [21] **Shri T. S. Ramaswami Pillai:** Will the Minister for Agricultural Income Tax be pleased to state the total number and names of estate owners who pay agricultural income-tax and their respective net annual incomes?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):**

There are no persons whose net annual income is more than 5 lakhs of rupees. There are no individuals, but there are 8 firms whose income is of that order and their names cannot be divulged under the provisions of the Agricultural Income Tax Act.

ശ്രീ. സി. ശങ്കർ: ആ ഫേമിന്റെ പേരു പറയാമൊ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാണെങ്കിൽ ആളിന്റെ പേരു പുറത്തുവരും.

Therefore it will be divulging the particulars.

ശ്രീ. പരീതു റാവുത്തർ: വസ്തുക്കളുടെ വിസ്തീർണ്ണമനുസരിച്ചാണോ അതോ ആദായം അനുസരിച്ചാണോ ഇൻകംടാക്സ് ഈടാക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആദായത്തിന്റെ തോതനുസരിച്ചാണ്.

ശ്രീ. പരീതു റാവുത്തർ: സാധാരണയായി വസ്തുക്കളുടെ വിസ്തീർണ്ണമനുസരിച്ചാണ് ഇൻകംടാക്സ് ഇടാക്കാറുള്ളതെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആദായത്തിന്റെ തോതു കണക്കാക്കുന്നതിൽ വിസ്തീർണ്ണവും ഒരു ഉപാധിയായിട്ട് എടുക്കാവുന്നതാണ്.

ശ്രീ. പരീത് റാവുത്തർ: ആദായം കൂടുതലില്ലാതെ, എന്നാൽ ഏക്കറേജ് മാത്രം കൂടുതലുള്ള ചില സ്ഥലങ്ങളിൽനിന്നും ഇൻകംടാക്സ് ഏക്കറേജ് ബേസിസിൽ ഈടാക്കിവരുന്നതായിട്ടറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സാധാരണ അസസ്സ്മെന്റ് ഗവമ്മെണ്ട് നേരിട്ടു നടത്താറില്ല. എന്നാൽ അതിന് അപ്പലേറ്റ് അതോറിട്ടി മുതലായ ആളുകൾ പരിശോധിക്കുവാനും ഉണ്ട്. സാധാരണയായി ഈ ആദായം നിർണ്ണയിക്കുന്നതിന് റിലവന്റ് ആയിട്ടുള്ള ഒന്നാണ് വസ്തുവിന്റെ വിസ്തീർണ്ണം.

## INTEGRATION OF SERVICES

*152. [23] **Shri T. S. Ramaswami Pillai:** Will the Minister for Service and Appointments be pleased to state.—

the causes for the delay in the integration of services of Travancore-Cochin State?

*Chief Minister* **(Shri A. J. John):** Though certain general principles were adopted by the Government for the integration of Services in the State, in September 1950, in view of certain misapprehensions regarding some of those principles, the whole question was referred to the Government of India. The Government of India's advice in the matter was received and further orders were issued by the Government only in August 1951. Due to the pre-occupation of Government with the general elections and other allied urgent matters, sufficient progress could not be made in regard to the integration of Services. Government propose to take up the work very soon.

## HOSPITAL AT ELATHUR

*153. [25] **Shri Sattanatha Karayalar:** Will the Minister for Public Health be pleased to state.—

(*a*) what action the Government has taken on the demand for constructing a hospital at Elathur (Shencottah taluk); and

(*b*) is there an offer to construct the same by public donation?

*Minister for Medicine & Public Health* **(Shri V. Madhavan):** (*a*) No action has been taken as there is no necessity for a hospital at Elathur.

(*b*) The public have offered a sum of rupees five thousand for the construction of a hospital building.

**Shri Sattanatha Karayalar:** Is it not a fact that contributions were not accepted as they came from the Tamil Nad people?

**Shri V. Madhavan:** It is not a fact.

ശ്രീ. എം. ഗോപാലൻനായർ: എന്തുകാരണവശാലാണ് അങ്ങനെ തീരുമാനിച്ചത്?

ശ്രീ. വി. മാധവൻ: ചെങ്കോട്ട ഒരു ഡിസ്ട്രിക്ട് ആശുപത്രിയുണ്ട്. അവിടെനിന്നും മൂന്നമൈൽ മാത്രമേ ഈ സ്ഥലത്തേക്കു ദൂരമുള്ളു. അതുകൊണ്ട് അത് ആവശ്യമില്ലെന്നു തീരുമാനിച്ചതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ൪൫൦൦ മദ്യപാനികൾക്ക് ഒരു ഷാപ്പുവീതം ഇവിടെയുണ്ടായിരിക്കെ, ൧൨൦൦൦ ആളുകൾക്ക് ഒരു ആശുപത്രി വീതമെങ്കിലും ഉണ്ടായിരിക്കേണ്ടേ?

ശ്രീ. വി. മാധവൻ: അങ്ങനെയൊരു താരതമ്യവിവേചനം നടത്തിയിട്ടില്ല.

**Shri Sattanatha Karayalar:** Are the Government aware of the fact that a hospital at this place will cater to the needs of more than twelve thousand people?

**Shri V. Madhavan:** Now I understand.

പോസ്റ്റൽബാഗ് കയററിയിറക്കിനുള്ള പ്രതിഫലം

* ൧൫൪. (൧൨) ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) ട്രാൻസ്പോർട്ടു ബസ്സുകളിലെ പോർട്ടർമാർ പോസ്റ്റൽബാഗ് കയററുകയും ഇറക്കുകയും ചെയ്യുന്നതിനു ഡിപ്പാർട്ടുമെൻറിൽനിന്ന് എന്തെങ്കിലും പ്രതിഫലം നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഇപ്പോൾ ഇല്ല.

(ബി) ഗവമ്മെണ്ട് പോസ്റ്റൽ ഡിപ്പാർട്ടുമെൻറുമായി ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ഭാസ്കരൻ നായർ: പോർട്ടർമാക്ക് ശമ്പളമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇല്ല.

ശ്രീ. പി. ഭാസ്കരൻ നായർ: ഇവക്ക് ശമ്പളം നൽകണമെന്ന് പോർട്ടർമാരുടെ യൂണിയനിൽനിന്നും എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: പോസ്റ്റൽബാഗ് പോർട്ടറന്മാരെക്കൊണ്ട് എടുപ്പിക്കാതിരിക്കുവാൻ ശ്രമിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അത് ആരെക്കൊണ്ടെങ്കിലും എടുപ്പിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: കൂലികൊടുക്കാതെ അവരെക്കൊണ്ട് ഇങ്ങനെ ജോലിചെയ്യിക്കുന്നത് ശരിയാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ശരിയല്ല.

ശ്രീ. ടി. കെ. ദിവാകരൻ: അപ്പോൾ ശമ്പളം ഒന്നും കൊടുക്കാതെ അവരെക്കൊണ്ട് ജോലിചെയ്യിക്കാമെന്നാണോ ഗവമ്മെൻറ് വിചാരിക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയല്ല. എന്നാൽ പോസ്റ്റൽ ഡിപ്പാർട്ടുമെൻറു കാരുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ കൊടുക്കുവാൻ വിസമ്മതിക്കുന്നപക്ഷം ട്രാൻസ്പോർട്ട്

ഡിപ്പാർട്ടുമെൻറിൽനിന്നെങ്കിലും അതു് കൊടുക്കുവാൻ ആലോചിക്കാം.

ശ്രീ. എ. താണുപിള്ള: ഇനിമേൽ ഇവർക്ക് ഇങ്ങനെ ബാഗ് ചുമക്കുവാൻ കൂലികൊടുക്കുകയും, ഇതുവരെ ശമ്പളമൊന്നുമില്ലാതെ ഇങ്ങനെ ജോലിചെയ്തതിന് എന്തെങ്കിലും ഒരു പ്രതിഫലം നൽകുകയും ചെയ്യുന്ന കാര്യം ആലോചിക്കാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: തീർച്ചയായും ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: ജോലിചെയ്തിട്ട് അതിനു പ്രതിഫലം കിട്ടിയില്ലെങ്കിൽ അവർ എങ്ങനെയാണ് ഉപജീവനം കഴിക്കുക?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പോർട്ടർമാർ ഈ ആവശ്യത്തിനുമാത്രം വച്ചിട്ടുള്ളവരല്ലാ; മററു ജോലികൾ പ്രതിഫലം വാങ്ങിച്ചുകൊണ്ടു് അവർ ചെയ്യുന്നതോടുകൂടി ഇതുംകൂടി അവരെക്കൊണ്ടു് ചെയ്യിക്കുന്നന്നേയുള്ളു.

ശ്രീ. എ. താണുപിള്ള: ബാഗ് കൊണ്ടുപോകുന്നതിനു കൺഡക്ടറന്മാർക്ക് ചുമതലയുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. എ. താണുപിള്ള: അവർക്ക് പ്രതിഫലം നൽകുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. എ. താണുപിള്ള: ഈ കാര്യങ്ങളെല്ലാം പര്യാലോചിച്ച് വേണ്ട ഏർപ്പാടുകൾ ചെയ്യാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശ്രമിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പോസ്റ്റൽ ബാഗ് കൊണ്ടുപോകുന്ന ബസ്സുകളിൽ വളരെ കുറച്ചുപേരെ മാത്രമേ കയററുന്നുള്ളു എന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം. ആ രീതിയിൽ കൺഡക്ടർക്ക് ജോലി കുറവാണുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങനെ പോർട്ടറന്മാരെ സംബന്ധിച്ചിടത്തോളം ബാഗ് ചുമക്കുന്നതിന് അവർക്ക് കൂലി ഇല്ലാതെ വരികയും അതോടുകൂടിതന്നെ ആ ബസ്സിൽ യാത്രക്കാർ കുറവായിരിക്കുകയും ചെയ്യുകയാണെങ്കിൽ അവർ എങ്ങനെ ജീവിക്കും.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെല്ലാം വേണ്ട നടപടി നടത്തുന്നുണ്ടു്.

## ട്രാൻസ്പോർട്ടു തൊഴിലാളികൾക്കു യൂണിഫാറം

* ൧൮൮. (ഫൻ) ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ട്രാൻസ്പോർട്ടു തൊഴിലാളികൾക്കു യൂണിഫാറം വർഷംതോറും കൊടുക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്രപ്രാവശ്യം കുടിശ്ശിക വരുത്തിയിട്ടുണ്ടു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഉണ്ടു്.

(ബി) തുണി കിട്ടുന്നതിനും തയ്പിച്ചു് എടുക്കുന്നതിനുള്ള താമസവുംകൊണ്ടു് കുറച്ചു് താമസം നേരിടുന്നതാണു്. കൂടിശിഖ വരുത്താറില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: യൂണിഫാറം ഇടണമെന്നു് നിർബ്ബന്ധമാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതെ.

ശ്രീ. പി. ഭാസ്കരൻ നായർ: അല്പശമ്പളക്കാരായ ഇവക്കു അതിനു നിവൃത്തിയില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതുകൊണ്ടാണല്ലോ തുണി കൊടുക്കുന്നതു്.

ശ്രീ. പി. ഭാസ്കരൻ നായർ: യൂണിഫാറം ഇടാത്തതിനു ശിക്ഷിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശിക്ഷിച്ചതു് യൂണിഫാറം ഇടാതിരുന്നതിനാണെന്നു് തെളിയുകയാണെങ്കിൽ അതു് റദ്ദുചെയ്യുവാൻ നടപടിയെടുക്കുന്നതാണു്.

ശ്രീ. പി. ഭാസ്കരൻ നായർ: യൂണിഫാറമാണോ തുണിയാണോ കൊടുക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: തയ്പിച്ചു കൊടുക്കുന്നതിനുള്ള താമസമാണെന്നു് ഞാൻ പറഞ്ഞതിൽനിന്നും യൂണിഫാറമാണു് കൊടുക്കുന്നതെന്നു് മനസ്സിലാക്കാമല്ലോ.

## ഡിസ്ട്രിക്ടു് ആഫീസർമാർ

* ൧൫൩. (൩൦) ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഡിസ്ട്രിക്ടു് ആഫീസർമാക്കു് സ്വന്ത ആവശ്യത്തിനു സർവ്വീസു് വാൻ സൗജന്യമായി ഡിപ്പാർട്ടുമെൻറിൽനിന്നു അനുവദിച്ചിട്ടുണ്ടോ?

മരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ കളത്തിൽ വേലായുധൻ നായർ): ഇല്ല.

ശ്രീ. പി. ഭാസ്കരൻ നായർ: കോട്ടയത്തു് ഒരുവണ്ടി ഉപയോഗിക്കുന്നതായിട്ടറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല. അങ്ങനെയുണ്ടെങ്കിൽ അതിനെക്കുറിച്ചു് അന്വേഷണം നടത്താം.

ശ്രീ. എം. ഗോപാലൻ നായർ: തിരുവനന്തപുരത്തു് ഡിസ്ട്രിക്ടു് ആഫീസർ ഒരു വണ്ടി ഉപയോഗിക്കുന്നതായിട്ടറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെക്കുറിച്ചും അന്വേഷിക്കാം.

## ഹയർപരീക്ഷാ വിജയികറം

* ൧൫൪. (൩൧) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങറംക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എം. എച്ച്. പരീക്ഷ, പാസ്സായവരെ വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറിൽ നിയമിക്കാതിരിക്കുന്നതിനെപ്പററി വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ ;

(ബി) ൧൯൫൩-ൽ എത്ര എം. എച്ച്. കാരെ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) ൧൭൫.

ശ്രീ. പി. ചാക്കോ : ൧൭൫ പേരിൽ എത്രപേരെ നിയമിച്ചു എം. എച്ച്.കാരെ എല്ലാപേരേയും നിയമിക്കുന്നതിനു എത്രകാലം വേണ്ടി വരും?

ശ്രീ. എ. ജെ. ജോൺ : ഒഴിവു വരുന്നതനുസരിച്ചാണ് നിയമിക്കുന്നതു്.

ശ്രീ. പി. ചാക്കോ : പബ്ലിക്ക് സർവ്വീസിൽ ഇവക്ക് പ്രാതിനിധ്യം കൊടുക്കാതിരിക്കുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ : അവക്കെല്ലാം ഒഴിവുവരുന്നതുപോലെ ഉദ്യോഗം കൊടുക്കണമെന്നു നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. പി. ചാക്കോ : ഇ. എസ്. എൽ. സി.യും എം. എച്ച്.ം ഉണ്ടായിരിക്കുമ്പോൾ ഇ. എസ്. എൽ. സി. ക്കാണ് പ്രിഫറൻസ് കൊടുക്കുകയെന്നു വസ്തുത അറിയാമോ?

ശ്രീ. എ. ജെ. ജോൺ : പബ്ലിക്ക് സർവ്വീസ് കമ്മീഷനാണ് റിക്രൂട്ട് ചെയ്യുന്നതു്. അവരുമായി ഈ കാര്യത്തെക്കുറിച്ചു് എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കയാണ്.

## മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർമാർ

* ൧൭൬. (൩൩) ശ്രീ. വാസുദേവൻ പിള്ള: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർമാരായി നിയമിക്കപ്പെടുന്നവക്ക് എന്തെല്ലാം യോഗ്യതകൾ ഉണ്ടായിരിക്കണം;

(ബി) പത്തനംതിട്ട ടൗൺ ഗവമ്മെൻറ ന്യൂ ടൈപ്പ് മിഡിൽ സ്കൂളിലെ ഹെഡ്മാസ്റ്ററുടെ പരീക്ഷായോഗ്യതകൾ എന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) അദ്ധ്യാപക പരിശീലന പരീക്ഷയും അതായതു്, ടീച്ചേഴ്സ് ട്രയിനിംഗ് സർട്ടിഫിക്കററും, എം. എച്ച്., ടി. എച്ച്., എസ്സ്. എൽ. സി., ബി. എ., ബി. എസ്സി., ബി. ററി.

(ബി) എം. എച്ച്., ടി. ടി. സി.

ശ്രീ. വാസുദേവൻ പിള്ള: ഗവമ്മെൻറ സ്കൂളുകളിൽ ബി. ടി., എൽ. ടി. ക്കാർ വേണമെന്ന് നിർബ്ബന്ധമില്ലേ?

ശ്രീ. എ. ജെ. ജോൺ: ഹൈസ്കൂളിൽ വേണം. മിഡിൽസ്കൂളിൽ ഹെഡ്മാസ്റ്ററന്മാർക്ക് ഈയോഗ്യതകൾവേണം.

ശ്രീ. വാസുദേവൻ പിള്ള: ന്യൂ ടൈപ്പ് മിഡിൽ സ്കൂളിൽ ഹെഡ് മാസ്റ്റർ ഗ്രാഡ്വേററ അല്ലെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: ചിലപ്പോഠം ഗ്രാഡുവേററുകളെ കിട്ടാതെ വന്നേക്കാം. അപ്പോഠം എം. എച്ച്. കാരെ നിയമിച്ചേക്കും.

ശ്രീ. വാസുദേവൻ പിള്ള: താമസിയാതെ പത്തനംതിട്ടയിൽ ഒരു ഗ്രാഡുവേററിനെ നിയമിക്കുമോ?

ശ്രീ. എ. ജെ. ജോൺ: അതിനുള്ള നടപടിയെടുക്കാം.

## സ്കൂഠം സ്ഥാപിക്കുവാൻ കെട്ടിടം

*൲൬൯. (൩൬) ശ്രീ. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങഠംക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പത്തനംതിട്ട പബ്ലിക്കിൻെറ വകയായിരുന്ന സ്ഥലവും കെട്ടിടവും ടൗണിൽ ഹൈസ്കൂഠം സ്ഥാപിക്കുന്നതിനു് ഗവമ്മെൻറു് ഏററു വാങ്ങിയിട്ടുണ്ടോ;

(ബി) ആ സ്ഥലത്തു് ഇപ്പോഠം ഏതു സ്കൂഠം നടത്തുന്നു;

(സി) ഹൈസ്കൂഠം നടത്തുന്നതിനു് ഗവമ്മെൻറു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല. എന്നാൽ മിഡിൽസ്കൂഠം നടത്തുന്നതിനു പത്തനംതിട്ട പബ്ലിക്കിൻെറ വക സ്ഥലം വാങ്ങിയിട്ടുണ്ടു്. എന്നാൽ ഹൈസ്കൂളിനു സ്ഥലം ഏററുവാങ്ങിയിട്ടില്ല.

(ബി) ചില സ്കൂളുകഠം നടത്തിവരുന്നു.

(സി) അങ്ങനെ തോന്നുന്നില്ല.

ശ്രീ. വാസുദേവൻ പിള്ള: ഇതു് ആദ്യം ഏററുവാങ്ങുമ്പോഠം ഹൈസ്കൂളിനാണെന്നു് പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല എന്നാണു തോന്നുന്നതു്. ഫയലിൽ കാണുന്നതു് "For the opening of a Middle school" എന്നാണു്.

ശ്രീ. വാസുദേവൻ പിള്ള: കെട്ടിടം പൂർത്തിയാക്കി ഗവമ്മെൻറിനെ ഏൽപ്പിച്ചിട്ടുള്ളതായി ഗവമ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഗവമ്മെൻറു പണിയിച്ചതായിട്ടാണു് കാണുന്നതു്.

ശ്രീ. വാസുദേവൻ പിള്ള: ചില ഭാഗങ്ങഠം ഗവമ്മെൻറു പണിയിച്ചതായിട്ടല്ലേ കാണുന്നതു്?

ശ്രീ. എ. ജെ. ജോൺ: അല്ല. മുഴുവനും ഗവമ്മെൻറു പണിയിച്ചതായിട്ടാണു് കാണുന്നതു്.

## ടെക്സ്ററുബുക്കു കമ്മിററി

*൲൭൦. (൩൧) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

പാഠ്യപുസ്തകങ്ങഠം തെരഞ്ഞെടുക്കുന്നതിനു് ഒരു കമ്മിററി ഇപ്പോഠം നിലവിലുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉണ്ട്.

### LIFT IRRIGATION

***161.** [39] **Shri E. Krishnan Nayar:** Will the Minister for Irrigation be pleased to state.—

(*a*) whether the Government have received any application for the introduction of lift irrigation in the Kottarakara taluk;

(*b*) if so, when and from which part of the taluk; and

(*c*) what action the Government have taken in the matter?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):**

(*a*) Yes.

(*b*) A memorandum dated 10th September 1951 from Shri Raman Unnithan President, Pangode village Uplift Committee, Puthoor. (*i*) A petition dated 19th February 1952 from the Secretary, Shree Narayanapuram Library, Puthoor.

(*c*)The Schemes are being investigated.

ശ്രീ. ഇ. കൃഷ്ണൻ നായർ: ഇതുവരെയുള്ള അന്വേഷണത്തിൽ അങ്ങനെ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. ൫൨ ഫെബ്രുവരി ൧൯-ാം തീയതി റപ്രസെന്റേഷൻ കിട്ടി. അതു് ആലോചിച്ചു കൊണ്ടിരിക്കയാണു്. അതിനുമുൻപു ൧൯൫൧ സെപ്റ്റംബർ ൧൦-ാം തീയതി ഒരു റപ്രസെന്റേഷൻ കിട്ടി.

ശ്രീ. എം. ഗോപാലൻ നായർ: ഇതു ഏതു സ്റ്റേജിൽ ഇരിക്കുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷണം പൂർത്തിയായിട്ടില്ല.

ശ്രീ. ആർ. കേശവപിള്ള: കഴിഞ്ഞ പത്തുകൊല്ലമായി കൊട്ടാരക്കര താലൂക്കിൽ യാതൊരു ജലസേചന പദ്ധതിയും ഇല്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ് വേണം.

ശ്രീ. സി. കെ. വിശ്വനാഥൻ: ഏതെല്ലാം താലൂക്കുകളിലാണു് ജലസേചന പദ്ധതിയുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നദികൾപോകുന്ന താലൂക്കുകളിൽ. പെരിയാറു്, ചാലക്കുടിപ്പുഴ, മൂവാററുപുഴ ആറു്, പമ്പ ഇവയുടെ ഇരുവശങ്ങളിൽ.

**Shri A. Thanu Pillai:** Are the Government aware that these taluks are backward in the matter of irrigation?

**Mr. Speaker:** Order, order. The time for interpellation is over.

## WRITTEN ANSWERS

### N. G. O. ASSOCIATION

***162.** [40] **Shri E. Krishnan Nayar:** Will the Minister for Excise be pleased to state.—

(*a*) whether there are any departmental instructions to the subordinates in the Excise Department prohibiting them from joining the N. G. O. Association;

(*b*) if so, the reasons for issuing such instructions to the subordinates and

(*c*) whether there is any likelihood of the policy being revised?

*Minister for Medicine & Public Health* **(Shri. V. Madhavan):** (*a*) No, (*b*) & (*c*) Do not arise in view of the answer to (*a*).

### ഉപദേഷ്ടാവിന്റെ നിയമനം

* ൧൬൩. (൪൭) ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പൊളിററിക്കൽ വകുപ്പ് മന്ത്രി ദയവായി ഉത്തരം പറയുമോ.—

തിരുവിതാംകൂർ-കൊച്ചിയിലേക്ക് ഒരുപദേഷ്ടാവിനെ നിയമിക്കുന്ന കാര്യം കേന്ദ്രഗവമ്മെൻറ് തിരു-കൊച്ചി ഗവമ്മെൻറുമായി ആലോചിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഉപദേഷ്ടാവിന്റെ നിയമനത്തെപ്പററി ഔദ്യോഗികമായ യാതൊരു അറിവുമില്ല.

### പ്രൈവററ് ബസ്സ് ഈടാക്കുന്ന കൂലിനിരക്ക്

* ൧൬൪. (൪൮) ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) പ്രൈവററ് ബസ്സ് ഉടമകൾ നടത്തുന്ന ലൈൻ ബസ്സുകളിൽനിന്നും ഓരോ മൈലിന് ഓരോ യാത്രക്കാരിൽനിന്നും ഈടാക്കാവുന്ന ബസ്സ് കൂലിക്ക് എന്തെങ്കിലും പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു്;

(സി) ഏതെങ്കിലും ബസ്സ് ഉടമകൾ ആ പരിധി ലംഘിച്ചു കൂടുതൽ കൂലി ഈടാക്കുന്നതായിട്ടു ഗവമ്മെൻറിന് അറിവുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.

(ബി) സാധാരണ സർവ്വീസ് ബസ്സുകളിൽ plains-ൽ മൈലിന് ആളൊന്നിക്ക് ആറര പൈയും, കുന്നിൻപ്രദേശങ്ങളിൽ സീ ലെവലിൽനിന്നും ൩,൦൦൦ അടി ഉയരംവരെ ൧൨ പൈയും, ൩,൦൦൦ അടിയിൽ മീതെ ൧൫ പൈയും, എക്സ്പ്രസ്സ് ബസ്സുകളിൽ മൈലിന് ആളൊന്നക്ക് ൯ പൈയും വീതമാണു് ചാർജ്ജു്.

(സി) ഉണ്ടു്. ഇതുസംബന്ധിച്ചു ആവശ്യമായ നടപടി എടുക്കുന്നതിന് ഐ. ജി., ഡി. എസ്സ്. പി. തുടങ്ങിയവരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

### TEACHERS IN PRIVATE COLLEGES

***165.** [49] **Shri P. Ravindran:** Will the Minister for Education be pleased to state whether the Government intend to render financial assistance to the Travancore University for raising the scale of pay of the teachers in private colleges to that of the teachars in the University College?

*Chief Minister* **(Shri A. J. John):** Government had no occasion to consider this question.

പിന്നോക്കസമുദായങ്ങൾ

* ൱൩൩. (൫൦) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പിന്നോക്കസമുദായോദ്ധാരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു പിന്നോക്കസമുദായങ്ങളെ എത്ര വിഭാഗങ്ങളായിട്ടാണു് തരംതിരിച്ചിരിക്കുന്നതു്;

(ബി) ഓരോ വിഭാഗക്കാർക്കും ഗവമ്മെൻറിൽനിന്നും നൽകുന്ന ആനുകൂല്യങ്ങൾ ഏവ;

(സി) ഏതു മാനദണ്ഡമനുസരിച്ചാണു് ഈ തരംതിരിപ്പു നടത്തിയിട്ടുള്ളതു്;

(ഡി) മതാടിസ്ഥാനത്തിൽ പിന്നോക്കസമുദായങ്ങളെ തരംതിരിക്കുന്നതു് ഇൻഡ്യൻ ഭരണഘടനയിൽ മൗലികാവകാശ പ്രഖ്യാപനത്തിനു് വിപരീതമാണെന്നു കാണിച്ചു ഇൻഡ്യാ ഗവമ്മെൻറിൽനിന്നും സംസ്ഥാനഗവമ്മെൻറിനു് വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു പിന്നോക്കസമുദായങ്ങളെ നാലു വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ടു് അവ:- (൧) പട്ടികജാതിക്കാർ, (൨) പട്ടിക വർഗ്ഗക്കാർ, (൩) മററു പിന്നോക്കസമുദായക്കാർ, (൪) മേൽപറഞ്ഞ വിഭാഗങ്ങളിൽനിന്നു ക്രിസ്തുമതത്തിലേക്കു മതം തിരിഞ്ഞിട്ടുള്ളവർ.

(ബി) ഓരോ വിഭാഗത്തിനും നൽകിവരുന്ന ആനുകൂല്യങ്ങളുടെ ഒരു ലിസ്റ്റു് മേശപ്പുറത്തു വച്ചിരിക്കുന്നു.†

(സി) പിന്നോക്കസമുദായങ്ങളുടെ സാമ്പത്തിക, സാമൂഹ്യ, വിദ്യാഭ്യാസപരമായ സ്ഥിതിയെ അടിസ്ഥാനമാക്കിയാണു് തരംതിരിച്ചിരിക്കുന്നതു്.

(ഡി) ഇല്ല.

**Starred questions admitted for 27th March 1952 but transferred for answer on 29th March 1952]**

റോഡു്

* ൱൩൧. (൩൫) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. പൊതുമരാമത്തുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) മുകുന്ദപുരം താലൂക്കിൽപെട്ട പടിയൂർ വില്ലേജിൽനിന്നു് ഇരിങ്ങാലക്കുട കാക്കാത്തുരുത്തി റോഡിൽ ചെന്നുചേരത്തക്കവിധം ഒരു റോഡുവെട്ടുന്നതു സംബന്ധിച്ചു അന്നാട്ടുകാരുടെവക എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചുഎന്നു വ്യക്തമാക്കുമോ?

†See Appendix A. Page 346.

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് അയക്കുവാൻ ചീഫ് എൻജിനീയർക്കു നിർദ്ദേശം നൽകി. എസ്റ്റിമേറ്റ് ഉടൻതന്നെ അയക്കുമെന്ന് ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ക്ഷയരോഗാശുപത്രിയിലെ രോഗികൾ

*൧൬൮. (൬൬) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മെഡിക്കൽ വകുപ്പുമന്ത്രി സദയം ഉത്തരം പറയുമോ.—

(എ) നാഗർകോവിൽ ക്ഷയരോഗാശുപത്രിയിലെ ഡാക്ടർ രോഗികളോടു വളരെ ക്രൂരമായി പെരുമാറുന്നുവെന്നും അവശനിലയിലുള്ള രോഗികളെപ്പോലും ആശുപത്രിയിൽനിന്നു പുറത്താക്കുന്നുവെന്നും മററുമുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിസ്സഹായരായ രോഗികൾക്ക് രക്ഷ നൽകത്തക്കവണ്ണം എന്തെങ്കിലും നടപടി ഗവൺമെൻറ് കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ): (എ) ഉണ്ട്.

(ബി) അന്വേഷണത്തിൽ ഈ പരാതികൾ അടിസ്ഥാനരഹിതമാണെന്നാണ് തെളിഞ്ഞിട്ടുള്ളതു്.

രാഷ്ട്രീയ തടവുകാർ

*൧൬൯. (൬൭) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട അഭ്യന്തരകാര്യവകുപ്പുമന്ത്രി സദയം ഉത്തരം പറയുമോ.—(എ) തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട സബ്ജയിലുകളിൽ രാഷ്ട്രീയ സ്വഭാവമുള്ള കേസുകളിൽപെട്ട എത്ര പ്രതികൾ ഇന്നുണ്ട്;

(ബി) കൊച്ചി വിഭാഗത്തിൽപെട്ട സബ്ജയിലുകളിൽ എത്ര പ്രതികളുണ്ട്;

(സി) തിരുവിതാംകൂർ വിഭാഗത്തിൽപെട്ട സബ്ജയിലിൽ ഒരു പ്രതിക്കു ദിവസംപ്രതി ഭക്ഷണത്തിനു എന്തു തുകയാണ് അനുവദിച്ചിരിക്കുന്നതു്;

(ഡി) കൊച്ചി വിഭാഗത്തിൽ എന്തു തുകയാണ് അനുവദിച്ചിരിക്കുന്നതു്?

അഭ്യന്തരകാര്യവകുപ്പു മന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്സ്): (എ) ൧൯.

(ബി) ആരും ഇല്ല.

(സി) ൧ ക. ൪ ണ.

(ഡി) എറണാകുളത്തു ൩ പ്രതിക്കു ൦ — ൯ — ൧ ഉം മട്ടാഞ്ചേരിയിൽ ൪ണ യും തൃശ്ശിവപേരൂർ സബ് ഡിവിഷനിൽ ൪ണ. ൬ പൈയും വീതം അനുവദിച്ചിട്ടുണ്ട്.

SEPARATION OF JUDICIARY FROM THE EXECUTIVE

*170. [68] **Shri R. Gangadharan:** Will the Minister for General Administration be pleased to state.—

(*a*) whether the Government have taken any steps for separating Judiciary from the Executive;

(*b*) if so, how far it has progressed; and

(*c*) how much time Government require for completing the separation?

*Minister for Home Affairs* (**Shri T. M. Varghese**): (*a*), (*b*) & (*c*) The Judiciary is separate from the Executive in the Cochin area. Steps have not been taken to extend the system throughout the State.

## എം. സി. റോഡ്

*൧൭൧. (൭൧) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം ഉത്തരം പറയുമോ.—

(എ) എം. സി. റോഡിന് ഈ ഗവണ്മെന്റ് ൧൯൫൦-ലും ൧൯൫൧-ലും ഒരു മൈലിന് എത്ര സംഖ്യവീതം ശരാശരി ചിലവാക്കിയിട്ടുണ്ട്;

(ബി) നാഷണൽ ഹൈവേയ്ക്കുവേണ്ടി കേന്ദ്രഗവണ്മെന്റ് ഒരു മൈൽ റോഡിന് എത്ര സംഖ്യ വീതമാണ് ഈ ഗവണ്മെന്റിനു തന്നു പോരുന്നത്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ൧൯൫൦—൫൧-ൽ മൈൽ ഒന്നിന് ശരാശരി ൨,൦൦൦ രൂപാവീതവും, ൧൯൫൧—൧൯൫൨-ൽ മൈൽ ഒന്നിന് ശരാശരി ൨,൫൦൦ രൂപാ വീതവും ചിലവാക്കിയിട്ടുണ്ട്.

(ബി) ൧൯൫൦—൧൯൫൧ മൈൽ ഒന്നിന് ൩,൦൦൦ ക. വീതം.

൧൯൫൧—൧൯൫൨

൧. മെററൽ റോഡ് മൈൽ ഒന്നിന് ൩,൨൦൦ക. വീതം.

൨. ടാർ റോഡ് മൈൽ ഒന്നിന് ൧,൮൦൦ക. വീതം.

൩. കാൺക്രീററ് റോഡ് മൈൽ ഒന്നിനു ൭൦൦ക. വീതം.

## ഭക്ഷ്യധാന്യ വർദ്ധനവിനുവേണ്ടി സഹായധനം

*൧൭൨. (൭൪) ശ്രീ. പി. ഭാസ്കരൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ൧൯൫൦—൫൧-ൽ കേന്ദ്രത്തിൽനിന്നു ഭക്ഷ്യധാന്യ വർദ്ധനവിനുവേണ്ടി ഈ സംസ്ഥാനത്തേക്ക് ആകെ എന്തു തുക സഹായധനമായി നൽകിയിട്ടുണ്ട്;

(ബി) ഈ തുക മുഴുവൻ ഇവിടെ ചെലവാക്കിയിട്ടുണ്ടോ;

(സി) ചെലവു ചെയ്തതിൽ വ്യക്തികളുടെ വക സ്വകാര്യകൃഷിസ്ഥലങ്ങളിൽ തോടുവെട്ടുന്നതിനും അണകെട്ടുന്നതിനും മററുമായി ഈ സംഖ്യയിൽനിന്ന് എന്തു ചെലവു ചെയ്തിട്ടുണ്ട്?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ൪൩,൩൩,൭൨൩ രൂപാ.

(ബി) തന്നാണ്ടിൽ ൨൪,൫൩,൪൯൧ രൂപാ ൧൧ണ. ൧൦ സ. ചെലവായി. ബാക്കി ൧൯൫൧—൫൨-ലേക്ക് നീക്കിവയ്ക്കപ്പെട്ടിട്ടുണ്ട്.

(സി) ഒന്നും ചിലവാക്കിയിട്ടില്ല.

## റിസെററിൽമെൻറ്

*൨൧൬. (൧൩) ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എസ്സ്. പി. ഡബ്ളിയു. ആർ. ഫണ്ടിൽനിന്നു വിമുക്തഭടന്മാർക്കായി എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(ബി) ഈ തുക ചെലവാക്കാനായിട്ടുള്ള സ്റ്റാഫിനും കമ്മിററിക്കുമായി എന്തുതുക ഇതിനകം ചിലവായിട്ടുണ്ട്?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): (എ) നാളതുവരെ രൂപ ൭,൨൯,൧൩൬—൬—൭ ചെലവാക്കിയിട്ടുണ്ട്.

(ബി) സ്റ്റാഫിൻെറ ശമ്പളം, കമ്മിററി അംഗങ്ങളുടെ യാത്രചിലവ്, ആഫീസുകെട്ടിടത്തിൻെറ വാടക, മുതലായ വകക്കായി രൂപ ൨൨,൨൬൬—൧—൨൨ ചിലവായിട്ടുണ്ട്.

## വണ്ടികൾ

*൨൧൭. (൧൧) ശ്രീ. എൻ. രാജഗോപാലൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇൻറർനാഷണൽ വണ്ടികൾ ഉപയോഗിക്കരുതെന്ന് കൊള്ളിൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ; ഈ ഗവമ്മെൻറ് ഇൻറർനാഷണൽ വണ്ടികൾക്ക് ഓർഡർ കൊടുത്തിട്ടുണ്ടോ;

(ബി) ഇൻറർനാഷണൽ വണ്ടികളുടെ ഏജൻറ് ആരാണ്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ:

(എ) ഇല്ല; ഉണ്ട്.

(ബി) മെസേഴ്സ് പെനിൻസുലാർ മോട്ടാർ കോർപ്പറേഷൻ ലിമിററഡ്, കൽക്കട്ടാ.

## എറണാകുളം ചിൽഡ്രൻസ് പാർക്ക്

*൨൧൮. (൧൯) ശ്രീ. എ. എൽ. ജേക്കബ്ബ്):

(എ) എറണാകുളം പട്ടണത്തിൽ ഹൈക്കോടതിയുടെ തെക്കുഭാഗത്തുണ്ടായിരുന്ന ചിൽഡ്രൻസ് പാർക്ക് ഇപ്പോഴും ഒരു പാർക്കായിത്തന്നെയാണോ ഉപയോഗിച്ചുവരുന്നതു്;

(ബി) യുദ്ധാവശ്യത്തിനു അവിടെ നിർമ്മിച്ചിരുന്ന ടെമ്പററി ഷെഡ്ഡുകൾ അവിടെനിന്നും പൊളിച്ചുമാററിയിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പ്രസ്തുത സ്ഥലം ഇപ്പോൾ പാർക്കായി ഉപയോഗിക്കുന്നില്ല.

(ബി) ഇല്ല.

വിദ്യുച്ഛക്തിവിതരണത്തിനുള്ള നിവേദനം

*൧൬൩. (൮൩) ശ്രീ: പരീതുറാവുത്തർ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കോഴഞ്ചേരിയിൽനിന്നും നാരങ്ങാനം വില്ലേജ് അപ്പ്ലിഫ്റ്റ് കേന്ദ്രത്തിലേയ്ക്കു് വിദ്യുച്ഛക്തി നീട്ടിക്കിട്ടുന്നതിലേയ്ക്കു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലേയ്ക്കു് എന്തു നടപടി ഗവമെൻറു് സ്വീകരിച്ചിട്ടുണ്ടു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഉണ്ടു്.

(ബി) ആ പ്രദേശത്തേയ്ക്കു് വിദ്യുച്ഛക്തി വിതരണം ചെയ്യുന്നതിനുള്ള സാദ്ധ്യത അന്വേഷണത്തിൽ ഇരിക്കുകയാണു്.

അങ്കമാലി പോലീസ് സ്റ്റേഷൻ

*൧൬൬. (൮൬) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പോലീസ് വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) അങ്കമാലി പോലീസ് സ്റ്റേഷൻ ഒരു ചാർജ് സ്റ്റേഷനാക്കിയതോടുകൂടി പഴയ കെട്ടിടം അപര്യാപ്തമായിട്ടുണ്ടോ;

(ബി) ടി കെട്ടിടംപുതുക്കി പണിയുന്നതിനു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

അഭ്യന്തരകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

ഗ്രാമറോഡ് ഡെവലെപ്പ്മെൻറ് സ്കീം

*൧൬൭. (൮൭) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഗ്രാമപ്രദേശങ്ങളായ കോതകുളങ്ങര, മഞ്ഞപ്ര, മാണിക്കമംഗലം, മലയാറ്റൂർ, വെള്ളാരപ്പിള്ളി മുതലായ സ്ഥലങ്ങളിൽ ഇപ്പോഴത്തെ ഗ്രാമറോഡ് ഡവലപ്മെൻറ് സ്കീം അനുസരിച്ചു് ഏതെങ്കിലും റോഡുകൾ തുറന്നിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ഡിസ്പെൻസറി

*൧൬൮ (൮൮) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അങ്കമാലിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ചു കിട്ടുവാൻ വേണ്ടി വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു എന്തു നടപടി നടത്തി?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) അങ്കമാലിയിൽ ഒരു ഗ്രാൻറ്-ഇൻ-എയിഡ് ആശുപത്രിയുണ്ട്. അതിനുപുറമെ കാലടി, ആലുവാ, പാറക്കടവ് മുതലായ സ്ഥലങ്ങളിലുള്ള ഗവൺമെൻറ് വൈദ്യസ്ഥാപനങ്ങളിലേയ്ക്ക് അങ്കമാലിയിൽനിന്നും നിഷ്പ്രയാസം ജനങ്ങൾക്ക് എത്തിച്ചേരാവുന്നതുമാണ്. അതുകൊണ്ട് അങ്കമാലിയിൽ ഒരു പ്രത്യേക ആശുപത്രിയുടെ ആവശ്യമില്ല.

## MEDICAL AID TO TRIKKAKARA

***180.** [90] **Shri M. M. Abdul Khadir :** Will the Minister for Medicine be pleased to state.—

The number of dispensaries in Kunnathunad and Parur Taluks ?

*Minister for Medicine & Public Health* **(Shri V. Madhavan) :**

| | | |
|---|---|---|
| Kunnathunad Taluk | .. | 3 |
| Parur Taluk | .. | 5 |

## THEFT FROM THE TRANSPORT GARRAGE

***181.** [91] **Shri M. M. Abdul Khadir :** Will the Minister for Transport be pleased to state.—

(*a*) the number of cases of thefts of Government property from Transport (State) Garrage, Alwaye ;

(*b*) the action taken on such cases ; and

(*c*) the annual nett income from Alwaye-Parur route ?

*Minister for Public Works and Transport* **(Shri Kalathil Velayudhan Nayar) :** (*a*) Four.

(*b*) The stolen articles were recovered and the employee responsible was dismissed from service, in one case ; in another, the value of the article is being realised in monthly instalments. Police enquiry is pending in the 3rd and 4th cases.

(*c*)

| *Year* | *Collection* | | |
|---|---|---|---|
| | *Rs.* | *Ch.* | *C.* |
| 1123 | 2,17,201 | 25 | 8 |
| 1124 | 2,17,372 | 5 | 10 |
| | *Rs.* | *as.* | *ps.* |
| 1949—50 | 15,728 | 1 | 6 |
| 1950—51 | 2,63,950 | 2 | 6 |

## മിസ്റ്റർ പോൾ സി. ഷെർബർട്ട്

*൧൮൨. (൯൨) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) മാർച്ച് ഒന്നാം തീയതി യൂണിവേഴ്സിററി ആഡിറേറാറിയത്തിൽ പ്രസംഗിച്ച മി. പോൾ സി. ഷെർബർട്ട് എന്ന അമേരിക്കൻ ഉദ്യോഗസ്ഥൻ എന്തിനാണ് തിരു-കൊച്ചിയിൽ വന്നത്;

(ബി) അദ്ദേഹത്തെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും ഔദ്യോഗിക പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഡി. പോറം സി. ഷെർബെർട്ട് തിരു-കൊച്ചി സന്ദർശിച്ചതിന്റെ ഉദ്ദേശം ഇവിടത്തെ സർക്കാർ ഉദ്യോഗസ്ഥന്മാരേയും പത്രാധിപന്മാരേയും വിദ്യാഭ്യാസ പ്രവർത്തകരേയും കണ്ടു സംസാരിക്കുവാനായിരുന്നു.

(ബി) ഇല്ല.

## സെക്കൻററിസ്കൂൾ അദ്ധ്യാപകപ്രശ്നം

*൧൮൩ (൯൭) ശ്രീ. കെ. ജെ. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) സെക്കൻററി സ്കൂൾ അദ്ധ്യാപക പ്രശ്നം പരിഹരിക്കുന്നതിന് ഗവമ്മെൻറിന് ഇപ്പോൾ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) 'പനമ്പിള്ളി പദ്ധതി' എന്നറിയപ്പെടുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉണ്ട്.

(ബി) പനമ്പിള്ളി പദ്ധതി എന്ന് പരാമർശിച്ചിരിക്കുന്നത് പ്രൈവറ്റ് സെക്കൻററി സ്കൂൾ അദ്ധ്യാപകരുടെ സേവന വ്യവസ്ഥ സംബന്ധിച്ചുള്ള പദ്ധതിയാണെങ്കിൽ ആ പദ്ധതി സമുചിതമായ ഭേദഗതികളോടെ ഇപ്പോഴും നിലവിലുണ്ട്.

## ഒരു തടവുകാരന്റെ ഭക്ഷണച്ചെലവ്

*൧൮൪ (൯൮) ശ്രീ. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട അഭ്യന്തരകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) പഴയ കൊച്ചിഭാഗത്തിലും തിരുവിതാംകൂർഭാഗത്തിലും ഉള്ള ലോക്കപ്പുകളിൽ റിമാൻറിലിരിക്കുന്ന ഒരു തടവുകാരന് (അണ്ടർട്രയൽ) ഒരു ദിവസം ഭക്ഷണത്തിനു അനുവദിച്ചിരിക്കുന്ന തുക എത്ര എന്നുവേർതിരിച്ചു പറയാമോ;

(ബി) ഈ തുകകൾ തമ്മിൽ വ്യത്യാസത്തിനു കാരണമെന്തു;

(സി) ഒരാളുടെ ഭക്ഷണച്ചിലവിനു ദിനംപ്രതി എന്തു സംഖ്യ വേണമെന്നാണ് ഗവമ്മെൻറ് വിചാരിക്കുന്നതു?

അഭ്യന്തരകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. എം. വറഗീസ്):

| | | | ക. | ണ. | പ. |
|---|---|---|---|---|---|
| (എ) കൊച്ചിവിഭാഗത്തിൽ | | | | | |
| ൧. | മട്ടാഞ്ചേരി സബ്ബ് ജയിൽ | | ൦ | ൯ | ൦ |
| ൨. | എറണാകുളം | ടി | ൦ | ൮ | ൧൧ |
| ൩. | കൊടുങ്ങല്ലൂർ | ടി | ൦ | ൯ | [illegible] |
| ൪. | ഇരിഞ്ഞാലക്കുട | ടി | ൦ | ൭ | ൯ |
| ൫. | തൃശ്ശിവപേരൂർ | ടി | ൦ | ൯ | ൬ |
| ൬. | വടക്കാഞ്ചേരി | ടി | ൦ | ൧൦ | ൬ |
| ൭. | ചിററൂർ | ടി | ൦ | ൯ | ൦ |
| തിരുവിതാംകൂർ വിഭാഗത്തിൽ | | | ക. | ണ. | പ. |
| | | | ൧ | ൪ | ൭ |

(ബി) കൊച്ചിവിഭാഗത്തിൽ സബ്ജയിലുകളിൽ തടവുകാർക്കു വേണ്ടിവരുന്ന ഭക്ഷണസാധനങ്ങൾ ഒരുക്കികൊടുക്കുന്നതിനുള്ള കരാറ് കൊല്ലംതോറും ലേലംചെയ്യുന്നതും ലേലക്കാരൻ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതും അതു തടവുകാർതന്നെ പാകംചെയ്യുന്നതും ആകുന്നു. എന്നാൽ തിരുവിതാംകൂർ വിഭാഗത്തിൽ പാകംചെയ്ത ഭക്ഷണം കൊടുത്തു വരുന്നു.

(സി) ക്ലിപ്തമായി പറയുവാൻ സാദ്ധ്യമല്ല. ഓരോ ദിക്കുകളിൽ ഓരോ നിരക്കനുസരിച്ചായിരിക്കും ചിലവു വരുന്നതു്.

## UNSTARRED QUESTIONS

### വടക്കാഞ്ചേരി ആശുപത്രി

൨൭. (൧) ശ്രീ. സി. സി. അയ്യപ്പൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) വടക്കാഞ്ചേരി ആശുപത്രിയിലെ മൂന്നു ഡാക്ടർമാരിൽ ഒരാളായ മി. ഭാസ്കരൻ സ്ഥലംമാറിപോയിട്ടു എത്ര നാളായി;

(ബി) പകരം എന്നാണു് ആളെ നിയമിക്കുക?

ഉത്തരം

(എ) ൪ മാസമായി.

(ബി) ഉടൻതന്നെ ഒരു ജനറൽ ട്രാൻസ്ഫർ നടത്തുന്നതായിരിക്കും. അതോടൊന്നിച്ചു് മി. ഭാസ്കരനു പകരം വടക്കാഞ്ചേരിക്കു ഒരു ഡാക്ടരെ നിയമിക്കുന്നതാണു്.

### PAY OF HEAD CLERKS IN EDUCATIONAL INSPECTOR'S OFFICE

**28.** [2] **Dr. N. Sankara Pillai:** Will the Minister for Education be pleased to state.—

have the Government sanctioned an extra allowance to the head clerks of the Inspector's Office in Cochin area 1951?

*Answer*

No.

### NON-DISBURSEMENT OF PAY

**29.** [3] **Dr. N. Sankara Pillai:** Will the Minister for Education be pleased to state.—

(*a*) the number of private high schools in the State that has joined the new scheme;

(*b*) have the teachers in all such schools been given their pay from the Government; and

(*c*) is there any complaint from any teacher from such schools about the non-disbursement of pay to them in time after encashment by the Managers?

*Answer*

(*a*) 354. (Including Training Schools).

(*b*) Yes. Pending finalisation of the Rules for fixation of salaries the teachers are paid salaries at rates they were getting.

(*c*) There have been a few complaints. The Director of Public Instruction has taken prompt action in the matter.

### PAY OF TEACHERS

**30.** [10] **Shri Kunjan Nadar:** Will the Minister for Education be pleased to state,—

(*a*) the different grades of pay to teachers from primary classes up to High school classes;

(*b*) the minimum pay of a schoolmaster; and

(*c*) is there any difference between these in Travancore and in Cochin; if so what is the difference and the reason for it?

*Answer*

(*a*) Rs. 25, Rs. 22—28, Rs. 30, Rs. 30—60, Rs. 50, Rs. 50—100, Rs. 125—175 and Rs. 175—225.

(*b*) Rs. 25 for a General Teacher. In the Specialists Cadre the Drill Master in a Middle School gets only Rs. 20 the minimum basic pay allowed to Government servants.

(*c*) Yes. The Cochin scales are Rs. 30—50, Rs. 30—75 and Rs. 80—125. The scales were sanctioned by the erstwhile Governments of Travancore and Cochin and hence the difference.

### അഖിലകേരളതോട്ടം തൊഴിലാളിയൂണിയൻ

൩൧. (൧൩) ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ: —

(എ) അഖിലകേരള തോട്ടംതൊഴിലാളി യൂണിയനിൽനിന്നും അടുത്തകാലത്തു് ഗവൺമെൻറിനു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേപ്പററി എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) പല നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്.

(ബി) ലേബർ ഡിപ്പാർട്ടുമെൻറു് വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

## POINT OF ORDER RE: ANSWERING OF INTERPELLA IONS

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സർ, ഇവിടെ ആദ്യമാദ്യം കേവലം പ്രാദേശികപ്രാധാന്യം മാത്രമുള്ള ചില ചോദ്യങ്ങൾക്കാണു് മറുപടി നൽകിക്കാണുന്നതു്. എന്നാൽ അതിലും കൂടുതൽ പ്രാധാന്യമുള്ള പല ചോദ്യങ്ങളും ഏററവും ഒടുവിലായിപ്പോയിയെന്നുള്ള കാരണത്താൽ ഉത്തരം നൽകപ്പെടാതെയുമിരിക്കുന്നു. പക്ഷെ, മുൻകൂട്ടി നോട്ടീസു കിട്ടാത്തതുകൊണ്ടായിരിക്കണം അത്തരം ചോദ്യങ്ങൾക്കു മറുപടി പറയാൻ സാധിക്കാതെവരുന്നതു്. അതുകൊണ്ടു് കൂടുതൽ പ്രാധാന്യമുള്ള ചോദ്യങ്ങൾക്കു മറുപടി ലഭിക്കാതെ വരുന്ന കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാകണമെന്നു ഞാനപേക്ഷിക്കുന്നു.

**Mr. Speaker:** I was just drawing the attention of the House to that effect. We started with 13 questions then progressed to 19 questions; today we have reached up to 39 questions. I cannot prevent the right of any member to put interpellations.

ശ്രീ. ചങ്ങാരപ്പള്ളി പി. നാരായണൻപോററി: സ്റ്റാർഡ് ക്വസ്റ്റ്യൻസ്, അൺസ്റ്റാർഡ് ക്വസ്റ്റ്യൻസ് എന്നിവ തരംതിരിക്കുന്നതു് ഏതു വിധത്തിലാണു്?

**Mr. Speaker:** The Speaker is using some discretion to see if there is any necessity to put a question as starred. When he is convinced that there is no necessity to star a question, he will make it unstarred.

**Shri R. Kesava Pillai** Is [it irrelevant to ask questions relating to provincial needs?

**Mr. Speaker:** Certainly not.

## VOTES ON ACCOUNT IN RESPECT OF THE BUDGET FOR 1952—53

**Mr. Speaker:** We will proceed with Votes on Account. General discussions on the Budget are over. I wish to draw the attention of the hon. Members to the fact that for moving all the amendments that have been received it will take a lot of time. Even during the general discussion the Minister in charge has not been given any time to reply. Therefore, I propose to give him something like 45 to 50 minutes for a general reply at the end of the discussion. I suggest that all the amendments may be moved one by one and every speaker shall take not more than 10 minutes.

**Shri Nedumangad R. Kesavan Nair:** We find that altogether 106 amendments have been sent and the time at our disposal is only 245 minutes. 40 minutes would be set apart for the reply of the hon. Minister. Then the time at our disposal would be only 200 minutes. If a time-limit of 10 minutes is allowed to each member possibly 20 of us would be able to speak. And if the hon. Members on the other side are agreeable to a compromise we may be able to allot to each party a fixed number of speakers to move the amendments and thus adjust the speeches accordingly.

**Mr. Speaker:** I have no objection to accept the suggestion of the hon. Member. If it is accepted, the Congress party may put up six speakers; the United Front Party another six and the other two parties two each.

ശ്രീ. അച്യുതമേനോൻ: സർ, ചില ഭേദഗതികൾ ഈ ഭാഗത്തു നിന്നു് ൯ പേരുടെ പേരിൽ അയച്ചിട്ടുണ്ടു്. അവയെപ്പററി സംസാരിക്കുന്നതിനു് ൧൦ മിനിട്ടു വീതം സമയവും അനുവദിച്ചിട്ടുണ്ടു്. എന്നാൽ ഞങ്ങൾക്കു് അതിലും കുറച്ചു ഏഴോ എട്ടോ മിനിട്ടു തന്നാൽ മതിയാകുന്നതാണു്.

**Mr. Speaker:** I do not want to go against the spirit of the rules.

**Shri A. Thanu Pillai:** May I know for information whether it is proposed to put the Budget to vote as a single question at the end of the whole debate? I was not present yesterday.

**Mr. Speaker:** There is only one motion regarding Demands for grants on Account. I explained it elaborately the other day. There will be only one motion on Vote on Account and that will be put at the end of the discussion exactly at five o'clock.

**Shri] Panampilli Govinda Menon:** I move that the respective sums not exceeding the amounts shown in the third column of the *Schedule annexed to this motion be granted to the Rajpramukh on account, for or

---

*Please see Appendix B. page 348.

towards defraying the charges during the first four months of the financial year 1952—53 in respect of the corresponding Heads of Demands entered in the second column of the said schedule.

**Shri A. J. John:** I second it.

**Shri A. Thanu Pillai:** Now that the motion is for the total amount, may I know whether speeches have to be restricted in respect of the particular amendment only or whether the member is allowed to speak on the whole demand?

**Mr. Speaker:** If the amendment is under a particular head he can speak only with reference to that demand and to that head only. Say, the first amendment comes under Demand I. He should confine his speech to that head only. That is ordinarily understood.

**Shri. M. M. Abdul Khader:** Since the same member has tabled more than one amendment will it be possible to move all the amendments at a stretch in one speech?

**Mr. Speaker:** The procedure that I propose is to move all the amendments one after another. All may be discussed till we reach the time when I will call upon the Minister in charge to give his general reply. After his speech the amendments that are moved and then the total grant will be put to vote.

**Shri Kambisseri Karunakaran:** I move that the Demand for grant on account under head I—Agricultural Income Tax and Sales Tax-be omitted.

തിരു-കൊച്ചി അഗ്രികൾച്ചറൽ ഇൻകംടാക്സ് ആക്ട് XI ഓഫ് ൧൧൨൪ അനുസരിച്ച്, നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് നേരിടേണ്ടിവരുന്ന പല വിഷമതകളെപ്പററിയും സംസാരിക്കുവാനാണ് ഞാൻ വിചാരിക്കുന്നത്. കഴിഞ്ഞ നാലഞ്ചു കൊല്ലക്കാലത്തെ കോൺഗ്രസ് ഗവൺമെൻറിൻെറ അറഞ്ഞുവച്ചുള്ള ഭരണത്തിൻെറ ഫലമായി സാമ്പത്തികമായ നിലയിൽ പ്രായേണ നരകയാതന അനുഭവിച്ചുവരുന്ന ജനങ്ങളുടെ പക്കൽനിന്ന് ഇനിയും കൂടുതൽ കൂടുതൽ നികുതി പിരിച്ചെടുക്കുവാനുള്ള ഒരു നയമാണ് ഈ ബഡ്ജററിൽ പ്രകടമായി കാണുന്നത്. ൧൧൨൭-൨൮-ലെ ബഡ്ജററിൽനിന്ന് എത്ര തുകയാണോ പ്രതീക്ഷിച്ചിരുന്നത് അത്രയുംതന്നെ ൨൮-൨൯-ലേക്കും പ്രതീക്ഷിക്കാവുന്ന ഒരു അവസ്ഥയാണ് ഇതിലും കാണുന്നത്.

സർ, ഉല്പാദിതസാധനങ്ങളുടെ വില വളരെയേറെ കുറഞ്ഞിരിക്കുന്ന ഈ അവസരത്തിൽ, ജനങ്ങളിൽനിന്ന്, സാധനങ്ങൾക്കെല്ലാം വില കൂടുതലുണ്ടായിരുന്നകാലത്ത് ലഭിച്ചിരുന്ന വിധത്തിലുള്ള ഒരു തുകതന്നെ ഇനിയും കിട്ടുമെന്ന് പ്രതീക്ഷിക്കുന്നതു വാസ്തവത്തിൽ ഏററവും നിർദ്ദയമായ ഒരു അവസ്ഥയാണ്. ഒരു സാധനത്തെ സംബന്ധിച്ചിടത്തോളം അനവധി പ്രാവശ്യം നികുതി വാങ്ങുന്ന സമ്പ്രദായമാണ് ഇപ്പോൾ അംഗീകരിച്ചുകാണുന്നത്. ഈ വിധത്തിൽ ദിനംപ്രതി നികുതി വർദ്ധിച്ചുവരുന്നുണ്ട് എന്നുള്ളതിനു ഒരു തെളിവുമാത്രം ഞാൻ പറയട്ടെ. ഈ അസംബ്ലിഹാളിൻെറ വാതില്ക്കലുള്ള കടകളിൽ മുമ്പു നാലുകാശോ എട്ടുകാശോ കൊടുത്താൽ ഒരുനേരത്തെ മുറുക്കാൻ കിട്ടുമെങ്കിൽ അതിനു ഇന്ന് ഒരു ചക്രം കൊടുക്കേണ്ടിവരുന്നുണ്ടെന്നുള്ളതുമാത്രം എടുത്തുനോക്കിയാൽ മതി. അതുപോലെതന്നെ ഒരു ചക്രം കൊടുത്താൽ ൩൨ ബീഡി

[Shri Kambisseri Karunakaran]

കിട്ടിക്കൊണ്ടിരുന്നതു് ഇപ്പോൾ ചക്രത്തിനു നാലായി കുറഞ്ഞിട്ടുണ്ടെന്നുള്ള വാസ്തവം എല്ലാവക്കുമറിയാം. ഈ വക കാര്യങ്ങളിൽ കേവലം കണ്ണടച്ചുകളയുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. കൂടാതെ നിത്യോപയോഗസാധനങ്ങൾക്കെല്ലാം പണ്ടത്തേക്കാൾ ഏറെ, അതായതു്, ഇന്നലത്തേക്കാൾ ഇന്നു് വില കൂടിയിട്ടുണ്ടെന്നും നികുതി കൂടിക്കൊണ്ടേയിരിക്കുന്നുവെന്നും കാണുവാൻ സാധിക്കും. ഇതിനെല്ലാം കൈമാററം നടക്കുന്ന ഓരോ കൈത്തലത്തിലും നികുതി ഈടാക്കിവരുന്നുമുണ്ടു്. ഇതെല്ലാം ഇവിടെ പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാർ പറയാറുള്ള സമാധാനം, നാടൻ വ്യവസായസാധനങ്ങൾക്കും, വ്യാപാരസാധനങ്ങൾക്കും വില കുറഞ്ഞിട്ടുണ്ടെന്നാണു്.

സർ, വാസ്തവത്തിൽ ഈ സമാധാനം കേൾക്കുമ്പോൾ, ചിരിയ്ക്കാനറിയാവുന്നതുകൊണ്ടാണു് സർ, കരയാത്തതു്.

സർ, ഞാൻ ചോദിക്കുന്നു ഇവിടത്തെ നാളികേരത്തിൻെറ വില ഇന്നു് അമ്പതും അറുപതും ശതമാനം കുറഞ്ഞിട്ടുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിമാർ മനസ്സിലാക്കുന്നുണ്ടോ എന്നു്. അതേ സമയത്തു് തുണികൾക്കു് ഇരുപത്തിയഞ്ചും മുപ്പതും ശതമാനം വില കുറഞ്ഞിട്ടുണ്ടെന്നു് പത്രങ്ങളിൽ കാണുകയും മന്ത്രിമാർ പറഞ്ഞു കേൾക്കുകയും ചെയ്യുന്നുണ്ടെങ്കിലും, ഇവിടത്തെ ഏതെങ്കിലും ഒരു കടയിൽനിന്നു് ഇരുപത്തിയഞ്ചു ശതമാനം കുറച്ചു് തുണി വാങ്ങിച്ചുതരാൻ കഴിയുമോ എന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിമാരോടു ചോദിച്ചുകൊള്ളുന്നു. ജനങ്ങളുണ്ടാക്കുന്ന ഉൽപ്പന്നങ്ങളുടെ വില ഒരു വശത്തു് കുറഞ്ഞു കുറഞ്ഞു വന്നുകൊണ്ടിരിക്കുന്നു. അതേ സമയത്തു് ഇവിടെ ഏതു് ഉപഭോഗസാധനങ്ങളുടെ വില നിരക്കാണു കുറഞ്ഞിട്ടുള്ളതെന്നു് അന്വേഷിക്കേണ്ടതാണു്. സക്കാർ നടത്തുന്ന ട്രാൻസ്പോർട്ടു് സർവ്വീസുകളിൽ ഉല്പാദിത സാധനങ്ങളുടെ വില കുറഞ്ഞതിനെ ആസ്പദമാക്കി, ചാർജ്ജു് കുറച്ചിട്ടുണ്ടോ? അതുപോലെ തന്നെ ഇവിടത്തെ സ്റ്റാമ്പിൻെറയോ പോസ്റ്റേജിൻെറയോ നിരക്കിനു് സാധനങ്ങളുടെ വിലക്കുറവിൻെറ അനുപാതമനുസരിച്ചു് കുറവു് ഉണ്ടായിട്ടില്ല. ഇതേ സമയത്തു് എല്ലാ സാധനങ്ങൾക്കും നികുതികൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കയാണു്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു കേട്ടു കയർ എക്സ്പോർട്ടു ചെയ്യുന്നവരുടെ കയ്യിൽനിന്നു ടാക്സു് ഈടാക്കാൻ നിവൃത്തിയില്ല, കാൺസ്റ്റിററ്യൂഷനിൽ അങ്ങനെയാണു വ്യവസ്ഥ ചെയ്തിരിക്കുന്നതു് എന്നു്. സർ, അതിനെ ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. എന്നാൽ പാവപ്പെട്ട കച്ചവടക്കാരുടെ കയ്യിൽനിന്നും നമ്മുടെ ഗവമ്മെൻറു് ഈടാക്കുന്ന ബഹുമുഖ നികുതിക്കു് ഒരു വിരാമം ഇട്ടുകൂടേ എന്നാണു വേദനയോടുകൂടി ഞാൻ ചോദിക്കുന്നതു്. എന്തിനാണു കയറിനു് പല പായിൻറുകളിൽ നികുതി ഏർപ്പെടുത്തുന്നതു്. ഇവിടത്തെ സെയിൽസ് ടാക്സു് ഈടാക്കുന്ന ഉദ്യോഗസ്ഥന്മാർക്കു പോലും എത്ര പായിൻറിലാണു വിൽപ്പന നികുതി ഈടാക്കുന്നതെന്നു് അറിഞ്ഞുകൂടാ എന്നു് ഒരു വെല്ലു വിളിയോടുകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു. പ്രത്യക്ഷമോ പരോക്ഷമോ ആയിട്ടുള്ള നികുതി ഈടാക്കൽ മൂലം നിർദ്ധനരായ സാധുക്കളാണു് കഷ്ടപ്പെടുന്നതെന്നുള്ള കാര്യം മറന്നുകൂടാ. ഇവരുടെ പരിദേവനങ്ങൾ കേൾക്കാൻ ഇവിടത്തെ മന്ത്രിമാർക്കു് കാതില്ല. ശ്രീ. ചങ്ങമ്പുഴ പറഞ്ഞതുപോലെ "അവ

ശന്മാരാത്തന്മാർ ആലംബഹീനന്മാർ അവരുടെ സങ്കടമാരുകേൾക്കാൻ" "മൂക്കിനു താഴെ പുരികം കിളുർക്കുമ്പോൾ കണ്ണുവായിലാകു"മെന്നു സരസാഗ്രേസരനായ സി. വി. രാമൻപിള്ള അവർകൾ പറഞ്ഞതുപോലെ, അധികാരത്തിൽ കയറിയപ്പോൾ ജനങ്ങളുടെ സ്ഥിതി മനസ്സിലാക്കാനുള്ള കഴിവു് ബഹുമാനപ്പെട്ട മന്ത്രിമാക്കു് നഷ്ടപ്പെട്ടിരിക്കയാണു്. നിങ്ങൾ ഇന്നു് ഓരോ പായിന്റിലും ചുമത്തുന്ന നികുതിഭാരം ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങളെ എത്രമാത്രം കഷ്ടപ്പെടുത്തുന്നുണ്ടെന്ന സംഗതി നിങ്ങൾ നല്ലതുപോലെ മനസ്സിലാക്കണം. ശരശയനത്തിലായ ഭീഷ്മമഹാശയന്റെ വ്രണിതാംഗങ്ങൾ പോലെ ഈ നാട്ടിലെ ഇടത്തരക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ സാമ്പത്തിക ജീവിതത്തിലെ ഓരോ അവയവങ്ങളും നിരവധികങ്ങളായ നികുതി ശരങ്ങൾ ഏററു് വ്രണിതമായിരിക്കുകയാണു്. ഇതാണു് എനിക്കു് ഈ കാര്യത്തെപ്പററി പറയാനുള്ളതു്. ഏതുതരത്തിൽ നോക്കിയാലും പല പായിന്റിലുള്ള നികുതി ഏർപ്പെടുത്തുന്നതുകൊണ്ടു് നമ്മുടെ നാട്ടിലെ ജനങ്ങൾ വളരെ കഷ്ടതയനുഭവിക്കുന്നുണ്ടു്. അതുകൊണ്ടു് ഈ മൾട്ടി പോയിന്റു് നികുതി അവസാനിപ്പിക്കണമെന്നു് ഞാൻ ശക്തിയായി ആവശ്യപ്പെടുന്നു. സർ, വാസ്തവത്തിൽ ഇതിന്റെ തകരാറു് എവിടെയാണെന്നു് എനിക്കറിയാം. കഴിഞ്ഞ നാലഞ്ചു കൊല്ലക്കാലമായി ഈ രാജ്യത്തു് അധികാരത്തിൽ കയറി ഇരുന്നുകൊണ്ടു് ജനങ്ങളുടെ താൽപ്പര്യങ്ങളെ വിസ്മരിക്കുന്ന ഒരു ഭരണകക്ഷിയെ ഇന്നും അവിടെ തന്നെ തുടർന്നു് വച്ചുകൊണ്ടിരിക്കാനുള്ള ഒരു നിർഭാഗ്യമാണു് അതിനു കാരണം. സിൻബാദിന്റെ തോളിൽ കയറിയ കടൽമനുഷ്യനെപ്പോലെ നാട്ടുകാരുടെ തോളിൽ കയറി ഇരുന്നുകൊണ്ടു് നാട്ടുകാരുടെ കഴുത്തു ഞെരിച്ചുകൊണ്ടേ മാറുകയുള്ളൂ എന്നു ശഠിക്കുകയാണു് ഈ കോൺഗ്രസ്സ് മന്ത്രിസഭ. ദൈവത്തെ ഓർത്തു് നിങ്ങൾ കഴിയുന്നതും വേഗം ഈ സ്ഥാനത്തുനിന്നും ഒഴിയണമെന്നാണു് എനിക്കു് ജീവകാരുണ്യത്തിന്റെ പേരിൽ ഈ നാട്ടിലെ കഷ്ടപ്പെടുന്ന ബഹുലക്ഷം സാധുക്കളുടെ പേരിൽ അഭ്യർത്ഥിക്കാനുള്ളതു്.

**Shri A. A. D. uiz:** Is there amy form of taxation that the hon· Member approves of ?

**Mr. Speaker:** He has resumed his seat.

**Shri. C. Sankar:** Sir,—

**Mr. Speaker:** May I draw the attention of the hon. Member to the fact that though his amendment may be moved and he is entitled to talk on this sub-head, the foot-note to his amendment says: "With a view to discuss the unsatisfactory policy followed by the Government in respect of cottage industries." That may be ignored, and the Member may speak on agricultural income-tax and sales tax.

**Shri C. Sankar:** What I intended to say was that it affects cottage industries also.

**Mr. Speaker:** "Industries" has a separate head.

**Shri C. Sankar:** But the sales tax itself affects the cottage industry.

**Mr. Speaker:** All right; proceed.

**Shri C. Sankar:** I move "That the Demand for grant on Agricultural Incometax and Sales Tax under Demand No. I for Rs. 2·25 lakhs be reduced by Re. 1 (with a view to discuss the unsatisfactory policy followed by the Government in respect of cottage industries)".

[Sri C. Sankar]

ஸர், குடிசைக் கைத்தொழில்கள் இன்று நம் நாட்டில் எவ்வாறு க்ஷீணதசையை அடைந்து, செத்துக்கொண்டிருக்கிறது என்பதைப் பற்றியும், இந்த Sales Tax-ஆல் நமது நாட்டிலுள்ள குடிசைக் கைத்தொழில்கள் எவ்வளவு தூரம் பாதிக்கப்பட்டிருக்கிறது என்பதைப் பற்றியும் விளக்குவதற்காகத்தான் நான் இந்தத் திருத்தப் பிரேரணையை இங்கு கொண்டுவந்திருக்கிறேன் என்று முதன் முதலாக சொல்லிக் கொள்கிறேன். இதைப் பற்றி இந்த ஜனப்பிரதிநிதி சபையில் விளக்குவதற்கு முன்னமே இது சம்பந்தமான வேறு ஒன்றிரண்டு உண்மைகளை எடுத்துவிளக்க விரும்புகிறேன். அதாவது, மதுவிலக்கு அல்லது Prohibition-ஆல் ஏற்பட்ட நஷ்டத்தைப் பரிகரிப்பதற்காக நமது சர்க்கார் நம் மக்களின் மேல் சுமத்திய ஒரு வரியாகும் இந்த Sales Tax. அப்படி இந்த Sales Tax வந்தபிறகும் உள்ள நிலை என்ன? மதுவும் போகவில்லை; வரியும் கொடுத்து வருகின்றோம். இது இரட்டை அநியாயமாகும். மது விலக்கு வந்துவிட்டது என்றாலும் கொல்லத்திற்கு வடக்கே எல்லோரும் நல்ல சாராயம் குடித்துகொண்டுதான் இருக்கிறார்கள். கொல்லத்திற்கு தெற்கே மதுவிலக்கு அமுலில் இருக்கும் பிரதேசங்களிலும், நல்ல சாராயம் குடிக்காவிட்டாலும், கலப்பு சேர்ந்த சாராய வஸ்துக்களை, பானங்களை சாப்பிட்டுக்கொண்டிருக்கிறார்கள் என்பதை நான் இந்த சபையிலுள்ள அங்கத்தினர்களுக்குத் தெரிவித்துக்கொள்கிறேன். நான் சவால் விடுகிறேன்: இல்லையென்று சொல்லட்டும். அங்கு, Essence of Grapes, Essence of Honey, Tincture of Cinnamon போன்ற லாகிரிப் பானங்களை, 75 சதமானம் சாராயம் சேர்ந்த இந்த லாகிரிப் பானங்களை சில பெரிய பணக்காரக் கம்பெனிகள் வெளி மாகாணங்களிலிருந்து இறக்குமதி செய்து விற்று வருகிறார்கள் என்று ரெவன்யூ போர்ட் உத்தியோகஸ்தர்களின் சொந்தக்காரர்களே சொல்கிறார்கள். இதைப்பற்றி அரசாங்கம் அவர்களிடம் விசாரித்துக்கொள்ளட்டும். மதுவிலக்கு நடப்பில் இருக்கிற பிரதேசங்களில் நடக்கிறது என்னவென்றால், பணமில்லாதவனின், ஏழைகளின், பாமர மக்களின் ரத்தத்தை பிழிஞ்சு உறிஞ்சி, அவர்களின் பணத்தை பறித்துக் கொடுப்பதற்காக கலப்பு சேர்ந்த மதுபானங்களை உற்பத்தி செய்து விற்றுக்கொண்டுவருகிறார்கள் சிலர். நாகர்கோவிலில் வந்து பார்த்தால் தெரியும். ஆயிரக்கணக்கில் இம்மாதிரிப் பட்ட மதுபான வகைகள் வெளியிலிருந்து வரவழைக்கப்பட்டு, விற்கப்பட்டு வருகிறதை அங்கு காணலாம். கொல்லத்தில் உற்பத்தியாகிறது இந்த Tincture of Ucaliptus. இது மருந்துக்கு உகந்ததல்ல. இது போன்று, Essence of Rose போன்ற நூற்றுக்கணக்கான டிஞ்சர்கள், என்ன என்றுகூட புரிந்துகொள்ள முடியாத பெயர்களையுடைய கலப்புச் சேர்ந்த மதுபானங்கள் திருவனந்தபுரத்திலும் ஏனைய மற்று மதுவிலக்குப் பிரதேசங்களிலும் கிடைக்கிறது. மதுவிலக்கை அமுலில் கொண்டு வருவோம் என்று வாக்களித்து, ஒரு சில பிரதேசங்களில் அதை அமுலுக்குக் கொண்டு வந்த இந்த காங்கிரஸ் சர்க்காரின் எண்ணந்தான் என்ன? தனி மதுவை சாப்பிடக்கூடாது. ஆனால் கலப்புச் சாராயத்தை குடிக்கலாம் என்பதா இவர்களது கொள்கை? மது

விலக்கை நடப்பில் கொண்டு வந்ததின்மேல், கள் இறக்கிக்கொண்டிருந்த தென் திருவிதாங்கூரிலுள்ள பாவப்பட்ட மக்களில் பலர் வேலையை இழந்தார்கள். அதனால் அவர்களுக்கு ஏற்பட்ட கஷ்டங்கள் பல. கள் மாத்திரம் குடிக்கக் கூடாது. ஆனால் கலப்பு சேர்ந்த வேறு பல மதுபானங்களை உபயோகிக்கலாம். இது இப்படியிருக்க, இன்னொரு புறம் பார்த்தால் நாம் விற்பனை வரி இனத்தில் 1952–1953–ல் இரண்டு கோடி நாற்பது லட்சம் ரூபாய் கொடுக்கப்போகிறோம். இந்தப் பணம் யாருடைய பணம் என்று கேட்கிறேன். இந்த விற்பனை வரி இனத்தில் கிடைக்கும் பணம், பணக்காரர்கள் கொடுப்பதல்ல. பாடுபட்டு, நெற்றி வேர்வை நிலத்தில் விழ பாடுபடும் பாவப்பட்ட மக்களின் ரத்தத்தை பிழிந்து உறிஞ்சி எடுக்கிற பணமாகும், இந்த விற்பனை வரியிலிருந்து கிடைக்கும் பணம் என்பதை எடுத்துச் சொல்ல விரும்புகிறேன். மதுவிலக்கு,

<u>ശ്രീ. ആർ. കേശവപിള്ള:</u> മദ്യനിരോധനം വേണ്ടെന്നാണോ മെമ്പറുടെ അഭിപ്രായം?

<u>ஸ்ரீ. ஸி. சங்கர்:</u> மது விலக்கை ரத்து செய்ய வேண்டுமென்று சொல்லவில்லை. மது விலக்கு நடப்பிலுள்ள பிரதேசங்களில் கலப்பு சேர்ந்த மதுவகைகளை விற்றுக்கொண்டிருக்கிறார்கள். ஆகவே, நான் சொல்வதென்னவென்றால், ஒன்றில் மதுவிலக்கு பூர்ணமாக இருக்க வேண்டும்: இல்லாவிடில், மதுவிலக்கு நிலவிலிருந்தும், கலப்புச் சேர்ந்த மதுபானங்கள் கிடைக்கும் விதத்திலுள்ள இந்த மதுவிலக்குத் திட்டமென்ற கபட நாடகத்தை, இந்தப் பயித்தியக்காரத்தனமான மதுவிலக்குத் திட்டத்தை உடனடி ரத்து செய்ய வேண்டுமென்று சொல்லிக்கொள்கிறேன். மதுவிலக்கினால் ஏற்பட்ட நஷ்டத்தைப் பரிகரிப்பதற்காகக் கொண்டுவரப்பட்ட இந்த விற்பனை வரியின் மூலம் கிடைக்கும் 2 கோடி, 40 லட்சம் ரூபாய்க்கும் மேல், மதுவிலக்கு நடப்பில் வருவதற்கு முன், இரண்டும் நான்கும் சக்கரத்திற்கு கள் வாங்கிக் குடித்துக்கொண்டிருந்தது போக இப்பொழுது அப்பாமர மக்கள், கலப்பு சாராயம் கிடைப்பதால் $1\frac{1}{4}$–ம் $1\frac{1}{2}$–ம் ரூபாய் கொடுத்து அதை வாங்கிச் சாப்பிடுகிறார்கள். ஆக, 1952–1953–ல் விற்பனை வரி இனத்தில் கிடைக்கப்போகும் 2 கோடி 40 லட்சம் ரூபாய் பாமர மக்களை, ஏழை மக்களை, தொழிலாளி மக்களை, உழைப்பாளி மக்களை வஞ்சித்து வாங்கும் பணம் என்றுதான் கூறவேண்டும். இந்த விற்பனைவரி சர்வ சாதாரணமாக தொழிலாளி மக்களைத்தான் பாதிக்கிறது. கிராமப் பிரதேசங்களில் சிறிய சிறிய கடைக்காரர்கள் பட்டணங்களிலிருந்து சாமான்கள் வாங்கி விற்றுவருகிறார்கள். இச்சாமான்களை, பம்பாய் போன்ற பெரிய நகரங்களிலுள்ள முதலாளிகள் வரவழைக்கிறார்கள். அவர்களிடமிருந்து கைமாறி கைமாறி நமது கிராமப் பிரதேசங்களுக்கு வரும்போது ஒரு சாமானுக்கே நாலைந்து இடங்களில் Sales Tax கொடுக்கவேண்டிவருகிறது. இப்படியாக அச்சாமான்கள் கிராமங்களுக்கு வரும்போது அவைகளின் விலை ஒன்றிற்கு ஒன்றரையாகி விடுகிறது. இங்ஙனம் கிராமங்களில் வசிக்கும் மக்களின் ரத்தத்தை இந்த சர்க்கார் கேடுகெட்ட முறையில் உறிஞ்சு

[Shri C. Sankar]

கிறார்கள். ஆக இந்த விற்பனை வரி மூலம் சிறிய சிறிய வியாபாரிகளும், ஏழை மக்களுந்தான் பாதிக்கப்படுகிறார்கள். அடுத்ததாக நான் சொல்வதென்னவெனறால், மஹாத்மா காந்தி அவர்களின் கொள்கைகளை நிலைநாட்டப் போகிறோம் என்றும், ராம்ராஜ்யம் ஸ்தாபிக்கப்போகிறோமென்றும், முதலைக் கண்ணீர் அல்ல சுமதலைக் கண்ணீர்தான் வடிக்கிறோம் என்றும் கூறும் இந்த காங்கிரஸ் சர்க்காரின் கீழ் பாவப்பட்ட மக்கள், வேலை இல்லாமல் தவித்துக்கொண்டிருக்கும் நிலையில் நெசவுத் தொழிலாளர்கள் நெய்வதற்குப் போதிய நூல் இல்லாமல் தவித்துக்கொண்டிருக்கும் நிலையில், நூலிற்குக்கூட வரி கொடுக்க வேண்டியிருக்கிறது. தென் திருவிதாங்கூர், கொல்லம் போன்ற இடங்களில், தங்கள் உயிரைப் பலியிட்டு, ரத்தத்தை வேர்வையாகச் சிந்தி பாடுபடக்கூடிய அநேக கைத்தறி நெசவுத் தொழிலாளர்களிடமிருந்து, அவர்களுக்குக் கிடைக்கக்கூடிய நூலிற்கும் இந்த விற்பனை வரி விதிக்கப்படுகிறது. மூங்கில்பாய் செய்கிற தொழிலாளர்களையும், சட்டிபானை செய்யும் கொசவனைப்போலும் இந்த வரி விடுகிறதில்லை. மிகவும் கஷ்டப்பட்டு வேலை செய்யும் இந்த கொசவனை Sales Tax ஆபீஸர், காலகண்டனைப் போன்று, நட்சத்திரையனைப் போன்று விரட்டிச் செல்கிறார். இந்த Sales Tax Officerயை கண்டு பாவப்பட்ட இந்தக் கொசவனைப் போன்ற தொழிலாளிகள் பயந்து சாகிறார்கள். இதேமாதிரி சிறிய சிறிய வெத்திலை பாக்கு கடைக்காரர்கள் இருக்கிறார்கள். இவர்களுக்கு, Sales Tax Officeலிருந்து Sales Tax சம்பந்தமாக ஒரு எழுத்துவந்தால், அவ்வெழுத்து ஆங்கிலத்தில் எழுதப்பட்டிருக்கும். அதைப் படித்துப்பார்ப்பதற்கு வேறொரு ஆளைத் தேடிப்பிடித்துப் போகவேண்டும். இவர்களுக்கு, கணக்கு எழுதுவதற்காக ஒரு கணக்குப் பிள்ளையை வைக்க முடியாது. தங்களது வயிற்றிற்கே போதிய வரும்படி கிடைக்காத இவர்கள் ஒரு கணக்கப்பிள்ளையை வைத்தால், கணக்குப்பிள்ளைக்கு எங்கிருந்து சம்பளம் கொடுக்க முடியும். ஆகவே இவர்களே ஒரு கணக்கை எழுதி வைத்துக்கொண்டிருப்பார்கள். அப்படி இருக்கும்போது, Sales Tax Officer வந்து கணக்கு சரியில்லை: நான் ஒரு எஸ்டிமேட் போடுகிறேன் என்று சொல்கிறார். ஏதாவது, Something அவர்களது பாக்கட்டில் போட்டால் தொந்தரவு ஒன்றுமில்லை. இல்லாவிடில், உன் கணக்கு தப்பு என்று சொல்லி ஒரு பதினாயிரம் ரூபாய்க்கு எஸ்டிமேட் போட்டுவிட்டால், அந்த் ஏழை வெத்திலை பாக்கு கடைக்காரன் அதற்குள்ள விற்பனை வரியைக் கொடுக்க பணத்திற்கு என்ன செய்வான்? ஆக இம்மாதிரி கயர் விவசாயம், நெசவுத் தொழில், சட்டி பானை செய்யும் தொழில், மூங்கில்பாய் தொழில், போன்ற எத்தனையோ குடிசைக் கைத்தொழில்களுக்கு வரி விதிக்கப்பட்டு, அத்தொழில்களில் ஈடுபட்டிருக்கும் ஏழைத் தொழிலாளிகள் நாளுக்கு நாள் செத்துக்கொண்டு வருகிறார்கள். இங்ஙனம் சீர்குலைந்து நிற்கும் இவர்களது நிலையை உயர்த்தவும், வேலை இல்லாதவர்களுக்கு வேலை கொடுத்து அவர்களைக் காப்பாற்றவும், இந்த சர்க்காருக்கு முடிகிறதா என்றால் முடியவில்லை. பள்ளிக்கூடங்கள் கட்ட பணமில்லை, ஆஸ்பத்திரிகள் கட்ட பணமில்லை,

என்று எதற்கெடுத்தாலும் பணமில்லை என்று சொல்கிறார்கள். ஏதோ தங்களது உடல்களை கசக்கிப் பிழிந்து வேலைசெய்து கிடைக்கும் 10, 12 அணாவைக்கொண்டு காலம் கழிக்கும் இந்தத் தொழிலாளர்களின் வாயில் மண்ணை அடிக்காதீர்கள் என்று இந்த சர்க்காரை கெஞ்சிக் கேட்டுக் கொள்ளும் நிலையில் நான் இருப்பதற்காக மிகவும் வருந்துகிறேன். ஆகவே, நான் சொல்லிக்கொள்வதென்னவென்றால் இந்த விற்பனை வரியை முழுவதும் ரத்து செய்ய முடியாவிட்டாலும் இந்த குடிசைக் கைத்தொழில்களுக்கு உயிர் கொடுங்கள். இத்தொழில்களில் ஈடுபட்டிருக்கும் தொழிலாளிகளை இந்த Sales Tax லிருந்து Exempt செய்ய வேண்டுமென்று கேட்டுக்கொள்கிறேன். மற்று ஏனைய பொருள்களுக்கும், பல இடங்களிலும் Sales Tax விதிப்பதை நிறுத்தி விடுவதற்குள்ள நடவடிக்கைகள் எடுக்கவேண்டுமென்றும் சொல்லிக் கொண்டு, நான் இதை பிரேரேபிக்கிறேன்.

**Shri O. C. Ninan:** Sir, I move the following amendment:

"That an anount of Re. 1 be reduced from the grant No. I—Agricultural Income Tax and Sales Tax-of Rs. 2·25 lakhs."

സർ, ൨·൨൫ ലക്ഷം രൂപാ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സും സെയിൽസ് ടാക്സ് ഇനത്തിലും നിന്നു വരവ് പ്രതീക്ഷിക്കുന്നതായി ബഡ്ജററിൽ കാണിച്ചിരിക്കുന്നു. ഈ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സും സെയിൽസ് ടാക്സും ഇനി വേണ്ട എന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. എന്നാൽ അതു വസൂൽ ചെയ്യുന്നതിൽ ചില കുഴപ്പങ്ങൾ ഉണ്ടെന്നുള്ളതു പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ സംഗതി ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായിട്ടാണു ഈ ഭേദഗതി ഞാൻ കൊണ്ടുവന്നിട്ടുള്ളതു്. മാത്രമല്ല, ഒരു സംഗതികൂടി ചൂണ്ടിക്കാണിക്കുവാനുള്ളതു്, ഈ ബഡ്ജററിൽ കാണിച്ചിരിക്കുന്ന മുതലെടുപ്പു പദ്ധതികൾ നടപ്പിൽ വരുത്താതെ, ഈ നാട്ടിലെ മുതലെടുപ്പു വർദ്ധിപ്പിക്കാതെ ഈ രാജ്യത്തെ കാര്യങ്ങൾ എങ്ങനെ മുന്നോട്ടു പോകുമെന്നു കാണിക്കുന്നതിനു വേണ്ടിയുമാണു് ഞാൻ ഈ അമെൻറുമെൻറ അയച്ചിട്ടുള്ളതു്. എന്നാൽ ഈ ബഡ്ജററിനെ സംബന്ധിച്ചു് എതൃപക്ഷത്തുനിന്നും പല വാദങ്ങളും ഉന്നയിക്കുകയുണ്ടായി. അവയെ ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിൽ അവർ പറഞ്ഞിട്ടുള്ളതു്, ഇപ്പോൾ അധികാരത്തിൽ വന്നിരിക്കുന്ന മന്ത്രിസഭ അധികാരത്തിൽ വന്നിട്ടു കുറച്ചുദിവസമേ ആയിട്ടുള്ളു എങ്കിലും എല്ലാം കാര്യങ്ങൾക്കും അവർ ഉത്തരവാദിയാണെന്നാണു്. അതു് ഏററവും യുക്തിയുക്തമായ ഒരു പ്രസ്താവനയാണെന്നു സമ്മതിക്കാം. എന്നാൽ ഞങ്ങൾ പറയുന്നു, അവർ ഇന്നുള്ള തെററുകൾക്കെല്ലാം ഉത്തരവാദികളാണെങ്കിൽ കോൺഗ്രസ് മന്ത്രിസഭ നാലഞ്ചുകൊല്ലം ഭരിച്ചതിൻെറ ഇടയ്ക്കു് ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ അനവധിയുണ്ടു്. അങ്ങനെ അവകാശപ്പെടാനും അവർക്കധികാരവും അവകാശവും ഉണ്ടു്. അതിനെ സംബന്ധിച്ചു് ഒന്നുരണ്ടു വാക്കുകൾ പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എതൃപക്ഷത്തുനിന്നു ചൂണ്ടിക്കാണിച്ചതു്, ഈ ബഡ്ജററിൽ നേഷൻബിൽഡിംഗ് സ്കീമുകൾക്കായി ആവശ്യമായ സംഖ്യകൾ ഒന്നും ചേർത്തിട്ടില്ല എന്നാണു്. ഇതവരുടെ അജ്ഞതകൊണ്ടു പറയുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ബഡ്ജററിൽ ഒരുപടി കണക്കുകളുടെ പട്ടികയാണു ചേർത്തിരിക്കുന്നതു്. അതു ശരിയായി മനസ്സിലാക്കുന്നതിനു് ബഹുമാന

[Shri O. C. Ninan]

പ്പെട്ട മെമ്പറന്മാൎക്കു് വലിയ വിഷമമാണെന്നു എനിക്കും അറിയാം. എന്നാൽ ഏതെങ്കിലും ഒരു മെമ്പൎക്കു് അതു് മനസ്സിലാക്കുന്നതിനുള്ള പ്രാപ്തിയില്ലെങ്കിൽതന്നെ അങ്ങനെയുള്ള സംഗതികൾ പ്രത്യക്ഷത്തിൽ മനസ്സിലാകത്തക്കവണ്ണം ബഡ്ജററിൽ ഉള്ള കണക്കുകളും ഉദാഹരണികളും പ്രത്യേകമായി എടുത്തു കൊടുത്തിട്ടുണ്ടു്. ബഡ്ജററു് മെമ്മോറാണ്ടത്തിൽ ൧൧൨൮-ാം വൎഷത്തേയ്ക്കു് ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. ഈ ൧൧൨൮-ാം പുറത്തു് അപ്പെൻറിക്സ് അഞ്ചു് എന്നു കൊടുത്തു് ഒരു പട്ടിക കൊടുത്തിട്ടുണ്ടു്. ആ പട്ടിക പരിശോധിച്ചാൽ നേഷൻബിൽഡിംഗ് സ്കീമുകൾക്കു് പഴയ മന്ത്രിസഭ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നും രാജ്യത്തിനു എന്തെല്ലാം ഗുണം ചെയ്തിട്ടുണ്ടെന്നും കാണാവുന്നതാണു്. ഈ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സും സെയിൽ ടാക്സുമെല്ലാം പിരിച്ചെടുക്കുന്നതിൻെറ ഉദ്ദേശം ഈ അപ്പെൻറിക്സിൽ കൊടുത്തിരിക്കുന്ന പട്ടിക അനുസരിച്ചുള്ള നേഷൻബിൽഡിംഗ് സ്കീമുകൾക്കുവേണ്ടി ചെലവഴിക്കുന്നതിലേയ്ക്കാണു്. ഈ പതിമൂന്നു നേഷൻബിൽഡിംഗ് സ്കീമുകളും അങ്ങയുടെ അനുവാദത്തോടുകൂടി വായിച്ചുകൊള്ളുന്നു. അതായതു്, ഇറിഗേഷൻ സ്കീം, എഡ്യൂക്കേഷൻ സ്കീം, മെഡിക്കൽ ആൻറു ആയുർവേദ, പബ്ലിക്ക് ഹെൽത്തു, റൂറൽ ഡവലപ്മെൻറു, സിവിൽ വർക്കു് അഗ്രികൾച്ചർ, ഇൻഡസ്ട്രി, എലക്ട്രിസിററി, ട്രാൻസ്പോർട്ട്, അഡ്വാൻസ്മെൻറു ഓഫ് ബാക്കുവേഡ് കമ്മ്യൂണിററീസ്, കോവാപ്പറേഷൻ വെററർനറി ഇവയാണു്.

**Shri P. S. Nataraja Pillai:** May I know how are the points enunciated by the hon. Member relevant for sales tax?

ശ്രീ. ഒ. സി. നൈനാൻ: നേഷൻബിൽഡിംഗ് സ്കീമിനു വേണ്ടി പണം ചിലവിടാൻ സെയിൽസ്ടാക്സ് ആവശ്യമാണെന്നു കാണിക്കുവാനാണു് ഞാൻ ശ്രമിക്കുന്നതു്. അതു ബഹുമാനപ്പെട്ട മെമ്പറന്മാരെ ബോദ്ധ്യപ്പെടുത്തുന്നതിനാണു്. അതുകൊണ്ടു് എനിക്കു് ഇതു സംബന്ധിച്ചു് കൂടുതൽ സംസാരിക്കുന്നതിനു് അധികാരമുണ്ടു്. ഈ കോൺഗ്രസുമന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസകാൎയ്യങ്ങൾ പുലത്തിക്കൊണ്ടുപോകുന്നതിനും അതു വികസിപ്പിക്കുന്നതിനും എന്തുമാത്രം പണം ചിലവാക്കിയിട്ടുണ്ടെന്നു് ഈ പട്ടികയിൽനിന്നു കാണാവുന്നതാണു്. ഞാൻ ബഹുമാനപ്പെട്ട മെംബറന്മാരുടെ ശ്രദ്ധയെ ഇതിലേക്കു ക്ഷണിക്കുന്നു. ൧൧൨൩-ൽ ൨൬൮ ലക്ഷം രൂപയാണു് വിദ്യാഭ്യാസത്തിനായി ബഡ്ജററിൽ കൊള്ളിച്ചിരുന്നതു്. ൧൧൨൪-ൽ അതു് ൨൩൭ ലക്ഷം രൂപയായിരുന്നു. ൧൧൨൫-ൽ അതു് ൨൧൧ ലക്ഷം രൂപയും, ൧൧൨൬—൨൭-ൽ ൨൩൩ ലക്ഷം രൂപയും, ൧൧൨൭—൨൮-ൽ ൩൩൩ ലക്ഷം രൂപയുമാണു് ചേൎത്തിരിക്കുന്നതു്. ഇങ്ങനെ ഈ പട്ടിക നോക്കുകയാണെങ്കിൽ ൨൬൮ ലക്ഷം രൂപയിൽനിന്നും ൧൧൨൭—൨൮-ാം വൎഷത്തിലേക്കു് ൩൩൩ ലക്ഷം രൂപയാണു് വിദ്യാഭ്യാസത്തിനു വേണ്ടി ഗവൎമ്മെണ്ടു് ചെലവാക്കിയതായി കാണുന്നതു്. ഇതിനുപണം എവിടെ നിന്നുണ്ടാകും? കരം ഒന്നും വേണ്ടാ എന്നു പറയുന്നു. കരം വേണ്ടെങ്കിൽ പിന്നെ ഇവിടുത്തെ വിദ്യാഭ്യാസം എങ്ങനെ നടക്കും?

പിന്നെ എതിർപക്ഷത്തുനിന്നും പറയുകയുണ്ടായി, കരത്തിന്റെ ഭാരംകൊണ്ട് അവക്കു നില്ക്കാൻ പാടില്ലെന്നു്. കരംപിരിക്കാതെ പണം വരാനുള്ള മാർഗ്ഗം എന്താണ്? എങ്ങനെയാണ് പിന്നെ നേഷൻബിൽഡിംഗ് സ്കീമുകൾക്കു പണം ചിലവാക്കുവാൻ സാധിക്കുന്നത്? പബ്ലിക്ക്ഹെൽത്ത്, റൂറൽ ഡവലപ്മെന്റ് ഈ വകുപ്പുകളിലേക്ക് പതിനേഴുലക്ഷം രൂപയാണ് ൧൧൨൬-ൽ ചെലവാക്കിയത്. എന്നാൽ ൧൧൨൭-ൽ ൪൭ ലക്ഷം രൂപാ ചെലവാക്കേണ്ടതായി വന്നിട്ടുണ്ട്. ഇങ്ങനെ ഓരോ കൊല്ലത്തിലും വർദ്ധിച്ച ചെലവുകളാണ് ചെയ്തിട്ടുള്ളത്. അതുപോലെതന്നെ സിവിൽവർക്ക്സ് ആന്റ് കമ്മ്യൂണിക്കേഷൻസിനായിത്തന്നെ കോൺഗ്രസ്സ ഗവൺമെന്റ് ൧൭൧ ലക്ഷം രൂപാ ൧൧൨൩-ൽ ചെലവാക്കിയത് ക്രമേണ വർദ്ധിച്ച് ൧൧൨൭-൨൮-ൽ ൨൯൧ ലക്ഷം രൂപയായി. ഈ വർദ്ധനവിനെ എങ്ങനെ കരംകൂടാതെ നടത്താൻ സാധിക്കുമെന്നു് ഞാൻ ചോദിക്കുന്നു. അതുപോലെതന്നെ നാം ഓരോ ഇനവും പട്ടികനോക്കിയാൽ കാണാവുന്നതാണ്. ഇതുപോലെതന്നെ ഇലക്ട്രിസിറ്റിക്ക് ൧ ൩൬ ലക്ഷം രൂപയാണ് ൧൧൨൯-ൽ ചെലവു ചെയ്തത്. അതുവർദ്ധിച്ച് ൧൧൨൭-ൽ ൩൨൪ ലക്ഷം രൂപ ചെലവായിട്ടുണ്ട്. വിളക്കിന്റെ ആവശ്യം നമുക്കോരോരുത്തർക്കും ഇല്ലേ? ഇതെല്ലാം പണം കൂടാതെ എങ്ങനെ നടക്കും? ൧൧൨൭—൨൮-ലേയ്ക്കു് നേഷൻ ബിൽഡിംഗ് സ്കീമിലേക്കുള്ള പണമെല്ലാം കുറച്ചുകളഞ്ഞു എന്നു് എതിർപക്ഷത്തുനിന്നു് പ്രസ്താവിച്ചതെങ്ങനെയാണ്? ആകെപ്പാടെ ഞാൻ പരിശോധിച്ചതിൽ ൧൯ ഐറ്റംസാണുള്ളത്. അതിൽ അഞ്ചു് ഐറ്റംസ് ഒഴിച്ചു് ബാക്കിയുള്ളതെല്ലാ ഐറ്റംസിനും വളരെ കൂടുതലായി ഉള്ള തുകകളാണ് കൊള്ളിച്ചിരിക്കുന്നത്. എന്നാൽ മെഡിക്കൽ ആൻഡ് ആയുർവ്വേദമെന്നുള്ളതിൽ ൧൧൨൭-ൽ ൧൦൯ ലക്ഷം രൂപയാണ് കൊള്ളിച്ചിരുന്നത്. എന്നാൽ ഈ ബഡ്ജറ്റിൽ അതു് ൭൧ ലക്ഷം രൂപ കുറവായിട്ടാണ് ചേർത്തിരിക്കുന്നത്. അതിനു പ്രത്യേക കാരണവും ഉണ്ട്. അതായത് മെഡിക്കൽ കോളേജു പണിയുന്നതിലേക്ക് ഏകദേശം ൩൦ ലക്ഷം രൂപയോളം കഴിഞ്ഞ കൊല്ലത്തിൽ ചെലവാക്കേണ്ടിവന്നു. അതു് എല്ലാ കൊല്ലത്തിലും ആവശ്യമുള്ളതല്ലല്ലോ. അതുകൊണ്ട് ഇക്കൊല്ലം ആവശ്യമല്ലാത്തതിനാൽ അതിൽ കുറവു വന്നിട്ടുണ്ട്. അതൊരു തെറ്റായ കാര്യമാണോ?

൧൧൨൩-ൽ മൊത്തം ഈ നേഷൻ ബിൽഡിംഗ് സ്കീമുകൾക്കായി ൭൭൧ ലക്ഷം രൂപാ ചെലവാക്കിയിട്ടുണ്ട്. അതു ക്രമേണ വർദ്ധിച്ച് ൧൧൨൭-ൽ ൧,൭൭൯ ലക്ഷം രൂപാ ചെലവാക്കിയതായി കാണുന്നുണ്ട്. ഇക്കൊല്ലം അതു ൧,൬൨൫ ലക്ഷം രൂപായാണ് മൊത്തം. എന്നിട്ടും ഇവിടെ എതിർപക്ഷത്തുനിന്നും ബഹുമാനപ്പെട്ട മെംബറന്മാർ പറയുന്നു നേഷൻ ബിൽഡിംഗ് സ്കീമുകൾക്കായി വളരെ കുറവായിട്ടാണ് ചെലവാക്കുന്നതെന്നു്?

ഇനിയും ഒരു കാര്യം കൂടി പ്രസ്താവിച്ചുകൊള്ളട്ടെ. ഈ നേഷൻ ബിൽഡിംഗ് സ്കീമുകൾക്കു് പണം വളരെ കുറച്ചുമാത്രമേ കൊള്ളിച്ചിട്ടുള്ളു എന്നുപറയുന്നതിനോടൊപ്പംതന്നെ ഇവിടെ സെയിൽസ്ടാക്സും മറ്റും ഈടാക്കുന്നത് വളരെ പിശകാണെന്നും പറയുന്നു. എന്റെ ബഹുമാന്യ സ്നേഹിതന്മാർ മാതൃകയായി വച്ചിട്ടുള്ള സോവിയറ്റ് റഷ്യയിൽ ഇന്നു് ൭൭ ശതമാനമാണ് ടാക്സ് ഈടാക്കിവരുന്നത്. അവിടേയും സെയിൽസ്ടാക്സ്

[Shri O. C. Ninan]

ഇടാക്കിവരുന്നുണ്ടെന്ന് എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കായിൽ പറയുന്നുണ്ട്. അതൊരുപക്ഷെ ശരിയായ ഗ്രന്ഥമല്ലെന്നു പറയുമായിരിക്കാം. പിന്നെ ശരിയായതു ഏതാണെന്നു അവർതന്നെ പറയട്ടെ. ഇന്നു ലോകത്തിൽ നടക്കുന്നതായ പ്രധാന സംഗതികളെപ്പററി അറിയുന്നതിന് സാധാരണ എൻസൈക്ലോപീഡിയാ നോക്കിയാണ് മനസ്സിലാക്കുന്നതു്. അതും വിശ്വസിക്കാൻ പാടില്ലെങ്കിൽപിന്നെ എങ്ങനെ മുന്നോട്ടു പോകും?

**Shri M. M. Abdul Khadir:** Sir, most of the hon. Members on this side of the House freely quote facts that are said to the prevalent in Soviet Russia. I wish to know how those things are relevant for purposes of our discussion?

**Mr. Speaker**: When some of the hon. Members say that sales tax is not necessary and that it is imposed nowhere in the world, is it not relevant for some other hon. Member to point out that it is prevailing in another part of the world?

**Shri O. C. Ninan:** There are many things like that. I may be permitted to finish my speech within the allotted time.

അങ്ങനെ അവിടെ ൬൬ ശതമാനം നികുതി ചുമത്തുന്നുണ്ടെങ്കിൽ ഇവിടെ വളരെ കുറവായ പന്ത്രണ്ടു ശതമാനം മാത്രമേ ചുമത്തുന്നുള്ളു. അതു ചുമത്തിക്കൂടാ എന്നുപറയുന്നതു് എന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുന്നു. ഇങ്ങനെ സെയിൽസ്ടാക്സ് ചുമത്തിക്കൂടെങ്കിൽ ഗവമെൻ്റു കാര്യങ്ങൾ എങ്ങനെയാണ് നടത്തുന്നതു് എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

ഇനിയും അഗ്രികൾച്ചറൽ ഇൻകംടാക്സിനെപ്പററി പ്രത്യേകിച്ചും കല്ലപ്പാറ എന്നുപറയുന്ന ആ ഭാഗത്തുള്ള അഗ്രികൾച്ചറൽ ഇൻകംടാക്സിനെപ്പററി പറഞ്ഞുകൊള്ളട്ടെ. ബേസിക്ക്ടാക്സ് മററു കരത്തേക്കാൾ കുറവാണ്. അവിടെ ഗവമെൻ്റിൽനിന്ന് ബേസിക്ടാക്സ് ഏർപ്പെടുത്തിയിട്ടില്ല. അവിടെ ഉള്ള വസ്തുക്കളെ ബേസിക്ടാക്സ് ഏർപ്പെടുത്തുന്നതിൽനിന്നും ഇപ്പോഴും ഒഴിവാക്കിയിരിക്കയാണ്. പഴയ കൂടുതൽ കരം ഇപ്പോഴും കൊടുക്കുന്നു. ഇപ്പോഴും ആ ബേസിക്ടാക്സ് നടപ്പിൽ വരുത്തിയിട്ടില്ല. നേരെമറിച്ച് അഗ്രികൾച്ചറൽ ഇൻകംടാക്സ് ഈടാക്കിവരുകയും ചെയ്യുന്നു. ഇതു നീതിവിരുദ്ധമാണ്. അതിനാൽ രണ്ടു കരത്തിന് ഞങ്ങൾ വിധേയരായിരിക്കയാണ്.

ഇതേപ്പററി ഗവമെൻ്റ് പര്യാലോചിക്കണമെന്നും വേണ്ട പ്രതിവിധി ചെയ്യണമെന്നും ഗവമെൻ്റിനോട് ചൂണ്ടിക്കാണിച്ചു കൊള്ളുന്നു.

**Shri A. Kunjan Nadar**: I move that the allotment of Rs. 7 lakhs for Land Revenue be reduced by Re. 1 (for the purpose of discussing the heavy burden on the Kandukrishi, Maniamkara and Sripandaravaka ryots and for discussing the irregularities committed in the lease of Vellayani and Aukulam lakes.)

സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജററു ഏററവും നിരാശാജനകമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇന്നത്തെ മാറിയ പരിതഃസ്ഥിതിയിൽ, കോൺഗ്രസ്സ് ഗവമെൻ്റ് ഒരപായമേഖലയിൽ നില്ക്കുകയാണെന്ന പ്രത്യേകപരിതഃസ്ഥിതിയിൽ, പാർട്ടി സേച്ഛാധി

കാരണം ഇനിയും വച്ചുപുലർത്താൻ സാധിക്കാതെ വന്നിരിക്കുന്ന പല ഭാഗത്തുനിന്നും പ്രതിഷേധസ്വരം ഉയർന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ സാമാന്യജനങ്ങൾക്കു എന്തെങ്കിലും പ്രയോജനകരമായ ഒരു ബഡ്ജററ് ഈ സഭയുടെ മുമ്പാകെ വെയ്ക്കുമെന്നാണ് എന്നെപ്പോലുള്ളവർ പ്രതീക്ഷിരുന്നതു്. പക്ഷെ, ഇതൊരു ഫൈനൽ ബഡ്ജററല്ലെന്നും ഈ സഭയുടെ വാദപ്രതിവാദത്തിന്റെ വെളിച്ചത്തിൽ പല സംഗതികളും പുനരാലോചന ചെയ്തു പുതിയ ബഡ്ജററ തയ്യാറാക്കുമെന്നുമുള്ള ഒരു സമാധാനമാണുള്ളതു്. രണ്ടുദിവസത്തിനുമുമ്പ് ഈ സഭയിൽ തീവ്രമായ വാദപ്രതിവാദങ്ങൾ പ്രതിപക്ഷത്തുനിന്നും ഗവമെന്റുപക്ഷത്തുനിന്നുമുണ്ടായി. എന്നാൽ പ്രതിപക്ഷത്തുനിന്നുണ്ടായ ആരോപണങ്ങൾക്കു ഇവിടത്തെ ബുദ്ധിമാനും സമർത്ഥനുമായ ധനകാര്യമന്ത്രി സമർത്ഥമായി പറഞ്ഞ മറുപടി കേട്ടപ്പോൾ തെന്നാലിരാമന്റെ ഒരു കഥയാണ് എനിക്കോർമ്മവന്നതു്. രാമനെ പിടിക്കാനായി ഓടിപ്പോയ കൂട്ടർ, 'രാമനെ വിടരുതു്, രാമനെ വിടരുതു്' എന്നു വിളിച്ചുപറഞ്ഞു. മുമ്പെ ഓടിയ രാമനും അതുതന്നെ വിളിച്ചുപറഞ്ഞുകൊണ്ടോടി രക്ഷപ്പെട്ടു. നമ്മുടെ ധനകാര്യമന്ത്രി പറഞ്ഞുകഴിഞ്ഞ നാലു വർഷങ്ങൾ കൊണ്ടു നമുക്കു കുറെ കടമെല്ലാം ഉണ്ടായിരുന്നെന്നും . .

. . . . . . . . . . . . .

**Mr. Speaker:** May I remind the hon. Member that the discussion is on Land Revenue?

ശ്രീ. കുഞ്ഞൻ നാടാർ: ലാൻഡ് റവന്യൂ വകുപ്പ് ഇത്ര മോശമാകാനുള്ള കാരണമാണ് ഞാൻ പറഞ്ഞുവരുന്നതു്. ബഹുമാനപ്പെട്ട മന്ത്രിമാർ ഭരണം ഏറെറടുത്തപ്പോൾ കുറെ കടങ്ങൾ ഉണ്ടായിരുന്നുവെന്നും നാലു കൊല്ലത്തെ ഭരണംകൊണ്ടു ആ കടങ്ങൾ മുഴുവൻ വീട്ടിയെന്നുമാത്രമല്ല, കുറെ സമ്പാദിക്കുവാനും സാധിച്ചിട്ടുണ്ടെന്നു ഇവിടെ പറയുകയുണ്ടായി. ഞാൻ ഒരു ചീത്തയർത്ഥത്തിൽ ഇതു പറയുന്നതല്ല. കഴിഞ്ഞ നാലുകൊല്ലക്കാലം കൊണ്ടു ഇത്രയും കടം തീർത്തതു ഒരു വലിയ കാര്യമായി ഞാൻ കരുതുന്നില്ല. ഇപ്പോഴത്തെ സാമ്പത്തികവിഷമങ്ങൾക്കു മുഴുവനും കോൺഗ്രസ്സുമന്ത്രിമാരാണുത്തരവാദികളെന്നും ഞാൻ പറയുന്നില്ല. നമ്മുടെ സാമ്പത്തികമായ കഴിവുകൾ പരിമിതങ്ങളാണെന്നെനിക്കറിയാം. ഇവിടത്തെ പല കുഴപ്പങ്ങളും കോൺഗ്രസ്സമന്ത്രിമാരെക്കൊണ്ടുണ്ടായതല്ല. കോൺഗ്രസ്സ് ഭരണമല്ലതാനും ഇവയെല്ലാം ഉണ്ടാക്കിയതു്. കോൺഗ്രസ്സ് ഭരണം കൊണ്ടോ അല്ലെങ്കിൽ വേറെ ഏതെങ്കിലും കക്ഷിയുടെ ഭരണംകൊണ്ടോ ഇതു പരിഹരിക്കാവുന്നതുമല്ല. ഇവിടത്തെ പല പ്രശ്നങ്ങളും അഖിലേന്ത്യാപ്രശ്നങ്ങളാണെന്നറിയാം. ചിലതെല്ലാം അഖിലലോകപ്രശ്നങ്ങളാണ്. പക്ഷെ, ഈ കോൺഗ്രസ്സ്മന്ത്രിമാർക്ക് അവരുടെ പരിധിക്കുള്ളിൽ തന്നെ നിന്നുകൊണ്ടു അവാന്തര കാര്യങ്ങൾ ചെയ്തുതീർക്കുവാൻ സാധിക്കും. അതു് അവർ എന്തുകൊണ്ടു ചെയ്യുന്നില്ലെന്നു ഞാൻ ചോദിക്കുന്നു. എല്ലാ കാര്യങ്ങളും ഇവർ ഡൽഹിയിൽ കൊണ്ടുപോയി അടിയറവെച്ചിരിക്കുകയാണ്. അതിനവരെ ഞാൻ കുററം പറയുന്നില്ല. അടിയറവെയ്പ്പ് നമ്മുടെ ഒരു പാരമ്പര്യമാണ്. പരശുരാമൻ കേരളത്തെ സൃഷ്ടിച്ചു ബ്രാഹ്മണർക്കു അടിയറവെച്ചു.

**Mr. Speaker:** May I remind the hon. Member that the discussion is on Land Revenue and his observations will be relevant when discussion on the General Administration is started?

ശ്രീ. കുഞ്ഞൻനാടാർ: സർ, ഈ ലാൻഡിനെ തന്നെ സൃഷ്ടിച്ചതു പരശുരാമനാണ്. (ചിരി) പരശുരാമൻ അതു ബ്രാഹ്മണർക്ക് അടിയറ വച്ചു. മാർത്താണ്ഡവർമ്മ മഹാരാജാവ് ശ്രീപത്മനാഭന് അടിയറവെച്ചു. കോൺഗ്രസ്സുകാർ അതു സർദാർ പട്ടേലിനു അടിയറവെച്ചു. ഇനി ഈ രാജ്യം കമ്മ്യൂണിസ്റ്റ്കാർക്കു കിട്ടുകയാണെങ്കിൽ സ്റ്റാലിനു് അടിയറവെക്കുമെന്നു് ഇവിടെ പലരും പറയുന്നതുകേട്ടു. അങ്ങനെയുള്ള ഒരു പാരമ്പര്യമാണ് നമുക്കുള്ളതു്. ഡെൽഹിയിൽ നമ്മുടെ ഭക്ഷ്യമന്ത്രി ഒരിക്കൽ ഒരു സ്ഥലത്തുവെച്ചു പെരുമാറുന്നതു് ഞാൻ കണ്ട കാഴ്ചയാണ്.

ഉദ്ദേശം രണ്ടുകൊല്ലം മുമ്പ് ഇവിടുത്തെ തമിഴ്നാട്ടുപ്രശ്നത്തെ സംബന്ധിച്ചു സർദാർ പട്ടേലിൻെറ ക്ഷണമനുസരിച്ചു ഞാനും അവിടെ പോവുകയുണ്ടായി. അന്നു് ഒരു തിരുവിതാംകൂറുകാരനെന്ന അഭിമാനത്തിൽ അവിടത്തെ ധനകാര്യമന്ത്രി മിസ്റ്റർ ജോൺ മത്തായിയെ കാണാൻ ഞങ്ങൾ പോയി. ഇവിടത്തെ ഭക്ഷ്യമന്ത്രിയും വേറൊരു മന്ത്രിയും എന്നോടുകൂടി ഉണ്ടായിരുന്നു. ഉദ്ദേശം മുക്കാൽ മണിക്കൂർ നേരം അദ്ദേഹവുമായി സംസാരിച്ചിട്ടു് ഞങ്ങൾ യാത്രപറയാനായി എഴുന്നേററു. ആ സമയം നമ്മുടെ ഭക്ഷ്യമന്ത്രി പറഞ്ഞു:— "I am the Food Minister of Travancore"

"I see. What do you want?"

"I want five minutes with you."

"Alright. You remind me day after tomorrow. I will fix you a time."

അതായതു്, ഇവിടുത്തെ ജനങ്ങൾ പട്ടിണികൊണ്ടു മരിക്കുന്ന ഘട്ടത്തിൽ, ഇവിടുത്തെ ഭക്ഷ്യകാര്യത്തെ കുറിച്ചു സംസാരിക്കുവാൻ ഇവിടുത്തെ മന്ത്രി കേന്ദ്രഗവമ്മെൻറിൻെറ മന്ത്രിയെ, അതും ഒരു തിരുവിതാംകൂർകാരനെ, കാണുവാൻ ഇവിടത്തെ പാവപ്പെട്ടവൻെറ പണം ചിലവുചെയ്തു് ഡെൽഹിയിൽ പോയി മൂന്നുദിവസം താമസിച്ചിട്ടു് കിട്ടിയ മറുപടി 'നാളെ നിശ്ചയിക്കാം' എന്നാണ്. ഈ നില വരുത്തിവെച്ചതു് നമ്മുടെ മന്ത്രിമാരാണ്. ഇവരുടെ ഈ മനോഭാവത്തെയാണ് ജനങ്ങൾ പഴിക്കുന്നതും.

സർ, ൭൫ ലക്ഷം രൂപയാണ് ലാൻറു ടാക്സ് ഇനത്തിൽ വരവായി കാണിച്ചിട്ടുള്ളതു്. ഇതിൽ തെക്കൻ തിരുവിതാംകൂറിലെ ഒട്ടധികം ആളുകൾ കൊടുത്തുവരുന്ന മണിയം കരവും ഉൾപ്പെടുന്നു. മണിയം കരം ഈടാക്കുന്നതിൻെറ അനൗചിത്യതയെപ്പററി ഇവിടെ ചിലർ പ്രസ്താവിക്കുകയുണ്ടായി. ഏക്കർ ഒന്നിനു നാൽപ്പതും അൻപതും രൂപാവീതം ഇപ്പോൾ മണിയം കരം ഈടാക്കിവരുന്നു. അതു കുറവുചെയ്തു് ബേസിക് ടാക്സ് ഏർപ്പെടുത്തണമെന്നു പറഞ്ഞു ജനങ്ങൾ പ്രക്ഷോഭണം കൂട്ടുകയും ചില സത്യാഗ്രഹപരിപാടികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ടു്. മണിയം വക വസ്തുക്കൾ ശ്രീപത്മനാഭൻെറ സ്വത്തുക്കളാണ്. "ദൈവത്തിൻെറ വക ഞങ്ങൾക്കു തൊട്ടുകളിക്കുവാൻ പാടില്ലെന്നാ"ണ് ഗവമ്മെൻറ് പറയുന്നതു്. എന്നാൽ ശുചീന്ദ്രം തുടങ്ങിയ ചെറിയ ദേവസ്വങ്ങളിലെ വസ്തുക്കൾ, പണ്ടാരവക പാട്ടമായിട്ടും മററും ഇരുന്ന വസ്തുക്കൾ ഈ മന്ത്രിമാർ തന്നെ ബേസിക് ടാക്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതുകൊണ്ടു് ഈ വസ്തുക്കളും ബേസിക് ടാക്സിൽ ഉൾപ്പെടുത്താതിരിക്കാൻ യാതൊരു കാരണവും ഇല്ല.

അതുപോലെ കണ്ടുകൃഷി വസ്തുക്കൾക്കും ബേസിക് ടാക്സല്ല നിശ്ചയിച്ചിരിക്കുന്നത്. കണ്ടുകൃഷി വസ്തുക്കൾ മഹാരാജാവു തിരുമനസ്സിലെ പ്രൈവറ്റ സ്വത്തുക്കളാണ്. കണ്ടുകൃഷി പാട്ടക്കാർക്കു അവിടെയുള്ള മരം മുറിക്കാനൊ, ൫൦ രൂപായിൽ കൂടിയ വീടുവെയ്ക്കാനൊ വിറകുവെട്ടാനൊ അനുവാദമില്ല. കണ്ടുകൃഷി വസ്തുക്കളിലെ മരം മുറിച്ചുവെന്ന കാരണത്തിന്മേൽ അനവധി ആളുകളുടെ പേരിൽ പാർവത്യക്കാരന്മാർ ഭൂതേദാടാണ്ടു കേസെടുക്കുകയും പലരെയും ശിക്ഷിക്കുകയും അതിൽ ഒരു വലിയ സംഖ്യ ഈടാക്കുകയും ചെയ്യുന്നുണ്ട്. ഈവക സ്വത്തുക്കൾ യാതൊരു പ്രതിഫലവും കൂടാതെ മഹാരാജാവു തിരുമനസ്സുകൊണ്ടു രണ്ടുകൊല്ലം മുമ്പു ഗവമ്മെൻറിലേക്കു വിട്ടുകൊടുത്തുവെങ്കിലും ഇന്നും ഗവമ്മെൻറ് കണ്ടുകൃഷി പാട്ടക്കാരിൽനിന്നു അമിതമായ നികുതിയാണ് ഈടാക്കിവരുന്നത്. സർ, ഞാൻ ഒരു കണ്ടുകൃഷി വസ്തു ഉടമസ്ഥനാണ്. ഏക്കറിനു നാല്പത്തഞ്ചു രൂപായാണ് ഞാൻ കൊടുക്കുന്നത്. ഇത്ര ഭീമമായ നികുതി ഈടാക്കി വരുന്ന ഏർപ്പാടു നിറുത്തൽ ചെയ്യാതിരിക്കുന്നതു വളരെ അന്യായമാണെന്നേ എനിക്കു പറയാനുള്ളു.

<u>ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ:</u> ഈ തുക കരമായിട്ടാണോ പാട്ടമായിട്ടാണോ കൊടുക്കുന്നത്?

<u>ശ്രീ. കുഞ്ഞൻനാടാർ:</u> ഏതായാലും രൂപാ ഈടാക്കുന്നുണ്ട്. പേരു എന്തുകൊടുത്താലും തരക്കേടില്ല. ഈ കണ്ടുകൃഷി കരവും മണിയംകരവും ഒരു നിമിഷം പോലും വെച്ചുകൊണ്ടിരിക്കത്തക്കതല്ല. എത്രയും വേഗം ഇതു നിറുത്തൽ ചെയ്യാൻ ഗവമ്മെൻറ നടപടികൾ എടുക്കേണ്ടതാണ്.

സർ, ഇനി എനിക്കൊരു കാര്യം കൂടി പറയുവാനുണ്ട്. ഈ രാജ്യത്തെ ചുറ്റിപിടിച്ചു ഒരു പ്രശ്നമാണ് ഭക്ഷ്യോല്പാദനപ്രശ്നം.

<u>ശ്രീ. എ. താണുപിള്ള:</u> കണ്ടുകൃഷിക്കാർ ഏക്കറിനു ൪൫ രൂപാ വച്ചു കൊടുക്കുന്നതു ഏതു താലൂക്കിലാണ്?

<u>ശ്രീ. കുഞ്ഞൻനാടാർ:</u> നെയ്യാററിങ്കരത്താലൂക്കിൽ ചെങ്കൽ പകുതിയിലെ കാര്യമാണ് ഞാൻ പറഞ്ഞതു.

ഭക്ഷ്യോല്പാദനത്തിൻെറ പേരിൽ ഇവിടെ വളരെയധികം അഴിമതികൾ കഴിഞ്ഞ നാലുകൊല്ലമായി നടന്നിട്ടുണ്ടെന്നുള്ളതു പരസ്യമായ ഒരു പരമാർത്ഥമാണ്. കഴിഞ്ഞകൊല്ലം വെള്ളായണി കായൽ പതിച്ചുകൊടുത്തതിനെ സംബന്ധിച്ചു അവിടത്തെ കർഷകർ ഗവമ്മെൻറിൻെറ അടുക്കൽ നിവേദനങ്ങൾ കൊടുത്തിട്ടുണ്ട്. വെള്ളായണിക്കായലിനു ഏകദേശം മൂന്നൂറോളം ഏക്കർ സ്ഥലം വരും. അതു ആ നാട്ടുകാർക്കു പതിച്ചു കൊടുക്കാതെ ഗവമ്മെൻറിൻെറ സിൽബന്തികൾക്കും മററുമായി പതിച്ചുകൊടുക്കുകയാണ് ചെയ്തിരിക്കുന്നതു. അതിൽ ഏതാനും സ്ഥലം, അതായതു ൨൫൦ ഏക്കർ സ്ഥലം പരസ്യമായി ലേലം ചെയ്തതിൽ ശരാശരി ഏക്കറൊന്നിന് നാനൂറു രൂപാ നിരക്കുവച്ചുപോയി പിന്നീടു ൩൦൨ ഏക്കർ സ്ഥലം രഹസ്യമായി ഗവമ്മെൻറ സിൽബന്തികൾക്കും ഹെഡ്ഡിപ്പാർട്ടുമെൻറിലുള്ള ചില ആളുകൾക്കും അവരുടെ ഭാര്യമാർക്കും പതിച്ചു കൊടുത്തതായിട്ടാണ് എൻെറ അറിവു. ബഹുമാനപ്പെട്ട റവന്യുമന്ത്രി ഈ വസ്തുത നിഷേധിക്കാൻ തയാറുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. നിഷേധിക്കുകയാണെങ്കിൽ ഇവരുടെ

[Shi Kunjan Nadar]

പേരുവിവരങ്ങളും അവർ വച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളെപ്പറ്റിയുള്ള വിവരങ്ങളും അടങ്ങിയ ലിസ്റ്റ് എന്റെ കൈവശമുണ്ട്. വേണമെങ്കിൽ അതു വായിക്കാനും ഞാൻ തയാറാണ്.

ശ്രീ. ആർ. കേശവപിള്ള: ഏതു സ്ഥലമാണ് ഇങ്ങനെ ഗവമ്മെന്റ് ഉദ്യോഗസ്ഥന്മാക്കു പതിച്ചുകൊടുത്തിരിക്കുന്നതു്.

ശ്രീ. കുഞ്ഞൻ നാടാർ: വെള്ളായണി കായൽ.

ശ്രീ. കെ. കുട്ടപ്പൻ: ഈ സ്ഥലം വെറുതെ പതിച്ചു കൊടുത്തിരിക്കുകയാണോ?

ശ്രീ. കുഞ്ഞൻ നാടാർ: വെറുതെ പതിച്ചുകൊടുത്തിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. നാമമാത്രമായ ഒരു പ്രതിഫലം വാങ്ങിക്കൊണ്ടാണ് പതിച്ചുകൊടുത്തിരിക്കുന്നതു്. എക്കറൊന്നിന് ൯൫ രൂപാ നിരക്കുവച്ചു കൊടുത്തിരിക്കുകയാണ്.

ശ്രീ. എം. ഗോപാലൻ നായർ: ഈ നടപടി മുഴുവൻ റദ്ദുചെയ്യണമെന്നു നാട്ടുകാർ നിവേദനം നടത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. കുഞ്ഞൻ നാടാർ: അറിയാം. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു ഈ നിവേദനത്തിന്റെ ഫലമായി ഒരു സ്റ്റേ ഓർഡർ ഗവമ്മെന്റ് കൊടുത്തിരുന്നു. തെരഞ്ഞെടുപ്പു കഴിഞ്ഞയുടനെ സ്റ്റേ ഓർഡർ പിൻവലിച്ചിരിക്കുകയാണ്.

ഇവിടത്തെ മന്ത്രിമാക്കു ഇതെല്ലാം വളരെ നീതിയായി ചെയ്യാൻ സാധിക്കും. ഇവരുടെ മുൻഗാമികൾചെയ്ത തെററുകളാണ് ഇവയെല്ലാം. ഇങ്ങനെ അനവധി കാര്യങ്ങൾ പറയുവാൻ ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: വെള്ളായണി കായൽ പതിച്ചുകൊടുത്തിട്ടുള്ളവരുടെ പേരുകൾ പ്രസ്താവിക്കാമോ?

ശ്രീ. കുഞ്ഞൻ നാടാർ: പേരുകൾ പ്രസ്താവിച്ചതുകൊണ്ട് വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല.

അതുപോലെതന്നെയാണ് ആക്കുളം കായലിന്റെ കഥയും. ഏകദേശം മൂന്നൂറോ നാനൂറോ ഏക്കർ വരുന്ന ആക്കുളം കായൽ മുഴുവനും ഇവിടത്തെ ഒരു മുൻമന്ത്രിയുടെ പ്രൈവററു സെക്രട്ടറിക്കും ഏതാനും ചില വ്യക്തികൾക്കുമായി പതിച്ചുകൊടുത്തിരിക്കുകയാണ്. ഗവമ്മെൻറു അനവധി പണം അവിടെ ചെലവുചെയ്തിട്ടുണ്ട്. ജനങ്ങൾക്ക് അതിൽ പരാതിയുമുണ്ട്.

സർ, ഗവമ്മെന്റ് ആക്കുളം കായലിലെ നെല്ലുപോലും ഊർജ്ജിതമായി എടുക്കുന്നില്ല. ഈ സിററിയിൽ ചില വ്യക്തികളുടെ വീടുകൾ ഞാൻ കാണിച്ചുകൊടുക്കാം. അവിടെവച്ചിട്ടുള്ള ആയിരം ആയിരപ്പറ നെല്ല് ആക്കുളം കായലിലെ നെല്ല് ഗവമ്മെന്റ് എടുക്കാൻ തയാറുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്?

**Shri P. S. Nataraja Pillai:** Sir, I move the motion that stands in my name: "To reduce Rs. 7 lakhs for item II under Land Revenue by Rs. 70,000".

Sir, as a matter of fact, I think I will be within my bounds if I discuss the land policy adopted or is being adopted by Government. The amount which I have noted in the motion is for the reduction of the allotment for Survey, Settlement and Records Operations. But seeing the way in which the debate is going on, I think I will be within my province if I deal with the land policy of the Government as a whole. Sir, there is no question that the land problem in our State is the most important one, on the successful solution of which the prosperity of the State depends. But unfortunately, Sir, the party that is in power and that was in power for the past 4 years has successively, year after year failed in solving the problem or tackling that problem and they have by their successive blunders created a situation in this country by which people have lost all faith in the professions of that party. From the very outset they said they are prepared to remove the inequalities in tenure, offer sufficient security to the tiller of the soil and enforce a uniform rate of taxation in this country and to see that the intermediaries between the tiller of the soil and the landlord will be removed in this State.

**Mr. Speaker**: Order, order. The House will now rise and meet again at 2 p.m.

*The House rose for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker in the Chair.*

**2 p.m.]**

**Shri P. S. Nataraja Pillai**: Sir, we have different land tenures in force in this country even today. In spite of the Royal Proclamation changing the revenue system and enforcing basic tax we have Sripadam lands and Edavagai lands which are charged with different rates of taxation. It is a well-known fact, Sir, that Sripadam lands and Edavagai lands are subject to excessive taxation and holders of those lands are suffering great hardship by that burden. The party in power was giving it out as their intention that they hoped to change the system as early as possible, but they have ignigminously failed in that attempt during the last four years and we still stand where we were.

Then, as to the question of tenants who are subject to vexatious eviction by their landlords, relief was promised and a temporary legislation was accepted by the previous Legislative Assembly. It was provided in the Act that came into force, that within the course of one year a new land policy will be formulated and it was assured fair rent and permanency of occupation will be granted to the tenants and the tenants-at-will. Three successive amendments were passed and three years of extension of time was taken by the party in power and they were not able to decide on this question which affects thousands of people in this land and causes great hardship to the actual tiller of the soil.

Then, Sir, about the inequitable distribution of land and the pressure of population on the land, it was proclaimed that the party in power had in view a scheme for consolidation of holdings and limitation of holdings, and they appointed a Committee to go into these questions. The Committee has reported. I do not think it necessary at this stage to go into the findings of that Committee. Whatever may be their findings, what I say is, that the party that was in charge of the administration, which even now occupies the Treasury Benches, was not able to make up their minds and come to a decision on the report of the Committee appointed by them. They cogitated, they deliberated, but they never came to a conclusion. And, that party, Sir, which was holding the destinies of this country for the last 4½ years ignominiously failed to tackle the most vital problem that faces our country today. Not that

[Shri P. S. Nataraja Pillai]

I agree with the policies adumbrated by the Congress as regards the land, but what I urge at this stage is that even these little mercies which they held out to the toiling people who hold the land were not implemented by them. There was not that earnestness in them to work out a scheme which will give relief to the people within the four corners of the Constitution Act.

Again, Sir, in the matter of assignment of lands also the party in power has done things in a most callous way. Here one hon. Member made specific allegations of nepotism and corruption on the part of the Members of the Treasury Benches in allotting land in the Trivandrum Taluk. I can very safely say, Sir, that in allotting land on Kuthakapattam, Government have committed a series of blunders. They have allowed capitalists to get hold of more land to enlarge their holdings. They have, without sufficient thought, allowed large areas of poramboke lands to be encroached upon by people who depend on the favour of the party in power. Then came another series of encroachments or rather, occupancy right as an offshoot of the new term in the public life of India, 'political sufferers'. That class took possession of extensive areas to themselves and are now enjoying them. When the major question facing us is whether there is sufficient land in our country for the people who work on it and whether we should limit our holdings or whether we should attempt consolidation of holdings to improve economic conditions and to betters production, we allow large tracts of Government lands to go into the possession of capitalists and political sufferers' indiscriminately. That is my grievance, Sir. By acts of omission and commission, the party in power today has demonstrated their utter incapacity to tackle any problem that faces our country. And, that verdict was given in the general election. The country has declared in unmistakable terms that the party that was given the opportunity to work towards the goal of a welfare state has failed in the attempt; and as such the confidence of the country is not with them to-day. I think that in the interests of good Government, in the interests of steady Government, and in the interests of an efficient Government, it is the duty of the party in power which has forfeited the confidence of the country, to ask for a re-election and face the question clearly and effectively. With these words, Sir, I move my motion.

**Shri M. M. Abdul Khader:** Sir, I move that the Demand for Grant under II Land Revenue be omitted.

My purpose in moving this amendment under this head is to draw the attention of the Government to the glaring instances of rack renting carried by the Edappally Swaroopam in some of the pakuthies of the Kunnathunad taluk. Without straying into the broad aspects of the budget, I may just say that in Vazhakulam Pakuthy most of the lands are owned by this Swaroopam and the rental is fixed in kind and not in terms of cash. The basis followed is 25 paras per acre irrespective of paddy or non-paddy lands. Whereas in the case of lands assessed to Government revenue, as the House knows, the tax is only 25 annas, the Swaroopam has been collecting from the land holders at the rate of Rs. 2—2—0 per para of paddy in place of payment in kind which is to say that the total rental per acre would be as high as Rs. 58—2—0. As a result of certain representations made before the Government in 1124, the Government has been good enough to order that the Swaroopam could collect only at the rate of Re. 1—8—0 per para. Even this, I submit, would amount to Rs. 31—8—0 per acre which is out of all

proportion and too high. But now, these landlords and the Swaroopam have come farward demanding from the tenants at the old rates, and the Karshaka Sangham has passed resolutions which have been sent up to Government that the rate should be fixed in terms of the 1124 order, that is, at Re. 1—8—0 per para. This, I submit, the hon. Minister would be kind enough to forthwith order and thus bring an immediate relief to the landholders of the pakuthy pending the exhaustive land reforms that are to come at a later stage. I hope that when the Government takes up the question of land reforms, they would take such steps to put a stop altogether to this sort of rack-renting by the Swaroopam and to assess these lands as State tenure.

I must also draw the attention of Government to the bad state of the working of the irrigation system throughout the Kunnathunad taluk. There are numerous schemes begun by Government. But all these schemes are only half-way. Not one of them is complete. Not one of them is able to irrigate the extent of land that needs irrigation. I do not propose to deal with this in detail.

Similarly I may draw the attention of the Education Minister to the very many cases where building grants have not been given to primary schools.

Then about the Village Unions I have to say a word or two. In many Village Unions the Presidents have been requested to be removed after being censured by the non-official members of the Unions. But I regret to say that in many cases, in fact, in all these cases, Government have not been able to order the removal of these censured Presidents and get new Presidents who command the confidence of the people. Without straying away from the topic under discussion, I may also draw the attention of the Government to the very inefficient working of the Motor Vehicles Act, particularly in respect of the grant of insurance claims to persons who suffer in motor accidents.

**Mr. Speaker:** What is the relevancy of that under this item?

**Shri M. M. Abdul Khader:** Sir, I have tabled an amendment relating to it, and......

**Mr. Speaker:** Yes, the hon. Member can then refer to it later.

**Shri M. M. Abdul Khader:** Sir, the hon. Members on the Government side have been so profuse in quoting Russian precedents given in the "Catholic Digest" in support of the Sales tax in this State. But will these members at least be prepared to advise their Government to follow this self-same precedents at least so far as they are given in the "Catholic Digest" in matters such as land reform, industrialisation, education, etc.

**Shri O. C. Ninan:** It is the "Encyclopedia—Britanica" that has reported it.

**Shri M. M. Abdul Khader:** I am sorry, I referred to "the Catholic Digest" in place of the "Encyclopedia Britanica".

If hon. Members of the Government Benches seek justification for Sales tax by quoting from Soviet Russia, then they must learn and try to implement what Soviet Russia is following in these matters.

**Shri V. R. Krishnan Ezhuthassan:** There is no land reform there.

**Shri M. M. Abdul Khader:** Also, Mr. Ninan was waxing eloquent about the increase in grants for what he called nation building departments of the Government from time to time. But the tragedy is that in spite of the increases, the nation has been crumbling under the impact of this Congress

[Shri M. M. Abdul Khader]

regime. It is no use merely saying that we have been building, framing schemes, that we have been making allotments for nation building activities without building the nation which, as the hon. Members themselves see before them, is crumbling and the people dying inch by inch. With these few words, Sir, I move my amendment and resume my seat.

**Shri R. Gangadharan:** Sir, I move that the grant on account under the head II Land Revenue be reduced by Rs. 100 to discuss about the failure of the Government adopting a permanent land policy.

സർ, ലാൻവ് റവന്യൂ എന്ന അയിററത്തിൽ കൊള്ളിച്ചിട്ടുള്ള തുകയിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണമെന്നുള്ള ഒരു ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നതു്. സർ, വോട്ട് ഓൺ അക്കൌണ്ട്സ് എന്ന നടപടി നിമിത്തം ഉണ്ടായിരിക്കുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് രണ്ടുവാക്ക് ആമുഖമായിട്ട് പറയുന്നതിനു അങ്ങ് അനുവദിക്കുമോ എന്നുകൂടി എനിക്കറിയുവാൻ ആഗ്രഹമുണ്ട്. ഒരു കാര്യംകൂടി വ്യക്തമാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്റെ പ്രസംഗത്തിനു ഇടക്കുണ്ടാകുന്ന യാതൊരു ചോദ്യത്തിനും ഞാൻ സമാധാനം പറയുന്നതല്ല. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷനിലെ ൨൦൬-ാം വകുപ്പാകുന്ന മറയും പിടിച്ചുകൊണ്ടാണ് ബഹു. ധനകാര്യമന്ത്രി വോട്ട് ഓൺ അക്കൌണ്ട്സ് എന്ന വേഷവും അണിഞ്ഞു രംഗപ്രവേശം ചെയ്തിരിക്കുന്നതു്. കാൺസ്റ്റിറ്റ്യൂഷനിൽ അനുവദിച്ചിട്ടുള്ള മൌലികാവകാശങ്ങളെപ്പോലും അവഗണിച്ചുകൊണ്ട് നിയമങ്ങൾ പാസാക്കുന്നതിനു ധൈര്യപ്പെടുന്ന ഈ കാൺഗ്രസ് സർക്കാർ കാൺസ്റ്റിറ്റ്യൂഷനിലുള്ള എല്ലാ പഴുതുകളേയും പ്രയോജനപ്പെടുത്തും എന്നുള്ളതിൽ ആരും അത്ഭുതപ്പെടേണ്ട ആവശ്യമില്ല. ഇങ്ങനെ ഒരു വോട്ട് ഓൺ അക്കൌണ്ട്സ് ഈ പരിതസ്ഥിതിയിൽ അവതരിപ്പിക്കുന്നതിനു പറയുന്ന കാരണം ഈ കാൺഗ്രസ് സർക്കാരിനു ൧൨ ദിവസത്തെ പഴക്കം മാത്രമേയുള്ളു എന്നാണ്. ഞാൻ ചോദിക്കുന്നതു് ഈ ൧൨ ദിവസത്തെ പഴക്കം മാത്രം ഉണ്ടാകുവാൻ കാരണം എന്താണെന്നാണ്. ജനങ്ങളാൽ വെറുക്കപ്പെട്ട ഈ കാൺഗ്രസ് അധികാരഭ്രമംകൊണ്ട് ഇന്നു മന്ത്രിസ്ഥാനത്തു് കയറിയിരിക്കുകയാണ്. ഈ കോൺഗ്രസ് ഒരു പാർട്ടി ലീഡറെ തിരഞ്ഞെടുത്തിട്ട് എത്ര ദിവസമായി? അതിനിടയിൽ മന്ത്രികസേരകൾക്കുവേണ്ടി നടന്ന മൽപിടിത്തം എത്രമാത്രമാണെന്നു ഈ നാടുമുഴുക്കെ എല്ലാവർക്കും അറിയാവുന്നതാണ്. അതുമൂലം ഉണ്ടായിട്ടുള്ള ദുർഗന്ധം നാടിന്റെ നാനാഭാഗങ്ങളിലും എത്തിയിട്ടുണ്ട് എന്നു തന്നെയല്ലാ ന്യൂഡെൽഹിവരെയും എത്തിയിട്ടുണ്ട്. അതുമൂലം ഒരു കൗൺസിലറെ ഇവിടേക്കു അയക്കുവാനും ഇടയായിട്ടുണ്ട്. ഇതിനെല്ലാം ഉത്തരവാദിത്വം എടുക്കേണ്ടതു് ഈ കോൺഗ്രസ് സർക്കാരാണ്. വോട്ട് ഓൺ അക്കൌണ്ട്സ് മുഖേന ബഹു. ധനകാര്യമന്ത്രി ആവശ്യപ്പെടുന്നതു്. അടുത്ത നാലുമാസക്കാലത്തെ ഭരണം കഴിഞ്ഞ കൊല്ലത്തെപ്പോലെ നടത്താനുള്ള അധികാരമാണ്. അതിന്റെ അർത്ഥം ഈ നാലു മാസക്കാലവും യാതൊരു വിധത്തിലുള്ള പുതിയ പരിപാടികളും രൂപീകരിക്കാതെ പഴയ രീതിയിൽ ഭരണം തുടരുക എന്നുള്ളതാണ്. ഈ അവസരത്തിൽ നാട്ടിലെ സ്ഥിതി എന്താണെന്നു ഇവിടെ ഇരിക്കുന്ന ഓരോ മെമ്പറന്മാരും നല്ലപോലെ ആലോചിക്കണം. ഈ സംസ്ഥാനത്തിലെ പ്രധാന കുടിൽ വ്യവസായമായ കയർ പിരിവ്, നെയ്ത്ത് . . . . .

**Mr. Speaker:** May I remind the hon. Member that the topic under discussion is land revenue?

ശ്രീ. ആർ. ഗംഗാധരൻ: എനിക്ക് അതിനു സമാധാനമായി പറയുവാനുള്ളത് ലാൻറ് പാളിസിയെ സംബന്ധിച്ച് ഒരു കമ്മററി രൂപീകരിച്ചാൽ അതിനുള്ള തുക ചിലവാക്കുവാൻ ഈ പരിതഃസ്ഥിതിയിൽ സാധിക്കുകയില്ലാ എന്നാണ്. ഞാൻ മുമ്പുപറഞ്ഞതുപോലെ ഈ നാട്ടിലെ പ്രധാന കുടിൽ വ്യവസായമായ കയർ പിരിപ്പും നെയ്ത്തും തകർന്നു താറുമാറായിരിക്കുന്നു. അതുമൂലം അനേകലക്ഷം തൊഴിലാളികൾ ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്നു. ഉല്പന്നങ്ങളുടെ വില ഇടിവുനിമിത്തം സാമാന്യജനങ്ങൾ ഒരു സാമ്പത്തിക തകർച്ചയിൽ എത്തിയിരിക്കുകയാണ്. ഈ അവസരത്തിൽ തൊഴിലില്ലായ്മയുടെ പരിഹാരങ്ങൾക്കായും ദുരിതാശ്വാസനടപടികൾക്കായും ഗ്രാമോദ്ധാരണ പദ്ധതികൾക്കായും മററു പല രാഷ്ട്രനിർമ്മാണപദ്ധതികൾക്കായും നമ്മുടെ ഭണ്ഡാരം തുറന്നിടേണ്ടതാണ്. പക്ഷെ വോട്ട് ഓൺ അക്കൌണ്ട്സ് എന്ന നടപടികൊണ്ട് നാലുമാസക്കാലം നമുക്ക് അതിനു യാതൊരു പരിഹാരവും ഉണ്ടാക്കുവാൻ സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതിയാണ് വന്നുകൂടിയിരിക്കുന്നത്. വോട്ട ഓൺ അക്കൌണ്ട്സ് എന്ന പരിപാടിയുമായി നമ്മുടെ ബഹു. ധനകാര്യമന്ത്രി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട സമയം നടത്തിയ പ്രസംഗത്തിൽ ചില പഞ്ചസാരവാക്കുകൾ ഉപയോഗിച്ചിട്ടുണ്ടെന്നുള്ള വസ്തുത എല്ലാവർക്കും അറിയാം. ആ പഞ്ചസാരവാക്കുകളുടെ അർത്ഥവും ആഴവും നാം ഇതിനകം മനസ്സിലാക്കിയിട്ടുണ്ട്. കഴിഞ്ഞ നാലരകൊല്ലക്കാലത്തെ നിങ്ങളുടെ ചുമതലക്കണ്ണുനീരിന്റെ അത്ഥവും ആഴവും ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. കോൺഗ്രസ് സർക്കാർ കഴിഞ്ഞ നാലരക്കൊല്ലക്കാലം ചെയ്തിട്ടുള്ള കൊള്ളരുതായ്മകൾ കൂട്ടുനിൽക്കുവാൻ ഞങ്ങൾ തയാറില്ല.

ശ്രീ. പരീതു രാവുത്തർ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. "കൊള്ളരുതായ്മ" എന്ന പദം പാർലിമെൻററിയാണോ?

**Mr. Speaker:** It is parliamentary.

ശ്രീ. ആർ. ഗംഗാധരൻ: ഞങ്ങൾ ഈ നാട്ടിലെ പാവങ്ങളുടെയും പട്ടിണിക്കാരുടേയും പ്രതിനിധികളായിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. ഞങ്ങൾ പ്രസംഗിക്കാൻമാത്രം വന്നവരല്ല. ഞങ്ങൾ പ്രവൃത്തിക്കാനും പ്രവത്തിപ്പിക്കാനും വന്നവരാണ്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പൊതു പ്രവത്തനത്തിന് പ്രസംഗവേദിയിൽ കയറുന്നതിനുമുമ്പു തന്നെ പ്രസംഗവേദിയിൽ കയറി പരിചയമുള്ള ആളുകൾ ഞങ്ങളുടെ പാർട്ടിയിൽ ധാരാളമുണ്ട്.

അടുത്തതായിട്ട ഞാൻ അവതരിപ്പിച്ച ഭേദഗതിയെ സംബന്ധിച്ച് ചില വാക്കുകൾ കൂടി പറയണമെന്ന് ആഗ്രഹിക്കുന്നു. ഇവിടത്തെ കോൺഗ്രസ്സിന്റെ പ്രകടനപത്രികയിൽ ഒരാൾക്കു കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിർണ്ണയിക്കുമെന്ന വിവരം ചേർത്തിരുന്നതായി നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ ഭൂമിയുടെ പരിധി നിർണ്ണയിക്കുന്നതിനുവേണ്ടി ഫലപ്രദമായവിധത്തിൽ ഇവിടെ യാതൊന്നും തന്നെ ചെയ്തിട്ടില്ല. കുറച്ചുമുമ്പ് ശ്രീ. കോമാട്ടിൽ അച്ചുതമേനോന്റെ അദ്ധ്യക്ഷതയിൽ ഒരു ലാൻറ് കമ്മിററി രൂപീകരിച്ചു. ആ കമ്മിററിയുടെ

[Shri R. Gangadharan]

റിപ്പോർട്ട് ഇവിടെ വരുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒന്നു പരിശോധിച്ചു നോക്കുകയാണെങ്കിൽ ഇന്നത്തെ ഈ കോൺഗ്രസ്സ് സർക്കാരിന്റെ വർഗ്ഗസ്വഭാവം നല്ലപോലെ മനസ്സിലാക്കുവാൻ കഴിയുന്നതാണ്. അതിൽ പറഞ്ഞിരിക്കുന്നത് ഇപ്പോൾ നിലവിലുള്ള വ്യവസ്ഥയിൽ ഒന്നും കാര്യമായ മാററങ്ങൾ വരുത്തുവാൻ പാടില്ലെന്നും ഇനിമേൽ ഒരാൾക്കു ൧൦ ഏക്കറിൽ കൂടുതൽ ഭൂമി കൈവശംവയ്ക്കുവാൻ പാടില്ലെന്നും കുട്ടനാട്ട് മുതലായ സ്ഥലത്തെ ഇതിന്റെ വ്യാപ്തിയിൽനിന്ന് ഒഴിവാക്കണമെന്നുമാണ്. ആ റിപ്പോർട്ടിനുശേഷം ഇവിടെ ഒരു ലാൻഡ് പോളിസി ഉണ്ടാക്കുന്നതിന് കോൺഗ്രസ്സ് സർക്കാർ യാതൊന്നും ചെയ്തിട്ടില്ല. ഹോൾഡിംഗ്സ് (സ്റ്റേ ഓഫ് എക്സിക്യൂഷൻ പ്രൊസീഡിംഗ്സ്) ആക്റ്റ് ഇവിടെ നടപ്പാക്കിയിട്ട് രണ്ടുമൂന്നുകൊല്ലമായിട്ടുണ്ട്. ശ്രീ. നടരാജപിള്ള പറഞ്ഞതുപോലെ രണ്ടോ മൂന്നോ തവണ അതിന്റെ കാലാവധി നീട്ടുകയും ചെയ്തിട്ടുണ്ട്. കോൺഗ്രസ്സ് സർക്കാർ ഒരു ഭൂനയം ഉണ്ടാക്കുന്നതിനുവേണ്ടി ഇതിനകം യാതൊന്നുംതന്നെ ചെയ്തിട്ടില്ല. അതിനാൽ എന്റെ ഈ ഭേദഗതിയെ എല്ലാവരും അനുകൂലിച്ച് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

**Shri A. Thanu Pillai**: Sir, May I speak on the motion?

**Mr. Speaker**: How is it possible without an amendment?

**Shri A. Thanu Pillai:** Is it allowed only to the movers of the amendments? Then, it is no debate. Supposing I have to say something for or against the amendment.

**Mr. Speaker**: That course could have been allowed if I had been informed of that. But under the Rules, I have to exhaust all the amendments and then only I could call upon the other members to speak.

**Shri A. Thanu Pillai**: I would submit for your consideration this: When amendments are moved there is no rule or practice that all amendments should be moved before anybody could speak. It is not merely moving the amendments. They may be discussed. That means that others should be allowed to speak.

**Mr. Speaker**: But I understand that some understanding has been reached by the various parties to withdraw many of the amendments. If that takes place, many of the hon. Members can speak.

**Shri K. P. Prabhakaran:** I move that the Demand for Grant under III-Excise be reduced by Rs. 1,000.

സർ, എക്സൈസ് ഡിപ്പാർട്ടുമെണ്ടിനെ പൊതുവേയും, ഇന്നത്തെ മദ്യനിരോധന നടപടിയെ പ്രത്യേകിച്ചും പരാമർശിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. ഈ സംസ്ഥാനത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിനെപ്പോലെ ഇത്രയധികം കൈക്കൂലിയും അഴിമതികളും ഉള്ള ഒരു ഡിപ്പാർട്ടുമെന്റ് വേറെയുണ്ടോ എന്നു സംശയമാണ്. അതിനുള്ള പ്രധാന കാരണം എക്സൈസ് നിയമത്തിൽതന്നെയുള്ള പല അപ്രായോഗികങ്ങളായ വകുപ്പുകളാണെന്നുള്ളത് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഇതിനെസംബന്ധിച്ച് സമയമില്ലാത്ത ഈ അവസരത്തിൽ വിശദമായ ചർച്ചക്ക ഞാൻ ഒരുങ്ങുന്നില്ല. അത് അടുത്ത ഒരവസരത്തിൽ ചെയ്യാമെന്നു വിചാരിക്കുന്നു. പൊതുവെ ഈ

ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നടന്നുവരുന്ന, പ്രത്യേകിച്ചും മദ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന, കൺട്രാക്ടർമാർക്കാകട്ടെ, തൊഴിലാളികൾക്കാകട്ടെ എക്സൈസ് ഉദ്യോഗസ്ഥന്മാർക്കു കൈക്കൂലികൊടുത്തു് അവരെ പ്രീണിപ്പിക്കാതെ ആ വ്യവസായം നടത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമല്ലാതായിരിക്കുകയാണു്. ഇങ്ങിനെ വാസ്തവത്തിൽ കൈക്കൂലി നടമാടുന്നതു കരുതിക്കൂട്ടിതന്നെ ഗവമ്മെൻറ് പല വ്യവസ്ഥകളും എക്സൈസ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ടാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിലെ താഴ്ന്ന ജീവനക്കാരുടെ സ്ഥിതിതന്നെ വാസ്തവത്തിൽ വളരെ മോശമാണു്. അവരുടെ ശമ്പളം ൨൦ രൂപാ മാത്രമാണു്. അലവൻസു് ഉൾപ്പെടെ നാൽപ്പതോ നാല്പത്തഞ്ചോ രൂപാ കിട്ടിയാൽ വാസ്തവത്തിൽ ഒരു എക്സൈസ്ശിപായി അയാളുടെ കുടുംബം എങ്ങിനെ പുലർത്തുമെന്നു് ഈ സഭ ആലോചിക്കേണ്ടതാണു്. ഇതിൻെറ അർത്ഥം, ഈ തുച്ഛമായ ശമ്പളം കൊടുത്തുകൊണ്ടു് നാട്ടുകാരുടെ ചെലവിൽ ഇന്നു കൈക്കൂലിവാങ്ങി ജീവിക്കുവാൻ അവർക്കു വിട്ടുകൊടുത്തിരിക്കുകയാണെന്നാണു്. ഇതിനെപ്പററി വാസ്തവത്തിൽ വ്യക്തമായ ഒരു അന്വേഷണം നടത്തുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുകയാണെങ്കിൽ എക്സൈസു ഡിപ്പാർട്ടുമെൻറിൽ നടമാടിക്കൊണ്ടിരിക്കുന്ന കൈക്കൂലിയെ സംബന്ധിച്ചു് എത്രയോ തെളിവുകൾ നൽകുന്നതിനു ഞാൻ തയ്യാറാണു്. അതിനെ സംബന്ധിച്ചു് ഈയവസരത്തിൽ ഞാൻ കൂടുതലായി ഒന്നും പ്രതിപാദിക്കുന്നില്ല. ഈ സംസ്ഥാനത്തിൽ ഇപ്പോൾ ൧൨ താലൂക്കുകളിൽ മദ്യവർജ്ജനം ഏർപ്പെടുത്തിയിട്ടുണ്ടു്. കള്ളുകുടി നിറുത്തുന്നതു വളരെ നല്ലതുതന്നെ. തീർച്ചയായും അതൊരു നല്ല സാമൂഹ്യപരിഷ്കാരമാണു്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയും ചെയ്യുന്നു. പക്ഷെ, കോൺഗ്രസ്സ് ഗവമ്മെൻറു നടപ്പാക്കിയിട്ടുള്ള മദ്യവർജ്ജന നടപടികൊണ്ടു് കൂടുതൽ സാമൂഹ്യാധഃപതനമാണു് ഇന്നുണ്ടായിട്ടുള്ളതു്. ഈ നാട്ടിലെ ജനങ്ങൾക്കു പൊതുവെ സാമ്പത്തികമായ ഒരധഃപതനവുംകൂടിയാണു് ഇതുകൊണ്ടു വരുത്തിവച്ചിട്ടുള്ളതെന്നു പ്രസ്താവിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഒന്നാമതായി സാമൂഹ്യപരിഷ്കരണം ഏർപ്പെടുത്തുന്ന അവസരത്തിൽ ഗവമ്മെൻറു ശ്രദ്ധിക്കേണ്ടതു് അതിനു് അടിസ്ഥാനമായ ചില സാമ്പത്തിക കാര്യങ്ങളാണു്. ഈ രാജ്യത്തു മദ്യം ഉപയോഗിച്ചിരുന്നവരിൽ ഭൂരിഭാഗവും ആരാണെന്നു പരിശോധിക്കുകയാണെങ്കിൽ അതിൻെറ സാമ്പത്തികാടിസ്ഥാനം എവിടെയാണെന്നു കണ്ടുപിടിക്കുവാൻ കഴിയുന്നതാണു്. സാംസ്കാരികമായും സാമ്പത്തികമായും ഈ രാജ്യത്തിൻെറ പിന്നണിയിൽ നില്ക്കുന്നവരായ പാവപ്പെട്ട കർഷകരും തൊഴിലാളികളുമാണു് മദ്യം ഉപയോഗിക്കുന്നവരിൽ ഭൂരിഭാഗവും എന്നു കാണുവാൻ പ്രയാസമില്ല. ഇന്നു് അവർക്കു ൨൪ മണിക്കൂർ സമയവും നട്ടെല്ലൊടിഞ്ഞു പണിയെടുത്താൽ പോലും—അതിനുള്ളനിബന്ധനകളുണ്ടെങ്കിൽതന്നെയും—ആശ്വാസത്തോടുകൂടി ജീവിക്കുവാനുള്ള ഒരു സാഹചര്യം ഈ രാജ്യത്തില്ല. അങ്ങിനെ വാസ്തവത്തിൽ രാവും പകലുമില്ലാതെ അദ്ധ്വാനിച്ചു വീട്ടിൽ ചെല്ലുമ്പോൾ അവിടെയുള്ള പലവിധ കഷ്ടപ്പാടുകളുംകൂടി അവർക്കു നേരിടേണ്ടിവരുന്നു. ആറുകണക്കിനുള്ള ദുഃഖമയമായ അന്തരീക്ഷമാണു് അവർക്കനുഭവപ്പെടുന്നതു്. ആ കഷ്ടപ്പാടുകളിൽനിന്നെല്ലാം വിമുക്തമായി ഒരു അഞ്ചുമിനിട്ടുനേരത്തേക്കെങ്കിലും കഴിച്ചുകൂട്ടുവാൻ അവർക്കുള്ള ഏകമാർഗ്ഗം മദ്യപാനംചെയ്തു മതിമറക്കുകമാത്രമാണു്. ഇങ്ങിനെയുള്ള നിയമം ഏർപ്പെ

[Shri K. P. Prabhakaran]

ടുത്തുന്നതിനുമുമ്പ് ഗവൺമെൻറ് ഒന്നാമതായി ചെയ്യേണ്ടിയിരുന്നതു് നാട്ടിൽ നടമാടിക്കൊണ്ടിരിക്കുന്ന പട്ടിണിക്കും തൊഴിലില്ലായ്മക്കും ഒരു പരിഹാരം കണ്ടുപിടിക്കുകയെന്നുള്ളതു മാത്രമാണ്. നേരെമറിച്ച് ഈ നടപടിമൂലംതന്നെ ഇവിടെ തൊഴിലില്ലായ്മയും പട്ടിണിയും വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളതു്. ഈ പതിമൂന്നു താലൂക്കുകളിലുംകൂടി മദ്യവർജനം കൊണ്ടു തൊഴിലില്ലാതായിട്ടുള്ള ആയിരക്കണക്കായ തൊഴിലാളികളുണ്ടു്. അവർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുവാൻവേണ്ടി യാതൊന്നും ഗവൺമെൻറു ചെയ്തിട്ടില്ല. ചില സ്ഥലങ്ങളിൽ ചക്കരചെത്തു് അനുവദിച്ചിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിച്ചുകൊണ്ടല്ല ഞാനിതു പറയുന്നതു്. എന്നാൽ ചക്കരചെത്തുകൊണ്ടുമാത്രം ജീവിക്കുവാൻ സാദ്ധ്യമല്ലാത്ത അത്രയും ദയനീയമായ ഒരു സ്ഥിതിയാണ് ചക്കരചെത്തു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉണ്ടായിരിക്കുന്നതു്. ആ വ്യവസായംതന്നെ കാര്യമായി യാതൊരു ഗുണവും ഇല്ലാതെയാണിരിക്കുന്നതു്. ഇങ്ങിനെ തൊഴിലാളികൾക്കു തൊഴിലുണ്ടാക്കിക്കൊടുത്തില്ലെന്നു മാത്രമല്ല ഇക്കഴിഞ്ഞകാലങ്ങളിൽ മദ്യവർജ്ജന നടപടി ഫലപ്രദമായി നടത്തുവാൻ ഗവൺമെൻറിനു സാധിച്ചിട്ടില്ല. ഈ സാമൂഹ്യപരിഷ്കരണം വെറും കടലാസിൽമാത്രമാണ് കാണുന്നതു്. മദ്യവർജ്ജനം നടപ്പിൽ വരുത്തിയിട്ടുള്ള മദിരാശി സംസ്ഥാനത്തിൽ മദ്യവർജ്ജനം തുടരണമോ എന്നുള്ളതിനെസംബന്ധിച്ച് ഒരു ഹിതപരിശോധന നടത്തണമെന്നു് ശ്രീ. ഗോപാലറെഡ്ഡി പ്രസ്താവിക്കുമ്പോൾ മദ്യവർജ്ജനം നടപ്പാക്കിയ സ്ഥലങ്ങളിൽ വ്യാജമായി വില്പന നടത്തുവാൻവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ടെന്നുള്ള പരമാർത്ഥം മാററൊലിക്കൊള്ളുന്നുണ്ടു്. നമ്മുടെ രാജ്യത്തു മദ്യവർജ്ജനം നടപ്പാക്കിയ സ്ഥലങ്ങളിലെല്ലാംതന്നെ മുമ്പ് ഏതുവിധത്തിൽ മദ്യവില്പനയുണ്ടായിരുന്നുവോ അത്രയും സാർവത്രികമായും വ്യക്തമായും ഇപ്പോഴും മദ്യവില്പന നടത്തുന്നുണ്ടു്. അന്ന് അഞ്ചോ എട്ടോ അണ കൊടുത്താൽ കിട്ടിയിരുന്ന മദ്യത്തിനു് ഇന്നു് ഒരു രൂപായും അതിൽ കൂടുതലും വില കൊടുക്കണമെന്ന വ്യത്യാസം മാത്രമേയുള്ളു. അതുകൊണ്ടു വാസ്തവത്തിൽ ഈ സ്ഥലങ്ങളിലൊന്നും മദ്യവർജ്ജനം ശരിയായി നടപ്പിലാക്കിയിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണ്. അതിലും വിശേഷിച്ച്,—കൊച്ചിയിൽ തലപ്പിള്ളി താലൂക്കിനെസംബന്ധിച്ചിടത്തോളം എനിക്കു നേരിട്ടറിയാം, പല സ്ഥലങ്ങളിലും പരസ്യമായി മദ്യവില്പന നടത്തുന്നുണ്ടെന്നുള്ളതു്. തൃശ്ശൂർ താലൂക്കിൽനിന്നു വ്യാജമായി കടത്തിക്കൊണ്ടുപോയി മദ്യവില്പന നടത്തുന്നതു് എക്സൈസ് ഡിപ്പാർട്ടുമെണ്ടിൻെറ പരസ്യമായ അറിവോടും അനുമതിയോടുംകൂടിയാണെന്നു കാണുവാൻ പ്രയാസമില്ല. കൈക്കൂലി വാങ്ങിക്കൊണ്ടാണ് അങ്ങിനെ നടത്തുവാൻ അനുവദിക്കുന്നതു്. അതു തടയുവാൻ ഗവൺമെൻറിനു സാധിച്ചിട്ടില്ല. അതിലും പ്രത്യേകിച്ച് ഇന്നു് ൧൩ താലൂക്കുകളിൽ മാത്രമാണ് മദ്യവർജ്ജനം ഏർപ്പെടുത്തിയിട്ടുള്ളതു്. തെക്കെ വീട്ടിലുള്ളവർക്കു കുടിക്കാം, വടക്കെ വീട്ടിലുള്ളവർക്കു കുടിക്കുവാൻ പാടില്ല എന്നുള്ള ഈ ഗവൺമെൻറിൻെറ നയം എന്താണെന്നു് എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല.

ശ്രീ. ആർ. കേശവപിള്ള: മദ്യവർജ്ജനം മാററണമെന്നാണോ അഭിപ്രായപ്പെടുന്നതു്?

ശ്രീ. കെ. പി. പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തെ സംബന്ധിച്ചു് ഗൌരവപൂർവ്വം വ്യക്തമായ ഒരു തീരുമാനമെടുക്കുന്നതിനു് ഞങ്ങൾ ആലോചിച്ചുവരികയാണു്. അതുകൊണ്ടു് ഇനിയൊരവസരത്തിൽ ഞാൻ ഇതിനു മറുപടി പറയാം.

മറ്റൊരു സംഗതി, ഈ സാമൂഹ്യപരിഷ്കരണത്തിൻെറ പേരിൽ ഗവമ്മെൻറു ജനങ്ങളുടെ തലയിൽ പുതിയ പുതിയ നികുതികൾ ചുമത്തുകയാണു് ചെയ്യുന്നതു്. വില്പനികുതിയും മററും ഏർപ്പെടുത്തിക്കൊണ്ടു് നാട്ടിലെ ജനങ്ങളെ സാമ്പത്തികമായ നിലയിൽ വളരെയധികം പിഴിഞ്ഞെടുക്കുന്നുണ്ടു്. ഇതു വാസ്തവത്തിൽ വളരെ കഠിനമായ ഒരു പ്രവൃത്തിയാണു്.

അബ്കാരിയിനത്തിൽ ഗവമ്മെൻറിൻെറ വരുമാനത്തിനു യാതൊരു കുറവും വന്നിട്ടില്ലെന്നു മാത്രമല്ല, ഈ മദ്യവർജ്ജനംകൊണ്ടു് ഏററവും കൂടുതൽ വരുമാനമാണുണ്ടായിട്ടുള്ളതെന്നു കഴിഞ്ഞ കൊല്ലങ്ങളിലെ വരവെടുത്തു നോക്കിയാൽ കാണുവാൻ സാധിക്കും. മദ്യനിരോധനം നടപ്പാക്കിയപ്പോൾ ഈ ഗവമ്മെൻറിനു നേരിട്ടിട്ടുള്ള നഷ്ടം ഏതാണ്ടു് ൩൬,൭൪,൦൦൦ രൂപയാണു്. എന്നാൽ അതേസമയത്തുതന്നെ ൧൨൭—൧൨൮-ലെ ലേലത്തിൽ കള്ളു് ഒരൊററയിനത്തിൽനിന്നുമാത്രം ഏകദേശം ൩൦,൪൫,൦൦൦ രൂപയോളം ഗവമ്മെൻറിനു കൂടുതലായി കിട്ടിയിട്ടുണ്ടു്. അതുപോലെ ചാരായത്തിൻെറ കാര്യത്തിലും കഴിഞ്ഞ കൊല്ലത്തേക്കാൾ ഇക്കൊല്ലം ലേലത്തുകയിൽ വർദ്ധനവാണു് ഉണ്ടായിട്ടുള്ളതു്. യഥാർത്ഥത്തിൽ മദ്യവർജ്ജനംമൂലം ഗവമ്മെൻറിനു നഷ്ടമല്ല കൂടുതൽ ലാഭമാണു് ഉണ്ടായിട്ടുള്ളതെന്നു കാണുവാൻ പ്രയാസമില്ല. അതിനെ മാററിവെച്ചുകൊണ്ടു് സാമൂഹ്യപരിഷ്കരണത്തിൻെറ പേരിൽ മററു പല നികുതികളും കൂടി ചുമത്തുന്നതു് ഗവമ്മെൻറു ജനങ്ങളോടു ചെയ്യുന്ന ഒരു ചൂഷണം മാത്രമാണു്.

മറ്റൊന്നു് ഓരോസ്ഥലങ്ങളിലും വളരെ വ്യത്യസ്തമായ നിലയിലുള്ള നിരക്കുകളാണു് കൂലിയെ സംബന്ധിച്ചിടത്തോളം ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവക്കു് ഉള്ളതു്. ഈ വ്യവസായത്തിലേർപ്പെട്ടിട്ടുള്ള ചെത്തുതൊഴിലാളികൾക്കു് യാതൊരു തൊഴിൽസ്ഥിരതയുമില്ല. ഒരു കോടി ഇരുപത്തെട്ടുലക്ഷത്തിമുപ്പതിനായിരത്തിൽ ചില്വാനം രൂപായാണു് കള്ളു് ഒരിനത്തിൽനിന്നുള്ള വരവു്. ഇത്രയും വരവുണ്ടാക്കിക്കൊടുക്കുന്ന തൊഴിലാളികൾക്കു് ഇന്നു ജീവിക്കുവാനുള്ള യാതൊരു സാഹചര്യങ്ങളുമില്ല. ഇഷ്ടംപോലെ കൺട്രാക്കുക്കു് ഈ തൊഴിലാളികളെ കൊള്ളുവാനും തള്ളുവാനും സ്വാതന്ത്ര്യമുണ്ടു്. വാസ്തവത്തിൽ ഈ തൊഴിലാളികളുടെ അദ്ധ്വാനഫലമായി ഉണ്ടാകുന്ന ഈ സംഖ്യ ഗവമ്മെൻറു പിഴിഞ്ഞെടുക്കുന്ന അവസരത്തിൽ അവരുടെ സ്ഥിതിയെപ്പററിയുംകൂടി പര്യാലോചിക്കേണ്ടതാണു്. ഇതിനെ സംബന്ധിച്ചു് വളരെ വിസ്തരിച്ചു പറയുവാനുണ്ടു്. ഈ തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിലെ പല പ്രദേശങ്ങളിലും പല തോതിലാണു് കൂലിനിരക്കു്. അതിനെ സംബന്ധിച്ചു് പ്രത്യേകം ഒരു അന്വേഷണം നടത്തുവാൻ ഒരു കമ്മീഷൻതന്നെ നിയമിച്ചാൽകൊള്ളാം. ഏററവും കുറഞ്ഞ കൂലി നിരക്കു് ഇന്നതായിരിക്കണമെന്നു് ക്ലിപ്തപ്പെടുത്തേണ്ട കാലവും അതിക്രമിച്ചിരിക്കുന്നു. ഓരോ കൊല്ലവും ലേലം നടത്തുന്ന അവസരത്തിൽതന്നെ തൊഴിലാളികൾക്കു് ഇന്നകൂലി കൊടുക്കണമെന്നു് നിശ്ചിതമായ ഒരു വ്യവസ്ഥ ചെയ്കയും

[Shri K, P, Prabhakaran]

അതോടുകൂടിത്തന്നെ അടുത്ത കൊല്ലവും നിലവിലുള്ള തൊഴിലാളികൾക്കുതന്നെ ജോലി കൊടുത്തുകൊള്ളണമെന്നുള്ള വ്യവസ്ഥ, ടെണ്ടർ വയ്ക്കുമ്പോൾ അതിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതു നന്നായിരിക്കും. ഇൻഡ്യാ ഗവൺമെന്റു ടെണ്ടർ വെയ്ക്കുന്നതു് ഇത്തരത്തിലുള്ള ചില വ്യവസ്ഥകളോടുകൂടിയാണു്. ആ വിധത്തിലുള്ള വ്യവസ്ഥകൾകൂടി ഇവിടത്തെ ടെണ്ടർ നോട്ടീസിലും ഉൾപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

**Shri Nedumangal R. Kesavan Nair :** A point of order, Sir. It was understood that members of different parties would be given preference.

**Mr. Speaker :** In this case, I am unable to follow any principle. Many members, who were vigilant, sent amendments to the motion according to the instructions issued by the Speaker. Their vigilance should not be penalised for the non-vigilance of some others.

**Shri P. S. Nataraja Pillai :** I move that a sum of Rs. 45,000 may be reduced from Rs. 6 lakhs under item III Excise. I want to confine my speech to prohibition. In that connection, Sir, I do not forget the fact that, after all, we are discussing a vote on account which in the nature of things is only a grant, an advance grant to carry on the administration on the basis of the statement of accounts of the last year. A budget proper is not before us; I can understand that.

I can even understand the plea of the Finance Minister that the Ministry is only two weeks old. But what passes my comprehension, Sir—I was trying to be as attentive as I could to the speech of the Finance Minister—is why at least the broad policies which this Ministry is going to adopt in future could not have been indicated in his speech. On this question of prohibition, the Finance Minister was not in a position to say whether he was going to implement it or whether he was going to drop it. As a matter of fact, Sir, if prohibition is what we see today in this country, it is not prohibition. With due sense of responsibility, Sir, I am prepared to assert in this House that some drugs which are intoxicant and injurious to the people are being vended in public in this city, not in the outlying districts, but in the heart of this city, and licences are being granted by the Departmental agencies. In this House, the difficulty is that the executive is represented by the popular Ministry and we are not in a position to take to task the executive. Rather, the whole blame will have to be shouldered by the popular representatives who sit in the Treasury benches. As a matter of fact, the enforcement of prohibition in the prohibition taluks is disgraceful, to say the least. Go anywhere in these taluks. You find people drunk. I beg to differ from my friend who spoke just previous to me, and I say that it is not the poorer classes who drink. It is the rich, the idle rich, who spend their unearned money on drink and intoxicate themselves. By enforcing prohibition, the economic condition of the masses, the toiling masses, is improved. I myself had the opportunity of visiting some of the coastal fishing villages and I found after one year of the enforcement of prohibition, that their economic condition was infinitely better. It is not these people who hanker after drink and resort to illicit distillation or take to other intoxicants which are being marketed in public. It is, on the other hand, the rich with whom this is a craze. Some capitalists form themselves into a group or a syndicate and manufacture medicated intoxicants and vend them in public, with the connivance of the authorities who ought to control it. Unfortunately, the authorities who control it do not

believe in prohibition. I do not want to go further. They do not believe in prohibition. They are not in sympathy with prohibition ideal, but on the other hand, they connive and encourage by precept and practice the spread of that habit of drinking spirituous liquors. Sir, if that be the case, why provide funds to enforce prohibition at all? It is not a valid plea for the official benches to say that they had not the time to formulate their policy. If they are honest Congressmen, they claim themselves to be Congressmen, let them consider the policy of prohibition again. The Congress party, and the representatives of the Indian Nation, have framed their own Constitution. What do we find in Article 47 of the Constitution? Article 47 says: "The State shall regard the raising of the level of nutrition and the standard of living of its people and the improvement of public health as among its primary duties and, in particular, the State shall endeavour to bring about prohibition of the consumption, except for medicinal purposes, of intoxicating drinks and of drugs which are injurious to health". Do they stand by it? Do they agree with it? Do they believe in the directive principles of the Constitution by which they have sworn? My friend who spoke previously pointed out the opinion of the Ex-Minister of Madras, Mr. Gopala Reddi. He had just retribution for holding the opinion he did. By discarding the Congress principles and advocating a review of prohibition policy, the Finance Minister of Madras suffered a disgraceful defeat in the election. Sir, people in this country are not going to tolerate that kind of opportunism. This Government must honestly say whether they are going to enforce prohibition or not. In the same way they must declare whether they will implement the compulsory education scheme which is a directive principle in our Constitution, or they will discard it. It is specifically stated in the Constitution that within a period of ten years, the state shall provide for free and compulsory education for all children in the country. But what do we find, Sir? Absolute silence of the Finance Minister on these matters. Claiming themselves as representatives of the the Congress party, this party in power in Travancore-Cochin, I do not want to use any other word—they will give the go-by to the compulsory primary education scheme in force here. One of the main planks in the platform of the Congress, and a directive principle in the Constitution, prohibition, will not be implemented here, yet they claim that they represent the Congress and they are the single majority party, in this House, and as such they are entitled to control the destinies of the people of this country! No, Sir, they have no such claims. They have no right to claim themselves as true congressmen as along as they are not true to their words and are prepared to implement at least the directive principles laid down in the Constitution as cardinal virtues of congressmen.

In this connection, I would only say this. If the present Ministry is not prepared to implement prohibition, at least let it be honest enough to declare that prohibition is not going to be enforced in this State. One can understand that. But injurious effect to the public-health in the 13 prohibition taluks, where people are trained to drink these deleterious and injurious substitutes can be seen only after a lapse of a dozen years or so. Already instances of grave danger are available. People who have become addicts to those drugs that are being vended openly in the market, are having serious effects on their health, and their general health has considerably deteriorated. It is the rich men, it is the powerful men, it is the educated men, it is the men of middle-classes, who resort to it, and create a situation which is not in the interests of the country. There may be poor people who resort to it, but it is a temptation coming in their way. The poor man does not go and manufacture costly

[Shri P. S. Nataraja Pillai]

noxious drinks, or engage himself in illicit manufacture of arrack. He has a genuine regard for law and order. He is a poor man and a starving man, and he has not the courage to defy the law. It is the man with money, man in position, who can defy the law, purchase protection and engage himself in illegal activities. Therefore, Sir, I am clearly of the view that—and it is to the best of my knowledge—this habit is spreading among the middle or higher classes than among the poorer classes in the prohibition area. Therefore, either the Government must enforce prohibition law in its entirety or they must be honest and declare that they do not believe in prohibition and remove it from the statute book. With these words, I move my motion.

**Shri A. Chidambaranatha Nadar:** Sir, I move that the grant on account under the head III Excise be omitted (to discuss about prohibition) ஸர், நான் இந்தத் திருத்தப் பிரேரணையைக் கொண்டுவந்ததற்கு ஒரு வித காரணமுண்டு. இரண்டு நாட்களுக்கு முன்னால் எதிர் கட்சியிலிருக்கிற ஒருவர், இன்று இருக்கிற சர்க்கார் முதலைக்கண்ணீர் வடித்துக்கொண்டிருக்கிறது என்று சொன்ன அவசரத்தில் ஸ்ரீ. கோவிந்த மேனவன் அதிக ஆவேசமாகச் சொன்னார், அது முதலைக் கண்ணீரல்ல; சுமதலைக் கண்ணீர் என்று. ஆனால் தற்போது அவர்கள் வடிக்கக்கூடியது முதலைக் கண்ணீருமல்ல; சுமதலைக் கண்ணீருமல்ல. அது நீலிக் கண்ணீர் என்று சொல்லத்தான் இந்தத் திருத்தப் பிரேரணையை நான் கொண்டுவந்தேன். ஸர், மஹாத்மா காந்தியடிகளின் திட்டங்களில் ஒன்றாகிய மதுவிலக்குத் திட்டத்தை இங்கே அமுலில் கொண்டுவர இச்சர்க்கார் தீர்மானித்தார்கள். அதை, திருவிதாங்கூர் தமிழ்நாடு மனப்பூர்வமாக ஆதரித்தது. இன்றும் அதை ஆதரிக்கத் தயாராயிருக்கிறது. ஸர், உண்மையாக, நான் இந்த சர்க்காரிடம் கேட்கிறேன்—இந்த மதுவிலக்குத் திட்டத்தைத் திருவிதாங்கூர்–கொச்சி ராஜ்யம் பூராவும் கொண்டுவர நீங்கள் தயாராயிருக்கிறீர்களா என்று? திருவிதாங்கூரில், நாகர்கோவிலிலிருந்து திருவனந்தபுரம் வரையில் இத்திட்டத்தை அமுலில் கொண்டுவந்து பின்பு நெடுமங்காட்டில் சில இடங்களிலும், செங்கோட்டையிலும் இத்திட்டத்தை அமுலில் கொண்டுவந்த பிறகு ஏன் மற்றயிடங்களிலும் மதுவிலக்குத் திட்டத்தை அமுலில் கொண்டுவரவில்லையென்று கேட்கிறேன். ஏன் கொல்லத்திலும் அதற்கப்புறமும் இத்திட்டத்தைக் கொண்டுபோகவில்லை. ஏன் முதல் மந்திரியின் இடமாகிய பாலாயிலும், தனகாரிய மந்திரியின் ஊராகிய சாலக்குடியிலும் மதுவிலக்குத்திட்டம் ஆரம்பிக்கவில்லை என்று கேட்கிறேன். ஸர், தற்போது மதுவிலக்குத் திட்டம் நம் ராஜ்யத்தில் எப்படி அமுலிலிருக்கிறது என்று பார்க்கவேண்டும். இன்றைக்கு திருவிதாங்கூர்–கொச்சி ராஜ்யத்தில் எல்லா யிடங்களிலும் பெரிய ஹோட்டல்களிலும், Rest houses களிலும் தாராளம் மது கிடைக்கிறது என்பதை வெகு சங்கடத்துடன் சொல்லிக்கொள்கிறேன். கே ஆர். ஜி. மேனவன் என்றொருவருக்கு லைசென்சும் கொடுத்திருக்கிறீர்கள். அன்றொரு நாள் முதல் மந்திரியிடம் இதைக் கேட்ட போது, Travellers, அன்னியர்களுக்குத் தான் இவ்வோட்டல்களில் மது கொடுக்கப்படும். ஒரு ஹோட்டலுக்கு மாதம் 500 பாட்டில்களுக்குமேல் அனுமதி அளிக்கவில்லையென்றும் கூறினார். 500 பாட்டில்

எதற்கு என்று நான் கேட்கிறேன். நாள் ஒன்றுக்கு இரண்டு அன்னியர்கள் வருகிறார்கள் என்று வைத்துக்கொண்டாலும் ஒரு மாதத்தில் அறுபதுபேர் வரலாம். வரப்பட்டவர்கள் எல்லோரும் குடிகாரர்களா? அது ஒரு புறமிருக்க, ஒரு மாதத்திற்கு அறுபது பாட்டில் அவசியமிருக்கலாம். அப்படியிருக்க ஐநூறு, அறுநூறு பாட்டில்களுக்கு அவசியமென்ன என்று கேட்கிறேன். மக்களே விரும்பாததும், மதுவிலக்குத திட்டத்தை முதலில் ஆதரித்த தமிழர் வாழும் நாகர்கோவில் பக்கமுள்ள கன்னியாகுமரியில் இந்த மதுவிற்கு ஆதரவு அளிக்கிறீர்களே! ஸர், கன்னியாகுமரியிலுள்ள கெ. ஆர். ஜி. மேனவன் ஹோட்டலுக்கு நான் சென்றேன். உண்மையில் அன்னியர்களுக்கு, traveller களுக்குத்தான் மது கொடுக்கப்படுகிறதா அல்லது நம்மைப் போல் உள்ளவர்களுக்கும் மது கொடுக்கிறார்களா என்பதைப் பார்ப்பதற்கு. நம்மைப்போல் உள்ளவர்களுக்கும் மது கொடுக்கப்படுமா என்று கேட்டேன். அங்குள்ளவர்கள் என்னிடம் சொன்னார்கள்—ஸர், இரண்டு மணிக்கூர் கழிஞ்சு வந்தால் இரண்டு பெக்கோ, நாலு 'பெக்கோ' தராம் என்று சொன்னார்கள். இதிலிருந்து நாகர்கோவிலில் மதுவிலக்குத் திட்டம் அமுலில் இருக்கிறது என்று சொல்ல முடியுமா? திருவிதாங்கூர்–கொச்சி ராஜ்யத்தில் நாகர்கோவிலில் ஒரு டிஸ்டிலரி இருக்கிறது. ஆனால் இன்று இந்நாட்டில் ஆயிரம் டிஸ்டிலரிகளிருக்கின்றன என்று சொல்லிக்கொள்கிறேன். எங்கே போனாலும் பத்து, நூறு, ஆயிரக்கணக்கில் சாராய பாட்டில்கள் கிடைக்கும். நாகர்கோவிலில் ஒரு டிஸ்டிலரிதான் உண்டு. ஆனால் தற்போது அங்கே எந்தக் கிராமத்தில் பார்த்தாலும் டிஸ்டிலரிகள் இருக்கின்றன. மது விலக்குத் திட்டத்தை அமுலுக்குக் கொண்டுவர வேண்டிய அதிகாரிகளே கள்ளச் சாராயம் வடிக்க அனுகூலமாக இருக்கிறார்கள். இந்த சர்க்காரும் மதுவிலக்குத் திட்டம் என்று சொல்லி வேறு பக்கம் மதுவுக்கு ஆதரவுமளிக்கிறார்கள். கதர் ஜுப்பா, தொப்பி தரித்து, காந்தியடிகளின் சீடர்கள், நாங்கள்; காந்தியடிகளின் திட்டத்தை நாட்டில் பரப்புவோம் என்று சொல்லக்கூடிய நீங்கள், சுமதலைக் கண்ணீர் வடிக்கக்கூடிய நீங்கள், இத்திட்டத்தை இந்த ராஜ்யம் பூராவிலும் உடனடி அமுலில் கொண்டுவர வேண்டும். மற்றவர்கள் குற்றம் கூறக்கூடிய முறையில் ஸ்ரீ பனம்பள்ளி கோவிந்த மேனவன் சொன்னது போல், இது பன்னிரண்டு நாள் ஆன சர்க்கார். ஏன் குற்றப்படுத்துகிறீர்கள்; எங்களை ஆதரியுங்கள் என்று சொன்னால்—இந்த எண்ணம் அவர்களின் மனத்தில் உண்மையாகயிருக்குமானால் இன்றைக்கே காந்தியடிகளின் திட்டங்களை அமலுக்குக் கொண்டுவாருங்கள். ஜனங்களுக்கு நூறுக்கு நூறு நன்மை செய்ய வேண்டுமென்று இருக்குமானால் நான் சொன்னதுபோல் இம்மதுபானத்தை இந்த ராஜ்யம் பூராவிலும் உடனடி நிறுத்த வேண்டும். இது தான் எங்கள் கட்சியின் கோரிக்கை. ஸர், கழிந்த பொது தேர்தல் காலத்தில் காங்கிரஸ் சாராயம் கொண்டு கொடுத்து வோட்டு வாங்கினது தெரியும். கட்குடிக்க இன்று ஒரு காங்கிரஸ்காரன் வீட்டிற்குப் போனால் போதும்.

ശ്രീ. ആർ. കേശവപിള്ള: അങ്ങിനെ ചെയ്യുന്ന തമിഴ്നാട് കോൺഗ്രസ്സോ അല്ല വേറെ കോൺഗ്രസ്സോ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அது, இன்று குட்டிமாளு அம்மா தலைமை வகிக்கக் கூடிய காங்கிரஸ். இதோடு ஒரு சங்கதிகூட சொல்ல ஆசையுண்டு. ஸர், இன்றும், நேற்றும், எங்குபார்த்தாலும் கொச்சி மக்கள் கூட்டம் கூட்டமாக இருந்து பேசிக்கொண்டிருக்கிறார்கள். அவர்கள் என்ன சொல்கிறார்கள்: "If Mr. Panampilli Govinda Menon becomes Minister, that will be enough." அதாவது ஸ்ரீ. பனம்பள்ளி கோவிந்த மேனவன் மந்திரியாக யிருந்தால் போதும். அது அவர்களுக்கு ரொம்ப திருப்தியை அளிக்கிறது என்கிறார்கள். அவர்கள் ஏன் அப்படிச் சொல்கிறார்கள் என்று பார்த்தால், உத்தியோகத்திலிருக்கக் கூடிய கொச்சி மக்களுக்கு அதிக ஆதரவு அளிக்கக்கூடியவர் மந்திரியாக இருக்கிறார் என்பது அர்த்தம். ஸர், கொச்சியிலுள்ளவர்களுக்கு நல்ல அரிசியும், திருவிதாங்கூரிலிருக்கப்பட்டவர்களுக்கு நாயும் தின்னாத அரிசியும் கொடுக்கப்படுகிறது. திருவிதாங்கூர் மந்திரிகளே! நீங்கள் இதுபோல் திருவிதாங்கூர்காரர்களை ஆசீர்வதிக்கிறீர்களா என்று கேட்கிறேன். இல்லை. இவர்களை சபிக்கத்தான் நீங்கள் இருக்கிறீர்கள். நான் கடைசியாக மந்திரிகளுக்கு ஒரு எச்சரிக்கை கொடுக்கிறேன். திருவிதாங்கூரோ, கொச்சியோ, எந்த ராஜ்யத்திலுள்ளவர்களானாலும் சரி, எந்த மதத்தைச் சார்ந்தவர்களானாலும் சரி, எந்த் சமுதாயத்தைச் சேர்ந்தவர்களானாலும் சரி கவலையில்லை. அக்கரையும் இல்லை. நீங்கள் இன்னும் 12 நாள்களோ இல்லை பன்னிரண்டு வாரங்களோ அல்லது 12 மாதங்களோ மந்திரியாக யிருங்கள். ஆனால் திருவிதாங்கூர், கொச்சி என்ற பாகுபாடு இல்லாமல் ஜாதிமத பேதமில்லாமல் நல்ல முறையில் நடத்திக்கொண்டு போகாவிட்டால் உங்கள் மந்திரி சபையும், கக்ஷியும் அதிசீக்கிரம் முடியும் என்று எச்சரிக்கை செய்து விட்டு என் பேச்சை முடித்துக்கொள்கிறேன.

**Shri Rajagopalan Nair:** Sir, I move that the Demand under V. Forests be omitted (to discuss maladministration of the department).

**3 p.m.]**

ഈ ഫോറസ്റ്റ് ബഡ്ജററിനെപ്പററി വളരെ വിശദമായി അപഗ്രഥനം ചെയ്തു പരാമർശിക്കണമെന്നായിരുന്നു ഞങ്ങളുടെ ഉദ്ദേശം. പക്ഷെ സാധാരണ അവസരങ്ങളിൽ ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് ബഡ്ജററ പഠിക്കാൻ കൊടുക്കുന്ന ൨ ദിവസംപോലും ഞങ്ങൾക്കു തരാൻ കാരുണ്യമേറിയ നമ്മുടെ സർക്കാരിനു കഴിഞ്ഞില്ല. അതിനു് ഇനി ഒരവസരത്തിൽ സൗകര്യം ലഭിക്കുമെന്നുള്ള സമാധാനമാണു് ഞങ്ങൾക്കുള്ളതു്. ഫോറസ്റ്റ് ബഡ്ജററിനെപ്പററി പ്രതിപാദിക്കുമ്പോൾ അതു കാടുപോലെയാണിരിക്കുന്നതെന്നു പറയാനാണു് എൻെറ ആഗ്രഹം. പക്ഷെ കാട്ടിൽ ഒന്നാം തരം വൃക്ഷങ്ങളെങ്കിലും കാണും. പ്രത്യേകതൽപരകക്ഷികൾക്കു് വിട്ടുകൊടുക്കുന്ന വൃക്ഷങ്ങളെങ്കിലും കാണും. എന്നാൽ ഫോറസ്റ്റ് ബഡ്ജററ വിശാലമായ ഒരു മണലാരണ്യംപോലെയാണു് കാണുന്നതു്. മണലാരണ്യത്തിലും യാത്രക്കാരനു ആശ്വാസം നൽകുന്ന ഓയസിസ് കാണും. എന്നാൽ ഇതിൽ നാട്ടുകാർക്കു് ആശ്വാസം നൽകുന്ന യാതൊന്നുമില്ലെന്നു് എനിക്കു വളരെ വ്യക്തമായി പറയാൻ കഴിയും. മന്ത്രിസഭ ചാർജ്ജു് എടുത്തിട്ടു് ൧൨ ദി

വസമേ ആയിട്ടുള്ളു എന്നതിനാൽ ഈ സ്റ്റേററിലെ ധനസ്ഥിതിയെക്കുറിച്ചു നിശ്ചയമായ അറിവില്ലെന്നും ചെലവിനങ്ങളെക്കുറിച്ച് വിശദമായ അറിവില്ലെന്നും ബഡ്ജററ പ്രസംഗത്തിൽതന്നെ പ്രസ്താവിച്ച സത്യസന്ധനും കപടരഹിതനുമായ ധനകാര്യമന്ത്രിയുടെ മഹാമനസ്കതയെ ഒട്ടും അനാദരവുകൂടാതെ അനുമോദിക്കേണ്ടതാണ്. ഏതു പ്രശ്നം ഗവൺമെൻറിൻെറ മുമ്പിൽ വന്നാലും സാമ്പത്തികനില ഉയരട്ടെ ഉയരട്ടെ എന്നാണ് സമാധാനം. എന്നാൽ ഈ ഉയരണം ഉയരണം എന്ന് ആഗ്രഹിച്ചതുകൊണ്ടു മാത്രം സാമ്പത്തികമായി താനെ അങ്ങുയരുകയില്ലെന്ന് എൻെറ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയായ ചാലക്കുടി മെമ്പർ അറിയുമെന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹവും ഒരു കുഞ്ഞല്ലല്ലൊ. ഫാറസ്റ്റിൽനിന്നും വരവു വർദ്ധിപ്പിക്കുന്നതിന് റിസർവ്വ് ഫാറസ്റ്റായി സൂക്ഷിക്കുന്ന സ്ഥലത്ത് ഉപയോഗപ്രദമായ ക്രീപ്പേഴ്സ് നട്ടുപിടിപ്പിക്കുന്നതു് നല്ലതായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. അതുമൂലം കൂടുതൽ വരവ് ഫാറസ്റ്റിൽനിന്നും ഉണ്ടാക്കാൻ കഴിയുമെന്നും ഞാൻ വിശ്വസിക്കുന്നു. ബഡ്ജററിൽ ഗ്രോ മോർ ഫുഡ് ഇനത്തിൽ കുറച്ചു തുക കൊള്ളിച്ചിട്ടുണ്ട്. അതിനെപ്പററി ചില കാര്യങ്ങൾ പറയാനുണ്ട്. മററു കൃഷിസ്ഥലങ്ങൾക്കു് ഉപദ്രവകരമായി ചില ഫാറസ്റ്റ് ഏരിയ കൃഷിക്കായി വിട്ടുകൊടുത്തിട്ടുണ്ടെന്ന് ജനങ്ങളുടെ പരാതി വന്നിട്ടുണ്ട്. ഗ്രോ മോർ ഫുഡിന് അനവധി പണം ചിലവാക്കിക്കഴിഞ്ഞിട്ട് ൧൯൫൧ അവസാനമാകുമ്പോൾ ഭക്ഷ്യധാന്യത്തിൻെറ ഇറക്കുമതി നിശ്ശേഷം അവസാനിപ്പിക്കുന്നതാണെന്ന് കേന്ദ്രത്തിലെ നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. ൧൯൫൨ ആയിരിക്കുന്ന ഇപ്പോഴും നമ്മുടെ നാട്ട് അന്യനാട്ടിൻെറ മുമ്പിൽ പിച്ചതെണ്ടുകയാണെന്ന് നമ്മുടെ ബുദ്ധിമാനായ—വേറൊരു വാക്കുപയോഗിക്കുകയാണെങ്കിൽ ബുദ്ധിരാക്ഷസനായ ധനകാര്യമന്ത്രിയ്ക്കും അറിയാമെന്നു വിശ്വസിക്കുന്നു. ഈ ഗ്രോ മോർ ഫുഡ് കാമ്പയിന് എത്രമാത്രം പണം ചെലവാക്കിയിട്ടുണ്ടെന്ന് നമുക്കറിയാം. ഇത്രയധികം രൂപാ ചെലവാക്കിയതുകൊണ്ടു് എന്താണ് ഒരു നേട്ടമുണ്ടായിട്ടുള്ളതു്. കേന്ദ്രത്തിലെന്നപോലെ ഇവിടെയും അതിന് Statistics ഇല്ല. ഇത്രയും കാലമായിട്ടും നമ്മുടെ ആഹാരസാധനങ്ങൾ സമ്പാദിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇന്ന് ഇവിടെ ആഹാരസാധനങ്ങൾ ഇല്ലെന്നു പറഞ്ഞാൽ ബുദ്ധിമാനായ നമ്മുടെ ധനകാര്യമന്ത്രി പറയും കേന്ദ്രത്തിൽനിന്നും തരുന്ന സബ്സിഡി കുറഞ്ഞുപോയി എന്ന്. കേന്ദ്രം പറയും പ്രൊക്യൂവർമെൻറ് മോശമായിപ്പോയി എന്ന്. ഇങ്ങനെ ആഹാരപ്രശ്നത്തിൽ ഒരു വലിയ വിഷമതയാണ് സംഭവിച്ചിരിക്കുന്നതു്. ഈ നില ഒരാപത്തിനാണെന്നു ധനകാര്യമന്ത്രി ഓർക്കേണ്ടതാണ്. മുമ്പ് ഫുഡ് ഡെഫിസിററായിരുന്നതു് ൩൨ ലക്ഷം ടൺ ആണ്. ഇപ്പോൾ അതു് ൪൨ ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് ആൾ ഇൻഡ്യാ ഫുഡ് കൗൺസിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഇതു് കുറെയൊക്കെ ജനസംഖ്യ വർദ്ധിച്ചിട്ടുള്ളതുകൊണ്ടാണെന്നു സമ്മതിക്കാം. കുറെയൊക്കെ കൃഷിപ്പിഴമൂലമാണെന്നും സമ്മതിക്കാം. ഇതുമുഴവൻ കൃഷിപ്പിഴമൂലമാണെന്നോ ജനസംഖ്യവർദ്ധനവുമൂലമാണെന്നോ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുമെന്നു തോന്നുന്നില്ല. അനേകം പദ്ധതികളുടെ കൂട്ടത്തിൽ ഉള്ള ഒരു പദ്ധതിയാണ് ഗ്രോമോർഫുഡ് പദ്ധതിയും. ൩ കൊല്ലമായി ൧൫ ലക്ഷം രൂപാ ഒരു പദ്ധതിക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന ഒരു പദ്ധതി ഇവിടെയു

[Shri Rajagopalan Nair]

ണ്ടെന്നു ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഫാറസ്റ്റ് പദ്ധതിയെ ഉദാഹരിക്കാനാണ് ഞാനിതു് പറയുന്നതു്. ആ പദ്ധതിയനുസരിച്ചു് ഒരു വർഷം ൫൦൦ വീടുകളെന്ന കണക്കിൽ ഇപ്പോൾ ൧൫൦൦ വീടുകളുണ്ടാക്കേണ്ടതാണു്. ഇത്രയും പൈസ നീക്കിവച്ചിട്ടു് ൨൦൦ വീടുകൾ മാത്രമാണു് ഉണ്ടാക്കിയിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ടു്. ബാക്കിയുള്ള പണം എവിടെപ്പോയി. ഉപയോഗിക്കാതെ ലാപ്സായിപ്പോയി എന്നതാണു് പരമാർത്ഥം. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തിൽ കൊള്ളരുതായ്മകൾ അനേകമുണ്ടു്. ഇഷ്ടമുള്ളവർക്കു് ഫാറസ്റ്റിനകത്തു സ്ഥലം പതിച്ചുകൊടുക്കുന്ന ഒരു സമ്പ്രദായം ഈ നാട്ടിലുണ്ടു്. അതിനെപ്പററി പരാതികളും വന്നിട്ടുണ്ടു്. കഴിഞ്ഞ നിയമസഭയിലെ മെമ്പറന്മാർ ഉൾപ്പെട്ടിട്ടുള്ള കോവാപ്പറേറീവ് സൊസൈററികൾക്കു് വനം പതിച്ചുകൊടുത്തിട്ടുണ്ടു്. ആ പേരുകാരിൽനിന്നും ഇപ്പോൾ കരം കിട്ടാനും നെല്ലെടുക്കാനും വിഷമിക്കുന്നുണ്ടു്. ഇങ്ങനെ കടലാസ് പദ്ധതികൾ കൃത്രിമം ചെയ്തു ഒരു യോഗക്ഷേമരാഷ്ട്രം കെട്ടിപ്പടുത്തുകളയാമെന്നു കരുതുന്ന രാജ്യസ്നേഹത്തിൻെറ കുത്തകയിൽ ഷെയർവാങ്ങാൻ വെമ്പുന്ന നമ്മുടെ ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററ് ഒരു പോലീസ് ബഡ്ജററാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എൻെറ പാർട്ടിനേതാവു് പറഞ്ഞതുപോലെ ഒരു റസീവർ ബഡ്ജററ് മാത്രമല്ല ഇതു്. ഇതു് ഒരു പോലീസ് ബഡ്ജററുകൂടിയാണു്.

സർ, നാലാംഫാറത്തിൽ എ. യും, ബി. യും ഉണ്ടെന്നുള്ള കാര്യംവരെ അറിവ് സമ്പാദിച്ചിരിക്കുന്ന നമ്മുടെ ധനകാര്യമന്ത്രി എൻെറ പ്രസംഗത്തിനു് ഞാൻ കാടുകയറി എന്നു് മറുപടി പറയാൻ തയാറെടുക്കുകയായിരിക്കും. പത്തനാപുരം താലൂക്കിൽനിന്നാണു് ഞാൻ വരുന്നതു്. അല്പമൊക്കെ കാടുകയറിയവനാണു്. പക്ഷേ ചുമതലക്കണ്ണീരിൻെറ മറയിൽ സംസാരിക്കുന്ന ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറോടു് എനിക്കൊന്നു പറയാനുണ്ടു്. നാലരക്കൊല്ലത്തെ നിങ്ങളുടെ ഭരണം ഈ നാട്ടുകാർക്കു് ചുമനൽകി. അതുകൊണ്ടു് അവരുടെ തലക്കു് വെളിവുവന്നു. അതുകണ്ടു് നിങ്ങൾക്കു് ഭയത്തിൻെറ കണ്ണീർ വരുന്നുണ്ടെങ്കിൽ അതിനു് ഉത്തരവാദി പാവപ്പെട്ട നാട്ടുകാരല്ല. നിങ്ങൾതന്നെയാണു്. ഞാൻ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

**Shri M. V. Cherian:** Sir, I move that the Demand for Grant on account under V Forests be reduced by Rs. 100 (to discuss the impending necessity of making a survey of the reserve to find out suitable places for paddy cultivation.

സർ, നമ്മുടെ രാജ്യത്തു വളരെ വിസ്തീർണ്ണമുള്ള വനഭൂമികൾ കൃഷിക്കുപയോഗ്യമായിട്ടുള്ളവയും അല്ലാത്തവയുമായി കിടപ്പുണ്ടു്. ഈ വനഭൂമികൾ ഇങ്ങനെ ഭക്ഷ്യക്ഷാമം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇപ്രകാരം കാത്തുസൂക്ഷിക്കപ്പെടേണ്ട ആവശ്യമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. നമ്മുടെ രാജ്യം ഒരു കർഷകരാജ്യമാണെന്നഭിമാനിക്കപ്പെടുന്നു. എൻെറ മുൻ പ്രാസംഗികന്മാർ പറഞ്ഞതുപോലെ നമ്മുടെ കാടുകൾ കുറെഭാഗം കൃഷിക്കായി വീതിച്ചുകൊടുത്തിട്ടുണ്ടെങ്കിലും അവയിൽ കണ്ടമാനം കയറി നമ്മുടെ വനങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കയാണെന്നുള്ളതിൽ കുറച്ചു പരമാർത്ഥവുമില്ലാതില്ല. ഇങ്ങനെ വനങ്ങൾ നശിപ്പി

ച്ചുകൊണ്ടുപോകാതിരിക്കുന്നതിനായി ഈ വനങ്ങൾ വേണ്ടതരത്തിൽ ഒരു സർവ്വെ നടത്തേണ്ടതത്യാവശ്യമാണ്. നമ്മുടെ രാജ്യത്തെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനു് ഇതൊരു പ്രധാനമാർഗ്ഗമാണ്. ഇങ്ങനെ വനങ്ങൾ സർവ്വെചെയ്തു കൃഷിക്കുപയോഗപ്രദമായ ഭൂമികൾ കൃഷിചെയ്യുന്നതിനായി വിട്ടുകൊടുക്കണമെന്നുള്ള കാര്യം ഈ സഭയുടെ മുമ്പാകെ കൊണ്ടുവരുവാൻ വേണ്ടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്.

നമ്മുടെ രാജ്യം ലോകത്തിലെ ഇതരരാജ്യങ്ങളെ അപേക്ഷിച്ചു് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഒരു രാജ്യമാണെന്നു നാമെല്ലാം ഓർക്കേണ്ടതാണ്. പ്രതിപക്ഷത്തുള്ള എന്റെ ബഹുമാന്യസ്നേഹിതന്മാരെല്ലാം തന്നെ ഈ കാര്യങ്ങളെപ്പറ്റി ഈ സഭ മുമ്പാകെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ ഭക്ഷണക്ഷാമം എങ്ങിനെ പരിഹരിക്കാമെന്നുള്ളതിനെപ്പറ്റി സൃഷ്ടിപരമായ യാതൊരു പരിപാടികളും അവർ പുറപ്പെടുവിച്ചുകണ്ടില്ല. അവർ ചെയ്ത പ്രസംഗങ്ങളിൽ പറഞ്ഞ ഓരോ കാര്യങ്ങളും ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവ വെറും വാദകോലാഹലങ്ങൾ മാത്രമായിരുന്നു. ആകർഷണീയങ്ങളായ വാക്കുകൾകൊണ്ടുമാത്രം നമ്മുടെ ജീവൽപ്രശ്നങ്ങൾക്കു ഒരു പരിഹാരമുണ്ടാകാൻ പോകുന്നില്ല. വെറും പടഹധ്വനികൾകൊണ്ടു് കാര്യങ്ങൾ ഒന്നും സാധിക്കുവാൻ പോകുന്നില്ല. സൃഷ്ടിപരമായ പ്രവർത്തനമാർഗ്ഗങ്ങൾകൊണ്ടു് നമ്മുടെ രാജ്യത്തെ എങ്ങനെ നന്നാക്കാമെന്നു പറയേണ്ട അവസരത്തിൽ "ദരിദ്രനാരായണന്മാർ" എന്നും മറ്റും ഉള്ള വാക്കുകൾകൊണ്ടു് വാദകോലാഹലങ്ങൾ നടത്തിയാൽ മാത്രം മതിയാകുന്നതല്ല. ഇവിടെ ഭക്ഷണക്ഷാമം കൊടുമ്പിരിക്കൊണ്ടിരിക്കുന്നു എന്നും ഇവിടത്തെ ഭരണം സിൻബാദ് എന്ന കഥയിലെ 'ഓൾഡ്മാൻ ഓൺ ദി ഷോൾഡർ' പോലെയാണെന്നും ഇന്നത്തെ ഭരണം ജനാധിപത്യപരമല്ലെന്നും ഒരു സേച്ഛാധിപത്യഭരണമാണെന്നും മറ്റുമുള്ള വാദകോലാഹലങ്ങൾ മുഴക്കുന്നവരോടു് എനിക്കു് പറയാനുള്ളതു്, ഇവിടെ ഒരു സേച്ഛാധിപത്യഭരണം ഉറപ്പിക്കാൻ വെമ്പൽകൊള്ളുന്ന ഒരു പാർട്ടിയാണ് അവർ എന്നാണ്.

നമ്മുടെ രാജ്യത്തു് ഏതാണ്ടു് ൩ ലക്ഷത്തോളം ഏക്കർ ഭൂമിയാണ് ഇപ്പോൾ കൃഷിക്കു വിധേയമായിരിക്കുന്നതു്. ഈ നാട്ടിലെ വിളഭൂമികളിൽനിന്നും ഏക്കറൊന്നിനു നൂറു പറ നെല്ലു ലഭിക്കുകയാണെങ്കിൽ തന്നെ ൩ ലക്ഷം ടൺ നെല്ലു് നമുക്കു കിട്ടും. അതായതു്, മൂന്നു ലക്ഷം ടൺ അരി നമുക്കു ലഭിക്കുമെന്നു കാണാവുന്നതാണ്. നമ്മുടെ ഈ രാജ്യത്തെ ജനസംഖ്യ കണക്കാക്കുന്നപക്ഷം പന്ത്രണ്ടു ഔൺസു് റേഷൻവച്ചു നമുക്കു കൊടുക്കുകയാണെങ്കിൽതന്നെ ഏഴരലക്ഷം ടൺ അരി നമുക്കാവശ്യമാണ്. ഇങ്ങനെയിരിക്കുന്ന സ്ഥിതിക്കു് നമുക്കു വെളിയിൽനിന്നും റേഷൻ ലഭിക്കാതെയിരിക്കുന്നപക്ഷം നമുക്കു അരി എവിടെനിന്നു കിട്ടും? ഇതിലേയ്ക്കു് ഒരു പരിഹാരമുണ്ടാക്കുന്നതിനു് ബഹുമാനപ്പെട്ട സഭയും ഈ ഗവൺമെന്റും പല കാര്യങ്ങളും ചെയ്യേണ്ടതുണ്ടു്. പല പദ്ധതികളും നമുക്കാവിഷ്കരിക്കാവുന്നതാണ്. ഇന്നു ഏറ്റവും പ്രധാനമായി നമ്മുടെ മുമ്പിലിരിക്കുന്ന വമ്പിച്ച പ്രശ്നം ഈ രാജ്യത്തെ വർദ്ധിച്ച ജനസംഖ്യയെസംബന്ധിച്ചുള്ളതാണ്. ആരെല്ലാമോ പറഞ്ഞിട്ടുള്ളതുപോലെ പതിമൂന്നരസെൻറു് ഭൂമി ഓരോരുത്തർക്കും വീതിച്ചുകൊടുത്താൽതന്നെ ഈ

[Shri M.V, Cherian]

രാജ്യത്തെ ഭക്ഷ്യക്ഷാമം പരിഹരിക്കാൻ പോകുന്നില്ല. എനിക്കു പറയാനുള്ളതു്, ഈ രാജ്യത്തു് വളരെ ചുമതലയോടുകൂടിയും ചിന്തയോടുകൂടിയും ചില പരിഷ്കാരങ്ങൾ വരുത്തേണ്ടിയിരിക്കുന്നു എന്നാണ്. നാം മഹത്തായ ഭാരതരാജ്യത്തിന്റെ ഒരംശമാണെന്നു അവകാശപ്പെടുന്നു. മാത്രമല്ല, ഏതോ ഒരു കോമൺവെൽത്തിലെ അംഗം എന്നുകൂടി നാം അവകാശപ്പെടുന്നു. ഇൻഡ്യയിൽ, പ്രത്യേകിച്ചും കേരളത്തിലെപ്പോലെ ജനസംഖ്യയുള്ള ഒരു രാജ്യം ലോകത്തു ചുരുക്കമായിരിക്കും. ക്യാനഡായിൽ ചതുരശ്രമൈലിന് ഏഴും ആസ്ത്രേലിയായിൽ ചതുരശ്രമൈലിന് മൂന്നും മാത്രം ജനസംഖ്യയുള്ളപ്പോൾ നമ്മുടെ രാജ്യത്തു ചതുരശ്രമൈലിനു ആയിരത്തി അഞ്ഞൂറാളുകൾ താമസിക്കുന്നുണ്ടെന്നുള്ള വാസ്തവം ബഹുമാനപ്പെട്ട മെമ്പറന്മാർക്കും അറിവുള്ളതാണല്ലോ. ഇന്നു നമ്മുടെ ഭക്ഷ്യക്ഷാമം പരിഹരിക്കപ്പെടണമെന്നുള്ളതു് ഏററവും പ്രധാനമേറിയ ഒരു കാര്യമാണ്. അതിലേയ്ക്കു് ഒരു പോംവഴിയായി എന്റെ അഭിപ്രായത്തിൽ തോന്നുന്നതു്, നമ്മുടെ നാട്ടിൽ അധികം ജനസംഖ്യയുള്ള ഭാഗങ്ങളിൽനിന്നും ജനസംഖ്യ കുറവായ സ്ഥലങ്ങളിലേയ്ക്കു് ആളുകളെ കുടിയേററിപ്പാർപ്പിച്ചു കൃഷിചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതു് നല്ലതാണെന്നാണ്. ഇന്നു യു. പി., ഹൈദ്രബാദ് മുതലായ സ്ഥലങ്ങളിൽ വളരെ കുറഞ്ഞ ജനസംഖ്യമാത്രമേയുള്ളു. അവിടെയെല്ലാം നമ്മുടെ നാട്ടിൽനിന്നും ഭൂമിയില്ലാത്തവരെ എന്റെ പ്രതിപക്ഷത്തുള്ള സ്നേഹിതന്മാരുടെ ഭാഷയിൽ പറയുകയാണെങ്കിൽ 'ദാരിദ്രനാരായണന്മാരെ' കുടിയേറിപ്പാർക്കുന്നതിനു് സൗകര്യമുണ്ടാക്കിക്കൊടുക്കേണ്ടതാണ്. ഇപ്പോൾതന്നെ നമ്മുടെ നാട്ടിൽനിന്നും മലബാറിലേയ്ക്കു് കുറെ ആളുകൾ കുടിയേറിപ്പാർക്കുന്നതിനായി പോകുന്നുണ്ടു്. ഈ മാതിരി പ്രവർത്തനങ്ങൾ നാം തീർച്ചയായും സ്വാഗതം ചെയ്യേണ്ടതാണ്. അതിനു് ഖജനാവിൽനിന്നും പണംകൊടുക്കേണ്ടതും ആവശ്യമാണെന്നാണ് എനിക്കു് ഈ സഭയെ അറിയിക്കുവാനുള്ളതു്.

രണ്ടാമതായി എനിക്കു പറയാനുള്ളതു് ഇവിടത്തെ വർദ്ധമാനമായ ജനസംഖ്യയെ പട്ടിണിയിൽനിന്നും രക്ഷിക്കുന്നതിനുള്ള മറെറാരു മാർഗ്ഗം ഇവിടെയുള്ള വനഭൂമികളെപ്പററി നിരപ്പെ ഒരു സർവ്വെ നടത്തി കൃഷിക്കുപയുക്തമായതും അല്ലാത്തതുമായ ഭൂമികൾ പരിശോധിച്ചു് കൃഷിക്കായി വിട്ടുകൊടുക്കുകയെന്നുള്ളതാണ്. ഇവിടെ വമ്പിച്ച കോലാഹലങ്ങൾ കേൾക്കുകയുണ്ടായി. ആളുകൾ വനങ്ങളിൽ കയറി വനസമ്പത്തു് താറുമാറാക്കിയെന്നും മററുമെല്ലാം. അവരുടെ പ്രസംഗങ്ങൾ വളരെ ശ്രദ്ധയോടുകൂടി ഞാൻ കേട്ടു. മുൻപ്രാസംഗികൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പരാമർശിച്ചിരുന്ന സംഗതി സത്യംതന്നെയാണ്. പക്ഷെ ആയിരമോ ആയിരത്തിഅഞ്ഞൂറോ അതല്ല, നാലോ അഞ്ചോ ആയിരമോ ഏക്കർ സ്ഥലത്തു അങ്ങിനെ കണ്ടമാനം ആളുകൾ കയറി നശിപ്പിച്ചിരിക്കാം. അങ്ങനെ അനധികൃതമായി പ്രവേശിച്ചിട്ടുള്ള സ്ഥലങ്ങളെപ്പററി അധികാരസ്ഥാനങ്ങളിൽനിന്നും ചില നടപടികൾ നടത്തിയിട്ടുണ്ടു്. ആ വനങ്ങളിൽ താമസക്കാരായ ചിലർ പോലീസിന്റെ മർദ്ദനത്തിനു വിധേയമായിട്ടുള്ളതായും അറിവുണ്ടു്. ഇന്നു് നമ്മുടെ രാജ്യം ഒരു ജനാധിപത്യഭരണത്തിൻകീഴിലാണിരിക്കുന്നതു്. നമുക്കീഭരണത്തിൽ അത്രകണ്ടു പഴക്കമോ തഴക്കമോ ഇല്ല. ഈവക കാര്യങ്ങളെപ്പററി എല്ലാവരുമായി ആലോചിച്ചു വേണ്ട നടപടികൾ ഗവമ്മെൻറു കൈക്കൊള്ളുമെന്നു പ്രതീക്ഷിക്കാം.

ഇന്നു ഏററവും ആവശ്യമായിരിക്കുന്നതു് വനങ്ങൾ പ്രധാനമായി സർവ്വേ ചെയ്തു് ഏതു തരം നിലമാണു്, മാർഷി ഏരിയായാണോ കരഭൂമിയാണോ എന്നു പരിശോധിച്ചുനോക്കേണ്ടതാണു്. ഇപ്പോൾ കൃഷിക്കു വേണ്ടി പതിച്ചുകൊടുത്തിരിക്കുന്ന വനങ്ങളിൽ ഒരു ഭാഗത്തു ഞാൻ ഒരു സന്ദർഭത്തിൽ പോവുകയുണ്ടായി. അവിടെ താമസസൌകര്യത്തിനായി വീടുകൾ മേഞ്ഞിട്ടിരിക്കുന്നതല്ലാതെ മറെറാന്നും കാണാനുണ്ടായിരുന്നില്ല. മററു പല സ്ഥലങ്ങളും പതിച്ചുകൊടുത്തിട്ടുണ്ടെങ്കിലും അവിടം ആളുകൾ ഉപേക്ഷിച്ചുപോയ സ്ഥലങ്ങളായിട്ടാണു് കണ്ടതു്. അപ്പോൾ അവിടെ മുൻകൈവശക്കാർ പ്രവേശിച്ചിട്ടുണ്ടാവും. ഇതൊരു ദുഷിച്ച സമ്പ്രദായമാണു്.

അതുകൊണ്ടെനിക്കു പറയാനുള്ളതു്, ഇങ്ങനെ വനങ്ങൾ പതിച്ചുകൊടുക്കുന്നതിനു മുമ്പു ഏതെല്ലാം സൌകര്യമായ സ്ഥലങ്ങളുണ്ടെന്നു ഒരു സർവ്വേ നടത്തി ബ്ലോക്കുകളായി തിരിച്ചു് കൃഷി നടത്തുന്നതിനു വ്യവസ്ഥയുണ്ടാക്കേണ്ടതാണു്. കൃഷി ചെയ്യാനും വീടു വെയ്ക്കാനും നിവൃത്തിയില്ലാത്ത സാധുക്കൾക്കു വേണ്ടി ആ സ്ഥലങ്ങൾ പതിച്ചുകൊടുക്കേണ്ടതാണു്. ഇവിടെ പറയുകയുണ്ടായി, വനങ്ങൾ രാജ്യത്തിന്റെ സമ്പത്താണെന്നു്. എന്നാൽ ഈ ചെറിയ രാജ്യത്തു് ഇത്രയും ഭക്ഷ്യക്ഷാമവും ജനസംഖ്യയും ഉള്ള സ്ഥിതിക്കു് ഈ വനങ്ങൾ വെറുതെ മൃഗങ്ങൾക്കു ജീവിക്കുന്നതിനായി ഇട്ടിരിക്കുന്നതിനേക്കാൾ കൃഷിക്കായി ഈ വനങ്ങൾ പതിച്ചുകൊടുത്തു കൃഷി വർദ്ധിപ്പിച്ചു് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതാണു് ഏററവും സൃഷ്ടിപരമായ ഒരു വഴി.

അതുകൊണ്ടു് ഈ വനങ്ങൾ ഗവമെൻറിൽനിന്നും സർവ്വേ ചെയ്തു് കൃഷിക്കുപയോഗയോഗ്യമായ ഭൂമികൾ നീക്കിവെയ്ക്കേണ്ടതാണെന്നും അവ ബ്ലോക്കുകളായി തിരിച്ചു് അവയിൽ പ്രവേശിക്കുന്നതിനും ഗതാഗതസൌകര്യങ്ങൾക്കുമായി റോഡുകളും തോടുകളും ആശുപത്രികളും വിദ്യാഭ്യാസസൌകര്യങ്ങളും മററു ആവശ്യമായ സൌകര്യങ്ങളെല്ലാം തന്നെ ഗവമെൻറിൽനിന്നും ഉണ്ടാക്കിക്കൊടുക്കണമെന്നും അപ്രകാരം ചെയ്യിക്കുന്നതിലേക്കു് ഈ സഭയിലെ എല്ലാ അംഗങ്ങളും യോജിക്കുമെന്നും എനിക്കു വിശ്വാസമുണ്ടു്. ഇങ്ങനെ നമ്മുടെ രാജ്യത്തെ ഭക്ഷ്യക്ഷാമം പരിഹരിക്കാൻ കഴിയുമെന്നും അഭിപ്രായപ്പെട്ടുകൊണ്ടും ഞാൻ അവതരിപ്പിച്ച മോഷൻ നിങ്ങളുടെ എല്ലാപേരുടേയും ശ്രദ്ധയെ ആകർഷിക്കുമെന്നു് വിചാരിച്ചുകൊണ്ടും ഞാൻ വിരമിക്കട്ടെ.

**Shri O. C. Ninan**: Sir, I move that an amount of Re. 1 be reduced from Grant No. VII—Motor Vehicles Act (to speak about the improper working of the Act and Rules and the consequent trouble to the people).

ഞാൻ കോൺഗ്രസ്സ് അംഗമാണെങ്കിലും കോൺഗ്രസ്സ് ഗവമെൻറാണു് ഇന്നു് അധികാരത്തിലിരിക്കുന്നതെങ്കിലും ഇന്നു നിലവിലിരിക്കുന്ന മോട്ടോർ വെഹിക്കിൾസ് റെഗുലേഷൻ അനുസരിച്ചുള്ള പ്രവർത്തനത്തിൽ ചില ക്രമക്കേടുകൾ എനിക്കു് ഗവമെണ്ടിനെ അറിയിക്കാനുണ്ടു്. ഇതു റെഗുലേഷനിലുള്ള ക്രമക്കേടല്ല. ഇന്നു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ പല ക്രമക്കേടുകളും ഉണ്ടെന്നുള്ള വസ്തുത സാധൂകരിക്കുന്നതിനും അതു ചൂണ്ടിക്കാണിക്കുന്നതിലേയ്ക്കുമാണു് ഞാൻ ഈ മോഷൻ കൊണ്ടുവന്നിരിക്കുന്നതു്. ആദ്യമായി എനിക്കു് പ്രസ്താവിക്കു

[Shri O. C. Ninan]

വാനുള്ളതു് മോട്ടോർവെഹിക്കിൾസ് റെഗുലേഷൻ സ്റ്റേററ് ട്രാൻസ്പോർട്ട് വാഹനങ്ങളെ സംബന്ധിച്ചിടത്തോളം ബാധകമല്ലെന്നുള്ളവിധത്തിൽ അതിലെ ജോലിക്കാർ പ്രവർത്തിക്കുന്നു എന്നുള്ളതാണു്. ട്രാൻസ്പോർട്ടിലെ ഡ്രൈവറന്മാർ പൊതുവെ ഈ റൂളുകൾക്കു വിധേയരല്ലെന്ന ഭാവത്തിൽ അവർ മററു വണ്ടികൾക്കു ശരിയായി സൈഡു കൊടുക്കേണ്ടയാവശ്യമില്ലെന്നു ധരിച്ചു ഓടിച്ചുപോകുന്നു. വളവുകളിലും മററും റൂളുകൾ പാലിക്കാതെയും horn അടിക്കാതെയും പോകുന്നു. പലപ്പോഴും അപമര്യാദയായി മററുള്ളവരോടു പെരുമാറിവരുന്നു. ഈ കാര്യം പ്രത്യക്ഷമായി പലപ്പോഴും കണ്ടിട്ടുണ്ടു്.

കഴിഞ്ഞദിവസം തന്നെ ഞാൻതിരുവല്ലായിൽനിന്നുംയാത്രചെയ്ത അവസരത്തിൽ പല മോട്ടോർ വാഹനങ്ങളെയും കടന്നുപോരേണ്ടതായിവന്നു. മിക്ക മോട്ടോർകാറുകളും ഞാൻ കയറിവന്ന കാറിനു ശരിയായ വഴി കൊടുത്തുകൊണ്ടാണു് പോയതു്. എന്നാൽ ട്രാൻസ്പോർട്ട് ബസുകളാകട്ടെ തിരിവിൽ വരുമ്പോൾ ഹോൺ അടിക്കാതെയും, മററു ബസ്സുകൾക്കു വഴി കൊടുക്കാതെയും ഓടിക്കുന്നതായിട്ടാണു കണ്ടതു്. ഈമാതിരിയുള്ള അശ്രദ്ധയോടുകൂടിയ പ്രവൃത്തികൾ തടയേണ്ടതാണു്. ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കുന്ന ഡ്രൈവർമാക്കു ഒരു വിചാരമുണ്ടു്, തങ്ങളുടെ ബസ്സുകൾ മറെറതു വാഹനങ്ങളിൽചെന്നു മുട്ടിയാലും തങ്ങൾക്കു കുററമില്ല, മുട്ടുന്ന വാഹനങ്ങളിലെ ഡ്രൈവർമാക്കാണു കുററമെന്നു്. സർ, ഈ മനസ്ഥിതി മാററി ഉദാസീനമായി വണ്ടി ഓടിക്കുന്ന ട്രാൻസ്പോർട്ട് ബസ്സുകളിലെ ഡ്രൈവർമാരെയും കർശനമായി ശിക്ഷിക്കേണ്ടതാണു്.

വേറൊരു കാര്യം പ്രൈവററു റൂട്ടുകളെ സംബന്ധിച്ചാണു്. പ്രൈവററു ബസ്സുകൾക്കു ചില റൂട്ടുകളിൽകൂടി ഓടുവാൻ അനുവാദം കൊടുത്തിട്ടുണ്ടു്. അതു അവരുടെ ഒരുവക മൊണോപ്പളിപോലെയാണിരിക്കുന്നതു്. വേറെ ആക്കെങ്കിലും ആ റൂട്ടുകളിൽകൂടി ബസ്സോടിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ അതിലേക്കു അപേക്ഷ വന്നാൽ പ്രായേണ അതിനെ എതിക്കുകയും അവരുടെ സ്വാധീനം മുഴുവൻചെലുത്തി അത്തരം അപേക്ഷകളെ തള്ളിക്കളയുകയും ചെയ്യുന്നതു ഒരുസാധാരണനടപടിയായിത്തീന്നിട്ടുണ്ടു്. ഇതിന്റെ ഫലം അവരുടെ ഇഷ്ടം പോലെ അവർക്കു അനുവദിച്ചുകിട്ടിയിട്ടുള്ള റൂട്ടുകളിൽകൂടി ബസ്സോടിക്കുവാൻ സാധിക്കുന്നു എന്നുള്ളതാണു്. അടുത്ത കാലത്തു പ്രൈവററു ബസ്സുകളിൽ ഓവർലോഡു് പാടില്ല എന്നു കശ്ശനമായി ഉത്തരവുകൾ പുറപ്പെടുവിച്ചപ്പോൾ ഗവമ്മെൻറ അവർക്കു അനുവദിച്ചുകൊടുത്തിട്ടുള്ള റേററിനെക്കാൾ വളരെ കൂടുതൽ റേററിൽ യാത്രക്കാരെ കയററിക്കൊണ്ടുപോയതായി എനിക്കറിയാം. ഒരു മൈൽ യാത്ര ചെയ്യുന്നതിനു് ഒരു യാത്രക്കാരന്റെ പക്കൽനിന്നും കൂടുതൽ വാങ്ങാവുന്ന റേററു് ഇത്ര, കുറഞ്ഞ റേററു് ഇത്ര എന്ന ഒരു പരിധി ഗവമ്മെൻറു വെച്ചിട്ടുണ്ടു്. ഈ പരിധിയെ അതിലംഘിച്ചു്, കൂടുതൽ റേററുകൾ യാത്രക്കാരുടെ പക്കൽനിന്നും പ്രൈവററു ബസുടമസ്ഥന്മാർ വാങ്ങിക്കുന്നതായി പരാതികൾ ഉണ്ടു്. അവർക്കു റേററു കൂട്ടണമെന്നുണ്ടെങ്കിൽ അതിലേക്കു മുൻകൂട്ടി അധികാരികളുടെ അനുവാദം വാങ്ങേണ്ടതാണു്. അതിനൊന്നിനും തുനിയാതെ തങ്ങളാണു് എല്ലാററിനും അധികാരികൾ എന്നു ഭാവിച്ചുകൊണ്ടു ഇവർ ഇഷ്ടംപോലെ കാര്യങ്ങൾ നടത്തുകയാണുചെയ്യുന്നതു്.

ഇതിനെപ്പററി വേണ്ട അന്വേഷണംനടത്തി ഈവക നടപടികൾ തടയേണ്ടതാകുന്നു.

സർ, ഈമാതിരി അഴിമതികൾ നടക്കുന്നതിനു പലകാരണങ്ങളുമുണ്ട്. സാധാരണയായി ഈവക കാര്യങ്ങളിൽ നിയന്ത്രണം ചെയ്യുന്നതു പോലീസു ഡിപ്പാർട്ടുമെൻറാണ്. പോലീസുഡിപ്പാർട്ടുമെൻറിലെ മേലധികാരികൾ, ഡി. എസ്. പി.മാർവരെ ഏറവിടെ പോയാലും ഇങ്ങനെയുള്ള മോട്ടാർ ഉടമസ്ഥന്മാരുടെ അതിഥികളായിട്ടാണു താമസിച്ചുവരുന്നതു്. പൊതുജനങ്ങളുമായി സമ്പർക്കത്തിലേർപ്പെടുന്നതിനും, അവരുടെ സങ്കടങ്ങൾ എന്താണെന്നറിയുന്നതിനും അതുകൊണ്ടു അവർക്കു സാധിക്കാതെ വരുന്നു. മോട്ടാർ ഉടമസ്ഥന്മാർ എപ്പോഴും ഈ മേലധികാരികളെ വലയം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതുപോലെ പോലീസ് അധികാരികളെ വലയം ചെയ്യുന്ന വേറൊരു കൂട്ടരുണ്ട്. സിനിമാ നടത്തുന്നവർ. ഇവർക്കു രണ്ടു കൂട്ടർക്കും പോലീസുകാരുടെമേൽ വലിയ സ്വാധീനശക്തിയുണ്ട്. അതുകൊണ്ടു അവരുടെ പേരിൽവരുന്ന പരാതികൾ ഏതെങ്കിലും വിധത്തിൽ തള്ളിനീക്കി യാതൊരു നടപടികളും നടത്താതെ തേഞ്ഞുമാഞ്ഞുപോകുന്നതായിട്ടാണു കാണുന്നതു്. ഇങ്ങിനെ ഇവരുടെ വലയത്തിൽ പെട്ട് അവർക്കുവേണ്ടി ഒത്താശകൾ ചെയ്യുന്ന പോലീസുദ്യോഗസ്ഥന്മാരെ കണ്ടുപിടിച്ചു ഗവമ്മെൻറ അവരെ മാതൃകാപരമായി ശിക്ഷിക്കേണ്ടതാകുന്നു. ഈ ഉദ്യോഗസ്ഥന്മാർക്കുവേണ്ടി, ഏതെങ്കിലും ഒരു പാട്ടുകാരനെയൊ കൂത്തുകാരനെയൊ വെച്ചു ഒരു കച്ചേരിനടത്തി, ഈ മോട്ടാർ ഉടമസ്ഥന്മാരുടെയും സിനിമാനടത്തിപ്പുകാരുടെയും മററും സഹായത്തോടുകൂടി, പത്തും ഇരുപതും രൂപായുടെ ടിക്കററുകൾ എടുപ്പിച്ചു സംഭാവനചെയ്യിപ്പിച്ചു പണപ്പിരിവു നടത്തുന്നതായും കാണുന്നുണ്ട്. അങ്ങനെയൊന്നും ചെയ്യാതിരിക്കത്തക്കവണ്ണം പോലീസുകാരുടെമേലും മോട്ടാർ ഉടമസ്ഥന്മാരുടെമേലും വേണ്ടനടപടികൾ ഉണ്ടാക്കേണ്ടതാണ്.

പ്രൈവെററുബസ്സുകാരുടെ ആഫീസിൽ ചെന്നാൽ ഒരു വിവരവും അറിയാൻ ഒക്കുകയില്ല. അവിടെ ചെന്നാൽ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു പോകുന്നസമയം ഏതാണെന്നു ആർക്കും അറിഞ്ഞുകൂടാ. ഒരുപക്ഷെ വല്ല സമയവും ക്ലിപ്തപ്പെടുത്തിയിട്ടുണ്ടെങ്കിൽതന്നെ അവർ ഉദ്ദേശിച്ചിടത്തോളം ആളുകൾ ഇല്ലെങ്കിൽ ആ സമയത്തു് ബസ്സ് അയയ്ക്കുകയില്ല. അങ്ങനെയുള്ള സമയം ക്യാൻസൽചെയ്തുകളയുകയാണു പതിവ്. ഇങ്ങനെ ഏതെങ്കിലും ഒരു സമയത്തു് ബസ്സ് വിടുന്നതിനെ ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം ഒരിക്കലും അവർക്കുകൊടുക്കുവാൻ പാടില്ല. ഇന്നസമയത്തു് ബസ്സ് വിടുമെന്നു യാത്രക്കാരെ അറിയിക്കുന്ന ആ സമയത്തു്, ആളുണ്ടെങ്കിലും ഇല്ലെങ്കിലും ട്രെയിൻ വിടുന്നതുപോലെതന്നെ ബസ്സ് വിടാൻ ഏർപ്പാടുചെയ്യേണ്ടതാണ്. ആക്കാര്യത്തിലും ഗവമ്മെൻറിൻെറ ശ്രദ്ധപതിയേണ്ടതാണ്.

ഏതെങ്കിലും പ്രൈവററു ബസ്സുടമസ്ഥന്മാർ ഏതെങ്കിലും ഒരു പുതിയ റൂട്ടിനപേക്ഷിച്ചാൽ അവർ അനേകം പണം ചെലവാക്കി വളരെ ആളുകളുടെ പിറകെ നടന്ന്, വളരെ ക്ലേശങ്ങൾ അനുഭവിച്ചാണു ഇപ്പോൾ കഴിയുന്നതു്. ആർക്കെങ്കിലും ചക്രം കൊടുക്കേണ്ടതുണ്ടോ ഇല്ലയോ എന്നു നിശ്ചയമില്ല. തിരുവനന്തപുരത്തും കൊല്ലത്തും ഒക്കെ ഞങ്ങൾ നടന്നു. അനവധി പണവും ചെലവായി, അനവധി നാളുമായി എന്നിട്ടൊന്നുമായില്ല

[Shri O. C. Ninan]

എന്നു ആളുകൾ പറയാറുണ്ടു്. കാര്യം ശരിയാണെങ്കിലും അല്ലെങ്കിലും ജനങ്ങൾ ഇങ്ങനെ കൈക്കൂലി കൊടുക്കുന്നു എന്നു പറയത്തക്ക ഒരു പരിതഃസ്ഥിതി ഉണ്ടാക്കിവയ്ക്കുന്നതു് രാജ്യത്തിൻെറയും ഗവമ്മെൻറിൻെറയും സൽപേരിനു ഒരിക്കലും നല്ലതല്ല. അപേക്ഷക്കാർക്കു നേരിട്ടു ഇതിൻെറ അധികാരികളെ കാണുന്നതിനും അവരോടു കാര്യങ്ങൾ പറയുന്നതിനും കഴിവുള്ള സൗകര്യങ്ങൾ എല്ലാം കൊടുക്കണം. ഒരു റൂട്ടു എവിടെയെങ്കിലും അനുവദിക്കേണ്ടതുണ്ടെങ്കിൽ, ഏതെങ്കിലും ഒരു സ്ഥലത്തു റൂട്ടു ആവശ്യമാണോ അല്ലയോ എന്നു അറിയുന്നതിനു പോലീസുകാരോടു അന്വേഷിക്കുവാൻ ആവശ്യപ്പെടുന്നതിനും പുറമെ ആ സ്ഥലത്തെ പൊതുജനപ്രതിനിധികളോടുകൂടി ആലോചിക്കുന്നതു നന്നായിരിക്കും. പോലീസുകാർ അന്വേഷിക്കേണ്ടാ എന്നല്ല ഞാൻ പറയുന്നതു്. അവർ ഡിപ്പാർട്ടുമെൻറ ഏജൻസികളാണു്. എന്നാൽ ആ ഏജൻസികൾതന്നെ ആ സ്ഥലത്തെ പൊതുജനപ്രതിനിധിയുമായി ഇക്കാര്യത്തിൽ സമ്പർക്കംപുലർത്തി അഭിപ്രായം ആരായാവുന്നതാണു്.

ശ്രീ. എ. താണുപിള്ള: പൊതുജനപ്രതിനിധികളാകുന്ന ഈ അസംബ്ലിയിലെ മെംബറന്മാർ പറയുന്നതുപോലെ മിനിസ്റ്റർമാർ ചെയ്യണമെന്നാണോ പറയുന്നതു്?

ശ്രീ. ഒ. സി. നൈനാൻ: അല്ല. അവരോടുകൂടി ആലോചിക്കണമെന്നാണു് ഞാൻ പറഞ്ഞതു്.

As a piece of evidence in the course of the investigation they may consider their opinion. By way of investigation of the matter they can consult the representatives of the people.

ശ്രീ. ടി. കെ. ദിവാകരൻ: കോൺഗ്രസ് എം. എൽ. എ.മാർ തന്നെ തങ്ങൾക്കു പ്രൈവറ്റു ബസ് റൂട്ടുകൾ നൽകണമെന്നു കാണിച്ചു ഗവമ്മെൻറിനോടു ശുപാർശചെയ്യുന്നതായി ഒരു വലിയ പരാതിയുള്ളതായി അറിയാമോ?

ശ്രീ. ഒ. സി. നൈനാൻ: ഏതായാലും ഞാൻ അങ്ങനെ നടന്നിട്ടില്ല. ഇക്കാര്യത്തിൽ യഥാർത്ഥത്തിൽ കറപ്ഷൻ ഇല്ലെന്നിരുന്നാൽ തന്നെയും കറപ്ഷൻ ഉണ്ടെന്നു വിശ്വസിച്ചുപോകത്തക്ക പരിതഃസ്ഥിതിയാണു കാണുന്നതു്. അതു മാറേണ്ടതു ഗവമ്മെൻറിൻെറ സൽപേരിനെ നിലനിർത്താൻതന്നെ വളരെ ആവശ്യമാണു്.

പ്രൈവറ്റു ബസ്സുകൾ ഓടിക്കുന്നതിനു അനുവാദം കൊടുക്കുന്നതിനു മുമ്പായി ബസ്സുകൾ ഇന്നയിന്നകാലങ്ങളിൽ ടെസ്റ്റുചെയ്യണമെന്നുണ്ടു്. അതിലേക്കു ചില ഉദ്യോഗസ്ഥന്മാരെ ഏർപ്പെടുത്തിയിട്ടുമുണ്ടു്. ഈ ഉദ്യോഗസ്ഥന്മാർ ബസ്സുകൾ ശരിയായി പരിശോധിക്കുന്നില്ല. ഏതെങ്കിലും ഒരു ബസ്സു ടെസ്റ്റു ചെയ്യാനുണ്ടെങ്കിൽ ഏതാനും ദിവസങ്ങൾക്കു മുമ്പു് ഇന്ന ദിവസം ഞങ്ങൾ ടെസ്റ്റു ചെയ്യാൻ വരുന്നുവെന്നു ഉടമസ്ഥന്മാരെ അറിയിക്കും. അവർ ഉടനെ എവിടെനിന്നെങ്കിലും കുറെ ചായം കൊണ്ടുവന്നു തേച്ചു് അതു ഒരൊന്നാംതരം ബസ്സാണെന്നും പറയും. ഇരുപതു കൊല്ലത്തെ പഴക്കമുണ്ടെങ്കിലും കൊള്ളാം മുപ്പതു കൊല്ലത്തെ പഴക്കമുണ്ടെങ്കിലും കൊള്ളാം ആ ബസ്സു് വളരെ നല്ലതാണെന്നു

അവർ സർട്ടിഫൈ ചെയ്യും. അതിന്റെ എൻജിൻ ശരിയായി പ്രവൃത്തിക്കുന്നുണ്ടോ ഇല്ലയോ എന്നു നോക്കുകയില്ല. ഇവിടെയുണ്ടാകുന്ന അനേകം അപകടങ്ങളും വണ്ടികളുടെ തകരാറുകൾ കൊണ്ടുണ്ടായതാണെന്നാണ് എനിക്ക് തോന്നുന്നത്. വണ്ടികൾ പരിശോധിക്കുന്നതിനും അതിന്റെ ഗതികൾ നിയന്ത്രിക്കുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ അവരുടെ ജോലികൾ കൃത്യമായി നിർവ്വഹിക്കുന്നപക്ഷം ആക്സിഡന്റുകൾ നമുക്കു വളരെ കുറയ്ക്കുവാൻ സാധിക്കും.

മദ്യപാനം ചെയ്യുന്നവർക്ക് ഡ്രൈവിംഗ് ലൈസൻസോ, മറ്റെതെങ്കിലും ലൈസൻസോ കൊടുക്കുവാൻ പാടില്ലെന്നു മോട്ടോർ വെഹിക്കിൾസ് റൂൾസിൽതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്പോൾ ലൈസൻസു കൊടുത്തിട്ടുള്ള ഡ്രൈവർമാരുടെ ഒരു സെൻസസു എടുക്കുന്നപക്ഷം വൻ ശതമാനം ആളുകളും മദ്യപാനത്തിനു വിധേയന്മാരായിട്ടുള്ളവരാണെന്നു കാണുവാൻ കഴിയും. ഇവർ എന്തു കുറ്റം ചെയ്താലും അതേപ്പറ്റി കാര്യമായ നടപടികൾ ഒന്നും എടുക്കാതെ അവരെ വീണ്ടും ഡ്രൈവു ചെയ്യുവാൻ അനുവദിക്കുന്നതായിട്ടാണു കാണുന്നത്. ഏതെങ്കിലും കാരണവശാൽ മദ്യം സേവിച്ചതിന്റെ ഫലമായിട്ടാണ് ഏതെങ്കിലും ഒരു ഡ്രൈവർ ഒരു കുറ്റം ചെയ്തതെന്നു തെളിഞ്ഞുകഴിഞ്ഞാൽ അയാൾക്കു ഒരിക്കലും ലൈസൻസു കൊടുക്കരുതെന്നാണെന്റെ അഭിപ്രായം. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധ പതിഞ്ഞുകാണ്മാൻ ഞാനാഗ്രഹിക്കുന്നു.

**Shri Kunjan Nadar:** Sir, I move that the allotment of Rs. 21·55 lakhs for Irrigation be reduced by Re. 1 (for the purpose of discussing the glaring discrimination shown by the Government to the ryots of South Travancore and the suffering and the hardships undergone by them).

സർ, മററുപല സംഗതികളിലും എന്നപോലെ ഇറിഗേഷൻ സംബന്ധമായ കാര്യങ്ങളിലും ഈ ഗവൺമെന്റ് തെക്കൻതിരുവിതാംകൂറിനെ അവഗണിച്ചുവരികയാണ്. ഒരുപക്ഷെ, നമ്മുടെ ബഹു. മന്ത്രിമാർ അങ്ങനെയല്ല എന്നു പറഞ്ഞേക്കാം. പക്ഷെ, ഗവൺമെന്റു കണക്കുകൾകൊണ്ടുതന്നെ അതു ശരിയല്ലെന്നു അവരെ ബോദ്ധ്യപ്പെടുത്തുവാൻ എനിക്കു സാധിക്കുന്നതാണ്. ഭക്ഷണക്ഷാമം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഒരു രാജ്യത്തു ഇറിഗേഷന്റെ പ്രാധാന്യം എന്താണെന്നുള്ളതു ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണ്. ഒരു രാജ്യത്തിന്റെ പുരോഗതി അതിൽകൂടി ഒഴുകുന്ന നദികളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുന്നുവെന്നു ഒരു വിദഗ്ദ്ധൻ പറഞ്ഞിട്ടുണ്ട്. തെക്കൻ തിരുവിതാംകൂറിൽകൂടി നാലു നദികൾ ഒഴുകുന്നുണ്ടെങ്കിലും അവിടെ ജലസേചനത്തിനുള്ള യാതൊരു സൌകര്യവും ലഭിക്കുന്നില്ലെന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു.

സർ, ഇവിടെ തമിഴ്നാടു പ്രശ്നം എന്നൊരു പ്രശ്നം ഉണ്ട്. ഈ പ്രശ്നം എങ്ങനെയുണ്ടായി, ആരുണ്ടാക്കി എന്നാലോചിക്കുവാനുള്ള ബുദ്ധി നമ്മുടെ ബഹുമാനപ്പെട്ട കോൺഗ്രസു നേതാക്കന്മാർക്ക് ഇതുവരെ ഉണ്ടായിട്ടില്ല. ഇവിടെ ഒരു തമിഴ്നാടു പ്രശ്നം ഉണ്ടാക്കിയതു ഇവിടത്തെ കാൺഗ്രസ്സുകാരാണ്. ഞാനും ഒരു കാൺഗ്രസുകാരനായിരുന്നു. ൧൯൨൨ മുതൽ അവസാനംവരെ ഞാൻ കാൺഗ്രസ്സിൽനിന്നു. വിളവം

[Shri Kunjan Nadar]
കോട്ടമത്സരകാലത്തു രണ്ടു കാൺഗ്രസ്സുകാരെ പോലീസ് വാനിനകത്തു വച്ചു കാണുകയും കോൺഗ്രസ്സുകാരുടെ ശ്രമം കൊണ്ടുകൂടിയാണ് മത്സരം നടത്തുന്നതെന്നു അറിയുവാനും ഇടയായപ്പോൾ അതിനെ പ്രതിഷേധിച്ചു ഞാൻ കാൺഗ്രസിൽ നിന്നു രാജിവെയ്ക്കുകയും തമിഴ്നാട്ടുകോൺഗ്രസ്സിൽ ചേരുകയുമാണുണ്ടായതു്. അങ്ങനെ കാൺഗ്രസ്സുകാരാണു തമിഴ്നാട്ടു പ്രശ്നം ഉണ്ടാക്കിയതു്. തമിഴ്നാടിനോടു അവർ ഒരു പ്രത്യേക നയമാണു എടുത്തിരിക്കുന്നതു്. അതിനു പരിഹാരം അവർതന്നെ ഉണ്ടാക്കണം. തമിഴ്നാട്ടു പ്രശ്നം ഉടൻതന്നെ പരിഹരിക്കപ്പെടണം.

ഇവിടത്തെ കാൺഗ്രസ്സുകാർ ഇപ്പോൾ എന്താണു ചെയ്യുന്നതു്? ഗ്രാമഫോണിൽക്കൂടി നാം ഹിസ്‌മാസ്റ്റേഴ്സ് വോയിസ് കേൾക്കുന്നതുപോലെ, ഡൽഹിയിലെ ചില ശബ്ദങ്ങളുടെ അതേപ്രതിധ്വനികളാണ് നമ്മുടെ മന്ത്രിമാരിൽക്കൂടി നാം കേട്ടുകൊണ്ടിരിക്കുന്നതു്. ഡൽഹിയിൽ നിന്നും ഒരാൾ ഭക്ഷ്യോല്പാദനത്തെപ്പററി പ്രക്ഷേപണം ചെയ്താൽ അതുപോലെ ഇവിടേയും പ്രക്ഷേപണം ചെയ്യും. അവിടെനിന്നും വനമഹോത്സവത്തെപ്പററി പ്രക്ഷേപണം ചെയ്താൽ ഉടനെ ഇവിടേയും അതുപ്രക്ഷേപണം ചെയ്യും. ഇങ്ങിനെ ഡൽഹിയിൽനിന്നും വരുന്ന പാട്ടു എടുത്തു പാടുകയല്ലാതെ നമ്മുടെ ആവശ്യമെന്താണെന്നു അവർ പഠിക്കുന്നതേയില്ല. ഡെൽഹിക്കാർക്കു നമ്മുടെ പ്രശ്നമെന്താണെന്നറിഞ്ഞുംകൂടാ. പൊതുവെ പറയുകയാണെങ്കിൽ ഭക്ഷ്യോല്പാദനം വിജയകരമല്ല. നമ്മുടെ സംസ്ഥാനം ഭക്ഷ്യപ്രശ്നത്തെ സംബന്ധിച്ചിടത്തോളം സ്വയംപര്യാപ്തമല്ല. ഒരിക്കലും സ്വയംപര്യാപ്തമാവുകയുമില്ല. കാരണം, ഇതരരാജ്യങ്ങളെ അപേക്ഷിച്ചു ഇവിടത്തെ ജനസംഖ്യ വളരെ കൂടുതലാണ്. ഓരോ വർഷം കഴിയുംതോറും അമിതമായി ജനസംഖ്യ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഒരു ചതുരശ്രമൈൽ സ്ഥലത്തുശരാശരി ൧൦൮൦ ആളുകൾ വീതം അധിവസിക്കുന്ന ഒരു ഭൂവിഭാഗമാണ് നമ്മുടെ സംസ്ഥാനം. എന്നാൽ ജനപ്പെരുപ്പം അധികമുണ്ടെന്നു നാം വിചാരിക്കുന്ന മദ്രാസിലാകട്ടെ ഒരു ചതുരശ്രമൈലിനു ൮൦ ആളുകളാണ് ഉള്ളതു്. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സംസ്ഥാനത്തെ ജനസംഖ്യക്കനുസരണമായി കൃഷിഭൂമി വർദ്ധിക്കുന്നുമില്ല. അഞ്ചും പത്തും കൊല്ലങ്ങൾക്കു മുമ്പു നല്ല ഒന്നാന്തരം കൃഷിസ്ഥലങ്ങളായി കിടന്നിരുന്ന ഭൂമികൾ ഇപ്പോൾ വീടും വീട്ടുമനയുമായി തീർന്നിട്ടുണ്ടു്. ൨൫ കൊല്ലംകഴിഞ്ഞാൽ വീടുവയ്ക്കാൻ സ്ഥലമില്ലെന്നുള്ളതായിരിക്കും നമ്മുടെ പ്രശ്നം. എങ്കിലും നെൽകൃഷിക്കു ധാരാളം സ്ഥലങ്ങൾ ഇനിയും അവശേഷിച്ചിട്ടുണ്ടു്. അങ്ങിനെയുള്ള ഭൂമികൾ കർഷകർക്കു ശരിയായവിധത്തിൽ വിഭജിച്ചു കൊടുത്തു അവർ മുഖാന്തിരം കൃഷിചെയ്യിപ്പിക്കാൻ ഗവമെൻറിനു സാധിക്കുന്നതാണ്. എന്നാൽ ഈ കാര്യങ്ങളിലല്ലാ മന്ത്രിമാരുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു്. അവർക്കു ഈ കാര്യങ്ങൾ ശ്രദ്ധിക്കാനുള്ള സമയമില്ല. തമിഴ്നാടിനെപ്പററി ആരെങ്കിലും പറഞ്ഞുപോയാൽ, നാഞ്ചിനാടു നമ്മുടെ നെല്ലറയാണ്, നാഞ്ചിനാടുപോയാൽ ഇവിടെയുള്ളവർ ആകപ്പാടെ പട്ടിണിയാകും, അതുകൊണ്ടു് ഒരിക്കലും ആ സ്ഥലം വിട്ടുകൊടുക്കാൻ സാധിക്കയില്ലാ എന്നൊക്കെപറയും. എന്നാൽ അവിടങ്ങളിൽ കൃഷിക്കാവശ്യമായ വെള്ളത്തിന്റെയൊ, വളത്തിന്റെയൊ കാര്യത്തിൽ ഗവമെൻറു ചിന്തിക്കുന്നുമില്ല.

**Shri A. Chidambaranatha Nadar:** One question, Sir. What has the hon. Member to say about the right bank channel of the Neyyar Dam?

ശ്രീ. കുഞ്ഞൻ നാടാർ: ഞാൻ ആ കാര്യത്തിലേക്കു കടക്കുന്നുണ്ട്. സർ, നാഞ്ചിനാട്ടിലെ നെല്ല് വെറുതെ ഉണ്ടാകുന്നതല്ല. അവിടത്തെ കൃഷിക്കാരൻ ക്ലേശങ്ങളും കഷ്ടതകളും സഹിച്ച് കഠിനാധ്വാനം ചെയ്യുന്നതിന്റെ ഫലമായിട്ടാണ് നാഞ്ചിനാട്ടു നെല്ലുണ്ടാകുന്നത്. ആ നെല്ലിന്റെ ഉടമസ്ഥൻ അതു് ഉല്പാദിപ്പിക്കുന്ന കൃഷിക്കാരനാണ്. അവിടെ ധാരാളം നെല്ലുണ്ടാകുന്നു എന്നുവച്ച് ഇവിടെയുള്ളവർ നെടുവീർപ്പിടേണ്ട. മററുള്ളവരുടെ അദ്ധ്വാനത്തിൽ ജീവിക്കാൻ ആഗ്രഹിക്കുന്നതു ലജ്ജാകരമാണ്. തിരുവിതാംകൂർ-കൊച്ചിയിലെ നെല്പാടങ്ങൾ എല്ലാം നാഞ്ചിനാട്ടു നെല്പാടങ്ങളെപ്പോലെ വിളയിക്കാൻ സാധിക്കും. തമിഴ്നാടിനെ ഭാഷാപ്രവിശ്യാടിസ്ഥാനത്തിൽ വേർതിരിക്കണമെന്നു കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ ഇവിടത്തെ കോൺഗ്രസ്സുകാർ അതിനെ എതിർത്തു. ഇവിടെയും മദ്രാസിലും കോൺഗ്രസ്സിനു പരാജയമുണ്ടായതു് ഭാഷാപ്രവിശ്യ അനുവദിക്കാത്തതുകൊണ്ടാണ്. ഭാഷാപ്രവിശ്യയെ എതിർക്കുന്നതു മററാരുമല്ല, ബോംബയിലെ മില്ലുകാരാണ്. പ്രവിശ്യാവാദം തെക്കൻ തിരുവിതാംകൂറുകാരെ കോൺഗ്രസ്സ് വിരുദ്ധ മനസ്ഥിതിക്കാരാക്കിയിരിക്കുകയാണ്. ഈ പ്രശ്നത്തിനു് ഒരു പരിഹാരം ഇതുവരെയും ഉണ്ടാകാത്തതു കോൺഗ്രസ്സുകാർ ശ്രമിക്കാത്തതുകൊണ്ടാണ്.

സർ, മറെറാരു പ്രധാനകാര്യം പറയാനുള്ളതു്, ഇവിടത്തെ ഇറിഗേഷൻ പ്രശ്നത്തെപ്പററിയാണ്. ഇറിഗേഷൻ മൈനർ എന്നും മേജർ എന്നും രണ്ടായിട്ടാണ്. ബഹുമാനപ്പെട്ട മെമ്പർ പട്ടം താണുപിള്ള പ്രധാനമന്ത്രിയായിരുന്നപ്പോൾ ഏതാനും കുളങ്ങൾ അവിടെ കുഴിപ്പിച്ചു. അതിൽ പിന്നെ അവയെപ്പററി യാതൊരു അന്വേഷണവും ഗവർമ്മെൻറ ചെയ്തിട്ടില്ല. മേജർ ഇറിഗേഷനെപ്പററിയാണെങ്കിൽ നെയ്യാററണ, വിളത്തറ ലിഫ്ററ് ഇറിഗേഷൻ, പെരുഞ്ചാണി ഇങ്ങനെ മൂന്നു പദ്ധതികളുണ്ട്. പെരുഞ്ചാണിയെപ്പററിയാണെങ്കിൽ ഞാൻ ഈയിടെ ഒരു സർക്കാർ മാസികയിൽ വായിക്കുകയുണ്ടായി, അവിടെ അണകെട്ടുന്ന ജോലി ഒഴിച്ചു ബാക്കിയെല്ലാം പൂർത്തിയായി എന്ന്. ഇതിലേക്കുവേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ ധാരാളം അഴിമതികൾ കാണിക്കുന്നുവെന്നാണ് പരക്കെയുള്ള ബോദ്ധ്യം. മാത്രമല്ല അവിടെ അനുവദിച്ചിട്ടുള്ള പണത്തിന്റെ ൨൫ ശതമാനംപോലും പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിച്ചിട്ടില്ലെന്നാണ് അറിവ്. പേച്ചിപ്പാറ അണയുടെ കാര്യം വളരെ രസകരമാണ്. ആദ്യം അണയുടെ റൈററ്ബാങ്ക് ചാനലിനുവേണ്ടി ജോലിയാരംഭിച്ചു. കുറെ ദൂരം വെട്ടിത്തുടങ്ങിയപ്പോൾ, പെട്ടെന്നു അതു നിറുത്തിയിട്ടു ലെഫ്ററ് ബാങ്ക് ചാനലിന്റെ ജോലി തുടങ്ങി. അതു പൂർത്തിയാക്കി. കാരണം മറെറാന്നുമല്ല. അന്നത്തെ ദിവാൻ മിസ്റ്റർ നാണുപിള്ള കല്ക്കുളം താലൂക്കുകാരനായിരുന്നു. ഇങ്ങനെ വിളവംകോട്ടിനും നെയ്യാററിൻകര താലൂക്കിന്റെ കിഴക്കേ ഭാഗത്തേക്കും ലഭിക്കേണ്ട വെള്ളം കല്ക്കുളത്തിലും അതിനു തെക്കും പോയി. സർ, തെക്കൻതിരുവിതാംകൂറിൽ ഏററവും മോശപ്പെട്ട ഒരു താലൂക്കാണ് വിളവംകോട്ടും നെയ്യാററിൻകര താലൂക്കിന്റെ കിഴക്കുഭാഗവും. ഈ രണ്ടു സ്ഥലങ്ങളിലുമുള്ള കൃഷിയെ പ്രോത്സാഹിപ്പിക്കണമെങ്കിൽ വെള്ളമില്ലാതെ സാധിക്കയില്ല. നെയ്യാർ അണ ഇന്നു വെറും കടലാസ്സ് പദ്ധതിയായി അവശേഷിക്കയാണ്.

[Shri Kunjan Nadar]

നെയ്യാററണയിലെ റൈററബാങ്കു ചാനൽ വെട്ടാനാണു പ്ലാൻ. റൈററബാങ്കു ചാനൽ താലൂക്കിന്റെ തെക്കെ അററത്തുകൂടി പോവുകയാണു്. അവിടം മുഴുവൻ തെങ്ങിൻതോപ്പുകളുമാണു്. കൃഷിസ്ഥലമുള്ളതു കിഴക്കു ഭാഗത്താണു്. ലെഫ്ററബാങ്കു ചാനൽ ആദ്യം വെട്ടിയില്ലെങ്കിൽ ഈ പദ്ധതികൊണ്ടു പ്രയോജനമില്ല. ഇതിൽ ഒരു സാമുദായിക മനസ്ഥിതി കാണുന്നുണ്ടു്. വെള്ളത്തിനുവേണ്ടി അണകെട്ടിത്തരണമെന്നു ശക്തിയായ ഭാഷയിൽ നിവേദനം നടത്തിയിട്ടും ഗവമ്മെൻറു ഈവക കാര്യങ്ങളിൽ ശ്രദ്ധിക്കുന്നില്ല. വലിയ പ്രാധാന്യമർഹിക്കുന്ന ഈ മാതിരി സൃഷ്ടിപരമായ പരിപാടികളിൽ അനാസ്ഥ കാണിക്കുന്നതു് നന്നല്ല. സർ, വിളത്തറ ലിഫ്ററ ഇറിഗേഷന്റെ കാര്യമാണെങ്കിൽ കൃഷിസമയങ്ങളിൽ കർഷകൎക്കു വെള്ളം ലഭിക്കുന്നില്ല. ധാരാളം വെള്ളം തൊട്ടുകിടക്കുന്ന കുഴിത്തുറയാററിലുണ്ടു്. ഇതു സമയാസമയങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണു്. ഈ ലിഫ്ററ ഇറിഗേഷനെ സംബന്ധിച്ചു് വലിയ ചെലവു ഗവമ്മെൻറു വഹിക്കേണ്ടതായിട്ടില്ല. ഒരേക്കറിനു ൫൦ രൂപ മാത്രമെ തുടച്ചയായ (recurring) ചെലവു വരുന്നുള്ളു. അയൽനാടായ തിരുനൽവേലിയിൽ ഒരേക്കറിനു ൨൦൦ രൂപവീതം തുടച്ചയായി ചെലവുചെയ്താണു് മദ്രാസു് ഗവമ്മെൻറിൽനിന്നും മണിമുത്താററണ കെട്ടിട്ടുള്ളതു്. ഇവിടെയാകട്ടെ ൫൦ രൂപപോലും ചെലവാക്കാൻ ഗവമ്മെൻറിനു സന്മനസ്സു കാണുന്നില്ല; അതുകൊണ്ടു് ഈവക സംഗതികളിൽ ഗവമ്മെൻറു ആത്മാർത്ഥമായി പ്രവർത്തിക്കണം. ഗവമ്മെൻറിനു പണമില്ലെങ്കിൽ, കഴിവില്ലെങ്കിൽ അതു തുറന്നു പറയുക. ഞങ്ങൾ പണം പിരിച്ചു് ജലവിതരണം നടത്തിക്കൊള്ളാം. ഗവമ്മെൻറിൽനിന്നും കരം പിരിക്കാൻ വരാതിരുന്നാൽ മതി. ഇതാണു് എന്റെ അഭിപ്രായം.

**Shri A. Chidambaranatha Nadar:** Sir, I move that the grant on account under VIII Irrigation be reduced by Re. 1 (to discuss about the general policy)

ஸர், திருவிதாங்கூர் கொச்சி ராஜ்யத்தின் நெற்களஞ்சியம் என்று சொல்லக்கூடிய நாஞ்சநாட்டிலிருந்து எவ்வளவோ நெல்லையும் மற்றப் பொருள்களையும் எடுத்துக்கொண்டு சென்றாலும், எங்கள் நாட்டிற்கு நீர்பாசனத்திற்காக இந்த காங்கிரஸ் சர்க்கார் வந்த பிறகு எந்தெந்த திட்டங்கள் செய்து கொடுத்திருக்கிறார்கள் என்று பார்த்தால் ஒன்றுமேயில்லை என்று திட்டவட்டமாகச் சொல்லமுடியும். 1951 க்கு முன்னால் பெருஞ்சாணி அணைத்திட்டம் முடிந்துவிடும் என்று சொல்லப்பட்டது. ஆனால் அதன் வேலையையும், சர்க்காரின் சிரத்தையையும் பார்க்கும்போது அது சமீபத்தில் முடிவடையுமோ என்று சந்தேகப்படவேண்டியிருக்கிறது. பீச்சி ஸ்கீம், சாலக்குடித் திட்டம் முதலியன முடியக்கூடிய நிலையிலிருக்கின்றன. பெருஞ்சாணி அணைக்குவேண்டிய சீப்புகள், மற்ற சாமான்கள் வந்துவிட்டன. எர்ணாகுளத்தில் கிடக்கின்றன என்று சொன்னால் எவ்வளவு வெட்கம். அதைப்பற்றி, அவைகள் எப்போது இங்கு வந்து சேரும் என்று கேட்டபோது, ஜர்மனியிலிருந்து ஒரு இஞ்சினியர் வந்திருக்கிறார்கள். அவர் வந்து இதை சீக்கிரம் முடித்துவிடுவார்கள் என்று சொல்கிறீர்கள். அவர் எப்போது வந்து இதை முடிக்கப்போகிறார்

கள் என்று சொல்லமுடியாது. ஸ்ரீமான் குஞ்சன் நாடார் சொல்வது போல் தமிழர்கள் இருக்கும் இடத்தில் இந்த அணை கட்டப்படுகிறது. தமிழர்களுக்காகத்தானே என்ற காரணத்தினால் தான் சர்க்கார் இதில் கவனக்குறைவு காட்டுகிறதுபோலும். இக்கணங்கோடு காலுக்காகத் துகை ஒதுக்கி வைத்த பிறகும் கூட இந்த சர்க்காருக்கு அதை முடித்துத்தர மனம்வரவில்லை. நாங்கள் எவ்வளவோ வெளியிலும், இந்தசட்டசபையிலும் சொல்லியும் பிரயோஜனமில்லை. தமிழ்நாட்டிலிருந்து தமிழர்களின் பிரதிநிதி என்ற ஹோதாவில் சொல்லி பார்க்கிறோம். இது எங்களது கடமை. விளத்தலை ஸ்கீமைப் பற்றி சொன்னபோது தனகாரிய மந்திரி சொன்னார்கள்—எஸ்டிமேட் தயாராயிருக்கிறது என்று. அப்படிச் சொல்வதில் ஏதாவது பிரயோஜனமுண்டா? ஸர், உங்கள் மந்திரிசபை இருபத்திநாலு மணிக்கூரில் மாறிக்கொண்டு வருகிறது. போன நான்கு வருஷங்களில் எத்தனையோ மந்திரிசபைகள் தோன்றியும் மறைந்துமிருக்கின்றன. ஸர். ஸி. பி. காலத்தில் துடங்கப்பட்டது, பெருஞ்சாணி ஸ்கீம். பெருஞ்சாணி ஸ்கீம் தான் இன்னமும் முடிவாகவில்லையானால், விளத்தலை ஸ்கீம் இந்த மந்திரி சபையின் கீழ்என்ன ஆகப்போகிறதோ தெரியாது. ஒன்றிரண்டு வார்த்தைகள் நெய்யாறு அணையைப்பற்றிச் சொல்ல விரும்புகிறேன். ஸர், ஸ்ரீ சந்திரசேகரபிள்ளைக்கு எலக்ஷனில் ஜெயிக்க நெய்யாற்றின்கரையில் வாழும் தமிழர்கள் கண்களிலும், மற்ற மக்களின் கண்களிலும் மண்ணையா போடவேண்டும். தாளில் ஒரு திட்டமிருக்கும். செய்வது வேறு ஒன்று. இந்த நெய்யாறு திட்டத்தில் வலதுபாக, Right Bank சானலை மக்கள் விரும்பவில்லை. இந்த சானலினால் மக்களுக்கு யாதொரு நன்மையும் உண்டாகப்போவதில்லை. நெய்யாற்றின்கரை தாலூகாவில் நான் போய் விசாரித்ததுண்டு. Right Bank சானலை வெட்டிக்கொண்டு போகும்போது எத்தனையோ தென்னை மரங்களையும், மற்ற மரங்களையும் முறிக்கவேண்டும். ஆனால் left bank சானல் பதினாலு மைல் வரை யாதொரு பிரயோஜனமுமில்லை. இந்த பதினாலு மைல் சானலிருந்து துணைச்சானல்களை வெட்ட திட்டமிடுங்கள். பிரயோஜனமுண்டு. ஆனால் இப்படி ஏழை மக்களை ஏமாற்றி வருவீர்களானால் வரும் காலத்தில் உங்களுக்கு யாதொரு ரட்சையுமில்லை. உங்களது நினைவுகள் எல்லாம் பகற் கனவாகத்தான் முடியும்.

ஸர், பொருளாதாரம், கல்வி, கைத்தொழில் மற்ற எந்தத்துறையை எடுத்துக்கொண்டு பார்த்தாலும் விளவங்கோடு தாலுகா மிகவும் மோசமான நிலைமையிலிருக்கிறது. அந்தத் தாலுகாவில் கரிவு எப்போதும் ஏற்படுகிறது. ஏன் இந்தக் கரிவு ஏற்படுகிறது என்று நீங்கள் ஆராய்ச்சி செய்து பார்த்தீர்களா? இதை இரண்டு நிமிஷ நேரமாவது சிந்தித்துப் பார்த்தீர்களா? அங்கே எத்தனையோ குளங்கள் இருக்கின்றன. காலாகாலங்களில் மழையில்லாத காரணத்தாலும், தண்ணீருக்கு வேறு வசதியில்லாததினாலும் அங்குள்ள மக்கள் வாடி வதங்குகிறார்கள். அங்குள்ள மக்களை ரட்சிக்க வேண்டுமென்று நினைத்தீர்களா? அதற்காக எத்தனை ஆயிரம் ரூபாய் சிலவழிந்தால்தானென்ன. அந்த பட்டணம் காலை நீங்கள் சரிப்படுத்திக்கொடுத்தால் அங்குள்ள மக்கள் உங்களை என்றென்றைக்கும் வாழ்த்துவார்கள்.

[Shri A. Chithambaranatha Nadar]

*அங்கே மரச்சீனி, நல்லமிளகு முதலியன பயிர் செய்ய வசதியில்லை. நான் பிறந்த சமுதாயத்தைச் சேர்ந்த மக்கள் தான் அங்கு அதிகம் வசிக்கிறார்கள். அங்கு பனை தான் கிருஷி செய்யலாம். அவர்கள் நல்ல உழைப்பாளிகள்—கிருஷிகர்கள். ஆனால் தண்ணீர் இல்லை. அங்கு வசிக்கும் மக்களின் சார்பிலும், தமிழ்நாடு சார்பிலும் உங்களிடம் சொல்லிக்கொள்கிறேன். ஜாதி, மதம் என்று பாராமல் எல்லா சமுதாயத்தினரும் சந்தோஷமாக வாழ வேண்டும் என்ற நல்லெண்ணத்துடன் நீங்கள் வேலை செய்யவேண்டும், என்று சொல்ல ஆசைப்படுகிறேன். உங்களைச் சுற்றி ஒரு சந்திரசேகரபிள்ளை, கே. ஆர். இலங்கத்து, வரதராஜன் நாயர் இருக்கிறார்கள் என்று பார்த்தீர்களானால் வருங் காலத்தில் உங்கள் காங்கிரசும், உங்கள் கட்சியும் என்னவாகும் என்று பார்க்கலாம். ஸர், நாங்கள் இரவும் பகலும், எங்கள் நெற்றி வியர்வையை நிலத்தில் சிந்தி கஷ்டப்பட்டு கிருஷி செய்து, எங்கள் வயல்களை அறுத்து உங்களுக்குத் தருகிறோம். அதற்காகவாவது நீங்கள் நன்றியுள்ளவர்களாக யிருக்கக்கூடாதா? பசி என்பது மலையாளிகளுக்கும், தமிழர்களுக்கும் ஒன்றுபோலதான். எங்களுக்கு வேண்டிய நீர்பாசன வசதிகள் செய்து கொடுக்காவிட்டால் உங்களது சர்க்கார் அதிக நாள் நிலவிலிருக்காது. தயவுசெய்து பெருஞ்சாணி அணையை சீக்கிரம் முடிக்கவும், இன்னும்பட்டணம் காலை சரிப்படுத்தித் தரவும், இன்னும் குளங்களை செப்பனிட்டுத்தரவும் கேட்டுக்கொண்டு எனது பேச்சை முடித்துக்கொள்கிறேன்.*

**4 p. m.]**

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, ഇന്നലെ ഈ ബഡ്ജററിനെപ്പററി ഈ സഭയിൽ പൊതു വിമർശനം ചെയ്ത സന്ദർഭത്തിലും, ഇന്നു് ഉപക്ഷേപങ്ങൾ അവതരിപ്പിച്ച സന്ദർഭത്തിലുമായി ഇരുപതു് ഇരുപത്താറു ബഹുമാന്യ സുഹൃത്തുക്കൾ പറഞ്ഞ കാര്യങ്ങളെയെല്ലാം സാമാന്യമായി സ്പർശിച്ചു് ഒരു മറുപടി പറയുകയെന്ന അതിഭാരമേറിയ ഒരു ചുമതലയാണു് എൻെറ തലയിൽ വന്നുവീണിരിക്കുന്നതു്. ആ ചുമതലയുടെ ഭാരം ഓക്കുമ്പോൾ ഞാൻ അല്പം പരിഭ്രമിച്ചുപോകുന്നുണ്ടു്. അതിനു് എന്താണു കാരണമെന്നു് പൊതുവെ എല്ലാവക്കും അറിയുവാൻ സാധിക്കും. അത്രയധികം വിമർശനങ്ങൾ ഇവിടെ നടക്കുകയുണ്ടായി. ഈ ബഡ്ജററിൻെറ നാനാഭാഗങ്ങളെപ്പററിയും അത്രയധികം ആക്ഷേപങ്ങൾ—ആക്ഷേപങ്ങളെന്ന വാക്കു് ഞാനിവിടെ പറയുന്നില്ല—വിമർശനങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ടു്. ഈ വിമർശനങ്ങൾക്കെല്ലാം മറുപടി പറയുന്നതിനുമുമ്പു് ആമുഖമായിട്ടു രണ്ടുവാക്കു പറയുവാൻ സർ, അങ്ങു് എന്നെ അനുവദിക്കണം.

ഇതിനുമുമ്പു് രാജപ്രമുഖൻെറ പ്രസംഗത്തിനുള്ള കൃതജ്ഞതാപ്രമേയം പിൻതാങ്ങി ഞാൻ പ്രസംഗിച്ച അവസരത്തിൽ ഞാനുപയോഗിച്ച ചില പദങ്ങളും ചില ശൈലികളും അതുപയോഗിച്ചതോടുകൂടിതന്നെ ഇവിടത്തെ അന്തരീക്ഷത്തിൽ ലയിച്ചുകഴിഞ്ഞിരിക്കുമെന്നാണു് ഞാൻ വിചാരിച്ചതു്. പക്ഷെ, ഇന്നലെയും ഇന്നുമായി എൻെറ ബഹുമാന്യ സുഹൃത്തുക്കളിൽ പലരും ആ വാക്കുകൾതന്നെയെടുത്തു് വീണ്ടും പ്രസംഗിച്ചുകണ്ടതു

കൊണ്ടു് ഞാനറിയാതെ ആരെയെങ്കിലും ഞാനുപയോഗിച്ച വല്ല വാക്കുകളും വേദനിപ്പിച്ചുപോയിട്ടുണ്ടെങ്കിൽ ഞാൻ അതിൽ സഹതപിക്കുന്നു. അങ്ങിനെ യാതൊരുദ്ദേശവും എനിക്കുണ്ടായിരുന്നില്ല. കേവലം വാദപ്രതിവാദവേളയിൽ അതിന്റെ രസമോർത്തു്, തക്കതായ സമാധാനം പറയേണ്ട ചുമതല എനിക്കും ഉണ്ടല്ലോ എന്നോർത്തു് അങ്ങിനെ ചിലതു പറഞ്ഞുപോയതാണെന്നും, ആരും അതിൽ അസുഖമോ അലോഹ്യമോ ഭാവിക്കരുതെന്നും എന്റെ മൗലികാവകാശത്തിന്റെപേരിൽ ഞാൻ ഈ സഭയിലുള്ള ഓരോ സുഹൃത്തുക്കളോടും അപേക്ഷിക്കുന്നു.

ശ്രീ. എ. താണുപിള്ള: കേൾക്കുന്നതിനു് അധികം ആസ്വാദ്യമല്ലാത്തവിധത്തിൽ വാക്കുകൾ പ്രയോഗിച്ചാൽ—

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ സംഗതിയിൽ ഞാൻ എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. പട്ടം താണുപിള്ള അവർകളുടെ രീതിതന്നെ എടുക്കുവാൻ പോകുകയാണു്. അതായതു്, ആസ്വാദ്യത കുറഞ്ഞാലും വേണ്ടില്ല എന്നുള്ള നിലയിൽ ഞാൻ കുറച്ചു കാര്യം പറയുവാൻ പോകുകയാണു്. ഞാൻ ആ ഗുരുഭൂതന്റെ ഉപദേശം സ്വീകരിച്ചുകൊണ്ടു മുന്നോട്ടുപോകുകയാണു്.

ആദ്യമായിട്ടു് എനിക്കു പറയുവാനുള്ളതു്, ഇവിടെ ഞാൻ ഒരു ബഡ്ജററു് അവതരിപ്പിച്ചിട്ടില്ല; ഒരു ബഡ്ജററിനെപ്പററിയുള്ള വാദപ്രതിവാദം ഇവിടെ വേണമെന്നും ഞാൻ വിചാരിച്ചിട്ടില്ല; മിസ്റ്റർ ഗംഗാധരനും നടരാജപിള്ള അവർകളും ചൂണ്ടിക്കാണിച്ചമാതിരി ഒരു അഡ്വാൻസു് ഗ്രാൻറിനുള്ള അപേക്ഷമാത്രമാണു് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അഡ്വാൻസ് ഗ്രാൻറു് എന്താണെന്നു് ഇതിനകം എല്ലാവരും മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്. അതു് പത്തുപതിനഞ്ചു ദിവസം മാത്രമായിട്ടുള്ള ഒരു മന്ത്രിസഭ വന്നതുകൊണ്ടുള്ള കാരണംകൊണ്ടല്ല. ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളിലും അഡ്വാൻസു് ഗ്രാൻറു് ആവശ്യപ്പെടൽ ഈ രീതിയിലാണു്. അല്ലാതെ ബഡ്ജററിന്റെ സ്വഭാവവും സന്ദർഭവും നോക്കേണ്ട കാര്യമോ അങ്ങിനെ നോക്കുന്ന പതിവോ ഇല്ല. അതു് കുറച്ചുകൂടി വിചിത്രമായി പറയുകയാണെങ്കിൽ—വാക്കുകളുടെ ആസ്വാദ്യത നോക്കിയല്ല—മാർച്ചു് ൩൧-ാംനു ഈ സാമ്പത്തികവത്സരം അവസാനിക്കുന്നതിനു പകരം നാലുമാസം കഴിഞ്ഞിട്ടു് അവസാനിപ്പിക്കത്തക്ക ഒരു ഏർപ്പാടു് ചെയ്യുകയാണിതു്. നമ്മുടെ വരവുകളും ചെലവുകളും ൧൬ കൊണ്ടു ഗുണിച്ചു് ൧൨ കൊണ്ടു ഹരിച്ചാൽ ഉണ്ടാകുന്ന ഒരു സ്ഥിതിയാണിതു്. അതായതു് പന്ത്രണ്ടുമാസത്തേക്കുള്ളതു് പതിനാറുമാസത്തേക്കു് ആക്കുക എന്നതാണു്. കഴിഞ്ഞ ഒരു കൊല്ലത്തെ റിവൈസ്ഡ് എസ്റ്റിമേററു് അനുസരിച്ചുള്ള വരവുകളും, കഴിഞ്ഞ ഒരു കൊല്ലത്തെ റിവൈസ്ഡ് എസ്റ്റിമേററു് അനുസരിച്ചുള്ള ചെലവുകളും കണക്കാക്കി അങ്ങിനെ നാലുമാസത്തേക്കുള്ള ഒരു തുക ചെലവിനങ്ങളിലേക്കായി അഡ്വാൻസു് ഗ്രാൻറു് തരണം; അതിന്റെ കണക്കൊക്കെ പിന്നെ പറഞ്ഞുകൊള്ളാമെന്നാണു് ചുരുക്കത്തിൽ ഇതിന്റെ അർത്ഥം. ഇങ്ങിനെയുള്ള ഒരു അഡ്വാൻസു് ഗ്രാൻറാണു് ഈ സഭ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളതു്. അതു് ഈ സഭ പാസ്സാക്കിത്തരണമെന്നാണു് ഞാൻ അപേക്ഷിച്ചിട്ടുള്ളതു്. അതു് പാസ്സാക്കുകയില്ലെന്നുണ്ടെങ്കിൽ ഈ രാജ്യത്തു കുറെ ബുദ്ധിമുട്ടുകൾ വരാനിടയുണ്ടു്. അതായതു്, ദൈനംദിനഭരണം ശരിയായ നിലയിൽ നടത്തുവാ

[Shri Panampilli Govinda Menon]

ന്നുള്ള ഒരു ബഡ്ജററുണ്ടാക്കിക്കൊണ്ടുവന്നു പാസ്സാക്കുന്നതുവരെയുള്ള ബുദ്ധിമുട്ടുകൾ മാത്രമേയുള്ളു. അങ്ങിനെയുള്ള ഒരു ബഡ്ജററ് അവതരിപ്പിച്ച് വാദപ്രതിവാദം നടത്തുന്ന അവസരത്തിൽ സാധാരണ ഉണ്ടാകാറുള്ള ചടങ്ങുകളാണ് ഇന്നലെയും ഇന്നുമായി നാമിവിടെ നിർവ്വഹിക്കുകയുണ്ടായത്. കഴിഞ്ഞ അനേകം കൊല്ലങ്ങളായിട്ട് നമ്മുടെ രാജ്യത്ത് ബഡ്ജററ് അവതരിപ്പിക്കുക; അതിനെപ്പററി പൊതുവേ വാദപ്രതിവാദം നടത്തുക; പിന്നീട് ഗ്രാൻറുകൾ വോട്ടിനുകൊണ്ടുവരിക; ഉപക്ഷേപങ്ങൾ കൊണ്ടുവരിക ഇങ്ങിനെയൊക്കെ സാധാരണ ചെയ്യാറുള്ളതാണ്. ഈ നിയമസഭയിൽ മാത്രമല്ല ഇൻഡ്യയിലുള്ള എല്ലാ നിയമസഭകളിലും ബഡ്ജററിനെ സംബന്ധിച്ചുണ്ടായിട്ടുള്ള വാദപ്രതിവാദങ്ങൾ ഇങ്ങിനെയൊക്കെയാണ്. പണ്ട്, ഒരു സാഹിത്യാചാര്യൻ മഹാകാവ്യങ്ങൾ എഴുതുന്നതിനുള്ള ഒരു ശാസ്ത്രം എഴുതുകയുണ്ടായി. അതിൽ മഹാകാവ്യങ്ങൾ എഴുതുമ്പോൾ ചില സങ്കേതങ്ങൾ വേണമെന്നു പറഞ്ഞിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ആ വക സങ്കേതങ്ങളൊക്കെ—ചടങ്ങുകളൊക്കെ—നാം ഇവിടെ നിർവ്വഹിച്ചിട്ടുണ്ട്. അതായത് സാഹിത്യാചാര്യൻ ചെയ്യാറുള്ളത് എന്താണെന്ന്—ബഹുമാനപ്പെട്ട ശ്രീ. പട്ടം താണുപിള്ള അവർകൾ ക്ഷമിക്കണം—വളരെക്കാലമായുള്ള മഹാകാവ്യലക്ഷണങ്ങളെടുത്തു നോക്കിയാൽ കാണാൻ സാധിക്കും, വളരെക്കാലത്തിനുമുമ്പ് മഹാകാവ്യലക്ഷണങ്ങളെഴുതിയ ആചാര്യൻ നഗര സങ്കേതം, അർണ്ണവ സങ്കേതം, ശൈല സങ്കേതം, ഋതുസങ്കേതം എന്നിവക്കെല്ലാം മഹാകാവ്യത്തിൽ ഓരോ സ്ഥാനങ്ങൾ കൊടുത്തിട്ടുണ്ട് എന്ന്. അതിനുശേഷമുള്ള മഹാകാവ്യങ്ങൾ എഴുതുമ്പോഴെല്ലാം നഗരസങ്കേതം, അർണ്ണവസങ്കേതം, ശൈലസങ്കേതം, ഋതുസങ്കേതം ഇവയ്ക്കെല്ലാം ഓരോ സ്ഥാനം നിലനിറുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. അതിനുള്ള അവസരമില്ലെങ്കിൽകൂടി ഈവക സങ്കേതങ്ങളൊക്കെ മഹാകാവ്യത്തിലുണ്ടാകും. ആ മാതിരിയുള്ള ചില സങ്കേതങ്ങളാണ് ഇവിടേയും വന്നുചേർന്നിട്ടുള്ളത്. ബഡ്ജററിന്റെ വാദപ്രതിവാദ വേളയിലും ചില സങ്കേതങ്ങളുണ്ടായിട്ടുണ്ട്. ബഡ്ജററ് അവതരിപ്പിക്കുമ്പോൾ ഫൈനാൻസ് മിനിസ്റ്റർ ഒരു പ്രസംഗം ചെയ്യണം; അതിനുശേഷം പ്രതിപക്ഷത്തുള്ള ആളുകളിൽ ചിലർ പറയണം; ഇതു വാസ്തവത്തിൽ ഒരു മിച്ചബഡ്ജററാണെങ്കിലും യഥാർത്ഥത്തിൽ ഒരു കമ്മി ബഡ്ജററാണ് എന്ന്. ഇങ്ങിനെയുള്ള നടപടികളാണുണ്ടായിട്ടുള്ളതെന്ന് ഏതുകൊല്ലത്തെ ബഡ്ജററ പ്രസംഗങ്ങൾ എടുത്തുനോക്കിയാലും കാണുവാൻ സാധിക്കും. അതുമാതിരിതന്നെ ഗവൺമെൻറിനെ അനുകൂലിക്കുന്ന പാർട്ടിയിൽനിന്നു ഇതുപോലെയുള്ള ഒരു ബഡ്ജററ് അവതരിപ്പിച്ചതിൽ ഫൈനാൻസ് മിനിസ്റ്ററെ അനുമോദിക്കുന്നു എന്നു പറയണം. ഇത് ഒരു സങ്കേതമാണ്. അതുപോലെതന്നെ രാഷ്ട്രനിർമ്മാണാവശ്യങ്ങൾക്കു വേണ്ടിടത്തോളം പണം കൊള്ളിച്ചിട്ടില്ല എന്നുപറയണം. ഇതും ഒരു സങ്കേതമാണ്. നികുതിഭാരം വർദ്ധിച്ചിട്ടുണ്ട്, നികുതിഭാരംകൊണ്ട് ജനങ്ങൾക്കു നില്ക്കുവാൻ വഹിയാ എന്നുപറയണം. അതേപ്രകാരംതന്നെ അവശന്മാരും ക്ഷത്തന്മാരും ആലംബഹീനന്മാരുമായ ആളുകൾക്ക് യാതൊരുസഹായവും ഈ ബഡ്ജററിലില്ല എന്നു പറയണം. പിന്നീട് ചില ആളുകൾ ഇതു സാധാരണക്കാർക്കുവേണ്ടിയുള്ളതല്ല, ജന്മിമാർക്കും മുതലാളിമാർക്കും ഗുണംചെയ്യുവാൻ വേണ്ടിയുള്ള ഒരു ബഡ്ജററാണ് എന്നുപറയണം. ഇങ്ങിനെയുള്ള അനേകം സങ്കേതങ്ങൾ ബഡ്ജററ

വാദപ്രതിവാദവേളയിൽ ബഡ്ജററ വാദപ്രതിവാദ സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുണ്ടു്. സങ്കേതങ്ങളൊന്നും ലംഘിക്കാതെ തന്നെ അതെല്ലാം അനുസരിച്ചുകൊണ്ടുള്ള ഒരു വാദപ്രതിവാദം ഇന്നലേയും ഇന്നുമായി ഇവിടെ കേൾക്കുവാൻ സാധിച്ചിട്ടുണ്ടു്. എന്നുവച്ചാൽ കേവലം സങ്കേതം മാത്രം പിടിച്ചുകൊണ്ടുള്ള വാദപ്രതിവാദങ്ങളാണു് ഇവിടെ ഉണ്ടായിട്ടുള്ളതു്. ഇവിടെ ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളെല്ലാം അർത്ഥശൂന്യങ്ങളാണെന്നു ഞാൻ പറയുന്നില്ല. വളരെ നല്ല അഭിപ്രായങ്ങളും വളരെനല്ല സൃഷ്ടിപരങ്ങളായ കാര്യങ്ങളും ഗവമ്മെൻറ് ശ്രദ്ധിക്കേണ്ട അനേകം വിഷയങ്ങളും ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽ ഉണ്ടായിട്ടുണ്ടു്. അതെല്ലാം ഗവമ്മെൻറ് ശ്രദ്ധിച്ചുകൊണ്ടു് ഇനി ഗവമ്മെൻറ് ബഡ്ജററ് അവതരിപ്പിക്കുമ്പോൾ വേണ്ടതു് ചെയ്യുന്നതാണെന്നു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു.

ഒന്നാമതായി ചില ബുദ്ധിമുട്ടുകളെപ്പററി ചില ആളുകൾ ഇവിടെ പറഞ്ഞുകേട്ടു. ശ്രീ. കുഞ്ഞൻ നാടാരും ശ്രീ. ചിദംബരനാഥ നാടാരും തെക്കൻതിരുവിതാംകൂറിലെ ജലസേചന പദ്ധതികളുടെ കാര്യത്തിൽ ഗവമ്മെൻറ വേണ്ടിടത്തോളം പ്രവൎത്തിക്കുന്നില്ലെന്നു് പറയുകയുണ്ടായി. അതുപോലെ പല പ്രദേശങ്ങളിലും വേണ്ടിടത്തോളം സൌകര്യങ്ങൾ കിട്ടുന്നില്ലെന്നുള്ള ആക്ഷേപം എല്ലാവൎക്കും ഉണ്ടു്; എനിക്കുമുണ്ടു്. അതുമാതിരിതന്നെ മററു പല മെമ്പർമാരും ഇവിടെ പറയുകയും ചെയ്തിട്ടുണ്ടു്. ബഹു: ചിദംബരനാഥ നാടാർ അവർകളോടും കുഞ്ഞൻനാടാർ അവർകളോടും അതുപോലെയുള്ള മററു ബഹുമാനപ്പെട്ട മെമ്പർമാരോടും എനിക്കു ഗവമ്മെൻറിൻെറപേരിൽ ഈ അവസരത്തിൽ പറയുവാനുള്ളതു് ഇതാണു്. തെക്കൻ തിരുവിതാംകൂറിൽ നാഞ്ചിനാട്ടു് നമ്മുടെ രാജ്യത്തു് ഏററവും അധികം നെല്ലുണ്ടാകുന്ന ഒരു പ്രദേശമാണു്. ഈ രാജ്യത്തു് കൃഷി വികസിപ്പിക്കുകയും ഭക്ഷ്യോല്പാദനം വൎദ്ധിപ്പിക്കുകയും ചെയ്യണമെന്നു് ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ പ്രദേശത്തെ ഒരു വിധത്തിലും തള്ളിക്കളയാവുന്നതോ ഈ പ്രദേശത്തെ ജനങ്ങളുടേയും കൎഷകരുടേയും അത്യാവശ്യമായ കാര്യങ്ങൾ അവഗണിക്കാവുന്നതോ അല്ല. അതുകൊണ്ടു് ഈ ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെപറഞ്ഞ എല്ലാ കാര്യങ്ങളും ശരിയാണെന്നു ഞാൻ സമ്മതിക്കുന്നില്ലെങ്കിലും അനേകവിധത്തിലുള്ള പ്രവൎത്തികൾ തെക്കൻ തിരുവിതാംകൂർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം അടുത്തകാലത്തായി ഗവമ്മെൻറ് ചെയ്തിട്ടുണ്ടെന്നു് വാദിക്കുന്നുണ്ടെങ്കിലും ഒരു കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഇതു് പറയുന്നതു് ഇനിയും അവിടെ എന്തെങ്കിലും കാര്യങ്ങൾ ചെയ്യുവാനുണ്ടെങ്കിൽ അതു് ചെയ്യാതിരിക്കുവാൻ വേണ്ടിയല്ല. ഗവമ്മെൻറ് റിക്കാർട്ടുകൾ പരിശോധിച്ചതിൽനിന്നു് ഞാൻ മനസ്സിലാക്കുന്നതു് ഇവിടെ വളരെയധികം സ്കീമുകൾ ആരംഭിച്ചിട്ടുണ്ടെന്നാണു്. അവിടെ പെരിഞ്ചാണി സ്കീം ഉണ്ടു്. അതു് വേഗത്തിൽ നടപ്പിൽവരുത്തുന്നില്ലാ എന്നാണു് ബഹു: മെമ്പറന്മാർ ആക്ഷേപിക്കുന്നതു്. തിക്കണംകോട്ട ചാനൽ, തോക്കോട്ടു ചാനൽ, പട്ടണംകാൽ ചാനൽ, തേവാള ചാനൽ, ഇങ്ങനെ പല സ്കീമുകളുമുണ്ടു്. വള്ളുവർ സ്കീമിനെപ്പററി രണ്ടുദിവസംമുമ്പു് ചോദ്യോത്തരവേളയിലും ഇവിടെ പറയുകയുണ്ടായി. അതിലേക്കു് വിദഗ്ദ്ധനായ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷൻെറ അഭിപ്രായപ്രകാരം ഞാൻ വരുന്നതിനു മുമ്പുതന്നെ രണ്ടുലക്ഷത്തിൽ ചില്വാനം രൂപായുടെ റിവൈസ്ഡ്

[Shri Panampilli Govinda Menon]

എസ്റ്റിമേററ്‌തയാറാക്കി പണി നടത്തിവരുന്നുണ്ട്. അതുപോലെ നെയ്യാർ ഡാം അനേകം കുളങ്ങളും തോടുകളും എടുത്തു് നന്നാക്കുവാനുള്ള പദ്ധതി ഇതെല്ലാമുണ്ട്. അതുവിട്ടു് ഇനിയും അവിടെ എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ ഗവമ്മെൻറിൻെറ ഫണ്ടു് അനുസരിച്ചു തീർച്ചയായും ചെയ്യുവാൻ ഒരുക്കമാണു്. ഈ വക കാര്യങ്ങളിൽ വല്ല അമാന്തമോ വേഗതക്കുറവോ ഉണ്ടെങ്കിൽ അതു് ശ്രദ്ധിക്കുവാനും ഗവമ്മെൻറ് ഒരുക്കമാണു്. ഈ വിധം ചെയ്യാം എന്നു പറയുന്നതു് ശ്രീ. ചിതംബരനാഥ നാടാർ ഇവിടെ ഒന്നുരണ്ടു തവണ സൂചിപ്പിച്ച മാതിരി മിനിസ്ട്രിയുടെ നിലനില്പിനുവേണ്ടിയോ കോൺഗ്രസ്സിൻെറ നിലനില്പിനു വേണ്ടിയോ അല്ല. തെക്കൻ തിരുവിതാംകൂറും ഈ നാടിൻെറ ഒരു ഭാഗമാണെന്നുള്ളതുകൊണ്ടും അവിടെ ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു് അവിടത്തെ കൃഷിയും ഉല്പാദനവും വികസിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണെന്നുള്ളതുകൊണ്ടും ഭരണത്തിൽ ഇരിക്കുന്ന ആർക്കും അതു് ശ്രദ്ധിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்</u>: ஸர், தென் திருவிதாங்கூராகிய தமிழ்நாடு, இந்த ராஜ்யத்திலுள்ள ஒரு பாகம். இந்த காங்கிரஸ் சர்க்கார் வந்த பிறகு அங்கிருந்து ஏதாவது ஒருவரை கெஸட்டட் ஆபீசராக நியமித்ததுண்டா?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: അതു് ഇപ്പോൾ എനിക്കു പറയുവാൻ സാദ്ധ്യമല്ല. ആക്ഷേപമുണ്ടെങ്കിൽ ശ്രദ്ധിക്കാം. ഇതിൽ ഒരു മനഃപൂർവ്വവും ഇല്ല. പ്രസംഗിച്ചുകൊണ്ടുനില്ക്കുമ്പോൾ അതിനോടു് ബന്ധമില്ലാത്ത ഇത്തരം വാണങ്ങൾ കൂടി ഇടയ്ക്കു കയററിവിട്ടാൽ പ്രയാസമാണു്. കൃഷിയുടെ കാര്യത്തിലും മററും കൂടുതൽ ശ്രദ്ധിക്കുവാൻ ഗവമ്മെൻറ് ഒരുക്കമാണു്. അങ്ങനെ ശ്രദ്ധിക്കുന്നതു് മുൻപറഞ്ഞ മാതിരിയുള്ള കാരണങ്ങൾ കൊണ്ടല്ല. ഭക്ഷ്യോല്പാദനം നമ്മുടെ നാട്ടിൽ വർദ്ധിപ്പിക്കേണ്ടതു് ആവശ്യമാണു്. കൃഷിയുടെ കാര്യത്തിൽ കൂടുതൽ സൗകര്യങ്ങൾ ചെയ്തു കിട്ടേണ്ടതുണ്ടെങ്കിൽ അതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതു് ആവശ്യമാണു്.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അദ്ദേഹത്തിൻെറ താലൂക്കിലുള്ള ചില പദ്ധതികളെപ്പററി പറഞ്ഞു.

<u>ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ</u>: തെക്കൻ തിരുവിതാംകൂറിലെ പദ്ധതികൾക്കു് എത്ര കോടി രൂപാ വേണ്ടിവരുമെന്നു പറയാമോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: അതു നോക്കിപറയുവാൻ കുറച്ചു സമയംവേണം.

ഈ ഗവമ്മെണ്ടും ഇൻഡ്യാഗവമ്മെണ്ടും ഭക്ഷ്യോല്പാദന കാര്യത്തിൽ വളരെ പ്രാധാന്യം കല്പിക്കുന്നുണ്ടു്. അതു മുഴുവൻ ശരിയാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും അതുകൊണ്ടു വലിയ ഗുണങ്ങൾ ഉണ്ടായിട്ടില്ലെന്നുമുള്ള ആക്ഷേപങ്ങൾ ധാരാളം ഉണ്ടു്. ഉണ്ടായിട്ടുള്ള ഗുണങ്ങളെപ്പററി നോക്കാത്തതുകൊണ്ടാണു്, ഗുണം ഉണ്ടായിട്ടില്ല എന്നുപറയുന്നതു്. ഇങ്ങനെയുള്ള പോളിസി ഗവമ്മെൻറ് എടുത്തിട്ടുള്ളതു് നാട്ടിനു് പൊതുവേ ഗുണമുണ്ടാകണമെന്നു് ഗവമ്മെൻറ് ആഗ്രഹിക്കുന്നതുകൊണ്ടാണു്. ഇന്നു് ബഹുമാനപ്പെട്ട

ചിദംബരനാഥനാടാരും, കുഞ്ഞൻ നാടാരും പറഞ്ഞിട്ടുള്ള വിഷമങ്ങളെപ്പററി ആലോചിക്കുവാൻ ഗവമ്മെണ്ട് തയ്യാറാണ് എന്നുപറയുവാൻ വേണ്ടിമാത്രമേ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുന്നുള്ളു. അതേമാതിരിതന്നെ പ്രാദേശികാവശ്യങ്ങളെപ്പററിയും ഇവിടെ അപ്പോഴപ്പോഴായി പറഞ്ഞിട്ടുള്ള മററെല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഇതുതന്നെയാണ് എനിക്കു പറയുവാനുള്ളത്.

പിന്നെ ഇവിടെ രാഷ്ട്രനിർമ്മാണ കാര്യങ്ങൾക്കുവേണ്ടി വേണ്ടിടത്തോളം പണം ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലാ എന്നും അതിനുവേണ്ടി കൊള്ളിച്ചിട്ടുള്ള തുക വളരെ കുറഞ്ഞുപോയിട്ടുണ്ടെന്നും ഇവിടെ പറയുകയുണ്ടായി. എനിക്കു അതിനു രണ്ടു സമാധാനമാണ് പറയുവാനുള്ളത്. ഒന്നാമതു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു് ഒരു ബഡ്ജററ് അല്ല. ഒരു അഡ്വാൻസ് ഗ്രാൻറിനുവേണ്ടിയുള്ള ഒരു അഭ്യർത്ഥന മാത്രമാണ്. ബഹുമാനപ്പെട്ട സ്നേഹിതൻ ടി. വി. തോമസ്സാണ് രാഷ്ട്രനിർമ്മാണകാര്യങ്ങൾക്കുവേണ്ടി ഈ ബഡ്ജററിൽ വേണ്ടിടത്തോളം തുക ചേർത്തിട്ടില്ല എന്ന ആക്ഷേപം പ്രധാനമായി കൊണ്ടുവന്നതു്. അദ്ദേഹം അപ്പോൾ പറഞ്ഞ കാര്യങ്ങളിൽ ചിലതിനു ഞാൻ ഉടനെതന്നെ മറുപടി പറഞ്ഞു. പിന്നീടു് അദ്ദേഹത്തിൻെറ പ്രസംഗത്തെ തടയേണ്ട എന്നു ഉദ്ദേശിച്ചു് അപ്പോൾ കൂടുതലായി ഇടയ്ക്കു ഞാൻ ഒന്നും പറഞ്ഞില്ല. ഞാൻ ഇതു് എടുത്തു പറയുന്നതു് കേവലം വാദപ്രതിവാദത്തിൽ ജയിക്കണം എന്നു വേണ്ടിയിട്ടല്ലാ. ഇതാണ് വസ്തുത. ഇതു് ബഡ്ജററിൻെറ നാനാഭാഗത്തുംനോക്കിയാൽ കാണുവാൻ സാധിക്കുന്നതാണ്. ഉദാഹരണമായി മെഡിക്കൽ വകുപ്പിൽ ൨൨ ലക്ഷം രൂപാ കഴിഞ്ഞകൊല്ലത്തേക്കാൾ കുറവുചെയ്തിട്ടുണ്ടു് എന്നു് അദ്ദേഹം പറഞ്ഞു. അദ്ദേഹം അതുപറയുവാൻ കാരണമാക്കിയതു് എൻെറ തെററുകൊണ്ടാണ്. എൻെറ ആദ്യത്തെ പ്രസംഗത്തിൽ ഈ അക്കങ്ങൾ വ്യത്യാസപ്പെടുത്തിയതിൻെറ കാരണങ്ങൾ വിശദീകരിക്കേണ്ടതായിരുന്നു. അതു ഞാൻ ചെയ്തില്ല. പി.ഡബ്ലിയു.ഡി. വകുപ്പിൽ മെഡിക്കൽ ബിൽഡിംഗ്സിനുവേണ്ടി ൨൨ ലക്ഷത്തിൽ ചില്വാനം രൂപാ കൊള്ളിച്ചിട്ടുണ്ടു്. അതു് ഇതിനുമുമ്പു് മെഡിക്കൽ ബഡ്ജററിലായിരുന്നു കൊള്ളിച്ചിരുന്നതു്. അതു കൊണ്ടാണ് ഈ കുറവുകണ്ടതു്. അതുപോലെ പബ്ലിക്ക് ഹെൽത്തു് വകുപ്പിൽ ൧ ലക്ഷം രൂപാ കൂടിയതായിട്ടും കാണുവാൻ സാധിക്കും. അതുപോലെതന്നെ അഗ്രികൾച്ചറൽ വകുപ്പിൽ ൧ ലക്ഷം രൂപാ കുറവുകാണുന്നതു് കുളങ്ങൾ, കിണറുകൾ മുതലായവ താഴ്ത്തുവാനുള്ള പണികൾ അഗ്രികൾച്ചർ വകുപ്പിൽ നിന്നും പബ്ളിക്ക് ഹെൽത്തിലേക്കു് മാററിയതുകൊണ്ടാണ്. അതുപോലെതന്നെ ഇൻഡസ്ട്രീസ്സ് ഇനത്തിൽ കഴിഞ്ഞകൊല്ലത്തേക്കാൾ ൨൩ ലക്ഷം രൂപാ കൂടുതൽ ചേർത്തിട്ടുണ്ടു്. ഇലക്ട്രിസിററിയിലും, ട്രാൻസ്പോർട്ടിലും അതുപോലെ കൂടുതൽ സംഖ്യ ചേർത്തിട്ടുണ്ടു്. ഇങ്ങനെ നോക്കുകയാണെങ്കിൽ നേഷൻബിൽഡിംഗ്സ് ഡിപ്പാർട്ടുമെൻറിനു് ആദ്യം ബഡ്ജററ് തയ്യാറാക്കിയപ്പോൾതന്നെ അന്നത്തെ നില അനുസരിച്ചു ബഡ്ജററിൽ കൂടുതൽ തുക ചേർത്തിട്ടുണ്ടു്. ഇനിയും നമ്മുടെ ധനസ്ഥിതിയനുസരിച്ചും ആവശ്യമനുസരിച്ചും നേഷൻ ബിൽഡിംഗ്സ് ഡിപ്പാർട്ടുമെൻറിനു് എത്ര തുക അനുവദിച്ചാലും മതിയാകയില്ല. ഞാൻ ഇതു് ആരേയും ആക്ഷേപിക്കുവാൻ വേണ്ടിയല്ല പറയുന്നതു്. വലിയ പ്രതീക്ഷകളോടുകൂടിയാണ് ബഡ്ജററു വാദപ്രതിവാദം ഞാൻ ഇവിടെ ശ്രദ്ധിച്ചുകൊണ്ടിരുന്നതു്. ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ

[Shri Panampilli Govinda Menon]

പോററി അവർകൾ പറഞ്ഞു, പ്രതീക്ഷാനിർഭരമായിട്ടാണ് എന്റെ പ്രസംഗം കേട്ടത് എന്ന്. വാസ്തവത്തിൽ വളരെ വലിയ പ്രതീക്ഷ എനിക്കു ഐക്യമുന്നണിക്കാരിൽ ഉണ്ടായിരുന്നു. അതെന്താണെന്നുവച്ചാൽ ബഡ്ജററിന്റെ വാദപ്രതിവാദങ്ങളിൽ പഴയ സങ്കേതങ്ങളെയെല്ലാം വിസ്മരിച്ച് പുതിയതായ വാദപ്രതിവാദം കേൾക്കാം എന്ന ആഗ്രഹം എനിക്കുണ്ടായിരുന്നു. പക്ഷെ അവരും പഴയ സങ്കേതങ്ങൾ വച്ചുകൊണ്ട് ആ പഴയപല്ലവിതന്നെയാണ് ഇവിടെ പാടിയത്. ശ്രീ. ടി. വി. തോമസ്സ് ഒരുഭാഗത്ത് രാഷ്ട്രനിർമ്മാണകാര്യങ്ങൾക്ക് വേണ്ടിടത്തോളം പണം കൊള്ളിച്ചിട്ടില്ലാ എന്നുപറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പിന്നിൽനിന്ന് ശ്രീ. പോററിപറയുന്നു നികുതിഭാരം കൊണ്ട് മനുഷ്യർ നില്ക്കുവാൻ പാടില്ലെന്ന്. ശ്രീ. അബ്ദുൽകാദർ പറഞ്ഞു ഇവിടെ ഒരാൾക്ക് ൮൨ രൂപാ നികുതിഭാരമുണ്ടെന്ന്. അതു ശരിയല്ലാ എന്ന് അദ്ദേഹത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബഡ്ജററു പുസ്തകത്തിന്റെ ആദ്യത്തെ പേജിൽ പ്രിൻസിപ്പൽ ഹെഡ്സ് ഓഫ് റവന്യൂ കൊടുത്തിട്ടുണ്ട്. അതു പ്രകാരം ൧൦ കോടിയിൽ ചില്വാനം രൂപയാണുള്ളത്. ബഡ്ജററിൽ ൧൩ കോടിരൂപാ നാം നികുതികൊടുക്കാത്ത ഇനങ്ങളിൽനിന്നുള്ള വരവാണ്. സാധാരണയായി കുറച്ചുകാലമായിട്ട് തിരുവിതാംകൂർ–കൊച്ചിയിലെ ബഡ്ജററിന്റെ വാദപ്രതിവാദവേളയിൽ ഇൻഡ്യാഗവമെന്റിന് നാം കീഴടങ്ങിയതും ഇൻഡ്യാഗവമെണ്ടിന് ഈ രാജ്യത്തെ വരവിനങ്ങൾ സറണ്ടർചെയ്തതും ആക്ഷേപവിഷയമാകാറുണ്ട്. അതാണ് കൊട്ടാരക്കര മെംബർ ശ്രീ. കൃഷ്ണൻനായർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞത്. എന്നാൽ ഈ കാര്യത്തിൽ ഉണ്ടായിട്ടുള്ള ഇടപാടുകൾ എന്താണെന്ന് ഈ സഭ മനസ്സിലാക്കുന്നത് നന്നായിരിക്കും. നമ്മുടെ രാജ്യത്തിൽനിന്ന് ഇൻഡ്യാഗവമെന്റ് എടുക്കുന്ന വരവിനങ്ങൾ ഫെഡറൽ ഫൈനാൻസ് ഇൻറിഗ്രേഷൻ എഗ്രിമെൻറ് അനുസരിച്ച് നമ്മുടെ റവന്യൂ നമുക്കു മടക്കിത്തരുവാൻ വ്യവസ്ഥയുണ്ട്. ൧൧൨൩, ൧൧൨൪ കൊല്ലങ്ങളിലെ റവന്യൂവിന്റെ കണക്കെടുത്ത് അതുവച്ച് നമുക്കു ഇങ്ങോട്ടു മടക്കിത്തരുക എന്നുള്ളതാണ് അതിലെ വ്യവസ്ഥ. അതു കൊല്ലംതോറും വ്യത്യമാനം വീതം കുറയുമെന്നാണ് നിശ്ചയം. ഇങ്ങനെ പത്തുകൊല്ലക്കാലത്തേക്കു തരും. ഈകാര്യത്തിൽ ഈ ഗവമെൻറും ഇൻഡ്യാഗവമെൻറുമായിട്ട് ഒരു എഗ്രിമെൻറ് ഉണ്ടായിട്ടുണ്ട്. ഇങ്ങനെ ഒരു എഗ്രിമെൻറ് ഉണ്ടാക്കുവാൻ ഭരണഘടനയിൽ ഒരു പ്രൊവിഷൻ തന്നെയുണ്ട്. മദ്രാസ്, ബംഗാൾ ഈ സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയുള്ള വ്യവസ്ഥയില്ല. അവിടെയുള്ള ഡിവിസിബിൾ റവന്യൂവിന്റെ തോതനുസരിച്ചുള്ള ഒരു ഇൻകം മാത്രമാണു കൊടുക്കുന്നത്. നമുക്കു അങ്ങനെയല്ല. അവർക്കു കിട്ടുന്ന ഡിവിസിബിൾ റവന്യൂവിന്റെ ഷയർ നമുക്കു കിട്ടുന്നതിനേക്കാൾ കൂടുതലായിരിക്കുകയില്ല. ഡിവിസിബിൾ റവന്യൂഷയർ നമുക്കു തരുന്നതിനേക്കാൾ കൂടുതലാണെങ്കിൽ ൧൦ കൊല്ലത്തിനിടക്കുതന്നെ ആ സംഖ്യതരണമെന്നു കരാറിൽ വ്യവസ്ഥയുണ്ട്. തിരുവിതാംകൂറും കൊച്ചിയും സ്വതന്ത്രരാജ്യങ്ങളായിരിക്കുമ്പോഴുള്ള റവന്യൂ നമുക്കില്ല. തിരുവിതാംകൂറും കൊച്ചിയും സ്വതന്ത്രരാജ്യങ്ങൾ ആയിരിക്കണം എന്നായിരുന്നില്ലാ നമ്മുടെ ചിരകാലമായ രാഷ്ട്രീയാഭിലാഷം. വളരെക്കാലമായി നാമെല്ലാവരും ഈ നിയമസഭയിലുള്ള എല്ലാകക്ഷികളും ആഗ്രഹിച്ചിരു

ന്നതു് ഇൻഡ്യൻ ഫെഡറേഷന്റെ ഒരു അവിഭാജ്യഘടകമായി ഈ രാജ്യം നില്ക്കണമെന്നാണു്. അതിലേക്കുവേണ്ടിയാണു് ഇങ്ങനെയൊരു എഗ്രിമെന്റു് ഇൻഡ്യാഗവമ്മേന്റുമായി ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് നമുക്കു രാഷ്ട്രനിമ്മാണപദ്ധതിക്കുവേണ്ടി നികുതി പിരിക്കാതിരിക്കുവാൻ സാദ്ധ്യമല്ല. ശ്രീമാൻ ടി. വി. തോമസ്സു് അവർകളുടെ പ്രസംഗത്തിൽ എങ്ങിനെയാണു് നികുതി നിണ്ണയിക്കേണ്ടതു് എന്നു പറയുകയുണ്ടായി.

**Shri T. S. Ramaswami:** Then why not tax the rich.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട രാമസ്വാമി അവർകൾ പറഞ്ഞു, പണക്കാരെ ടാക്സ് ചെയ്യണമെന്നു്. ഇങ്കംടാക്സ്, അഗ്രികൾച്ചറൽ ഇങ്കംടാക്സ്, ലാൻറ് റവന്യൂ ഇവയെല്ലാം പണക്കാരെ ടാക്സ് ചെയ്യുകയല്ലാതെ മറെറന്താണു് ചെയ്തിട്ടുള്ളതു്? ഹെൻറി ജാർജ്ജ് എന്ന ഒരു പ്രസിദ്ധ തത്വശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിട്ടുള്ളതു് ലാൻറ് റവന്യൂ പോലെ ഇത്ര നല്ലതായ ഏപ്പാടു വേറെ ഇല്ലെന്നാണു്. ദൈവദത്തമായ ഭൂമിയിൽ നാലു സവ്വേക്കല്ലുകൾ ഇട്ടു സ്വന്തമാക്കിയിട്ടു അതു് എന്റെതു് എന്നു പറയുവാനുള്ള അവകാശം മനുഷ്യനു ഉണ്ടാകുന്നു. അങ്ങനെയുള്ള ഭൂമിക്കു് ഒരു ടാക്സ് ചുമത്തുന്നതിൽ എന്തു തെററാണുള്ളതെന്നു് എനിക്കു മനസ്സിലാകുന്നില്ല. മിസ്റ്റർ അബ്ദൽഖാദർ പറഞ്ഞതു് അതായതു് ഇവിടെ ലാൻറ് റവന്യൂ വളരെ അധികമുണ്ടെന്നു പറയുന്നതു് ശരിയല്ല. അദ്ദേഹത്തിന്റെ കണക്കുകൾ തെററാണെന്നു ഞാൻ തെളിയിക്കാം. ഇവിടെ പത്തുലക്ഷത്തിൽ ചില്വാനം രൂപാ ഈ ഇനത്തിൽ റവന്യൂ ആയിട്ടു വരുന്നുണ്ടെന്നു പറഞ്ഞു. ഇതിൽ പരമാത്ഥത്തിൽ ഒരു ലക്ഷത്തിൽ ചില്വാനം രൂപ ഫാറസ്റ്റ് റവന്യൂ ആണു്. അതു തള്ളി ഇവിടെയുള്ള ജനസംഖ്യ കൊണ്ടു് ബാക്കിയുള്ള റവന്യൂവിനെ ഹരിക്കുകയാണെങ്കിൽ നമുക്കു കിട്ടുന്ന സംഖ്യ എന്താണെന്നു് നോക്കുകയാണെങ്കിൽ അദ്ദേഹം പറഞ്ഞതു് ശരിയല്ലെന്നു കാണാൻ കഴിയുന്നതാണു്. അതിൽ അബദ്ധമുണ്ടെന്നു ഞാൻ പറയാത്തതു്, അതു് പാർലമെൻററിയല്ലാത്തതുകൊണ്ടാണു്.

ശ്രീ. എ. താണുപിള്ള: നാം അങ്ങോട്ടുകൊടുക്കുന്ന നികുതിതന്നെയല്ലേ ഇൻഡ്യാഗവമ്മേന്റു് നമുക്കു് തിരിയെ തരുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാം അതിനെപ്പററിയല്ല ഇപ്പോൾ ചിന്തിക്കേണ്ടതു്. ഇവിടത്തെ സ്റ്റേററു അഡ്മിനിസ്ട്രേഷനെ നോക്കുമ്പോൾ നികുതി വളരെ കൂടുതലാണെന്നാണു് വാദം. ബഡ്ജററു് വാദപ്രതിവാദവേളയിൽ ഐക്യമുന്നണിയുടെ ഒരു ഭാഗത്തുനിന്നുണ്ടായ വിമശനം താഴ്ന്ന ജോലിക്കാക്കു് ശമ്പളം കൂട്ടിക്കൊടുക്കാത്തതെന്തുകൊണ്ടെന്നാണു്. അദ്ധ്യാപകന്റെ ശമ്പളം കൂട്ടിക്കൊടുക്കണം, എൻ. ജി. ഒ. മാരുടെ ശമ്പളം വദ്ധിപ്പിക്കണം, മററാളുകളുടെ ശമ്പളം വദ്ധിപ്പിക്കണം. കള്ളുഷാപ്പുകളേക്കാൾ എണ്ണത്തിൽ ആശുപത്രികൾ കുറഞ്ഞുപോയി, അതു് വദ്ധിപ്പിക്കണം. ഇതൊക്കെ ചെയ്യേണ്ടതാണു്. ഈ കാര്യങ്ങൾ മാത്രമല്ല മററു പല കാര്യങ്ങളും ചെയ്യണമെന്നു് ഗവമ്മേന്റിനു് ആഗ്രഹമുണ്ടു്. പണമില്ലെങ്കിൽ ഇതൊക്കെ എങ്ങനെ നടക്കും? അതിനു നികുതിയില്ലാതെ സാധിക്കുകയില്ല. പ്രതിപക്ഷകക്ഷികളുടെ വിമശനം ഒരേ ശ്വാസത്തിൽതന്നെ വൈരുദ്ധ്യമുളവാക്കുന്ന ഒന്നായിരുന്നു. പ്രതിപക്ഷകക്ഷിനേതാവു്, രാഷ്ട്രനിമ്മാണപദ്ധതികൾക്കായിട്ടു വളരെ ചെലവാക്കുമെ

[Shri Panampilli Govinda Menon]

ന്നു പ്രതീക്ഷിച്ചിരുന്നുവെങ്കിലും അങ്ങനെ ചെയ്തില്ലെന്നു മാത്രമല്ല നികുതി വർദ്ധിപ്പിക്കുകയും ചെയ്തു എന്നു പറയുന്നതു് എനിക്കു മനസ്സിലാക്കുവാൻ സാധിക്കും. അതേപ്പററി എനിക്കു പറയുവാനുള്ളതു് അവർ വളരെ പ്രതീക്ഷിച്ചു; ഞാനും വളരെ പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷകളെല്ലാം തകരാറിലായി എന്നാണ്. അവരിൽനിന്നും ഇതുവരെയില്ലാത്ത പുതിയ എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിക്കുമെന്നു എനിക്കു് പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ അങ്ങനെ ഒന്നും ഉണ്ടായില്ല. നേരെമറിച്ചു ഒരേശ്വാസത്തിൽ ഒരേകക്ഷിയിൽനിന്നും വിരുദ്ധരീതിയിലുള്ള അഭിപ്രായപ്രകടനമാണ് ഉണ്ടായതു്. മീനമാസത്തിലെ കഠിനമായ വെയിലും തിരുവാതിര ഞാററുവേല തുടങ്ങുമ്പോഴുള്ള മഴയുംപോലെ അവ തമ്മിൽ പൊരുത്തമില്ലാത്തവയാണ്. രാഷ്ട്രനിർമ്മാണപദ്ധതികൾക്കുവേണ്ടി ധാരാളം പണം ചെലവാക്കണമെന്നു് പ്രതിപക്ഷനേതാവു് ശ്രീ. ടി. വി. തോമസ് പറയുമ്പോൾ അദ്ദേഹത്തിന്റെ നേരെ പുറകിലുള്ള ശ്രീമാൻ നാരായണൻപോററി പറയുന്നതു് നികുതി വർദ്ധിച്ചുപോയി എന്നാണ്. എങ്ങനെ രാഷ്ട്രനിർമ്മാണപദ്ധതികൾക്കുവേണ്ടി പണം ചെലവാക്കും? വേറൊരു കാര്യം ശ്രീമാൻ ടി. വി. തോമസ് പറഞ്ഞു. അതു് വില്പന നികുതിയെപ്പററിയാണ്. അതു് ഇമ്മോറൽ ടാക്സ് എന്നാണ് അദ്ദേഹം പറഞ്ഞതു്. അതായതു് അസാന്മാർഗ്ഗികമായ അല്ലെങ്കിൽ അധാർമ്മികമായ ഒരു ടാക്സ് എന്നാണ്. അദ്ദേഹം അങ്ങനെ പറഞ്ഞപ്പോൾ എനിക്കു് തോന്നി, ഒരു പക്ഷെ അതു് അസാന്മാർഗ്ഗികമാണോ എന്നു്. ഞാനും ഈ അസാന്മാർഗ്ഗികമായ ഇടപാടിനു് കൂട്ടുനിന്നോ എന്നു തോന്നി. പക്ഷെ പരിശോധിച്ചു നോക്കിയപ്പോൾ അതു അസാന്മാർഗ്ഗികമല്ലെന്നു് ബോദ്ധ്യംവന്നു. വേറൊന്നു് ഒരു അന്ധവിശ്വാസമാണ്. അതായതു് മദ്യവർജ്ജനവും സെയിൽസ് ടാക്സും തമ്മിൽ ബന്ധമുണ്ടെന്നു് ചിലക്കു ഒരു അന്ധവിശ്വാസം. ഇൻഡ്യയിൽ ആദ്യമായി സെയിൽടാക്സ് അവതരിപ്പിച്ചതു് ശ്രീ. രാജഗോപാലാചാരിയാണ്. അതു് ൧൯൩൭—൩൮-ൽ ആണ്. അദ്ദേഹം പ്രധാനമന്ത്രി ആയിരിക്കുമ്പോൾ മദ്രാസ് നിയമസഭയിൽ അവതരിപ്പിച്ചതാണ്. പ്രൊഹിബിഷനെപ്പററി പറയുകയാണെങ്കിൽ, അതിൽനിന്നുള്ള വരുമാനം കുറയും. അതിനെ നികത്താൻ വേണ്ടിയാണ് ആദ്യം സെയിൽടാക്സ് ആ സംസ്ഥാനത്തു് ഏർപ്പെടുത്തിയതു്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതി വച്ചുകൊണ്ടു നോക്കുകയാണെങ്കിൽ പ്രൊഹിബിഷൻ നിറുത്തിയാലും സെയിൽടാക്സ് വേണ്ടെന്നുവയ്ക്കുമോ എന്നുള്ളതു് സംശയമാണ്. അങ്ങനെയാണെങ്കിൽ തത്വപരമായ ഒരു തീരുമാനം ചെയ്യണം. മാത്രമല്ല, കാൺസ്റ്റിററ്യൂഷൻ അനുസരിച്ചു് സ്റ്റേറ്റുകൾക്കു് ഇന്ന ഇന്ന നികുതികൾ ചുമത്തുന്നതിനു് അവകാശമുണ്ടെന്നും ഇന്ന ഇന്ന നികുതികൾ ചുമത്തുവാൻ യൂണിയനാണ് അധികാരമെന്നും വ്യക്തമാക്കിയിട്ടുണ്ടു്. അതിനു വിപരീതമായി ആർക്കും ഭരണം നടത്തുവാൻ സാദ്ധ്യമല്ല. എന്റെ ബഹുമാനപ്പെട്ട മെംബർ ശ്രീ. ടി. വി. തോമസിനും സാധ്യമല്ല. ഇങ്ങനെയുള്ള നികുതികളെല്ലാം ബഡ്ജററ ടെക്സ്ചറിന്റെ ഒരു ഭാഗമായിത്തീർന്നിട്ടുണ്ടു്. ശ്രീ. കരുണാകരൻ ഇതിനെപ്പററി വളരെ പറയുകയുണ്ടായി. ഇതു് വലിയദ്രോഹമാണെന്നു അദ്ദേഹം പറഞ്ഞു. ഞാൻ മുമ്പു പറഞ്ഞതുപോലെതന്നെ ശ്രീ. ടി. വി. തോമസും മിസ്റ്റർ കരുണാകരനും അങ്ങനെ പറഞ്ഞതുകൊണ്ടു് ഞാൻ പരിശോധിച്ചുനോക്കി. അസാന്മാർഗ്ഗികമായ

എന്തെങ്കിലും കാര്യത്തിന് ഞാൻ കൂട്ടുനിന്നിട്ടുണ്ടോ എന്നു ഒരാത്മപരിശോധന നടത്തി. റഷ്യയിൽ ൧൯൧൭ മുതൽ ഭരണം നടത്തിവന്ന കമ്മ്യൂണിസ്റ്റ് പാർട്ടി—സാറിന്റെ (Tsar) കാലത്തല്ല—അതിനുശേഷം—ഏർപ്പെടുത്തിയിട്ടുള്ള ടാക്സുകളെപ്പററി ഒരു ബുക്ക് പബ്ലിഷ് ചെയ്തിട്ടുണ്ട്. അതിൽ ന്യൂ എക്കണോമിക് ടാക്സിനെക്കുറിച്ചു പറയുന്നുണ്ട്. ഇതിൽ പറയുന്നതു് റഷ്യയിലെ ഏററവും വലിയ നികുതി സെയിൽടാക്സ് ആണെന്നാണ്. എന്റെ സ്നേഹിതന്മാർ എനിക്കു മാപ്പുതരണം; ഞാൻ അതിൽ നിന്നും ചില ഭാഗങ്ങൾ ഉദ്ധരിക്കാം. പ്രസിദ്ധ ധനതത്വശാസ്ത്രജ്ഞനായ ഡാക്ടർ ബി. വി. നാരായണസ്വാമി നായിഡു ന്യൂ എക്കണോമിക്സ് ടാക്സേഷനെപ്പററി പറയുന്നതിപ്രകാരമാണ്.

"Among the countries that have adopted the sales-tax in the post-war world, Russia is an important one; and the study of the Russian turnover tax must be interesting as it will show the place the tax occupies in a system of economy quite different from ours. Among the nations of the world Russia is the country that has incorporated the tax into its fiscal regime and given it an importance and permanence denied to the tax in all other countries. A study of the Russian tax must also be interesting because of certain of its very peculiar features.

The peculiarities of the political organisation of the USSR have to a great extent influenced the growth and form of the sales tax and they are responsible for many of the unique features that one notices in the tax of the country. As such every change in the policy of the Government has been reflected on the tax and has greatly contributed in shaping the form of the same. Almost every year has brought about some change......

A noticeable feature under this form of the turnover tax was that it extended even to small traders, who are usually exempt from taxation in most countries......like Travancore-Cochin.

In Russia even artisans and small traders were taxed.

The heavy rate of the tax as well as the difference in rates among different goods may well be illustrated by quoting the rates in the case of a few commodities.

| *Articles* | | *Rate % of tax* |
|---|---|---|
| **Meat** | | |
| Beef | .. | 77—82 |
| Pork | .. | 70—76 |
| Veal | .. | 68—77 |
| Sausage | .. | 65—78 |
| Frankfurters | .. | 55—72 |
| **Fish** | | |
| Pike | .. | 59—68 |
| Salted herring | .. | 59—68 |
| Sports, etc. | .. | 18—36 |
| **Petroleum products** | | |
| Gasoline | .. | 80 |
| Kerosene | .. | 88 |
| Mazout | . | 60 |
| **Alcoholic drinks** | | |
| Bitter liquors | .. | 80 |
| Liqours | .. | 73 |
| Beer | .. | 59 |
| Vodka | .. | 82 |

[Shri Panampilli Govinda Menon]

Except food and alcoholic drinks supplied in restaurants and water supplied by city water works, which are taxed at 1%, 5% and 1% respectively, the rates of the tax in other cases, in our opinion, are extremely high. These rates seem to be based on the principle that the luxuries should be taxed very high.

It is generally held that it is the high rate of the tax that is the cause of the extremely high prices of cosumers' goods. In this connexion it is necessary to mention another practice prevalent in USSR which has greatly helped the tax to form a good part of the price.

The table also shows the heavy yield of the tax. Represented in percentages in relation to total budget receipts the yield of the turnover tax stands as follows.

*Actuals (closed accounts)*

| *Year* | | *Percentage* |
|---|---|---|
| 1931 | .. | 52·9 |
| 1932 | .. | 65·3 |
| 1933 | .. | 64·8 |
| 1934 | .. | 65·6 |
| 1935 | .. | 84·6 |
| 1936 | .. | 85·2 |

In 1937 its yield formed about 83% "of all ordinary revenues of the treasury."

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ആ നായിഡു എവിടത്തെ മന്ത്രിയാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റഷ്യയിൽ ഇങ്ങനെയാണല്ലൊ എന്നു വിചാരിച്ചു പരിഭ്രമിക്കേണ്ട ആവശ്യമില്ല. റവന്യൂ വേണമെങ്കിൽ ടാക്സ് പിരിക്കുകതന്നെ വേണം.

ஸ்ரீ. வி. சங்கர்: ரஷ்ய ஜனங்களின் சாம்பத்ய நிலைமையும், நம் ராஜ்ய சாம்பத்ய நிலைமையும் என்ன?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കു് അതിനെപ്പറ്റി അറിവില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സെയിൽസ് ടാക്സും മദ്യനിരോധനവും തമ്മിൽ ബന്ധമില്ലെന്നു പറഞ്ഞല്ലോ. എന്നാൽ ൧൧൨൫-ാം മാണ്ടത്തെ ബഡ്ജററു സ്പീച്ചിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്. Sales tax has been introduced as a measure to augment the revenues with a view to cover any deficit.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൽ എഴുതിയിട്ടുള്ളതു് ഞാൻ പറഞ്ഞല്ലോ. പ്രൊഹിബിഷൻ തുടങ്ങിയ കാലത്താണു് അങ്ങനെ പറഞ്ഞിട്ടുള്ളതു്. എന്നാൽ റഷ്യയിൽ പ്രൊഹിബിഷൻ ഉള്ളതുകൊണ്ടല്ല സെയിൽസ്ടാക്സ് തുടങ്ങിയതു്. ഞാൻ ഇത്ര ദീർഘമായി ഈ ക്വൊട്ടേഷൻ വായിച്ചതു്......

ശ്രീ. അച്യുതമേനോൻ: ഇവിടെ നടക്കുന്ന ക്യാപ്പിററൽ സിസ്റ്റം ഓഫ് എക്കോണമിയും റഷ്യയിലുള്ള സോഷ്യൽ സിസ്റ്റം ഓഫ് എക്കോണമിയും തമ്മിൽ ഒരു താരതമ്യ പഠനം നടത്തുന്നതു് ശരിയാണോ?

ശ്രീ. ററി. വി. തോമസ്: മി നായിഡു കാലിഫോർണിയായിലെ ഒരു പ്രൊഫസർ അല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

**Shri A. Thanu Pillai:** In view of the fact that sales-tax comes up to 85 per cent of the entire taxation in Russia and other items of taxation are available, can we take note of that fact to come to any decision in regard to our taxation? It is pointless.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ അതെടുത്തില്ല. ഇതു് ഒരു അസാധാരണമായ നികുതിയാണെന്നു് ശ്രീ. തോമസ് പറഞ്ഞപ്പോൾ അതിനെപ്പററി നോക്കിയതിൽ മിക്ക രാജ്യത്തും അതു ഉണ്ടെന്നു കണ്ടു. റഷ്യയിൽ വേറെ റവന്യൂ ഉണ്ടായിരിക്കയില്ല. ഇൻകം ടാക്സും ഉണ്ടായിരിക്കയില്ല. ഇൻകം ടാക്സ് ഇവിടെയുള്ള പണക്കാരെ മാത്രമേ ബാധിക്കുന്നുള്ളു. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ബഹുമാനപ്പെട്ട സഭയിലെ അംഗങ്ങൾ ഒരേ അവസരത്തിൽ നമ്മുടെ രാഷ്ട്ര നിർമ്മാണപദ്ധതികൾ വികസിപ്പിക്കണമെന്നും നമ്മുടെ നികുതിയിനങ്ങൾ കുറയ്ക്കണമെന്നും പറയുന്നതു് ഒരു അസാംഗത്യമാണെന്നാണു്. അതുകൊണ്ടു് ഞാൻ അത്രയും പറഞ്ഞുപോയതാണു്.

ശ്രീ. ടി. വി. തോമസ്: സെയിൽസ് ടാക്സുപോലെ സാധാരണക്കാരെ ബാധിക്കുന്ന നികുതികൾ ഈടാക്കാതെ, പണക്കാർക്കുമാത്രം നികുതി ചുമത്തിക്കൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണു് ഗവമെൻറ് ചെയ്തിട്ടുള്ളതു്.

ശ്രീ. ടി. വി. തോമസ്: മരണനികുതി ചുമത്തിക്കൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് സെൻട്രൽ ഗവമെൻറാണു് ചെയ്യേണ്ടതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: Wind-fall wealth-നു്-നികുതി ഏർപ്പെടുത്തിക്കൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഏതു ഇനത്തിൽ വരുമെന്നു നോക്കാതെ പറയാൻ നിവൃത്തിയില്ല. എൻെറ ബുദ്ധിയുടെ രാക്ഷസീയതക്കുപോലും അതിനു് ഒരു മറുപടി പെട്ടെന്നു പറയാൻ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്.

സെയിൽസ് ടാക്സ് നോട്ടിഫിക്കേഷൻ അനുസരിച്ചു് അനേകം സാധനങ്ങളെ സെയിൽസ് ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ടു്. ലക്ഷ്വറി ഗുഡ്സിനു് കൂടുതൽ ടാക്സും ചുമത്തിയിട്ടുണ്ടു്. അങ്ങനെയൊക്കെയാണെങ്കിലും സെയിൽ ടാക്സ് ഇനത്തിൽ പണം എല്ലാവരും കൊടുക്കേണ്ടിവരുന്നുണ്ടു്.

നാം അങ്ങാടിയിൽനിന്നും സാധനം വാങ്ങുമ്പോൾ സെയിൽസ് ടാക്സുകൂടി കൊടുക്കേണ്ടിവരുന്നു. ഈ ടാക്സ് ഈടാക്കുന്നതിൽ ചില

[Shri Panampilli Goviada Menon]

ന്യൂനതകൾ ഉണ്ടെന്നു പറയുകയുണ്ടായി. അതിനെ കഴിയുന്നതും വേഗം മാററാൻനോക്കാം. ഞാൻ ഈ സഭമുമ്പാകെ വളരെ വിനയത്തോടുകൂടി ബോധിപ്പിക്കുന്നതു് അസാന്മാർഗ്ഗികമാണെന്നു പറഞ്ഞു് സെയിൽസ് ടാക്സ് നിറുത്താനുള്ള സ്ഥിതി നമുക്കില്ലെന്നാണ്. ഇവിടെ നടന്ന ബഡ്ജററു പ്രസംഗങ്ങൾക്കു് മറുപടിയായി എനിക്കു പറയാനുള്ളതു് ഇതാണ്. ബഡ്ജററിനെ വിമർശിച്ച ഓരോരുത്തരും രാജ്യസ്നേഹവും ജനസ്നേഹവും ഉള്ളിൽവച്ചാണ് വിമർശിച്ചിട്ടുള്ളതു്. നിങ്ങളെ സ്തുതിക്കാനല്ല ഇതു പറയുന്നതു്. ഞാനും നിങ്ങളുടെ കൂട്ടത്തിൽപ്പെട്ടവനാണെന്നു് അവകാശപ്പെടുന്നു. രാഷ്ട്രീയ കാര്യങ്ങളെപ്പററി ബഡ്ജററു വാദപ്രതിവാദവേളയിൽ പറയുകയുണ്ടായി. ദൈവത്തെ ഓർത്തു രാജിവക്കണമെന്നു്, ശ്രീ. കാമ്പിശ്ശേരി കരുണാകരൻ പറഞ്ഞു. അതു വലിയ ഒരു ബുദ്ധിമുട്ടുള്ള കാര്യമല്ല. സിൻബാദിന്റെ കഴുത്തിൽ കയറിയിരുന്ന ആളിന്റെ മാതിരി ഇറുക്കിപ്പിടിക്കാൻ ഉദ്ദേശിക്കുന്നുമില്ല. ശ്രീ. നടരാജപിള്ള പറയുകയുണ്ടായി ജനറൽ എലക്ഷൻ നടത്തണമെന്നു്. ഗവമ്മെൻറിനു് പരാജയം വരുമ്പോഴോ അല്ലെങ്കിൽ ജനറൽ എലക്ഷൻ നടത്തണമെന്നു തോന്നുമ്പോഴോ ജനറൽ എലക്ഷൻ നടത്തും. അതുമാതിരിതന്നെ മാനമായും അഭിമാനമായും തുടരാൻ സാധിക്കുന്നില്ലെങ്കിൽ ഇവിടെ ആരും തുടരണമെന്നു് ആഗ്രഹിക്കുന്നില്ല. ആ കാര്യത്തിനു് ദൈവത്തോടു് ആരും പ്രാത്ഥിക്കണമെന്നില്ല. ഞങ്ങൾ ഒരു ഡെമോക്രാററിക് പ്രീസിഡണ്ടിനു് വിധേയമായിട്ടാണ് ഭരിക്കുന്നതു്. ഈ നിയമസഭയിൽ പ്രവേശിച്ചിട്ടുള്ളതു് കാൺസ്ററിററ്യൂഷൻ അനുസരിച്ചാണ്. ബോധപൂർവ്വം ഒരു ഡെമോക്രാററിക് ഭരണഘടന നാം അംഗീകരിച്ചിരിക്കയാണ്. അങ്ങനെയുള്ള ഭരണഘടന അംഗീകരിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്ന ആളുകളുടെ കഴുത്തിൽ കാലു് ഇറുക്കിയിരിക്കാനും മററും സാധിക്കുകയില്ല. ഇറങ്ങേണ്ടപ്പോൾ ഇറങ്ങുകതന്നെവേണം. എന്നാൽ ഡെമോക്രസിയിൽ വിശ്വാസമില്ലാത്തവരുടെ, രാജ്യത്തിന്റെ കഴുത്തിൽ കാലിട്ടിറുക്കി എത്ര തള്ളിയാലും പോകാത്തവരുടെ, കയ്യിൽ രാജ്യം പോകാതിരിക്കാൻ ഞാൻ ആശിക്കുന്നുണ്ടു്. അതിനു് ഞാൻ ദൈവത്തോടു് പ്രാത്ഥിക്കുന്നുമുണ്ടു്.

ശ്രീ. കൊച്ചുകുഞ്ഞു്: വിമർശനം ജനാധിപത്യഭരണത്തിന്റെ ജീവവായുവാണെന്നു് ബഹുമാനപ്പെട്ട മന്ത്രിക്കു് അറിവില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിമർശനം ജനാധിപത്യഭരണത്തിന്റെ ജീവവായുവാണ്. അതുകൊണ്ടാണല്ലോ ഞാൻ ജീവിക്കുന്നതു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഒന്നോ രണ്ടോ പേരുടെ വോട്ടുകൊണ്ടു് ഗവമ്മെൻറു് ഭൂരിപക്ഷം നേടിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ജനപ്രതിനിധികളായ രണ്ടുപേരെ ഇനിയും തടങ്കലിൽ വച്ചുകൊണ്ടിരിക്കുന്നതു് അന്യായമാണെന്നു് തോന്നുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പീനൽകോഡുപ്രകാരമുള്ള ചില കുററങ്ങൾക്കു് ഒരു കോടതി വിചാരണ ചെയ്തു ശിക്ഷിച്ച ഒരാളെ (പ്രസംഗം ചെയ്ത കുററമല്ല) ജയിലിൽനിന്നു് വിടണമെന്നു പറയുന്നതു് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ചെയ്താൽ അതിൽനിന്നു് ലോജിക്കലായി മററൊന്നു് കൂടിക്കും. ജയിലിൽ തടവുശിക്ഷ അ

നുഭവിക്കുന്ന ഒരാൾ ഈ നിയമസഭയിലെ അംഗമെന്നുള്ള കാരണംകൊണ്ട് വിട്ടയൽ ചെയ്താൽ അതിൽനിന്നും ഉത്ഭവിക്കുന്നത് ഈ നിയമസഭയിലെ ഒരംഗം കുററം ചെയ്താൽ ശിക്ഷിച്ചുകൂടാ എന്നാണ്. ഈ നിയമസഭയിലെ ഒരാൾ പീനൽക്കോട്ട് അനുസരിച്ച് ഒരു കുററം ചെയ്താൽ വിചാരണ ചെയ്ത് ജയിലിൽ വയ്ക്കാൻ പാടില്ലെന്നു പറയുന്നതുവരെ കാര്യങ്ങൾ പോകുകയാണ് ചെയ്യുന്നത്. എന്റെ സ്നേഹിതന്മാർ പൊതുജനങ്ങൾ ഇങ്ങനെയുള്ളവരെ പൊതുജനങ്ങൾ തെരഞ്ഞെടുത്തു എന്ന കാരണംകൊണ്ട് വിടണമെന്നാണോ പറയുന്നത്?

ശ്രീ. ടി. കെ. ദിവാകരൻ: ദിവാൻ സർ. സി. പി. രാമസ്വാമി അയ്യർ ഇങ്ങനെയുള്ള ആളുകളെ വിട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അദ്ദേഹം ചെയ്തതെല്ലാം നാം സ്വീകരിക്കണമെന്നാണോ പറയുന്നത്?

ശ്രീ. ടി. കെ. ദിവാകരൻ: കോൺഗ്രസ് ഗവമ്മെൻറുതന്നെ ഒരു കരിഞ്ചന്തക്കാരനെ ജയിലിൽനിന്നും വിട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത് ചേലൂർ ഇട്ടിരവി നമ്പൂരിയെ ആയിരിക്കാം. ആരോഗ്യപരമായ കാരണങ്ങളാലാണ് ആ ആളിനെ വിട്ടത്.

ശ്രീ. ടി. കെ. ദിവാകരൻ: ബേബി ജോൺ ഒരു മാസത്തോളമായി ആശുപത്രിയിലാണെന്നുള്ള വിവരം അറിവില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല. ശ്രീ. ഗോവിന്ദപ്പിള്ള എനിക്കു നേരത്തെതന്നെ പരിചയമുള്ള ഒരാളാണ്. അദ്ദേഹം ഒരു ചോദ്യം ചോദിച്ചപ്പോൾ മറുപടി പറയാതിരിക്കുന്നത് ശരിയല്ലെന്നു കരുതി മറുപടി പറഞ്ഞു എന്നേയുള്ളു.

ഞാൻ ഒരു അഡ്വാൻസ് ഗ്രാൻറിനുള്ള അപേക്ഷ കൊണ്ടുവന്നിരിക്കയാണ്. ആ അവസരത്തിൽ തന്നെ ഒരു ബഡ്ജററിൻെറ സകല ചടങ്ങുകളും നടത്തി. ശ്രീ. തോമസിൻേറയും അദ്ദേഹത്തിൻെറ സുഹൃത്തുക്കളുടേയും മററു ബഹുമാനപ്പെട്ട അംഗങ്ങളുടേയും വാദപ്രതിവാദങ്ങൾ നടന്നു. ആ വാദപ്രതിവാദവേളയിൽ ടാക്സേഷനെപ്പററിയും മററും പറയുകയുണ്ടായി. ശ്രീ. നൂർമഹമ്മദ് പറയുകയുണ്ടായി ഒരു മിച്ച ബഡ്ജററിൻെറ ഛായ ഉണ്ടെങ്കിലും കമ്മി ബഡ്ജററിൻെറ സ്വഭാവമുണ്ടെന്ന്. ബഡ്ജററു പാസായതിനുശേഷം അനന്തരമുണ്ടാകുന്ന കാര്യങ്ങളനുസരിച്ചുമാത്രമായിരിക്കും ബഡ്ജററിൻെറ ശരിയായ നില മനസ്സിലാക്കുവാൻ കഴിയുക. ആൻറിസിപ്പേററു ചെയ്തിട്ടുള്ള ഒരു ബഡ്ജററാണെന്നും വില കുറയുകയാണെങ്കിൽ ചില്ലറ വ്യത്യാസങ്ങൾ ഉണ്ടായേക്കാമെന്നും എൻെറ പ്രസംഗത്തിൽതന്നെ പറഞ്ഞിട്ടുണ്ട്.

വാദപ്രതിവാദവേളയിൽ ഗവമ്മെൻറിൻെറ ചില കുററങ്ങളെക്കുറിച്ച് അവമാനകരമാണെന്നു പറഞ്ഞു കേട്ടു. നെപ്പോട്ടിസവും ഫേവറിററിസവും കാണിച്ചിട്ടുണ്ടെന്നു പറഞ്ഞു രണ്ടുമൂന്ന് ഉദാഹരണങ്ങളും എടുത്തു കാണിച്ചു. ഏതോ ചില കായലുകൾ പതിച്ചുകൊടുത്തു എന്നെല്ലാം പറഞ്ഞു കേട്ടു. അതെല്ലാം പരിശോധിച്ചുനോക്കി തെററു തിരുത്തേണ്ടതാണെങ്കിൽ തിരുത്താമെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു. കയറിൻേറയും

[Shri Panampilli Govinda Menon]

കടിൽ വ്യവസായങ്ങളുടേയും മാന്ദ്യത്തെപ്പററിയും ഇവിടെ പറയുകയുണ്ടായി. അതിനൊക്കെ നമുക്കെല്ലാവർക്കുംകൂടി യോജിച്ച് എന്തെങ്കിലും ചെയ്യാമോ എന്നു പരീക്ഷിക്കാം. ശ്രീ. നടരാജപിള്ളയും ശ്രീ. ചിതംബരനാഥനാടാരും ചോദിക്കുകയുണ്ടായി പ്രൊഹിബിഷനെപ്പററിയുള്ള നയമെന്താണെന്ന്. ഈ നിയമസഭയിൽ ഒരു ഭൂരിപക്ഷമില്ലാത്ത ഞങ്ങൾ പ്രത്യേകിച്ചും വരവിനത്തേയും ചെലവിനത്തേയും ബാധിക്കുന്ന ഒരു കാര്യമായതുകൊണ്ട് നിങ്ങളോടുകൂടി കാര്യമായി ആലോചിച്ച് വേണ്ടതു ചെയ്യാം.

ശ്രീ. എ. താണുപിള്ള: പ്രൊഹിബിഷൻ വേണമെന്ന് ഈ സഭ തീരുമാനിച്ചല്ലേ നടപ്പിൽ വരുത്തിയതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഉപേക്ഷിച്ചിട്ടില്ല. ചെലവുകൾക്ക് സംഖ്യവേണം. ഗവമ്മെൻറു ജീവനക്കാരുടെ ശമ്പളം കൂട്ടണമെന്നു പറയുന്നതോടൊപ്പംതന്നെ നികുതിഭാരംകൊണ്ട് നിൽക്കാൻ സാധിക്കുന്നില്ലെന്നു ഇടതുപക്ഷക്കാർ വാദിക്കുന്നു. അതുകൊണ്ടാണ് സെയിൽസ് ടാക്സിൻെറ ന്യായീകരണത്തെപ്പററി ഞാൻ ഇത്രയും പറഞ്ഞുപോയതു്. ഞാൻ നാലുമാസക്കാലത്തേക്കുള്ള ഒരു അഡ്വാൻസ് ഗ്രാൻറ അവതരിപ്പിച്ചിരിക്കുകയാണ്. ഇവിടെ മെമ്പറന്മാർ ഉന്നയിച്ച കാര്യങ്ങൾക്ക് എന്നാൽ ആവുംവിധം ഉള്ളതു പട്ടാംഗമായി പറഞ്ഞുകഴിഞ്ഞു. ഈ സഭ ഏകകണ്ഠമായി ആ ഗ്രാൻറിനെ അനുകൂലിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ വിരമിച്ചുകൊള്ളുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ: കണ്ടുകൃഷിക്കാര്യത്തെപ്പററി ഒന്നും പറഞ്ഞില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കണ്ടുകൃഷിക്കാര്യത്തെപ്പററിയും മണിയൻകരത്തിനെപ്പററിയും ഉടനെതന്നെ ഗവമ്മെൻറു ആലോചിച്ച് തീരുമാനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

All the amendments were withdrawn by leave of the House.

**5 p.m.]** *The motion for vote on account was put to vote and carried.*

**Shri T. V. Thomas:** Sir, I demand a poll.

A poll was taken and the House divided as follows:—

*Ayes.—53*

1. Shri A. J. John.
2. „ T. M. Varghese.
3. „ Panampilli Govinda Menon.
4. „ Kalathil Velayudhan Nair.
5. „ V. Madhavan.
6. „ K. Kochukuttan.
7. „ K. P. Krishna Menon.
8. „ Nedumangad R. Kesavan Nair.
9. „ N. P. Varghese.
10. „ V. R. Krishnan Ezhuthassan.
11. „ O. C. Ninan.
12. „ P. Chacko.
13. „ Alexander Parambitharayil.

14. Shri Cheriyan J. Kappan.
15. „ K. Karunakaran.
16. „ T. T. Kesavan Sastri.
17. „ K. M. Korah.
18. „ Anthony Andrew Daniel Luiz.
19. „ K. Madhavan Unnithan.
20. „ J. T. Moraes.
21. „ P. Sadasivan Pillai.
22. „ Vasudevan Pillai.
23. „ K. I. Velayudhan.
24. „ P. C. Adichan.
25. „ Ayyappan Pazhayarthundy.
26. „ K. Bhanu.
27. „ A. C. Chacko.
28. „ G. Chandrasekhara Pillai.
29. „ K. M. Chandy.
30. „ K. K. Chellappan Pillai.
31. „ Kunjithommen.
32. „ Kunjan Nadar.
33. „ E. P. Varghese.
34. „ N. P. Varghese.
35. „ K. J. Thomas.
36. „ Mathai.
37. „ M. V. Cheriyan.
38. „ Ambat Eachara Menon.
39. „ Ganapathi.
40. „ K. M. George.
41. „ A. L. Jacob.
42. „ James Tharayil.
43. „ Joseph Vazhappilly.
44. „ C. Kesavan.
45. „ R. Kesava Pillai.
46. „ M. C. Mathew,
47. „ Pareethu Rowther.
48. „ L. M. Pylee.
49. „ P. K. Ramachandra Das.
50. Dr. M. Sivaraman Nair.
51. „ P. T. Thomas.
52. Shri V. V. Varkey.
53. „ Varunny Pulikkal.

*Noes—47*

1. Shri T. V. Thomas.
2. „ T. K. Divakaran.
3. „ A. Thanu Pillai.
4. „ A. Chidambaranatha Nadar.
5. „ N. A. Noor Mohammed.
6. „ R. Ponnappa Nadar.
7. „ T. S. Ramaswami.
8. „ A. Atchuthan.
9. „ P. S. Nataraja Pillai.
10. „ E. Gopalakrishna Menon.
11. Shrimati K. R. Gouri.

12. Shri Achutha Menon.
13. „ Chengarappally P. Narayanan Potti.
14. „ M. N. Govindan Nair.
15. „ R. Gangadharan.
16. „ K. Kuttappan.
17. „ K. Sadanandan.
18. „ C. Sankar.
19. „ P. Bhaskaran Nair.
20. „ P. Govinda Pillai.
21. „ Kambisseri Karunakaran
22. „ K. V. Krishnankutty Warrier.

**(Secretary:** Sir, Shri Kochukunju and Dr. N. Sankara Pillai are not in their seats).

23. Shri. S. G. Deviappan Kangany
24. „ A. K. Chelliah.
25. „ P. Ramaswami Pillai.
26. „ M. William.
27. „ M. Gopalan Nair.
28. „ Krishnan Nair.
29. „ T. K. Krishnan.
30. „ C. K. Kumara Panicker.
31. „ Kumara Pillai.
32. „ Nilakantaru Pandarathil.
33. „ Prabhakaran Koonath.
34. „ N. Raghava Kurup.
35. „ Rajagopalan Nair.
36. „ Ramakrishnan.
37. „ Ravindran.
38. „ C. G. Sadasivan.
39. „ C. K. Viswanathan.
40. „ R. Sugathan.
41. „ Sreevallabha Menon.
42. „ V. Sridharan.
43. „ M. M. Abdul Khader.
44. „ T. A. Majeed.
45. „ C. C. Ayyappan.
46. „ Sattanatha Karayalar.
47. „ Avira Tharakan.

*Neutrals:*

Nil.

*The motion for vote on account was carried.*

## The Travancore-Cochin Appropriation (Vote on Account) Bill, 1952

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** Sir, I beg to introduce The Travancore-Cochin Appropriation (Vote on Account) Bill, 1952.

*Chief Minister* **(Shri A. J. John):** I second it.

**Shri P. S. Nataraja Pillai:** Sir, before the introduction of the Bill, I have to point out that we have not received copies of the Bill which is to be introduced.

**Shri Panampilli Govinda Menon:** It is a very formal matter. The grant has been made by this House. In order to give statutory support to the grant I am introducing this Bill. Moreover, the Chair has been pleased to allow me to introduce the Bill, and I think that I am in order.

**Shri P. S. Nataraja Pillai:** But even the Chair has not the right to suspend the Standing Orders of the Assembly.

**Mr. Speaker:** Is there any objection to the introduction of the Bill?

**Shri A. Thanu Pillai:** It was the introduction of the Bill that was objected to as no copies of the Bill were made available to the Members.

**Mr. Speaker:** I will now read the relevant rule, viz., Rule 30 of the Assembly Rules.

The proviso to the Rule is as follows:

"Provided that no such motion shall be made until after copies of the Bill have been made available for the use of Members and that any Member may object to any such motion being made unless copies of the Bill have been so made available for three days befor the day on which the motion is made, and such objections shall prevail unless the Speaker in his discretion allows the motion to be made."

I use my discretion and allow the motion to introduce the Bill.

**Shri P. S. Nataraja Pillai:** The discretion vested with the Speaker is in respect of three days' notice. It does not apply to the availability of the copy of the Bill.

**Mr. Speaker:** I would call upon the Finance Minister to make the position clear because the hon. Members have serious objection to the introduction of the Bill.

**Shri P. S. Nataraja Pillai:** Besides, Sir, the Bill must contain a schedule and also the figures must be there.

**Shri Panampilli Govinda Menon:** But, Sir, we have it in the Agenda "Introduction and further stages of the Travancore-Cochin Appropriation (Vote on Account) Bill, 1952" as an item of business.

**Mr. Speaker:** Is the House greatly prejudiced for not being supplied with copies of the Bill?

**Shri P. S. Nataraja Pillai:** Sir, it is a wrong precedent allowing the Bill to be introduced without copies of the Bill being made available to the House.

**Shri Panampilli Govinda Menon:** If the House takes so much objection, I don't want to stick to my request. Because it was in the Agenda and the copy of the Bill was already being circulated, I thought it would be in order to make this motion. If the House objects, I don't stick to my request.

**Mr. Speaker:** I permitted the Minister in charge to introduce the Bill. I will consider over this matter and revise the ruling subsequently if necessary. It is only provisionally that I have ruled that the Bill may be introduced. Therefore the Bill stands introduced.

**Shri P. S. Nataraja Pillai:** A ruling may be given later on, on the point. But I must make it clear that under standing order 30 the discretionary power vested in the Chair relates only to the question of giving 3 days notice before the introduction of a Bill.

**Mr. Speaker:** I will look into the matter to see whether that ruling needs revision. I see that copies of the Bill are now being circulated in the House. In any case the Bill stands introduced.

*The House adjourned at 5-12 p. m. to meet again at 11 a. m, on Monday the 31st March 1952.*

V. KRISHNAMOORTHI,
*Secretary to the Legislative Assembly*

## APPENDIX A

*(Please see Answer to Interpellation No. *166 [50])*

(a) The following concessions are granted to the "*Scheduled Castes* and *Schedued Tribes*".

1. *Assignment of land*: Lands are acquired at Government's cost from private parties for providing house-sites, common buildings, pathways and burial grounds.

2. *Establishment, maintenance and improvement of colonies:* There are 158 colonies of backward Communities. The maintenance and improvement of these colonies are attended to by the Department.

3. *Sweeping, street lighting and provision of latrines in the villages of the Backward Communities:* The expenditure on account of these is met from the funds of the Department.

4. *Provision of common buildings*: Common buildings are provided for the congregational purposes of Backward Communities.

5. *Sinking of wells*: About 200 wells have been provided for the Backward Communities in their settlements. The Department looks after the repair and deepening of these wells and sinking of new wells.

6. *Starting of pial schools*: Forty-five pial schools have been opened for the Backward Community children. Sanction has been accorded for the starting of five more pial schools.

7. *Grants to institutions and organisations:* Grants are given to various institutions doing uplift work among Backward Communities.

8. *House construction grants:* Sanctions has been accorded for the payment of grants at the rate of Rs. 350 each to 475 members of Backward Communities for the construction of houses for them.

9. *Organisation of Co-operative Societies :* Co-operative Societies are organised for the Backward Communities and they are given financial assistance from the department.

10. *Mixed Farming and Agricultural Operations:* These are carried on in the colonies of Backward Communities.

11. *Educational assistance:* (a) The following educational concessions have been sanctioned to Scheduled Castes and Scheduled Tribes.—

1. Full fee concessions in schools and colleges,

2. Exemption from the payment of examination and miscellaneous fees,

3. Award of monthly stipend for boarding and lodging expenses,

4. Award of lump sum grant for the purchase of school requisites,

5. Award of grant for excursion etc.,

6. Grant of fee concession in the second year and in subsequent classes to students who have failed, and

7. Giving of a guarantee for the caution money deposit.

(*b*) The following educational concessions have been sanctioned to the other Backward Communities.—

1. Full fee concession in schools and colleges on production of the necessary poverty certificates issued by Revenue Officers not below the rank of Tahsildars,

2. Exemption from the payment of examination and miscellaneous fees,

3. Giving of a guarantee for the caution money deposit, and

4. Grant of fee concession in the first year in subsequent classes for those who have failed once in any class.

(c) The following educational concessions have been sanctioned to *Xian Converts* (*i. e.* to say Converts to Xianity from among *Hindu Scheduled* Castes, Scheduled Tribes and Other Backward Communities:

1. Full fee concession in schools and colleges on production of the necessary poverty and community certificates issued by Revenue Officers not below the rank of Tahsildars,

2. Exemption from the payment of examination and miscellaneous fees, and

3. Grant of fee concession in the first year in subsequent classes for those who have failed once in any class.

# APPENDIX B

## Schedule of Demands

| 1 | 2 | 3 | | |
|---|---|---|---|---|
| | | Sums not exceeding | | |
| No. of vote | Services and Purposes | Voted by the Assembly | Charged on the consolidated fund | Total |
| | | In lakhs of Rs. | In lakhs of Rs. | In lakhs of Rs. |
| I | Agricultural Incometax and Sales Tax .. | 2·25 | .. | 2·25 |
| II | Land Revenue .. | 7·00 | .. | 7·00 |
| III | Excise .. | 6·00 | .. | 6·00 |
| IV | Stamps | 1·65 | .. | 1·65 |
| V | Forest .. | 24·00 | .. | 24·00 |
| VI | Registration .. | 3·50 | .. | 3·50 |
| VII | Motor Vehicles Act .. | 1·90 | .. | 1·90 |
| VIII | Irrigation .. | 21·55 | .. | 21·55 |
| | Debt Charges .. | .. | 8·00 | 8·00 |
| IX | Heads of State Ministers and Headquarters' staff .. | 7·30 | 1·75 | 9·05 |
| X | State Legislature .. | 1·20 | 0·09 | 1·29 |
| XI | Election .. | 0·35 | .. | 0·35 |
| XII | District Administration and Miscellaneous .. | 5·04 | .. | 5·04 |
| XIII | Administration of Justice .. | 12·80 | 1·50 | 14·30 |
| XIV | Jails .. | 2·20 | .. | 2·20 |
| XV | Police .. | 28·00 | .. | 28·00 |
| XVI | Ports .. | 0·15 | .. | 0·15 |
| XVII | Scientific Departments .. | 1·25 | .. | 1·25 |
| XVIII | Education .. | 106·00 | .. | 106·00 |
| XIX | Medical .. | 28.42 | .. | 28·42 |
| XX | Public Health .. | 10·00 | .. | 10·00 |
| XXI | Agriculture .. | 5·70 | .. | 5·70 |
| XXII | Rural Development .. | 9·00 | .. | 9·00 |
| XXIII | Veterinary .. | 3·00 | .. | 3·00 |
| XXIV | Co-operation .. | 1·65 | .. | 1·65 |
| XXV | Industries .. | 24·15 | .. | 24·15 |
| XXVI | Labour and Miscellaneous .. | 5·45 | .. | 5·45 |
| XXVII | Civil Works .. | 73·58 | .. | 73·58 |
| XXVIII | Electricity .. | 14·25 | .. | 14·25 |
| XXIX | Pensions .. | 23·90 | 0·05 | 23·95 |
| XXX | Stationery and Printing .. | 8·70 | .. | 8·70 |
| XXXI | Miscellaneous .. | 6·80 | 17·00 | 23·80 |

APPENDIX B— *(cont.)*

| 1 | 2 | 3 | | |
|---|---|---|---|---|
| | | Sums not exceeding | | |
| No. of vote | Services and Purposes | Voted by the Assembly | Charged on the consolidated fund | Total |
| | | In lakhs of Rs. | In lakhs of Rs. | In lakhs of Rs. |
| XXXII | Extraordinary charges .. | 13·00 | .. | 13·00 |
| XXXIII | Transport Schemes .. | 50·00 | .. | 50·00 |
| XXXIV | Capital Outlay and Irrigation .. | 15·00 | .. | 15·00 |
| XXXV | Do. on Agricultural Improvement and Research .. | 0·35 | .. | 0·35 |
| XXXVI | Do. on Industrial Development . | 36·00 | .. | 36·00 |
| XXXVII | Do. on Civil Works .. | 8·50 | .. | 8·50 |
| XXXVIII | Do. on Electricity Schemes .. | 98·00 | .. | 98·00 |
| XXXIX | Do. on Transport Scheme outside the Revenue Account .. | 12·00 | .. | 12·00 |
| XL | Do. on State Trading Schemes .. | 500·00 | .. | 500·00 |
| XLI | Loans and Advances bearing interest .. | 20·00 | .. | 20·00 |
| | Public Debt repayment .. | .. | 3·08 | 3·08 |
| | Grand Total .. | 1,199·59 | 31·47 | 1,231·06 |

TRIVANDRUM PUBLIC LIBRARY

# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

**FIRST SESSION—1952**

**Monday,** *the 31st March 1952*

VOL. V] OFFICIAL REPORT [No. 1

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Monday, the 31st March 1952, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

(The number within brackets indicates the serial number in the list of admitted questions for the day.)

### Oral Answers

#### BUS ACCIDENT AT TEMPAMUTTOM

*185. [1] **Dr. N. S. Pillai:** Will the Minister for Transport be pleased to state,—

(*a*) the number of deaths as a result of the bus catching fire at Tempamuttom, the cause of the accident, the number of persons the bus had license to carry and the number of persons actually in the bus at the time of the accident;

(*b*) whether the Government have instituted any public enquiry into this accident;

(*c*) whether any compensation is proposed to be given to the relatives of the innocent victims of that accident; and

(*d*) what action have the Government taken to prevent such disasters in future?

*Minister for Works and Transport* **(Shri Kalathil Velayudhan Nair):**

(*a*) 15 persons died due to the fire incident at Thempamuttom. When the bus stopped at Tempamuttom the driver lighted a beedi. A cloth placed near the driver's seat and the petrol contained in a tin caught fire from the flame of the match stick. The flame spread and the whole bus was in flames within a few seconds. The number of persons the bus had licence to carry was 22 including driver, conductor and four standing passengers. 38 persons were actually in the bus at the time of the accident.

(*b*) No. But a detailed police enquiry has been made in the matter.

(*c*) The question is under consideration.

(*d*) The carriage of petrol in stage carriages in a manner likely to cause danger has been strictly forbidden. Smoking in stage carriages is prohibited and over-loading in buses is now stopped completely. Intensive checking is being done to book the offenders.

ഡോ. എൻ. എസ്സ്. പിള്ള: ആ ബസ്സിന് തേർഡ്പാർട്ടി ഇൻഷ്വറൻസ് ഉണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിവില്ല.

ഡോ. എൻ. എസ്സ്. പിള്ള: ആ ബസ്സിന് ആ ലൈനിൽക്കൂടി സർവ്വീസ് ഓടിക്കുന്നതിന് ലൈസൻസുണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ റൂട്ടിൽ കൂടി പ്രത്യേകം ഓടിക്കുന്നതിനുള്ള ലൈസൻസില്ലായിരുന്നു. എന്നാൽ ആ ബസ്സ് ആ ലൈനിൽക്കൂടി ഓടിച്ചതു ഏതാനുംകൊല്ലങ്ങൾക്കുമുൻപു കൊടുത്തിരുന്ന ഒരു ജനറൽ പെർമിഷൻ അനുസരിച്ചാണ്. ഒരു റൂട്ടിൽക്കൂടി ഓടുന്ന ഏതെങ്കിലും ലൈൻബസ്സിന് തിരിവുകൾ ഉണ്ടെങ്കിൽ അങ്ങനെയുള്ള തിരിവു റൂട്ടുകളിലുംകൂടി ബസ്സോടിക്കുവാൻ ഒരു ജനറൽ പെർമിഷൻ മുൻപു കൊടുത്തിരുന്നു. അതനുസരിച്ചാണ് ഈ ബസ്സ് ഓടിച്ചതു്.

ഡോ. എൻ. എസ്സ്. പിള്ള: അപ്പോൾ ഈ ബസ്സ് ആ ലൈനിൽ കൂടി ഓടിച്ചതു ന്യായീകരിക്കാവുന്നതാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: നിയമപ്രകാരം ന്യായീകരിക്കാവുന്നതാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ: മരിച്ച ആളുകളുടെ എണ്ണം കണക്കാക്കുന്നതു എന്തടിസ്ഥാനത്തിലാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മരിച്ചവരെ എണ്ണിതിട്ടപ്പെടുത്തി നോക്കിയതിൽ ൨൧ ആണെന്നുകണ്ടു.

ശ്രീ. എ. കുഞ്ഞൻനാടാർ: മരിച്ചയാളുകളുടെ പൂർണ്ണമായ എണ്ണം എടുക്കാൻ കഴിഞ്ഞിട്ടില്ലെന്നറിയുന്നതു ശരിയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: റിപ്പോർട്ടിൽ കാണുന്നതു ൨൩ ആളുകൾ മരിച്ചിട്ടുണ്ടെന്നാണ്.

**Shri A. Chidambaranatha Nadar:** What steps have been taken against the owner of that bus?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ ബസ്സിൽ ഓവർലോഡുണ്ടായിരുന്നു എന്നുകൂടി അറിഞ്ഞതുകൊണ്ടു അതിനെസംബന്ധിച്ചു ഓണറുടെ പേരിൽ നടപടി എടുക്കുന്നുണ്ട്.

**Shri A. Chidambaranatha Nadar:** Was it brought to the notice of Government that that particular owner always purchases petrol by illegal methods from the Trivandrum aerodrome?

**Shri Kalathil Velayudhan Nair:** There is no information at present on that matter.

ശ്രീ. എ. കുഞ്ഞൻ നാടാർ: ആ സംഭവത്തിൽ മുപ്പതിലധികം ആളുകൾ മരിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

ശ്രീ. എ. കുഞ്ഞൻ നാടാർ: ആ ബസ്സിൽ എഴുപത്തഞ്ചിലധികം യാത്രക്കാരുണ്ടായിരുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മുപ്പത്തെട്ടു യാത്രക്കാർ ഉണ്ടായിരുന്നുവെന്നാണു റിപ്പോർട്ടിൽ കാണുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: മുൻപു കൊടുത്തു എന്നുപറയുന്ന ജനറൽ പെർമിഷൻ ഇപ്പോഴും ഊർജ്ജിതത്തിലിരിക്കുകയാണോ?

ശ്രീ കളത്തിൽ വേലായുധൻ നായർ: അല്ല. ആ ഓർഡർ ക്യാൻസൽ ചെയ്തിരിക്കുകയാണ്.

**Shri P. S. Nataraja Pillai:** May I know whether it was an accident or an act caused by gross negligence? What is the finding?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഞാൻ ഈ ചോദ്യത്തിന്റെ ഉത്തരമായി പറഞ്ഞതിൽനിന്നും നെഗ്ലിജൻസുകൊണ്ടുണ്ടായതായിട്ടുവേണം വിചാരിക്കാൻ.

**Shri P. S. Nataraja Pillai:** Has any step been taken to punish the people who were grossly negligent, the owner, driver, etc.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. കഴിഞ്ഞദിവസം ഇവിടെ പോൾ എടുത്തപ്പോൾ ബഹുമാനപ്പെട്ട ഈ മെമ്പർ ആ സീറ്റിൽ ഇരുന്നുവെന്നു പറഞ്ഞു പോൾ കൗണ്ട് ചെയ്യുകയുണ്ടായില്ല. ഇപ്പോൾ അദ്ദേഹം ഇരിക്കുന്നത് ഓർഡറിലാണോ?

**Mr. Speaker:** Now the member is in his seat.

ശ്രീ. എ. താണുപിള്ള: ആ വോട്ട് കൗണ്ട് ചെയ്യുമെന്നോ ഇല്ലെന്നോ ഞാൻ മനസ്സിലാക്കേണ്ടത്? കൗണ്ട് ചെയ്യുമെന്നാണ് അങ്ങ് എന്നോട് പറഞ്ഞത്.

**Mr. Speaker:** I do not want to go back to matters already settled.

ശ്രീ. എ. താണുപിള്ള: ഞാൻ ചോദിച്ചതു അതല്ല. അങ്ങ് എന്നോട് ഇന്നലെ പറഞ്ഞതു കൗണ്ട് ചെയ്യുമെന്നാണ്.

**Mr. Speaker:** The votes were not counted.

ശ്രീ. എ. താണുപിള്ള: എന്നാൽ എന്നോട് പറഞ്ഞതു മറിച്ചാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. വോട്ടെണ്ണുമ്പോൾ.—

**Mr. Speaker:** I rule out of order any discussion on that matter.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ബസ്സ് കണ്ടക്ടറുടെ പേരിൽ നെഗ്ലിജൻസിനു പോലീസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ബസ്സിന്റെ ഓണറെ കൂടി ചാർജ്ജ് ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ കേസ്സിൽ ഓണറെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഓണറുടെ പേരിൽ വേറെ കേസുണ്ട്.

ശ്രീ. എ. താണുപിള്ള: ആ ഓണർക്ക് എത്ര ബസ്സുകൾ ഉണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നോട്ടീസില്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: എത്ര റൂട്ടുകളിൽകൂടി ബസ്സുകൾ ഓടിക്കാൻ പെർമിഷനുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ റൂട്ടിൽകൂടി ബസ്സോടിക്കുവാൻ പെർമിഷനുണ്ട്.

LA VI—1a

ശ്രീ. എ. താണുപിള്ള: ഇത്ര അപായംവരുത്തുന്ന നിലയിൽ ഉദാസീനമായി ബസ്സുകൾ നടത്തിക്കൊണ്ടിരിക്കുന്ന ഓണറുടെ പെർമിററെല്ലാം ക്യാൻസൽചെയ്യുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ബസ്സോണറിന്റെ അനാശാസ്യമായ നടപടികൾകൊണ്ട് ഇപ്പോൾ ഓടിച്ചുകൊണ്ടിരിക്കുന്ന ലൈനിൽനിന്നും ഈ ബസ്സുകൾ ഒഴിവാക്കുകയോ, മേലാൽ ഓടിക്കുവാനുള്ള പെർമിററ് കൊടുക്കാതിരിക്കുകയൊ എന്താണുവേണ്ടതെന്നു ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

**Shri A. Chidambaranatha Nadar:** Are the Government aware that the Trivandrum D. S. P. Mr. Achuthan is harbouring the owner of this bus in this affair?

**Mr. Speaker:** The question is disallowed.

ശ്രീ. ആർ. കേശവപിള്ള: ഡ്രൈവർമാരുടെ നെഗ്ലിജൻസിനു് ഓണർ കുററവാളിയാണോ?

**Mr. Speaker:** That is a matter of opinion.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഈ സംഭവത്തിൽ ഓണർകൂടി ലയബിളല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഓവർലോഡിംഗിനെ സംബന്ധിച്ചിടത്തോളം ഓണർ ലയബിളാണെന്നു കണ്ടിട്ടുണ്ട്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: അങ്ങനെയാണെങ്കിൽ വൈക്കേറിയസ് ലയബിലിററിവച്ച് ഓണറെ ചാർജ്ജുചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉദ്ദേശിക്കുന്നുണ്ട്.

**Shri P. S. Nataraja Pillai:** May I know whether any compensation is proposed to be given to the relatives of the dead?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇതു തേഡ്പാർട്ടി ഇൻഷ്വറൻസ് അല്ലെങ്കിലും ഗവൺമെന്റിന്റെ ഇൻഷ്വറൻസ് സ്കീം അനുസരിച്ചു വേണ്ട പരിഹാരം ചെയ്യാനുള്ള സൌകര്യമുണ്ട്. അതു ഗവൺമെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

## SABARIMALA ACCIDENT

*186. [2] **Dr. N. S. Pillai:** Will the Minister for General Administration be pleased to state:

(*a*) the number of deaths as a result of the explosive material catching fire on the Makara Vilakku day at Sabarimala;

(*b*) what the cause of the explosion is; and

(*c*) whether any public enquiry was instituted in regard to this accident and whether any report has been received as to the nature of the accident, its cause, the casualties and the stepts to be taken for the prevention of such accidents in future?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്): (എ) നൂൻ.

(ബിയും, സിയും) ഇതിനെസംബന്ധിച്ച് കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള കാരണങ്ങൾ അന്വേഷണം പൂർത്തിയായതിനുശേഷമേ വെളിവാകുകയുള്ളു

ഡാ. എൻ. എസ്സ്. പിള്ള: ആ വെടിവയ്പുകാരന് വെടിവയ്ക്കുവാനുള്ള ലൈസൻസുണ്ടായിരുന്നുവോ?

ശ്രീ. ടി. എം. വർഗീസ്: അത് ഈ ചോദ്യത്തിൽനിന്നും ഉദിക്കാത്തതുകൊണ്ട് ലൈസൻസിനെപ്പററി അന്വേഷിച്ചിട്ടില്ല. മരിക്കുന്നതിനും തീപിടിക്കുന്നതിനുമുള്ള കാരണത്തെപ്പററി അന്വേഷിച്ചു.

ഡാ. എൻ. എസ്സ്. പിള്ള: എന്റെ ചോദ്യം എന്തുകൊണ്ടുദിക്കുന്നില്ല?

ശ്രീ. ടി. എം. വർഗീസ്: ലൈസൻസുണ്ടെങ്കിലും ഇല്ലെങ്കിലും തീപിടിക്കും. അതുകൊണ്ടു തീപിടിത്തവും ലൈസൻസുമായി യാതൊരു ബന്ധവുമില്ല.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ആളുകൾ ഇൻക്വിലാബു വിളിച്ചതുകൊണ്ടാണ് തീപിടിത്തം ഉണ്ടായതെന്നു പത്രത്തിൽ കണ്ടതിൽ വല്ല പരമാർത്ഥവുമുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഇത്തരം അനാശാസ്യസംഭവങ്ങളുടെ വെളിച്ചത്തിൽ മേലാൽ വെടിക്കെട്ടു നിറുത്താനുള്ള നടപടികൾ ഗവൺമെന്റു കൈക്കൊള്ളുമോ?

ശ്രീ. ടി. എം. വർഗീസ്: അതൊരഭിപ്രായം മാത്രമാണ്. വെടിക്കെട്ടു നിറുത്തുന്നകാര്യത്തെപ്പററി ഗവൺമെന്റ് ആലോചിച്ചിട്ടില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഒരു മുൻകരുതൽ എന്ന നിലയിൽ ഫസ്റ്റ് എയിഡിന് അവിടെ വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടായിരുന്നുവോ?

ശ്രീ. ടി. എം. വർഗീസ്: ഫസ്റ്റ് എയിഡ് അവിടെ നടന്നിട്ടുണ്ട്. അതുകൊണ്ട് അതിനു മുൻകൂട്ടി ഏർപ്പാടുണ്ടായിരുന്നിരിക്കണം.

## CONDEMNED BUSES

*187. [3] **Dr. N. S. Pillai:** Will the Minister for Transport be pleased to state:

(*a*) the number of years which a new bus will be allowed to be used as a public conveyance and when do they condemn a bus in actual service; and

(*b*) whether exemptions are given for condemned buses being used for service?

*Minister for Works and Transport* (**Shri Kalathil Velayudhan Nair**):

(*a*) There is no age limit fixed for buses, etc., now.

(*b*) No.

ശ്രീ. എം. ഗോപാലൻ നായർ: വാമനപുരം ബസ്സ് സ്റ്റാന്റിലുള്ള ബസ്സുകൾ വില്ക്കാൻ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതും ഈ ചോദ്യവുമായുള്ള ബന്ധമെന്താണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. എം. ഗോപാലൻ നായർ: പുതിയ ബസ്സുകൾ എന്നു കൺഡം ചെയ്യുമെന്നാണു ചോദ്യം. വാമനപുരത്തുള്ള ബസ്സുകൾ എല്ലാം കൺഡം ചെയ്തിട്ടുള്ള ബസ്സുകളാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അല്ലാത്ത ബസ്സുകളുമുണ്ട്.

### PRIMARY SCHOOL, VYANAM

* **188** [4] **Shri R. Kesava Pillai:** Will the Minister for Education be pleased to state:

(*a*) whether the surrender of the Primary school, Vyanam (വൈയാനം) in Chadayamangalam pakuthy, Kottarakara taluk has been accepted by Government;

(*b*) when was the application surrendering the school made by the people of Vyanam; and

(*c*) the reasons, if any, for delaying the acceptance of surrender of the school?

*Chief Minister* (**Sri A. J. John**): (*a*) No.

(*b*) On 19th November 1950;

(*c*) The Manager has not fulfilled the conditions imposed for taking over the school by Government.

ശ്രീ. ആർ. കേശവപിള്ള: ഇതുസംബന്ധിച്ചു കൊട്ടാരക്കര ഇൻസ്പെക്ടരുടെ അടുക്കൽനിന്നും വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ ജോൺ: റിപ്പോർട്ട് കിട്ടിയ തീയതി എന്നില്ല. ഇതിനു മുമ്പേക്കൂട്ടി ചില വ്യവസ്ഥകൾ ഉണ്ടായിരുന്നു. ആ കണ്ടീഷൻ സാററിസ്ഫൈ ചെയ്യാതെ എടുക്കുകയില്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ: ഈ സ്കൂളിലെ അദ്ധ്യാപകന്മാർക്ക് ശമ്പളം കിട്ടിയിട്ട് എത്രനാളായി?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

ശ്രീ. ആർ. കേശവപിള്ള: ഈ പ്രൈമറി സ്കൂൾ സർക്കാരിലേക്കു എടുക്കണമെന്നു ഗവമെൻറിലേക്കു അപേക്ഷ കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അപേക്ഷ കിട്ടിയിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങൾ ഓടിടുകയും തറയ്ക്കു സിമൻറിടുകയും ചെയ്താൽ മാത്രമെ ഗവമെൻറിലേക്ക് എടുക്കുകയുള്ളു എന്നു മാനേജരെ അറിയിച്ചിട്ടുണ്ട്.

ശ്രീ. ആർ. കേശവപിള്ള: അതെല്ലാം ഇപ്പോൾ ചെയ്തിട്ടുണ്ടെന്നു അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയാണെങ്കിൽ എടുക്കുന്നതിലേക്കുള്ള നടപടികൾ നടത്തുന്നതാണ്.

### M. M. SCHOOL FOR GIRLS, AT ADUR

* **189.** [5] **Shri K. Madhavan Unnithan:** Will the Minister for Education be pleased to state whether the Government have received memorials for converting the existing M. M. School for girls at Adur into a High School for girls with suitable adjustments in accommodation in the local English High School and M. M. School for boys?

*Chief Minister* (**Shri A. J. John**): Yes, in 1948.

**Shri K. Madhavan Unnithan:** Has the Director of Public Instruction submitted any report on that?

ശ്രീ. എ. ജെ. ജോൺ: ഇതിനും രണ്ടു കണ്ടീഷൻസ് വച്ചിട്ടുണ്ടായിരുന്നു. The D. P. I. had informed them that the question could be taken into consideration only if the people of the place undertook to provide new building as per plan approved by the department on a site of not less than 50 cents in extent and to surrender both building and site to the department, and there was no further development afterwards.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: എം. എം. സ്കൂളുകൾ ഇപ്പോൾ തിരുവിതാംകൂറിലുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇംഗ്ലീഷ് മിഡിൽസ്കൂളുകൾക്കു പകരം എം. എം. സ്കൂളുകൾ എന്നു പറഞ്ഞിരിക്കുകയാണ്.

## STATIONARY FIRST CLASS MAGISTRATE'S COURT, ADUR

*190. [6] **Shri K. Madhavan Unnithan:** Will the Minister for General Administration be pleased to state whether the Government have received representations praying for the establishment of a Stationary First Class Magistrate's Court at Adur?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): ഉണ്ട്.

**Shri K. Madhavan Unnithan:** Do the Government contemplate to sanction a Court at Adur?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു സാങ്ക്ഷൻ ചെയ്തില്ല. അതിനെപ്പററി അന്വേഷിക്കുന്നുണ്ട്.

## കാട്ടൂരിലുള്ള മലംഡിപ്പോ

†൧൯൧. (വ്യ) ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രാദേശിക സമിതി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) അമ്പലപ്പുഴ താലൂക്കിൽ കാട്ടൂരിലുള്ള മലംഡിപ്പോ സംബന്ധിച്ച് അവിടത്തെ നിവാസികളിൽനിന്നും എന്തെങ്കിലും നിവേദനങ്ങൾ ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് ഇതുവരെ യാതൊരു പരിഹാരനടപടികളും സ്വീകരിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ആ മലംഡിപ്പോ പൊതുജനങ്ങൾക്കു യാതൊരു ഉപദ്രവവും ഉണ്ടാക്കാത്തതുകൊണ്ട് പരിഹാരനടപടികൾ സ്വീകരിക്കേണ്ട ആവശ്യമുണ്ടായിട്ടില്ല.

ശ്രീ. ആർ. സുഗതൻ: ആ മലംഡിപ്പോയ്ക്കു ചുററും ആളുകൾ പാർക്കുന്നുണ്ടെന്നും, അവർക്ക് അതുകൊണ്ട് വലിയ അസൗകര്യങ്ങൾ നേരിടുന്നുണ്ടെന്നും, അതിനാൽ ആ ഡിപ്പോ അവിടന്നു മാററിത്തരണമെന്നും കാണിച്ചു രണ്ടുകൊല്ലമായി ജനങ്ങൾ നിവേദനം നടത്തിയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു വളരെ വിസ്തൃതമായ ഒരു സ്ഥലമാണ്. പതിനാലു ഏക്കറോളമുണ്ട്. അതുകൊണ്ട് ജനങ്ങൾക്കു വലിയ ഉപദ്രവമുണ്ടാകുമെന്നു വിചാരിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ: ആ ഡിപ്പോയ്ക്കടുത്തു ആളുകൾ പാർപ്പുണ്ടെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആലപ്പുഴനിന്നും നാലുമൈൽ അകലെയാണ് ഈ സ്ഥലം. മെയിൻറോഡിൽനിന്നും അരനാഴിക ഉള്ളിലേക്കു

† As the Member was absent, this question was put by Shri. R. Sugathan with the permission of the Chair.

നീങ്ങിയാണു് ഡിപ്പോ സ്ഥാപിച്ചിരിക്കുന്നതു്. മലംഡിപ്പോ അവിടെ തുടങ്ങിയപ്പോഴും അവിടെയെങ്ങും ആൾപാർപ്പുണ്ടായിരുന്നില്ല. ഇട റോഡു വെട്ടിയപ്പോഴും റോഡിന്റെ ഇരുവശങ്ങളിലും ആളുകൾ താമസിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. അതു് ആളുകൾതന്നെ ഉണ്ടാക്കുന്ന—സ്വയംകൃതങ്ങളായ—അനർത്ഥങ്ങളാണു്.

ശ്രീ. ആർ. സുഗതൻ: ആളുകൾ താമസിച്ചുകൊണ്ടിരുന്നപ്പോൾതന്നെയാണു് മലംഡിപ്പോ തുടങ്ങിയതെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ അറിവില്ല.

ശ്രീ. ഒ. സി. നൈനാൻ: മലംഡിപ്പോ സ്ഥാപിക്കുന്ന കാലത്തു അടുത്തുള്ള ഒരു വീട്ടിലേക്കു എന്തു ദൂരമുണ്ടായിരുന്നു?

ശ്രീ. കെ. കൊച്ചുകുട്ടൻ: അര മൈലിനുള്ളിൽ ആൾ പാർപ്പുണ്ടായിരുന്നില്ല.

## ELECTRIC CORPORATIONS

*192. [9] **Shri Sattanatha Karayalar:** Will the Minister for Electricity be pleased to state:—

(*a*) whether the Electric Corporation of Nagercoil and Shencottah produce the entire current required for the supply or are they only redistributing agencies;

(*b*) if they are only redistributing agencies the terms and conditions under which these corporations are being run; and

(*c*) whether there is a demand from the people of Nagercoil and Shencottah towns for municipalising these corporations; and if so what steps the Government have taken?

*Minister for Works and Transport* **(Shri Kalathil Velayudhan Nair):**

(*a*) The Shencottah Electric Supply agency is a redistributing agency. The Nagercoil Electric Supply Corporation is getting part of its power requirements from its own thermal station, and part from the Government system.

(*b*) These agencies are given licenses to distribute energy in the respective areas. These licenses contain the terms and conditions under which they are to work. A statement containing the main terms and conditions is placed on the table of the House.*

(*c*) Yes. Since the intention of Government is to nationalise all such private undertakings no further steps were taken to municipalise these Corporations.

**Shri. K. Sattanatha Karayalar:** Do they supply current for agricultural purposes also?

**Shri Kalathil Velayudhan Nair:** No, they do not.

**Shri K. Sattanatha Karayalar:** Why not?

**Shri Kalathil Velayudhan Nair:** That is not one of the terms in their conditions.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഒരു യൂണിററിനു കറണ്ടു സപ്ലൈ ചെയ്യുന്നതു് എത്ര റേററ വെച്ചാണു്?

**Shri Kalathil Velayudhan Nair:** Between 7 and 8 annas per unit.

---

*See Appendix A.

ശ്രീ. എ. കുഞ്ഞൻനാടാർ: ഒരു ജോലിയും ചെയ്യാതെ ഈ കറണ്ടു ഇനത്തിൽ പയനിയർ കമ്പനി ഒരു വലിയ ലാഭം ഉണ്ടാക്കുന്നുവെന്നുള്ള വിവരം അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അറിവില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: വൃ അണവച്ചു ഗവണ്മെൻറിലേക്കു എടുത്താൽ അതു പൊതുജനങ്ങൾക്കു യൂണിററിനു എന്തു റേററിനാണ് കൊടുക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ വിലക്കുതന്നെയാണു കൊടുക്കുന്നതു്.

ശ്രീ. ടി. എസ്. രാമസ്വാമിപിള്ള: ഒരു യൂണിററിനു നാലണ ഉണ്ടായിരുന്നതു് ഇപ്പോൾ കുറയാൻ കാരണമെന്താണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു മുൻപുണ്ടായിരുന്ന ഉടമ്പടി അനുസരിച്ചാണ്.

ശ്രീ. ടി. എസ്. രാമസ്വാമിപിള്ള: മുൻപു എന്നു പറഞ്ഞാൽ അതു ഏതാണ്ടിലാണ്.

ശ്രീ. കളത്തിൽവേലായുധൻ നായർ: ൧൧൨൦ ലാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഗവണ്മെൻറു അനുവാദം കൂടാതെ പയനിയർ കമ്പനിയുമായി കറൻറു വിതരണം സംബന്ധിച്ചു agency ഏർപ്പാടു ചെയ്യുവാനുള്ള കാര്യം ജോസഫ് ജോൺ കേസിനെ സംബന്ധിച്ചിടത്തോളവും ബന്ധമുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

**Shri K. Sattanatha Karayalar:** Was the period of agreement extended on the termination of the first period?

**Shri Kalathil Velayudhan Nair:** No; even though there was a provision in the agreement to extend it, I may say for the information of the hon. Members, that Government are going to take over this concern; and at that time all these things will be considered.

### ELECTRIFICATION IN SHENCOTTAH

*193. [10] **Shri. K. Sattanatha Karayalar:** Will the Minister for Electricity be pleased to state:

(*a*) what steps the Government have taken towards rural electrification in regard to Shencottah taluk;

(*b*) whether the Government are negotiating with the Government of Madras for the extension of the Papanasam Hydro Electric Scheme to the rural areas of Shencottah taluk; and

(c) if so, the progress made so far?

*Minister for Works and Transport* **(Shri Kalathil Velayudhan Nair):**

(*a*) Since the rural areas of Shencotta taluk are far away from the State distribution lines the Government of Madras was requested to supply 200 K. W. of power from the 11 K. V. line of that Government which runs from Tenkasi to Kadayanalloor.

(*b*) Yes.

(c) The Government of Madras have agreed to supply a portion of our requirement and this Government are taking steps to obtain and utilise the current promised by the former.

**Shri K. Sattanatha Karayalar:** How long will it take to complete the work?

**Shri Kalathil Velayudhan Nair:** During this year.

**Shri K. Sattanatha Karayalar:** Do they contemplate agricultural use?

**Shri Kalathil Velayudhan Nair:** Yes.

മീനച്ചിൽതാലൂക്കിലെ നിരോധനം

* ൧൩൪. (൧൧) ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യത്തിനുബഹുമാനപ്പെട്ട നിയമസമാധാന വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

മീനച്ചിൽ താലൂക്കിൽ ഐക്യമുന്നണിനേതാക്കൾക്കു പൊതുജനങ്ങൾ സ്വീകരണം നൽകുന്നതിനെ നിരോധിച്ചുകൊണ്ട് കോട്ടയം ഡിസ്ത്രിക്ട് മജിസ്ത്രേട്ട് കൽപ്പന പുറപ്പെടുവിച്ചിട്ടുള്ളതു ഗവമ്മെൻറിൻെറ അറിവോടും സമ്മതത്തോടും കൂടിയാണോ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്): അല്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: പൊതുയോഗം കൂടുമ്പോൾ ഡിസ്ത്രിക്ട് മജിസ്ത്രേട്ട് നിരോധന ഉത്തരവു പുറപ്പെടുവിക്കുന്നതു എന്തു അടിസ്ഥാനത്തിൻമേലാണ്? അതിൽ ഗവമ്മെൻറിനു യാതൊരു അറിവും കിട്ടുന്നില്ലയോ?

ശ്രീ. ടി. എം. വർഗീസ്: പൊതുയോഗം നിരോധിക്കുന്ന സംഗതി മുൻകൂട്ടി ഗവമ്മെൻറിനെ അറിയിക്കണമെന്നില്ല. ക്രിമിനൽ പ്രൊസീഡിയർ കോഡ് ൧൪൪-ാംവകുപ്പു അനുസരിച്ചു മജിസ്ത്രേട്ടിൻെറ അധികാരം വിനിയോഗിച്ചു പൊതുയോഗങ്ങൾ തടയാം. നിയമവും പതിവും അങ്ങിനെയാണ്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഈ വകുപ്പു അനുസരിച്ചു എതെങ്കിലും കോൺഗ്രസ് മീററിംഗുകൾ നിരോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: പൊതുവെ ഒരു കാര്യത്തെപററ സ്പർശിക്കുന്നതും പ്രധാനചോദ്യത്തിൻെറ പരിധിയിൽ പെടാത്തതുമായ ഒരു ചോദ്യമാകയാൽ അതിനു പ്രത്യേകം നോട്ടീസുവേണം.

ശ്രീ. ആർ. സുഗതൻ: ജനായത്തഭരണകാലത്തു് പൊതുയോഗങ്ങൾ തടയുന്നതു പൗരാവകാശ ധ്വംസനം ആണെന്നറിയാമോ?

ശ്രീ. ടി. എം. വർഗീസ്: പൗരാവകാശ ധ്വംസനം ആണോ അല്ലയോയെന്നു ഒരു മീററിംഗ് നടക്കുന്നതിനു മുൻപു പറയാൻ നിവൃത്തിയില്ല. യോഗങ്ങൾ തടയുന്നതിൻെറ ന്യായാന്യായങ്ങൾ യോഗത്തിൻെറ ഉദ്ദേശവും പരിപാടിയും അനുസരിച്ചായിരിക്കും. അതുകളെപററി ആലോചിച്ചു മറുപടി പറയാം.

ശ്രീ. ആർ. സുഗതൻ: ആലോചിച്ചതിനുശേഷം മറുപടി പറയാമെന്നു പറഞ്ഞല്ലോ. ഈ ആലോചനക്കു എത്രനാൾ വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. ടി. എം. വർഗീസ്: ആലോചിക്കണമെന്നുള്ളതിലേക്കു നേരിടുന്ന കാലതാമസം സംഗതികളുടെ ഗൗരവത്തെയും ആലോചിക്കുന്ന ആളിൻെറ പ്രാപ്തിയേയും അനുസരിച്ചായിരിക്കും.

ശ്രീ. ആർ. സുഗതൻ: ഗൗരവമായി ആലോചിക്കണമെങ്കിൽ അല്ലെങ്കിൽ ഗൗരവമുള്ളകാര്യങ്ങളെപററി ആലോചിക്കണമെങ്കിൽ എത്രദിവസം വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. ടി. എം. വർഗീസ്: കാര്യം ആലോചനയ്ക്കു വിഷയമാകുമ്പോഴല്ലാതെ മുൻകൂട്ടി പൊതുവെ നിശ്ചയിക്കത്തക്കതല്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: ഭരണഘടനയനുസരിച്ചു സ്വൈരമായി യോഗം കൂടാൻ വ്യവസ്ഥചെയ്തിരിക്കെ മജിസ്ട്രേട്ടിന്റെ ഈ വിധമുള്ള നിരോധനാജ്ഞകൾ ഇനിമേലാലെങ്കിലും പുറപ്പെടുവിക്കാതിരിക്കാൻ വേണ്ടതു ചെയ്യുമോ?

ശ്രീ. ടി. എം. വർഗീസ്: ഈ ചോദ്യത്തിനുള്ള ഉത്തരം ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു.

## ഭവന നിർമ്മാണം

* ൧൯൬. (൧൭) ശ്രീ. അലക്സാണ്ടർ പറമ്പിത്തറയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കോവാപ്പറേറ്റീവു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൬൧-൬൨-ൽ കോവാപ്പറേറ്റീവ് ഹൗസിംഗ് സ്കീം പ്രകാരം എത്ര പുതിയ വീടുകൾ പണിയുവാനാണ് എസ്റ്റിമേററ് ചെയ്തിട്ടുള്ളത്?

(ബി) ആകെ എസ്റ്റിമേററ് സംഖ്യ എന്ത്;

(സി) എത്ര വീടുകൾ ഇതുവരെ പണി കഴിഞ്ഞിട്ടുണ്ട്;

(ഡി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ വീടുകൾ പണി ചെയ്തിട്ടുള്ളത്;

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൪൦൧ വീടുകൾ

(ബി) ൩,൦൧,൧൯൦ രൂപ.

(സി) ൭൩൩ വീടുകൾ.

(ഡി)

| | |
|---|---|
| കന്യാകുമാരി | ൧൧ |
| തെന്മല | ൨൦ |
| എനയം | ൭൦ |
| വിഴിഞ്ഞം | ൧൬ |
| തിരുവനന്തപുരം | ൫൦ |
| കൊല്ലം | ൧൦ |
| പുനലൂർ | ൧൯ |
| കുമരകം | ൧൦ |
| ആലപ്പുഴ | ൭൪ |
| ആലുവാ | ൫൦ |
| തേവര | ൫൩ |
| ഇരിങ്ങാലക്കുട | ൭൪ |
| ഇടവിലങ്ങ് | ൧൭ |

## ഗ്രാന്റ വൈദ്യശാലകൾ

*൧൪. (൧൪) ശ്രീ. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആയുർവേദ ഗ്രാന്റവൈദ്യശാലകൾക്ക് ഗ്രാന്റ പുതുക്കുന്നതിന് ഗവമെന്റിന് വല്ല സ്കീമും ഉണ്ടോ;

(ബി) വൈദ്യശാലയ്ക്കു ഗ്രാന്റുകൊടുക്കുന്നതിന് തിരുവിതാംകൂർ വിഭാഗത്തും കൊച്ചിവിഭാഗത്തും ൧൯൫൧-ൽ ഒരേ മാനദണ്ഡമാണോ സ്വീകരിച്ചിട്ടുള്ളതു;

(സി) പുതിയ സ്കീം അനുസരിച്ച് എത്ര വൈദ്യശാലകൾക്ക് ഗ്രാന്റ കൊടുക്കുന്നു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) സ്കീം ഉണ്ടായിരുന്നതു് നടപ്പിൽ വരുത്തിക്കഴിഞ്ഞിരിക്കുന്നു.

(ബി) ൧൯൫൧-ൽ കൊച്ചിവിഭാഗത്തു് മുൻകൊച്ചിയിൽ നടന്നിരുന്ന മാതിരിയും, തിരുവിതാംകൂർ വിഭാഗത്തു മുൻതിരുവിതാംകൂറിൽ നടന്നിരുന്ന മാതിരിയും മാനദണ്ഡം വെച്ചുകൊണ്ടാണു് ഗ്രാന്റ നൽകീട്ടുള്ളതു്.

(സി) പുതിയ സ്കീം അനുസരിച്ച് ഒന്നാംഗ്രേഡിനു എട്ടും രണ്ടാം ഗ്രേഡിനു ൨൫-ം മൂന്നാം ഗ്രേഡിനു ൨൫൭-ം, വൈദ്യശാലകൾക്കു ഗ്രാന്റ കൊടുക്കുന്നുണ്ടു്.

ശ്രീ. വാസുദേവൻ പിള്ള: കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള വൈദ്യശാലകൾക്കു് കൊടുക്കുന്ന ഗ്രാന്റ ഏകീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. വി. മാധവൻ: അങ്ങനെ ഏകീകരിക്കണമെന്നാണു് വിചാരിച്ചിരുന്നതു്. അതനുസരിച്ചു് ഏകീകരിച്ചിട്ടുണ്ടു്.

**Shri A. Chidambaranatha Nadar:** Do Government propose to give any grant to Sidhavydhyam?

ശ്രീ. വി. മാധവൻ: ഈ സംഗതി ഈ ചോദ്യത്തിൽ ഉൾപ്പെട്ടതല്ല.

ശ്രീ. വാസുദേവൻ പിള്ള: എന്നു മുതലാണു് ഈ ഗ്രാന്റ ഏകീകരിച്ചതെന്നു പറയാമോ?

ശ്രീ. വി. മാധവൻ: അതു് ൧൯൫൧ ജനവരി ഒന്നാം തിയ്യതി മുതലാണു്.

ശ്രീ. ക. സി. നൈനാൻ: ഈ സ്കീം അനുസരിച്ചു വിഷവൈദ്യശാലകൾക്കു കൊടുത്തുകൊണ്ടിരുന്ന ഗ്രാന്റ ഏകീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അവകളെപ്പററി പ്രത്യേകം ആലോചിച്ചിട്ടില്ല.

**Mr. Speaker:** Question No. 15.

**Shri Vasudevan Pillai:** I withdraw question No. 15 (The question was not put by the member)

**Shri Vasudevan Pillai:** I put question No. 16.

**Mr. Speaker:** You have exhausted your quota. I have already called three questions.

**Shri Vasudevan Pillai:** I rise to a point of order. I have asked only two questions, and have withdrawn the third question. So, I am entitled to put this question.

**Mr. Speaker:** There seems to be some confusion about withdrawing questions. This is the provision relating to the matter. I am reading the provision in Rule 18 of the Travancore-Cochin Legislative Assembly Rules:

> "That a member may, by notice given at any time before the meeting for which his question has been placed on the list, withdraw his question or postpone it to a later date, to be specified in the notice, and on such later day, the question shall, subject to the provisions of sub-rule (4) be placed on the list after all questions which have not been so postponed."

So, the rule says that the Speaker shall call only three questions of a Member. I have called three of your questions. If any Member wants to withdraw any question before the House, information relating to such withdrawal must be given to the Secretary or to the Speaker beforehand.

## പത്തനംതിട്ട ആശുപത്രി

*൯൧. (൯൬) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യത്തിനു ബഹു. മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പത്തനംതിട്ട ആശുപത്രി ഡിസ്ട്രിക്ട് ആശുപത്രിയായി ഉയർത്തുന്നതിനു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ)

ഉണ്ട്. പത്തനംതിട്ടയിൽ ഒരു ഡിസ്ട്രിക്ട് ആശുപത്രിയുടെ ആവശ്യമില്ല.

## മദ്യനിരോധനം

*൯൨. (൯൦) ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) മദ്യനിരോധനം തിരു-കൊച്ചിയിൽ മുഴുവൻ വ്യാപിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഈ സ്കീം നിറുത്തിവയ്ക്കുന്നതിനു കാരണങ്ങൾ ഉണ്ടോ;

(സി) നിറുത്തിവെച്ച സ്ഥലങ്ങളിൽ ചില കമ്പനികൾക്കും റസ്റ്റ് ഹൌസുകൾക്കും മദ്യം വിൽപാൻ അനുവാദം ഉണ്ടോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) സ്കീം നിറുത്തിവച്ചിട്ടില്ല. മദ്യനിരോധനം നടപ്പാക്കിയ സ്ഥലങ്ങളിൽ അതിൻെറ പ്രവർത്തനവും പുരോഗതിയും ഗവൺമെൻറ് അവധാനം വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അതിനു ശേഷം മററു സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്.

---

*These questions were not put, the questioner having exhausted his quota.

(സി) മദ്യനിരോധനം നിലവിലുള്ള ചില സ്ഥലങ്ങളിൽ തിരുവിതാംകൂർ-കൊച്ചി ട്രാവൽ ബ്യൂറോ ലിമിറ്റഡിനും അതിന്റെ ബ്രാഞ്ചുകൾക്കും, ഉത്തമവിശ്വാസമുള്ള സംസ്ഥാന സന്ദർശകർക്കുമാത്രം മദ്യം നൽകുന്നതിനുള്ള ലൈസൻസുകൾ കൊടുക്കാൻ അനുവദിച്ചിട്ടുണ്ട്*

## வீடுகள்

*199. [21] ஸ்ரீ. ஏ. ஸாம்ராஜ்: கீழ் குறிப்பிடும் வினாக்களுக்கு கனம் பின்னோக்க சமுதாய வகுப்பு மந்திரி தயை கூர்ந்து விடை நல்குவாரா?

(ஏ) சொந்த பூமியுடன் வீடு இல்லாதவர்களுக்கு சொந்த ஸ்தலமும் வீடும் கொடுப்பதற்கு கவர்ன்மென்று ஏதாவது திட்டம் ஏற்படுத்தியதுண்டா?

(பி) அப்படியிருக்குமானால் எந்தெந்த ஜாதிக்காரர்களுக்கு கொடுக்கவேண்டும் என்ற தீர்மானம் உண்டா?

(ஸி) பின்னிலையில் நிற்கப்பட்ட ஜாதியரான சாம்பவர், சேரமர், ஐயனவர், சித்தனர், பேடர், காணிக்காரர், பள்ளர் முதலானவர்களுக்கு இந்தத்திட்டம் அனுசரித்து வீடுகள் கொடுக்கிறதுண்டா?

(டி) அவரவர் பூர்வீகமாய் தாமதிக்கும் ஸ்தலங்களில் ஒரு குடும்பத்திற்கு பத்து ஸென்று கூடாதபடி பொன்விலை கொடுத்து எடுத்துக் கொடுப்பதற்கு ஏதாவது திட்டமுண்டா?

(ஈ) பட்டயக்காரர்களுடைய பூமிகளில் பாரம்பரியமாய் தாமதித்து வருபவர்களுக்கு அந்த ஸ்தலத்தை அவர்களுக்கே Acquire செய்து கொடுக்கவேண்டுமென்று Uplift Department தீர்மானம் பாஸாக்கிற்றுண்டா?

(எப்) மேல் சொன்ன ஜாதிக்காரர்களை மதவித்தியாசம் பாராமல் ஸ்தலம் Acquire செய்து கொடுக்கவேண்டுமென்று Uplift Department பாஸாக்கிற்றுண்டா?

(ஜி) தோவாளைத்தாலூக்கில் இலுப்பயடி, இலந்தயடி. என்ற இரண்டு ஊர்களிலுள்ள ஷெடூல் வகுப்பாருக்கு வீடு கட்டுவதற்காக பொன் விலை கொடுத்து கவன்மென்று ஸ்தலம் எடுத்ததா? அப்படியானால் எடுத்தது ஏது வருஷத்தில்? எடுத்த ஸ்தலத்தை அவர்களுக்கு வீடுகட்ட கொடுத்தாய்விட்டதா? கொடுக்கவில்லையானால் ஏன்?

(எச்) இந்த ஸ்தலங்களை ஷெடூல் வகுப்பாரில் கிருஸ்தவ மதத்தைத் தழுவினவருக்கு கொடுக்கலாகாது என்று கவர்ன்மென்று தீர்மானம் செய்ததுண்டா?

*Minister for Local Self Government* **(Shri. K. Kochukuttan):**
(*a*) Yes.

(*b*) All the poor and indigent members irrespective of the community to which they belong would be provided with house and house-sites.

(*c*) Yes.

(*d*) No.

(*e*) No.

(*f*) No.

(*g*) Yes; the acquisition proceedings were completed in 1951.

(*h*) No.

**Shri P. S. Nataraja Pillai:** In respect of answer to (*g*), may I know whether the lands acquired by Government have been allotted to different individuals so far?

**Shri K. Kochukuttan:** It is being given to individuals but not yet finished.

**Shri P. S. Nataraja Pillai:** Have the Government any scheme to grant them any amount to build houses in those sites?

**Shri K. Kochukuttan:** Government have such a scheme.

**Shri P. S. Nataraja Pillai:** May I know what is the area that is to be granted to each family?

**Shri K. Kochukuttan:** Under the settlement scheme and housing scheme, 5 to 10 cents of land will be given to each family.

**Shri P. S. Nataraja Pillai:** I want to know what is the area proposed to be given from the land now acquired?

**Shri K. Kochukuttan:** I want notice.

**Shri P. S. Nataraja Pillai:** May I know the area now acquired by Government in these two villages?

**Shri K. Kochukuttan:** I claim notice.

**Shri P. S. Nataraja Pillai:** May I take it that the scheme will be seen through during the course of this year at least?

**Shri K. Kochukuttan:** Every attempt will be made.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: വീടില്ലാത്തവർക്ക് ഓരോ കുട വാങ്ങിക്കൊടുക്കുവാൻ ഗവൺമെന്റിന് ദയവുണ്ടാകുമോ? (ചിരി)

(ഉത്തരം ഇല്ല.)

## ரோடு

*200 [22] ஸ்ரீ. ஏ. ஸாம்ராஜ்: கீழ் குறிப்பிடும் வினாக்களுக்கு கனம் வில்லேஜ் அப்லிப்டு வகுப்பு மந்திரி தயைகூர்ந்து விடை நல்குவாரா?

(எ) அகஸ்தீஸ்வரம் தாலூக்கில் நரிக்குளம் காலனிக்கும் அதற்குத் தெற்குப்பக்கம் இருக்கும் கிராமத்திற்குமிடையில் போக்குவரத்திற்குச் சாதகமான ரோடு இருக்கிறதா?

(பி) இப்பொழுது இருக்கும் சீர்கேடான பாதையில் வண்டி போகமுடியாத நிலையில் இருக்கிறது என்பது கவர்ன்மென்டுக்குத் தெரியுமா?

## மசானபூமி

*201 [23] ஸ்ரீ. ஏ. ஸாம்ராஜ்: கீழ் குறிப்பிடும் வினாக்களுக்கு கனம் பூமி வகுப்பு மந்திரி தயைகூர்ந்து விடை நல்குவாரா?

(எ) தோவாளைத் தாலூக்கில் கண்ணன்புதூரில் வசித்துவரும் ஷெடூல் வகுப்பினர் 1112-ம் ஆண்டு முதல் உத்தேசம் 15 வருஷகாலமாய் சர்க்கார் உத்தரவுப்படியும் அதன் முன்பும் பரம்பரையாக உபயோகித்துவரும் மசானத்தில் (Cremation ground) கிராமவாசி ஒருவர் பிரவேசித்தார் என்று புறம்போக்கு கேஸ் எடுக்கப்பட்டதா? அக்கேஸில் (Prohibitory Assessment) செய்யப்பட்டதா? மசானமாய் உபயோகித்ததற்கு தனி நபர் பேரில் கேஸ் எடுக்க காரணம் என்ன?

(பி) இந்த மசானத்தை (Cremation ground) முன்போல் அவ்வூர் பொதுஜனங்கள் உபயோகிப்பதற்காக சர்க்கார் தடஸ்தம் செய்யாமல் இருப்பதற்கும் பொதுஜனங்கள் பேரில் இந்த பூமி இருப்பதற்கும் தடை ஏதாவதுண்டா?

**പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):** ഈ ചോദ്യത്തിന് ഉത്തരം തയാറായിട്ടില്ല. ബഹു. സ്പീക്കറുടെ അനുവാദത്തോടുകൂടി അടുത്തുതന്നെ ഉത്തരം പറയുന്നതാണ്.

## GOVERNMENT PRESS, TRIVANDRUM

*202 [24] **Shri O. C. Ninan:** Will the Minister for Stationery and Printing be pleased to state:

(*a*) what is the capital expenditure incurred by the Government for the Government Press at Trivandrum;

(*b*) is the Press working at a loss or at a profit;

(*c*) if it is at a profit, what is the percentage of profit;

(*d*) what is the present pay and allowance of the present Superintendent of the above Press; and

(*e*) what was the pay and allowance of the previous Superintendent?

*Chief Minister* **(Shri A. J. John):**

(*a*) Total capital expenditure incurred by Government till 31st August 1951; Rs. 3,67,440.

(*b*) Since the Press is not working on a commercial basis, the information is not available.

(*c*) In view of the answer to (b), this does not arise.

(*d*) The present pay and allowances for the present Superentendent of of the Government Press is Rs. 998—14—0 including dearness allowance.

(*e*) The pay of the previous Superintendent was Rs. 373—12—0 including dearness allowance.

ശ്രീ. ഒ. സി. നൈനാൻ: മുമ്പിലത്തെ പ്രസ്സ് സൂപ്രണ്ടിന്റെ ശമ്പളത്തെക്കാളും വലിയ ഒരു ശമ്പളം കൊടുത്ത് ഒരു സൂപ്രണ്ടിനെ നിയമിക്കുവാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ: ഈ പ്രസ്സ് ശരിയായ വിധത്തിൽ റീഓർഗനൈസ് ചെയ്യണമെന്നും പരിഷ്കരിക്കണമെന്നും ഗവമ്മെന്റിന് തോന്നിയതുകൊണ്ടാണ്.

ശ്രീ. ഒ. സി. നൈനാൻ: ഈ പ്രസ്സ് സൂപ്രണ്ടിനെ നിയമിച്ചിട്ട് എത്ര കാലമായി?

ശ്രീ. എ. ജെ. ജോൺ: ൧൯൫൧ ഏപ്രിൽ ൨൪-ാംനു ആണ് നിയമിച്ചത്.

ശ്രീ. ഒ. സി. നൈനാൻ: ഇതേവരെ ഏതെങ്കിലും റീഓർഗനൈസേഷൻ സ്കീം അവിടെ നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പല സ്കീമുകളും അദ്ദേഹം സബ്മിററു ചെയ്തിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: റീഓർഗനൈസേഷൻ സ്കീംസിൽ ഏതെങ്കിലും അവിടെ നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. ഒ. സി. നൈനാൻ: എവിടെനിന്നാണ് പ്രസ്സ് സൂപ്രണ്ടിനെ കൊണ്ടുവന്നത്?

ശ്രീ. എ. ജെ. ജോൺ: മദിരാശിയിൽനിന്നു്.

ശ്രീ. ഒ. സി. നൈനാൻ: അദ്ദേഹത്തിന് മദിരാശിയിൽ ഉണ്ടായിരുന്ന ശമ്പളത്തിന്റെ കാൽഭാഗവും ഡീയർനസ് അലവൻസും മാത്രമേ കൂടുതലായി കൊടുക്കുന്നുള്ളോ?

ശ്രീ. എ. ജെ. ജോൺ: അതേ

**Shri P. S. Nataraja Pillai:** Under the reorganization proposed by the new Superintendent, was the rate prevalent for the compositors now working there, reduced?

**Shri A. J. John:** I am not aware of that.

ശ്രീ. കുമാരപിള്ള: ഗവമ്മെൻറപ്രസ്സിലെ വ്യ ൎക്കൻററന്മാരിൽനിന്നും വല്ല പരാതികളും ഗവമ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഈ ചോദ്യത്തിനു് ഇതിനുമുമ്പുതന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്. അവർ വാളൻറിയന്മാരായിരുന്നു. പിന്നീടു് അവരെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: തിരു–കൊച്ചി സംസ്ഥാനത്തു് പ്രസ്സ് സൂപ്രണ്ടാകുവാൻ യോഗ്യതയുള്ളവർ ആരും ഇല്ലെന്നാണോ ഗവമ്മെൻറിന്റെ അഭിപ്രായം?

ശ്രീ. എ. ജെ. ജോൺ: ഇത്രയും യോഗ്യതയുള്ള ആരും ഇല്ലെന്നാണു അഭിപ്രായം.

ശ്രീ. കുമാരപിള്ള: പീസ്‌വക്കുകാരായിരുന്ന കമ്പോസിററന്മാക്കു മാസശമ്പളമാക്കിയപ്പോൾ പീസുവക്കുകാലത്തു അവക്കു കിട്ടിയിരുന്നതിനേക്കാൾ ശമ്പളം കുറഞ്ഞിട്ടുണ്ടെന്നു് ഗവമ്മെൻറിനു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതിനെക്കുറിച്ചുള്ള വിവരങ്ങൾ കയ്യിലില്ലാത്തതുകൊണ്ടു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: കേന്ദ്രഗവമ്മെൻറും ഈ സൂപ്രണ്ടിന്റെ നിയമനവും ആയി വല്ല ബന്ധമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: മദ്രാസ് സവ്വീസിൽനിന്നു് ഒരാളെ ഇങ്ങോട്ടു എടുക്കണമെങ്കിൽ അതിനു് കേന്ദ്രഗവമ്മെൻറിന്റെ അനുവാദം വേണമെന്നുണ്ടു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഇദ്ദേഹത്തെ മദ്രാസ് സവ്വീസിൽനിന്നു് ഇങ്ങോട്ടു എടുക്കുന്നതിനു് കേന്ദ്രത്തിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്.

**Shri P. S. Nataraja Pillai:** May I know whether the present Superintendent is a man with foreign qualifications in printing? What are his special qualifications?

**Shri A. J. John:** He is Duputy Superintendent, Government Press Madras. വേറെ കോളിഫിക്കേഷൻ ഉണ്ടോ എന്നു അറിഞ്ഞുകൂടാ.

ശ്രീ. ആർ. കേശവപിള്ള: പ്രസ്സ് സൂപ്രണ്ടായ ശ്രീ. അമലനാഥനെപ്പോലെ ശമ്പളം മേടിക്കുന്ന ഏതെങ്കിലും ഡിപ്പാർട്ടുമെൻറു മേലധ്യക്ഷൻ ഈ തിരുവിതാംകൂർ കൊച്ചിയിലുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടായിരിക്കണം.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: പ്രസ്സിന്റെ ഭരണം തൃപ്തികരമല്ലെന്നു കണ്ടതുകൊണ്ടാണോ മദിരാശിയിൽനിന്നും ഒരാളെ ഇവിടെ കൊണ്ടുവന്നതു്.

ശ്രീ. എ. ജെ. ജോൺ: അതേ.

ശ്രീ. ആർ. കേശവപിള്ള: ഇപ്പോഴത്തെ പ്രസ്സ് സൂപ്രണ്ട് വന്നതിനു ശേഷം അവിടെനിന്നുണ്ടായിട്ടുള്ള പ്രസിദ്ധീകരണങ്ങൾ നന്നായിട്ടുണ്ടെന്ന് ഗവൺമെൻറിന് ബോദ്ധ്യമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ബോദ്ധ്യമുണ്ട്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: ചീഫ് സെക്രട്ടറിയെ കൂടാതെ ഈ രാജ്യത്തെ മറ്റേതെങ്കിലും ഡിപ്പാർട്ട്മെൻറ് മേലദ്ധ്യക്ഷനു ൧൫൦ രൂപായിൽ കൂടുതൽ ശമ്പളമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ചില ഉദ്യോഗസ്ഥന്മാർക്ക് അതിൽ കൂടുതൽ ശമ്പളമുണ്ട്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: വിദേശത്തുനിന്നു വന്ന ആളായതുകൊണ്ടാണോ അദ്ദേഹത്തിനു കൂടുതൽ ശമ്പളം കൊടുക്കുന്നത്?

ശ്രീ. എ. ജെ. ജോൺ: അദ്ദേഹത്തെ മദ്രാസ് സർവ്വീസിൽനിന്ന് എടുത്തിരിക്കയാണ്. അദ്ദേഹത്തിന് മദ്രാസിൽ ഉണ്ടായിരുന്ന ശമ്പളത്തിൻെറ കാൽഭാഗവും ഡീയർനസ് അലവൻസും മാത്രമേ കൂടുതൽ കൊടുക്കുന്നുള്ളു.

ശ്രീ. എ. താണുപിള്ള: ഈ സൂപ്രണ്ടിൻെറ കീഴിലുള്ള അവിടത്തെ ജോലിക്കാർക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ശമ്പളം പീസുവർക്ക്സിസ്റ്റം പ്രകാരം അവർക്ക് കിട്ടിയിരുന്നതിനേക്കാൾ കുറവാണെന്നു ഗവൺമെൻറിന് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതിൻെറ വിവരങ്ങൾ ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. എ. താണുപിള്ള: പെൻഷൻ ആകാറായിട്ടുള്ളവർക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ശമ്പളനിരക്കുമൂലം അവരുടെ പെൻഷനിൽ കുറവു വരുമെങ്കിൽ ആ കുറവു ഉണ്ടാകാതിരിക്കുവാൻ ഗവൺമെൻറ് നോക്കുമോ?

ശ്രീ. എ. ജെ. ജോൺ: പീസുവർക്ക്കാലത്തു അവർ കൂടുതൽ സമയം ജോലിചെയ്തിരുന്നതുകൊണ്ട് കൂടുതൽ സംഖ്യ കിട്ടിയിരുന്നു. ഇപ്പോൾ അങ്ങനെയല്ല.

## SALE OF ACTS AND RULES

* **203** [25] **Shri O. C. Ninan**: Will the Minister for Stationery and Printing be pleased to state:

(*a*) Are the Acts and Rules passed after 1947 available for sale in the Government Press;

(*b*) what are the Acts that are not available in the Government Press;

(*c*) is the Government aware that much difficulty is experienced by the public by the non-availability of the Acts and Rules;

(*d*) when is the Gazette issued to the subscribers from the Government Press; and

(*e*) is it a fact that there are considerable latches in the matter of issue of the Gazette from the Press to the subscribers?

*Chief Minister* **(Shri A. J. John):**

(*a*) Yes; except the Acts and Rules mentioned in answer to part (b);

(*b*) the following is the list of Travancore-Cochin Rules which are available for sale here:

1. 1947/1122 M.E. Excepting Rules to Act II of 1122, all the other Rules are not available.

2. 1123 M.E. Excepting Rules to Act VII of 1123, all the other Rules are not available.

3. 1124 M.E. Excepting Rules to Acts 4, 6, 9, 18 and 19 of 1124, all the other Rules are not available.

4. 1125 M.E. Excepting Rules to Acts 1, 2, 9, 10 and 11 of 1125, all the other Rules are not available.

5. 1950 A.D. Excepting Rules to Acts 2, 13, 16 and 22, all the other Rules are not available.

6. 1951 A.D. Acts Nos. 4, 5, 6, 13, 14, 15 and 16 of 1951 are not available. Excepting Rules to Acts 6 and 8 of 1951, all the others are not available.

7. Acts 1 to 4 of 1952 published so far are available.

(*c*) There may be some difficulty.

(*d*) Copies of Gazettes are sent to subscribers on Thursdays generally. Sometimes, due to unavoidable reasons, they happen to be sent only on Fridays.

(*e*) No.

ശ്രീ. ഒ. സി. മൈനനാൻ: പുതിയ പ്രസ് സൂപ്രണ്ട് വന്നു ചാർജ്ജെടുത്തതിനു ശേഷം ഇവിടത്തെ ആക്ട്സും റൂൾസും പബ്ലിഷ് ചെയ്യുന്നതിനു വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനു ഇവിടെ ആവശ്യക്കാർ ഉള്ളതായി അറിഞ്ഞുകൂട.

ശ്രീ. ഒ. സി. മൈനനാൻ: അതിനു ഞാൻതന്നെ എഴുതി അയച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ധരിക്കുമൊ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ ആക്ട്സും റൂൾസും അനവധി കൊല്ലത്തെ കൺസോളിഡേറ്റ് ചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി പുറത്തായിട്ടുണ്ട്.

ശ്രീ. ഒ. സി. മൈനനാൻ: പബ്ലിഷ് ചെയ്തു തുടങ്ങിയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒരു നടപടി തുടങ്ങിയിട്ടുണ്ട്.

ശ്രീ. ഇ. പി. വർഗ്ഗീസ്: ഏതാണ്ട് മുതലുള്ളത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

ശ്രീ. എം. എം. അബ്ദുൽഖാദർ: സർ സി. പി. രാമസ്വാമി അയ്യർ പോയതിനു ശേഷമുള്ള കൊല്ലങ്ങളിലെ എല്ലാ ആക്ട്സും റൂൾസും പബ്ലിഷ് ചെയ്യുവാനുള്ള നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്.

## ANGLO INDIANS AND DOMICILED EUROPEANS

***204.** [26] **Shri Anthonie Andrew Daniel Luiz:** Will the Minister for Public Service be pleased to state the number of Anglo Indians and Domiciled Europeans in the Travancore Cochin-Government service and also their salaries?

*Chief Minister* **(Shri A. J. John):**

| Number | Department | Designation | Scale of pay Rs. | Nos. | Remarks |
|---|---|---|---|---|---|
| 1 | Panchayats | Clerk | 30—75 | 1 | |
| 2 | Museums and Zoos | Sergeant | 20—25 | 1 | |
| 3 | State Guests Department | Chaffeur | 45—75 | 1 | |
| | | Masalji | 20 | 1 | |
| 4 | Medical Department | | 100—250 | 1 | Anglo Indians |
| | | | 45—75 | 4 | |
| | | | 125 | 1 | Domiciled Europeans |
| | | | 60—100 | 5 | |
| | | | 60 | 8 | |
| | | | 50 | 26 | |
| 5 | Government Presses | Computor | 25—30 | 1 | |
| | | Compositors | 30—75 | 2 | |
| 6 | Municipal Office, Ernakulam | Fee Collector | 25 | 1 | |
| 7 | Municipal Office, Mattancherry | Health Officer | 100—200 | 1 | |
| 8 | Judicial Department | Sub Magistrate | 175—250 | 1 | |
| 9 | University | First Grade Lecturer | 225—275 | 1 | |
| | | | | 56 | |

Total number of Anglo Indians and Domiciled Europeans based on the information received so far.

**Shri Anthonie Andrew Daniel Luiz:** Does the Government realise that they are entitled to more appointments?

**Shri. A. J. John:** That is a matter of opinion.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഇൻഡ്യൻ പൌരത്വം ഇല്ലാത്ത വല്ല സായിപ്പന്മാരും ഇവിടത്തെ സർവ്വീസിൽ ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂട.

## EDUCATIONAL CONCESSSIONS

*205. [27] **Shri Anthonie Andrew Daniel Luiz:** Will the Minister for Education be pleased to state whether the Anglo Indians have any educational concessions ?

*Chief Minister* **(Shri A. J. John):** Yes.

**Shri Anthonie Andrew Daniel Luiz:** Will the Government be pleased to set aside the rule of possessing a first class pass for admission to the Medical, Engineering and Law Colleges ?

**Shri A. J. John:** It may not be possible.

## റേഷൻ ഗോതമ്പ്

*൨൦൬. (൨൮) ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

റേഷൻഷാപ്പുകളിൽ അരി കിട്ടണമെങ്കിൽ ഗോതമ്പു വാങ്ങിക്കൊള്ളണമെന്നും ഗോതമ്പ് ആവശ്യമില്ലെങ്കിലും അതു വാങ്ങുവാൻ ആളുകൾ നിർബന്ധിതരാകുന്നുവെന്നും, അതു പാവപ്പെട്ടവർക്കു വലിയ വിഷമത്തിനിടയാകുന്നുവെന്നും ഉള്ള സംഗതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതിനെപ്പററി വല്ല നടപടിയും ഗവൺമെന്റിന്റെ ആലോചനയിലുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): പ്രായപൂർത്തിവന്ന ഒരാൾക്കു് കൊടുക്കുന്ന റേഷൻ ൧൨ ഔൺസായി വർദ്ധിപ്പിച്ചിട്ടുണ്ടു്. അതു് ൬ ഔൺസ് അരിയും ൬ ഔൺസ് ഗോതമ്പുമാണു്. പക്ഷെ വളരെക്കാലമായി അരിക്കുള്ള ക്ഷാമം മൂലവും ഇനിയും മുഴുവൻ റേഷൻ അരിയായി കൊടുക്കുവാനുള്ള ബുദ്ധിമുട്ടിനെ ഓർത്തും അരിയും അരിയല്ലാത്ത മററു ധാന്യങ്ങളും നമ്മുടെ നാട്ടിലെ ജനങ്ങൾ പരിശീലിക്കേണ്ടതാണെന്നു് ഗവൺമെന്റിനു് അഭിപ്രായമുള്ളതുകൊണ്ടു് ൬ ഔൺസ് അരിക്കു പുറമേ ൨ ഔൺസ് ഗോതമ്പ് എങ്കിലും നിർബ്ബന്ധമായി വാങ്ങിക്കണമെന്ന നിബന്ധനയുണ്ടു്.

ശ്രീ. ടി. കെ. കൃഷ്ണൻ: പരിശീലിപ്പിക്കുവാനാണെങ്കിൽ ഗോതമ്പു വെറുതെ കൊടുത്തുകൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വെറുതെ കൊടുത്താൽ അതിനു വിലയുണ്ടാകുകയില്ല.

ശ്രീ. എം. ഗോപാലൻ നായർ: പരിശീലിപ്പിക്കുവാൻ നിർബ്ബന്ധമായിട്ടു കൊടുക്കുന്ന ഗോതമ്പു കുറഞ്ഞ വിലയ്ക്കു പുറത്തു വില്ക്കുകയാണെന്നു ഗവൺമെന്റിനു അറിയാമൊ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. റേഷൻ കൊടുക്കുന്ന അരിയും ഗോതമ്പും കരിഞ്ചന്തയിൽ വില്ക്കുന്നതായി കേട്ടിട്ടുണ്ടു്.

## ചക്കരവ്യവസായം

*൨൦൭. (൨൯) ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട എക്സൈസുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ചക്കരച്ചെത്തുകാൎക്കു ശരിയായ പ്രതിഫലം കിട്ടത്തക്കവണ്ണം ചക്കരവ്യവസായം ഉദ്ധരിക്കുവാൻ ഗവൺമെൻറിനു വല്ല പ്ലാനുമുണ്ടോ?

ധനകാൎയ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: അതു് എന്തു പദ്ധതിയാണെന്നു വിവരിക്കുമോ?

**Shri Panampilly Govinda Menon:** With the permission of the Chair I shall read a small statement. It reads: "The Cottage Industries Board is now working a scheme for the co-operative organisation of palm gur industry. There is provision in the scheme for the introduction of improved methods of manufacture, such as, the utilisation of iron pans of approved design, removal of excess lime by adding super phosphate, etc. under the Cottage Industries Board. There is one Organiser and there are six Instructors for the scheme. An expenditure of Rs. 22,100 is anticipated for the current year. 50 per cent of this expenditure has been already sanctioned by the Government of India as subsidy for this scheme".

ശ്രീ. ടി. കെ. കൃഷ്ണൻ: ആ പദ്ധതി എന്നു പൂൎത്തിയാകുമെന്നു പറയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ പദ്ധതി തുടങ്ങിയിരിക്കുകയാണു്.

## ഭൂവുടമ

*൨൦൮. (൩൦) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിയിലെ ഭൂവുടമയെ സംബന്ധിച്ചു് വേണ്ട നിർദ്ദേശം നല്കുന്നതിനു് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) കമ്മിററിയുടെ റിപ്പോർട്ടു സമൎപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിന്മേൽ ഗവൺമെൻറ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (എ. ജെ. ജോൺ):

(എ) ഉണ്ടായിരുന്നു.

(ബി) ഉണ്ട്.

(സി) റിപ്പോർട്ടു ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. പി. ചാക്കോ: ഭൂവുടമയെപ്പററി ഒരു തീരുമാനം ഉണ്ടാകാത്തതുകൊണ്ടു് സാമാന്യ ജനങ്ങളുടെ ഇടയിൽ വലിയ അസംതൃപ്തി ഉണ്ടായിട്ടുണ്ടെന്നു് ഗവൺമെൻറിനു അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ: റിപ്പോർട്ടു സമൎപ്പിച്ചതെന്നാണു്?

ശ്രീ എ. ജെ. ജോൺ: ൧൯൫൦ ഒക്ടോബർ ൨൮-ാംനു.

ശ്രീ. ടി. കെ. ദിവാകരൻ: ഉടമയിൽ വ്യത്യാസം വരുത്തുവാൻ പോകുന്നുവെന്നു കേൾക്കുന്നതുകൊണ്ട് പല ജന്മികളും അവരുടെ വസ്തുക്കൾ കൈമാററം ചെയ്തുവരുന്നതായി ഗവർമ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ: ബന്ധുക്കളുടെ പേരിൽ കൈമാററം ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടാൽ അതിനെ തടയുവാൻ ഗവർമ്മെൻറിൽ നിന്നും വേണ്ട നടപടിയെടുക്കുമോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ അങ്ങനെ നടക്കുന്നുണ്ടെന്നു അറിവില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഇപ്പോൾ വലിയ വലിയ ജന്മികൾ ധാരാളം വസ്തുക്കൾ വില്പന ചെയ്തുവരുന്നുണ്ടെന്നു ഗവർമ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങിനെ ഉണ്ടായിരിക്കും.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അങ്ങിനെ വസ്തുക്കൾ ധാരാളം വാങ്ങിച്ചുകൂട്ടുന്നതിനെ തടയുവാൻ ഗവർമ്മെൻറ് ശ്രമിക്കുമോ?

ശ്രീ. എ. ജെ. ജോൺ: തടയേണ്ട ആവശ്യം ഇപ്പോഴില്ല.

ശ്രീ. കുമാരപിള്ള: പല ജന്മിമാരും ചേർന്ന് ഒരു പ്രൈവററ് കമ്പനിയെന്ന നിലയിൽ അവരുടെ ഭൂമികൾ വെച്ചിട്ടുള്ളതായി ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. കുമാരപിള്ള: അങ്ങിനെയുള്ള നടപടികളെ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥ ചെയ്യുവാൻ ഗവർമ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പററിയൊക്കെ നിയമമുണ്ടാകുമ്പോൾ ആലോചിക്കാം.

ശ്രീ. കുമാരപിള്ള: ലാൻറ് കമ്മററിയിൽ ഉണ്ടായിരുന്ന അംഗങ്ങളെല്ലാവരും ഉടമയെ സംരക്ഷിക്കുന്നവരായിരുന്നില്ലേ?

ശ്രീ. എ. ജെ. ജോൺ: അല്ല.

ശ്രീ. കുമാരപിള്ള: അല്ലാത്ത അംഗങ്ങളുടെ പേരു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: അത് ആ കമ്മററിയംഗങ്ങളുടെ പേരു നോക്കിയാൽ അറിയാം.

ശ്രീ. ആർ. കേശവപിള്ള: കമ്മററി റിപ്പോർട്ടിന്മേലുള്ള തീരുമാനം എന്നേയ്ക്കു എടുക്കും?

ശ്രീ. എ. ജെ. ജോൺ: ഗവർമ്മെൻറ് അതിനെപ്പററി ആലോചിച്ചു വരികയാണ്. ആലോചനകളെല്ലാം കഴിഞ്ഞതിനുശേഷം ഒരു തീരുമാനമെടുക്കും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ കമ്മററിയ്ക്കു തെളിവുശേഖരിക്കുന്നതിന് എത്ര രൂപാ ചെലവായിട്ടുണ്ട്?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ അതിൻെറ കണക്കു കൈവശമില്ല.

## കററപ്പുഴ തോട്

*൨൦൯ (൩൧) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :—

(എ) തിരുവല്ലാ മരാമത്തു സബ്ഡിവിഷനിൽ ഉൾപ്പെട്ട കററപ്പുഴ തോടിന്റെ പണി പൂർത്തീകരണത്തിനായി കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ഏതെങ്കിലും തുക അനുവദിച്ചിട്ടുണ്ടായിരുന്നോ;

(ബി) എന്തെങ്കിലും പണി ചെയ്തിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) ൧൯൫൭—൫൮-ലെ ബഡ്ജററിൽ ൧൭,൫൦൦ രൂപാ കൊള്ളിച്ചിട്ടുണ്ടായിരുന്നു.

(ബി) ഇല്ല.

ശ്രീ. പി. ചാക്കോ: എന്തുകൊണ്ടാണ് കഴിഞ്ഞകൊല്ലം ഈ തുക ചിലവുചെയ്ത് പണിനടത്തുവാൻ സാധിക്കാതെ പോയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കഴിഞ്ഞകൊല്ലം ടെണ്ടർ വിളിക്കുവാൻ കുറെ താമസം നേരിട്ടു. ഇപ്പോൾ ചില ടെണ്ടറുകൾ കിട്ടിയിട്ടുണ്ട്. അതു് ഇപ്പോൾ ഡിപ്പാർട്ടുമെൻറിന്റെ പരിശോധനയിലിരിക്കുകയാണ്.

ശ്രീ. ഒ. സി. നൈനാൻ: പഴയ ഷെഡ്യൂൾ റേററ വച്ചുകൊണ്ട് എസ്റ്റിമേററ് തയ്യാറാക്കിയതുകൊണ്ടാണ് ടെണ്ടർ വരാത്തതെന്ന് ഗവമെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി അറിവില്ല. കഴിഞ്ഞകൊല്ലത്തെ റേററും ഇപ്പോഴത്തെ റേററും തമ്മിൽ യോജിപ്പിച്ചാണ് എസ്റ്റിമേററ് തയ്യാറാക്കിയിട്ടുള്ളതു്.

## അദ്ധ്യാപകർ

*൨൧൦. (൩൨) ശ്രീ. പി. ചാക്കോ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ സർക്കാർ സെക്കൻററി സ്കൂളിലെ ഗ്രാഡ്വേററ അദ്ധ്യാപകരുടെ സ്കെയിൽ എന്തു്;

(ബി) പ്രൈവററ് സെക്കൻററിസ്കൂൾ ഗ്രാഡ്വേററ് അദ്ധ്യാപകരുടെ സ്കെയിൽ എന്തു്?

(സി) സർക്കാർ സെക്കൻററിസ്കൂളിലേയും പ്രൈവററ സെക്കൻററി സ്കൂളിലേയും ഡ്രായിംഗ്, ഡ്രിൽ, തയ്യൽ എന്നീ അദ്ധ്യാപകരുടെ സ്കെയിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) തിരുവിതാംകൂർ വിഭാഗം.

ഒന്നാം ഗ്രേഡ് രൂപ ൧൭൫—൨൨൫.
രണ്ടാം ,, ,, ൧൨൫—൧൭൫.
മൂന്നാം ,, ,, ൫൦—൧൦൦.
ടെമ്പററി ടീച്ചേഴ്സ് രൂപ ൫൦ അടിസ്ഥാന ശമ്പളം.

കൊച്ചി വിഭാഗം.

| | |
|---|---|
| യു. എസ്. ഡി. | രൂപ ൭൦—൱൨൫. |
| എൽ. എസ്. ഡി. | ,, ൧൦—൭൫. |
| (ബി) തിരുവിതാംകൂർ | രൂപ ൪൫—൱൫൦. |
| കൊച്ചി | ,, ൪൫—൱൫൦. |

(സി) തിരുവിതാംകൂർ.

സക്കാർ സെക്കണ്ടറി സ്കൂറം

| | ഹൈസ്കൂറം | മിഡിൽ |
|---|---|---|
| ഡ്രായിംഗ് | രൂപ ൧൦—൩൦ | ൨൦—൨൫ |
| ഡ്രിൽ | ,, ൨൫—൧൫ | ൱൭—൨൦ |
| | | ൨൦ രൂ. അടിസ്ഥാന ശമ്പളം. |
| തയ്യൽ | ,, ൨൦—൨൫ | |

പ്രൈവററ് സെക്കണ്ടറി സ്കൂറം

ഹൈസ്കൂറം മിഡിൽ

രൂപ. ൧൦—൩൦.

കൊച്ചി

| സക്കാർ സെക്കണ്ടറി സ്കൂറം | | പ്രൈവററ് സെക്കണ്ടറി സ്കൂറം |
|---|---|---|
| ഡ്രായിംഗ് | രൂപ ൧൦—൩൦ | |
| | ,, ൧൦—൭൫ | |
| ഡ്രിൽ, തയ്യൽ | ,, ൨൦—൩൦ | രൂപ ൧൦—൩൦ |

ശ്രീ. പി. ചാക്കൊ: സക്കാർ സ്കൂളിലെ ഡ്രിൽ മാസ്റ്റർമാക്കും ഡ്രായിംഗ് മാസ്റ്റർമാക്കും പ്രൈവററ് സ്കൂളുകളിലെ ഡ്രിൽമാസ്റ്റർമാക്കും ഡ്രായിംഗ് മാസ്റ്റർമാക്കും കൊടുക്കുന്നതുപോലെയുള്ള ശമ്പളം കൊടുക്കാതിരിക്കുന്നതിന്ന് കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ: അതെല്ലാം ക്രമീകരിക്കുവാൻ ആലോചനയുണ്ട്.

ശ്രീ. പി. ചാക്കോ: അവരുടെ ശമ്പളം ഏകീകരിക്കുന്നതിനെപ്പററി ഉടനെ ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതെല്ലാം പുനഃപരിശോധന ചെയ്യുന്നുണ്ട്.

ശ്രീ. പി. ചാക്കോ: കൊച്ചിയിലെയും തിരുവിതാംകൂറിലെയും അദ്ധ്യാപകന്മാരുടെ ശമ്പളം ഏകീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സക്കാർ സ്കൂറം അദ്ധ്യാപകന്മാക്കു ലഭിക്കുന്നതിനേക്കാറം പ്രൈവററ് സ്കൂറം അദ്ധ്യാപകന്മാക്ക് നൽകുന്ന ശമ്പളം കുറവാണെന്നു ഗവമ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറവായിരിക്കാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ടെമ്പററി ടീച്ചേഴ്സിനെല്ലാം ബേസിക്ക് പേ ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. എ. താണുപിള്ള: ടെമ്പററി ടീച്ചേഴ്സും പർമനൻറ ടീച്ചേഴ്സും ഉദ്ദേശം എത്രവീതമുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ വിവരം കൈവശമില്ല. നോട്ടീസു വേണം.

ശ്രീ. ആർ. കേശവപിള്ള: ഒരാൾ പർമനൻറ് ആകണമെങ്കിൽ അയാൾ എത്രകാലം ടെമ്പററിയായിട്ടു ജോലിനോക്കണം.

ശ്രീ. എ. ജെ. ജോൺ: സ്ഥിരമായ ഒഴിവു വരുന്നതുവരെ.

**Shri P. S. Nataraja Pillai:** May I know, are they temporary teachers in temporary posts or temporary teachers in permanent places?

**Shri A. J. John:** I am not in a position to answer that at present.

പോലീസുമർദ്ദനം

*൨൧൧. (൩൪) ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ദുരിതനിവാരണവകുപ്പുമന്ത്രി ദയവായി ഉത്തരം നൽകുമോ.—

പോലീസുമർദ്ദനംമൂലം മരിക്കുകയും അംഗഭംഗം വരികയും നിത്യരോഗികളായിത്തീരുകയും ചെയ്തിട്ടുള്ള ആളുകൾക്ക് എന്തെങ്കിലും ധനസഹായം ചെയ്യുവാൻ ഗവൺമെൻറിനു നിവേദനം ലഭിച്ചിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): ഇല്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇങ്ങനെ പരാതി ലഭിച്ചാൽ എന്തെങ്കിലും സഹായം അവക്ക് ചെയ്തുകൊടുക്കുമോ?

ശ്രീ. ടി. എം. വർഗീസ്: അതു പരാതിയുടെ ഗുരുലഘുത്വവും ഗുണദോഷവും അനുസരിച്ചു ചെയ്യും.

ശ്രീ. സി. കെ. വിശ്വനാഥൻ: ഇങ്ങനെ അവശതയനുഭവിക്കുന്നവർ അധികവും കോൺഗ്രസ്കാരാണെന്നറിയാമോ?

ശ്രീ. ടി. എം. വർഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ: കൊട്ടാരക്കര ലാക്കപ്പിൽവച്ച് പോലീസു മർദ്ദനംഏററ സുരേന്ദ്രൻ എന്നൊരാൾ മരിച്ചതായി ഗവൺമെൻറിനറിയാമോ; അതിനെ സംബന്ധിച്ചു വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അത് ഇപ്പോൾ അന്വേഷണത്തിൽ ഇരിക്കുകയാണ്. അന്വേഷണം പൂർത്തിയാകാതെ അതിനെപ്പററി മറുപടി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. അച്ചുതമേനോൻ: അന്വേഷണം പൂർത്തിയായി ആ കേസു പ്രോസിക്യൂഷന് ആർഡറായിട്ടുള്ള വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അന്വേഷണം പൂർത്തിയായതായി ഗവൺമെൻറിന് അറിവില്ല.

ശ്രീ. അച്ചുതമേനോൻ: പ്രോസിക്യൂഷന് ആർഡറായിട്ടുണ്ടെന്നു പത്രങ്ങളിൽ കണ്ട വാർത്ത അടിസ്ഥാനരഹിതങ്ങളാണെന്നാണോ പറയുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: അന്വേഷണംകഴിഞ്ഞു പ്രോസിക്യൂഷന് ആർഡറായിട്ടുള്ള വിവരം ഗവൺമെൻറിനറിവില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇവിടെ നടന്ന പോലീസ് അക്രമങ്ങളെപ്പററി അന്വേഷിക്കുന്നതിൽ കേന്ദ്രഗവൺമെൻറിന്റെ അഭ്യന്ത

രക്ഷാമന്ത്രി ഇവിടെ വരുവാൻ പോകുന്നുവെന്നും ഗവമ്മെൻറ് അതിനെ തടഞ്ഞുവെന്നും പത്രങ്ങളിൽ കണ്ട വാർത്ത ശരിയാണോ ?

ശ്രീ. ടി. എം. വർഗ്ഗീസ്: ശരിയല്ല.

## Short notice question

### MINIMUM WAGES COMMITTEE

*1. [1] **Dr. N. S. Pillai:** Will the Minister for Labour be pleased to state :—

(*a*) whether while forming the minimum wages committee for the plantations and municipal services, the Government had notified that the minimum wages shall be fixed on or before 31st March 1952 and that the same shall be put into force on 1st April 1952 ;

(*b*) if so, why is it that the delay in the matter is existing ;

(*c*) do the Government know that if they fail to publish the same before 31st March 1952 that the minimum wage is not binding on the employer ; and

(*d*) if the Government think that the order will not be ready before the specified period, are the Government prepared to extend the period of its notification so that the time bar won't affect the parties ?

*Minister for Finance and Civil Snpplies* **(Shri Panampilli Govinda Menon):**

(*a*) No such notification had been issued.

(*b*) In view of answer to part (*a*) this question does not arise.

(*c*) and (*d*) According to section 3 (1) of the Minimum Wages Act, minimum wages have to be fixed before 31st March 1952. But Government, in exercise of the powers conferred on them by the Minimum Wages Act, have notified that the provisions of the Act shall not apply to the employments in plantations for 3 months from 31st March 1952 and to those under local authority for 6 months from 31st March 1952

**Shri P. S. Nataraja Pillai:** May I know when the report of the Minimum Wages Committee for plantation was received by Government :

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ പറഞ്ഞത്, കിട്ടിയിട്ട് അതിനെക്കുറിച്ച് ആലോചിക്കുവാനുള്ള സമയം ഉണ്ടായിരുന്നില്ല എന്ന അർത്ഥത്തിലല്ല. പല സാഹചര്യങ്ങളാൽ അതിലെ വിശദാംശങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനവസരം ലഭിച്ചില്ല; അതുകൊണ്ട് അങ്ങിനെയുള്ള നടപടിമൂലം തൊഴിലാളികൾക്കുപദ്രവം ഉണ്ടാകരുതെന്നു കരുതി, ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതാണ്.

## Written answers

12 Noon]

*212 [41] **Dr. M. Sivaraman Nair:** Will the Minister for Public Works be pleased to state :

(*a*) Whether the amounts allotted to Public Works Department during the Budget years 1950-51 and 1951-52 were wholly utilised during the respective years ; and

(*b*) If not, the percentage utilised and the reason for such part utilisation.

*Minister for Works and Transport* **(Shri Kalathil Velayudhan Nair):**

(*a*) The allotment for 1950-51 was not fully utilised during the year.

A portion of the grant for 1951-52 is also likely to lapse at the end of the year.

(*b*) (1) The percentage of grant actually utilised during 1950-51 was 81·52%. The corresponding figure for 1951-52 cannot be known before the accounts of the year are closed.

(2) The grant could not be utilised in full due to the non-availability of the required machinery and materials to the extent required, in respect of works under "Capital Outlay" *viz*., Reorganisation of P. W. D. Workshops Water Works, Drainage Capital, etc.

**SLUICE**

*213 [42] **Shri Ravindran :** Will the Minister for Food and Agriculture be pleased to state :

Whether the Government have any scheme to construct a sluice for improving the paddy cultivation in the Ithikkara fields?

*Minister for Works and Transport* **(Shri Kalathil Velayudhan Nayar)**

Yes; the work is being investigated.

പുതിയ ബസ്സ് റൂട്ടുകൾ

*൨൧൪. (൪൪) ശ്രീ. പി. കെ. രാമചന്ദ്രദാസ്:—താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) ഗവമെന്റിൽനിന്നും കൂടുതൽ ബസ്സ് റൂട്ടുകൾ എടുക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി

ശ്രീ. കളത്തിൽ (വേലായുധൻ നായർ):—

(എ) ഇപ്പോൾ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നേഴ്സുകളുടെ വിവാഹം.

*൨൧൫ (൪൯) ശ്രീ. പി. കെ. രാമചന്ദ്രദാസ്.

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിലുള്ള നേഴ്സുമാർ വിവാഹം കഴിക്കുന്നതിനനുവദിക്കണമെന്നപേക്ഷിച്ചു ഒരു മെമ്മോറാണ്ടം ഗവമെന്റിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) നേഴ്സ്മാർ വിവാഹം കഴിക്കാൻ പാടില്ലെന്നു വെച്ചിരിക്കുന്നതു് എന്തുകൊണ്ടാണ്:

(സി) ഡോക്ടർമാർക്കും മിഡ്വൈഫ്മാർക്കും വിവാഹം കഴിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ:

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) നേഴ്സ്മാർ അവരുടെ സർവീസിൽ ആദ്യത്തെ രണ്ടു കൊല്ലം മാത്രം വിവാഹം കഴിക്കാൻ പാടില്ലെന്നേ നിയമമുള്ളു. അതു കാര്യക്ഷമതയെ ഉദ്ദേശിച്ചാണ്.

(സി) ഡാക്ടർമാരുടേയും മിഡ്‌വൈഫ്കളുടേയും വിവാഹം നിരോധിച്ചിട്ടില്ല.

പുരുഷനേഴ്സുകൾ.

*൨൱൯ (൫൦) ശ്രീ. പി. കെ. രാമചന്ദ്രദാസ്:— താഴെ പറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൾകുമോ:—

ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു എത്ര പുരുഷനേഴ്സുകൾ ഉണ്ട്:

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): ൩൩.

പുരുഷനേഴ്സുമാരും വിവാഹവും

*൨൱൰. (൫൧) ശ്രീ. പി. കെ. രാമചന്ദ്രദാസ്.

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പ് മന്ത്രി സദയം മറുപടി നൾകുമോ:

(എ) പുരുഷനേഴ്സുമാർക്ക് വിവാഹം അനുവദിച്ചിട്ടുണ്ടോ:

(ബി) അതുകൊണ്ട് കാര്യക്ഷമതയ്ക്ക് ഹാനി സംഭവിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പ്മന്ത്രി (ശ്രീ: വി. മാധവൻ):

(എ) പുരുഷനഴ്സ്മാർ വിവാഹം ചെയ്യരുതു എന്നു നിബന്ധനയില്ല.

(ബി) ഇവർ വിവാഹം ചെയ്യുതുകൊണ്ട് കാര്യക്ഷമതയ്ക്ക് ഹാനി സംഭവിച്ചതായി അറിവായിട്ടില്ല:

പിന്നോക്കസമുദായങ്ങളുടെ ഉന്നമനം

*൨൱൰൧ (൫൨) ശ്രീ. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തിന മുൻകൊല്ലങ്ങളെ അപേക്ഷിച്ച് പ്രത്യേകമായി ൧൯൫൧-ൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ).

പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തിന് മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ൧൯൫൧-ൽ പ്രത്യേകമായി എടുത്തിട്ടുള്ള നടപടികളുടെ ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.‡

## Unstarred Questions

പ്രൈവറ്റ് ആശുപത്രികൾ

൩൨. (൩) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവമ്മെൻറ് പ്രൈവറ്റ് ആശുപത്രികൾക്ക് ഗ്രാൻറ് നൽകുന്നുണ്ടോ;

‡ See Appendix B.

(ബി) ഉണ്ടെങ്കിൽ ൧൯൫൧-ലെ ഗ്രാൻറ് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ പേരും, ഗ്രാൻറ് തുകയും കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കാമോ?

ഉത്തരം.

എ. ഉണ്ട്.

ബി. പട്ടിക മേശമേൽ വച്ചിട്ടുണ്ട്. *

## ADJOURNMENT MOTION REGARDING
### DISCHARGE OF WORKERS FROM THE ALAGAPPA TEXTILES

**Mr. Speaker:** I have received an adjournment motion from Shri K. Balakrishna Menon to discuss the situation arising from the discharge of 950 workers from 27-2-1952 from the Alagappa Textiles, Pudukad. May I know whether the Minister in charge has any information to convey to the House?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇങ്ങനെ ഒരു പരാതി എനിക്ക് രണ്ടു ദിവസത്തിനുമുൻപു ബഹുമാനപ്പെട്ട വിയ്യൂർ മെമ്പർ ശ്രീ. കരുണാകരനും തൃശ്ശിവപേരൂർ മെമ്പർ ശ്രീ. അച്ചുതമേനോനും അയച്ചു. ഉടൻ തന്നെ ഇതു ഒരു ഗൗരവമുള്ള സംഗതിയാണെന്നു വിചാരിച്ച് ഞാൻ മാനേജുമെൻറുമായി ഫോൺ മുഖേനയും അല്ലാതെയും സമ്പർക്കത്തിലേർപ്പെട്ടു. അവരെ വിവരം അറിയിച്ചതിൽ അവർ എനിക്കു മറുപടി തന്നു. ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ലെന്നാണ് അവരുടെ മറുപടി. ഏതായാലും ഇങ്ങനെയുള്ള കാര്യങ്ങൾ ഗവൺമെൻറിനോട് ആലോചിക്കാതെ തീർച്ചപ്പെടുത്തരുതെന്ന് ഞാൻ അവരെ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള വസ്തുതയെ ഞാൻ സമ്മതിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അവക്ക് റേഷൻ കൊടുക്കുന്നില്ലെന്നുള്ള വിവരം അറിയാമോ?

**Mr. Speaker:** This is not the time for interpellation.

The facts stated in the motion are not correct. On that ground the motion is inadmissible *prima facie*.

### Point of order re. Division List

ശ്രീ. ടി. വി. തോമസ്: സർ ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല, എന്നാൽ ഒരു കാര്യം പറയുവാനുണ്ട്. കഴിഞ്ഞ ദിവസം വോട്ടെടുത്തസമയത്തിൽ ഞങ്ങൾ ൫൦ പേർ ഉണ്ടായിരുന്നതിൽ ൪൮ പേരെന്ന് കണക്കാക്കി—

**Mr. Speaker:** Anyhow, the Opposition has not been in any way prejudiced by the Division. Two members were occupying seats not assigned to them and they were not, rightly, counted. The Speaker must think twice to change the result of a division already announced on the floor of the House.

### Message from H. H. the Rajprumukh re. Motion of thanks on the Address

മിസ്റ്റർ സ്പീക്കർ: ഈ സഭ പാസ്സാക്കിയിട്ടുള്ള കൃതജ്ഞതാപ്രമേയം, നിയമസഭാ ചട്ടങ്ങളിലെ ൧൯-ാം വകുപ്പ് ൧-ാം ഉപവകുപ്പ് അ

* See Appendix C.

നുസരിച്ച്, സ്പീക്കർ രാജപ്രമുഖൻ തിരുമനസ്സിലേക്ക് സമർപ്പിച്ചതിന്മേൽ ലഭിച്ചിട്ടുള്ള മറുപടി ൮-ാം ഉപവകുപ്പനുസരിച്ച് സഭയിൽ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. മറുപടി ഇപ്രകാരമാണ്.

"I have great satisfaction for the resolution of thanks for the address with which I opened the present session of the Legislature on the 24th March 1952."

## Ruling on the point of order raised by Shri P. S. Nataraja Pillai regarding the non-distribution of the copies of the Appropriation (Vote on Account) Bill 1952

**Mr. Speaker:** In regard to the point raised by Shri Nataraja Pillai the previous day I wish to state as follows.—

As hon. Members are aware, the motion on Vote on Account was adopted by the House at 5 o'clock last Saturday and copies of the bill were immediately distributed to the members in the House. In accordance with the practice now obtaining in the Parliament of India, the hon. Finance Minister was allowed to introduce the Appropriation Bill, the introduction being only a formal matter. There was no intention to proceed with the further stages of the bill that day. I presume, hon. Member Shri. Nataraja Pillai's objection to the introduction of the bill was under the proviso to Standing Order 30. Under that proviso, objection may be taken by any Member only if a motion is sought to be moved for consideration of the bill or for reference to the Select Committee. Such a stage was not reached in the case of this bill that day. Therefore I think that the question covered by the point of order did not really arise. The ruling given by me the previous day will stand subject to this alteration.

## Inadmissible Adjournment Motions

ശ്രീ. കുമാരപിള്ള. സർ, എ. ഡി. കോട്ടൺ മില്ലിലെ ലാക്കൗട്ട് സംബന്ധിച്ച് ഞാൻ ഒരു അടിയന്തിരപ്രമേയം അയച്ചിരുന്നു. അത് എന്തായി എന്നറിഞ്ഞാൽ കൊള്ളാം?

**Mr. Speaker:** I have received 3 more adjournment motions. But as I told you the other day, the adjournment motions do not satisfy the provisions of the rules and standing orders, and as they appear to be *prima facie* inadmissible, there is no need for the Speaker to mention them in the House.

## Appropriation (Vote on Account) Bill, 1952

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** Sir, I move that the Travancore-Cochin Appropriation (Vote on Account) Bill, 1952 be taken into consideration at once.

*Chief Minisier* **(Shri A. J. John):** I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ മുൻപു ഒരവസരത്തിൽ പറഞ്ഞമാതിരി ഈ അപ്രോപ്രിയേഷൻ ബിൽ ഇവിടെ അവതരിപ്പിച്ചതു സാങ്കേതികമായ ചില കാരണങ്ങളാൽ മാത്രമാണ്. മിനിഞ്ഞാന്ന്, 'Vote on account' അനുസരിച്ച് ഒരു അഡ്വാൻസ് ഗ്രാന്റ വേണമെന്നുള്ള എന്റെ അഭ്യർത്ഥന ഈ സഭ ഭൂരിപക്ഷത്തോടുകൂടി പാ

സ്സാക്കുകയുണ്ടായി. ഭരണഘടന അനുസരിച്ച് ഇങ്ങനെ ഗ്രാൻറ് നേടി അതു ഒരു ലജിസ്ലേഷൻ മൂലം ഒരു അപ്രോപ്രിയേഷൻ ആക്ടായി ഉറപ്പിക്കണം എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതു്. ഈ സാമ്പത്തിക വർഷത്തിന്റെ അവസാനദിവസമാണ് ഇന്നു എന്നു എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ഈ ബിൽ ഇന്നു തന്നെ അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്യേണ്ടതു് ഗവമ്മെൻറിന്റെ നിത്യകാര്യങ്ങൾ നടത്തുന്നതിനു ആവശ്യമാണ്. അതുകൊണ്ട് ഞാൻ ഈ ബിൽ പാസാക്കിത്തരുവാൻ ഈ സഭയോടു അപേക്ഷിക്കുന്നു.

*The question that the Travancore-Cochin Appropriation (Vote on Account) Bill, 1952, be taken into consideration at once was put and carried.*

*There were no amendments to the Bill*

*The question that Clauses 1, 2 and 3 of the Bill stand part of the Bill was put and carried.*

*The Clauses were added to the Bill.*

*The question that the schedule stand part of the Bill was put and carried.*

*The schedule was added to the Bill.*

*The question that the Preamble stand part of the Bill was put and carried.*

*The Preamble was added to the Bill.*

*The question that the Title stand part of the Bill was put and carried.*

*The Title was added to the Bill.*

**Shri Panampilli Govinda Menon**: Sir, I move that the Bill be finally passed now.

**Shri A. J. John**: I second the motion.

*The question that the Bill be passed was put and carried.*

*The Bill was passed.*

## The Holdings (Stay of Execution Proceedings) Act (Amendment) Bill

*Chief Minister* **(Shri A. J. John)**: Sir, I move that the Holdings (Stay of Execution Proceedings) Act (Amendment) Bill be taken up for consideration at once.

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon)**: I second it.

ശ്രീ. എ. ജെ. ജോൺ: സർ, ൧൧൨൫-ൽ ആദ്യമായി ഈ ആക്ട് ഇവിടെ പാസാക്കിയിട്ടുള്ളതാണ്. ഇതിൽ നാലാം വകുപ്പനുസരിച്ച് ഇതിന്റെ പ്രവർത്തനപരിധി ഒരു കൊല്ലത്തേക്കാണ് വച്ചിരിക്കുന്നതു്. എന്നാൽ ൧൧൨൬ മാർച്ച് മാസം ആകുന്നതുവരെ ഭൂനയം സംബന്ധിച്ചുള്ള അവസാന നടപടികൾ നടത്തുവാൻ സാധ്യമാകാത്തതുകൊണ്ട് ഈ ആക്ടിന്റെ കാലാവധി ഒരു കൊല്ലത്തേക്കുകൂടി നീട്ടിവെയ്ക്കേണ്ടതായിട്ടുവന്നു. അതനുസരിച്ച് രണ്ടാമതു് ഈ ആക്ട് ൧൧൨൬-ൽ പാസ്സാക്കിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോഴും ഗവമ്മെൻറിന്റെ ഭൂനയം ഇന്നതാണെന്നു് അവസാനമായി തീരുമാനിച്ചിട്ടില്ലാത്തതുകൊണ്ട് ബില്ലിന്റെ കാലാവധി ഒരു കൊല്ലത്തേക്കുകൂടി നീട്ടണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നതു്. സെക്ഷൻ നാലിൽ കാണുന്ന രണ്ട് എന്നുള്ളതു മൂന്ന് എന്നാക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

**Shri A. Thanu Pillai:** Sir, I wish to speak a few words in connection with the Bill.

Sir, it is in a very difficult position that the Government have placed this House. This is not the first time that they come forward with a motion of this kind. The history of this matter is revealing and it illustrates the way in which the Congress Ministries have been functioning in this State, and the present Ministry also promises to function. Sir, I want to speak a few words to strike a note of warning to the Ministers. We have very often heard, Sir, that love of country is not the monopoly of the Opposition, that the Congress Ministers have been doing all that they can for the good of the country, that the Congress Ministry has fallen into disrepute, if the Government of India find it necessary to interfere with the local Ministry, all that is due not to the weakness, not to the corruption and communalism, nepotism and favouritism, inefficiency and other weaknesses of the Ministers, but all that is due more to those who oppose the Ministry and point out the defects of the Ministry. All that we can easily indulge in. Of course, I don't want to say that love of country is the monopoly of anybody. But we must face facts and the Ministers are expected to answer the points raised and not to indulge in this kind of criticism and in this kind of debate. I wish to be excused when I say that.

I want to go back into the history of this matter. When was this matter taken up? It was in March 1949, full three years ago, that this Congress Ministry brought in a Bill for providing for stay of execution of decrees in regard to certain matters relating to landed property. That Bill clearly provided that that would be a temporary measure to be in force for 6 months and before the end of 6 months they would introduce legislation dealing with land as a whole. Well, that Bill was passed. Six months elapsed. Nothing was done. And a few days after the law ceased to be in force, they introduced an Ordinance. That was six months after March 1949, *i.e.*, in September 1949. That Ordinance was in force for 6 months. That also expired. Then in March 1950 they brought in the Bill. That provided that that would be in force for one year and before the expiry of one year they will bring in legislation regarding the much-needed reform of the land law. That expired. In March 1951 they brought another Bill extending the term by one year. Before that the Committee that they appointed, had submitted their report. That report is dated 25th October 1950. Naturally we thought that they would deal with this matter without delay. But they have very carefully avoided doing anything. It is only the continuance of the party in power that they cared for. They found it a ticklish problem, a difficult problem. The vested interests on whom they depended would not like that matter to be dealt with. So they shelved it. From 25th September 1950, *i.e.*, the date of the report, nearly 1½ years have elapsed and they have not been able to do anything on the report. Now they come forward and say "you extend the life of this Act by one more year". For that purpose they have brought forward an amending Bill. Sir, nobody can object to that because certain provisions of that measure are necessary provisions though there are very many defects so far as that measure is concerned. Because there are some good provisions in that Act one cannot oppose it. If you oppose this, the law goes. There will be evictions, hundreds and thousands, tomorrow. That is why I say that we are placed in a very awkward situation as in supporting this we have to agree to the inefficiency and carelessness of the Congress Ministry. My Hon. Friend Sri Panampilli Govinda Menon may say that we

have been only here for fourteen days. But I must answer, "You represent the Congress and you have been occupying those benches ever since the first Bill was introduced in 1949".

**Shri Panampilli Govinda Menon :** We are your 'ananthiravans'.

**Shri A. Thanu Pillai :** But the 'Karanavan' did not do anything like this. He introduced this measure. And, if he had been given six months' time he would have taken care to see that a permanent legislation was passed on this question. The 'ananthiravans' were careless and indifferent. They have been asking us again and again for time. I don't think even lawyers would have dared to go to a court and ask for time like this.

Sir, I can't object to this bill for the reasons I have stated already. I may ask the Government not to sleep over this matter any longer. They should be on the alert. They must deal with this matter forthwith. The report which is now in my hands has not satisfactorily dealt with the problem. The matter has to be dealt with very carefully with due deliberation and with courage and with sympathy; courage, so far as vested interests are concerned and, sympathy, so far as the landless are concerned. They will see that no time is lost. This is not a light matter, Sir, and they will have to work hard at it. If they sleep over the thing and wake up after ten or eleven months they will have to come again with a similar request. I will ask them to set themselves moving this very moment. I hope this matter will be receiving the anxious and earnest consideration not only of the Ministers but of this House as well. With these words I support the motion before the House.

ശ്രീമതി കെ. ആർ. ഗൌരി: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. പക്ഷെ, അതേസമയം ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന സംഗതികൾ കൊണ്ടു ഞങ്ങൾ തൃപ്തിപ്പെടുന്നില്ലെന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. കോൺഗ്രസ്സ് പാർട്ടി ഗവൺമെൻറിൽനിന്ന് ഈ ബിൽ അവതരിപ്പിച്ച സമയം തന്നെ പറയുകയുണ്ടായി, ഭൂനയം സംബന്ധിച്ച് ഒരവസാനതീരുമാനത്തിൽ ഗവൺമെൻറ് എത്തിയിട്ടില്ലാത്തതുകൊണ്ടാണ് അവർ ഈ ബിൽ അവതരിപ്പിക്കാൻ പ്രേരിതരായതെന്ന്. ഒരു കാര്യം ഈ സഭ മുമ്പാകെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കോൺഗ്രസ്സ് ഗവൺമെൻറ് ഇതിനു മുമ്പുണ്ടായിരുന്ന സഭയിൽ ഈ ബിൽ കൊണ്ടുവന്ന അവസരം മുതൽ തന്നെ ഉന്നയിച്ച ഒരു വാദമാണ് ഇത്. എന്നാൽ ഇതുവരെയും ഗവൺമെൻറ് ഒരു അവസാനതീരുമാനം എടുത്തിട്ടില്ല. കോൺഗ്രസ്സ് പാർട്ടി അധികാരത്തിൽ വരുന്നതിനുമുമ്പ് അവരുടെ മാനിഫെസ്റ്റോവിൽ പറഞ്ഞിരുന്ന ഒരു കാര്യമാണ് ഈ നാട്ടിലെ ജന്മിത്വം അവസാനിപ്പിച്ചു ഭൂമി കൃഷിക്കാർക്കു കൊടുക്കുമെന്ന്. പക്ഷെ കോൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം ഈ നാട്ടിൽ ജന്മിത്വം അവസാനിപ്പിച്ചിട്ടില്ലെന്നുമാത്രമല്ല ജന്മിത്വം ഈ നാട്ടിൽ അരക്കിട്ടുറപ്പിക്കുന്നതിനുവേണ്ട എല്ലാ നടപടികളും എടുത്തുവരികയാണ്. ഏററവും വലിയ ജന്മിയെ ഇവിടത്തെ നാടുവാഴിയായി വാഴിച്ചുകൊണ്ട് അദ്ദേഹത്തിൻെറ എല്ലാ അവകാശാധികാരങ്ങളും നിലനിറുത്തുന്നതിനുവേണ്ട എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുത്തിരിക്കയാണ്. അവർ അധികാരത്തിലിരിക്കുന്നതു തന്നെ ഈ ജന്മിത്വവ്യവസ്ഥയുടെ താങ്ങോടുകൂടിയാണ്. അതേസമയംതന്നെ കൃഷിക്കാർക്കു ഭൂമിയുടെ സ്ഥിരാവകാശം കിട്ടണമെന്നു

[Sry. K. R. Gouri]

ള്ള ന്യായമായ അവകാശം ഉന്നയിച്ചവരെ അടിച്ചമർത്തുകയും ചെയ്തിട്ടുണ്ട്. ഈ ബില്ലിന്റെ പ്രവർത്തനത്തിൽ ഈ പാർട്ടിക്ക് എന്തെങ്കിലും ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ ഈ ബില്ലിൽ ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള തെറ്റുകൾ പരിഹരിക്കുന്നതിന് അമൻഡ്മെന്റ് കൊണ്ടുവരാമായിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തെറ്റുകൾ എന്തായിരുന്നു?

ശ്രീ. കെ. ആർ. ഗൗരി: ഈ ആക്ടിൽ പാട്ടവും കാണപ്പാട്ടവും വസ്തുക്കളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നു പറയുന്നത്. ഹൈക്കോടതിയിലെ റൂളിംഗ് പ്രകാരം കാണപ്പാട്ടമായി വസ്തു അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകളിൽനിന്നു തുടരെത്തുടരെ വസ്തുക്കൾ ഒഴിപ്പിച്ചുകൊണ്ടു പോകുന്നുണ്ടെന്നുള്ള സംഗതി മറച്ചുകൊണ്ട് ഇന്നും അതേ തരത്തിൽ ഒഴിപ്പിക്കൽ നടത്തുന്നതിനുള്ള സൌകര്യമാണ് ഈ ആക്ട് കൊണ്ട് കൊടുത്തിരിക്കുന്നത്. ഹൈക്കോടതി ചൂണ്ടിക്കാണിച്ചതിനുശേഷവും ഗവർമ്മെന്റ് അതു പരിഹരിക്കുന്നതിന് യാതൊരു നടപടിയും എടുത്തിട്ടില്ല. ഈ നിയമം പാസ്സാക്കിക്കഴിഞ്ഞശേഷം വാരവും പാതിവാരവും ഇതിൽ ഉൾക്കൊള്ളുന്നതല്ലെന്നു പറഞ്ഞിരിക്കുന്നതിനാൽ വെൺപാട്ട വസ്തുക്കൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ കയ്യിൽനിന്നു വസ്തുക്കൾ ഒഴിപ്പിക്കുന്നതിനുള്ള ഒരു സൌകര്യവും പ്രേരണയും ഈ ആക്ട് കൊടുത്തിട്ടുണ്ടെന്നുള്ള സംഗതി ഈ സഭയുടെ മുമ്പിൽ പ്രസ്താവിച്ചുകൊള്ളുന്നു. എന്റെ സ്ഥലത്തു കൊച്ചു എന്നൊരു വലിയ ജന്മിയുണ്ട്. ആ ജന്മി പത്തും എൺപതും വർഷമായി പാട്ടത്തിനു വസ്തുക്കൾ അനുഭവിച്ചുകൊണ്ടിരുന്ന എല്ലാ കുടിയാന്മാരുടെ കയ്യിൽനിന്നും വസ്തു ഒഴിപ്പിച്ച് ഇന്നു വാരമെന്നുള്ള നിലയിൽ മാറ്റി ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ അവർക്ക് കിട്ടുമായിരുന്ന അവകാശം നഷ്ടപ്പെടുത്തുന്നതിനുള്ള നടപടികൾ നടത്തിയിട്ടുണ്ടെന്നുള്ള വസ്തുത കൂടി ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഏതെങ്കിലും വിധത്തിൽ പാട്ടക്കുടിശിക വരുത്തുകയാണെങ്കിൽ വസ്തു ഒഴിപ്പിക്കാമെന്ന് ഈ ആക്ടിൽ വ്യവസ്ഥയുണ്ട്. ഈ പാട്ടമെന്നുള്ളതു് ആണ്ടിൽ ഇത്ര പാട്ടം കൊടുക്കണമെന്നുള്ളതല്ല. പാട്ടവ്യവസ്ഥയിൽ തന്നെ എത്രയോ പുറവകഭോഗങ്ങൾ ഉൾപ്പെടുന്നുണ്ട്. അതിലൊന്നായ ഓണക്കാഴ്ച കൊടുത്തില്ലെന്ന പേരിൽ വസ്തു ഒഴിപ്പിക്കാൻ ഈ നിയമത്തിൽ നിബന്ധനയുണ്ട്. ഓണക്കാഴ്ചപോലെതന്നെ പുറവക ഭോഗങ്ങൾ ധാരാളമുണ്ട്. നമ്മുടെ നാട്ടിലെ ജന്മിമാർ എതെങ്കിലും ഭോഗം കൊടുത്താൽ രസീതു കൊടുക്കുക പതിവില്ല. അങ്ങനെ ഏതെങ്കിലും ഒരു ഭോഗം കൊടുക്കാത്തവരുടെ കയ്യിലുള്ള വസ്തുക്കൾ ധാരാളമായി ഒഴിപ്പിക്കുന്നുണ്ടെന്നുള്ള സംഗതി ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അറിയിച്ചുകൊള്ളുന്നു. അദ്ദേഹം പറയുകയുണ്ടായി, ഈ നാട്ടിൽ വസ്തു ഒഴിപ്പിക്കുന്നില്ലെന്ന്. അങ്ങനെയല്ലെന്ന് ഞാൻ അദ്ദേഹത്തെ അറിയിക്കാൻ ആഗ്രഹിക്കുന്നു. മറ്റൊന്നു ഗവർമ്മെന്റുവക വസ്തുക്കൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ്. വസ്തു ഇല്ലാത്തവർ ജീവിക്കാൻവേണ്ടി ഏതെങ്കിലും സ്ഥലത്തു കുടിയേറിപ്പാർത്തു മലയും മറ്റും വെട്ടിത്തെളിച്ചു കൃഷി ചെയ്യുമ്പോൾ ഗവർമ്മെന്റിനു ഇഷ്ടമുള്ള ആളുകൾക്കു കൊടുക്കുന്നതിനുവേണ്ടി അവരെ ഇറക്കിവിടുന്നുണ്ട്. ഇന്നുവരേയും കോൺഗ്രസ്സുകാർക്കു മാത്രമേ സ്ഥലം കൊടു

ത്തിട്ടുള്ള. ചെത്തലനിന്നും വണ്ടൻമേട്ടുവരെ പോയി കൃഷി ചെയ്തിട്ടുള്ള ആളുകളുടെ കയ്യിൽനിന്ന് സ്ഥലമൊഴിപ്പിച്ചിട്ടുണ്ടെന്നുള്ള സംഗതി ഞാൻ ഈ സഭ മുമ്പാകെ അറിയിച്ചുകൊള്ളുന്നു. ഈ കുറവുകളെല്ലാം പരിഹരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഈവക ദോഷങ്ങളെല്ലാം കുടിശിക വരുത്താത്തവർക്കെങ്കിലും ഒരു ചെറിയ ആശ്വാസം കിട്ടുമല്ലൊ എന്നു വിചാരിച്ചാണ് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നതു്.

ശ്രീ. എം. ഗോപാലൻ നായർ: സർ, ബില്ലിനെ ഞാനും അനുകൂലിക്കയാണ്. എങ്കിലും ഇതു് ഒരു പാർഷ്യൽ ലജിസ്ലേഷനാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഉദ്ദേശിച്ചിടത്തോളം സമാധാനം തൊഴിലാളികൾക്ക് ഇതു നൽകുന്നില്ലെന്നാണ് എന്റെ പരാതി. കാണപ്പാട്ടം ഈ ബില്ലിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് ഹൈക്കോടതിയിൽ അനേകം വിധികൾ ഉണ്ടായിട്ടുണ്ടു്. എന്റെ നാട്ടിൽ ജന്മികൾ സ്ഥലം കൊടുത്തിട്ടുള്ളതു് പാട്ടവും കുഴിക്കാണവുമായിട്ടാണ്. പാട്ടവാരവും ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ലെന്നു കോടതിയിൽ വിധിയുണ്ടായിട്ടുണ്ടു്. ഒററി ഒഴിപ്പിക്കുന്നതിനും യാതൊരു തടസ്സവും ഇല്ലാതിരിക്കുകയാണ്. അതുകൊണ്ടു് പാട്ടത്തിന് വസ്തുക്കൾ കിട്ടിയിട്ടുള്ളവരെ മാത്രം ഒഴിപ്പിക്കാതിരിക്കാനുള്ള സൌകര്യം ചെയ്തുകൊടുക്കുന്ന ഒരു ബിൽ ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നതിൽ ഒരർത്ഥവുമില്ല. ഈ ബിൽകൊണ്ടു സാധാരണക്കാർക്കു ഉണ്ടായിട്ടുള്ള പരാതികളെ പററിക്കൂടി പറയാതിരിക്കാൻ നിവൃത്തിയില്ല. വസ്തുക്കൾ പാട്ടത്തിനു കൊടുത്തിട്ടുള്ളതു ജന്മിമാർ മാത്രമല്ല. ഇടനിലക്കാരും കൊടുത്തിട്ടുണ്ടു്. ഈ രാജ്യത്തെ ഗവമെൻറ ഉദ്യോഗസ്ഥന്മാരും മററും അന്യസ്ഥലങ്ങളിൽ ജോലിക്കുപോകുമ്പോൾ വസ്തു പാട്ടത്തിനു കൊടുത്തിട്ടുപോകുകയും തിരിയെ വരുമ്പോൾ വസ്തുക്കൾ ഒഴിപ്പിച്ചെടുത്തു താമസിക്കുന്നതിനൊ എന്തെങ്കിലും കൃഷിചെയ്യുന്നതിനൊ നിവൃത്തിയില്ലാതെ വിഷമിച്ചുവരുന്നതായും എനിക്കറിയാം. ഞാൻ കൃഷിക്കാർക്കു വസ്തുവിൽ സ്ഥിരാവകാശം കൊടുക്കുന്നതിന് എതിരല്ല. ആ രീതിയിൽ സമഗ്രമായ ഒരു ബിൽ ഗവമെൻറ കൊണ്ടുവരുന്നതിന് ഞാൻ അനുകൂലിയാണ്. പക്ഷെ ഇങ്ങനെയുള്ള പാർഷ്യൽ ലജിസ്ലേഷൻകൊണ്ടു് ഏതാനും ആളുകൾക്ക് ഒരു സൌകര്യം ചെയ്തുകൊടുക്കുക എന്നതു ശരിയല്ല. അതിനെ ഞാൻ എതിർക്കുകയാണ്. ഇതിനെപ്പററി പല പരാതികളും ലഭിച്ചിട്ടുണ്ടു്. ഇതു നിലവിൽ വന്നിട്ടു മൂന്നുകൊല്ലത്തോളമായി. ഇതിന്റെ ന്യൂനതകളെപ്പററി പല ലേഖനങ്ങളും പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

ഇതൊന്നും ഗവമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നു പറയുന്നതു് ഒരിക്കലും ഞങ്ങൾക്കു വിശ്വസിക്കാൻ സാധിക്കുന്നില്ല. ലാൻറ് പോളിസി കമ്മററിയുടെ റിപ്പോർട്ടു് ഗവമെൻറിനു കിട്ടിയിട്ടു് ഏകദേശം രണ്ടുകൊല്ലത്തിൽ കൂടുതലായി. അതു പ്രസിദ്ധപ്പെടുത്തുന്നതിന് ഗവമെൻറിന് ഇതുവരെ സന്മനസ്സുണ്ടായില്ല. ആ റിപ്പോർട്ട് അത്ര പുരോഗമനപരമായ ഒരു റിപ്പോർട്ടാണെന്നു ഞങ്ങൾ ആരും വിശ്വസിക്കുന്നില്ല. ഈ ബിൽ ഇങ്ങനെ എത്രകാലം നീട്ടിക്കൊണ്ടുപോകാനാണ് ഗവമെൻറ് ഉദ്ദേശിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഞങ്ങൾ ഈ ബില്ലിനെ എതിർക്കുകയാണ് വേണ്ടതു്. പക്ഷെ അങ്ങനെ ചെയ്താൽ ഞങ്ങൾ പൊതുജനങ്ങളുടെ മുമ്പിൽ കുററക്കാരായിത്തീരും. അതുകൊ

[Shri M. Gopalan Nayar]

ണ്ട് അടുത്ത ഭാവിയിൽത്തന്നെ ഇവിടത്തെ ലാൻഡ്പോളിസിയെ സംബന്ധിക്കുന്ന ഒരു ബിൽ, കൃഷിക്കാൎക്കു ഭൂമി ലഭിക്കുന്നതിനുള്ള വ്യവസ്ഥകളോടുകൂടി ഹാജരാക്കണമെന്ന് ഗവൺമെൻറിനോട് അപേക്ഷിക്കുകമാത്രമാണ് ഞാൻ ഇപ്പോൾ ചെയ്യുന്നതു്.

ശ്രീ. കുമാരപിള്ള: ഈ നിയമനിൎമ്മാണം ഇന്നും ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കയാണ്. ഈ ഗവൺമെൻറിൻെറ ഭൂനയം എന്താണെന്നുള്ളതു ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഇവിടെ ഭൂനയം സംബന്ധിച്ചു കാൎയ്യങ്ങൾ തീരുമാനിക്കുന്നതിനായി ഒരു കമ്മിററിയെ നിയമിക്കയും അവർ ഒരു റിപ്പോൎട്ട് ഗവൺമെൻറിലേക്ക് സമൎപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ കമ്മിററിയുടെ റിപ്പോൎട്ട് ഒരു ഐകകണ്ഠ്യമായ റിപ്പോൎട്ടായിരുന്നില്ല. ആ കമ്മിററിയുടെ റിപ്പോൎട്ട് ഭൂനയത്തെ സംബന്ധിച്ചിടത്തോളം വിവിധതാല്പൎയ്യങ്ങളെ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു റിപ്പോൎട്ടാണ്. ആ റിപ്പോൎട്ടിൽ തന്നെ രണ്ടഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് ഞങ്ങൾ അറിഞ്ഞിരിക്കുന്നതു്. അതിൽ ഏററവും കൂടുതൽ എതിൎപ്പുള്ളതു് ഈ നാട്ടിലെ സ്ഥാപിതതാല്പൎയ്യക്കാരായ ആളുകൾക്കാണ്. അതിനെ പരിഗണിക്കാതെ സാധാരണജനങ്ങൾക്ക് ഉപകാരപ്രദമായ ഒരു ഭൂനയം ഇവിടെ ഉണ്ടാക്കുന്നതിനുള്ള ചങ്കൂററവും ഈ സൎക്കാരിനില്ല. ഇന്ന് ജന്മിത്വത്തിൻെറയും നാടുവാഴിത്വത്തിൻെറയും സഹായത്തോടുകൂടി അധികാരത്തിൽ വന്ന കോൺഗ്രസ്സ് ഗവൺമെൻറ്, അധികാരത്തിൽ വന്നതിനുശേഷവും, അവരുടെ സഹായങ്ങളും സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ടു കഴിഞ്ഞുകൂടുന്ന ഒരു രീതിയാണ് ഗവൺമെൻറ സ്വീകരിച്ചിരിക്കുന്നതു്. ഈ ഭൂനയക്കമ്മിററിയുടെ റിപ്പോൎട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള ധൈൎയ്യംപോലും ഈ ഗവൺമെൻറിനുണ്ടായിരുന്നില്ല. ഈ രീതിയിലുള്ള പ്രവൎത്തനങ്ങൾമൂലം സാധാരണക്കാരായ ജനങ്ങൾ ഇന്നു വളരെ കഷ്ടപ്പെടുന്നുണ്ട്. ഇതിനു ഒരു പരിഹാരമുണ്ടാക്കുന്നതിലേയ്ക്കായി ഈ അസംബ്ളിയിലെ എല്ലാ അംഗങ്ങളും കൂടിയിരുന്നാലോചിച്ച് വ്യക്തമായ ഒരു ഭൂനയം ഉണ്ടാക്കണമെന്നുള്ള ആത്മാൎത്ഥമായ വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം കൃഷിക്കാരനു ലഭിക്കത്തക്കവിധത്തിൽ, വളരെ തൃപ്തികരമായ ഒരു തീരുമാനമെടുക്കണമെന്നാണ് ഞാൻ ഈ അവസരത്തിൽ ഗവൺമെൻറിനോടപേക്ഷിക്കുന്നതു്. ഇങ്ങനെ അപേക്ഷിക്കുന്നതിനിടയിൽ തന്നെ ഒരാശങ്കയുണ്ട്. ഇന്നത്തെ സൎക്കാർ സാമ്പത്തികമായ താല്പൎയ്യങ്ങളെ പരിരക്ഷിക്കുന്ന രീതിയിൽ അല്ലാതെ നിയമനിൎമ്മാണത്തിനു തയാറാവുകയില്ല. ഈ കോൺഗ്രസ് സൎക്കാർ ഇതിനു മുമ്പും പല വാഗ്ദത്തങ്ങളും ചെയ്തിട്ടുണ്ട്. അവ ഇന്നും നിറവേററാതെ കിടക്കുകയാണ്. എന്നാൽ എനിക്കു പറയുവാനുള്ളതു് ഇന്നത്തെ സൎക്കാർ ഈ രീതിയിലുള്ള ഒരു നിയമനിൎമ്മാണം എത്രയും വേഗത്തിൽ നടത്തണമെന്നാണ്.

ശ്രീ. രവീന്ദ്രൻ: സർ, ഈ ബില്ലുകൊണ്ട്

**Mr. Speaker:** I have been very kind and sometimes blind to the speeches delivered in this House on this amendment Bill. But hon. Members will kindly understand that, when they speak on the amendment Bill, the speeches should be within the scope of the amendment.

ശ്രീ. രവീന്ദ്രൻ: സർ, ഈ ബില്ലുകൊണ്ടു സാധാരണക്കാരായ കൎഷകൎക്കു യാതൊരു പ്രയോജനവുമില്ല. ഈ ബില്ലിൽ പാട്ടവസ്തുക്കൾ കോ

ടതി മുഖാന്തിരം ഒഴിവാക്കുന്നതു് തടയുന്നതിനുള്ള വ്യവസ്ഥയാണു ചെയ്തിരിക്കുന്നതു്. സ്ഥിരമായും വ്യക്തമായും ഉള്ള ഒരു ഭൂനയം ഗവൺമെൻറു രൂപീകരിക്കുന്നതുവരെ കർഷകർക്കു് ആശ്വാസം നൽകുവാൻവേണ്ടിയാണു് ഈ ബിൽ ഉണ്ടാക്കിയിരിക്കുന്നതെന്നാണു് കേട്ടിട്ടുള്ളതു്. പക്ഷെ ഈ ബില്ലിൻെറ പുറകിൽ നിന്നുകൊണ്ടു് ഇപ്പോഴും ധാരാളം വസ്തു ഒഴിപ്പിക്കൽ നടക്കുന്നുണ്ടു്. ഇതെല്ലാം ഗവൺമെൻറു് അറിഞ്ഞിട്ടും അറിയുന്നില്ലെന്നു ഭാവിക്കുകയാണു്. ഇന്നു ഗവൺമെൻറിൽനിന്നും വസ്തു ഒഴിപ്പിക്കൽ നിറുത്തിവച്ചിട്ടുണ്ടെങ്കിലും ഈ ആക്ടിലെ ചില വ്യവസ്ഥകൾ വച്ചുകൊണ്ടു് വസ്തു ഉടമസ്ഥന്മാർ പാവപ്പെട്ട കർഷകരെ ഭൂമിയിൽനിന്നും ഒഴിപ്പിച്ചുവരുന്നുണ്ടെന്നുള്ള സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണു് ഞാനുദ്ദേശിക്കുന്നതു്. അതായതു് വസ്തു കൈവശം വച്ചിരിക്കുന്ന ആൾ ഇൻറൻഷണൽ വേസ്റ്റ് അല്ലെങ്കിൽ വിൽഫുൾ വേസ്റ്റ് ചെയ്തു എന്നു തെളിയുകയാണെങ്കിൽ കോടതിയിൽനിന്നും വസ്തു ഒഴിപ്പിച്ചു കൊടുക്കണമെന്നാണു വ്യവസ്ഥ. ഈ വകുപ്പു് എന്തെല്ലാം വിധത്തിലാണു് കർഷകരുടെ താല്പര്യത്തിനെതിരായി പോകുന്നതു് എന്നു് ഈ സഭയെ അറിയിക്കേണ്ടതു് എൻെറ കടമയാണെന്നു ഞാൻ വിചാരിക്കുന്നു. അതായതു പാട്ടവസ്തുവിൽ ഉണങ്ങി നിൽക്കുന്ന ഒരു പറങ്കിമാവിൻെറ കൊമ്പു് ഒന്നൊടിച്ചാൽ, ചോരുന്ന പുര ഒന്നു മേയുന്നതിനു് രണ്ടു മടൽ ഉണങ്ങിയ ഓല വെട്ടിയാൽ, അല്പം എണ്ണ കാച്ചുന്നതിനു ഉണങ്ങിയ രണ്ടു കൊതുമ്പു വെട്ടിയാൽ, അതു മനഃപൂർവ്വമായ വസ്തു നശിപ്പിക്കലായി പരിഗണിച്ചു് വസ്തുക്കൾ നാശപ്പെടുത്തിയെന്നു പറഞ്ഞു് വസ്തു ഒഴിപ്പിക്കൽ നടത്തുന്നുണ്ടു്. ഈമാതിരിയുള്ള കാരണങ്ങൾ പറഞ്ഞു് ചേർത്തല താലൂക്കിൽ കോടതിയുടെ സഹായത്തോടുകൂടി ധാരാളം എവിക്ഷൻ നടത്തുന്നുണ്ടു്. അതുപോലെതന്നെ ജന്മിക്കു് എന്തെങ്കിലും പുറവക ഭോഗം കൊടുക്കേണ്ടതു് കുറച്ചു താമസിച്ചുപോയാൽ അതിൻെറ പേരിലും വസ്തു ഒഴിപ്പിക്കുന്നതിനുള്ള വ്യവസ്ഥ ഇതിൽ ഉണ്ടു്. ഉദാഹരണമായി ൩൦ രൂപാ പാട്ടത്തിനു കൊടുത്തിരിക്കുന്ന ഒരു വസ്തുവിനു, കൈവശക്കാരൻ ൭ ൮ രൂപാവീതം നാലു പ്രാവശ്യമായി പാട്ടം കൊടുത്തുകൊള്ളാമെന്നു് കരാർചെയ്തിരിക്കേ, ഓണക്കാഴ്ചയായ ഏഴു ചക്രം കൊടുക്കാൻ താമസിച്ചു എന്ന ഒററക്കാരണത്താൽ വസ്തു ഒഴിപ്പിച്ചെടുത്തിട്ടുണ്ടു്. ഓണക്കാഴ്ച, മററു പുറവകഭോഗങ്ങൾ ഇവ കൊടുക്കാൻ താമസിച്ചുപോയാലും വസ്തു കൈവശക്കാരനിൽനിന്നും ഒഴിപ്പിച്ചെടുക്കാമെന്നു വ്യവസ്ഥയുണ്ടു്. ഓണക്കാഴ്ച ഒരുപക്ഷെ അമാന്തിച്ചുപോയാൽ വസ്തു കൈവശക്കാരനിൽനിന്നും ഒഴിപ്പിക്കാവുന്നതാണു്. അങ്ങനെ വലതുകൈകൊണ്ടു കൊടുക്കുന്നതു ഇടതുകൈകൊണ്ടു തട്ടിക്കൊണ്ടുപോവുകയാണു ചെയ്യുന്നതു് എന്ന ഒരു ന്യൂനത ഈ ബില്ലിൽ ഉണ്ടു്. അതിനു പരിഹാരമുണ്ടാക്കാതിരിക്കുന്നതു ശരിയല്ല. സാധാരണക്കാരായ ജനങ്ങൾക്കു് ഒരു താൽക്കാലികമായ ആശ്വാസം നൽകുന്നതിനുള്ള ഈ ബില്ലിൽ ഞാൻ പറഞ്ഞമാതിരിയുള്ള ഭേദഗതികൾകൂടി ഉണ്ടാക്കണമെന്നാണെൻെറ അഭിപ്രായം. കർഷകർക്കു ശാശ്വതമായ ആശ്വാസം നൽകുന്നതിനുള്ള ഒരു ഭൂനയം ഇന്നത്തെ ഭരണകക്ഷിയിൽനിന്നും ഉണ്ടാകുമെന്നു ഞങ്ങൾക്കു തീരെ പ്രതീക്ഷയില്ല. ഇന്നധികാരത്തിലിരിക്കുന്ന കക്ഷി, അവർ അധികാരത്തിൽ വരുന്നതിനുമുമ്പു്, ഇക്കാര്യങ്ങൾ എല്ലാം ചെയ്യുന്നതാണെന്നു അവരുടെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നതാണു്. അവർ കമ്മിററികൾ ഉണ്ടാക്കി, റിപ്പോർട്ടുകൾ വരുത്തി. പക്ഷെ ഭൂനയം

[Shri Ravindran]

ഇതുവരെ രൂപീകരിച്ചില്ല. ഇതെല്ലാം അവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുപോകാനുള്ള അടവുകളാണ്. അതിനാണവർ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഇതു തീർച്ചയായും പാവപ്പെട്ടവരോടു കാണിക്കുന്ന ഒരു കടുംകൈയാണ്. വസ്തു കൈവശക്കാരായ പാവപ്പെട്ട കർഷകർ അവരുടെ കൈവശമുള്ള വസ്തുവിൽ എന്തെങ്കിലും സ്ഥിരമായ അവകാശം ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണ് കഴിഞ്ഞിരുന്നതു്. ഇന്നു അവരുടെ ആ പ്രതീക്ഷകൾ മറ്റെല്ലാപ്രതീക്ഷകളുംപോലെ തകർന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതേക്കുറിച്ച് ഞങ്ങൾക്കു പറയുവാനുള്ളതു് ഇത്രമാത്രമേയുള്ളു. ഈ ഗവൺമെൻറിൽനിന്നും പാവപ്പെട്ട കർഷകനു യാതൊരാശ്വാസവും ഉണ്ടാകാൻ പോകുന്നില്ല. വ്യക്തമായ ഒരു ഭൂനയം രൂപീകരിക്കുന്നകാര്യത്തിൽ ഇന്നത്തെ ഗവൺമെൻറ് പരിപൂർണ്ണപരാജയമടഞ്ഞിരിക്കുകയാണ് എന്നാണെനിക്കു പറയാനുള്ളതു്. താൽക്കാലികമായി ആശ്വാസം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയുള്ള ഈ ബില്ലിൽ ഞാൻ സൂചിപ്പിച്ച ന്യൂനതകളുള്ള വ്യവസ്ഥ എടുത്തുകളഞ്ഞിട്ടു അൽപമെങ്കിലും ആശ്വാസം നൽകുന്നതിനുള്ള ഒരു വ്യവസ്ഥകൂടി ചേർക്കണമെന്നാണ് എൻെറ അഭിപ്രായം.

**Shri M. M. Abdul Khader:** Sir, while supporting this Bill, I wish to make some observations as to certain loopholes that have come before the Courts in actual operation of the Act during these three years. The purpose of the Bill, namely, to afford protection to the tenants from the execution of eviction decrees, has in many cases been defeated by the land lord. It is very easy for the land lord to make an allegation of waste, to get an emergent *exparte* commission taken out, to get a suitable report submitted by an obliging pleader or clerk and thus prove active waste which deprives the land holder the protection of the Act.

Secondly, if the pattom that has accrued due, for instance, on the 31st January 1951 and the poor, honest tenant tenders it to the landlord on that day and if the landlord does not accept the payment or does not issue a receipt, the poor tenant is left completely in the lurch; because default is proved, and the tenent becomes liable for eviction. If it is the purpose of this Government to afford any protection to the tenent pending more comprehensive land reform of the Ramaraj pattern which they promise, it would be imperatively necessary that this Government declare that the landlord, in the event of waste, has only the right to get compensation in money and that, secondly, in case of defaults, or arrears accruing due after the commencement of the original Act, it would be sufficient if the holder deposits pattom in court at any time before delivery actually takes place upon the orders of the court'

Thirdly, I would also request Government atleast to bring within the purview of this Act what has actually been within the first Holdings Stay of Eviction Act of 1124. Under this Act were included *Otti* and *Panayams* other than those which come under the Jenmi Kudiyan Act. And, with the progress of time under this congress regime, which swears by progressive land reform, what is given by this Act is taken away by Ordinance II of 1125 and Act VIII of 1950; these *Ottis* and *Panayams*, have been taken even beyond the pale of this present Act. So, Sir, when the people have been clamouring for land reforms, when everybody has been marching forward, not only has this Party been halting, but actually hopping backward.

In this connection, I would also state before the House that this Holdings (Stay of Execution Proceeding) Act would appear to us to be a clever deception played upon the people because the people think that their holdings are safe, that they cannot be evicted, that there is the protection of this Act until more exhaustive land reforms are enacted. On that impression the tenents become less vigilant. The people divert their attention from agitations for urgent land reforms while the landlord is able to rule the roost and the Government is able to stave off popular agitation for land reforms by standing behind the cover of this so-called Stay of Holdings Act.

It is our definite opinion, Sir, that the protection sought to be accorded under this Act is actually in many cases illusory and unreal. It is high time that this Government put an end to this sort of diplomatic stunts to stave off popular agitation on urgent land reform measures and such like.

I support the Bill.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ബിൽ നാലാമത്തു വകുപ്പിൽ രണ്ടുകൊല്ലം എന്നു ചേർത്തിരിക്കുന്നതു മൂന്നുകൊല്ലമാക്കണം എന്നു മാത്രമേ ആവശ്യപ്പെടുന്നുള്ളു. ഈ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ചു ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരും യോജിക്കുകയാണുണ്ടായതു്. എന്നാൽ ഈ ബില്ലുമായി യാതൊരു ബന്ധവുമില്ലാത്ത പല സംഗതികളെപ്പററിയും ബഹു. മെമ്പറന്മാർ ഇവിടെ പ്രസംഗിക്കുകയുണ്ടായി. ആദ്യമായി പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പട്ടം താണുപിള്ളതന്നെ, ബില്ലിനെ സംബന്ധിച്ചല്ല, ബില്ലിന്റെ ഒബ്ജക്ട് ആൻറ് റീസൺസ് എന്നു പറഞ്ഞിരിക്കുന്ന ഭാഗത്തെപ്പററിയാണ് പ്രസംഗിച്ചതു്. ഈ മന്ത്രിമാർ വന്നതിനുശേഷം ഭൂനയത്തെ സംബന്ധിച്ചു ശരിയായും ആത്മാർത്ഥമായും യാതൊരു നടപടികളും എടുത്തിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹം ഇവിടെ മുഖ്യമന്ത്രിയായിരുന്ന കാലത്തു് ഇതുപോലെയുള്ള ഒരു ബില്ലുപോലും ഇവിടെ അവതരിപ്പിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹത്തിന്റെ അനന്തിരവന്മാർ വന്നതിനുശേഷമാണ് ഇത്രയെങ്കിലും ചെയ്തിട്ടുള്ളതു്.

ഭൂനയത്തെ സംബന്ധിച്ചു ഇതു വളരെ നിസ്സാരമായ സംഗതിയാണെന്നു പല മെമ്പറന്മാരും അഭിപ്രായപ്പെട്ടതായി തോന്നുന്നുണ്ട്. ഇതു അത്ര നിസ്സാരമായ ഒരു സംഗതിയല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. കാശ്മീർ ഒഴിച്ചാൽ ഇൻഡ്യയിലുള്ള യാതൊരു സ്റ്റേററിലും ഭൂനയത്തെ സംബന്ധിച്ചു ക്ലിപ്തമായ യാതൊരു പരിപാടിയും ഇതുവരെ നടപ്പിൽ വരുത്തിയിട്ടില്ല. ചില സ്റ്റേററുകളിൽ സെമിന്ദാരി സമ്പ്രദായം നിവർത്തൽചെയ്തിട്ടുള്ള വിവരം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അതുപോലെയുള്ള ഒരു സമ്പ്രദായം തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് നാമമാത്രമായേ നിലനില്ക്കുന്നുള്ളു. ഇതു സംബന്ധിച്ചു ഇൻഡ്യാഗവൺമെൻറിൽനിന്നും നിയമിച്ചിട്ടുള്ള പ്ലാനിംഗ് കമ്മീഷൻ അവരുടെ അടുത്ത കാലത്തു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആ പ്ലാനിങ്ങ് കമ്മീഷന്റെ "ഫൈവ് ഇയർ പ്ലാൻ" എന്ന ഗ്രന്ഥത്തിൽ ൯൯-ാമത്തെ പേജിൽ 'സീലിംഗ് ഓൺ എക്സിസ്റ്റിംഗ് ഹോൾഡിംഗ്സ്' എന്ന ഭാഗത്തു ഇങ്ങനെ പറഞ്ഞിരിക്കുന്നു.

**Ceiling on Existing Holdings**

The second course is som:times advocated and its implications need to be analysed. The proposal to limit existing holdings raises important

[Shri A. J. John]

problems of finance, administration and management. Whether the State gives compensation, or under another name, rehabilitation grants, the task is likely to be far beyond its resources. The available administrative machinery is in no position to cope in any systematic manner with the problems of acquisition on the vast scale which appears to be contemplated. The distribution of the land acquired from individual owners among various classes of claimants—small owners, tenants and landless labourers—will present numerous practical problems involving basic social conflicts".

അതുകൊണ്ട് ഇപ്പോഴുള്ള ഹോൾഡിംഗ്സ് ചെറുതാക്കുകയോ, അതു തന്നെ വിട്ടുത്തുകയൊ ഏതാണ് വേണ്ടതെന്നു ആലോചിച്ച് തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഞാൻ ഇത്രയും ഇവിടെ പ്രസ്താവിച്ചതു് ഇതു അത്ര നിസ്സാരമായ ഒരു സംഗതിയല്ലെന്നും ഗാഢമായി ആലോചിച്ചു തീരുമാനിക്കേണ്ട ഒരു കാര്യമാണെന്നും കാണിക്കുവാൻവേണ്ടിയാണ്. ഈ സ്റ്റേറ്റുമാത്രമേ ഈ വിഷയത്തിൽ ഇത്രയുമെങ്കിലും മുൻപോട്ടു പോയിട്ടുള്ളു.

ലാൻറ പോളിസിയെ സംബന്ധിച്ചു ഇവിടെ പല ബഹു. മെമ്പറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. ആ കമ്മിററിയിലെ അംഗങ്ങളെല്ലാവരും പിൻതിരിപ്പന്മാരായിരുന്നുവെന്നു ഒന്നു രണ്ടു മെമ്പറന്മാർ അഭിപ്രായപ്പെട്ടു. ആ അഭിപ്രായത്തോടു് ഞാൻ അശേഷം യോജിക്കുന്നില്ല. അങ്ങനെ അഭിപ്രായപ്പെട്ടവരുടെ അഭിപ്രായത്തിൽ അവർ ഒരുപക്ഷേ പിൻതിരിപ്പന്മാരായിരിക്കാം. എന്നാൽ ഗവമ്മെൻറിനു് ആ അഭിപ്രായമില്ല. ശ്രീ. അബ്ദുൽഖാദറിൻെറ പ്രസംഗത്തിൽനിന്നും ഒരു എക്സിക്യൂട്ടീവു ആർഡർ മുഖേനയാണു് Holdings (Stay of Execution Proceedings) Act നടപ്പിൽ വരുത്തിയതായി അദ്ദേഹം ധരിച്ചതുപോലെ തോന്നി. ൧൧൨൫-ലെ ആക്ട് നിയമസഭയിൽ പാസ്സാക്കിയ ആക്ടുതന്നെയാണ്. ഗവമ്മെൻറിൻെറ അഭിപ്രായമല്ല, നിയമസഭയുടെ അഭിപ്രായമാണ് ആ ആക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. ഹോൾഡിംഗ്സിൽ ഏതെങ്കിലും വേസ്ററ വരുത്തുകയാണെങ്കിൽ അതിനു് നഷ്ടപരിഹാരം കൊടുത്താൽ മാത്രം മതി. ആരോ ഒരാൾ ഏഴ് ചക്രം ഓണക്കാഴ്ച കൊടുക്കാത്തതുകൊണ്ട് വസ്തു ഒഴിപ്പിച്ചു എന്നു പറഞ്ഞു. ഏഴ് ചക്രം ഓണക്കാഴ്ച കൊടുത്തിരുന്നുവെങ്കിൽ അങ്ങനെയൊരു കേസുതന്നെ ഉണ്ടാകുകയില്ലായിരുന്നു. ആക്ടിൽതന്നെ ഇന്നയിന്ന കാരണങ്ങൾകൊണ്ടുമാത്രമേ വസ്തു ഒഴിപ്പിക്കുകയുള്ളു എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ വ്യവസ്ഥകൾ മലയാളത്തിലും തമിഴിലും പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ആ വ്യവസ്ഥകൾ എല്ലാവരും മനസ്സിലാക്കിയിരിക്കേണ്ടതുമാണ്.

ശ്രീ. ടി. വി. തോമസ്: ഓണക്കാഴ്ച പാട്ടത്തിൽ പെടുമോ?

ശ്രീ. എ. ജെ. ജോൺ: അതു പാട്ടത്തിൻെറ വ്യവസ്ഥ അനുസരിച്ചിരിക്കും. ഇതു സംബന്ധിച്ച് ഏതെങ്കിലും മുൻസിഫ് കോടതിയിൽ വിധിയുണ്ടായാൽ അപ്പീൽ കൊടുക്കുന്നതിനു് വ്യവസ്ഥയുണ്ട്. അങ്ങനെ അപ്പീൽ കൊടുക്കാവുന്നതുമാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇതു സംബന്ധിച്ച് തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള നിയമങ്ങൾക്കുതമ്മിൽ വ്യത്യാസമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കുറെ വ്യത്യാസമുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കൊച്ചിയിലുള്ളതുപോലെ എങ്കിലും തിരുവിതാംകൂർ ഭാഗത്തു നിയമം നടപ്പാക്കാതിരിക്കുവാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: വിശേഷാൽ കാരണമൊന്നുമില്ല. ഈ ആക്ടിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിന് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അവകാശമുള്ളതാണ്.

ശ്രീ. പി. ചാക്കോ: നാലുമാസങ്ങൾക്കുമുൻപ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനുവേണ്ടി ഗസററിൽ പരസ്യം ചെയ്തിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: എനിക്കു നിശ്ചയമില്ല.

ശ്രീ. ആർ. കേശവപിള്ള: മാണക്കാട്ടു ഇപ്പോൾ ഇല്ലെന്നും ജന്മികുടിയാൻ ആക്ട് പാസാക്കിയതോടുകൂടി അതു നിറുത്തൽ ചെയ്തുവെന്നും അറിയാമോ?

ശ്രീ. എ. ജെ. ജോൺ: ജന്മികുടിയാൻ ആക്ടിന്റെ പരിധിയിൽ വരുന്ന മാണക്കാട്ടുയെമാത്രമെ അതു ബാധിക്കു. അല്ലാത്ത മാണക്കാട്ടുകൾ ഇപ്പോഴും കൊടുക്കേണ്ടതുണ്ട്.

ജന്മിത്വം അവസാനിപ്പിക്കുവാൻ കാൺഗ്രസ്സ് നിശ്ചയിച്ചിരിക്കുകയാണെന്ന് കാൺഗ്രസ്സ് പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ടെന്ന് ശ്രീമതി ഗൗരി പ്രസ്താവിച്ചതായി കേട്ടു. ഇവിടത്തെ കാൺഗ്രസ്സ് പ്രകടനപത്രികയിൽ അങ്ങനെ പറഞ്ഞിട്ടുള്ളതായി എനിക്കറിവില്ല. വസ്തു ഉടമയെ സംബന്ധിച്ചുള്ള പരിധി നിർണ്ണയിക്കുന്നതാണെന്ന് പറഞ്ഞിരുന്നതായി അറിയാം.

ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ഈ ഭേദഗതി ബില്ലിന് ഞാൻ മാത്രമെ ഭേദഗതി അയച്ചിട്ടുള്ളു. വേറെ ആരും ഭേദഗതി അയച്ചിട്ടില്ല. ഇവിടെ പ്രസംഗിച്ചവരാരുംതന്നെ ബില്ലിനെ എതിർത്തിട്ടില്ല. അതുകൊണ്ട് ഈ ബില്ല് പാസ്സാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

*The question that the Holdings (Stay of Execution Proceedings) Act (Amendment) Bill be taken into consideration was put and carried.*

*The Bill was taken into consideration.*

*The question that clauses 1 and 2 stand part of the Bill was put and carried.*

*The clauses were added to the Bill.*

**Shri A. J. John:** I move: After clause 2 add the following clause:—

"3. The Holdings (Stay of Execution Proceedings) (Amendment) Ordinance, 1952, (II of 1952) is hereby repealed."

**Shri Panampilli Govinda Menon:** I second it.

ശ്രീ എ. ജെ. ജോൺ: ഈ ബില്ലിന്റെ കാലാവധി മാർച്ച് ൨൮-ാംനു അവസാനിക്കുമായിരുന്നു. ആദ്യത്തെ നോട്ടീസനുസരിച്ച് നിയമസഭ ൧൯-ാംനു കൂടും എന്നായിരുന്നു. അതുകൊണ്ട് ൨൮-ാംനു-ക്കുമുൻപുതന്നെ ഈ ബിൽ ആക്ട് ആക്കാമെന്നാണ് പ്രതീക്ഷിച്ചിരുന്നതു. എന്നാൽ നിയമസഭ കൂടുന്നതിനുള്ള തീയതി നീട്ടിയതുകൊണ്ട് ൨൮-ാംനു-ക്കു മുൻപായി

[Shri A. J. John]

ആക്ട് പാസ്സാക്കാൻ സാധിച്ചില്ല. അതുകൊണ്ട് ൧൧൨൭ മാർച്ച് ൨൮-ാംനു ഇതിനുവേണ്ടി ഒരു ഓർഡിനൻസുതന്നെ പുറപ്പെടുവിച്ചു. ആ ഓർഡിനൻസ് അസ്ഥിരപ്പെടുത്തണമെന്നാണ് എന്റെ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്.

*The amendment was put and carried.*

*Clause 3 was added to the Bill.*

*The question that the Preamble stand part of the Bill was put and carried.*

*The Preamble was added to the Bill.*

*The question that the Title stand part of the Bill was put and carried.*

*The Title was added to the Bill.*

**Shri A. J. John:** Sir, I move that the Bill be passed.

**Shri Panampilli Govinda Menon:** I second it.

*The question that the Bill be passed was put and carried.*

*The Bill was passed.*

## The Travancore Nurses, Midwives and Dhais Act (Amendment) Bill

*Minister for Medicine and Public Health* **(Shri V. Madhavan):** I move that the Travancore Nurses, Midwives and Dhais Act (Amendment) Bill be taken into consideration at once.

*Minister for Works and Communications* **(Shri Kalathil Velayudhan Nair):** I second it.

**Shri E. P. Varghese:** I oppose the introduction.

**Mr. Speaker:** Now we are proceeding with the consideration of the Bill. Of course, it is open to the Member to oppose.

ശ്രീ. വി. മാധവൻ: സർ, ഈ ബില്ല് തിരുവിതാംകൂർ വിഭാഗത്തെമാത്രം ബാധിക്കുന്ന ഒരു ബില്ലായിട്ടാണ് ഇവിടെ പാസ്സാക്കിയിട്ടുള്ളതു്. എന്നാൽ സംയോജനത്തിനുശേഷം കൊച്ചിവിഭാഗത്തെക്കൂടി ബാധിക്കത്തക്കവണ്ണം ഈ ബിൽ എഴുതിയുണ്ടാക്കണമെന്നു ഗവമ്മെന്റ് ഉദ്ദേശിച്ചിരുന്നു. അങ്ങനെയൊരു ബില്ല് അവതരിപ്പിക്കുന്നതിന് ഇതുവരെ ഗവമ്മെന്റിനു് സാധിച്ചില്ല. തിരുവിതാംകൂർ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന ഈ ആക്ട്; ആക്ടിന്റെ ൨൮-ാം വകുപ്പനുസരിച്ച് ൧൧൨൭ മാർച്ച് ൩൧-ാംനു വരെ മാത്രമെ പ്രാബല്യത്തിലിരിക്കുന്നുള്ളു. ആദ്യത്തെ കൗൺസിൽ കൂടിയതിനുശേഷം, അഞ്ചു വർഷത്തിനകമാണ് ഇതിനു പ്രാബല്യമുള്ളതു്. ആദ്യത്തെ കൗൺസിൽ അവസാനിക്കുന്നതോടുകൂടി വേറൊരു കൗൺസിൽ തെരഞ്ഞെടുക്കുന്നതിന് ഇടയായിട്ടില്ല. അതുകൊണ്ട് തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളമാണെങ്കിലും ഈ ആക്ട് പ്രാബല്യത്തിൽ വരുത്തുന്നതിന് രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് ഒരു ഓർഡിനൻസ് പ്രഖ്യാപനം ചെയ്തിട്ടുണ്ട്. ഇപ്പോൾ ആ ഓർഡിനൻസ് നിയമമാക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഈ ബില്ല് പാസ്സാക്കിത്തരണമെന്നു ഞാൻ സഭയോട് അപേക്ഷിച്ചുകൊള്ളുന്നു.

*The House rose for lunch at 1-0 p.m. and reassembled at 2-0 p.m. with Mr. Speaker in the Chair*

**[2 p.m.]**

**Shri E. P. Varghese:** The amending Bill proposes to extend the period of the Council under Section 8 of the Act. Section 8 fixes the period of the first Council at five years, and the subsequent Councils at three years. The Council is composed of 17 members according to Section 3 of the Act. It is said that the purpose of this amendment Bill is to take time till an Act that becomes applicable to both the States is enacted. I do not see what the difficulty is or why so much time is necessary to have an enactment applied to both the States. The Act has been in force in Travancore since 1121, and the integration took place long ago and if only the Act were to be applied to Cochin State also, addition of the word Cochin to the preamble of the First Section of the Act above is necessary and some consequential amendments. Is it the purpose that this Act has to be amended—many provisions of the Act have to be amended—so as to be applicable to Cochin State? I do not think there is any reason for that, because this Act has been existing already in this State for the last six years, and for five years the Council too has been working without any difficulty. Why should the period of the Council be extended to one year more? It consists of 17 members. I do not know whether there is any necessity for such a big Council. Anyhow, that is not the purpose now. The purpose is to extend the period for one year. My submission is that all this could have been avoided by simply making an amendment to the first section and the preamble. If this is done, the whole thing could have been easily managed without waste of time. On the other hand, the Government seem to have taken it very slowly. Law has its delays, but if the law-maker too becomes lax and lazy, where is the limit? My submission is that the Government should not take so much time. I do not find any necessity to have taken so much of time to make this simple Act applicable to Cochin. Suppose this Bill is thrown out, what is the effect? There will be no Council according to the Act here. In Cochin area, it was going on without any Act and there has been nothing wrong. If the only intention is to make this applicable to Cochin State also, the easiest thing would have been to amend the first section and the Preamble and make it applicable to Cochin. My submission is that I mainly object to the snail's pace in which things are being done. The Bill could have been brought in, instead of an Ordinance, as then the necessity of that ordinance being sought to be passed into an Act would not have arisen. I think the period of the Council consisting of 17 members has to be extended to one year more. But these thing could have been done expeditiously. There is a tendency to do things very slowly here and take things very easily. The law maker especially must be very vigilant in such matters. It is only to point out this that I oppose this Bill.

ശ്രീ. വി. മാധവൻ: എന്റെ മാന്യ സ്നേഹിതൻ ശ്രീ. ഇ. പി. വർഗീസ് 'ധായി' ബില്ലിനെപ്പറ്റി ഇവിടെ ഉന്നയിച്ച വാദമുഖങ്ങളെ സംബന്ധിച്ചിടത്തോളം എനിക്ക പറയുവാനുള്ളതു്, ഈ ബില്ല് ഇവിടെ അവതരിപ്പിച്ചപ്പോൾ പറഞ്ഞ കാരണങ്ങൾതന്നെ ധാരാളം മതിയാകുന്നതാണെന്നാണ്. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട വാദതടസ്സം, ഈ ബില്ലിന്റെ അവതരണത്തിന് കുറെ കാലതാമസം നേരിട്ടുപോയി എന്നാണ്. അങ്ങിനെയുണ്ടായിരുന്നാൽത്തന്നെയും അവയെ പരിഹരിക്കുന്നതിനുവേണ്ടി ഒരു ഓർഡിനൻസ് പാസ്സാക്കിയിട്ടുമുണ്ട്. എന്നിരുന്നാലും ബിൽ ഒരു നിയമമാക്കാതിരിക്കാൻ സാദ്ധ്യമല്ല. അതനുസരിച്ചാണ് ഈ

[Shri V. Madhavan]

വിടെ അവതരിപ്പിച്ചിരിക്കുന്നതു്. പുതിയ കൗൺസിൽ ഇലക്ഷനെ സംബന്ധിച്ചിടത്തോളം ധാരാളം ജോലിത്തിരക്കുകൾ ഉണ്ടായതുകൊണ്ടാണു് ഇങ്ങനെ കാലതാമസം നേരിട്ടുപോയതു്. അതല്ലാതെ മററു കാരണങ്ങളൊന്നും ഞാൻ കാണുന്നില്ല. മററുതരത്തിലുള്ള ആക്ഷേപങ്ങളുമൊന്നുമില്ല. അതുകൊണ്ടു് ഈ ബിൽ പാസാക്കണമെന്നപേക്ഷിക്കുന്നു.

*The question that the Bill be taken into consideration was put and carried.*

**Mr. Speaker:** There is no amendment given notice of to the Bill.

*The question that clauses 1 to 3 stand part of the Bill was put and carried.*

*Clauses 1 to 3 were added to the Bill.*

*The question that the preamble stand part of the Bill was put and carried.*

*The preamble was added to the Bill.*

*The question that the title stand part of the Bill was put and carried.*

*The title was added to the Bill.*

**Shri V. Madhavnn:** I move that the Bill be passed.

**Shri A. J. John:** I second it.

*The question that the Bill be passed was put and carried.*

*The Bill was passed.*

## The Travancore-Cochin Public Safety Measures Act (Amendment) Bill

*Minister for Home Affairs* **(Shri T. M. Varghese):** I move that the Public Safety Measures Act (Amendment) Bill be taken into consideration at once.

*Chief Minister* **(Shri A. J. John):** I second the motion.

**Shri N. Raghava Kurup:** I oppose the motion.

**Mr. Speaker:** The mover will explain the motion to the House. Then the Member will get an opportunity to make a speech.

ശ്രീ. ടി. എം. വർഗീസ്: സർ, പൊതുരക്ഷാനടപടി ആക്ടു് ഭേദഗതിചെയ്തുകൊണ്ടുള്ള ഒരു ഓർഡിനൻസു് ആണു് ഇപ്പോൾ നിലവിലിരിക്കുന്നതു്. ഈ ഓർഡിനൻസിനെ നീക്കംചെയ്യുന്നതിനുള്ള ഒരു ബില്ലാണു് സഭയിൽ അവതരിപ്പിച്ചിരിക്കുന്നതു്. കാരണം, ആക്ടിലെ വ്യവസ്ഥകൾ നീതീകരിക്കത്തക്കതല്ലെന്നും അവ മൗലികാവകാശധ്വംസനമാണെന്നും മററും മദ്രാസ് ഹൈക്കോടതിയിൽ ഒരു വിധിയുണ്ടായിട്ടുണ്ടു്. ആ വിധിയിലെ സാരാംശമനുസരിച്ചു് ആക്ടു് ഭേദഗതി ചെയ്യണമെന്നു് കരുതിയാണു് തല്ക്കാലത്തേക്കു ഒരു ഓർഡിനൻസു് പുറപ്പെടുവിച്ചിരുന്നതു്. എന്നാൽ നിലവിലിരിക്കുന്ന ഓർഡിനൻസിനെ പിൻവലിക്കുകയും അനുയോജ്യമായ ഏതാനും ചില ഭേദഗതികൾ ഉൾക്കൊള്ളിക്കയും ചെയ്തിട്ടാണു ഇപ്പോൾ ബില്ലു് അവതരിപ്പിച്ചിരിക്കുന്നതു്. ഈ ഭേദഗതികൾ ഒരു പ്രകാരത്തിലും അസ്വീകാര്യമോ ആക്ഷേപാർഹമോ അല്ലെന്നു പ്രത്യക്ഷത്തിൽ

തന്നെ കാണാവുന്നതാണ്. തികച്ചും ജനകീയ അടിസ്ഥാനത്തിൽ ആവശ്യമെന്നു വരാവുന്ന രക്ഷാവ്യവസ്ഥകളാണ് ഭേദഗതികൾവഴി ബില്ലിൽ കൊള്ളിച്ചിരിക്കുന്നതു്. ഈ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ഈ ആക്ടിന്റെ ൨൩ മുതൽ ൩൩ വരെയുള്ള വകുപ്പുകൾ ഇൻഡ്യാഗവണ്മെന്റിന്റെ ആക്ടിനോടു യോജിച്ചവയാണ്. എന്നാൽ മദ്രാസിലാകട്ടെ സാരമായ ന്യൂനതകൾ ആക്ടിൽ നിലവിലുള്ളതായി കണ്ടു് അവിടെ ഭേദഗതികൾ വരുത്തുകയുണ്ടായി. ഭേദഗതി ചെയ്തശേഷവും ആ വ്യവസ്ഥകൾ നീതീകരിക്കത്തക്കതല്ലെന്നാണ് ഹൈക്കോടതി വിധിച്ചതു്. ആ വിധിയുടെ വെളിച്ചത്തിൽ ഇവിടേയും നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതു ആവശ്യമെന്നു കണ്ടതുകൊണ്ടാണ് അതിലേക്കു തൽക്കാലത്തേക്കു് ഒരു ഓർഡിനൻസു പുറപ്പെടുവിച്ചിട്ടുള്ളതു്. മദ്രാസ് ഹൈക്കോടതിയുടെ വിധിസാരാംശമനുസരിച്ചു് ചൂണ്ടിക്കാണിച്ചിട്ടുള്ള ദൂഷ്യങ്ങളെല്ലാം പരിഹരിക്കത്തക്കവിധത്തിലുള്ള വ്യവസ്ഥകളാണ് ഓർഡിനൻസിലും ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഓർഡിനൻസിൽ കൊള്ളിച്ചിട്ടുള്ളിടത്തോളം ആ വ്യവസ്ഥകൾ എല്ലാംതന്നെ സ്വീകാര്യമാണെന്നു കാണാവുന്നതാണ്. ഭേദപ്പെടുത്തപ്പെട്ട ഈ ആക്ടിലെ ൨൩ (എ), ൨൩ (ബി) ഈ വകുപ്പുകൾ സംബന്ധിച്ചു ന്യായമായ യാതൊരാക്ഷേപവും പുറപ്പെടുവിക്കത്തക്കതായി കാണുന്നില്ല. അതുപോലെതന്നെ ൨൩-ാംവകുപ്പു ൩-ാം ഉപവകുപ്പനുസരിച്ചും ഒരു ആക്ഷേപത്തിനും വകയില്ല. പുറപ്പെടുവിക്കുന്നതായികാണുന്ന വേറൊരു ആക്ഷേപം ഡിക്ലറേഷനെ സംബന്ധിച്ചിടത്തോളമാണ്. ഏതെങ്കിലും ഒരു അസോസിയേഷൻ നിയമവിരുദ്ധമാണെന്നു ഗവണ്മെൻറു തീരുമാനിച്ചാൽ അതു് ഒരു നോട്ടീസുമൂലം പ്രസിദ്ധപ്പെടുത്തുകയും വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ൩൦ ദിവസത്തിനകം ബോധിപ്പിക്കുകയും ചെയ്യണമെന്നാണ് വ്യവസ്ഥ. ൩൦ ദിവസമെന്നു് ക്ലിപ്തപ്പെടുത്താതെ നും എതവസരത്തിലും ആക്ഷേപം പുറപ്പെടുവിക്കാമെന്നു് ആക്കണമെന്നുള്ള ഭേദഗതി കാര്യവശാൽ ആവശ്യമോ പ്രായോഗികമോ ആണെന്നു് തോന്നുന്നില്ല.

കാര്യക്ഷമതക്കും സമാധാനസംരക്ഷണത്തിനും ഒരു കരുതൽ നടപടി ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അതിലേക്കാണ് ഈ നിയമം. ഈ ഭേദഗതി ഈ നിയമത്തിന്റെ സാരാംശത്തെ ബാധിക്കുന്നതോ ഗുണത്തെ ബാധിക്കുന്നതോ ആണെന്നു എനിക്കു വിശ്വാസമില്ല. ഇപ്പോൾ ഉള്ള എല്ലാ ന്യൂനതകളും പരിഹരിക്കുവാൻ വേണ്ടിയുള്ളതാണ് ഈ ഭേദഗതി ബിൽ. നിലവിലിരിക്കുന്ന നിയമത്തിന്റെ കാലാവധി ഇന്നു് തീരുന്നതാണ്. ഈ ഭേദഗതിബിൽ ഇന്നു പാസ്സായില്ലെങ്കിൽ നാളെ യാതൊരു നിയമവും അതിനെസംബന്ധിച്ചു ഉണ്ടായിരിക്കയില്ല. അതുകൊണ്ടു് ഈ ബിൽ എല്ലാവരും സ്വീകരിച്ചു് പാസ്സാക്കിത്തരണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പു്: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. പല കാരണങ്ങളാലാണു് ഞാൻ ഇതിനെ എതിർക്കുന്നതു്. എന്റെ അറിവു് ശരിയാണെങ്കിൽ ഇതു് ഇവിടത്തെ പൊതുരക്ഷാനിയമത്തിലെ ൨൩-ാം വകുപ്പിന്റെ സ്ഥാനത്തുള്ള ഒരു ഭേദഗതിയാണ്. ഈ ൨൩-ാംവകുപ്പുപ്രകാരം ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു് ഇവിടെ പ്രവർത്തനംനടത്തുന്ന ഏതെങ്കിലും അസോസിയേഷനെ നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്ന

[Shri N. Raghava Kurup]

തിന്ന എക്സിക്യൂട്ടീവിന്ന അധികാരം കിട്ടണം എന്നാണ്. ഇങ്ങനെ ഒരു നിയമം തിരുവിതാംകൂറിലെ ചരിത്രത്തിൽ ആദ്യമുണ്ടായതു് ൧൧൨൪-ലാണ്. ൧൧൨൪-ലെ മൂന്നാം ആക്റ്റ് കുപ്രസിദ്ധിനേടിയ ഒരു ആക്റ്റാണ്. ആ ആക്റ്റിന്റെ പിൻഗാമിയായിട്ടാണ് പൊതുരക്ഷാനിയമത്തിൽ ൩-ാം വകുപ്പു ചേർത്തിരിക്കുന്നതു്. ഭരണംനടത്തുന്ന കക്ഷിയുടെ നേതാവ് ശ്രീ. ഏ. ജെ. ജോൺ അവർകളും ടി. എം. വർഗ്ഗീസ് അവർകളും ൧൧൨൪-ൽ ഇങ്ങിനെ എക്സിക്യൂട്ടീവിന് അധികാരം കൊടുക്കുന്നതിനെ അങ്ങേ അററം അധിക്ഷേപിച്ചിട്ടുണ്ടെന്ന് എല്ലാവക്കും അറിയാവുന്നതാണ്. അങ്ങനെ അവർതന്നെ അധിക്ഷേപിച്ചിട്ടുള്ള, അന്ന് വിദ്യാർത്ഥികളായിരുന്ന ഞങ്ങൾക്ക് എതിർക്കുന്നതിന് ആഹ്വാനംതന്നിട്ടുള്ള, ഒരു നിയമം ശ്രീ. ജോണിന്റേയും, വർഗ്ഗീസിന്റേയും നേതൃത്വത്തിലുള്ള ഒരു ഗവമ്മെന്റ് ഞങ്ങളുടെ മേലിൽ അടിച്ചേല്പിക്കുവാൻ കൊണ്ടുവന്നിട്ടുള്ളതിൽ ഞാൻ ഖേദിക്കുന്നു. എന്റെ അഭിപ്രായം ഈ നിയമം പാസ്സാക്കുന്നതിന് ഈ നിയമസഭയ്ക്കു് അധികാരമില്ലെന്നാണ്. ഈ സഭ എന്തെങ്കിലും കാരണവശാൽ ഇതു പാസ്സാക്കിയാൽ നാളെ ഇവിടത്തെ ഹൈക്കോടതി ഈ നിയമം പാസ്സാക്കുവാൻ ഈ സഭയ്ക്കു് അധികാരമില്ലെന്നു പറഞ്ഞ് ഈ നിയമം റദ്ദാക്കി തിരിയെ അയക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. അതായതു്, ഈ നിയമത്തെ സംബന്ധിച്ചു് ബഹു: ഹൈക്കോടതിയിലെ വിധിപ്രഖ്യാപനം, മദ്രാസ് ഹൈക്കോടതിയിലേയും ഇൻഡ്യയിലെ മററു പല ഹൈക്കോടതികളിലേയും വിധി പ്രഖ്യാപനം നാം കണ്ടുകഴിഞ്ഞു. ഹൈക്കോടതി വിധിമൂലം ഈ വകുപ്പു ഇപ്പോൾ നിലവിലില്ല. ആദ്യം അച്ചടിച്ചിരുന്ന ൩-ാംവകുപ്പു അസാധുവാണ്. അതു് നിയമവിരുദ്ധമാണെന്നു ഹൈക്കോടതി വിധിച്ചു. അതായതു് ജനനത്തിൽതന്നെ മരിച്ചു ഒരു ശിശുവിനെപ്പോലെയാണ് ഇതു്. പ്രസവിച്ചപ്പോൾ ജീവനില്ലാത്ത കുട്ടിയ്ക്കു ചികിത്സചെയ്യുവാനുള്ള സംരംഭംപോലെയുള്ള ഒരു വകുപ്പാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. നിയമപ്രാബല്യമില്ലെന്നു ഹൈക്കോടതി പറഞ്ഞ ഒരു വകുപ്പിന് ഭേദഗതി കൊണ്ടുവരിക എന്നു പറഞ്ഞാൽ അതു് മരിച്ചു കുട്ടിയ്ക്കു് ചികിത്സചെയ്യുക എന്നതുപോലെയാണ്. നമ്മുടെ അജ്ഞത വീണ്ടും ബഹു: ഹൈക്കോടതിയുടെ മുമ്പിൽ വയ്ക്കുകയായിരിക്കും ഇതു് പാസ്സാക്കുകയാണെങ്കിൽ നാം ചെയ്യുന്നതു്. അതുകൊണ്ടു് ഈ വക കാര്യങ്ങൾ പരിശോധിച്ചു് ഈ നിയമം പിൻവലിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ നിയമം നമ്മുടെ അധികാരപരിധിയിൽ പെട്ടതല്ലെന്നും നിയമവിരുദ്ധമാണെന്നും ഉള്ള ഹൈക്കോടതി വിധിയുടെ ഒരു ഭാഗമാണ്, സർ, അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ ഇവിടെ വായിക്കുവാൻ പോകുന്നതു്. അതായതു് ഈ നിയമം തെററാണെന്നു തിരു—കൊച്ചി ഹൈക്കോടതി വിധിച്ചിട്ടുള്ള വിധിയുടെ അവസാനഭാഗമാണ്.

I read from page 193 of KLT 1952:

> "As a result of the conclusion we have arr ved at in the foregoing paragraphs we hold that Section 3 Cochin Criminal Law Amendment Act of 1124 became void on 26th January 1950."

കൊച്ചിൻ ക്രിമിനൽലാ അമൻറ്മെൻറ് ആക്റ്റ് ൧൯൫൦ ജാനുവരി ൨൬-ാംതീയതി മരിച്ചുപോയിട്ടുണ്ടു്. പൊതുരക്ഷാനിയമത്തിലെ ൩-ാം വകുപ്പും ൧൯൫൨ മാർച്ച് ൩൦-ാംതീയതി അതായതു്, ജനിച്ച തീയതി

തന്നെ മരിച്ചു. അങ്ങനെയുള്ള ഒരു നിയമത്തിന് ഒരു അമൻഡ്മെൻറ് കൊണ്ടുവരുന്നത് നമ്മുടെ നിയമസംബന്ധമായ അജ്ഞതയുടെ ലക്ഷണമാണ്. ഗവൺമെൻറിന് ആ നിയമം ആവശ്യമുണ്ടെങ്കിൽ അതിനു ഒരു പുതിയ നിയമം ഉണ്ടാക്കുകയല്ലാതെ നിയമവിരുദ്ധമാണെന്നു പറഞ്ഞ് ഹൈക്കോടതി തള്ളിയ ഒരു നിയമം അമൻഡുചെയ്യുകയല്ലാ വേണ്ടത്. ഈ കാരണത്താൽ ഈ അമൻഡ്മെൻറ് പാസ്സാക്കുവാൻ നമുക്ക് അധികാരമുള്ളതല്ല എന്നാണ് എനിക്കു ഈ സഭയെ അറിയിക്കുവാനുള്ളത്.

ശ്രീ. ഒ. സി. നൈനാൻ: കോടതി പറയുന്ന കാര്യത്തെപ്പററി ബഹു. മെമ്പർ നോക്കിയിട്ടുണ്ടോ?

**Shri N. Raghava Kurup:** I have once said that I am not yielding.

രണ്ടാമതായി ഈ നിയമത്തിൻെറ തത്വത്തിൽതന്നെ ഞാൻ എതിർക്കുന്നു. അതായത് ബഹു. മന്ത്രിമാരും മററംഗങ്ങളും പറയുന്നു ഇതൊരു ജനാധിപത്യ രാജ്യമാണെന്നും ഈ ഭാഗത്തിരിക്കുന്ന ഞങ്ങളിൽ ചിലർ മാത്രമെ ജനാധിപത്യത്തിൽ വിശ്വസിക്കാത്തവരായുള്ളുവെന്നും. എന്നാൽ ഞാൻ പറയുന്നു ഈ ബിൽ ജനാധിപത്യത്തിന് വിരുദ്ധമാണെന്ന്. ൧൮൧൮-ൽ മാത്രമെ ഇങ്ങനെയുള്ള ഒരു ദുർഭരണത്തിൻെറ ആവശ്യമുണ്ടായിരുന്നുള്ളു. ൧൮൧൮ വരെ ഇങ്ങനെയുള്ള ഒരു നിയമം ഇല്ലാതെ ഭരിക്കാമെങ്കിൽ, ഇവിടത്തെ ബഹുജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഭരിക്കുന്നവരാണ് നിങ്ങൾ എങ്കിൽ ആ ബഹുജനങ്ങളുടെ അഭിപ്രായം അനുസരിച്ച് ഈ നിയമം പിൻവലിച്ചു ഇവിടെ ഉള്ള നിയമംകൊണ്ട് ഭരിച്ചുകൂടേ എന്നു ഞാൻ ചോദിക്കുന്നു. എൻെറ അറിവ് ശരിയാണെങ്കിൽ ഈ ൨൩-ാംവകുപ്പിൽ പറയുന്ന ഏതു കുററം ചെയ്താലും ശിക്ഷിക്കുന്നതിനുള്ള അധികാരം—അതിനുവേണ്ട—വകുപ്പുകൾ ഇന്നത്തെ പീനൽകോടിൽ ഉണ്ട്. പിന്നെ എന്തിനാണ് ജനാധിപത്യത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്ന ഒരു ഗവൺമെൻറ് കുറുക്കുവഴിയിൽക്കൂടെ ഇങ്ങനെയുള്ള കുഴപ്പങ്ങൾ കണ്ടുപിടിക്കുവാൻ പോകുന്നത്. അക്രമപരമായ പ്രവൃത്തികൾ ചെയ്താൽ അതിനെ ശിക്ഷിക്കുവാൻ വേറെ നിയമമുണ്ട്. കൊലക്കുററം ചെയ്താൽ അതിന് ശിക്ഷിക്കുവാൻ വേറെ നിയമം ഉണ്ട്. സംഘടിതമായി നിന്ന് ഈ രാജ്യത്തെ നിയമങ്ങളെ എതിർത്താൽ അതിന് ഇന്നത്തെ പീനൽകോഡിൽ പ്രതിവിധികൾ ഉണ്ട്. ഇങ്ങനെയിരിക്കുമ്പോൾ ഇതുപോലെയുള്ള ഒരസാധാരണനിയമം ഈ നാട്ടിലെ ജനങ്ങളുടെ തലയിൽ കെട്ടിവെയ്ക്കുന്നത് എന്തൊരു അസമാധാനം ഉണ്ടായിട്ടാണ് എന്നാണ് എനിക്കു ചോദിക്കുവാനുള്ളത്. മനുഷ്യരുടെ എല്ലാ അവകാശങ്ങളേയും ചവിട്ടിമെതിച്ചുകൊണ്ട് അവർക്കെതിരായി അസാധാരണമായ ആയുധങ്ങൾ പ്രയോഗിച്ചുകൊണ്ട് ഈ രാജ്യം ഭരിക്കുന്നതിന് ജനങ്ങളുടെ പ്രാതിനിധ്യമുള്ള ഒരു ഗവൺമെൻറ് ഒരിക്കലും ആശപ്പെടുകയില്ല. ഈ അമെൻഡ്മെൻറ് ബില്ലിൻെറ തത്വത്തിന് വിരുദ്ധമാകയാലും നിങ്ങൾ അംഗീകരിക്കുന്നു എന്നു പറയുന്നതും, മറെറാരു വിഭാഗം അംഗീകരിക്കുന്നില്ലെന്നു പറയുന്നതുമായ ആ ജനകീയ സിദ്ധാന്തത്തിൻെറ പേരിലും ഞാൻ പറയുന്നു നിങ്ങൾ ഈ ബില്ല് ഇവിടെ പാസ്സാക്കരുത്; പാസ്സാക്കുവാൻ ഉദ്യമിക്കരുത്; പാസ്സാക്കുവാൻ ആവശ്യപ്പെടരുത്, എന്ന്. അതുകൊണ്ട് ബഹു. മെമ്പർമാരെല്ലാം ഒന്നുചേർന്നു ഈ ബില്ല് തള്ളിക്കളയണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

[Shri N. Raghava Kurup]

മൂന്നാമത്ത്, മറെറാരു കാരണംകൊണ്ടും ഞാൻ ഇതിനെ എതിക്കുന്നു. അതായത്ത് കഴിഞ്ഞ നാലു നാലര വഷത്തിനിടയ്ക്കു് ഇവിടെയുണ്ടായ ഒരു നിയമത്തിൽ ഈ വകുപ്പ് അടങ്ങിയിരുന്നു. ക്രിമിനൽ ലാ അമെൻറ്മെൻറ് ആക്ട് ഇവിടെ പാസ്സാക്കിയതുമൂലം എന്തെല്ലാം കുഴപ്പങ്ങളാണ് നാട്ടിൽ ഉണ്ടായതെന്നു ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾക്കറിയാം. പക്ഷെ ട്രഷറി ബഞ്ചിലിരിക്കുന്ന ബഹു. മന്ത്രിമാർ അതു് മറന്നുപോയിരിക്കാം. അതിൻെറ കഠോരമായ പല ഉപദ്രവങ്ങളും ഇന്നും നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. അതുകൊണ്ടു് എനിക്കു ഈ സഭയോടു് അഭ്യത്ഥിക്കുവാനുള്ളതു് ഈ നിയമം ആക്ടായി ഇവിടെ നടപ്പിൽ വരികയാണെങ്കിൽ കുറേക്കാലത്തേക്കുകൂടി നാട്ടിലെ ജനങ്ങളുടെമേൽ മർദ്ദനം അടിച്ചേൽപ്പിക്കുവാൻ ഇടയാകുന്നതുകൊണ്ടു് ഈ ബില്ല് സ്വീകരിക്കരുതെന്നാണ്.

നാലാമതായി, ഇതു് ക്രിമിനൽ ലായുടെ പ്രാഥമിക തത്വത്തിനു തന്നെ വിരുദ്ധമാണ്. ഒരാൾ കുററവാളിയാണെന്നു കണ്ടു അയാളുടെ മേൽ കോടതിയിൽ കേസ് എടുത്തുകഴിഞ്ഞാൽ അയാൾ കുററവാളിയല്ലെന്നു തെളിവുകൊടുക്കുന്നപക്ഷം അയാളെ വിട്ടതൽ ചെയ്യുന്നതിനുള്ള അധികാരം കോടതിക്കുണ്ടു്. ഫണ്ടമെൻറൽസ് ഓഫ് ക്രിമിനൽ ജൂറിസ് പ്രൂഡൻസ് തത്വമനുസരിച്ചു് ഒരാൾ കുററക്കാരനല്ലെന്നു തെളിവു കൊടുത്താൽ അയാളെ കുററക്കാരനല്ലെന്നു സ്ഥാപിച്ചു വിട്ടയക്കാൻ കോടതിയ്ക്കു് അധികാരമുണ്ടു്. പോലീസിൻെറ റിപ്പോർട്ട് വച്ചുകൊണ്ടു ഇവിടെയിരിക്കുന്ന മന്ത്രി ഏതെങ്കിലും ഒരു പാർട്ടി നിയമവിരുദ്ധമാണെന്നു നിശ്ചയിക്കുന്നതായാൽ അതു് ഹൈക്കോടതിയിലുള്ള നിയമവിദഗ്ദ്ധന്മാർ ശരിയാണെന്നു പറയുന്നതുവരെ നിയമവിരുദ്ധമാകയില്ല. ഈ നിയമപ്രകാരം എക്സിക്യൂട്ടീവിനു് എപ്പോൾ തോന്നുന്നുവോ അപ്പോൾ മുതൽ ഇന്ന പാർട്ടി അല്ലെങ്കിൽ ഇന്ന അസോസ്യേഷൻ നിയമവിരുദ്ധമാണെന്നു പ്രഖ്യാപിക്കുവാൻ കഴിയും. അതു് ക്രിമിനൽ ജൂറിസ് പ്രൂഡൻസിൻെറ പ്രാഥമിക തത്വത്തിനുതന്നെ വിരുദ്ധമാണ്. കോടതി തെളിവ് എടുത്തു കുററക്കാരനല്ലെന്നു പറയുന്നതുവരെ അയാൾ കുററക്കാരനാണെന്നുള്ള നില എടുക്കുന്നതു് നിങ്ങൾ പ്രഖ്യാപിക്കുന്ന ജനാധിപത്യനിയമത്തിൻെറ ഫണ്ടമെൻറൽ തത്വത്തിനു് എതിരാണ്. ഈ കാരണത്താലും ഈ നിയമം തള്ളിക്കളയണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ബഹു. നിയമവകുപ്പു മന്ത്രി പറഞ്ഞതു് ഇവിടെ ഉണ്ടായിട്ടുള്ള ഹൈക്കോടതി വിധികൾക്കെല്ലാംകൂടി ഒരു പരിഹാരമായിട്ട് ഈ ബില്ലുകൊണ്ടുവന്നിരിക്കയാണെന്നാണ്. ഹൈക്കോടതി വിധികളിൽ പൊതുവെ പറയുന്ന കാരണം എക്സിക്യൂട്ടീവിനു് അധികാരം കൊടുക്കുന്ന ഈ നിയമം തെററാണ്, ഗവമെൻറ് നോട്ടിഫിക്കേഷൻ തെററാണ് എന്നാണ്. അതു് ശരിക്കു വായിച്ചുനോക്കിയാൽ ബഹു. എല്ലാ മെമ്പറന്മാക്കും അറിയുവാൻ സാധിക്കും.

൧൬-(എ) ൧-ാം ഉപവകുപ്പിലേയ്ക്കു് ഞാൻ ഈ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യരക്ഷയ്ക്കു് ആവശ്യമെന്നു തോന്നി ൧. ൬-(എ) ഉപവകുപ്പുപ്രകാരം ഒരു സംഘടനയെ നിയമവിരുദ്ധമാണെന്നു പ്രഖ്യാപനം ചെയ്താൽ അതിനു് ഗവമെൻറിനു് പ്രചോദനം കൊടുത്തിട്ടുള്ള കാര്യങ്ങൾ ഇന്നതൊക്കെയാണെന്നു ആ അസോ

സിയേഷൻ സെക്രട്ടറിയെ അറിയിക്കണമെന്നുണ്ടു്. അതിനെ പാടെ നിഷേധിക്കുന്ന ഒന്നാണു് ൨൩-(എ) ൨-ാം ഉപവകുപ്പു്. അതിൽ പറയുന്നതു് ഇങ്ങനെയാണു്.

"Nothing in sub-section (1) shall require the Government to disclose any facts which they consider to be against public interest to disclose."

അതായതു് പൊതുതാല്പര്യത്തിനു് എതിരാണെന്നു തോന്നുന്ന ഏതൊരു കാര്യവും നിയമവിരുദ്ധമാക്കപ്പെടുന്ന സംഘടനയിലെ ആളുകളിൽനിന്നു മറച്ചുവയ്ക്കുവാൻ സർക്കാരിനു് അവകാശമുണ്ടു്. അതുകൊണ്ടു് ബഹുമാനപ്പെട്ട സഭയോടു് ഞാൻ അഭ്യർത്ഥിക്കുന്നു—ഇതു് ഹൈക്കോടതിവിധികളിൽ പറയുന്ന താല്പര്യത്തിനു് വിരുദ്ധമാണു്; സ്വേച്ഛാധിപത്യവും കൊള്ളരുതായ്മയും നടത്തുന്നതിനുള്ള മറ്റൊരുപായമാണു്; ഡെമോക്രസിയുടെ കഴുത്തിൽ കത്തിവയ്ക്കുന്ന ഒരു ഏർപ്പാടാണു്; ഈ കാരണങ്ങളാൽ ഇവിടെയുള്ള ഓരോരുത്തരും ഇതിനെ എതിർക്കണമെന്നു്.

കഴിഞ്ഞദിവസമാണെന്നു തോന്നുന്നു, ബഹു. മന്ത്രി പറഞ്ഞു ഈ ഭാഗത്തിരിക്കുന്ന ആളുകൾ ആരും ജനാധിപത്യത്തിൽ വിശ്വസിക്കുന്നില്ലാ എന്നു്. ഞാൻ അതു കേട്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. അദ്ദേഹം പറഞ്ഞു ഇവിടെ ജനാധിപത്യത്തിൽ വിശ്വസിക്കാത്ത ഒരു വിഭാഗം ആളുകൾ ഉണ്ടു്. അവരിൽ ആരും അധികാരത്തിൽ വന്നുചേരാതിരിക്കുവാൻ വേണ്ടിയാണു് കാൺഗ്രസ് ഇത്രവളരെ ത്യാഗങ്ങൾ ഒക്കെ സഹിച്ചു് കയ്‌പേറിയ ഈ ഭാരം ഏറ്റെടുത്തതു് എന്നു്. അതുകേട്ടപ്പോൾ എനിക്കു് ഒരു കഥയാണു് ഓർമ്മവരുന്നതു്. കൊച്ചുനാരായണൻ എന്നു പേരുള്ള ഒരു വിദ്യാർത്ഥിയുണ്ടായിരുന്നു. അവൻ ഒരു ദിവസം സ്കൂളിൽനിന്നു് താമസിച്ചു വീട്ടിൽവന്നു. അപ്പോൾ അച്ഛൻ ചോദിച്ചു, "പാതിരാ ആയല്ലോ എന്താണു് ഇത്ര താമസിച്ചതു്." അതുകേട്ടു് അവൻ അടുക്കളയിൽ പോയി അമ്മയോടു് അത്താഴം തരണമെന്നു ആവശ്യപ്പെട്ടു. അമ്മ പറഞ്ഞു "എന്താണു് നീ ഈ ഉച്ചസമയത്തു് അത്താഴം തരണമെന്നു പറയുന്നതു്". ഉടനെ അവൻ വെളിയിൽപോയി. അപ്പോൾ അച്ഛൻ ചോദിച്ചു, "ഈ പാതിരാസമയത്തു് എവിടെയാണു് നീ പോകുന്നതു്". അതുകേട്ടിട്ടു അവൻ പറഞ്ഞു "അമ്മ പറഞ്ഞു ഇപ്പോൾ ഉച്ചയാണു് എന്നു്". ഉടനെ അച്ഛൻ പറഞ്ഞു "അല്ലാ ഇപ്പോൾ പാതിരാ ആണു് എന്നു്". ഈ കഥയാണു് എനിക്കു ഓർമ്മവരുന്നതു്. ഇതിൽ പറഞ്ഞതുപോലെ കുറച്ചുനാൾമുമ്പു് ഞങ്ങൾ അക്രമം പ്രവർത്തിക്കുന്നവരാണെന്ന ആരോപണം ഉണ്ടായിരുന്നു. ഞങ്ങൾ ജനാധിപത്യത്തിൽ വിശ്വസിച്ചു് അക്രമം ഉപേക്ഷിച്ചു. അപ്പോൾ പറഞ്ഞു, ഞങ്ങൾ ജനാധിപത്യത്തിൽ വിശ്വസിക്കുന്നില്ലാ, വിശ്വസിക്കുന്നുവെങ്കിൽ ജനങ്ങളുടെ വോട്ടു വാങ്ങിച്ചു് അസംബ്ലിയിൽ വരട്ടെ എന്നുപറഞ്ഞു. ഞങ്ങൾ ജനാധിപത്യത്തിൽ വിശ്വസിച്ചു; തെരഞ്ഞെടുപ്പിൽനിന്നു, ജയിച്ചു ഇവിടെ വന്നു. ഇപ്പോൾ പറയുന്നു ഞങ്ങൾ ഡെമോക്രസിയിൽ വിശ്വസിക്കുന്നില്ലാ എന്നു്. ഇതിനു് എന്താണു് മറുപടി പറയേണ്ടതു്. അതുകൊണ്ടു് ഞാൻ പറയുന്നു ജനാധിപത്യത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്ന ആളുകൾ പൗരസ്വാതന്ത്ര്യവിധ്വംസകമായ ഈ നിയമത്തെ പാടെ പിഴുതെറിയാതെ നമുക്കു് യാതൊരു രക്ഷയുമില്ലാ എന്നു്. അതിനാൽ ഈ സഭ ഈ ഭേദഗതി ബില്ലിനെ തള്ളിക്കളയണമെന്ന അപേക്ഷയോടുകൂടി ഞാൻ വിരമിക്കുന്നു.

ശ്രീ. എം. ഗോപാലൻനായർ: സർ, ഞാൻ ഈ അമെൻഡ്മെൻറ് ബില്ലിനെ എതിർക്കുന്നു. ക്രിമിനൽ ലാ അമെൻഡ്മെൻറ് ആക്ടിൽ അടങ്ങിയിരുന്ന ഹൈക്കോടതി നിയമവിരുദ്ധമാണെന്നു പറഞ്ഞ ഒരു വകുപ്പ് ഒരു അമെൻഡ്മെൻറ് എന്നവ്യാജേന വീണ്ടും ഈ നിയമസഭയിൽ കൊണ്ടുവന്നു നിയമത്തിൽ പുനഃസൃഷ്ടിക്കുവാനാണ് ഗവൺമെൻറ് വിചാരിക്കുന്നത്. ആദ്യമായി ജനകീയഭരണം നിലവിലിരിക്കുന്ന ഈ കാലത്ത് ഇങ്ങനെയുള്ള ഒരു നിയമം ആവശ്യമുണ്ടോ എന്നാണ് ആലോചിക്കേണ്ടത്. ബ്രിട്ടീഷ് ഇൻഡ്യയിൽ ൧൯൦൮-ൽ ഈ ക്രിമിനൽ ലാ അമെൻഡ്മെൻറ് ആക്ട് നടപ്പിൽ വരുത്തിയതു നമ്മെ അന്നു ഭരിച്ചുകൊണ്ടിരുന്നതായ ബ്രിട്ടീഷുകാരാണ്. ഇൻഡ്യയിലെ ദേശീയ പ്രസ്ഥാനത്തിൽ കാൺഗ്രസിൻെറ ശക്തിയെ ക്ഷയിപ്പിക്കുന്നതിനാണ് അതിൽ ചില സെക്ഷൻസ് ഉണ്ടാക്കിയത്. ആ നിയമത്തിലെ ചില വകുപ്പുകൾ തിരുവിതാംകൂറിൽ സർ സി. പി. എടുത്തുപ്രയോഗിച്ചു. ആ മാതിരിയുള്ള ചില വകുപ്പുകൾ ഇന്നും ഇവിടെ നിലവിലിരിക്കുന്നതു ജനകീയഭരണമുണ്ടെന്നു അഭിമാനിക്കുന്ന നമുക്ക് ആക്ഷേപകരമാണ്. ഈ മാതിരിയുള്ള നിയമങ്ങൾ നമ്മുടെ രാജ്യത്തു നിലവിലിരിക്കുമ്പോഴാണ് ഭാഗ്യവശാൽ പുതിയ ഒരു ഭരണഘടന നമുക്കു ലഭിച്ചത്. ഈ മാതിരിയുള്ള മൗലികാവകാശത്തെ ധ്വംസിക്കുന്ന നിയമങ്ങൾ പരിശോധിക്കുവാനുള്ള അധികാരം ഭരണഘടനാപ്രകാരം ഹൈക്കോടതിക്കുണ്ട്. അങ്ങനെ ഒരധികാരമുള്ളതുകൊണ്ട് ഈ മാതിരി നിയമം ജനദ്രോഹകരമാണെന്നു കണ്ടാൽ അതിനെ നമുക്കെതിർക്കാം. ഈ വിധത്തിലുള്ള ഒരു നിയമത്തിൻെറ ആവശ്യം ഇപ്പോൾ ഇവിടെ ഉണ്ടോയെന്നുള്ള കാര്യം നിയമമന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടില്ല. ഇങ്ങനെയുള്ള ഒരു നിയമത്തിന് ഒരു യുദ്ധകാലപരിതഃസ്ഥിതി ഇവിടെ ഉണ്ടോയെന്നു എനിക്കറിവില്ല. ഈ വിധത്തിലുള്ള ഒരു പരിപാടി സ്വീകരിക്കുന്നതിന് ഒരു അടിയന്തിരസ്ഥിതി ആവിർഭവിച്ചിരിക്കുന്നതായി രാജ്യത്തിൻെറ ഏതെങ്കിലും ഭാഗത്തുനിന്നു ഏതെങ്കിലും ഒരു പാർട്ടിയുടെ ആഹ്വാനവും ഉണ്ടായിട്ടുള്ളതായി എനിക്കറിഞ്ഞുകൂടാ. ൧൬-ാം വകുപ്പു ഇപ്രകാരമാണ്.

"Interference with the administration of law, danger to public law' resistance or encouragement to resistance to law" എന്നാണ്. ഈ നിയമം പ്രയോഗിക്കുന്നതിനു ഏതു സംഘടനയാണ് തിരു-കൊച്ചിയിൽ മുന്നോട്ടുവന്നിരിക്കുന്നത്? നിശ്ചയമായും ഈ മാതിരിയുള്ള ഒരു നിയമം, പൗരസ്വാതന്ത്ര്യത്തെ നിഹനിക്കുന്ന ഒരു നിയമം, നമ്മുടെ നിയമസംഹിതയിൽ ഇരിക്കുന്നതു ജനകീയമന്ത്രിമാർക്കു ഭൂഷണമല്ലായെന്നാണ് ഞാൻ പറയുന്നത്. ഈ നിയമം ഇത്ര തിടുക്കത്തിൽ പാസ്സാക്കിയെടുക്കുന്നതു എന്തിനാണെന്നു എനിക്കു ഇതേവരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഒരു സംഗതി തീർച്ചയാണ്. അതായതു ഇന്നത്തെ ഗവൺമെൻറ് ഇതുപോലെയുള്ള അസാധാരണ നിയമങ്ങൾകൊണ്ടു മാത്രമേ രാജ്യംഭരിക്കുവാൻ കഴിയുകയുള്ളു എന്നു വിചാരിക്കുന്നുണ്ട് എന്നുള്ളതു തീർച്ചയാണ്". അവരോടു എനിക്കു പറയുവാനുള്ളതു ഇതുമാതിരിയുള്ള ഒരു അസാധാരണ നിയമത്തിൻെറ ആവശ്യം ഇവിടെ ഇല്ലായെന്നാണ്. ഏതെങ്കിലും ഒരു സംഘടന നാട്ടിൽ അക്രമങ്ങൾക്കും അസമാധാനങ്ങൾക്കും മർദ്ദനങ്ങൾക്കും പ്രേരണ ചെലുത്തുന്നുണ്ടെങ്കിൽ അവരെ ശിക്ഷിക്കുവാനുള്ള

വ്യവസ്ഥ ഇവിടത്തെ പീനൽകോഡിലുണ്ട്. ഏകാധിപത്യത്തിലേക്ക് കോൺഗ്രസ്സ് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവിടത്തെ ജനകീയ ഗവമ്മെൻറ് ഒരു ഫാസിസ്ററ് ഗവമ്മെൻറായി രൂപാന്തരപ്പെടുന്നതിൻെറ നാന്ദിയാണ് ഈ നിയമം. ഈ നിയമസഭയിൽതന്നെ ജനകീയ മര്യാദകൾക്കു വിപരീതമായി പല കാര്യങ്ങളും നിങ്ങൾ ചെയ്തിട്ടുണ്ട്. ഈ മാതിരിയുള്ള നിയമം നിലനിറുത്തുവാൻ യാതൊരു കാരണവശാലും അനുവദിക്കുവാൻ പാടില്ല. ൧൯൩൧-ൽ കറാച്ചിയിൽ വച്ചാണ് കോൺഗ്രസ്സ് മൗലികാവകാശപ്രഖ്യാപനം ചെയ്തതു്. അതു നോക്കിയാൽ ഇന്നത്തെ കോൺഗ്രസ്സ് സർക്കാർ ഈ തരത്തിലുള്ള മൗലികാവകാശ വിധ്വംസകങ്ങളായ നിയമങ്ങളെ എന്തുകൊണ്ടാണ് ന്യായീകരിക്കുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. പൗരാവകാശത്തെ കരണ്ടുതിന്നുന്ന ഈ വ്യവസ്ഥ ഒരു തരത്തിലും ഇവിടെ പാസ്സാക്കുവാൻ പാടില്ല. വീണ്ടും ഇതിനു നിയമസംഹിതയിൽ ഒരു സ്ഥാനം കല്പിക്കുവാൻ മുതിരുന്നതു ഏററവും പരിതാപകരമാണ്. അസാധാരണ അധികാരങ്ങൾക്കുവേണ്ടി നിങ്ങൾ വെമ്പൽകൊള്ളേണ്ട ആവശ്യമില്ല. നിങ്ങൾ ഈ രാജ്യത്തെ ജനങ്ങളുടെ രക്ഷയെ മുൻനിറുത്തി ഭരിക്കുവാൻ തയ്യാറാകുകയാണെങ്കിൽ ഇങ്ങനെയുള്ള അസാധാരണ നിയമങ്ങളുടെ ആവശ്യമില്ല. ഈ നിയമംകൊണ്ടു് ഒരു ഫലമേയുള്ളു. അതായതു് ഈ രാജ്യത്തെ തൊഴിലാളി സംഘടനകളുടെ നട്ടെല്ലു പൊടിക്കുവാൻ ഗവമ്മെൻറിന് ഈ നിയമംകൊണ്ടു സാധിച്ചേക്കാം. ഇവിടത്തെ തൊഴിലാളി യൂണിയനുകളുടെ ഇടയിൽ ചില കരിങ്കാലി യൂണിയനുകൾ പ്രവത്തിച്ചു തുടങ്ങിയിട്ടുണ്ട്. മുതലാളികളും തൊഴിലാളികളും തമ്മിൽ തൊഴിൽത്തക്കമുണ്ടാകുമ്പോൾ അതു് സമാധാനപരമായി തീക്കാതിരിക്കുന്നതിന് ഈ കരിങ്കാലി യൂണിയനുകൾ ചിലപ്പോൾ അക്രമവും അസമാധാനവും ഉണ്ടാക്കാറുണ്ട്.

ഇങ്ങനെയുള്ള അവസ്ഥ സംജാതമാകുമ്പോൾ തൊഴിലാളി സംഘടനകളെ നിരോധിക്കേണ്ടതായി വന്നേക്കും. ഇപ്പോൾ അങ്ങനെ യാതൊരു അവസ്ഥയും ഉണ്ടായിട്ടില്ല. ഞാൻ പറയുന്നതു ഈ കരിങ്കാലി സംഘടന......

ശ്രീ. പി. വി. അവിരാത്തരകൻ: ഈ സംഘടനകൾ രജിസ്റ്റേടാണോ?

ശ്രീ. എം. ഗോപാലൻനായർ: എനിക്കറിഞ്ഞുകൂടാ.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അവക്ക് ഈ നിയമസഭയിൽ പ്രാതിനിധ്യമുണ്ടോ?

ശ്രീ. എം. ഗോപാലൻനായർ: ഉണ്ടോയെന്നറിഞ്ഞുകൂടാ. ഏതായാലും ഗവമ്മെൻറ് മാനേജ്മെൻറ് യൂണിയനോട് അനുകൂലമനോഭാവവും തൊഴിലാളി യൂണിയനോട് മർദ്ദനമനോഭാവവുമാണ് പ്രദശിപ്പിക്കാറുള്ളതു്.

**Shri Nedumangad R. Kesavan Nair:** Sir, on a point of order. Is it in order for the hon. Members to speak to each other ?

**Mr. Speaker:** It is not permitted to the members to carry on conversations. Every question is expected to be put through the Speaker to the Member who is in possession of the House. If the Member who is speaking

[Mr. Speaker]

wants to answer any question he should yield first by sitting down and then hear the question. Then he should stand up and answer while the questioner should sit down and hear the answer. This is the proper procedure.

ശ്രീ. എം. ഗോപാലൻ നായർ: ഞാൻ പറയുന്നതു് ഇങ്ങനെയുള്ള യൂണിയനുകൾ ധാരാളമുണ്ടു്. കരിങ്കാലി യൂണിയൻ ഉണ്ടു്. കോൺഗ്രസ്സുകാരും ഇങ്ങനെയുള്ള യൂണിയനുകൾ ചേർക്കുന്നുണ്ടു്. അവർക്കു് അനുകൂലമായി കാര്യങ്ങൾ നടത്തുന്നതിനു യൂണിയനുകളെ സംഘടിപ്പിക്കുന്നുണ്ടു്. ഇങ്ങനെയുള്ള യൂണിയനുകൾ സംഘടിപ്പിച്ചു മററു തൊഴിലാളി യൂണിയനുകളെ ഉപദ്രവിക്കുവാൻവേണ്ടി ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ അവർ നടത്തുന്നുണ്ടു്. ഏതായാലും ഈ പരിതഃസ്ഥിതിക്കു് ഒരു മാററംവരുത്താതെ തരമില്ല. ഈ നിയമം വച്ചുകൊണ്ടു ആരെ വേണമെങ്കിലും ഉപദ്രവിക്കാം. ഇതു് ഒരു വലിയ ഭാരമാണു്. ഏതായാലും ഈ അമെൻറുമെൻറു് എതിർക്കേണ്ട ഒന്നാണു്. അതിനാൽ ഞാൻ ഇതിനെ എതിർക്കുന്നു.

**Shri R. Ponnappa Nadar :** Sir, I rise to oppose this Bill. My first submission is that this bill is opposed to the principle embodied in Article 90, clause (c) of the Indian Constitution. I may, with your permission, read the clause.

"All citizens shall have the right to form associations or unions".

My submission is that this is an inroad into the fundamental rights that have been conferred to all the citizens as per the Constitution. And, as has been urged on the floor of this House, this is a legislation that is calculated to impugn the rights of the public. It not only affects the right of the people but seeks to give the executive the right to say arbitrarily 'such and such associations are unlawful'. In Section 3, as clause (2) it is provided that "Nothing in sub-section (1) shall require the Government to disclose any facts which they consider to be against public interest to disclose." Under this clause arbitrary powers are conferred on the executive and the reasons for such decisions, it is provided, need not be disclosed even to a tribunal or to an advisory body. My submission is that this is against the principles embodied in the Constitution and this legislation is brought forward only to penalise certain trade unions and other associations.

It has been said in the Objects and Reasons attached to this Bill, that, because of the fact that the ruling reported in A.I.R. 1951, Madras, 147 which showed that several observations were brought to notice in that ruling these observations have been given as clauses 1 to 5 in the Objects and Reasons. Sir, it is a clever ruse to circumvent the observations made in that ruling.

*Shri A. J. John rose.*

**Mr. Speaker :** Is the hon. Member yielding?

**Shri R. Ponnappa Nadar :** No, Sir, I am not yielding. So, this legislation is only a clever ruse for the executive to impugn the right conferred by the Constitution and it is ultra vires of the powers of this Legislature to have brought forward an amendment to Section 23. Sections 23 to 30 give power to Government to declare unlawful certain associations. But this is not contemplated by this Act. So, my submission is that this legislation would adversely affect the public, and as such it should not be made into law. I request the Members of this House to reject this amendment.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ചില വസ്തുതകൾ ഈ സഭ മുമ്പാകെ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഞാൻ ഇതിനെ എതിർക്കുന്നത്. സർ, ഈ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് ഈ നാട്ടുകാരെല്ലാം കരിനിയമം എന്നു വിളിച്ചിട്ടുള്ള ഒരു നിയമത്തിനു വേറൊരു കരിംഭേദഗതി കൊണ്ടുവരുവാൻവേണ്ടിയാണ്. അതിനുള്ള കാരണം ഇതാണ്. ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ള മന്ത്രി പറഞ്ഞു, മദ്രാസിലെ ചില ഹൈക്കോർട്ട് വിധികളൊക്കെ അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്; അതുംകൂടി ആദരിച്ചുകൊണ്ടാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്ന്. എന്നാൽ ൧൯൫൦ സെപ്തംബറിലാണ് അവിടെ ഇതിനെസംബന്ധിച്ചുള്ള ഹൈക്കോർട്ട് വിധിയുണ്ടായത്. എന്നാൽ ഇവിടെ ഈ ബിൽകൊണ്ടുവന്നത് അഞ്ചുമാസത്തിനു മുമ്പാണ്. ഈ ഭേദഗതികൊണ്ട് പൊതുരക്ഷാനിയമത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നതല്ലാതെ കുറയുന്നില്ല. മിസ്റ്റർ വി. ജി. റാവുവിന്റെ കേസിൽ ഇങ്ങനെ തീരുമാനിച്ചു, അതുകൊണ്ട് ഇപ്പോൾ ഈ ഭേദഗതി നിയമം കൊണ്ടുവരുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. വി. ജി. റാവുവിന്റെ കേസ് വിധി ൧൯൫൦ സെപ്തംബറിലായിരിക്കെ ൧൯൫൦ ജനുവരിയിലാണ് സംഘടനകളെ ഇവിടെ ആദ്യം നിരോധിച്ചത്. ൧൯൫൦ ജനുവരി ൨-ാം തീയതി മുതൽ ഈ ഭേദഗതി ബിൽ വരുന്നതുവരെഅതായത് രണ്ടു കൊല്ലക്കാലമായി ഇവിടെ പലതും നടന്നിട്ടുണ്ട്. അനേകം അനേകം ആളുകളെ ജയിലിൽ ആക്കുകയും പലരേയും മർദ്ദിക്കുകയും കൊല്ലുകയും ചെയ്തിട്ടുണ്ട്. മാതാവിനെ പുത്രനെതിരായി സാക്ഷി കൊടുപ്പിക്കുക, സഹോദരിയെ സഹോദരനെതിരായി മൊഴികൊടുപ്പിക്കുക, ഇങ്ങനെ മാതൃപുത്രബന്ധമോ സഹോദരസ്നേഹമോപോലും അവരിൽ നശിപ്പിച്ചു പല അക്രമങ്ങളും ഈ നാട്ടിൽ ഈ കോൺഗ്രസ്സ് ഭരണകാലത്ത് ഉണ്ടായിട്ടുണ്ട്. യാതൊരു പരിഷ്കൃത ഗവൺമെന്റും ചെയ്യുവാൻ ഒരുങ്ങാത്ത പല നീചകൃത്യങ്ങളും പല സംഭവങ്ങളും ഈ നാട്ടിൽ കോൺഗ്രസ്സിന്റെ ഭരണകാലത്ത് ഉണ്ടായിട്ടുണ്ട്. അവയെ എല്ലാം മൂടിവച്ചുകൊണ്ടു ഒരു പുതിയ ഭേദഗതികൊണ്ടു അവയ്ക്കു നിയമസമ്മതി വാങ്ങിക്കുവാനാണ് സർ, ഈ ഗവൺമെന്റ പണിപ്പെടുന്നത്. രണ്ടുകൊല്ലക്കാലം ഈ കരിനിയമംകൊണ്ട് ആളുകളെ ഉപദ്രവിച്ച്, ഭരണഘടനക്ക് വിരുദ്ധമായ രീതിയിൽ, നിയമവിരുദ്ധമായ രീതിയിൽ അവർ പ്രവർത്തിച്ചു—

ശ്രീ. ടി. എം. വർഗ്ഗീസ്: സർ, ഒരു പായിന്റ് ഓഫ് ആർഡർ. അമൻഡമെന്റ ബില്ല് ചർച്ചക്കു വിഷയമാകുമ്പോൾ ഒറിജിനൽ ബില്ലിനെപ്പററി വാദപ്രതിവാദം നടത്താമോ?

**Mr. Speaker**: When the previous bill was under consideration I had given a ruling on that point Now, when this amending bill is discussed in this House, the discussion should be confined to the scope of the amendment. So far, I have understood that the hon. Members were confining themselves to the scope of the amendment. We need not go into discussion on the fundamental principles on which this Bill was drafted and brought into force.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഞാൻ നിലവിലുള്ള നിയമത്തിന്റെ ഭേദഗതിയെ കരിനിയമത്തിനു ഒരു കരിംഭേദഗതി കൊണ്ടുവന്നിരിക്കുന്നു എന്നു പറയാനാണ് ഉദ്ദേശിക്കുന്നത്. ഈ ഭേദഗതികൊണ്ടു

[Shri K. V. Krishnankutty Warrier]

മുമ്പത്തെ നിയമത്തിൽനിന്നും ഇതു് കൂടുതൽ രൂക്ഷതരമാക്കുകയാണു് എന്നാണു് ഞാൻ പറഞ്ഞുകൊണ്ടുവന്നതു്. സർ, എന്താണു് ഈ ഭേദഗതി? സംഘടനകളെ നിരോധിച്ചു കഴിഞ്ഞിട്ടു ഉണ്ടാകുന്ന മർദ്ദനവിളയാട്ടത്തിനിടക്കു വേണമെങ്കിൽ ഒരു ഹൈക്കോട്ട് വിധി സമ്പാദിക്കുവാനുള്ള ഒരു ഭേദഗതിയാണു് ഇതിലുള്ളതു്. അതായതു് രണ്ടുമാസത്തിനുള്ളിൽ നിരോധിക്കപ്പെട്ട പാർട്ടി ഹൈക്കോർട്ടിൽനിന്നും ഒരു വിധി സമ്പാദിക്കുകയാണെങ്കിൽ നടപടി പിൻവലിക്കുമെന്നുള്ളതാണു്. സർ, ഇതു് നടപ്പുവരാത്ത ഒരു കാര്യമാണു്. പ്രായോഗികമായി എന്തെല്ലാം ബുദ്ധിമുട്ടുകൾ ഇതിലുണ്ടെന്നു് ഞാൻ പ്രത്യേകിച്ചു് പറയേണ്ടതില്ലല്ലോ. ആളുകളെ ജയിലിൽ ആക്കിക്കഴിഞ്ഞു അവരെ ലാക്കപ്പുകളിൽ ആക്കികഴിഞ്ഞിട്ടു് അവക്കു് ഹൈക്കോടതിയിൽനിന്നും വിധി സമ്പാദിക്കാമെന്നു പറഞ്ഞാൽ എങ്ങനെയാണു് സാധിക്കുക? മാത്രമല്ല അവക്കു് ആരെങ്കിലും സഹായങ്ങൾ ചെയ്തുകൊടുക്കുന്നതായാൽ അവരേയും ഈ നിയമം വച്ചുകൊണ്ടു് ജയിലിൽ ആക്കാവുന്നതാണു്. അവക്കു് ഒരു നേരത്തെ ഭക്ഷണമൊ ഒരു കപ്പു ചായയോ വാങ്ങിച്ചുകൊടുത്താൽ അവരേയും ഈ നിയമംവച്ചുകൊണ്ടു് ജയിലിൽ ആക്കാവുന്നതാണു്. പ്രതികളോടു് ആരെങ്കിലും എന്തെങ്കിലും സംസാരിച്ചുപോയാൽ അവരേയും ഈ നിയമം ബാധിക്കും. അമ്മ മകനു ഭക്ഷണം കൊടുത്താൽ അവരേയും വേണമെങ്കിൽ ഈ നിയമംവച്ചുകൊണ്ടു പിടിക്കാം. അങ്ങനെയിരിക്കെ ആരുമുഖാന്തിരം വിധിസമ്പാദിക്കുവാൻ സാധിക്കും? അതും ഇങ്ങനെയുള്ള കർശന നിയന്ത്രണങ്ങൾ ഇരിക്കുമ്പോൾ രണ്ടുമാസത്തിനുള്ളിൽ എങ്ങനെ വിധി സമ്പാദിക്കും? ഇവിടത്തെ കോടതികളുടെ രീതിയിലാണെങ്കിൽ ഒരു കൊല്ലത്തിനകമെങ്കിലും ഇതിനൊരു വിധി സമ്പാദിക്കുവാൻ സാധിക്കുമോ എന്നു് സംശയമാണു്. രണ്ടുമാസത്തിനുള്ളിൽ വിധി സമ്പാദിച്ചില്ലെങ്കിൽ നിരോധിച്ചതു്, ജയിലിലാക്കിയതു് ഇവയെല്ലാം ശരിയാണെന്നു് നിയമംകൊണ്ടു് വരുത്താവുന്നതുമാണു്. സർ, അതിനാണു് ഇവിടെ ഈ ഭേദഗതികൊണ്ടുവന്നിരിക്കുന്നതു്. ശ്രീ. ടി. വി. തോമസ് അവർകൾ ഒരു ഹേബിയസ് കാർപ്പസ് പെറ്റീഷൻ കൊടുത്തിട്ടു പത്തുമാസത്തിലധികം കാലമായി വിചാരണതന്നെ നടത്തിയില്ല.

3 P.M.]

ഇംഗ്ലണ്ടിലാണെങ്കിൽ ൨൪ മണിക്കൂറിനുള്ളിൽവിധി പറയേണ്ടതാണു്. ഈ നിലയിൽ രണ്ടു മാസത്തിനുള്ളിൽ കൊടുക്കാമെന്നു പറയുന്നതു് പ്രായോഗികമായിട്ടു് അഗ്രീവിഡ് ആയിട്ടുള്ള ആളുകൾക്കു് സാദ്ധ്യമല്ല. രണ്ടു മാസത്തിനകം വിധി സമ്പാദിച്ചില്ലെങ്കിൽ പിന്നെ യാതൊന്നും പ്രവർത്തിക്കാനും നിവൃത്തിയില്ല. ഇതു് വ്യാജമാണു്. രണ്ടു മാസമെന്നു പറയുന്നതു് ഇല്യൂസറിയായ ഒരവകാശമാണു്. ഭരണഘടനയിലെ ൧൪-ാം വകുപ്പാണു് ഈ വിഷയത്തെപ്പററി പ്രതിപാദിക്കുന്നതു്. ആ ഭരണഘടനയിൽതന്നെ മനുഷ്യരെല്ലാം നിയമത്തിൻെറ മുമ്പിൽ സമന്മാരാണെന്നു പറഞ്ഞിട്ടുണ്ടു്. മനുഷ്യരെല്ലാം തുല്യാവകാശമുള്ളവരാണെങ്കിൽ നിയമവിരുദ്ധമായ ഒരു സംഘടനയിലെ അംഗമെന്ന നിലയിൽ ഒരാളെ അറസ്ററു ചെയ്യുമ്പോൾ ആ ആൾക്കു് അയാളുടെ നിലയെപ്പററി പറയാനുള്ള അവകാശമുണ്ടായിരിക്കണം. തൻെറ സംഘടനക്കു് നിയമവിരുദ്ധമായ ലക്ഷ്യമൊന്നുമില്ലെന്നു കോടതിയിൽ അറിയിക്കാനുള്ള അവകാശം അയാൾക്കുണ്ടായിരിക്കണം. ഏതെങ്കിലും നിസ്സാരകാരണത്തിനു

വേണ്ടി ഒരാളെ പിടിക്കുമ്പോൾ അയാൾക്ക് പറയാനുള്ളത് അറിയിക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കാതിരിക്കുന്നത് ഒരു പൗരന്റെ പ്രാഥമികമായ പൗരസ്വാതന്ത്ര്യത്തെ നിഷേധിക്കലാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് നിയമവിരുദ്ധമായിട്ടുള്ള ഒരു സംഘടനയിലെ ആളുകൾക്ക് ആ സംഘടന നിയമവിരുദ്ധമല്ല എന്നു തർക്കിക്കാൻ അവകാശമുണ്ടെന്ന്. പക്ഷെ ഗവൺമെന്റ് എല്ലാ അവകാശങ്ങളും അടക്കിവച്ചിരിക്കുകയാണ്. ഗവൺമെന്റ് നിയമവിരുദ്ധമായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ ചോദ്യം ചെയ്യാൻ നിവൃത്തിയില്ല. അത് equality before law അല്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മദ്രാസിൽ വി. ജി. റാവുവിന്റെ കേസിൽ വിധി പുറപ്പെട്ട രണ്ടാഴ്ചകളിൽ നിയമം പിൻവലിച്ചു. ഇവിടെ പിന്നേയും നിരോധനം നീട്ടിക്കൊണ്ടുപോവുകയാണ് ചെയ്തിട്ടുള്ളത്. പാർലമെന്റിലേക്ക് തിരഞ്ഞെടുപ്പിനുനിന്ന അംഗങ്ങളെപ്പോലും നിയമവിരുദ്ധമായ സംഘടനയിലെ അംഗമെന്ന നിലയിൽ തടങ്കലിൽ വച്ചു. ഇത്തരം അന്യായങ്ങൾ ജനങ്ങളുടെ നേരേ കാണിച്ചതുകൊണ്ട് കാൺഗ്രസ്സിന്റെ ൧൪൪ ഇപ്പോൾ ൪൪ ആയി ശോഷിച്ചുപോയിരിക്കുകയാണ്. എന്നിട്ടും അഭിമാനത്തോടുകൂടി ഭരിക്കാൻ പോകുന്നു എന്നാണ് പറയുന്നത്. അഭിമാനം ലവലേശമെങ്കിലുമുണ്ടെങ്കിൽ ഭരണഘടനയെ മാനിച്ചുകൊണ്ട് മദ്രാസ് ഹൈക്കോടതിയും കൽക്കട്ടാ ഹൈക്കോടതിയും സുപ്രീംകോടതിപോലും പറഞ്ഞിട്ടുള്ളതിന് എതിരായി പ്രവർത്തിക്കുന്നതു ശരിയല്ല. അങ്ങനെ ചെയ്യുന്നത് ഒരു ധിക്കാരമാണെന്നാണ് ഞാൻ പറയുന്നത്. സുപ്രീം കോടതിയിൽ കേസ് ഇപ്പോൾ ഇരിക്കുകയാണെന്നറിയാം. അവിടത്തെ വിധി വരുന്നതുവരെ ഇവർക്കു കാത്തിരിക്കാനുള്ള ക്ഷമ എന്തുകൊണ്ടാണ് ഇല്ലാതെ പോയത്. എന്തുകൊണ്ട് ഇവർ ഹൈക്കോടതിവിധിയെ മാനിച്ചുകൊണ്ട് നിരോധനങ്ങളെല്ലാം പിൻവലിച്ച് സ്വാതന്ത്ര്യവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പിനുള്ള അവകാശം നൽകിയില്ല. വാസ്തവത്തിൽ ഈ അമൻറുമെൻറുകൊണ്ട് കൂടുതൽ ദ്രോഹമാണുണ്ടാകുന്നത്. ഇത് സദസ്സിനു വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഈ നിയമം ഈ അസംബ്ലിയിൽ പാസാക്കി അച്ചടിക്കുകയാണെങ്കിൽ ആ കടലാസിനുള്ള വിലപോലും അതിനുണ്ടാകയില്ല. അതിലുള്ള എല്ലാ നിയമവശങ്ങളും ഈ നാട്ടിലെ ബുദ്ധിയുള്ള ആളുകൾ മനസ്സിലാക്കിയിട്ടുണ്ട്. ഈ ൨൩-ാം വകുപ്പ് എന്നെന്നേക്കുമായി ഇല്ലാതായിക്കഴിഞ്ഞു. ഇതിന് ഒരു ഭേദഗതി കൊണ്ടുവരുന്നത് അജ്ഞതയോ ധിക്കാരമോ എന്താണെന്നു ഞാൻ പറയുന്നില്ല. രണ്ടും കാണും. രണ്ടുരണ്ടരക്കൊല്ലമായി നിയമവിരുദ്ധമായി ഈ രാജ്യത്ത്—

**Mr. Speaker:** The hon. Member has been repeating the very same point over and over again.

**ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ:** ഞാൻ അവസാനിപ്പിക്കുകയാണ്. രണ്ടുരണ്ടരക്കൊല്ലമായി ഈ ഗവൺമെന്റിന്റെ കീഴിൽ ഭരണഘടനയെ അവഗണിച്ചുകൊണ്ടും മൗലികാവകാശങ്ങളെ അവഗണിച്ചുകൊണ്ടും പല സംഗതികളും നടന്നിട്ടുണ്ട്. കമ്യൂണിസ്റ്റുകാരോട് ചെറിയ ബന്ധം പുലർത്തി എന്നുള്ളതുകൊണ്ട് പല ഉദ്യോഗസ്ഥന്മാരേയും സർവ്വീസിൽനിന്നു പിരിച്ചുവിട്ടിട്ടുണ്ട്. ആ കാലത്തുതന്നെ കമ്യൂണിസ്റ്റുപാർട്ടിയുടെ നിരോധനം നിലനിൽക്കത്തക്കതല്ലെന്നു വിധിയുണ്ടായിട്ടുണ്ട്. എന്നിട്ടും നിയമവിരുദ്ധമായ സംഘടനയിൽ പ്രവർത്തിച്ചു എന്നുള്ള പേ

[Shri K. V. Krishnankutty Warrier]

രിൽ വളരെ വളരെ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്ന മർദ്ദിതരായ ആളുകൾക്ക് എന്തൊരു പരിഹാരമാണ് ഈ ഗവമെന്റ് കൊടുക്കാനുദ്ദേശിക്കുന്നതെന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്. ഈ നാട്ടിലെ അനേകം പൗരന്മാരോടു ചെയ്തിട്ടുള്ള ദ്രോഹ്യചെയ്തികൾക്ക് ഇന്നു് പരിഹാരം ഉണ്ടാക്കേണ്ടതാണ്. അതിനുപകരം കൂടുതൽ രൂക്ഷതരമായ നിലയിൽ കർക്കശമായ ഒരു നിയമം ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുകയാണ്. ഈ ഭേദഗതി എന്താണെന്നുള്ളതിനെപ്പറ്റി അറിഞ്ഞാൽ ഈ ബിൽ സഭ തള്ളിക്കളയുമെന്നു് എനിക്കു് ഉറപ്പുണ്ടു്. അല്ലാത്തപക്ഷം ഭേദഗതിയെപ്പറ്റി വിശദമായി ചർച്ച ചെയ്യേണ്ടിവരും. എനിക്കു് ഈ സഭയിൽ പറയാനുള്ളതു് ഇന്നു് ഈ ഭേദഗതിയുടെ യാതൊരു ആവശ്യവുമില്ലെന്നാണ്. ഇതു് ഒരു പരിഷ്കൃത ഭേദഗതിയല്ല. ഒരു പരിഷ്കൃത ഗവമെന്റിന്റെ നിയമസംഹിതയിൽ സ്ഥലം പിടിക്കാൻ പറ്റുന്ന ഒരു നിയമമല്ല ഇതു്. ഇംഗ്ലണ്ടിൽ ഇങ്ങനെയൊരു നിയമംകൊണ്ടു് വന്നാൽ ൨൪ മണിക്കൂർ ഗവമെന്റിനു് നിലനിൽക്കാൻ സാധിക്കുന്നതല്ല. ആസ്ട്രേലിയായിൽ ഇങ്ങനെയൊരു നിയമം കൊണ്ടുവന്നപ്പോൾ അവിടെ റഫറണ്ടം എടുത്ത കഥ നമുക്കറിയാം. ബ്രിട്ടീഷ് ഡെമോക്രസിയുടെ മാതൃകയാണല്ലോ നാം സ്വീകരിച്ചിട്ടുള്ളതു്. അവിടത്തെ ആ ഗവമെന്റ് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നാൽ ൨൪ മണിക്കൂറിൽ കൂടുതൽ നിലനിൽക്കുകയില്ല. ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതു് ധിക്കാരമാണ്. കരിനിയമത്തിനു കൊണ്ടുവന്നിരിക്കുന്ന രൂക്ഷമായ ഈ കരിംഭേദഗതിയെ എതിർക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

<u>ശ്രീ. ടി. കെ. ദിവാകരൻ:</u> ഈ ഭേദഗതി ബില്ലിനെ ഞാൻ എതിർക്കുന്നു. ഈ അവസരത്തിൽ എന്റെ ഓർമ്മ ൧൧൧൪ ചിങ്ങം ൧൦-ാം തീയതിലേക്കാണ് പോകുന്നതു്. സ്റ്റേറ്റുകോൺഗ്രസിനെ നിയമവിരുദ്ധമാക്കിക്കൊണ്ടു് ൧൧൧൪-ലെ ൧-ാം റഗുലേഷനായി പുറപ്പെടുവിച്ച ഗസററ നോട്ടിഫിക്കേഷൻ ലക്ഷക്കണക്കിനുള്ള ആളുകളുടെ മദ്ധ്യേവച്ചു് പരസ്യമായി വലിച്ചുകീറിക്കൊണ്ടു് ആഹ്വാനം നൽകിയ ഒരു കക്ഷിയിലെ ആളുകളാണ് ഇന്നിവിടെ ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു്. അതിനുശേഷം ഈ രാജ്യത്തു് മറെറാരു അടിയന്തിരാധികാരനിയമം സർ സി. പി. രാമസ്വാമി അയ്യർ നടപ്പിലാക്കിയ അവസരത്തിൽ ആ നിയമത്തിന്റെ കീഴിൽ ശ്വാസോച്ഛ്വാസം ചെയ്യുന്നതിനോ വെള്ളം കുടിക്കുന്നതിനുപോലുമോ നിവൃത്തിയില്ലെന്നു ഈ കക്ഷിയിലെ ഉന്നതന്മാരായ നേതാക്കന്മാർ അന്നു പറഞ്ഞിട്ടുള്ളതാണ്. സർ, ജനാധിപത്യഭരണത്തിന്റെ കീഴിൽ ഏതെങ്കിലുമൊരു കരിനിയമത്തിന്റെ ആവശ്യം കൂടാതെ ഭരിക്കണം. അതാണ് ജനാധിപത്യത്തിന്റെ പരിപൂർണ്ണമായ വിജയത്തെ കാണിക്കുന്നതു്. ഈ നിയമത്തിലെ നിയമപരമായ എല്ലാ തടസ്സങ്ങളെപ്പററിയും ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞുകഴിഞ്ഞു. എനിക്കു് ഈ അവസരത്തിന്റെ പ്രത്യേകതയെപ്പററിയാണ് ഈ സഭയിലെ അംഗങ്ങളെ പ്രത്യേകമായി ഓർമ്മിപ്പിക്കാനുള്ളതു്. കോൺഗ്രസ് പാർട്ടി ൧൪൪ ആളുകളുടെ ശക്തിയിൽ ഒരു ന്യൂനപക്ഷമായിട്ടു് സകല പ്രതിപക്ഷാഭിപ്രായങ്ങളേയും നിഷേധിച്ചു നാലുകൊല്ല

ക്കാലം ഈ രാജ്യത്തു ഭരണം നടത്തി ചുമതലക്കണ്ണീർ പൊഴിച്ചതിന്റെ ശേഷം ആ കണ്ണീർ പൊഴിച്ച് വളരെ വളരെ ശുഷ്കിച്ച് ഇന്ന് ൪൪ ആളുകളായി തീന്നിരിക്കുകയാണ്. ഇന്ന്. ഏതാനും സ്വതന്ത്രന്മാരുടെ സഹായത്തോടു കൂടിയാണ് ഈ മന്ത്രിസഭ ഭരണം നടത്തിക്കൊണ്ടു പോകുന്നതു്.

**Mr. Speaker:** What has the Member to say to the amendment proposed?

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ അവസരം പ്രാധാന്യമർഹിക്കുന്നതാണ്. വളരെ ശക്തിയേറിയ ഒരു പ്രതിപക്ഷം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അധികാരത്തിലിരിക്കുന്ന കക്ഷിക്ക് ഈയവസരത്തിൽ ഈ നിയമം അനുവദിച്ചുകൊടുക്കുകയാണെങ്കിൽ വളരെ നിസ്സാരമായ കാര്യങ്ങൾക്കുവേണ്ടി ഏതെങ്കിലും ഒരു സംഘടനയെ നിരോധിച്ചശേഷം പ്രതിപക്ഷത്തിരിക്കുന്ന ഒന്നോ രണ്ടോ ആളുകളെ അകത്തു വക്കുന്നതിന് സൗകര്യം നൽകുന്നതാണ്. പ്രത്യേകിച്ചും ശക്തിയേറിയ ഒരു പ്രതിപക്ഷത്തിന്റെ കൈകരുത്തിൽപ്പെട്ടു കണ്ണു തെളുന്ന ഒരു മന്ത്രിസഭ അങ്ങനെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്നു കഴിഞ്ഞകാലത്തെ അനുഭവങ്ങൾവച്ചു കൊണ്ട് എനിക്കു പറയാൻ സാധിക്കും. ശൂരനാട്ട് ഒരു പോലീസ് ഇൻസ്പെക്ടർ മീൻപിടിത്തം സംബന്ധിച്ചുണ്ടായ ഒരു ലഹളയിൽ കൊല്ലപ്പെട്ടു എന്നുള്ള കാരണത്താൽ ഈ രാജ്യത്തെ വളരെ ശക്തിയേറിയ തൊഴിലാളി സംഘടനകളേയും രാഷ്ട്രീയകക്ഷികളേയും നിരോധിച്ച ഒരു കക്ഷിക്ക് ഇങ്ങനെയുള്ള സ്വാതന്ത്ര്യംകൂടി അനുവദിക്കണമെന്നുള്ളതാണ് അധികാരത്തിലിരിക്കുന്ന കക്ഷി ഈ ഭേദഗതിമൂലം ആവശ്യപ്പെടുന്നതു്. ഇതിൽ പറഞ്ഞിരിക്കുന്ന രണ്ടുമാസത്തിനകം ഹൈക്കോടതിയിൽ ഒരു ഹർജി കൊടുക്കാൻ കഴിയുമോ? എറണാകുളത്ത് ഹൈക്കോടതിയുടെ വാതുക്കൽവച്ചുപോലും ഹർജി കൊണ്ടുപോകുന്ന ഒരാളിനെ നിയമവിരുദ്ധമായ സംഘടനയിലെ ആളാണെന്നു പറഞ്ഞ് അറസ്റ്റ് ചെയ്യാനുള്ള സൗകര്യമുണ്ട്. അങ്ങനെയിരിക്കെ നിരോധിക്കപ്പെട്ട ഒരു സംഘടനയിലെ അംഗത്തിന് എങ്ങനെയാണ് കോടതിയുടെ മുമ്പിൽപോയി ഒരു വിധി സമ്പാദിക്കാൻ സാധിക്കുക. കോടതിയിൽ പോകണമെങ്കിൽ തീർച്ചയായിട്ടും റോഡിൽക്കൂടിതന്നെ പോകണം. ഒരു പോലീസ്കാരന് അങ്ങനെ പോകുന്ന ഒരാളെ അറസ്റ്റ് ചെയ്യാനുള്ള അധികാരമുണ്ട്. ഈ രണ്ടു മാസത്തിനിടയിൽ എങ്ങനെയാണ് ഇതിനൊരു പരിഹാരമുണ്ടാക്കാൻ ഈ നിലയിൽ ഒരു നിരോധിക്കപ്പെട്ട കക്ഷിയിലെ അംഗത്തിനു കഴിയുക. അതു മാത്രവുമല്ല ഈ നിരോധനം പ്രതിപക്ഷത്തെ അടിച്ചുമർത്തുന്നതിനായിട്ടാണ് ഉപയോഗിച്ചിട്ടുള്ളതെന്നു പറയാൻ കഴിയും. ഈ രാജ്യത്തെ പ്രതിപക്ഷകക്ഷികളെയാണ് ഇതു വളരെ ബാധിക്കുന്നതു്. ഒരു ചെറിയ ന്യൂനപക്ഷത്തോടുകൂടിയിരിക്കുന്ന മന്ത്രിസഭ പ്രതിപക്ഷത്തെ അമർച്ച ചെയ്യുന്നതിന് എല്ലാ ഹീനമാർഗ്ഗങ്ങളും ഉപയോഗിക്കുമെന്നാണ് കഴിഞ്ഞ കാലത്തെ അനുഭവങ്ങളിൽനിന്നും ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ഈ പശ്ചാത്തലത്തിൽ ഈ ഭേദഗതി പാസാകുന്നതുമൂലം ഈ രാജ്യത്തെ പ്രതിപക്ഷകക്ഷികൾക്ക് പല ഉപദ്രവങ്ങളും നേരിടേണ്ടിവരും. ഇപ്പോഴത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം ഈ പോലീസുകാരുടെ ഇടപെടൽ നാടുമുഴുവൻ നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ഈ നിയമസഭയിൽ ഇരിക്കുമ്പോൾതന്നെ കായംകു

[Shri T. K. Divakaran]

ഉത്തു അൻപതോളം തൊഴിലാളികളെ പോലീസ് അറസ്റ്റ ചെയ്തിട്ടുള്ളതായി എനിക്ക ഒരുകമ്പി കിട്ടിയിട്ടുണ്ട്. തൊഴിലാളിസംഘടനകളെ നിയമവിരുദ്ധമായി പ്രസ്താവിക്കുന്നതിനുള്ള ഒരധികാരമാണ് ഈ ഭേദഗതി ഈ ബില്ലിൽ ചേക്കുന്നതുമൂലം ഇന്നത്തെ ഭരണത്തിലിരിക്കുന്ന കക്ഷിക്ക കിട്ടുന്നതു്.

സർ, എപ്പോഴും നിയമങ്ങൾ പ്രയോഗിക്കുന്നതു് നീക്കിബാക്കിയില്ലാത്തവന്റെ അടുക്കളവരെ കയറിയാണ്. അങ്ങനെ പോലീസുകാർ നിയമങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളതായി പല അവസരങ്ങളും ഞങ്ങളുടെ അനുഭവത്തിൽപ്പെട്ടിട്ടുണ്ട്. ഈ രാജ്യത്തു സമാധാനം പാലിക്കുന്നതു് തൊഴിലാളികളേയും അവരുടെ സംഘടനകളേയും മദ്ദനത്തിനു വിധേയരാക്കിക്കൊണ്ടാണ്. ഈ രാജ്യത്തെ ഒരു മുതലാളിയുടെ പേരിലെങ്കിലും വ്യാവസായികമായ അസമാധാനത്തിനിടയാക്കി എന്നുള്ളതിലേയ്ക്കു്, ഒരു കേസ് എടുത്തിട്ടുള്ളതായും ഒരു ദിവസത്തേയ്ക്കെങ്കിലും തടങ്കലിൽ വെച്ചിട്ടുള്ളതായും ഒരാരോപണംപോലും ഉള്ളതായി അറിയാൻ പ്രയാസമാണ്. നേരെമറിച്ചു് ഈ രാജ്യത്തെ തൊഴിലാളിപ്രവത്തകന്മാരെ ഈ നാട്ടിൽ നിലവിലിരിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ചു് ഈ കോൺഗ്രസ്സ് സക്കാർ തടവിൽ വച്ചിട്ടുള്ളതായി അനേകം കേസുകൾ ഉണ്ട്.

സർ, ട്രാൻസ്പോർട്ടുബസ്സ് തീവച്ചു എന്ന കുററത്തിനു ശിക്ഷിച്ചിട്ടുള്ള ആളുകൾ അതിന്റെ ശിക്ഷ കാലാവധി കഴിയുന്നതിനുമുൻപ് മോചിതരായി ഈ ട്രഷറി ബെഞ്ചുകളിൽ വന്നിരിക്കുന്നകാലത്താണ് ചവറ മണൽപ്പുറത്തുവച്ചു് ഒരു പോലീസ് ഇൻസ്പെക്ടറെ മണൽവാരി എറിഞ്ഞു എന്നു പറഞ്ഞു് ഈ രാജ്യത്തെ രണ്ടു നിയമസഭാംഗങ്ങളെ ഇപ്പോഴും ജയിലിൽ കിടത്തി നരകിപ്പിക്കുന്നതു്. ഇങ്ങനെ നിസ്സാരമായ കാര്യങ്ങൾക്കുപോലും ജനപ്രതിനിധികളായിട്ടും അവരോടു കാരുണ്യം കാണിക്കാതിരിക്കുന്നതു് പഴയകാലത്തെ രാഷ്ട്രീയപാരമ്പര്യം ഒന്നുകൊണ്ടുമാത്രമാണ്. ഇതിലേയ്ക്കു ചില വിട്ടുവീഴ്ചകളെല്ലാം ഇന്നത്തെ ഗവമ്മെന്റിനു ചെയ്യാൻ സാധിക്കുന്നതാണ്.

ഇത്രമാത്രം ശക്തിയേറിയ ഒരു പ്രതിപക്ഷം ഇവിടെ ഇരിക്കുമ്പോൾ അവരുടെ കൈക്കുള്ളിൽ ഇരുന്നു ഞെരുങ്ങുന്ന ഈ കോൺഗ്രസ്സ് സക്കാരിനു് ഈ അധികാരം ഉപയോഗിക്കേണ്ടിവരുന്നതു് ഏററവും ആവശ്യമായിത്തീന്നിരിക്കുന്നു. ഈ ഭേദഗതി പാസ്സാക്കിക്കഴിഞ്ഞാൽ ഈ തിരുവനന്തപുരംവിട്ടു ഞങ്ങൾക്കു് ഞങ്ങളുടെ നാടുകളിൽ എത്താൻ സാധിക്കുന്നതല്ല എന്നാണു മിക്കവാറും പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾ കരുതുന്നതു്. അത്രമാത്രം കശനമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടെന്നാണു ഞങ്ങൾ കരുതുന്നതു്. അതുകൊണ്ടു് ഈ ഭേദഗതിയെ അങ്ങേഅററം എതിക്കേണ്ടതു് ആവശ്യമായിരിക്കുന്നു. അതുമൂലം അധികാരത്തിലിരിക്കുന്ന കക്ഷിക്കു് കൂടുതൽ ശക്തി നൽകുകയായിരിക്കും ചെയ്യുന്നതെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. ഈ ബില്ലിനെ ഈ സഭയിലുള്ള എല്ലാ അംഗങ്ങളും എതിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

**Shri M. M. Abdul Khader**: I oppose this amendment Bill. In the first place Sir, there is no such situation in this State today for an amendment of this type. There was no justification for the original Act slaughtering the liberties of the people. Today there is much less justification for an amendment like this which would enable the party in power to circumvent certain

judicial pronouncements. We on this side thought that in the light of the judicial pronouncement this Government would have the political wisdom, the sense of justice to abrogate those encroachments on civil liberties. But Sir, we find that by means of this amendment the party in power is going to devise ways to make further onslaughts on the liberties of the people. Sir, I said we do not find any justification; we do not find any subversion in the State today. On the other hand we do find that the State, after four and a half years of Congress regime is fast advancing towards an economic crisis. We find unemployment looming large. Lakhs of working class people are deprived of their jobs; retrenchment and unemployment are staring at their very faces. There is poverty and starvation most acute and at such a time does not this enactment show that the party in power is going, as it has hitherto been doing, to repress, to stifle cries for bread and employment of the people of this country? We know, Sir, that the people of this State have suffered much by the operation of this Act. The steam roller is crushing down the people under the guise of the Congress Safety Act. We shall not forget the terror and repression that was let loose on the people. We shall not forget the false cases foisted against the leaders of the people. We shall not forget those brutal tortures in the police lock-ups which would even blush a Hitler or Mussolini. Two of the Communist comrades had been hacked to death in the Alwaye lock-up itself. And Sir, I must bring to the notice of the Members of this House the most inordinate delays in the trials of persons arrested under the Public Safety Measures Act. Out of sheer despair I know many of the accused under this Act giving up their defence and pleading guilty so that they may at least escape out of the terror, the brutal torture inside the police lock-ups. Sir, and when once these accused have been sentenced...........

**Mr. Speaker**: May I remind the hon. Member that the arguments that have been advanced so far have very remote relevancy to the amending Bill under discussion?

**Shri M. M. Abdul Khader**: I am advancing all these because I want this Amendment Bill to be rejected in toto. I am speaking in support of Mr. Kurup's amendment.

**Mr. Speaker**: There is no amendment moved by Mr. Kurup.

**Shri M. M. Abdul Khader**: My purpose in bringing these facts before the House is to show that if this amendment bill is admitted, in future there would be slaughter, mortal revenge under this so-called Public Safety Measures Act. We have seen the most naked, the most brutal political vengeance being taken by the party in power. The amendment is of course repugnant to the relative articles guaranteeing fundamental rights to the citizens by the Constitution of India. It is also undemocratic. We have been hearing Members from the Government benches talking about democracy as if they have a monopoly of that. But let me remind these retailers of democracy that while enacting such a measure as this they are acting not as democrats in the remotest degree but as fascists of the type we have known in Italy or Germany. I, therefore appeal to all the democrats in this House, to all anti-fascists in this House to throw out this black bill that is going to hoist fascist regime in this country.

**Shri E. P. Varghese**: I was listening with great attention to the speeches made opposing the amendment. It is seen that there is a misapprehension that this bill is curtailing the rights of the citizens. On the other hand this

[Shri E. P. Varghese]

is an amendment Bill which enlarges the citizen's rights. The original Public Safety Measures Act, Sections 23 to 30 have been found by the Madras High Court to be against the provisions of Art. 19 of the Constitution which gives freedom of association to the citizens. Art. 19 (c) provides right to form associations or unions. The High Court has found that Section 23 is ultra vires of the Constitution as the restrictions imposed are not reasonable. So the Government has to bring in an amendment by which that section has to be made intra vires. Sections 23 to 30 invest the Government with certain powers which according to the Madras High Court are arbitrary. The amendment before the House gives the citizens greater freedom by making powers reasonable instead of arbitrary. Section 23, if it remains, is a greater restriction on the right of freedom of association. On the other hand the amendment enlarges the freedom. It is contemplated in the Constitution itself that there should be some law to restrict the citizen's rights conferred by Art. 19. None need fear the law if he does not want to disobey it. It is said that law is there because of transgressions and one who is not going to transgress law need not fear the punishments. So I think the whole opposition is based on a misapprehension.

Section 23, if it remains there, is a greater restriction on the right of freedom of association. On the other hand, the amendment enlarges the freedom. Of course it does not leave it completely free from restriction. But there are certain restrictions no doubt based on freedom of association; the amendment is certainly an enlargement upon the law that has been existing till now. Till now, we have not all these provisions, especially in Section 23, which compel the Government to state the grounds on which the order prohibiting an association is made, "the reasons for making it and such particulars, if any, as may have a bearing on the necessity therefor," as in the amendment Section 23 A. And there is Section 23 B which provides for the examination of the reasonableness of this declaration by the High Court. Can there be any greater protection for a citizen than that an order of Government should be examined by the High Court, not on a petition but on the provisions of the Act itself? Of course, there is the fundamental right even now to move a writ as has been done in many cases.

**Shri A. Thanu Pillai:** One question. Is it not the purpose now that in the light of the High Court decision, which is now accepted by our Government as sound law, Section 23 is practically inoperative and is non-existent for practical purposes?

**Shri E. P. Verghese:** Section 23 has been said to be *ultra vires* of the Constitution, but when a provision of an Act has been said to be *ultra vires* what the Government always has to do is to make amendments by which the section can be made *intra vires*. The question is not whether we want such an Act or not.

**Shri Panampilli Govinda Menon:** May I point out, Sir, that whatever be the merits of the debate, Section 23 and Section 25 of the Travancore-Cochin Act 1950 which are said to be amended by the amending Bill moved by my learned friend on the right, have not been pronounced upon by any High Court as yet?

**Shri N. Raghava Kurup:** May I point out...........

**Shri Panampilli Govinda Menon:** If the Speaker allows me I will answer Mr. Kurup.

**Mr. Speaker:** The Member is not in order in putting a question expecting an answer from the Minister who had to interrupt merely for clarifying a point in the debate.

**Shri Panampilli Govinda Menon:** The statement referred to by Mr. Kurup in his speech does not refer to the Act of 1950, but that is a pronouncement of a certain section in the Cochin Criminal Law Amendment Act which is not before the House.

**Shri A. Thanu Pillai:** But the views expressed therein......

**Mr. Speaker:** Mr. E. P. Varghese is in possession of the House. Any hon. Member desiring to put a question may put to Mr. E. P. Varghese through the Chair.

**Shri E. P. Verghese:** I am not yielding. Therefore, Sir, if this House wants that the Public Safety Measures Act should not be on the Statute Book, a proper amendment may be brought to that effect, but by way of opposing this amendment, I do not think it will be possible to get the Act annulled. On the other hand, we have to see now what is the scope of the amendment before us. Is it an enlargement of the citizenship rights or is it a restriction? My friend was pointing out that it has been declared *ultra vires*. Even supposing certain provisions of the Act are said to be *ultra vires*, it is left to the Government to bring in certain other provisions which will bring the bill in conformity with what is required by law. And it is also left for the House to see whether to accept it or not. Now, for amending Section 23, as the hon. Finance Minister said, on the basis of the pronouncement on the Cochin Criminal Law Amendment Act, I am of opinion that the Government could have waited till the Supreme Court pronounced upon it. Then they could have brought an amendment which would be all-comprehensive. Suppose the Supreme Court finds the section ultra vires, on some points other than the High Court of Madras said, then they will have to bring in another amendment. Anyhow, this amendment, as it is, before the House, is, I feel, certainly an enlargement of the rights of the citizen, compared with those in the original Act. So I do not find my way to oppose this amendment, when a citizen's right is enlarged. I do not think there is any reason for us to oppose it. On the other hand, even if we think that there is the possibility of a misapplication of the law or that the Government is taking arbitrary powers then, of course that can be questioned. To say that even the amendment is *ultra vires* of the Constitution, I cannot understand. So, I support this amendment.

ശ്രീ. ചങ്ങാരപ്പിള്ളി പി. നാരായണൻ പോററി: സർ, ഈ ഭേദഗതിബിൽ അവതരിപ്പിക്കുന്നതിനെ എതിർക്കുവാൻവേണ്ടിയാണു് ഞാൻ ഇവിടെ നിൽക്കുന്നതു്. യാതൊരുവിധത്തിലുള്ള അസാധാരണ പരിതസ്ഥിതികളുമില്ലാത്ത ഈ ഘട്ടത്തിൽ അസാധുവായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഒരു നിയമത്തിന്റെ വകുപ്പിനു സാധുത്വം നൽകുവാൻവേണ്ടി ഇങ്ങനെ ഒരു നിയമം പാസ്സാക്കേണ്ട ആവശ്യമുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല. ഇന്നു സമാധാനപരമായി ജീവിക്കുന്ന ഒരു ജനതയാണു നമുക്കുള്ളതു്. യുദ്ധകാലപരിതസ്ഥിതികളോ, അതുപോലെയുള്ള മററു അടിയന്തിരാവസ്ഥകളോ ഒന്നുമില്ലാത്ത ഈ ഘട്ടത്തിൽ ഇങ്ങിനെയൊരു നിയമം കൊണ്ടുവന്നിരിക്കുന്നതു, വിശേഷിച്ചും ഈ ജനാധിപത്യയുഗത്തിൽ പ്രതിപക്ഷകക്ഷികളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനാണെന്നു ഞങ്ങളെപ്പോലെയുള്ളവർ വിചാരിക്കുന്നതിൽ വലിയ തെററുണ്ടെന്നു തോന്നുന്നി

[Shri Changarappall, P. Narayanan Potti]

ല്ല. ഭരണാധികാരികൾക്കു ഏതു ദുഷ്പ്രവൃത്തികളും ചെയ്യുന്നതിനുള്ള ലൈസൻസു കൊടുക്കത്തക്കവിധത്തിൽ ഇങ്ങനെയൊരു ക്രൂരമായ നിയമം ഏർപ്പെടുത്തുന്നതു പ്രതിപക്ഷങ്ങളെപ്പററിയുള്ള ഭയംകൊണ്ടാണു്. ജനാധിപത്യതത്വത്തിൽ വിശ്വസിക്കുന്ന ഏതൊരാളിനും ഏതൊരു പ്രതിപക്ഷകക്ഷിക്കും അഭിപ്രായം പുറപ്പെടുവിക്കാനും ഭരണം പിടിച്ചെടുക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടു്. ഭരണാധികാരികളായിരിക്കുന്നവർക്കു് ഇങ്ങനെയുള്ള നിയമങ്ങൾ അവതരിപ്പിക്കുവാനുള്ള സ്വാതന്ത്ര്യവുമുണ്ടു്. പക്ഷെ അതു തെററാണെന്നും, ജനതയുടെമേൽ അടിച്ചേല്പിക്കുന്ന ഇത്തരം കരിനിയമങ്ങളെ ഞങ്ങളുടെ ഒരുതുള്ളിരക്തംപോലും ശേഷിക്കുന്നകാലത്തോളം അനുവദിച്ചുകൊടുക്കുവാൻ തയാറില്ലെന്നും പറയുവാനുള്ള സ്വാതന്ത്ര്യവും അതോടൊപ്പമുണ്ടു്. ഇന്നത്തെ ഗവമ്മെൻറു ജനായത്തതത്വങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുന്ന ഒരു ഗവമ്മെൻറാണെന്നും ജനദ്രോഹപരമായി പ്രവർത്തിക്കുന്ന ഒരു ഗവമ്മെൻറാണെന്നും ആണു് ഇതു തെളിയിക്കുന്നതു്. ഒരുവേള വേറൊരാൾ പറയുന്നതിനോടു ഞങ്ങൾക്കു യോജിക്കുവാൻ നിവൃത്തിയില്ലെങ്കിലും അതു പറയുവാനുള്ള അവകാശം അയാൾക്കുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതിനാൽ ഇങ്ങനെയുള്ള ഒരു നിയമം ജനാധിപത്യത്തിൻെറ ഏററവും വലിയ നിഷേധം ആണെന്നുള്ളതിനു സംശയമില്ല. ഒരു സ്നേഹിതൻ പറയുന്നതു അബദ്ധമാണെങ്കിൽതന്നെ "പ്രിയപ്പെട്ട സ്നേഹിതാ, നിങ്ങൾക്കു അതു പറയുവാൻ തീർച്ചയായും അവകാശമുണ്ടു്, പക്ഷെ ഞങ്ങൾക്കു അതിനെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല" എന്നു പറയുകയാണുവേണ്ടതു്. അല്ലാതെ അവൻെറ അഭിപ്രായത്തെ കൊന്നു കുഴിച്ചുമൂടത്തക്കവണ്ണം ഒരു നിയമം കൊണ്ടുവരികയല്ലവേണ്ടതു്. അതുകൊണ്ടു് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഈ സഭയിലുള്ള സകല ആളുകളും ഒന്നടങ്കം ഈ ബില്ലിനെ എതിർത്തു തള്ളിക്കളയണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. ആർ. കേശവപിള്ള: ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങിക്കൊള്ളുന്നു. ഇവിടെ ബഹുമാനപ്പെട്ട പല മെംബറന്മാരും ഈ ഭേദഗതി ഭരണഘടനയ്ക്കു വിപരീതമാണെന്നു പറഞ്ഞുകേട്ടു. എന്തു കാരണത്തിന്മേലാണു അതു പറഞ്ഞതെന്നു എനിക്കു മനസ്സിലായില്ല. ഏതു വകുപ്പിനു വിപരീതമായിട്ടാണു ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു്? ഭരണഘടനാനിയമം ൧൯-ാം വകുപ്പിനു വിപരീതമാണെന്നു ചിലർ പറഞ്ഞു. ൧൯-ാം വകുപ്പിനു വിധേയമായിട്ടാണു ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതെന്നു മനസ്സിലാക്കുവാൻ വലിയ പ്രയാസമില്ല. ഭരണഘടനാനിയമം ൧൯-ാം വകുപ്പു ൪-ാം ഉപവകുപ്പിലേക്കു ബഹുമാനപ്പെട്ട മെംബറന്മാരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

"Nothing in sub-clause (c) of the said clause shall affect the operation of any existing law in so far as it imposes, or prevent the State from making any law imposing, in the interests of public order or morality, reasonable restrictions on the exercise of the right conferred by the said sub-clause".

ഇപ്പോൾ പൊതുജനരക്ഷാ ഭേദഗതിബിൽ അവതരിപ്പിച്ചതിനു ശേഷം ഈ നാട്ടിൽ സമാധാനം പുലർത്തുന്നതിനും പൊതുജനതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനും ഇങ്ങനെയൊരു ബിൽ ഇല്ലാതാക്കുകയാണെങ്കിൽ, എന്തായിരിക്കും അവസ്ഥ? ഈ നാട്ടിൽ കൊള്ളക്കാരുടെ ഒരു സം

ഘടനയുണ്ടെന്നു വിചാരിക്കുക. അവരെ എങ്ങനെയാണു അമർച്ചചെയ്യേണ്ടതു്? കൊള്ളയും കൊലപാതകവും നടത്തി പണ്ടങ്ങളും സാമാനങ്ങളും എല്ലാം കവർന്നു കൊണ്ടുപോയതിനുശേഷം അവരെ ക്രിമിനൽ കേസിൽ ഉൾപ്പെടുത്തി ശിക്ഷിച്ചാൽമാത്രം മതിയോ? ഇവിടെ കമ്മ്യൂണിസ്ററ സംഘടനമാത്രമല്ല, വേറെ അനവധി സംഘടനകൾ നിയമവിരുദ്ധമായുണ്ടെന്നു മനസ്സിലാക്കണം. ഉണ്ടായേക്കാം, വന്നേക്കാം. അതുകൊണ്ടു മേലാൽ വരാവുന്ന സംഗതികളെക്കൂടി ഓർത്തുകൊണ്ടാണു് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു്. ഈ ബില്ലിന്റെ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ ഈ ബിൽ എന്തുകൊണ്ടു കൊണ്ടുവന്നു എന്നു സ്പഷ്ടമാകുന്നുണ്ടു്. അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

(1) There is no adequate and just remedy provided for the aggrieved person to challenge the correctness of the declaration.

(2) There is no provision for service of notice of the grounds on which the declaration is made on the Secretary or other office-bearer of the association.

(3) The substitution of an Advisory Board for the ordinary Court is not justified.

(4) The constitution of an Advisory Board does not warrant a fair trial.

(5) There is no right conferred on aggrieved persons to be heard.

ഈ കാരണങ്ങളാലാണു V. G. Row v. State of Madras-ൽ മദ്രാസ് ഹൈക്കോടതി ഈ ആക്ടിന്റെ ഏതാനും വകുപ്പുകളെപ്പററി അസാധുത്വം കല്പിച്ചതു്. അതിനു സാധുത്വം കല്പിക്കുന്നതിനുവേണ്ടിയാണു ഇപ്പോൾ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. ഒന്നാമത്തു ഒരു സംഘടനയെ നിയമവിരുദ്ധമാക്കുന്നതിനുമുമ്പ് ആ സംഘടനയ്ക്കു നോട്ടീസു കൊടുക്കണമെന്നുണ്ടു്. സാമാന്യമായി ഒരു കുററത്തിനു ഒരാളെ വിചാരണചെയ്യുമ്പോൾ കുററംചെയ്ത ആളിനു നോട്ടീസുകൊടുത്തു അവരുടെ സങ്കടത്തിനു പരിഹാരം ചെയ്യണമെന്നുണ്ടു്. നിയമത്തിനു വിരുദ്ധമായ നടപടി നടത്തിയതുകൊണ്ടാണു് മദ്രാസ് ഹൈക്കോടതി ഈ നിയമത്തിനു അസാധുത്വം കല്പിച്ചതു്. ഈ ഭേദഗതിയിൽ അതിനു വ്യവസ്ഥചെയ്തിട്ടുണ്ടു്. രണ്ടാമത്തു കുററത്തിന്റെ പരിധി നിർണ്ണയിക്കുന്നതിനു സ്വഭാവം അറിയുന്നതിനുംമററും ഗവമ്മെൻറ മുൻപു ഒരു അഡ്വൈസറിബോർഡിനെയാണു നിയമിച്ചിരുന്നതു്. ഇപ്പോൾ അതിനുപകരം ഹൈക്കോടതിയെ വച്ചിരിക്കുന്നു. അങ്ങനെ അതും പരിഹരിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ ഭേദഗതി ബില്ലിനെ എന്റെ മാന്യന്മാരായ സഹപ്രവർത്തകർ ആരുംതന്നെ എതിർക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതി ബില്ലിനെ എതിർക്കുന്നു. നിയമപരമായി ഈ ബില്ല് അസാധുവാണെന്നുള്ള അഭിപ്രായവും ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെംബർ മി. ഈ. പി. വർഗീസ് ഇതു കൂടുതൽ പുരോഗമനപരമായ ഒരു നിയമമാണെന്നു പ്രസ്താവിച്ചു. നേരെ മറിച്ചു ഇവിടെ ജനങ്ങളാൽ തള്ളപ്പെട്ടുകഴിഞ്ഞ ഒരു നിയമത്തെ വീണ്ടും നിയമമാക്കിക്കൊണ്ടുവരുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഭേദഗതികളാണു ഈ ബില്ലിൽ കൊള്ളിച്ചിരിക്കുന്നതെന്നാണു് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഇവിടെ പ്രതിപാദ്യവിഷയമായിരിക്കുന്ന

[Shri M. N. Govindan Nair]

൧൬-ാം വകുപ്പിൽ, ഇവിടത്തെ ഹൈക്കോടതിയിൽ ആ പേർപറഞ്ഞു തള്ളിക്കളഞ്ഞിട്ടില്ലെങ്കിലും കൊച്ചിയിലെ ക്രിമിനൽലാ അമെൻഡ്മെൻറ സെക്ഷൻ ൩ നിയമവിരുദ്ധമാണെന്നു പറഞ്ഞതോടുകൂടി ഇതും യഥാർത്ഥത്തിൽ നിയമവിരുദ്ധമായിത്തീർന്നിട്ടുണ്ട്.

മദ്രാസിലാണെങ്കിൽ ഈ ൧൬-ാം വകുപ്പിനെപ്പററി ഒരു വലിയ വാദപ്രതിവാദം നടത്തുകയും ഒടുവിൽ നിയമപ്രാബല്യം ഇല്ലാതെ തള്ളുകയുമാണുണ്ടായതു്. ഇങ്ങനെ നോക്കിയാൽ ൧൬-ാം വകുപ്പു ഇല്ലാതാക്കുന്നതുകൊണ്ടു നാട്ടിലെ പൊതുജനങ്ങൾക്കു നന്മയാണോ, തിന്മയാണോ ഉണ്ടാകുന്നതെന്നു നോക്കേണ്ടതാണു്. ഒരു നിയമജ്ഞനും, ഈ അടുത്ത കാലംവരെ ലാക്കോളേജിൽ നിയമം പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു നിയമപടുവും കൂടിയായ ശ്രീമാൻ കേശവപിള്ള ചോദിക്കുകയുണ്ടായി, ഈ വകുപ്പു് എടുത്തുകളഞ്ഞാൽ ഒരു പക്ഷെ ഒരു ലഹളയുണ്ടായാൽ എന്തു ചെയ്യുമെന്നു്. നിയമങ്ങളുടെ സകല വശങ്ങളും പ്രയോഗിക്കാൻ സാമർത്ഥ്യമുള്ള ഇദ്ദേഹം ഈപ്രകാരം പ്രവചിച്ചതു കേട്ടപ്പോൾ എനിക്കു അത്ഭുതമാണുണ്ടായതു്. ഒരിക്കൽ നിയമസംഹിതയിൽനിന്നും ബഹിഷ്കരിച്ച ഒരു വകുപ്പു രണ്ടാമതു നിയമത്തിൽ ചേർക്കുന്നതിനായിട്ടു വെമ്പൽകൊള്ളുന്നതു് ഇവിടെയല്ലാതെ മററൊരുസ്ഥലത്തും ഞാൻ കേട്ടിട്ടില്ല. ൧൬-ാം വകുപ്പു നിയമവിരുദ്ധമാണെന്നു പ്രഖ്യാപിച്ച ൧൦൮ അംഗങ്ങളോടുകൂടി തുടങ്ങിയ ഈ നിയമസഭ ഇപ്പോൾ ആ വകുപ്പു ബില്ലിൽചേർത്തു നിയമമാക്കാൻ ശ്രമിക്കുകയാണു്. പൊതുജനങ്ങൾക്കു അശേഷം ഇഷ്ടമില്ലാത്ത ഒരു വകുപ്പാണു് ഇതു്. അതു് എത്രത്തോളം ശരിയാണെന്നുള്ളതിനു് ഞങ്ങളുടെ നിയമസഭാസാമാജികത്വംതന്നെ തെളിവാണു്. ഒരു പാർട്ടിയോടുള്ള പ്രത്യേക വൈരാഗ്യത്തിൻെറ ഫലമായിട്ടാണു് ഈ വകുപ്പു നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. പക്ഷെ ഇന്നു കമ്മ്യൂണിസ്ററു പാർട്ടിയുടെ നേരെയാണെങ്കിൽ നാളെ മററൊരുപാർട്ടിയുടെ നേരെ പ്രയോഗിക്കുമെന്നുള്ളതു് തീർച്ചയാണു്. ഇന്നു പോലീസുകാർ ഞങ്ങളുടെ വീടുകയറുകയാണെങ്കിൽ നാളെ അവർ നിങ്ങളുടെ വീട്ടിലും കേറും. പോലീസുകാരെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവർ വളയം ഇല്ലാതെ ചാടുന്ന ജാതികളാണു്. ഇക്കഴിഞ്ഞ ൪ കൊല്ലക്കാലമായിട്ടു ഈ വകുപ്പുവച്ചുകൊണ്ടു എന്തെല്ലാംതരത്തിലുള്ള കുഴപ്പങ്ങളാണു് പോലീസുകാർ വരുത്തിയിട്ടുള്ളതെന്നു ചിന്തിച്ചുനോക്കിയാൽ മനസ്സിലാകുന്നതാണു്. അവ ഓരോന്നായി ഞാൻ എടുത്തുപറയുകയാണെങ്കിൽ ഇവിടെ ഇരിക്കുന്ന മന്ത്രിമാർ ലജ്ജിക്കേണ്ടിവരും. ഈ വകുപ്പനുസരിച്ചു് ൧൯൪൮-ൽ സ്റ്റേററു കോൺഗ്രസ്സ് സംഘടന നിയമവിരുദ്ധമാണെന്നു പ്രഖ്യാപിച്ചപ്പോൾ വളരെ ധീരോടും വാശിയോടുംകൂടി എതിർത്ത ആളുകളാണു് ഇന്നു് എൻെറ മുൻപിലിരിക്കുന്നതു്. ഈ ആക്ടു് പാസാക്കിയില്ലെങ്കിൽതന്നെ രാജ്യത്തു് ഒരു കുഴപ്പവും ഉണ്ടാകാൻപോകുന്നില്ലെന്നാണു് ഞാൻ പറയുന്നതു്. ഇത്ര തിടുക്കത്തിൽ പാസ്സാക്കേണ്ടതായ യാതൊരു അടിയന്തിരാവസ്ഥയും ഇപ്പോൾ ഉണ്ടായിട്ടില്ല. എന്നാൽ ദിവസം കഴിയുംതോറും തോൽവി അടഞ്ഞുകൊണ്ടിരിക്കുന്ന കോൺഗ്രസ്സിനു ജനങ്ങളെ അടിച്ചമർത്താനുള്ള അമിതാധികാരം ഇല്ലെങ്കിൽ അവർക്കു ഭരണം നടത്താൻ സാധിക്കയില്ല. തൊഴിലാളികൾ കൂലിക്കുവേണ്ടി മുറവിളികൂട്ടുമ്പോൾ അവരുടെ നേരെ തോക്കുകൊണ്ടു വെടിവെയ്ക്കും. വിദ്യാർത്ഥികളുടെ നേരെയാ

ണെങ്കിൽ ചൂരൽകൊണ്ട് അവരെ അടിക്കും. ഇങ്ങനെയുള്ള ഗവൺമെൻറിനു ഭരണം നടത്തണമെങ്കിൽ ഈ വിധത്തിലുള്ള ബിൽ നിയമമാക്കാതെ സാദ്ധ്യമല്ല. ഇവരുടെ നിർദ്ദേശങ്ങളെ അതേപടിയും അതിനപ്പുറവും കേൾക്കാൻ പോലീസുകാരും തയാറാണ്. എറണാകുളത്തെ ലാക്കപ്പ് മർദ്ദനവും, പി. കെ. കുമാരൻെറ സ്റ്റേറ്റുമെൻറും പോലീസുകാരുടെ മൃഗീയപ്രവൃത്തികളെ സ്പഷ്ടമാക്കുന്നു. അവിടെ നടന്ന ആഭാസമായ കാര്യങ്ങളെപ്പററി ഞാൻ പറയണമെന്നു വിചാരിക്കുന്നില്ല. ഈ മന്ത്രിമാരെല്ലാം അതിനുത്തരവാദികളാണെന്നു മാത്രമല്ലാ അതിനു അവർ കൂട്ടുനിന്നവരുമാണ്. പോലീസുകാരുടെ ഈവിധ അഴിമതികളെ മന്ത്രിമാർ ഒരുവിധമെങ്കിലും നിയന്ത്രിച്ചിരുന്നുവെങ്കിൽ ഇത്രത്തോളം കടുംകൈ അവർ പ്രവർത്തിക്കയില്ലായിരുന്നു. സർ സി. പി. യുടെ കിരാതഭരണത്തിനെ എതിർത്തു ജനകീയഭരണത്തിനുവേണ്ടി വിപ്ലവമുണ്ടാക്കിയ ഇവർ, ജനകീയഭരണം സ്ഥാപിച്ചു. ജനകീയഭരണം സ്ഥാപിച്ചപ്പോൾ ഇവർക്കു ഭരിക്കണം. ഭരണത്തിനു പോലീസ് അത്യാവശ്യവുമാണ്. ഉടനെ പോലീസധികൃതരെ വിളിച്ചു പറയുകയാണ് കാര്യമൊക്കെ നേരെയായിരിക്കണം. നമ്മുടെ ഭരണം നന്നായിരിക്കണം. നമുക്കു ജനങ്ങളുടെ പിൻതുണയുണ്ടായിരിക്കണം. നിങ്ങൾ വളരെ ആത്മാർത്ഥമായി പ്രവർത്തിക്കണം, പക്ഷെ, സർ സി. പി. യുടെ കാലത്തു നിങ്ങൾ എങ്ങിനെയാണ് ഗവൺമെൻറ താല്പര്യങ്ങൾ സംരക്ഷിച്ചതു്, അതുപോലെ ഇപ്പോഴും പ്രവർത്തിച്ചുകൊള്ളണം. ഒരിക്കലും ഗവൺമെൻറ താല്പര്യങ്ങൾക്കു വിപരീതമായി പ്രവർത്തിക്കാൻ പാടില്ല. ഇതാണ് ഉപദേശം. പോലീസുകാർ കുറച്ചുകൂടി വീറോടും വാശിയോടുംകൂടി പ്രവർത്തിക്കാൻ തുടങ്ങി. അതിൻെറ ഫലമായി എത്രയെത്ര നിഷ്ഠൂരപ്രവർത്തികളാണ് അവർ ചെയ്തതെന്നു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ല. അമ്പലപ്പുഴ, ചേർത്തല ഈ താലൂക്കുകളിലെ തൊഴിലാളികളോടും മററും ൧൪൪-ാം വകുപ്പു നിയമമാക്കുന്നതിനു മുമ്പുതന്നെ അവർ പ്രയോഗിച്ചുതുടങ്ങി. കോൺഗ്രസുകാർ ഭരണം കയ്യേററതോടുകൂടി ഫാക്ടറി തൊഴിലാളികളെമാത്രമല്ല, മററുപല തൊഴിലാളികളേയും പോലീസ് കഠിനമായി ദേഹോപദ്രവംചെയ്യുകയും അറസ്ററുചെയ്തു ലോക്കപ്പിൽ ഇട്ടു മർദ്ദിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിനുവേണ്ടി കൂത്താട്ടുകുളം, വള്ളിക്കുന്നം, എറണാകുളം ഈ സ്ഥലങ്ങളിലെ പോലീസുമർദ്ദനം എത്രത്തോളം ഭയങ്കരമായിരുന്നു എന്നവസ്തുത ഞാൻ പറയാതെതന്നെ മിക്കവർക്കും അറിയാവുന്നതാണ്. ശൂരനാട്ടു കൊലക്കേസിൻെറ പിറേറദിവസമാണെന്നുതോന്നുന്നു, തൊഴിലാളി സംഘടനകളെല്ലാംതന്നെ നിയമവിരുദ്ധമാക്കി പ്രഖ്യാപനം ചെയ്തു. സഖാവു ദിവാകരൻ പ്രസ്താവിച്ചതുപോലെ അന്നാണ് കമ്മ്യൂണിസ്ററ പാർട്ടിയെ നിയമവിരുദ്ധമാക്കിയതു്. ഈ തൊഴിലാളി സംഘടനകളെ നിയമവിരുദ്ധമാക്കുകയെന്നുപറഞ്ഞാൽ അതിൻെറ അർത്ഥം അവരെ ജീവിക്കാൻകൂടി സമ്മതിക്കാതെ അടിച്ചമർത്തിവയ്ക്കുകയെന്നുള്ളതാണ്. മന്ത്രിമാർക്കു അവർ ജീവിക്കണമെന്നാശയില്ല. കോടിക്കണക്കിനുള്ള തുക അവരുടെ വീട്ടിലെത്തിയാൽമതി. പക്ഷെ രാഷ്ട്രീയമായി ദൈനംദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളെ എന്നന്നേക്കുമായി ഇരുമ്പഴിക്കുള്ളിൽ അടച്ചിടാമെന്നു വിചാരിക്കുന്നതു വെറും മൗഢ്യമാണ്. ഇതു കഴിഞ്ഞ തെരഞ്ഞെടുപ്പുമൂലം ഗവൺമെൻറിനു മനസ്സിലായിട്ടുണ്ടെന്നു തോന്നുന്നു. ഗവൺമെൻറിൻെറ ചെയ്തികൾ ഓരോന്നായി എടുത്തു വെളി

[Shri M. N. Govindan Nair]

ച്ചുകൊണ്ടുവരാൻ എനിക്കു ഇപ്പോൾ സമയം അനുവദിക്കുന്നില്ലാത്തതിനാൽ മറെറാരവസരത്തേക്കു മാററിയിരിക്കുന്നു. ഇവിടെ ഗവമെൻറ ഭാഗത്തുനിന്നും കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ഞങ്ങളെമാത്രമല്ല, നാളെ നിങ്ങളെയുംകൂടി പിടിക്കാൻ ഇടവരുമെന്നും അതുകൊണ്ട് ശക്തിയുക്തം അങ്ങേഅററംവരെ ഭൈവത്തെഓത്തു് എതിർക്കണമെന്നും എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരോടും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ഒ. സി. നൈനാൻ: സർ, പൊതുരക്ഷാനിയമത്തിലെ ൨൩-ാം വകുപ്പിനെപ്പററി ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും അഭിപ്രായങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ൨൩-ാം വകുപ്പു അസാധുവാണെന്നു യാതൊരു കോടതിയും വ്യക്തമായി പ്രസ്താവിച്ചിട്ടില്ലെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വളരെ വ്യക്തമായി ഇവിടെ വിശദമാക്കിയിട്ടുണ്ട്. ഈ വകുപ്പിനു ചില ന്യൂനതകളുണ്ടെന്നു ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഹൈക്കോടതി വിധിയിൽ പറഞ്ഞിട്ടുള്ള തനുസരിച്ചും അതിലെ തത്വത്തെ ആദരിച്ചും ഈ വകുപ്പിൽ അയവുവരുത്തുന്നതിനാണ് ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. മുമ്പുണ്ടായിരുന്ന കർക്കശമായിട്ടുള്ള നിയമത്തിൻെറ കാർക്കശ്യവും കാഠിന്യവും കുറച്ചു കുറച്ചിട്ട് അതിൽ കുറെ സൈ്വരവും അയവും കൊടുക്കുന്നതായുള്ള ഒരുനിയമം കൊണ്ടുവന്നപ്പോൾ അതു വേണ്ടാ, കാഠിന്യമുള്ള മുൻനിയമം, അതേപടിയിൽ തന്നെ ഇരുന്നുകൊള്ളട്ടെ എന്നാണ് എതൃപക്ഷം പറയുന്നതു്. ഈ പൊതുരക്ഷാനിയമം ഇവിടെ പാസാക്കുവാനായിട്ടു കൊണ്ടുവന്ന സമയത്തു് അതു് ഒരിക്കലും പാസാക്കുവാൻ പാടില്ല എന്നു പറഞ്ഞിരുന്നുവെങ്കിൽ പക്ഷെ ഞാൻ അതിനോടു യോജിക്കുമായിരുന്നു. ഈ പൊതുരക്ഷാനിയമം കാർക്കശ്യവും കാഠിന്യവും ആണെങ്കിൽ അതിൽ കാഠിന്യമുള്ള ഒരു വകുപ്പിൻെറ കാഠിന്യം കുറയ്ക്കണമെന്നും പറയുമ്പോൾ അതു പാടില്ലെന്നു എതൃഭാഗത്തുനിന്നും പറയുന്നതിൻെറ യുക്തി എനിയ്ക്കു മനസ്സിലാകുന്നില്ല. ഇവിടെ നടന്ന വാദപ്രതിവാദം കേട്ടാൽതോന്നും ഒറിജിനലായിട്ടുള്ള പൊതുരക്ഷാനിയമം ഇവിടെ കൊണ്ടുവന്നിട്ട് അതു പാസാക്കുവാൻ പോകുന്നകാര്യമാണ് പറഞ്ഞതു് എന്നു്. ആ നിയമം ആകപ്പാടെ വേണ്ട എന്നുണ്ടെങ്കിൽ അതു പിൻവലിക്കണമെന്നു പറഞ്ഞു് ഒരു ബിൽ കൊണ്ടുവരാവുന്നതാണ്. ഇപ്പോഴത്തെ നിയമത്തിൻെറ കാഠിന്യം കുറയ്ക്കണമെന്നു ഹൈക്കോടതി പറഞ്ഞതുകൊണ്ട് ഗവമെൻറ സൽബുദ്ധിയോടുകൂടി അതിൻെറ കാഠിന്യം കുറയ്ക്കുന്നതിനു ഒരു ഭേദഗതി കൊണ്ടുവന്നപ്പോൾ കാഠിന്യം കുറയ്ക്കുന്ന ഭേദഗതിനിയമം തള്ളിക്കളയണമെന്നു പറഞ്ഞു് അതിനെ എതിർക്കുന്നതിൽ ഒരു യുക്തിയും ഞാൻ കാണുന്നില്ല. അതുകൊണ്ടു ഇതിനെ സംബന്ധിച്ചുള്ള വാദപ്രതിവാദം അവസാനിപ്പിച്ചു് ഈ ഭേദഗതിബിൽ ഇവിടെ പാസാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ഭേദഗതിയുടെ വ്യാപ്തി മനസ്സിലാക്കാതെയാണെന്നു തോന്നുന്നു എതിർപക്ഷത്തെ മെമ്പർമാർ ഇതിനെ എതിർത്തതു് എന്നു മി. നൈനാൻ സംശയിക്കുകയുണ്ടായി. അതല്ല പരമാർത്ഥം. ഏതവസരവും, ജനങ്ങൾക്കു ഗുണകരമോ, നാട്ടിലെ പൌരന്മാർക്ക് ഗുണകരമോ എ

ണ്ടു നോക്കാതെ, പാർട്ടിയുടെ പ്രചരണത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്നു. സ്നേഹിതന്മാർ ഈ അവസരവും പാർട്ടിപ്രചരണത്തിന് ഉപയോഗിച്ചു എന്നല്ലാതെ അതിനു വേറെ ഒരർത്ഥം ഇല്ല. ഹൈക്കോടതിയുടെ വിധി അനുസരിച്ച് പൌരസ്വാതന്ത്ര്യത്തെ പുഷ്ടിപ്പെടുത്തുവാൻ കൊണ്ടു വന്നിരിക്കുന്ന ഒരു ബില്ലാണിതു്. ൧൧൧൪-ലെ ൧-ാം റെഗുലേഷനെ എതിർത്തു് യുദ്ധം ചെയ്തിട്ടുള്ളവരാണ് നാം. മനസാ വാചാ കർമ്മണാ അക്രമരഹിതമായ ഒരു സമരത്തെ എതിർക്കുന്നതിന് അക്രമപരമായ ഒരു നിയമം കൊണ്ടുവരികയായിരുന്നു അതു്. ഈ പൊതുരക്ഷാനടപടി നിയമം ഈ രാജ്യത്തു കൊണ്ടുവരുവാൻ കാരണമെന്താണ് എന്നു് ആലോചിക്കുമ്പോഴാണ് ഇതിൻെറ ആവശ്യകത മനസ്സിലാകുന്നതു്. അന്തിക്കാട്ടും ഇടപ്പിള്ളിയിലും നടന്ന കാര്യങ്ങൾ ആലോചിക്കുമ്പോൾ കർക്കശമായ ഒരു നിയമം ഈ രാജ്യത്തു് ആവശ്യമായിരുന്നു എന്നു കാണുവാൻ കഴിയുന്നതാണ്. ശൂരനാട്ട് ഒരു പോലീസ്ഇൻസ്പെക്ടരെ വധിക്കുകയും അദ്ദേഹത്തിൻെറ മാംസം വിതരണം ചെയ്യുകയും ചെയ്ത കാര്യം ഓർക്കുമ്പോൾ ഇങ്ങനെ മൃഗീയമായ അനേകം പ്രവൃത്തികൾ നടമാടുന്ന ഈ രാജ്യത്തു ജനങ്ങളുടെ സ്വത്തും ജീവനും അപകടത്തിലായ ഒരു ഘട്ടത്തിൽ ഈ രാജ്യത്തിൻെറ രക്ഷക്കു വേണ്ടി ഒരു പൊതുരക്ഷാനടപടി നിയമം ആവശ്യമായിരുന്നു. അതിൻെറ അടിസ്ഥാനത്തിലാണ് ഈ രാജ്യത്തു് പൊതുരക്ഷാനടപടിനിയമം പാസ്സാക്കിയതു്. ഇന്നാകട്ടെ അക്രമങ്ങൾ എല്ലാം കമ്യൂണിസ്ററ് പാർട്ടി മാററിവച്ചു എന്നു പ്രഖ്യാപിക്കുന്നുണ്ടു്. അതിൽ പരമാർത്ഥം എത്രത്തോളമുണ്ടെന്നു പരിശോധിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അവർ അക്രമങ്ങൾ മാററി വച്ചിട്ടുണ്ടെങ്കിൽ ഈ ഭേദഗതിയെ അവർ എതിർക്കേണ്ടതില്ലായിരുന്നു: ഈ ഭേദഗതി നിയമത്തിൽ ഒരു അയവു വരുത്തുവാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ്. ജനങ്ങൾക്ക് സംതൃപ്തിയോടും സമാധാനത്തോടുംകൂടി ജീവിക്കുവാൻ സാധിക്കുമെങ്കിൽ ഈ പൊതുരക്ഷാനിയമം നമ്മുടെ നിയമസംഹിതയിൽനിന്നു മാററുവാൻ കഴിയുന്നതാണ്. അതല്ലാതെ ഈ ഘട്ടത്തിൽ ഇതിനെ എതിർക്കുന്നതു് പാർട്ടിപ്രചരണത്തിന് മാത്രമാണ്. ഈ സഭയിലെ എല്ലാ മെമ്പറന്മാരും ഈ രാജ്യത്തെ പൌരന്മാരുടെ അവകാശങ്ങളെ സുരക്ഷിതമാക്കണമെന്ന് ആഗ്രഹിക്കുന്ന എല്ലാ മെംബറന്മാരും ഇതിനെ അനുകൂലിക്കണം എന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

**Shri. A. Chidambaranatha Nadar** : One word to the hon. Member. Are we to understand that this piece of legislation has been brought forward to command control over the communists in the Travancore-Cochin State?

<u>ശ്രീ. ചെറിയാൻ ജെ. കാപ്പൻ</u> : അക്രമങ്ങൾ പ്രവർത്തിക്കുന്നവർ കമ്യൂണിസ്ററുകാരായാലും മററാരായാലും അവരുടെ അക്രമങ്ങളെ അമർച്ച ചെയ്യുന്നതിനാണ് ഈ നിയമം നിലകൊള്ളുന്നതു്.

*<u>ஸ்ரீ. ஸி. சங்கர்</u>: 1114-ல் இந்த மாதிரிப்பட்ட அக்கிரமங்கள் நடக்கவில்லையா என்று கேட்கிறேன்.*

<u>ശ്രീ. ചെറിയാൻ ജെ. കാപ്പൻ</u>: ൧൧൧൪-ൽ അക്രമം ആരും പ്രവർത്തിച്ചിരുന്നില്ല.

<u>ശ്രീ. ടി. വി. തോമസ്</u>: സർ, ഈ ഭേദഗതിബില്ലിനെ എതിർക്കുന്നതിനുവേണ്ടി എന്തെങ്കിലും പറയണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നില്ല.

[Shri T. V. Thomas]

കാരണം ഈ നിയമസഭ ഇതിനെ അംഗീകരിക്കയില്ലെന്നുള്ള വിശ്വാസം എനിക്കുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇവിടെ ഒരു പ്രസ്താവന ചെയ്കയുണ്ടായി. വാസ്തവവിരുദ്ധമായ ഒരു പ്രസ്താവന, തെററിദ്ധാരണ ഉണ്ടാക്കുന്ന ഒരു പ്രസ്താവന അദ്ദേഹം ചെയ്തതുകൊണ്ടും ഇതിനു അവസാനമായി മറുപടി പറയുവാൻ ബഹുമാനപ്പെട്ട പോലീസ്‌വകുപ്പു മന്ത്രി ശ്രീ. ടി. എം. വറുഗീസ് തയ്യാറായിരിക്കുന്നതുകൊണ്ടും, ഈ ഭേദഗതിയ്ക്കു് നിയമസാധുത്വം ഉണ്ടെന്നും മററുമുള്ള വാദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു് ബഹുമാനപ്പെ അഡ്വക്കേററു ജനറൽ അവർകളും ഇതിനു് ഒരു മറുപടി പറയുവാൻ ഇടയുള്ളതുകൊണ്ടും അവസാനം അവരുടെ പ്രസ്താവനകൾക്കു മറുപടിപറയുവാൻ ഞങ്ങൾക്കു സാധ്യമല്ലാത്തതുകൊണ്ടും അദ്ദേഹത്തിന്റെ പ്രസ്താവനയെപ്പററി രണ്ടുവാക്കു ഞാൻ പറയുകയാണു്. ഒന്നാമതായി ഇവിടെ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ൧൩-ാംവകുപ്പു യാതൊരു ഹൈക്കോടതിയും നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടില്ലെന്നു പറഞ്ഞു. അതിൽ കുറെ വാസ്തവവും കുറെ കള്ളവും ഉണ്ടു്.

മി. സ്പീക്കർ: വാസ്തവവുമുണ്ടു്; അവാസ്തവവും ഉണ്ടു്.

ശ്രീ. ടി.വി. തോമസ്: കൂടുതൽ അവാസ്തവമാണു്. അല്ലെങ്കിൽ സത്യസന്ധന്മാർക്കു് മനസ്സിലാകുവാൻ പ്രയാസമായ കുറെ കാര്യങ്ങളും അതിൽ ഉണ്ടു്. ൧൩-ാംവകുപ്പു നിയമവിരുദ്ധമായി പ്രസ്താവിച്ചിട്ടില്ലെങ്കിൽ, അല്ലെങ്കിൽ പ്രഖ്യാപിക്കുവാൻ ഇടയില്ലെങ്കിൽ, എന്തുകൊണ്ടാണു് ഇതിനെ നീതീകരിക്കാൻ രാജപ്രമുഖനെക്കൊണ്ടു് ഒരു ഓർഡിനൻസു് പുറപ്പെടുവിക്കാൻ കോൺഗ്രസ്‌മന്ത്രിസഭ വ്യഗ്രത കാണിച്ചതു് എന്നു ഞാൻ ചോദിക്കുന്നു. തിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് സംഘടനകളും ചില ട്രെയിഡ് യൂണിയൻ സംഘടനകളും ഈ പൊതുരക്ഷാനിയമം അനുസരിച്ചു നിരോധിച്ചു. കൊച്ചിയിൽ ക്രിമിനൽ ലാ അമൻറുമെൻറു ആക്ട് അനുസരിച്ചും നിരോധിച്ചു. കൊച്ചി ക്രിമിനൽ ലാ അമൻറമെൻറു ആക്ട് നിയമവിരുദ്ധമാണെന്നും അതു് ഭരണഘടന പ്രകാരമുള്ള പൗരാവകാശങ്ങളെ ചോദ്യം ചെയ്യുന്നതാണെന്നും കാണിച്ചു് ഒരു റിറു് ഹർജി ഞങ്ങൾ ഹൈക്കോടതിയിൽ കൊടുത്തു. ഞാൻ ഇതു് പറയുന്നതു് വാസ്തവത്തിൽ തെററിദ്ധാരണ വരത്തക്ക പ്രസ്താവനകൾ ട്രഷറിബഞ്ചിൽനിന്നു പലതവണ ഉണ്ടാകുന്നുണ്ടു് എന്നു് സഭാംഗങ്ങൾ അറിയുവാനാണു്. അവസാനം പറയുന്നവർ ജയിക്കും എന്നുണ്ടു്. ട്രഷറിബഞ്ചിൽനിന്നു് സാധാരണ ഇപ്രകാരം തെററിദ്ധാരണ ഉണ്ടാക്കുന്ന പ്രസ്താവന ചെയ്യുകയും അതിനു് ഞങ്ങൾക്കു് മറുപടി പറയുവാൻ അവസരം ഇല്ലാത്ത സന്ദർഭം സൃഷ്ടിക്കുകയും ചെയ്തു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വിജയംനേടി പോകുകയാണു് ചെയ്യുന്നതു്. അതുകൊണ്ടാണു് ഞങ്ങൾ അല്പം ക്ഷോഭിച്ചു സംസാരിക്കുന്നതു്. ഇനിയും ആ പ്രസ്താവനയുടെ അടിസ്ഥാനത്തിൽതന്നെ ട്രഷറിബഞ്ചിൽനിന്നു് മറുപടി ലഭിക്കാൻ ഇടയുണ്ടെന്നു് ഒരു മുന്നറിയിപ്പുകൂടി തരുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ തവണ ഞാൻ എസ്റ്റേററു ഡ്യൂട്ടി ഇവിടെ നടപ്പാക്കുന്നതിനെപ്പററി ചോദിച്ചു. അതു് സ്റ്റേററു് ലിസ്റ്റിൽ പെട്ടതല്ലാ എന്നു് അദ്ദേഹം പറഞ്ഞു. അങ്ങനെ പറയുന്നതിനു് അദ്ദേഹം തയ്യാറായതിൽ ഞങ്ങൾക്കു ഖേദമുണ്ടു്. ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു ഈ

എസ്റ്റേററ ഡ്യൂട്ടി സ്റ്റേററ് ലിസ്റ്റിലെ ൪൧-ം, ൪൫-ം വകുപ്പുകളിൽ പെട്ടതല്ലേ എന്നു്. കൊച്ചിൻ ക്രിമിനൽ ലാ അമൻറ്മെൻറ ആക്ട് അനുസരിച്ചുള്ള നിരോധനത്തെ ചോദ്യംചെയ്തുകൊണ്ടു് ഒരു റിററ് ഹർജി ഞങ്ങൾ ഹൈക്കോടതിയിൽ കൊടുത്തു. കൊച്ചിൻ ക്രിമിനൽ ലാ അമൻറ്മെൻറ ആക്ട് മദ്രാസ് നിയമത്തേക്കാൾ കുറെ അയവു വരുത്തിയിട്ടുള്ളതുകൊണ്ടു് മദിരാശി ഹൈക്കോടതിയുടെ തീരുമാനം അതേപടി ഇവിടെ നടപ്പിലാക്കരുതു് എന്നു് അഡ്വക്കേററ്ജനറൽ വാദിച്ചു. അഡ്വക്കേററ്ജനറലിൻെറ നിലപാടു് തെററാണെന്നു ഡിവിഷൻ ബഞ്ചു് അഭിപ്രായപ്പെട്ടു. ഫുൾബെഞ്ചിൻെറ മുമ്പിൽ ഈ കൊസ്റ്റ്യൻ വന്നു. ൨൩-ാംവകുപ്പു നിയമവിരുദ്ധമായി ഫുൾബെഞ്ചു് വിധിക്കുമെന്നു കണ്ടപ്പോൾ അഡ്വക്കേററ് ജനറൽ സാവകാശം ആവശ്യപ്പെട്ടു. അങ്ങനെ ഇരിക്കേ പൊതുരക്ഷാനിയമത്തിലെ ൨൩-ാംവകുപ്പു സാധുവാക്കിക്കൊണ്ടുപോകാൻ രാജപ്രമുഖനെക്കൊണ്ടു് ഒരു ഓർഡിനൻസ് പാസാക്കിക്കുകയാണു് ചെയ്തതു്. ഇപ്പോൾ ഞങ്ങൾ ഈ ഭേദഗതിയെ എതിർക്കുന്നുണ്ടെങ്കിൽ അതു് പൊതുരക്ഷാനിയമം സ്വയം നശിച്ചുപോകാൻ വേണ്ടിയാണു്. ഇതു് ഒരു കരിനിയമമാണു്. അസാധാരണമായ അധികാരം കോൺഗ്രസ്സ് ഗവൺമെൻറിനു വേണം. അതിനാണു് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതു്.

ഈ അസാധാരണനിയമം കോൺഗ്രസ്സ്മന്ത്രിമാർ കൊടുക്കരുതെന്നു പറയുന്നതു് പ്രധാനമായി രണ്ടു കാരണങ്ങൾകൊണ്ടാണു്. കൊട്ടാരക്കര ലാക്കപ്പിൽവച്ചു് സുരേന്ദ്രൻെറ രക്തം ഊററിക്കുടിച്ചു്, കൊട്ടാരക്കര ലാക്കപ്പിൽവച്ചു് സുരേന്ദ്രനെ തല്ലിക്കൊന്നതിനു് ഉത്തരവാദികളായ ഈ കോൺഗ്രസ് പാർട്ടിയിൽപെട്ടവർ ഈ നിയമത്തെ അനുകൂലിച്ചു സംസാരിക്കുന്നതിൽ അത്ഭുതത്തിനു വഴിയില്ല. ഇപ്പോൾ കേന്ദ്രത്തിൽ പബ്ലിക്ക് പ്രിവൻറീവ് ഡിറററൻഷൻ ആക്ട് നിലവിലുണ്ടു്. അതോടുകൂടി ഈ മാതിരിയുള്ള മറെറാരു അസാധാരണനിയമവും വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഒരിക്കലും നാട്ടിനു് രക്ഷയില്ല. സർ, ഈ നിയമം ഇല്ലെങ്കിൽ ഞങ്ങളുടെ സംഘടനയെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചുകൊണ്ടു് കഴിഞ്ഞ അഞ്ചുമാസക്കാലം ഞങ്ങളെ തടങ്കലിൽ വച്ചുകൊണ്ടിരിക്കുവാൻ സാധിക്കുമായിരുന്നില്ല. പൊതുജനങ്ങളുടെ വോട്ടുവാങ്ങി ഈ നിയമസഭയിൽ മെമ്പറായി വന്നിട്ടുള്ള ഞങ്ങളുടെ കൂട്ടത്തിലുള്ള രണ്ടംഗങ്ങൾ ഇന്നും ജയിലിൽ ഇട്ടിരിക്കുകയാണു്. ഈ കോൺഗ്രസ്മന്ത്രിസഭ വീണ്ടും ഈ അസാധാരണനിയമം ഇവിടെ വേണമെന്നു ആവശ്യപ്പെടുന്നതു് വാസ്തവത്തിൽ അടുത്തുവരാവുന്ന റീ ഇലക്ഷനിൽ ഞങ്ങളെയെല്ലാം പിടിച്ചു തടവിൽ വയ്ക്കുവാൻ വേണ്ടിയാണു്. സർ, ഇവർ അതു് ചെയ്യുകയില്ലെന്നു വിചാരിക്കേണ്ട. ഇവർ അതു ചെയ്യും. അവരെ ജയിലിൽനിന്നു മോചിപ്പിക്കണമെന്നു പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞു അവരെ വിടുകയാണെങ്കിൽ അതു് നിയമസഭാംഗങ്ങൾക്കു കുററംചെയ്യുവാനുള്ള അനുവാദം കൊടുക്കും പോലെയാണെന്നും നിയമസഭാംഗം കുററംചെയ്താൽ ശിക്ഷിക്കാൻ പാടില്ലെന്നു പറയുന്നതിനു് തുല്യമാണെന്നും. ഇന്നു് ട്രഷറിബഞ്ചിൽ ഇരിക്കുന്നവർപോലും കുററംചെയ്തിട്ടു ശിക്ഷിക്കപ്പെട്ടവരും ഒടുവിൽ രാജാവിൻെറ ഉത്തരവുപ്രകാരം ശിക്ഷ റദ്ദുചെയ്തു വിട്ടയക്കപ്പെട്ടവരുമാണു്. ഈ രണ്ടു പേരും എന്തെങ്കിലും കുററം ചെയ്തിരിക്കാം. അവരുടെ ബാക്കിയുള്ള

[Shri T. V. Thomas]

ശിക്ഷ റദ്ദുചെയ്തു അവരെ വിട്ടയക്കണമെന്നേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു. അല്ലാതെ അവരുടെ ശിക്ഷ മുഴുവൻ റദ്ദുചെയ്യണമെന്നല്ലാ ആവശ്യപ്പെടുന്നതു്. ഇപ്രകാരമുള്ള വാദഗതികൾ ശ്രീ. പനമ്പിള്ളി ഉന്നയിക്കുന്നതു്, അദ്ദേഹത്തിന്റെ ഇൻറലക്ച്വൽ ഡിസ്ഓണസ്റ്റികൊണ്ടാണു്. സെക്ഷൻ ൧൬ പ്രകാരം അവർക്കു വേണമെന്നു പറയുന്ന അധികാരം നാട്ടിനു് ഏററവും ദോഷകരമായിട്ടുള്ള ഒന്നാണു്. ഒരു സംഘടനയെ നിയമവിരുദ്ധമായി പ്രഖ്യാപിക്കുവാനുള്ള കാരണം കോടതിയെ അറിയിക്കുവാൻ തയ്യാറാകാത്തതു എന്താണെന്നു് ഞാൻ ചോദിക്കുന്നു. യഥാർത്ഥത്തിൽ ഈ അധികാരംകൊണ്ടു് സംഘടനകളെ നശിപ്പിക്കുകയും അവയുടെ യാതൊരു പ്രവർത്തനങ്ങളും നടക്കാതിരിക്കുവാൻ വേണ്ട നടപടികൾ നടത്തുന്നതിനു് അവസരം കൊടുക്കുകയുമാണു് ചെയ്യുന്നതു്. നിയന്ത്രണം റീസണബിൾ ആണോ അല്ലയോ എന്നു തീരുമാനിക്കേണ്ടതു് കോടതിയിൽനിന്നാണു്. മന്ത്രിമാർക്കു ഭരണം നടത്തിക്കൊണ്ടുപോകുവാൻ തടസ്സങ്ങൾ വരാതിരിക്കുവാനായിട്ടാണു് ഈ വകുപ്പു ആവശ്യമാണെന്നു പറയുന്നതു്. നിങ്ങൾ ജനാധിപത്യതാല്പര്യത്തിനുവേണ്ടി നിലകൊള്ളുന്നവരാണെങ്കിൽ ഈ അധികാരം ആവശ്യപ്പെടുന്നതു് ശരിയല്ല. ഇതു് വാസ്തവത്തിൽ ഒരു പാർട്ടി പ്രശ്നമാക്കേണ്ട ആവശ്യമില്ല. ഇതു് നിയമമാക്കണമെന്നു താല്പര്യമുള്ളവർ വാസ്തവത്തിൽ നാട്ടിന്റെ താല്പര്യത്തിനുതന്നെ വിരോധികളാണു്. അസോസ്യേഷൻ നടത്തിക്കൊണ്ടുപോകുന്നതിനെ നിയമവിരുദ്ധമാക്കണമെന്നു കരുതുന്നതു് എന്തെങ്കിലും പ്രത്യേക കാരണങ്ങൾ കൊണ്ടായിരിക്കണം. അങ്ങനെ ഏതെങ്കിലും അസോസ്യേഷന്റെ പ്രവർത്തനം നിയമവിരുദ്ധമാക്കണമെങ്കിൽ അതിനുള്ള കാരണം റീസണബിൾ ആണോ അല്ലയോ എന്നു തീരുമാനിക്കേണ്ടതു് കോടതിയാണു്. അതിനു് തയ്യാറില്ലാത്ത ഈ മന്ത്രിസഭ കൊണ്ടുവന്നിരിക്കുന്ന ബില്ലിനെ നാം എതിർക്കണം. ഏതായാലും ഇക്കാര്യത്തിൽ എനിക്കു ഒരാശ്വാസമുണ്ടു്. ഇതു പാസാക്കുവാൻ കൊണ്ടുവരുന്നതു് ശ്രീ. ടി. എം. വറുഗീസാണല്ലോ എന്നോർത്തിട്ടു്. ഇതു് അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതത്തിലെ ഒരു ധൂമകേതുവായിരിക്കുമെന്നു ഞാൻ പറയുന്നില്ല. അതു് പാർലിമെൻററിയല്ലാ എന്നു എനിക്കറിയാം. ഏതായാലും ഇതു് അദ്ദേഹത്തിനു് രാഷ്ട്രീയജീവിതത്തിൽ ഒരു ആൻറിക്ലൈമാക്സ് ആയിരിക്കും. പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു കഴിഞ്ഞു ആദ്യമായി കൂടുന്ന സമ്മേളനത്തിൽ ഇങ്ങനെ ഒരു ബിൽ കൊണ്ടുവരുവാനുള്ള ഭാഗ്യം ശ്രീ. ടി. എം. വറുഗീസിനു് തന്നെയാണു് ലഭിക്കേണ്ടതു്.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> സർ, ശ്രീ ടി. വി. തോമസ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചില വിമർശനങ്ങൾ ചെയ്തിരുന്നില്ലെങ്കിൽ ഞാൻ ഈ ബില്ലിനെപ്പററി പ്രസംഗിക്കുമായിരുന്നില്ല. ഞാൻ പറഞ്ഞതു് ഇൻറലക്ച്വൽ ഡിസോണസ്റ്റി ആണു് എന്നു് അദ്ദേഹം പറഞ്ഞതുകൊണ്ടു് ഞാൻ പറഞ്ഞതു് തെററാകയില്ല എന്നു വിശദീകരിക്കുവാൻവേണ്ടി ഞാൻ എഴുനേററു നിൽക്കുകയാണു്. എന്റെ സ്നേഹിതന്മാർ ശ്രീ. പട്ടംതാണുപിള്ള ശ്രീ. ഇ. പി. വർഗ്ഗീസിന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ ൧൬-ാം വകുപ്പു ഇപ്പോൾ ഏതു നിലയിൽ [illegible] എന്നു ചോദിച്ച അവസരത്തിൽ അതിനു് സമാധാനം പറയുന്നതു് പ്രസക്തമായിരുന്നതുകൊണ്ടു് ഞാൻ അതിനു് സമാധാനം പറയുകയാണു് ചെയ്തു

ത്തു്. ശ്രീമാൻ കുറുപ്പു് രണ്ടുദിവസംമുമ്പു് ഇതിനെക്കുറിച്ചു് പ്രസംഗിച്ച അവസരത്തിൽ ൨൩-ാം വകുപ്പു് അസാധുവാണെന്നു് കോടതി പ്രഖ്യാപിച്ചു എന്നുപറഞ്ഞതുകൊണ്ടു് അതിനുള്ള ഭേദഗതി ഇവിടെ കൊണ്ടുവരുന്നതു് ഔട്ട് ഓഫ് ആർഡർ അല്ലേ എന്നു് ഒരു വാദം ശ്രീ. തോമസ് ഇവിടെ കൊണ്ടുവരികയുണ്ടായി.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ൨൩-ാം വകുപ്പും ഫണ്ടമെൻറൽ റൈററിനു് എതിരാണെന്നും അതിനു് നിയമപ്രാബല്യമില്ലെന്നും ഹൈക്കോടതി വിധിച്ചിട്ടുള്ളതു് വച്ചുകൊണ്ടാണു് അങ്ങനെ പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ പറഞ്ഞതു് ൨൩-ാം വകുപ്പു നിയമവിരുദ്ധമാണെന്നു യാതൊരു ഹൈക്കോടതിയും പറഞ്ഞിട്ടില്ലാ എന്നാണു്. കൊച്ചിൻ ക്രിമിനൽ ലാ അമൻറുമെൻറ് ആക്ടു് അനുസരിച്ചുണ്ടായ ഒരു റിററു് കേസിൽ ഹൈക്കോടതി ചില അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടു്. എന്നല്ലാതെ അതു നിയമവിരുദ്ധമാണെന്നു പറഞ്ഞിട്ടില്ല. ഒരു നിയമനിർമ്മാണമുണ്ടായാൽ അതു് കോടതി നിയമവിരുദ്ധമാണെന്നു പറഞ്ഞു തള്ളുന്നതുവരെ അതിനു് നിയമസാധുത്വം ഉണ്ടായിരിക്കുന്നതാണെന്നു സുപ്രീംകോടതിയിൽ ഒരു വിധിയുണ്ടായിട്ടുണ്ടു്. അതിനെ വിസ്മരിച്ചുകൊണ്ടാണു് ശ്രീ. തോമസ് പറഞ്ഞതു്. അതുകൊണ്ടു് പൊതുരക്ഷാനടപടി നിയമത്തിലെ ൨൩-ാം വകുപ്പു അസാധുവാണെന്നു ഇതേവരെ യാതൊരു കോടതിയും പറഞ്ഞിട്ടില്ല.

ശ്രീ. ടി. വി. തോമസ്: ഡിവിഷൻബഞ്ചിൽ ഇരുന്നകേസു് ഫുൾബഞ്ചിലേക്കു് റഫർചെയ്തതിന്റെ സ്പിരിററു് എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് വിധിയല്ല. അപ്പോൾ ഞാൻ പറഞ്ഞതോ അർദ്ധസത്യം മി. തോമസ് പറഞ്ഞതോ അർദ്ധസത്യം എന്നു നോക്കണം. ഞാൻ പറഞ്ഞതു് അർദ്ധസത്യമാണെന്നു പറഞ്ഞതു് പൂർണ്ണ സത്യമാണു്. ശ്രീ തോമസ് പറഞ്ഞതു് അർദ്ധസത്യവുമാണു്. ഇങ്ങനെ പറയുന്നതു് തെററാണെന്നു പറയുകയല്ല; പക്ഷെ സങ്കടകരമാണു്. എന്താണെന്നുവച്ചാൽ ഞാൻ പറഞ്ഞതു് പൂർണ്ണമായ സത്യമാണു്. ൨൩-ാം വകുപ്പു് അസാധുവാണെന്നു് യാതൊരു കോടതിയും ഇതേവരെ പ്രഖ്യാപിച്ചിട്ടില്ല. അതുകൊണ്ടു് സർ, എനിക്കു പറയുവാനുള്ളതു് ബഹുമാനപ്പെട്ട മെമ്പർ എന്നെപ്പററി പറഞ്ഞതു് ശരിയല്ലാ; ഞാൻ ഈ സെക്ഷനെപ്പററി പറഞ്ഞതു് ശരിയുമാണു് എന്നാണു്. ൨൩-ാംവകുപ്പിനു് ഒരു അയവുവരുത്തുവാനുള്ള ഭേദഗതിയാണു് ഈ ബിൽ എന്നു് ഞാൻ പറഞ്ഞു. ഇന്നലെയും മിനിഞ്ഞാന്നാളും എസ്റ്റേററു് ഡ്യൂട്ടിയെപ്പററി ഞാൻ പറഞ്ഞതു് അർദ്ധസത്യമാണെന്നു് ശ്രീ. തോമസ് ഇവിടെ പറഞ്ഞു. അദ്ദേഹം പറഞ്ഞതു് പകുതി ശരിയാണു്. ഞാൻ പറഞ്ഞതു് മുഴുവനും ശരിയാണു്. അർദ്ധസത്യംപോലെ അപകടകരമാണു് അജ്ഞാനം. യൂണിയൻ ലിസ്റ്റിൽ ൮൭-ം, ൮൮-ം സെക്ഷൻ വായിക്കുവാൻ ഞാൻ ബഹുമാനപ്പെട്ട മെമ്പറോടു പറയുന്നു.

(87) Estate duty in respect of property other than agricultural land.

(88) Duties in respect of succession to property other than agricultural land.

കുറച്ചു ജ്ഞാനമുണ്ടായാൽ കുറച്ചു ബുദ്ധിമുട്ടുണ്ടു്. ഭരണഘടനയിലെ യൂണിയൻ ലിസ്റ്റു് ൮൭-ം, ൮൮-ം വകുപ്പുകളെപ്പററിയാണു് ഞാൻ പ

[Shri Panampilli Govinda Menon]

റഞ്ഞതു്. അദ്ദേഹം പറഞ്ഞു ഈ വകുപ്പുകൾ സ്റ്റേറ്റ് ലിസ്റ്റിൽ ഉണ്ടെന്ന്. അതു ശരിയാണ്.

ശ്രീ. ടി. വി. തോമസും ഞാനും പറഞ്ഞതു് ശരിയാണ്. പക്ഷേ ഞാൻ പറഞ്ഞതു് കൂടുതൽ ശരി; അത്രേയുള്ളൂ. അവിടത്തെ ടാക്സ് അധികവും അഗ്രികൾച്ചറിൽനിന്നും ഉള്ളതാണ്. ഞാൻ ഇവിടെ അർദ്ധസത്യമൊന്നും പറഞ്ഞതല്ല; നമുക്ക് ഇനിയും ഇവിടെ കഴിഞ്ഞുകൂടണം. അതുകൊണ്ടു് അങ്ങനെയൊന്നും വിചാരിക്കേണ്ട ആവശ്യമില്ല. ആർട്ടിക്കിൾ ൨൮ ഇനിയും അന്യൂനമായി നില്ക്കുകയാണ്. അതല്ലാ, അതു മാറ്റണമെങ്കിൽ നമുക്കു് ഒരു അമൻറുമെൻറ് കൊണ്ടുവരാം റിപ്പീലിംഗ് ആക്ട് കൊണ്ടുവരാം. ഇതു് ഞാൻ പറഞ്ഞതു് ശരിയാണ്, അദ്ദേഹം ഒരു ലിസ്റ്റുനോക്കി ഞാനും ഒരു ലിസ്റ്റുനോക്കി അത്രേയുള്ളൂ. രണ്ടുപേർ പറഞ്ഞതും ശരിയാണ്.

മിസ്റ്റർ സ്പീക്കർ: ഈ സെഷനിൽ തീർക്കണമെന്നു ഉദ്ദേശിച്ചിരുന്ന ഒഫീഷ്യൽ ബില്ലുകൾ മുഴുവനും തീർന്നിട്ടില്ലാത്തതുകൊണ്ടു് ഈ സമ്മേളനം ഒരു ദിവസത്തേക്കുകൂടി നീട്ടിയിരിക്കുന്നു. ഏപ്രിൽ ൨-ാംനു- ബുധനാഴ്ച ഒഫീഷ്യൽ ബിസിനസ്സിനായി വിനിയോഗിക്കുന്നതാണ്.

*The Assembly adjourned at 4-30 p.m. to meet again at 11 a.m. on Tuesday the 1st April 1952.*

V. KRISHNAMOORTHI
*Secretary, Legislative Assembly*

# APPENDIX A

## Statement referred to in answer to part (b) of the question No. 192 [9]

1. Government may on application made in the prescribed form and on payment of prescribed fee (if any) grant to any person a license to supply energy in any specified area and also to lay down or place electric supply lines for the conveyance and transmission of energy.

The licensee may prescribe such terms as to the limits within which and the conditions under which the supply of energy is to be compulsory or permissible and as to the limits of price to be charged for the supply of energy and generally as to such matters as Government may lay down in this behalf.

The main terms and conditions of the issue of a license are as follows:—

The licensee should show that he is in a position to discharge the duties and obligations imposed on him within the time specified and should furnish the security required by the Government. It is the duty of the licensee to see that the current is supplied in the area of supply within the period specified.

The licensee is bound to maintain suitable transmission lines, machinery, etc. so as to keep proper voltage at all places within the area of supply.

As per the Act the licensee is bound to submit the annual account of the concern within the prescribed date.

The licensee is empowered to carry out works for the purpose of laying down or placing electrical supply lines within the area of supply or without the area of supply as permitted by the licenses provided due consent of the parties therefor is obtained.

The licensee should, in exercising the powers conferred on him by the Electricity Act cause as little damage or inconvenience and should make full compensation for any damage or inconvenience caused by him or by his employees.

Where energy is supplied by the Licensee every person within the area shall except in so far as is otherwise provided, by the terms and conditions of the licensee be entitled on application to a supply on the same terms as those in which any other person in same area is entitled in similar circumstances to a corresponding supply provided the licensee is paid a minimum sum annually as will give him a reasonable return on his capital expenditure.

The licensee shall not in making any agreement for the supply of energy show undue preference to any person.

The licensee has the powers to disconnect any defaulted consumer after giving not less than seven days' notice.

Government can exercise the option of purchase of the undertaking on the expiration of such period not exceeding 50 years and on the expiration of subsequent period of 20 years. The value of lands, buildings, works, plants, etc. are to be determined as provided for in clause 7 (1) of the Electricity Act.

The licensee is not authorised to purchase or associate himself with other licensed undertakings or transfer his undertaking except with the sanction of Government.

If the Government thinks, the license can be revoked in any of the following causes.

1. Where the licensee makes wilful and unreasonably prolonged default in doing anything required of him by or under the Act.

2. Where the licensee breaks the terms and conditions of the license the breach of which is expressly declared by said license to render it liable for revocation.

3. Where the licensee fails to show that he is in a position fully and effectively to discharge the duties and obligations imposed on him by the license.

4. Where the licensee is unable, by reason of his insolvency, to discharge the duties and obligations imposed on him by his license.

The grant of a license under the Act for any purpose shall not in any way hinder or restrict the grant of license to another person within the same area of supply for like purpose.

## APPENDIX B

### List referred to in Interpellation No. 218 [52]

1. Persons who were originally Hindu Scheduled Caste and Scheduled Tribes and who after conversion to Christianity were reconverted to Hinduism were granted all concessions granted to Hindu Scheduled Castes and Scheduled Tribes.

2. A system of payment of lump sum grants to the School students for the purchase of school requirements and cloths was sanctioned and the students of Middle and High School classes were granted stipends at the rate of Rs. 25 and Rs. 40 respectively. Nearly 9000 students were granted stipends and an amount of Rs. 2,40,000 was spent on this account in 1950—51.

3. Students belonging to "Scheduled Castes" and scheduled tribes and Kudumbis who are studying in Colleges were granted monthly stipend of Rs. 45 each to those who are coming from places within 5 miles and Rs. 50 each to those who come from places beyond 5 miles from their respective Colleges for their boarding and lodging expenses.

4. Educational concessions were granted to five students studying in Medical Colleges and to seven students in Law College.

5. Educational expenses of 13 students admitted in the Poly-technical Institute, Kalamassery were met by the Government,

6. Lump sum grants of Rs. 400 each was given to 3 Law Graduates from Backward Communities to enable them to take sannad, etc., for legal practice.

7. Sanction was accorded to send up six Harijan women for training in the Kasturba Gandhi Daseeya Smaraka Nidhi (Kerala Branch) Kurkancherry and they were given a monthly stipend of Rs. 40 each inclusive of their tution fees.

8. A tailoring school was started by the Government at Trivandrum with 10 students of Backward Communities as an experimental measure. The students are given free tuition and a monthly stipend of Rs. 15 each.

9. 86 Acres and 85 cents af land in various places were sanctioned to be leased to the Backward Communities.

10. A scheme of construction of houses for Backward Communities by payment of grant was sanctioned.

11. A grant of Rs. 250 per mensem was sanctioned to the residential school for the Kadar children of Paramlikulam (Orukombankutty) conducted by the Servants of India Society.

12. A Co-operative Society for the hill tribes was organised at Mullaringad.

13. Two Co-operative stores were opened for the benefit of the Backward Communities and the public.

14. The itinerant weaving party which was transferred from the Industries Department has been stationed at the Sachivothamapuram Colony.

15. Twelve welfare committees were constituted in order to give the public facilities to bring to the notice of the Government the local needs of the members of the Backward Communities.

## APPENDIX C

### List of Grant-in-aid Industries in Travancore-Cochin area

**TRAVANCORE**

*[Please refer to question No. 32 (3)]*

| *S. No.* | *Name of Institutions* | | *Amount of grant given in 1951* Rs. |
|---|---|---|---|
| 1 | Grant-in-aid L.M.S. Hospital, Neyyoor | | 3,600 |
| 2 | Do. | Marthandom | 450 |
| 3 | Do. | Attingal | 360 |
| 4 | Do. | Nedumangad | 420 |
| 5 | Catherine Booth Hospital, | Vadassery | 1,200 |
| 6 | Salvation Army Branch Hospital, Aramboly | | 300 |
| 7 | St. Joseph's Hospital, Manjummel | | 900 |
| 8 | Grant-in-aid Rural Dispensary, Vechoor | | 360 |
| 9 | Do. | Granby | 1,200 |
| 10 | Do. | Chittavurrai | 1,200 |
| 11 | Do. | Periakanal | 1,200 |
| 12 | Do. | Munnar | 1,200 |
| 13 | Do. | Ponmudi | 1,200 |
| 14 | Do. | Karuppampady | 360 |
| 15 | Do. | Kalthuruthy | 1,200 |
| 16 | Sri Ramakrishna Asramam Charitable Hospital, | Sasthamangalom | 1,200 |
| 17 | Maternity Welfare Centre, Melkavu | | 240 |
| 18 | C. P. Memorial Leper Asylum, Neyyoor | | 20,400 |
| 19 | Salvation Army Leper Hospital, Puthencruz | | 15,600 |
| 20 | Little Flower Hospital, Angamalai | | 600 |
| | | Total | 53,190 |

**COCHIN**

| | | | Rs. |
|---|---|---|---|
| 1 | Grant-in-aid Dispensary, | Ollur | 2,301 |
| 2 | Do. | Elanad | 2,301 |
| 3 | Do. | Varandarapilly | 2,301 |
| 4 | Do. | Cheruthuruthy | 2,301 |
| 5 | Do. | Chendamangalam | 2,301 |
| 6 | Do. | Vadavucode | 2,301 |
| 7 | Do. | Velur | 2,301 |
| 8 | Do. | Malayattur | 2,301 |
| 9 | Do. | Desamangalam | 2,301 |
| 10 | Do. | Tattamangalam | 2,301 |
| 11 | Do. | Pazhanji | 2,301 |
| 12 | Do. | Chelakkara | 2,301 |
| 13 | Do. | Kallettinkara | 2,301 |
| 14 | Do. | Kumbalam | 2,301 |
| 15 | Do. | Trikkur | 2,301 |
| 16 | Do | Pattikkad | 2,301 |
| 17 | Do. | Cheppad | 2,301 |
| 18 | Do. | Thiruvilvamala | 2,301 |
| | | Total | 41,418 |

Total Grants in Travancore-Cochin amounts to Rs. 94,608.

# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

**FIRST SESSION—1952**

**Tuesday,** *the 1st April, 1952*

**VOL. V** **OFFICIAL REPORT** **No. 7**

The Assembly met again in the Legislative Chamber, Trivandrum. at Eleven of the Clock on Tuesday, the 1st April, 1952, with Mr. Speaker in the Chair.

## QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

### Oral Answers

#### FLAGS AND PORTRAITS OF FOREIGN STATES AND DIPLOMATS

*219. [1] **Shri K. Madhavan Unnithan:** Will the Minister for General Administration be pleased to state.—

(*a*) whether it has come to the notice of Government that the flags of foreign countries and the portraits of foreign Statesmen and Diplomats are exclusively exhibited at political and social gatherings by particular sections or classes of the people; and

(*b*) if so, has the Government taken steps to prohibit such public exhibitions ?

*Chief Minister* **(Shri A. J. John):**

(*a*) Yes.

(*b*) Government are contemplating the issue of strict instructions in the matter.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഇൻഡ്യാ ഗവൺമെന്റുമായി നയതന്ത്രബന്ധത്തിൽ ഏർപ്പെട്ടിട്ടുള്ള നേതാക്കന്മാരുടെ പടം പ്രദർശിപ്പിക്കുന്നതിനെ ഗവൺമെന്റ് നിരോധിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതാണ് അതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നു പറഞ്ഞത്.

ശ്രീ. ടി. എ. മജീദ്: ചൈന, റഷ്യ എന്നിവിടങ്ങളിലെ പതാകകൾ ഇവിടെ ഉപയോഗിക്കുന്നതായിട്ടറിയാമോ?

ശ്രീ. എ. ജെ. ജാൺ. ചില സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതായിട്ട് അറിയാം.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: കമ്മ്യൂണിസ്റ്റ് ഫ്ളാഗും അവിടങ്ങളിലെ സ്റ്റേറ്റ് ഫ്ളാഗുമായി വ്യത്യാസമുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതു് നോക്കിയിട്ടില്ല. മിക്കവാറും ഒരു പോലെതന്നെയാണു്. ഏതായാലും അതിനെക്കുറിച്ചു് അന്വേഷിച്ചു പറയാം.

ശ്രീ. പി. വി. അവിരാത്തരകൻ: ഈ സ്റ്റേററിലെ ചില ഡിപ്പാർട്ടുമെൻറുകളിൽ ചെങ്കൊടി പ്രദർശിപ്പിച്ചുവരുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. പി-വി. അവിരാത്തരകൻ: പി. ഡബ്ലിയു. ഡി. വർക്കുഷാപ്പു മുതലായ സ്ഥലങ്ങളിൽ ചെങ്കൊടി പ്രദർശിപ്പിക്കുന്നതായിട്ടറിയാമോ?

(ഉത്തരമില്ല)

ശ്രീ. എൻ. രാഘവക്കുറുപ്പു്: കമ്മ്യൂണിസ്റ്റു് ഫ്ളാഗും അവിടങ്ങളിലെ സ്റ്റേററു ഫ്ളാഗുമായി വ്യത്യാസമുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഉത്തരം ഞാൻ പറഞ്ഞു.

ശ്രീ. ടി. കെ. കൃഷ്ണൻ: ചർച്ചിലിൻെറയും ട്രൂമാൻെറയും പടം പ്രദർശിപ്പിക്കുകയാണെങ്കിൽ ഗവണ്മെൻറിൻെറ നില എന്തായിരിക്കും?

ശ്രീ. എ. ജെ. ജാൺ: അതിൽ ഗവണ്മെൻറിനു നില ഒന്നുമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഏതെങ്കിലും രാജാവിൻെറ ചരമത്തിൽ ഈ നിയമസഭ അനുശോചനം രേഖപ്പെടുത്തിയിട്ടുണ്ടോ?

**Mr. Speaker**: The question is disallowed.

## NAGERCOIL ELECTRIC SUPPLY CORPORATION

***220.** [2] **Shri K. Sattanatha Karayalar**: Will the Minister for Electricity be pleased to state.—

(*a*) the reasons that led to the cause of the dispute between the workers of the Nagercoil Electrict Supply Corporation and its management;

(*b*) whether it is a fact that some workers have been discharged illegally;

(*c*) what action the Government have taken towards reinstatement of the said workers;

(*d*) whether it is a fact that the management of the N. E. S. C. are violating all the factory laws and no facilities as per the Factory Act are being given to the workers; and

(*e*) whether any complaints regarding these have been received by the Government from the South Travancore Electrical Workers' Union ?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):**

(*a*) The retrenchment of the existing staff of the licensee and the suspension and dismissal of some workers were the main reasons.

(*b*) Yes.

(*c*) The matter has been referred to the Industrial Tribunal on the 14th August 1951.

(*d*) No.

(*e*) No.

**Shri K. Sattanatha Karayalar**: Did the management implement the decisions of the Industrial Tribunal ?

**Shri Panampilli Govinda Menon**: No, the matter is before the Tribunal. The management did not implement the decisions of the arbitrator.

**Shri K. Sattanatha Karayalar:** What action was taken against him?

**Shri Panampilli Govinda Menon:** It was an informal matter. It is only when the management infringes the decisions of the Tribunal or any other authority the Government gets a handle to take action.

**Shri N. A. Noor Muhammad:** Has the Tribunal given any award in the matter?

**Shri Panampilli Govinda Menon:** No.

**Shri T. K. Divakaran:** How long will they take for the award?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇങ്ങനെ ഒരു അവാർഡ് അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ലേബർ മന്ത്രിയും ചേർന്ന് തൊഴിലാളികളും മാനേജ്മെൻറുമായി ആലോചിച്ച് ഉണ്ടാക്കി. തൊഴിലാളികളുടെയും മാനേജ്മെൻറിൻെറയും പ്രതിനിധികളെക്കൂടാതെ ഇലക്ട്രിക്കൽ ചീഫ് എഞ്ചിനീയറും ലേബർ കമ്മീഷണരും ഹാജരുണ്ടായിരുന്നു. അവർ ഒരു അവാർഡ് നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് മാനേജ്മെൻറ് പ്രവർത്തിച്ചിട്ടില്ല. അതിനെപ്പററി ട്രിബ്യൂണൽ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. താമസിയാതെതന്നെ അതിനെപ്പററി ഒരു അവാർഡുണ്ടാകും.

**Shri K. Sattanatha Karayalar:** Are the Government aware that the workers who were discharged illegally were not given their salaries for the last seven months in spite of the decisions of the labour Tribunal?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

**Shri C. Sankar:** Are the Government aware that the workers of the Electric Corporation are not given privilege leave or sick leave or casual leave?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം. അതിനു വേണ്ട പരിഹാരം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

## ശ്രീ. കെ. ജി. മേനോൻെറ പ്രസംഗം

*ഫ. ഫ. ഫ. (ന) ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) കഴിഞ്ഞുപോയ ചീഫ് സെക്രട്ടറി ശ്രീ. കെ. ജി. മേനോനു തൃശ്ശൂർവെച്ചു ഒരു യാത്രയയപ്പു സൽക്കാരാവസരത്തിൽ ചെയ്ത പ്രസംഗം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) സർവ്വീസ് സംയോജനം സംബന്ധിച്ച് ആ പ്രസംഗത്തിൽ അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായം ഈ ഗവൺമെൻറ് അംഗീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉവ്വ്.

(ബി) ചീഫ് സെക്രട്ടറി അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് അദ്ദേഹത്തിൻെറ സ്വന്ത അഭിപ്രായമായിരിക്കും.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: കോൺഗ്രസ് മന്ത്രിമാർ ഒരിക്കുന്ന കാലത്തോളം ഈ അഭിപ്രായം തന്നെയാണോ മന്ത്രിസഭയ്ക്കും ഉള്ളത്

ശ്രീ. എ. ജെ. ജാൺ: അദ്ദേഹം പറഞ്ഞതു് മന്ത്രിസഭയുടെ അഭിപ്രായമല്ല അദ്ദേഹത്തിന്റെ സ്വന്ത അഭിപ്രായമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: സർവ്വീസ് സംയോജനം സംബന്ധിച്ചു് മന്ത്രിസഭയ്ക്കുള്ള അഭിപ്രായമെന്താണു്?

ശ്രീ. എ. ജെ. ജാൺ: മന്ത്രിസഭയുടെ അഭിപ്രായം ഇതു ഉടനെ നടപ്പിൽ വരുത്തണമെന്നാണ്.

ശ്രീ ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഉദ്യോഗസ്ഥന്മർ ഇങ്ങനെ പ്രസംഗിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അപ്പോൾ അങ്ങനെ പ്രസംഗിച്ച ചീഫ് സെക്രട്ടറിയുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ചീഫ് സെക്രട്ടറി പറഞ്ഞതു് പരമാർത്ഥമാണോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഏതായാലും, അങ്ങനെ പറഞ്ഞുവെങ്കിൽ അതു് അദ്ദേഹത്തിന്റെ സ്വന്ത അഭിപ്രായമാണ്.

## ട്രാൻസ്പോർട്ട് ബസ്സുകൾ

*൨൨൨. (൪) ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എത്ര ബസ്സുകൾ ഗവമ്മെൻറിന്റെ ഉടമസ്ഥതയിൽ ഉണ്ടു്;

(ബി) എത്ര ബസ്സുകൾ ലൈനിൽ ഓടുന്നുണ്ടു്;

(സി) ലൈനിൽ ധാരാളം ബ്രേക്കഡൗൺ ഉണ്ടാകുന്നതായി ഡിപ്പാർട്ടുമെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എത്ര ബ്രേക്കഡൗൺ റിപ്പോർട്ടുകൾ ൧൯൫൨-ൽ ആദ്യത്തെ രണ്ടു മാസങ്ങളിൽ ലഭിച്ചിട്ടുണ്ടു്?

മരാമത്തും, ഗതാഗതവും, വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ)

(എ) ഡിപ്പാർട്ടുമെൻറിൽ ൩൦൨ വണ്ടികളുണ്ടു്.

(ബി) ൨൯൦ വണ്ടികൾ ഓടിക്കൊണ്ടിരിക്കുന്നു.

(സി) ഉണ്ടു്.

(ഡി) ജാനുവരിയിൽ ൪൯൦. ഫെബ്രുവരിയിൽ ൪൯൨.

ശ്രീ. വാസുദേവൻ പിള്ള: ഇത്രയൊക്കെ ബ്രേക്കഡൗണുകൾ ഉണ്ടായിരിക്കുന്നതു് വർക്ക്ഷാപ്പിന്റെ സാമർത്ഥ്യക്കുറവുകൊണ്ടല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ. അങ്ങനെയും വരാം.

ശ്രീ. വാസുദേവൻ പിള്ള: അപ്പോഴപ്പോൾ ഇങ്ങനെ വരുന്നതു് അതാതു സമയത്തു് റിപ്പയർ ചെയ്യേണ്ടതല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് ചിലപ്പോൾ സാധിച്ചെന്നു വരികയില്ല.

ശ്രീ. ആർ. കേശവപിള്ള: പത്തുവർഷത്തിൽ കൂടുതൽ പഴക്കമുള്ള വണ്ടികൾ എത്രയുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ൩൦൨ വണ്ടികളിൽ അങ്ങനെ ഒന്നുമില്ല. ബുക്ക് വാല്യൂ ഇല്ലാത്ത കുറെ വണ്ടികൾ ഉണ്ട്. അവയിൽ ഒരു പക്ഷെ അങ്ങനെ ചിലതു കണ്ടേക്കാം.

ശ്രീ. ഒ. സി. നൈനാൻ: ഓവർലോഡ് നിറുത്തണമെങ്കിൽ കൂടുതൽ ബസ്സുകൾ ആവശ്യമാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ.

ശ്രീ. ഒ. സി. നൈനാൻ: കൂടുതൽ ബസ്സുകൾ എന്നത്തേക്കുവരും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉടനെതന്നെ വരുത്തുവാൻവേണ്ട ഏർപ്പാടുകൾ ചെയ്യുന്നുണ്ട്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സ്വകാര്യ ഏജൻസികൾ നടത്തിവരുന്ന ബസ്സുകളിൽ ഇത്രയധികം ബ്രേക്ക്ഡൗണുകൾ വരുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല. ഇവിടെ ഈ ൪൯൦ എന്നുപറഞ്ഞതു് ഒരുലക്ഷം മൈൽ ഓടുന്ന ഒരു വണ്ടിക്കു് ശരാശരി ൨൦ ബ്രേക്ക്ഡൗണുകൾ ഉണ്ടാകുന്നതുകൊണ്ടാണു്. മററു സ്വകാര്യ ഏജൻസികളുടെ വണ്ടികൾ അത്ര ഓടാത്തതുകൊണ്ടു് അല്ലെങ്കിൽ അവർക്കു് ബസ് അത്ര അധികം ഇല്ലാത്തതുകൊണ്ടു് താരതമ്യേന ബ്രേക്ക്ഡൗണുകൾ കുറവായിരുന്നേക്കാം.

ശ്രീ. ഒ. സി. നൈനാൻ: ബ്രേക്ക്ഡൗണുകൾ വരുമ്പോൾ ആ ബസ്സിലുള്ള യാത്രക്കാരെ എങ്ങനെ കൊണ്ടുപോകുന്നു?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പിന്നീടുവരുന്ന വണ്ടിയിൽ അവരെ കയററിക്കൊണ്ടുപോകുന്നു.

ശ്രീ. ഒ. സി. നൈനാൻ: പുറകെ രണ്ടാമത്തെ പ്രാവശ്യം വണ്ടി വരുന്നതുവരെ അവർ കാത്തിരിക്കേണ്ടതായിട്ടു വരുന്നില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചിലപ്പോൾ അങ്ങനെവന്നേക്കാം.

ശ്രീ. വാസുദേവൻപിള്ള: പ്രൈവററു ഏജൻസികൾ നടത്തുന്ന ലൈനിൽ ഇത്രയധികം ബ്രേക്ക്ഡൗൺ ഉണ്ടാകാറില്ലെന്നു് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതാണു് ഞാൻ പറഞ്ഞതു്. അവക്കു് ഇത്രത്തോളം ബസുകളുമില്ല.

ശ്രീ. വാസുദേവൻപിള്ള: ൧൦൦-ൽ അധികം ബസ്സുകളുള്ള സ്വകാര്യ ഏജൻസികൾ ഉണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല.

ശ്രീ. വാസുദേവൻപിള്ള: നൂറിൽ ചില്വാനം ബസ്സുകളുള്ള കമ്പനികൾ നടത്തുന്ന സർവ്വീസിൽ ബ്രേക്ക്ഡൗൺ വളരെ കുറവാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിവില്ല.

ശ്രീ. ആർ. സുഗതൻ: വണ്ടി ബ്രേക്ക്ഡൗണാകുമ്പോൾ വണ്ടി തള്ളിക്കൊടുക്കുന്ന യാത്രക്കാർക്കു് ചാർജിൽ വല്ല കുറവും വരുത്തുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ കുറവുവരുത്തിയതായി അറിവില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ചില്ലറ അററകുററങ്ങൾ ഉണ്ടായാൽ അവ തീർക്കുന്നതിനു് ഡ്രൈവർമാർക്കു് അധികാരമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചില്ലറ അററകുററങ്ങൾ തീർക്കാൻ അവർക്കു് അധികാരമുണ്ടു്.

**Shri C. Sankar**: Is it a fact that most of the buses which are run on the Nagercoil line have no book value?

**Shri Kalathil Velayudhan Nair**: No, it is not a fact.

**Shri P. S. Natarja Pillai**: May I know whether there are any buses running between Nagercoil and Trivandrum which have no book value?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബുക്കു് വാല്യു ഇല്ലാത്ത ബസ്സുകൾ ഉണ്ടു്. അതു് അവിടെമാത്രമല്ല, പല സ്ഥലങ്ങളിലും ഉണ്ടു്.

**Shri P. S. Nataraja Pillai**: May I know the number of buses which run on the Trivandrum Nagercoil line?

**Shri Kalathil Velayudhan Nair**: I claim notice.

**Shri P. S. Nataraja Pillai**: May I know the proportion of the condemned buses to the others?

**Shri Kalathil Velayudhan Nair**: I claim notice.

ശ്രീ. ടി. എ. മജീദ്: ഗവമ്മെൻറിൽനിന്നും വിലകൊടുത്തു വാങ്ങിച്ചിട്ടുള്ള എത്ര ബസ്സുകൾ ഓടാത്തവയായിട്ടുണ്ടു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബാഡി പണിഞ്ഞിട്ടില്ലാത്ത തൊഴികെ ബാക്കി എല്ലാം ഇപ്പോൾ ഓടുന്നുണ്ടു്.

ശ്രീ. ക. സി. നൈനാൻ: ബസ്സുകൾ സ്റ്റാർട്ടു ചെയ്യുന്നതിനുമുൻപു തന്നെ അതു് ശരിയായ കൺഡീഷനിലാണോ എന്നു പരിശോധിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്. ഇനി അതു് കുറെക്കൂടി ഉർജ്ജിതപ്പെടുത്താം.

ശ്രീ. എ. താണുപിള്ള: അപ്പോൾ ൧൦൦൦ മൈലിനു ഒരു ബ്രേക്കു്ഡൗൺ എന്നു പറഞ്ഞതു് വളരെ കുറവാണെന്നാണോ പറയുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഞാൻ അങ്ങനെ പറഞ്ഞില്ല. ഒരുലക്ഷം മൈൽ ഓടുമ്പോൾ ബ്രേക്കു്ഡൗണുകൾ ശരാശരി ൨൦ എന്നു പറഞ്ഞു. അല്ലാതെ ൧൦൦൦ മൈലിനു് ഒന്നു് എന്ന കണക്കിലല്ല.

ശ്രീ. കൊച്ചുകുഞ്ഞു്: മന്ത്രിമാർ ഈ ബസ്സുകളിൽ യാത്ര ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മന്ത്രിമാർ അല്ലാതെ മെംബർമാരാരും ഈ ബസ്സുകളിൽ സഞ്ചരിക്കുന്നില്ലെന്നാണു് എനിക്കു തോന്നുന്നതു്.

## ബസ്സുകളുടെ ഷെഡ്യൂൾ സമയം.

*൨൨൩. (൫) ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഷെഡ്യൂൾ സമയം പരിപാലിക്കാത്തതുകൊണ്ടും ലൈനിൽ കൂടുതൽ വണ്ടികൾ ഇല്ലാത്തതുകൊണ്ടും യാത്രക്കാർക്കു് വളരെ കഷ്ടപ്പാടുകൾ ഉണ്ടാകുന്നതായി ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തൽപരിഹാരാർത്ഥം ഗവൺമെൻറ് എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ട്.

(ബി) വേണ്ടതു ചെയ്യുന്നുണ്ട്.

ശ്രീ. വാസുദേവൻ പിള്ള: കൂടുതൽ വണ്ടികൾ ലൈനിൽ ഓടുന്നതിനു ഏർപ്പാടുകൾ ചെയ്തു ഇപ്പോഴുള്ള വിഷമതകൾക്കു പരിഹാരം ചെയ്യാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ ബസ്സുകൾ എന്നത്തേക്കുവരും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. താമസിയാതെതന്നെ ബസ്സുകൾ വന്നുചേരും.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ ബസ്സുകൾ ഓരോന്നിനും എന്തു വിലവരുമെന്നു കണക്കാക്കീട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ കണക്കാക്കിയതിനുശേഷമാണ് ആർഡർ കൊടുത്തിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള: ഓവർലോഡ് നിയന്ത്രിക്കുന്നതിനു എത്ര ബസ്സുകൾകൂടി വേണം?

ശ്രീ. കളത്തിൽ വേലായുധൻനായർ: ൫൦ ബസ്സുകൾകൂടി വേണമെന്നാണു കണക്കാക്കിയിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: ഈ ൫൦ ബസ്സിൽ പഴയ ബസ്സുകൾ നന്നാക്കി എത്രയെണ്ണം എടുക്കാമെന്നു കണക്കാക്കിയിട്ടുണ്ടോ?

ശ്രീ കളത്തിൽ വേലായുധൻ നായർ: പഴയബസ്സുകൾ നന്നാക്കി എടുത്തു കഴിഞ്ഞശേഷം വേണ്ടതാണ് ൫൦ ബസ്സുകൾ.

ശ്രീ. എ. താണുപിള്ള: പഴയവണ്ടികൾ നന്നാക്കി എടുക്കാവുന്നതു് എത്രയെണ്ണമാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൩൦ എണ്ണം.

ശ്രീ. എ. താണുപിള്ള: അതു നന്നാക്കി എടുക്കുന്നതിലേക്ക് എത്ര കാലം വേണ്ടിവരും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: രണ്ടുമാസം വേണ്ടിവരും.

ശ്രീ. എ. താണുപിള്ള: ഈ ൫൦ ബസ്സുകൾ വാങ്ങുന്നതിന് എന്തു കാലം വേണ്ടിവരും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പണമുള്ളതുപോലെ മാത്രമേ വണ്ടിവാങ്ങിക്കാൻ സാധിക്കുകയുള്ളു.

ശ്രീ. എ. താണുപിള്ള: പണമുണ്ടെങ്കിൽ എത്രമാസംവേണം വണ്ടി വാങ്ങിക്കാൻ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മൂന്നുമാസത്തിനകം വണ്ടി എടുക്കാം.

ശ്രീ. എ. താണുപിള്ള: അതിലേക്കു ആവശ്യമുള്ള പണം ബഡ്ജററിൽ ചോദിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബഡ്ജററു തയാറാക്കിയപ്പോൾ ഓവർലോഡ് കമ്മീററായി നിറത്തുന്ന പ്രശ്നം അന്നത്തെ മന്ത്രിസഭയുടെ മുമ്പിൽ ഉണ്ടായിരുന്നില്ല. ഇനി അതിന് ആവശ്യമുള്ള പണം കണക്കാക്കി ബഡ്ജററു തയാറാക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. ഇപ്പോൾതന്നെ ബഡ്ജററിൽ ഈ ആവശ്യത്തിന് ൩൩, ൭൩, ൨൦൦ രൂപാ കൊള്ളിച്ചിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: വണ്ടിവാങ്ങുന്നതിനുമാത്രമാണോ തുക കൊള്ളിച്ചിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കെട്ടിടങ്ങൾക്കും കൂടി അതിൽനിന്നും കുറച്ചു പണം ഉപയോഗിക്കേണ്ടിവരും.

ശ്രീ. എ. താണുപിള്ള: അങ്ങനെയാണെങ്കിൽ ഈ വണ്ടികളെല്ലാം വാങ്ങാൻ താമസംവരുന്നതെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഡ്ജററു് ഇന്നലെയല്ലെ പാസായുള്ളു.

ശ്രീ. ഓ. സി. നൈനാൻ: സ്റ്റാർട്ടിംഗ് പായിൻറിൽ വണ്ടിപുറപ്പെടുന്ന സമയം കാണിക്കുന്ന ബോർഡു് പ്രസിദ്ധപ്പെടുത്തുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇപ്പോഴും അങ്ങനെചെയ്യുന്നുണ്ടു്. അതു് പാലിക്കുന്നില്ലെങ്കിൽ ശരിപ്പെടുത്താം.

ശ്രീ. പി. ചാക്കോ: ഒരേസമയത്തു് ഒരു സ്ഥലത്തുനിന്നും ഒരു ലൈനിലേക്കുതന്നെ പലവണ്ടികൾ പുറപ്പെടുന്നതുകൊണ്ടു് അപകടങ്ങൾ ധാരാളമായുണ്ടാകുന്നു എന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി അന്വേഷിക്കാം.

## പുതിയ ലൈനുകൾ

* ൨൨൪. (ന്ന) ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി പറയുമോ;

ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽനിന്നും ൧൯൫൨-ൽ പുതിയ ലൈനുകൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): തൽക്കാലത്തേക്കു് ഇല്ല.

ശ്രീ. വാസുദേവൻപിള്ള: എക്സ്പ്രസ് സർവ്വീസ് ഏതെങ്കിലും ലൈനിൽ കൂടുതൽ ഇടാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോൾ അങ്ങനെ ഉദ്ദേശമില്ല. എന്നാൽ ഒരു എക്സ്പ്രസ് ലൈൻ പുനലൂർനിന്നു് കോന്നിയിലേക്കു് ഇടണമെന്നു കാണിച്ചു് ഒരു അപേക്ഷ കിട്ടിയിട്ടുണ്ടു്.

ശ്രീ. ഒ. സി. നൈനാൻ: കൂടുതൽ സ്ഥലത്തേക്കു് ട്രാൻസ്പോർട്ടു് സർവ്വീസ് നീട്ടിക്കൊണ്ടുപോകണമെന്നുള്ളതാണോ ഗവമെൻറിൻെറ പോളിസി?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതാണ് പോളിസി. ഇപ്പോഴുള്ള ലൈനിൽ വേണ്ടിടത്തോളം ബസ്സുകൾ ഇട്ട് ശരിപ്പെടുത്തിയതിനുശേഷം കൂടുതൽ ലൈൻ എടുക്കണമെന്നാണുദ്ദേശിക്കുന്നത്.

ശ്രീ. പരീതു റാവുത്തർ: കോട്ടയം പത്തനാപുരം സർവീസ് നിറുത്തുവാനുള്ള കാരണം എന്താണെന്ന് പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല. വേറൊരു ചോദ്യമായി ചോദിച്ചാൽ പറയാം.

## Concession to Scheduled Caste students

*225 [8] ஸ்ரீ. ஏ. ஸாம்ராஜ்: கீழ் குறிப்பிடும் வினாக்களுக்கு கனம் கல்வி வகுப்பு மந்திரி தயை கூர்ந்து விடை நல்குவாரா?

(ஏ) ஷெடூல் காஸ்ட் மாணவர்களுக்கு என்று ஏற்படுத்தப்பட்ட ஹாஸ்டல்கள் நிறுத்தப்பட்ட காரணத்தால் அதன் பின் இந்த மாணவர்களுக்கு புஸ்தகம், வஸ்திரம் முதலியவைக்குள்ள lump sum grants கொடுக்கிறதுண்டா?

(பி) தென் திருவிதாங்கூரில் சில பள்ளிக்கூடங்களில் அம்மாதிரியுள்ள கிராண்டு கொடுக்கப்பட்டும் சில பள்ளிக்கூடங்களில் 6-3-1952 வரை கொடுக்காமல் இருந்ததும் சர்க்காருக்குத் தெரியுமா? எங்கெந்த பள்ளிக்கூடங்களுக்கு அவ்விதம் கொடுக்காமல் மாணவர்கள் கஷ்டம் அனுபவிக்க நேர்ந்தது என்றுள்ள லிஸ்டை மேஜையில் வைக்கலாமா?

*Minister for Local Self Government* **(Shri K. Kochukuttan):** (a) Yes;

(b) Yes; information is being collected in respect of the students studying in schools in South Travancore who have not yet received the lump sum grant.

ஸ்ரீ. ஏ. ஸாம்ராஜ்: இந்த 'லம்சம் கிராண்டு' கொடுப்பது எதற்காக?

ശ്രീ. കെ. കൊച്ചുകുട്ടൻ: കുട്ടികൾക്ക് പുസ്തകവും മററുപകരണവും വാങ്ങിക്കുന്നതിനുവേണ്ടിയാണ് കൊടുക്കുന്നത്.

ஸ்ரீ. ஏ. ஸாம்ராஜ்: இந்த கிராண்டு கொடுப்பது ஸ்கூல்வருஷம் ஆரம்பத்திலா இல்லை annual examination கழிந்த பிற்பாடா?

ശ്രീ. കെ. കൊച്ചുകുട്ടൻ: സ്കൂൾ തുറന്നാൽ ഒട്ടും വൈകാതെ തന്നെ കൊടുക്കണമെന്നാണ് നിർദ്ദേശം.

ശ്രീ. കെ. കെ. അച്ചുപ്പൻ: ഈ പ്രാവശ്യം അങ്ങനെതന്നെ കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഏറക്കുറെ അങ്ങനെതന്നെ കൊടുത്തിട്ടുണ്ട്. അപ്പോഴും ചിലർക്ക് സമയത്തു കിട്ടിയിരിക്കയില്ല.

ஸ்ரீ. ஏ. ஸாம்ராஜ்: இந்த கிராண்டு கொடுப்பது, சமயத்தில் கிடைக்கவேண்டாமா?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗ്രാൻറ് കൊടുക്കുന്നതു കുട്ടികൾക്കു സമയത്തു കിട്ടുന്നതിനുവേണ്ടിയാണ്.

ஸ்ரீ. ஏ. ஸாம்ராஜ்: இவ்விதம் நேருவது இந்த Protector of Backward Communities அவர்களின் வீழ்ச்சையினால் அல்லவா?

ശ്രീ. കെ. കൊച്ചുകുട്ടൻ : മുഴവൻ കമ്മീഷണരുടെ വീഴ്ചയല്ല. സ്കൂളുകളിൽനിന്നു സമയത്തിനു ലിസ്റ്റ് കിട്ടാതെ വരുന്നതുകൊണ്ടും താമസം വരും.

ஸ்ரீ. ஏ. ஸாம்ராஜ் : அப்படியல்ல. சுசீந்திரம் பள்ளிக்கூடத்தில், நான் விசாரித்தமட்டில், லிஸ்டு உடன்தான் அனுப்பப்பட்டது. ஆனால் சமயத்தில் கிரான்று கொடுக்கப்படவில்லை. அதைப்பற்றி கமிஷனர் அவர்களிடம் கேட்டால் அவர்களுக்கு இதைப்பற்றி யாதொன்றும் தெரியாது என்று சொல்வது உங்களுக்குத் தெரியுமா?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ താമസം ഉണ്ടെങ്കിൽ അതിനെപ്പററി പ്രത്യേകം അന്വേഷിക്കാം.

ஸ்ரீ. ஏ. ஸாம்ராஜ் : இந்த ஹாஸ்டல்கள் எப்பொழுது நிறுத்தப்பட்டன?

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിഞ്ഞ വിദ്യാഭ്യാസവർഷം മുതലാണ് നിറുത്തിയതു്.

ஸ்ரீ. ஏ. ஸாம்ராஜ் : ஸ்காட்கிருஸ்டியன் காலேஜில் படிக்கிற "ஷெடியூல் காஸ்ட்" மாணவர்களுக்கு கொடுக்கப்படுகிற கிரான்று சரியான நேரத்தில் கொடுக்கப்பட்டதா?

ശ്രീ. കെ. കൊച്ചുകുട്ടൻ : കോളേജിൽനിന്നും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നുള്ള വിവരം കമ്മീഷണരെ അറിയിച്ചിട്ടില്ലാത്തതുകൊണ്ടാണ് താമസം വന്നതു്.

ஸ்ரீ. ஏ. ஸாம்ராஜ் : அங்குள்ள பிரின்ஸிப்பால் அதை மனப்பூர்வம் அனுப்பாமல் இருந்தது கவர்ன்மென்றுக்குத் தெரியுமா?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവമ്മെൻറിനു് ഇപ്രകാരം നിശ്ചയമില്ല.

ஸ்ரீ. ஏ. ஸாம்ராஜ் : ஸ்காட் கிருஸ்டியன் காலேஜ் பிரின்ஸிப்பால் அந்த லிஸ்டை கொடுத்த பிறகும் ஏன் கிரான்று கொடுக்கப்படவில்லை.

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് അന്വേഷിച്ചു പറയാം.

ஸ்ரீ. ஏ. ஸாம்ராஜ் : இந்த ஹாஸ்டல்கள் நிறுத்தப்பட்டதால் ஷெடியூல் காஸ்ட் மாணவர்கள் எவ்வளவு தூரம் கஷ்டப்படுகிறார்கள் என்பது கவர்ன்மென்றுக்குத் தெரியுமா?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഹൈസ്കൂൾ ക്ലാസുകളിൽ വളരെ കുട്ടികൾ പഠിക്കുന്നുണ്ടു്. ഹോസ്റ്റൽകൊണ്ടു ൨൦൦ കുട്ടികൾക്കു മാത്രമേ പ്രയോജനമുണ്ടായിരുന്നുള്ളു. അപൂർവ്വം കുട്ടികളെ മാത്രം പ്രോത്സാഹിപ്പിക്കുന്നതു ശരിയല്ലെന്നു വിചാരിച്ചാണ് ഹോസ്റ്റൽ നടത്തേണ്ടെന്നു തീരുമാനിച്ചതു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : വിദ്യാർത്ഥികൾക്കു് ഗ്രാൻറു് നേരിട്ടു കൊടുക്കുകയാണോ സ്കൂൾ അധികൃതർ മുഖേന കൊടുക്കുകയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്കൂൾ അധികൃതന്മാർ മുഖേനയാണ് കൊടുക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : അങ്ങനെ കൊടുക്കുന്നതു് കുട്ടികൾക്കു് കിട്ടിയിട്ടില്ലെന്നു പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതുവരെ പരാതി കിട്ടിയിട്ടില്ല.

ஸ்ரீ. கணபதி: Munnar ஸ்கூலில் படிக்கும் 132 பிள்ளைகளுக்காக கிரான்று அனுவதிக்கும்படி கேட்டு ஆறுமாதங்களாகியும் அது கொடுக்கப்படாமலிருப்பதற்குக் காரணமென்ன?

ശ്രീ. കെ. കൊച്ചുകുട്ടൻ: അന്വേഷിച്ചു പറയാം.

ஸ்ரீ. கணபதி: ஆறுமாதங்களாகக் கேட்டும்கூட கமிஷணர் அதை கடத்திக்கொண்டு போவதாகத் தெரிகிறது. அது மந்திரி அவர்களுக்குத் தெரியுமா?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ യാതൊരറിവുമില്ല. അന്വേഷിക്കാം.

ശ്രീ. സി. സി. അയ്യപ്പൻ: ഹോസ്റ്റൽ നിറുത്തിയ സ്ഥലത്തു് ഒരു കുട്ടിക്കു് എത്ര രൂപാവീതം കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരുടെ താമസസൗകര്യത്തിനു വേണ്ടിയല്ല ഗ്രാൻറു് കൊടുക്കുന്നതു്. ലോവർ സെക്കൻററി ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കു് ൨൫ രൂപാവീതവും ഹൈസ്കൂൾ കുട്ടികൾക്കു് ൪൦ രൂപാവീതവും കൊടുക്കുന്നുണ്ടു്.

ശ്രീ. സി. സി. അയ്യപ്പൻ: കോളേജ് ക്ലാസുകളിൽ പഠിക്കുന്നവർക്കു് എത്ര രൂപാവീതമാണു് കൊടുക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അഞ്ചുമൈൽ വെളിയിൽനിന്നു കോളേജിൽ വരുന്നവർക്കു് ൩൦ രൂപാ വീതവും കോളേജിനു അടുത്തു താമസിക്കുന്നവർക്കു് ൪൫ രൂപാ വീതവും കൊടുക്കുന്നുണ്ടു്.

ശ്രീ. സി. സി. അയ്യപ്പൻ: ഈ ൪൫ രൂപാകൊണ്ടു ഹോസ്റ്റലിൽ താമസിക്കുവാൻ സാധിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വളരെയെല്ലാം ലക്ഷ്വൂറിയസ് ആയി താമസിക്കേണ്ടെങ്കിൽ അതു മതിയാകും.

ശ്രീ. സി. സി. അയ്യപ്പൻ: ഹോസ്റ്റലിൽ താമസിക്കുന്നവർ ലക്ഷ്വൂറിയസ് ആയിട്ടാണോ താമസിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഓരോരുത്തരുടെ രുചിയനുസരിച്ചായിരിക്കും താമസിക്കുന്നതു്.

ശ്രീ. പി. സി. ആദിച്ചൻ: കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു് പഠിക്കുന്ന എല്ലാ മാസങ്ങളിലും സ്റ്റൈപെൻറു് കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ: ഈ ജനുവരിമുതൽ മാത്രമേ കൊടുത്തിട്ടുള്ളു എന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരുപക്ഷേ കൊടുക്കാൻ താമസിച്ചിട്ടുണ്ടായിരിക്കാം. അദ്ധ്യയനവർഷത്തിൽ ആദ്യംമുതൽതന്നെ അനുവദിച്ചിട്ടുള്ള തുക കിട്ടും.

ശ്രീ. പി. സി. ആദിച്ചൻ: ചില കുട്ടികൾക്കു് വർഷാരംഭംമുതൽ തുക അനുവദിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: രണ്ടുമൂന്നു സെക്ഷനായിട്ടാണു് പിന്നോക്ക സമുദായക്കാരെ തിരിച്ചിരിക്കുന്നതു്. മൂന്നാമത്തെ സെക്ഷനിലുള്ളവർക്കു്

വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം മാത്രമേ ലഭിക്കുകയുള്ളൂ. അതിന് അവർ ചില സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതുണ്ട്.

ശ്രീ. പി. സി. ആദിച്ചൻ: ഷെഡ്യൂൾഡ് ക്ലാസ്സിലുള്ള കുട്ടികൾക്ക് മുഴുവൻ കാലത്തെ തുക കൊടുക്കാതിരുന്നിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അത് അന്വേഷിച്ചു പറയാം.

ശ്രീ. പി. സി. ആദിച്ചൻ: ഈ മൂന്ന് സെക്ഷൻ ഏതെല്ലാമാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: വിദ്യാഭ്യാസസൗകര്യം അനുവദിക്കുന്നതിനുവേണ്ടി മൂന്നു സെക്ഷനായി പിന്നോക്കസമുദായക്കാരെ തിരിച്ചിട്ടുണ്ട്.

ശ്രീ. പി. ചാക്കോ: ഈ മൂന്നുതരമായി തിരിച്ചിട്ടുള്ളത് ഏതു മാനദണ്ഡമനുസരിച്ചാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പല മാനദണ്ഡങ്ങളും ഉണ്ട്.

ശ്രീ. പി. ചാക്കോ: അതിൽ ഒന്നെങ്കിലും പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന് നോട്ടീസ് വേണം.

### LITERACY IN THE ANGLO-INDIAN COMMUNITY

*226. [9] **Shri Anthonie Andrew Daniel Luiz:** Will the Minister for Education be pleased to state the percentage of literacy in the Anglo-Indian Community at present; has this community been classified as "depressed class?"

*Chief Minister* **(Shri A. J. John):** No such percentage is available at present. The Anglo-Indian community has not been classified as depressed class.

**Shri M. M. Abdul Khader:** In view of the high percentage of literacy, does the Government consider that concessions are not necessary?

**Shri A. J. John:** That is a matter to be considered.

### ASSIGNMENT OF LAND

*227. [10] **Shri Anthonie Andrew Daniel Luiz:** Will the Minister for Land be pleased to state whether any application have been received from homeless and landless Anglo-Indians or from the Anglo-Indian Association for assignment of land, and if so, how these requests have been disposed of?

*Minister for Local Self Government* **(Shri K. Kochukuttan):**

Representations were received from the Anglo-Indian Association. Government are taking steps to allot land to deserving Anglo-Indians in Vengola Co-operative Colony which is being organised under the colonisation scheme.

ശ്രീ. അന്തോണി ആൻഡ്രൂ ഡാനിയൽ ലൂയിസ്: ആറുമാസം മുമ്പ് പെരുമ്പാവൂർ നിന്നു ഏട്ടുത്തുകൊടുക്കാൻ ആർഡറായ സ്ഥലം കൊടുത്തിട്ടില്ലെന്ന് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വെങ്ങോല, കുന്നത്തുനാട്ടുതാലൂക്കിനകത്താണ്. മെമ്പർ ചൂണ്ടിക്കാണിച്ച സ്ഥലം സൗകര്യമില്ലെന്നു കണ്ടതുകൊണ്ടാണ് ഈ സ്ഥലം കൊടുക്കാൻ നടപടി നടത്തുന്നത്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: വെങ്ങോല ഏതു രീതിയിൽ ഇരിക്കുന്നു എന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു മുമ്പുകിടന്ന രീതിയിൽതന്നെ ഇരിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അവിടെ കോളനി തുടങ്ങിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: തുടങ്ങിയിട്ടില്ല.

ശ്രീ. അന്തോണി ആൻഡ്രൂ ഡാനിയൽ ലൂയിസ്: അലോട്ടു ചെയ്യുന്ന സ്ഥലം എന്നു് പൊസഷൻ കൊടുക്കുമെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു് ഒട്ടും വൈകാതെ തന്നെ ചെയ്യുന്നതാണു്.

## ഗ്രാമീണറോഡുകൾ

*വ.വ്യ. (എ.എ) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

ഗ്രാമീണറോഡു വികസനപദ്ധതിയനുസരിച്ചു് എത്ര റോഡുകൾ ഇതിനകം ഗവമെന്റിൽനിന്നും നന്നാക്കിയിട്ടുണ്ടു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ൧൧൭ എണ്ണം പണിയാരംഭിച്ചിട്ടുണ്ടു്. അതിൽ രണ്ടെണ്ണം പൂർത്തിയായി.

ശ്രീ. പി. ചാക്കോ: കഴിഞ്ഞ വർഷത്തെ ബഡ്ജററിൽ ഇതിനു വേണ്ടി കൊള്ളിച്ചിട്ടുള്ള തുക മുഴവൻ ചെലവാക്കിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മുഴവൻ ചെലവാക്കിയിട്ടില്ല.

ശ്രീ. ജെ. ടി. മൊറെയിസ്: ഇതിന്റെ ടോട്ടൽ മൈലേജ് എത്രയാണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു നോട്ടീസ് വേണം.

ശ്രീ. ഒ. സി. നൈനാൻ: ഈ റോഡുകളുടെ പട്ടിക തയാറാക്കിയിട്ടുള്ളതാരാണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പട്ടിക തയാറാക്കിയിട്ടുള്ളതു് ഒരു സ്പെഷ്യൽ ആഫീസറാണു്. ആ ഉദ്യോഗസ്ഥനെ അതിലേയ്ക്കു സ്പെഷ്യലായി നിയമിച്ചിരിക്കയായിരുന്നു

ശ്രീ. ഒ. സി. നൈനാൻ: അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ കൂടുതൽ റോഡുകൾ വേണമെന്നു നിർദ്ദേശിച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേപററി ഇപ്പോൾ അറിവില്ല.

ശ്രീ. വാസുദേവൻ പിള്ള: ഗ്രാമീണ റോഡുകളുടെ പണി ആരംഭിച്ചിട്ടു പൂർത്തിയാകാതിരിക്കുന്നതിനു പ്രത്യേകം കാരണങ്ങൾ വല്ലതും ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രത്യേകം കാരണമൊന്നുമില്ല. ഇന്നയിന്ന റോഡുകളുടെ പണി ആരംഭിക്കണമെന്നു ഗവമെന്റിൽനിന്നും തീരുമാനിച്ചതിനുശേഷം അവയ്ക്കു എസ്റ്റിമേററു് തയാറാക്കി ഡിപ്പാർട്ടുമെന്റിൽനിന്നും ടെൻഡർ വിളിക്കുന്ന അവസരത്തിൽ ടെൻഡർ വിളി കേൾക്കാൻ ആളില്ലാതെ വരും. അതു പിന്നേയും റീടെൻഡർ വിളിക്കേണ്ടിവരും. ഇതെല്ലാംകൊണ്ടാണു് താമസം നേരിടുന്നതു്.

**Shri N. A. Noor Muhammad:** How much land is allotted for that purpose?

**Shri Kalathil Velayudhan Nair:** I claim notice.

ശ്രീ. എം. ഗോപാലൻ നായർ: ഇതുപോലെതന്നെ പേയാടുനിന്നും കാരോട്ടേയ്ക്കു പോകുന്ന ഒരു റോഡിനുവേണ്ടി ടെൻഡർ വിളിച്ചിട്ടും പണി തുടങ്ങിയിട്ടില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേപ്പററി അന്വേഷിക്കാം.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഇൻററസ്റ്റഡ് പാർട്ടീസ് പണി നടത്തിക്കൊള്ളാമെന്നു പറഞ്ഞാൽ ഗവമ്മെൻറ് അനുവദിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേപ്പററി ഗവമ്മെൻറാലോചിക്കുന്നതാണ്.

**Shri P. S. Nataraja Pillai:** Is there any inherent difficulty in having this work done departmentally when no contractors are forthcoming within the estimates prepared by the Department?

**Shri Kalathil Velayudhan Nair:** That question shall be considered.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഗ്രാമപ്പഞ്ചായത്തുകൾ വഴി അവരുടെ സഹകരണത്തോടും ഉത്തരവാദിത്വത്തിലും ഈ ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിൻെറ കാര്യം ഗവമ്മെൻറാലോചിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആലോചിക്കാം.

**Shri M. M. Abdul Khader:** Did the actually prepared schemes for development of these village roads cover the entire amount allotted?

**Shri Kalathil Velayudhan Nair:** Schemes were prepared to cover the entire amount allotted.

### അദ്ധ്യാപക ശമ്പളം

*൨൨൯. (൧൨) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ കൊച്ചി വിഭാഗത്തെയും തിരുവിതാംകൂർ വിഭാഗത്തെയും അദ്ധ്യാപകരുടെ ശമ്പളസ്കെയിലിന് ഐകരൂപ്യം വരുത്തിയിട്ടുണ്ടോ;

(ബി) തിരുവിതാംകൂർ കൊച്ചി സംയോജനം കഴിഞ്ഞിട്ട് മൂന്നു വർഷം തികയാറായിട്ടും ഒരേ ഡിപ്പാർട്ടുമെൻറിൽ ഒരേ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ ശമ്പളം ഏകീകരിക്കുന്നതിന് സാധിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്?

മുഖ്യമന്ത്രി (എ. ജെ. ജാൺ):

(എ) ഇല്ല.

(ബി) ഡിപ്പാർട്ടുമെൻറിൻെറ സംയോജനം പൂർത്തിയാകാത്തതുകൊണ്ടാണ്.

ശ്രീ. പി. ചാക്കോ: എത്ര നാളത്തേയ്ക്കിങ്ങനെ കിടക്കേണ്ടിവരും?

ശ്രീ. എ. ജെ. ജാൺ: കഴിയുന്നതും വേഗത്തിൽ സംയോജനം നടപ്പിൽ വരുത്തണമെന്നാണു ഗവമ്മെൻറുദ്ദേശിക്കുന്നത്.

ശ്രീ. പി. ചാക്കോ: ഈ ശമ്പളം ഏകീകരിക്കാത്തതുകൊണ്ട് അദ്ധ്യാപകന്മാരുടെ ഇടയിൽ ഡിസ്കണ്ടന്റമെന്റ് ഉണ്ടെന്നു ഗവമ്മെന്റിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഗവമ്മെന്റിനറിവില്ല.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: സംയോജനം എത്രയും വേഗത്തിൽ ചെയ്തു തീക്കാൻ വല്ല ശ്രമവും ഗവമ്മെന്റ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കഴിയുന്നതും വേഗത്തിൽ തീരുമാനിക്കണമെന്നാണ് ഗവമ്മെന്റിന്റെ ഉദ്ദേശം.

ശ്രീ. പി. ചാക്കോ: ഡിപ്പാർട്ടുമെന്റുകളിൽ അദ്ധ്യാപകന്മാരല്ലാത്ത എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഒന്നുപോലെ ആക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആക്കീട്ടുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഇപ്പോഠം സംയോജനം സംബന്ധിച്ച് ഗവമ്മെന്റിൽനിന്നും എന്താണു ചെയ്തിരിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ: ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കുകയും അദ്ദേഹം ഒരു റിപ്പോട്ട് സമപ്പിക്കുകയും ചെയ്തു. അതിൽ വളരെ തെററിദ്ധാരണയുള്ളതായി അറിയുകയാൽ അക്കാര്യം ഇൻഡ്യാ ഗവമ്മെന്റിനെ അറിയിക്കുകയും അവിടെ നിന്നും ഒരു ഉദ്യോഗസ്ഥൻ വന്ന് ഇവിടെ അന്വേഷണം നടത്തുകയും ഒരു റിപ്പോട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം ഗവമ്മെണ്ട് നോക്കിയതിനുശേഷം അവസാനമായി ഒരു തീരുമാനം ചെയ്യുന്നതിനായിട്ടാണിരിക്കുന്നത്.

ശ്രീ. വി. ആർ കൃഷ്ണനെഴുത്തച്ഛൻ: ഇൻഡ്യാ ഗവമ്മെന്റിന്റെ റിപ്പോട്ട് കിട്ടീട്ട് എത്ര കാലമായി?

ശ്രീ. എ. ജെ. ജാൺ: അതു നിശ്ചയമില്ല.

ശ്രീ. എ. താണുപിള്ള: അതു സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിന്റെ നടത്തിപ്പിൽ പിന്നേയും വിഷമതകഠം ഉണ്ടായിട്ടുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ. ഈക്വൽ പെ ഫാർ ഈക്വൽ വക്ക് എന്ന തത്വം ഗവമ്മെന്റ് അംഗീകരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതേപ്പററി തീരുമാനിച്ചിട്ടില്ലെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു.

**Shri P. S. Nataraja Pillai:** Is there any difficulty in making the basic pay of teachers equal before the final integration of services is undertaken?

ശ്രീ. എ. ജെ. ജാൺ: അതു ഗവമ്മെന്റിന്റെ ധനസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നത്.

**Shri P. S. Nataraja Pillai:** Is it because that finances are wanting that the pay of one section doing equal work as the other section is not being equalised?

ശ്രീ. എ. ജെ. ജാൺ: ഇതൊരു ഡിപ്പാട്ടുമെന്റിനെമാത്രം ബാധിക്കുന്ന സംഗതിയല്ല. പല ഡിപ്പാട്ടുമെന്റിനേയും ബാധിക്കുന്ന ഒന്നാ

ണു്. അതിനു ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതിയേക്കൂടി ഓർക്കേണ്ടതായിട്ടാണിരിക്കുന്നതു്.

**Shri P. S. Nataraja Pillai:** May I know whether the Government is prepared to consider the question of the teachers serving in the Education Department—to equalise their pay?

ശ്രീ. എ. ജെ. ജാൺ: എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു പോലെയുള്ള മററുപല ഡിപ്പാർട്ടുമെന്റുകളും ഉണ്ടു്. അവയുടെ കാര്യവും ആലോചിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

**Shri P. S. Nataraja Pillai:** May I know whether integration is being delayed because of the want of funds?

ശ്രീ. എ. ജെ. ജാൺ: അതുമാത്രമല്ല, വേറെയും പല കാര്യങ്ങളും ഉണ്ടു്.

**Shri P. S. Nataraja Pillai:** Is it one of the reasons for delaying the integration so far?

ശ്രീ. എ. ജെ. ജാൺ: അതെങ്ങനെയാണെന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. വാസുദേവൻ പിള്ള: പുതിയ നിയമനങ്ങൾ ഉണ്ടാകുമ്പോൾ ഏതു വ്യവസ്ഥയനുസരിച്ചാണു് നിയമനങ്ങൾ നടത്തുന്നതു്? തിരുവിതാംകൂറിലും കൊച്ചിയിലും പ്രത്യേക വ്യവസ്ഥകളിലാണോ ഇപ്പോൾ നിയമനം നടത്തുന്നതു്?

ശ്രീ. എ. ജെ. ജാൺ: തിരുവിതാംകൂറിൽ ഏതെങ്കിലും ഒഴിവു വന്നാൽ തിരുവിതാംകൂറിലുള്ളവരേയും കൊച്ചിയിൽ ഒഴിവു വന്നാൽ കൊച്ചിയിലുള്ളവരേയും നിയമിക്കുകയാണു്.

ശ്രീ. വാസുദേവൻ പിള്ള: അവരുടെ ശമ്പളത്തിൽ വ്യത്യാസമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്. തിരുവിതാംകൂറിലുള്ളവർക്കു് ഇവിടത്തെ ശമ്പളവും കൊച്ചിയിലുള്ളവർക്കു് കൊച്ചിയിലെ ശമ്പളവുമാണു് കൊടുത്തുകൊണ്ടിരിക്കുന്നതു്.

ശ്രീ. വാസുദേവൻ പിള്ള: ഇവരെ പരസ്പരം സ്ഥലം മാററുകയാണെങ്കിൽ ശമ്പളത്തിനു വ്യത്യാസം വരുമോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

## അദ്ധ്യാപക ശമ്പളം

*൨൩൦. (൫൪) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലുള്ള പ്രൈമറി വിദ്യാലയങ്ങളിലെ ശമ്പളസ്കെയിൽ എന്തു്;

(ബി) പ്രൈമറിസ്കൂളിൽ, ഇ.എസ്സ്.എൽ.സി. ട്രെയിനിംഗ് പാസ്സായിട്ടുള്ള അദ്ധ്യാപകനു് നൽകുന്ന ശമ്പളം എന്തു്;

(സി) മലയാളം ഏഴാംക്ലാസും ട്രെയിനിംഗുംമാത്രം പാസ്സായിട്ടുള്ള അദ്ധ്യാപകരുടെ ശമ്പളം എന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഈ ചോദ്യം ഈ സെഷനിൽ തന്നെ മൂന്നോ നാലോ പ്രാവശ്യം ഉത്തരം പറഞ്ഞിട്ടുള്ളതാണ്. ഇനിയും വേണമെങ്കിൽ പറയാം.

**Mr. Speaker:** Not necessary.

രാഷ്ട്രീയകാരണം ചുമത്തപ്പെട്ട ഗവണ്മെൻറ് ജീവനക്കാർ

*൨൩൧. (൧൬) ശ്രീ. ററി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ളിക്ക് സർവ്വീസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കഴിഞ്ഞ മൂന്നുകൊല്ലത്തിനിടയിൽ രാഷ്ട്രീയകാരണം ചുമത്തി എത്ര ഗവണ്മെൻറ് ജീവനക്കാരെ ഉദ്യോഗത്തിൽനിന്നു പിരിച്ചു വിട്ടിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ: ഇതിലേക്കാവശ്യമുള്ള റിപ്പോർട്ടുകൾ മുഴുവനും ലഭിച്ചിട്ടില്ല. കിട്ടിയ റിപ്പോർട്ടുകളിലുള്ള ഭാഗങ്ങൾ വായിക്കാം.

1. Shri K. W. Kesavan Elayad, Clerk, Varandarapilly Panchayat, was dismissed from Government service as it was proved that he was a staunch communist.

2. Shri A. C. Aeron, clerk of the erstwhile Trichur Conservator's Office, was dismissed from service on the very same grounds.

3. Shri C. V. Velayudhan, peon, Office of the Assistant Supply Officer, Trichur.

4. Shrimati C. B. Saraswathy, Clerk, Municipal Office, Trichur.

5. Shri P. K. Ayyappan, Works Superintendent, P.W. Department.

6. Shri Neelakantan, Amin, Wadakkancherry Munsiff's Court.

7. Shri N. Raghavan Pillai, Clerk, Fisheries Department, has been dismissed from service.

ശ്രീ. ടി. കെ. കൃഷ്ണൻ: കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നിരോധനം പിൻവലിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഈ ഉദ്യോഗസ്ഥന്മാരുടെ പേരിൽ എടുത്തിരിക്കുന്ന നടപടികളെപ്പററി പുനരാലോചിക്കാം എന്നു വാഗ്ദാനത്തിന്റെ വെളിച്ചത്തിൽ ഗവണ്മെൻറ് വല്ല നടപടിയും എടുക്കുമോ?

ശ്രീ. എ. ജെ. ജാൺ: ഞാൻ അന്നുപറഞ്ഞതു്, വിധ്വംസകമായ പ്രവർത്തനങ്ങളിൽ നിന്നും കമ്മ്യൂണിസ്റ്റുകാർ പരിപൂർണ്ണമായി കഴിഞ്ഞു മാറി എന്നു ഗവണ്മെൻറിനു ബോദ്ധ്യം വന്നാൽ ഗവണ്മെൻറ് ഈ വക കാര്യങ്ങളെപ്പററി പുനരാലോചിക്കാമെന്നാണ്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഉദ്യോഗസ്ഥന്മാർ രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഇടപെടരുതെന്നുള്ളതു് നിർബന്ധമാണോ?

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീ. സി. അച്ചുതമേനോൻ: വിധ്വംസകപാർട്ടി എന്നു പറയുന്ന ഈ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ചേർന്നതിനാണോ ഈ ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചതു്?

ശ്രീ. എ. ജെ. ജാൺ: കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ചേർന്നു പ്രവർത്തനം നടത്തിയതിനാണ് അവരെ ഡിസ്മിസ്സ് ചെയ്തതു്.

ശ്രീ. സി. അച്ചുതമേനോൻ: അവർ സ്റ്റാഞ്ച് കമ്മ്യൂണിസ്റ്റുകളാണെന്ന് പറയുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജാൺ: അവർ സ്റ്റാഞ്ച് കമ്മ്യൂണിസ്റ്റുകളായതുകൊണ്ടായിരിക്കണം കമ്മ്യൂണിസ്റ്റുകളുടെ വിധ്വംസക പ്രവർത്തനങ്ങളിൽ ഇടപെടുന്നതു്. അപ്രകാരം ഇടപെട്ടു എന്നു ഗവമ്മെൻറിനു ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് അവരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടതു്.

ശ്രീ. ഒ. സി. നൈനാൻ: അവരുടെ സമാധാനം വാങ്ങിയതിനു ശേഷമാണോ പിരിച്ചുവിട്ടതു്.

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീ. ടി. എ. മജീദ്: ഗവമ്മെൻറുദ്യോഗസ്ഥന്മാരെല്ലാം കോൺഗ്രസുകാരായിരിക്കണമെന്നു വല്ല നിർബന്ധവും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: കോൺഗ്രസുകാരായിരിക്കരുതെന്നു നിർബന്ധമില്ലേ?

ശ്രീ. എ. ജെ. ജാൺ: ഒരു രാഷ്ട്രീയപ്രവർത്തനങ്ങളിലും സംബന്ധിക്കരുതെന്നു വ്യവസ്ഥയുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: വിദ്ധ്വംസകപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നുപറയാമോ?

ശ്രീ. എ. ജെ. ജാൺ: അതിനുള്ള മറുപടി ഞാൻ മുമ്പു പറഞ്ഞിട്ടുണ്ട്.

വർത്താവിതരണശാല

*൧൩൧. (൭൩) ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇൻഫർമേഷൻ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

**Shri N. P. Varghese**: If it is wrong, are we to repeat it?

**Shri A. Thanu Pillai:** I do not say it is wrong. The Advocate-General is not quite sure. Somehow, he was not consulted at the proper stage. I do not say that we made a mistake. Then, did the President make a mistake? Am I to presume that the President made a mistake? He acted on the advice of the law officers.

**Shri V. R. Krishnan Ezhuthassan:** Are they infallible?

**Shri A. Thanu Pillai**: Nobody is infallible. Even my friend Mr. Ezhuthassan is not infallible.

Therefore, Sir, I think we acted rightly then. And this is a smaller matter. I am very much concerned with the niceties of argument based upon the word 'organization'. If I understand that word properly, an organization means something composed of organs. And when we think of organs, we think certainly of functions. Organs mean something that has some function to perform. Organization of the High Court must primarily mean functioning of the judges much more than where the judges should sit. Even in regard to that kind of functioning, of course, we have taken a stand that has come out of the word 'organization' as has been used in the Constitution. Of course, as Mr. Nataraja Pillai very pertinently pointed out, it refers to the number of judges, their qualifications, etc. That is to say in the administration of justice there should be a guarantee that things will go on well. That kind of guarantee so far as the High Courts are concerned comes from the qualifications prescribed for the judges themselves and that is a matter on which the Constitution and Central Parliament insist. You

[Shri A. Thanu Pillai]

can appoint any person as a judge. Qualifications are prescribed. He cannot sit up to his 80th year. Those restrictions are all prescribed and that is the main thing on which the Central Parliament and the Constitution insist. These are all petty matters and that is why I say even in respect of investing the Division Bench with the right to hear civil appeals of any value is a matter within our right. Since we have taken that stand there is certainly no point in taking the way that we are precluded in dealing with this matter. We have got the United Province's example before us. If we say three judges will sit there and the remaining judges will be here or four judges will sit there and four judges will be here with the Chief Justice, what is the harm in it? Suppose we provide that a judge will be touring, is there anything preventing that? In these matters we ought to bear in mind the convenience of the litigant public. We have taken a step already and where is the difficulty, Sir? So let us avoid self-stultification.

Other matters were made clear. In regard to this affair of finance as the Advocate-General rightly pointed out even in art. 207 (1) it is stated that:

> 'A Bill or amendment making provision for any of the matters specified in sub-clauses (a) to (f) of clause (1) of article 109 shall not be introduced or moved except on the recommendation of the Governor'.

That is to say, if it is a Money Bill, for example, a Bill providing for fresh taxation, or reduction or abolition of taxation, then it shall not be introduced except on the recommendation of the Governor. Again, 'A Bill which, if enacted and brought into operation, would involve expenditure from the Consolidated Fund of a State shall not be passed by a House of the Legislature of the State unless the Governor has recommended to that House the consideration of the Bill'. Here we are only at the stage of leave to introduce, not even introduction. At this stage anyway that matter does not arise. Suppose you take that it involves expenditure from the Consolidated Fund. It cannot be passed.

**Shri P. S. Nataraja Pillai:** May I ask what is the effect of clause 3 of Art. 199?

**Shri A. Thanu Pillai:** Art. 199-(3) says:

> 'If any question arises whether a Bill introduced in the Legislature of a State which has a Legislative Council is a Money Bill or not, the decision of the Speaker of the Legislative Assembly of such State thereon shall be final'.

Of course in such a case the decision of the Speaker is final. It is a matter for practical consideration. I will bring to the notice of the House if that is the view the Finance Minister is going to take no non-official Bill is capable of being passed. Everything involves some kind of expenditure. Certainly such expenditure does not mean expenditure out of the Consolidated Fund. My view is that it must be something substantial. In this case it does not involve expenditure out of the Consolidated Fund. Even if it is a Marriage Bill some registers have to be maintained which naturally involves some kind of expenditure. After all, we are asking only for leave to introduce and there will be ample time to discuss the whole matter in all its aspects. So, Sir, I would suggest that leave to introduce the Bill may be granted.

**Shri Panampilli Govinda Menon:** I wish to state that Act I of 1952 was passed by this Legislature under powers vested in this legislature

by entry No. 65 in List No. II. Act I of 1952 only says what shall be the powers of single Judge, what shall be the powers of the Division Benches, which shall be the cases to be heard by Full Bench, etc. Largely speaking, generally those are the subject matters dealt with by Act I of 1952. The power to enact those measures is derived by this Legislature from entry No. 65 in List No. II. But here what is contemplated is the question of shifting of the High Court from Ernakulam to Trivandrum. That is a matter that has to be approached from different considerations. Constitutionally the question is whether we shall have a judge with uni-focal constitution or bi-focal constitution. That is to say whether the site of the High Court shall be in one place or in two places. It is not a mere shifting. That is a matter which affects constitution and organisation. Here is an institution which is focussed or located in a certain place. Hereafter if the Bill is passed it would have a bi-focal constitution, if I may use that word. That will hit against entry No. 78 in List I. The discussion on the point of order raised by me has at that shown that this is a very grave matter and it is not enough to rely upon the capacity of the Advocate-General in defining it. There may be other persons to talk on this. What I have to bring to the notice of the Chair is that it is a very grave matter and the matter must be looked into with all the care that the occasion demands.

In regard to my objection raised based on Art. 207 (3) and rule 34, I fear I have not been properly understood either by Shri Thanu Pillai or by Shri Nataraja Pillai. I never stated that this is a Money Bill. There are Money Bills. But there are many Bills which involve expenditure. This is a Bill which if passed will involve some expenditure. The bar for the consideration at this stage is not based on Art. 207 (3). The Constitution says that the Bill shall not be passed unless the Rajpramukh has recommended the consideration of the Bill. The Rule also says that notice for leave to introduce shall not be valid unless the Rajpramukh's recommendation has been previously obtained. If a question arises the bar is placed by the rule and not by the Article. The Chair is governed both by the rule and the Article. The shifting of the High Court from Ernakulam to Trivandrum, the constitutional maintenance of two Benches and all the attendant expenditure of having two establishments, two libraries, all these things involve expenditure and the rule is that in such cases the sanction of the Rajpramukh should be appended to the Bill.

Now, the position is this, Sir. If the rule is valid, most probably the question cannot be raised in a court of law. But if the article is valid, the question can be raised in a court of law. That is all the more reason why this House and the Chair should be careful to see that rules are observed correctly.

**Shri A. Thanu Pillai:** May I know whether rules should not be framed in accordance with the spirit of the Constitution?

**Shri Panampilli Govinda Menon:** That raises a new question whether the rule is *ultra vires*. We are already on the question of the unconstitutionality of the Bill. Let us not go into the question of unconstitutionality of the rule. The rule is there. The Constitution says that the Bill shall not be passed unless the Rajpramukh has recommended the consideration of the Bill. With respect to the previous stage, the recommendation should be there. The rule says that in such cases the notice shall be considered to be invalid, unless the certificate is there. This is not the same thing as saying

[Shri Panampilli Govinda Menon]]

that the Chair in his discretion has directed under the rules that the Financial Memorandum need not be appended. I therefore submit that this is a grave matter that has been raised in the point of order which I felt in duty bound as Member in charge of Legislation to raise before this House. It has not been raised in any half-hearted fashion. It has been raised because it is my important duty to bring to the notice of the Chair that a Bill for which notice has been given does not satisfy the requirements of the Constitution. I leave the matter there.

**Mr. Speaker:** The point of order raised by the learned Minister in charge of legislation wanted to question the legislative competence of this House to enact this measure under discussion and also the competence of the Speaker—my predecessor—in having resorted to Section 34, sub-clause 4, and Section 35 of the Assembly Rules. In spite of the fact that those sections were brought to the notice of the learned Minister in charge of Legislation, he was still insistent that the action taken by the previous Speaker was wrong. Sub-clause 4 says: "The period of notice of a motion for leave to introduce a Bill under this rule shall be one month unless the Speaker allow s the motion to be made at shorter notice." Therefore, the previous Speaker waived the requisite notice and ordered the Bill to be circulated.

Secondly, under Section 35 also, every Bill shall, unless the Speaker otherwise directs, be accompanied by a Financial Memorandum. There also, the Speaker directed that in the nature of the present Bill, it need not be accompanied by a Financial Memorandum. Am I called upon to reconsider the action taken by the previous Speaker?

**Shri Panampilli Govinda Menon:** No. Sir.

**Mr. Speaker:** No. Even if I think I can reconsider it now I find there is neither any necessity nor sufficient ground shown for reconsidering the provisions under which action has been taken by the previous Speaker. Besides I am not very much impressed by the arguments advanced by the learned Minister in charge of Legislation, regarding this matter.

The real question before the House is whether the Bill which seeks to amend Section 6 (1) of the High Court Act is within the legislative competence of this House. It has been brought to my notice that the subject is covered by entries 78 and 97 in the Union List, entry 3 in the State List and entry 46 in the Concurrent List. According to me, for the purpose of deciding the question, the relevant entries are: entry 78 in List I (Union List) and entry 3 in List II (State List). Entry 78 in List I is: "Constitution and organisation of the High Courts except provisions as to officers and servants of High Courts; persons entitled to practise before the High Courts." Entry 3 in List II (State List) reads thus: "Administration of justice; constitution and organisation of all courts, except the Supreme Court and the High Court; officers and servants of the High Court; procedure in rent and revenue courts; fees taken in all courts except the Supreme Court." If the amendment Bill deals with the constitution and organization of the High Court, the State Legislature has no jurisdiction but if it falls under the general term "Administration of Justice", the State Legislature will be competent to legislate on the matter. "Constitution and organization", I think, relates to jurisdiction, powers and internal working of the High Court as a legal entity, while location of the High Court has no relation to constitution and organization. This view is further supported by the term "Administration of Justice" in entry 3 of List

II. Anything concerning administration of justice, not affecting constitution and organization of the High Court, is within the power of State Legislatures. By changing the location of the High Court, it cannot be said that the "Constitution and organization" of the High Court is affected in any way. Besides, the existing High Court Act (Act I of 1952) was passed by this Legislature after the Constitution of India was enacted. On these grounds, therefore, I hold that this amending Bill is within the legislative competence of this State.

**Shri P. S. Nataraja Pillai:** May I move for leave to introduce the Bill?

**Mr. Speaker:** Yes.

**Shri P. S. Nataraja Pillai:** Sir, I move for leave to introduce the Travancore-Cochin High Court Act (Amendment) Bill.

**Shri A. Achyuthan:** I second it.

**Shri Panampilli Govinda Menon:** I oppose the motion.

**Shri P. S. Nataraja Pillai:** May I speak a few words on the Bill?

**Mr. Speaker:** Yes.

**Shri P. S. Nataraja Pillai:** Sir, the Travancore-Cochin High Court at Ernakulam is a bye-product of the integration of Travancore and Cochin. The integration of Travancore and Cochin was a political act. It came into existence by a Covenant entered into by the Rulers of the two States, and attested by the Government of India. It was not an act based on the general willingness and consent of the people. The people were not consulted, nor were their representatives a party to that Covenant. Not that I object to the integration or the creation of a State into line with the bigger units of India, but what I say is that integration was a result of the action of the Rulers of the two States and not the action of the representatives of the people of the two States. As a result of the integration and the integration scheme, Ordinance II of 1124—the High Court Ordinance,—was enacted by the Rajpramukh and in that we find clause 2, by which the High Court is located at Ernakulam. What were the reasons which prompted the headquarters to be shifted is a sealed book as far as the people of Travancore-Cochin are concerned. Except the few who were in the know of things at that stage, the general public of Travancore had not the opportunity to know why the High Court situated at Trivandrum should have been shifted to Ernakulam after the integration. We had a kind of responsible Government even at that time. After the integration came into being, I hold even now that it was an assembly created by the Executive; that was in existence and it was endowed with the powers of Legislature for the two integrated States and it was asked to function as a Legislative Assembly. Under a convention representatives of the people were holding the administration. They never thought it their duty to take the opinion of the people by subjecting this proposition to a vote of the people. Sir, in that integrated Assembly, the Act, Act V of 1125, was passed. Then, in that Assembly, after the Constitution came into force, Act II of 1951 was passed changing the jurisdiction. Thus, the High Court was established at Ernakulam as a result of a political deal. That is how I take it. It was established at Ernakulam as a political deal.

**Mr. Speaker:** May I request the hon. Member to see that when the Bill is opposed, the mover will confine himself to a brief statement of the reasons?

**Shri P. S. Nataraja Pillai:** That is what I propose to do.

Then, Sir, after having touched on the circumstances which led to the location of the High Court at Ernakulam I approach the question today on the ground of great hardship it causes to a large section of the people of Travancore-Cochin State. It is necessary, Sir, that the High Court must be situated at some place where the people of a large portion of the country can get justice administered with less difficulty. At the same time, I do not forget the fact that in the Cochin area there was a High Court and the people of that locality must have equal convenience as the people from other parts of the State demand. So, what I propose by this Bill is to have the High Court located at Trivandrum on condition that a Division Bench and a single Bench sit at Ernakulam so that the Division Bench and the single Bench may cater to the needs of the people of the Cochin area. It is for that purpose that I have included that proviso.

Sir, in this connection I would just place before the House some figures which I had the opportunity to collect and show the relative hardship and difficulties borne by the people of certain areas. With that end in view I am not referring to all the figures so collected. But I will give the figure for 1950-51. For the year 1950-51, the First Appeals from Nagercoil and Trivandrum District Courts were 156 while from Anjikaimal and Trichur the corresponding figures were only 97. Regarding Second Appeal from Nagercoil and Trivandrum District Courts, the number was 256 while from Anjikaimal and Trichur the number was 115. Apart from these Courts, there are 5 other Courts from which also appeals are filed at Ernakulam. The litigant public who are involved in cases have to go from places such as Quilon, Mavelikara, Alleppey, etc., to Ernakulam to have their cases heard and decided. Sir, in view of the fact that there is real hardship for the people by having the High Court located in one extremity, I propose this Bill and what is stated therein is that we will have the High Court located at two places, one portion at Trivandrum and another portion at Ernakulam so that the people may not be subjected to severe hardship. Sir, personally speaking, I am not very particular of having the headquarters at Trivandrum. Even if the headquarters be at Ernakulam there will be no difficulty if sufficient provisions are devised to have a portion of the High Court working in Trivandrum. After all it is only a matter of detail which can be taken into consideration when the Bill comes up for further consideration at a later stage. At this juncture what I am at is, in view of the great hardship the vast majority of the people suffer by the location of the High Court at Ernakulam, I request the House to give permission to introduce this Bill.

<u>ശ്രീ. എ. ജെ. ജാൺ:</u> സർ, തിരുവിതാംകൂർ-കൊച്ചി സംയോജനത്തോടുകൂടി എറണാകുളത്തും തിരുവനന്തപുരത്തും രണ്ടു ഹൈക്കോടതികൾ ഉണ്ടായിരുന്നതിനെ മാററി ഒരു ഹൈക്കോടതി മാത്രം മതിയെന്നും അതു എറണാകുളത്തായിരിക്കണമെന്നും തീരുമാനിക്കുകയും, അതനുസരിച്ചു ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചു പാസാക്കുകയും ചെയ്തു. അങ്ങനെ ഈ സഭയുടെ തീരുമാനപ്രകാരമാണു ഹൈക്കോടതിയുടെ തലസ്ഥാനം എറണാകുളം ആയിത്തീർന്നതു. അതു കഴിഞ്ഞിട്ടു ഉദ്ദേശം രണ്ടു കൊല്ലം മാത്രമേ ആയിട്ടുള്ളു. ഹൈക്കോടതി ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു മാററുന്നതിനു വലുതായ ചെലവുണ്ടെന്നു ഏവർക്കും അറിയാം. മുൻപു എറണാകുളത്തേക്കു ഹൈക്കോടതി മാററിയതിനു ഏതാണ്ടു അൻപതിനായിരത്തിൽപരം രൂപാ ചെലവുവന്നിട്ടുണ്ടെന്നാണു തോന്നുന്നതു.

സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ആളുകളുടെ സൗകര്യത്തെ പരിഗണിച്ചാണ് ഹൈക്കോടതി തിരുവനന്തപുരത്തേക്കു മാററണമെന്നു പറയുന്നതെങ്കിൽ അതു ശരിയല്ല. എറണാകുളത്തു ഇപ്പോൾ ഇരിക്കുന്ന നിലയിൽത്തന്നെ ഇരിക്കുന്നതായിരിക്കും കൂടുതൽ ആളുകൾക്കു സൗകര്യം. എന്തെന്നാൽ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൻെറ തെക്കെ അററത്താണു തിരുവനന്തപുരം സ്ഥിതിചെയ്യുന്നതു്. തിരുവനന്തപുരത്തുനിന്നും കുറച്ചു വടക്കോട്ടു നീങ്ങിത്താമസിക്കുന്ന എല്ലാ ആളുകൾക്കും ഹൈക്കോടതി എറണാകുളത്തായിരിക്കുന്നതാണു കൂടുതൽ സൗകര്യം. അതിനാൽ നല്ല സൗകര്യമുള്ള ഒരു സ്ഥലത്തു ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന ഹൈക്കോടതി, അവിടെ സ്ഥാപിച്ചിട്ടു രണ്ടു കൊല്ലം മാത്രം കഴിഞ്ഞിരിക്കുന്ന ഈയവസരത്തിൽ, വിശേഷിച്ചും വളരെ പണച്ചെലവു ഉണ്ടാക്കിക്കൊണ്ടു തിരുവനന്തപുരത്തേക്കു മാററുന്നതിനുള്ള ഈ ബിൽ പാസാക്കുന്നതു ഒരിക്കലും ശരിയല്ലെന്നാണു എൻെറ അഭിപ്രായം.

ശ്രീ. ടി. വി. തോമസ്സ്: ഹൈക്കോടതിയുടെ ഹെഡ്ക്വാർട്ടേഴ്സ് എറണാകുളത്തുതന്നെ വയ്ക്കുന്നതിനും, ഡിവിഷൻ ബെഞ്ചുമാത്രം തിരുവനന്തപുരത്തു സ്ഥാപിക്കുന്നതിനും ബിൽപ്രയോക്താവായ ശ്രീ. നടരാജപിള്ള സമ്മതിച്ചിരിക്കുന്നതിനെപ്പററി ബഹു. മന്ത്രിയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. ജെ. ജാൺ: അതിലും വളരെ അസൗകര്യമുണ്ടു്. എറണാകുളത്തുള്ള ഹൈക്കോടതിയുടെ അധികാരങ്ങളെന്തെല്ലാം, ഇവിടെയുള്ള ഹൈക്കോടതിയുടെ അധികാരങ്ങൾ എന്തെല്ലാം എന്നു തീർച്ചപ്പെടുത്തുന്നതുതന്നെ പ്രയാസമാണു്. എന്നുതന്നെയുമല്ല, ചില കേസുകൾ അഞ്ചു ജഡ്ജിമാർ കൂടിയിരുന്നു ആലോചിക്കേണ്ടതായുംവരും. അപ്പോൾ എങ്ങനെയാണു അതു നിർവ്വഹിക്കുക എന്നും ആലോചിക്കേണ്ടതായുണ്ടു്.

ശ്രീ. ആർ. കേശവൻ നായർ: യു. പി. യിൽ അങ്ങനെ നടക്കുന്നുണ്ടല്ലോ?

ശ്രീ. എ. ജെ. ജാൺ: യു പി. യിൽ അങ്ങനെ നടക്കുന്നുണ്ടായിരിക്കാം. എന്നാൽ ഇവിടെ എട്ടു ജഡ്ജിമാർ മാത്രമേയുള്ളു.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഹൈക്കോടതി എറണാകുളത്തു സ്ഥാപിക്കുവാൻ പ്രത്യേകം വല്ല കാരണങ്ങളുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: രണ്ടു സ്റേററിലുമുള്ള ആളുകളുടെ സൗകര്യത്തെ ഉദ്ദേശിച്ചു എറണാകുളത്തേക്കു മാററുകയാണുണ്ടായതു്.

*The motion was put and carried.*

**Shri T. S. Ramaswami:** Sir, I demand a poll.

A poll was taken when the House divided as follows.

**AYES—51**

1. Shri A. Achyuthan.
2. „ C. Achyutha Menon.
3. „ P.C. Athichan.
4. „ P. V. Avira Tharakan.
5. „ K. Balakrishna Menon.
6. „ P. Bhaskaran Nair.

7. „ G. Chandrasekhara Pillai.
8. „ A. K. Chelliah.
9. „ S. G. Deviappan Kangany.
10. „ T. K. Divakaran.
11. „ R. Gangadharan.
12. „ M. Gopalan Nair.
13. „ E. Gopalakrishna Menon.
14. Shrimati K. R. Gouri.
15. Shri Kambisseril Karunakaran.
16. „ Nedumangad R. Kesavan Nair.
17. „ Kochukunju.
18. „ E. Krishnan Nair.
19. „ T. K. Krishnan.
20. „ K. K. Kumara Pillai.
21. „ C. K. Kumara Panicker.
22. „ A. Kunjan Nadar.
23. „ K. Madhavan Unnithan.
24. „ T. A. Majeed.
25. „ J. T. Moraes.
26. „ Chengarappally P. Narayanan Potti.
27. „ P. S. Nataraja Pillai.
28. „ N. Nilakantaru Pandarathil.
29. „ N. A. Noor Muhammad.
30. „ R. Ponnappa Nadar.
31. „ K. P. Prabhakaran.
32. „ N. Raghava Kurup.
33. „ N. Rajagopalan Nair.
34. „ P. Ramaswami.
35. „ T. S. Ramaswami Pillai.
36. „ C. G. Sadasivan.
37. „ K. Sadanandan.
38. „ A. Samraj.
39. „ C. Sankar.
40. Dr. N. S. Pillai.
41. Shri Sattanatha Karayalar.
42. „ Alexander Manuel Simon.
43. „ V. Sridharan.
44. „ C. P. Sreevallabha Menon.
45. „ R. Sugathan.
46. „ A. Thanu Pillai.
47. „ K. J. Thomas.
48. „ T. V. Thomas.
49. „ Kalathil Velayudhan Nair.
50. „ C. K. Viswanathan.
51. „ M. William.

**NOES—31**

1. Shri M. M. Abdul Khader.
2. „ Alexander Parambitharayil.
3. „ C. C. Ayyappan.
4. „ K. K. Ayyappan.
5. „ A. C. Chacko.
6. „ P. Chacko.

7. Shri. K. M. Chandy.
8. „ Cheriyan J. Kappan.
9. „ M. V. Cheriyan.
10. „ Ambat Eachara Menon.
11. „ Panampilli Govinda Menon.
12. „ A. L. Jacob.
13. „ James Tharayil.
14. „ A. J. John.
15. „ Joseph Vazhappilly.
16. „ K. Karunakaran.
17. „ T. T. Kesavan Sastry.
18. „ K. Kochukuttan.
19. „ K. P. Krishna Menon.
20. „ V. R. Krishnan Ezhuthassan.
21. „ V. Madhavan.
22. „ O. C. Ninan.
23. „ P. K. Ramachandra Das.
24. „ P. Sadasivan Pillai.
25. Dr. P. T. Thomas.
26. Shri. T. M. Varghese.
27. „ V. V. Varkey.
28. „ Varunny Pulikkal.
29. „ Vasudevan Pillai.
30. „ K. I. Velayudhan.
31. „ Anthonie Andrew Daniel Luiz.

**NEUTRAL—1**

1. Shri E. P. Varghese.

**Mr. Speaker:** The following is the result of the voting: Ayes—51; Noes—31; Neutral—1.

*The motion is carried.*

**Shri P. S. Nataraja Pillai:** Sir, I introduce the Bill.

**Resolutions on matters of general public interest**

*(Mr. Deputy Speaker in the Chair)*

**Mr. Deputy Speaker:** We will now proceed to the next item in the Agenda, namely, resolutions. Mr. Jacob.

**Resolutions regarding conditions of working journalists**

**Shri A. L. Jacob:** Sir, I move the following resolution;

"This House is of opinion that an enquiry committee be appointed by Government to enquire about the working conditions of working journalists in this State and to submit a report within three months regarding the ways and means to improve their financial and social status."

സർ, സംസ്ഥാനത്തു ഉദ്ദേശം ഇരുന്നൂറോളം വർക്കിംഗ് ജേർണലിസ്റ്റുകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പത്രപ്രവർത്തകരെയാണ് വർക്കിംഗ് ജേർണലിസ്റ്റുകൾ എന്നു പറയുന്നതു്. ഇവരിൽതന്നെ പല തരക്കാരുണ്ടു്. പത്രാധിപന്മാർ, പ്രൂഫ് റീഡേഴ്സ് എന്നു രണ്ടു വിഭാഗം വർക്കിംഗ് ജേർണലിസ്റ്റുകൾ പത്രമാഫീസിൽ ജോലി ചെയ്യുന്നവരാ

[Shri A. L. Jacob]

ണ്. പത്രലേഖകന്മാരും പത്രപ്രതിനിധികളും എന്നു പറയുന്ന വിഭാഗത്തിൽപെട്ട വർക്കിംഗ് ജേർണലിസ്റ്റുകൾ ഓരോ പത്രങ്ങളുടെ പ്രതിനിധികളായി പട്ടണങ്ങളിൽ താമസിക്കുന്നവരാണ്. ഈ സഭാനടപടികൾ റിപ്പോർട്ടു ചെയ്യാനായി പ്രസ്സ് ബഞ്ചുകളിൽ തിങ്ങിക്കൂടിയിരിക്കുന്നവർ ഈ വിഭാഗത്തിൽപെട്ട വർക്കിംഗ് ജേർണലിസ്റ്റുകളാണ്.

കക്ഷികൾക്കും ഗ്രൂപ്പുകൾക്കും ഒക്കെ ഉപരിയായി രാജ്യത്തിന്റെ പൊതുനന്മയെ ലാക്കാക്കി മാന്യമായ ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഈ വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് പലവിധമായ അവശതകൾ ഉണ്ടെന്നുള്ള വസ്തുത ഇന്നു പരസ്യമാണ്. ഈ സംസ്ഥാനത്തെ വർക്കിംഗ് ജേർണലിസ്റ്റുകൾ സംസ്ഥാനവ്യാപകമായ രീതിയിൽ ട്രെയ്ഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിച്ചിട്ടുണ്ട്. അവക്ക് ഒരു അഖിലേന്ത്യാ സംഘടനയും ഉണ്ടെന്നറിയുന്നു. അങ്ങനെ വളർന്നുവരുന്ന ഒരു വിഭാഗത്തിന്റെ അവശതകൾ പരിഹരിക്കേണ്ടതു സ്റ്റേറ്റിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കർത്തവ്യമാകുന്നു.

അവശതകൾ എന്തെല്ലാം? വിദ്യാഭ്യാസയോഗ്യതയും പരിചയസമ്പത്തും ബുദ്ധിശക്തിയുമുള്ള ആളുകൾക്ക മാത്രമേ ഈ തൊഴിലിൽ ഏർപ്പെടാൻ സാധിക്കുകയുള്ളു. ജേർണലിസത്തിനു യൂണിവേഴ്സിററി കോഴ്സു തന്നെ പലയിടത്തും ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ· ഒരു മെമ്പർക്ക് പ്രസംഗം എഴുതി വായിക്കാമോ?

മി. ഡപ്യൂട്ടി സ്പീക്കർ: അദ്ധ്യക്ഷന്റെ അനുമതിയോടുകൂടി വായിക്കാം.

ശ്രീ. എ. എൽ. ജേക്കബ്ബ്: സംസ്ഥാനത്തെ വർക്കിംഗു ജേർണലിസ്റ്റുകളിൽ ഉന്നതമായ സർവ്വകലാശാല, ബിരുദധാരികളും ധാരാളമായി ഏർപ്പെട്ടുവരുന്നുണ്ട്. ഈ സഭയിലെ ബഹുമാനപ്പെട്ട മൂന്നു മെമ്പറന്മാർ വർക്കിംഗു ജേർണലിസ്റ്റുകളാണ്. ഇന്നത്തെ പത്രപ്രവർത്തനത്തിൽ കാണുന്ന കുറവുകളൊക്കെ ഈ പുതു രക്തത്തിന്റെ ഉയർച്ചയിൽ മാറിപ്പോകുമെന്നുതന്നെ പ്രതീക്ഷിക്കാം.

ജീവിതച്ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചുവന്നിരിക്കുന്ന ഇക്കാലത്തു് ഇവിടത്തെ വർക്കിംഗ് ജേർണലിസററുകൾ വളരെ വിഷമിച്ചുകൊണ്ടിരിക്കുന്നു. അവക്കു കിട്ടുന്ന ശമ്പളവും വേതനവും തീരെ അപര്യാപ്തമാണ്. ഉദ്യോഗസ്ഥിരതയും സ്ഥിരം സേവനവ്യവസ്ഥകളും ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. ജീവിതച്ചെലവുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിലാണ് അവരുടെ പ്രതിഫലവ്യവസ്ഥകൾ ഇന്നു നിലനില്ക്കുന്നതു്. മാനേജുമെൻറിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്തു് അവരുടെ ഉദ്യോഗംതന്നെയും തലനാരിഴയിൽ തൂങ്ങിനിൽക്കുകയാണ്. തോന്നുമ്പോൾ പിരിച്ചുവിടാനും തിരിച്ചെടുക്കാനും ഉള്ള ഭ്രസ്വാതന്ത്ര്യം മാനേജുമെൻറുകൾക്കുണ്ട്. വർക്കിംഗ് ജേർണലിസ്റ്റുകൾക്കു ലഭിക്കുന്ന പ്രതിഫലങ്ങളുടെ ഒരു സിംഹാവലോകനത്തിൽനിന്നും അവരുടെ അവശതകൾ കൂടുതൽ വെളിപ്പെടും.

൧. പത്രാധിപസമിതി അംഗങ്ങൾ: വർക്കിംഗ് ജേർണലിസ്റ്റ വിഭാഗത്തിൽ കൂടുതൽ ശമ്പളം ലഭിക്കുന്നതു് ഇക്കൂട്ടർക്കാണ്. പ്രതിമാസം ൪൦ രൂപമുതൽ ൨൫൦ രൂപവരെ ശമ്പളം കിട്ടുന്ന പത്രാധിപന്മാർ ഇക്കൂട്ടത്തിലുണ്ട്. ഭൂരിപക്ഷം അംഗങ്ങൾക്കും ൧൦൦ രൂപയിൽ കുറവായ ശമ്പളമേ ലഭിക്കുന്നുള്ളു.

൨. പ്രൂഫ് റീഡേഴ്സ്: ഈ വിഭാഗത്തിൽപ്പെട്ട വർക്കിംഗ് ജേർണലിസ്റ്റകളാണ് ഏററവും കൂടുതൽ അവശതയനുഭവിക്കുന്നതു്. പത്രാധിപന്മാരെപ്പോലെ ഇവരും പകലും രാത്രിയും പത്രമാപ്പീസിൽ ജോലി ചെയ്യുന്നവരാണ്. എന്നാൽ ഇവക്ക് കിട്ടുന്ന ശമ്പളം പ്രസ്സ് തൊഴിലാളികളേക്കാളും തുച്ഛവുമാണ്. ൨൫ രൂപാ മുതൽ ൯൦ രൂപാവരെയുള്ള ഏതെങ്കിലും ഒരു തുകയാണ് ഇവക്ക പ്രതിമാസം ശമ്പളം.

൩. പത്രപ്രതിനിധികൾ: ഇവരിൽതന്നെ രണ്ടു വിഭാഗക്കാരുണ്ട്. തലസ്ഥാനനഗരിയിലെ പത്രപ്രതിനിധികൾ ഒരു വിഭാഗം. മററ പട്ടണങ്ങളിലെ സ്വന്തം ലേഖകന്മാർ വേറൊരു വിഭാഗം: തലസ്ഥാനനഗരിയിലെ പത്രപ്രതിനിധികൾക്കുതന്നെയും മാനമായി ജീവിക്കാൻ മതിയാകുന്ന പ്രതിഫലം ലഭിക്കുന്നില്ല. സ്വന്തം ലേഖകന്മാക്ക് ലഭിക്കുന്ന ശമ്പളം വളരെ മോശവുമാണ്. അക്കൂട്ടത്തിൽ ൧൫ രൂപാശമ്പളക്കാരൻമുതൽ [illegible]൦ രൂപ ശമ്പളക്കാരൻവരെയുണ്ട്.

വക്കിംഗ് ജേർണലിസ്റ്റസംഘടനയുടെ അവകാശവാദം. ജീവിക്കാൻ മതിയായ ശമ്പളം, ക്ഷാമബത്ത, വാഷികബോണസ്സ്, നിർബ്ബന്ധിത പ്രാവിഡണ്ട് ഫണ്ട്, ഉദ്യോഗസ്ഥിരത, ഗ്രേയിഡഡ് സാലറി, പ്രതിവർഷം ഒരു മാസത്തെ ശമ്പളത്തോടുകൂടിയ അവധി, എന്നിങ്ങനെയുള്ള കാര്യങ്ങൾ അനുവദിക്കണം എന്നാണ വർക്കിംഗ് ജേർണലിസ്റ്റ സംഘടന ആവശ്യപ്പെടുന്നതു്. ഇതു എത്രയും മിതവും ന്യായവുമാണെന്നുള്ള കാര്യത്തിൽ പക്ഷാന്തരമില്ലല്ലോ. അതിനാൽ വക്കിംഗ് ജേർണലിസ്റ്റകളുടെ അവശതാപരിഹാരത്തിനായി ഞാൻ ചില നിർദ്ദേശങ്ങൾ സമപ്പിച്ചുകൊള്ളുന്നു.

(൧) വർക്കിംഗ് ജേർണലിസ്റ്റകൾക്ക മിനിമംവേജസ്സ് ക്ലിപ്തപ്പെടുത്താൻ ഗവമ്മെൻറ തയ്യാറാകണം.

(൨) അവക്ക് ഗ്രേയിഡഡ് സാലറി ഏർപ്പെടുത്തണം. അങ്ങനെ ചെയ്താൽ ഈ തൊഴിലിൽതന്നെ ഉറച്ചുനിൽക്കാനുള്ള പ്രചോദനം വർക്കിംഗ് ജേർണലിസ്റ്റകൾക്ക ലഭിക്കുന്നതും, പത്രങ്ങളുടെ മാനദണ്ഡം ഉയരുന്നതുമാണ്.

൩. വർക്കിംഗ് ജേർണലിസ്റ്റകളുടെ ഉദ്യോഗസ്ഥിരതക്കു വേണ്ട വ്യവസ്ഥയും ഉറപ്പും നൽകണം. സക്കാർ സവ്വീസിൽ പ്രവേശിക്കുന്നവക്ക് ലഭിക്കുന്ന ഉദ്യോഗസ്ഥിരതയും ഉറപ്പുംതന്നെ വക്കിംഗ് ജേർണലിസ്റ്റകൾക്കും ലഭിക്കേണ്ടതാണ്.

ഇതിൽ പ്രായോഗികമായ വിഷമതകൾ ഇല്ലേയെന്നു ചോദിച്ചേക്കാം. ഉണ്ടെന്നു തന്നെ ഞാനും പറയുന്നു. ഇപ്പോൾ പത്രങ്ങളുടെ നിലനിൽപ്പു തന്നെ ഉറപ്പില്ലാതിരിക്കുകയാണ്. ഒരു പത്രം നിത്തേണ്ടിവരുമ്പോൾ അതിലെ ജീവനക്കാരെ പിരിച്ചുവിടേണ്ടി വരികയില്ലേ എന്നു ചോദിച്ചേക്കാം. ആ മൂലകാരണത്തിനുതന്നെയാണ പ്രതിവിധിയുണ്ടാകേണ്ടതു്. ഇവിടെ പത്രം തുടങ്ങുന്നതും മുടക്കുന്നതും സവ്വസാധാരണയായിതീന്നിരി

[Shri A. L. Jacob]

ക്കുന്നു. ഒരു പത്രം തുടങ്ങുമ്പോൾ കുറെ വർക്കിംഗ് ജേർണലിസ്റ്റുകളെ സൃഷ്ടിക്കുകയും അതു നിറുത്തുമ്പോൾ അവരെയെല്ലാം തൊഴിലില്ലാത്ത തെരുവുതെണ്ടികളാക്കിത്തീർക്കുകയും ചെയ്യുന്ന നിരുത്തരവാദപരമായ സമ്പ്രദായത്തെ നാം നിയമംമൂലംതന്നെ തടയേണ്ടിയിരിക്കുന്നു. പത്രം തുടങ്ങുന്നതു മുതലാളിയുടെ എന്തെങ്കിലും തൽക്കാലാവശ്യസാദ്ധ്യത്തിനാണെന്നും വന്നേക്കാം. അയാളുടെ കാര്യസാദ്ധ്യത്തിനായി കുറെ ആളുകളെ വഴിയാധാരമാക്കുന്ന രീതി മാറുകതന്നെവേണം. അതിനാൽ സാമ്പത്തികഭദ്രതയ്ക്കു് ഉറപ്പുനൽകുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും മാത്രമെ പത്രം തുടങ്ങാൻ അനുവദിക്കാവൂ എന്നാണു് എനിക്കു നിർദ്ദേശിക്കുവാനുള്ളതു്.

൪. ഒരു നിശ്ചിതശതമാനം ക്ഷാമബത്തയും വാർഷികബോണസ്സും എല്ലാ വർക്കിംഗ് ജേർണലിസ്റ്റുകൾക്കും ലഭിക്കുന്നതിനു നിയമംമൂലം വ്യവസ്ഥചെയ്യണം. നിർബന്ധിതപ്രോവിഡന്റുഫണ്ടും ഏർപ്പെടുത്തേണ്ടതാണു്.

൫. എല്ലാ പത്രങ്ങളിലെയും വർക്കിംഗ് ജേർണലിസ്റ്റുകൾ ഒരേ ജോലിചെയ്യുന്നവരാകയാൽ അവരുടെ ശമ്പളത്തിനും ഒരു മിനിമം നിശ്ചയിക്കണം. ഇക്കാര്യത്തിൽ പത്രം ഉടമകളുടെ മേൽ വലിയസമ്മർദ്ദം തന്നെ ചെലുത്തേണ്ടതായിവരാം. ലാഭനഷ്ടങ്ങളുടെ കണക്കുകൾ അവർ ഉദ്ധരിച്ചേക്കാം. അതിനെയെല്ലാം എതിരിടാൻ ധീരമായ നടപടികൾ തന്നെ ഗവമ്മെന്റു സ്വീകരിക്കേണ്ടതാണു്. ലാഭത്തിന്റെയും, നഷ്ടത്തിന്റെയും പ്രശ്നമല്ല, വേലയുടെയും കൂലിയുടെയും പ്രശ്നമാണു ഇവിടെ ഉദിക്കുന്നതു്.

൬. ഭവനനിർമ്മാണപദ്ധതി, സംരക്ഷണപദ്ധതി, കോളനൈസേഷൻപദ്ധതി എങ്ങിനെയുള്ള സാമ്പത്തികസഹായ പദ്ധതികളിൽ വർക്കിംഗ് ജേർണലിസ്റ്റുകളെ സഹായിക്കുവാനുള്ള വ്യവസ്ഥകളും കൂടി ഉൾപ്പെടുത്തേണ്ടതാണു്.

അതിനാൽ വർക്കിംഗ് ജേർണലിസ്റ്റുകളുടെ അവശതകളെപ്പററി വിശദമായി ഒരന്വേഷണംനടത്തി വേണ്ട പരിഹാരമാർഗ്ഗങ്ങളടങ്ങിയ ഒരു റിപ്പോർട്ടു മൂന്നുമാസത്തിനകം ഈ സഭയിൽ സമർപ്പിക്കുവാനായി വിപുലമായ അധികാരങ്ങളോടുകൂടിയ ഒരു കമ്മിററിയെ ഈ സഭ നിയോഗിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. ഏ. താണുപിള്ള: ഈ സംഗതികളെപ്പററി വർക്കിംഗ് ജേർണലിസ്റ്റുകളും പത്രം ഉടമസ്ഥന്മാരുമായി വല്ല ആലോചനകളും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ്: ഉണ്ടായിട്ടുണ്ടോ എന്നു് അറിവില്ല.

ശ്രീ. ടി. എ. മജീദ്: സർ, വർക്കിംഗ് ജേർണലിസ്റ്റുകളുടെ അവശതാപരിഹരണത്തെ ലക്ഷ്യമാക്കി ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തോടു ഒരു വർക്കിംഗ് ജേർണലിസ്റ്റു കൂടിയായ ഞാൻ ഹൃദയംഗമമായി അനുകൂലിക്കുന്നു. പത്രങ്ങൾ ഫോർത്തു എസ്റ്റേററാണു്. പക്ഷെ ഈ എസ്റ്റേററിലെ തൊഴിലാളികളുടെ നിലയെന്താണെന്നു് ആരെങ്കിലും അന്വേഷിക്കുന്നുണ്ടോ ? പത്രപ്രവർത്തനം വളരെ പ്രശസ്തമായ ഒരു തൊഴിലാണെന്നും രാജ്യത്തെയും രാജ്യവാസികളേയും പുരോഗമിപ്പി

ക്കുന്നതിനു പററിയ മാരായുധമാണെന്നും പറയുന്നുണ്ട്. പത്രങ്ങൾക്കു പൊതുജനങ്ങളെ സ്വാധീനപ്പെടുത്താനും സംഘടിപ്പിക്കാനും, പ്രവർത്തിപ്പിക്കാനും പത്രത്തിനു ശക്തിയുണ്ട്. ഇവിടെ നടക്കുന്ന ബഡ്ജററ് പ്രസംഗങ്ങളും അതിനെതിരായുള്ള രൂക്ഷരൂക്ഷമായ വിമർശനങ്ങളും രസകരമായ ചോദ്യങ്ങളും ഉത്തരങ്ങളും, പത്രത്തിൽ വരാനായി മാത്രം ചോദിക്കുന്ന ചോദ്യങ്ങളും മറെറ അടുത്ത നിമിഷത്തിൽ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രദാനം ചെയ്യുക പ്രയാസമുള്ള ഒരു കാര്യമാണ്. പത്ര പ്രവർത്തകരായ ഞങ്ങൾ പകൽ സമയം മാത്രമല്ലാ, രാത്രിയുടെ അഗാധതയിൽ കൂടി ജോലി ചെയ്യുന്നവരാണ്. നിങ്ങൾ സ്വപ്നങ്ങൾ കണ്ടുകഴിയുമ്പോൾ ഞങ്ങൾ യാഥാർത്ഥ്യങ്ങളുമായി ഏററുമുട്ടുകയാണ്. രാത്രിയെന്നോ പകലെന്നോ മഴയെന്നോ വെയിലെന്നോ നോക്കാതെവാർത്തകൾ സംഭരിക്കുവാനായി അലഞ്ഞുതിരിയുകയാണ്. വാർത്തകൾക്കു സുന്ദരരൂപം നൽകി പ്രസ്സിലേക്കു അയച്ചുകൊണ്ടിരിക്കുകയാണ്. സർ, മലയാളപത്രപ്രവർത്തനം ഒരു നന്ദികെട്ടതൊഴിലാണെന്നു ഞാൻ പറഞ്ഞാൽ പത്രം ഉടമകൾ എനിക്ക് മാപ്പുതരണം. കുറച്ചുമുമ്പ് ചില കോൺഗ്രസ്സ് പ്രമുഖർ മാനേജരന്മാരായി നടത്തിവന്ന ഒരു പത്രത്തിൽ പ്രവർത്തിക്കാനുള്ള ദൌർഭാഗ്യം എനിക്കുണ്ടായി. ആ പാപം ചെയ്തതിന് കഴിഞ്ഞതെരഞ്ഞെടുപ്പിൽ എനിക്കു കിട്ടാനുള്ള വോട്ടിൽ കുറഞ്ഞതു് ആറുവോട്ടെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ട്. ആ പത്രമാകട്ടെ ശമ്പളകുടിശ്ശിഖ തരാതെ ഒരു ദിവസത്തെയല്ല ഒരു മണിക്കൂർനേരത്തെ നോട്ടീസുപോലും നൽകാതെ നിർത്തികളയുകയാണ് ചെയ്തതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഏതു കോൺഗ്രസ് പത്രത്തിന്റെ ജേർണലിസ്ററായിരുന്നു ബഹു. മെമ്പർ എന്നു പറയാമൊ ?

ശ്രീ. ടി. എ. മജീദ്: കോൺഗ്രസ്സ് നടത്തികൊണ്ടിരുന്ന 'അരുണോദയം' പത്രത്തിൽ.

ശ്രീ. ഏ. താണുപിള്ള: അല്പകാലത്തേക്കുമാത്രം നടത്തിയ ഒരു പത്രമല്ലായിരുന്നോ അതു്?

ശ്രീ. ടി. എ. മജീദ്: അതെ. സർ, പത്രപ്രവർത്തനത്തെ മാത്രം ജീവിതലക്ഷ്യമായികരുതി പ്രവർത്തിയെടുക്കുന്ന അനേകം ജേർണലിസ്ററുകൾ ദരിദ്രരും അവശരുമായി കഴിയുകയാണ്. പത്രപ്രവർത്തനം ജീവിതലക്ഷ്യമായികരുതിയ ശ്രീ. ബാപ്പുറാവുവിനെ ഞാൻ ഈ ഘട്ടത്തിൽ സ്മരിക്കുന്നു. പത്രക്കസേരയിൽ ഇരുന്നു അദ്ദേഹംമൃതിയടയുകയാണുണ്ടായതു്. അദ്ദേഹത്തിന്റെ കഴിവുകളെ ചൂഷണംചെയ്തു മുതലെടുത്തവർ ഇന്നും സമ്പന്നരായി കഴിയുന്നു. അകാലമൃത്യുവിനു ഇരയായ അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും മററുള്ളവരുടെ സഹായം തേടി ഇന്നും നടക്കുകയാണ്. ചില പത്രങ്ങൾ നഷ്ടം സഹിച്ചാണ് നടക്കുന്നതെന്നുള്ള കാര്യം വിസ്മരിച്ചുകൊണ്ടല്ല ഞാൻ ഈ കാര്യങ്ങൾ പറയുന്നതു്. പ്രവർത്തിക്കനുസരണമായ ഫലം എതുജോലിക്കും ഉള്ളതാണ്. അതു കൊടുക്കയും വേണം. ഇനി എനിക്കു മറെറാരു സംഗതികൂടി പറയാനുള്ളതു്, ഇവിടത്തെ പ്രസ്സുറൂമിനെപ്പററിയാണ്. സാധാരണയായി പത്രറിപ്പോർട്ടർമാക്ക് ചെയ്തുകൊടുക്കേണ്ടതായ യാതൊരു ആനുകൂല്യവും അവിടെ കിട്ടുന്നില്ല. നേരെമറിച്ച് പ്രതിവർഷം ൨,൦൦൦ രൂപ പി. ടി. ഐ. ക്ക് സബ്സിഡിയായി

[Shri T. A. Majeed]
ഗവമ്മെൻറിൽനിന്നും കൊടുത്തുവരുന്നു. ഇങ്ങിനെ കൊടുക്കുന്നതുകൊണ്ടു് ഓരോ മന്ത്രിക്കും ഈരണ്ടു പി. ടി. ഐ. ഷീററ വീതം വെറുതെ കിട്ടുന്നു വെന്നല്ലാതെ ഇവിടത്തെ ജേർണലിസ്റ്റുകളെ സംബന്ധിച്ചിടത്തോളം എന്തുനന്മയാണുള്ളതു്?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹു. മെമ്പർ പ്രമേയത്തെപ്പററി സംസാരിക്കേണ്ടതാണു്.

ശ്രീ. ടി. എ. മജീദ്: സർ, ഈ സംഗതിയും പ്രമേയത്തിൻെറ പരിധിയിൽ പെടുന്നതാണു്. ഈ പ്രമേയം ഇവിടെ പാസാക്കണമെന്നു ഉദ്ദേശമുള്ളതുകൊണ്ടു് എൻെറ പ്രസംഗംനീട്ടണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞങ്ങളുടെ ഹൃദയസ്പന്ദനം അറിയാനുള്ള കഴിവു് മന്ത്രിമാക്കുണ്ടെന്നുതന്നെയാണു് ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ടു് എൻെറ ബഹുമാന്യസ്നേഹിതന്മാർ ഈ പ്രമേയം ഐകകണ്ഠ്യേന പാസാക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. കെ. ഭാനു: സർ, പത്രപ്രവത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജേർണലിസ്റ്റുകളുടെ അവശതാപരിഹാരത്തിനായി ശ്രീ. എ. എൽ. ജേക്കബ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തോടു ഞാൻ അനുകൂലിക്കുന്നു ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു് നമ്മുടെ സംസ്ഥാനം പത്രപ്രവത്തനത്തെ സംബന്ധിച്ചിടത്തോളം ഒട്ടും പിന്നോക്കമല്ല. പത്രങ്ങളുടെ കാര്യക്ഷമമായ പ്രവത്തനം അവയിലെ പ്രവത്തകരുടെ കാര്യക്ഷമതയെയാണു് ആശ്രയിച്ചിരിക്കുന്നതു്. അങ്ങിനെ കാര്യക്ഷമമായും അഭിമാനമായും പ്രവത്തിക്കുന്ന ഈ ജേർണലിസ്റ്റുകളുടെ അവശതക്കു പരിഹാരം ഉണ്ടാക്കേണ്ടതു് ഏററവും അത്യാവശ്യമായ ഒരു സംഗതിയാണു്. അവരുടെ അവശതയെന്തെല്ലാമാണെന്നും അവയ്ക്കു് പോംവഴി എന്താണെന്നും കണ്ടുപിടിച്ചു് പരിഹരിച്ചില്ലെങ്കിൽ അവ രാജ്യത്തിൻെറയെന്നല്ലാ, രാജ്യവാസികളുടെതന്നെ പുരോഗതിയെ സാരമായി തടയുന്നതാണു്. അതുകൊണ്ടു് ഈവക സംഗതികളിൽ ഗവമ്മെൻറിൻെറ ദയാദൃഷ്ടി പതിയണമെന്നപേക്ഷിച്ചുകൊണ്ടു് പ്രമേയത്തോടു സവ്വാത്മനാ അനുകൂലിക്കുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഒരു നല്ല പ്രമേയം ഈസഭയുടെ പര്യാലോചനയ്ക്കു വന്നിരിക്കുകയാണു്. ഈ പ്രമേയത്തെ സംബന്ധിച്ചു് എനിക്കു പറയുവാനുള്ള അഭിപ്രായം പറയുന്നതിനുമുമ്പായി, ഞാൻ പറയുന്നതു് പത്രപ്രവത്തകരുടെ സ്നേഹമോ അവർ മുഖേന എൻെറ പ്രസംഗം പത്രങ്ങളിൽ വരുവാനുള്ള വിചാരമോ അല്ല എന്നെ ഈ കാര്യത്തിൽ പ്രേരിപ്പിച്ചിട്ടുള്ളതു് എന്നു പ്രത്യേകം എടുത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**Shri M. M. Abdul Khader:** Sir, Because the time is very short, a time-limit may kindly be fixed,

മി. ഡെപ്യൂട്ടി സ്പീക്കർ: ൧൫ മിനിട്ടു് ഓരോ മെമ്പറന്മാക്കും സംസാരിക്കാവുന്നതാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, പ്രമേയത്തിൻെറ പ്രയോക്താവു് പത്രപ്രവത്തകരുടേയും അവർ പ്രതിനിധാനം ചെയ്യുന്ന അവശതകളുടേ

യും യഥാർത്ഥരൂപം ഭംഗിയായി ഇവിടെ പ്രസംഗിച്ചതു് എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചിരിക്കുകയാണു്. അദ്ദേഹം പറഞ്ഞതിൽ കൂടുതൽ ഒന്നും പറയുവാൻ ഞാനാഗ്രഹിക്കുന്നില്ല. പത്രപ്രവർത്തകന്മാർ പത്രസ്ഥാപനങ്ങളുടെയോ പത്രഉടമകളുടേയോ മദ്ധ്യേ കേവലം തൊഴിലാളികൾ ആണെന്നു് ഇവിടെ പറയുന്നതു കേട്ടു. തിരു-കൊച്ചിയിലെപ്പോലെ പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളവർ ഇന്ത്യയിൽ വേറെ ഒരു രാജ്യത്തും കാണുകയില്ല. ഒരു പത്രത്തിന്റെ ശക്തിയും കാര്യക്ഷമതയും നിലനിറുത്തുന്നതു് ആ പത്രത്തിന്റെ പ്രവർത്തകരാണു്. അങ്ങനെയുള്ള പത്രപ്രവർത്തകരെ കേവലം തൊഴിലാളികളായി പത്രഉടമക്കാർ കരുതുന്നു എന്നും അവരുടെ ജീവിതാവശ്യത്തിനു് വേണ്ട പ്രതിഫലം അവർക്കു കിട്ടുന്നില്ലെന്നും ആണു് എനിക്കു കേൾക്കാൻ കഴിഞ്ഞിട്ടുള്ളതു്. ഞാൻ കരുതിയിരുന്നതു് പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു ശരിയായ ശമ്പളം കിട്ടുന്നുണ്ടു് എന്നായിരുന്നു. നാം എപ്പോഴും കണ്ടുകൊണ്ടിരിക്കുന്ന പത്രപ്രവർത്തകരുടെ ജീവിതാവശ്യങ്ങളിൽ വന്നുപോയിട്ടുള്ള വിഷമങ്ങൾ പരിഹരിക്കുന്നതിനു് ഈ പ്രമേയം ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നതിൽ ശ്രീ. ജേക്കബ്ബ് അഭിനന്ദനാർഹനാണു്. ഇതരരാജ്യങ്ങളിൽനിന്നും പലരും ഈ തിരു-കൊച്ചി സന്ദർശിച്ചിട്ടുള്ള അവസരത്തിൽ ഇവിടത്തെ പത്രപ്രവർത്തനത്തെ അഭിനന്ദിക്കുകയും അവരുടെ സേവനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തിട്ടുള്ള രംഗങ്ങൾ നാം കണ്ടുകഴിഞ്ഞു. അങ്ങനെ പ്രശംസാർഹമായ വിധത്തിൽ പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് ശരിയായ പ്രതിഫലം പത്രം ഉടമക്കാർ കൊടുക്കുന്നില്ലെന്നുവന്നാൽ അതു് ചെവിക്കൊള്ളാതിരിക്കുന്നതിനു് ആർക്കും സാധ്യമല്ല. അതുകൊണ്ടു് ഗവൺമെന്റു് ഒരു കമ്മിററിയെവച്ചു് പത്രപ്രവർത്തകരുടെ അവശതകളേയും ആവശ്യങ്ങളേയും കണ്ടുപിടിച്ചു് ഉടനടി അതിനു് പരിഹാരം ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്. തിരു-കൊച്ചിയെ സംബന്ധിച്ചിടത്തോളം നമ്മുടെ പത്രപ്രവർത്തകരുടെ സ്ഥിതി വളരെ ശോചനീയമാണു്. സർ, ലോകത്തെ നയിക്കുന്ന മഹാശക്തികളിൽ മുൻഗണന വർത്തമാന പത്രങ്ങൾക്കല്ല എന്നുള്ളതു് എല്ലാവരും ഓർക്കേണ്ടതാണു്. അതുകൊണ്ടു് പ്രമേയാവതാരകൻ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള അവരുടെ അവശതകളെക്കുറിച്ചു് അന്വേഷിക്കുന്നതിനു് ഒരു കമ്മിററി രൂപീകരിക്കുകയും ശീഘ്രം അന്വേഷണം നടത്തി അവരുടെ അവശതകൾക്കു് പരിഹാരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണു് എന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ വിരമിക്കുന്നു.

**Shri A. Thanu Pillai:** Sir I wish to record my support to this resolution. Of course I waited to see what the reaction of Treasury Benches would be to this resolution. It was moved about 25 minutes ago and a few speeches were made. Sir, this is a matter that should engage the sympathetic consideration of Government. I say Government because what the Resolution now asks for is a committee to be appointed by Government to go into the working conditions of the working journalists and to submit a report within three months with a view to improve their financial and social status. The financial condition of the working journalists is not what it ought to be. I myself am not in a position to suggest effective methods for improving their conditions. But the matter may be gone into fully and suggestions may be made as to the extent to which relief may be given. Now, Sir, the function of these journalists is really very onerous. We know that opinions differ as

[Shri A. Thanu Pillai]

to the standards of the vernacular journalists. I for one am inclined to think that the standard of journalism in Travancore and Cochin is really improving. If we want real improvement and more visible improvement, that should come from the working journalists themselves. Very often we see reports which are of a varnished sort and maliciously conceived. All those we see. Of course my friends, the working journalists will excuse me when I say that there are among them some who really do not understand their position and responsibilities.

ശ്രീ. ടി. എ. മജീദ്: പത്ര ഉടമകളുടെ കൈ കടത്തൽകൊണ്ടാണ് പത്രങ്ങളുടെ സ്റ്റാൻഡേർഡ് കുറയുന്നതെന്ന് അറിയാമോ?

**Shri A. Thanu Pillai**: Yes, it may be the interference of the owners. It may also be in some cases—of course, I should be pardoned when I say that—due to the reporters and others who supply information. Of course, if we want better men in any sphere, the first requisite is economic freedom. That is to say, the working journalists, along with other persons working in other fields should be placed above want. The wonder is how they carry on their work with all the difficulties due to the interference of the owners and proprietors of papers. In spite of all that they are maintaining a standard for which they are to be congratulated. I don't want to take more of the time of the House. The Committee that is to be constituted should be composed of men who sympathise with the journalists. When we say working journalists we must take into account journalism as a whole so as to enable the proprietors of the newspapers to proceed with their work. Taking everything into consideration, the Committee should report, and I trust that their recommendations will give the working journalists a better status. With these words, I support the resolution.

**Shri. T. V. Thomas**: Sir, I move for closure.

മി. ഡെപ്യൂട്ടി സ്പീക്കർ: ഗവൺമെന്റിന് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

അഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): സർ, ഈ പ്രമേയം ഈ സഭയിൽ ഹാജരാക്കിയപ്പോഴും ഈ പ്രമേയത്തിന്റെ പകർപ്പ് എനിക്കു കിട്ടിയപ്പോഴും ഇതിന് ഏതു രൂപത്തിലുള്ള ഒരു കമ്മിറ്റിയാണ് വേണ്ടതു് എന്നു ആലോചിക്കുകയുണ്ടായി. വർക്കിംഗ് ജേർണലിസ്റ്റുകളും പത്രഉടമകളും കൂടി ചേർന്ന ഒരു കമ്മിറ്റിയുണ്ടാക്കി വർക്കിംഗ് ജേർണലിസ്റ്റുകളുടെ സ്ഥിതി നന്നാക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ നിർദ്ദേശിച്ചാൽ പോരെ എന്നു ഞാൻ സംശയിക്കുകയുണ്ടായി. ഈ സംഗതിയുമായി ബന്ധപ്പെട്ടവരോട് ആലോചിച്ചപ്പോൾ അതുകൊണ്ട് വലിയ പ്രയോജനമില്ലെന്നാണ് മനസ്സിലായതു്. വർക്കിംഗ് ജേർണലിസ്റ്റുകൾ ചെയ്യുന്ന ജോലിയുടെ ഗൌരവവും അതിൽ അന്തർഭവിച്ചിരിക്കുന്ന അവരുടെ ഉത്തരവാദിത്വവും അവരുടെ പരിതഃസ്ഥിതികളും പരിഗണിക്കുന്നതായാൽ ഈ പ്രമേയത്തിൽ കൊള്ളിച്ചിട്ടുള്ള ബഹു. മെമ്പർ ശ്രീ. ജേക്കബ്ബിന്റെ നിർദ്ദേശം സ്വീകരിക്കത്തക്കതാണെന്നു കാണാവുന്നതാണ്.

ശ്രീ. ടി. വി. തോമസ്: സർ, വളരെ കുറച്ചു സമയമേ ഉള്ളു. മന്ത്രി പ്രമേയത്തിലെ തത്വം അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട്. . . .

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം ൪–൩൦ ആകയാൽ ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ ൧൧ മണിക്കു വീണ്ടും കൂടുന്നതുമാണ്.

*The Assembly adjourned at 4-30 p.m. to meet again at 11 a.m. on Wednesday, the 2nd April, 1952.*

V. KRISHNAMOORTHI,
*Secretary to the Legislative Assembly*

# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

**FIRST SESSION, 1952**

**Wednesday,** *the 2nd April 1952*

**Vol. V]** **OFFICIAL REPORT** **[No. 8**

The Assembly met again in the Legislative Chamber, Trivandrum, at Eleven of the Clock on Wednesday, the 2nd April 1952, with Mr. Speaker in the Chair.

## Starred Short Notice Question

### DISCHARGE OF TRIPPUNITHURA PALACE INFANTRY

* 3. **Shri Achutha Menon:** Will the Minister for Home be pleased to state:

(*a*) is it a fact that 200 sepoys of the Trippunithura Palace Infantry are being discharged from service from 1st April 1952;

(*b*) if so why are they being discharged;

(*c*) what are the longest and shortest periods of service of the infantry men being discharged;

(*d*) what compensation, gratuity or other payment is being made to the discharged persons;

(*e*) if no such thing is given why not; and

(*f*) what is the difficulty in employing them in other services without reducing their emoluments and other accrued service rights ?

**ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വറുഗീസ്):** (എ) ഇതു ശരിയല്ല. ൧൭൨ ആളുകൾ പിരിഞ്ഞുപോയിട്ടുണ്ടു്. അതു് അവരുടെ സ്വമനസ്സാലെ പിരിഞ്ഞിട്ടുള്ളതാണു്.

(ബി) ഒരു ചെറിയ ഇൻഫെൻട്രി സേനയായിട്ടു് ഇവിടെ ഇവരെ നിലനിർത്തിക്കൊണ്ടുപോകുന്നതിനു് അനുവാദം ഇല്ലാതിരുന്നതിനാൽ അവരെ പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു ലയിപ്പിക്കുന്നതിനേ നിവൃത്തിയുണ്ടായിരുന്നുള്ളു. മററു ഡിപ്പാർട്ടുമെൻറിലേക്കുള്ള പരീക്ഷായോഗ്യതകളോ മററു യോഗ്യതകളോ അവർക്കുണ്ടായിരുന്നില്ല. അവർക്കു് ഇഷ്ടമുണ്ടെങ്കിൽ പോലീസിൽ പ്രവേശിക്കുന്നതിനുള്ള അവസരം കൊടുത്തിട്ടുണ്ടു്. അങ്ങനെ കയറിയാൽ അവർക്കു് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിഫലത്തിൽ അല്പമെങ്കിലും കൂടുതൽ ലഭിക്കുന്നതാണു്. പെൻഷൻ സംബന്ധിച്ചും അവർക്കു കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കും.

(സി) മൂന്നുവർഷംമുതൽ ൨൭ വർഷംവരെ.

(ഡി) വിവരം കാണിക്കുന്ന സ്റ്റേറ്റുമെൻറു് ചെയർ അനുവദിക്കുന്നപക്ഷം വായിക്കാം.

കൊച്ചിൻപാലസ് സുബേദാർമേജരുടെ ശമ്പളം ൧൨൫ രൂപാ. അവർക്കു് പോലീസിൽ കിട്ടാവുന്നതും കൊടുക്കാവുന്നതുമായ ജോലി സംബ്

ഇൻസ്പെക്ടർ ഉദ്യോഗം മറ്റുണ്ട്. അതിന്റെ ശമ്പളം ൧൨൫ മുതൽ പ്രതി വർഷം ൫ രൂപാ വർദ്ധനവോടുകൂടി ൧൫൦ രൂപാവരെ. സുബേദാരുടെ ശമ്പളം ൩൦ രൂപാമുതൽ ൭൫ രൂപാവരെ. പോലീസിലായാൽ ൭൦ മുതൽ പ്രതിവർഷം ൫ രൂപാ വർദ്ധനവോടുകൂടി ൧൨൦ രൂപാവരെ.

ജമേദാരുടെ ശമ്പളം ൪൦ മുതൽ ൫൫ വരെ. പോലീസിലായാൽ ൬൦ + ൫ (൫൫ രൂപ.).

ഹവിൽദാരുടെ ശമ്പളം ൨൮ രൂപാ. പോലീസിലായാൽ ൪൦–൦, ൫൦–൦ രൂപാ.

നായിക്കിന്റെ ശമ്പളം ൨൭ രൂപാ. പോലീസിലായാൽ ൩൭ രൂപാ.

ശിപായിയുടെ ശമ്പളം ൨൨ രൂപാ. പോലീസിലായാൽ ൩൧+൩, ൨൭+൩, ൨൫+൩ രൂപാ.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ മൂന്നുരൂപാ എന്തൊന്നാണ്?

ശ്രീ. ടി. എം. വറുഗീസ്: അതു അലവൻസ് ആണ്.

(ഇ) മുകളിൽപറഞ്ഞ ഉത്തരത്തിൽനിന്ന് ഈ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) അവരെ പിരിക്കുന്നതിന് ഗവമ്മെൻറിൽനിന്നും അവരുടെ മേൽ യാതൊരു നിർബന്ധവും ചെലുത്തിയിട്ടില്ല.

കൂടാതെ മസ്റ്ററിംഗ്ഔട്ട് എന്നൊരു ഇടപാട് കൊച്ചിൻ ഇൻഫെൻട്രിയിൽ ഉണ്ടായിരുന്നില്ല. ൨൭ വർഷം സർവ്വചെയ്യാലെ പെൻഷന് അവകാശമുണ്ടായിരുന്നുള്ളു. മസ്റ്ററിംഗ്ഔട്ട് സർവീസ് അവർക്ക് അനുവദിച്ചിരിക്കുന്നതുകൊണ്ട് ൧൭ വർഷം സർവീസുള്ളവർക്ക് അവരുടെ സർവ്വീസു അനുസരിച്ചുള്ള പെൻഷന് അവകാശമുണ്ടായിരിക്കുന്നതാണ്. മസ്റ്ററിംഗ്ഔട്ട് സർവീസ് തിരുവിതാംകൂറിലെ ഇൻഫെൻട്രിക്ക് ഉണ്ടായിരുന്നു. ആ ആനുകൂല്യം ഇപ്പോൾ കൊച്ചിൻ ഇൻഫെൻട്രിക്കും അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾതന്നെ അവർക്ക് പിരിയണമെന്നു താല്പര്യമുള്ളപക്ഷം ൫ വർഷത്തെ സർവീസ് ദാനമായി കിട്ടും. അതായത് ൧൮ വർഷം സർവീസ് ഉണ്ടായിരുന്നാൽ ൫ വർഷംകൂടി കൊടുത്ത് പെൻഷൻ കൊടുക്കും. ഇങ്ങനെ സർവീസ് അനുസരിച്ച് പെൻഷൻകിട്ടുന്നതിനുള്ള വ്യവസ്ഥയാണു ചെയ്തിരിക്കുന്നതു്. പഴയ ൨൭ വർഷത്തിനുപകരം ൨൦ വർഷം സർവീസുണ്ടെങ്കിൽ അവർക്കു നേർപകുതി പെൻഷൻ കിട്ടുന്നതായിരിക്കും. ൧൫ വർഷമാണെങ്കിൽ മൂന്നിലൊന്നും, ൧൦ വർഷമാണെങ്കിൽ നാലിലൊന്നും പെൻഷൻ കിട്ടും. പിന്നീട് ൫ വർഷത്തിനുമുകളിൽ ൧൦ വർഷംവരെ സർവീസുള്ളവർക്ക് ൧൦ മാസത്തെ ശമ്പളം ഇനാമായി കിട്ടും. ൫ വർഷത്തിൽ കുറവുള്ള ആളുകൾക്ക് ൩ മാസത്തെ ശമ്പളം ഇനാമായി കിട്ടും.

ഹവിൽദാരന്മാർക്ക് ൧൮ വർഷം സർവീസുള്ളവർക്ക് ൬ രൂപായും ൧൮ വർഷം സർവീസുള്ള നായിക്കിന് ൭ രൂപായും, അതേ സർവീസുള്ള ശിപായിക്ക് ൫ രൂപായും പെൻഷൻകിട്ടും. ൧൩ വർഷമാണെങ്കിൽ ശിപായിക്ക് ൩ രൂപാകിട്ടും. ൧൮ വർഷത്തിൽ കുറവാണെങ്കിൽ ഓരോ കൊല്ലത്തേക്ക് സർവീസ് കണക്കാക്കി ഓരോ മാസത്തെ ശമ്പളംകിട്ടും. ഇങ്ങനെയുള്ള വ്യവസ്ഥകൾ മുമ്പ് പാലസ് ഇൻഫെൻട്രിയിൽ നടപ്പിലിരുന്നില്ല. നിവൃത്തിയുള്ളിടത്തോളം ദാക്ഷിണ്യമായ വ്യവസ്ഥയോ

ടുകൂടിയാണ് പിരിച്ചിട്ടുള്ളത്. മസ്റ്ററിങ്ങ് ഔട്ട് സർവീസ് അവർക്കുണ്ടായിരുന്നില്ലെങ്കിലും അതുകൂടി ചേർത്തുള്ള ആനുകൂല്യങ്ങൾ കിട്ടത്തക്കവണ്ണമുള്ള ഏർപ്പാടാണ് ചെയ്തിരിക്കുന്നത്. ഈ ൧൬൨ പേരും പോലീസിൽ കയറുന്നില്ലെന്നുപറഞ്ഞു സമ്മതത്തോടുകൂടി പിരിഞ്ഞുപോയിട്ടുള്ളവരാണ്. ഉദ്യോഗത്തിൽകയറി അഞ്ചോ പത്തോ വർഷം സർവീസിൽ ഇരുന്നിട്ട് അന്നു കിട്ടുന്ന പെൻഷൻ വാങ്ങുന്നതിനേക്കാൾ നല്ലത് ഇപ്പോൾ കിട്ടാവുന്ന പെൻഷനോ ഗ്രാററ്വിററിയോ വാങ്ങുന്നതായിരിക്കുമെന്ന് അവർ കരുതി. അങ്ങനെയിരിക്കെ പരീക്ഷണാർത്ഥം കൂടുതലാനുകൂല്യം കിട്ടുകയില്ലേ എന്നു നോക്കണമെന്നു കരുതി അവർ ഇപ്പോൾ അതൃപ്തി പ്രദർശിപ്പിക്കുകയല്ലേ എന്നു സംശയിപ്പാൻ ന്യായമുണ്ട്. എന്നാൽ പെൻഷൻ നിയമപ്രകാരം കൊടുക്കേണ്ട തുകയാണ്. അതു കൂട്ടുകയും കുറക്കുകയും ചെയ്യാൻ സാദ്ധ്യമല്ല. ലീവ്, അലവൻസ് എന്നിങ്ങനെയുള്ള കാര്യങ്ങളിൽ കൂടുതൽ ദാക്ഷിണ്യം കാണിക്കേണ്ടതാണെന്ന് സഭ അഭിപ്രായപ്പെടുകയും ഗവമ്മെൻറിന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നപക്ഷം അതു ചെയ്യാൻ *ഗവമ്മെൻറ തയ്യാറാണ്*. ഇത്രകാലം ഇൻഫെൻട്രിയെ സേവിച്ച് അവർ പിരിയുന്നത് അവരുടെ നിർബന്ധപ്രകാരവും താല്പര്യപ്രകാരവുമാണെങ്കിലും അതൃപ്തിയോടുകൂടി പിരിയുന്നത് അത്ര ആശാസ്യമല്ലാത്തതിനാൽ എന്തെങ്കിലും കൂടുതൽ ദാക്ഷിണ്യം കാണിക്കാം. പെൻഷനിൽ കൂടുതൽ കുറവുചെയ്യാൻ നിവൃത്തിയില്ല.

<u>ശ്രീ. അച്യുതമേനോൻ:</u> ഈ ആളുകളെ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ അബ്സാർബ് ചെയ്യുകയാണോ അതല്ല അവരിൽനിന്നു ആളുകളെ പോലീസ് ഡിപ്പാർട്ടുമെണ്ടിലേക്കു സെലക്ട്ചെയ്യുകയാണോ ഗവമ്മെൻറ ചെയ്തിരിക്കുന്നത്?

<u>ശ്രീ. ടി. എം. വറുഗീസ്:</u> എൻെറ അന്വേഷണത്തിൽ എല്ലാവർക്കുംതന്നെ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ പ്രവേശിക്കുന്നതിനുള്ള അവകാശമുണ്ടെന്നാണ് അറിയുന്നത് ഉടൻതന്നെ എല്ലാവരേയും പ്രവേശിപ്പിക്കുന്നതിന് സാദ്ധ്യമല്ലാതെ വന്നേക്കാം. ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ ആളുകളുടെ യോഗ്യതനോക്കാൻ ഗവമ്മെൻറിന് അവകാശമുണ്ടെങ്കിലും കുറെക്കാലം സർവുചെയ്തു ഇൻഫെൻട്രിക്കാരെ എടുക്കുന്നത് ദാക്ഷിണ്യത്തോടുകൂടിയാണ്; അല്ലാതെ സെലക്ട്ചെയ്യുകയാണെന്ന് എനിക്കു തോന്നുന്നില്ല.

<u>ശ്രീ. അച്യുതമേനോൻ:</u> പട്ടാളക്കാരുടേയും പോലീസുകാരുടേയും ശമ്പളമെസ്സേയിൽ ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി. പട്ടാളക്കാർക്കു കൊടുത്ത ശമ്പളം പറഞ്ഞത് അവരുടെ റേഷൻ അലവൻസും മററുള്ള അലവൻസും ഉൾപ്പെടെയാണോ?

<u>ശ്രീ. ടി. എം. വറുഗീസ്:</u> കൊച്ചിൻ ഇൻഫെൻട്രിക്കു റേഷൻ അലവൻസ് മുമ്പുണ്ടായിരുന്നില്ല. അന്നു ഇല്ലാതിരിക്കുന്നതായ അലവൻസ് ഇപ്പോഴും കൊടുത്തുവരുന്നില്ല.

<u>ശ്രീ. ടി. കെ. ദിവാകരൻ:</u> ഈ ആളുകൾ ഇൻഡ്യൻ സ്റ്റേറഫോഴ്സിലേക്കു ചേർത്ത ആളുകളാണോ?

<u>ശ്രീ. ടി. എം. വറുഗീസ്:</u> അല്ല. അവരെ ചേർത്തിട്ടില്ല.

ശ്രീ ടി. കെ. ദിവാകരൻ: എന്തുകൊണ്ടാണ ചേക്കാതിരുന്നതെന്ന പറയാമോ?

ശ്രീ. ടി. എം. വറഗീസ്: അതിന്ന ഞാൻ ഉത്തരം പറയണമെങ്കിൽ ഇൻഡ്യൻ സ്റ്റേറവഫോഴ്സിലേക്ക ആളുകളെ സെലക്ട്ചെയ്ത ആളുകളിൽ നിന്നും അതിനുള്ള കാരണം അറിയുന്നതിനുള്ള അവകാശം എനിക്കണ്ടായിരിക്കണം. എനിക്ക തോന്നുന്നത് അവർ ഇവിടെ വന്ന് പരിശോധിച്ചുനോക്കി അൺഫിററല്ലെന്ന കണ്ടവരെ എടുത്തിരിക്കമെന്നാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഡ്യാഗവമ്മെൻറ പിരിച്ചുവിട്ടതു സ്റ്റേററ്ഫോഴ്സിൽ ചേക്കാൻ കൊള്ളരുതാത്തവരാണെന്നാണോ ബഹുമാനപ്പെട്ട മന്ത്രി ധരിച്ചിരിക്കുന്നത്?

ശ്രീ. ടി. എം. വറഗീസ്: അവർ ഉദ്ദേശിച്ചിരിക്കുന്ന സവ്വീസിൽ എടുക്കുന്നതിന്ന തക്കതായ യോഗ്യത അവക്ക് കണ്ടില്ല എന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഡ്യൻ സ്റ്റേററഫോഴ്സിലേക്ക എല്ലാവരേയും എടുക്കാതിരുന്നതിന്റെ കാരണം ഈ ഗവമ്മെൻറിൽനിന്നും ഇൻഡ്യാഗവമ്മെൻറിനോട കാര്യമായി ശുപാർശകൾ നടത്താതിരുന്നതുകൊണ്ടല്ലേ?

ശ്രീ. ടി. എം. വറഗീസ്: ഇതൊരു തെററിദ്ധാരണമൂലമാണ പറയുന്നത്. ഇതേ സംബന്ധിച്ച് ഒരു വിശദീകരണം നൽകുന്നതിന്ന ഈ സന്ദഭം ഉപയോഗപ്പെടുത്തണമെന്ന വിചാരിക്കുന്നു. ഇവിടെനിന്നും റഗുലർ സ്റ്റേററഫോഴ്സിലേക്ക എടുത്തിട്ടുള്ളവക്കും എടുക്കാതിരുന്നവക്കും അന്ന വരിക്കാവുന്ന ആനുകൂല്യങ്ങൾ ഗവമ്മെൻറ് അനുവദിച്ചു കൊടുത്തിട്ടുണ്ട്. അവരെ എല്ലാവരേയുംതന്നെ റെഗുലർഫോഴ്സിലേക്ക എടുക്കണമെന്നും അല്ലാത്തവക്ക കഴിവുള്ള എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നും അന്നിരുന്ന ഗവമ്മെൻറ് വളരെ ശക്തിയുക്തം വാദം നടത്തിയിട്ടുള്ളതാണ്. ഈ ഗവമ്മെൻറ് ഇൻഡ്യാഗവമ്മെൻറമായി വാദം നടത്തിയില്ല എന്ന പറയുന്നതും ശരിയല്ല.

ശ്രീ. ടി. കെ. ദിവാകരൻ: തിരുവിതാംകൂർ പാലസ് ഗാർഡിൽ നിന്നും എഴപത്തിയഞ്ചുപേരെ പിരിച്ചുവിട്ടതായി അറിയാമോ?

ശ്രീ. ടി. എം. വറഗീസ്: പാലസ് ഗാർഡിൽ മസ്റ്ററിംഗ് ഔട്ട് ഫോഴ്സസ് ഇന്നലെമുതൽ നടപ്പിൽ വന്നിട്ടുണ്ട്. അതനുസരിച്ചു പോലീസിൽ ചേരുന്നതിന്ന വിസമ്മതിച്ചിട്ടുള്ളവരെ പിരിച്ചുവിട്ടിട്ടുണ്ടായിരിക്കും.

ശ്രീ. ടി. കെ. ദിവാകരൻ: തിരുവിതാംകൂർ പാലസ്ഗാർഡിലുണ്ടായിരുന്നവർ റഗുലർഫോഴ്സിൽ ഉൾപ്പെട്ടിരുന്നവരാണോ?

ശ്രീ. ടി. എം വറഗീസ്: റെഗുലർ ഫോഴ്സിൽ ഉൾപ്പെട്ടവരല്ല.

ശ്രീ. ടി. കെ. ദിവാകരൻ: പലരും ഉൾപ്പെട്ടിട്ടുണ്ടെന്നറിയാമോ?

ശ്രീ. ടി. എം. വറഗീസ്: അതിൽ പലരും ഉൾപ്പെട്ടിട്ടുണ്ടായിരിക്കും. എന്നാൽ അവർ റെഗുലർഫോഴ്സിൽനിന്നും മസ്റ്ററിംഗ് ഔട്ട് ചെയ്യവരും മററ നിയമനവ്യവസ്ഥകൾക്ക വിധേയരായവരുമാണ്. അങ്ങനെ മുമ്പുദ്യോഗത്തിലുണ്ടായിരുന്നവരും വിധേയരാണ്.

ശ്രീ. ടി. കെ. ദിവാകരൻ: മുമ്പും പാലസ്ഗാർഡ് പ്രത്യേകമുണ്ടായിരുന്നോ?

ശ്രീ. ടി. എം. വറഗീസ്: കൊച്ചിയിൽ ഉണ്ടായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴും പാലസ്ഗാർഡിൽ ഉണ്ടായിരുന്നവരുടെ ശമ്പളം, സർവ്വീസ് മുതലായ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. ടി. എം. വറഗീസ്: അവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതും കഴിവുള്ള എല്ലാ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നതുമായിരിക്കും. ഓരോ ഗ്രേഡിലിരിക്കുന്നവക്കും അവരർഹിക്കുന്ന ഉദ്യോഗങ്ങൾതന്നെ പോലീസിലും ലഭിക്കുന്നതായിരിക്കും. അതായതു് സബ്ബ്ഇൻസ്പെക്ടറന്മാർ മുതൽ മേല്പോട്ടുള്ള ഉദ്യോഗങ്ങളും കൊടുക്കുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഡ്യൻഫോഴ്സസിലേയ്ക്കു എടുക്കാത്ത ആളുകളെ പിരിച്ചുവിടുന്നതിനു എത്രമാസത്തെ നോട്ടീസ് കൊടുത്തു?

ശ്രീ. ടി. എം. വറഗീസ്: ഇതു് പാലസ് ഗാർഡിനെപ്പററിയുള്ള ചോദ്യമാണു്. ആ ചോദ്യത്തിനുത്തരമാവശ്യമാണെന്നുള്ള പക്ഷം അതേപ്പററി അന്വേഷിച്ചുത്തരം പറയാവുന്നതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇതു പ്രത്യേകമായി നില നിറുത്താനുള്ള കാരണമെന്താണു്?

ശ്രീ. ടി. എം. വറഗീസ്: പൊതുവെ തിരുവിതാംകൂർ പാലസ് ഗാർഡിനെപ്പററിയുള്ള ചോദ്യമാണു് മെമ്പർ ചോദിക്കുന്നതു്. എന്നാൽ കൊച്ചിയിൽ പാലസ് ഗാർഡിൽപ്പെട്ടവരായ ഇരുനൂറു പേരെ പിരിച്ചുവിട്ട കാര്യമാണു് ഇവിടെ ചോദ്യവിഷയമായിരിക്കുന്നതു്. അല്ലാതെ പാലസ്ഗാർഡിലെ റെഗുലർഫോഴ്സിനെപ്പററിയും മററുമുള്ള ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: കൊച്ചിൻ പാലസ് ഇൻഫെൻട്രി കൊച്ചിരാജാവിന്റെ രക്ഷയ്ക്കു ആവശ്യമില്ല എന്നു ഈ ഗവമെൻറിനെ അറിയിച്ചിട്ടുണ്ടോ? ഈ ഇരുനൂറു പേരേയും അദ്ദേഹത്തിന്റെ രക്ഷയ്ക്കാവശ്യമില്ലെന്നു വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വറഗീസ്: അങ്ങനെ ഒന്നുമില്ല. അദ്ദേഹവുമായി യാതൊരു എഴുത്തുകുത്തുമില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഈ പാലസ് ഗാർഡ് കൊട്ടാരങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതല്ലേ? അപ്പോൾ ഈ ഇരുനൂറു പേരെ പിരിച്ചുവിട്ടതിനുപകരം വേറെ കുറെ ആളുകളെ നിയമിക്കേണ്ടയാവശ്യമില്ലേ?

ശ്രീ. ടി. എം. വറഗീസ്: ഉണ്ടു്.

ശ്രീ. ആർ. കേശവപിള്ള: ഈ പിരിച്ചുവിട്ടവരെ വേറെ ഡിപ്പാർട്ട്മെൻറുകളിൽ എടുക്കരുതോ?

ശ്രീ. ടി. എം. വറഗീസ്: മററ ഡിപ്പാർട്ടുമെൻറുകളിലും യോഗ്യതയുണ്ടെങ്കിൽ എടുക്കാവുന്നതാണു്. അവക്കുള്ള യോഗ്യതകളനുസരിച്ച് അതേപ്പററി ആലോചിക്കാം. ഉള്ള യോഗ്യതയും പരിശീലനവും അനുസരിച്ചുനോക്കിയാൽ അവരെ പോലീസുഡിപ്പാർട്ടുമെൻറിൽ എടുക്കുകയാണെങ്കിൽ അതു നാട്ടുകാർക്കും ഗവമെൻറിനും അവക്കും സൗകര്യമായിരിക്കും.

ശ്രീ. ആർ. കേശവപിള്ള: അവരെ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ എടുക്കരുതോ?

ശ്രീ. ടി. എം. വറുഗീസ്: അതാണു ഞാൻ മുമ്പു പറഞ്ഞതു്. അവർക്കു ഇതുവരെ ഉണ്ടായിരുന്ന പരിശീലനവും മററുള്ള യോഗ്യതകളും പരിഗണിച്ചാൽ പോലീസിലായാൽ അതു ഗവർമ്മെൻറിനും പൊതുജനങ്ങൾക്കും ഉപയോഗപ്രദമായിരിക്കും,

ശ്രീ. സി. അച്ചുതമേനോൻ: പോലീസിലേയും പട്ടാളത്തിലേയും ശമ്പളക്കാര്യങ്ങൾ ഇവിടെ താരതമ്യപ്പെടുത്തുകയുണ്ടായി. ഒരു സുബേദാർമേജർക്കു ൧൨൫ രൂപായും ഒരു സബ്ബ് ഇൻസ്പെക്ടർക്കു ൧൨൫ മുതൽ ൧൫൦ രൂപാ വരേയും എന്നു പറഞ്ഞു. അപ്പോൾ ഒരു സുബേദാർമേജരെ ഒരു സബ്ബ് ഇൻസ്പെക്ടറായി നിയമിക്കുമോ?

ശ്രീ. ടി. എം. വറുഗീസ്: സാധാരണനിലയിൽ ഒരു ഉദ്യോഗസ്ഥനെ ഒരിടത്തുനിന്നും മറെറാരു ഡിപ്പാർട്ടുമെൻറിലേക്കു മാററുമ്പോൾ അയാൾ വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തിൽ കുറഞ്ഞു നിയമിക്കാൻ പാടില്ല. അതിനു നിയമംതന്നെയുണ്ടു്. അങ്ങനെ ചെയ്താൽ കേസ് കൊടുത്തു അതു വാങ്ങിക്കാൻ സാധിക്കുന്നതാണു്.

**Mr. Speaker:** Has not the question been sufficiently discussed?

ശ്രീ. ടി. കെ. ദിവാകരൻ: റെഗുലർ സർവീസിൽനിന്നും പിരിച്ചുവിട്ടവർക്കു ലഭിച്ചിട്ടുള്ള സൌകര്യങ്ങൾ ഇവർക്കും കൊടുക്കുമോ?

ശ്രീ. ടി. എം. വറുഗീസ്: മസ്റ്ററിംഗ് ഔട്ട് സർവീസനുസരിച്ച് പിരിച്ചുവിട്ടിട്ടുള്ളവർക്കു ലഭിച്ചിട്ടുള്ള സൗകര്യങ്ങളിൽ ഇവിടെ ഒന്നും കുറവല്ല അനുവദിക്കുന്നതു്. പക്ഷെ പെൻഷൻെറ കാര്യത്തിൽ ഗവർമ്മെൻറിനൊന്നും ചെയ്യാൻ നിവൃത്തിയില്ല. അവർക്കു ലഭിക്കാവുന്ന ആനുകൂല്യങ്ങൾ എല്ലാം കൊടുക്കുന്നതാണു്.

## Unstarred Short Notice Question

### SUPPLY OF RADIO SETS

**4. Shri P. S. Nataraja Pillai:** Will the hon. Minister for Panchayats be pleased to state :—

(*a*) whether the Director of Panchayats invited quotations for radio sets on 28th March 1952 to reach his office before 12 noon on 29th March 1952;

(*b*) whether the quotation was for the supply of forty-eight sets on or before 31st March 1952;

(*c*) how many quotations were received and the names of persons from whom the quotations were received and the rates quoted by each;

(*d*) whether the sets were supplied on 31st March 1952 and payment made;

(*e*) total cost of the 48 sets to be supplied;

(*f*) the date on which Government sanctioned the purchase of 48 radio sets for the Panchayat Department and the date on which it was communicated to the Director of Panchayats?

**Answer**

(*a*) Yes.
(*b*) Yes.

(c) 9.

| *Name of persons* | *Rate quoted* Rs. |
|---|---|
| (1) Wireless House, Trivandrum | 440— 0—0 |
| (2) Nataraja & Sons ,, | 462— 8—0 |
| (3) Jacobs Radios | 450— 0—0 |
| (4) Marikar Motors | 420—12—0 |
| (5) Abraham Maret & Sons | 435—12—0 |
| (6) Varma Radio, Trichur | 383—10—0 |
| (7) Premier Radio Service, Trivandrum | 337— 8—0 |
| (8) Radio Electric Co., Ernakulam | 420—12—0 |
| (9) Broadcasting & Radio Co., Trivandrum | 345— 0—0 |

(*d*) Being supplied.

(*e*) Rs. 21,564—15—6.

(*f*) Sanction was accorded on 27th March 1952 and the same was communicated to the Director on the same day.

## THE PUBLIC SAFETY MEASURES ACT (AMENDMENT) BILL

**Mr. Speaker:** We will continue the discussion on the Public Safety Measures Act (Amendment) Bill. Has the Minister concerned anything further to say?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon) :** I have nothing to add.

ശ്രീ. ടി. വി. തോമസ്: ഇതേപ്പററി ആവശ്യമായ ഡിസ്കഷൻ നടന്നതുകൊണ്ടു ഞാൻ ഒരു ക്ലോഷർമോഷൻ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: മദ്രാസിലുള്ള ആക്ട് അസാധുവാണെന്ന് സുപ്രീംകോടതി വിധിച്ചിട്ടുള്ളതായി ഈ സഭയിൽ പറയുകയുണ്ടായി. അങ്ങനെയിരിക്കുന്ന സന്ദർഭത്തിൽ ഈ ബില്ലിൻെറ ചർച്ച മാററിവയ്ക്കുന്നതു നന്നായിരിക്കുമെന്നു എനിക്കഭിപ്രായമുണ്ട്. അതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. എം. വറുഗീസ്. പത്രറിപ്പോർട്ടിൽനിന്നും കാണുന്നതനുസരിച്ച് സെക്ഷൻ ൨ നം-ൻെറ വ്യാപ്തിയും വ്യാഖ്യാനവും സുപ്രീം കോടതിയുടെ പരിഗണനയ്ക്കും തീരുമാനത്തിനും വിധേയമാകുന്നതാണ്. ഈ നിയമത്തെ സംബന്ധിച്ച് കോടതിവിധികൾ വഴി വെളിപ്പെട്ടിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമെന്നു കണ്ട ഭേദഗതികൾ ഉൾക്കൊള്ളിച്ചാണു ഈ ബിൽ ഹാജരാക്കിയിരിക്കുന്നതു്. എന്നാൽ സുപ്രീം കോടതിയിൽനിന്നും അതിനുശേഷം ഉണ്ടായ തീരുമാനത്തിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും ഹാജരാക്കിയിരിക്കുന്ന ഭേദഗതികളിൽ വേണ്ടതുപോലെ ഉൾക്കൊണ്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനു സാവകാശവും സന്ദർഭവും ഉണ്ടായിട്ടില്ല. അതിനാൽ ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെട്ടതുപോലെ ഈ ബില്ലിനെ സംബന്ധിച്ച് ബാക്കി ചർച്ചകൾ വേറൊരവസരത്തിലേക്കു മാററിവയ്ക്കുന്നതു നന്നായിരിക്കും.

**Mr. Speaker:** The position is that Government do not propose to proceed with the Bill at present.

**Shri P. S. Nataraja Pillai:** How will the Ordinance stand?

**Shri T. M. Varghese:** The hon. Member knows that the Ordinance cannot stand after some sime.

**Mr. Speaker:** Further discussion on this Bill will stand adjourned and we will proceed with the discussion on the City Municiapl Act (Amendment) Bill.

## The Trivandrum City Municipal Act (Amendment) Bill

*Minister for Local Self-Government* **(Shri K. Kochukuttan):** Sir, I move that the Trivandrum City Municipal Act (Amendment) Bill be taken into consideration.

*Minisier for Finance and Civil Supplies* **(Shri Panampilli Govinda Menon):** I second it.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, കൊല്ലവർഷത്തിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് തയ്യാറാക്കാനാണ് തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ടിൽ പ്രൊവിഷൻ ഉണ്ടായിരുന്നത്. ഏപ്രിൽ ഒന്നാം തീയതി മുതൽക്കുള്ള സാമ്പത്തികവർഷത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ബഡ്ജറ്റ് തയ്യാറാക്കാൻ തീരുമാനിച്ചതോടുകൂടി കാർപ്പറേഷന്റെ ബഡ്ജറ്റ് തയ്യാറാക്കുന്നതിലും അതുപോലുള്ള തീരുമാനം വരുത്തേണ്ടതായിരുന്നു. അതനുസരിച്ച് തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ടിൽ ചില ഭേദഗതികൾ വരുത്തേണ്ടതായി വന്നുചേർന്നു. ൧൧൨൦-ൽ പാസാക്കിയ ലോക്കൽ അതോറിട്ടീസ് ആക്ടിലെ ൪-ാം പ്രൊവിഷനിൽ ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് ഒരുത്തരവു കൊണ്ട് ആ മാറ്റം വരുത്തുകയുണ്ടായി. അങ്ങനെ തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ടിൽ സാമ്പത്തിക വർഷത്തെ സംബന്ധിച്ചിടത്തോളം മാറ്റം വരുത്തുന്നതോടുകൂടി കാർപ്പറേഷൻ മേയറുടെ തെരഞ്ഞെടുപ്പു തീയതിയിലും കൗൺസിലറന്മാരുടെ കാലാവധി ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന തീയതികളിലും മാറ്റം വരുത്തേണ്ടതായി വന്നു. അത് ഒരു ഗവൺമെന്റ് ആർഡർകൊണ്ട് വരുത്തുവാൻ കഴിവുള്ളതല്ല. അതിനാൽ കഴിഞ്ഞ ഡിസംബർ ൧൦-ാം തീയതി രാജപ്രമുഖൻ ഒരു ആർഡിനൻസ് പുറപ്പെടുവിച്ച് ഇക്കാര്യം നിർവ്വഹിക്കുകയുണ്ടായി. അങ്ങിനെ തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ട് ൨൯-ം ൭൦-ം വ്യവസ്ഥകളിൽ മാറ്റംവരുത്തി. ഈ ബിൽ ആ ആർഡിനൻസിന്റെ സ്ഥാനത്തു ഒരാക്ട് ഉണ്ടാക്കുന്നതിനുവേണ്ടിമാത്രം കൊണ്ടുവന്നിട്ടുള്ളതാണ്. വിശേഷവിധിയായിട്ടൊന്നുംതന്നെയില്ല. അതിനാൽ ഈ ബിൽ പാസാക്കിത്തരണമെന്നു ഈ സഭയോട് വിനീതമായി അപേക്ഷിക്കുന്നു.

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ): ഞാൻ പിൻതാങ്ങുന്നു.

*The question that clauses 1 to 4 stand part of the Bill, was put and carried.*

*The clauses were added to the Bill.*

*The question that the preamble stand part of the Bill was put and carried.*

*The preamble was added to the Bill.*

*The question that the title stand part of the Bill was put and carried.*

*The title was added to the Bill.*

**Shri K. Kochukuttan:** I move that the Bill be passed.

*Chief Minister* **(Shri A. J. John):** I second it.

*The question that the Bill be passed was put and carried.*

*The Bill was passed.*

## Adjournment Motion regarding Arrest of Coir workers

<u>ശ്രീ. ടി. വി. തോമസ്:</u> സർ, അടിയന്തിരപ്രമേയം നാലുമണിക്കാണല്ലൊ എടുക്കുവാൻ വച്ചിരിക്കുന്നതു്. അതു് ഈ സന്ദർഭത്തിൽ എടുത്താൽകൊള്ളാം.

**Mr. Speaker:** Yes; I just wanted to suggest to the Members that, if the House is agreeable, we could now take up the adjournment motion for discussion. But we could have only two hours for discussing it. At the end of two hours from now, the discussion will automatically come to a close. Is the House agreeable to take up the discussion of the adjournment motion now ?

*(The House signified its assent.)*

**Mr. Speaker:** I call upon the hon. Member, Mr. M. N. Govindan Nair, to move his adjournment motion?

<u>ശ്രീ. എം. എൻ. ഗോവിന്ദൻ നായർ:</u> സർ, ഞാൻ അവതരിപ്പിക്കുന്ന അടിയന്തിരപ്രമേയം ഇതാണു്.

'കായംകുളത്തു നടന്നുവരുന്ന പച്ചത്തൊണ്ടു തൊഴിലാളിസമരം സംബന്ധിച്ചു ഇന്നലെ (൩൧—൩—൧൯൫൭) അൻപതു ട്രെയിഡ് യൂണിയൻ പ്രവർത്തകരെ അറസ്റ്റ്ചെയ്തുകനിമിത്തവും അവിടത്തെ മുതലാളിമാരുടെ പ്രത്യേക താല്പര്യമനുസരിച്ചു ൧൫ ദിവസത്തേക്ക പൊതുയോഗങ്ങൾ നിരോധിച്ചുകൊണ്ടുള്ള കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ നിരോധനയുത്തരവുമൂലവും ഉണ്ടായിട്ടുള്ള അടിയന്തിര പരിതഃസ്ഥിതികളെപ്പറ്റി ചർച്ചചെയ്യുന്നതിനു് സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെടുന്നു.'

**Shri Panampilli Govinda Menon :** I wish to raise a point of order on certain matters contained in this motion. Now, this statement is: "അവിടുത്തെ മുതലാളിമാരുടെ പ്രത്യേക താല്പര്യമനുസരിച്ചു് ൧൫ ദിവസത്തേക്കു് പൊതുയോഗങ്ങൾ നിരോധിച്ചുകൊണ്ടുള്ള കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ നിരോധനയുത്തരവുമൂലം ഉണ്ടായിട്ടുള്ള" I take objection to that statement. The District Magistrate issues a prohibitory order under a certain provision in the Criminal Procedure Code, and it is well understood and accepted that that is a judicial order. That is an order from which an appeal lies to the High Court and persons affected can move the District Magistrate himself to review that order. That being so, it is improper and the mover must not be allowed to say that the District Magistrate issued an order in order to favour a certain person. The order may be wrong or the order may be right, but that is a different matter. To say that a judicial officer of the State issued an order in order to favour a certain person or a certain group of persons is unparliamentary. It is defamatory. It is a contempt of court. And, therefore, I submit that that passage should not be there in the adjournment motion.

**Mr. Speaker:** There is some force in the point of order raised by the hon. Minister for Law. Anyhow, the general trend of the adjournment motion may be taken into consideration. I understand that the mover wants to discuss the situation that has arisen at Kayamkulam on account of the arrest of a few union workers and the situation that has arisen on account of the promulgation of this prohibitory order at Kayamkulam and the

[Mr. Speaker]

consequences that may happen hereafter. The hon. Mover may confine his attention to these aspects. It must be possible for him to discuss this adjournment motion without reference to the illegality or otherwise of the order promulgated by the District Magistrate, Quilon.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: കായംകുളത്തുള്ള പച്ചത്തൊണ്ടു തൊഴിലാളികൾ, നാവികതൊഴിലാളികൾ, വത്തകതൊഴിലാളികൾ എന്നീ മൂന്നു വിഭാഗത്തിൽപെട്ട തൊഴിലാളികൾക്കു ന്യായമായി കിട്ടേണ്ട ബോണസ് ആവശ്യപ്പെടുകയും അതിലേക്ക് അവരാൽ കഴിവുള്ള ന്യായമായ എല്ലാ ശ്രമങ്ങളും നടത്തുകയും ചെയ്തിട്ടുണ്ടു്. തൊഴിലാളികൾക്കു ബോണസിനു് അവകാശമുണ്ടെന്നുള്ള തത്വം ഈ രാജ്യത്തു പൊതുവെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുള്ളതാണു്. അവർ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ ഏററവും ന്യായമാണെന്നു അവിടത്തെ ലേബർ അസി. കമ്മീഷണർക്കുതന്നെ ബോദ്ധ്യപ്പെട്ടതിൻെറ ഫലമായി ബോണസ് കൊടുക്കുന്നതിനു് ഇതിലേർപ്പെട്ടിരിക്കുന്ന മുതലാളിമാരോടു് അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടു്. എന്നാൽ വേണ്ടത്ര സംഘടനയും ശക്തിയും തൊഴിലാളികൾക്കു ഇല്ലെന്നുള്ള ധാരണയിൽ ലേബർ കമ്മീഷണരുടെ നിർദ്ദേശത്തെപോലും വിഗണിക്കുന്നതിനാണു് അവിടത്തെ മുതലാളിമാർ മുതിർന്നതു്. അങ്ങനെയാണു് അവിടെ സത്യാഗ്രഹം ആരംഭിക്കുന്നതിനു് തൊഴിലാളികൾ നിർബ്ബന്ധിതരായതു്. ഇങ്ങനെ ന്യായമായ തങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടി ഒരു സമരത്തിലേക്കു ഇറങ്ങുവാൻ തൊഴിലാളികൾ നിർബ്ബന്ധിതരായിത്തീർന്ന ആ സന്ദർഭത്തിൽ, മുതലാളിമാരാകട്ടെ ഇവിടെ വന്നു ചില മന്ത്രിമാരേയും മററുദ്യോഗസ്ഥന്മാരേയും കണ്ടു് കാര്യങ്ങൾ തെററിദ്ധരിപ്പിച്ചു ഒടുവിൽ ഐ. ജി. തന്നെ സ്ഥലത്തു പോകുകയും ചെയ്തു. ഐ. ജി. യുടെ സാന്നിദ്ധ്യത്തിലാണു് അവിടേയുള്ള തൊഴിലാളികളെ അറസ്ററുചെയ്തതെന്നാണു ഞങ്ങൾക്കറിയാൻ കഴിഞ്ഞതു്. ഇന്നു അവിടെനിന്നും കിട്ടിയ ഒരു കമ്പി ഞാൻ വായിക്കാം.

"AT THE INSTANCE OF MINISTER VARGHESE'S BROTHER A MERCHANT HERE ORDER WAS ISSUED UNDER SECTION 144, NO FORCE FROM LABOURERS ON 29TH ASSISTANT LABOUR COMMISSIONER ADVISED TO PAY THE BONUS MERCHANTS REFUSED THUNDATHIL KUNJUKRISHNA PILLAI KAYANKULAM".

ഈ തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള അവിടത്തെ വത്തകതൊഴിലാളി യൂണിയൻ പ്രവത്തകനാണെന്നാണു് ഞാൻ അറിഞ്ഞതു്. ഈ തൊഴിലാളികൾക്കു ന്യായമായി കിട്ടേണ്ട അവകാശം ൧൧൨൭-ൽ തന്നെ എല്ലാ മുതലാളിമാരും പൊതുവെ അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളതാണു്. എന്നാൽ ഇപ്പോൾ മുതലാളിമാരുടെ നിരസനംമൂലം ഒരു സമരത്തിലേക്കു ഇറങ്ങുവാൻ തൊഴിലാളികൾ തീരുമാനിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ ഗവമ്മെൻറ് തൊഴിലാളികളുടെ ഭാഗത്തു നിന്നുകൊണ്ടു് മുതലാളിമാരെക്കൊണ്ടു് ബോണസ് കൊടുപ്പിക്കുന്നതിനു് ശ്രമിക്കുക എന്നുള്ളതാണു് ന്യായമായി ചെയ്യേണ്ടതു്. അതിനുപകരം പോലീസിനെ അയച്ചു തൊഴിലാളികളെ ഉപദ്രവിക്കുകയാണു് ചെയ്തതു്.

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): കായംകുളത്തെ തൊഴിലാളികൾ ഉന്നയിച്ചിരിക്കുന്ന അവകാശങ്ങളുടെ സ്വഭാവം എന്താണു്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: [illegible]-ൽ ഒരു ത്രികക്ഷി സമ്മേളനം ഇവിടെവച്ചു നടന്നു. സംഘടിത തൊഴിലാളികളുടെ പ്രതിനിധികളും, സംഘടിത മുതലാളിമാരുടെ പ്രതിനിധികളും ഗവൺമെന്റിന്റെ പ്രതിനിധികളും അതിൽ പങ്കുകൊണ്ടു. ആ യോഗത്തിൽവച്ച് തൊഴിലാളികൾക്കു ബോണസിന് അവകാശമുണ്ടോ ഇല്ലയോ എന്നുള്ള പ്രശ്നത്തെപ്പററി വാദപ്രതിവാദം നടത്തുകയും കുറഞ്ഞതു നാലുശതമാനം ബോണസെങ്കിലും എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും കൊടുക്കേണ്ടതാണെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആ തീരുമാനം അനുസരിച്ചു കയർഫാക്ടറി തൊഴിലാളികൾ, കശുവണ്ടിഫാക്ടറി തൊഴിലാളികൾ എന്നുവേണ്ടാ, ഈ രാജ്യത്തെ മിക്കതൊഴിലാളികൾക്കും ബോണസ് കിട്ടിവരുന്നുണ്ട്. എന്നാൽ തൊഴിലാളി സംഘടനകൾ ആദ്യമായി തുടങ്ങുന്ന സ്ഥലങ്ങളിലൊ, അല്ലെങ്കിൽ തൊഴിലാളികൾ സംഘടിതരല്ലാത്ത സ്ഥലങ്ങളിലൊ ഉള്ള മുതലാളിമാർ പ്രായേണ ബോണസ് കൊടുക്കാതിരിക്കുന്നുണ്ട്. ഇങ്ങനെ ഈ രാജ്യത്തുള്ള തൊഴിലാളികളും മുതലാളികളുംകൂടി ഇവിടത്തെ എല്ലാ തൊഴിലാളികൾക്കും ബോണസിന് അവകാശമുണ്ടെന്നു അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടും തങ്ങൾക്കു ബോണസ് ലഭിക്കുന്നില്ലെന്നുള്ള കാരണത്തിന്മേലാണ്, ആ അവകാശസംരക്ഷണത്തിനുവേണ്ടിയാണ് കായംകുളത്തുള്ള തൊഴിലാളികൾ സത്യാഗ്രഹസമരം നടത്തുന്നത്. പച്ചത്തൊണ്ട് തൊഴിലാളികൾ കൂലി കൂടുതലിനുവേണ്ടിയും വത്തകതൊഴിലാളികൾ ബോണസിനുവേണ്ടിയും, നാവികതൊഴിലാളികൾ ഇവയ്ക്ക് രണ്ടിനുവേണ്ടിയുമാണ് ആ അവകാശവാദം ഉന്നയിച്ചിട്ടുള്ളത്. ഇങ്ങനെ ഏററവും ന്യായമായിട്ടുള്ള വാദം തൊഴിലാളികൾ ഉന്നയിച്ചിരിക്കുമ്പോൾ അത് കേവലം ന്യായയുക്തമായ ഒന്നാണെന്നു കാണുവാൻ പ്രയാസമില്ല. ഒരിക്കലും ന്യായരഹിതമായ ഒന്നല്ല.

തൊഴിലാളികൾ ബലം പ്രയോഗിച്ചിട്ടുണ്ടെന്നും അതുകൊണ്ടാണ് ഗവൺമെന്റ് ഇടപെട്ടതെന്നും ധ്വനിക്കത്തക്കനിലയിൽ ബഹുമാനപ്പെട്ട മന്ത്രി ഇന്നലെയൊ ഇന്നോ ഇവിടെ പറയുകയുണ്ടായി. ഞങ്ങളുടെ അറിവിൽ പെട്ടിടത്തോളം തൊഴിലാളികൾ യാതൊരു ബലപ്രയോഗവും നടത്തിയിട്ടില്ല. നേരെമറിച്ചു അന്യസ്ഥലങ്ങളിൽനിന്നും മുതലാളിമാർ കൂലിക്കാരെ കൊണ്ടുവരികയാണ് ചെയ്തതു്. ചിലരുടെ പ്രേരണയനുസരിച്ചു മന്ത്രിമാർ പക്ഷപാതപരമായി പ്രവർത്തിച്ചില്ലേ എന്നു സംശയിക്കുവാനും ന്യായമുണ്ട്. കണ്ടത്തിൽ കുമാരൻ എന്നൊരാൾ ഉണ്ടായിരുന്നു. അദ്ദേഹം അവിടത്തെ ഒരു പച്ചത്തൊണ്ട് മുതലാളിയാണ്. ഒരു കൊലക്കേസിലെ രണ്ടാംപ്രതിയാണ്. പിടികൊടുക്കാതെ നടക്കുന്ന ആളായിരുന്നു.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: അണ്ടർഗ്രൗണ്ടിലായിരുന്നോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അങ്ങനെയുള്ളവർക്കു അണ്ടർഗ്രൗണ്ടിൽ താമസിക്കേണ്ട കാര്യമില്ല. ഈ മനുഷ്യൻ ഇവിടെവന്നു കാണേണ്ടവരെയെല്ലാം കണ്ടു.

ശ്രീ. ആർ. കേശവപിള്ള: 'കാണേണ്ടവരെയെല്ലാം' എന്നതിൽനിന്നും എന്താണ് മനസ്സിലാക്കേണ്ടതു്? ആരെയെന്നു പറയാമോ?

**Mr. Speaker:** Any reflections on the person more than what has already been said by the hon. Member need not be made.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എനിക്കു പറയുവാനുള്ളതു് ഏററവും ന്യായമായ അവകാശവാദങ്ങൾ തൊഴിലാളികൾ കൊണ്ടുവരുമ്പോൾ അവയ്ക്കുവേണ്ട ന്യായമായ തീരുമാനം ചെയ്യുന്നതിനുപകരം അവരുടെ നേരേ പോലീസിനെ അഴിച്ചുവിടുന്ന ഗവമ്മെൻറിൻെറ നയം ഒരിക്കലും ശരിയല്ലെന്നാണു്; അതു എത്രയും വേഗം അവസാനിപ്പിക്കണമെന്നാണു്. രണ്ടാമതു എനിക്കു പറയാനുള്ളതു് പൊതുയോഗം നിരോധിച്ചിരിക്കുന്ന സംഗതിയെപ്പററിയാണു്. രാജ്യത്തിൻെറ നാനാഭാഗത്തും പൊതുയോഗം നടക്കുന്നതു സർവ്വസാധാരണമായ ഒരു സംഗതിയാണു്. എന്നാൽ ഈ പൊതുയോഗങ്ങളുടെ നിരോധനാജ്ഞയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ നോക്കിയാൽ വളരെ വിചിത്രമാണു്.

**Mr. Speaker:** The point to which I wanted to draw the attention of the hon. Member is that he should not go into the merits of the order promulgated by the District Magistrate which may be ill-advised or well-advised. It might be that he had sufficient grounds to pass such an order. Apart from the legality or otherwise of the order, the hon. Member can discuss the consequences that has arisen in the locality on account of the promulgation of such order and show how it has affected the working of the Union.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, ൪ ദിവസത്തേക്കു പൊതുയോഗങ്ങൾ നിറുത്തിവച്ചിരിക്കുന്നതു നിമിത്തം തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ എന്തെല്ലാമാണെന്നും, അവരുടെ അവശതകൾ എന്തെല്ലാമാണെന്നും പൊതുജനങ്ങളെ അറിയിക്കാൻ സാധിക്കുന്നില്ല. യഥാർത്ഥ സംഗതികൾ പൊതുജനങ്ങൾ അറിയാൻ ഇടവന്നില്ലെങ്കിൽ പൊതുജനമദ്ധ്യത്തു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വലിയ തെററിദ്ധാരണയുണ്ടാകുന്നതാണു്. ഇന്നു് യൂണിയനും തൊഴിലാളികൾക്കും എതിരായി മുതലാളിമാർ പ്രവർത്തിച്ചിരിക്കുന്നതു് എങ്ങിനെയെല്ലാമാണെന്നുള്ള വസ്തുത വെളിക്കുവരാതിരിക്കുന്നതിനായിട്ടാണു് ഈ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളതു്. ഗവമ്മെൻറു ഈ വക കാര്യങ്ങളിൽ വളരെ ശുഷ്കാന്തിയായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളതിലേക്കു വേറെയും തെളിവുകൾ ഉണ്ടു്. ഈ സംഭവത്തിൽ ആകപ്പാടെ ൨൦ പേരെമാത്രമാണു് അറസ്ററു ചെയ്തിട്ടുള്ളതെന്നു് ബഹു. പോലീസു് മന്ത്രി പ്രസ്താവിക്കയുണ്ടായി. അതു തികച്ചും അടിസ്ഥാനരഹിതമാണു്. യഥാർത്ഥത്തിൽ എത്ര പേരെയാണു് അറസ്ററു ചെയ്തിട്ടുള്ളതെന്നു് എനിക്കു സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ലെങ്കിലും ഇതിനകം ൫൬ പേരെ അറസ്ററു ചെയ്തിട്ടുണ്ടെന്നാണു് എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്ന അറിവിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു്. ഇന്നലെയും ൪൯ പേരെ അറസ്ററു ചെയ്തിട്ടുണ്ടു്. ഈ ൪൯ പേർ യൂണിയനിലെ പ്രധാനപ്പെട്ട അംഗങ്ങളാണു്. ഇത്തരത്തിൽ പ്രധാനപ്പെട്ട അംഗങ്ങളെ, അതായതു് നേതാക്കന്മാരെയെല്ലാം അറസ്ററു ചെയ്തു ശിക്ഷിക്കയും തടങ്കലിലാക്കയും ചെയ്താൽ തൊഴിലാളികളുടെ ന്യായമായ അവകാശവാദങ്ങൾ പൊതുജനങ്ങളിൽ സമർപ്പിക്കാനൊ അവരുടെ പിന്തുണ ലഭിക്കാനൊ സാധിക്കയില്ല. ഈ അറസ്ററു മൂലം കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യംകൂടി തൊഴിലാളികൾക്കു കിട്ടാതിരിക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: തൊഴിലാളികൾക്കല്ലാതെ മററുള്ളവർക്കാർക്കെങ്കിലും പൊതുയോഗം നിഷേധിച്ചിട്ടുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: തൊഴിലാളികൾ അവരുടെ അവകാശവാദങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടാണ് അവരെ സംബന്ധിച്ചിടത്തോളം നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുള്ളതു്. സർ, നിരോധനാജ്ഞയും തൻമൂലമുണ്ടാകുന്ന അറസ്റ്റുകളും കായംകുളത്തു മാത്രമല്ലാ, ഇതു് ഇന്നും ഇന്നലെയും തുടങ്ങിയതുമല്ല. എവിടെവിടെ തൊഴിലാളികൾ അവകാശവാദങ്ങളുമായി മുന്നോട്ടുവരുന്നുവൊ, അവിടങ്ങളിലൊക്കെ പോലീസിനെ അഴിച്ചുവിട്ടു അറസ്റ്റും മർദ്ദനവും നടത്തുന്നതു് ഇന്നത്തെ കാൺഗ്രസ് ഗവമെൻറിൻെറ ഒരു നയമാണ്.

ശ്രീ. ഒ. സി. നൈനാൻ: കായംകുളത്തെ തൊഴിലാളികൾ ബലപ്രയോഗിച്ചതായി മെമ്പർക്കറിവില്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എനിക്കറിവില്ല.

ശ്രീ. കെ. ഭാനു: ഈ തൊഴിലാളികൾ ഒരു പ്രത്യേക കക്ഷിയിൽ പെട്ടവരോ, അതോ, എല്ലാ കക്ഷിയിലും പെട്ട തൊഴിലാളികളാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഒരു കക്ഷിയിൽ പെട്ടവർ മാത്രമല്ല.

ശ്രീ. ഒ. സി. നൈനാൻ: കമ്മ്യൂണിസ്റ്റ പാർട്ടിയിൽ പെട്ടവരല്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അവരും ഉണ്ടു്.

ശ്രീ. കെ. ഭാനു: അറസ്റ്റചെയ്ത കൂട്ടത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ പെടാത്തവരും ഉണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഐ. എസ്സ്. പി. നേതാക്കന്മാരുമുണ്ടു്. മററു നേതാക്കന്മാരുമുണ്ടു്. സർ, ഇങ്ങനെ കഴിഞ്ഞ ഏതാനും കൊല്ലത്തെ കാൺഗ്രസ്സ് ഗവമെൻറിൻെറ തൊഴിലാളികളോടുള്ള നയം പരിശോധിക്കയാണെങ്കിൽ നിരോധനാജ്ഞയും അറസ്റ്റും തുടർച്ചയായി തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. ഈ നയം തുടരുന്നിടത്തോളം കാലം തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ സംരക്ഷിക്കാൻ ഒരുവിധത്തിലും സാധിക്കയില്ലെന്നും, അതുകൊണ്ടു് ഈ സമ്പ്രദായം ഉടനടി അവസാനിപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ ഈ സഭ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു

ശ്രീ. ടി. കെ. ദിവാകരൻ: സർ, കായംകുളത്തു് നാലു വിഭാഗത്തിൽ പെട്ട തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരത്തിൽ ഏർപ്പെട്ടിരിക്കയാണ്. പച്ചത്തൊണ്ടുതൊഴിലാളികൾ, നാവികതൊഴിലാളികൾ, പച്ചത്തൊണ്ടു തൊഴിലാളികളിൽ അടുക്കുക, ഉണക്കുക ഈ ജോലിചെയ്യുന്ന തൊഴിലാളികളും, കശുവണ്ടിത്തൊഴിലാളികളിൽ കുറേപ്പേരെ പിരിച്ചുവിടുകയും അവരെ തിരിയെ എടുക്കുന്നതിനുവേണ്ടി മററൊരുകൂട്ടം ആളുകളും ഈ സമരത്തിൽ ഏർപ്പെട്ടിരിക്കയാണ്. അവരുടെ അവകാശവാദങ്ങൾ എന്തെല്ലാമാണെന്നുള്ളതിലേക്കു ഒരു വിശദീകരണം ഇപ്പോൾ ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു. ഈ വക തൊഴിൽതക്കങ്ങളെ സംബന്ധിച്ചിടത്തോളം പോലീസിനു ഒരു കാരണവശാലും ഇടപെടേണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ ഈ കാര്യത്തിൽ സംഭവിച്ചിട്ടുള്ള അറസ്റ്റിനും തന്മൂലമുണ്ടായ തടങ്കലിനും കാരണക്കാരൻ ഇപ്പോഴത്തെ

[Shri T. K. Divakaran]

പോലീസു മന്ത്രിയുടെ അനുജൻ ഒരു ടി. എം. ജാൺ ആയിരുന്നുവെന്നാണു് എനിക്കു കിട്ടിയ അറിവു്. അനാവശ്യമായും അനധികൃതമായും നടന്ന ഈ അറസ്റ്റുകൾ മന്ത്രിസഭയുടെ അറിവോടുകൂടിയാണെന്നുള്ളതു് തീർച്ചയാണു്. തൊഴിലാളികളുടെ നേരെയുള്ള ഇത്തരം നിർദ്ദയമായ പെരുമാററം പൊതുജനങ്ങൾ അങ്ങേയററംവരെ പ്രതിഷേധിച്ചിട്ടുള്ളതും മേലാലും പ്രതിഷേധിക്കേണ്ടവയുമാണു്. ഇന്നത്തെ പോലീസുമന്ത്രി ഭരണം ഏറെറടുത്തു കഴിഞ്ഞതോടുകൂടി പോലീസുകാരുടെ കയ്യേററം രാജ്യത്തു് അങ്ങോളമിങ്ങോളം പടർന്നുപിടിക്കാൻ തുടങ്ങിയിരിക്കയാണു്. ഈയിടെ കായംകുളത്തേക്കു സ്ഥലം മാററപ്പെട്ട ഒരു ചെല്ലപ്പൻപിള്ള, അദ്ദേഹം അവിടത്തെ ഒരു സർക്കിൾ ഇൻസ്പെക്ടരാണു്, പൊതുജനങ്ങളിൽനിന്നും ധാരാളം പരാതികൾ അദ്ദേഹത്തെപ്പററി ഉണ്ടായിക്കൊണ്ടിരുന്നിട്ടും അവയൊന്നും ഗവമ്മെൻറു് ഗൗനിക്കുന്നതേയില്ല. ഈ സർക്കിൾ ഇൻസ്പെക്ടർ തൊഴിലാളികളെ പലതരത്തിലുള്ള ദേഹോപദ്രവം ഏല്പിച്ചുവരികയാണു് നിയമസമാധാനപാലകന്മാരായ പോലീസുകാർ ഈവിധ അക്രമങ്ങൾ ചെയ്യുന്നതു്, ഗവമ്മെൻറിന്റെ അറിവോടും നിർദ്ദേശത്തോടുംകൂടിയല്ലെങ്കിൽ മറെറന്തുകൊണ്ടാണെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. പണിമുടക്കിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ജോലിചെയ്യാൻ താല്പര്യമുണ്ടെങ്കിൽ അവരെ തടഞ്ഞുനിറുത്തി അറസ്റ്റു ചെയ്യുന്നതു ഒരിക്കലും ശരിയല്ല. അവർ മുഖാന്തിരം പൊതുജനങ്ങൾക്കു വല്ല ഉപദ്രവവും നേരിടുകയാണെങ്കിൽ അതിനെ തടയുന്നതു മനസ്സിലാക്കാൻ സാധിക്കും. നേരെമറിച്ചു അവർ അവരുടെ അവകാശങ്ങൾക്കുവേണ്ടി മുറവിളികൂട്ടുമ്പോൾ അവരെ അറസ്റ്റു ചെയ്കയും പോലീസു മുതലാളിമാരുടെ പ്രേരണക്കു വശംവദരായി ദൂരസ്ഥലങ്ങളിൽനിന്നും കൂലിക്കാരെ കൊണ്ടുവന്നു് ജോലിയെടുപ്പിക്കയും ചെയ്യുന്നതിന്റെ ഔചിത്യം മനസ്സിലാക്കാൻസാധിക്കുന്നില്ല. നിയമസമാധാനത്തിന്റെ പേരിൽ ഇത്തരം നിരോധനാജ്ഞ പുറപ്പെടുവിച്ചിരിക്കുന്നതു് പണിമുടക്കിനെ സംബന്ധിച്ചുള്ള യഥാർത്ഥവിവരങ്ങൾ പൊതുജനങ്ങൾ അറിയാൻ പാടില്ലെന്നുകരുതിയാണു്. ഒരുപക്ഷെ പൊതുയോഗം കൂടിയിരുന്നാൽത്തന്നെയും വല്ല കുഴപ്പമോ, ബഹളമോ ഉണ്ടായാൽ അങ്ങിനെ ബഹളം ഉണ്ടാക്കിയവരുടെ പേരിൽ വളരെ വ്യാപകമായ തരത്തിലുള്ള ശിക്ഷണ നടപടിയെടുക്കാൻ നമ്മുടെ പീനൽകോഡിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. പ്രത്യേകിച്ചും അവകാശവാദങ്ങൾക്കു വേണ്ടിയുള്ള സമരരംഗത്തു ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളേയും നേതാക്കന്മാരേയും നിരോധനാജ്ഞമൂലം അറസ്റ്റു ചെയ്കയും ശിക്ഷിക്കയും ചെയ്യുന്നതു് തൊഴിലാളികളെ മുതലാളിമാക്കു കയ്യുംകെട്ടി വരിഞ്ഞുനിത്തി മർദ്ദനത്തിനു വിധേയമാക്കിക്കൊടുക്കുക എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. നിരോധനാജ്ഞ എന്നുള്ളതു്, ഡിസ്ട്രിക്ടു് മജിസ്ട്രേട്ടന്മാരുടെ ഒരു സ്ഥിരപരിപാടിയായിത്തീന്നിരിക്കയാണു്. അതേസമയം ഈ വക കാര്യങ്ങളിൽ ഗവമ്മെൻറിനു യാതൊരറിവുംതന്നെ ഇല്ലെന്നു പറയുന്നു. എനിക്കു പറയാനുള്ളതു്, മുൻകാലങ്ങളിലെ മന്ത്രിമാരെപ്പോലെ അറിയാൻ പാടില്ലെന്നു് ഉറപ്പിച്ചു പറയാനുള്ള കാലമല്ലാ ഇതെന്നും മനസ്സിലാക്കേണ്ടതാണു്. ഒരുപക്ഷെ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു സ്വാധികാരം പ്രയോഗിച്ചു് ഈവിധം നിരോധനാജ്ഞ പുറപ്പെടുവിക്കയാണെങ്കിൽ അതിനെ തടയേണ്ടതു് ഈ മന്ത്രിസഭയുടെ ചുമതലകൂടിയാണു്. ഇതൊരു ജനായത്തയുഗമാണു്. ഒരു

മന്ത്രിയോ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടോ തോന്നിയതുപോലെ പ്രവർത്തിക്കാനുള്ള കാലമല്ലായിതു്. സർവ്വസ്വാതന്ത്ര്യങ്ങളും അനുവദിക്കപ്പെട്ടിരിക്കുന്ന ഈ കാലത്തു മനുഷ്യർക്കു സംഘടിക്കാനുള്ള സ്വാതന്ത്ര്യത്തെയോ സംസാരിക്കാനുള്ള സ്വാതന്ത്ര്യത്തെയോ ഒരു നിരോധനാജ്ഞമൂലം നിഷേധിക്കുകയാണെങ്കിൽ ഒരുപക്ഷെ ഞങ്ങൾക്കുതന്നേയും കായംകുളത്തു ചെന്നു് തൊഴിലാളികൾ ഉൾക്കൊള്ളുന്ന ഒരു പൊതുയോഗം വിളിച്ചുകൂട്ടി, തൊഴിൽ സംബന്ധമായ പണിമുടക്കുകൾ തീർക്കുന്നതിനെപ്പററി സംസാരിക്കാൻ സാധിക്കയില്ലല്ലൊ.

**12 Noon.**

തീർച്ചയായും അനവസരത്തിലുള്ള ഒരു നിരോധനമാണു് അവിടെ ഏർപ്പെടുത്തിയിട്ടുള്ളതു്. ഏതു സംഘടനകൾക്കും വ്യക്തികൾക്കും യോഗം ചേരുന്നതിനും പ്രകടനം നടത്തുന്നതിനും സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. യോഗം ചേരുന്നതിനു നിരോധമുള്ള സ്ഥലത്തു് തൊഴിലാളികൾക്കു പ്രകടനം നടത്തുവാനുള്ള സ്വാതന്ത്ര്യത്തെയും ഗവമെണ്ടു നിഷേധിച്ചിരിക്കുകയാണു്. യോഗം ചേരുന്നതിനൊ പ്രകടനം നടത്തുന്നതിനൊ യാതൊരു മാർഗ്ഗവും ഇല്ലാതെ തൊഴിലാളികൾ എങ്ങിനെ അവരുടെ സമരം മുന്നോട്ടു കൊണ്ടുപോകുമെന്നുള്ളതു് ഈ സഭ ആലോചിക്കേണ്ടതാണു്. ആ അടിസ്ഥാനത്തിൽ ഈ നിരോധനം ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. ആരോ അക്രമം പ്രവർത്തിച്ചു എന്നുള്ളതുകൊണ്ടാണു് അവിടെ യോഗം ചേരുന്നതിനെ നിരോധിച്ചിരിക്കുന്നതു് എന്നാണു് ഞങ്ങളുടെ അറിവു്. ആരെങ്കിലും അവിടെ അക്രമം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവരുടെ മേൽ നടപടി എടുക്കണം. അല്ലാതെ യോഗം ചേരുന്നതിനെ നിരോധിക്കയല്ല വേണ്ടതു്. ഏതെങ്കിലും തൊഴിൽതർക്കമുണ്ടായാൽ ഗവമെൻറിനെ സംബന്ധിച്ചിടത്തോളം അതിൽ നിഷ്പക്ഷമായ ഒരു നില സ്വീകരിച്ചിരുന്നാൽ മതി. തൊഴിലാളികളും മുതലാളികളും തമ്മിൽ തർക്കമുണ്ടാകുമ്പോൾ ഗവമെൻറു് തൊഴിലാളിയുടെ ഭാഗത്തു ചേർന്നു് തൊഴിലാളിക്കുവേണ്ടി വാദിച്ചു് തൊഴിലാളിക്കു് അവരുടെ കാര്യങ്ങളെല്ലാം നേടിക്കൊടുക്കണമെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ നിയമസമാധാനം പാലിക്കേണ്ട ചുമതല മാത്രമേ ഗവമെൻറിനു് ഉണ്ടായിരിക്കുവാൻ പാടുള്ളു. തൊഴിൽക്കാര്യങ്ങളിൽ ഗവമെണ്ടു് ഒരു നിഷ്പക്ഷ നിരീക്ഷകനെപ്പോലെ നോക്കിയിരിക്കുന്ന ഒരു നില സ്വീകരിച്ചാൽമതി. ഏററവും ന്യായമായുള്ള തൊഴിൽക്കാര്യങ്ങളിൽ ഗവമെണ്ടു് ഇടപെട്ടാൽ അതു് ഒരു തീരുമാനത്തിലാക്കുവാൻ കഴിയും. പക്ഷെ ഈ കാര്യത്തിൽ അങ്ങനെയല്ലാ ചെയ്തിട്ടുള്ളതു്. തൊഴിലാളികളോടു വിപരീതമായ ഒരു മനോഭാവമാണു് ഗവമെൻറിൻെറ പോലീസുവകുപ്പിൽനിന്നു് അവിടെ എടുത്തിട്ടുള്ളതു് എന്നാണു് ഞങ്ങൾക്കു് അനുഭവമായിട്ടുള്ളതു്. തൊഴിൽക്കാര്യങ്ങളിൽ പോലീസ് ഇടപെടുന്നതിനെ നിശ്ശേഷം തടയേണ്ടതാണു്. ഇവിടെ ഒരു ലേബർ ഡിപ്പാർട്ടുമെൻറുണ്ടു്. ലേബർകമ്മീഷണർ ഉണ്ടു്. ലേബർ കമ്മീഷണർക്കു് തൊഴിൽത്തർക്കങ്ങളിൽ കൺസിലിയേഷൻ നടപടികൾ നടത്തുന്നതിനു് അധികാരമുണ്ടു്. എന്നാൽ തൊഴിൽത്തർക്കത്തിൽ ലേബർ കമ്മീഷണരെ രംഗത്തുനിന്നു മാററിനിർത്തി പോലീസിനെ അതിൽ ഇടപെടുന്നതിനു് അനുവദിക്കുകയാണു് ചെയ്യുന്നതു്. ഇതു് ഒരുവിധത്തിലും ന്യായീകരിക്കാവുന്നതല്ല. തൊഴിൽകാര്യങ്ങളിൽ പോലീസ് ഇടപെട്ടു് തൊഴിലാളി

[Shri T. K' Divakaran]

പ്രവർത്തകരുടെ പേരിൽ മോഷണത്തിനും മററുമുള്ള കേസുവരെ എടുത്തിട്ടുള്ളതായി ഞങ്ങൾക്കറിയാം. ഇന്നലെ ഇവിടത്തെ ഒരു രാഷ്ട്രീയകക്ഷിയിലെ ഒരംഗം അവിടെ നിരോധനാജ്ഞ ലംഘിച്ചുകൊണ്ട് അറസ്ററുവരിച്ചു എന്നാണ് അറിയുന്നതു്. അതു് ഇനി ആ കക്ഷിയിലുള്ള ആളുകൾ തുടന്നു കൊണ്ടുപോയേക്കാം. കമ്മ്യൂണിസ്ററുപാർട്ടിയും ആർ.എസ്.പി.യും അവിടെ നിയമലംഘനത്തിനു് തയ്യാർ ആയിരിക്കുകയാണ്. ഐ.എസ്.പി.യിലെ അംഗങ്ങൾ ആരെങ്കിലും അവിടെ നിയമലംഘനം ചെയ്യുന്നപക്ഷം ഈ കാര്യത്തിൽ ആ കക്ഷി വേണ്ട നടപടികൾ എടുക്കുന്നതാണ്. അതുകൊണ്ട് ഇന്നുതന്നെ ബഹുമാനപ്പെട്ട ഗവമ്മെൻറ് ഈ നിരോധനം നീക്കം ചെയ്യേണ്ടതാണ്. അതോടുകൂടി തൊഴിലാളി രംഗത്തു് അനവസരത്തിലുള്ള പോലീസിൻെറ ഇടപെടലും നിറുത്തണം. തൊഴിലാളികൾക്ക് അവരുടെ സംഘടനകൊണ്ടും മുതലാളിക്ക് അദ്ദേഹത്തിൻെറ കഴിവുവച്ചുകൊണ്ടും തക്കകാര്യങ്ങൾ തീക്കുന്നതിനു് ഒരവസരം നൽകണമെന്നാണ് എനിക്കു ഗവമ്മെൻറിനോട് അപേക്ഷിക്കുവാനുള്ളതു്. ഈ ഗവമ്മെണ്ട് തീർച്ചയായും തൊഴിൽരംഗത്തുനിന്നും പോലീസിനെ പിൻവലിക്കേണ്ടതാണ്. പ്രത്യേകിച്ചും ഈ സക്കിൾ ഇൻസ്പെക്ടരെ അവിടെനിന്നും മാററിയെങ്കിൽമാത്രമേ തൊഴിലാളികളെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ പോലീസ് ഇടപെടാതിരിക്കുവാനുള്ള ഒരവസരം അവിടെ ഉണ്ടാകയുള്ളൂ. അതുകൊണ്ട് വളരെ വേഗത്തിൽതന്നെ പോലീസിൻെറ ഇടപെടലും നിരോധനാജ്ഞയും അവിടെനിന്നുമാററി തൊഴിലാളികൾക്കും മുതലാളികൾക്കും അവരുടെ സംഘടനാശക്തികൊണ്ട് അവരുടെ ന്യായമായ അവകാശവാദങ്ങൾ കൂട്ടായി വിലപേശി പറഞ്ഞുതീക്കുന്നതിനുള്ള ഒരവസരം ഉണ്ടാക്കണമെന്നാണ് എനിക്ക് ഈ അടിയന്തിരപ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് പറയാനുള്ളതു്. ലേബർ ഡിപ്പാർട്ടുമെൻറിനു് ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെട്ടു് രഞ്ജകമായ ഒരു തീരുമാനം ഉണ്ടാക്കുവാൻ ഗവമ്മെണ്ട നിർദ്ദേശം കൊടുക്കേണ്ടതുമാണു്. കായംകുളത്തു് കഴിഞ്ഞ പത്തുദിവസമായി നടക്കുന്നു എന്നറിയപ്പെടുന്ന സമരം ഇന്നും നടക്കുന്നുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ രാജ്യത്തെ കയർ വർക്കേഴ്സിൻെറ കാര്യങ്ങൾ ഗവമ്മെണ്ട ശ്രദ്ധിക്കാത്തതിനാൽ ശ്രീ. ശ്രീകണ്ഠൻ നായർ സെക്രട്ടറിയേററിൻെറ മുമ്പിൽ നിരാഹാരസത്യാഗ്രഹം ചെയ്യുവാൻ പോകുന്നതായി ഇന്നത്തെ പത്രത്തിൽ കാണുന്നു. തൊഴിലാളികളുടെ കാര്യങ്ങളിൽ ഗവമ്മെണ്ട വേണ്ടുവോളം ശ്രദ്ധിക്കുന്നില്ലെന്നുള്ളതിൻെറ പേരിലാണ് അദ്ദേഹം സത്യാഗ്രഹം നടത്തുവാൻ പോകുന്നതു്. ലേബർ ഡിപ്പാർട്ടുമെൻറ് തൊഴിൽതക്കങ്ങളിൽ കാര്യമായി ഇടപെടാത്തതുകൊണ്ടാണ് ഇങ്ങനെയുള്ള കുഴപ്പങ്ങൾക്കു ഇടയാകുന്നതെന്നുള്ള സംഗതി ലേബർ മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിക്കൊള്ളുന്നു.

*ஸ்ரீ. டி. எஸ். ராமஸ்வாமி பிள்ளை: ஸர், நான் இந்த அவசரப் பிரேரணையை ஆதரிக்கிறேன். காயங்குளத்தில் 56 தொழிலாளிகள் கைது செய்யப்பட்டிருக்கிறார்கள் என்றால் அது எதற்காகவென்று நாம் பார்க்கவேண்டும். இரண்டு தினங்களுக்கு முன் ஆல்வாய் அழகப்பா மில்லிலிருந்து பல தொழிலாளிகளை அகற்றிவிட்டார்கள் என்று ஒரு தீர்மானம் இங்கு வந்தது. இன்னும் ஆலப்புழையிலிருந்தும் கொல்லத்திலிருந்தும், மணவாளக்குறிச்சியிலிருந்தும், நாகர்கோவிலி*

விருந்தும் மற்ற இடங்களிலிருந்தும் தினம் தினம் தொழிலாளிகளை தொழிற் ஸ்தாபனங்களிலிருந்து வெளியில் தள்ளிக்கொண்டு வருகிறார்கள் என்பதை நாம் கேட்கிறோம். இவ்விதம், கன்னியாகுமரி உப்பளம் முதல் ஆல்வாய் அழகப்பா மில் வரையில் தொழிலாளிகளை காரணமில்லாமல் வெளியில் தள்ளுவதும், டிரான்ஸ்போர்ட் தொழிலாளிகளுக்கு அவர்களுக்கு நியாயமாக கிடைக்கவேண்டிய அவகாசம் மறுக்கப்படுவதும், இது போதாது என்று தொழிலாளிகளின் மேல் அடக்குமுறையும் தாண்டவமாடுகிறது. நிதி மந்திரி சொன்னார்கள்—அழகப்பா மில்லிலிருந்து யாரையும் நீக்கவில்லை என்று. நான் சொல்லிக் கொள்வது, உண்மையில் 950 தொழிலாளிகள் அந்த மில்லிலிருந்து நீக்கப்பட்டிருக்கிறார்களென்று. தற்போது வந்திருக்கும் பிரேரணையும் தொழிலாளிகள் துயரைப்பற்றியதே. ஆலப்புழை பிரதேசங்களில் 40,000, 50,000 கயிறு தொழிலாளர்கள் வேலையின்றி திண்டாடுகிறார்கள்.

ஸர், நான் ஒரு பெரிய பலாத்காரவாதி என்று ஒருவரும் நம்பமாட்டார்கள். எனது மதிப்பிற்குரிய இங்கு வீற்றிருக்கும் மந்திரிகளும் நம்பமாட்டார்கள். சில தினங்களுக்கு முன் தென் திருவிதாங்கூரில் உப்பளத் தொழிலாளர்கள் தங்களுக்கு நியாயமாகக் கிடைக்கவேண்டிய சம்பளம் கிடைக்காமல் போகவே வேலை செய்ய மறுத்து சத்தியாகிரஹம் செய்தனர். இத்தொழில் தகராறைத் தீர்த்துவைக்க தொழில் மந்திரி தயாராகயில்லை. ஆனால் எல்லா இதர முதலாளிகளும் சம்மதித்து அமுல் நடத்தும் ஒப்பந்தப்படி நடக்க இயலாது என்று சண்டித்தனம் செய்தனர் சில சோட்டா முதலாளிகள்: அரசாங்கம் இத் தகாறை நியாயமாக தீர்த்துவைக்க முயற்சி எடுக்கவில்லை. ஆனால் அதற்கு நேர்மாறாக இந்த முதலாளி அரசாங்கம் முதலாளிகளை சகாயிப்பதற்காக என்னையும் இன்னும் 150 தொழிலாளர்களையும் அரஸ்டு செய்து கொண்டுபோய், லாக்கப்பில் வைத்து தொழிலாளர்களை ஹிம்சித்தார்கள் என்று சொல்லிக்கொள்கிறேன். தொழிலாளிகள் தங்களது நியாயமான அவகாசத்தைக் கேட்டால், அதற்காக அவர்களைப் பிடித்து அரசாங்கம் லாக்கப்பில் வைக்கவும், ஹிம்சிக்கவும், செய்வது நியாயமா? தொழிலாளர்கள் ஜனசமுதாயத்தினர்களுக்கு உடை, உணவு இன்னும் மற்ற சௌகரியங்களை தங்கள் உழைப்பினால் செய்து கொடுக்கிறார்கள். இத்தொழிலாளர் பிரச்னைகள் தீர்ந்தால்தான் உணவு பிரச்னை தீரும். இவர்கள்மேல் 144 என்றும், மற்ற அடக்குமுறைச் சட்டங்களை பிரயோகித்தால் அவர்களால் நாட்டிற்கு என்ன செய்ய முடியும்? எத்தனையோ ஆயிரம் தொழிலாளிகள் தொழில்களில் ஈடுபட தயாராயிருக்கிறார்கள். அவர்களுக்கு வேலை கொடுக்க வேண்டியது அரசாங்கத்தின் பொறுப்பு. தொழில் இல்லையானால் அவர்கள் எப்படிப் பிழைப்பார்கள். இது ஒருபுறமிருக்க, வேலையிலுள்ளவர்களையும் தள்ளிவிட்டால் நாட்டில் தொழிலாளிகளினிடையில் தொழிலின்மை பெருகி, அமைதியே நிலவாது. தொழிலாளர்களுக்கு போனஸ், விடுமுறை, மற்ற சௌகரியங்கள் செய்து கொடுக்கவேண்டுமென்று போதிய சட்டங்கள், Trade Union Act, Factory Act முதலியன இருந்தாலும், தொழிலாளர்களுக்கு நியாயமாக கிடைக்கவேண்டிய உரிமைகள் மறுக்கப்படுகின்றன. அரசாங்கம் முதலாளி பக்கம்.

[Shri T. S. Ramaswami Pillai]

ஸர், நமது டிரான்ஸ்போர்ட் தொழிலாளிகளை எடுத்துக்கொள்வோம். இதில் நமது அரசாங்கந்தான் ஒரு முதலாளி. அந்த முதலாளி, தொழிலாளிச் சட்டங்களை எப்படி நடத்துகிறது என்று பார்ப்போம். Factory ஆக்டில் ஒரு தொழிலாளி இருபது நாள் வேலை செய்தால் ஒரு நாள் சம்பளத்துடன் லீவ் கொடுக்கவேண்டுமென்றிருக்கிறது. அப்படிக் கொடுக்கப்படவில்லையானல் அந்த முதலாளிமேல் நடவடிக்கை எடுக்கலாம். இந்த அரசாங்கமே இச்சட்டத்தை மீறினல் நாம் யார்மேல் நடவடிக்கை எடுக்கவேண்டும். ஸர், இந்தமாதிரி சட்டத்தை மீறிய அநேகம் முதலாளிகளுண்டு. ஆறுமாதம், ஒரு வருஷமானலும் அவர்கள் மேல் யாதொரு நடவடிக்கையும் இந்த அரசாங்கம் எடுக்காமல், அவர்களுக்கு மேலும் வேண்டிய சலுகைகள் செய்து கொடுத்துக்கொண்டிருக்கிறது இவ்வரசாங்கம். ஸர், டிரான்ஸ்போர்ட் டிப்பார்ட்மென்றில் 30, 40 ரூபாய் சம்பளம் வாங்கும் தொழிலாளிகள் இருக்கிறர்கள். உதாரணமாக, நாகர்கோயில், அவர்களின் சொந்த ஊர்களிலிருக்கிறர்கள். அவர்களை ஆல்வாய்க்குப் போ என்று சொல்லி, மாற்றுகிறர்கள். ஸர், இந்த சொல்ப சம்பளத்தை வைத்துக்கொண்டு தங்கள் குடும்பத்துடன் உபாய ஜீவனம் செய்பவர்களை அயலூர்களுக்கு மாற்றினல் அவர்களதும், அவர்களது குடும்பங்களுடையவும் கதி என்ன? இன்னும் அவர்கள் கூட்டங்கள் கூடக்கூடாது, பேசக்கூடாது கூட்டங்களுக்குப்போகக்கூடாது. இன்னும் இவர்களது நடவடிக்கைகளை கவனிக்க ஸி.ஐ.டி. கள். பழி வாங்குவதற்கு அரசாங்கம் சதி செய்கிறது. அரசாங்கத்தின் கொள்கை. தற்போது இதுவாகத்தானிருக்கிறது. அரசாங்கத்திற்கு உண்மையாக தொழிலாளர்களுக்கு நியாயம் வழங்கவேண்டுமென்றிருக்குமானல், அவர்களது அடக்குமுறைகளை நிறுத்தவேண்டும். முதலாளிக்கும் தொழிலாளர்களிடம் அநுதாபம் காட்டி அவர்களது கோரிக்கைகளை கவனிக்கவேண்டும். தினம் suspension, dismisal என்று நடந்துகொண்டேயிருந்தால் தொழிலாளி உலகம் எப்படி உய்யும். தொழிலாளர்களிடம் எப்படி முதலாளிகள் நடந்துகொள்கிறர்களோ அதேபோல்தான் அரசாங்கமும் நடந்துகொள்கிறது. இந்த அரசாங்கத்தில் லேபர் டிப்பார்ட்மென்ட் என்று ஒன்றிருக்கிறது. இந்த டிப்பார்ட்மென்டை Capitalists' Department என்று பேரிடட்டும். தொழிலாளி சட்டங்களிருந்தும், நாகர்கோவிலில் தொழிலாளிகளுக்கு ஒன்றும் செய்ய முடியாது, சங்கங்களை வைத்துக்கொள்ள முடியாது. தொழிலாளி சட்டம் 33 ஏ. பிரிவை மீறிய எத்தனையோ முதலாளிகளிருக்கிறர்கள். அவர்கள் பேரில் action எடுத்திருக்கிறர்களா? Action எடுத்த முதலாளிகளை என்ன செய்தார்கள்? பயோனியர் முதலாளி பேரில் action எடுத்தார்கள். இரண்டு வருஷங்களாகின்றன. இந்த முதலாளிக்கு என்னமெல்லாம் சௌகரியம் செய்து கொடுக்கலாமோ அவைகளை இந்த அரசாங்கம் செய்து கொடுக்கிறது. எவ்வளவும் கூடுதல் காலம் இந்த கேசை தள்ளிக்கொண்டு போகலாமோ அவ்வளவும் இந்த முதலாளிக்கு நல்லது. அதே நேரத்தில் பழி வாங்கப்பட்ட தொழிலாளர்கள், அநீதி இழைக்கப்பட்ட தொ

ழிலாளர்கள் இன்னும் வேலையின்றி திண்டாடுகிறார்கள். ஸர் தற்போது தான் Public Safety measures Act வந்திருக்கிறது. தற்பொழுதுள்ள தொழிற் சட்டங்கள் போதுமானதாயில்லை. இருந்தபோதிலும், இதை வைத்துக்கொண்டு பாட்டாளிகளுக்கு எவ்வளவோ நன்மைகள் செய்ய முடியும் மனமிருந்தால். ஆனால் இந்த சட்டங்கள் எல்லாம் முதலாளித்துவ நலன்களுக்காக உபயோகப்படுகிறது. தொழிலாளர்கள்மீது அடக்குமுறை பிரயோகிக்கப்படுகிறது. 1937-ல் கூட, Public Safety Act போன்ற சட்டங்கள் இல்லாதபோது கூட, ராஜாஜி 144 செக்ஷனை உபயோகித்தார்கள், மதுரைக்கடுத்த பசுமலை ஊரில்: இப்பொழுது காயங்குளத்தில் செய்திருப்பதுபோல் தொழிலாளிகளுக்கு எதிராகஅல்ல. சண்டித்தனம் செய்த மில்முதலாளிக்கு எதிராகஸர், தொழிலாளி பிரச்னைஎன்பது ஜனங்களின் பிரச்னை. அதை நியாயமாக தீர்த்தால் அல்லாது தீராது. உங்கள் பட்ஜெட்டில் nation building க்கு பணம் ஒதுக்கியிருக்கிறீர்களா? தொழிலாளி சமூகத்தை சீர்படுத்த ஏதாவது திட்டம் வகுத்திருக்கிறீர்களா என்று கேட்கிறேன். இந்த மாதிரி திட்டங்களை நீங்கள் வகுக்கவில்லையானால் நமது நாட்டில் வேலையில்லாத் திண்டாட்டமிருக்குமேயொழிய, நமது நாட்டில் அமைதியின்மை ஏற்பட்டுக்கொண்டிருக்குமேயொழிய சமாதானம் நிலவாது என்று சொல்லிக்கொண்டு இத்தீர்மானத்தை ஆதரிக்கிறேன்.

**Shri J. T. Moraes:** Sir, there are two allegations in this Adjournment Motion. The first is that certain members of a Trade Union numbering about 50 have been arrested. The second allegation is that the District Magistrate of Quilon has prohibited meetings for 15 days. On the face of it, Sir, nothing illegal appears to have happened or committed by the Police or the District Magistrate. Neither have I been able to make out anything illegal or wrong from the speeches made on the floor of this House. I am at a loss to understand therefore the necessity for a motion of this kind to be moved in the House. Why these Trade Union workers were arrested? Obviously because they took the law into their own hands. It is true that they have been arrested. And, they have been convicted. Yes, Sir, a Judicial Tribunal has convicted them. Is it wrong on the part of the Magistrate to convict them? If they broke the law, should they not be arrested and convicted? Sir, we all want Trade Unions to flourish, and the workers protected. If they take the law into their own hands they should face the legal consequences. This House cannot say that such a thing ought not to have been done.

I should have been most glad if the mover of the resolution had brought before this House the charge-sheet presented before the Magistrate who convicted these Trade Union Workers. Evidently, no appeal has been preferred,

Then, Sir, there is the question of prohibiting meetings for fifteen days. The District Magistrate has got certain discretions vested in him. He is the officer mainly responsible for maintaining peace in his district. When he found that there was danger to peace he exercised his discretion, and prohibited public meetings for a limited period of 15 days. This affects not only the Trade Union Workers but members of other parties also. There is nothing

[Shri J. T. Moraes]

wrong in what the District Magistrate has done. I do not see the propriety for a motion like this and I ask why we should discuss this motion at all here. If there was some palpable wrong committed then we could discuss the question. When one goes through the motion as it is, and listens to the speeches made on the floor of this House one fails to make out a reason for tabling such a motion here. Therefore, in my humble opinion I should say that there is nothing to be discussed with regard to this resolution here. So, I oppose the motion.

**Shri. P. S. Nataraja Pillai:** Sir, my hon. Friend Mr. J. T. Moraes has doubts as to what purpose a motion of this kind serves. It is that observation which prompted me just to make a few remarks on the matter. Sir, after all, this motion, and the industrial unrest that we are facing in the country, and the labour unrest that we see today—are all the symptoms of the times, which the Government ought not to forget. Sir, already the slump has come. Speculators' profit has gone. The profiteering habit of capitalists is becoming sensitive. Sir, when the economic curve has begun to fall the wage claim and the wage bill is bound to be affected, and at every stage when profit is diminishing the capitalist will try to avoid his reasonable liabilities. Sir, why I say this is because we find today labour unrest not only at Kayamkulam where it has taken an acute form, if what is stated in the statements given out here is true, at Alwaye also the same thing is happening, and it is seen at Trichur, it is here at Nagercoil too. So, Sir, it is the duty of Government to face the situation squarely and deal with it with a sense of responsibility at the present moment. The right of the Labour cannot be treated lightly. On account of the economic changes that have come, unemployment has set in. And, naturally Government is bound to face some difficulties as far as their financial resources are concerned. Here we want to carry on a progressive administration and to have a society where peaceful life is possible. Sir, people starving, people faced with difficulties are not going to suffer the pangs of starvation because Law and Order is written with a capital letter. Sir, human beings as they are they will fight for their rights and when those rights are based upon their primary necessities they will not flinch from it. Sir, what is the difficulty that we hear today. Bonus, which the labour is entitled to is denied and to get their legitimate right they resort to legal strikes. When legal labour strikes have been called by labour associations or Unions, whatever it may be, the guardians of Law and Order have no other duty but to maintain peace. If there is actually a breach of peace then, certainly the guardians of Law and Order are in duty bound to restore peace and order. But as long as a strike is not declared illegal, as long as in a Labour dispute or Trade dispute organised Labour can resort to legal strike in a peaceful manner, I cannot understand why the Law and Order of Government should be set in motion to create an unnatural situation to complicate the issue. Sir, as a matter of fact, these problems that face us are really dangerous and I sound a note of warning to the Government and to the people as well that unless the situation is faced with a sense of responsibility on both sides we will have hard times ahead. It is the duty of the capitalists as well as the Labour to discharge their rights and responsibilities fairly and not to take undue advantage of the situation in which they are placed by circumstances, or rather world conditions. A slump has set in and the profits which the capitalists were making are diminishing. That is no reason to deny the legitimate rights of the Labour. Labour is entitled to their rights.

When any party takes the initiative in denying the right of the other party, Law and Order must be there to protect the weaker party. For instance, a factory which employes two or three thousand men, on account of slump or on account of the difficulties of marketing their finished products, close down. What is the prospect of the labour employed there? All the three thousand people are thrown out of employment and if the factory remains closed, is it not the duty of the Government to see that the situation does not continue which creates hardship to a vast section of the people.

Sir, labour unrest by itself cannot be isolated. It will have reactions on the society as a whole. Therefore, I say, Sir, this adjournment is very opportune and it gives a kind of notice to the Government and the people as well that dangerous times are ahead. It is for this House and the Government to take notice of that fact and do whatever is in their power to settle labour disputes and to give relief to the maximum extent possible to the people who are suffering. The law should be enforced with fairness without taking sides and we should maintain law and order without violating justice. Sir, when you seek to maintain law and order, there should not be the feeling that it is being done to help a particular section whether it be the Capitalist or the Labour. There must be the strictest impartiality. In this case, Sir, what I feel is that as long as the Labour Department and the Government have not taken notice of it and declared the strike to be illegal, the Law and order Department had no business to take sides and enforce the rights of the so-called Capitalists denying the rfghts, equally valid rights, of the Labour. This attitude is wrong. We must face the situation in its actualities and see that things are adjusted without allowing it to degenerate into a form which will be dangerous to the State.

<u>ശ്രീ. ആർ. സുഗതൻ:</u> ഈ അടിയന്തിരപ്രമേയത്തെ വളരെ ശക്തിയായി ഞാൻ പിൻതാങ്ങുന്നു. കായംകുളത്തു് പച്ചത്തൊണ്ടു തൊഴിലാളികൾ, അവരുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുകിട്ടുന്നതിനും, ബോണസ്സ് അനുവദിച്ചുകൊടുക്കുന്നതിനുമായി മൂന്നാഴ്ചകൾക്കു മുൻപുതന്നെ പ്രമേയങ്ങൾ പാസാക്കുകയും മുതലാളിമാരേയും ലേബർ ഡിപ്പാർട്ടുമെന്റിനേയും വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ടു്. ഈ കാലയളവിൽ അതിനു യാതൊരു പരിഹാരവുമുണ്ടാകാത്തതുകൊണ്ടു് അവർ പണിമുടക്കുവാൻ നിർബന്ധിതരായതാണു്. അതിനുശേഷം പല അറസ്റ്റുകളും നിരോധനങ്ങളുമുണ്ടായി. അതിനു ചുമതലക്കാർ യഥാർത്ഥത്തിൽ ഗവൺമെന്റുദ്യോഗസ്ഥന്മാരാണു്, തൊഴിലാളികളല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. സാധാരണയായി ട്രേഡുയൂണിയൻ സംഘടനകൾ തീരുമാനിച്ച കാര്യങ്ങൾ മുതലാളികളേയും ഗവൺമെന്റിനേയും ധരിപ്പിച്ചുകഴിഞ്ഞിട്ടു്, ആഴ്ചകളും മാസങ്ങളും കഴിഞ്ഞാൽതന്നെയും അവയ്ക്കൊരു തീരുമാനമുണ്ടാകാതിരിക്കുന്നതുകൊണ്ടാണു് തൊഴിലാളികൾ പണിമുടക്കുവാൻ മുതിരുന്നതു്. അല്ലാതെ അവർ ആർ.എസ്.പി.യുടേയൊ, കെ.എസ്സ്.പി.യുടേയൊ, ഐ.എസ്സ്.പി.യുടേയൊ, കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയൊ അംഗങ്ങളായതുകൊണ്ടോ അവരുടെ പ്രേരണകൊണ്ടോ അല്ല. ഇക്കൂട്ടത്തിൽ ഏററവും പ്രാധാന്യം അർഹിക്കുന്ന ഒരു സംഗതി ഇവിടെ പറയേണ്ടതുണ്ടു്. കയർ വ്യവസായത്തിനു് പുരോഗതിയുണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾക്കിടയിൽ ഞങ്ങൾ ലേബർമന്ത്രിയെ കണ്ടപ്പോൾ രണ്ടാഴ്ചത്തെ കാലയളവു ആവശ്യമാണെന്നാണു് പറഞ്ഞിരിക്കുന്നതു്. വ്യവസായമാന്ദ്യം വർദ്ധിച്ചിരിക്കുന്ന

[Shri R. Sugathan]

ഈ അവസരത്തിൽ ഈ പച്ചത്തൊണ്ടുമുതലാളിമാർ, കയർപിരിപ്പുമുതലാളിമാർ ഇവരെല്ലാം കൂലി കുറയ്ക്കുകയും മററു അക്രമപ്രവർത്തനങ്ങൾ തൊഴിലാളികളുടെ മേൽ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ തങ്ങൾക്കു ജീവിക്കുന്നതിന് ബോണസെങ്കിലും തരണമെന്ന് പച്ചത്തൊണ്ടുമുതലാളികളോടാവശ്യപ്പെട്ടപ്പോൾ അവർ അതിനു തയ്യാറാകാതിരിക്കുകയും തന്മൂലം തൊഴിലാളികൾ പണിമുടക്കുവാൻ ഇടയാവുകയും ചെയ്തിട്ടുള്ളതാകുന്നു. അടിസ്ഥാനപരമായി തൊഴിലാളികൾക്കു ലഭിക്കുന്ന കൂലികൊണ്ടു അവർക്കു ജീവിക്കുവാൻ നിവൃത്തിയില്ലാതെ ബോണസ് ആവശ്യപ്പെട്ടപ്പോൾ അതു കൊടുക്കാത്തതുകൊണ്ടുമാത്രമാണ് ഈ സമരം നടത്തുന്നതു്. ജീവിക്കുന്നതിനാവശ്യമുള്ള കൂലിയും, അതിനെ അടിസ്ഥാനമാക്കിയുള്ള ബോണസും ആവശ്യപ്പെടുന്നതിനു തൊഴിലാളികൾക്കു അവകാശമുള്ളതാണ്. എന്നാൽ കായംകുളത്തു പച്ചത്തൊണ്ടു തൊഴിലാളികൾ അക്രമം പ്രവർത്തിച്ചെന്നും ജോലിചെയ്യാൻവന്ന തൊഴിലാളികളെ ഉപദ്രവിച്ചുവെന്നുംമററും പച്ചത്തൊണ്ടുവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന മുതലാളിമാർ പറഞ്ഞുപരത്തിയിരിക്കുന്നു. വ്യവസ്ഥാപിതമായി നടത്തുന്ന പണിമുടക്കുകളെ ബലാൽക്കാരമായി തടയുന്ന മുതലാളിമാരാണ് നിയമലംഘനം ചെയ്യുന്നതു്.

അതുപോലെതന്നെ ഈ രാജ്യത്തെ തൊഴിലാളി പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ലേബർ ഡിപ്പാർട്ട്മെൻറും ഗവമെന്റും മുതിരുകയാണെങ്കിൽ യാതൊരുവിധമായ തൊഴിലാളിക്കുഴപ്പങ്ങൾക്കും ഇടയാകാതെ കൊണ്ടുപോകാൻ കഴിയും. പിരിച്ചുവിടലും ലാക്കൗട്ടും മുതലാളിമാർ ഇന്നും നടത്തിവരികയാണ്. ഇരിഞ്ഞാലക്കുടയിൽ പുല്ലൂർ–ആളൂർ കശുവണ്ടിതൊഴിലാളികൾ ഇന്നു സത്യാഗ്രഹം തുടങ്ങിയിട്ട് എഴുപതു ദിവസമായി. അവിടെ മുതലാളി ഫാക്ടറി ലാക്കൗട്ട് നടത്തിയിരിക്കുകയാണ്. അതുപോലെതന്നെ കല്ലടയിലും ഓട്ടുകമ്പനിയിൽ നാലുദിവസമായി സത്യാഗ്രഹം നടക്കുന്നു. കൊല്ലത്തു് എ.ഡി. കാട്ടൺ മില്ലിൽ പണിമുടക്കു നടത്തുന്നുണ്ട്. അങ്ങനെ പണിമുടക്കുകളും ലാക്കൗട്ടുകളും ധാരാളം നടന്നുകൊണ്ടിരിക്കുന്നു. ഇതു മററു സംഘടനകളുടെ കുത്തിത്തിരിപ്പുകൊണ്ടു ഉണ്ടാകുന്നതല്ല. ഇന്നു കിട്ടുന്നകൂലികൊണ്ട് ജീവിക്കുവാനുള്ള സാഹചര്യങ്ങളില്ലാത്തതിനാൽ തൊഴിലാളികൾക്കു സമരം നടത്താതെ നിവൃത്തിയില്ല. അല്ലെങ്കിൽ അവർ മോഷ്ടിക്കാൻ പോകണം. അദ്ധ്വാനിച്ചുപണിയെടുക്കുന്നവർക്ക് മാനമായി ജീവിക്കുന്നവർക്ക് അതു് സാദ്ധ്യമല്ല. ജീവിതാവശ്യങ്ങൾ നിറവേററുന്നതിനുള്ള അവകാശങ്ങൾ ഒരു സമരംവഴിയവർ ഭരണകക്ഷിയെ അറിയിക്കുകയാണ്. അങ്ങനെ ചെയ്യുന്നതിൽ അവരെ കുററപ്പെടുത്തുന്നതെന്തിനാണെന്നും, അവരെ ഒററപ്പെടുത്തുന്നതെന്തിനാണെന്നും മനസ്സിലാകുന്നില്ല.

തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുതിന് കാലതാമസം വരുത്തിയിട്ട് അവർക്കു യാതൊരു ഗത്യന്തരവുമില്ലാതെവരുമ്പോൾ ഒരു സമരത്തിനായി മുതിരുന്ന അവസരത്തിൽ അവരെ ഒററപ്പെടുത്തി മർദ്ദനത്തിനു വിധേയരാക്കുന്നതിന്റെ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. അവർക്കു പണിമുടക്കിനും, പിക്കററിംഗിനും, സത്യാഗ്രഹത്തിനും അവകാശമുള്ളതാണ്. കായംകുളത്തെ പച്ചത്തൊണ്ടു തൊഴിലാളികൾ അതേ ചെയ്തിട്ടുള്ളു. തൊഴിൽത്തർക്കങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ അതൊരു അ

ഡ്ജൂഡിക്കേഷനായി വിടുന്ന ഒരു പതിവ് ഈ ഗവമ്മെണ്ടിനുണ്ട്. ഇങ്ങനെ അഡ്ജൂഡിക്കേഷനു വിട്ട കേസുകൾ രണ്ടുരണ്ടരക്കൊല്ലമായിട്ടും യാതൊരു തീരുമാനവും ചെയ്യാതെ കിടപ്പുണ്ട്. അഡ്ജൂഡിക്കേഷനു വിടുന്നതുതന്നെ മുതലാളികളെ സഹായിക്കുന്നതിനുവേണ്ടി മാത്രമാണ്. തൊഴിലാളികൾ ഇനിയും അഡ്ജൂഡിക്കേഷന്റെ തീരുമാനം കാത്തുനില്ക്കാതെ പണിമുടക്കിൽ ഏർപ്പെടുമെന്നു ഗവമ്മെന്റും മുതലാളിമാരും മനസ്സിലാക്കേണ്ടതാണ്. അഡ്ജൂഡിക്കേഷനുണ്ടാകുന്ന കാലതാമസംമൂലം, ട്രെയിഡുയൂണിയൻ സംഘടനകളിൽ തൊഴിലാളികൾക്കുള്ള വിശ്വാസം കുറഞ്ഞുവരികയാണ്. അതിനുവേണ്ടിയാണ് ഈ അഡ്ജൂഡിക്കേഷൻ നടപടികൾ വച്ചിരിക്കുന്നതെന്നു തോന്നിപ്പോകുന്നു. അതു മുതലാളിമാരെ തൃപ്തിപ്പെടുത്താനുള്ള ഒരു ഉപായം മാത്രമാണെന്ന് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ഗവമ്മെന്റിന്റെ ഈ നയം മുതലാളിമാക്കുമാത്രം സഹായകമാണ്.

സാമ്പത്തികവും വ്യാവസായികവുമായ ഭദ്രതയും സമാധാനവും നാട്ടിലുണ്ടാകണമെങ്കിൽ തൊഴിലാളിപ്രശ്നങ്ങൾ മുതലാളിമാരും ഗവമ്മെണ്ടും വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യണം. അല്ലാതെ തെററിമാറുന്ന ഈ നയംകൊണ്ട് പണിമുടക്കുകളും കുഴപ്പങ്ങളും ഇനിയും നാട്ടിൽ വർദ്ധിക്കാനാണിടയുള്ളത്. സാധാരണമായി വല്ല പണിമുടക്കുകളോ തൊഴിലാളികുഴപ്പങ്ങളോ ഉണ്ടായാൽ ലേബർ ഡിപ്പാർട്ടുമെന്റുകളാണ് അതിൽ ഇടപെട്ട് ആവശ്യമായ നടപടികൾ നടത്തുക. എന്നാൽ കായംകുളത്തുണ്ടായ പണിമുടക്കിൽ മുതലാളിയുടെ ഒരു പരാതിവച്ചുകൊണ്ട് അവിടത്തെ പോലീസുകാർ സ്ഥലത്തുചെന്നു കേസെടുക്കുകയും തൊഴിലാളികളെ അറസ്ററുചെയ്യുകയുമാണുണ്ടായത്. തൊഴിലാളികളെ ലാത്തിചാർജ്ജും ചെയ്തു. ഇതിന് പോലീസിന് ആരാണ് അനുമതി നൽകിയത്. കായംകുളത്തെ പോലീസ് ഇൻസ്പെക്ടരെപ്പററിയുള്ള പരാതികൾ ഐ.ജി.ക്കും അറിയാവുന്നതാണ്. അവിടെയുള്ള സർക്കിൾ ഇൻസ്പെക്ടരും ജനദ്രോഹിയായ ഒരുദ്യോഗസ്ഥനാണ്. അവരെ രണ്ടുപേരേയും അവിടെനിന്നും ഈ സന്ദർഭത്തിൽ സ്ഥലം മാററുന്നതാണെങ്കിൽ, ഇന്നത്തെ കുഴപ്പങ്ങൾക്കു പരിഹാരമുണ്ടാകുന്നതല്ല. അവർ പോകുന്നിടത്തും മർദ്ദനം നടത്തും. ഇവരെ ഡിപ്പാർട്ടുമെന്റ് ശരിക്കു നിയന്ത്രിക്കയാണ് വേണ്ടത്. അവർ അവിടെ നടത്തിയ മർദ്ദനങ്ങളെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മിററിയെ നിയോഗിച്ചാൽ ആവശ്യമായ തെളിവുകൾ കൊടുക്കുന്നതിനും യൂണിയൻ പ്രവർത്തകർ തയാറാണ്.

ഈമാതിരി പ്രശ്നങ്ങൾക്കെല്ലാം ഒരു പരിഹാരമുണ്ടാക്കി, ഇന്നുണ്ടായിരിക്കുന്ന തൊഴിൽക്കുഴപ്പങ്ങളും, വ്യവസായതകർച്ചയും ഉണ്ടാകാതെ സൂക്ഷിക്കേണ്ടത് ഗവമ്മെന്റിന്റെ അടിയന്തിരകർത്തവ്യമാണെന്നാണ് എനിക്കു പറയുവാനുള്ളത്. പച്ചത്തൊണ്ടുമുതലാളിമാർ, ആ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പോലീസിന്റെ സഹായത്തോടുകൂടി മർദ്ദനത്തിനു വിധേയരാക്കിയിരിക്കയാണ്. ജീവിക്കുന്നതിനുള്ള കൂലി ലഭിക്കാതെ കൂലിക്കൂടുതലിനും ബോണസിനും ആവശ്യപ്പെട്ട തൊഴിലാളികൾ ഇന്നു കുററക്കാരായിത്തീർന്നിരിക്കുകയാണ്. അവർക്ക് ന്യായമായ കൂലികൊടുക്കാത്തതെന്തുകൊണ്ടാണെന്നു അന്വേഷിക്കുവാനാരുമില്ല. തൊഴിലാളികൾ സംഘടിതരായി ട്രെയിഡ്‌യൂണിയൻ സംഘടനകൾ

[Shri R. Sugathan]

മുഖാന്തിരം സമാധാനപരമായ സമരം തുടങ്ങിയതാണ്. അല്ലാതെ കമ്മ്യൂണിസ്റ്റോ, ആർ. എസ്. പി. യോ, കെ. എസ്. പി. യോ, പി. എസ്. പി. യോ പ്രേരണ ചെലുത്തി തുടങ്ങിയിട്ടുള്ള ഒരു സമരമല്ല. ഇതിന്റെ ചുമതലയെല്ലാം അവിടത്തെ മുതലാളിമാർക്കും തൊഴിലാളികൾക്കെതിരായി പ്രവർത്തിക്കുന്നവർക്കും ഉള്ളതാണ്. ജീവിക്കാൻകഴിയാതെ ഉണക്കത്തൊണ്ടു പോലെയായ തൊഴിലാളികൾ പച്ചത്തൊണ്ടിൽ പിടിച്ചും ജീവിക്കാൻ സർക്കാരും തൊണ്ടുമുതലാളിമാരും സമ്മതിക്കയില്ലെങ്കിൽ സ്ഥിതിഗതി ഗുരുതരമായി രൂപംപ്രാപിക്കാനിടയുണ്ട്.

ഞാൻ ചോദിക്കുന്നു, ഇന്നത്തെ ജീവിതച്ചെലവിന്റെ പട്ടികയ്ക്ക് ആനുപാതികമായതോതിൽ തൊഴിലാളികൾക്കു കൂലികൊടുക്കാതെ തൊഴിലാളികളെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതെന്തുകൊണ്ടാണ്? അവർ ജീവിക്കുന്നതിനുള്ളകൂലി ആവശ്യപ്പെടുമ്പോൾ അവരെ പിരിച്ചുവിടുകയും മർദ്ദിക്കുകയും, കരിങ്കാലികളെക്കൊണ്ടു ജോലിചെയ്യിക്കുകയും ചെയ്യുന്നു. കോൺഗ്രസ്സ് സർക്കാർ അതിന് കൂട്ടു നില്ക്കുന്നു. ഈ നില മാററണം.

ശ്രീ. അയ്യപ്പൻ പഴയാർമ്പണി: ഒരു പോയിൻറ ആഫ് ആർഡർ കരിങ്കാലി എന്നുപറഞ്ഞാൽ ആരാണ്?

ശ്രീ. ആർ. സുഗതൻ: കരിങ്കാലികൾ എന്നുപറഞ്ഞാൽ ഞാൻ മനസ്സിലാക്കുന്നതു്, തൊഴിലാളികളെ രക്ഷിക്കാനെന്നുള്ള വ്യാജേന തൊഴിലാളികളുടെ ഇടയിൽ കടന്നുകൂടി അവരുടെ താല്പര്യത്തെ ജന്മിമുതലാളി വർഗ്ഗത്തിന് ഒററു കൊടുക്കുന്നവരും, പണിമുടക്കിനെതിരായി കുത്തിത്തിരിപ്പുണ്ടാക്കുന്നവരും എന്നാണ്. എതായാലും ഈ തരക്കാർ ആരെങ്കിലും ഈ സഭയിൽ ഉണ്ടോ എന്ന് അന്വേഷിക്കാൻ ഗവമ്മെൻറ് ഒരു കമ്മിററിയെ ഏർപ്പെടുത്തണം. അടിയന്തിരപ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ഒ. സി. നൈനാൻ: ഈ പ്രമേയത്തിൽ പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നതു്. നാം എല്ലാവരും നിയമത്തേയും സമാധാനത്തേയും സ്നേഹിക്കുന്നവരാണ്. നിയമവും സമാധാനവും നമ്മുടെ രാജ്യത്തു് വളരെ ആവശ്യമായിരിക്കുന്നതാണ്. അതിനു ഭംഗംവരുത്തിയാൽ നാട്ടിൽ ജീവിക്കുന്നതിനുതന്നെ അസാദ്ധ്യമായിത്തീരുന്നതാണ് എന്നു ഞാൻ പറയേണ്ട ആവശ്യമില്ല. ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന രണ്ടു സംഗതികളെസംബന്ധിച്ചു ഞാൻ അല്പം സൂചിപ്പിച്ചുകൊള്ളട്ടെ.

ഒന്നാമതു പറഞ്ഞിരിക്കുന്നതു് കായംകുളം തൊഴിലാളിസമരം സംബന്ധിച്ചു് ഇന്നലെ ൫൦ ട്രെയിഡ്‌യൂണിയൻ പ്രവർത്തകരെ അറസ്റ്റ്ചെയ്തു് എന്നും അതിൽനിന്നും ഉളവായിരിക്കുന്ന പരിതസ്ഥിതിയെ സംബന്ധിച്ചു പര്യാലോചിക്കേണ്ടതാണെന്നുമാണ്. ഇതേ സംബന്ധിച്ചു ബഹുമാനപ്പെട്ട നിയമമന്ത്രി പ്രസ്താവിച്ചതു് അൻപതുപേരെ അറസ്റ്റ്ചെയ്തില്ലയെന്നും അദ്ദേഹത്തിന്റെ അന്വേഷണത്തിൽ ഇന്നലെ ൨൫ പേരെ മാത്രമേ അറസ്റ്റ്ചെയ്തിട്ടുള്ളു എന്നും, അങ്ങനെ അറസ്റ്റ്ചെയ്ത ൨൫ പേരെയും വിട്ടയച്ചു എന്നും അവരെ സംബന്ധിച്ചുള്ള കേസുകളും അവസാനിച്ചു എന്നും ആണ്. അതിനു വിപരീതമായി എതൃപക്ഷത്തുനിന്നും യാതൊരു തെളിവും യാതൊരു സമാധാനവും പറയുന്നതു കേട്ടില്ല. എന്നാൽ കേസ് അവസാനിച്ചില്ല എന്നു പറയുന്നതു് കേട്ടു.

ശ്രീ. പി. ഭാസ്കരൻ നായർ: അറസ്റ്റ്ചെയ്യവരെ ഏ ഒ ദിവസത്തേക്ക് ശിക്ഷിച്ചു എന്നാണറിയുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: അവരെ ശിക്ഷിച്ചിരിക്കും. എന്നാൽ അവരുടെ പേരിലുള്ള കേസ് ഡിസ്പോസ് ചെയ്തുകഴിഞ്ഞ സ്ഥിതിക്ക് ആ പരിതഃസ്ഥിതി അവസാനിച്ചുകഴിഞ്ഞു. എന്നാൽ അടിയന്തിരപ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു്, അറസ്റ്റ്ചെയ്തതിൽവച്ചുണ്ടായിരിക്കുന്ന പരിതഃസ്ഥിതിയെപ്പററി പര്യാലോചിക്കണമെന്നാണ്. അവരെ അറസ്റ്റ് ചെയ്തു; അതു് ശരിയാണ്. എന്നാൽ അവരുടെ പേരിലുള്ള കേസ് സംബന്ധിച്ചാണ് അറസ്റ്റ്ചെയ്തിരിക്കുന്നതു്. കേസിന്റെ പ്രശ്നമല്ല ഇവിടെ പ്രമേയത്തിൽ പറയുന്നതു്. എന്നാൽ അറസ്റ്റ്ചെയ്തതിൽനിന്നും ഉണ്ടായ പരിതഃസ്ഥിതിയെപ്പററിയാണ് അറസ്ററും അടുത്തപടിയായ കഴിഞ്ഞ പ്രമേയത്തിൽ പറയുന്ന ഒരു പരിതഃസ്ഥിതി ഇന്നു നിലവിലില്ല.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻനായർ: അറസ്റ്റ്ചെയ്തതിനെ സംബന്ധിച്ചാണ് അടിയന്തിരപ്രമേയം.

**Mr. Speaker:** Such sort of butting in cannot be allowed. If hon. Members want to put questions, they may do so, but they cannot so but in.

ശ്രീ. ഒ. സി. നൈനാൻ: അവരെ അറസ്റ്റ്ചെയ്തു; അതിനുശേഷം ശിക്ഷിച്ചുകഴിഞ്ഞു. ആ സ്ഥിതിക്കു ശിക്ഷിച്ചതുമൂലമുള്ള പരിതഃസ്ഥിതികളെപ്പററിആലോചിക്കുവാൻ, എന്നാണ് പറയേണ്ടിയിരുന്നതു്. അവിടെ തൊഴിലാളികൾ സാധനങ്ങൾ എടുത്തുമാററുന്നതിനു വിസമ്മതിച്ചു എന്നും ജോലിചെയ്യുന്നതിനുവന്ന വേറെ സാധുക്കളായ തൊഴിലാളികളെ ജോലിചെയ്യുന്നതിനനുവദിച്ചില്ല എന്നും അവരെ ഭയപ്പെടുത്തിയെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. ഇങ്ങനെ സംഭവിക്കുന്നതു് ഈ തൊഴിലാളി സംഘടനകളെ ആരോ പ്രേരിപ്പിച്ചതിന്റെ ഫലമായിട്ടാണ്. ഇങ്ങനെ നിയമലംഘനം ഉണ്ടാകുമ്പോൾ ഗവമെൻറ് എന്താണ് ചെയ്യേണ്ടതു്. നിയമം ലംഘിച്ചതിനു ആരെയും അറസ്റ്റ്ചെയ്യുകയോ ശിക്ഷിക്കയോ ചെയ്യരുതെന്നാണോ പറയുന്നതു്. നിലവിലിരിക്കുന്ന ഗവമെൻറിനു ഇങ്ങനെ ഉണ്ടാകുന്നപക്ഷം ബലം പ്രയോഗിച്ചെങ്കിലും സമാധാനം പാലിക്കേണ്ടതല്ലേ? അതിനു അധികാരമുള്ള ഉദ്യോഗസ്ഥന്മാർ നിയമപ്രകാരം ഇടപെട്ടു. അതു് കുററകരമാകുമോ; ആക്ഷേപകരമാകുമോ, എന്നു ഞാൻ ചോദിക്കുന്നു. ഇങ്ങനെയുള്ളകാര്യങ്ങൾ സംബന്ധിച്ചു ഉൽഭൂതമായിട്ടുള്ള പരിതഃസ്ഥിതിയെപ്പററി പര്യാലോചിക്കണമെന്നു പറഞ്ഞാൽ എനിക്കുപറയാനുള്ളതു്, ഇതിൽനിന്നും ഒരു പരിതഃസ്ഥിതിയും ഉൽഭൂതമാകുന്നില്ല എന്നാണ്.

രണ്ടാമതു പറഞ്ഞതു് മുതലാളിമാരുടെ പ്രത്യേക താല്പര്യമനുസരിച്ചു് പൊതുയോഗങ്ങൾ ഏ ഒ ദിവസത്തേക്കു നിരോധിച്ചുകൊണ്ടു് കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് പുറപ്പെടുവിച്ച നിരോധന ഉത്തരവിനെപ്പററിയാണ്. അവിടുത്തെ മുതലാളിമാരുടെ പ്രത്യേക താല്പര്യമനുസരിച്ചാണ് നിരോധനാജ്ഞ പുറപ്പെടുവിച്ചതെന്നു പറഞ്ഞിരിക്കുന്നു. ചരക്കുകൾ വരുത്തുന്നതും, വന്നുകഴിഞ്ഞാൽ കരയ്ക്കു് ഇറക്കുന്നതും എല്ലാം മുതലാളിമാരുടെ ആവശ്യമാണ്. അപ്പോൾ മുതലാളിമാരുടെ ആവശ്യമനുസരിച്ചാണ് ഈ കുഴപ്പങ്ങൾഉണ്ടാക്കുന്നതെന്നോ, അതിന്റെഫലമായിനിരോധനാജ്ഞ

[Shri O. C. Ninan]

പുറപ്പെടുവിക്കേണ്ടിവന്നതെന്നോ പറയുന്നതിൽ വലിയ യുക്തികാണുന്നില്ല. നേരെമറിച്ച്, ചില രാഷ്ട്രീയാവശ്യനിർവ്വഹണത്തിനുവേണ്ടി ചിലരുടെ പ്രേരണയനുസരിച്ചു തൊഴിലാളികളെ അവരുടെ വശത്താക്കി അവരെ ചൂഷണംചെയ്യുതിന്റെ പ്രത്യാഘാതഫലമായിട്ടാണ് അവിടെ സമാധാനലംഘനത്തിനിടവന്നതു് എന്നു വിചാരിക്കുവാനാണ് കൂടുതൽ ന്യായമുള്ളതു്. അതല്ല, മുതലാളിമാരുടെ ആവശ്യമനുസരിച്ചാണ് എന്നു പറയുന്നതിൽ വല്ല പരമാർത്ഥവുമുണ്ടെങ്കിൽ, അതിനെ അടിസ്ഥാനമാക്കി എന്തെങ്കിലും തെളിവുതരുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് പല മെമ്പറന്മാരും ഇവിടെ പ്രസംഗിച്ചു. ഒരൊറ്റമെമ്പർക്കുപോലും അതിലേക്കു ഒരു തെളിവുപോലും തരുവാനില്ലായിരുന്നു. അങ്ങനെ ഒരു തെളിവുമില്ലാതെ മുതലാളിമാരുടെ പ്രേരണയനുസരിച്ചാണ് ഈ ഉത്തരവുണ്ടായതെന്നു പറയുന്നതു് നമുക്കെങ്ങനെ വിശ്വസിക്കാം?

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒരു പോയിന്റ് ആഫ് ആർഡർ. ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ നിരോധനാജ്ഞയുടെ ന്യായാന്യായതയെപ്പറ്റി ആരും പരാമർശിക്കരുതെന്നു സ്പീക്കറുടെ റൂളിങ് ഉണ്ടായനിലക്കു് ബഹു. മെമ്പർ ഇപ്പോഴും ആ ഭാഗത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു് സംസാരിക്കുന്നതു് ശരിയാണോ എന്നറിഞ്ഞാൽകൊള്ളാം.

**Mr. Speaker:** The hon. Member is a lawyer and he must know the relevancy.

ശ്രീ. ടി. വി. തോമസ്: അതിനു മറുപടി പറയുവാനുള്ള സൗകര്യം ഞങ്ങൾക്കും തരുമോ?

**Mr. Speaker:** He is speaking not on the merits of the order promulgated by the District Magistrate. He wants to show whether the District Magistrate had promulgated the order at the instance of the capitalists. The hon. Member is inviting trouble.

ശ്രീ. എം. ഗോപാലൻ നായർ: മുതലാളിമാരുടെ പ്രേരണ അനുസരിച്ചാണ് ഡിസ്ട്രിക്ട്മജിസ്ട്രേട്ട് നിരോധനാജ്ഞ പുറപ്പെടുവിച്ചതു് എന്നുള്ളതിനു് തെളിവുതരുവാനുള്ള സന്ദർഭം ഞങ്ങൾക്കും തരുമോ?

**Mr. Speaker:** The discussion on this matter should be without reference to the legality or illegality of the order promulgated by the District Magistrate. If that is not possible in the House such motions will have to be disallowed.

ശ്രീ. ഒ. സി. നൈനാൻ. ഡിസ്ട്രിക്ട്മജിസ്ട്രേട്ട് പാസാക്കിയിട്ടുള്ള നിരോധന ഉത്തരവിന്റെ ഗുണദോഷങ്ങളെസംബന്ധിച്ചു ഈ വാദപ്രതിവാദത്തിൽ ഉൾപ്പെടുത്തരുതെന്നു് സ്പീക്കർ റൂൾചെയ്തതു് ഞാൻ ഓർക്കുന്നുണ്ടു്. അതിനെ ആദരിച്ചുകൊണ്ടുതന്നെയാണ് എന്റെ പ്രസംഗത്തിൽ ഞാൻ ആ ഭാഗത്തെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതു്. ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ ഉത്തരവിനു അടിസ്ഥാനമായിട്ടുള്ള കാരണത്തെസംബന്ധിച്ചാണ് ഞാൻ പറഞ്ഞതു്. ആ കാരണത്തെപ്പറ്റി എനിക്കൊന്നും പറഞ്ഞുകൂടെന്നില്ല. ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ ആർഡറിനെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്. ആ ആർഡർ ഉണ്ടാകുന്നതിനുള്ള പരിതഃസ്ഥിതികളെസംബന്ധി

ച്ചു ഈ പ്രമേയത്തിൽ പറഞ്ഞിട്ടുണ്ട്. ആ പരിതഃസ്ഥിതികൾ എത്രമാത്രം ശരിയാണെന്നു ചർച്ചചെയ്യുന്നതു ഒരിക്കലും റൂളിംഗിനു വിപരീതമായിരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. വി. തോമസ്: ആ പരിതഃസ്ഥിതികളെപ്പററി മറുപടി പറയുവാൻ ഞങ്ങൾക്കും അവകാശമുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: സർ, അങ്ങനെ മുതലാളിമാരുടെ പ്രേരണ അനുസരിച്ചു നിരോധനാജ്ഞ പുറപ്പെടുവിച്ചു എന്നു കാണിക്കുവാൻ യാതൊരു തെളിവും ഇല്ലാതിരിക്കുന്നസ്ഥിതിക്കു....

ശ്രീ. ടി. വി. തോമസ്: തെളിവു തരുവാൻ ഞങ്ങൾ തയാറാണു്.

ശ്രീ. ഒ. സി. നൈനാൻ: ഇതുവരെ തന്നിട്ടില്ലാത്ത സ്ഥിതിക്കു മയ്യാദയ്ക്കു ആ ആരോപണം പിൻവലിക്കുകയാണുവേണ്ടതു്. അതു ചെയ്യാതിരിക്കുന്നിടത്തോളംകാലം അതിനെ എതൃക്കുവാൻ ഈ ഭാഗത്തെ മെമ്പറന്മാക്കു പരിപൂണ്ണമായ അവകാശമുണ്ട്.

ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടു സാധാരണഗതിയിൽ അദ്ദേഹത്തിന്റെ ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം നിയമസമാധാനങ്ങൾ പാലിക്കുന്നതിനുള്ള ചുമതലക്കാരനാണു്. ആരുടെയും പ്രേരണകൂടാതെ വേണമെങ്കിൽ തനിയെതന്നെ ഉത്തരവു പാസാക്കുവാനുള്ള അധികാരം അദ്ദേഹത്തിനുണ്ട്. അങ്ങനെയൊരു ഉത്തരവു പുറപ്പെടുവിക്കേണ്ട ആവശ്യത്തെ കാണിച്ചുകൊണ്ടു ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ അയച്ചിട്ടുള്ള റിപ്പോർട്ടിനെക്കൂടി അടിസ്ഥാനമാക്കിക്കൊണ്ടായിരിക്കും സാധാരണ ഉത്തരവു പുറപ്പെടുവിക്കാറുള്ളതു്. എന്നാൽ ഈ കേസിൽ അങ്ങനെയല്ല ഉണ്ടായതെന്നും പോലീസ് റിപ്പോർട്ടിനുപുറമെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുതന്നെ സ്ഥലത്തുപോയി അന്വേഷണം നടത്തിയതിനുശേഷമാണ് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതെന്നും ബഹുമാനപ്പെട്ട നിയമമന്ത്രി ചെയ്ത പ്രസംഗത്തിൽ നിന്നും നമുക്കു മനസിലാക്കുവാൻ സാധിക്കും. അപ്പോൾ അദ്ദേഹത്തിനു് ബോദ്ധ്യംവന്നിട്ടുള്ള കായ്യങ്ങളെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണമല്ലൊ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്. ആ ഉത്തരവിനെസംബന്ധിച്ചു ആക്കെങ്കിലും സങ്കടമുണ്ടെങ്കിൽ അതിനെ അസ്ഥിരപ്പെടുത്തുന്നതിനു് നിയമപ്രകാരം അപ്പീൽ മുതലായ മററു വഴികളുമുണ്ട്. നിയമപ്രകാരമുള്ള ആ വഴികളിൽക്കൂടി എങ്ങും പോകാതെ, ഈ വളഞ്ഞ വഴികളിൽക്കൂടി പോകുന്നതിനു ഒരിക്കലും ഒരുത്തക്കും അവകാശമില്ല. ഈ നിയമസഭയിലൊ, അല്ലെങ്കിൽ ഇതിന്റെ മുൻഗാമികളായിരുന്ന നിയമസഭകളിലൊ പാസാക്കപ്പെട്ടിട്ടുള്ള നിയമങ്ങളാണു ക്രിമിനൽ നടപടിനിയമവും പോലീസു ആക്ടും. ഈ നിയമങ്ങളെ ആശ്രയിച്ചുകൊണ്ടായിരിക്കണം, ഡിസ്ട്രിക്ട് മജിസ്ട്രേട്ടു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്. ആ ഉത്തരവിൽ എന്തെങ്കിലും സ്ഖലിതങ്ങളോ ന്യായക്കേടുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ നിയമപ്രകാരംതന്നെ അതു ശരിപ്പെടുത്താവുന്നതുമാണു്. അതിനു തുനിയാതെ, ഈ സഭയിൽ വന്നു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെമേൽ അപ്പീൽ അധികാരമുണ്ടെന്നുള്ളനിലയിൽ ഇങ്ങനെയൊരു പ്രമേയം അവതരിപ്പിച്ചു് വാദപ്രതാദം നടത്തുകയല്ല വേണ്ടതു്.

[Shri O. C. Ninan]

ഈ ഉത്തരവിന്റെ കോപ്പി നമ്മുടെ മുമ്പാകെ വച്ചിട്ടില്ല. അങ്ങനെ ഉത്തരവില്ലാതെ അതിനെപ്പററി പര്യാലോചിക്കണമെന്നു പറയുന്നതു തത്വത്തിനുതന്നെ തെററാണ്. പക്ഷെ ഇതിന്റെയൊക്കെ അടിയിൽ കിടക്കുന്നതു ഇതൊന്നുമല്ല. സാധാരണയായി തൊഴിലാളികളെക്കൊണ്ടു കുഴപ്പം ഉണ്ടാക്കിക്കേണ്ടതു ചിലരുടെ ആവശ്യമായികാണുന്നുണ്ടു്. തൊഴിലാളികളല്ല ഈ കുഴപ്പത്തിനുത്തരവാദികൾ. അവരുടെ പിന്നിൽ നില്ക്കുന്ന കുറെ ആളുകളാണ്. തൊഴിലാളികൾ പാവങ്ങളാണ്, അവർക്കു സംരക്ഷണംവേണം എന്നുംമററും എതിർഭാഗത്തുനിന്നും കുറെ അധികം പ്രസംഗിക്കുന്നതു ഞാൻ കേട്ടു. തൊഴിലാളികൾക്കു മാത്രമല്ല സംരക്ഷണംവേണ്ടതു്, മുതലാളികൾക്കും സംരക്ഷണംവേണം. ഇരുകൂട്ടർക്കും സംരക്ഷണം ആവശ്യമാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ. ഈ ധാരണ കായംകുളത്തുനിന്നും കിട്ടിയതാണോ?

ശ്രീ. ഒ. സി. നൈനാൻ: കായംകുളത്തുനിന്നും കിട്ടിയതാണ്. അവിടത്തെ തൊഴിലാളികളുടെ ഇടയിൽനിന്നും കിട്ടിയിട്ടുള്ളതാണ്. അടുത്തകാലത്തു് ഞാൻ കായംകുളത്തു പോയപ്പോൾ അവിടെ മുതലാളികളും തൊഴിലാളികളുംതമ്മിൽ സ്വൈരമായി ജീവിക്കുന്നതു കണ്ടു. അപ്പോൾ അവർതമ്മിൽ കുഴപ്പമൊന്നുമില്ല. ഇപ്പോൾ കുഴപ്പം ഉണ്ടായതിനുള്ള കാരണം മാന്യസ്നേഹിതന്മാരായ ചില രാഷ്ട്രീയപ്രവർത്തകന്മാർ അവരുടെ രാഷ്ട്രീയാവശ്യങ്ങൾക്കുവേണ്ടി തൊഴിലാളികളെ ഇളക്കി, അവരെ തെററായ വഴിയിൽ ചാടിച്ചു് അവരെക്കൊണ്ടു ബലപ്രയോഗംചെയ്യിക്കുവാൻ പ്രേരിപ്പിച്ചതാണ്. ൧൫ ദിവസത്തേയ്ക്കു് പൊതുയോഗം കൂടുന്നതിനെ മാത്രമാണ് ഡിസ്ട്രിക്ട് മജിസ്ട്രേട്ടു നിരോധിച്ചിട്ടുള്ളതു്. അവർക്കു തൊഴിലാളിസംഘടനകൾ ഉണ്ടെങ്കിൽ ആ സംഘടനയുടെ ഒരു യോഗംകൂടുന്നതിനൊ, കമ്മററിയോഗംകൂടുന്നതിനൊ അവരുടെ നേതാക്കന്മാർക്കു ലേബർ ഉദ്യോഗസ്ഥന്മാരും മററുമായുള്ള സമ്പർക്കം പുലർത്തുന്നതിനൊ ഒരു വിരോധവുമില്ല.

ശ്രീ. ആർ. സുഗതൻ: ആ സൗകര്യങ്ങൾകൂടി തടയേണ്ടതാണെന്നു ബഹുമാനപ്പെട്ട മെമ്പർക്കു അഭിപ്രായമുണ്ടോ?

ശ്രീ. ഒ. സി. നൈനാൻ. അതൊന്നും തടഞ്ഞിട്ടില്ലെന്നേ ഞാൻ പറഞ്ഞുള്ളു. പൊതുയോഗങ്ങൾ വിളിച്ചുകൂട്ടുന്നതെന്തിനാണ്? തൊഴിലാളികളെ ഇളക്കി കൂടുതൽ ബലപ്രയോഗങ്ങൾ നടത്തുന്നതിനും വഴക്കുണ്ടാക്കുന്നതിനും ചില സ്നേഹിതന്മാർ ഒരുങ്ങിയേക്കുമെന്നും അതുകൊണ്ടു കൂടുതൽ അത്യാഹിതങ്ങൾക്കു ഇടയാകുമെന്നും ഡിസ്ട്രിക്ട് മജിസ്ട്രേട്ടു വിചാരിച്ചുവെങ്കിൽ അതിൽ എന്തുതെററാണുള്ളതു്? പൊതുയോഗം ൧൫ ദിവസത്തേയ്ക്കുമാത്രമെ നിരോധിച്ചിട്ടുള്ളു. അതുകൊണ്ടു ട്രെയിഡ് യൂണിയൻകാർക്കുപോലും വലിയ ഉപദ്രവം ഉണ്ടാകാനിടയില്ല. മുതലാളിമാരുടെ കൈയ്യിലാണ് ഇവിടത്തെ പോലീസുകാർ എന്നു മറുഭാഗത്തുനിന്നും പറഞ്ഞുകേട്ടു. ഇവിടെയുള്ള പോലീസുകാർ, അല്ലെങ്കിൽ ചുമതലയുള്ള മററുദ്യോഗസ്ഥന്മാർ, ഒന്നോ രണ്ടോ, നാലോ മുതലാളിമാരുടെ കയ്യിൽ അകപ്പെട്ടുപോകത്തക്കവണ്ണം നമ്മുടെ രാജ്യത്തെ ഉദ്യോഗസ്ഥന്മാർ അത്ര

അധഃപതിച്ചുപോയോ എന്നു ഞാൻ ചോദിക്കുന്നു. എന്റെ അറിവു ശരിയാണെങ്കിൽ, ഇവിടത്തെ താഴ്ന്നനിലയിലുള്ള പോലീസുദ്യോഗസ്ഥന്മാർ മിക്കവാറും അടുത്തകാലത്തു ഐക്യമുന്നണിക്കാരുടെ പ്രസംഗങ്ങൾകൊണ്ടും അവരുടെ രാഷ്ട്രീയപ്രാബല്യം വർദ്ധിച്ചുവരുന്നതുകണ്ടും തൊഴിലാളികളുടെ വശംചേർന്നില്ക്കുകയാണു ചെയ്യുന്നതു്. അല്ലാതെ മുതലാളിമാരുടെ സംരക്ഷണത്തിനായി അവർ യാതൊന്നും ചെയ്യുകാണുന്നില്ല.

ഒരു കാര്യംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. കായംകുളത്തിരിക്കുന്ന സർക്കിൾ ഇൻസ്പെക്ടരെസംബന്ധിച്ചു ഒന്നുരണ്ടു മെമ്പറന്മാർ ഇവിടെ സംസാരിക്കുന്നതു കേട്ടു. എനിക്കദ്ദേഹത്തെ പരിചയമുണ്ടു്. അദ്ദേഹം യാതൊരു കറപ്ഷനുമില്ലാത്ത ഒരു നല്ല ഉദ്യോഗസ്ഥനാണെന്നുള്ളവിവരം എനിക്കു നേരിട്ടറിയാവുന്നതാണു്. എന്നാൽ ന്യായരഹിതമായിട്ടോ, സമാധാനലംഘനം ഉണ്ടാക്കത്തക്കവിധത്തിലോ, ആരെങ്കിലും പ്രവർത്തിക്കുകയാണെങ്കിൽ മുതലാളിമാരായാലുംശരി, തൊഴിലാളികളായാലുംശരി, രാഷ്ട്രീയപ്രവർത്തകനായാലുംശരി, നിയമസഭാമെമ്പറായാലുംശരി അദ്ദേഹം വകവെയ്ക്കുകയില്ല. അവരുടെ പേരിൽ നടപടികൾ നടത്തുന്നതിനു അദ്ദേഹം മടിക്കുകയുമില്ല.

അതുകൊണ്ടു ഈ പ്രമേയത്തിനു ഇവിടെ ഒരു സാംഗത്യവുമില്ല. കേവലം രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി, തൊഴിലാളികളുടെ രക്ഷിതാക്കളാണു തങ്ങളെന്നു പ്രത്യക്ഷപ്പെടുത്താൻവേണ്ടിമാത്രം, മുതലാളിമാരുടെ കാര്യമാണു് മററുള്ളവർ പറഞ്ഞതെന്നു വരുത്താൻവേണ്ടിമാത്രം കൊണ്ടുവന്ന ഒരു പ്രഹസനമാണു് നാം ഇവിടെ കണ്ടതു്.

**Mr. Speaker:** The word 'പ്രഹസനം' is not parliamentary.

ശ്രീ. ഒ. സി. നൈനാൻ: രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി എന്നു തിരുത്താവുന്നതാണു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഓർഡറിനെപ്പററി ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിക്കുന്നതു ശരിയാണോ?

**Mr. Speaker:** The Speaker is alive; he is not sleeping.

ശ്രീ. ഒ. സി. നൈനാൻ: അതുകൊണ്ടു ഈ 'പ്രമേയം അംഗീകരിക്കുന്നതിനുള്ള യാതൊരു ന്യായവും കാരണവും ഞാൻ കാണുന്നില്ല. യുക്തിപൂർവ്വം ആലോചിച്ചാൽ ഇങ്ങനെയൊരു പ്രമേയം ഇവിടെ അവതരിപ്പിക്കുവാനുള്ള യാതൊരു പ്രസക്തിയുമില്ല. പ്രസക്തമായ ഭാഗങ്ങൾ മാത്രം പര്യാലോചിക്കപ്പെടുവാനാണു് നമ്മൾ തയാറാകേണ്ടതു്. അതുകൊണ്ടു പ്രസക്തമായ ഭാഗങ്ങളെപ്പററിമാത്രം തീരുമാനിക്കുകയും മററുള്ളതെല്ലാം ചവററുകുട്ടയിൽ തള്ളുകയും ചെയ്യേണ്ടതാണു്.

**[1 PM] Mr. Speaker:** As it is 1 PM., is the House agreeable to sit and continue the discussion or adjourn for lunch now and meet after 2 PM?

*(The House agreed to continue the debate.)*

വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: സർ, ഈ പ്രമേയത്തിന്റെ വെളിച്ചത്തിൽ ഒരു കാര്യം പ്രത്യേകം ഊന്നിപ്പറയണമെന്നു ഞാൻ വാഞ്ഛിക്കുന്നു. കായംകുളത്തു നടന്നുകൊണ്ടിരിക്കുന്ന പൊതുയോഗനിരോധനം

[Shri V. R. Krishnan Ezhuthassan]

സംബന്ധിച്ച് ആലോചിക്കുമ്പോൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് എടുത്ത നടപടികൾക്കു തക്കതായ ന്യായമുണ്ടോ, ഇല്ലയോ എന്ന സംഗതി നിശ്ചയമായും പ്രസക്തമാണ്. ഈ സഭയിൽ ഉന്നയിക്കപ്പെട്ട വസ്തുതകൾ വച്ചു നോക്കുമ്പോൾ അങ്ങിനെ ഒരു നടപടി എടുക്കാൻ ന്യായമായ ഒരു പരിതസ്ഥിതി അവിടെ ഉണ്ടായിട്ടുണ്ടെന്നു ഊഹിക്കാവുന്നതാണ്. ഈ പ്രമേയത്തിന്റെ അവതാരകൻ ഇവിടെ പ്രതിപാദിച്ച സംഗതികളിൽനിന്നും, കായംകുളത്തു നടന്നുവന്ന പണിമുടക്കിനെ സംബന്ധിച്ചിടത്തോളം നിയമപരമായി ചില നടപടികൾ എടുക്കേണ്ട അവസരം ഉണ്ടായിട്ടുണ്ടെന്നും, ബഹുമാനപ്പെട്ട മെമ്പറിന്റെ കണക്കനുസരിച്ച് ൫൦—൬൦ ആളുകളെ അറസ്റ്റുചെയ്തുവെന്നും, അല്ലെങ്കിൽ ഗവർമ്മെന്റിന്റെ റിപ്പോർട്ടനുസരിച്ച് ൨൫ പേരെ അറസ്റ്റു ചെയ്തുയും അവരുടെ പേരിൽ എടുക്കേണ്ട നടപടികൾ എല്ലാം എടുക്കയും ചെയ്തു എന്നും ഉള്ളതിൽനിന്നു അവിടെ അത്യന്തം ഗൗരവാവഹമായ ചില സംഗതികൾ നടന്നിട്ടുണ്ട് എന്ന് അനുമാനിക്കാവുന്നതാണ്. നേരെമറിച്ച് പോലീസ് ക്രമരഹിതമായ ഈ കാര്യത്തിൽ ഇടപെട്ട് എന്തെങ്കിലും അനീതികൾ ചെയ്തിട്ടുണ്ടെന്നു ഊഹിക്കാൻ ന്യായമില്ല എന്നുകൂടി ഈ സഭയെ ഞാൻ ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളേയും തൊഴിലാളി നേതാക്കന്മാരേയും പോലീസ് അറസ്റ്റുചെയ്തു കോടതിയിൽ ഹാജരാക്കി കാലവിളംബമെന്യേ അവരുടെ കേസ് ശരിയായനിലയിൽ വിചാരണചെയ്തു അവരെ ശിക്ഷിച്ചു എന്നു ഇവിടെ പറയുകയുണ്ടായി. ഇത്രയും ആളുകളുടെപേരിൽ ഒരു നടപടി എടുക്കാൻതക്കവണ്ണം ഒരു പരിതസ്ഥിതിയുണ്ടായെങ്കിൽ അതു നിശ്ചയമായും ശ്രദ്ധേയമായ ഒരു കാര്യമാണ്. മാത്രമല്ല, ഇത്രയും ആളുകളെ ശിക്ഷിക്കത്തക്കവണ്ണം അവർ എന്തെങ്കിലും കുററം ചെയ്തിട്ടുണ്ടെന്നും മനസ്സിലാക്കാൻ സാധിക്കും. അവയെന്താണെന്നും, എത്രത്തോളം ഗൗരവാവഹമായിരുന്നുവെന്നും, ശിക്ഷയുടെ സ്വഭാവം എങ്ങിനെയാണെന്നും, അതു് ഒഴിവാക്കാൻ വല്ല നടപടിയും എടുക്കാൻ സാധിച്ചോ എന്നും ഉള്ള വിവരങ്ങൾ ഇവിടെ വ്യക്തമല്ല. എങ്കിലും കായംകുളത്തു ചില നിയമലംഘന നടപടികൾ ഉണ്ടായിയെന്നും അവ കേവലം നിസ്സാരങ്ങളല്ല എന്നും, മേലാലും അവിടെ ഈമാതിരി എന്തെങ്കിലും ഉണ്ടാകുമെന്നു ശങ്കിക്കാനിടയുണ്ട് എന്നുംമററും ഇവിടെനടന്ന വാദപ്രതിവാദങ്ങളിൽ നിന്നും മനസ്സിലാക്കാൻകഴിയും.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: പല വിഭാഗത്തിൽപെട്ട തൊഴിലാളികൾക്കും ബോണസ്സുകൊടുക്കുന്നില്ലെന്നും അതിനു അവക്ക് അവകാശമുണ്ടെന്നും മെമ്പറിനറിയാമൊ?

ശ്രീ. വി. ആർ. കൃഷ്ണൻഎഴുത്തച്ഛൻ: ഈ ചോദ്യത്തിനു ഇവിടെ പ്രസക്തിയുണ്ടെന്നു എനിക്കു തോന്നുന്നില്ല. എങ്കിലും ബോണസ്സിനെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾക്കു അവകാശമില്ലെന്നു ഞാൻ പറയുന്നില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: കായംകുളത്തുള്ള മുതലാളിമാർ തൊഴിലാളികൾക്കു ബോണസ്സ് കൊടുക്കുന്നില്ലെന്നറിയാമൊ?

ശ്രീ. വി. ആർ. കൃഷ്ണൻഎഴുത്തച്ഛൻ: എനിക്കു സൂക്ഷ്മമായി അറിയാൻ പാടില്ല. ബോണസ്സിനു തൊഴിലാളികൾക്കു ന്യായമായ അവകാശവും

അർഹതയും ഉണ്ടായിരുന്നാൽ സമാധാനപരമായി, നിയമപരമായി, എന്തെല്ലാമാണൊ ചെയ്യാനുള്ളതു് അവയൊക്കെ ചെയ്യേണ്ടതാണു്. ആ രീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരും അവരോടു് അനുകൂലിക്കുമായിരുന്നുവെന്നാണു് എനിക്കു തോന്നുന്നതു്. തൊഴിലാളിപ്രശ്നത്തെ ഇന്നത്തെ ഗവൺമെൻറു ഒരു അനുകൂലമനസ്ഥിതിയോടുകൂടിയാണു വീക്ഷിക്കുന്നതെന്നും എനിക്കു അറിയാം. തൊഴിലാളികൾ ബോണസ്സിനുവേണ്ടിമാത്രം സംഘടിച്ചു് സമരംചെയ്താൽ അതിൽ പോലീസു നടപടിയൊ കോടതി നടപടിയൊ ഉണ്ടാകുമെന്നു വിചാരിക്കാൻ അശേഷം ന്യായമില്ല. എന്നാൽ ബോണസ്സിനുവേണ്ടിയുള്ള സമരമായാലുംകൊള്ളാം, മററവകാശങ്ങൾക്കുവേണ്ടിയുള്ള സമരമായാലുംകൊള്ളാം, ഒരു സ്ഥലത്തുള്ള തൊഴിലാളികളൊ, അല്ലെങ്കിൽ ഏതെങ്കിലും കക്ഷിയിൽപെട്ട സംഘടനയുടെ നേതൃത്വത്തിൽപെട്ട തൊഴിലാളികളൊ, നേതാക്കന്മാരൊ അക്രമപൂർവ്വമായ നടപടികൾകൊണ്ടല്ലാതെ മററ യാതൊരു ഉപാധികൊണ്ടും കാര്യം സാധിക്കാൻ വഴിയില്ലെന്നു വിചാരിക്കുന്നുവെങ്കിൽ എനിക്കു അവരോടു അനുഭാവമല്ല ഉള്ളതു്.

<u>ശ്രീ. ടി. ടി. കേശവൻശാസ്ത്രി</u>: സമരം എന്ന വാക്കിൻെറ സാക്ഷാൽ അർത്ഥം എന്താണെന്നറിയാമൊ?

<u>ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ</u>: അതിൻെറ വ്യുൽപത്തിയോ മൂലമോ എന്താണെന്നു എനിക്കറിഞ്ഞുകൂടാ. നാട്ടിൽ ഇപ്പോൾ ഈ പദപ്രയോഗം സർവ്വസാധാരണമായിരിക്കയാണു്. ഈ സഭതന്നെ ഉടലെടുത്തിട്ടുള്ളതു് ഒരു സമരത്തിൻെറ ഫലമായിട്ടാണു്.

<u>ശ്രീ. ടി. ടി. കേശവൻശാസ്ത്രി</u>: സമരം എന്ന വാക്കിൻെറ അമരത്തിലെ അർത്ഥം യുദ്ധം എന്നാണെന്നറിയാമോ?

<u>ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ</u>: ആയിരിക്കാം. സർ, അങ്ങിനെ തൊഴിലാളികൾ ന്യായമായ ഒരു സമരമാണു് നടത്തിക്കൊണ്ടിരുന്നതു് എന്നു് അനുമാനിക്കാൻ നിവൃത്തിയില്ല. പ്രത്യേകിച്ചും കായംകുളത്തെ സംഭവത്തെപ്പററി പറയുകയാണെങ്കിൽ, തൊഴിലാളികളും നേതാക്കന്മാരുമായി സമാധാനഭഞ്ജകമായ ഒരു പരിതസ്ഥിതിയുണ്ടാക്കിയതായിട്ടാണു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ഇങ്ങിനെയിരിക്കെ ഈവിധം പ്രവൃത്തികളെ തടയുന്നതിനുവേണ്ടി നിയുക്തനായ ഉദ്യോഗസ്ഥനെ വിലക്കണമെന്നു ഈ നിയമസഭ നിർദ്ദേശിക്കുന്നതു ശരിയല്ല. കൊല്ലം ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം സമാധാനം പാലിക്കാൻ ചുമതലപ്പെട്ട അവിടത്തെ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് ഈ പണിമുടക്കിൻേറയും അക്രമപ്രവൃത്തികളുടേയും നാനാവശങ്ങളെപ്പററി അന്വേഷിച്ചും നേരിട്ടറിഞ്ഞും അദ്ദേഹത്തിനു സത്യാവസ്ഥ ബോദ്ധ്യംവന്നതിൻെറ ഫലമായിട്ടു് അദ്ദേഹത്തിൻെറ വിവേചനബുദ്ധി ഉപയോഗിച്ചു് ഒരു കല്പന പുറപ്പെടുവിച്ചുവെങ്കിൽ അതിനെ ചോദ്യംചെയ്യാൻ ഈ നിയമസഭക്കു യാതൊരു അവകാശവുമില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഈ നിരോധന ഉത്തരവു് അദ്ദേഹം പുറപ്പെടുവിക്കാതിരുന്നാൽ, ഒരു പക്ഷത്തെ കുറെ ആളുകൾ അവരുടെ അവകാശത്തിനുവേണ്ടിയും മറുപക്ഷത്തെ ആളുകൾ അവരുടെ അവകാശത്തിനുവേണ്ടിയും കൂട്ടിമുട്ടുന്നതിൽനിന്നും ഉണ്ടാകാവുന്ന അരക്ഷി

[Shri V. R. Krishnan Ezhuthassan]

ത്താവസ്ഥക്ക് ഉത്തരം പറയേണ്ടിവരിക ഈ ഉദ്യോഗസ്ഥനാണ്. അതുകൊണ്ട് ഒരു കല്പന അദ്ദേഹം പുറപ്പെടുവിച്ചുവെന്നതിൽ അതിനെ കുററപ്പെടുത്താവുന്നതല്ല. പക്ഷെ, ഈ ഉത്തരവുമൂലം അവിടെ എന്തൊക്കെയൊ സംഭവിച്ചിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമായിരിക്കാം. അവിടെ പലതരത്തിലുള്ള സംഘടിത തൊഴിലാളികളുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. കമ്മ്യൂണിസ്റ്റുകാർ മാത്രമല്ല, ആർ. എസ്. പി. സോഷ്യലിസ്റ്റ്, കെ. എസ്. പി. തുടങ്ങിയവരും ഇവരിൽപെടാത്ത മററു തൊഴിലാളികളും ഈ രംഗത്തിറങ്ങി പ്രവർത്തിച്ചുതായിട്ടാണ് അറിയുന്നതു്. രാഷ്ട്രീയമായി ഈ കക്ഷികളിൽ ഓരോരുത്തരും അഹമഹമികയാ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളി സേവനത്തിന്റെ ഫലമായിട്ടു രാജ്യം പുരോഗമിക്കയാണെങ്കിൽ ഗവമെന്റും ജനങ്ങളും അവരോടു കൃതജ്ഞരാകേണ്ടതാണെന്നുള്ളതിൽ തർക്കമില്ല. അതല്ലാ, അവരുടെ പ്രവർത്തനംകൊണ്ടു രാജ്യത്തു സമാധാനലംഘനമാണുണ്ടാകുന്നതെങ്കിൽ അതിന്റെ ഫലം അവർ അനുഭവിക്കാതെയും തരമില്ല. അവരുടെ സ്വന്തം പ്രതിനിധികൾക്കുതന്നെ തങ്ങളുടെ പ്രവർത്തനം കൊണ്ടുനടക്കാൻ സാധിക്കാത്തവണ്ണം ഉണ്ടായിട്ടുള്ള പരിതസ്ഥിതിയിൽ ഇപ്പോൾ കുഴങ്ങേണ്ടിവരുന്നുവെങ്കിൽ അവരെക്കുറിച്ചു് അനുശോചിക്കാനെ തരമുള്ളു. എന്നാൽ അണ്ടർഗ്രൌണ്ടിലും മററും വളരെയധികം പ്രവർത്തിക്കാനുള്ള പരിശീലനവും കഴിവും ഉള്ള ഇവരുടെ നേതാക്കന്മാർ ഈ ൪൮ ദിവസംവരെ സഹിച്ചു് വെറുതെയിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നില്ല. ഈ നാട്ടിലെ അക്രമപ്രസക്തരല്ലാത്ത കുറെ ആളുകളുടെ പൗരാവകാശത്തെ രക്ഷിക്കുവാനായി ആ പൗരാവകാശത്തിന്റെ പേരിൽ മററു കുറേപേർ നടത്തുന്ന പൗരാവകാശ നിഷേധത്തിൽ ഇടപെട്ട ഈ ഉദ്യോഗസ്ഥന്റെ പ്രവൃത്തി ആകപ്പാടെ നോക്കിയാൽ, തെററാണെന്നു ഈ സഭക്കു കരുതാൻ ന്യായമില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അക്രമത്തിൽ വിശ്വസിക്കാത്തവരുടെ പൗരാവകാശ സംരക്ഷണത്തിനുവേണ്ടി വെറും ൪൮ ദിവസത്തേക്കുമാത്രം നിരോധന ഉത്തരവു പുറപ്പെടുവിക്കുന്നതിൽഭേദം ഒരു സ്ഥിരമായ നിരോധന ഉത്തരവു കൊടുക്കുകയല്ലേ നല്ലതു്?

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: അങ്ങിനെ സ്ഥിരമായ ഒരു നിരോധന ഉത്തരവു കൊടുക്കാൻ ഈ നാട്ടിൽ ഒരു ഉദ്യോഗസ്ഥനും സാധിക്കയില്ല.

സർ, ഞാൻ മേൽപറഞ്ഞ കാരണങ്ങളാൽ ഈ പ്രമേയത്തെ എതിർക്കയാണു ചെയ്യുന്നതു്.

ശ്രീ. ടി. എം. വർഗ്ഗീസ്: സർ, ഈ പ്രമേയത്തിന്റെ പ്രയോക്താവു്, ചെയറിൽനിന്നും പുറപ്പെടുവിച്ച റൂളിംഗ് അനുസരിച്ചു്—

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, a point of order. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ൧൪൪-ാംവകുപ്പു പ്രയോഗിച്ചിരിക്കുന്നതു് അദ്ദേഹത്തിന്റെ സ്വന്തം അന്വേഷണഫലമായുള്ള അറിവുവച്ചുകൊണ്ടോ അല്ലെങ്കിൽ പോലീസ് ഉദ്യോഗസ്ഥന്മാരുടെ അന്വേഷണഫലമായിട്ടുള്ള അറിവു വച്ചുകൊണ്ടോ?

**Mr. Speaker:** It is not a point of order. If so, it has to be raised to the Chair for a ruling. Now the hon. Member is seeking for information only. In the course of the Minister's reply he will explain all those matters.

**Shri N. Raghava Kurup:** Sir, it is a pointed question. I am asking the Minister.

ശ്രീ. ടി. എം. വർഗ്ഗീസ്: അന്വേഷണഫലമായി അവർക്കു കിട്ടിയിരിക്കുന്ന അറിവ് അവരിൽനിന്നും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് ലഭിച്ചിരിക്കും. തീർച്ചയായും പോലീസ് ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തിയിരിക്കും. എന്നാൽ അദ്ദേഹത്തിന് സർവ്വപ്രധാനമായി അറിയുവാനുണ്ടായിരുന്ന സംഗതികൾ അദ്ദേഹംതന്നെ സ്ഥലത്തുചെന്ന് നേരിട്ടന്വേഷിച്ചു. അതിനുശേഷമുണ്ടായിട്ടുള്ള ഉത്തരവാണത്.

**Mr. Speaker:** I would draw the attention of the House that this discussion started at 11-35 a. m. and it automatically closes at 1-35 p. m. The Minister has barely 5 minutes to speak and in fairness he must be allowed to say what he has to say on this matter.

ശ്രീ. ടി. എം. വർഗ്ഗീസ്: സർ, ഞാൻ ആദ്യമായി പ്രസ്താവിക്കണമെന്നുദ്ദേശിക്കുന്നത് ഈ പ്രമേയത്തിന്റെ പ്രയോക്താവിന് അദ്ദേഹത്തിന്റെ അവകാശങ്ങളെപ്പററി നല്ലപോലെ അറിയാമെന്നുള്ളതാണ്. ചെയറിൽനിന്നുണ്ടായ നിർദ്ദേശം അനുസരിച്ച് ഈ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് പുറപ്പെടുവിച്ച ഉത്തരവ് ആരുടെ പ്രേരണകൊണ്ടാണെന്ന അർത്ഥം വരത്തക്കവിധത്തിൽ പ്രമേയത്തിന്റെ വാചകത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അങ്ങനെ ഒന്നും കണ്ടില്ല. സാധാരണ ഗതിയിൽ എനിക്കു നല്ലപോലെ അറിയാവുന്ന ആളാണ് പ്രമേയാവതാരകൻ. അദ്ദേഹം അറിഞ്ഞുകൊണ്ട് വല്ലതും ചെയ്യുകയല്ലാതെ അറിയാതെ അബദ്ധങ്ങൾ ഒന്നും ചെയ്യുകയില്ല. ഈ പ്രമേയത്തിന്റെ പ്രധാനകാര്യം ഗവർമ്മെന്റ് പൊതുജനങ്ങളെയാണോ നോക്കേണ്ടത് അതോ അക്രമംകൂടി പ്രവർത്തിക്കുന്ന സംഘടനയെയാണോ നോക്കേണ്ടത് എന്നുള്ളതാണ്. എണ്ണത്തിൽ കൂടുതലുള്ള തൊഴിലാളികൾ അവരുടെ താല്പര്യസംരക്ഷണത്തിനുവേണ്ടി വ്യവസായത്തേയും കച്ചവടത്തേയും തടയാൻ ശ്രമിക്കുന്നപക്ഷം ഗവർമ്മെന്റ് മിണ്ടാതെ നോക്കിയിരിക്കുകയാണോ വേണ്ടത് എന്നുള്ളതിന് ഉത്തരം ഈ സഭ പറയണം. സാധുക്കളായ ആളുകൾക്ക് രക്ഷ കൊടുക്കുക എന്നുള്ളതാണ് മിസ്റ്റർ സ്പീക്കറുടേയും ഗവർമ്മെന്റിന്റേയും ഉത്തരവാദിത്വബോധമുള്ള എല്ലാ ആളുകളുടേയും ചുമതല. സാധുക്കളെ രക്ഷിക്കുകയും നിസ്സാരന്മാരായ ആളുകൾക്ക് വേണ്ട സഹായം ചെയ്യുകയും തൊഴിലില്ലാത്തവർക്ക് തൊഴിലുണ്ടാക്കിച്ചു കൊടുക്കുകയും വീടില്ലാത്തവർക്ക് വീടുണ്ടാക്കിച്ചു കൊടുക്കുകയും വസ്ത്രം ഇല്ലാത്തവർക്ക് വസ്ത്രം കൊടുക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ഏതെങ്കിലും സംഘടന ചെയ്യുകയാണെങ്കിൽ ആ സംഘടനയെ ആരും എതിർക്കുവാൻ സാദ്ധ്യമല്ല. ഏതെങ്കിലും ഉല്പാദന മാർഗ്ഗങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി, വ്യവസായമായാലും കച്ചവടമായാലും, ന്യായമായ മാർഗ്ഗത്തിൽകൂടി, ന്യായമായ ഉദ്ദേശത്തോടുകൂടി, പ്രവർത്തിക്കുന്ന സംഘടനകളേയും ആരും എതിർക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ന്യായമായ മാർഗ്ഗങ്ങളിൽകൂടി തൊഴിലാളികളുടെ കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള സംഘടന വ്യവസ്ഥാപിതമായ മാർഗ്ഗം ഉപേക്ഷിച്ച്

[Shri T. M. Varghese]

അക്രമപരമായ മാർഗ്ഗത്തിൽകൂടി പ്രവർത്തിക്കുകയാണെങ്കിൽ ഈ പ്രമേയം ഇവിടെ പാസ്സാക്കിയാലും ഇല്ലെങ്കിലും ഗവമ്മെൻറ് തക്കതായ പൗരുഷത്തോടും തൻേറടത്തോടുംകൂടി രാജ്യരക്ഷയെ മുൻനിറുത്തി ആ അക്രമങ്ങളെ ഇല്ലായ്മ ചെയ്യുന്നതാണ്. എതെങ്കിലും സംഘടനകൾ വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽകൂടിയല്ലാതെ നാട്ടിൽ അക്രമവും അസമാധാനവും ബഹളവും ഉണ്ടാക്കുകയാണെങ്കിൽ അതിനെ തൻേറടത്തോടുകൂടി നേരിട്ട് ഇല്ലായ്മ ചെയ്യാതെ ഗവമ്മെൻറ് വെറുതെ നോക്കിനില്ക്കുകയാണോ വേണ്ടത് എന്നുള്ള കാര്യം സഗൗരവമായി ചിന്തിക്കേണ്ടതാണ്. ഏതു സംഘടനയായാലും ഏതു വ്യക്തി ആയാലും രാജ്യത്ത് അസമാധാനവും അക്രമവും ഉണ്ടാക്കുന്നതായാൽ ഈ ഗവമ്മെൻറ് ചുമതലാബോധത്തോടുകൂടി അതിനെ അമർച്ചചെയ്യുന്നതാണ്. ഈ നാട്ടിലെ ജനങ്ങൾക്കു സമാധാനപരമായി ജീവിക്കുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടത് ഗവമ്മെൻറിൻെറ കടമയാണ്. അതാണ് ഇങ്ങനെയുള്ള കരുതൽ നടപടികൾ എടുക്കുന്നതിന് ഗവമ്മെൻറിനെ പ്രേരിപ്പിച്ചിട്ടുള്ളത്. അവിടെ ചാക്ക് ചുമക്കുന്ന തൊഴിലാളികൾ പണിമുടക്കി. അപ്പോൾ മുതലാളി വേറെ ആളുകളെ കൊണ്ടുവന്നു ചാക്കു ചുമപ്പിച്ചു. ഒരാൾ ചാക്കു ചുമന്നു കൊണ്ടുപോകുന്ന സമയത്ത് പിന്നിൽകൂടിവന്ന് അയാളെ ആരോ ആക്രമിച്ചു, കഠിനമായി ദേഹോപദ്രവം ഏല്പിച്ചു. വള്ളത്തിൽനിന്ന് വളരെ അധികം സാധനങ്ങൾ കരയ്ക്കു ഇറക്കുന്നതിനും ചില സാധനങ്ങൾ വള്ളത്തിൽ കയററുന്നതിനും ഉണ്ടായിരുന്നതിനാൽ ആണ് മുതലാളി വേറെ ആളുകളെ ജോലിക്കുവേണ്ടി കൊണ്ടുവന്നത്. അങ്ങനെ ജോലിചെയ്തിരുന്ന ആളുകളുടെ മേൽ അക്രമം പ്രയോഗിച്ചു. മുതലാളിയുടെ ആരോപണങ്ങൾ എല്ലാം ശരിയാണോ എന്നു ഞാൻ നോക്കിയിട്ടില്ല. അങ്ങനെ അക്രമം അവിടെ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു് തെററാണ് എന്നാണു എനിക്കു പറയുവാനുള്ളത്. ഇങ്ങനെ ബലം പ്രയോഗിക്കുന്നതിൽ ശ്രദ്ധിക്കാതിരിക്കുവാൻ ഗവമ്മെൻറിന് സാദ്ധ്യമല്ല. ബോണസ്സ് കൊടുക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതിന് അല്ലെങ്കിൽ അതിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ തീർക്കുന്നതിന് വ്യവസ്ഥാപിതമായിട്ടുള്ള വേറെ വഴികൾ ഉണ്ട്. ഇവിടെ ലേബർ കമ്മീഷണർ ഉണ്ട്. ഗവമ്മെൻറ് ഉണ്ട്. അവർ അതിൽ വേണ്ടതു് പ്രവർത്തിച്ചില്ലെങ്കിൽ അവരെക്കൊണ്ടു പ്രവർത്തിപ്പിക്കുവാൻ വേറെ വഴികൾ ഉണ്ട്.

ശ്രീ. ടി. വി. തോമസ്: അസിസ്റ്റൻറ ലേബർകമ്മീഷണർ അവർക്കു ബോണസ്സ് കൊടുക്കുവാൻ പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. എം. വർഗ്ഗീസ്: അസിസ്റ്റൻറ ലേബർ കമ്മീഷണർ കൊടുക്കുവാൻ പറഞ്ഞതു് കൊടുത്തില്ലെങ്കിൽ അതു് വാങ്ങുന്നതിനു വേറെ വഴികൾ ഉണ്ട്. ഈ ൧൪൪–ാംവകുപ്പിനെക്കുറിച്ച് ചില തെററിദ്ധാരണകൾ ഉണ്ട്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് അദ്ദേഹത്തിന് കിട്ടുന്ന അറിവു വച്ചുകൊണ്ടു ൧൪൪–ാംവകുപ്പുപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാം. അതിന് ഗവമ്മെൻറിൻെറ അറിവോ സമ്മതമോ ആവശ്യമില്ല. അതിനെക്കുറിച്ച് ഗവമ്മെൻറിനു അദ്ദേഹത്തോടു ചോദിക്കേണ്ട ആവശ്യമില്ല. ചോദിക്കുവാൻ ഗവമ്മെൻറ പുറപ്പെട്ടാൽ അദ്ദേഹം ആ ഉദ്യോഗം വിട്ടു പോകുവാൻ തയാറാകും.

ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അദ്ദേഹത്തിന്റെ അധികാരംവച്ചുകൊണ്ടു പുറപ്പെടുവിക്കുന്ന ഉത്തരവു മൂലം ആർക്കെങ്കിലും സങ്കടമുണ്ടെങ്കിൽ അവർ പോയി ഹർജികൊടുത്താൽ അതു മാററാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ പറയുകയുണ്ടായി ഗവണ്മെന്റ് അറിയാതെ അങ്ങനെയുള്ള ഒരു കാര്യവും നടക്കുകയില്ലെന്നു്. ഗവണ്മെന്റിനു് അവകാശമില്ലാത്ത കാര്യങ്ങളിൽ ഇടപെടരുതെന്നു് അദ്ദേഹവും ഇപ്പോഴത്തെ മന്ത്രിസഭയിലുള്ള ചില ആളുകളും ചേന്ദു് മുമ്പ് പ്രതിഷേധിച്ചിട്ടുള്ളതു് മറന്നിരിക്കാൻ ഇടയില്ല. ഗവണ്മെന്റിന്റെ ആജ്ഞ അനുസരിച്ചാണു് ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഉത്തരവു പുറപ്പെടുവിച്ചതെന്ന അർത്ഥം വരത്തക്കനിലയിൽ അദ്ദേഹം പറഞ്ഞതു ശരിയല്ല. എന്റെ സ്നേഹിതൻ ശ്രീ. ദിവാകരൻ പ്രസ്താവിച്ചു, ഇങ്ങനെയുള്ള കാര്യങ്ങളിലൊന്നും ഗവണ്മെന്റ് ഇടപെടരുതെന്നു്. അതു ശരിയാണെന്നു് എനിക്കു തോന്നുന്നില്ല.. ബോണസ്സ് കിട്ടാൻ അവകാശമുണ്ടെങ്കിൽ അതു കിട്ടണം. പത്തിനു് പന്ത്രണ്ടാണു് കൊടുക്കുന്നതെങ്കിൽ ഗവണ്മെന്റിനു് വിരോധമില്ല. എന്നാൽ പത്തു് എന്നുള്ളതു് ഒൻപതു് എന്നാക്കിയാൽ അതു പാടില്ലെന്നു ഗവണ്മെന്റു പറയും. മാത്രമല്ല അങ്ങനെ ആക്കരുതെന്നു് നിർബന്ധിക്കുവാൻ ഗവണ്മെന്റ് തയാറാകുകയും ചെയ്യും. ന്യായമായുണ്ടാകേണ്ട കാര്യങ്ങൾ നടക്കാതിരിക്കാൻ ഗവണ്മെന്റ് ഗവണ്മെന്റായിരിക്കുന്നിടത്തോളം കാലം അനുവദിക്കുന്നതല്ല. ഈ മന്ത്രി വന്നതിനു ശേഷമാണു് ഇങ്ങനെയൊക്കെ നടക്കുന്നതെന്നു് പറഞ്ഞാൽ ഞാൻ അതു കൃതാർത്ഥതയോടുകൂടി സ്വീകരിക്കും. എന്നാൽ ഈ മന്ത്രി വന്നതിനു ശേഷമാണു് ഈ അക്രമങ്ങൾ നടക്കുന്നതെന്നു പറയുന്നതു് തെററാണു്. ന്യായമായി നടക്കേണ്ട കാര്യങ്ങൾ നടത്തുകതന്നെ ചെയ്യും. ഈ സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഈ സഭയുടെ ഗാഢമായ ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിക്കുന്നതിനും ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ചെയ്തതു തെററാണെന്നോ ശരിയാണെന്നോ പറയണമെങ്കിൽ കാര്യങ്ങൾ പലതും അറിയേണ്ടതുണ്ടു്. ഇൻസ്പെക്ടർ ജനറൽകൂടി അവിടെ പോയാണു് അറസ്റ്റ് നടത്തിയതെന്നു പറയുന്നതു തെററാണു്. ശ്രീ. നൈനാൻ പറഞ്ഞതിൽ ചിലതു തെററാണു്. അന്നു് ൨൫ പേരെ അറസ്റ്റ് ചെയ്തു. അവരിൽ ചിലരെ ശിക്ഷിച്ചു. എത്രപേരെ എങ്ങനെ ശിക്ഷിച്ചു എന്നു് നല്ല നിശ്ചയമില്ല. പിന്നീടു ൩൬ പേരെ അറസ്റ്റ് ചെയ്തിരുന്നു. അവരുടെ പേരിലുള്ള കേസുകൾ എന്തുതന്നെയായിരുന്നാലും ഒരു ജോലിയും അവിടെ നടക്കാതിരിക്കത്തക്കവണ്ണമുള്ള ചില പ്രവൃത്തികൾ ഉണ്ടായിട്ടുണ്ടു്. പത്തിരുപതു കരുപ്പെട്ടി വാങ്ങിക്കൊണ്ടുപോയ ഒരാളെ ഭയപ്പെടുത്തി തിരിച്ചു് ആ കടയിൽ ആ കരുപ്പെട്ടി കൊണ്ടുപോയി കൊടുപ്പിക്കുകയുണ്ടായി എന്നറിയുന്നു. തെററായ ധാരണയിൽ അവരെ പ്രേരിപ്പിച്ചതായിരുന്നാലും ബഹുമാനപ്പെട്ട ഈ സഭയിലെ അംഗങ്ങൾ അവരെ തിരുത്തുമെന്നു വിശ്വസിക്കുന്നു. ആരുടേയും അവകാശങ്ങളെ ധ്വംസിക്കുന്ന പ്രവൃത്തി ആരും ചെയ്യരുതെന്നു് നിർബന്ധിക്കേണ്ടതു് ഏതു സംഘടനയിൽപ്പെട്ട ആളുകളുടേയും ചുമതലയാണു്. ന്യായരഹിതമായ മാർഗ്ഗങ്ങളിൽക്കൂടി പ്രവർത്തിക്കുന്നതു് ശരിയല്ലെന്നും കച്ചവടവും വ്യവസായവും ഈ നാട്ടിൽ നടക്കേണ്ടതാണെന്നും ഈ സംഘത്തിൽപ്പെട്ട തൊഴിലാളി നേതാക്കന്മാരോടു് ബഹുമാനപ്പെട്ട സഭയിലെ അംഗങ്ങൾ ഉപദേശിക്കേണ്ടതാണു്. അങ്ങ

[Shri T. M. Varghese]

നെയാണെങ്കിൽ തീർച്ചയായും ഇങ്ങനെയുള്ള നിരോധന ഉത്തരവുകൾ ഉണ്ടാകാൻ പോകുന്നില്ല. നാം സ്നേഹിക്കുന്ന രാജ്യത്തെയും നമ്മെ വിശ്വസിച്ച് ഇവിടെ അയച്ചിരിക്കുന്ന പൊതുജനങ്ങളുടെ രക്ഷയേയും സുരക്ഷിതമാക്കാനുള്ള കർത്തവ്യം നമ്മുടേതാണ്. ഈ കർത്തവ്യം ഭംഗിയായി നിർവ്വഹിക്കുന്നതിന് എനിക്ക് എന്നുമാത്രം ആത്മാർത്ഥതയുണ്ടോ അത്ര മുഴുവൻ ഉപയോഗപ്പെടുത്തുമെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പർമാരെ അറിയിച്ചുകൊള്ളുന്നു.

**Mr. Speaker:** Order, order. The session of the Assembly will stand adjourned *sine die.*

*The Assembly adjourned sine die at 1-35 p. m.*

V. KRISHNAMOORTHI

*Secretary to the Legislative Assembly*

# APPENDIX A

## Questions and Answers laid on the Table

(The numbers within brackets indicate the serial numbers in the list of admitted questions for the respective dates of which the questions were posted) *

### Starred Questions posted for answer on 25-3-1952

**ഹരിജൻ വിദ്യാൎത്ഥികൾ**

*൧൧൦. (൧൩) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. അവശസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ഈക്കൊല്ലം പ്രൈമറി സ്കൂളുകളിലും ലോവർ സെക്കൻഡറി സ്കൂളുകളിലും കൊല്ലാരംഭത്തിൽ ഉണ്ടായിരുന്ന ഹരിജൻ വിദ്യാൎത്ഥികളിൽ ആരെങ്കിലും പഠിപ്പു നിറുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രപേരുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

വളരെ സ്കൂളുകളിൽനിന്നും വിവരം അറിയേണ്ടതുകൊണ്ട് ഉത്തരം തയാറായിട്ടില്ല. കണക്കുകൾ ശേഖരിക്കുന്നുണ്ട്.

**ഹരിജൻ വിദ്യാൎത്ഥികൾ**

*൧൧൬. (൧൪) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. അവശസമുദായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഹരിജൻ വിദ്യാൎത്ഥികളിൽ ഈക്കൊല്ലത്തെ ഗവമ്മെൻറാനുകൂല്യങ്ങൾ ഇതുവരെ കിട്ടാത്തവർ വല്ലവരും ഉണ്ടോ? ഉണ്ടെങ്കിൽ എത്രപേരുണ്ട്?

(ബി) ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ കൊടുത്തു തീർത്ത അവസാന തീയതി ഏതു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ, ബി) ഉണ്ട്. പ്രധാനമായി ഇനിയും കൊടുക്കുവാനുള്ളതു് കൊച്ചി വിഭാഗത്തിൽപ്പെട്ട പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്കാണ്. ഏകദേശം ഇരുപതിനായിരം കുട്ടികൾക്കു കൊടുക്കുവാനുണ്ട്.

---

*The answers herein published are in respect of questions which were included in the lists for previous days of the session but for which answers were not ready on the respective days and were furnished subsequently Such answers together with the questions to which they relate were laid on the Table.

### ബസ്സുകളിൽ യാത്രക്കൂലി

*൨൨൨. (൩൩) ശ്രീ. പരീതു രാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി പ്രൈവറ്റ് ബസ്സുകളിൽ യാത്രക്കൂലി വർദ്ധിപ്പിച്ചിട്ടുള്ളതു് ഗവമെന്റ് അനുവാദത്തോടുകൂടിയാണോ;

(ബി) യാത്രക്കൂലി വർദ്ധിപ്പിച്ചതിൽ പൊതുജനങ്ങൾ പ്രതിഷേധിച്ചിട്ടുണ്ടോ?

(സി) ചാർജ്ജ് കുറക്കുന്നതിനു് ഗവമെന്റ് വല്ല നടപടിയും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) അല്ല.

(ബി) ചില റൂട്ടുകളിൽ യാത്രക്കൂലി വർദ്ധിപ്പിച്ചതിനെ സംബന്ധിച്ചു് പരാതി കിട്ടിയിട്ടുണ്ടു്.

(സി) ഗവമെന്റ് ക്ലിപ്തപ്പെടുത്തിയിട്ടുള്ള ചാർജ്ജിൽ കൂടുതൽ വസൂലാക്കാതിരിക്കുവാൻ വേണ്ട നടപടികൾ എടുക്കുന്നുണ്ടു്.

### കല്ലട ആററിലെ വെള്ളം

*൨൨൩. (൪൦) ശ്രീ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുനലൂർ പേപ്പർ മില്ലിൽ നിന്നും അശുദ്ധജലം കല്ലട ആററിലേയ്ക്കു തുറന്നുവിടുന്നതുകൊണ്ടു് ആററിലെ വെള്ളം ഉപയോഗശൂന്യമാംവണ്ണം മലിനപ്പെടുന്നുവെന്നും സമീപപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ആരോഗ്യത്തെ അതു സാരമായി ബാധിക്കുന്നുവെന്നും കാണിച്ചു് ഗവമെണ്ടിനു പരാതി കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു എന്തു നടപടി എടുത്തു?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) പരാതി കിട്ടിയിട്ടുണ്ടു്.

(ബി) പൊതുജനാരോഗ്യ വകുപ്പിൽ നിന്നു അന്വേഷണം നടത്തുകയും പരാതിയ്ക്കു ഹേതുവായ കാരണങ്ങളുടെ നിവാരണത്തിനു വേണ്ടുന്ന നടപടികൾ കൈക്കൊള്ളണമെന്നു് മിൽ അധികൃതന്മാരോടു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്.

### ക്ഷയരോഗാശുപത്രി

*൨൨൪. (൪൧) ശ്രീ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്ഷയരോഗാശുപത്രിയിൽ കിടക്കുന്ന രോഗികൾക്ക് അനുവദിച്ചിട്ടുള്ള ആഹാരസാധനങ്ങൾ അവർക്കു മുഴുവനും ലഭിക്കുന്നില്ലെന്ന ഗവമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

(ബി) അവിടത്തെ കൺട്രാക്ടറെപ്പററി രോഗികളുടെ പരാതി ലഭിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഇല്ല.

(ബി) ഉവ്വ്.

## വെള്ളക്കരം

*൨൨൫. (൪൨) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി ജലസേചന വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) തൃവണംകോട്ട മേജർസ്കീം നമ്പർ ൧. ബി. എം. കനാൽ നിലങ്ങളുടെ നിരപ്പിൽനിന്നും താഴ്ന്നു കിടക്കുന്നതുകൊണ്ട് നിലങ്ങളിൽ വെള്ളം കിട്ടുന്നില്ലെന്നും മററും കാണിച്ച് മാണിക്കമംഗലം പകുതി മററൂർ നിവാസികളുടെ വല്ല ഹരജിയും ലഭിച്ചിട്ടുണ്ടോ;

(ബി) അങ്ങിനെ നിലങ്ങളിൽ വെള്ളം കിട്ടാതെ കൃഷി നശിച്ചുപോയതായി ഗവമ്മെൻറിൻെറ അറിവിൽ പെട്ടിട്ടുണ്ടോ;

(സി) എന്നാൽ അപ്രകാരമുള്ള ഹരജികൾ ലഭിച്ചശേഷവും അധികൃതർ അതു് ശരിപ്പെടുത്തിക്കൊടുക്കുവാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) അതിനെക്കുറിച്ച് അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്.

(സി) അതിന് ആവശ്യമായ അന്വേഷണങ്ങൾ നടത്തിവരികയാണ്.

## ഇറിഗേഷൻ പമ്പുകൾ

*൨൨൬ (൪൩) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിയും, ജലസേചനവും വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) വെള്ളാരപ്പള്ളിയിൽ ഭക്ഷ്യോല്പാദന വികസനത്തിനുവേണ്ടി ഇറിഗേഷൻ പമ്പുകൾ സ്ഥാപിക്കുന്നതിനും, തോടുകൾ വെട്ടിക്കുന്നതിനുമായി വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) അന്വേഷണത്തിൽ ഇരിക്കുകയാണ്.

## MOTOR ACCIDENTS

*227. [46] **Shri M. M. Abdul Kader:** Will the Minister for Police and Jails be pleased to state:

(*a*) the number of motor accidents within the Alwaye Police Station limits in 1951;

(*b*) the number of such accidents resulting in deaths to pedestrains;
(*c*) the number of cases charged in this connection;
(*d*) in how many such accidents resulting death or injury to pedestrains all insurance claims were paid;

*Minister for Home Affairs* **(Shri T. M. Varghese):**

(*a*) 30.
(*b*) 6.
(*c*) 19.
(*d*) Nil.

## ബയൻറിംഗ് തൊഴിലാളികൾ

*൨൨൮ (൪൮) ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സ്റ്റേഷനറി പ്രിൻറിംഗ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഗവമ്മെൻറ് പ്രസ്സിൽ (തിരുവനന്തപുരം) ജോലിചെയ്യുന്ന പെർമനൻറ് തൊഴിലാളികൾ എത്ര; ടെമ്പററി തൊഴിലാളികൾ എത്ര?

(ബി) ബയൻറിംഗ് സെക്ഷനിൽ എത്ര സബ്സ്റ്റിററ്യൂട്ടുകൾ ഉണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പെർമനൻറ് ൯൧.
ടെമ്പററി ൧൩.
(ബി) ൩.

## കുത്തകപ്പാട്ടം

*൨൯ (൫൩) ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) കെയർ—ടേക്കർ ഗവമ്മെൻറ് വന്നതിൽ പിന്നെ ഗവമ്മെൻറ് ഭൂമി ആർക്കെങ്കിലും കുത്തകപ്പാട്ടത്തിന് കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആകെ എത്ര ഏക്കർ;

(സി) അങ്ങനെ ഒരു വ്യക്തിക്ക് ഏററവും കൂടുതൽ കൊടുത്തിട്ടുള്ളത് എത്ര ഏക്കറാണ്?

(ഡി) അതിൻെറ കാലാവധി എത്ര വർഷമാണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.
(ബി) ൧൨ ൭·൦൯ ഏക്കർ.
(സി) ൧൨·൯ ൦ ഏക്കർ.
(ഡി) ൧൨ കൊല്ലം.

## അടൂർ കുഷ്ഠരോഗാശുപത്രി

*൨൩൦. (൬൬) ശ്രീ. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അടൂർ കുഷ്ഠരോഗാശുപത്രിയിൽ എത്ര രോഗികൾക്ക് താമസസൌകര്യമുണ്ട്;

(ബി) ഇപ്പോഠം ആ ആശുപത്രിയിൽ എത്ര രോഗികളുണ്ട്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൯ ൧ ൦.
(ബി) ൩ ൧ ൦.

## SACHIVOTHAMAPURAM COLONY

***231.** [66] **Shri N. Raghava Kurup :** Will the Minister for Harijan Uplift and Protection of Backward Communities be pleased to state whether any hon. Member of this Assembly draws any pay or allowance from the Sachivothamapuram colony, at Kuruchi and if so the amount of such pay or allowance ?

*Minister for Local Self Government* (**Shri K. Kochukuttan**) **:** No hon. Member of the Legislative Assembly is receiving any pay or allowance from the Sachivothamapuram colony at Kuruchi. But Shri T. T. Kesavan Sastri, Hony. Educational Officer in the Department for the Advancement of Backward Communities, is receiving a consolidated conveyance allowance of Rs. 75 p. m. from the Department.

## പബ്ലിക്ക് സർവ്വീസ്

*൨൩൨ (൬൭) ശ്രീ. എം. ഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങഠംക്ക് ബഹുമാനപ്പെട്ട പബ്ലിക്ക സർവ്വീസ് കമ്മീഷൻ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:—

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ലോവർ ഡിവിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുടെ എണ്ണം എത്ര;

(ബി) ഇതിൽ എത്രപേർക്ക് ജോലികൊടുത്തിട്ടുണ്ട്;

(സി) ഇനി എത്രപേർക്ക് ജോലികഠം കൊടുക്കാനുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൬൪൫൦.
(ബി) ൨൫൪.
(സി) ൪൫൯൨.

## സർവ്വീസ് സംയോജനം

*൨൩൩ (൬൮) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങഠംക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ:—

(എ) സർവ്വീസ് സംയോജനം സംബന്ധിച്ച് ഇവിടെ സെക്രട്ടറിമാരെക്കൊണ്ടോ അസിസ്റ്റൻറ് ഡെപ്യൂട്ടി സെക്രട്ടറിമാരെക്കൊണ്ടോ എന്തെങ്കിലും റിപ്പോർട്ടുകഠം ഉണ്ടാക്കിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം;

(സി) ഏതെല്ലാം തീയതികളിലാണ് അവ ഉണ്ടാക്കിച്ചത്?

(ഡി) അവ ഓരോന്നിന്മേലും ഗവമ്മെൻറ് എന്തു നടപടികളെടുത്തു;

(ഇ) ഈ റിപ്പോർട്ടുകഠം ഏതെങ്കിലും ഇൻഡ്യാ ഗവമ്മെൻറിൻെറ അഭിപ്രായത്തിന അയയ്ക്കുകയുണ്ടായിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തെ സംബന്ധിച്ച് ഇൻഡ്യാഗവമെന്റിൽ നിന്നും എന്തെങ്കിലും അഭിപ്രായങ്ങൾ ഇവിടെ ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉവ്വ്. അഡീഷനൽ ഫൈനാൻസ് സെക്രട്ടറി ആയിരുന്ന ശ്രീ. ജി. കെ. ഗോപാലസ്വാമിയെക്കൊണ്ട്.

(ബി) ഒന്ന്.

(സി) ൧൯൫൦-ജൂൺമാസത്തിൽ.

(ഡി) ശ്രീ. ഗോപാലസ്വാമിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവീസ് സംയോജനത്തിനുവേണ്ടി ചില തത്വങ്ങൾ സ്വീകരിക്കുകയും ആ തത്വങ്ങൾ ൧൯൫൦ സെപ്റ്റമ്പർ ൨൭-ാംനു-യിലെ എസ്സ്. ൫. ൧൨,൩൭൫/൪൯ സി. എസ്സ്.-ാംനമ്പർ ഗവമെന്റ് കല്പനയിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു.

(ഇ) ഉവ്വ്.

(എഫ്) ഉവ്വ്.

## കുന്നത്തൂർ താലൂക്കിലെ എലക്ട്രിസിറ്റി സപ്ലൈ

*൨൩൪. (൨൦) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുന്നത്തൂർ താലൂക്കിൽ അടൂർ എന്ന സ്ഥലത്തേക്ക് എലക്ട്രിസിറ്റി സപ്ലൈ ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതുസംബന്ധിച്ച് എന്തെങ്കിലും ജോലി പുരോഗമിച്ചിട്ടുണ്ടോ;

(സി) അടൂർനിന്നും അനന്ദപള്ളി, പറക്കോട്, ഏനാത്ത് എന്നീ വ്യവസായ കേന്ദ്രങ്ങളിലേക്ക് എലക്ട്രിസിറ്റി നീട്ടിക്കിട്ടണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ന്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ട്.

(ബി) 'എ' യുടെ ഉത്തരംകൊണ്ട് ഉദിക്കുന്നില്ല.

(സി) അനന്ദപള്ളി, പറക്കോട് ഈ കേന്ദ്രങ്ങളിലേക്ക് വിദ്യുച്ഛക്തി ലൈൻ നീട്ടുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഏനാത്തേയ്ക്കു വിദ്യുച്ഛക്തി നീട്ടണമെന്നുള്ള നിവേദനം കിട്ടിയിട്ടില്ല.

(ഡി) പറക്കോട്ടേക്കുള്ള ഹർജി ൧൯൫൦ ആഗസ്റ്റ് ൨൩-ാംനു-യിലും അനന്ദപള്ളിയിലേക്കുള്ളത് ൧൯൫൧ ഫെബ്രുവരിയിലും ലഭിച്ചു.

## അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ

*൨൩൫. (൨൧) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈവറ്റ മിഡിൽ സ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ എന്ത്;

(ബി) ഗവമെൻറ മിഡിൽ സ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ എന്തു്;

(സി) ഗവമെൻറ മിഡിൽ സ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ പ്രൈവററ മിഡിൽ സ്കൂൾ അദ്ധ്യാപകന്മാരുടെ സ്കെയിലിനെക്കാരം കുറവാണോ;

(ഡി) അങ്ങിനെയാണെങ്കിൽ അതിൽ മാററം വരുത്താൻ ഗവമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) തിരുവിതാംകൂർ വിഭാഗം

Rs. ൩ ൦-൩/൨-൬ ൦.

കൊച്ചി

Rs. ൩ ൦-൪-൮ ൦-൮-൧൮.

(ബി) തിരുവിതാംകൂർ വിഭാഗം

Rs. ൨൨-൧-൨൭ ; Rs. ൩ ൦ ; &

Rs. ൩ ൦-൩/൧-൬ ൦.

കൊച്ചി

Rs. ൩ ൦-൪-൮ ൦-൮-൧൮.

(സി) ചിലതിൽ കുറവാണു്.

(ഡി) ഉണ്ടു്.

## എക്സൈസ് ഡിപ്പാർട്ടുമെൻറ്

*൨൩൬. (൭൨) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഏററവും താഴ്ന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളസ്കെയിൽ എന്തു്;

(ബി) അവരുടെ ശമ്പളസ്കെയിൽ വർദ്ധിപ്പിക്കുന്നതിനു് ഗവമെൻറ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആ ഡിപ്പാർട്ടുമെൻറിലെ എല്ലാ ഉദ്യോഗസ്ഥന്മാരുടേയും ശമ്പളപരിഷ്കാരം സംബന്ധിച്ചു് എന്തെങ്കിലും നടപടി ഗവർമ്മെൻറ എടുത്തിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഇരുപത്തു ഉറുപ്പിക.

(ബി) ഗവമെൻറിൻെറ പര്യാലോചനയിൽ ഇരിക്കുന്നു.

(സി) ഇല്ല.

## അഡ്മിനിസ്ട്രേററർ നിയമനം

*൨൩൧. (൭൪) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) തിരു-കൊച്ചിയിലേക്കു് കേന്ദ്രത്തിൽനിന്നും ഒരു അഡ്മിനിസ്ട്രേട്ടറെയോ, ഉപദേഷ്ടാവിനേയോ നിയമിക്കാൻ പോകുന്നു എന്നു കേൾക്കുന്നതു് ശരിയാണോ;

(ബി) ശരിയാണെങ്കിൽ ഇക്കാര്യത്തിൽ ഈ ഗവമ്മെന്റിന്റെ നില എന്താണെന്നു വ്യക്തമാക്കാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## ഭരണഘടനയിലെ ൩൭൧-ാം വകുപ്പ്

*൨൩൮. (൮൫) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൩൭൧-ാം വകുപ്പിന്റെ പരിധിയിൽനിന്നും തിരു-കൊച്ചിയെ ഒഴിവാക്കുന്നതു സംബന്ധിച്ചു് ഈ ഗവമ്മെൻറു് കേന്ദ്രത്തിന്റെ അടുക്കൽ എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഫലമെന്താണു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഇൻഡ്യാഗവമ്മെൻറു് സമ്മതിച്ചിട്ടില്ല.

## ഭരണഘടനയിലെ ൩൭൧-ാം വകുപ്പ്

*൨൩൯. (൮൬) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൩൭൧-ാം വകുപ്പിന്റെ പ്രവത്തനം ബാധകമാക്കാതിരിക്കാനുള്ള അർഹത തിരു-കൊച്ചി നേടിയിട്ടില്ലെന്നു് കേന്ദ്രഗവമ്മെന്റിൽ സ്റ്റേറ്റ്സ് മിനിസ്റ്റർ ശ്രീ. ഗോപാലസ്വാമി അയ്യങ്കാർ പ്രസ്താവിച്ചതു് ഗവമ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഈ ഗവമ്മെന്റിന്റെ നില എന്താണെന്നു് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഈ ഗവമ്മെന്റിന്റെ അഭിപ്രായം ഇൻഡ്യാഗവമ്മെന്റിനെ അറിയിക്കുന്നതാണു്.

## വയോജന വിദ്യാഭ്യാസം

*൨൪൦. (൮൭) ശ്രീ. പി. സദാശിവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു-കൊച്ചി വയോജന വിദ്യാഭ്യാസബോർഡിന്റെ കീഴിൽ എത്ര വയോജന (സാമൂഹ്യ) വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്;

(ബി) വയോജന വിദ്യാഭ്യാസബോർഡു് സ്ഥാപിതമായിട്ടു് എത്ര വർഷമായി; ഇതുവരെ എത്ര രൂപാ ബോർഡു് ചെലവഴിച്ചിട്ടുണ്ടു്;

(സി) ഓരോ വയോജന (സാമൂഹ്യ) വിദ്യാഭ്യാസകേന്ദ്രങ്ങളുടെയും നടത്തിപ്പിന് എത്ര രൂപാവീതം ചെലവാക്കിയിട്ടുണ്ട്;

(ഡി) ഈ കേന്ദ്രങ്ങളുടെ ചുമതല വഹിക്കുന്നവർ ആരാണ്;

അവർക്ക് ഓരോരുത്തർക്കും എത്ര രൂപാവീതം വേതനം നൽകുന്നുണ്ട്;

(ഇ) കേന്ദ്രഗവൺമെൻറിൽനിന്നും ഇവിടത്തെ ഗവൺമെൻറിന് ഇത്തരം പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായധനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(എഫ്) വയോജന (സാമൂഹ്യ) വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കുവേണ്ടി തിരുവനന്തപുരത്ത് ഒരു പരിശീലനകേന്ദ്രം നടത്തുന്നുണ്ടോ;

ഈ കേന്ദ്രത്തിൻെറ പ്രവർത്തനം തുടർന്നു നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഈ കേന്ദ്രത്തിൽനിന്നും എത്ര പരിശീലനക്കാരെ പുറത്തയച്ചിട്ടുണ്ട്;

ഈ കേന്ദ്രത്തിൻെറ നടത്തിപ്പിനായി ബോർഡിൽനിന്നും എന്തു തുക ചെലവാക്കിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ) :

(എ) ൩൩, പക്ഷെ ഇപ്പോൾ ൩൩ എണ്ണമേ പ്രവർത്തനത്തിൽ ഇരിക്കുന്നുള്ളു.

(ബി) മൂന്നര വർഷം.

രൂപാ ൩൫,൪൯൨—൨—൦.

(സി) രൂപാ ൧൩൮—൮—൦.

(ഡി) പരിശീലനം സിദ്ധിച്ച ഓർഗനൈസർമാർ.

പ്രതിമാസം ൪൦ രൂപാ.

(ഇ) ഇല്ല.

ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്.

ഉണ്ട്.

൪൦.

രൂപാ ൨൨,൪൯൨—൩—൦.

## CONTRACT FOR REMOVING WOOD

†*241: [89] **Shri K. P. Nilakanta Pillai:** Will the Minister for Forests be pleased to state.—

Whether it is a fact that the contract for removing 175000 c. ft. of wood from Deviar Coupe of Neriamangalam Range has been given to any one without calling for tenders; and if so, who was the person concern ed?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) : നേരിയമംഗലം റേഞ്ചിൽ ഭക്ഷ്യോൽപാദനപദ്ധതിയനുസരിച്ച് കൃഷിചെയ്യുവാൻ വേർതിരിച്ചിട്ടുള്ള ഉദ്ദേശം ൨൨൫ ഏക്കർ വരുന്നതും ദേവിയാർ എന്ന വി

† Questions Nos. 241 and 242 are included in the proceedings as they were given notice of by the hon. Shri K. P. Nilakanta Pillai before he was elected to the office of Speaker.

ളിക്കപ്പെടുന്നതുമായ ഒരു കൂപ്പിലെ മരങ്ങൾ വെട്ടിമാററുന്നതിനു ഒരു അടിയന്തിരമായ കാൺട്രാക്റ്റ് അതിനടത്തുനടത്തിവരുന്ന അത്തരം മററ കോൺട്രാക്ടുകൾക്കും കൊടുത്തിട്ടുള്ളവയിൽവെച്ച് ഏററവും ചുരുങ്ങിയ നിരക്കിനു അനുവദിക്കുകയുണ്ടായിട്ടുണ്ട്. അതു സി. എം. മമ്മി, എൻ. വി. മൊയ്തു എന്നീ രണ്ടു കൂട്ടു കൺട്രാക്ടർമാരുടെ പേരിലാണ് അനുവദിച്ചിട്ടുള്ളതു്.

## REGISTRY OF FOREST LAND

†*242. [90] **Shri K. P. Nilakanta Pillai:** Will the Minister for Forests be pleased to state whether it is a fact that 3,000 acres of forest land has been ordered to be registered in the name of Mr. A. G. Ninan from Kulathupuzha?

*Minister for Medicine and Public Health* **(Shri V. Madhavan):** No.

## ഇരിഞ്ഞാലക്കുട മുനിസിപ്പാലിററി

*൨൪൩. (൯൪) ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുനിസിപ്പാലിററിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇരിഞ്ഞാലക്കുട മുനിസിപ്പാലിററിക്ക് സംയോജനത്തിനു മുമ്പ് രണ്ടുലക്ഷം ഉറുപ്പികയുടെ കടം അനുവദിച്ചിരുന്നോ;

(ബി) കടം കൊടുത്തിരുന്നതു് പ്രത്യേകം ചില പണികൾക്കല്ലെ;

(സി) അതിൽ എത്ര പണി നടത്തി;

(ഡി) പ്രത്യേക ചില പണികൾക്കായി കടം അനുവദിച്ചിട്ടുള്ളതിൽ ഒരു പണി ആഫീസ് കെട്ടിടം പണിയാണോ;

(ഇ) ടി പണിയുടെ അടങ്കൽ തയ്യാറാക്കുക, ടെൻഡർ അനുവാദങ്ങൾ കൊടുക്കുക മുതലായതു ഇതുവരെ നടന്നിട്ടുണ്ടോ;

(എഫ്) നടന്നിട്ടില്ലെങ്കിൽ താമസത്തിനു ഉത്തരവാദി ആരാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) അനുവദിച്ചിരുന്നു.

(ബി) അതെ.

(ബി) റോഡ് കോൺക്രീററ് പണി മാത്രം പൂർത്തിയായി.

(ഡി) അതെ.

(ഇ) നടന്നിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

## നെല്ലെടുപ്പ്

*൨൪൪. (൯൫) ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചി സംസ്ഥാനത്തിൽ ൧൧൨൪, ൧൧൨൫, ൧൧൨൬ ഈ കൊല്ലങ്ങളിൽ എത്ര നെല്ല് ഗവമ്മെൻറിൽനിന്നും എടുത്തിട്ടുണ്ട്;

(ബി) ലെവി സംമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷം ആകെ സംസ്ഥാനത്തു നെല്ല് കൂടുതലോ, കുറവോ എടുത്തിട്ടുള്ളതു്;

(സി) നെല്ലെടുപ്പുദ്യോഗസ്ഥന്മാരിൽ ആരെയെങ്കിലും അഴിമതി കുറ്റമുള്ളവരായി ഏതെങ്കിലും അവസരത്തിൽ കണ്ടുപിടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ;

ധനകാര്യവും, സിവൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൪൯ — ൧,൪൨,൨൯,൦൩൨ പറ.
൧൯൫൦ — ൧,൩൪,൪൫,൬൭൮ ,,
൧൯൫൧ — ൧,൨൩,൩൯,൧൮൩ ,,

(ബി) ലെവി സമ്പ്രദായം നടപ്പാക്കിയതു് ൧൯൫൧ ഫെബ്രുവരി മുതല്ക്കാണ്. ലെവി സമ്പ്രദായം നടപ്പാക്കിയതിനുശേഷം എടുത്തിട്ടുള്ള നെല്ല് ൧൯൪൯-ലും, ൧൯൫൦-ലും എടുത്തതിനെക്കാൾ കുറവാണ്.

(സി) ഉണ്ട്. ൮ പേരെ.

## Land Committee

***245. [97] Shri Nedumangad R. Kesavan Nair:** Will the Ministe for Land Revenue be pleased to state.—

(*a*) whether the Land Committee has submitted their report and if so the date when the same has been submitted;

(*b*) the expenditure incurred on behalf of such committee; and

(*c*) whether any of the recommendations of the Committee has been implemented?

*Chief Minister* **(Shri A. J. John):** (*a*) Yes. 25—10—1950.

(*b*) Rs. 28,631—0—4.

(*c*) No. The Report is under the consideration of Government.

## തടവുകാർ

*൨൪൬. (൯൮) ശ്രീ. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ജയിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സീതാറാംമിൽസ് കരിഞ്ചന്തക്കേസിൽ ശിക്ഷിക്കപ്പെട്ട ചെല്ലൂർ ഇട്ടിരവി നമ്പൂതിരി എത്ര കാലമായി തൃശ്ശൂർ ആശുപത്രിയിൽ കിടക്കുന്നു;

(ബി) ഇതിനുമുമ്പ് ഇത്രയുംകാലം ഏതെങ്കിലും ജയിൽപുള്ളിയെ ആശുപത്രിയിൽ കിടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരെ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ശ്രീ. ചെല്ലൂർ ഇട്ടിരവി നമ്പൂതിരി ൨൦—൮—൧൯൫൦ മുതൽ ൪—൩—൧൯൫൧ വരെ ഉള്ള ൬ മാസം ൧൪ ദിവസം തൃശ്ശൂർ സിവിൽ ആശുപത്രിയിൽ കിടക്കുകയും ൪—൩—൧൯൫൧-ൽ അനാരോഗ്യ കാരണങ്ങളാൽ മോചിപ്പിക്കുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) ൧൧൨൬-ന് ശേഷം ശ്രീ. ഇട്ടീരവി നമ്പൂതിരി ചികിത്സയിൽ ഇരുന്ന കാലത്തിൽ കൂടുതലായി. ബാലൻ, ഉണ്ണീര, പാഠം, അബൂബേക്കർ, നാരായണൻ, ശങ്കുണ്ണിനായർ എന്നീ ആറു തടവുകാർ ശരാശരി മൻപത്തുമാസംമുതൽ പതിനേഴമാസംവരെയും, ജോസഫ്, വെച്ചി എന്നീരണ്ടുതടവുകാർ യഥാക്രമം ൧൦-൬-൧൧൨൬ ൧൨-൪-൧൧൨൭ എന്നീ തീയതിമുതൽ ഇപ്പോഴം ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കുകയാണ്.

## സീതാറാം മിൽസ്

*൨൪൧. (൯൯) ശ്രീ. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സീതാറാം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസിലെ തൊഴിൽ തക്കത്തെ സംബന്ധിച്ച ൧൧൨൭-ലെ ഹൈക്കോട്ട് ജഡ്ജി നന്ദൻമേനോന്റെ അവാർഡ് വിധിയുടെ മേൽ ബോംബെ അപ്പ്ലേററ് ട്രിബ്യൂണൽ നൽകിയ അവസാനവിധി സീതാറാം കമ്പനി മാനേജ്മെൻറ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) നടപ്പാക്കാതിരിക്കയാണ് ചെയ്തിട്ടുള്ളതെങ്കിൽ ഗവമ്മെൻറ ആ മാനേജുമെൻറിന്റെ പേരിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

(സി) ആ വിധിപ്രകാരം തൊഴിലാളികൾക്ക് കുടിശിഖയായി കിട്ടേണ്ടുന്ന സംഖ്യ എത്രയാണെന്നും പറയാമോ;

ധനകാര്യവും, സിവിൽ സപ്ലൈസും വകുപ്പമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉവ്വ്.

(ബി) ഇല്ല.

(സി) കുടിശിഖസംഖ്യ എത്രയാണെന്നുള്ള വിവരം ലഭിച്ചിട്ടില്ല

## കേരോല്പന്നങ്ങളുടെ വിലയിടിവ്

*൨൪൨. (൧൦൪) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

ഇൻഡ്യാ ഗവമ്മെൻറ് കേരോല്പന്നങ്ങളുടെ ഇറക്കുമതിതീരുവ കുറച്ചതിനെത്തുടന്ന് ഇവിടത്തെ കേരോല്പന്നങ്ങളുടെ വിപണിയിൽ ഉണ്ടായിരിക്കുന്ന വിലയിടിവുമൂലം കേരകർഷകർക്ക് നേരിട്ടിരിക്കുന്ന അധഃപതനത്തെ തടയുവാൻ ഈ ഗവമ്മെൻറ് എന്തെങ്കിലും നടപടി കൈക്കൊള്ളുക ഉണ്ടായിട്ടുണ്ടോ?

ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉണ്ട്. കൊപ്രയുടേയും വെളിച്ചെണ്ണയുടേയും ഇറക്കുമതിതീരുവ കുറച്ചുകൊണ്ടുള്ള ഇൻഡ്യാ ഗവമ്മെൻറിന്റെ ഉത്തരവിനെ പുനപരിശോധന ചെയ്യുവാൻ ഗവമ്മെൻറ് ശക്തിയായി നിവേദനങ്ങൾ നടത്തിയിട്ടുണ്ട്.

## യാത്രപ്പടി

*൨൪൯. (൧൦൯) ശ്രീ. രാജഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പൊതുതെരഞ്ഞെടുപ്പിനുവേണ്ടി അന്യസ്ഥലങ്ങളിൽ പോയി കഷ്ടപ്പെട്ടു പണിയെടുത്ത എൻ.ജി.ഒ. മാർക്ക് അനുവദിച്ചിട്ടുള്ള അലവൻസ് ഇതുവരേയും കൊടുത്തിട്ടുണ്ടോ?

ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): മിക്കതും കൊടുത്തുകഴിഞ്ഞു. ആരെങ്കിലും മേടിക്കാതെ ഉണ്ടോ എന്നറിവില്ല. എല്ലാവർക്കും ഇതു വാങ്ങിക്കുവാനുള്ള ഏർപ്പാടുകൾ എല്ലാം ചെയ്തിട്ടുണ്ട്.

## ട്രാവൽ ബ്യൂറോ

*൨൫൦. (൧൧൦) ശ്രീ. റ്റി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മദ്യനിരോധന പ്രദേശങ്ങളിൽ മദ്യവ്യാപാരം നടത്താൻ തിരു-കൊച്ചി ട്രാവൽ ബ്യൂറോയ്ക്കു് അനുമതി നൽകിയിട്ടുണ്ടോ;

(ബി) അങ്ങനെ നൽകിയിട്ടുണ്ടെങ്കിൽ അതിനു ഗവൺമെൻറിനെ പ്രേരിപ്പിച്ച കാരണം എന്താണെന്നു പറയാമോ ?

മുഖ്യമന്ത്രി (ശ്രീ. എ.ജെ. ജോൺ): (എ) ഇല്ല. പക്ഷെ വിദേശീയരായ സഞ്ചാരികൾക്കും മദ്യം ഉപയോഗിക്കുന്നതിന് പെർമിററുള്ള മററു സഞ്ചാരികൾക്കും മദ്യം വിൽക്കുന്നതിനുള്ള അധികാരം പ്രസ്തുത കമ്പനിക്ക് കൊടുത്തിട്ടുണ്ട്.

(ബി) ഇൻഡ്യയുടെ ഡോളർ ബാലൻസ് വർദ്ധിപ്പിക്കാൻ അമേരിക്കയിൽനിന്നും മററുമുള്ള വിദേശസഞ്ചാരികളെ ഇൻഡ്യയിലേക്കാകർഷിക്കുവാൻ വേണ്ടി മദ്യനിരോധന മേഖലകളിൽ മദ്യനിരോധനനിയമം ആവശ്യമെന്നു തോന്നുന്ന വിധത്തിൽ അയവുവരുത്തേണമെന്നുള്ള ഇൻഡ്യാ ഗവൺമെൻറിൻെറ നിർദ്ദേശം അനുസരിച്ച് ഈ സംസ്ഥാനത്തെ ടൂറിസ്ററ് ഏജൻസി ആയ തിരുവിതാംകൂർ-കൊച്ചി ട്രാവൽബ്യൂറോ ലിമിററഡിന് പ്രസ്തുത അധികാരം നൽകിട്ടുണ്ട്.

## പാഠപുസ്തകങ്ങളുടെ തിരഞ്ഞെടുപ്പ്

*൨൫൧. (൧൧൨) ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം ഉത്തരം പറയുമോ.—

(എ) തിരു-കൊച്ചി സംസ്ഥാനത്തിലെ വിദ്യാലയങ്ങളിലേക്കുള്ള പാഠപുസ്തകങ്ങൾ അവസാനമായി തിരഞ്ഞെടുക്കുന്നതു് ആരാണ്; എന്തു മാനദണ്ഡം വച്ചാണ് അവർ ആ തിരഞ്ഞെടുപ്പ് നടത്തുന്നതു്;

(ബി) ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനു നിയോഗിക്കപ്പെടുന്നവർ നല്ലതെന്നു ഏകകണ്ഠമായി അഭിപ്രായപ്പെടാത്ത പുസ്തകങ്ങൾ കഴിഞ്ഞ അഞ്ചുകൊല്ലത്തിനുള്ളിൽ എപ്പോഴെങ്കിലും പാഠപുസ്തകമാക്കിയിട്ടുണ്ടോ;

(സി) പ്രതിവർഷം ഗവൺമെൻറ നിശ്ചയിക്കുന്ന പാഠപുസ്തകങ്ങൾ താരതമ്യേന മോശങ്ങളും പ്രമാദജടിലങ്ങളും സ്റ്റാൻഡേർഡിന് പററാത്തവയുമാണെന്ന് അദ്ധ്യാപകന്മാരിൽനിന്നും പൊതുജനങ്ങളിൽനിന്നും ആക്ഷേപമുണ്ടായിട്ടുണ്ടോ;

(ഡി) ഒരേക്ലാസിലേക്ക പരിശോധകർ ഒന്നിലധികം പുസ്തകങ്ങൾ നല്ലതാണെന്ന് ഏകകണ്ഠമായി റിപ്പോർട്ടുചെയ്താൽ ആ നല്ലവയിൽ സ്വീകാര്യമേതെന്ന് നിശ്ചയിക്കുന്നതാരാണ്; എന്തുമാനദണ്ഡം വെച്ചാണ് അങ്ങനെ നിശ്ചയിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ:) (എ) ഗവൺമെണ്ട്; ടെക്സ്‌റ്റ ബുക്ക് സിലക്ഷൻ കമ്മററിയുടെ വിദഗ്ദ്ധമായ ശുപാർശകളെ ആദരിച്ച് യോഗ്യതയുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) വിദഗ്ദ്ധന്മാരടങ്ങിയ ടെക്സ്‌റ്റബുക്ക് സെലക്ഷൻ കമ്മററിയുടെ അഭിപ്രായാനുസരണം ഗവൺമെൻറാണ് നിശ്ചയിക്കുന്നത്. പുസ്തകത്തിൻെറ മേന്മ, യോഗ്യത, വില, പുസ്തകങ്ങൾ ആവശ്യംപോലെ യഥാസമയം വിതരണം ചെയ്യാനുള്ള കഴിവ് തുടങ്ങിയ മാനദണ്ഡങ്ങൾ വച്ച്.

## ബണ്ടിട്ട് കൃഷിചെയ്യുന്ന കരിനിലങ്ങൾ

*൨൫൨. (൧൧൪) ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) ബണ്ടിട്ടു കൃഷിചെയ്യുന്ന കരിനിലങ്ങളുടെ വിസ്തൃതി അടുത്ത കൃഷിക്കുതകത്തക്കവണ്ണം വികസിപ്പിക്കുവാൻ ഗവൺമെൻറിൽനിന്നും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ഏതെല്ലാം താലൂക്കുകളിൽ എത്ര ഏക്കർ നിലങ്ങളിലേക്കാണ്;

(സി) പുതുതായി ബണ്ടിടുന്നതിന് ലേലം വിളിച്ച് പുന്നൻ ആളുകളെ ഗവൺമെൻറിൽനിന്നും ഏർപ്പെടുത്തികഴിഞ്ഞിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈയിസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സംസ്ഥാനത്തുള്ള കരിനിലങ്ങളെല്ലാംതന്നെ നന്നാക്കി കൃഷിക്കുയോഗ്യമാക്കുന്നതിന് ഒരു ത്രിവത്സരപദ്ധതി ഗവൺമെൻറിൻെറ ആലോചനയിലിരിക്കുന്നുണ്ട്.

(ബി) കാർത്തികപ്പള്ളി, അമ്പലപ്പുഴ, വൈക്കം, ചേർത്തല, കുന്നത്തുനാട്, കൊച്ചിൻകണയന്നൂർ എന്നീതാലൂക്കുകളിലായി ഉദ്ദേശം ൫൦,൧൭൦ ഏക്കർ നിലങ്ങളിലേക്കാണ്.

(സി) ഇല്ല. പദ്ധതിയെപ്പററി അവസാനതീരുമാനം ചെയ്തിട്ടില്ല.

## പറക്കാട്ടു പകുതിയിലെ കരിനിലങ്ങൾ

*൨൫൩. (൧൧൫) ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി മറുവായി ഉത്തരം പറയുമോ.—

(എ) ബണ്ടിട്ട് കൃഷിയിറക്കാനുള്ള പദ്ധതി ആലോചനക്കെടുത്തതിനുശേഷം ഏതെല്ലാം മന്ത്രിമാർ പറക്കാട്ടുപകുതിയിലെ കരിനിലങ്ങൾ സന്ദർശിച്ചിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം;

(സി) മന്ത്രിമാർക്കു പുറമെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ ആ സ്ഥലത്തു് വിളവു പരിശോധിക്കുവാനും, മററും പോയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവരേതെല്ലാം ഉദ്യോഗസ്ഥന്മാരായിരുന്നു;

(ഇ) അതിലേക്കുവേണ്ടി മന്ത്രിമാർക്കും, മററുദ്യോഗസ്ഥന്മാർക്കും നൽകിയിട്ടുള്ള സഞ്ചാരപ്പടി എത്ര രൂപയാണ്?

ധനകാര്യവും സിവിൽസപ്ലൈയിസുംവകുപ്പും മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ബഹു. മുഖ്യമന്ത്രിയും, ബഹു. ഭക്ഷ്യവകുപ്പുമന്ത്രിയും സന്ദർശിച്ചിട്ടുണ്ട്.

(ബി) രണ്ടുപ്രാവശ്യം വീതം.

(സി) ഉണ്ട്.

(ഡി) ഫുഡ് പ്രൊഡക്ഷൻ ബോർഡു സെക്രട്ടറി.

(ഇ) മന്ത്രിമാർ സംസ്ഥാനത്തിനകത്തു സഞ്ചരിക്കുന്നതിനു് സഞ്ചാരപ്പടി വാങ്ങാറില്ല.

സെക്രട്ടറി കരിനിലസന്ദർശനത്തോടൊന്നിച്ചു് മററു് ഔദ്യോഗിക കൃത്യങ്ങൾ നിർവ്വഹിക്കുകയും, സന്ദർശനങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളതിനാൽ ഇതിലേക്കുമാത്രമുള്ള സഞ്ചാരപ്പടി നിർണ്ണയിക്കുക സാദ്ധ്യമല്ല.

### ALWAYE HOSPITAL

*254. [116] **Shri M. M. Abdul Khader**: Will the Minister for Medical be pleased to state:

(*a*) the number of in and out patients treated and major surgical operations conducted in Alwaye Hospital in 1945, 1950 and 1951?

(*b*) the number of doctors, nurses, chemists and compounders in each one of these years;

(*c*) the value of medicines supplied in each one of these years;

(*d*) the increase, if any, in beds during these years;

(*e*) the reason for reduction of medicine stocks and staff in 1951;

(*f*) whether the Standard Pottery Works, Ltd., Alwaye offered to build a ward and install an X-Ray Plant at their cost;

(*g*) whether the Government turned down this offer and if so why?

(*h*) whether such offers came from other companies or individuals?

*Minister for Medicine and Public Health* (**Shri V. Madhavan**):

| | *1945* | *1950* | *1951* |
|---|---|---|---|
| (*a*) No. of in-patients | 1102 | 1769 | 2415 |
| No. of out-patients | 27758 | 56002 | 56867 |
| No. of major surgical operations conducted | 209 | 227 | 219 |

| | 1945 | 1950 | 1951 |
|---|---|---|---|
| (*b*) No. of Doctors | 3 | 4 | 3 |
| No. of Nurses | 2 | 5 | 5 |
| No. of Compounders | 1 | 3 | 3 |
| No. of Chemists | Nil. | Nil. | Nil. |

(*c*) Information regarding value of medicines supplied to the Hospital is being collected.

(*d*) the number of beds in the Hospital was increased from 34 in 1945 to 46 in 1950; there was no subsequent increase.

(*e*) the stock of medicines was not reduced. Due to the paucity of qualified hands, one Medical Officer had to be reduced.

(*f*) The Standard Pottery Works, Alwaye have offered to build a ward. They have not offered to install an X-Ray plant.

(*g*) The offer has been accepted.

(*h*) No.

**N. G. Os.**

*255. [117] **Shri. M. M. Abdul Khader:** Will the Minister for General Administration be pleased to state.—

(*a*) why the House Rent Allowance granted to the N. G. Os. of Alwaye was stopped;

(*b*) when and why was such allowance first introduced;

(*c*) for what reason this allowance was stopped;

(*d*) how much does a peon on Rs. 20 and a Clerk on Rs. 45 lose per month because of the stoppage of House Rent Allowance;

(*e*) did the Government receive any representation from the N. G. Os. on this matter; and

(*f*) what action is taken or contemplated in regard to this matter in order to relieve the distress of the N. G. Os.?

*Chief Minister* **(Shri A. J. John):**

(*a*) The stoppage of House Rent Allowance at Alwaye was part of the scheme of granting unified enhanced rate of Dearness Allowance and unified scales of pay.

(*b*) In 1121 due to high cost of living.

(*c*) This allowance was stopped, as the abolition of this allowance along with other allowances, like Compensatory and Town Allowance, was taken up as part of the scheme of granting enhanced unified rates of Dearness Allowance and unified scale of pay.

(*d*) Peon Rs. 5.
Clerk Rs. 11—4—0.

(*e*) Yes.

(*f*) It was decided that the allowance need not be restored as no fresh circumstances have arisen for reconsidering the orders of abolition already issued and since the restoration of any particular allowance cannot be considered independent of the scheme of unification of pay scales and unification of enhancement of the rates of Dearness Allowance.

**APPOINTMENT OF RECEIVER**

*256. [118] **Shri M. M. Abdul Khader:** Will the Minister for High Court, Civil and Criminal Justice be pleased to state.—

(*a*) who were the persons recommended by the High Court for appointment of Receiver in District Court of Parur;

(*b*) whom did the majority of Judges of the High Court recommend;

(c) who was appointed by the Government and for what reasons?

*Minister for Home Affairs* **(Shri T. M. Varghese):**

(a) & (b) The recommendations of the High Court are confidential and cannot be divulged.

(c) Shri R. Padmanabha Pillai, Advocate. Parur.

കേന്ദ്രസംസ്ഥാന നികുതി

*൨൫൧. (൧൧൯) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൦-ൽ ഈ സംസ്ഥാനത്തെ പുകയില ലൈസൻസികളിൽനിന്ന കേന്ദ്രസംസ്ഥാനനികുതികൾ എന്ന പേരിൽ യഥാക്രമം ൫൦ രൂപ, ൩൧ രൂപ വീതം വസൂലാക്കിട്ടുള്ളത് മടക്കി കൊടുക്കണമെന്ന് വീണ്ടും ചെയ്യു തീരുമാനം ആദരിക്കപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം തുകകൾ മടക്കികിട്ടിയിട്ടില്ലെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ആ തുകകൾ ഇതേവരെ മടക്കികൊടുക്കാതിരിക്കാനുള്ള കാരണമെന്ത്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) അറിഞ്ഞുകൂടാ.

(ബി) ഇല്ല.

(സി) അറിഞ്ഞുകൂടാ.

**Questions posted for answer on 26th March 1951**

ഹൈക്കോടതി വളപ്പിനകത്തുള്ള ഷെഡ്ഡുകൾ

*൨൫൮. (൨൩൪) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) എറണാകുളം കായലോരത്തും ഹൈക്കോടതി കെട്ടിടം സ്ഥിതിചെയ്യുന്ന വളപ്പിനകത്തുമുള്ള ടെമ്പററി ഷെഡ്ഡുകൾ എന്ന് നിർമ്മിച്ചവയാണ്;

(ബി) എത്രകൊല്ലം നിലനില്ക്കുമെന്ന വ്യവസ്ഥയിലാണ് ആ ഷെഡ്ഡുകൾ നിർമ്മിക്കുവാൻ കൺട്രാക്ററ് കൊടുത്തിരുന്നത്;

(സി) പ്രസ്തുത ഷെഡ്ഡുകൾ പലതും ദ്രവിച്ചും ജീർണ്ണിച്ചും ഏതു സമയത്തും ഉരുണ്ടുവീഴത്തക്ക നിലയിലുമാണ് സ്ഥിതിചെയ്യുന്നതെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഈ ഷെഡ്ഡുകളുടെ പണികൾ നടത്തിയതു് മിലട്ടറി ഡിപ്പാർട്ടുമെൻറിൽനിന്നാണ്. ൧൧൨൫-ൽ മാത്രമേ ടി ഷെഡ്ഡുകൾ പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറ് ചാർജ്ജ് എടുത്തിട്ടുള്ളു.

(ബി) അറിവില്ല.

(സി) ഷെഡ്ഡുകളുടെ സ്ഥിതി വളരെ മോശമാണു്. ഇവ ഓരോന്നായി റിപ്പെയർ ചെയ്യുവാൻ ഏർപ്പാടു് ചെയ്തുവരുന്നു.

## നെൽക്കരം

*൨൱൯. (൩൧) ശ്രീ. ഒ. സി. നൈനാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലാൻറു് റവന്യൂ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) തിരുവല്ലാ താലൂക്കിലുള്ള കല്ലൂപ്പാറപകുതിയിൽ നെൽക്കരം ഏർപ്പാടു് നിലവിലുള്ള വിവരം ശരിയാണോ;

(ബി) ഗവമെൻറു് വസ്തുക്കൾക്കു് നെൽക്കരത്തിനു് എന്തു് വില വച്ചാണു് ഗവമെൻറു് പട്ടയപ്രകാരം ഈടാക്കുന്നതു്;

(സി) കല്ലൂപ്പാറ പകുതിയിൽ നെൽക്കരത്തിനു വിലയായി കൊടുക്കുകയാണെങ്കിൽ എന്തു് വിലയാണു് ഇപ്പോൾ ഈടാക്കുന്നതു്;

(ഡി) ഗവമെൻറു് ഈടാക്കുന്ന വിലയും കല്ലൂപ്പാറ പകുതിക്കാർ ഈടാക്കുന്ന വിലയും തമ്മിൽ ൧൯൫൧-ൽ എന്തു വിലവ്യത്യാസം ഉണ്ടായിരുന്നു;

(ഇ) വ്യത്യസ്ഥനടപടിയിൽനിന്നും വസ്തു ഉടമസ്ഥന്മാരെ രക്ഷിക്കുന്നതിനു് ഗവമെൻറു എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) എടവകവസ്തുക്കളെ സംബന്ധിച്ചിടത്തോളം ശരിയാണു്.

(ബി) കണ്ടുകൃഷി വസ്തുക്കൾ ഒഴിച്ചു് മററു ഗവമെൻറു് വസ്തുക്കൾക്കു് നെൽക്കരം ഏർപ്പാടില്ലാ. കണ്ടുകൃഷി വസ്തുക്കളുടെ പാട്ടം ഒരു പറ നെല്ലിനു് ൧ രൂപ ൧൩ അണ ൬ പൈസാ വെച്ചാണു് ഈടാക്കുന്നതു്.

(സി) ൧ രൂപാ ൧൩ അണ ൬ പൈസാ.

(ഡി) വില വ്യത്യാസം ഇല്ലാ.

(ഇ) ചോദ്യം ഉദിക്കുന്നില്ലാ.

## പട്ടിണി മരണങ്ങൾ

*൨൱൰. (൩൭) ശ്രീ. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഇൻഫർമേഷൻ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

ഈ സംസ്ഥാനത്തു് പട്ടിണിമരണങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ടുകൾ വല്ലതും കിട്ടിയിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈയിസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ).

പട്ടിണിമൂലം മരണം സംഭവിച്ചിട്ടുള്ളതായി യാതൊരു റിപ്പോർട്ടുകളും കിട്ടിയിട്ടില്ല.

## ജയിലിലെ ശിക്ഷകർ

*൨൱൧. (൪൧) ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ജയിൽ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഒററമുറി ശിക്ഷ അനുഭവിക്കുന്ന തടവുകാർ ഇപ്പോൾ എത്രയുണ്ടു്;

(ബി) ഇവർ ഈ ശിക്ഷ അനുഭവിച്ചുതുടങ്ങിയിട്ട് ഇപ്പോൾ എത്രകാലമായി?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

## പെൻഷൻകാർക്ക് ഡിയർനസ് അലവൻസ്

*൨൬൨. (൫൩) ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറനടി ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിലെയും തിരുവിതാംകൂറിലെയും പെൻഷൻകാർക്ക നൽകിവരുന്ന ഡിയർനസ് അലവൻസ് എത്ര രൂപാവീതമാണ്;

(ബി) തിരുവിതാംകൂർ പെൻഷൻകാരുടെ ഡിയർനസ് അലവൻസ് വർദ്ധിപ്പിക്കണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും സിവിൽസപ്ലൈയിസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൊച്ചിയിലെ റേറ്റ്

൧. ൫ രൂപയിൽ താഴെയുള്ള പെൻഷന് പെൻഷനുതുല്യമായതുക.

൨. ൫ രൂപ മുതൽ ൨൦ രൂപ വരെ ഡിയർനസ് അലവൻസ് ൧൦ രൂപ.

൩. ൨൦ രൂപ മുതൽ ഡിയർനസ് അലവൻസ് ൧൧ രൂപ ൪ അണയോ, പെൻഷന്റെ ൫ ശതമാനമോ, കൂടുതൽ ഏതോ അത്.

തിരുവിതാംകൂർ റേറ്റ്

൧. ൩൦ രൂപ വരെ പെൻഷന് ഡിയർനസ് അലവൻസ് ൪ രൂപ.

൨. ൩൦ മുതൽ ൧൦൦ രൂപ വരെ പെൻഷന് ഡിയർനസ് അലവൻസ് ൯ രൂപ.

൩. ൧൦൦ മുതൽ ൧൦൯ രൂപവരെ—പെൻഷനും ഡിയർനസ് അലവൻസും കൂടി ൧൦൯ രൂപയിൽ കവിയാത്ത തുക.

(ബി) ഉണ്ട്.

(സി) ഈ വിഷയം ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

## PRICE OF COMMODITIES

*263. [58] **Shri. K. Madhavan Unnithan:** Will the Minister for General Administration be pleased to state whether the Government has apprised the Government of India about the serious situation arising out of the steep fall in the price of cocoanut and cocoanut products on account of the reduction of import duty on copra from Ceylon?

*Minister for Finance and Civil Supplies* **(Shri Panampilli Govinda Menon):** Yes.

### AYURVEDIC HOSPITALS AND DISPENSARIES

*264. [59] **Shri K. Madhavan Unnithan:** Will the Minister for Medicine be pleased to state.—

(*a*) what is the number of Ayurvedic hospitals and dispensaries in the Travancore and Cochin parts of this State; and

(*b*) have the Government any idea of increasing the number of Ayurvedic hospitals and dispensaries in the Travancore part of the State?

*Minister for Medicine and Public Health* **(Shri V. Madhavan):**

(*a*) *Travancore Area*

| | | |
|---|---|---|
| Government Ayurveda Hospitals | | 2 |
| ,, | Dispensaries | 4 |

*Cochin Area*

| | | |
|---|---|---|
| Government Ayurveda Hospitals | | 9 |
| ,, | Vaidyasalas. | 43 |
| ,, | Taluk Vishavaidyasalas | 7 |

(*b*) Yes.

### ചീഫ് സെക്രട്ടറിയുടെ നിയമനം

*൨൬൫. (൩൭) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി ഉത്തരം പറയുമോ.—

(എ) മിസ്റ്റർ വി. എൻ. രാജനെ തിരു-കൊച്ചിയിലെ ചീഫ് സെക്രട്ടറിയായി നിയമിച്ചത് എന്തുവ്യവസ്ഥയിന്മേലാണ്;

(ബി) അദ്ദേഹത്തിന് പ്രതിമാസം എത്ര ശമ്പളം കൊടുക്കണം.

(സി) അദ്ദേഹത്തെ ഇവിടെ നിയമിച്ചിട്ടുള്ളത് ഈ ഗവൺമെന്റുമായി ആലോചിച്ചിട്ടാണോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ശ്രീ. വി. എൻ. രാജനെ തിരു-കൊച്ചിയിലെ ചീഫ് സെക്രട്ടറിയായി നിയമിച്ചിട്ടുള്ള വ്യവസ്ഥകൾ താഴെ ചേർത്തിട്ടുണ്ട്.

(ബി) അദ്ദേഹത്തിന് പ്രതിമാസം മൂവായിരം രൂപാ ശമ്പളം കൊടുക്കണം.

(സി) അതെ.

### Schedule showing the terms and conditions of appointment of officers sent out on deputation to Part B States

*Chief Secretaries:*—A uniform rate of Rs. 3,000 p.m. for officers of 15 years service and above and Rs. 2,750 p.m. for officers who have not completed 15 years service.

*Income-tax:*—All salaries will be subject to income-tax at Central Government rates.

*Free house and free car:*—No free houses or free cars will be allowed. Rent will be charged for Government quarters either according to the rules admissible to an officer in his parent State or the rules in the Part B State concerned, whichever is more favourable to the officer. Where an officer is given a Government car, he will pay Rs. 100 p. m. as hire towards the capital cost of the car. In addition he will be responsible for maintaining it at his own expense; i.e., he will himself meet the cost of oil, petrol, repairs, etc., and pay the wages of driver if any, etc.

1. Leave and pension contribution payable by the Government of Travancore-Cochin according to Fundamental Rules.

2. Travelling allowance and Daily allowance according to the Rules of the Government of Travancore-Cochin corresponding to the Fundamental and Supplementary Rules of the Central Government.

3. Free Medical, nursing and surgical treatment as admissible in Government Service.

4. Leave according to Fundamental Rules.

5. Pay during joining time both on transfer to the Government of Travancore-Cochin and on reversion therefrom to be regulated under the Supplementary Rules of the Central Government and paid by the Government of Travancore-Cochin; period of joining time being regulated under the Central Government rates.

6. Travelling allowance both on transfer to the Government of Travancore-Cochin and on reversion therefrom to be regulated under the Supplementary Rules of the Central Government and paid by the Government of Travancore-Cochin.

7. The Government of Travancore-Cochin will be liable to pay leave salary in respect of any disability leave that may be granted on account of disability incurred in and through service under that Government even though the disability manifests itself after the termination of such service.

## നാടകങ്ങൾ

*൨൬൩. (൫൦൫) ശ്രീ. രാജഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

(എ) നാടകങ്ങൾ എഴുതിയാൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് പരിശോധിച്ച് അനുവദിക്കുന്നെങ്കിൽ മാത്രമേ അഭിനയിക്കാവു എന്നൊരു നിയമം ഈ നാട്ടിൽ നിലവിലുണ്ടോ;

(ബി ഉണ്ടെങ്കിൽ ഏതുഉദ്യോഗസ്ഥനാണ് പുസ്തകങ്ങൾ പരിശോധിക്കുന്നതു്?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്):

(എ) ഇങ്ങനെ ഒരു നിബന്ധന ഈ സംസ്ഥാനത്തിലെ തിരുവിതാംകൂർ വിഭാഗത്തിൽഉണ്ടു്.

(ബി) ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട്.

## ഗവമെന്റ് പ്രസ്സിലെ ബയന്ററന്മാർ

*൨൩൭. (൫൦൮) ശ്രീ. ചെങ്ങാരപ്പിള്ളി നാരായണൻ പോററി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രിൻറിംഗ് സ്റ്റേഷനറി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരം ഗവമെന്റ് പ്രസ്സിലെ ടെമ്പററി ബയന്ററന്മാരായ ൧൩ പേരെ ൧൯൫൦ ഡിസംബറിൽ എറണാകുളത്തേക്ക സ്ഥലം മാററിയിട്ടുണ്ടോ;

(ബി) അവരെ തിരുവനന്തപുരത്തേക്ക് എന്നാണ് എറണാകുളത്തുനിന്നും തിരിച്ചു് സ്ഥലംമാററിയതു്;

(സി) തിരുവനന്തപുരത്തു് തിരിച്ചു് എത്തിയപ്പോൾ അവർക്കു ശമ്പളം കൊടുക്കാതെ കേവലം വാളണ്ടിയർമാരായി തരം താഴ്ത്തിയിട്ടുണ്ടോ;

(ഡി) അവർക്കു ന്യായമായി കിട്ടേണ്ട സീനിയോറിട്ടിയെ അവഗണിച്ചു് കമ്പോസിംഗ് ഡിപ്പാർട്ടുമെൻറിൽ നിന്നും ഏതെങ്കിലും സ്ത്രീകളെ ബയൻറിംഗ് ഡിപ്പാർട്ടുമെൻറിലേക്കു മാററിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര സ്ത്രീകളെയാണു് അങ്ങനെ സ്ഥലംമാററിയതു്;

(എഫ്) ബയൻറിംഗ്പണി അറിയാൻപാടില്ലാത്ത ഈ സ്ത്രീകളെ അതു പഠിപ്പിക്കാനും പറഞ്ഞു മനസ്സിലാക്കാനും ബയൻറിംഗ്ഡിപ്പാർട്ടുമെൻറിൽ നിന്നും വാളണ്ടിയറന്മാരായി തരംതാഴ്ത്തപ്പെട്ട ഈ ജോലിക്കാരെത്തന്നെയാണോ നിയമിച്ചതു്;

(ജി) ആണെങ്കിൽ ഇവരെ ബയൻറിംഗ്പണി പഠിപ്പിക്കാൻ നിയമിച്ചിട്ടുള്ളതു് എത്രമാസത്തേക്കാണു്;

(എച്ചു്) ഈ ബയൻറിംഗ് പണിപഠിപ്പിക്കാൻ നിയുക്തരായിട്ടുള്ളവരുടെ ജോലിക്കു് എന്താണു പേരു പറയുന്നതു്;

(ഐ) ഇവർ സ്ഥിരം സർവ്വീസാണോ; താൽകാലിക സർവ്വീസാണോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ൧— ൭— ൧൯൫൧-ൽ.

(സി) അവരുടെ താൽക്കാലിക ഉദ്യോഗകാലാവധി അവസാനിച്ചതിനാൽ പഴയ ലാവണത്തിലേക്കു വളണ്ടിയർമാരായി തിരിച്ചയച്ചു.

(ഡി) ഇല്ല.

(ഇ) മേൽപറഞ്ഞ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) അല്ല.

(ജി) മേൽപറഞ്ഞ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(എച്ചു്) ആരും നിയുക്തരായിട്ടില്ല.

(ഐ) മേൽ പറഞ്ഞ ഉത്തരവിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

### F. A. C. T. ALWAYE

*268. [110] **Shri M. M. Abdul Khader**: Will the Minister for Industries be pleased to state:—

(*a*) whether the Government is aware of the lay off in the Fertilisers & Chemicals Travancore Ltd., Alwaye;

(*b*) why has this become necessary; and

(*c*) is this a preparation for retrenchment and if so whether this Government propose to take any steps in the matter?

*Minister for Finance and Civil Supplies* (**Shri Panampilli Govinda Menon**):

(*a*) Yes. The Fertilisers and Chemicals Travancore Ltd., laid off 170 operators and chemists for a period of 43 days from 24th January 1952.

(*b*) The lay off was necessitated by the shortage of sulphur.

(c) This was not a preparation for retrenchment. This was occasioned due to shortage of raw materials essential for production in the company.

പോലീസ് സ്റ്റേഷനും ഔട്ട്പോസ്റ്റും

*൨൦൯. (൩൮) ശ്രീ. പ്രഭാകരൻ കുനത്ത്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പോലീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏനാമാവു പെരിങ്ങോട്ടുകരയിൽ ആകെ എത്ര വില്ലേജുകളുണ്ട്;

(ബി) അവയുടെ അകെ വിസ്തൃതി എന്ത്;

(സി) ഈ വില്ലേജുകളിൽ ആകെ എത്ര പോലീസ് സ്റ്റേഷനുകളും ഔട്ട്പോസ്റ്റുകളുമുണ്ട്;

(ഡി) നിലപ്പാട്ട് ഔട്ട്പോസ്റ്റ സ്ഥാപിച്ചതെന്ന്;

(ഇ) ആ ഔട്ട്പോസ്റ്റ് ഇരിക്കുന്ന കെട്ടിടം, ഒരു കുടുംബം താമസി[illegible]ക്കുന്നതാണെന്നും, കുടുംബത്തിലെ ആരും അവിടെ ഇല്ലാതിരുന്ന സമയം [illegible]കെട്ടിടം കയ്യേറി കൈവശപ്പെടുത്തിയാണ് അവിടെ ഔട്ട്പോസ്റ്റ സ്ഥാപിച്ചതെന്നും ഉള്ള വിവരം ശരിയാണോ?

അഭ്യന്തര കാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്സ്):

(എ) പന്ത്രണ്ട്.

(ബി) പതിനേഴായിരത്തി നാന്നൂററി അമ്പതു് ഏക്കർ.

(സി) ഒരു പോലീസ് സ്റ്റേഷനും മൂന്ന് ഔട്ട്പോററുകളും.

(സി) ൧൧൨൫-ാമാണ്ട് ഇടവമാസം.

(ഇ) അല്ല.

ശ്രീ. കെ. ജി. മേനോന് അവധിക്കാലത്തുള്ള ശമ്പളം

*൨൧൦. (൫൩) ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

അവധിയിൽ പോയിരിക്കുന്ന ചീഫ് സെക്രട്ടറി ശ്രീ. കെ. ജി. മേനോന് അവധിക്കാലത്ത് തിരു-കൊച്ചി ഗവമ്മെൻറിൽനിന്നും എന്തെങ്കിലും ശമ്പളം കൊടുക്കുന്നുണ്ടോ?

മുഖ്യമന്ത്രി (എ. ജെ. ജോൺ):

ഇല്ല.

ഭവനനിർമ്മാണം

*൨൧൧. (൩൨) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ഹൌസിംഗ് പദ്ധതിയനുസരിച്ച് ൧൧൨൫-ൽ ഗവമ്മെൻറ് എത്ര വീടുകൾ പണിയിച്ചു;

(ബി) എന്തു തുക ചിലവാക്കി;

(സി) ഈ പദ്ധതി എതു ഉദ്യോഗസ്ഥൻെറ ചുമതലയിലാണ് നടത്തിവരുന്നതു്;

(ഡി) ൧൯൫൨-ൽ എത്ര വീടുകൾ പണിയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൮൩ വീടുകൾ.

(ബി) ൧,൪൧,൪൨൦ രൂപാ.

(സി) ജോയിന്റ് രജിസ്ട്രാർ ഓഫ് കോവാപ്പറേറ്റീവ് സൊസൈറ്റീസ് ഫോർ കോളനൈസേഷൻ സെറ്റിൽമെന്റ് ആൻഡ് ഹൗസിംഗ്.

(സി) ൫൨—൫൩-ൽ ൫൦൦ വീടുകൾ പണിയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

## തടവുകാർ

*൨൭൨. (൯൪) ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ജയിൽ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ—

(എ) ബ്രാഹ്മണരായ തടവുകാർക്ക് തിരുവനന്തപുരം സെൻട്രൽ ജയിലിൽ പ്രത്യേക പാചകസൌകര്യം അനുവദിക്കുന്ന ചട്ടം നിലവിലുണ്ടോ;

(ബി) ഇപ്പോൾ തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവിലുള്ള ഏതെങ്കിലും ബ്രാഹ്മണന് ഈ അവകാശം നിഷേധിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകാരണത്താലാണ് ആ അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്നതു്?

ആഭ്യന്തര കാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്സ്):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കുന്നത്തുനാട്ടുകുളം ഹെഡ്കാൺസ്റ്റബിളിനെ കൊലപ്പെടുത്തി എന്നുള്ള കേസിൽ ശിക്ഷിക്കപ്പെട്ട ശ്രീ. നാരായണയ്യർ നരസിംഹയ്യർ എന്ന ഒരു തടവുകാരൻ ജയിലിൽ വന്ന് കുറെ ദിവസങ്ങൾക്കുശേഷം തനിക്കു സ്വയം പാചകം ചെയ്യാനുള്ള സൌകര്യം കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ടി തടവുകാരൻ ഒരു ബ്രാഹ്മണനാണെങ്കിലും വെളിയിൽവച്ച് മാംസഭുക്കായിരുന്നു എന്നും മററുള്ള ജാതിയിൽപെട്ട ആളുകൾ പാചകം ചെയ്ത ആഹാരം അയാൾ നിർബ്ബാധം കഴിച്ചുകൊണ്ടിരുന്നു എന്നും അറിഞ്ഞിരുന്നതുകൊണ്ടും അയാൾ ഇപ്രകാരം പ്രത്യേകം പാചകം ചെയ്യാനുള്ള അനുവാദം ആവശ്യപ്പെട്ടതു് മററുള്ള തടവുകാരുടെ ഇടയിൽ കമ്മ്യൂണിസ്ററ് ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനും ജയിലിൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നതിനു മററുള്ള തടവുകാരെ പ്രേരിപ്പിക്കുന്നതിനും ഈ പ്രത്യേക പാചക സൌകര്യം പ്രയോജനപ്പെടുത്താമെന്നുള്ള ഉദ്ദേശത്തോടും ആയിരുന്നതിനാലാണ് ഇപ്രകാരം ഈ തടവുകാരന് പ്രത്യേകം പാചകം ചെയ്യാനുള്ള അനുവാദം നിഷേധിച്ചതു്.

## ആശുപത്രികളിൽ ഔഷധ ദാരിദ്ര്യം

*൨൭൩. (൪൨) ശ്രീ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽമന്ത്രി സദയം മറുപടി നൽകുമോ.—

ഗവൺമെൻറാശുപത്രികളിൽ മരുന്നു കിട്ടുന്നില്ലെന്നും രോഗികൾക്കു മിക്കമരുന്നും വിലകൊടുത്തു വാങ്ങേണ്ടിവരുന്നു എന്നുംഉള്ള പരാതിയെപ്പറ്റി ഗവൺമെൻറ് എന്താണു ചെയ്തിട്ടുള്ളതു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

ചില മരുന്നുകൾ ആവശ്യാനുസരണം ചില ആശുപത്രികളിൽ ലഭിക്കുന്നില്ലെന്നു പരാതികൾ ലഭിച്ചിട്ടുണ്ടു്. മിക്കമരുന്നുകളും വിലകൊടുത്തു വാങ്ങിക്കേണ്ടിവരുന്നുവെന്നു പരാതിയുണ്ടായിട്ടില്ല. ആർഡർകൊടുത്ത കമ്പനികളിൽനിന്നും യഥാവസരം മരുന്നുകൾ വന്നുചേരാത്തതിനാൽ ചുരുക്കം ചില മരുന്നുകൾക്കു ദൗർലഭ്യം നേരിട്ടിട്ടുണ്ടു്. സത്വരനടപടികൾ സ്വീകരിച്ചതിൻെറ ഫലമായി നിലവളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. ഒരുകൊല്ലത്തേക്കുള്ള മരുന്നു റിസർവ് ആയിവരുത്തി സൂക്ഷിക്കുന്നതിനു ആർഡർ ആയിട്ടുണ്ടു്. ഇവ വന്നുചേർന്നാൽ മരുന്നിൻെറ ദൗർലഭ്യം പരിഹരിക്കുവാൻ കഴിയും.

## കോളനൈസേഷൻ പദ്ധതി

*൨൭൪. (൯൭) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കോളനൈസേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി ഗവൺമെൻറിൻെറ കോളനൈസേഷൻ പദ്ധതിപ്രകാരം ൧൯൫൭ ഫെബ്രുവരി ൨൮-ാംനു-വരെ എത്ര കോളനി സ്ഥാപിച്ചിട്ടുണ്ടു്;

(ബി) കോളനൈസേഷൻ സ്പെഷ്യൽ ആഫീസറുടെ ജോലികൾ എന്തെല്ലാമാണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഒന്നും സ്ഥാപിച്ചിട്ടില്ല.

(ബി) കോളനൈസേഷൻ സ്പെഷ്യൽ ആഫീസർ എന്നൊരു ഉദ്യോഗസ്ഥൻ ഇല്ല. അതുസംബന്ധിച്ച ജോലികൾക്കു് നിയോഗിച്ചിട്ടുള്ളതു് ജോയിൻറ് രജിസ്ട്രാർ ഓഫ് കോവപ്പറേറ്റീവ് സൊസൈറ്റീസ് ഫോർ കോളനൈസേഷൻ, സെററിൽമെൻറ് ആൻറ് ഹൗസിംഗ് എന്ന ഉദ്യോഗസ്ഥനെയാണു്. കോളനൈസേഷൻ, സെററിൽമെൻറ് ഹൗസിംഗ് എന്നീപദ്ധതികൾ സംബന്ധിച്ച എല്ലാ ചുമതലകളും അദ്ദേഹത്തിലാണു് നിക്ഷിപ്തമായിരിക്കുന്നതു്.

## ഭവനനിർമ്മാണം

*൨൭൫. (൬൩) ശ്രീ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുട്ടനാട്ടിലെ ഭവനരഹിതരായ കർഷക തൊഴിലാളി വിഭാഗങ്ങൾക്കു് താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിലേക്കു് എന്തെങ്കിലും പദ്ധതി ഗവൺമെൻറ് ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്നു നടപ്പാക്കാൻ ഉദ്ദേശിക്കുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ആലപ്പുഴ ചങ്ങനാശ്ശേരി റോഡും തോടും പദ്ധതി പൂർത്തിയായാലുടൻ അതിന്റെ ഇരുവശത്തും ഭവനരഹിതരായ കർഷകതൊഴിലാളികൾക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതാണ്. കുട്ടനാട്ടിലെ മററുപ്രദേശങ്ങളിൽ സെററിൽമെൻറും ഹൗസിംഗും പദ്ധതി കൾപ്രകാരം വീടുകൾ പണിയിക്കുന്നതിന് ആവശ്യമായ പ്രാഥമികനടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്വേഷണങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ അവിടങ്ങളിൽ എപ്പോൾ വീടുകൾ നിർമ്മിക്കണമെന്ന് ഖണ്ഡിതമായി പറയുവാൻ സാധിക്കുകയുള്ളു.

## Unstarred questions posted for answer on 25th March 1952

### LAND FOR HOUSING SCHEME

**34.** [6] **Shri. J. T. Moraes**: Will the Minister for Housing be pleased to state:—

(*a*) has there been any representation from the people of the coastal village of Parithiyur, Pozhiyur Desom, Neyyattinkara taluk regarding acquisition of land for them for putting up houses as the owner of the land in which their houses are situated is taking steps to eject them;

(*b*) what steps have Government taken to acquire the land and putting up houses for these people?

*Answer*

(*a*) Yes.

(*b*) The matter is engaging the attention of Government.

### പെരിങ്ങൽകുത്തു ഹൈഡ്രോ ഇലക്ട്രിക് തൊഴിലാളികൾ

൩൫. (൭) ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാരിയർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലേബർ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ—

(എ) പെരിങ്ങൽകുത്തു ഹൈഡ്രോ ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഇപ്പോൾ എത്ര തൊഴിലാളികൾ വേല എടുക്കുന്നുണ്ട്;

(ബി) ഇവരുടെ സർവ്വീസ് വ്യവസ്ഥകളെ സംബന്ധിച്ച് എന്തെങ്കിലും സ്റ്റാൻഡിങ്ങ് ആർഡേഴ്സ് നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കാമോ?

ഉത്തരം

(എ) ൧൨൭൦ പേർ. (൧൯—൩—൫൨-ൽ).

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

## നെല്ലെടുപ്പ്

൩൯. (൧൬) ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ—

(എ) തിരു–കൊച്ചി സംസ്ഥാനമൊട്ടുക്കായി ൧൯൫൦-ൽ എത്ര ഏക്കർ സ്ഥലം നെൽകൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നു;

(ബി) അതിൽ ഒരുപ്പു എത്ര? ഇരുപ്പു എത്ര;

(സി) പ്രസ്തുത വർഷത്തിൽ കൃഷിക്കാരിൽനിന്ന് സക്കാരിലേക്കു എടുത്ത നെല്ല് ആകെ എത്ര പറ;

(സി) ൧൯൫൧-ൽ മൊത്തം സംഭരിച്ച നെല്ല് എത്ര പറ?

## ഉത്തരം

(എ) ഉദ്ദേശം ൭,൦൦,൦൦൦ ഏക്കർ

(ബി) ഒരുപ്പൂവ് ൪,൨൦,൦൦൦ ,,

ഇരുപ്പൂവ് ൨,൭൦,൦൦൦ ,,

(സി) ൧൩൪,൪൫,൯൩൭ പറ.

(സി) ൧,൨൩,൩൯,൧൭൩ പറ.

## ത്രി കക്ഷിസമ്മേളനം

൩൬. (൨൨) പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ—

(എ) ൧൧൨൦ ലെ അതിനടുത്തവർഷമോ കോട്ടയത്തെയും കൊല്ലത്തെയും ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരും കർഷകപ്രതിനിധികളും തിരുവിതാംകൂർ കർഷക തൊഴിലാളി യൂണിയൻപ്രതിനിധികളും ചേർന്നുള്ള ഒരു ത്രി കക്ഷിസമ്മേളനം ഗവമെന്റിൽനിന്നും വിളിച്ചുകൂട്ടി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പ്രസ്തുതസമ്മേളനത്തിൽ ആരാണു അദ്ധ്യക്ഷതവഹിച്ചതു്; സമ്മേളനത്തിൽ സംബന്ധിച്ചവരുടെ പേരുവിവരം നൽകുമോ;

(സി) പ്രസ്തുത ത്രി കക്ഷിസമ്മേളനത്തീരുമാനങ്ങൾ എന്തായിരുന്നു;

(ഡി) ഈ തീരുമാനങ്ങൾ നടപ്പിൽവരുത്താൻ ഗവമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രത്തോളം;

(ഇ) ഇപ്പോൾ പ്രസ്തുത ത്രി കക്ഷിസമ്മേളന നിശ്ചയങ്ങൾ ആദരിക്കപ്പെട്ടുകൊണ്ടിരിക്കയാണോ; ഇല്ലെങ്കിൽ അതിനു കാരണമെന്തു്?

## ഉത്തരം

(എ) ൧൧൨൨ കന്നി ൧൮-ാംനു-ലും ൧൧൨൩ കുംഭം ൧൧-ാംനു-ലും രണ്ടു കർഷക ത്രി കക്ഷിസമ്മേളനങ്ങൾ വിളിച്ചുകൂട്ടി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) ആദ്യത്തേതിൽ ലേബർകമ്മീഷണരും രണ്ടാമത്തേതിൽ അന്നത്തെ ലാന്റ് കമ്മീഷണരായിരുന്ന ശ്രീ. ജി. എൻ. തമ്പിയുമായിരുന്നു അദ്ധ്യക്ഷതവഹിച്ചതു്. *സമ്മേളനത്തിൽ സംബന്ധിച്ചവരുടെ പേരുവിവരം മേശപ്പുറത്തുവച്ചിട്ടുണ്ട്.

---

* Please see appendix B, Pages 560 561 & 562.

(സി) കർഷകതൊഴിലാളികളുടെ കൂലിനിരക്കും ജോലിവ്യവസ്ഥകളും സംബന്ധിച്ച് ചില തീരുമാനങ്ങൾ ചെയ്തിട്ടുണ്ട്. ഒത്തു തീർപ്പുവ്യവസ്ഥകൾ മേശപ്പുറത്തുവച്ചിട്ടുണ്ട്. ‡

(ഡി) ഉണ്ട്. തർക്കങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെട്ട് വ്യവസ്ഥകൾ നടപ്പിൽ വരുത്താൻവേണ്ടതു പോലെ ശ്രമിച്ചിട്ടുണ്ട്.

(ഇ) പൊതുവേ ആദരിച്ചുവരികയാണ്.

## റാട്ടിനുള്ള ലൈസൻസ്

൭൮. (൨൩) ശ്രീ. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ—

കയർപിരി വ്യവസായികളുടെ മേൽ റാട്ടിനു ചുമത്തിയിരിക്കുന്ന ലൈസൻസ് ഫീസ് എന്താണ്; അതു് ഏതു രീതിയിൽ; പറവൂർ താലൂക്കിൽ ഈ വിധത്തിൽ ലൈസൻസ് എടുത്തിട്ടുള്ളവർ എത്ര [illegible]?

## ഉത്തരം

മൂന്നോ അതിൽ കൂടുതലോ റാട്ടിനു ഒരു കൊല്ലത്തേക്കു ൧൦ രൂപാ. പറവൂർ താലൂക്കിൽ ഇതുവരെ ആരും ലൈസൻസ് എടുത്തിട്ടില്ല.

## കുത്തകപ്പാട്ടം

൭൯. (൩൪) ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ—

(എ) കരുനാഗപ്പള്ളി താലൂക്കിൽ തൊടിയൂർ പകുതിയിൽ വട്ടക്കായലിലുള്ള പുറമ്പോക്കുസ്ഥലം രാഘവൻപിള്ള എന്നൊരാൾക്ക് കുത്തകപാട്ടത്തിനു് നൽകിയിട്ടുണ്ടോ;

(ബി) അങ്ങിനെ പതിച്ചുകൊടുത്തതുമൂലം മറ്റു കൃഷിക്കാർക്കും നാട്ടുകാർക്കും നേരിട്ടിട്ടുള്ള വിഷമതകളെപ്പററി പരാതികൾ ഗവമ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു് നടപടി നടത്തി?

## ഉത്തരം

(എ) തൊടിയൂർ പകുതിയിൽ കുത്തകപാട്ടത്തിനു് കൊടുത്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

## കള്ളുഷാപ്പ്

൮൦. (൩൫) ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കരുനാഗപ്പള്ളി താലൂക്കിൽ പുതുപ്പള്ളി തെക്കു് എം. പി. സ്കൂളിനും ദേവികുളങ്ങര ക്ഷേത്രത്തിനും മദ്ധ്യത്തിലായി നടത്തിവരുന്ന

കള്ളുഷാപ്പ് അവിടെനിന്നും മാററി സ്ഥാപിക്കണമെന്നു കാണിച്ചു ൧൱ ൯൰ ൧–ൽ നാട്ടുകാരുടെ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ടു്.

(ബി) ൧൱ ൯൰൭ ഏപ്രിൽമാസം ൧–ാംതു മുതൽ ഷാപ്പു് അവിടെനിന്നും മാററി സ്ഥാപിക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

**Unstarred questions posted for answer on 26th March 1952**

കയർവ്യവസായം

൪൧. (൪) ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ—

(എ) കയർവ്യവസായ സ്തംഭനംമൂലം ഉളവായിരിക്കുന്ന തൊഴിലില്ലായ്മയും പട്ടിണിക്കും ഗവമ്മെൻറിൽനിന്നും എന്തെങ്കിലും പരിഹാരം ഉടനടി ...ാൻ ഉദ്ദേശിക്കുന്നുണ്ടോ;

(...ി) ഉണ്ടെങ്കിൽ എന്താണു്?

ഉത്തരം

(എ) ഉണ്ടു്.

(ബി) മൂന്നുതരത്തിലുള്ള പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനു് ഗവമ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

൧. വിദേശരാജ്യങ്ങളിൽ കയറുസംബന്ധിച്ചുള്ള ഇറക്കുമതി തടസ്സങ്ങൾ മുതലായവ ഇല്ലാതാക്കുന്നതിനു് ഗവമ്മെൻറു് പരിശ്രമിക്കുന്നതാണു്.

൨. സംസ്ഥാനത്തിനകത്തു് കയറുവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനും സകല നടപടികളും സ്വീകരിക്കുന്നതിനും ഗവമ്മെൻറു് ആലോചിച്ചുവരുന്നു. ഇപ്പോൾതന്നെ ശരിയായ സാമ്പത്തികഭദ്രതയിൽ കയർവ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനു് പഞ്ചവത്സരപദ്ധതി അടിസ്ഥാനത്തിൽ കയർവ്യവസായസഹകരണസംഘങ്ങൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണു്.

൩. കയർവ്യവസായത്തിനു് സംഭവിച്ചിട്ടുള്ള മാന്ദ്യംകൊണ്ടു് തൊഴിലില്ലാതായിട്ടുള്ളവക്കു് ജോലി നൽകുന്നതിനു് പര്യാപ്തമായ അടിസ്ഥാനപദ്ധതികൾ സമാരംഭിക്കുന്നതിനും ഗവമ്മെൻറു് ആലോചിച്ചുവരുന്നു.

ആമ്മ്യൻ പി. കെ. നിലകണ്ഠൻ

൪൨. (൧൨) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി ദയവായി മറുപടി പറയുമോ—

(എ) വടക്കാഞ്ചേരി മുൻസിഫ്കോട്ടിൽ ആമ്മ്യൻ ആയിരുന്ന ഒരു പി. കെ. നീലകണ്ഠനെ സർവ്വീസിൽനിന്നും അടുത്തു ഡിസ്മിസ്സ് ചെയ്യുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങിനെ ഡിസ്മിസ്സ് ചെയ്യാനുള്ള കാരണമെന്താണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്.

(ബി) ഉദ്യോഗസ്ഥനായ ശ്രീ. നീലകണ്ഠൻ ഒരു രാഷ്ട്രീയ കക്ഷിയോട് അനുഭാവം കാണിക്കുകയും ഒരു രാഷ്ട്രീയകക്ഷിയുടെ പ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്തുവെന്ന കാരണത്താൽ.

## Unstarred question posted for answer on 28th March 1952

സാനിട്ടറി ഇൻസ്പെക്ടരുടെ ചുമതല

൪൯. (൩) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

പഞ്ചായത്തുകളിൽപെട്ട സ്ഥലങ്ങൾ ശുചിയാക്കുന്നതി[illegible]നിട്ടറി ഇൻസ്പെക്ടർക്കു വല്ല അധികാരവും ചുമതലയും ഉണ്ടോ?

ഉത്തരം

ഇല്ല.

## APPENDIX B

*(Please see answer to question No. 37)*

**List of persons who participated in the Conference**

1. Shri G. N. Thampi, Commissioner for Land, Food Production and Procurement.
2. " B. Paramu, Division Peishkar, Kottayam.
3. " P. A. Kassim, Division Peishkar, Quilon.
4. " K. Madhavan Pillai, Purchase Assistant Peishkar, Quilon.
5. " Balakrishna Pillai, Purchase Assistant Peishkar, Kottayam.
6. " Devaraja Iyer, Tahsildar, Kottayam.
7. " N. Chandrabhanu, Tahsildar, Ambalapuzha.
8. " R. Kunjunni Pillai, Special Officer for Punja Cultivation, Alleppey.
9. " A. Kunjukrishna Pillai, Asst. Labour Commissioner, Alleppey.
10. " K. J. Mathew, Labour Inspector, Alleppey.
11. " V. K. Velayudhan, Labour Commissioner.

} Government Representatives.

12. Shri K. C. Mammen Mappillai, Kottayam.
13. „ Thomas Chandy Mukkadan, Edathua.
14. „ N. X. Thomas, Pulincunnu.
15. „ V. J. Joseph, Vadaparambil, Kavalam.
16. „ Joseph Chacko, Kalapurakkal.
17. „ K. G. Kesava Pillai, Koyikal, Chungom, Kottayam.
18. „ Abraham John, Kaniamparambil, Kumarakom Agriculturists Union.
19. „ Joseph Thomas, Kainady Agriculturists Union.
20. „ Mathulla Eyo, Maliekkal, Cherukara.
21. „ Chacko Thomas, Karikkampallil, Edathua.
22. „ Chandy Cheriyan, Kurusumottil do.
23. „ Abraham Vazhayil do.
24. „ Chacko Varkki, Padipurayil, President, Vadakkan Kuttanad Agriculturists Union.
[illegible] Varkki Ouseph, Maliyil, Iymanam, Vadakkan Kuttanad Agriculturists Union.
26. „ Abraham Pathiyil, Secretary, Vadakkan Kuttanad Agriculturists Union.
27. „ T. A. Philip, Manayath, Kumarakom.
28. „ K. J. Joseph, Vice-President, Vechoor Karshaka Sanghom.
29. „ Chummar Thomman, Member do.
30. „ Joseph Nariamparambil.
31. „ Ouseph Ouseph, Karukayil, Kainakari.
32. „ R. Govinda Pillai, Mammala Veedu, Kumarakom Kuttanad Karshaka Sanghom.
33. „ G. Ramakrishna Kurup, Puliparambil.
34. „ Chacko Thomman, Kalasseril.
35. „ K. A. Parameswara Menon, Champakulam.
36. „ P. A. Joseph, Puthenpurayil, Kavalam.
37. „ A. Narayana Pillai, Vechoor Karshaka Sanghom.
38. „ Thomman Joseph, Murikkummoottil.
39. „ K. P. Amrithanatha Iyer, Monkompu.
40. „ Vishnu Vamanan Namboodiri, Kulangara Madom, Monkompu.

} Representatives of the Agriculturists.

41. Shri Thomas John, President, The All Kuttanad Agricultural Labour Union, Pulincunnu.
42. „ P. K. Raghavan, President, Ambalapuzha Taluk Karshaka Thozhilali Union.
43. „ C. K. Kunjan, Secretary, Ambalapuzha Taluk Karshaka Thozhilali Union.
44. „ A. N. Mammen, General Secretary, Punjapadam Thozhilali Union.
45. „ C. K. Das, Vice-President, All Travancore Karshaka Thozhilali Union.
46. „ Varghese Augustine, President, Punjapadam Labour Union Edathua.

} Representatives of Agricultural Labour.

### List of points agreed to in the First Conference

(1) A permanent worker (പണിയാൾ) should work for not less than 120 days a year.

(2) *Wage rate.*—The Paniyal should be paid at the rate of one cooly para of paddy for each day's work. The advance made and daily wages given including the cost of meals will be deducted on settlement of accounts, from the wages due to him at the above rate.

(3) Besides the above daily wage rate, a Paniyal will be entitled to the following benefits:—

(*a*) വിത്തുവക at 6 cooly paras per head.

(*b*) Three വലിയ തീർപ്പ് of 7 cooly paras each, *i. e.*, 21 cooly paras per head.

(*c*) കുട്ടതീർപ്പ് of 7 cooly paras per head.

(*d*) കാവൽകററ of 8 cooly paras per head.

(*e*) കാട്ടമാററക of 1 cooly para for one individual only.

(*f*) കുത്തുപാതം at the rate of ½ cooly para per head for [illegible] of measurement.

(*g*) അളക്കിട at the rate of one cooly para per head for each day of measurement.

(4) Seven "Standard Paras" will be reckoned as the Cooly Paras. The above rates relate to Kayal fields. But for Punja fields of 30 acres and above, 75 of the rates fixed for Kayal fields has to be paid. These rates will not apply to Punja fields of less than 30 acres.

(5) For daily meals 1¼ standard edangalies of paddy per head should be deducted.

(6) Since labour is essentially required during the month of Vrischigam (November — December), Dhanu (December — January) and Makaram (January—February) the Paniyal should work for not less than 61 days during the period.

(7) The agriculturists should provide work for the Paniyal on all days he presents himself for work and will endorse to this effect in the attendance register to be kept by the worker.

### List of points agreed to in the Second Conference

(*i*) The workers engaged in harvesting, *i. e.*, in reaping and threshing must be paid 1/11 of the paddy harvested as "പാതം" (Patham) towards their wages.

(*ii*) For every 3 days' reaping, a minimum one "തീർപ്പുകററ" (Theerpukatta) must be given to the workers.

(*iii*) Resolved that an Industrial Relations Committee for agriculture in Kuttanad be constituted consisting of five representatives each of agriculturists and agricultural labour and the Special Officer for Punja Cultivation and the Assistant Labour Commissioner, Alleppey. The Assistant Labour Commissioner, Alleppey will function as the ex-officio Convener of the Industrial Relations Committee.

# acc: 51580
# Proceedings of Travancore Cochin Legislative Assembly
# vol: 5 yea: 1952


p1 Mar 24, 1952-Official Report
p1 Mar 24, 1952-Members Sworn
p3 Mar 24, 1952-Election of the Speaker
p5 Mar 24, 1952-Congratulatory Speeches
p10 Mar 24, 1952-Address by His Highness the Rajpramukh
p14 Mar 24, 1952-Demise of His Majesty George VI-Reference
p15 Mar 25, 1952-Questions and Answers
p41 Mar 25, 1952-Adjournment Motions
p42 Mar 25, 1952-Holding(Stay of Execution Proceedings)Act(Amendment)Bill-Legislative Business
p43 Mar 25, 1952-Public Safety Measures Act(Amendment)Bill-Legislative Business
p44 Mar 25, 1952-Demands for Supplementary Grants
p69 Mar 25, 1952-Presentation of the Budget for 1952-53
p77 Mar 26, 1952-Questions and Answers
p118 Mar 26, 1952-Procedure Regarding Votes on Account
p118 Mar 26, 1952-Unemployment among Coir Workers-Adjournment Motion
p119 Mar 26, 1952-Travancore Cochin Appropriation Bill
p120 Mar 26, 1952-Motion on Address by His Highness the Rajpramukh
p175 Mar 28, 1952-Questions and Answers
p213 Mar 28, 1952-Adjournment Motions
p214 Mar 28, 1952-General Discussion of the Budget
p247 Appendix
p249 Mar 29, 1952-Questions and Answers
p284 Mar 29, 1952-Unstarred Question
p286 Mar 29, 1952-Votes on Account in Respect of the Budget for 1952-53
p344 Mar 29, 1952-Travancore Cochin Appropriation(Votes on Account)Bill 1952
p346 Appendix
p351 Mar 31, 1952-Questions and Answers
p381 Mar 31, 1952-Discharge of Workers from the Alagappa Textiles-Adjournment Motion
p382 Mar 31, 1952-Appropriation(Votes on Account)Bill 1952
p383 Mar 31, 1952-Holdings(Stay of Execution Proceedings Act(Amendment)Bill
p394 Mar 31, 1952-Nurses, Midwives and Dhais Act(Amendment)Bill
p396 Mar 31, 1952-Public Safety Measures Act(Amendment)Bill
p425 Appendix
p429 Apr 1, 1952-Questions and Answers
p453 Apr 1, 1952-Unstarred Questions
p457 Apr 1, 1952-High Court Act(Amendment)Bill
p487 Apr 1, 1952-Matters of General Public Interest-Resolutions
p487 Apr 1, 1952-Working Condition of Journalists-Resolutions
p495 Apr 2, 1952-Questions and Answers
p503 Apr 2, 1952-Arrest of Coir Workers-Adjournment Motion
p531 Appendix-Questions and Answers Laid on the Table
p549 Appendix-Questions Posted for Answer on 26th March 1957